# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 12, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2040/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 80

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2191-ന്റെ തിരുത്തിയ ഉത്തരം … 464

**III ചരമോപചാരം**

കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, കെ. ജെ. ജോർജ്, ജോർജ് മെഴ്സിയർ, പി. കുമാരൻ, എം. നാരായണൻ, സി. മോയിൻകുട്ടി, എസ്. ആർ. തങ്കരാജ്, ടി. ചാത്തു, കിട്ടപ്പനാരായണ സ്വാമി, സുഗതകുമാരി എന്നിവരുടെ നിര്യാണം ...464

**IV ചെയർമാന്മാരുടെ പാനൽ** ...471

**V അടിയന്തരപ്രമേയം**

അനധികൃത നിയമനം

– ശ്രീ. ഷാഫി പറമ്പിൽ

(അവതരണാനുമതി നിഷേധിച്ചു) ...471

**VI ശ്രദ്ധ ക്ഷണിക്കൽ**

1. കേന്ദ്ര സർക്കാരിന്റെ കാർഷിക വിരുദ്ധ നയങ്ങൾ

– ശ്രീ. സി. കെ. ശശീന്ദ്രൻ ...495

2. വായ്പാ ആപ്പുകൾ സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ

– ശ്രീ. കെ. എസ്. ശബരീനാഥൻ ...503

പേജ്

**VII സബ്മിഷൻ**

1. കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം

– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...506

2. റേഷൻ പെർമിറ്റ്

– ശ്രീ. പി. ടി. തോമസ് ...508

3. പാലം നിർമ്മാണം

– ശ്രീമതി സി. കെ. ആശ ...510

4. റോഡ് നിർമ്മാണം

– ശ്രീ. വി. പി. സജീന്ദ്രൻ

– ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...511

5. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

– ശ്രീ. വി. ടി. ബൽറാം ...517

6. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി

– ശ്രീ. വി. എസ്. ശിവകുമാർ ...520

7. പാരിസ്ഥിതിക ദുർബ്ബല മേഖല

– ശ്രീമതി ഇ. എസ്. ബിജിമോൾ

– ശ്രീ. റോഷി അഗസ്റ്റിൻ

– ശ്രീ. സണ്ണി ജോസഫ് ...523

8. സംയുക്ത പരിശോധന

– ശ്രീ. എസ്. രാജേന്ദ്രൻ ...528

9. വന്യമൃഗ ശല്യം

– ശ്രീ. കെ. കുഞ്ഞിരാമൻ ...532

10. ആർട്സ് ആൻഡ് സയൻസ് കോളേജ്

– ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...533

*പേജ്*

**VIII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ...535

**IX റിപ്പോർട്ടുകളുടെ സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് . ..543

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് ...543

(3) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ ...543

(4) സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ ...543

(5) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് ...543

**X റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ... 544

**XI വ്യക്തിപരമായ വിശദീകരണം**

വ്യക്തിപരമായി അധിക്ഷേപിച്ചത് സംബന്ധിച്ച്

– ശ്രീ. പി. ടി. തോമസ് ...544

**XII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച** ...545

**അനുബന്ധം** ...631

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 12, ചൊവ്വ*

വാല്യം 183] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോകോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ....ചോദ്യം നമ്പർ *1. ചോദ്യോത്തര വേളയിൽ എന്താണ് പ്രശ്നം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, റൂൾ 36 (ഇ), "ആരുടെയെങ്കിലും സ്വഭാവത്തെയോ, പെരുമാറ്റത്തെയോ കുറിച്ച് അദ്ദേഹത്തിന്റെ ഔദ്യോഗിക നിലയിലോ, പൊതുകാര്യനിലയിലോ അല്ലാതെ അതിൽ ആവശ്യപ്പെടരുത്". ഈ സഭയുടെ ചരിത്രത്തിൽ ഇന്നുവരെ ഒരു മെമ്പറെപ്പറ്റിയോ പ്രതിപക്ഷനേതാവിനെപ്പറ്റിയോ അദ്ദേഹത്തിന്റെ conduct-നെപ്പറ്റിയോ കഴിഞ്ഞ ഒരുകാലത്തും ചോദ്യം ചോദിക്കാൻ അനുവാദം കൊടുത്തിട്ടില്ല. നിയമസഭാ സെക്രട്ടേറിയറ്റോ, സ്പീക്കറോ അത്തരം ചോദ്യങ്ങൾ disallow ചെയ്യുകയാണുണ്ടായത്. ചോദ്യം ചോദിക്കുന്നതിൽ ഞങ്ങൾക്ക് ഭയമില്ല, ചോദിക്കട്ടെ. പക്ഷേ, അങ്ങ് തെറ്റായ കീഴ്വഴക്കമുണ്ടാക്കിയിരിക്കുകയാണ്. പ്രതിപക്ഷനേതാവിനെപ്പറ്റിയുള്ള ഒരു ആരോപണം പ്രസംഗത്തിൽ പറയാം, ചോദ്യരൂപത്തിൽ സഭയിൽ ഉന്നയിക്കാൻ അങ്ങയുടെ ഓഫീസ് അനുവാദം കൊടുത്തത് തെറ്റാണ്; ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇന്നുവരെ ഈ സഭയിൽ ഇങ്ങനെയൊരു കീഴ്വഴക്കമുണ്ടായിട്ടില്ല.

മി. സ്പീക്കർ: സാധാരണഗതിയിൽ ചോദ്യങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഇവിടെയുണ്ട്. അവയെല്ലാം പരിശോധിച്ച് അംഗീകരിച്ച് വരുന്ന മുറയ്ക്കാണ് അതിന് അനുവാദം കിട്ടുന്നത്. അങ്ങ് ഉന്നയിച്ച തരത്തിൽ എന്തെങ്കിലും അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് സഭയെ അറിയിക്കുന്നതാണ്. ഈ ചോദ്യത്തിന് അങ്ങനെയൊരു പ്രത്യേകതയുള്ളതായി തോന്നിയിട്ടില്ല.

1-ാം നമ്പർ ചോദ്യവുമായി 8-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. പ്രശാന്ത് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## അഴിമതിക്കേസുകളിലെ അന്വേഷണം

1 (*1) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. സ്വരാജ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ നിയമസഭാംഗങ്ങളിൽ ആർക്കെല്ലാമെതിരെ അഴിമതിക്കേസുകളും വഞ്ചനാ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്, കേസുകളുടെ അന്വേഷണ പുരോഗതി അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഒരു പ്രമുഖ ബാറുടമ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് ഫീസ് കൂട്ടാതിരിക്കാൻ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന് കൈക്കൂലി നൽകിയെന്ന പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രതിപക്ഷനേതാവ് അദ്ദേഹത്തിനെതിരെ അന്വേഷണം നടത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവർണറെ സമീപിച്ചിരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈഫ് മിഷന്റെ കീഴിലുള്ള ഒരു ഫ്ലാറ്റ് നിർമ്മാണത്തിൽ വിദേശ സഹായം ലഭ്യമാക്കിയതിനെതിരെ ആരോപണമുന്നയിച്ച പറവൂർ എം.എൽ.എ. ലഞ്ച് മീറ്റ് നടത്തി വിദേശ പണം സ്വീകരിച്ചുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കേസെടുത്ത് അന്വേഷണം നടത്തുമോ;

(ഡി) തൃക്കാക്കര എം.എൽ.എ. കള്ളപ്പണ ഇടപാടിന് കൂട്ടുനിന്നെന്ന പരാതിയിൽ ഏതെങ്കിലും കേന്ദ്ര ഏജൻസി അന്വേഷണം ഏറ്റെടുത്തതായി അറിയാമോ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അന്വേഷണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) നിലവിലെ നിയമ സഭാംഗങ്ങളിൽ ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, ശ്രീ. കെ. എം. ഷാജി, ശ്രീ. പി. ഉണ്ണി, അഡ്വ. യു. പ്രതിഭ എന്നിവർക്കെതിരെ വിജിലൻസ് കേസുകളുണ്ട്. ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്, ശ്രീ. കെ. എം. ഷാജി എന്നിവർക്കെതിരെയുള്ള കേസ് അന്വേഷണ ഘട്ടത്തിലാണ്. ശ്രീ. പി. ഉണ്ണിക്കെതിരായ കേസന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്. അഡ്വ. യു. പ്രതിഭയ്ക്കെതിരെയുള്ള കേസിന്റെ അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

നിലവിലെ നിയമസഭാംഗങ്ങളിൽ ശ്രീ. എം. സി. കമറുദ്ദീനെതിരെ 149 വഞ്ചനാ കേസുകളും ശ്രീ. പി. വി. അൻവറിനെതിരെ ഒരു കേസും ശ്രീമതി ഇ. എസ്. ബിജിമോൾക്കെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ബാറുടമയായ ശ്രീ. ബിജു രമേശ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് ഫീസ് കുട്ടാതിരിക്കാൻ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന് കൈക്കൂലി നൽകിയെന്ന പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സി.വി.4/2020/എസ്.ഐ.യു.II ആയി ഒരു രഹസ്യാന്വേഷണം നടത്തുകയുണ്ടായി. ഈ വിഷയത്തിൽ അഴിമതി നിരോധന നിയമം 1988 പ്രകാരമുള്ള പ്രാഥമികാന്വേഷണത്തിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പ്രതിപക്ഷനേതാവ് അദ്ദേഹത്തിനെതിരെ അന്വേഷണം നടത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഗവർണറെ സമീപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീടുവച്ച് നൽകുന്നതിനായി പുനർജനി പദ്ധതിപ്രകാരം വീടുവയ്ക്കുന്നതിന് ധനശേഖരണാർത്ഥം നോർത്ത് പറവൂർ എം.എൽ.എ. ശ്രീ. വി. ഡി. സതീശൻ വിദേശയാത്രകൾ നടത്തിയതിനെക്കുറിച്ചും വിദേശ ഫണ്ട് വാങ്ങിയതിനെക്കുറിച്ചും പുനർജനി പദ്ധതിയിലൂടെ തട്ടിപ്പ് നടത്തിയതിനെക്കുറിച്ചും അന്വേഷിക്കണമെന്നാവശ്യപ്പെട്ടുള്ള പരാതിയിൽ സി.വി.3/2020/ എസ്.ഐ.യു II അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം അഴിമതി നിരോധന നിയമം 1988 പ്രകാരമുള്ള പ്രാഥമികാന്വേഷണം നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കള്ളപ്പണ ഇടപാടിന് കൂട്ടുനിന്നെന്ന പരാതിയിൽ ഏതെങ്കിലും കേന്ദ്ര ഏജൻസി അന്വേഷണം ഏറ്റെടുത്തതായി അറിവില്ല. തൃക്കാക്കര എം.എൽ.എ. ശ്രീ. പി. ടി. തോമസും റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരുമായി ഇടപ്പള്ളി കേന്ദ്രമാക്കി 90 ലക്ഷത്തിന്റെ സാമ്പത്തിക തിരിമറിയും നികുതി വെട്ടിപ്പും നടത്തിയെന്നത് സംബന്ധിച്ച വിഷയത്തിൽ പി.ഇ. 7/2020/സി.ആർ.ഇ. നമ്പരായി വിജിലൻസ് പ്രാഥമികാന്വേഷണം നടത്തി വരുന്നു.

## മുൻസർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച കേസുകൾ

2(*8) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിലെ (2011-2016) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. ആ കേസുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) മുൻ മുഖ്യമന്ത്രി, ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് തുടങ്ങിയവർ ഉൾപ്പെട്ട ട്രാവൻകൂർ ടൈറ്റാനിയം അഴിമതി കേസ് അന്വേഷണം ഏറ്റെടുക്കാൻ സി.ബി.ഐ. തയ്യാറായിട്ടുണ്ടോ; അന്താരാഷ്ട്ര ബന്ധമുള്ള കേസ് ഏറ്റെടുക്കാത്തതിന് ആധാരമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) സോളാർ അഴിമതി അന്വേഷിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയെടുക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലത്തെ പാലാരിവട്ടം പാലം അഴിമതി സംബന്ധിച്ച കേസിൽ ആരെല്ലാം അറസ്റ്റിലായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) ഇത്തരം അഴിമതികൾ വെളിപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ മുൻ സർക്കാരിന്റെ അവസാനകാലത്തെടുത്ത നടപടികൾ അഴിമതിപൂർണ്ണമായിരുന്നെന്ന ആരോപണം അന്വേഷിക്കുന്ന കാര്യം പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ട്രാവൻകൂർ ടൈറ്റാനിയത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുമായി ബന്ധപ്പെട്ട അഴിമതി ആരോപണത്തിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വി.സി.1/2015/എസ്.ഐ.യു. കേസിന്റെ അന്വേഷണം ഏറ്റെടുക്കാൻ സി.ബി.ഐ.-യ്ക്ക് ആവില്ലെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേസ് ഏറ്റെടുക്കാത്തതിന് പറഞ്ഞിട്ടുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. ആരോപണവിധേയമായ സംഭവം നടന്നത് 20 വർഷം മുമ്പ് 2000-2001-ൽ ആയതിനാൽ മെഷിനറി സപ്ലൈ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ വിദേശ കമ്പനികളായ Chematur Eco Planning, Finland, M/s. AVI Europe എന്നീ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കാൻ പ്രയാസമായിരിക്കും.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

2. MECON കമ്പനിയുമായി ബന്ധപ്പെട്ട ഭൂരിപക്ഷം സാക്ഷികളും ഇപ്പോൾ റിട്ടയർ ചെയ്യുകയോ കമ്പനി വിടുകയോ ചെയ്തിട്ടുള്ളതിനാൽ അവരെ കണ്ടുപിടിച്ച് മൊഴി രേഖപ്പെടുത്തുക പ്രയാസമാണ്.

3. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കാനും പ്രസ്തുത കോൺട്രാക്ട് മെക്കോൺ കമ്പനിക്ക് നൽകുന്നതിനുമുള്ള തീരുമാനമെടുത്തത് ഡയറക്ടർ ബോർഡാണ്. ആയതിനാൽ അതിന്റെ ഉത്തരവാദിത്വം നിശ്ചയിക്കുന്നത് പ്രയാസമായിരിക്കും. കൂടാതെ ഡയറക്ടർമാർ റിട്ടയർ ചെയ്തിട്ടുമുണ്ടാകും.

4. സംസ്ഥാന വിജിലൻസ് നടത്തിയ അന്വേഷണത്തിൽ മതിയായ രേഖകൾ ശേഖരിച്ചിട്ടില്ല. ഈ കേസിൽ വിദേശ കമ്പനികളുമായി ധാരണ ഉറപ്പിച്ച മുഖ്യസൂത്രധാരനായ ആളിന്റെ മേൽവിലാസമോ മറ്റ് വിവരങ്ങളോ കണ്ടെത്താൻ സംസ്ഥാന വിജിലൻസിന് കഴിഞ്ഞിട്ടില്ല. ഇവയൊന്നുംതന്നെ അന്വേഷണം ഏറ്റെടുക്കാതിരിക്കാൻ മതിയായ കാരണങ്ങളാവുന്നില്ല.

(സി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശിപാർശകളും പൊതുവിൽ അംഗീകരിച്ചുകൊണ്ടും തുടർനടപടികൾ സ്വീകരിച്ചുകൊണ്ടും 8-11-2017-ലെ സ.ഉ.(കൈ)നമ്പർ 231/2017/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാലാരിവട്ടം പാലം അഴിമതി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വി.സി. 01/2019/ഇ.കെ.എം. കേസിൽ കുറ്റാരോപിതരായ ശ്രീ. സുമിത്ത് ഗോയൽ (മാനേജിംഗ് ഡയറക്ടർ, ആർ.ഡി.എസ്. പ്രോജക്ട്സ് ലിമിറ്റഡ്) ശ്രീ. ടി. തങ്കച്ചൻ (മുൻ അഡീഷണൽ ജനറൽ മാനേജർ ആർ.ബി.ഡി.സി.കെ.എൽ.), ശ്രീ. ബെന്നി പോൾ (ജോയിന്റ് ജനറൽ മാനേജർ, കിറ്റ്കോ), ശ്രീ. ടി. ഒ. സൂരജ് (മുൻ പൊതുമരാമത്ത് സെക്രട്ടറി), ശ്രീ. ബി. വി. നാഗേഷ് (മാനേജിംഗ് പാർട്ണർ, നാഗേഷ് കൺസൾട്ടൻസി, ബാംഗ്ലൂർ), ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി) എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽ വന്നിട്ടുള്ളവ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ശ്രീ. ഡി. കെ. മുരളിക്കുവേണ്ടി (ശ്രീ. ജെയിംസ് മാത്യു): സർ, ഫോറിൻ കോൺട്രിബ്യൂഷൻ (റെഗുലേഷൻ) ആക്ട് ലംഘിച്ച് നോർത്ത് പറവൂർ എം.എൽ.എ. ബിർമ്മിങ്ഹാം (Birmingham) ഉൾപ്പെടെ വിവിധ വിദേശ രാജ്യങ്ങളിൽ സഹായം അഭ്യർത്ഥിച്ചതുമായി ബന്ധപ്പെട്ട വീഡിയോ അങ്ങയുടെ അനുവാദത്തോടെ ഈ

സഭയുടെ മേശപ്പുറത്ത് ഞാൻ വയ്ക്കുകയുണ്ടായി. ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു ആക്ഷൻ കൗൺസിൽ സി.ബി.ഐ.-യ്ക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ട് സി.ബി.ഐ. സംസ്ഥാന വിജിലൻസ് ഡയറക്ടർക്ക് പരാതി ഫോർവേഡ് ചെയ്യുകയും അതിന്റെ ഉള്ളടക്കം സംബന്ധിച്ച അന്വേഷണത്തിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഫയൽ വിജിലൻസ് ബഹു. സ്പീക്കർക്ക് നൽകിയിട്ടുണ്ടെന്നുമാണ് മനസ്സിലാക്കുന്നത്. ബഹു. സ്പീക്കർ ഇതുസംബന്ധിച്ച കൂടുതൽ രേഖകൾ ആവശ്യപ്പെടുകയും പ്രസ്തുത രേഖകൾ സംസ്ഥാന വിജിലൻസ് ഡയറക്ടർ ഹാജരാക്കുകയും അന്വേഷണത്തിനുള്ള അനുമതിക്കാവശ്യമായ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ എം.എൽ.എ.-യുടെ നേതൃത്വത്തിൽ വിദേശ പര്യടനം നടത്തി പ്രളയ ദുരിതാശ്വാസത്തിനായി ഫണ്ട് ശേഖരിച്ച പരാതിയിൽ സംസ്ഥാന വിജിലൻസ് വകുപ്പ് അഴിമതി നിരോധന നിയമം 17 (എ) പ്രകാരം പ്രാഥമികാന്വേഷണത്തിനുള്ള അനുമതി ബഹു. സ്പീക്കറുടെ പക്കൽനിന്നും തേടിയിരുന്നു. ഇതുസംബന്ധിച്ച് അധികരേഖകൾ എന്തെങ്കിലുമുണ്ടോയെന്ന ചോദ്യം സ്പീക്കർ ഫയലിൽ ഉയർത്തുകയും ഫയൽ വിജിലൻസിന് മടക്കിയിരിക്കുകയുമാണ്. Public servant എന്ന നിലയിൽ എം.എൽ.എ. ആയ ശ്രീ. വി. ഡി. സതീശന്റെ കാര്യത്തിൽ പ്രാഥമികാന്വേഷണം നടത്താൻ വിജിലൻസിന് അധികാരപരിധിയുണ്ട്. എന്നാൽ 2010-ലെ വിദേശ സംഭാവന സ്വീകരിക്കൽ നിയമം പ്രകാരം ഒരു സാമാജികൻ അംഗീകാരമില്ലാതെ വിദേശ സംഭാവന സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിനായുള്ള നടപടികൾ മുന്നോട്ടുനീക്കേണ്ടത് ആ നിയമത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏജൻസികളാണ്. ഈ നിയമത്തിലെ വകുപ്പ് (43) പ്രകാരം ഒരു കോടി രൂപയിൽ താഴെയുള്ള കേസുകൾ കൈകാര്യം ചെയ്യുന്നത് അതത് സംസ്ഥാന ക്രൈംബ്രാഞ്ചും, അതിനുമുകളിലുള്ള തുകയാണെങ്കിൽ സി.ബി.ഐ-യുമാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഇവിടെ ഉന്നയിച്ച പരാതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതിക്ക് തുടർ നടപടിയുണ്ടാകുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ആക്ഷൻ കൗൺസിൽ ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. ആ പെറ്റീഷൻ പരിഗണിക്കുന്ന സന്ദർഭത്തിൽ, പ്രസ്തുത പരാതി സംസ്ഥാന വിജിലൻസിന് നൽകിയിട്ടുണ്ടെന്നും അത് അന്വേഷണ ഘട്ടത്തിലാണെന്നും കോടതിയിൽ ചൂണ്ടിക്കാണിച്ചതിന്റെയടിസ്ഥാനത്തിൽ വിഷയം സി.ബി.ഐ. അന്വേഷിക്കേണ്ടതില്ലെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയും ചെയ്തു. പരാമർശിക്കപ്പെട്ട അഴിമതി ഒരു കോടി രൂപയ്ക്ക് താഴെയാണോ അതോ അതിനേക്കാളുപരിയാണോയെന്ന് പ്രാഥമികമായി അന്വേഷിക്കുന്നതിനും ഒരു കോടി

രൂപയ്ക്ക് താഴെയാണെങ്കിൽ സ്റ്റേറ്റ് ക്രൈംബ്രാഞ്ചും അതിന് മുകളിലാണെങ്കിൽ സി.ബി.ഐ.-യും അന്വേഷിക്കുന്നതിനുമുള്ള നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത ഫയൽ ഇപ്പോൾ വിജിലൻസിന് മടക്കിയിരിക്കുകയാണ്. വിജിലൻസിന്റെ മറുപടി ലഭിച്ചശേഷം മറ്റുകാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. എം. സ്വരാജ്: സർ, അഴിമതി ഒരു വലിയ സാമൂഹ്യദുരന്തമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാർക്കെതിരായ 96 കേസുകൾ ബഹുമാനപ്പെട്ട ലോകായുക്തയുടെ മുമ്പാകെ വന്നു. ഉയർന്നുവരുന്ന അഴിമതികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനും രാജ്യത്തിനുംപുറത്ത് വ്യാപ്തിയുള്ള കേസുകളിൽ നിയമപ്രകാരം അന്വേഷണം നടത്തേണ്ടത് കേന്ദ്ര ഏജൻസികളാണ്. ഇവിടെ പറഞ്ഞ മറുപടിയനുസരിച്ച് 'ടൈറ്റാനിയം' കേസിൽ അത്തരത്തിൽ അന്വേഷണം നടത്താൻ സാധിക്കില്ലെന്ന നിലപാട് കേന്ദ്ര ഏജൻസി സ്വീകരിച്ചിരിക്കുകയാണ്. പ്രസ്തുത കേസിലുൾപ്പെട്ട ചിലരുടെ മേൽവിലാസം അറിയില്ലെന്ന തരത്തിൽ ബാലിശമായ കാരണങ്ങളാണ് കേന്ദ്ര ഏജൻസി പറയുന്നത്.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ്, ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. എം. സ്വരാജ്: സർ, വളരെ ഗൗരവമുള്ള ചോദ്യമാണ്, ടൈറ്റാനിയം പോലുള്ള, ഗൗരവതരമായതും സംസ്ഥാനത്തെ തകർക്കുന്നതുമായ അഴിമതിക്കേസുകളിൽ കേന്ദ്ര അന്വേഷണ ഏജൻസി സ്വീകരിച്ചിരിക്കുന്ന ഈ സമീപനം, ഇപ്പോഴത്തെ സാഹചര്യത്തിൽ കേന്ദ്ര അന്വേഷണ ഏജൻസികളും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതൃത്വവും കേരളത്തിലെ യു.ഡി.എഫ്. നേതൃത്വവും ഏർപ്പെട്ടിരിക്കുന്ന അവിശുദ്ധ സഖ്യത്തെത്തുടർന്നാണെന്ന വ്യാപകമായ സംശയം ഉയർന്നു വന്നിരിക്കുകയാണ്. (...ബഹളം...)

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ...

ശ്രീ. എം. സ്വരാജ്: സർ, ഈ സാഹചര്യം കേരളത്തിലെ വമ്പൻ അഴിമതികളെക്കുറിച്ചും തീവെട്ടിക്കൊള്ളകളെക്കുറിച്ചുമുള്ള സുഗമമായ അന്വേഷണത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. ഈ അവസ്ഥയിൽ കേരളത്തെ തകർക്കുംവിധമുള്ള വലിയ അഴിമതികളെക്കുറിച്ചുള്ള അന്വേഷണം എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടത് മതിയായ കാരണങ്ങൾ സഹിതമല്ലെന്നും അതുകൊണ്ട് അന്വേഷിക്കാൻ പറ്റില്ലെന്നും കേന്ദ്ര ഏജൻസികൾ നിലപാടെടുത്തിരിക്കുകയാണ്.

ഒന്ന്, ഇത്രയും വർഷം മുമ്പുനടന്ന സംഭവമായതിനാൽ വിവരങ്ങൾ ശേഖരിക്കൽ പ്രയാസകരമായിരിക്കുമെന്ന് ഒരന്വേഷണവും നടത്താതെതന്നെ നിഗമനത്തിലെത്തിയിരിക്കുകയാണ്. കൂടാതെ മേക്കോൺ കമ്പനിയുമായി (Mecon Limited) ബന്ധപ്പെട്ട ആളുകൾ റിട്ടയർ ചെയ്യുകയോ കമ്പനി വിടുകയോ ചെയ്തിരിക്കുമെന്നതിനാൽ അവരെ കണ്ടുപിടിക്കലും മൊഴി രേഖപ്പെടുത്തലും പ്രയാസകരമാണെന്ന വാദവും ഒരു മുൻധാരണയുടെ അടിസ്ഥാനത്തിലുള്ള നിലപാട് മാത്രമാണെന്ന് കാണാൻ കഴിയും. അന്വേഷണത്തിന്റെ ഭാഗമായി റിട്ടയർ ചെയ്തവരാണെങ്കിലും അവരോട് ചോദിച്ചാൽ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. അതുപോലെ ആ സമയത്തുണ്ടായിരുന്ന ഡയറക്ടർമാരോട് ചോദിച്ചാൽ സ്വാഭാവികമായും ലഭിക്കാവുന്നതേയുള്ളൂ. ഇതെല്ലാം പ്രയാസമായിരിക്കുമെന്ന നിലപാട് ഇപ്പോൾത്തന്നെയെടുക്കുന്നത് ഞങ്ങൾ ഈ കേസ് അന്വേഷിക്കില്ലെന്ന നിലപാടിന്റെ ഭാഗമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. വിദേശ ബന്ധങ്ങളുണ്ടായിരുന്നതുകൊണ്ടാണ് ഈ കമ്പനിയുടെ കാര്യത്തിൽ വിജിലൻസിന് അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള വിഷമം വന്നത്. അതുകൊണ്ടാണ് സാധാരണനിലയ്ക്ക് ഈ അന്വേഷണം സി.ബി.ഐ. ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടത്. പക്ഷേ ഇതിലെ മുഖ്യസൂത്രധാരനെ കണ്ടെത്താൻ വിജിലൻസിനും കഴിഞ്ഞിട്ടില്ലാത്തതിനാലാണ് ഈ കേസ് ഞങ്ങൾ ഏറ്റെടുക്കില്ലെന്ന നിലപാടിലേയ്ക്കെത്തുന്നത്. ഇതെല്ലാം കാണിക്കുന്നത്, ഇതിൽ എന്തൊക്കെയോ ദുരൂഹതയുണ്ടെന്നാണ്. സാധാരണഗതിയിൽ ഇത്തരത്തിലുള്ള ഒരു നിലപാട് സി.ബി.ഐ. പോലുള്ള ഒരു അന്വേഷണ ഏജൻസി സ്വീകരിക്കേണ്ടതല്ല. എന്തുകൊണ്ട് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചുവെന്നതിന് വ്യക്തതയില്ല.

ശ്രീ. മുരളി പെരുനെല്ലി: സർ, കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണം അഴിമതിയുടെ പെരുമഴക്കാലമായിരുന്നു. അമ്പുകൊണ്ട് മുറിവേറ്റ് പിടയുന്നവരുടെ കാലമായിരുന്നു. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, മുൻമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് തുടങ്ങിയവർ ആരോപണവിധേയരായിട്ടുള്ളവരാണ്. (...ബഹളം...)

മി. സ്പീക്കർ: ശ്രീ. മുരളി പെരുനെല്ലി, അങ്ങ് പ്രസ്താവന നടത്താതെ ചോദ്യം ചോദിക്കൂ. (...ബഹളം...) ചോദ്യോത്തരവേളയിൽ പ്രസ്താവനകളില്ല. ചോദ്യം ചോദിക്കൂ.

ശ്രീ. മുരളി പെരുനെല്ലി: സർ, യു.ഡി.എഫ്.-ന്റെ അഴിമതി ഒളിപ്പിക്കാനും എൽ.ഡി.എഫ്.-ന്റെ മുന്നേറ്റം തടയാനും ഇവിടെ ഒരേതൂവൽ പക്ഷികൾ പോലെയാണ് കോൺഗ്രസും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്റെ ചോദ്യം ഇതാണ്, ഇവിടെ പൊളിറ്റിക്കൽ ഫണ്ട്, ലീഗൽ ഫണ്ട് തുടങ്ങിയവ

പിരിച്ചതുമായി ബന്ധപ്പെട്ട കേസുകൾ നിലനിൽക്കുകയാണ്. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഒരു കോടി രൂപ കോഴ നൽകിയതിനുള്ള ഡിജിറ്റൽ തെളിവ് ബാറുടമകളുടെ യോഗത്തിലാണ് ആദ്യം വെളിപ്പെടുത്തിയത്. ബാർ കോഴയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പുതിയ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അവസാനം അദ്ദേഹം ചോദിച്ചത് ബാർ കോഴയെപ്പറ്റിയാണ്. അതിൽ നേരത്തേതന്നെ ഉത്തരം പറയുകയുണ്ടായി. ബാറുടമയായ ശ്രീ. ബിജു രമേശ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് ഫീസ് കുട്ടാതിരിക്കാൻ കൈക്കൂലി കൊടുത്തുവെന്ന ആരോപണമാണ് പുതുതായി വെളിപ്പെടുത്തിയിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഒരു രഹസ്യാന്വേഷണം നടത്തിയിട്ടുണ്ട്. പ്രാഥമികാന്വേഷണത്തിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. മറ്റൊരു കാര്യം, ബഹുമാന്യനായ പ്രതിപക്ഷനേതാവ് അദ്ദേഹത്തിനെതിരെ അന്വേഷണം നടത്തരുതെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഗവർണറെ സമീപിച്ച വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നുള്ളതാണ്. ഇപ്പോഴത്തെ സ്ഥിതി, ഇതിന് പ്രാഥമികാന്വേഷണത്തിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്ന അവസ്ഥയാണ്.

ശ്രീ. കെ. വി. വിജയദാസിനുവേണ്ടി (ശ്രീ. റ്റി. വി. രാജേഷ്): സർ, എം.എൽ.എ.-മാരിൽ ചിലർ കള്ളപ്പണമിടപാട് നടത്തുന്ന ഗുരുതരമായ വിഷയമാണ് പുറത്തുവന്നിട്ടുള്ളത്. എറണാകുളത്തെ പ്രമുഖ കോൺഗ്രസ് എം.എൽ.എ., അഴിമതിക്കെതിരെ നിരന്തരം സംസാരിക്കുന്ന വളരെ കാപട്യപരമായ നിലപാട് സ്വീകരിക്കുന്ന അദ്ദേഹം ഇടപ്പള്ളിയിലെ ഒരു കുടുംബത്തെ സഹായിക്കാൻ ഒരു സ്വത്തിടപാട് കേസിൽ മാദ്ധ്യസ്ഥം വഹിച്ച് 80 ലക്ഷം രൂപ നേരിട്ട് കൈമാറുന്നതിന് സാക്ഷ്യം വഹിച്ചുവെന്ന വളരെ ഞെട്ടിപ്പിക്കുന്ന കാര്യമാണ് പുറത്തുവന്നിരിക്കുന്നത്. ആദായ നികുതി ഉദ്യോഗസ്ഥർ വന്നപ്പോൾ അദ്ദേഹം അവിടെനിന്നും സ്ഥലം വിടുകയും ചെയ്തു. വിദേശത്തുപോയി വൻതോതിൽ പണം സമാഹരിക്കുകയെന്ന മറ്റൊരു വിഷയവുംകൂടി ഇവിടെ വന്നിരിക്കുകയാണ്. നേരത്തെ അഴിക്കോട് എം.എൽ.എ. പണം സ്വീകരിച്ച് കുറച്ചുപേർക്ക് ധനസഹായം കൊടുത്തു. അതോടൊപ്പം പറവൂർ എം.എൽ.എ.-യും വിദേശത്തുപോയി പണപ്പിരിവ് നടത്തുകയാണ്. ഇത്തരത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ പി.എം.എൽ.എ. ആക്ട് (The Prevention of Money Laundering Act) പോലും ലംഘിച്ചുകൊണ്ട് എം.എൽ.എ.-മാർ നടത്തുന്ന കള്ളപ്പണമിടപാട് സംബന്ധിച്ച്, തൃക്കാക്കര എം.എൽ.എ. നടത്തുന്ന കള്ളപ്പണമിടപാടുകളെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ, രാഷ്ട്രീയത്തിലെ ഇത്തരം കള്ളനാണയങ്ങളെ തുറന്നുകാണിക്കാൻ എന്ത് നിലപാടാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, വ്യത്യസ്ത സംഭവങ്ങളെ ഒരേരീതിയിൽ കണ്ടുകൊണ്ടാണ് ബഹുമാന്യനായ അംഗം ചോദിച്ചിട്ടുള്ളത്. ഒന്ന്, കൃത്യമായി കൈക്കൂലി നടന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള പരാതിയിന്മേലുള്ള അന്വേഷണമാണ്. അത് ഒരുതരത്തിലും നടക്കാൻ പാടില്ലാത്തതാണ്, സ്വാഭാവികമായ അന്വേഷ ണരീതികൾ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റൊന്ന്, റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരുമായി 90 ലക്ഷത്തിന്റെ സാമ്പത്തിക തിരിമറിയും നികുതി വെട്ടിപ്പും നടത്തിയതുമായി ബന്ധപ്പെട്ട് പ്രാഥമികാന്വേഷണം നടന്നുവരുന്നുവെന്നുള്ളതാണ്. അത് സാധാരണ ഗതിയിൽ നിയമവിരുദ്ധമായ കാര്യമാണ്. മൂന്നാമത്തെ കാര്യം, വിദേശയാത്ര നടത്തി അവിടെനിന്നും ഫണ്ട് സ്വീകരിച്ചുവെന്ന പ്രശ്നമാണ്. അതുമായി ബന്ധപ്പെട്ട് സാധാരണഗതിയിൽ വിജിലൻസിനുള്ള പരിമിതിയെക്കുറിച്ച് നേരത്തെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ മറ്റുകാര്യങ്ങൾ പിന്നീട് പരിശോധിക്കേണ്ടതാണ്.

ശ്രീ. കാരാട്ട് റസാഖ്: സർ, കേന്ദ്ര ഏജൻസികളുടെ അന്വേഷണം സ്വാഭാവികമായും ഇരട്ടത്താപ്പാണ്. മുൻസർക്കാരിന്റെ കാലത്ത് ഹരിപ്പാട് സ്വാശ്രയ മെഡിക്കൽ കോളേജിന് കെട്ടിടം നിർമ്മിക്കാൻ കൺസൾട്ടൻസി കരാർ നൽകിയതിൽ വൻക്രമക്കേട് നടന്നതായുള്ള വിജിലൻസിന്റെ കണ്ടെത്തലിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം പരാമർശിച്ച കാര്യത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല. അത് പരിശോധിച്ച് മാത്രമേ പറയാൻ സാധിക്കൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, ഡൽഹിയിലേയ്ക്ക് പോയിട്ട് ഫാസിസത്തെ പിടിച്ചുകെട്ടാൻ കയർ കിട്ടാത്തതുകൊണ്ട് തിരിച്ച് കേരളത്തിലെ പ്രതിപക്ഷ നേതാവാകാൻ തയ്യാറെടുക്കുന്ന ഒരാളുണ്ട്, ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്. അദ്ദേഹത്തിനെതിരെ തൃശ്ശൂരിൽ 127 ഏക്കർ ഭൂമി തരംമാറ്റി കൊടുത്തതുമായി ബന്ധപ്പെട്ട് അഴിമതി ആരോപണമുണ്ട്. അതിന്റെ അന്വേഷണം എന്തായിയെന്നും ആറ്റിങ്ങൽ എം. പി. നേരത്തെ റേഷൻ മൊത്തവിതരണ സ്ഥാപനവുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതിയുടെ ഇപ്പോഴത്തെ അന്വേഷണസ്ഥിതി എന്തെന്നും അറിയാൻ താല്പര്യമുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ബഹുമാന്യനായ അംഗം ചൂണ്ടി ക്കാണിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല. അത് ഏത് സ്റ്റേജിലാണുള്ളതെന്ന് എനിക്ക് ഇപ്പോൾ പറയാൻ കഴിയുന്നതല്ല.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി (ശ്രീ. എ. പ്രദീപ്കുമാർ): സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൻതോതിൽ നടന്ന അഴിമതി പരമ്പരകളെ സംബന്ധിച്ചുള്ള സംവാദമാണ് യഥാർത്ഥത്തിൽ ഇവിടെ നടന്നു

കൊണ്ടിരിക്കുന്നത്. ആ നിയമസഭാ കാലത്തുതന്നെ വസ്തുതകളുടെയും തെളിവു കളുടെയും അടിസ്ഥാനത്തിൽ ഒട്ടനവധി ആക്ഷേപങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതായിരുന്നു അന്നത്തെ നിയമസഭയിൽ പ്രതിപക്ഷാം ഗമായിരുന്ന ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. ഉന്നയിച്ച ആരോപണം. അന്നത്തെ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ് നടത്തിയ 36.5 കോടി രൂപയുടെ അഴിമതിയെക്കുറിച്ച് തെളിവുകൾ സഹിതം ഉന്നയിക്കുകയുണ്ടായി. അതിൽ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്ന് അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പൊരു സഭാസമ്മേളനത്തിൽ ഇവിടെ വിശദീകരണം നൽകിയിട്ടുണ്ടായിരുന്നു. ആ വൻ അഴിമതിയുടെ അന്വേഷണത്തിന്റെ ഇപ്പോഴുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതൊക്കെ രേഖവച്ച് മറുപടി പറയേണ്ട പ്രശ്നങ്ങളാണ്. അത്തരം രേഖകൾ എന്റെ കയ്യിൽ ഇപ്പോൾ ഇല്ലാത്തതുകൊണ്ടാണ് മറുപടി പറയാൻ സാധിക്കാത്തത്. അക്കാലത്തെപ്പറ്റി പറഞ്ഞാൽ പല കാര്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടാകും. അതിനെക്കുറിച്ചൊക്കെ അതേരീതിയിൽ മറുപടി പറയാൻ കഴിയില്ല. അതുകൊണ്ട് പ്രത്യേകമായ ചോദ്യം വന്നാൽ മാത്രമേ അതിന്റെ വിവരങ്ങൾ കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ അതുമായി ബന്ധപ്പെട്ട രേഖകൾ എന്റെ കയ്യിലില്ല. അക്കാലത്ത് കൗണ്ടർ തുറന്നുവെന്നൊക്കെയുള്ള പ്രശ്നങ്ങൾ പരസ്യമായി ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളാണ്. അതൊന്നും ഇപ്പോൾ എനിക്ക് പറയാൻ കഴിയുന്നതല്ല.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ചാർജ്ജ് ചെയ്തിരുന്നു. അതിന്റെ നിലവിലെ സ്ഥിതിയെ സംബന്ധിച്ചും അതുപോലെ കേസിന്റെ പുരോഗ തിയെ സംബന്ധിച്ചും വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നേരത്തെയുണ്ടായ ചില പ്രശ്നങ്ങളിൽ ഗൗരവമായ ആരോപണങ്ങൾ ഉയർന്നുവരികയും അതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ വിവിധ തലങ്ങളിൽ നടന്നുവരികയുമാണ്. അതിൽ കുറെ കാര്യങ്ങളെക്കുറിച്ചാണ് നേരത്തെ ഇവിടെ മറുപടിയിൽ രേഖപ്പെടുത്തിയത്. മറ്റുകാര്യങ്ങൾ വിവിധ ഘട്ടത്തിലാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇത്തരമൊരു ചോദ്യവും ഉത്തരവും എന്തിന് വേണ്ടിയിട്ടാണെന്ന് എല്ലാവർക്കുമറിയാം. കേരളത്തിലെ പ്രതിപക്ഷം ഈ ഗവൺമെന്റിനെതിരായി നിരന്തരമായ അഴിമതി ആരോപണം ഉന്നയിക്കുക യുണ്ടായി. ആരോപണങ്ങളിലും അഴിമതിയിലും മുങ്ങിക്കുളിച്ച് നിൽക്കുന്ന ഗവൺ മെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. അഴിമതിയിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ് അവരുടെ മുഖം രക്ഷിക്കാൻ പ്രതിപക്ഷവും അങ്ങനെയാണെന്ന് വരുത്തിത്തീർക്കാനുള്ള പാഴ്വേലയാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ :</u> പ്ലീസ്, അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ, ഞാൻ ബഹുമാന്യനായ ഗവർണറെ സമീപിച്ചു എന്നുപറഞ്ഞു. ശരിയാണ്, കാരണം ബാർ കോഴയുമായി ബന്ധപ്പെട്ട ഈ ആരോപണങ്ങൾ കഴിഞ്ഞ അഞ്ചുവർഷം രണ്ടുതവണ അന്വേഷിച്ചിട്ടുള്ളതാണ്. ഇതിന് ആധാരമായിട്ടുള്ള ഒരു സി.ഡി.-യിലാണ് എന്റെ പേര് പരാമർശിച്ചിട്ടുള്ളത്. ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും അന്വേഷിച്ച് ആ സി.ഡി. ഫേക്കാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ഇപ്പോൾ ഈ കേസ് കോടതിയിൽ നിലനിൽക്കുകയാണ്. അതിന്റെ റിപ്പോർട്ട് ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും സമർപ്പിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അടിസ്ഥാനരഹിതമായ ഒരു കാര്യം ഗവൺമെന്റ് അന്വേഷിക്കുമ്പോൾ നിയമപരമാകണം; സബ്ജുഡീസാണ്; അത് ചൂണ്ടിക്കാണിക്കുകയാണ് ഞാൻ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുന്നു, അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് ഉന്നയിക്കുന്നത്. സത്യവുമായി ഒരു ബന്ധവുമില്ലാത്തതാണ്. ഞാൻ ആരുടെ കയ്യിൽനിന്നും കോഴ വാങ്ങിയിട്ടില്ല, ചോദിച്ചിട്ടില്ല.

<u>മി. സ്പീക്കർ:</u> അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വളരെ ബോധപൂർവ്വമായി പ്രതിപക്ഷത്തെ അപമാനിക്കാൻ നടത്തുന്ന ശ്രമമാണ്. ഏത് അന്വേഷണം നടത്തിയാലും ഞങ്ങൾക്ക് ഒരു ചുക്കും ഇല്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഏത് അന്വേഷണവും വന്നോട്ടെ. അഞ്ച് വർഷം നിങ്ങൾ എന്തെല്ലാം അന്വേഷിച്ചു.

<u>മി. സ്പീക്കർ:</u> ദയവായി, അങ്ങേയ്ക്ക് ഏത് സമയത്തും പ്രസംഗിക്കാൻ അവസരം നൽകാം. ചോദ്യോത്തരവേളയിൽ അങ്ങ് പ്രസംഗിക്കരുത്. അങ്ങ് ചോദ്യം ചോദിച്ചോളൂ......(ബഹളം)....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇത്രയും സമയം അപ്പുറത്തുള്ളവർ പറയുന്നത് അങ്ങ് കേട്ടില്ലേ; അങ്ങും ഇതിന്റെ കൂട്ടാളിയായി. ബഹുമാനപ്പെട്ട ഗവർണർ പരിശോധിക്കുകയാണ്, അങ്ങ് അതിന് അനുമതിയും കൊടുത്തു. ഞങ്ങൾക്കതിൽ വിഷമമൊന്നുമില്ല. ഏത് അന്വേഷണം വേണമെങ്കിലും നടക്കട്ടെ; എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത് കോടതിയിൽ നിലനിൽക്കുന്ന ഒരു കേസ്, രണ്ട് ഗവൺമെന്റുകൾ അന്വേഷിച്ച് ഫേക്കാണെന്ന് തെളിഞ്ഞ ഒരു സി.ഡി., അതിനെ സംബന്ധിച്ച് ഒരു പെറ്റീഷൻ എഴുതി വാങ്ങി ഈ ഗവൺമെന്റിനെതിരെ ഞങ്ങൾ അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരിച്ച് ആരോപണം ഉന്നയിക്കുന്ന വിലകുറഞ്ഞ രാഷ്ട്രീയം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ എന്നുള്ളതാണ്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആദ്യം എനിക്ക് പറയാനുള്ളത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് വിശദമായ ഒരു ചോദ്യം ചോദിക്കുന്നു. സ്വാഭാവികമായും അദ്ദേഹം പറയേണ്ട കാര്യങ്ങൾ പറയണം എന്തിനാണ് അവിടെ വലിയ ബഹളം നടന്നത്. ...(ബഹളം)....ഞാൻ ആ സമയത്ത് ഇവിടെ തിരിഞ്ഞുനോക്കി, ഇവിടെ ആരെങ്കിലും എഴുന്നേറ്റുനിന്ന് എന്തെങ്കിലും ബഹളം വയ്ക്കുന്നോയെന്ന്, ഒരു ബഹളവുമില്ല.

<u>മി. സ്പീക്കർ:</u> പ്ലീസ്, പ്ലീസ്.... ഇരിക്കൂ, നിങ്ങൾ ഉത്തരം കേൾക്കൂ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഭരണപക്ഷത്തുനിന്നും യാതൊരു ബഹളവും കാണിക്കുന്നില്ല. അദ്ദേഹം പറയുന്നത് ശാന്തമായി കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറയുമ്പോൾ എന്തിനാണ് അവർ ബഹളം വച്ചത്? ഇതാണ് ഗൗരവമായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിശോധിക്കേണ്ടത്. ഇവിടെ പറഞ്ഞ അദ്ദേഹത്തിന്റെ പ്രസ്താവനയിലെ ആദ്യഭാഗം വളരെ വിചിത്രമായിട്ടുള്ളതാണ്. കേരളത്തിലെ ജനങ്ങളുടെ ഓർമ്മ ശക്തിയെ ചോദ്യം ചെയ്യുന്ന ഒരു കാര്യമാണ്. കേരളത്തിൽ 2011 മുതൽ 2016 വരെ എന്താണ് നടന്നിരുന്നതെന്ന് എല്ലാപേരും മറന്നു പോയെന്നാണോ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കരുതുന്നത്. അഴിമതിയുടെ കൂത്തരങ്ങായിരുന്നില്ലേ; ഏതെങ്കിലും ഒരു രംഗം ഒഴിവുണ്ടായിരുന്നോ; ഏതെങ്കിലും ഒരു രംഗം മാറ്റമുണ്ടായിരുന്നോ? ...(ബഹളം).... എത്ര വലിയ അഴിമതിയാ യിരുന്നു; ഏതെല്ലാം നിലയിലായിരുന്നു; അതിന്റെ ഒരു ഭാഗമാണ് നേരത്തെ ഞാൻ പറഞ്ഞ കൗണ്ടറുമായി ബന്ധപ്പെട്ടത്. എന്തെല്ലാം, ഏതെല്ലാം തരത്തിലുള്ളത്; എന്തായിരുന്നു ഈ നാടിന്റെ ധാരണ; എന്താണ് നിങ്ങളെക്കുറിച്ച് നാട് ധരിച്ചിരുന്നത്; ഇത് ഈ നാടിന് ഒരു ശാപമായിരുന്നു എന്ന് കണക്കാക്കിയതായിരുന്നില്ലേ ജനങ്ങൾ; അത് മറന്ന് പോകുകയാണോ? അക്കാലത്തെക്കുറിച്ച് ഞങ്ങളുടെ കൂട്ടത്തിലുള്ള ചിലർ ഉന്നയിച്ചാൽ അത് മറ്റെന്തിനെങ്കിലുമുള്ള മറുപടിയായിട്ടാണോ കാണേണ്ടത്. നമ്മുടെ സംസ്ഥാനം 2016 മുതൽ ഇന്നുവരെ നേടിയിട്ടുള്ള യശസ്സ് അത് നിങ്ങളുടെ മനോവ്യാപാരത്തിനനുസരിച്ച് തകർക്കാൻ കഴിയില്ല. എന്തെല്ലാം നോക്കി; ഏതെല്ലാം ശ്രമങ്ങൾ നടത്തി നോക്കി. കേരളം മാത്രമല്ല, നമ്മുടെ രാജ്യത്തും രാജ്യത്തിന് പുറത്തും അഴിമതിയില്ലാത്ത നാടെന്ന് ഈ കേരളത്തിന് യശ്ശസ്സ് ഉയർന്നു. അഴിമതിയില്ലാത്ത നാടായതുകൊണ്ടുതന്നെ അത്തരം ഒരു നാടുമായി ബന്ധപ്പെടാൻ ലോകത്തിലെ പല വൻ കമ്പനികൾ വരെ തയ്യാറായി. ബഹുരാഷ്ട്ര കമ്പനികൾ നമ്മുടെ നാട്ടിലേയ്ക്ക് വരുന്നു. പുതിയ സംരംഭങ്ങൾക്ക് ഉടക്കം കുറിക്കുന്നു. അതിന് വിഷമമുണ്ടല്ലേ? ആ വിഷമം മനസ്സിൽ വച്ചാൽ മതി. ആ വിഷമം ഈ നാട് അംഗീകരിക്കില്ല. എന്തിനൊക്കെയാണ് ശ്രമിച്ചത്; ഏതിനായിരുന്നു ശ്രമിച്ചത്; ..(ബഹളം)..

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് സംസാരിക്കാൻ അവസരം നൽകണം.

മി. സ്പീക്കർ: അങ്ങ് ചോദിച്ചതിനുള്ള മറുപടിയല്ലേ പറഞ്ഞത്? അങ്ങ് വിശദമായി സംസാരിച്ചല്ലോ? അങ്ങ് ഉന്നയിച്ച കാര്യങ്ങൾക്കല്ലേ മറുപടി പറയുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറയൂ.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹത്തിന് ഇതെല്ലാം പറയാം. എനിക്ക് പറയാൻ പാടില്ലെന്നാണോ; ആരാണിത് പറഞ്ഞത്; ചോദ്യം ചോദ്യത്തിന്റെ രീതിയിൽ അല്ലാതിരിക്കുമ്പോൾ അതിന് അർഹമായ മറുപടി പറയണ്ടേ; ചോദ്യത്തിന്റെ സ്പിരിറ്റിൽനിന്നും മാറി പ്രസ്താവന രൂപത്തിൽ വരുമ്പോൾ മറുപടിയും അങ്ങനെ വരും. അത് സ്വാഭാവികമല്ലേ; അല്ലെങ്കിൽ എനിക്ക് കാര്യങ്ങൾ വിശദമാക്കണ്ടേ; അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾക്കാണ് ഞാൻ മറുപടി പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറയാൻ എനിക്ക് ബാധ്യതയുണ്ട്, അതാണ് ഞാൻ നിറവേറ്റുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് ഒന്നിനേയും ഭയപ്പെടേണ്ടതില്ല. ഉളുപ്പ് ഇല്ലാത്തതുകൊണ്ടാണ് ഇപ്പോഴും ചിരിക്കാൻ പറ്റുന്നതെന്ന് മനസ്സിലാക്കണം. നമ്മുടെ നാട്ടിലെ ജനങ്ങളുടെ കൈകൊണ്ട് കരണത്ത് അടികൊണ്ടവരാണ് ഇവിടെ ഇരിക്കുന്നത്. ഈ കഴിഞ്ഞ തദ്ദേശഭരണസ്ഥാപന തെരഞ്ഞെടുപ്പിൽ എങ്ങനെയായിരുന്നു ഇറങ്ങിയിരുന്നത്; ഞങ്ങളങ്ങ് പിടിച്ചടക്കിക്കളയുമെന്ന മട്ടിലായിരുന്നില്ലേ പുറപ്പെട്ടത്, എന്തായി ഇപ്പോൾ? ഇപ്പോൾ വീണ്ടും തുടങ്ങി നോക്കുകയാണ്. ജനങ്ങളുടെ സാമാന്യ ബുദ്ധിയെ ചോദ്യം ചെയ്യരുത്. ജനങ്ങൾ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ചവർ അഴിമതി തൊട്ടുതീണ്ടാത്തവരെക്കുറിച്ച് 'ഇതാ അഴിമതി, അഴിമതി, അഴിമതി' എന്ന് പറഞ്ഞാൽ ജനം അത് അംഗീകരിക്കുമോ? അതാണ് ഇവിടെ കാണുന്നത്. അത് മനസ്സിലാക്കണമെന്നേ പറയാനുള്ളൂ.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, നിലവിലുള്ള നിയമ സംവിധാനങ്ങളൊന്നും ഞങ്ങൾക്ക് ബാധകമല്ല, ഞങ്ങൾ മനഃസാക്ഷിയുടെ കോടതിയിൽ അംഗീകാരം തേടിക്കൊള്ളാമെന്ന് പറഞ്ഞ ഒരു മുൻ മുഖ്യമന്ത്രി ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്തുനടന്ന അഴിമതിയിൽ മാത്രമല്ല, ഇപ്പോൾ ചില ഓട്ടക്കാരൻ എം.എൽ.എ.-മാർ ഓടിയതിനെ സംബന്ധിച്ച് ഇവിടെ വാർത്തകൾ വന്നു. എറണാകുളം ജില്ലയിൽ കോർപ്പറേഷൻ 57-ാം ഡിവിഷൻ എളംകുളം ഭാഗത്ത് അന്നത്തെ മേയറുടെ ചേംബറിൽ ബഹുമാനപ്പെട്ട തൃക്കാക്കര എം.എൽ.എ. ഉൾപ്പെടെ ഇരുന്ന് ആലോചിച്ചെടുത്ത നിലവിലുള്ള തണ്ണീർത്തട നിയമത്തിനെ അട്ടിമറിക്കാൻ എടുത്ത നടപടിയുടെ ഭാഗമായി ഇരുപത് കോടി രൂപയുടെ

അഴിമതി ആരോപണം ഉയർന്നുവന്നിട്ടുണ്ട്. അതുസംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം എവിടെവരെയെത്തി എന്നതുസംബന്ധിച്ച് അറിയാൻ ആഗ്രഹമുണ്ട്. ഓട്ടക്കാരൻ എം.എൽ.എ. ന്യായീകരിച്ചുകൊണ്ടാണ് പലപ്പോഴും വരുന്നത്. വലിയ ശുദ്ധനാണെന്നാണ് അദ്ദേഹം പറയുന്നത്. പക്ഷേ അദ്ദേഹം ഓടിയ വഴിയിൽ ഇതുവരെ പുല്ല് മുളച്ചിട്ടില്ല എന്നത് ഇടപ്പള്ളിക്കാർക്കറിയാം.

മി. സ്പീക്കർ: ദയവായി വ്യംഗ്യാർത്ഥത്തിൽ ഓട്ടക്കാരൻ, ചാട്ടക്കാരൻ എന്നൊന്നും പറയരുത്. യഥാർത്ഥ പേര് വേണമെങ്കിൽ പറയാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഓട്ടക്കാരൻ എം.എൽ.എ.-യെ ഓട്ടക്കാരൻ എന്നല്ലാതെ വേറെ എന്താണ് വിളിക്കുന്നത്? ആ വിജിലൻസ് കേസ് സംബന്ധിച്ച് എന്താണ് സർക്കാരിന് പറയാനുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാന്യനായ അംഗം ഒരു പ്രത്യേക സംഭവത്തെക്കുറിച്ച് അന്വേഷണം നടക്കുന്നു എന്നാണ് പരാമർശിച്ചത്. അതുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്റെ കയ്യിൽ വിവരങ്ങളൊന്നുമില്ലാത്തതിനാൽ അതിനെക്കുറിച്ച് ഇപ്പോൾ പറയാൻ കഴിയില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമസഭയുടെ ചരിത്രത്തിലാദ്യമായി അംഗങ്ങൾക്കെതിരായി അഴിമതിയാരോപണം ഉന്നയിച്ച് ചോദ്യോത്തരവേളയെ പങ്കിലമാക്കിയ അപൂർവ്വമായ കീഴ്വഴക്കമുണ്ടായതിൽ ഒരു നിയമസഭാംഗമെന്നുള്ള നിലയിൽ ഞാൻ എന്റെ ദുഃഖവും പ്രതിഷേധവും രേഖപ്പെടുത്തുകയാണ്. വ്യക്തിപരമായ പരാമർശം ഉന്നയിച്ചുകൊണ്ട് ഒരു ചോദ്യവും അതിനെ സംബന്ധിച്ചുള്ള വിശദമായ ചർച്ചയും ഇവിടെ നടന്നു. എനിക്കെതിരായുള്ള ഒരു ആക്ഷേപം ഇവിടെ ഈ നിയമസഭയിൽ ഉന്നയിക്കുകയും ഞാൻ അതിന് മറുപടി പറയുകയും ചെയ്തു. പ്രളയത്തിൽ ഏറ്റവും കൂടുതൽ വീടുകൾ തകർന്ന കേരളത്തിലെ ആദ്യ നിയോജകമണ്ഡലം എന്റേതാണ്. പ്രളയത്തിൽ സർക്കാർ വീട് നിർമ്മിക്കുന്നതോടൊപ്പംതന്നെ 'പുനർജനി' എന്ന പേരിൽ അവിടെ ഇരുനൂറോളം വീടുകൾ എന്റെ നേതൃത്വത്തിൽ നിർമ്മിച്ച് പൂർത്തിയാക്കുകയാണ്. ഇരുനൂറാമത്തെ വീടിന്റെ താക്കോലാണ് ഈ മാസം കൊടുക്കാൻ പോകുന്നത്. കേരളത്തിൽ ഒരു നിയോജകമണ്ഡലത്തിലും ഒരു എം.എൽ.എ.-യുടെ നേതൃത്വത്തിലും അത്രയും വീടുകൾ പണിതിട്ടില്ല. ഈ വീടുകൾ നിർമ്മിക്കാൻ സ്വദേശത്തും വിദേശത്തുമുള്ള ആളുകൾ, വിദേശത്തുള്ള മലയാളി കളുൾപ്പെടെയുള്ള ആളുകൾ ധാരാളമായി സഹായിച്ചിട്ടുണ്ട്. വിദേശത്തുള്ള ഒരു മലയാളി ഇരുപത്തിയഞ്ച് വീടുകൾ എന്റെ നിയോജകമണ്ഡലത്തിൽ നൽകിയപ്പോൾ അതിന്റെ താക്കോൽ കൊടുക്കാൻ വന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. 'പുനർജനി'ക്ക് ഒരു അക്കൗണ്ട് പോലുമില്ല. ഒരാളുടെ കയ്യിൽനിന്നും വിദേശത്തോ

സ്വദേശത്തോനിന്നും ഒരു രൂപപോലും വാങ്ങിക്കാതെ 'പുനർജനി' ഫെസിലിറ്റേറ്ററായി നിന്നുകൊണ്ട് വരുന്ന ആളുകൾക്ക് അവർ നേരിട്ട് വീട് നിർമ്മിക്കുമെങ്കിൽ അങ്ങനെ ചെയ്യും; അവർ പണമായിട്ടാണ് വരുന്നതെങ്കിൽ ലോക്കലായി കോൺട്രാക്ടർമാരുടെ ഒരു പാനൽ ഉണ്ടാക്കി അവരെ ഏൽപ്പിക്കും. അവർ നേരിട്ട് പണം തരും. ഇങ്ങനെ ചെയ്ത ഒരു പദ്ധതിയെ സംബന്ധിച്ച് ആദ്യം ഗവൺമെന്റിന്റെ മുന്നിൽ ഈ നിയമസഭയിലുണ്ടായ ഒരു ആരോപണത്തെത്തുടർന്ന്, വിജിലൻസ് അന്വേഷിക്കണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചതുപോലെ വിജിലൻസ് ആദ്യത്തെ പരാതി സംസ്ഥാന സർക്കാരിന് അയയ്ക്കുകയും ആഭ്യന്തര വകുപ്പ് അത് പരിശോധിച്ച് ഇതിൽ കഴമ്പില്ല എന്നുപറഞ്ഞ് ഡ്രോപ്പ് ചെയ്യുകയും ചെയ്തു. രണ്ടാമത് വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ കയ്യിൽ തന്നപ്പോൾ പരാതിക്ക് അനുമതി നൽകാൻ തക്കതായ കാരണങ്ങൾ അതിലില്ലെന്ന് കണ്ടതുകൊണ്ടാണല്ലോ അദ്ദേഹം കൂടുതൽ എന്തെങ്കിലും ഉണ്ടെങ്കിൽ നൽകണമെന്ന് അന്വേഷണ ഏജൻസിയോട് ആവശ്യപ്പെട്ടതും മടക്കി അയച്ചതും. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, ഇതുസംബന്ധിച്ച് എന്റെ നിയോജകമണ്ഡലത്തിലെ ഒരു ആക്ഷൻ കൗൺസിലും കോടതിയിൽ പോയിട്ടില്ല. പക്ഷേ കുറച്ച് ആളുകൾ കോടതിയിൽ പോയി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് മുമ്പാകെ എനിക്കെതിരെ ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം വേണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ വിജിലൻസ് നിലനിൽക്കില്ല, എഫ്.സി.ആർ.എ. (ഫോറിൻ കോൺട്രിബ്യൂഷൻ (റെഗുലേഷൻ) ആക്ട്, 2010-ന്റെ വയലേഷനാണ്, അതുകൊണ്ട് സി.ബി.ഐ. അന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കോടതിയിൽ പോയപ്പോൾ സിംഗിൾ ബഞ്ച് അഡ്മിഷൻ സ്റ്റേജിൽത്തന്നെ അത് തള്ളി എന്നത് മൂന്നാമത്തെ കാര്യം.

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഡിവിഷൻ ബഞ്ചിൽ വീണ്ടും ഈ കേസിൽ എനിക്കെതിരായി സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് പറഞ്ഞു എന്നുള്ളതാണ്. ഇവിടെ മെമ്പർ ചൂണ്ടിക്കാണിച്ചതല്ല, തെറ്റായ വിവരം ചോദ്യത്തിൽ ഉന്നയിച്ചാൽ എനിക്ക് പറയണ്ടേ; ഞാൻ എവിടെ പറയും?

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അപ്പോൾ സി.ബി.ഐ.-യെക്കൂടി കക്ഷി ചേർത്തിരുന്നു. സി.ബി.ഐ. കോടതിയിൽ രേഖപ്പെടുത്തിയത് ഞങ്ങൾ പ്രാഥമികാന്വേഷണം നടത്തി ഇതിൽ സി.ബി.ഐ. അന്വേഷിക്കേണ്ട ഒരു കേസുമില്ല എന്നുപറഞ്ഞു. ഡിവിഷൻ ബഞ്ചും അഡ്മിഷൻ സ്റ്റേജിൽത്തന്നെ തള്ളിയ

ഒരു കേസ്, നാല് പ്രാവശ്യം നാല് വ്യത്യസ്തമായ തലങ്ങളിൽ ചർച്ച ചെയ്ത ഒരു കേസാണിത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചും സിംഗിൾ ബഞ്ചും ഈ കേസ് അഡ്മിഷൻ സ്റ്റേജിൽത്തന്നെ തള്ളിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ അംഗം വിശദമായി പറയാനുള്ള ഒരു അവസരം എടുത്തു എന്നുമാത്രമേയുള്ളൂ. ഏതായാലും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഞാൻ നേരത്തേ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, ലൈഫ് മിഷന്റെ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട കേസ്സിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ പ്രധാന പദ്ധതികളുടെ നടത്തിപ്പ് പരിശോധിക്കുന്നതിന് കേന്ദ്ര ഏജൻസികൾക്ക് അധികാരമുണ്ടോ; സർക്കാരിന്റെ ഭരണ നിർവ്വഹണത്തിലേയ്ക്ക് കേന്ദ്ര ഏജൻസികൾ കൈകടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് ഒരു പ്രത്യേക വിഷയമാണ്. സംസ്ഥാന സർക്കാർ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതും സമൂഹം വളരെ ജാഗ്രതയോടെ വീക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വിഷയമാണിത്. സാധാരണനിലവിട്ട് കേന്ദ്ര ഏജൻസികൾ പല കാര്യങ്ങളിലും നീങ്ങുന്ന എന്നുള്ളതാണ് അനുഭവം. അതിന്റെ ഭാഗമായി ഉയർന്നുവന്ന ഒരു ചോദ്യമാണിത്. അത് സർക്കാരിന്റെ ശ്രദ്ധയിലുള്ളതുതന്നെയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു മുൻമന്ത്രിയുടെ വീട്ടിൽ നോട്ടെണ്ണുന്ന മെഷീനുണ്ട് എന്ന ആരോപണമുയർന്നിരുന്നു. അതുസംബന്ധിച്ച് ഒരു അന്വേഷണം നടത്തി ആ മെഷീൻ കണ്ടെത്തിയിട്ടുണ്ടോ; വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ എന്നാണ് എന്റെ ചോദ്യം. ഉത്തർപ്രദേശിൽ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ ദളിത് പെൺകുട്ടിയുടെ കുടുംബങ്ങളെ കണ്ട് വാർത്ത തയ്യാറാക്കാനായി ഒക്ടോബർ 5-ന് ഹഥ്റസിലേയ്ക്ക് പുറപ്പെട്ട മാധ്യമ പ്രവർത്തകൻ ശ്രീ. സിദ്ദിഖ് കാപ്പനെ യു.എ.പി.എ. ചുമത്തി യു.പി. പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. അന്ന് അറസ്റ്റുചെയ്ത ഈ മാധ്യമ പ്രവർത്തകനോട് സി.പി.ഐ.(എം.) നേതാക്കളുടെ പ്രേരണയിലാണ് താൻ ഹഥ്റസിലേയ്ക്ക് പുറപ്പെട്ടതെന്ന് പറയാൻ പോലീസ് ആവശ്യപ്പെട്ടു. ശ്രീ. രാഹുൽ ഗാന്ധിയുമായി എന്താണ് ബന്ധമെന്നും ബീഫ് കഴിക്കാറുണ്ടോയെന്നും ഒരു മലയാളിക്കെന്താണ് ദളിതരോട് ഇത്ര അനുകമ്പയെന്നും ചോദിച്ച് പോലീസ് കസ്റ്റഡിയിൽ ക്രൂരമായ മർദ്ദനത്തിന് ശ്രീ. സിദ്ദിഖ് കാപ്പൻ വിധേയനായിക്കൊണ്ടിരിക്കുകയാണ്. ഡൽഹിയിലെ പത്രപ്രവർത്തക യൂണിയന്റെ

സെക്രട്ടറി കൂടിയായ മാധ്യമ പ്രവർത്തകന്റെ പത്നി ഇന്ന് സെക്രട്ടേറിയറ്റിനുമുമ്പിൽ അദ്ദേഹത്തിന് നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമരം നടത്തുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ അടിയന്തരമായി ഇടപെട്ട് ശ്രീ. സിദ്ദിഖ് കാപ്പനെന്ന പ്രമുഖ മാധ്യമ പ്രവർത്തകന് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സാധാരണ നിയമ നടപടികളിൽനിന്ന് വ്യതിചലിച്ചുകൊണ്ട് ഒട്ടേറെ കാര്യങ്ങൾ സംഭവിക്കുന്നുണ്ട്. ഇവിടെയുണ്ടായ പ്രശ്നം ഒരു പ്രത്യേക തരത്തിലുള്ളതാണ്. ഒരു മാധ്യമ പ്രവർത്തകന് അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പക്ഷേ അതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് വളരെ പരിമിതികളുണ്ടെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. ഇത് മറ്റൊരു സംസ്ഥാനത്തുള്ള കാര്യമാണ്. അതിനാവശ്യമായ നിയമ നടപടികളും അതിന്റെ സഹായങ്ങളും ബന്ധപ്പെട്ടവർ ചെയ്തുകൊടുക്കുകയാണ് വേണ്ടത്. സംസ്ഥാന സർക്കാരിന് പ്രത്യേകമായി അതിൽ ഇടപെടുന്നതിന് അങ്ങേയറ്റത്തെ പരിമിതികളുണ്ട് എന്നുള്ളത് നാമെല്ലാം മനസ്സിലാക്കണം.

ശ്രീ. എം. രാജഗോപാലൻ: സർ, 'ഒരു തിര പിന്നെയും തിര' എന്ന് പറയുന്നതുപോലെയാണ് മഞ്ചേശ്വരം എം.എൽ.എ.-യുടെ സ്ഥിതി. ജീവനാംശം കിട്ടിയ പണമാണ് എന്റെ മണ്ഡലത്തിലെ, നീലേശ്വരത്തെ ശ്രീമതി എം.പി. നസീമയ്ക്ക് ജ്വല്ലറി തട്ടിപ്പിലൂടെ നഷ്ടപ്പെട്ടത്. കാഞ്ഞങ്ങാട് ഇട്ടമ്മലിലെ ശ്രീ. ഫിറോസ്ഖാന്, മരിച്ച മകന്റെ ഇൻഷ്വറൻസ് തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിച്ച തുകയുമാണ് തട്ടിപ്പ് സംഘം കൊണ്ടുപോയത്. എണ്ണൂറോളം പരാതിക്കാരാണുള്ളത്. അടുത്ത കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സർക്കാരിനുമെതിരായി ഉയർന്നുവരുന്ന അപവാദ പ്രചരണങ്ങളുണ്ട്. അങ്ങനെ ആ യുദ്ധത്തിൽ തങ്ങളുടെ ആവനാഴിയിലെ അസ്ത്രശേഖരം കാലിയായപ്പോൾ പുതിയ ആക്ഷേപവുമായിട്ടാണ് രംഗത്തുവരുന്നത്. കാരണം പുതുതായി വരുന്ന കേസുകളും അറസ്റ്റുമൊക്കെ രാഷ്ട്രീയ പ്രേരിതമാണ് എന്നതാണ് ഇവരുടെ ആരോപണം. ഇവിടെ എണ്ണൂറോളം പരാതിക്കാരിൽ തൊണ്ണൂറ്റിഒൻപത് ശതമാനവും ഒരു പാർട്ടിയിൽ, മുസ്ലീം ലീഗിൽ വിശ്വസിക്കുന്നവരാണ്. തട്ടിപ്പ് നടത്തിയത്, വഞ്ചന നടത്തിയത് എം.എൽ.എ. ഉൾപ്പെടെ മുസ്ലീം ലീഗിന്റെ നേതാക്കളാണ്. ഇത്തരമൊരു ആരോപണം ഉന്നയിക്കുമ്പോൾ ഇതിനോട് സർക്കാരിനുള്ള പ്രതികരണമെന്താണ്; അതോടൊപ്പം മുസ്ലീം ലീഗിനെ സംബന്ധിച്ച്, തങ്ങളുടെ തെരഞ്ഞെടുപ്പ് ചിഹ്നമായിട്ടുള്ള ഏണി മാറ്റി XXXXX*ആക്കി മാറ്റുന്നതാണ് നല്ലത്. തൊലിക്കട്ടിക്ക് ചേർന്നത് അതാണ്.

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ചോദ്യോത്തരവേളയിൽ പോയിന്റ് ഓഫ് ഓർഡറില്ല. തെറ്റായ ഒരു പദപ്രയോഗവും രേഖയിലുണ്ടാവില്ല. ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് നടക്കാൻ പാടില്ലാത്ത കാര്യമാണ് നടന്നത് എന്നതിൽ യാതൊരു സംശയവുമില്ല. കാരണം ഒരു കൂട്ടം ആളുകൾ, അത് വലിയ നമ്പരാണ്, അവർ വിശ്വസിച്ചേൽപ്പിച്ച പണം വലിയ തോതിൽ ദുരുപയോഗം ചെയ്യപ്പെട്ടു എന്നുള്ളതാണ് വന്നിട്ടുള്ളത്. അപ്പോൾ ഒരു വഞ്ചന നടന്നു എന്നതാണ് വന്ന ആക്ഷേപം. അക്കാര്യത്തിൽ ആവശ്യമായ നിയമ നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അവസാന ഘട്ടമായിട്ടില്ല, തുടർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഗൗരവമായിത്തന്നെയാണ് അതിനെ സർക്കാർ കണ്ടിട്ടുള്ളത്, ഗൗരവമായിത്തന്നെ അന്വേഷണം നടക്കുകയാണ്, സമൂഹവും അത് ഗൗരവമായ കുറ്റമായിത്തന്നെയാണ് കാണുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ചോദ്യങ്ങൾ ബോധപൂർവ്വം എഴുതി ഉന്നയിക്കുന്നവയാണ്. കഴിഞ്ഞ അഞ്ച് വർഷമായി അധികാരത്തിലുള്ള ഗവൺമെന്റ്....(ബഹളം)...

മി. സ്പീക്കർ: അതിന് അങ്ങ് മറുപടി പറയേണ്ട. അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഏത് അന്വേഷണവും നടത്താനുള്ള സാഹചര്യവും അധികാരവും ഈ ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഇപ്പോൾ യു.ഡി.എഫ്. എം.എൽ. എ.-മാർക്കെതിരെ അന്വേഷണം നടത്തുന്നത് ജനങ്ങളുടെ മുമ്പിൽ പുകമറ സൃഷ്ടിച്ച് തെറ്റിദ്ധാരണ ജനിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ്. അതാണ് ഇവിടെ നടക്കുന്നത്. ഇവിടെ ആദ്യത്തെ ചോദ്യമായി അത് വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് അന്വേഷിക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: യെസ്... യെസ്.... അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ കാര്യത്തിലേയ്ക്ക് വരാം. ആമുഖമായി പറയട്ടെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ഏത് അന്വേഷണം നടത്തുന്നതിനും ഞങ്ങൾക്ക് യാതൊരു എതിർപ്പുമില്ല. ഏത് അന്വേഷണം വേണമെങ്കിലും നിങ്ങൾ നടത്തിക്കൊള്ളൂ. ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ എനിക്കെതിരെ ഒരു ആക്ഷേപം ചോദ്യോത്തരമായി ഉന്നയിച്ചതുകൊണ്ട് അതിന് മറുപടി എനിക്ക് പറയേണ്ടതായിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: മറുപടി അങ്ങ് പറയണ്ട. ചോദ്യം ചോദിക്കൂ.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ അങ്ങ് ഇടപെട്ടില്ലല്ലോ; എനിക്ക് ഇവിടെ എന്റെ സ്റ്റേറ്റ്മെന്റ് നടത്താനുള്ള അവസരം വേണം...(ബഹളം)...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമാണ് സാധാരണയായി മറുപടി പറയാറുള്ളത്. അംഗങ്ങൾക്ക് മറുപടി പറയാൻ അവകാശമില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഒരു മിനിറ്റുകൊണ്ട് നിർത്തിക്കൊള്ളാം. ശ്രീ. വി. ശിവൻകുട്ടി എനിക്കെതിരെ ആരോപണമുന്നയിച്ച് വിജിലൻസിൽ കേസ് കൊടുക്കാനുള്ള കാരണം, അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, അദ്ദേഹം മുൻനിരയിലിരുന്ന നേതാക്കൾക്ക് ഓരോ പേപ്പർ കഷ്ണം എറിഞ്ഞുകൊടുത്തു. എന്റെ കയ്യിൽവന്ന പേപ്പർ കഷ്ണം ഞാൻ അതേപോലെ ചുരുട്ടിക്കൂട്ടി അദ്ദേഹത്തിന്റെ മുഖത്തേയ്ക്ക് തിരിച്ചെറിഞ്ഞു. അന്ന് അവിടെ ബഹളം വച്ചുകൊണ്ട് 'നിന്നെ കാണിച്ചുതരാമെടാ' എന്നുപറഞ്ഞ് ഇറങ്ങിപ്പോയ കക്ഷി എനിക്കെതിരെ വിജിലൻസിൽ പരാതി കൊടുത്തു.....(ബഹളം)...

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യം ഉന്നയിക്കൂ.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ആ സംഭവത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തി. ....(ബഹളം)... അങ്ങയുടെ വിജിലൻസാണ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയത്. ....(ബഹളം)...

<u>മി. സ്പീക്കർ</u>: ശ്രീ. അനൂപ് ജേക്കബ്, മൈക്ക് ഓഫാക്കേണ്ടി വരും. ചോദ്യം ചോദിക്കൂ. ....(ബഹളം)...

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വിജിലൻസ് അന്വേഷണം നടത്തി ഇതിൽ യാതൊരു കഴമ്പുമില്ല എന്ന് മനസ്സിലാക്കി എനിക്കെതിരെയുള്ള അന്വേഷണം അവസാനിപ്പിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ എന്തോ ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്ന എന്ന മട്ടിലല്ല ചോദ്യങ്ങൾ വന്നത്. ഇവിടെ ചോദ്യം തന്നെ ഉണ്ടായത് നിലവിലെ നിയമസഭാംഗങ്ങളിൽ ആർക്കെല്ലാമെതിരെ അഴിമതി കേസുകളും വഞ്ചനാ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്; കേസുകളുടെ അന്വേഷണ പുരോഗതി അറിയിക്കാമോ എന്നതാണ്. അതിൽ നിലവിലുള്ള ചില എം.എൽ.എ.-മാരുടെ പേര് ഞാൻ പറഞ്ഞു. അതിൽ മറ്റേതെങ്കിലും ഇല്ലാത്ത ഒരു കാര്യത്തിലേയ്ക്ക് പോയിട്ടില്ല. ഇപ്പോൾ അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്.

അതുപോലെ ഒരു ബാറുടമ ഉന്നയിച്ച ആരോപണം സംബന്ധിച്ചാണ് രണ്ടാമത്തെ ചോദ്യം. മൂന്നാമത്തെ ചോദ്യമായിവന്നത് നേരത്തെ വിശദീകരിച്ച ഒരു ഫ്ലാറ്റ് നിർമ്മാണത്തിൽ വിദേശ സഹായം സ്വീകരിച്ചു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കേസെടുത്ത് അന്വേഷണം നടത്തുമോ എന്നതാണ്. പിന്നെ തൃക്കാക്കര എം.എൽ.എ.-യുടെ ഒരു വിഷയത്തെ സംബന്ധിച്ചാണ് വേറൊരു ചോദ്യം വന്നത്. ഇതൊക്കെ സ്പെസിഫിക്കായ ചോദ്യങ്ങളാണ്. ഏതെങ്കിലും ഒരു പുകമറ സൃഷ്ടിക്കാനുള്ള ചോദ്യങ്ങളല്ല. അതിനുള്ള ഉത്തരമാണ് ഞാൻ പറഞ്ഞത്. മറ്റ് ചോദ്യങ്ങൾ പലതും ഇവിടെ വന്നിട്ടുണ്ട്. എന്റെ കയ്യിൽ വിവരങ്ങൾ ഇല്ലാത്തതുകൊണ്ട് അതിനെപ്പറ്റി ഇപ്പോൾ ഞാൻ മറുപടിയും പറഞ്ഞിട്ടില്ല. അതാണ് വസ്തുത.

ശ്രീ. ആർ. രാജേഷ്: സർ, ഈ അഴിമതി കേസുകളിലെ അന്വേഷണം ഒന്നാമത്തെ ചോദ്യമായി വരുന്നതിന് എന്തിനാണ് പ്രതിപക്ഷം ഇത്രയും അസ്വസ്ഥമാകുന്നത്? നാലേമുക്കാൽ വർഷം കഴിയുമ്പോൾ അഴിമതി കേസുകളിൽ മുങ്ങിക്കുളിച്ച് നിൽക്കുന്ന ഒരു പ്രതിപക്ഷമായി മാറിയിരിക്കുകയാണ്.

മി. സ്പീക്കർ: വളരെ വേഗം ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. ആർ. രാജേഷ്: സർ, വിവിധ ജനപ്രതിനിധികൾ ജയിലിലേയ്ക്ക് പോകുന്ന സ്ഥിതിയിലാണ്. അതിൽ രണ്ടുപേർ ജയിലിലേയ്ക്ക് പോയിക്കഴിഞ്ഞു. എനിക്ക് ബഹുമാന്യരായ മുഖ്യമന്ത്രിയോടും ആരോഗ്യ വകുപ്പുമന്ത്രിയോടും പറയാനുള്ളത് ജയിലുകളുടെ മുമ്പിൽ പ്രതിപക്ഷ എം.എൽ.എ.-മാർ തിരക്ക് കൂട്ടുമ്പോൾ സാമൂഹ്യ അകലം പാലിക്കാൻ ഒരു കർശന നിർദ്ദേശം കൊടുക്കണം എന്നുള്ളതാണ്.

മി. സ്പീക്കർ: ആ നിർദ്ദേശം പിന്നീട് കൊടുക്കാം. ഇപ്പോൾ അങ്ങ് ചോദ്യം ചോദിക്കൂ. ....(ബഹളം)...

ശ്രീ. ആർ. രാജേഷ്: സർ, കേരളത്തെ ഞെട്ടിച്ച ഏറ്റവും വലിയ അഴിമതിയാണ് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടന്നത്. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ നാടിന് അപമാനമായി മാറിയ ഒരു അഴിമതി കേസിന്റെ തുടർസ്ഥിതി എന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണമെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ നേരത്തെ പറഞ്ഞ അതേ മറുപടി തന്നെയാണ് എനിക്ക് പറയാനുള്ളത്. ഈ പറയുന്ന സംഭവത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല. അതുകൊണ്ട് ഇപ്പോൾ അതിനെക്കുറിച്ച് പറയാൻ സാധിക്കില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ഒന്നും എട്ടും ചോദ്യങ്ങൾക്ക് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പറ്റി ശ്രീ. ബിജു രമേശ് ഉന്നയിച്ച ആരോപണത്തിന്റെ അടിസ്ഥാനത്തിൽ

അന്വേഷണം നടത്തുന്നു എന്നാണ്. ശ്രീ. ബിജു രമേശ് തന്നെ ശ്രീ. ജോസ് കെ. മാണി കേസിൽനിന്നും പിന്മാറാൻ തനിക്ക് പത്ത് കോടി രൂപ വാഗ്ദാനം ചെയ്തു എന്നുപറഞ്ഞു. അതിനെപ്പറ്റി അന്വേഷിക്കാൻ അങ്ങ് തയ്യാറായിട്ടുണ്ടോ? അതോടൊപ്പം ടൈറ്റാനിയം കേസ് നിരവധി തവണ മാറ്റിവച്ചു എന്ന് ഇവിടെ ഒരു ബഹുമാനപ്പെട്ട അംഗം പറഞ്ഞു. എന്നാൽ യഥാർത്ഥത്തിൽ അങ്ങയുടെ ലാവലിൻ കേസ് അല്ലേ പത്തൊൻപത് തവണ മാറ്റിവച്ചത്? ഏത് കേസാണ് മാറ്റിവച്ചത് എന്ന് അങ്ങ് പറയണം. എന്നെപ്പറ്റി പരാമർശിച്ചതിൽ എനിക്ക് personal explanation തരാമെന്ന് പറഞ്ഞതുകൊണ്ട് ഈ അവസരത്തിൽ അതിനെപ്പറ്റി ഒന്നും പറയുന്നില്ല.

മി. സ്പീക്കർ: ചോദ്യം എന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, പത്ത് കോടി രൂപ വാഗ്ദാനം ചെയ്ത് കേസിൽ നിന്നും പിന്മാറാൻ പ്രേരിപ്പിച്ച ശ്രീ. ജോസ് കെ. മാണിയെപ്പറ്റി അന്വേഷണമുണ്ടോ? ലാവലിൻ കേസ് എത്ര പ്രാവശ്യം മാറ്റിവച്ചു?

ശ്രീ. പിണറായി വിജയൻ: സർ, യഥാർത്ഥത്തിൽ അദ്ദേഹം ലാവലിൻ കേസാണ് ഉദ്ദേശിക്കുന്നത്. അതുമായി കുറേ നടന്നില്ലേ. എന്തായി ഇപ്പോൾ? .... (ബഹളം)... അത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്നതാണ്. അവർ എപ്പോൾ എടുക്കുന്നു മാറ്റിവയ്ക്കുന്നു എന്നൊക്കെയുള്ള കാര്യം അവർ തീരുമാനിക്കുന്നതാണ്. അത് ഞാനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടേണ്ട ഒരു കാര്യമില്ലല്ലോ. കാരണം, കീഴ്ക്കോടതി കുറ്റവിമുക്തനാക്കി നിൽക്കുന്നയാളാണ് ഞാൻ. എന്റെ പേരിൽ സാധാരണഗതിയിൽ ഇപ്പോൾ ഒരു കേസുമില്ല. അതാണ് വസ്തുത. അതിൽ എനിക്ക് എന്താണ് പ്രശ്നം? ....(ബഹളം)...

ശ്രീ. കെ. ബാബു: സർ, ഈ സഭയിലിരിക്കേണ്ട മൂന്ന് എം.എൽ.എ.-മാരെ കാണുന്നില്ല. രണ്ടാളുകൾ അകത്താണെന്നാണ് അറിയാൻ കഴിഞ്ഞത്. അസുഖം ബാധിച്ച് ക്വാറന്റീനിലല്ല, ജയിലിലാണ് എന്നാണ് അറിയുന്നത്. മറ്റൊരാൾ ജയിലിലേയ്ക്ക് പോകാൻ കാത്തിരിക്കുകയാണ്. അര ഏക്കർ ഇഞ്ചികൃഷി നടത്തി പതിനായിരം സ്ക്വയർഫീറ്റ് വീട് വച്ച ആളാണെന്നാണ് അറിയാൻ കഴിഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്. ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. കെ. ബാബു: സർ, എന്റെ ചോദ്യമിതാണ്. പാലാരിവട്ടം പാലം പോലെ അഴിമതി നടത്തി കോടിക്കണക്കിന് രൂപ ഈ ഗവൺമെന്റിന്റെ ഖജനാവിന് നഷ്ടം വരുത്തിയ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരിൽനിന്നും ആ സമ്പത്ത് തിരിച്ചുപിടിക്കാൻ ആവശ്യമായ ഏതെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതുപോലുള്ള കേസുകളിൽ അതിന്മേലുള്ള കോടതി വിധി വന്നതിനുശേഷമാണ് മറ്റ് കാര്യങ്ങൾ ചെയ്യേണ്ടത്. നിലവിൽ ആ കേസ് വളരെ ഭംഗിയായി നടക്കുകയാണ്. അതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നല്ല രീതിയിൽ നടന്നിട്ടുണ്ട്. അതിന്റെ അവസാനഘട്ടത്തിൽ എന്തുവേണമെന്നുള്ളത് അപ്പോൾ തീരുമാനിക്കേണ്ടതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ പേരും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ചതുകൊണ്ട് എനിക്ക് അതുമായി ബന്ധപ്പെട്ട കുറച്ച് കാര്യങ്ങൾ പറയണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016 അവസാനമാണ് എന്റെ പേരിൽ ഒരു അനോണിമസ് പെറ്റീഷൻ കൊടുത്തത്.

മി. സ്പീക്കർ: Personal explanation നടത്താൻ വേറൊരു അവസരം നൽകാം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതുമായി ബന്ധപ്പെട്ട വിഷയമാണ്. ഡോ. ജേക്കബ് തോമസ് ഡി.ജി.പി.യായിരുന്നപ്പോൾ ഇപ്പോൾ നിലവിലുള്ള മന്ത്രിമാർ, ചീഫ് സെക്രട്ടറി, മുൻ ചീഫ് സെക്രട്ടറി എന്നിവർക്കെതിരെ കുറേ അനോണിമസ് പെറ്റീഷൻ വന്നിരുന്നു. അതിനിടയിൽ എന്റെ പേരും വന്നു. മന്ത്രിമാരുടെയും ചീഫ് സെക്രട്ടറിമാരായിരുന്ന കെ. എം. എബ്രഹാം, ടോം ജോസ് എന്നിവരുൾപ്പെടെ മറ്റുള്ളവരുടെ എല്ലാ കേസുകളും അവർ ക്ലോസ് ചെയ്തു. എനിക്കെതിരെ അനോണിമസായി വന്ന ഒരു പെറ്റീഷൻ വിജിലൻസ് മൂന്ന് പ്രാവശ്യം അന്വേഷിച്ചു. മൂന്ന് പ്രാവശ്യവും ഞാൻ അനധികൃതമായി സ്വത്ത് സമ്പാദിച്ചിട്ടില്ല എന്ന് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫയൽ പരിശോധിച്ചാൽ മനസ്സിലാകും. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വീണ്ടും തെരഞ്ഞെടുപ്പുകൾ വരുമ്പോൾ രാഷ്ട്രീയപ്രേരിതമായിട്ടുള്ള പ്രചരണം നടത്തുന്നതിനുവേണ്ടി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കഴിഞ്ഞ അഞ്ച് വർഷം ഞാൻ മന്ത്രിയായിരുന്നപ്പോൾ എനിക്കെതിരെ ഈ സഭയിൽ ഒരു ആരോപണവുമുണ്ടായിട്ടില്ല. അതുകഴിഞ്ഞ് തെരഞ്ഞെടുപ്പ് വന്നപ്പോൾ ശ്രീ. ബിജു രമേശ് എനിക്കെതിരെ സ്ഥാനാർത്ഥിയായി മത്സരിച്ചു. അന്ന് പറഞ്ഞു നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ എനിക്ക് 25 ലക്ഷം രൂപ തന്നുയെന്ന്. അങ്ങനെയുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ച് മൂന്ന് പ്രാവശ്യം വിജിലൻസ് ഒന്നുമില്ലെന്ന് കണ്ടെത്തിയിട്ടും വീണ്ടും എഫ്.ഐ.ആർ. എടുത്ത് അന്വേഷിക്കുന്നു എന്നുപറയുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്. അതിൽ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ.......(ബഹളം)...

മി. സ്പീക്കർ: അതൊന്നും പറയേണ്ട കാര്യമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അതുകൂടി എനിക്ക് പറയാനുണ്ട്. ഇവിടെ തിരുവനന്തപുരത്ത് എസ്.കെ. ആശുപത്രിയുണ്ട്. ...(ബഹളം)...

മി. സ്പീക്കർ: പ്ലീസ്.. അങ്ങ് ക്ലാരിഫൈ ചെയ്യേണ്ട കാര്യങ്ങൾ ചോദിക്കൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഒരു മിനിറ്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവിലേയ്ക്കായി പറയുകയാണ്. ....(ബഹളം)...

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിച്ച് അവസാനിപ്പിക്കൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, എസ്.കെ. ആശുപത്രി ഞാൻ വാങ്ങിയെന്ന് പറഞ്ഞുകൊണ്ട് പരാതി വന്നിരുന്നു. അത് അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തി. ....(ബഹളം)...

മി. സ്പീക്കർ: അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ സഭയിൽ പറയേണ്ട ആവശ്യമില്ല. ....(ബഹളം)...

ശ്രീ. വി. എസ്. ശിവകുമാർ: സർ, എസ്.കെ. അശുപത്രി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ...(ബഹളം)...

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ. അല്ലെങ്കിൽ അടുത്ത ആളിനെ വിളിക്കും. ...(ബഹളം)..

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഒരു മിനിറ്റ്കൂടി. അതുകഴിഞ്ഞ് രണ്ട് ദിവസത്തിനുമുൻപ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരു വാർത്ത വന്നു, മന്ത്രിയായിരുന്നപ്പോൾ എന്റെ ഭാര്യാപിതാവിന്റെ പേരിൽ ഞാൻ തമിഴ്നാട്ടിൽ വസ്തു വാങ്ങിയെന്ന്. എന്റെ ഭാര്യാപിതാവ് മരിച്ചിട്ട് 26 വർഷമായി. ...(ബഹളം)..

മി. സ്പീക്കർ: പ്ലീസ്.... വ്യക്തിപരമായ വിശദീകരണത്തിന് വേറെ സമയം അനുവദിക്കാം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ഒരു കാലഘട്ടത്തിലുമില്ലാത്ത രീതിയിൽ ഇവിടെ ഗവൺമെന്റ് പ്രതിപക്ഷത്തിരിക്കുന്ന നേതാക്കന്മാരുടെ പേരിൽ കള്ളക്കേസുകൾ എടുക്കുന്നത് ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിക്കുന്നതല്ലേ?

മി. സ്പീക്കർ: എന്താണ് അങ്ങയുടെ ചോദ്യം?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ നിരപരാധിയാണെന്ന് കണ്ടെത്തിയിട്ടും രണ്ടുപേരുടെ പേര് വച്ചുകൊണ്ട് അവരുടെ സ്വത്ത് അന്വേഷിക്കണം എന്നു പറയുന്നത്, നാളെ അപ്പുറത്തിരിക്കുന്നവർ മന്ത്രിമാരല്ലാതാകുമ്പോൾ ഒരാളിന്റെ പേരിൽ ഒരു കേസ് കൊടുത്ത് അദ്ദേഹം നിരപരാധിയാണെന്ന് തെളിഞ്ഞാൽ രണ്ടു പേരുടെ പേരുവച്ച് അതിനെക്കുറിച്ച് അന്വേഷിക്കണം എന്നുപറയുമ്പോൾ അത് ഹരാസ് ചെയ്യുന്നതിന് തുല്യമല്ലേ. ഇത് ഞാൻ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്.

മി. സ്പീക്കർ: ചോദ്യം എന്താണ്? ...(ബഹളം).. അദ്ദേഹത്തിന് പ്രത്യേകിച്ച് ചോദ്യമൊന്നുമില്ല എന്നുതോന്നുന്നു. ഓർഡർ...ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതിയ കാർഷിക നിയമങ്ങൾ

3 (*2)ശ്രീ. ബി. സത്യൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യാപാര കുത്തകകളുടെ താല്പര്യാർത്ഥം ഏകപക്ഷീയവും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധവുമായി രാജ്യത്തെ പകുതിയോളംപേരുടെ ജീവനോപാധിയായ കാർഷിക മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന കാർഷിക നിയമങ്ങളെയും അവശ്യവസ്തു നിയമ ഭേദഗതിയെയുംകുറിച്ച് സംസ്ഥാന സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത നിയമങ്ങൾ പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ നിയമങ്ങൾ റദ്ദാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. 2020 ഡിസംബർ 31-ാം തീയതി പ്രസ്തുത നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നീതിയുക്തമായ ആവശ്യം ഉയർത്തിയുള്ള കർഷക പ്രക്ഷോഭത്തെ ദുർബലപ്പെടുത്താൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നെന്നും അടിക്കടി കർഷക വിരുദ്ധ നടപടികൾ കൈക്കൊള്ളുന്നുവെന്നും ആക്ഷേപിക്കപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ കർഷകരുൾപ്പെടെയുള്ള പാവപ്പെട്ടവരെ കേന്ദ്ര സർക്കാരിന്റെ നയങ്ങളും മഹാമാരിയും ഏല്പിച്ച ആഘാതത്തിൽനിന്നും കരകയറ്റാൻ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെയും രണ്ട് നൂറുദിന കർമ്മ പരിപാടികളുടെയും അടിസ്ഥാന കാഴ്ചപ്പാട് വിശദമാക്കാമോ?

സംസ്ഥാനത്തെ കർഷകർക്ക് പൊതുവായ ക്ഷേമത്തിനും പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുമായി 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് കേരള നിയമസഭ പാസ്സാക്കുകയും 2020 നവംബറിൽ കേരള കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ബോർഡിൽ അംഗമായ കർഷകർക്ക് അംശദായം അടച്ചതിനാനുപാതികമായി പെൻഷൻ, ഗ്രാറ്റുവിറ്റി, പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാസഹായം, അപകട നഷ്ടപരിഹാരം തുടങ്ങിയ ആനുകൂല്യം നൽകുന്നതിന് ക്ഷേമനിധി പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുണ്ട്.

ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ ജീവിത സായാഹ്നത്തിൽ ഒരു കൈത്താങ്ങ് എന്ന നിലയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ ഡിസംബർ 2020 വരെ 247639 ഗുണഭോക്താക്കൾക്കായി 415.998 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രതിമാസം 1,400 രൂപ നിരക്കിൽ നൽകിവന്നിരുന്ന പെൻഷൻ 2021 ജനുവരി മാസംമുതൽ പ്രതിമാസം 1,500 രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകർക്കും വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തിയവർക്കും വേണ്ടി പ്രഖ്യാപിച്ച "സുഭിക്ഷ കേരളം പദ്ധതി" ഒരു പരിധി വരെ കാർഷിക മേഖലയിലെ നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് സഹായകരമാണ്. 19555 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കുകയും 15700 തൊഴിൽദിനങ്ങൾ ഇക്കാലയളവിൽ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നൂറുദിന കർമ്മ പദ്ധതി 2020 ആഗസ്റ്റ് 30-ന് പ്രഖ്യാപിക്കുകയുണ്ടായി. സാമ്പത്തിക-സാമൂഹ്യ മേഖലയിൽ പുത്തനുണർവ് ലക്ഷ്യമിട്ട് തയ്യാറാക്കിയ കർമ്മപദ്ധതിയിൽ ഒന്നാംഘട്ടത്തിൽ നൂറ് ശതമാനം ലക്ഷ്യം കൈവരിച്ചിട്ടുമുണ്ട്.

മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി, ജീവാണു ജൈവവള ഗുണ നിയന്ത്രണ ശാല, കാർഷിക യന്ത്രവൽക്കരണം, കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം, പച്ചക്കറിയുടെ തറ വില പ്രഖ്യാപനം, തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുകവഴി കൃഷി മേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടാക്കാൻ കഴിഞ്ഞു. കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പ്രിംഗ്ലർ കമ്പനിയുമായി ഉണ്ടാക്കിയ കരാർ

4 (*3) ശ്രീ. കെ. എം. ഷാജി:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പ്രിംഗ്ലർ കമ്പനിയുമായി ഉണ്ടാക്കിയ കരാർ സംബന്ധിച്ച് പരിശോധന നടത്താൻ നിയോഗിച്ച മാധവൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഈ വിഷയത്തിൽ വീണ്ടും അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ?

ഈ വിഷയത്തെ സംബന്ധിച്ച് വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്.

(സി) ഒരു വിദേശ കമ്പനിയുമായി കരാർ ഉണ്ടാക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി മാധവൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

മാധവൻ നമ്പ്യാർ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഉൾപ്പെടെ എല്ലാ വസ്തുതകളും നിയമ/സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന സമിതി പരിശോധിച്ചു വരികയാണ്.

## സ്പ്രിംഗ്ലർ കമ്പനിയുമായുള്ള കരാർ

5 (*4) ശ്രീ. എം. വിൻസെന്റ്:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സ്പ്രിംഗ്ലർ എന്ന അമേരിക്കൻ കമ്പനിയുമായി ഡേറ്റ അനാലിസിസിനായി കരാറിൽ ഒപ്പുവച്ചിരുന്നോ?

സൗജന്യമായി വാഗ്ദാനംചെയ്ത പ്രസ്തുത സേവനത്തിന്റെ ലഭ്യതയ്ക്കാവശ്യമായ നിയമപരമായ പർച്ചേസ് ഓർഡർ കമ്പനിയുമായി ഐ.ടി വകുപ്പ് ഒപ്പുവച്ചിരുന്നു.

(ബി) പ്രസ്തുത കരാറിൽ ഒപ്പിടുന്നതിനുമുമ്പുതന്നെ കോവിഡ്-19-മായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ ഉള്ളവരുടെയും രോഗികളുടെയും പേരുവിവരങ്ങളും ആരോഗ്യ വിവരങ്ങളും പ്രസ്തുത കമ്പനിക്ക് കൈമാറിയിട്ടുണ്ടോ?

25-3-2020 മുതൽ ശേഖരിച്ച വിവരസഞ്ചയത്തിന്റെ സുരക്ഷിതത്വം ഒപ്പ് വയ്ക്കപ്പെട്ട പർച്ചേസ് ഓർഡറിലെ വ്യവസ്ഥകൾക്ക് വിധേയമാണ്.

(സി) കൈമാറുന്ന ഡാറ്റാ സംബന്ധിച്ച നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ് പ്രസ്തുത കമ്പനിയുമായി ഒപ്പുവച്ചത് എന്നാണ്; പ്രതിപക്ഷ നേതാവ് ഇതുസംബന്ധിച്ച് ആക്ഷേപം പുറത്തുകൊണ്ടുവന്നതിനുശേഷമാണോ ഈ എഗ്രിമെന്റ് ഒപ്പുവച്ചതെന്ന് വെളിപ്പെടുത്തുമോ;

&

(ഡി) കൈമാറുന്ന ഡാറ്റാ ഇന്ത്യയിലെ സെർവറുകളിൽ സൂക്ഷിക്കുമെന്നത് സംബന്ധിച്ച് രേഖാമൂലമുള്ള ഉറപ്പ് കമ്പനിയിൽനിന്നും വാങ്ങിയത് ഇതുസംബന്ധിച്ച ആക്ഷേപം വന്നതിന് ശേഷമായിരുന്നോ?

(സി&ഡി) ഡാറ്റാ കൈമാറ്റവുമായി ബന്ധപ്പെട്ട നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ് 25-3-2020 മുതൽ പ്രാബല്യമുള്ള പർച്ചേസ് ഓർഡറിന്റെ ഭാഗമാണ്.

(ഇ) സംസ്ഥാനത്തെ സി-ഡിറ്റ് പോലുള്ള സ്ഥാപനങ്ങൾക്ക് ഇത്തരം ഡാറ്റ കൈകാര്യം ചെയ്യുന്നതിന് പരിചയമുള്ളപ്പോൾ അവർക്ക് ചുമതല നൽകാതെ ഒരു അമേരിക്കൻ കമ്പനിക്ക് ഈ കരാർ നൽകിയത് ഏതൊക്കെ തലത്തിലെ ആലോചനയ്ക്ക് ശേഷമാണെന്ന് അറിയിക്കാമോ?

കോവിഡ് രോഗവ്യാപനം രൂക്ഷമാകുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉൾപ്പെടെ ശാസ്ത്രീയ പഠനങ്ങളിലെ മുന്നറിയിപ്പിനെത്തുടർന്ന് കോവിഡിനെ നേരിടാനാവശ്യമായ വിവരശേഖരണത്തിനും വിവര വിശകലനത്തിനും നടപടികളുടെ നിർവ്വഹണത്തിനും ലഭ്യമാക്കാനാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടത് അന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരുന്നു. വലിയ അളവിലുള്ള ഈ വിവരങ്ങളുടെ വിശകലനത്തിനും പലയിടത്തു നിന്നായി നിശ്ചിത ഫോർമാറ്റുകളിലൊന്നുമല്ലാതെ വരുന്ന വിവരങ്ങളിൽനിന്ന് ആവശ്യമുള്ളവ കണ്ടെത്തുന്നതിനും മികച്ച ഐ.ടി. ടൂളുകളും സംവിധാനവും ആവശ്യമായിരുന്നു. ഇത്തരം സേവനം സൗജന്യമായി ലഭ്യമാക്കാൻ വാഗ്ദാനം ചെയ്ത, ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള, കമ്പനിയുമായാണ് പർച്ചേസ് ഓർഡറിൽ ഏർപ്പെട്ടത്.

(എഫ്) സംസ്ഥാനത്ത് കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന് സ്പ്രിംഗ്ലർ കമ്പനിയുടെ സോഫ്റ്റ്‌വെയർ എപ്രകാരം സഹായകമായെന്ന് വെളിപ്പെടുത്തുമോ?

കോവിഡിനെ നേരിടാനാവശ്യമായ വിവരശേഖരണത്തിനും വിവര വിശകലനത്തിനും നടപടികളുടെ നിർവ്വഹണത്തിനും ലഭ്യമാക്കാനാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടത് അനിവാര്യമായിത്തീർന്ന സാഹചര്യത്തിൽ വളരെ വലിയ വിവര ശേഖരങ്ങളുടെയും പല മാർഗ്ഗങ്ങളിലൂടെയായി പല രൂപത്തിലെത്തുന്ന വിവരങ്ങളുടെയും (അൺസ്ട്രക്ചേർഡ് ഡാറ്റാ) വേഗത്തിലുള്ള വിശകലനത്തിനായാണ് സ്പ്രിംഗ്ലർ എന്ന കമ്പനിയുമായി ഐ.ടി. വകുപ്പ് പർച്ചേസ് ഓർഡർ ഒപ്പിട്ടത്. തുടർന്നുകിട്ടിയ ഡാറ്റകൾ സ്ട്രക്ചേർഡ് ഫോർമാറ്റിൽ ആയതിനാൽ സ്പ്രിംഗ്ലറിന്റെ സേവനം ആവശ്യമായി വന്നില്ല. ആയതിനാൽ, പ്രസ്തുത കമ്പനിയുടെ സേവനം 6 മാസ കാലാവധി അവസാനിച്ച 25-9-2020 മുതൽ തുടരേണ്ടതില്ലെന്നും തീരുമാനിച്ചു.

**അഖിലേന്ത്യാ സർവീസ് കൺഫർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ**

6 (*5) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭരണ സർവീസ് നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാന ജീവനക്കാർക്ക് അഖിലേന്ത്യാ സർവീസ് കൺഫർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

&

(ബി) ഇല്ലെങ്കിൽ കാലോചിതമായി മാറ്റംവരുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാന സർവ്വീസ് ജീവനക്കാരിൽനിന്ന് ഐ.എ.എസ്.-ലേയ്ക്കുള്ള നിയമനത്തിന് പരിഗണിക്കുന്നത് സ്ഥാനക്കയറ്റത്തിലൂടെയും സെലക്ഷനിലൂടെയുമാണ്. ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷം സർവ്വീസ് പൂർത്തിയാക്കിയ ഉദ്യോഗസ്ഥരെ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽ കേന്ദ്ര സർക്കാരിന്റെ Indian Administrative Service (Appointment by Promotion) Regulations, 1955-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഐ.എ.എസ്.-ലേയ്ക്ക് സ്ഥാനക്കയറ്റം മുഖാന്തരം നിയമനം നൽകുന്നതിന് പരിഗണിച്ചുവരുന്നു. ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഉൾപ്പെടാത്തതും എന്നാൽ ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് തത്തുല്യമായ തസ്തികയിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയതുമായ മറ്റ് ഉദ്യോഗസ്ഥരെ നോൺ സ്റ്റേറ്റ്

സിവിൽ സർവ്വീസ് വിഭാഗത്തിൽ കേന്ദ്ര സർക്കാരിന്റെ Indian Administrative Service (Appointment by Selection) Regulations, 1997-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഐ.എ.എസ്.-ലേയ്ക്ക് സെലക്ഷൻ മുഖാന്തരം നിയമനത്തിന് പരിഗണിച്ചുവരുന്നു. 1963-ലെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് ഭാഗികമായി മറികടന്നും ഭേദഗതി ചെയ്തുമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. കെ.എ.എസ്. വിശേഷാൽ ചട്ടങ്ങൾ പ്രകാരം സംസ്ഥാന സിവിൽ സർവ്വീസിൽനിന്നും കേരള കേഡറിലുള്ള ഐ.എ.എസ്. ഓഫീസർമാരുടെ പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനായുള്ള ഫീഡർ കാറ്റഗറി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആയിരിക്കും. അതേസമയം, വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് ബാധകമായ ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. സ്ഥാനക്കയറ്റത്തിന് മുൻഗണന ഉണ്ടായിരിക്കും. കൂടാതെ, കെ.എ.എസ്.-ലേയ്ക്ക് നിയമിതരാകുന്ന ഉദ്യോഗസ്ഥർ രണ്ടാം ഗസറ്റഡ് തസ്തികയിൽ പൂർത്തീകരിച്ച സേവന കാലയളവ് ഐ.എ.എസ്.-ലേയ്ക്കുള്ള നിയമനത്തിനായി വിഭാവന ചെയ്തിട്ടുള്ള യോഗ്യതാകാലത്തിന് പരിഗണിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കോവിഡ് ചികിത്സാ സംവിധാനങ്ങൾ

7 (*6) <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. സജി ചെറിയാൻ:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം തടയാൻ ആദ്യഘട്ടത്തിൽ സമ്പൂർണ്ണ വിജയം കൈവരിച്ച സർക്കാർ പിന്നീട് ചില കോണുകളിൽനിന്നുണ്ടായ ദുരുപദിഷ്ട നീക്കത്തിന്റെ ഫലമായി രോഗവ്യാപനം ഏറിയപ്പോഴും മരണനിരക്ക് പരിമിതപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങളും അതിന്റെ ഫലവും വിശദമാക്കാമോ; രോഗപ്രതിരോധത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് ആദ്യമായി കോവിഡ് കേസ് റിപ്പോർട്ട് ചെയ്ത 2020 ജനുവരി 30 മുതൽ നാളിതുവരെ കോവിഡ് രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഓരോ ലോക്ഡൗൺ ഇളവുകൾക്കും മുന്നോടിയായി വിവിധ തലങ്ങളിൽ കോവിഡ് രോഗപ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും കോവിഡ് മാനദണ്ഡങ്ങൾ തെറ്റിക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചും വ്യാജ വാർത്തകൾക്കെതിരെ കർശന നടപടികൾ

സ്വീകരിച്ചുമുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൃത്യമായ പരിശീലന പരിപാടികളിലൂടെയും ബ്രേക്ക് ദ ചെയിൻ ക്യാമ്പെയിൻ, ദൃശ്യ-ശ്രാവ്യ-സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ രോഗവ്യാപന വേഗത കുറയ്ക്കുന്നതിനും തത്സമയം സർക്കാർ-സ്വകാര്യ ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാധിക്കുകയും ആയതിന്റെ ഫലമായി മരണനിരക്ക് കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. രോഗവ്യാപനത്തിന്റെ ഒരു ഘട്ടത്തിലും മരണനിരക്കിൽ വർദ്ധനവുണ്ടായിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൃത്യമായ പരിപാടികൾ സർക്കാർ തലത്തിൽ ആസൂത്രണം ചെയ്യുകയും അവ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. വിദേശത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്നവർക്ക് നിരീക്ഷണത്തിൽ കഴിയാൻ നിരീക്ഷണ കേന്ദ്രങ്ങൾ സജ്ജീകരിച്ചു. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു. ദീർഘകാല രോഗികൾക്ക് ചികിത്സ മുടങ്ങാതിരിക്കുന്നതിന് പ്രത്യേക പാക്കേജുകൾ തയ്യാറാക്കി. പകർച്ചവ്യാധി പ്രതിരോധ നിയമം ശക്തിപ്പെടുത്തുകയും അതിർത്തികളിലെ നിരീക്ഷണം ശക്തമാക്കുകയും ചെയ്തു. പൊതുജനങ്ങളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനു വേണ്ടി "ഒറ്റയ്ക്കല്ല ഒപ്പമുണ്ട്" എന്ന പരിപാടി നടപ്പിലാക്കുകയും എല്ലാ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു. ഇത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും പരിശോധിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി എല്ലാ ജില്ലാ കൺട്രോൾ റൂമുകളിലും ഏകജാലക കമ്മ്യൂണിക്കേഷൻ ചാനൽ സ്ഥാപിച്ചു. എല്ലാ ജില്ലകളിലും സംസ്ഥാന തലത്തിലും 24X7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ രൂപീകരിക്കുകയും അവയിലൂടെ ജനങ്ങൾക്ക് അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ആശങ്ക അകറ്റുന്നതിനും സാധിച്ചു. രോഗികളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് അവരുടെ ചികിത്സയ്ക്കായി, രോഗ തീവ്രതയനുസരിച്ച് പല തലങ്ങളിലുള്ള ചികിത്സാ സൗകര്യങ്ങളായ CFLTC, CSLTC, കോവിഡ് ആശുപത്രികൾ തുടങ്ങിയവ സജ്ജമാക്കി. ഇത്തരം പ്രവർത്തനങ്ങളോടൊപ്പംതന്നെ ആരോഗ്യ വകുപ്പിന്റെ മറ്റെല്ലാ പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് വ്യാപനകാലത്ത് പൊതുജനങ്ങൾക്ക് ആശുപത്രികളിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് സർക്കാർ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി ആരംഭിക്കുകയും അതിലൂടെ പതിവ് ഒ.പി.-കളോടൊപ്പം സ്പെഷ്യാലിറ്റി സേവനങ്ങളും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കോവിഡ് രോഗികൾക്ക് രോഗതുടർച്ചയായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും വേണ്ട ചികിത്സാനിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വാർഡ്തലം മുതൽ ഓരോ വാർഡിലും പ്രത്യേക ആർ.ആർ.ടി. രൂപീകരിച്ച്

തെരഞ്ഞെടുക്കപ്പെട്ട വാർഡ് മെമ്പർമാരുടെയും പൊതുജനങ്ങളുടെയും സമ്പൂർണ്ണ സഹകരണത്തോടും സഹായത്തോടുംകൂടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ സ്ക്രീനിംഗ് പരിപാടി നടത്തുകയും സംശയിക്കുന്ന യാത്രക്കാരെ നേരിട്ട് ഐസൊലേഷൻ സെന്ററിലേയ്ക്ക് മാറ്റുകയും ചെയ്തു.

(ബി) കോവിഡ് പരിശോധനയ്ക്കും രോഗികളുടെ ചികിത്സയ്ക്കും സർക്കാർ ഏർപ്പെടുത്തിയ സൗകര്യങ്ങളും സജ്ജീകരണങ്ങളും പുതുതായി നിയമിച്ച ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ വിശദമാക്കാമോ; ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്ക് പ്രത്യേക കരുതൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് ആകെ 12 സർക്കാർ സ്ഥാപനങ്ങളിലും 17 സ്വകാര്യ സ്ഥാപനങ്ങളിലും CBNAAT പരിശോധനയും 24 സർക്കാർ സ്ഥാപനങ്ങളിലും 48 സ്വകാര്യ സ്ഥാപനങ്ങളിലുമായി RTPCR പരിശോധനയും 29 സർക്കാർ സ്ഥാപനങ്ങളിലും 46 സ്വകാര്യ സ്ഥാപനങ്ങളിലുമായി TrueNat പരിശോധനയും 1365 സർക്കാർ സ്ഥാപനങ്ങളിലും 665 സ്വകാര്യ സ്ഥാപനങ്ങളിലായി ആന്റിജൻ പരിശോധനയും 17 സ്വകാര്യ സ്ഥാപനങ്ങളിലായി XPERT പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ 157 ഇടങ്ങളിൽ സർക്കാർ സ്റ്റെപ് കിയോസ്കുകളും 72 ഇടങ്ങളിൽ സ്വകാര്യ സ്റ്റെപ് കിയോസ്കുകളും പ്രവർത്തിക്കുന്നു (ആകെ 229). യു.കെ.-യിൽ SARS Cov-2 Variant Strain കണ്ടെത്തിയതിനെത്തുടർന്ന് നവംബർ 23-നുശേഷം കേരളത്തിൽ എത്തിയിട്ടുള്ള എല്ലാവരെയും പ്രത്യേകമായി കണ്ടെത്തി RTPCR പരിശോധന നടത്താനും RTPCR പോസിറ്റീവ് ആകുന്നവരുടെ സാമ്പിളുകൾ NIV പൂനെയിൽ അയച്ച് ഹോൾജീനോമിക് സീക്വൻസിംഗ് (WGC) നടത്താനും അവരെ പ്രത്യേകം നിരീക്ഷിച്ച് ആവശ്യമായ ചികിത്സയും ക്വാറന്റൈനും ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി 968 ഡോക്ടർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതും പ്രസ്തുത ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ വിരമിച്ച ജീവനക്കാരെ ആവശ്യകത അനുസരിച്ച് തുടർനിയമനം നൽകി അഡ്ഹോക് വ്യവസ്ഥയിൽ നിയമിക്കുകയും അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോവിഡ് ബ്രിഗേഡിനുവേണ്ടി ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ വിഭാഗത്തിൽപ്പെട്ടവർ എന്നിവരെ വോളന്ററി സർവ്വീസ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. കൊറോണ പൊട്ടിപ്പുറപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ നിർദ്ദിഷ്ട കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പൂർത്തിയാക്കിയ അക്കാദമിക് ബ്ലോക്കിലെ സംവിധാനങ്ങൾ കൊറോണ രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും ചികിത്സിക്കുന്നതിനുമായി വിനിയോഗിക്കുകയും അതിന്റെ ഭാഗമായി ഡോക്ടർമാരുടെ 91 തസ്തികകളും

അനദ്ധ്യാപക ജീവനക്കാരുടെ 182 തസ്തികകളും ഉൾപ്പെടെ 273 തസ്തികകൾ സൃഷ്ടിച്ചും ആവശ്യമായ ജീവനക്കാരെ നിയമിച്ചു. കൊറോണ രോഗികളെ കിടത്തിച്ചികിത്സ നടത്തിവരുന്നു. കാസർഗോഡ് ജില്ലയിൽ ടാറ്റാ ഗ്രൂപ്പ് നിർമ്മിച്ച് സൗജന്യമായി സർക്കാരിന് കൈമാറിയ ആശുപത്രിയുടെ പ്രവർത്തനത്തിന് 191 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. സൂപ്രണ്ട് | - | 1 |
| 2. ആർ.എം.ഒ. | - | 1 |
| 3. ജൂനിയർ കൺസൾട്ടന്റ് | - | 16 |
| 4. സി.എം.ഒ. | - | 6 |
| 5. അസിസ്റ്റന്റ് സർജൻ | - | 16 |
| 6. നഴ്സിംഗ് സൂപ്രണ്ട് | - | 2 |
| 7. ഹെഡ് നഴ്സ് | - | 6 |
| 8. സ്റ്റാഫ് നഴ്സ് ഗ്രേഡ് I & II | - | 60 |
| 9. ലാബ് ടെക്നീഷ്യൻ | - | 4 |
| 10. സ്റ്റോർ സൂപ്രണ്ട് | - | 1 |
| 11. പി.എസ്.കെ. | - | 1 |
| 12. ഫാർമസിസ്റ്റ് | - | 4 |
| 13. റേഡിയോഗ്രാഫർ | - | 2 |
| 14. ഇ.സി.ജി. ടെക്നീഷ്യൻ | - | 2 |
| 15. നഴ്സിംഗ് അസിസ്റ്റന്റ് | - | 25 |
| 16. ഹോസ്പിറ്റൽ അറ്റൻഡർ | - | 30 |
| 17. പാർട്ട് ടൈം സ്വീപ്പർ | - | 3 |
| 18. മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ | - | 1 |
| 19. പ്ലംബർ | - | 1 |
| 20. ഇലക്ട്രീഷ്യൻ | - | 1 |

| | | |
|---|---|---|
| 21. ഡ്രൈവർ | - | 2 |
| 22. ജൂനിയർ സൂപ്രണ്ട് | - | 1 |
| 23. സീനിയർ ക്ലാർക്ക് | - | 2 |
| 24. ക്ലാർക്ക് | - | 2 |
| 25. ഓഫീസ് അറ്റൻഡന്റ് | - | 1 |

കൂടാതെ കരാർ അടിസ്ഥാനത്തിൽ കോവിഡ് ബ്രിഗേഡിന്റെ ഭാഗമായി ദേശീയ ആരോഗ്യ മിഷൻ നിയമിച്ച ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

എല്ലാ ആരോഗ്യ പ്രവർത്തകർക്കും കോവിഡ് രോഗ പ്രതിരോധ നിയന്ത്രണത്തിനോടനുബന്ധിച്ച പരിശീലന പരിപാടികൾ നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് രോഗികളെ പരിചരിക്കുന്നവർക്ക് സ്വയരക്ഷാ മാനദണ്ഡപ്രകാരമുള്ള പി.പി.ഇ. കിറ്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രികളിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ഉറപ്പുവരുത്തുകയും റൊട്ടേഷൻ വ്യവസ്ഥയിൽ ജോലി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രത്യേക താമസസൗകര്യവും, സൗജന്യ ഭക്ഷണവും ഇവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഓരോ റൊട്ടേഷൻ ഡ്യൂട്ടി കഴിയുമ്പോഴും കോവിഡ് പരിശോധന നടത്തുകയും പോസിറ്റീവ് ആയവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോവിഡുമൂലം മരണപ്പെടുന്ന ജീവനക്കാർക്ക് 50 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് തുക ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(സി) രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽനിന്ന് വ്യത്യസ്തമായി ചികിത്സയും പരിശോധനയും സംസ്ഥാനത്ത് സൗജന്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിലും കോവിഡ് പരിശോധനയും ചികിത്സയും സൗജന്യമായി ലഭ്യമാണ്. സ്വകാര്യ ലാബുകളിലും സ്റ്റെപ് കിയോസ്കുകളിലും സർക്കാർ നിശ്ചയിച്ച കോവിഡ് പരിശോധനാനിരക്കുകൾ പ്രാബല്യത്തിൽ വരുത്തുകയും ഈ നിരക്കുകൾ യഥാസമയം റിവ്യൂ ചെയ്ത് കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

## കോവിഡ് കാലത്ത് ഭക്ഷ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം

8 (*7) ശ്രീ യു. ആർ. പ്രദീപ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. എം. മുകേഷ്:
ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരാളും പട്ടിണികിടക്കരുതെന്ന പ്രഖ്യാപിത ലക്ഷ്യം നേടാൻ കോവിഡ് ദുരിതകാലത്ത് ഭക്ഷ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

കോവിഡ്-19-മായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തലത്തിൽ കോവിഡ്-19 സെൽ, ജില്ലാ തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് പൊതുവിപണിയിൽ ഗണ്യമായ പരിശോധനകൾ നടത്തുകയും അതുവഴി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാനും സാധിച്ചു. 2020 ഏപ്രിൽ മാസം, AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NP(S), NP(NS) വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. അതോടൊപ്പം തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുകയും കോവിഡ്-19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് അവശ്യ സാധനങ്ങൾ അടങ്ങിയ അതിജീവനകിറ്റ് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സ്കീം വ്യത്യാസമില്ലാതെ സൗജന്യമായി വിതരണവും നടത്തി. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ PMGKAY പ്രകാരം മുൻഗണനാ കാർഡുടമകൾക്കും ആത്മ നിർഭർ ഭാരത് പ്രകാരം അതിഥി തൊഴിലാളികൾക്കും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സാധിച്ചു. ലോക്ഡൗൺ കാലത്ത് അവശ്യ സാധനങ്ങൾ തടസ്സംകൂടാതെ എത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ഏർപ്പെടുത്തിയിരുന്നു. 2020 സെപ്റ്റംബർ മുതൽ ഡിസംബർ മാസം വരെ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അവശ്യ സാധനങ്ങൾ അടങ്ങിയ സ്പെഷ്യൽ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം

സർക്കാർ അംഗീകൃതവും അല്ലാത്തതുമായ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 4 അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൺ മുഖേന പാചകം ചെയ്ത ഭക്ഷ്യ സാധനങ്ങൾ നല്കുകയും ഇവയ്ക്ക് അരി ഭക്ഷ്യ വകുപ്പ് നൽകുകയുമുണ്ടായി. റേഷൻ സാധനങ്ങളുടെ വിതരണം തടസ്സപ്പെടാത്ത രീതിയിൽ എല്ലാ റേഷൻ ഡിപ്പോകളും കോവിഡ്-19 മാനദണ്ഡങ്ങൾ പ്രകാരം തുറന്നുപ്രവർത്തിക്കുകയും സംസ്ഥാനത്തെ എല്ലാ സപ്ലൈ ആഫീസുകളും NFSA ഗോഡൗണുകളും അവധി ദിവസങ്ങൾ ഉൾപ്പെടെ തുറന്ന് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അടച്ചുപൂട്ടൽകാലത്ത് 11 സംസ്ഥാനങ്ങളിലെ 45 ശതമാനം ആളുകൾ കടം വാങ്ങി ഭക്ഷണം കഴിക്കാൻവഴി കണ്ടെത്തേണ്ടിവന്ന സ്ഥിതി സംസ്ഥാനത്തുണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ ഇടപെടൽ നടത്തിയപ്പോൾ സംസ്ഥാനത്തെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ സൗജന്യ റേഷൻ വിതരണം തടയാൻ ശ്രമം നടത്തിയിരുന്നോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ ഒരാൾക്കും നഷ്ടപ്പെടാതിരിക്കാൻ റേഷൻ കാർഡില്ലാത്തവർക്ക് അത് അടിയന്തരമായി നൽകാൻ വേണ്ട നടപടിയെടുത്തിരുന്നോ?

റേഷൻ കാർഡില്ലാത്തതിനാൽ കോവിഡ്-19-ന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ അർഹരായ പല കുടുംബങ്ങൾക്കും ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടതിനാൽ അടിയന്തരമായി ടി കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ മുഖേനയും അല്ലാതെയും എല്ലാവർക്കും സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ എത്തിക്കാൻ നടപടി സ്വീകരിച്ചു.

(ഡി) റേഷൻ കടകളിലൂടെയും സപ്ലൈകോവഴിയും വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

ഓരോ മാസവും വിതരണത്തിനുമുൻപ് അതാത് മാസം എഫ്.സി.ഐ.-യിൽ നിന്നും അലോട്ടുചെയ്യുന്ന സ്റ്റോക്ക്, എഫ്.സി.ഐ. അധികാരികളുടെ സാന്നിധ്യത്തിൽ ജില്ലാ സപ്ലൈ ആഫീസർ ചുമതലപ്പെടുത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ, പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐ.-യിലെയും സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിനുശേഷമാണ്

എഫ്.സി.ഐ.-യിൽനിന്നും സി.എം.ആർ. മില്ലുകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻകടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേൻമ ബോധ്യപ്പെടേണ്ട ഉത്തരവാദിത്വം എ.ആർ.ഡി.-കൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്നപക്ഷം ഗോഡൗണുകളുമായി ബന്ധപ്പെട്ട് മാറ്റിനൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാസംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

## കേന്ദ്ര അന്വേഷണ ഏജൻസികളുടെ കടന്നുകയറ്റം

9 (*9) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനിർവ്വഹണ മേന്മയിൽ രാജ്യത്ത് ഒന്നാമതെത്തിയ കേരള സർക്കാരിനെ തടയുന്നതിനും അട്ടിമറിക്കുന്നതിനും ആസൂത്രിതശ്രമങ്ങൾ നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) അന്വേഷണത്തിൽ സ്വീകരിക്കേണ്ട പ്രൊഫഷണൽ മാനദണ്ഡങ്ങളും സമീപനവും മറന്നുകൊണ്ട് കേന്ദ്ര അന്വേഷണ ഏജൻസികൾ കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ ചട്ടുകങ്ങളായി മാറുന്നതായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര അന്വേഷണ ഏജൻസികൾ സർക്കാരിന്റെ ഭരണ നിർവ്വഹണത്തിലേക്ക് കടന്നുകയറുന്നുണ്ടോ; വ്യക്തമാക്കുമോ;

&

(ഡി) സംസ്ഥാന സർക്കാരിന്റെ നയങ്ങളും അവയുടെ നടത്തിപ്പും പരിശോധിക്കുന്നതിന് കേന്ദ്ര ഏജൻസികൾക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ?

ദേശീയതലത്തിൽത്തന്നെ ഭരണനിർവ്വഹണ മേഖല, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ, പാർപ്പിടം തുടങ്ങി മാനവ വികസന സൂചികകളിൽ സംസ്ഥാനം അസൂയാവഹമായ പുരോഗതി ഈ കഴിഞ്ഞ നാല് വർഷക്കാലത്തിനുള്ളിൽ കൈവരിച്ചത് ദേശീയ അന്തർ ദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കുകയുണ്ടായി. വിവിധ മേഖലകളിലെ ഈ വികസനക്കുതിപ്പ് സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനം ആണെന്നത് ജനങ്ങൾ അംഗീകരിച്ച കാര്യമാണ്. വികസന നയങ്ങൾ വിജയകരമായി നടപ്പാക്കിവരുന്ന സർക്കാരിനെതിരെ ആസൂത്രിതമായ കുപ്രചരണങ്ങളാണ് നടക്കുന്നത്.

തിരുവനന്തപുരം വിമാനത്താവളം കേന്ദ്രമാക്കി നടന്ന സ്വർണ്ണക്കടത്തിന്റെ അന്താരാഷ്ട്രമാനം കണക്കിലെടുത്ത് സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് മുഖ്യമന്ത്രി കത്തയയ്ക്കുകയും അന്വേഷണം വിവിധ ഏജൻസികൾ ഏറ്റെടുക്കുകയും സർക്കാർ ഇതിനായി എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുകയുമുണ്ടായി. എന്നാൽ അന്വേഷണം പുരോഗമിക്കവേ, കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണ രീതി സർക്കാരിന്റെ ഭരണനിർവ്വഹണംതന്നെ തടസ്സപ്പെടുത്തുന്നതായി വ്യാപകമായ പരാതി ഉയർന്നുവരികയും ഇത്തരം പരാതികളിൽ അടിസ്ഥാന മുണ്ടെന്ന് അന്വേഷണ ഏജൻസികളുടെ വളരെ അസാധാരണമായ അന്വേഷണ രീതിയിൽനിന്നും ആർക്കും കാണാൻ കഴിയും. കേന്ദ്ര ഏജൻസികളുടെ നിയമാനു സൃതമായ ഏത് അന്വേഷണത്തിനും സർക്കാർ എല്ലാവിധ പിന്തുണയും നൽകും. എന്നാൽ, ഫെഡറൽ സംവിധാനത്തെ തുരങ്കംവയ്ക്കുന്ന രീതിയിലുള്ള, രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു കടന്നുകയറ്റത്തിനും സർക്കാർ വഴങ്ങിക്കൊടുക്കില്ല. കേന്ദ്ര ഏജൻസികളുടെ അന്വേഷണരീതി പലപ്പോഴും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമമായിത്തീർന്നപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

സ്വർണ്ണക്കള്ളക്കടത്ത് കേസുമായി സംസ്ഥാന സർക്കാരിന്റെ ആരെങ്കിലും ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ യാതൊരുവിധത്തിലും സംരക്ഷിക്കുകയില്ലെന്നും സർക്കാർ ഇതിനകം വ്യക്തമാക്കിയിട്ടുമുണ്ട്. കേന്ദ്ര ഏജൻസികൾ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുന്ന സ്വർണ്ണക്കടത്തിലൂടെ വരുന്ന സ്വർണ്ണത്തിന്റെ ഉറവിട സ്രോതസ്സും അവസാനത്തെ കണ്ണികളും അന്വേഷണത്തിന് വിധേയമാക്കുന്നില്ല എന്നതാണ് ഇവിടെ പ്രധാനമായ പ്രശ്നം.

(ഇ) സാധാരണക്കാർക്ക് കുറഞ്ഞനിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കു ന്നതിനുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി അട്ടിമ റിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി കരുതുന്നുണ്ടോ എന്നറിയിക്കാമോ?

സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്ന തിനുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി അട്ടിമറി ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി ചില നടപടികൾ ഉയർന്നുവരുന്നുണ്ട്. ഈ പദ്ധതിയെ ആകെ പരിശോധിക്കാൻ അന്വേഷണത്തിന്റെ സ്വാഭാവിക പരിമിതി ലംഘിച്ചുകൊണ്ടുള്ള ചില നീക്കങ്ങൾ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനചെയ്ത കെ ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്ന തിനായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കാനും ഈ പദ്ധതിവഴി കഴിയുന്നതാണ്. പ്രതിസന്ധികൾ തരണംചെയ്ത് ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്.

**സപ്ലൈകോ മുഖേന ആവിഷ്കരിച്ച പദ്ധതികൾ**

10 (*10) ശ്രീ. ഒ. ആർ. കേളു:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സപ്ലൈകോ മുഖേന ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നീ രീതികളിലൂടെ അവശ്യസാധനങ്ങൾ വാങ്ങുന്ന തിലൂടെ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനംവരെ വിലക്കുറവിൽ 14 ഇനം സബ്സിഡി സാധനങ്ങൾ നൽകുന്നതിലൂടെ വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പുവരുത്തുക, പുതിയ വില്പനശാലകൾ അനുവദിച്ചും നിലവിലുള്ളവ നവീകരിച്ചും വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ശബരി ബ്രാൻഡിലുള്ള തേയില, സഹകരണ മേഖലയിലുള്ള റെയ്ഡ്കോ മുഖേന കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണ വില്പന നടത്തുക എന്നീ പദ്ധതികളാണ് പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സപ്ലൈകോ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) വിപണി ഇടപെടലിനായി ഈ സർക്കാർ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

വിപണി ഇടപെടലിനായി ഈ സർക്കാർ ഇതുവരെ 3,420.79 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം തിരിച്ചുള്ള പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി) സപ്ലൈകോയുടെ യൂണിറ്റുകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ടോ?

ഇല്ല. നിലവിൽ മാവേലി സ്റ്റോർ/സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളില്ലാത്ത 13 ഗ്രാമപഞ്ചായത്തുകളിൽനിന്നും 6 പഞ്ചായത്തുകളിൽകൂടി പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 7 പഞ്ചായത്തുകളിൽ മാത്രമേ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാകാത്തതിനാൽ സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്തതായി അവശേഷിക്കുന്നുള്ളൂ.

(ഡി) സപ്ലൈകോയുടെ വില്പനശാലകളിൽനിന്നും ഓർഡർ അനുസരിച്ച് വീടുകളിൽ സാധനങ്ങൾ എത്തിച്ച് കൊടുക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് കൂടാതെ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോയുടെ വില്പനശാലകളിൽനിന്ന് അതേ വിലയിൽ വീടുകളിലേയ്ക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സപ്ലൈകോയുടെ 21 വിൽപ്പനശാലകളിൽ ഓൺലൈൻ വില്പനയും വിതരണവും ഒക്ടോബർ മുതൽ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 19 സംരംഭകർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. വില്പനശാലകളിൽനിന്നും ലഭിക്കുന്ന അതേ വിലയിൽ സബ്സിഡി സാധനങ്ങൾ ഒഴികെയുള്ളവ സപ്ലൈകോയ്ക്ക് ഒട്ടും സാമ്പത്തിക ബാധ്യതയില്ലാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സപ്ലൈകോയുടെ 21 വില്പനശാലകളിൽനിന്നും ഓൺലൈൻ വിൽപ്പന/വാതിൽപ്പടി വിതരണ സൗകര്യം 2020 ഒക്ടോബർ മാസം 23-ാം തീയതി മുതൽ ലഭ്യമാണ്. വിൽപ്പനശാലകളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ) മെഡിക്കൽ സ്റ്റോറുകൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കാൻ സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നത് സപ്ലൈകോയ്ക്ക് സാമ്പത്തികമായും സാമൂഹികപരമായും ഗുണകരമായിരിക്കുമോയെന്ന് പരിശോധിച്ച് അനുകൂലമായ സാഹചര്യം ഉണ്ടാകുന്ന പ്രദേശങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടങ്ങാൻ നടപടികൾ എടുത്തുവരുന്നുണ്ട്. ജില്ലാ ആശുപത്രികളുടെയും താലൂക്കാശുപത്രികളുടെയും പരിസരത്ത് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ തുടങ്ങാൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്. വടകര ഡിപ്പോയുടെ കീഴിൽ കുന്നമ്മൽ പഞ്ചായത്തിലെ കക്കട്ടിൽ മെഡിക്കൽ സ്റ്റോർ ഫർണീഷിംഗ് പൂർത്തിയാക്കി പ്രവർത്തനത്തിന് സജ്ജമായിക്കൊണ്ടിരിക്കുന്നു.

**അന്വേഷണ ഏജൻസികളെ വഴിതെറ്റിക്കാനുള്ള ശ്രമം**

11 (*11) <u>ശ്രീ റ്റി. വി. രാജേഷ്</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കള്ളക്കടത്ത് കേസിൽ അന്വേഷണ ഏജൻസികളെ വഴിതെറ്റിക്കാനായി കേന്ദ്രവിദേശകാര്യ സഹമന്ത്രി നിരവധി തവണ തന്റെ അധികാരപരിധി ലംഘിച്ചുകൊണ്ട് പരസ്യമായി ഇടപെട്ടുവെന്ന ആക്ഷേപം പരിശോധിക്കാൻ തയ്യാറാകുമോ?

കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയില്ല. എന്നാൽ അന്വേഷണം വഴിമാറുന്ന കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) കോവിഡ് ഉൾപ്പെടെയുള്ള ദുരിതകാലത്ത് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താൻ ശ്രമിച്ച കേന്ദ്രവിദേശകാര്യ സഹമന്ത്രിയുടെ പ്രവർത്തനത്തെക്കുറിച്ച് പ്രധാനമന്ത്രിയെ ധരിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

കേന്ദ്ര പിന്തുണ ആവശ്യമായ കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) കോവിഡ് ചികിത്സ സൗജന്യമായി നൽകുന്ന സംസ്ഥാനത്ത് കോവിഡ് വാക്സിനും സൗജന്യമായിരിക്കുമെന്ന സർക്കാരിന്റെ നിലപാടിനെ പ്രതിപക്ഷ കക്ഷികൾ വിമർശിച്ചിരുന്നോ; ഇത്തരത്തിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രിയും ഫെഡറൽ തത്വങ്ങളെ അവഹേളിക്കുന്ന രീതിയിൽ നിരുത്തരവാദപരമായ പ്രസ്താവന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ?

മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കോവിഡ് വാക്സിൻ വിതരണം ചെയ്യുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വാക്സിൻ എല്ലാപേർക്കും സൗജന്യമായി നൽകണ മെന്നതാണ് സർക്കാർ തീരുമാനം.

## കേരള പോലീസ് നിയമ ഭേദഗതി ഓർഡിനൻസ്

12 (*12) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് കേരള പോലീസ് നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നോ?

സംസ്ഥാനത്ത് സമൂഹമാധ്യമങ്ങളിലൂടെയുള്ള അപമാനിക്കപ്പെടുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ സംഭവങ്ങൾ പ്രചരിപ്പിക്കുന്നത് തടയുകയെന്ന ഉദ്ദേശ്യത്തോടെ 2011-ലെ കേരള പോലീസ് ആക്റ്റിൽ 118 (A) എന്ന വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് 21-11-2020-ൽ അസാധാരണ ഗസറ്റ് വിജ്ഞാപനമായി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു.

(ബി) എങ്കിൽ അപ്രകാരം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ഗവർണറോട് ശിപാർശ ചെയ്യാനുണ്ടായ അടിയന്തര സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഓർഡിനൻസ് പുറത്തിറക്കി നാലുദിവസത്തിനുള്ളിൽ അത് പിൻവലിക്കുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

&

(ഡി) മാധ്യമ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടുന്ന ഇത്തരം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും നാല് ദിവസത്തിനകം അത് പിൻവലിക്കുകയും ചെയ്ത നടപടി മുഖ്യമന്ത്രിയുടെ പോലീസ് ഉപദേശകന് വന്ന വീഴ്ചയായി സർക്കാർ കരുതുന്നുണ്ടോ എന്നറിയിക്കാമോ?

(ബി-ഡി) വ്യക്തികളെ അപമാനിക്കുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ ചില വാർത്തകൾ, പരാമർശങ്ങൾ എന്നിവ സമൂഹമാധ്യമങ്ങളിലൂടെ ഉൾപ്പെടെ പ്രചരിക്കുന്നതായി പല പരാതികളും സർക്കാരിന്റെ മുമ്പിൽ വിവിധ സന്ദർഭങ്ങളിൽ

ഉന്നയിക്കപ്പെട്ടിരുന്നു. സ്ത്രീത്വത്തെ അപമാനിക്കൽ, വ്യാജ വാർത്തകൾ പ്രചരിപ്പിക്കൽ എന്നിവയുൾപ്പെടെ വ്യക്തികളെ തേജോവധം ചെയ്യുന്ന വളരെ ഗുരുതരമായ പരാതികളാണ് ശ്രദ്ധയിൽവന്നത്. ഇതിന് വിധേയരാകുന്ന ആളുകൾ അനുഭവിക്കുന്ന മാനസിക പീഡനം വളരെ വലുതാണ്. അസത്യമാണെന്ന് ബോധപൂർവ്വമായ അറിവോടുകൂടി പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളെയാണ് പോലീസ് ആക്റ്റ് 118 (A) ഭേദഗതിയിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചത്. എന്നിരിക്കിലും, പൊതുസമൂഹത്തിൽ നിന്നും ആശങ്കകൾ ഉയർന്നുവന്ന സാഹചര്യത്തിൽ ഈ നിയമഭേദഗതി പിൻവലിക്കാൻ തീരുമാനിച്ചു. ആയതിനാൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും വന്നതായി സർക്കാർ കരുതുന്നില്ല.

## വിശപ്പ് രഹിത കേരളം പദ്ധതി

13 (*13) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വിശപ്പ് രഹിത കേരളം' പദ്ധതി നിലവിൽ എവിടെയൊക്കെ നടപ്പാക്കുന്നുണ്ടെന്നറിയിക്കുമോ ?

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലാണ് നിലവിൽ വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഈ പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഈ പദ്ധതിയുടെ കീഴിൽ സുഭിക്ഷ ഉച്ചഭക്ഷണശാലകൾ ആവശ്യകതയുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 13-10-2020-ലെ 310/2020/ ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ/സഹകരണ സംഘങ്ങൾ തുടങ്ങിയവരുമായി സഹകരിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സുഭിക്ഷ ഹോട്ടലുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. സ്ഥലത്തെ ജനപ്രതിനിധികളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എവിടെയൊക്കെ മൊബൈൽ റേഷൻ കടകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിലെ അമല, അയിർമകൾ, പോത്തോട്, ആനക്കൽ, കുന്നത്തേരി, വ്ലാവിള, പ്ലാത്ത്, എരുമ്പിയാട്, മണ്ണാംകോണം, പൊടിയം, വലിപ്പാറ, ചോനപ്പാറ എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ ചാലക്കയം, ളാഹ, പ്ലാപ്പള്ളി, പമ്പ, ഒലിക്കല്ല്, വെളുംപ്ലാവ്, അടിച്ചിപ്പുഴ, കോന്നി താലൂക്കിലെ കട്ടാത്തി എന്നിവിടങ്ങളിലും എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിലെ തേര, ഉരിയംപെട്ടി, വരിയം എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിലെ പതിപ്പള്ളി, മേമുട്ടം, കപ്പക്കാനം, ഉരുമ്പുള്ളു എന്നിവിടങ്ങളിലും തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ മണിയംകിണർ, ഓലക്കര, താമര വെള്ളച്ചാൽ എന്നിവിടങ്ങളിലും ചാലക്കുടി താലൂക്കിലെ ഷോളയാർ, ആനക്കയം, തവളക്കുഴിപ്പാറ, വാഴച്ചാൽ, വാച്ചുമരം, മുക്കമ്പുഴ, പൊകലപ്പാറ, പെരിങ്ങൽക്കുത്ത് എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിലെ മണ്ണാർകാട് താലൂക്കിലെ ആനവാഴ്, ഇടുക്കി, ഗാലസി, കടുക് മണ്ണ കിണറ്റുകര, മുരുകല, കുതയാർ, എടവണി, തടിക്കുണ്ട് എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ മുണ്ടക്കടവ്, നെടുംകയം, അമ്പുമല, ഉച്ചക്കുളം എന്നിവിടങ്ങളിലും വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ ഭ്രതാനം, മാനന്തവാടി താലൂക്കിലെ ചുരുളി എന്നീ ഒറ്റപ്പെട്ടുകിടക്കുന്ന ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുവേണ്ടി മൊബൈൽ റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) മൊബൈൽ റേഷൻ കടകൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ?

മറ്റ് ജില്ലകളിലെ ആദിവാസി ഊരുകളിൽ ആവശ്യകതയുണ്ടെന്ന് ശ്രദ്ധയിൽ പ്പെട്ടാൽ ടി ജില്ലകളിലും സഞ്ചരിക്കുന്ന റേഷൻകട പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

(ഇ) പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന മേഖലകളിൽ മൊബൈൽ റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാരായ ആദിവാസികൾ വസിക്കുന്ന ഗതാഗത സൗകര്യങ്ങൾ കുറവുള്ളതും നിലവിലെ റേഷൻ കടകളിൽനിന്നും അകന്ന് ഒറ്റപ്പെട്ട് കിടക്കുന്ന ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിനാണ് മൊബൈൽ റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നത്

## നൂറുദിന കർമ്മ പദ്ധതി

14 (*14) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പദ്ധതിയുടെ തുടർച്ചയായി രണ്ടാംഘട്ട നൂറുദിന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഏതൊക്കെ പുതിയ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 2020 ആഗസ്റ്റിൽ പ്രഖ്യാപിച്ച ആദ്യ നൂറുദിന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

ഒന്നാംഘട്ട നൂറുദിന കർമ്മപരിപാടിയിൽ (2020 സെപ്റ്റംബർ 1 മുതൽ ഡിസംബർ 9 വരെ) ഉൾപ്പെടുത്തി നൂറ് പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആദ്യം പ്രഖ്യാപിക്കാത്ത പദ്ധതികളും പിന്നീട് വകുപ്പുകൾ പ്രസ്തുത കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ ആകെയുള്ള 156 പദ്ധതികളിൽ 115 എണ്ണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ പൂർത്തീകരിക്കാൻ സാധിക്കാത്തവ രണ്ടാംഘട്ടത്തിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികൾക്ക് ആവശ്യമായ പണം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകളിൽ പലതും മുൻപ് പ്രഖ്യാപിച്ചിട്ടുള്ളവയും ബഡ്ജറ്റിൽ ഉൾപ്പെടുന്നവയുമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടിയാണ് നൂറുദിന കർമ്മ പദ്ധതി. ഇതിനുപുറമെ ഏതാനും സ്കീമുകൾ പുതിയതായും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള വിഭവങ്ങളുടെ യുക്തിസഹമായ പുനഃക്രമീകരണത്തിലൂടെയും നടപ്പു വർഷം നടപ്പിലാക്കാൻ സാധ്യതയില്ലാത്തതും അത്യാവശ്യമല്ലാത്തതുമായ ചെലവുകൾ മാറ്റിവച്ചുമാണ് വരുമാന സ്രോതസ്സ് കണ്ടെത്തുന്നത്. നൂറുദിന കർമ്മ പരിപാടിക്ക് ഇപ്രകാരമാണ് വിഹിതം കണ്ടെത്തുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനം ദൈനംദിന കാര്യങ്ങൾക്കുപോലും കടമെടുക്കേണ്ട സ്ഥിതിയിൽ നിൽക്കുമ്പോൾ വിഭവസമാഹരണം സംബന്ധിച്ച് യാതൊന്നും പറയാതെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സൗജന്യ റേഷനും ഭക്ഷ്യകിറ്റും

15 (*15) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലത്തും അതിനുശേഷവും സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന ദുരിതം കുറയ്ക്കാനായി സൗജന്യ റേഷനും ഭക്ഷ്യകിറ്റുകളും നൽകുന്നതിനും ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ ദുരിതം പേറുന്ന സംസ്ഥാന ജനതയ്ക്കായി സർക്കാരിന്റെ കൈത്താങ്ങ് എന്ന നിലയ്ക്ക്, സപ്ലൈകോ മുഖേന 17 അവശ്യ ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകൾ 8490066 റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്തു. കൂടാതെ സർക്കാർ അംഗീകൃതവും അല്ലാത്തതുമായ ക്ഷേമ സ്ഥാപനങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന കണക്കിൽ കിറ്റ് തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. 2020 ഏപ്രിൽ മാസം AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NPS, NPNS വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ലോക്ക്ഡൗൺ കാലത്ത് റേഷൻ സാധനങ്ങൾ റേഷൻ കടയിൽ വന്ന് വാങ്ങുന്നതിന് കഴിയാത്ത കുടുംബങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ റേഷൻ സാധനങ്ങൾ വീടുകളിൽ നേരിട്ട് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

അതിഥി തൊഴിലാളികൾക്ക് ഒരാളിന് 5 കിലോ അരിയോ 4 കിലോ ആട്ടയോ ഏതാണോ ആവശ്യപ്പെടുന്നത് ആയത് വിതരണം ചെയ്തു.

ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് ലോക്ക്ഡൗൺ കാലയളവിൽ പൊതുവിപണിയിൽ പരിശോധനകൾ നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു. സ്വകാര്യ വ്യാപാരികളുടെയും കച്ചവട സ്ഥാപനങ്ങളുടെയും ഓൺലൈൻ മീറ്റിംഗ് ചേർന്ന് അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അവരുടെ ചരക്ക് നീക്കം സുഗമമാക്കുകയും ചെയ്തു. സ്കൂൾ കുട്ടികൾക്ക് 26 ലക്ഷത്തിലധികം ഭക്ഷ്യസാധന കിറ്റുകൾ വിതരണം ചെയ്തു.

മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് തടസ്സങ്ങളുണ്ടായ സമയത്ത് എല്ലാ ജില്ലയിലും RTO, Supplyco, Horticorp wholesale dealers എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് അവശ്യസാധന ലഭ്യത ഉറപ്പുവരുത്തുകയുണ്ടായി.

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. 2020 സെപ്തംബർ മാസം മുതൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തുവരുന്നു. സർക്കാർ അംഗീകൃതവും അല്ലാത്തതുമായ ക്ഷേമ സ്ഥാപനങ്ങൾക്കും കന്യാസ്ത്രീ മഠങ്ങൾക്കും ആശ്രമങ്ങൾക്കും ടി കിറ്റുകൾ നാല് അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ വിതരണം ചെയ്തുവരുന്നു.

കേന്ദ്ര സർക്കാർ പദ്ധതിയായ PMGKAY പ്രകാരം സൗജന്യമായി അനുവദിച്ച ഭക്ഷ്യ ധാന്യങ്ങൾ യഥാസമയം വിട്ടെടുത്ത് മുൻഗണനാ കാർഡുടമകൾക്ക് 2020 ഏപ്രിൽ മുതൽ 2020 നവംബർ വരെ വിതരണം ചെയ്തു. ഇതോടൊപ്പം അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ ആത്മ നിർഭർ ഭാരത് പ്രകാരം അരിയും കടലയും വിതരണം ചെയ്തു. കൂടാതെ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് ലേബർ, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി സഹകരിച്ച് വിതരണം ചെയ്തു. ക്രിട്ടിക്കൽ കണ്ടെയിൻമെന്റ് സോണുകളിലും കടുത്ത കടൽക്ഷോഭമുണ്ടായ തീരദേശ മേഖലകളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തു. ലോക്ഡൗൺ കാലത്ത് റേഷൻ വിതരണം യാതൊരു തടസ്സവും കൂടാതെ നടത്തിയ റേഷൻകട ലൈസൻസികൾക്ക് 1,000 രൂപ വീതം ഓണറേറിയവും അതിജീവന കിറ്റ് വിതരണത്തിന് കിറ്റിന് 7 രൂപ നിരക്കിൽ കമ്മീഷനും അനുവദിക്കുകയുണ്ടായി.

(ബി) ജനപ്രതിനിധികളുടെയടക്കം നേതൃത്വത്തിൽ പ്രതിപക്ഷം നടത്തിയ സമരംവഴി കോവിഡ് വ്യാപനം അനിയന്ത്രിതമായതായി വിലയിരുത്തിയിരുന്നോ; ഇവർക്കെതിരെ സാംക്രമിക രോഗ നിയന്ത്രണ നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടിയെടുക്കുമോ?

കോവിഡ് വ്യാപനം തടയുന്നതിനായി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള സമരങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകി വരുന്നതിനെതിരെ സംസ്ഥാനത്തെ പ്രതിപക്ഷ കക്ഷികളും കേന്ദ്രം ഭരിക്കുന്ന കക്ഷിയും എതിർപ്പ് ഉയർത്തിയിരുന്നോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാന സർക്കാർ സൗജന്യ റേഷനും ഭക്ഷ്യകിറ്റ് വിതരണത്തിനുമായി ചെലവഴിച്ച തുകയെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2020 ഏപ്രിൽ മാസത്തിൽ സൗജന്യ റേഷനായി 157851.12 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയിരുന്നു. മുൻഗണനേതര വിഭാഗത്തിന് സ്പെഷ്യൽ വിതരണത്തിനായി 50000 മെട്രിക് ടൺ വാങ്ങിയതുൾപ്പെടെ ഭക്ഷ്യ ധാന്യങ്ങളുടെ വിലയിനത്തിൽ 152.72 കോടി രൂപയും കമ്മീഷൻ ഇനത്തിൽ 39.15 കോടി രൂപയും ആയതിന്റെ കടത്ത് കൂലിയിനത്തിൽ 24.04 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിൽ വിതരണം ചെയ്ത കോവിഡ് അതിജീവന കിറ്റുകൾക്ക് 756 കോടി രൂപയും ആഗസ്റ്റ് മാസത്തിൽ നല്കിയ ഓണക്കിറ്റിന് 440 കോടി രൂപയും സെപ്റ്റംബർ മുതൽ ഡിസംബർ വരെ വിതരണം ചെയ്ത കിറ്റുകൾക്ക് 1,649.79 കോടി രൂപയും സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

## പുതിയ കാർഷിക നിയമങ്ങൾ

16 (*16) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കൊണ്ടുവന്ന കാർഷിക നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള വിജ്ഞാപനം ഇറക്കുന്നതിനും ആവശ്യമായ പ്രചരണം നടത്തുന്നതിനും കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാർ പാസ്സാക്കിയ പുതിയ കാർഷിക നിയമങ്ങൾ പരിശോധിച്ചതിൽ ടി നിയമങ്ങൾ കേരളത്തെ ദോഷകരമായി ബാധിക്കുമെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. 2020 ഡിസംബർ 31-ന് നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്ന് അവ റദ്ദ് ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് പ്രമേയം വഴി ഐകകണ്ഠ്യേന ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Act 2020, Farmers Produce Trade and Commerce (Promotion and Facilitation) Act 2020, Essential Commodities (Amendment) Act 2020 എന്നീ നിയമങ്ങൾ സംസ്ഥാനത്തെ കർഷകരെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരെ ബാധിക്കുന്ന പ്രധാനപ്പെട്ട ആഘാതങ്ങളും പ്രതിസന്ധികളും ചുവടെ ചേർക്കുന്നു :

(a) <u>ഭക്ഷ്യവിളകളിലെ ഉൽപ്പാദന കേന്ദ്രീകരണം:</u>

ഈ നിയമങ്ങളുടെ പിൻബലത്താൽ കോർപ്പറേറ്റ് കമ്പനികളുടെ കടന്നു കയറ്റം വ്യാപകമാകും. നെല്ല്, വാഴ, പച്ചക്കറികൾ തുടങ്ങിയ മേഖലകളിൽ കരാർകൃഷി വ്യാപകമാകുകയും കമ്പനികൾ കർഷകരുമായും കർഷക ഗ്രൂപ്പുകളുമായും ഉണ്ടാക്കുന്ന കരാറുകളിലൂടെ നാമമാത്ര കർഷകരെ കൂടുതൽ കടക്കെണിയിലേയ്ക്ക് തള്ളിവിടുകയും ചെയ്യും. ഗുണനിലവാരം, ഗ്രേഡുകൾ മുതലായവ അനുസരിച്ച് വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടുമ്പോൾ കർഷകരുടെ പല ഉൽപ്പന്നങ്ങളും തിരസ്കരിക്കപ്പെടുകയും വളരെ കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ട അവസ്ഥ സംജാതമാവുകയും ചെയ്യും. കർഷകരുടെ വരുമാനം കുറയാനും കൃഷി തന്നെ ഉപേക്ഷിക്കാനും കേരളത്തിന്റെ ഭക്ഷ്യപ്രതിസന്ധി വർദ്ധിക്കാനും സാധ്യതയുണ്ട്.

(b) കോർപ്പറേറ്റ് കമ്പനികളുടെ അയൽ സംസ്ഥാനങ്ങളിലെ ഉൽപ്പാദനവും കേരളത്തിലെ വിപണനവും: വലിയ കമ്പനികൾ അയൽ സംസ്ഥാനങ്ങളിൽ വ്യാപകമായി കൃഷി വർദ്ധിപ്പിച്ച് ഭക്ഷ്യവിളകൾ കേരളത്തിൽ വ്യാപകമായി വില കുറച്ച് വിപണനം നടത്തി, കേരളത്തിലെ

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വില കുറയ്ക്കാനും അതുവഴി കാർഷിക മേഖല തകരുന്നതിനും ഇടവരും. വലിയ കമ്പനികളുടെ അയൽ സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങൾ ആധാരമാക്കി, ഇപ്പോൾത്തന്നെ കേരളത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോം വന്നുകഴിഞ്ഞു.

(c) രാസവളങ്ങളിൽ അധിഷ്ഠിതമായ കൃഷിരീതികൾ:

ലാഭം മാത്രം ലക്ഷ്യമാക്കി കരാർ കമ്പനികൾ രാസവളം, കീടനാശിനികൾ എന്നിവ വളരെ കൂടുതൽ ഉപയോഗിച്ച് കേരളത്തിന്റെ മണ്ണ് ദീർഘകാലമായി കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്തവിധം ദുരുപയോഗപ്പെടുത്തുകയും കർഷകർ കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരായി തീരുകയും ചെയ്യും.

(d) പ്രൈവറ്റ് ഫാം സർവ്വീസുകൾ:

കേരളത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആധികാരികമായ വിജ്ഞാനവ്യാപനം നടത്താനുള്ള കൃഷിഭവൻ ശൃംഖല കൃഷി വകുപ്പിനുണ്ട്. ഇപ്പോൾ കർഷകർക്ക് ലഭ്യമാകുന്ന ഫാം സർവ്വീസുകൾക്ക് കമ്പനികൾ വർദ്ധിച്ച തുക ഈടാക്കി അസമത്വം സൃഷ്ടിക്കുകയും നാമമാത്ര കർഷകരെ ഒഴിവാക്കുകയും ചെയ്യാനുള്ള സാധ്യതയുണ്ട്.

(e) ഭൂവിനിയോഗത്തിലുണ്ടാകാവുന്ന മാറ്റങ്ങൾ:

ലാഭത്തിലൂന്നിയ കരാർ കൃഷി വ്യാപകമാകുന്നതോടെ പരിസ്ഥിതിക്ക് യോജിക്കാത്ത വിളക്രമങ്ങൾ വരികയും ദീർഘകാലമായി ഭൂമിയുടെ ഉപയോഗം മാറ്റുകയും കാർഷിക മേഖലയെ തകർച്ചയിലേയ്ക്ക് നയിക്കുകയും ചെയ്യും. കേരളത്തിലെ 23 അഗ്രോ ഇക്കോളജിക്കൽ സോണുകളിലേയും കൃഷി രീതി മാറ്റിയെടുത്ത് ആവാസവ്യവസ്ഥ തന്നെ തകരുന്നതിന് ഇടയാക്കുകയും ചെയ്യും

(f) ജനിതകമാറ്റം വരുത്തിയ വിളകളുടെ കൃഷി:

ഏതൊക്കെ സാങ്കേതിക വിദ്യകൾ കാർഷിക മേഖലയിൽ വ്യാപിപ്പിക്കണം എന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരമില്ലാതെ വരുന്നതുകൊണ്ട് കേരളം അനുവദിക്കാതിരുന്ന ജനിതകമാറ്റം വരുത്തിയ വിളകൾ സംസ്ഥാനത്തിന്റെ അനുവാദമില്ലാതെതന്നെ കൃഷി ചെയ്യുകയും തത്ഫലമായി പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യും. കമ്പനികൾക്ക് നേരിട്ട് കർഷകരുമായി കരാറിൽ ഏർപ്പെടാൻ സാധിക്കുമെന്നതിനാൽ ഇത് വ്യാപകമാക്കാൻ സാധിക്കും.

(g) മിൽമയ്ക്കും പാലുൽപ്പാദനത്തിനും ഭീഷണി:

പശു വളർത്തൽ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ക്ഷീര മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാകാനും കമ്പനികൾ നേരിട്ട് വലിയ ഫാമുകൾ സ്ഥാപിക്കുന്നതിന്റെ ഫലമായി മിൽമ വിപണന ശൃംഖലകൾ തകരാനും പ്രൈവറ്റ് പാൽ വിപണികൾ ശക്തി പ്രാപിക്കാനും ദീർഘകാലാടിസ്ഥാനത്തിൽ കർഷകർക്ക് പാലിന്റെ വില കുറയുന്ന അവസ്ഥ സംജാതമാകുകയും ചെയ്യും.

(h) കുറഞ്ഞ താങ്ങുവില ഇല്ലാതാകുന്ന അവസ്ഥ:

നെല്ല്, കൊപ്ര ഉൾപ്പെ ടെ 25 ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നുണ്ട്. വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടാൻ വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിൽ, കരാർ വ്യാപകമാകുന്നതോടെ, കുറഞ്ഞ താങ്ങുവിലയിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറുകയും കമ്പനികളുടെ താത്പര്യത്തിന് അനുസരിച്ചുള്ള വില സമ്പ്രദായങ്ങൾ നിലവിൽ വരികയും അതുവഴി വിപണി വില ഇടിയുന്നതിനും കർഷകരുടെ വരുമാനം കുറയുന്നതിനും ഇടയാകും. കാർഷിക മേഖലയിലെ പ്രതിസന്ധി രൂക്ഷമാകും.

(i) വില നിശ്ചയിക്കുന്നതിലെ അവ്യക്തത:

ഈ ബില്ലിൽ വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടണം എന്നാണ് വ്യവസ്ഥ. സ്വാമിനാഥൻ റിപ്പോർട്ട് പ്രകാരം മൊത്തം ഉൽപ്പാദനച്ചെലവിന്റെ (C2 കോസ്റ്റ്) 50 ശതമാനം കൂടുതൽ നൽകി താങ്ങുവില നിശ്ചയിക്കണമെന്നതാണ് നിർദേശം. ഈ രീതി കരാറിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ കുറഞ്ഞ വില കരാറിൽ ഉൾപ്പെടുത്താം. കൂടാതെ ഗുണനിലവാരം, ഗ്രേഡുകൾ അനുസരിച്ച് വില നിശ്ചയിക്കാൻ വ്യവസ്ഥയുള്ളതിനാൽ, കർഷകരുടെ ഉൽപ്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിംഗിലേയ്ക്ക് മാറ്റി വിലയിടിക്കുവാൻ ഇടയാകും.

j) <u>തർക്ക പരിഹാരം</u>:

സിവിൽ കോടതിയിൽ തർക്കപരിഹാരത്തിന് വ്യവസ്ഥയില്ലാത്തതിനാലും നാമമാത്ര കർഷകർക്ക് കമ്പനികൾക്കെതിരെ അനുകൂല വിധി ലഭിക്കാൻ ഇടയില്ലാത്തതിനാലും ഈ വ്യവസ്ഥ കോർപ്പറേറ്റുകൾക്ക് അനുകൂലമാകാനാണ് സാധ്യത. കർഷകർ പിന്തള്ളപ്പെടുകയും കുറഞ്ഞ വിലയിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കേണ്ട അവസ്ഥ ഉണ്ടാകുകയും ചെയ്യും.

(k) നഷ്ടപ്പെടുന്ന ജൈവവൈവിധ്യം:

പല നാടൻ ഇനങ്ങളും അപ്രത്യക്ഷമാകുകയും കമ്പനികൾക്ക് കൂടുതലായി ലാഭം നേടുന്നതിന് ഹൈബ്രിഡ് വിത്തുകളിലേയ്ക്ക് മാറുകയും തുടർന്ന് ഓരോ വർഷവും വർദ്ധിച്ച വിലയിൽ കർഷകർ വിത്ത്‌വാങ്ങുന്ന അവസ്ഥ ഉണ്ടാകുകയും കേരളം ആർജ്ജിച്ച നാടൻ വിളകളുടെ ജൈവവൈവിധ്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാക്കുകയും ചെയ്യും. ഗുജറാത്തിൽ കർഷകരിൽനിന്ന് ഒരു കോടി രൂപ വാങ്ങാൻ ഒരു കുത്തക കമ്പനി കോടതിയെ സമീപിച്ചത് വിത്തിന്റെ കാര്യത്തിൽ കമ്പനികളുടെ സർവ്വാധിപത്യമാണ് കാണിക്കുന്നത്.

(l) കാർഷിക വിഭവങ്ങളുടെ സംസ്കരണം: കേരളത്തിൽ ആരംഭിക്കേണ്ട പല കാർഷിക വിഭവങ്ങളുടെയും സംസ്കരണം അയൽ സംസ്ഥാനങ്ങളിൽ കേരളത്തിലെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ആരംഭിക്കുകയും അതുവഴി ഇവിടെ ലഭിക്കേണ്ട തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യും.

1955-ലെ അവശ്യസാധന ഭേദഗതി ബില്ല് അംഗീകരിച്ച സാഹചര്യത്തിൽ കാർഷികമേഖല കൂടുതൽ തകർച്ചയിലേയ്ക്ക് പോകാനാണ് സാധ്യത. ധാന്യങ്ങൾ, ഭക്ഷ്യ എണ്ണകൾ, എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയെ വില നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഈ ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രണത്തിൽ സർക്കാരിന് ഇടപെടാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. വർദ്ധിച്ച വിലയ്ക്ക് ഇവ മാർക്കറ്റിൽനിന്ന് വാങ്ങാൻ ഉപഭോക്താക്കൾ നിർബന്ധിതരാകും. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പ്പിനുമുള്ള വഴിയൊരുക്കും. വൻകിട വ്യാപാരികൾക്കും കുത്തക കമ്പനികൾക്കും സംഭരിക്കുന്നതിനുവേണ്ടി നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹനം നൽകാൻ എന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെടുന്നത്. എന്നാൽ ഇത്തരം വ്യാപാരികളും കമ്പനികളും ഉൽപ്പാദന സമയത്തുതന്നെ കുറഞ്ഞ വിലയ്ക്ക് കൂടുതൽ അളവിൽ വാങ്ങിക്കൂട്ടി വിപണിയിൽ കൃത്രിമക്ഷാമം സൃഷ്ടിച്ച് ഏറ്റവും വർദ്ധിച്ച വിലയ്ക്ക് വിൽക്കാനുള്ള അവസരമാണ് സൃഷ്ടിക്കപ്പെടുന്നത്. ഒരേ സമയം കർഷകരെയും ഉപഭോക്താക്കളെയും ചൂഷണം ചെയ്യുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് കേന്ദ്രസർക്കാർ അംഗീകരിച്ചിരിക്കുന്നത്.

(ഡി) ഇത്തരം കരിനിയമങ്ങൾക്കെതിരെ കർഷക കൂട്ടായ്മ സംഘടിപ്പിക്കുന്നതിനും പ്രതിഷേധിക്കുന്നതിനും സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിവിധ കർഷക സംഘടനകളുടെ അഭിപ്രായം തേടിയിട്ടുണ്ട്. അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കൃഷി സംസ്ഥാനവിഷയമായതിനാൽ പഞ്ചാബ്, ഛത്തീസ്ഗഡ്, രാജസ്ഥാൻ സർക്കാരുകൾ കൊണ്ടുവന്ന രീതിയിൽ കേന്ദ്രനിയമത്തെ മറികടക്കുന്നതിനായി സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

കർഷകർക്ക് പ്രയോജനകരമായ ഒരു നിയമനിർമ്മാണം പരിഗണനയിലാണ്.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

17 (*17) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിതരുടെ എണ്ണം കേരളത്തിൽ കുത്തനെ കൂടാനുള്ള കാരണം പ്രതിരോധ പ്രവർത്തനങ്ങളിലുണ്ടായ വീഴ്ചയാണെന്ന കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആദ്യഘട്ടങ്ങളിൽ മികച്ച രീതിയിൽ കോവിഡ് പ്രതിരോധം നടത്തിയെങ്കിലും ഓണക്കാലത്തും ആഘോഷവേളകളിലുമുണ്ടായ അലംഭാവം രോഗവ്യാപനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(സി) ആഘോഷവേളകളിൽ വേണ്ടത്ര ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാത്തതാണ് ഇതിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ആദ്യമായി കോവിഡ് കേസ് റിപ്പോർട്ട് ചെയ്തതുമുതൽ നാളിതുവരെ കോവിഡ് രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ബി&ഡി) കോവിഡ് 19-നെ നിയന്ത്രിക്കാൻ ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗമാണ് കേരളം സ്വീകരിച്ചത്. Susceptible (ഇനിയും രോഗം വരാൻ സാധ്യത ഉള്ളവരുടെ എണ്ണം), Exposed (രോഗബാധയുള്ളവരുമായി സമ്പർക്കത്തിൽ ഉള്ളവർ), Infected (രോഗം ബാധിച്ചവർ), Recovered (രോഗം ഭേദമായവർ), Death (രോഗം ബാധിച്ച് മരിച്ചവർ) എന്നിങ്ങനെയുള്ള എണ്ണം പരിശോധിക്കുന്ന SEIRD മാതൃകയാണ് അവലംബിക്കുന്നത്. ആരോഗ്യ സംവിധാനങ്ങൾ ശക്തമാക്കാനും രോഗബാധിതരെ ചികിത്സിച്ച് ഭേദപ്പെടുത്താനും അവസരം ലഭ്യമാക്കുകയാണ് കേരളം ചെയ്തുകൊണ്ടിരിക്കുന്നത്.

കേരളത്തിൽ ഇപ്പോഴും മരണനിരക്ക് 0.4 ശതമാനമാണ്. കേസിന്റെ എണ്ണത്തിലുണ്ടായ വർദ്ധനവ് താരതമ്യം ചെയ്യേണ്ടത് മറ്റ് പ്രദേശങ്ങളിൽ ഉയർച്ച (Peak) ഉണ്ടായപ്പോഴുള്ള എണ്ണവുമായാണ്. വിദഗ്ദ്ധ ഏജൻസികൾ പ്രവചിച്ചത് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ എടുത്തുകളയുമ്പോൾ കേരളത്തിൽ പ്രതിദിനം ഇരുപതിനായിരത്തിലേറെ കേസ്സുകൾ റിപ്പോർട്ട് ചെയ്യുമെന്നാണ്. എന്നാൽ കേരളം നടപ്പിലാക്കിയ Break the Chain, Reverse Quarantine തുടങ്ങിയ പദ്ധതികളിലൂടെ ആയിരക്കണക്കിന് ആളുകളിലേയ്ക്ക് പ്രതിരോധത്തിന്റെ സന്ദേശങ്ങൾ എത്തിക്കാൻ കഴിഞ്ഞതിനാൽ ഇത്രയും വലിയ ഉയർച്ച (Peak) ഉണ്ടാകുന്നത് തടയാൻ സാധിച്ചു. ഇപ്പോഴും രോഗം ബാധിക്കാത്തവരായ ആളുകൾ (Susceptible) കൂടുതലാണ് എന്നതിനാൽ വാക്സിനേഷൻ നടപ്പിലാക്കുമ്പോൾ അത്രയും പേരുടെ ജീവൻ രക്ഷിക്കാൻ നമുക്ക് കഴിയും. സ്വമേധയാ ഉണ്ടാകുന്ന രോഗപ്രതിരോധം മാത്രമായാൽ അവർക്കുണ്ടാകുന്ന കോവിഡാനന്തര പ്രശ്നങ്ങളും കൂടുതലായിരിക്കും. അതുകൊണ്ട് നിയന്ത്രണങ്ങളെല്ലാം എടുത്തുകളഞ്ഞപ്പോൾ ഇപ്പോൾ ഉണ്ടായ വർദ്ധനവ് മറ്റു പ്രദേശങ്ങളേക്കാൾ കൂടുതലാണ് എന്നത് മാത്രം വ്യാഖ്യാനിച്ച് കേരളത്തിലെ കോവിഡ് പ്രതിരോധം ശരിയായില്ലെന്ന് പറയുന്നത് അശാസ്ത്രീയമാണ്. ക്രമാതീതമായ വർദ്ധന ഇപ്പോൾ ഉണ്ടാകുന്നില്ല.

ഓണക്കാലത്തും എല്ലാ ആഘോഷ വേളകൾക്ക് മുന്നോടിയായും കോവിഡ് രോഗപ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഓണാഘോഷത്തോടനുബന്ധിച്ച് ദുരന്തനിവാരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ പ്രകാരം കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥരിൽനിന്നും സെക്ടറൽ മജിസ്ട്രേറ്റുമാരെ തെരഞ്ഞെടുത്ത് പ്രാദേശികാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ഇവർക്ക് അധികാരം നൽകിയതനുസരിച്ച് അത്തരം നടപടികൾ സ്വീകരിക്കുകയുണ്ടായി.

ഓണക്കാലത്ത് വിദേശത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും ബന്ധു/സുഹൃദ് സന്ദർശനത്തിനായി ജനങ്ങൾ വീടുകളിൽ എത്തുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ, കടകളിലും മാർക്കറ്റുകളിലും തിരക്ക് ഒഴിവാക്കുന്നതിനും രോഗപ്പകർച്ച തടയുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കണ്ടെയിൻമെന്റ് സോണുകളിൽ ആൾക്കൂട്ടം ഒഴിവാക്കാൻ സ്വീകരിക്കേണ്ട നടപടികളും രോഗനിരീക്ഷണവും ടെസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു. അതുകൊണ്ടുതന്നെ രോഗവ്യാപനം നിയന്ത്രിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

## ഷിഗെല്ല രോഗനിയന്ത്രണം

18 (*18) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ഷിഗെല്ല രോഗം പടർന്നുപിടിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

സംസ്ഥാനത്ത് മലപ്പുറം, കണ്ണൂർ, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലാണ് ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) രോഗകാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിൽ ഷിഗെല്ല രോഗമുണ്ടായ സ്ഥലങ്ങളിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ട്. അവർ കണ്ടെത്തിയിട്ടുള്ള പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു.

1. കോഴിക്കോട് ഷിഗെല്ല രോഗബാധ സംശയിച്ച 11 വയസ്സുള്ള ഒരു കുട്ടി മരണപ്പെടുകയും ആ കുട്ടിയുടെ മരണാനന്തര ചടങ്ങിൽ പങ്കെടുത്തവർക്കുമാണ് രോഗം സ്ഥിരീകരിച്ചത്. അതിനാൽ മരണപ്പെട്ട കുട്ടി ഇൻഡക്സ് കേസായി പരിഗണിച്ചിട്ടുണ്ട്.

2. മരണാനന്തര ചടങ്ങുകളിൽ ധാരാളം ആളുകൾ പങ്കെടുക്കുകയും അവർക്ക് ഭക്ഷണം വിളമ്പുകയും ബന്ധുവീടുകളിലേയ്ക്ക് ഭക്ഷണം കൊടുത്തുവിടുകയും ചെയ്തിട്ടുണ്ട്.

3. മരണവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ പങ്കെടുത്ത ആളുകൾ ആ വീട്ടിൽ നിന്ന് ഭക്ഷണവും തിളപ്പിക്കാത്ത വെള്ളമുപയോഗിച്ച് ഉണ്ടാക്കിയ നാരങ്ങാവെള്ളം കുടിച്ചതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

4. കുട്ടിയും കൂട്ടുകാരും സ്ഥിരമായി സന്ദർശിക്കുന്ന കടകളിൽ പഴക്കം ചെന്നതും കാലാവധി കഴിഞ്ഞതുമായ സാധനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

5. മരണപ്പെട്ട കുട്ടിക്ക് രോഗബാധ കുടിവെള്ളത്തിൽ (കിണറ്റിലെ ജലം) നിന്നും ലഭിച്ചതാകാൻ സാധ്യതയുണ്ട്.

എറണാകുളം ജില്ലയിൽ രോഗം ബാധിച്ച ചോറ്റാനിക്കരയിലെ കുടുംബം കുടിവെള്ളമായി ഉപയോഗിക്കുന്നത് കിണറ്റിലെ ജലമാണ്. കൃത്യമായ കാരണം കണ്ടെത്താനുള്ള പരിശ്രമം നടന്നുവരികയാണ്.

എറണാകുളം ജില്ലയിലെ വാഴക്കുളം പഞ്ചായത്തിലെ രോഗം സ്ഥിരീകരിച്ച ഗൃഹനാഥൻ 18-12-2020-ന് ഒറ്റയ്ക്കും 25-12-2020-ന് കുടുംബത്തോടൊപ്പവും കലൂർ, ആലുവ എന്നീ സ്ഥലങ്ങളിലെ ഹോട്ടലുകളിൽനിന്ന് ഭക്ഷണം കഴിച്ചതായും 27-12-2020-ന് കുടുംബസമേതം ചോറ്റാനിക്കരയിലെ തിരുവാങ്കുളം ഭാഗത്തുനിന്ന് ഓറഞ്ചും അതേദിവസം പെരുമ്പാവൂരിലെ ഒരു ഹോട്ടലിൽനിന്ന് ഭക്ഷണവും കഴിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ശരിയായ കാരണം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ കുടുംബത്തിന്റെ കുടിവെള്ള സ്രോതസ്സ് കിണറാണ്.

മലപ്പുറം, കണ്ണൂർ ജില്ലകളിൽ രോഗകാരണം കണ്ടെത്താനുള്ള പരിശോധനകൾ നടന്നുവരികയാണ്.

(സി) ഈ രോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്ത ജില്ലകളിൽ അടിയന്തരമായി ദ്രുതകർമ്മസേന യോഗംകൂടി രോഗം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ പനി, വയറിളക്ക ലക്ഷണങ്ങളുള്ള രോഗികളെ കണ്ടെത്താൻ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും രോഗലക്ഷണങ്ങൾ ഉള്ളവരെ എല്ലാം പെട്ടെന്നുതന്നെ കണ്ടെത്തുകയും അവർക്ക് വേണ്ട ചികിത്സ നൽകുകയും ചെയ്തു. പ്രദേശങ്ങളിലെ എല്ലാ കുടിവെള്ള സ്രോതസ്സുകളും superchlorinate ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ജീവനക്കാരുടെ സഹകരണത്തോടെ രോഗബാധിത സ്ഥലങ്ങൾ സന്ദർശിക്കുകയും പരിശോധനയ്ക്കായി ഭക്ഷണസാമ്പിളുകളും കുടിവെള്ള സാമ്പിളുകളും ശേഖരിക്കുകയും പരിശോധനയ്ക്കയയ്ക്കുകയും ചെയ്തു. പ്രദേശത്തുള്ള എല്ലാ ഭക്ഷണശാലകളും പരിശോധിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾക്കിടയിൽ അവർ പാലിക്കേണ്ട വ്യക്തി ശുചിത്വ-ശീല ങ്ങളെപ്പറ്റിയും തിളപ്പിച്ചാറ്റിയ ജലം മാത്രമേ കുടിക്കാൻ പാടുള്ളൂ എന്നുള്ളതിന്റെയും ഭക്ഷണം അടച്ചുസൂക്ഷിക്കേണ്ടതിനെക്കുറിച്ചുമുള്ള ബോധവൽക്കരണം എന്നിവ വളരെ കൃത്യമായി നൽകിയിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളെല്ലാംതന്നെ കർശന നിരീക്ഷണത്തിലാണ്. രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

## ലൈറ്റ് മെട്രോ പദ്ധതി

19 (*19) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 8-9-2016-ലെ ജി.ഒ (എംഎസ്.) നമ്പർ 67/2016/ പി.ഡബ്ല്യു.ഡി, പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഈ പ്രവൃത്തികൾക്കുള്ള തുക KIIFB-യിൽനിന്ന് ലഭ്യമാക്കാനും അനുമതി നൽകി.

പ്രസ്തുത പാലങ്ങൾക്കായി ഡി.എം.ആർ.സി. തയ്യാറാക്കിയ രൂപരേഖ പരിശോധിച്ച് അംഗീകരിക്കുകയും തുടർന്ന് സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്തു. സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി മൂന്നിടങ്ങളിലും സാമൂഹികാഘാത പഠനം പൂർത്തിയാക്കി. ശ്രീകാര്യം മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. താമസിയാതെ ഇവിടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ ഡിപ്പോ (Depot) നിർമ്മിക്കുന്നതിനാവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമിയും കോഴിക്കോട് ലൈറ്റ് മെട്രോയുടെ ഡിപ്പോ (Depot) നിർമ്മിക്കുന്നതിനാവശ്യമായ 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി പന്നിയങ്കര മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി.

2015-ൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കപ്പെട്ടിരുന്ന തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ.-നെയും അതിലടങ്ങിയ നിർദ്ദേശങ്ങളെയും സംബന്ധിച്ച് കേന്ദ്ര നഗര വികസന മന്ത്രാലയത്തിൽനിന്ന് ആവശ്യപ്പെട്ട എല്ലാ വിശദീകരണങ്ങൾക്കും സംസ്ഥാന സർക്കാർ മറുപടി നൽകി. 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പുതുക്കിയ മെട്രോ

നയം പ്രഖ്യാപിക്കുകയും ഇതിനനുസൃതമായി പദ്ധതി രേഖകൾ പുതുക്കി സമർപ്പിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് കെ.ആർ.ടി. എൽ.-ന്റെ അഭ്യർത്ഥന പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു.

2020 ഒക്ടോബറിൽ കൂടിയ കെ.ആർ.ടി.എൽ. ബോർഡ് യോഗം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ റെയിൽ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആർ. അംഗീകരിക്കുകയും തുടർന്ന് സർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു.

തിരുവനന്തപുരം ടെക്നോപാർക്ക് പ്രദേശത്തെക്കൂടി നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ UMTC എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. തുടർന്ന് UMTC തയ്യാറാക്കി സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ട് കെ.ആർ.ടി.എൽ. ഡയറക്ടർ ബോർഡ് യോഗം തത്വത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഭാഗത്തേയ്ക്കുള്ള ഡി.പി.ആർ. തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിന് അനുസൃതമായി മാറ്റങ്ങൾ ഉൾപ്പെടുത്തി 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചിരുന്ന പുതുക്കിയ പദ്ധതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി തയ്യാറാക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. സർക്കാർ ചുമതലപ്പെടുത്തിയതനുസരിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു ഉന്നതതല സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്ത് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. 2020 ഒക്ടോബറിൽ കൂടിയ കെ.ആർ.ടി.എൽ. ബോർഡ് യോഗം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ റെയിൽ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആർ. അംഗീകരിക്കുകയും തുടർന്ന് സർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; മേൽപ്പാലങ്ങളുടെ പണി ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ?

തിരുവനന്തപുരം, ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മൂന്നിടങ്ങളിലും സാമൂഹികാഘാതപഠനം പൂർത്തിയാക്കി യിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാല നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ താമസിയാതെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ മറ്റ് തടസ്സങ്ങളൊന്നുമില്ല.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസംമൂലം പദ്ധതി അടങ്കൽ തുകയിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

2017 ആഗസ്റ്റിലെ പുതുക്കിയ കേന്ദ്ര മെട്രോ റെയിൽ നയത്തിനനുസൃതമായി 2017 ഡിസംബറിൽ ഡി.എം.ആർ.സി. തയ്യാറാക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതി രേഖ പ്രകാരം തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി പൂർത്തിയാക്കുന്നതിന് 4,673 കോടി രൂപയും (കേന്ദ്ര നികുതിയും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിവരുന്ന തുകയും ഉൾപ്പെടെ) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി പൂർത്തിയാക്കുന്നതിന് 2,773 കോടി രൂപയും (കേന്ദ്ര നികുതിയും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിവരുന്ന തുകയും ഉൾപ്പെടെ) ആണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത അടങ്കൽ തുകയിൽ വർദ്ധനവ് വന്നിട്ടില്ല.

(ഇ) പദ്ധതി തുകയിൽ ഉണ്ടായ വർദ്ധനവുമൂലം കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടില്ല.

## സ്പ്രിംഗ്ലർ കരാറിന്മേലുള്ള അന്വേഷണം

20 (*20) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവര ശേഖരണത്തിനും വിശകലനത്തിനും അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ളറുമായി കരാർ ഉണ്ടാക്കിയത് നടപടിക്രമങ്ങൾ പാലിച്ചായിരുന്നോ?

ഇക്കാര്യം മൂന്നംഗ വിദഗ്ധ സമിതിയുടെ പരിശോധനയിലാണ്.

(ബി) ഇക്കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി രൂപീകരിച്ചിരുന്നോ?

ഉണ്ട്.

(സി) റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

&

(ഡി) ഈ വിഷയത്തിൽ വീണ്ടും അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദമാക്കുമോ?

(സി&ഡി) റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഉൾപ്പെടെ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്.

## ഭക്ഷ്യധാന്യകിറ്റ് വിതരണം

21 (*21) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിന് എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപ അനുവദിച്ചിരുന്നു. അതിനുശേഷം ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ ആകെ 1,649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ലോക്ഡൗൺ കാലത്ത് റേഷൻ കാർഡുടമകൾക്ക് അതിജീവന കിറ്റ് വിതരണം ചെയ്ത വകയിൽ 826.76 കോടി രൂപയാണ് സപ്ലൈകോയ്ക്ക് ചെലവായിട്ടുള്ളത്.

(ബി) ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്യുന്നതിനുള്ള കാലാവധി ഇപ്പോൾ ഏതുവരെയാണ് ദീർഘിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്?

കോവിഡ് സമാശ്വാസത്തിന്റെ ഭാഗമായി സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ആയതിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിതരണം പൂർത്തിയായി. നവംബർ, ഡിസംബർ മാസകിറ്റുകളുടെ വിതരണം 9-1-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ 2021 ഏപ്രിൽ മാസം വരെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഏകദേശം 1,352 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് ആകെ എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതിയുടെ ഗുണഫലം ലഭ്യമായിക്കൊണ്ടിരിക്കുന്നതെന്നുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് ഏകദേശം 89 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർ മാസകിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർ മാസകിറ്റുകൾ 83.68 ലക്ഷം കുടുംബങ്ങൾക്കും വിതരണം പൂർത്തിയായിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിലെ കിറ്റ് വിതരണം 9-1-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 99736 ഫിഷർമാൻ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ദുരിത സമയത്ത് സാധാരണക്കാരായ പാവപ്പെട്ടവർക്ക് ഏറെ സഹായകരമായ ഈ പദ്ധതിയെക്കുറിച്ച് ചിലർ ഉന്നയിക്കുന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ തള്ളിക്കളഞ്ഞ് കിറ്റ് വിതരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കിറ്റ് വിതരണ പദ്ധതി ഏറ്റവും കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് എല്ലാവിധ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. കിറ്റുകളിൽ ഉൾപ്പെടുത്തുന്ന ഇനങ്ങൾ യഥാസമയം ഏറ്റവും കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനായി സുതാര്യമായ ഇ-ടെണ്ടർ പർച്ചേസ് സംവിധാനമാണ് സപ്ലൈകോ ഉപയോഗിക്കുന്നത്. ഇതിനുപുറമെ പയർ വർഗ്ഗങ്ങളും മറ്റും നാഫെഡ് മുതലായ കേന്ദ്ര ഏജൻസികളിൽനിന്നും നേരിട്ട് പർച്ചേസ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. കിറ്റിൽ ഉൾപ്പെടുത്തുന്ന ഓരോ ഇനത്തിന്റെയും അളവിലും ഗുണത്തിലും കൃത്യത ഉറപ്പുവരുത്തുന്നതിന് ഓഡിറ്റ്/ഗുണനിലവാര പരിശോധനാ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ പോലീസ് സൂപ്രണ്ട് പദവിയിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും നിരന്തരം ഫീൽഡ് പരിശോധനകൾ നടത്തുകയും പരാതികളിൽ അന്വേഷണം നടത്തുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## സാമ്പത്തിക കുറ്റകൃത്യങ്ങൾ

22 (*22) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി തുടച്ചുനീക്കുമെന്ന വാഗ്ദാനവുമായി ഭരണത്തിൽ വന്ന ഈ സർക്കാർ അക്കാര്യത്തിൽ പരാജയപ്പെടുകയും മുഖ്യമന്ത്രിയുടെ ഓഫീസ്തന്നെ ഇതിന് താവളമാകുകയും ചെയ്തിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

അഴിമതിയും സാമ്പത്തിക കുറ്റങ്ങളും എന്തുവില കൊടുത്തും ചെറുക്കണമെന്ന ശക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കസ്റ്റംസ് ആക്ടിന്റെ ലംഘനം നടക്കുകയും അത് വെളിച്ചത്ത് വരികയും ചെയ്ത ഘട്ടത്തിൽ രാജ്യാന്തര കള്ളക്കടത്ത് രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയെ ബാധിക്കുന്ന ഒന്നാണെന്ന അഭിപ്രായം കേന്ദ്ര സർക്കാരിന് മുമ്പാകെ മുന്നോട്ടുവച്ചത് സംസ്ഥാന സർക്കാരാണ്. ഇത്തരം പ്രവർത്തനത്തിനെതിരെ സമഗ്രവും ഏകോപിതവുമായ അന്വേഷണം ആവശ്യമാണെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടു.

ഇപ്പോൾ എൻ.ഐ.എ., കസ്റ്റംസ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നീ ഏജൻസികൾ വിവിധ കേസുകൾ അന്വേഷിക്കുന്നുണ്ട്.

തെളിവ് ശേഖരിച്ച് വസ്തുത കണ്ടെത്തുന്ന അന്വേഷണ രീതികളെ സർക്കാർ ഒരിക്കലും എതിർത്തിട്ടില്ല. എന്നാൽ നിലവിലെ സാഹചര്യത്തിൽ കേന്ദ്ര അന്വേഷണ ഏജൻസികളെ കേന്ദ്രസർക്കാർ ദുരുപയോഗം ചെയ്യുന്നുവെന്നത് ആർക്കും കാണാൻ കഴിയും.

ചില കേന്ദ്ര സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഭരണഘടനയുടെ സീമകൾ ലംഘിക്കുകയും സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള മുൻനിര പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും അത് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു. അതോടൊപ്പം അന്വേഷണത്തിന്റെ ഭാഗമായി സത്യസന്ധരും കഠിനാദ്ധ്വാനികളുമായ ഉദ്യോഗസ്ഥരുടെ ആത്മവീര്യം കെടുത്തുന്ന അവസ്ഥ സംജാതമായിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി സ്വർണ്ണക്കടത്തും ഡോളർ കടത്തും നടത്തിയ കേസിൽ പ്രതിയാക്കപ്പെട്ട് കുറ്റപത്രം സമർപ്പിക്കപ്പെട്ടത് അതീവ ഗൗരവമായി സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

&

(സി) മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുമായ വ്യക്തിയുടെ നേതൃത്വത്തിൽ ഭരണസ്വാധീനം ഉപയോഗിച്ച് സെക്രട്ടേറിയറ്റിൽ കോടികളുടെ ധനസമാഹരണവും രാജ്യദ്രോഹ ഇടപാടും നടത്തിയെന്ന ആക്ഷേപം മുഖ്യമന്ത്രി അറിഞ്ഞില്ല എന്നുപറഞ്ഞ് ഒഴിയാൻ സർക്കാരിനാകുമോ?

(ബി&സി) ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തിവരുന്നതായി അറിയുന്നു. സംസ്ഥാന സർക്കാർ വകുപ്പുതല നടപടികൾ എടുക്കുകയും വിജിലൻസ് അന്വേഷണം നടത്തിവരുന്നുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ശ്രീ. എം. ശിവശങ്കറിനെ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ഒഴിവാക്കിയിരുന്നു.

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന കൊച്ചിയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പ്രതികൾ വെളിപ്പെടുത്തിയ പേരുകൾ മനസ്സാക്ഷിയെ ഞെട്ടിക്കുന്നതാണെന്ന കോടതി പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഉന്നതർ നടത്തിയ അഴിമതിയിലേയ്ക്ക് വിരൽ ചൂണ്ടുന്നതല്ലേയെന്ന് വെളിപ്പെടുത്തുമോ?

മാധ്യമ റിപ്പോർട്ടുകൾ മാത്രമേ കണ്ടിട്ടുള്ളൂ. മറ്റൊരു വിവരവും ലഭ്യമല്ല.

## ഭക്ഷ്യകിറ്റ് വിതരണം

23 (*23) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടും പ്രതിസന്ധിയും പരിഹരിക്കുന്നതിന് ഭക്ഷ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ്-19-മായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തലത്തിൽ കോവിഡ്-19 സെൽ, ജില്ലാ തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യ ധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് പൊതുവിപണിയിൽ ഗണ്യമായ പരിശോധനകൾ നടത്തുകയും അതുവഴി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാനും സാധിച്ചു. 2020 ഏപ്രിൽ മാസം, AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം

പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NPS, NPNS വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. അതോടൊപ്പം തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ നല്കുകയും കോവിഡ് 19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് അവശ്യ സാധനങ്ങൾ അടങ്ങിയ അതിജീവനകിറ്റ് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സ്കീം വ്യത്യാസമില്ലാതെ സൗജന്യമായി വിതരണവും നടത്തി. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ PMGKAY പ്രകാരം മുൻഗണനാ കാർഡുടമകൾക്കും ആത്മ നിർഭർ ഭാരത് പ്രകാരം അതിഥി തൊഴിലാളികൾക്കും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സാധിച്ചു. ലോക്ഡൗൺ കാലത്ത് അവശ്യ സാധനങ്ങൾ തടസ്സംകൂടാതെ എത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ എർപ്പെടുത്തിയിരുന്നു. 2020 സെപ്റ്റംബർ മുതൽ ഡിസംബർ മാസം വരെ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അവശ്യസാധനങ്ങൾ അടങ്ങിയ സ്പെഷ്യൽ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സർക്കാർ അംഗീകൃതവും അല്ലാത്തതുമായ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നാല് അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. റേഷൻ സാധനങ്ങളുടെ വിതരണം തടസ്സപ്പെടാത്ത രീതിയിൽ എല്ലാ റേഷൻ ഡിപ്പോകളും കോവിഡ് 19 മാനദണ്ഡങ്ങൾ പ്രകാരം തുറന്ന് പ്രവർത്തിക്കുകയും സംസ്ഥാനത്തെ എല്ലാ സപ്ലൈ ആഫീസുകളും NFSA ഗോഡൗണുകളും അവധി ദിവസങ്ങൾ ഉൾപ്പെടെ തുറന്നുപ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യകിറ്റ് വിതരണം എന്നുമുതൽ തുടങ്ങിയെന്നും ആയത് ജനങ്ങൾക്ക് എത്രത്തോളം ആശ്വാസം പകർന്നെന്നും വ്യക്തമാക്കുമോ?

രാജ്യത്ത് കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി ലോക്ക്ഡൗൺ നിലവിലുണ്ടായിരുന്ന ഏപ്രിൽ-മേയ് മാസങ്ങളിൽ അതിജീവന നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും 17 ഇനം അവശ്യ സാധനങ്ങൾ ഉൾപ്പെടുത്തിയ കിറ്റ് നൽകിയാണ് കോവിഡ് സമാശ്വാസ കിറ്റ് വിതരണത്തിന് തുടക്കംകുറിച്ചത്. കോവിഡിനോടനുബന്ധിച്ച് എല്ലാവിധ തൊഴിൽ മേഖലകളും സ്തംഭിക്കുകയും ജനം വറുതിയുടെ ഭീഷണിയിലാകുകയും ചെയ്ത കാലത്താണ് കരുതൽ നടപടികളുടെ ഭാഗമായി സൗജന്യ കിറ്റ് വിതരണ പദ്ധതി ആരംഭിച്ചത്. ഈ നടപടി ജനങ്ങൾക്ക് വളരെയധികം ആശ്വാസം പകരുകയും ചെയ്തു.

(സി) സർക്കാരിന്റെ നിലവിലെ മോശപ്പെട്ട സാമ്പത്തിക അവസ്ഥയിലും ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിനാണോ ഭക്ഷ്യകിറ്റ് നൽകിയതെന്ന് അറിയിക്കുമോ?

അതെ. കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായാണ് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും അവശ്യ സാധനങ്ങൾ അടങ്ങിയ ഭക്ഷ്യക്കിറ്റ് നല്കി വരുന്നത്.

(ഡി) ഭക്ഷ്യകിറ്റ് വിതരണത്തിലൂടെ സർക്കാരിനുണ്ടായ സാമ്പത്തികബാധ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ ആകെ 1,649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) ഭക്ഷ്യക്കിറ്റ് വിതരണം എന്നുവരെ തുടരുമെന്നറിയിക്കുമോ?

2021 ഏപ്രിൽ മാസം വരെ ഭക്ഷ്യ കിറ്റ് വിതരണം തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി**

24 (*24) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തിയിരുന്നോ;

&

(ബി) തുറമുഖം ഒന്നാംഘട്ടം ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാവുന്ന നിലയിൽ പണി ത്വരിതപ്പെടുത്താനായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി

നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects – Infrastructure), പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തു വരുന്നു. ഇതുകൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director-നെയും നിയമിച്ചിട്ടുണ്ട്.

(സി) പ്രദേശവാസികളുടെ ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം ആർ.ഡി.ഒ. ചെയർമാനായ ഒരു ഉപജീവനാഘാത നിർണ്ണയസമിതിയും (Livelihood Impact Appraisal Committee- LIAC) ഇതിന്മേലുള്ള അപ്പീലുകൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു അപ്പീൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന്, വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ അധ്യക്ഷതയിൽ, ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയപ്പോൾ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരുന്ന ചട്ടങ്ങൾ പ്രകാരം, പദ്ധതി പ്രദേശത്തിന്റെ തെക്കും വടക്കുമുള്ള 20 km വീതം തീരപ്രദേശത്ത് (മൊത്തം 40 km) ഓരോ മാസത്തെയും തൽസ്ഥിതി നിരീക്ഷണവും വിവരശേഖരണവും 2015 ഫെബ്രുവരി മാസം മുതൽ National Institute of Ocean Technology (NIOT)-യുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. അതനുസരിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് കാലാകാലങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുന്നുമുണ്ട്. ഇതുകൂടാതെ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ (NGT) നിയമിച്ചിട്ടുള്ള ഏഴംഗ വിദഗ്ധ സമിതിയും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 'Shoreline Monitoring Cell'- ലെ കമ്മിറ്റി അംഗങ്ങളും ടി റിപ്പോർട്ടുകൾ 3 മാസം കൂടുമ്പോൾ പരിശോധിക്കുന്നുണ്ട്.

(ഡി) തുറമുഖവുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതി അറിയിക്കാമോ?

പദ്ധതിയുടെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം സംബന്ധിച്ച സ്ഥിതി താഴെപ്പറയുന്നു.

<u>റെയിൽ</u>:

വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം നാഗർകോവിൽ റെയിൽ പാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് കൊങ്കൺ റെയിൽ കോർപ്പറേഷനെ EPC കോൺട്രാക്ടറായി നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ

തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) ദക്ഷിണ റയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

റോഡ്:

ദേശീയ പാത 66-മായി തുറമുഖത്തിനെ ബന്ധിപ്പിക്കുന്ന നാല് വരി റോഡിന്റെ നിർമ്മാണം അദാനി കമ്പനി നിർവ്വഹിച്ചുവരുന്നു. തുറമുഖ പാതയും ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ ഡിസൈൻ NHAI-യുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്.

വൈദ്യുതി:

തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി പൂവാർ 33 കെ.വി.എ. സബ് സ്റ്റേഷനിൽനിന്നും KSEB ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ പ്രവർത്തനാവശ്യത്തിനുള്ള 220 കെ.വി. വൈദ്യുതിലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ (കാട്ടാക്കടനിന്നും ബാലരാമപുരംവഴി) അന്തിമഘട്ടത്തിലാണ്.

ജല വിതരണം:

3.3 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ**

25 (*25) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. മുകേഷ്:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും ആരോഗ്യസംരക്ഷണത്തിനുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(ബി) മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

1. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007-ന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പു വരുത്തുന്ന പദ്ധതി.
2. മുതിർന്ന പൗരന്മാർക്ക് ഗ്ലൂക്കോമീറ്റർ നൽകുന്നതിനുള്ള 'വയോമധുരം' പദ്ധതി.
3. എല്ലാ സർക്കാർ വൃദ്ധസദനങ്ങളിലെയും അന്തേവാസികൾക്ക് ആയുർവ്വേദ ചികിത്സ നൽകുന്ന 'വയോ അമൃതം' പദ്ധതി.
4. മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ലുകൾ നല്കുന്നതിനുള്ള 'മന്ദഹാസം' പദ്ധതി.
5. കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ വയോജന സുരക്ഷയെ മുൻനിർത്തി ആരംഭിച്ച 'വയോക്ഷേമ കാൾ സെന്റർ'.
6. വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന 'സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി.'
7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ പകൽവീടുകളിൽ അടിസ്ഥാന സൗകര്യങ്ങളും വിവിധ സേവനങ്ങളും ഉൾപ്പെടുത്തി 'സായംപ്രഭാ ഹോമു'കളാക്കി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി.
8. ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന സായംപ്രഭാ ഹോമുകളിൽനിന്നും തെരഞ്ഞെടുത്ത ഒരു ഹോമിനെ 'മാതൃകാ സായംപ്രഭാ ഹോം' ആക്കി മാറ്റുന്ന പദ്ധതി.
9. ഗവൺമെന്റ് വൃദ്ധമന്ദിരങ്ങളിലെ താമസക്കാരുടെ മാനസിക ഉല്ലാസവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള 'മ്യൂസിക് തെറാപ്പി'.
10. ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ശാരീരിക ക്ഷമതയും മാനസിക ആരോഗ്യവും മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന 'യോഗ തെറാപ്പി'.

11. സർക്കാർ വൃദ്ധസദനങ്ങളിലെ വയോജനങ്ങളുടെ മാനസിക സുസ്ഥിതി ഉറപ്പുവരുത്തുന്നതിന് NIMHANS സഹായത്തോടുകൂടി ആരംഭിച്ച 'സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡേർലി ഇൻ ഓൾഡ് ഏജ് ഹോം' പദ്ധതി.

12. മുതിർന്ന പൗരന്മാർക്ക് മാനസികമായും ശാരീരികമായും ഉല്ലാസം പകരുന്ന 'വയോജനപാർക്ക്'.

13. 'കൺസീലിയേഷൻ ഓഫീസർമാർക്ക് ഹോണറേറിയം' നൽകുന്ന പദ്ധതി.

14. സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യപരിരക്ഷയും മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽത്തന്നെ ഒരുക്കുന്ന 'വയോമിത്രം' പദ്ധതി. ഇപ്പോൾ 85 നഗരസഭകളിലും 6 കോർപ്പറേഷനുകളിലും 3 ബ്ലോക്കുകളിലും നടപ്പിലാക്കി വരുന്നു.

(സി) സാമൂഹ്യനീതി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പാക്കിവരുന്ന സായംപ്രഭ പദ്ധതിയിൽ വയോജനങ്ങൾക്കായി എന്തെല്ലാം പരിപാലന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

- പഞ്ചായത്തിൽ ഒത്തുകൂടുന്നതിന് സൗകര്യം ഒരുക്കൽ.
- ശാരീരിക, മാനസിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഹോമുകളിൽ ഒരുക്കുക.
- മുതിർന്നവരുടെ പരിപാലനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, മാനസികവും ശാരീരികവും ആരോഗ്യപരവുമായ വിഷയങ്ങൾ ആസ്പദമാക്കി ആഴ്ചയിൽ ഒരു ദിവസം യോഗ്യരായവരെകൊണ്ട് ക്ലാസുകൾ സംഘടിപ്പിക്കുക.
- ആഴ്ചയിൽ ഒരു ദിവസമെങ്കിലും യോഗ ക്ലാസ്സ്.
- കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
- പോഷകാഹാരക്കുറവുള്ളവർക്ക് രണ്ട് നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ചുകൊടുക്കുക.
- ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സായംപ്രഭാ ഹോമിനെ മാതൃകാ സായംപ്രഭാ ഹോമാക്കി ഉയർത്തുന്ന പദ്ധതി. സായംപ്രഭാ ഹോമുകളിലെ പൊതുപ്രവർത്തനങ്ങൾക്കുപുറമെ ആരോഗ്യപരി

പാലനം, പോഷകാഹാര വിതരണം, ഫിസിയോതെറാപ്പി, വരുമാന വർദ്ധന പദ്ധതികൾ, കൗൺസിലിങ്ങ് & ഹെൽപ്പ് ഡെസ്ക്, ചലന സഹായ ഉപകരണങ്ങൾ, വിനോദോപാധികൾ, കമ്പ്യൂട്ടർ സാക്ഷരത, ബോധവൽക്കരണം തുടങ്ങിയവ ലഭ്യമാക്കിവരുന്നു.

## കോവിഡ് നിയന്ത്രണം

26(*26) ശ്രീ. അൻവർ സാദത്ത്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് അൺലോക്കിന് തുടക്കമിട്ടതോടെ സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ?

അൺലോക്കിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽ നിന്നും വൻതോതിൽ ജനങ്ങൾ കേരളത്തിലേയ്ക്കെത്തിയതിനാൽ കോവിഡ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2020 ഡിസംബർ മാസത്തെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എത്രയാണ്?

2020 ഡിസംബർ മാസത്തെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.58 ആണ്.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോവിഡ് മാനദണ്ഡം തെറ്റിച്ചുള്ള പ്രചരണവും ക്രിസ്തുമസ് ആഘോഷംമൂലമുള്ള തിരക്കും രോഗ വ്യാപനത്തിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ?

രോഗികളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോവിഡ് മാനദണ്ഡം തെറ്റിച്ചുള്ള പ്രചരണവും ആഘോഷങ്ങൾമൂലമുള്ള തിരക്കും ക്രമാതീതമായ രോഗ വ്യാപനത്തിന് കാരണമായതായി വിലയിരുത്തിയിട്ടില്ല.

(ഡി) പുതുവത്സരത്തിൽ രോഗവ്യാപനത്തിനുള്ള സാധ്യത കൂടുതലായിരുന്ന സാഹചര്യത്തിൽ അത് നിയന്ത്രിക്കുന്നതിന് നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ കൂടുതൽ കർശനമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പുതുവത്സരത്തിൽ കോവിഡ് രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കുപുറമെ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

## ദേശീയ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം

27 (*27) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യ സൂചികയിൽ ഏതൊക്കെ ഘടകങ്ങൾ പരിഗണിച്ചാണ് സംസ്ഥാനങ്ങളുടെ റാങ്കിംഗ് നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നീതി ആയോഗിന്റെ ജൂൺ 2019-ൽ പ്രസിദ്ധീകരിച്ച India Report on the Ranks of States and Union Territories എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട 23 ഇൻഡിക്കേറ്റേഴ്സിന്റെ കോമ്പോസിറ്റ് സ്കോർ കണക്കിലെടുത്താണ് Health Index തയ്യാറാക്കുന്നത്. ഈ 23 ഇൻഡിക്കേറ്ററുകളെ 3 പ്രധാന Domains ആയി തരം തിരിച്ചിട്ടുണ്ട്. അവ (1) Health Outcomes (2) Governance and Information Domain (3) Key Inputs/ Processes Domain എന്നിവയാണ്. NMR, Under five mortality rate, TFR, Sex Ratio, Full Immunization coverage, Proportion of institutional deliveries, Treatment success rate of new microbiologically confirmed TB cases (RNTCP MIS) എന്നിവ ഉൾക്കൊള്ളുന്ന Health outcomes എന്ന domain-നാണ് കൂടുതൽ വെയിറ്റേജ് നൽകിയിരിക്കുന്നത്.

(ബി) ഇതിൽ ഏതൊക്കെ ഘടകങ്ങളിൽ മുന്നിട്ട് നിന്നതിനാലാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയതെന്ന് അറിയിക്കുമോ?

നീതി ആയോഗിന്റെ ജൂൺ 2019-ൽ പ്രസിദ്ധീകരിച്ച Reports on the Ranks of States and Union Territories എന്ന റിപ്പോർട്ടിൽ 21 Larger States കാറ്റഗറിയിൽ Weightage കൂടുതലുള്ള Health outcomes Domain-ൽ 1.1.1-

Neonatal Mortality Rate (SRS), 1.1.2 - Under five Mortality Rate (SRS), 1.1.3 - Total Fertility Rate (SRS), 1.1.5 - Sex ratio at Birth (SRS), 1.2.1 - Full immunization coverage (HMIS), 1.2.2 - Proportion of institutional deliveries (HMIS), 1.2.4- Treatment success rate of new Microbiologically confirmed TB cases (RNTCP MIS) എന്നീ ഇൻഡിക്കേറ്ററുകളും കൂടാതെ Governance and Information Domain-ലെ 2.1.1.a - Data Integrity Measure - Percent deviation of HMIS reported data from NFHS for institutional deliveries (NFHS 4 & HMIS) എന്ന ഇൻഡിക്കേറ്ററും Key Inputs/Processes Domain-ലെ 3.1.1.a - Proportion of ANMs positions vacant at Sub Centers (State Report), 3.1.1.b - Proportion of Staff Nurses positions vacant at PHCs and CHCs (State Report), 3.1.1.c -Proportion of MO positions vacant at PHCs (State Report), 3.1.1.d - Proportion of Specialist positions vacant at District Hospitals (State Report), 3.1.2 -Proportion of total staff (regular and contractual) with e-pay slip generated in the IT enabled Human Resources Management Information System (State Report), 3.1.4-Functional Cardiac Care Units per District 100 (State Report), 3.1.5- Proportion of ANCs registered within first trimester (HMIS), 3.1.6- Level of birth registration (CRS), 3.1.7.a- Completeness of IDSP Reporting of P form (Central IDSP, MoHFW data), 3.1.7.b-Completeness of IDSP Reporting of L form (Central IDSP, MoHFW data) എന്നീ ഇൻഡിക്കേറ്ററുകളും Front runner ആയതിനാലാണ് Health Index ranking-ൽ കേരളം ഒന്നാം സ്ഥാനത്തെത്തിയത്.

(സി) രാജ്യത്തെ മികച്ച പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കേരളത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ സ്ഥാനം വ്യക്തമാക്കുമോ?

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) ദേശീയതല പരിശോധനയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലുള്ള രാജ്യത്തെ 13 മികച്ച പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം-I ആയി ചേർക്കുന്നു*.

(ഡി) നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾ കേരളത്തിലുണ്ടോ; വ്യക്തമാക്കുമോ?

85 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചു. കേരളത്തിലെ 7 സർക്കാർ ആശുപത്രികൾ എൻ.ക്യൂ.എ.എസ്. അക്രെഡിറ്റേഷനുവേണ്ടിയുള്ള ദേശീയതല

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിശോധന കഴിഞ്ഞ് ഫലം കാത്തിരിക്കുകയാണ്. ഇതുകൂടാതെ 8 ആശുപത്രികൾ ദേശീയതല പരിശോധനയ്ക്കായുള്ള അപേക്ഷ നൽകി പരിശോധനാനടപടികൾ കാത്തിരിക്കുകയാണ്. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം-II ആയി ചേർക്കുന്നു*.

(ഇ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെയും ലാബുകളെയും നിയന്ത്രിക്കുന്നതിനും ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ കേരളത്തിലെ സ്വകാര്യ ലാബുകൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം ലാബുകളുടെയും ആശുപത്രികളുടെയും രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതത് ക്ലിനിക്കൽ സ്ഥാപനങ്ങളിൽനിന്ന് നൽകിവരുന്ന സേവനങ്ങൾക്ക് ഈടാക്കാവുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുക്കളുടെയും അറിവിലേയ്ക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ, ഡിജിറ്റലായോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ്സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്കുകൂടി മനസ്സിലാകത്തക്ക വിധത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## വികസന, ജനക്ഷേമ പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം

28 (*28) ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കി, അവയുടെ നിർവ്വഹണ പുരോഗതി പൊതുജനങ്ങളെ അറിയിക്കുന്നതിനായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടിയെടുത്ത ആദ്യ സർക്കാരെന്ന നിലയിൽ വിവിധ പദ്ധതികൾ കൂടുതൽ ജനസൗഹൃദപരവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ജനസൗഹൃദവും കാര്യക്ഷമ വുമായിട്ടുള്ള വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കാർഷിക മേഖലയിൽ കൃഷിയിടങ്ങൾ വ്യാപിപ്പിക്കുകയും തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. വിള ഇൻഷ്വറൻസ് നടപ്പാക്കു ന്നതിലൂടെ കൃഷിക്കാർക്ക് നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചതിലൂടെ കൃഷിക്കാർക്കും ഉപഭോക്താക്കൾക്കും അതിന്റെ പ്രയോജനം ലഭിച്ചു. വ്യവസായമേഖലയിൽ സ്റ്റാർട്ടപ്പുകളും ഏകജാലക സംവിധാനങ്ങളും ആരംഭിച്ചതിലൂടെ വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകി. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കാൻ നിയമനിർമ്മാണം കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസ് സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നു. സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം (ഐ.എൽ. ജി.എം.എസ്.), സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ. സ്റ്റാൻഡേർഡ്, ടെണ്ടർ സംവിധാനം, ഡി.ബി.ടി. സംവിധാനം എന്നിവയിലൂടെ പദ്ധതികൾ കൂടുതൽ ജനസൗഹൃദപരവും കാര്യക്ഷമവുമാക്കുന്നതിന് സാധിക്കുന്നു.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും അവയുടെ നിർമ്മാണം യഥാസമയം അവലോകനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കു മ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി നിർവ്വഹണപുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. പ്ലാൻ സ്പേസ് സാങ്കേതികവിദ്യ സംസ്ഥാനത്തുടനീളം മോണിറ്ററിംഗിനായി ഉപയോഗപ്പെടുത്തുന്നു. ജില്ലാ തലത്തിൽ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ചുമതല നൽകിയിട്ടുള്ള മന്ത്രിമാർ കൃത്യമായ ഇടവേളകളിൽ പുരോഗതി അവലോകനം നടത്തി പ്രവർത്തന പുരോഗതി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നു. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺന്റെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ ഓരോ മാസവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി വിലയിരുത്തി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ

തലത്തിൽ എല്ലാമാസവും അവസാന ശനിയാഴ്ച ദിവസങ്ങളിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപ്പെട്ട എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(സി) പ്രളയവും ഓഖിയും നിപയും കോവിഡും പോലെയുള്ള ദുരന്തങ്ങൾ പ്രതിസന്ധി സൃഷ്ടിച്ചപ്പോഴും വികസന പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കൂടുതൽ ജനക്ഷേമകരമായ പദ്ധതികൾ രൂപീകരിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കെ-റെയിൽ പദ്ധതി**

29 (*29) <u>ശ്രീ. എം. ഉമ്മർ</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

പഠനം നടത്തിയിട്ടുണ്ട്. ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടും ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് പാതയുടെ കൂടുതൽ ഭാഗവും കടന്നുപോകുന്നത്. പദ്ധതിക്കായുള്ള പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുകയെന്ന ഉദ്ദേശത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിൽ 88 കിലോമീറ്ററും ആകാശ പാതയിലൂടെയുമാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർതടങ്ങളും മറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പാലങ്ങളും കൾവർട്ടുകളും ഇതിനായി നിർമ്മിക്കുന്നതായിരിക്കും. നിർമ്മാണഘട്ടത്തിൽ പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പദ്ധതിക്കായി നടപ്പിലാക്കുക. വിശദമായ സാമൂഹികാഘാത

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഠനം, കൃത്യമായ ഭൂമി അളന്നതിട്ടപ്പെടുത്തൽ എന്നിങ്ങനെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. റെയിൽ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനം നിയമപരമായി ആവശ്യമില്ലെങ്കിലും വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹികാഘാത പഠനം നടത്തുന്നതാണ്.

(ബി) ഈ പദ്ധതി നിലവിൽ വരുമ്പോൾ കുടിയൊഴിപ്പിക്കേണ്ടിവരുന്നവരെ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ?

നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങളും പാടങ്ങളും കാവുകളും ബാധിക്കപ്പെടാത്തരീതിയിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകൾ ഉൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കാൻ സാധ്യതയുള്ളതും ഇരുപതിനായിരത്തോളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുന്നതുമായ ഈ പദ്ധതി നടപ്പിലാക്കാനുള്ള നീക്കം പുനർവിചിന്തനത്തിന് വിധേയമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും പരിഗണനയിലാണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ.

**പ്രവാസികളുടെ ക്ഷേമം**

30 (*30) ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)
2. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി.)
3. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
4. പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി.
5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്
7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും
8. ഓൺലൈൻ ഡാറ്റാ ബേസ്
9. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)
10. എമർജൻസി റിപാട്രിയേഷൻ ഫണ്ട്
11. ലോക കേരള സഭ
12. സാന്ത്വന പദ്ധതി (ധനസഹായത്തിന് ഉണ്ടായിരുന്ന വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്നും 1.5 ലക്ഷം രൂപയായി ഉയർത്തി)
13. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
14. നോർക്ക റിക്രൂട്ട്മെന്റ്
15. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്
16. NRI ഇൻവെസ്റ്റ്മെന്റ് കമ്പനി
17. പ്രവാസി കേന്ദ്ര സഹകരണ സംഘം
18. വനിത NRK സെൽ

 കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്വഴി നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു:-

19. മുൻ സർക്കാരിന്റെ കാലത്ത് 500 രൂപ മുതൽ 1,000 രൂപ വരെ ആയിരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാറ്റഗറി വ്യത്യാസം ഇല്ലാതെ 2,000 രൂപ മുതൽ 4,000 രൂപ വരെയായി വർദ്ധിപ്പിച്ചു.

20. പ്രവാസി ക്ഷേമനിധി അംഗത്വത്തിന് സുതാര്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

21. കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവാസി ക്ഷേമ ബോർഡിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവർക്കെല്ലാം 1,000 രൂപ ധനസഹായം നൽകി. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 ബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000 രൂപ വീതവും നൽകിവരുന്നു.

22. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി' ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി. മേൽ വിവരിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു*.

(ബി) പ്രവാസികളുടെ നിക്ഷേപം സുരക്ഷിതമാക്കുന്നതിനും അത് നാടിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടി ശരിയായ രീതിയിൽ ഉപയോഗിക്കുന്ന തിനുമായി നടപ്പിലാക്കിയ പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ വിശദാംശംനൽകാമോ?

പ്രവാസി കേരളീയരുടെ ക്ഷേമം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി ക്ഷേമ ബോർഡ് കിഫ്ബിയുടെ സഹകരണ ത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിതപങ്കാളിക്കും ആജീവനാന്തം പ്രതിമാസം സുരക്ഷിത വരുമാനം ഉറപ്പുനൽകുന്ന പദ്ധതിയാണിത്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ദീർഘകാല പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭ്യമാക്കുകയും ചെയ്യും. ആദ്യ 3 വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. അതിനുശേഷം നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപ തുക തിരികെ നൽകുന്നതാണ്. ഇതിനോടകം വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളിൽനിന്നും 181.14 കോടി രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിവിധ രാജ്യങ്ങളിൽനിന്ന് തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി ആരംഭിച്ച സംരംഭകത്വ പരിശീലന പദ്ധതിയുടെ വിശദ വിവരങ്ങൾ നൽകുമോ?

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്ന പദ്ധതിയാണിത്. തിരികെ വന്ന് സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്ട്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകിവരുന്നു.

(ഡി) 2020 ജനുവരി ഒന്നിനുശേഷം നാട്ടിലെത്തിയ പ്രവാസി മലയാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ആശ്വാസധനം വിതരണം ചെയ്യുന്നതിനായി എത്ര തുക ചെലവഴിച്ചു എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

2020 ജനുവരി ഒന്നിനുശേഷം നാട്ടിലെത്തിയ പ്രവാസി മലയാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനം വിതരണം ചെയ്യുന്നതിനായി ഇതുവരെ 57.5 കോടി രൂപ ചെലവഴിച്ചു. ഈ ഇനത്തിലുള്ള ധനസഹായ വിതരണം പൂർത്തിയാക്കുന്നതിനുവേണ്ടി 25 കോടി രൂപ കൂടി നോർക്ക റൂട്ട്സിന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പ്രവാസജീവിതം കഴിഞ്ഞ് തിരികെയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി സർക്കാർ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്?

പ്രവാസജീവിതം കഴിഞ്ഞ് തിരികെയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസികൾക്കും അവരുടെ കുടുബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണ് 'സാന്ത്വന'. വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളിൽ വിവിധ രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവർക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000

രൂപവരെയും മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1,00,000 രൂപവരെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് 15,000 രൂപ വരെ ധനസഹായവും പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽച്ചെയർ മുതലായവ വാങ്ങുന്നതിന് 10,000 രൂപ വരെയും ധനസഹായം നൽകുന്നു. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്‌വഴി ക്ഷേമനിധി അംഗങ്ങൾക്ക് വിവിധ ധനസഹായങ്ങൾ നൽകിവരുന്നുണ്ട്.

(എഫ്) ഓരോ പദ്ധതിയിനത്തിലും ഈ സർക്കാരിന്റെ കാലത്ത് എത്ര തുക വീതം ചെലവഴിച്ചുവെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണോ?

ഈ സർക്കാരിന്റെ കാലത്ത് ഓരോ പദ്ധതിയിനത്തിലും ചെലവഴിച്ച തുകയുടെയും ഗുണഭോക്താക്കളുടെ എണ്ണവും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം (2) ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ജി) സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള വരുമാനപരിധി എത്രയായിരുന്നുവെന്നും ഇപ്പോൾ ഇത് ഉയർത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; സാന്ത്വന ധനസഹായം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായിരുന്നത് 1.5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 14,460 ഗുണഭോക്താക്കൾക്കായി 86.12 കോടി രൂപയോളം ഈ പദ്ധതി മുഖേന വിതരണം ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റീബിൽഡ് കേരള

1 (1) <u>ശ്രീ എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തരം റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് റോഡ് ഉൾപ്പെടെയുള്ള നിർമ്മാണമേഖലയിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഈ തുകകൊണ്ട് എത്ര നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവന ക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ വിവിധ വകുപ്പുകളുടേതായി 7,192.78 കോടി രൂപ ചെലവുവരുന്ന വിവിധ പദ്ധതികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകുകയും 179.13 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ വകുപ്പ് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

### ദാരിദ്ര്യ നിർമ്മാർജ്ജനം

2 (2) ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട് പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ഏതെല്ലാം മേഖലകളിലാണ് കേരളം മുന്നിലെത്തിയിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ ?

ഐക്യരാഷ്ട്ര സഭ പുറത്തിറക്കിയ ' Rethinking Poverty Report on World Social Situation 2010' എന്ന റിപ്പോർട്ടിൽ വിപുലീകരിച്ച പൊതുനയ പരിപാടിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യത്തിന്റെ വിവിധ തലങ്ങൾ പരിശോധിക്കപ്പെട്ടിട്ടുണ്ട്. സാമൂഹ്യ പരിവർത്തന നയങ്ങൾക്ക് അനുസൃതമായ മാറ്റങ്ങളിലൂടെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യ മേഖലകളിലെ സൂചകങ്ങൾ പ്രതിശീർഷ ദേശീയ ശരാശരിയെക്കാൾ മുന്നിട്ട് നിൽക്കുന്നതായി കാണാം. ഇത്തരം സാമൂഹിക പരിവർത്തനം സാധ്യമാക്കിയ ചൈന, കോസ്റ്ററിക്ക, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളോടൊപ്പം ഇന്ത്യയിലെ കേരള സംസ്ഥാനത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉയർന്ന പ്രതിശീർഷ വരുമാനം കൈവരിക്കാൻ സാധിച്ച രാജ്യങ്ങളിൽ പലതിലും ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ ഉൾച്ചേർക്കൽ എന്നിവയിൽ പിന്നോട്ട് പോയതായി കാണാം. പ്രസ്തുത റിപ്പോർട്ടിൽ ഇന്ത്യയിലെ പ്രാദേശിക തലത്തിലുള്ള ജീവിതനിലവാരത്തിലെ വ്യത്യാസങ്ങളും പ്രതിപാദിക്കുന്നുണ്ട്. ഇന്ത്യയിലെ ദക്ഷിണ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടകം, കേരളം, തമിഴ്നാട് എന്നിവിടങ്ങളിലെ ദരിദ്രരുടെ ശതമാനം 18%-ൽ (1993-1994-ലെ കണക്ക്) നിന്നും 15% ആയി (1999-2000)

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുറഞ്ഞതായി കാണാം. ഇതേ കാലയളവിൽത്തന്നെ ദരിദ്രരുടെ ശതമാനം ബീഹാർ, ഒറീസ്സ, മധ്യപ്രദേശ്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ 57%-ൽ നിന്നും 63% ആയി ഉയർന്നിട്ടുണ്ട്. കൂടാതെ, ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് പുറത്തിറക്കിയ "SDG India Index" പുറത്തിറക്കിയ രണ്ട് വർഷങ്ങളിലെ റിപ്പോർട്ടുകളിലും കേരളം ഒന്നാം സ്ഥാനത്താണുള്ളത്. പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ആദ്യ ഗോളായ 'No Poverty'-യുമായി ബന്ധപ്പെട്ട സ്ഥിതിവിവരങ്ങൾ അനുബന്ധമായി (അനുബന്ധം - 1, 2) ചേർത്തിട്ടുണ്ട്*.

(ബി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന രൂപീകരണത്തിനുശേഷമുണ്ടായ വിവിധ പുരോഗമന സർക്കാരുകൾ സാമ്പത്തിക വളർച്ചയ്ക്കുപരിയായി സാമൂഹ്യ വളർച്ചയ്ക്ക് പ്രാധാന്യം നൽകുകയുണ്ടായി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സംസ്ഥാന ബജറ്റിന്റെ നല്ലൊരു ശതമാനവും ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല, സാമൂഹ്യസുരക്ഷാ ക്ഷേമ പെൻഷനുകൾ തുടങ്ങിയ നിരവധി ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായാണ് കേരളം വികസിത രാജ്യങ്ങളുമായി കിടപിടിക്കത്തക്ക രീതിയിൽ സാമൂഹ്യമേഖലകളിൽ മുന്നിട്ടുനിൽക്കുന്നത്. നിലവിലുള്ള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതി പോലുള്ള മുൻനിര പരിപാടികൾ കേരളത്തിന്റെ നിലവിലുള്ള സ്ഥിതി ഇനിയും മെച്ചപ്പെടുത്താൻ സഹായകമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

1. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പൊതു ലക്ഷ്യമായ 'To Leave No one behind' എന്നതിന്റെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ലംബവും തിരശ്ചീനവുമായ ഒരു സ്ഥാപനതല ചട്ടക്കൂട് രൂപകൽപ്പന ചെയ്ത് നടപ്പാക്കി.

2. സർക്കാരിന്റെ നവകേരളം കർമ്മപദ്ധതി പോലുള്ള നിരവധി പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞു. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഉതകുന്ന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ ശുഷ്കാന്തിയോടെ നടപ്പിലാക്കാൻ ശ്രമിച്ചു. പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിരീക്ഷണവും ഏകോപനവും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന പദ്ധതി ചെലവ് അവലോകന യോഗത്തിലും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും അവലോകന യോഗങ്ങളിലും സമയാസമയങ്ങളിൽ വിലയിരുത്തി ആവശ്യമായ ഇടപെടലുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

3. ബന്ധപ്പെട്ട stake holders-നെ ഉൾപ്പെടുത്തി ചർച്ചാ യോഗങ്ങളും ശിൽപ്പശാലകളും നടത്തി സൂചകങ്ങൾക്കാവശ്യമായ സ്ഥിതിവിവര കണക്കുകളുടെ ലഭ്യതയും കണക്കുകൾ ലഭ്യമല്ലാത്തവയ്ക്ക് ആയത് ലഭ്യമാക്കാൻ ആവശ്യമായ നടപടികളെ സംബന്ധിച്ചും ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും കൈവരിക്കുന്നതിന് ആവശ്യമായ സൂചകങ്ങളുടെ സ്ഥിതിവിവര കണക്കുകൾ പരമാവധി ലഭ്യമാക്കി നീതി ആയോഗിനെ അറിയിച്ചിട്ടുണ്ട്.

## സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

3 (3) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർകോഡ് വരെ 560 കി.മീ. സെമി ഹൈസ്പീഡ് റെയിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle approval) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ടോപ്പോഗ്രാഫിക്കൽ സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ കേന്ദ്ര അനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച അലൈൻമെന്റോടു കൂടിയ വിശദമായ പദ്ധതി റിപ്പോർട്ടിന് 11-6-2020-ലെ സ.ഉ.(കൈ) നമ്പർ 18/2020/ഗതാ. ഉത്തരവ് പ്രകാരം സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle approval) ലഭ്യമായിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് എത്രയാണെന്നും സംസ്ഥാന/ കേന്ദ്ര/വിദേശ ഏജൻസികളിൽനിന്നും എത്ര കോടി രൂപവീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്താമോ ?

63,941 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ധനശേഖരണ രൂപം അനുബന്ധമായി ചേർക്കുന്നു*.

(ഡി) കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) ഈ പദ്ധതി ഉപേക്ഷിക്കുകയാണെന്ന് അറിയിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ വകുപ്പിൽനിന്നും 2020 സെപ്റ്റംബർ 3-ന് കത്ത് ലഭിച്ചിരുന്നോ;

&

(എഫ്) കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ അനുമതിയില്ലാതെ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

(ഡി-എഫ്) സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും പരിഗണനയിലാണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായ തിനുശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ.

**ഭരണ നേട്ടങ്ങൾ**

4 (4) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ പി. ടി. എ. റഹീം:
ശ്രീ. കെ. ബാബു:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോപണങ്ങൾവഴി സർക്കാരിനെ ഇകഴ്ത്താനായി നടത്തുന്ന ശ്രമങ്ങൾ അതിജീവിച്ചുകൊണ്ട് ഐക്യരാഷ്ട്ര സംഘടനയും നീതി ആയോഗും ചേർന്ന് തയ്യാറാക്കുന്ന സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾ നേടിയ പുരോഗതി വിലയിരുത്തുന്ന നീതി ആയോഗിന്റെ SDG India Index റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന് തുടർച്ചയായി രണ്ടാം വർഷവും ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചിട്ടുണ്ട്. വികസനത്തിന്റെ ഫലം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക (Leave no one behind) എന്ന പൊതു ലക്ഷ്യത്തോടെ ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായ 193 രാജ്യങ്ങൾ ചേർന്ന് 2015-ൽ അംഗീകരിച്ച 'അജണ്ട 2030' പ്രകാരം 17 സുസ്ഥിരവികസന ലക്ഷ്യങ്ങളും (Sustainable Development Goals) അനുബന്ധമായി 169 ഉപലക്ഷ്യങ്ങളും (targets) അംഗീകരിക്കുകയുണ്ടായി. പ്രസ്തുത സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2016 ജനവരി 1-ന് ആരംഭിച്ച് 2030-ൽ നിർദ്ദിഷ്ട ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും സാക്ഷാത്കരിച്ച് " Leave no one behind" എന്ന മുദ്രാവാക്യം അന്വർത്ഥമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തർദേശീയതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലും നടന്നുവരുന്നു. സുസ്ഥിരവികസന ലക്ഷ്യങ്ങളും (Goals) ഉപലക്ഷ്യങ്ങളും (target) ഘട്ടംഘട്ടമായി കൈവരിക്കുന്നതിന് ഉചിതമായ സൂചകങ്ങൾ (indicators) നിശ്ചയിച്ചിട്ടുണ്ട്. ഇന്ത്യയിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ നീതി ആയോഗിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സൂചകങ്ങളുടെ ദേശീയതലത്തിലുള്ള ചട്ടക്കൂട് (National Indicator Framework) തയ്യാറാക്കുന്നതിനും ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുന്നതിനും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിനെ (MoSPI) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഓരോ സംസ്ഥാനവും കേന്ദ്രഭരണ പ്രദേശവും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിലുള്ള പുരോഗതി നീതി ആയോഗ് നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള ദേശീയ സൂചകങ്ങൾ (302 എണ്ണം) അടിസ്ഥാനമാക്കി പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ നീതി ആയോഗ് ചില മുൻഗണനാ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി composite index score തയ്യാറാക്കുകയും ഓരോ ലക്ഷ്യങ്ങളിലുമുള്ള പുരോഗതി വെവ്വേറെ കാണിച്ചുകൊണ്ടും SDG India Index report 2018-ഉം SDG India Index report 2019-ഉം നീതി ആയോഗ് പുറത്തിറക്കുകയുണ്ടായി. 2018-ലെ റിപ്പോർട്ടിൽ 62 മുൻഗണനാ സൂചകങ്ങളുടെയും 2019-ൽ 100 മുൻഗണനാ സൂചകങ്ങളുടെയും സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇൻഡക്സ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ കേരളം 2 വർഷവും ഒന്നാം സ്ഥാനം കൈവരിക്കുകയുണ്ടായി. 2018-ലെ റിപ്പോർട്ടിൽ പരിഗണിച്ച 13 ലക്ഷ്യങ്ങളിൽ (12, 13, 14, 17 ഒഴികെ) ലക്ഷ്യം 3 (നല്ല ആരോഗ്യവും ക്ഷേമവും), 4

(ഗുണമേന്മയുള്ള വിദ്യാഭ്യാസം), 5 (ലിംഗ സമത്വം) എന്നിവയിൽ ഒന്നാം സ്ഥാനത്തും ലക്ഷ്യം 9 (നൂതന ആശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ)-ൽ രണ്ടാം സ്ഥാനത്തും ലക്ഷ്യം 2 (വിശപ്പില്ലായ്മ)-ൽ മൂന്നാം സ്ഥാനത്തും 2019-ലെ റിപ്പോർട്ടിൽ പരിഗണിച്ച 16 ലക്ഷ്യങ്ങളിൽ (17 ഒഴികെ) ലക്ഷ്യം 3 (നല്ല ആരോഗ്യവും ക്ഷേമവും) 9 (നൂതന ആശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ) എന്നിവയിൽ ഒന്നാം സ്ഥാനത്തും ലക്ഷ്യം 4 (ഗുണമേന്മയുള്ള വിദ്യാഭ്യാസം), 5 (ലിംഗ സമത്വം) എന്നിവയിൽ രണ്ടാം സ്ഥാനത്തും ലക്ഷ്യം 2 (വിശപ്പില്ലായ്മ), 15 (കരയിലെ ജൈവവൈവിധ്യം സംരക്ഷിക്കൽ) എന്നിവയിൽ മൂന്നാം സ്ഥാനത്തുമാണ് കേരളം. Composite Index Score-ന്റെ അടിസ്ഥാനത്തിൽ Achiever (സ്കോർ 100), Front Runner (സ്കോർ 65-99), Performer (സ്കോർ 50-64), Aspirant (സ്കോർ 0-49) എന്നിങ്ങനെ നാലായി സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും തരംതിരിച്ചിട്ടുണ്ട്. 2018-ലെ റിപ്പോർട്ടുപ്രകാരം 8 ലക്ഷ്യങ്ങൾ (1, 2 , 3, 4, 9, 10, 15, 16) Front runner, 4 ലക്ഷ്യങ്ങൾ (5, 6, 7, 8) Performer കാറ്റഗറിയിലും ഒരെണ്ണം (11) Aspirant കാറ്റഗറിയിലുമാണ്. എന്നാൽ 2019-ലെ റിപ്പോർട്ട് പ്രകാരം ഇത് യഥാക്രമം 9 ലക്ഷ്യങ്ങൾ (2, 3, 4, 6, 7, 9, 10, 15, 16), 6 ലക്ഷ്യങ്ങൾ (1, 5, 8, 11, 12, 13) ഒരു ലക്ഷ്യം (14) വീതം ആണ്. 2018-ൽ പരിഗണിച്ച 62 മുൻഗണനാ സൂചകങ്ങളിൽ 18 സൂചകങ്ങൾ ദേശീയ ലക്ഷ്യം (national target) കൈവരിച്ചിരുന്നു. 2019-ലെ റിപ്പോർട്ടിൽ പരിഗണിച്ച 100 മുൻഗണനാ സൂചകങ്ങളിൽ 26 സൂചകങ്ങൾ ദേശീയ ലക്ഷ്യം കൈവരിച്ചു. നീതി ആയോഗിന്റെ പ്രസ്തുത റിപ്പോർട്ടുകളിൽ സൂചകങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ വിവിധ സർവ്വേകളിൽനിന്നും വിവിധ കേന്ദ്ര മന്ത്രാലയങ്ങളിൽനിന്നുമാണ്. ചില സൂചകങ്ങൾക്ക് വിശ്വസനീയവും കുറച്ചുകൂടി മെച്ചപ്പെട്ടതുമായ സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ലഭ്യമായതുകൂടി പരിഗണിച്ചിരുന്നെങ്കിൽ ചില മേഖലകളിൽക്കൂടി മെച്ചപ്പെട്ട നേട്ടം കൈവരിക്കാനാകുമായിരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് വിവിധ തലങ്ങളിലെ ഭരണ നേട്ടത്തിനായി ലഭിച്ച പ്രമുഖ അവാർഡുകളും അംഗീകാരങ്ങളും എന്തൊക്കെയാണ് ?

നീതി ആയോഗിന്റെ SDG India Index റിപ്പോർട്ടുകൾ പുറത്തിറക്കിയ രണ്ട് വർഷവും (2018-19, 2019-2020 കാലയളവുകളിൽ) തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്ത് എത്തിയതിന് പുറമെ, നാളിതുവരെ ഈ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

1. പബ്ലിക് അഫയേഴ്സ് സെന്ററിന്റെ പഠനത്തിൽ രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനമാണ് കേരളം (തുടർച്ചയായി മൂന്നാം വർഷം).

    i. മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം.

    ii. മാനുഷിക പുരോഗതിക്ക് പിന്തുണ നൽകുന്ന സംസ്ഥാനങ്ങളിലും വനിത-ശിശുസുരക്ഷ രംഗത്തും ഒന്നാം സ്ഥാനം.

    iii. ശിശു-സൗഹൃദ സംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡക്സ് തെരഞ്ഞെടുത്തു.

    iv. ക്രമസമാധാന രംഗത്ത് രണ്ടാം സ്ഥാനം.

    v. പരിസ്ഥിതി സംരക്ഷണ രംഗത്ത് മൂന്നാം സ്ഥാനം.

2. ഇന്ത്യാ ടുഡേ സർവ്വേയിൽ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

    i. ക്രമസമാധാനം, ആരോഗ്യ പരിപാലനം, പരിസ്ഥിതി സംരക്ഷണം, ശുചിത്വം, വിനോദസഞ്ചാരം, മികച്ച പാൽ ഉൽപ്പാദനക്ഷമത സംസ്ഥാനം തുടങ്ങിയ ഇന്ത്യാ ടുഡേ അവാർഡ് 4 വർഷത്തിനിടയിൽ കേരളത്തിന് ലഭിച്ചു.

    ii. നഗര ഗതാഗത മികവിന് ഏർപ്പെടുത്തിയ അർബൻ മൊബിലിറ്റി ഇന്ത്യ അവാർഡ് 2017.

    iii. 2017-ലെ ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (ഡി.എസ്.സി.ഐ.) അവാർഡ്.

    iv. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ).

3. അഴിമതി കുറവുള്ള സംസ്ഥാനം കേരളം

    i. സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ പഠനത്തിൽ അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം ഒന്നാമതെത്തി.

    ii. ട്രാൻസ്പെരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്ന് നടത്തിയ ഇന്ത്യ കറപ്ഷൻ സർവ്വേയിലും 2019-ൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

4. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത നാടായി തെരഞ്ഞെടുക്കപ്പെട്ടു.

5. പാസ്പോർട്ട് അപേക്ഷകളിലെ പരിശോധനാ മികവിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹമായി.

6. കേരളത്തിലെ സ്റ്റുഡന്റ് പോലീസ് സംവിധാനം രാജ്യത്ത് വ്യാപക മാക്കുന്നു.

7. 2018-ൽ ദേശീയ തലത്തിൽ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്ന് - വളപട്ടണം.

8. ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള രണ്ടാമത്തെ ജില്ലാ പോലീസ് ഓഫീസ് - കൊല്ലം.

9. കോപ്സ് ടുഡെ ഇന്റർനാഷണലിന്റെ പോലീസ് എക്സലന്റ്സ് അവാർഡ് 2017 ജനമൈത്രി പോലീസിന്.

10. കേരള പോലീസിന് നാല് സ്കോച്ച് അവാർഡ്.

    i. സംസ്ഥാനത്ത് കഴിഞ്ഞ വർഷമുണ്ടായ വിനാശകരമായ പ്രളയ ദുരന്തത്തിൽ കേരള പോലീസ് നടത്തിയ രക്ഷാ പ്രവർത്തനങ്ങൾക്ക് സ്കോച്ചിന്റെ സുവർണ്ണ പുരസ്കാരം ലഭിച്ചു.

    ii. കേരള പോലീസിന്റെ പദ്ധതികളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ഹോപ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് സ്കോച്ച് മെറിറ്റ് അവാർഡ് ലഭിച്ചു.

    iii. SKOCH Governance Award 2018 കേരള പോലീസിന്.

11. പോലീസിന്റെ സൈബർ ഡോം പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം

    i. The Information Security Leadership Achievements Asia-Pacific Award 2018.

    ii. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ സൈബർ സുരക്ഷയ്ക്കുള്ള സ്മാർട്ട് പോലീസിംഗ് പുരസ്കാരം 2018.

iii. യു.എ.ഇ.-യുടെ Best 'M' Government Service Award - 6th Edition സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനായ 'Traffic Guru'-ന് ലഭിച്ചു.

iv. 2019-ൽ ബാങ്കിംഗ് ഫ്രോഡുകൾ കണ്ടെത്താനുള്ള പദ്ധതിക്ക് ബിസിനസ് വേൾഡ് ഡിജിറ്റൽ അവാർഡ്.

v. ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2019 സൈബർ ഡോമിന് ലഭിച്ചു.

vi. സെക്യൂരിറ്റി വാച്ച് ഇന്ത്യ ഏർപ്പെടുത്തിയ ഇന്നൊവേഷൻ ആന്റ് എക്സലൻസ് അവാർഡ് സൈബർ ഡോമിന് 2016-ൽ ലഭിച്ചു.

vii. സൈബർ കുറ്റാന്വേഷണം നാസ്കോം-ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ അവാർഡ് 2017-ൽ കേരളത്തിന് ലഭിച്ചു.

12. അന്തർദേശീയ-ദേശീയ അംഗീകാര നിറവിൽ ആരോഗ്യ മേഖല

i. നീതി ആയോഗ് ആരോഗ്യ മേഖലയ്ക്കായി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ടിൽ കേരളത്തിന് തുടർച്ചയായ രണ്ട് വർഷങ്ങളിൽ ഒന്നാം സ്ഥാനം.

ii. ശിശു മരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണ നിരക്കും ഏറ്റവും കുറവ് കേരളത്തിൽ.

iii. മികച്ച പ്രതിരോധ കുത്തിവയ്പ് നൽകുന്ന സംസ്ഥാനം കേരളം.

iv. നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേയിൽ ഒന്നാം സ്ഥാനം.

v. വേൾഡ് മെഡിക്കൽ ജേർണലിന്റെ മികച്ച ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കേരളത്തിന്.

vi. മാതൃ മരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്രധാനമന്ത്രി സുരക്ഷ മാതൃത്വ അഭ്യാൻ അവാർഡ് 2019.

vii. ദേശീയ തലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡിൽ ആദ്യ പന്ത്രണ്ടും കേരളത്തിൽ നിന്നുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾ.

viii. സംസ്ഥാനത്തെ 55 കുടുംബാരോഗ്യ കേന്ദ്രങ്ങൾ NQAS അംഗീകാരം നേടി.

ix. 2018-ൽ രാജ്യത്തെ മികച്ച സർക്കാർ ആശുപത്രികളായി ചാലക്കുടി താലൂക്ക് ആശുപത്രിയെയും നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തെയും തെരഞ്ഞെടുത്തു.

x. 2019-ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമിക ആരോഗ്യ കേന്ദ്രമായി കയ്യൂർ കുടുംബാരോഗ്യകേന്ദ്രം തെരഞ്ഞെടുക്കപ്പെട്ടു.

xi. നിപ്പ പ്രതിരോധത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ വൈറോളജി കേരളത്തെ ആദരിച്ചു.

13. ലോകാരോഗ്യ സംഘടനയുടെ വേൾഡ് ഹിയറിംഗ് ഫോറത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.റ്റി. വിഭാഗത്തിന് അംഗത്വം ലഭിച്ചു.

14. ഭിന്നശേഷി ശാക്തീകരണം: ദേശീയ അവാർഡ്

i. 2019-ലെ ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം കേരളത്തിന്.

ii. ഭിന്നശേഷി നയം 2016 നടപ്പിലാക്കുന്നതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹ്യനീതി വകുപ്പ് നൽകുന്ന 2018-ലെ ദേശീയ അവാർഡ്.

iii. എൻ.എച്ച്.എഫ്.ഡി.സി.-യുടെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി വിഭാഗത്തിൽ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

15. വയോജന സംരക്ഷണത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അവാർഡ്.

16. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആദ്യ ഭക്ഷ്യ സുരക്ഷ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്.

17. 2018-19, 2019-20 വർഷങ്ങളിൽ വനിത ശാക്തീകരണത്തിനുവേണ്ടി നടത്തിയ പ്രവർത്തനത്തിൽ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അവാർഡ് വനിതാ വികസന കോർപ്പറേഷന് ലഭിച്ചു.

18. വിദ്യാഭ്യാസ മേഖലയിൽ കേരളം ഒന്നാമത്.

i. സ്കൂൾ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്ന സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമത്.

ii. പെൺകുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം.

iii. 2019-ലെ രാജ്യത്തെ മികച്ച സർക്കാർ വിദ്യാലയങ്ങളുടെ പട്ടികയിൽ കോഴിക്കോട് നടക്കാവ് സ്കൂളിന് രണ്ടാം സ്ഥാനം.

iv. സമഗ്ര ശിക്ഷാ പ്രവർത്തനങ്ങളുടെ സൂചികയിൽ കേരളം 2018-19, 2019-20 വർഷങ്ങളിൽ ഒന്നാം ഗ്രേഡിൽ.

19. രാജ്യത്തെ മികച്ച പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്ത് ഉൾപ്പെട്ടു.

20. പ്രധാനമന്ത്രി സ്വച്ഛ് ഭാരത് പദ്ധതിയിൽ കേരളം ഒന്നാം സ്ഥാനത്ത്.

21. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം.

i. തൊഴിലുറപ്പ് പദ്ധതിയിൽ മികവുറ്റ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് രാജ്യത്ത് ഒന്നാം സ്ഥാനം.

ii. തൊഴിലുറപ്പ് പദ്ധതിയിൽ സമയബന്ധിതമായി വേതനം വിതരണം ചെയ്യുന്നതിലെ മികവിന് മൂന്നാം സ്ഥാനം.

iii. ബെയർ ഫൂട്ട് ടെക്നീഷ്യന്മാരെ വിന്യസിക്കുന്നതിൽ മൂന്നാം സ്ഥാനം.

22. ഐക്യരാഷ്ട്ര സഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന് കൊച്ചിൻ ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു.

23. 2019-20 വർഷം ടെക്നോപാർക്കിന് ക്രിസിൽ-എ സ്റ്റേബിൾ റേറ്റിംഗ് ലഭിച്ചു.

24. UBI Global നടത്തിയ വേൾഡ് ബെഞ്ച് മാർക്ക് പഠനത്തിൽ പബ്ലിക് ബിസിനസ്സ് ആക്സിലേറ്ററിനുള്ള ഒന്നാം സ്ഥാനം കേരള സ്റ്റാർട്ടപ്പ് മിഷന് ലഭിച്ചു.

25. ടൂറിസം മിഷന് 10 അവാർഡുകൾ ലഭിച്ചു. WTM-ന്റെ മൂന്ന് അവാർഡുകൾ. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ മൂന്ന് ഗോൾഡൻ പുരസ്കാരങ്ങൾകൂടി കേരള ടൂറിസത്തിന് ലഭിച്ചു.

26. കേന്ദ്ര നഗര ഭവന മന്ത്രാലയത്തിന്റെ നഗര ബസ് സേവന പദ്ധതി കളുള്ള പുരസ്കാരം അനസ്യൂത യാത്ര കൊച്ചി എന്ന പദ്ധതിക്ക് ലഭിച്ചു.

27. 2019-ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡ് കേരളത്തിലെ എനർജി മാനേജ്മെന്റ് സെന്ററിന് ലഭിച്ചു.

28. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ റിപ്പോർട്ട് അനുസരിച്ച് വനവിസ്തൃതി വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിൽ.

29. മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ലഭിച്ചു.

(സി) ട്രാൻസ്പെരൻസി ഇന്റർനാഷണൽ നടത്തിയ ഇന്ത്യാ കറപ്ഷൻ സർവ്വേയിൽ കേരളം ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി വെളിപ്പെട്ടിരുന്നോ എന്നറിയിക്കാമോ;

&

(ഡി) മികച്ച ഭരണം കാഴ്ചവയ്ക്കുന്നതിന് പബ്ലിക് അഫയേഴ്സ് സെന്ററിന്റെ അവാർഡ് സംസ്ഥാനത്തിന് ആവർത്തിച്ച് ലഭിക്കുകയുണ്ടായോ ?

(സി&ഡി) ഉണ്ട്. വിശദ വിവരം (ബി) പിരിവ് ഉത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രതിസന്ധികൾക്കിടയിലും പ്രകടനപ്പത്രികയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ എത്രമാത്രം വിജയിച്ചെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഈ പ്രതിസന്ധികൾക്കിടയിലും പ്രകടനപത്രികയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ വിജയിച്ചിട്ടുണ്ട്.

## വികസന-ജനക്ഷേമ പ്രവർത്തനങ്ങൾ

5(5) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് സേവനങ്ങളും ആനുകൂല്യങ്ങളും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സാധാരണക്കാർക്ക് ഏറെ സഹായകമാകുംവിധം ക്ഷേമ മേഖലയിൽ കാലോചിതമായ എന്തെല്ലാം ഇടപെടലുകളാണ് ഇക്കാലയളവിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

&

(ഡി) വികസനവും ജനക്ഷേമവും ഒരേ പ്രാധാന്യത്തോടെ നടപ്പിലാക്കിയതിന് നീതി ആയോഗിന്റെ റിപ്പോർട്ടിൽ കേരളം ഒന്നാം സ്ഥാനത്തിന് അർഹമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഭരണ നിർവ്വഹണത്തിലെ മികവിന് ലഭിച്ച അംഗീകാരങ്ങൾ

6(7) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നിർവ്വഹണത്തിലെ മികവിന് സംസ്ഥാന സർക്കാരിന് അന്താരാഷ്ട്ര അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഭരണനിർവ്വഹണത്തിലെ മികവിന് സംസ്ഥാന സർക്കാരിന് ലഭിച്ച പ്രധാന അന്താരാഷ്ട്ര അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ രാജ്യത്ത് കേരളം ഒന്നാം സ്ഥാനത്താണ്.

2. കോപ്സ് ടുഡെ ഇന്റർനാഷണലിന്റെ പോലീസ് എക്സലൻസ് അവാർഡ് 2017 ജനമൈത്രി പോലീസിന് ലഭിച്ചു.

3. സംസ്ഥാനത്തുണ്ടായ വിനാശകരമായ പ്രളയദുരന്തത്തിൽ കേരള പോലീസ് നടത്തിയ രക്ഷാപ്രവർത്തനങ്ങൾക്ക് സ്കോച്ചിന്റെ സുവർണ്ണ പുരസ്കാരം ലഭിച്ചു.

4. കേരള പോലീസിന്റെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ഹോപ്പ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് സ്കോച്ച് മെരിറ്റ് അവാർഡ് ലഭിച്ചു. കൂടാതെ SKOCH Governance Award-2018 കേരള പോലീസിന് ലഭിച്ചു.

5. പോലീസിന്റെ സൈബർ ഡോം പദ്ധതിക്ക് Information Security Leadership Achievements Asia-Pacific (ISLA Asia-Pacific Award 2018, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2019 എന്നീ അംഗീകാരങ്ങൾ ലഭിച്ചു.

6. UAE-യുടെ Best 'M' Government Service Award-6th Edition സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനായ 'Traffic Guru'-വിന് ലഭിച്ചു.

7. 2019-ൽ ബാങ്കിംഗ് ഫ്രോഡുകൾ കണ്ടെത്തുന്നതിനുള്ള പദ്ധതിക്ക് ബിസിനസ് വേൾഡ് ഡിജിറ്റൽ അവാർഡ് ലഭിച്ചു.

8. വേൾഡ് മെഡിക്കൽ ജേർണലിന്റെ മികച്ച ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

9. നിപ പ്രതിരോധത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ വൈറോളജി കേരളത്തെ ആദരിച്ചു.

10. ലോകാരോഗ്യ സംഘടനയുടെ വേൾഡ് ഹിയറിംഗ് ഫോറത്തിൽ കേരളത്തെയും ഉൾപ്പെടുത്തി.

11. ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന്' കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു.

12. UBI Global നടത്തിയ വേൾഡ് ബെഞ്ച് മാർക്ക് പഠനത്തിൽ പബ്ലിക് ബിസിനസ് ആക്സിലേറ്ററിനുള്ള ഒന്നാം സ്ഥാനം കേരള സ്റ്റാർട്ടപ്പ് മിഷന് ലഭിച്ചു.

13. WTM-ന്റെ മൂന്ന് അവാർഡുകൾ, പസഫിക്, ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്ന് ഗോൾഡൻ പുരസ്കാരങ്ങൾ എന്നിവ കേരള ടൂറിസത്തിന് ലഭിച്ചു. കൂടാതെ കോവിഡ്-19 മഹാമാരി പ്രതിരോധിക്കുന്നതിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടു.

(ബി) ആരോഗ്യപരിപാലനം, ക്രമസമാധാനം, വിനോദസഞ്ചാരം, പരിസ്ഥിതി സംരക്ഷണം, മികച്ച പാൽ ഉൽപ്പാദനക്ഷമത, ശുചിത്വം തുടങ്ങിയ മേഖലകളിൽ ഇന്ത്യാ ടുഡേ നടത്തുന്ന സർവ്വേകളിൽ കഴിഞ്ഞ നാല് വർഷമായി ഒന്നാം സ്ഥാനം നിലനിർത്തുന്നത് കേരളമാണോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ?

അതെ. ആരോഗ്യപരിപാലനം, ക്രമസമാധാനം, പരിസ്ഥിതി സംരക്ഷണം, ശുചിത്വം, വിനോദസഞ്ചാരം, മികച്ച പാൽ ഉൽപ്പാദനക്ഷമതാ സംസ്ഥാനം തുടങ്ങിയ ഇന്ത്യാ ടുഡേ അവാർഡ് നാലുവർഷത്തിനിടയിൽ കേരളത്തിന് ലഭിച്ചു.

(സി) നീതി ആയോഗിന്റെ വിദ്യാഭ്യാസ, ആരോഗ്യ റാങ്കിംഗിൽ രാജ്യത്ത് മുന്നിലെത്തുന്നതിന് കേരളത്തെ സഹായിച്ച ഘടകങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക മികവ് പ്രോത്സാഹിപ്പിക്കുന്നതിനും പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകി. കൂടാതെ ആർദ്രം പദ്ധതിയുടെ കീഴിൽ വിവിധ പദ്ധതികളിലൂടെ ആരോഗ്യ സേവനം എല്ലാവരിലും എത്തിക്കാൻ സാധിച്ചു. ആരോഗ്യമേഖലയിൽ മുമ്പെങ്ങും ഇല്ലാത്ത രീതിയിൽ വിപുലമായ അടിസ്ഥാന സൗകര്യവികസനവും നൂതന വിദഗ്ദ്ധ ചികിത്സാ പദ്ധതികളും ആവിഷ്കരിക്കുകയും ഇവ താഴെത്തട്ടുവരെ എത്തിക്കുകയും ചെയ്തു. അതോടൊപ്പം പൊതുജന ആരോഗ്യമേഖലയിൽ വലിയ രീതിയിൽ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും എണ്ണം വർദ്ധിപ്പിക്കുകയുമുണ്ടായി. ഇവ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധവും ജീവിതശൈലീരോഗങ്ങൾക്ക് എതിരെ എടുത്ത സമഗ്രമായ ആരോഗ്യപ്രതിരോധ പ്രവർത്തനങ്ങളും വലിയ രീതിയിൽത്തന്നെ വിവിധ അന്താരാഷ്ട്ര ഏജൻസികൾ അടക്കം പ്രകീർത്തിക്കുകയുണ്ടായി.

(ഡി) ട്രാൻസ്പരൻസി ഇന്റർനാഷണൽ നടത്തുന്ന കറപ്ഷൻ സർവ്വേയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഭരണ രംഗത്തെ കാര്യക്ഷമതയും അഴിമതി തുടച്ചുനീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും കാരണം ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യ നടത്തിയ ഇന്ത്യാ കറപ്ഷൻ സർവ്വേയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

## കോവിഡ് -19

7(8) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിനായി നാളിതുവരെ സംസ്ഥാന സർക്കാർ എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 17,27,549 രൂപയും കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിന്റെ സർവ്വീസ് ചാർജ്ജായി ഇമേജ് എന്ന സ്ഥാപനത്തിന് 1,03,29,256 രൂപയും (ഒരു കോടി മൂന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്തി ആറ് രൂപ) ചേർത്ത് ആകെ 22,056,805 രൂപ വിനിയോഗിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ ത്തിനായി 524.24 കോടി രൂപ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമായി നാഷണൽ ഹെൽത്ത് മിഷന് ലഭിച്ചിട്ടുണ്ട്. ഇതിൽ 49.47 കോടി രൂപ സംസ്ഥാന വിഹിതമാണ്. 31-12-2020 വരെ 451.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 30.69 കോടി രൂപ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും നാഷണൽ ഹെൽത്ത് മിഷന് കോവിഡ് പ്രതിരോധത്തിനായി ലഭിച്ചതിൽ 31-12-2020 വരെ 30.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ 22.68 കോടി രൂപ കോവിഡ് ബ്രിഗേഡിനുള്ള ഗ്രാന്റായി ജീവനക്കാർക്ക് ഇൻസെന്റീവും അലവൻസ് നൽകാൻ സംസ്ഥാന സർക്കാരിൽനിന്നും നാഷണൽ ഹെൽത്ത് മിഷന് ലഭിച്ചത് മുഴവൻ ചെലവഴിച്ചിട്ടുണ്ട്. 36.36 കോടി രൂപ ആശുപത്രി നിർവ്വഹണ സമിതികൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അത് അതത് ആശുപത്രി നിർവ്വഹണ സമിതികൾക്കായി ട്രാൻസ്ഫർ ചെയ്തു കൊടുത്തിട്ടുണ്ട്. കോവിഡ്-19-ന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസനിധിയിൽ നിന്നും 31-12-2020 വരെ 704.11 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾക്ക് സുമനസ്സുകളുടെ സഹായമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എത്ര തുകയാണ് ലഭിച്ചതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കോവിഡ്-19-മായി ബന്ധപ്പെട്ട് 31-12-2020 വരെ 529.94 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

## സെക്രട്ടേറിയറ്റിൽ ഉണ്ടായ തീപിടുത്തം

8(9) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ പ്രോട്ടോക്കോൾ വിഭാഗത്തിൽ കഴിഞ്ഞവർഷം ഉണ്ടായ തീപിടുത്തം സംബന്ധിച്ച് ഫോറൻസിക് ലാബ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ലഭ്യമായ റിപ്പോർട്ടിന്മേൽ സംസ്ഥാന പോലീസ് മേധാവി നടപടി സ്വീകരിച്ചു വരുന്നു.

## കോവിഡ് പ്രതിസന്ധി മറികടക്കാൻ നടത്തിയ പ്രവർത്തനങ്ങൾ

9(10) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി പ്രഖ്യാപിച്ച ആദ്യ നൂറുദിന പരിപാടികളുടെ പുരോഗതി വിലയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ ?

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി പ്രഖ്യാപിച്ച ആദ്യഘട്ട നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി മന്ത്രിമാരെയും ചീഫ് സെക്രട്ടറിയെയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെയും ഉൾപ്പെടുത്തി മൂന്ന് അവലോകന യോഗങ്ങൾ 13-10-2020, 10-11-2020, 2-12-2020 എന്നീ തീയതികളിൽ മുഖ്യമന്ത്രി വിളിച്ച

ചേർക്കുകയുണ്ടായി. കൂടാതെ, വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരും അവരവരുടെ തലങ്ങളിൽ നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി അവലോകനംചെയ്ത് സമയാ സമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതികൾ സമയബന്ധി തമായി പൂർത്തീകരിക്കാൻ നടപടികളെടുത്തിട്ടുണ്ട്.

(ബി) കാർഷികേതര മേഖലയിൽ നൂറുദിവസംകൊണ്ട് അമ്പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള അതിജീവനം കേരളീയം പദ്ധതി കൈവരിച്ച നേട്ടം അറിയിക്കാമോ ?

50000 തൊഴിലവസരങ്ങൾ പരിപാടിയുടെ ഭാഗമായി സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരിപാടിയുടെ ഭാഗമായി ലക്ഷ്യത്തെക്കാൾ ഇരട്ടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 121083 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പണമില്ലാതെ ജനങ്ങൾ പട്ടിണിയാകാതിരിക്കാൻ സർക്കാർ നടത്തിയ ഇടപെടലിനെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തിൽ ഒരാളും പട്ടിണികിടക്കാൻ പാടില്ലെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പ്രതിമാസ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം പൊതുവിതരണ സമ്പ്രദായ ത്തിലൂടെ ഫലപ്രദമായി നടപ്പാക്കുകയും ലോക്ഡൗൺ ഘട്ടത്തിൽ സാമൂഹിക അടുക്കള, സൗജന്യ റേഷൻ, സംസ്ഥാനത്ത് ആരംഭിച്ച ജനകീയ ഹോട്ടൽ വഴി പണം മുടക്കാൻ കഴിയാത്തവർക്ക് സൗജന്യഭക്ഷണം നൽകൽ, സാമൂഹ്യസുരക്ഷാ പെൻഷൻ, വെൽഫെയർ പെൻഷൻ തുടങ്ങിയവ കൃത്യസമയത്ത് വിതരണം ചെയ്യുകയും ഒരു ആനുകൂല്യത്തിനും അർഹതയില്ലാത്ത ബി.പി.എൽ. കാർഡുടമകൾക്ക് 1,000 രൂപ വീതം 1485000 കുടുംബങ്ങൾക്ക് ഒറ്റത്തവണ സമാശ്വാസമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കേരള പുനർനിർമ്മാണ പദ്ധതി**

10(11) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലും ഉണ്ടായ പ്രളയത്തിൽ വിവിധ മേഖലകളിൽ സംഭവിച്ച നാശനഷ്ടങ്ങൾ കണക്കിലെടുത്ത് പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ തകർന്നുപോകാത്തതും പ്രകൃതിക്ക് അനുയോജ്യവുമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റിവ് ലക്ഷ്യമിടുന്നത്. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമ്മാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് കഴിയുന്നതുംവേഗം നിർവ്വഹണ ഘട്ടത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടുവരുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സമർപ്പിച്ച 7,192.78 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) കേരള പുനർനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടും ഇതിനകം ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്തെന്ന് അറിയിക്കാമോ ?

കേരള പുനർനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടും ഇതിനകം ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള പുനർനിർമ്മാണ പദ്ധതിക്ക് ഇതിനകം ലഭ്യമായിട്ടുള്ള ധനസഹായത്തിന്റെ വിശദാംശം, വിദേശ ധനസഹായം ഉൾപ്പെടെ വിശദമാക്കുമോ ?

ലോകബാങ്കിന്റെ വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 ദശലക്ഷം ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 1000 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തി. ഇതുകൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1,400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭിക്കുന്നതിന് ജർമ്മൻ ബാങ്കായ KfW-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ലോകബാങ്ക് വികസന നയവായ്പയുടെ തുടർച്ചയായി, സംസ്ഥാന വികസന പങ്കാളിത്ത ചട്ടക്കൂടിന്റെ ഭാഗമായി Program for Result (PfR) രീതിയിൽ തവണകളായി 350 ദശലക്ഷം ഡോളർ വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട് ലോകബാങ്ക്, AIIB എന്നിവയുമായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

(ഡി) ഇപ്രകാരം ലഭ്യമായ തുക ഏതൊക്കെ പദ്ധതികളിലാണ് ഇതിനകം അനുവദിച്ചതെന്നും ഓരോ വകുപ്പിനും അനുവദിച്ച തുകയും അവർ ഇതിനകം ചെലവഴിച്ച തുകയും വിശദമാക്കുമോ?

വിവിധ പദ്ധതികൾക്കായി ഓരോ വകുപ്പിനും ഇതിനകം അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു*.

## സെമി ഹൈ-സ്പീഡ് റെയിൽവേ

11 (12) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെമി ഹൈ-സ്പീഡ് റെയിൽവേയുടെ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടോ; പ്രസ്തുത പാതയുടെ അലൈൻമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

സെമി ഹൈ-സ്പീഡ് റെയിൽ പദ്ധതിയുടെ സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ടോപ്പോ ഗ്രഫിക്കൽ സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച അലൈൻമെന്റോടുകൂടിയ വിശദമായ പദ്ധതി റിപ്പോർട്ടിന് 11-6-2020-ലെ സ.ഉ(കൈ) നമ്പർ 18/2020/ഗതാ. ഉത്തരവ് പ്രകാരം സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സർവ്വേ പ്രകാരം ഏറ്റെടുക്കേണ്ട ഭൂമി, പദ്ധതിയുടെ ചെലവ് എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ?

63,941 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ ആവശ്യമായിവരുന്നത്.

## കോവിഡ് ആശ്വാസ നടപടികൾ

12 (13) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യം പൂർണ്ണമായും അടച്ചുപൂട്ടിയപ്പോൾ കുടിയേറ്റ തൊഴിലാളികൾ, കർഷകർ, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർ എന്നിവരെ പട്ടിണിയിൽനിന്നും പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ?

കഴിഞ്ഞിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവർക്കായി സ്വീകരിച്ച ആശ്വാസ നടപടികൾ എന്തൊക്കെയായിരുന്നു ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിനുകീഴിലെ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ധനസഹായം നൽകുന്നതിനായി സർക്കാർ 357,38,97,840 രൂപ അനുവദിച്ചിട്ടുണ്ട്. 1849789 തൊഴിലാളികൾക്കായി 187,22,66,000 രൂപ കോവിഡ്-19 ധനസഹായ ഇനത്തിൽ ക്ഷേമനിധി ബോർഡുകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ടിൽനിന്നും 993964 തൊഴിലാളികൾക്കായി 156,80,76,050 രൂപ ധനസഹായ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് മുഖേന കോവിഡ്-19 ധനസഹായത്തിനായി സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*. കോവിഡ്-19 ഭീതിവിതച്ച ആദ്യനാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിൽ സംസ്ഥാനത്തെ അതിഥിത്തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം എന്നിവയുള്ള ക്രമീകരണ മൊരുക്കുന്നതിന് തൊഴിലുടമകൾക്കും, കോൺട്രാക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം സമ്പൂർണ്ണ അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യതയില്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തിക്കൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായുള്ള പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുകയും കോവിഡ്-19 പ്രോട്ടോക്കോളിന് അനുസൃതമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസ സൗകര്യവും ഭക്ഷണവും ലഭ്യമാക്കുന്നതിനുമുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു. സംസ്ഥാനത്താകെ 21586 ക്യാമ്പുകൾ സജ്ജീകരിച്ച് 434280 അതിഥി തൊഴിലാളികൾക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി അവരുടെ പൂർണ്ണ വിവരം ഗൂഗിൾ സ്പ്രെഡ്ഷീറ്റ് മുഖേന ശേഖരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ സംസ്ഥാന തൊഴിൽ വകുപ്പിന്റെ ആദ്യ ലക്ഷ്യം വിജയകരമായി പൂർത്തീകരിച്ചു. ലോക്ക്ഡൗണിന്റെ മൂന്നാം ഘട്ടമാകുമ്പോൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്വദേശത്തേയ്ക്ക് മടങ്ങാൻ ശ്രമിക് ട്രെയിനുകൾ അനുവദിച്ചുകൊണ്ട് ഉത്തരവായി. ലഭ്യമായ ട്രെയിൻ സൗകര്യത്തിൽ സ്വദേശത്തേയ്ക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന എല്ലാവരെയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നാട്ടിലെത്തിക്കുന്ന നടപടിയും ശ്രമകരമായ പ്രവർത്തനമായിരുന്നു. 4.34 ലക്ഷം തൊഴിലാളികളെ സംസ്ഥാനം/ജില്ലാ തലത്തിൽ ക്രോഡീകരിച്ച് അവരിൽനിന്നും 307138 തൊഴിലാളികളെ 216 ട്രെയിനുകളിലായി സ്വദേശത്തേയ്ക്ക് മടക്കി അയക്കുന്നതിനുള്ള നടപടി വിജയകരമായി പൂർത്തീകരിച്ചു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും സാമ്പത്തിക സഹായമോ മറ്റ് സഹായമോ ലഭിച്ചിരുന്നോ; വിശദാംശം നൽകുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കാർഷിക മേഖലയിലെ ഉണർവ്വിനും കർഷകർക്ക് മികച്ച വില ഉറപ്പാക്കുന്നതിനുമായി കേന്ദ്ര സർക്കാർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് എന്ന ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മൂന്നുവർഷ ക്കാലയളവിൽ ഒരു ലക്ഷം കോടി രൂപ കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ക്രെഡിറ്റ് ഗാരന്റി എന്ന നിലയിലും മൂന്ന് ശതമാനം പലിശ ഇളവ് നൽകുന്നതിലേയ്ക്കുമാണ് ചെലവഴിക്കുക. കേരളത്തിന് പദ്ധതിയിൽ 2,520 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. കർഷകർക്കോ ഉൽപ്പാദന സംഘങ്ങൾക്കോ പ്രാഥമിക സംഘങ്ങൾക്കോ സർക്കാർ ഏജൻസികൾക്കോ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് അംഗീകാരം നേടി സംരംഭങ്ങൾ ആരംഭിച്ച് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാവുന്നതാണ്.

## സ്പ്രിംഗ്ലറുമായുള്ള കരാർ

13 (14) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവരശേഖര ണത്തിന് സർക്കാർ അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ലറുമായി ഉണ്ടാക്കിയ കരാറിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

&

(ബി) നടപടിക്രമങ്ങൾ പാലിക്കാതെ കരാർ ഉണ്ടാക്കിയതിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ&ബി) സ്പ്രിംഗ്ലറുമായുള്ള പർച്ചേസ് ഓർഡർ സംബന്ധിച്ച് ശ്രീ. എം. മാധവൻ നമ്പ്യാർ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഉൾപ്പെടെയുള്ള വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും പരിശോധിക്കുന്നതിനായി മുൻ നിയമ വകുപ്പ് സെക്രട്ടറിയും മുൻ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറുമായ ശ്രീ. കെ. ശശിധരൻ നായർ (റിട്ട. ജില്ലാ ജഡ്ജി) ചെയർമാനായും ഹൈദരാബാദ് ജെ.എൻ.റ്റി.യു.എച്ച്. എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്ന് വിരമിച്ച പ്രൊഫസർ ഡോ. എ. വിനയ ബാബു, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & ടെക്നോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. സുമേഷ് ദിവാകരൻ എന്നിവർ അംഗങ്ങളായുമുള്ള മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

## കേന്ദ്ര ഏജൻസികളുടെ അന്വേഷണം

14 (15) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രഥമ വിവര റിപ്പോർട്ടുപോലുമില്ലാതെ സംസ്ഥാന സർക്കാരിന്റെ ഏത് സ്ഥാപനത്തിന്റെയും പ്രവർത്തിയിലിടപെടാനും ഉദ്യോഗസ്ഥരെയും ഉന്നത പദവി വഹിക്കുന്നവരെയും വിളിച്ചുവരുത്താൻ അധികാരമുണ്ടെന്ന് പ്രസ്താവിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഇത്തരം ഓരോ കേന്ദ്ര അന്വേഷണ ഏജൻസികളുടെയും നിർവ്വചിച്ചിട്ടുള്ള അധികാര പരിധി പരിശോധിച്ച് അറിയിക്കുമോ ?

ഓരോ കേന്ദ്ര അന്വേഷണ ഏജൻസിയുടെയും അധികാര പരിധി ബന്ധപ്പെട്ട ആക്റ്റിൽത്തന്നെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിമാനത്താവളങ്ങൾ വഴിയുള്ള കള്ളക്കടത്തുകൾ ഗൗരവത്തിലെടുത്ത് ഉചിതമായ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് ചില കേന്ദ്ര ഏജൻസികൾ നടത്തിയ അന്വേഷണം ശരിയായ ദിശയിലല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(സി) രഹസ്യമൊഴികളായി ഏജൻസികൾ കോടതിയിൽ സമർപ്പിക്കുന്നവ അതേപടി മാധ്യമങ്ങളിൽ വരുന്നത് ഇത്തരം അന്വേഷണ ഏജൻസികൾ നിയമാനുസൃതമായും സ്വതന്ത്രമായുമല്ല പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുന്നതിനാൽ ഉചിതമായ നടപടിക്ക് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് അന്വേഷണ ഏജൻസികൾ സ്വയമേവ തിരുത്തൽ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം കോടതികളുടെ ഭാഗത്തുനിന്നുള്ള ഇടപെടലുകളാണ് ഉണ്ടാകേണ്ടത്.

(ഡി) ഇത്തരം അന്വേഷണ ഏജൻസികളുടെ ഓഫീസുകളിൽ സി.സി.ടി.വി. സ്ഥാപിക്കണമെന്ന സുപ്രീംകോടതി വിധി സംസ്ഥാനത്ത് പാലിക്കപ്പെടണമെന്ന് ആവശ്യപ്പെടുമോ ?

ഇത്തരം ഓഫീസുകൾ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാകയാൽ കൂടുതൽ പരിശോധന ആവശ്യമുണ്ട്.

(ഇ) ചില കേന്ദ്ര അന്വേഷണ ഏജൻസികൾ സംസ്ഥാന ഭരണം അട്ടിമറിക്കാനുള്ള ഗൂഢാലോചനയിൽ പങ്കാളികളെന്ന് സംശയിക്കപ്പെടുന്ന സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ ഫോൺവിളികൾ ഉൾപ്പെടെ നിയമവിധേയമായി നിരീക്ഷിക്കുന്ന കാര്യം പരിശോധിക്കുമോ?

ഇത്തരം അന്വേഷണ ഏജൻസികൾക്ക് ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിനെ അട്ടിമറിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല. ആയതിനാൽ ഫോൺ വിളികൾ നിരീക്ഷിക്കുന്ന കാര്യം പരിഗണനയിലില്ല.

**കെ-റെയിൽ പദ്ധതി**

15 (16) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്ത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, നീതി ആയോഗ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ആഘാത പഠനങ്ങളോ സാമൂഹ്യ ആഘാത പഠനങ്ങളോ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

റെയിൽ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനം നിയമപരമായി ആവശ്യമില്ലെങ്കിലും വിശദമായ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹിക ആഘാത പഠനം നടത്തുന്നതാണ്.

(സി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഇരുപതിനായിരത്തോളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുന്ന സാഹചര്യമുണ്ടോ;

&

(ഡി) എങ്കിൽ ഇവരുടെ ആശങ്കകൾ അകറ്റുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(സി&ഡി) സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും പരിഗണനയിലാണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായ തിനുശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ.

**ലൈഫ് മിഷൻ പദ്ധതി**

16 (17) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ ലൈഫ് മിഷൻ മുഖേന ഈ സർക്കാർ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകി; വ്യക്തമാക്കുമോ ?

സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. നാളിതുവരെ 250547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കൊച്ചി നിയോജകമണ്ഡലത്തിൽ നിർമ്മിച്ച് നൽകിയിട്ടുള്ള വീടുകളുടെയും ഫ്ലാറ്റ് സമുച്ചയങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ ?

കൊച്ചി നിയോജക മണ്ഡലത്തിൽ 3783 വീടുകൾ പൂർത്തീകരിച്ചു നൽകി യിട്ടുണ്ട്.

(സി) കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; മണ്ഡലത്തിൽ നിലവിൽ എത്ര വീടുകളാണ് നിർമ്മിതിയിലുള്ളത്; ആയത് എന്നത്തേയ്ക്ക് പൂർത്തികരിച്ച് നൽകാനാകും ?

കൊച്ചി നിയോജകമണ്ഡലത്തിലെ 3783 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണ പുരോഗതിയിലുള്ള 1711 വീടുകൾ 30-6-2021-നകം പൂർത്തീകരിക്കാൻ സാധിക്കും.

(ഡി) ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് 2021 മാർച്ച് 31-നകം സംസ്ഥാനത്ത് എത്ര വീടുകൾകൂടി നിർമ്മിച്ചു നൽകാനാകും; വിശദാംശം വ്യക്തമാക്കുമോ?

ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് 2021 മാർച്ച് 31-നകം സംസ്ഥാനത്ത് 15000 വീടുകൾ (ലൈഫ്-10,000, പി.എം.എ.വൈ (നഗരം) ലൈഫ്-5000) പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## കാർഷിക നിയമങ്ങൾ സംബന്ധിച്ച മന്ത്രിസഭാ തീരുമാനം

17 (18) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് പാസ്സാക്കിയ കർഷകവിരുദ്ധ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം പാസ്സാക്കു ന്നതിനായി 2020 ഡിസംബർ 23-ന് നിയമസഭ ചേരുന്നതിന് മന്ത്രിസഭായോഗം ഗവർണറോട് ശിപാർശ ചെയ്തിരുന്നോ ?

പ്രമേയത്തിന്റെ ഉള്ളടക്കം സൂചിപ്പിച്ചുകൊണ്ട് സഭാ സമ്മേളനം ചേരുന്നതിന് ഗവർണറോട് ശിപാർശ ചെയ്തിട്ടില്ല.

(ബി) പ്രസ്തുത ശിപാർശ ഗവർണർ നിരസിക്കുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

&

(സി) ഭരണഘടനാപരമായും സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും നിയമസഭ ചേരുന്നതിനുള്ള തീരുമാനമെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം മന്ത്രിസഭയ്ക്കുതന്നെയായിരിക്കുകയും അതിൽ ഗവർണർക്ക് വിവേചനാധികാരം ഇല്ലാതിരുന്നിട്ടും അനുമതി നിഷേധിച്ച ഗവർണറുടെ നടപടി സർക്കാർ രാഷ്ട്രപതിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

(ബി&സി) ബാധകമല്ല.

## സ്പ്രിംഗ്ലർ കരാർ

18 (20) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവര ശേഖര ണത്തിനും വിശകലത്തിനും അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ലറുമായി സർക്കാർ കരാർ ഉണ്ടാക്കിയിരുന്നോ ?

സൗജന്യമായി വാഗ്ദാനം ചെയ്ത പ്രസ്തുത സേവനത്തിന്റെ ലഭ്യതയ്ക്കാവശ്യമായ പർച്ചേസ് ഓർഡർ കമ്പനിയുമായി ഐ.ടി. വകുപ്പ് ഒപ്പുവച്ചിരുന്നു.

(ബി) പ്രസ്തുത കരാർ ഉണ്ടാക്കുന്നതിനുമുമ്പ് മന്ത്രിസഭയുടെ അംഗീകാരം തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ ?

ഇല്ല. കോവിഡ് രോഗവ്യാപന നിയന്ത്രണത്തിൽ സമയബന്ധിതമായ ഇടപെടൽ പ്രധാനമാണ്. സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിൽ താമസമുണ്ടാകുന്നത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. കൂടാതെ കോവിഡ് രോഗവ്യാപനം രൂക്ഷമാകുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഉൾപ്പെടെ പല സ്ഥാപനങ്ങളുടെയും മുന്നറിയിപ്പിനെത്തുടർന്ന് കോവിഡിനെ നേരിടാനാവശ്യമായ വിവരശേഖരണത്തിനും വിവര വിശകലനത്തിനും നടപടികളുടെ നിർവ്വഹണത്തിനും ലഭ്യമാക്കാനാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടത് അന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരുന്നു. അസാധാരണവും അനിയന്ത്രിതവുമായ ഈ സ്ഥിതിവിശേഷത്തിലാണ് ഐ.ടി. വകുപ്പ് സ്പ്രിംഗ്ലർ എന്ന കമ്പനിയുമായി പർച്ചേസ് ഓർഡർ ഒപ്പുവച്ചത്.

(സി) കരാർ ഉണ്ടാക്കിയതിനുശേഷം വിവരസുരക്ഷയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ഉറപ്പാക്കിയിരുന്നതെന്ന് അറിയിക്കുമോ ?

സ്പ്രിംഗ്ലർ എന്ന കമ്പനിയുമായി പർച്ചേസ് ഓർഡർ ഉണ്ടാക്കിയതിനുശേഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വകുപ്പുകൾ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുമ്പോഴും ഉപയോഗിക്കുമ്പോഴും പാലിക്കേണ്ട മാനദണ്ഡങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ശേഖരിച്ച ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്നും ആ വിവരങ്ങൾ, അനോണിമൈസ് ചെയ്തിട്ടേ മൂന്നാമതൊരു ഏജൻസിക്ക് പ്രോസസ്സ് ചെയ്യാൻ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറത്തുനിന്നുള്ള ഒരു ഏജൻസിക്ക് നൽകുന്നത് വിവരം ശേഖരിക്കപ്പെടുന്നയാളുടെ പൂർണ്ണ സമ്മതത്തോടെയാകണമെന്നും നിർദിഷ്ട ഫോമുകളിൽ സമ്മതപത്രം വാങ്ങണമെന്നും നിർദേശിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത കമ്പനിയോടും വിശകലനത്തിനായി ശേഖരിക്കുന്ന ഡാറ്റകളുടെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്നും ഡാറ്റയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ആമസോൺ വെബ് ക്ലൗഡിൽ ശേഖരിക്കപ്പെടുന്ന ഡാറ്റായുടെ സുരക്ഷ ഓഡിറ്റ് ചെയ്യാൻ ഒരു ഓഡിറ്റിംഗ് ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ ഡാറ്റകൾ സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് ഡാറ്റാ സെന്ററിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ഡി) പ്രസ്തുത കരാറിനെക്കുറിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. എം. മാധവൻ നമ്പ്യാർ അദ്ധ്യക്ഷനായ മൂന്നംഗ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നോ;

(ഇ) പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ/കണ്ടെത്തലുകൾ എന്തൊക്കെയാണ്;

&

(എഫ്) ഈ കരാറിനെക്കുറിച്ച് പരിശോധിക്കാൻ സർക്കാർ പുതിയ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള ആവശ്യകതയും സാഹചര്യവും വ്യക്തമാക്കാമോ?

(ഡി-എഫ്) സംസ്ഥാനത്ത് കോവിഡ്-19 വ്യാപന നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്പ്രിംഗ്ലർ കമ്പനിയെ ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിൽ ഉയർന്നുവന്നിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. എം. മാധവൻ നമ്പ്യാർ ചെയർമാനായ രണ്ടംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. കോവിഡ്-19 മഹാമാരിയുടെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ചൂണ്ടിക്കാട്ടി യതുപോലെ അന്ന് നിലനിന്നിരുന്ന അസാധാരണ സ്ഥിതിവിശേഷം പരിഗണിച്ച് ഇത്തരത്തിൽ നടപടിക്രമങ്ങളിൽ ഉണ്ടായിട്ടുള്ള പോരായ്മ ന്യായീകരിക്കാവുന്നതാ ണോയെന്നും വ്യക്തികളുടെ സ്വകാര്യത സംരക്ഷണം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും ഭാവിയിൽ ഇങ്ങനെയൊരു സ്ഥിതിവിശേഷം ഉടലെടുത്താൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ അടങ്ങിയിരുന്നില്ല. ഇക്കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജിയും മുൻ നിയമ വകുപ്പ് സെക്രട്ടറിയും മുൻ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറുമായ ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായി മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

**ആംഗ്ലോ ഇന്ത്യൻ പ്രാതിനിധ്യം സംരക്ഷിക്കുന്നതിനുള്ള നടപടി**

19 (22) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലോകസഭയിലും നിയമസഭയിലും ഉണ്ടായിരുന്ന പ്രാതിനിധ്യം നിർത്തലാക്കിയ സാഹചര്യത്തിൽ ചരിത്രപ്രാധാന്യമുള്ളതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ പ്രസ്തുത സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

&

(സി) സംസ്ഥാന നിയമസഭയിലെ ആംഗ്ലോ-ഇന്ത്യൻ നോമിനേഷൻ പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്ന നിയമസഭാ പ്രമേയത്തിന്മേൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

(എ-സി) ഭരണഘടനയുടെ അനുച്ഛേദം 334(B) പ്രകാരം ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ലഭിച്ചുവരുന്ന പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി കേന്ദ്രസർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം 2019 ഡിസംബർ 31-ാം തീയതി നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. പ്രസ്തുത പ്രമേയത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി 14-1-2020-ന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. നാളിതുവരെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല.

## പി.എസ്.സി. പരീക്ഷ

20 (23) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം ജില്ലയ്ക്ക് പുറത്തുള്ള കേന്ദ്രങ്ങളിലേയ്ക്കുൾപ്പെടെയുള്ള ദൂരയാത്രകൾചെയ്ത് പി.എസ്.സി. പരീക്ഷയെഴുതാൻ കഴിയാത്ത സാഹചര്യത്തിൽ കൺഫർമേഷൻ കൊടുത്ത് പരീക്ഷയെഴുതാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് പിന്നീട് ഒരു പരീക്ഷയും എഴുതാൻ കഴിയാത്തവിധം അയോഗ്യത കൽപ്പിക്കുന്ന പി.എസ്.സി.-യുടെ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൺഫർമേഷൻ കൊടുത്തതിനുശേഷം പരീക്ഷ എഴുതാത്ത ഉദ്യോഗാർത്ഥികളെ പിന്നീടൊരിക്കലും പരീക്ഷയെഴുതാൻ കഴിയാത്ത വിധം അയോഗ്യത കൽപ്പിക്കുന്ന തീരുമാനങ്ങൾ ഒന്നുംതന്നെ ഇതുവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊണ്ടിട്ടില്ല.

## ഭരണ മികവിന് ലഭിച്ച ദേശീയ പുരസ്കാരങ്ങൾ

21 (24) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ ഇതുവരെയുള്ള ഭരണകാലയളവിനുള്ളിൽ വിവിധ മേഖലകളിലെ ഭരണമികവിന് ലഭിച്ച ദേശീയ പുരസ്കാരങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ ഇതുവരെയുള്ള ഭരണ കാലയളവിനുള്ളിൽ വിവിധ മേഖലകളിലെ ഭരണമികവിന് ലഭിച്ച ദേശീയ പുരസ്കാരങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## നവജീവൻ പദ്ധതി

22(25) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവജീവൻ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പുനരധിവാസ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് 28-12-2020-ലെ സ.ഉ.(കൈ) നമ്പർ. 59/2020/തൊഴിൽ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു:

i. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതി.

ii. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ. സ്വയംതൊഴിൽ വായ്പ സഹായ പദ്ധതി പ്രകാരം, കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50-65 പ്രായപരിധിക്കുള്ളിലുള്ളതും സ്ഥിരം തൊഴിൽ ലഭിക്കാത്തതും വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും എഴുത്തും വായനയും അറിയാവുന്നതുമായ ഗുണഭോക്താക്കൾക്ക് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ ഓരോരുത്തരം സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് 50,000 രൂപ വരെ ബാങ്ക് വായ്പയായും വായ്പയുടെ 25% (പരമാവധി ₹ 12,500) രൂപ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തരം സർക്കാർ സബ്സിഡിയായും അനുവദിക്കും. സബ്സിഡി തുക ധനകാര്യ സ്ഥാപനത്തിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആരംഭിച്ചിട്ടുള്ള സസ്പെൻസ് അക്കൗണ്ടിൽ ആദ്യമേ വരവുവച്ച് 0% പലിശ നിരക്കിൽ സൂക്ഷിക്കുന്നതും, സബ്സിഡി ഒഴികെയുള്ള തുകയ്ക്ക് മാത്രം ബാങ്ക് ഗുണഭോക്താക്കളിൽനിന്നും പലിശ ഈടാക്കുന്നതുമാണ്. സംരംഭത്തിന്റെ പ്രവർത്തനം മൂന്ന് വർഷത്തിനുശേഷവും തൃപ്തികരമായി തുടർന്നുപോകുന്നെങ്കിൽ മാത്രം സബ്സിഡി തുക ലോൺ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുന്നതും എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർ, മരണപ്പെടുന്നവർ എന്നിവരുടെ സബ്സിഡി തുക അവശേഷിക്കുന്ന വായ്പ തുകയിൽ ക്രമപ്പെടുത്തുന്നതുമാണ്. 17-12-2018-ലെ സ.ഉ.(കൈ) നമ്പർ 73/2018/തൊഴിൽ പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, പദ്ധതിയുടെ രണ്ടാം ഘടകമായ മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിനുള്ള നടപടികൾ എംപ്ലോയ്മെന്റ് ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നിപ, കോവിഡ് തുടങ്ങിയ മഹാമാരികളും പ്രളയവും കേരളത്തെ സാരമായി ബാധിച്ചപ്പോൾ സർക്കാർ നടപ്പിലാക്കിയ ജനകീയ പദ്ധതികൾ പൊതുജനം എത്രമാത്രം ഉപയോഗപ്പെടുത്തിയെന്ന് വിശദമാക്കാമോ?

നിപ, കോവിഡ് തുടങ്ങിയ മഹാമാരികളും പ്രളയവും ബാധിച്ച സമയത്ത് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഉണർന്ന് പ്രവർത്തിക്കുകയും, വിവിധ കേന്ദ്ര സേനകൾ, സന്നദ്ധ സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ അടിയന്തര രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും നടത്തുകയും രോഗങ്ങളെ നല്ല നിലയിൽ പ്രതിരോധിക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടം നേരിട്ടവർക്ക് നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകുകയും ഭവനം, ഷെൽട്ടറുകൾ, എന്നിവ ഉറപ്പാക്കുകയും അനവധി ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയാനന്തര കേരളത്തെ പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ തരത്തിൽ പുനർനിർമ്മിക്കുന്നതിനായി സമഗ്രവും സർവ്വതലസ്പർശിയുമായ ആസൂത്രണ പദ്ധതി രൂപപ്പെടുത്തുന്നതിനും പുനർനിർമ്മാണ പ്രക്രിയയ്ക്ക് ഭരണപരമായ നേതൃത്വം നൽകുന്നതിനുംവേണ്ടി സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI) രൂപം നൽകി. സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗപരിപാലനവും ക്ഷീരവികസനവും, ഫിഷറീസ്, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ

ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികൾ ആർ.കെ.ഐ.-യ്ക്ക് കീഴിൽ നടപ്പിലാക്കിവരുന്നു. നിപ, കോവിഡ് എന്നീ രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിലുള്ള ബോധവൽക്കരണം, സൗജന്യ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്നിവ സമൂഹത്തിന് വളരെ ആശ്വാസകരമായിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചണുകൾ, സൗജന്യ റേഷൻ, എല്ലാ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യ കിറ്റുകളുടെ വിതരണം, ക്ഷേമനിധി ബോർഡുക ളിലൂടെയുള്ള ധനസഹായ വിതരണം എന്നീ പദ്ധതികൾ മഹാമാരിയുടെ കാലത്ത് ആരും പട്ടിണി കിടക്കേണ്ടിവരരുത് എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന് നൂറു ശതമാനം ഫലപ്രദമായിരുന്നു. 'ബ്രേക്ക് ദി ചെയിൻ' പ്രചാരണം കോവിഡ് പ്രതിരോധത്തിന് ഊന്നൽ നൽകാനും രോഗവ്യാപനം തടയാനും സഹായകരമായിരുന്നു. കോവിഡ് കാലത്ത് ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് സർക്കാർ നല്കിയ കരുതൽ വളരെ വലുതായിരുന്നു. കോവിഡ് വ്യാപനം തടയുന്നതിനുള്ള നിയന്ത്രണങ്ങൾമൂലം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന വിദ്യാർ ത്ഥികളുടെ പഠനം മുടങ്ങാതെ കൊണ്ടു പോകുന്നതിന് 'ഫസ്റ്റ് ബെൽ പദ്ധതി ' നടപ്പിലാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. സർക്കാർ നടപ്പിലാക്കിയതും നല്കിയതുമായ എല്ലാ ജനകീയ പദ്ധതികളെയും പൊതുജനം സർവ്വാത്മനാ സ്വീകരിച്ചിട്ടുള്ള തായാണ് വിലയിരുത്തുന്നത്.

## സംസ്ഥാന തീരദേശ പരിപാലന പ്ലാൻ

23 (26) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന തീരദേശ പരിപാലന പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും വ്യക്തമാക്കുമോ?

18-1-2019-ലെ GSR 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം-2019 (CRZ Notification 2019) പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan - CZMP) തയ്യാറാക്കു ന്നതിന് 20-8-2019-ലെ സർക്കാർ ഉത്തരവ് G.O.(Rt) No. 80/19/Envt. പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (National Centre for Earth Science Studies) ചുമതലപ്പെടുത്തി. തുടർന്ന് തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം തീരദേശ

പരിപാലന അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കരട് മാപ്പിന്മേലുള്ള പബ്ലിക് ഹിയറിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് മാപ്പിന്മേലുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തിരുത്തലുകൾ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. തിരുത്തലുകൾ ഉൾപ്പെടുത്തിയ എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്രപഠനകേന്ദ്രം തീരദേശ പരിപാലന അതോറിറ്റിക്ക് ഉടൻ തന്നെ നൽകുമെന്നും അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ശിപാർശകൾ സഹിതം കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതുണ്ട്. 2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള Coastal Zone Management Plan ആറ് മാസത്തിനുള്ളിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

24 (27) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എത്ര പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതികളുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ പൂർത്തീകരിച്ചത്;

&

(ഡി) ഓരോ പ്രവൃത്തിയുടേയും കാലികസ്ഥിതി വിശദമാക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്,

ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, ഊർജ്ജ വകുപ്പ്, വനിത-ശിശു വികസന വകുപ്പ്, വനം-വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 7192.78 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ് (പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ) അംഗീകരിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പാലക്കാട്-പെരിന്തൽമണ്ണ റോഡിന് (36.8 KM) 364.17 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് KMC കൺസ്ട്രക്ഷൻ കമ്പനിയുമായി 337 കോടി രൂപയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തു. നിലവിൽ സൈറ്റ് ഇൻവെന്ററി ആൻഡ് ഡിസൈൻ ജോലികൾ നടന്നുവരുന്നു. ഒറ്റപ്പാലം റവന്യൂ ഡിവിഷനിൽ റവന്യൂ വകുപ്പിന്റെ 7 വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 3.08 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയുമായി കരാർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഒരു കോടി രൂപ ഭരണാനുമതിയുള്ള കാഞ്ഞിരപ്പുഴ ഇറിഗേഷൻ ഡിവിഷനിലെ കടമ്പഴിപ്പുറം പഞ്ചായത്ത് പുനിപ്പാറ ജംഗ്ഷൻ കനാലിന്റെ ലൈനിംഗ് ആൻഡ് പ്രൊട്ടക്ഷൻ ജോലികൾ പുരോഗമിക്കുന്നു. ലക്കിടിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ സി.ഡി.എസ്. പരിധിയിൽ 2,10,000 രൂപ അടങ്കൽ തുകയുള്ള കണക്ട് ടു വർക്ക് പരിശീലന പദ്ധതിക്കുള്ള പരിശീലനകേന്ദ്രം സജ്ജമായിട്ടുണ്ട്, പ്രവർത്തനം ഈ മാസം ആരംഭിക്കുന്നതാണ്. കൂടാതെ പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിലായി മൃഗസംരക്ഷണ വകുപ്പിന്റെ ജീവനോപാധി പദ്ധതിയിൽ ഉൾപ്പെടുത്തി 2,56,37,185 രൂപയുടെ സഹായം 3194 ഉപഭോക്താക്കൾക്ക് നൽകുന്നത് പുരോഗമിക്കുന്നു.

## എൻ.റ്റി.പി.സി. കേന്ദ്രീയ വിദ്യാലയം

25 (28) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഏക കേന്ദ്രീയ വിദ്യാലയമായ പ്രോജക്ട് സെക്ടറിൽ പ്രവർത്തിച്ചുവരുന്ന കെ.വി. എൻ.റ്റി.പി.സി. 2023-ഓടെ നിർത്തലാക്കാൻ പോകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

2021-22 അധ്യയന വർഷം മുതൽ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം നിർത്താനും 2021-2023 മുതൽ മറ്റു കുട്ടികളെ മാറ്റുന്നത് സംബന്ധിച്ചും തീരുമാനിച്ചിട്ടുള്ളതായി കേന്ദ്രീയ വിദ്യാലയ സംഗതൻ അധികൃതർ അറിയിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ ഈ വിദ്യാലയം സിവിൽ സെക്ടറിൽ തുടരുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; ഇതിനാവശ്യമായ സ്ഥലം കണ്ടെത്താൻ മുൻകൈ എടുക്കുമോ;

&

(സി) സർക്കാർ എൻ.റ്റി.പി.സി.-ക്ക് ഏറ്റെടുത്ത് നൽകിയതും നിലവിൽ എൻ.റ്റി.പി.സി.-യുടെ അധീനതയിലുള്ളതുമായ കാർത്തികപ്പള്ളി താലൂക്കിലെ പുളിക്കീഴിലെ 9 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സിവിൽ സെക്ടറിൽ കേന്ദ്രീയ വിദ്യാലയം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഈ വിദ്യാലയം നിലവിലുള്ളതുപോലെ നിലനിൽക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. സ്കൂൾ നിലനിർത്താൻ സാധ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

26 (29) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഈ സർക്കാർ കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചതെന്ന് വിശദീകരിക്കാമോ;

&

(ബി) ഓരോ പ്രവൃത്തിയുടെയും കാലികസ്ഥിതി വിശദമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

## നൂറുദിന കർമ്മപദ്ധതി

27 (30) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മപദ്ധതി ആഗസ്റ്റ് 30-ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ ?

പ്രഖ്യാപിച്ചിരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത കർമ്മപദ്ധതിയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രഖ്യാപനങ്ങൾ എന്തൊക്കെയായിരുന്നു; അതിൽ ഏതൊക്കെ കാര്യങ്ങൾ പൂർണ്ണതോതിൽ നൂറുദിവസത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ?

പ്രസ്തുത കർമ്മപരിപാടിയിൽ നൂറുദിവസങ്ങൾകൊണ്ട് നൂറ് പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആദ്യം പ്രഖ്യാപിക്കാത്ത പദ്ധതികളും പിന്നീട് വകുപ്പുകൾ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ ഉൾപ്പെടുത്തിയതുംകൂടി ചേർത്ത് ആകെ 156 പദ്ധതികളിൽ 115 എണ്ണം പൂർണ്ണതോതിൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*). ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാൻ സാധിക്കാത്തവ രണ്ടാം ഘട്ടത്തിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) നവസംരംഭങ്ങളിലൂടെ 50000 പേർക്ക് കാർഷികേതര മേഖലയിൽ തൊഴിൽ നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ ?

ഉണ്ട്.

(ഡി) എങ്കിൽ ഏതൊക്കെ മേഖലയിലാണ് തൊഴിൽ നൽകിയതെന്നും ഓരോ മേഖലയിലും എത്ര പേർക്ക് വീതം തൊഴിൽ നൽകിയെന്നും വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## നൂറുദിന കർമ്മ പദ്ധതിയിലെ ലാപ്ടോപ്പ് വിതരണം

28 (32) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 ലക്ഷം കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

&

(ബി) ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് ?

(എ&ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസം സാധ്യമാകാത്തതിനാൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് ആരംഭിച്ച സൂക്ഷ്മ സമ്പാദ്യ പദ്ധതിയായ 'കെ.എസ്.എഫ്.ഇ.- വിദ്യാശ്രീ' പദ്ധതിക്കുവേണ്ടി, ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, കെ.എസ്.എഫ്.ഇ., കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ലാപ്ടോപ്പ് എന്ത് വിലയ്ക്കാണ് വിദ്യാർത്ഥികൾക്ക് നൽകിയത്; ഏത് കമ്പനിയുടെ ലാപ്ടോപ്പാണ് ഇപ്രകാരം വിതരണം ചെയ്തത്;

&

(ഡി) നൂറ് ദിവസം പൂർത്തിയാക്കിയ ഡിസംബർ 12-നകം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്തെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ടി പദ്ധതിയിൽ ലാപ്ടോപ്പിന്റെ വില 18,000 രൂപയിൽ കൂടുതലാകാൻ പാടുള്ളതല്ല എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തീകരി ക്കാത്തതിനാൽ ലാപ്ടോപ് വിതരണം ചെയ്യുന്ന കമ്പനിയുടെ കാര്യത്തിലോ ലാപ്ടോപ്പിന്റെ വിലയിലോ അന്തിമ തീരുമാനമായിട്ടില്ല.

**ജിഡ ഫണ്ട്**

29 (33) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് 2016-2021 കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം നൽകാമോ ?

ജിഡ ഫണ്ട് വിനിയോഗിച്ച് 2016-20 കാലയളവിൽ നിർമ്മാണം പൂർത്തിയാക്കി നാടിന് സമർപ്പിച്ച പദ്ധതികൾ താഴെപ്പറയുന്നു.

1. മൂലംപിള്ളി-ചാത്തനാട് റോഡ് പദ്ധതിയിലുൾപ്പെട്ട മൂലംപിള്ളി-പിഴല പാലം, കണക്കിവിറ്റി പാലം.
2. കടമക്കുടി കുടിവെള്ള പദ്ധതി.
3. എടവനക്കാട്-കുഴുപ്പിള്ളി കുടിവെള്ള പദ്ധതി.
4. വൈപ്പിൻ-മുനമ്പം റോഡിലുള്ള 8 പാലങ്ങളുടെ പുനർനിർമ്മാണം.
5. പിഴല ദ്വീപിലുള്ള ഇൻപേഷ്യന്റ് യൂണിറ്റ് കെട്ടിട നിർമ്മാണം.
6. ഞാറക്കൽ പഞ്ചായത്തിലുൾപ്പെട്ട വലിയവട്ടം ദ്വീപിലെ കൽവർട്ടുകൾ/ റോഡ് നിർമ്മാണം.

(ബി) പ്രസ്തുത കാലയളവിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊ ക്കെയെന്ന് വിശദമാക്കാമോ?

ഞാറയ്ക്കൽ ആശുപത്രി നിർമ്മാണം, താന്തോന്നിത്തുരുത്ത് ദ്വീപിലെ ഔട്ടർ ബണ്ട് നിർമ്മാണം എന്നീ പ്രവൃത്തികൾക്കാണ് 2016-2021 കാലയളവിൽ ഭരണാനുമതി നൽകിയത്.

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

30 (34) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി എപ്പോഴാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ ?

9-1-2020-നാണ് പദ്ധതി പ്രഖ്യാപിച്ചത്.

(ബി) ഈ പദ്ധതിയുടെ ഫണ്ട് സമാഹരണം എങ്ങനെയാണെന്നും എത്ര രൂപയുടെ പദ്ധതിയാണ് ഇതെന്നും വ്യക്തമാക്കാമോ ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നാണ് ഈ പദ്ധതിക്കുള്ള ഫണ്ട് അനുവദിക്കുന്നത്. 1,000 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ തുക.

(സി) ഈ പദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള റോഡുകളാണ് പുനരുദ്ധരിക്കുന്നതെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

2018, 2019 വർഷങ്ങളിലെ പ്രളയത്തിലും മഴയിലും തകർന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടാത്തതുമായ റോഡുകളാണ് ഈ പദ്ധതിക്കുകീഴിൽ പുനരുദ്ധരിക്കുന്നത്.

(ഡി) ഈ പദ്ധതിപ്രകാരം ഏതെല്ലാം റോഡുകൾക്ക് എത്ര ഫണ്ട് വീതം അനുവദിച്ചിട്ടുണ്ടെന്നും ഫണ്ട് അനുവദിച്ച റോഡുകളുടെ നിർമ്മാണം തുടങ്ങിയിട്ടുണ്ടോയെന്നും അവ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ നാളിതുവരെ 5101 പ്രവൃത്തികൾക്ക് 961.264 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3649 പ്രവൃത്തികൾക്ക് കരാർ ഉടമ്പടി ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 14 ജില്ലകളിലായി 305 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിലെ പ്രവൃത്തികളുടെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) ഈ പദ്ധതിപ്രകാരം റോഡുകൾ പുനരുദ്ധരിക്കുന്നതിന് ആരുടെയെല്ലാം ശിപാർശകൾ ഉണ്ടായിരുന്നുവെന്നും പ്രസ്തുത ശിപാർശകൾ മുഴുവൻ പരിഗണിക്കപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന റോഡുകൾ പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബഹുമാനപ്പെട്ട എം.എൽ.എ.-മാർ എന്നിവർ സമർപ്പിച്ച പട്ടികയിൽനിന്നാണ് പുനരുദ്ധരിക്കേണ്ട റോഡുകൾ തെരഞ്ഞെടുത്തിട്ടുള്ളത്.

## നൂറുദിന കർമ്മ പരിപാടികൾ

31 (35) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2020-ൽ പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടികളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

പ്രസ്തുത കർമ്മപരിപാടിയിൽ നൂറുദിവസങ്ങൾകൊണ്ട് (2020 സെപ്റ്റംബർ 1 മുതൽ ഡിസംബർ 9 വരെ) നൂറ് പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആദ്യം പ്രഖ്യാപിക്കാത്ത പലപദ്ധതികളും പിന്നീട് ചില വകുപ്പുകൾ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ ഉൾപ്പെടുത്തിയതും കൂടി ചേർത്ത് ആകെ 156 പദ്ധതികളിൽ 115 എണ്ണം പൂർണ്ണതോതിൽ നിശ്ചിത സമയത്തി നുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.) ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാൻ സാധിക്കാത്തവ രണ്ടാംഘട്ടത്തിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

## മുൻമന്ത്രിമാരും എം.എൽ.എ.-മാരും നേരിടുന്ന അഴിമതി ആരോപണങ്ങൾ

32 (36) ശ്രീ യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മുൻ മന്ത്രിമാരും എം.എൽ.എ.-മാരുമാണ് അഴിമതി ആരോപണത്തിന്റെ പേരിൽ നിലവിൽ അന്വേഷണം നേരിടുന്നത്;

(ബി) ഇവരുടെ പേരുവിവരവും രാഷ്ട്രീയ പാർട്ടി ബന്ധവും വ്യക്തമാക്കുമോ;

&

(സി) ഓരോരുത്തരും നേരിടുന്ന അഴിമതി ആരോപണത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ-സി) 5 മുൻ മന്ത്രിമാരും 3 എം.എൽ.എ.-മാരുമാണ് അഴിമതി ആരോപണത്തിന്റെ പേരിൽ നിലവിൽ അന്വേഷണം നേരിടുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനായി ചെലവഴിച്ച തുക

33 (37) ശ്രീ കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയുടെയും ഓഫീസിന്റെയും മോടിപിടിപ്പിക്കലിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയിൽ കർട്ടൻ വർക്കുകൾ ചെയ്ത ഇനത്തിൽ 49,237/- രൂപ ടൂറിസം വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ഔദ്യോഗിക വസതിയുടെയും ഓഫീസിന്റെയും മോടിപിടിപ്പിക്കലിന് ചെലവായ തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ കാലയളവിൽ പ്രതിപക്ഷനേതാവിന്റെ ചികിത്സ, യാത്ര, ടെലിഫോൺ എന്നിവയ്ക്കായി ചിലവഴിച്ച തുക പ്രത്യേകം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചികിത്സ, യാത്ര, ടെലിഫോൺ എന്നിവയ്ക്കായി ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

ചികിത്സാ തുക പ്രതിപൂരണം ചെയ്തുനൽകിയത് - ₹ 8,81,224 (എട്ട് ലക്ഷത്തി എൺപത്തൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) യാത്രായിനത്തിൽ ചെലവായിട്ടുള്ളത് (06-2016 മുതൽ ഇതുവരെ നൽകിയത്) - ₹ 24,80,939 (ഇരുപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി മുപ്പത്തി ഒൻപത് രൂപ മാത്രം) ടെലിഫോൺ ചാർജ് ഇനത്തിൽ (30-11-2020 വരെ ചെലവായിട്ടുള്ളത്) - ₹ 6,32,278 (ആറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഇരുന്നൂ റ്റി എഴുപത്തിയെട്ട് രൂപ മാത്രം)

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

34 (39) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

&

(സി) തിരുവനന്തപുരം ജില്ലയിലെ വിവിധ കാര്യാലയങ്ങളിൽ എൽ.ഡി. ടൈപ്പിസ്റ്റിന് ഉദ്യോഗക്കയറ്റം ലഭിക്കേണ്ട എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

(എ-സി) അഞ്ച് പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ 37 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ആയത് പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാർ ഓഫീസുകളുടെ പ്രവർത്തനം

35 (40) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും വേഗത്തിലുമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് മുൻഗണനയും നൽകുന്നത് സംബന്ധിച്ചും പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനുമായി നിലവിലുള്ള ഒഴിവുകളും 2020 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-യെ അറിയിക്കുന്നത് സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15000-ത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഒന്നര ലക്ഷത്തിലേറെ നിയമനങ്ങൾ PSC മുഖേന നടത്തി. സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും സേവനാവകാശ നിയമം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതിക്ക് പരിഹാരം കാണുന്നതിനും അവർക്ക് അർഹമായ സഹായം വേഗത്തിലും കുറ്റമറ്റനിലയ്ക്കും ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യാ സഹായത്തോടെ കമ്പ്യൂട്ടർ-ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനങ്ങളൊരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തപാലിൽ ലഭിക്കുന്ന അപേക്ഷകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും പരാതികളും അപേക്ഷകളുമായി തലസ്ഥാനത്തേയ്ക്കോ ജില്ലാ ആസ്ഥാനത്തേയ്ക്കോ വരാതെതന്നെ വില്ലേജ്, താലൂക്ക് ഓഫീസുകളിലും കളക്ടേറ്റുകളിലും അക്ഷയ കേന്ദ്രങ്ങളിലും എം.എൽ.എ.-

മാരുടെയും മന്ത്രിമാരുടെയും ഓഫീസുകളിലും ആവശ്യമുള്ളവർക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേയ്ക്കും ദുരിതാശ്വാസനിധിയിലേയ്ക്കും ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയും, നടപടികളും ഫണ്ട് വിതരണവും പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിന് ശരാശരി വേണ്ടിവരുന്ന സമയം 2016-ൽ 898 ദിവസമായിരുന്നത് 16 ദിവസമായി കുറച്ചു കൊണ്ടുവരാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. മേൽപറഞ്ഞ വിധം പൊതുജനങ്ങളുടെ പരാതികൾക്കും ദുരിതാശ്വാസ അഭ്യർത്ഥനകൾക്കും കാലതാമസമില്ലാതെ പരിഹാരം കാണുന്നതിനുപരിയായി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളുടെ പൊതുസ്വഭാവം പരിശോധിച്ച് പല കാര്യങ്ങളിലും പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 'ലൈഫ്' ഭവനനിർമ്മാണ മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനായുള്ള സഹായ പദ്ധതി കൂടുതൽ ജനോപകാര പ്രദമാക്കുക, ഹൗസിംഗ് ബോർഡ് തുടങ്ങിയ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അംഗപരിമിതർക്കായുള്ള തസ്തികകളിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്, വനിതാ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള തീരുമാനം, വിധവകൾക്ക് പി.എസ്.സി. അപേക്ഷകൾക്കുള്ള പ്രായ പരിധി ഉയർത്തിയത് തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. ഇന്റർനെറ്റ് ലഭ്യത പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 1997 വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ-ഫോൺ പദ്ധതി പൂർത്തിയാക്കുന്നതോടെ ഏറ്റവും താഴെത്തട്ടിൽ വരെ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനാകും. സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ നൽകുന്നതിനും പൊതുജനങ്ങൾക്ക് ഇത് കൂടുതൽ സഹായകരമാണ്. സർക്കാരിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കൂടുതൽ മൊബൈൽ ആപ്പുകൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിന് 'എം-കേരള' മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യം പെൻഷനറുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും മസ്റ്ററിങ്ങിൽ ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വീട്ടിലെത്തി മസ്റ്ററിങ്ങ് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾവഴി സർക്കാർ നൽകുന്ന ധനസഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് പുസ്തക രൂപത്തിലും വെബ്സൈറ്റിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ മാതൃഭാഷയായ മലയാളത്തെ ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷയായി സ്വീകരിച്ചിട്ടുണ്ട്.

ഭരണഭാഷ സംബന്ധിച്ച 'ഭരണ മലയാളം' മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ദ്വിഭാഷാ രീതിയിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും വേഗത്തിലാക്കാനും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓഫീസിന് പുറത്തുനിന്നും ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയലുകൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും സാധിക്കും. മാത്രമല്ല പൊതുജനങ്ങൾക്ക് ഇ-ഓഫീസിന്റെ സിറ്റിസൺ പോർട്ടലിലൂടെ ഫയൽനീക്കം സംബന്ധിച്ച വിവരം അറിയാനും സാധിക്കും. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആയത് സംബന്ധിച്ച ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. മാന്വൽ ഓഫ് ഓഫീസ് പ്രൊസീജ്യർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സർക്കാർ ഓഫീസുകളിൽ പേഴ്സണൽ രജിസ്റ്റർ ഉൾപ്പെടെയുള്ള രജിസ്റ്ററുകളുടെ പരിപാലനം, ഫയലുകളുടെ പരിപാലനവും തീർപ്പാക്കലും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. ഓഫീസ് നടപടി ക്രമങ്ങളിൽ പരിശീലനം നൽകുന്നതിന് പരിശോധനാ റിപ്പോർട്ടുകളിൽ ശിപാർശ ചെയ്യാറുണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്താനും വികസിപ്പിക്കാനും എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകിവരുന്നു. കൂടാതെ സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തു ന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ അനുവദിച്ചിട്ടുള്ള പരിശീലനകേന്ദ്രം മുഖേന സെക്രട്ടേറിയറ്റിലെ വിവിധ കാറ്റഗറിയിലെ ജീവനക്കാർക്ക് പ്രസക്തമായ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നുണ്ട്. ഭരണഭാഷ സംബന്ധിച്ച ജനങ്ങളുടെ അവകാശങ്ങളും ഉദ്യോഗ സ്ഥരുടെ ഉത്തരവാദിത്തങ്ങളും വ്യക്തമാക്കുന്ന 'മലയാളം എന്റെ അവകാശം 'എന്ന കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുന്നതിനും, മലയാള ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിനുംവേണ്ടി ഭരണഭാഷാ പരിശീലനം സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ

സർക്കാർ ഓഫീസുകളിലും ഹാജർ നിലവാരം പരിശോധിക്കുന്നതിലേയ്ക്കായി ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റ് പ്രോട്ടോക്കോൾ വിഭാഗത്തിലെ തീപിടുത്തം

36 (41) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് പ്രോട്ടോക്കോൾ വിഭാഗത്തിൽ തീപിടുത്തം ഉണ്ടായതിനെ സംബന്ധിച്ച് ഏതെല്ലാം ഏജൻസികളാണ് അന്വേഷണം നടത്തിയത് ?

1. പോലീസ് വകുപ്പ്
2. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്
3. ദുരന്ത നിവാരണ കമ്മീഷണർ ഡോ. എ. കൗശിഗൻ ഐ.എ.എസ്.-ന്റെ നേതൃത്വത്തിലുള്ള മൾട്ടി ഡിപ്പാർട്ട്മെന്റൽ കമ്മിറ്റി

(ബി) ഇവരുടെ നിഗമനങ്ങൾ എപ്രകാരമായിരുന്നു; വിശദാംശം നൽകുമോ?

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നോർത്ത് Sandwich Block-ലെ രണ്ടാം നിലയിൽ 25-8-2020-ാം തീയതിയിലുണ്ടായ തീപിടുത്തവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായാൽമാത്രമേ അന്തിമ നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളൂ.

വാൾമൗണ്ടഡ് ഫാനിലുണ്ടായ ഇലക്ട്രിക്കൽ ഓവർ ഹീറ്റിംഗോ ഷോർട്ട് സർക്യൂട്ടോമൂലമാകാം തീപിടുത്തം ഉണ്ടായതെന്നാണ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് നടത്തിയ അന്വേഷണത്തിലെ നിഗമനം. ഫാൻ അധികമായി ചൂടാകുകയും ഫാൻ മോട്ടോറിന്റെ ഭാഗം ഉരുകി ഇലക്ട്രിക്കൽ കോണ്ട്യൂട്ടിലും ഷെൽഫിന് മുകളിൽ സൂക്ഷിച്ചിരുന്ന ഫയലിനുമുകളിലും വീഴുകയും തുടർന്ന് അഗ്നിബാധ ഉണ്ടാകുകയും ചെയ്തതായി അനുമാനിക്കുന്നു.

മൾട്ടി ഡിപ്പാർട്ട്മെന്റൽ കമ്മിറ്റിയുടെ നിഗമനത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

'The limited circumstantial evidence available before the Committee points to a probable stalled rotor condition in a wall mount fan supplied with electricity in the GAD (Political) Section located in the 2nd floor of

North Sandwich Block of the Secretariat which might have lead to the overheating of the fan motor and eventual melting of the plastic body leading to burning and fire. It is one of the possibilities. The Committee does not rule out other probable causes of fire. Interalia, whether the fan got burnt under the influence of an extraneous (electrical/non-electrical) source of energy also needs to be comprehensively probed as part of the police investigation to ensure complete thoroughness. The exact cause of the fire can be determined only through a thorough scientific and detailed forensic examination and comprehensive police investigation.'

**ഔദ്യോഗിക വിദേശയാത്രകൾ**

37 (42) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപന മേധാവികൾ ഉൾപ്പെടെയുള്ളവരുടെ ഔദ്യോഗിക വിദേശ യാത്രകൾ സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

16-2-2019-ലെ സ.ഉ.(അ)നമ്പർ 12/2019/ധന. പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ, ചീഫ് എക്സിക്യൂട്ടീവുമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും കോർപ്പറേഷനുകളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും ഡയറക്ടർമാർ, ജീവനക്കാർ എന്നിവർ ഉൾപ്പെടെയുള്ളവരുടെ ഔദ്യോഗിക വിദേശയാത്രകൾ, കേരളത്തിനകത്തും പുറത്തുമായുള്ള വിമാന യാത്രകൾ എന്നിവ സംബന്ധിച്ച നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട ഒരു സമഗ്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ ?

ആയത് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഔദ്യോഗിക വിദേശ യാത്രയ്ക്കുശേഷം ആ യാത്രകൊണ്ടുണ്ടായ നേട്ടം, യാത്രയിൽ സ്ഥാപിച്ചെടുക്കാനായ ഗുണപരമായ ഭാവിബന്ധങ്ങൾ എന്നിവയെ സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഔദ്യോഗിക വിദേശയാത്രയ്ക്കുശേഷം പ്രസ്തുത യാത്രകൊണ്ടുണ്ടായ നേട്ടം, സ്ഥാപിച്ചെടുക്കാനായ ഗുണപരമായ ഭാവിബന്ധങ്ങൾ എന്നിവയെ സംബന്ധിച്ച റിപ്പോർട്ടുകൾ നൽകാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനമേധാവികളാണ്.

(ഡി) വിദേശയാത്രകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രസ്തുത യാത്രകൊണ്ട് നേടിയെടുക്കാനായോ എന്ന കാര്യം പരിശോധിക്കാൻ സംവിധാനമുണ്ടാക്കുമോ എന്ന് അറിയിക്കുമോ?

16-2-2019-ലെ സ.ഉ.(അ)നമ്പർ12/2019/ധന. ഉത്തരവിൽ അനുബന്ധമായി വിദേശയാത്രകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമായി രേഖപ്പെടുത്തേണ്ട പ്രൊഫോർമ നൽകിയിട്ടുണ്ട്. ഇത് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപന മേധാവികൾക്കാണ്.

## സ്വർണ്ണ കള്ളക്കടത്ത് കേസ്

38 (43) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ദുബായ് കോൺസുലേറ്റിലെ മുൻ ഉദ്യോഗസ്ഥയും സർക്കാരിന്റെ കൺസൾട്ടൻസിയുമായ ശ്രീമതി സ്വപ്ന സുരേഷും സർക്കാരിൽ ഐ.ടി. പ്രിൻസിപ്പൽ സെക്രട്ടറിയും മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒ.എസ്.ഡി.-യുമായിരുന്ന ശ്രീ. ശിവശങ്കർ ഐ.എ.എസ്.-ഉം ഡിപ്ലോമാറ്റിക് ബാഗേജ് സ്വർണ്ണക്കടത്ത് കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കേന്ദ്ര ഏജൻസികൾ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിവരുന്നു. ഔദ്യോഗിക വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(ബി) ശിവശങ്കർ ഐ.എ.എസ്. എത്രനാളായി മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒ.എസ്.ഡി. ആയി സേവനമനുഷ്ഠിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ ?

26-5-2016-ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീ. എം. ശിവശങ്കർ ഐ.എ.എസ്.-നെ വിവര സാങ്കേതിക വകുപ്പ് സെക്രട്ടറിയായി നിയമിക്കുകയും മുഖ്യമന്ത്രിയുടെ ഓഫീസിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ ചുമതല നൽകുകയും ചെയ്തു. 7-12-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. എം. ശിവശങ്കർ, ഐ.എ.എസ്.-നെ മുഖ്യമന്ത്രിയുടെ സെക്രട്ടറിയായും 31-12-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായും നിയമിച്ചു.

(സി) സ്വർണ്ണക്കള്ളക്കടത്ത് കേസിലെ ഒരു പ്രധാന പ്രതിയായ സ്വപ്നസുരേഷിന് സംസ്ഥാന ഗവൺമെന്റിലെയോ അർദ്ധസർക്കാർ/ പൊതുമേഖലയുമായോ ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന കൺസൾട്ടൻസിയിലോ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമന ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കൺസൾട്ടന്റുകളെ നിയോഗിക്കാറുണ്ട്. സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട കൺസൾട്ടന്റാണ് M/s. പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ പ്രൈവറ്റ് ലിമിറ്റഡ് (PWC). സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രസ്തുത കൺസൾട്ടന്റ് നിയോഗിച്ച വ്യക്തിയായിരുന്നു സ്വപ്ന സുരേഷ്.

## രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയുടെ പുതിയ ബ്ലോക്കിന്റെ പേര്

39(44) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയുടെ പുതിയ ബ്ലോക്കിന് ഗോൾ വാർക്കറുടെ പേര് ഇടാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ പകരം സാമൂഹ്യ പരിഷ്കർത്താവായ ഡോ. പൽപ്പുവിന്റെ പേരിടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ട ഉടനെ 5-12-2020-ലെ കത്തുവഴി സംസ്ഥാനത്തിന്റെ വിയോജിപ്പ് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയെ അറിയിച്ചിട്ടുണ്ട്. പകരം പ്രശസ്തനായ ഒരു ഇന്ത്യൻ ശാസ്ത്രജ്ഞന്റെ പേര് പുതിയ ബ്ലോക്കിന് നൽകണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## കേന്ദ്ര ഏജൻസികളുടെ അന്വേഷണം

40(45) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനെ അട്ടിമറിക്കാൻ കേന്ദ്ര സർക്കാരിന്റെ വിവിധ അന്വേഷണ ഏജൻസികളെയും സി.&എ.ജി.-യെയും കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ് ?

പ്രത്യേകം പരിശോധിച്ചിട്ടില്ല.

(ബി) വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിൽ 4.5 കോടി രൂപയോളം കൈക്കൂലിയിനത്തിൽ നൽകിയതായി കണ്ടെത്തിയ സാഹചര്യത്തിൽ ഇതിൽ സി.ബി.ഐ. അന്വേഷണം ആരംഭിച്ചപ്പോൾ അതിനെതിരെ സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ?

സി.ബി.ഐ. അന്വേഷണം ചോദ്യം ചെയ്തുകൊണ്ട് സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. 24-9-2020-ൽ Crl. MC 4375/2020 നമ്പരായി കേരള ഹൈക്കോടതിയിൽ സി.ബി.ഐ. ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ലൈഫ് മിഷനിലെ അറിയപ്പെടാത്ത ഉദ്യോഗസ്ഥരെയും സി.ബി.ഐ എതിർ കക്ഷിയാക്കിയിരുന്നു. FCRA Act അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. ലൈഫ് മിഷന് യാതൊരു ബന്ധമില്ലാത്ത കേസിൽ ലൈഫ് മിഷനിലെ അറിയപ്പെടാത്ത ഉദ്യോഗസ്ഥരെ പ്രതിയാക്കിയ സാഹചര്യത്തിലാണ് ഹൈക്കോടതിയെ സമീപിച്ചത്.

(സി) തിരുവനന്തപുരം വിമാനത്താവളംവഴി നയതന്ത്ര പാഴ്സലിലൂടെ സ്വർണ്ണം കടത്തിയ കേസിന്റെ കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ടോ;

&

(ഡി) പ്രസ്തുത അന്വേഷണം മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് എത്തുന്നത് തടയുന്നതിന് വേണ്ടിയാണോ പ്രധാനമന്ത്രിക്ക് കത്ത് അയച്ചതെന്ന് വെളിപ്പെടുത്താമോ?

തിരുവനന്തപുരം വിമാനത്താവളം കേന്ദ്രമാക്കി നടന്ന സ്വർണ്ണക്കടത്തിന്റെ അന്താരാഷ്ട്രമാനം കണക്കിലെടുത്ത് സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് മുഖ്യമന്ത്രി കത്ത് അയയ്ക്കുകയും, അന്വേഷണം വിവിധ ഏജൻസികൾ ഏറ്റെടുക്കയും ചെയ്യുകയുണ്ടായി. സർക്കാർ ഇതിനായി എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുകയുമുണ്ടായി. എന്നാൽ അന്വേഷണം പുരോഗമിക്കവേ, കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണ രീതി സർക്കാരിന്റെ ഭരണ നിർവ്വഹണംതന്നെ തടസ്സപ്പെടുത്തുന്നതായി വ്യാപകമായ പരാതി ഉയർന്നുവരുകയും ഇത്തരം പരാതികളിൽ അടിസ്ഥാനമുണ്ടെന്ന് അന്വേഷണ ഏജൻസികളുടെ വളരെ അസാധാരണമായ അന്വേഷണ രീതിയിൽനിന്നും ആർക്കുംതന്നെ കാണാനും സാധിക്കുന്നതാണ്. കേന്ദ്ര ഏജൻസികളുടെ നിയമാനുസൃതമായ ഏത് അന്വേഷണത്തിനും സർക്കാർ എല്ലാവിധ പിന്തുണയും നൽകും. എന്നാൽ, ഫെഡറൽ സംവിധാനത്തെ തുരങ്കം

വയ്ക്കുന്ന രീതിയിലുള്ള, രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു കടന്നുകയറ്റത്തിനും സർക്കാർ വഴങ്ങിക്കൊടുക്കില്ല. കേന്ദ്ര ഏജൻസികളുടെ അന്വേഷണ രീതി പലപ്പോഴും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമമായിത്തീർന്നപ്പോൾ ഈ വിഷയം 16-12-2020-ലെ മുഖ്യമന്ത്രിയുടെ കത്ത് പ്രകാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

## പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ

41 (48) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ പുതിയൊരു സമീപനം സ്വീകരിച്ചിട്ടുള്ള ഈ സർക്കാർ അവശേഷിക്കുന്ന കാര്യങ്ങൾകൂടി സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദവിവരം നൽകുമോ ;

&

(ബി) അപ്രകാരം പ്രകടനപത്രികയിൽ പറഞ്ഞിരുന്ന മുഴുവൻ കാര്യങ്ങളും നടപ്പിലാക്കിയ സർക്കാരായി മാറുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

(എ&ബി) പ്രകടന പത്രികയിൽ നൽകിയ 600 വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി ഓരോ വർഷവും വിലയിരുത്തി പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് സംസ്ഥാനത്ത് ആദ്യാനുഭവമായിരുന്നു. ഭൂരിഭാഗം വാഗ്ദാനങ്ങളും നടപ്പാക്കി. ശേഷിക്കുന്നവ വരുംമാസങ്ങളിൽ പൂർത്തിയാക്കും. അപൂർവ്വം ചിലത് പുതിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം ജനങ്ങളോട് വ്യക്തമാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് പശ്ചാത്തല സൗകര്യത്തിലെ പിന്നോക്കാവസ്ഥയാണ്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾക്കപ്പുറം ഈ ദൗർബല്യം മറികടക്കുന്നതിനായി ചില വൻകിട പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചു. പ്രധാനപ്പെട്ട പദ്ധതികൾ പൂർത്തീകരിക്കാനും മറ്റ് പല പദ്ധതികൾക്ക് തുടക്കംകുറിക്കാനും കഴിഞ്ഞിട്ടുണ്ട്. പ്രളയവും ഓഖിയും നിപ്പയും കോവിഡുമെല്ലാം ദുരന്തങ്ങളും മഹാമാരിയുമായി എത്തിയപ്പോഴും മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളാണ് നടത്തിവരുന്നത്.

## കിഴക്കഞ്ചേരി-I ഇ.എസ്.എ. പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി

42 (50) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ താലൂക്കിൽ ഉൾപ്പെട്ട കിഴക്കഞ്ചേരി-I റവന്യൂ വില്ലേജ് പ്രദേശങ്ങളിൽ എന്തെല്ലാം നിയന്ത്രണ ങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ ഉൾപ്പെട്ട കിഴക്കഞ്ചേരി-1 വില്ലേജ് ഇ.എസ്.എ.-യെ സംബന്ധിച്ച അന്തിമ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ 3-10-2018-ലെ കരട് വിജ്ഞാപനത്തിൽ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ചുവടെ പറയുന്ന പ്രവൃത്തികൾക്കും പദ്ധതികൾക്കും നിയന്ത്രണമുണ്ട്. (എ) ഖനനം - ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിലോല വില്ലേ ജുകളിൽ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. (ബി) താപ വൈദ്യുത നിലയങ്ങൾ - പുതിയ താപ വൈദ്യുത പദ്ധതികളും നിലവിലുള്ള പ്ലാന്റുകളുടെ വിപുലീകരണവും അനുവദനീയമല്ല. (സി) വ്യവസായം - കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും വിജ്ഞാപനം ചെയ്തിട്ടുള്ള ചുവന്ന പട്ടികയിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ, അവയുടെ വിപുലീകരണം എന്നിവ നിരോധിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനാനുമതിയുള്ള ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ, ചുവന്ന പട്ടികയിൽ ഉൾപ്പെട്ട വ്യവസായങ്ങൾ എന്നിവയ്ക്ക് ഈ മേഖലയിൽ നിലവിലെ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി തുടർന്നും പ്രവർ ത്തിക്കാവുന്നതാണ്. (ഡി) 20000 ച. മീറ്ററും അതിന് മുകളിലുള്ളതുമായ എല്ലാ പുതിയതും വിപുലീകരിക്കുന്നതുമായിട്ടുള്ള കെട്ടിട/നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. 50 ഹെക്ടറോ അതിനുമുകളിലുള്ളതോ ആയതും 150000 ച. മീറ്ററും അതിന് മുകളിലുള്ളതുമായ എല്ലാ പുതിയതും വിപുലീകരി ക്കുന്നതുമായ ടൗൺഷിപ്പ്, ഏരിയ ഡെവലപ്മെന്റ് പ്രോജക്ട് എന്നിവ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. എന്നാൽ നിലവിലെ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നിലവിലുള്ള വാസഗൃഹങ്ങളുടെ അറ്റകുറ്റപ്പണി/ നവീകരണം/ വിപുലീകരണം എന്നിവയ്ക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പുതിയ ജലവൈദ്യുത പദ്ധതികൾക്ക് 2006-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 14-9-2016-ലെ എസ്.ഒ. 1533 (ഇ) നമ്പരായുള്ള എൺവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം നിയന്ത്രണങ്ങളോടെ അനുമതി നൽകാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ കർശനമായ ഉത്തരവുകൾ പാലിച്ച് ഓറഞ്ച്/വൈറ്റ് കാറ്റഗറി വ്യവസായങ്ങൾക്കും പ്രവർത്തിക്കാവുന്നതാണ്. പ്രസ്തുത

പ്രോജക്ടുകളുടെ അനുമതി 2006-ലെ (2/2007) Scheduled Tribes and other Traditional Forest Dwellers) (Recognition of Forest Rights) Act വ്യവസ്ഥകൾ പാലിച്ചും ഗ്രാമസഭയുടെ അംഗീകാരത്തോടെയുമാകണം.

(ബി) ഇതുമൂലം ജനങ്ങൾക്കുണ്ടായ ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൃഷിഭൂമിയും വാസസ്ഥലങ്ങളും തോട്ടം മേഖലയും ഇ.എസ്.എ. പരിധിയിൽനിന്ന് ഒഴിവാക്കി, റവന്യൂ വനഭൂമിയെ മാത്രം പ്രത്യേകമായി തിരിച്ച് ഇ.എസ്.എ. ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നും Protected areas, World Heritage sites, Reserved Forests എന്നിവയെ മാത്രമേ ഇ.എസ്.എ.-യിൽ ഉൾപ്പെടുത്താവൂ എന്നും 92 വില്ലേജുകളിലായി 8656.46 ച.കി.മീ. സ്ഥലം മാത്രം ഇ.എസ്.എ. ആയി നിശ്ചയിക്കാവൂ എന്നുമാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയമാണ്.

## മുഖ്യമന്ത്രിയുടെ പേരിലുള്ള പുസ്തകങ്ങൾ

43 (51) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ പബ്ലിക് റിലേഷൻസ് വകുപ്പ് വഴി മുഖ്യമന്ത്രിയുടെ പേരിൽ ഏതെല്ലാം തലക്കെട്ടുകളിൽ പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഓരോ പുസ്തകവും പ്രിന്റ് ചെയ്തതിന്റെ എണ്ണവും ഓരോന്നിനും ചെലവായ തുകയും എത്രയെന്ന് വിശദമാക്കാമോ;

(സി) ഈ പുസ്തകങ്ങൾക്ക് എല്ലാം ചേർത്ത് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതെല്ലാം പ്രസ്സുകളിലാണ് ഇവ പ്രിന്റ് ചെയ്തതെന്ന് അറിയിക്കാമോ;

&

(ഡി) പ്രിന്റിംഗ് ചാർജ് ഇനത്തിൽ ഇനിയും എത്ര രൂപ നൽകാനുണ്ടെന്ന് വിശദമാക്കാമോ?

(എ-ഡി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ പബ്ലിക് റിലേഷൻസ് വകുപ്പുവഴി മുഖ്യമന്ത്രിയുടെ പേരിൽ പുസ്തകങ്ങളൊന്നും അച്ചടിച്ചിട്ടില്ല.

## ക്ഷേമപെൻഷൻ

44 (52) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ എത്ര മാസം വരെയുള്ള ക്ഷേമപെൻഷനാണ് കുടിശ്ശികയാക്കിയത് ?

2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് 1,473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് 260.35 കോടി രൂപയും വ്യത്യസ്ത കാലയളവുകളിലായി കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഗുണഭോക്താക്കൾക്കുണ്ടായ കുടിശ്ശികയ്ക്ക് ഏകീകൃത കാലയളവ് ഉണ്ടായിരുന്നില്ല.

(ബി) ഈ കുടിശ്ശിക ഏതെല്ലാം ഘട്ടത്തിലായി കൊടുത്തുതീർക്കാൻ കഴിഞ്ഞുവെന്നും അതിനായി എത്ര തുക ചെലവഴിക്കേണ്ടിവന്നുവെന്നും വ്യക്തമാക്കുമോ ?

മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയുണ്ടായിരുന്ന തുകയായ 1,473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശികയായ 260.35 കോടി രൂപയും വിവിധ ഘട്ടങ്ങളിലായി മുഴുവനായി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ കാലയളവിൽ എത്ര പേർക്ക് ക്ഷേമപെൻഷൻ നൽകിയിരുന്നുവെന്നും എത്ര തുക വീതമായിരുന്നുവെന്നും ഈ സർക്കാർ ഇതുവരെ എത്ര പേർക്കുകൂടി പുതുതായി പെൻഷൻ നൽകിയെന്നും പെൻഷൻ തുക എത്രമാത്രം വർദ്ധിപ്പിച്ചുവെന്നും വിശദമാക്കുമോ ?

കഴിഞ്ഞ സർക്കാർ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 4132826 പേർക്കാണ് അനുവദിച്ചിരുന്നത്. അനുവദിച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ പെൻഷൻ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | തുക |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിന് മുകളിൽ | 1,500 |
| | | പ്രായം 75 വയസ്സ് വരെ | 600 |

| | | | |
|---|---|---|---|
| 2 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ | 1,100 |
| | | 80 ശതമാനത്തിനുതാഴെ വൈകല്യമുള്ളവർ | 800 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 |
| 4 | കർഷക തൊഴിലാളി പെൻഷൻ | | 600 |
| 5 | 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 |

ഈ സർക്കാർ പുതുതായി 1429976 പേർക്കുകൂടി ക്ഷേമപെൻഷൻ നൽകിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും 1-6-2016-ൽ 1,000 രൂപയായും 1-4-2017 മുതൽ 1,100 രൂപയായും, 1-4-2019 മുതൽ 1,200 രൂപയായും ഉയർത്തുകയും ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങാനും അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി പെൻഷനുകൾക്കും ഈ വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് 21-2-2018 മുതൽ പെൻഷൻ തുക 1,100 രൂപയിൽനിന്നും 1,300 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 1-4-2020 മുതൽ സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1,300 രൂപയായും 1-9-2020 മുതൽ 1,400 രൂപയായും വർദ്ധിപ്പിച്ചിരുന്നു. 5-1-2021-ലെ സ.ഉ. (എംഎസ്.) നമ്പർ 3/2021/ധന. പ്രകാരം 2021 ജനുവരി മുതൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷനായും ക്ഷേമനിധി പെൻഷനായും എത്ര പേർക്ക് എത്ര തുക വീതം നൽകുന്നുണ്ട് ?

സേവനയിലെ കണക്കുകൾ പ്രകാരം 4862847 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും 699955 ക്ഷേമനിധി ബോർഡ് 7 പെൻഷൻ ഗുണഭോക്താക്കളും ചേർത്ത് ആകെ 5562802 ഗുണഭോക്താക്കളാണുള്ളത്. നിലവിൽ (2020 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 624,13,40,100 രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനായി 86,67,61,400 രൂപയും ചേർത്ത് ആകെ 710,81,01,500 രൂപ നൽകിയിട്ടുണ്ട്.

(ഇ) ഇതിനായി മൊത്തം എത്ര തുക ചെലവഴിച്ചു; പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 2,7317.08 കോടി രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനായി 4,067.15 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം ബാങ്ക് മുഖേനയോ പ്രാഥമിക കർഷക സഹകരണ സംഘങ്ങൾ മുഖേനയോ ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്തു വരുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതത് മാസം വിതരണം ചെയ്തുവരുന്നു.

**ലൈഫ് മിഷൻ പദ്ധതി**

45(53) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിലായി എത്ര വീടുകളാണ് നിർമ്മിച്ച് നൽകിയത്; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലൂടെ എത്ര വീടുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതിയിലൂടെ നാളിതുവരെ 2,50,547 (രണ്ടുലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ്റി നാൽപ്പ ത്തിയേഴ്) വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ കൈപ്പറ്റിയതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത അഴിമതി കേസിൽ സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തിയതിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടെ വിശദാംശം നൽകുമോ;

&

(ഇ) ടി കേസിൽ ആരെല്ലാമാണ് പ്രതിസ്ഥാനത്ത് വരുന്നത്; എത്ര തുകയുടെ അഴിമതി ആരോപണമാണ് വന്നിട്ടുള്ളത്; വ്യക്തമാക്കുമോ?

(സി-ഇ) ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വി.സി.2/2020/ SIU-1 നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് കേസന്വേഷണം പുരോഗമിച്ചുവരുന്നു.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

46 (54) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

&

(ബി) കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണെന്നും വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 17,27,549 രൂപയും കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിന്റെ സർവ്വീസ് ചാർജ്ജായി ഇമേജ് എന്ന സ്ഥാപനത്തിന് 1,03,29,256 രൂപയും (ഒരു കോടി മൂന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്തി ആറ് രൂപ) ചേർത്ത് ആകെ 2,20,56,805 രൂപ വിനിയോഗിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ ത്തിനായി 524.24 കോടി രൂപ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമായി നാഷണൽ ഹെൽത്ത് മിഷന് ലഭിച്ചിട്ടുണ്ട്. ഇതിൽ 49.47 കോടി രൂപ സംസ്ഥാന വിഹിതമാണ്. 31-12-2020 വരെ 451.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 30.69 കോടി രൂപ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും നാഷണൽ ഹെൽത്ത് മിഷന് കോവിഡ് പ്രതിരോധത്തിനായി ലഭിച്ചതിൽ 31-12-2020 വരെ 30.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ 22.68 കോടി രൂപ കോവിഡ് ബ്രിഗേഡിനുള്ള ഗ്രാന്റായി ജീവനക്കാർക്ക് ഇൻസെന്റീവും അലവൻസ് നൽകാൻ സംസ്ഥാന സർക്കാരിൽ നിന്നും നാഷണൽ ഹെൽത്ത് മിഷന് ലഭിച്ചത് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. 36.36 കോടി രൂപ ആശുപത്രി നിർവ്വഹണ സമിതികൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. അത് അതത് ആശുപത്രി നിർവ്വഹണ സമിതികൾക്കായി ട്രാൻസ്ഫർ ചെയ്തു കൊടുത്തിട്ടുണ്ട്. എന്നാൽ

കോവിഡ്-19-ന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 31-12-2020 വരെ 704.11 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലകൾക്ക് അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

&

(ഡി) അനുവദിച്ച തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(സി&ഡി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

## മുളവുകാട് റോഡ് വികസന പദ്ധതി

47 (55) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന മുളവുകാട് റോഡ് വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ?

ജിഡ ഫണ്ട് വിനിയോഗിച്ച് വീതികൂട്ടുന്ന മുളവുകാട് 5.5 കിലോമീറ്റർ റോഡ് പദ്ധതിയിൽ ഒന്നാം ഘട്ടം 2.5 കിലോമീറ്ററും രണ്ടാം ഘട്ടം 1.5 കിലോമീറ്ററും നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞു. തുടർന്നുള്ള 1.5 കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് KITCO-യും യൂട്ടിലിറ്റി ലൈൻസ് മാറ്റുന്നതിനുള്ള എസ്റ്റിമേറ്റുകൾ BSNL, KSEB, KWA എന്നിവരും സമർപ്പിച്ചിട്ടുണ്ട്. സ്ഥലമെടുക്കുന്ന നടപടികളും KITCO നടത്തിവരുന്നു. മേൽ എസ്റ്റിമേറ്റുകൾക്ക് ജിഡ ജനറൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

രണ്ടാം ഘട്ടത്തിൽ ഇനിയുള്ള 1.5 കിലോമീറ്റർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റുകൾക്ക് ജിഡ ജനറൽ കൗൺസിൽ അംഗീകാരം ലഭ്യമാക്കി ഭരണാനുമതിയും നൽകിയതിനുശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നവകേരളം കർമ്മ പദ്ധതി

48(56) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് മിഷൻ എന്നിവയിൽ ഓരോന്നിലും നിലവിൽ എത്രപേർ വീതം സേവനമനുഷ്ഠിക്കുന്നുവെന്ന് വിശദമാക്കാമോ ?

ഹരിതകേരളം മിഷൻ - 40 ജീവനക്കാർ, ആർദ്രം മിഷൻ - ഒരു ജീവനക്കാരൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - 25 ജീവനക്കാർ, ലൈഫ് മിഷൻ - 55 ജീവനക്കാർ.

(ബി) പ്രസ്തുത മിഷനുകളിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ; അല്ലെങ്കിൽ നിയമനരീതി വ്യക്തമാക്കുമോ ?

പ്രസ്തുത മിഷനുകളിൽ ഗവ. നിയമനം/ഡെപ്യൂട്ടേഷൻ/കരാർ/ദിവസ വേതനം/ വർക്കിംഗ് അറേഞ്ച്മെന്റ്/പുനർനിയമനം/കാഷ്വൽ/കോൺട്രാക്ട് എന്നീ വ്യവസ്ഥ യിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(സി) ഓരോ മിഷനിലെയും ജീവനക്കാർക്ക് ശമ്പളം/ഓണറേറിയം ഇനത്തിൽ ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

ലൈഫ് മിഷൻ - 6.07 കോടി രൂപ (31-12-2020 വരെ), ഹരിതകേരളം മിഷൻ - 11.34 കോടി രൂപ (08-01-2020 വരെ), ആർദ്രം മിഷൻ - ഓണറേറിയം ഇനത്തിൽ ജൂൺ 2017 മുതൽ ഡിസംബർ 2020 വരെ 33.21 ലക്ഷം രൂപ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - 4,40,08,999 രൂപ (31-12-2020 വരെ) എന്നിങ്ങനെ ചെലഴിച്ചിട്ടുണ്ട്.

(ഡി) മിഷൻ മോണിറ്ററിംഗ് ടീം നിലവിലുണ്ടോ; അവരുടെ നിയമനരീതി വ്യക്തമാക്കുമോ ?

ഇപ്പോൾ നിലവിലില്ല.

(ഇ) നവകേരളം കർമ്മപദ്ധതിയുടെ സ്റ്റേറ്റ് കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത വ്യക്തിക്ക് ശമ്പളം/മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനത്തിൽ ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

ഉണ്ട്. 25-06-2018 മുതൽ 31-12-2020 വരെ ഇതിനോടകം 36,26,750 രൂപ ശമ്പളം/മറ്റ് ആനുകൂല്യങ്ങൾ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## റീബിൽഡ് കേരള

49 (58) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി വീട് നഷ്ടപ്പെട്ടവർക്ക് റീബിൽഡ് കേരളയിലൂടെ അനുവദിച്ച തുക അക്കൗണ്ട് നമ്പർ മാറി തെറ്റായി നിക്ഷേപിച്ചതിനാൽ ലഭിക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 13-11-2020-ന് B3-5571/2020 നമ്പർ കത്ത് പ്രകാരം ആലത്തൂർ തഹസീൽദാർ ലാന്റ് റവന്യൂ കമ്മീഷണർക്ക്, താലൂക്കിലെ 4 പേരുടെ അക്കൗണ്ട് നമ്പർ മാറിപ്പോയത് തിരുത്തി യഥാർത്ഥ അക്കൗണ്ടിലേയ്ക്ക് മാറ്റിത്തരണമെന്നാവശ്യപ്പെട്ട് നൽകിയ ഫയലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ ?

ലാൻഡ് റവന്യൂ കമ്മീഷണർ ഇതുസംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ധനസഹായം ലഭിക്കാത്തവർക്ക് ഉടൻ ധനസഹായം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

50(59) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിനുശേഷം 2019 ആഗസ്റ്റ് വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ ?

2018 ആഗസ്റ്റ് 1 മുതൽ 2019 ആഗസ്റ്റ് 31 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ലഭിച്ച തുക 4,595.19 കോടി രൂപയാണ്.

(ബി) പ്രസ്തുത തുകയിൽ എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്; ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

31-12-2020 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പ്രളയവുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 3,779.17 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

CMDRF-പ്രളയത്തിന് ചെലവായ തുക (Upto 31-12-2020)

| ക്രമ നമ്പർ | Purpose | അനുവദിച്ച തുക |
|---|---|---|
| (1) | (2) | (3) |
| (1) | ആശ്വാസ ധനസഹായം | 457.58 കോടി രൂപ |
| (2) | വീടും സ്ഥലവും നാശനഷ്ടം | 2437.19 കോടി രൂപ |
| (3) | Care Home (സംസ്ഥാന സഹകരണ വകുപ്പ്) | 52.69 കോടി രൂപ |
| (4) | കാർഷിക വായ്പ | 54.00 കോടി രൂപ |
| (5) | ഉപജീവന കിറ്റ് വിതരണം (Kerala State Civil Supplies Corporation Limited) | 54.46 കോടി രൂപ |
| (6) | മറ്റ് ചെലവുകൾ (പുനരുജ്ജീവനം, മരണപ്പെട്ടവരുടെ ആശ്രിതർക്ക്, വീട്നിർമ്മാണ സ്ഥല സജ്ജീകരണത്തിനായി, Pending appeal-കൾ പരിഹരിക്കുന്നതിന് Engineer-മാർക്ക് നൽകിയത് മുതലായവ) | 16.59 കോടി രൂപ. |
| (7) | അധിക റേഷൻ വിതരണം നൽകിയ ഇനത്തിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയത് (Extra Rice) | 9.40 കോടി രൂപ |
| (8) | പ്രത്യുത്ഥാനം പദ്ധതി | 10 കോടി രൂപ |
| (9) | C-apt - പ്രളയത്തിൽ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടവർക്ക് പാഠപുസ്തകങ്ങൾ അച്ചടിച്ച് കൊടുത്തത് | 0.47 കോടി രൂപ |
| (10) | ഉജ്ജീവന പദ്ധതി | 15.41 കോടി രൂപ |

| (1) | (2) | (3) |
|---|---|---|
| (11) | KSFE - ഷെൽറ്റർ ഹോം | 35.99 കോടി രൂപ |
| (12) | കുടുംബശ്രീ | 261.06 കോടി രൂപ |
| (13) | പുനർഗേഹം പദ്ധതി | 200 കോടി രൂപ |
| (14) | കൃഷി നാശം സംഭവിച്ച കർഷകർക്ക് (Directorate of Agriculture മുഖേന) | 85.6 കോടി രൂപ |
| (15) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി മരുന്ന് വിതരണം ചെയ്യുന്നതിന് (Kerala Medical Services Corporation Limited മുഖേന) | 2.87 കോടി രൂപ |
| (16) | വ്യാപാരി ക്ഷേമ ബോർഡ് | 5.4 കോടി രൂപ |
| (17) | സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച് നൽകിയത് | 30.46 കോടി രൂപ |
| (18) | മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP) | 50 കോടി രൂപ |
| | ആകെ | 3779.17 കോടി രൂപ. |

**മുഖ്യമന്ത്രിയുടെ ചികിത്സാ സഹായധനം (CMDRF)**

51 (60) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ (CMDRF) ചികിത്സാ സഹായധനമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) പഞ്ചായത്തുതിരിച്ച് (കാട്ടാക്കട, വിളവൂർക്കൽ, വിളപ്പിൽ, മാറനല്ലൂർ, മലയിൻകീഴ്, പള്ളിച്ചൽ) ആകെ തുകയും അനുവദിച്ചവരുടെ ലിസ്റ്റും ലഭ്യമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

52 (61) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസനിധിയിൽനിന്ന് ആകെ എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടെന്നും ആകെ അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാ സനിധിയിൽനിന്ന് 494686 പേർക്ക് ചികിത്സാ ധനസഹായമായി ആകെ 863,31,45,558 രൂപ (എണ്ണൂറ്റി അറുപത്തിമൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഏറ്റവും കൂടുതൽ പേർക്ക് ധനസഹായം അനുവദിച്ച നിയമസഭാ മണ്ഡലം ഏതെന്നും എത്രപേർക്കാണ് അനുവദിച്ചതെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ ;

&

(സി) ഏറ്റവും കുറച്ചുപേർക്ക് ധനസഹായം അനുവദിച്ച നിയോജകമണ്ഡലം ഏതാണെന്നും എത്രപേർക്കാണ് അനുവദിച്ചതെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ?

(ബി&ഡി) നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**മാവേലിക്കര താലൂക്കിൽ അനുവദിച്ച ദുരിതാശ്വാസനിധി**

53 (62) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മാവേലിക്കര താലൂക്കിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വില്ലേജ് അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

54 (63) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ?

&

(ബി) ആകെ എത്ര തുകയുടെ ധനസഹായമാണ് അനുവദിച്ചതെന്ന് വിശദീകരിക്കാമോ?

മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

55 (64) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായമായി 31-12-2020 വരെ എത്ര തുകയാണ് അനുവദിച്ചത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (25-5-2016 മുതൽ 31-12-2020 വരെ) മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽനിന്നും 863,31,45,558 രൂപ (എണ്ണൂറ്റി അറുപത്തിമൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2011-2016-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് (2011 മുതൽ 2016 വരെ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായമായി 808,78,08,191 രൂപ (എണ്ണൂറ്റിയെട്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലം

56 (65) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലം ഉൾപ്പെടുന്ന വില്ലേജുകൾ വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ട്; വില്ലേജുകൾ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് മണ്ഡലം തിരിച്ചുള്ള കണക്കുകളും മണ്ഡലത്തിലെ വില്ലേജ് തിരിച്ചുള്ള കണക്കുകളും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## ദുരിതാശ്വാസ നിധി

57(66) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തുണ്ടായ ദുരന്തങ്ങൾ, മഹാമാരി എന്നിവയുടെ പേരിൽ എത്ര തവണ സർക്കാർ ജീവനക്കാരിൽനിന്നും പൊതുജനങ്ങളിൽനിന്നും പണം ഉൾപ്പെടെയുള്ള സഹായം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓഖി, 2018 പ്രളയം, 2019 കാലവർഷക്കെടുതി, കോവിഡ്-19 തുടങ്ങിയവയുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽനിന്നും പൊതുജനങ്ങളിൽനിന്നും പണം ഉൾപ്പെടെയുള്ള സഹായം സ്വീകരിച്ചു.

(ബി) ഇപ്രകാരം ഓരോ തവണയും പിരിഞ്ഞുകിട്ടിയ തുക എത്രയാണ്; വിശദാംശം നൽകുമോ?

31-12-2020 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് 5,573.53 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഓഖി- 108.59 കോടി രൂപ, പ്രളയം - 4,935.00 കോടി രൂപ, കോവിഡ് – 529.94 കോടി രൂപ. ആകെ 5,573.53 കോടി രൂപ.

(സി) പ്രസ്തുത തുക സ്വീകരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം ഓരോ തവണയും ലഭിച്ച തുകയിൽ എന്ത് തുക ഇതിനകം ചെലവഴിച്ചു; ശേഷിക്കുന്നത് എത്രയെന്ന് പ്രത്യേകം ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

58 (67) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന 1207.7 കി.മീ. തദ്ദേശ റോഡുകളുടെ പുനർനിർമ്മാണത്തിനായി 440.52 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ 5,137.99 കോടി രൂപ ചെലവിൽ 752.45 കി.മീ പൊതുമരാമത്ത് റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) ഒന്നും രണ്ടും ഘട്ടങ്ങളിലായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

&

(ഡി) ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) ഒന്നാം ഘട്ടമായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽനിന്നും ഉൾപ്പെട്ടിട്ടുള്ള തദ്ദേശ റോഡ് പ്രവൃത്തികളും ഇവയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.* ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാം ഘട്ടത്തിലേയ്ക്ക് നിലവിൽ പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗം**

59(68) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് 2020 ഡിസംബർ 31 വരെ എത്ര രൂപ ലഭിച്ചിട്ടുണ്ട്?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 31-12-2020 വരെ ആകെ 5,573.53 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഓഖി | - | 108.59 കോടി രൂപ, |
| പ്രളയം | - | 4935 കോടി രൂപ, |
| കോവിഡ് | - | 529.94 കോടി രൂപ |
| ആകെ | - | 5,573.53 കോടി രൂപ |

(ബി) അതിൽനിന്നും പ്രളയാനന്തര കേരള പുനഃസൃഷ്ടിക്കുവേണ്ടി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ?

31-12-2020 വരെ പ്രളയാനനന്തര കേരള പുനഃസൃഷ്ടിക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 3,779.17 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരിൽനിന്നും സർവീസിൽനിന്ന് വിരമിച്ചവരിൽനിന്നും നിയമസഭാസാമാജികരിൽനിന്നും ആകെ സ്വരൂപിച്ച തുക എത്ര വീതമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരിൽനിന്നും 1,235.48 കോടി രൂപയും സർവ്വീസിൽനിന്ന് വിരമിച്ചവരിൽനിന്നും 28.39 കോടി രൂപയും ലഭിച്ചിട്ടുണ്ട്. നിയമസഭാ സാമാജികരിൽനിന്നും താഴെപ്പറയുന്ന പ്രകാരം തുക സ്വരൂപിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഓഖി | - | 25,42,740 രൂപ |
| പ്രളയം 2018 | – | 88,63,081 രൂപ |
| പ്രളയം 2019 | – | 26,16,165 രൂപ |
| കോവിഡ് 2020 | – | 25,57,423 രൂപ |
| ആകെ | -- | 1,65,79,409 രൂപ |

## റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

60 (69) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിലെ ആർക്കെല്ലാമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചുവെന്നും വിശദമാക്കാമോ ?

മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ബി) റീബിൽഡ് കേരള പദ്ധതിയിൽ കൽപ്പറ്റ മണ്ഡലത്തിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ട തുക സഹിതം വിശദമാക്കാമോ;

&

(സി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതും ആരംഭിക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഈ പദ്ധതികൾ എന്ന് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ?

(ബി&സി) റീബിൽഡ് കേരള പദ്ധതി നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച് സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവരസാങ്കേതികം, ഊർജ്ജം, വനിത-ശിശു വികസനം, വനം വന്യജീവി തുടങ്ങിയ വകുപ്പുകളുടേതായി 7192.78 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**റീബിൽഡ് കേരള**

61 (70) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് തകർന്ന മേഖലകൾ പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് രൂപം നൽകി 2 വർഷം കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആക്ഷേപം അടിസ്ഥാനരഹിതമാണ്. വിവിധ വകുപ്പുകൾ സമർപ്പിച്ച 7,192.78 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) പുനർനിർമ്മാണത്തിനായി എത്ര തുക ആവശ്യമായി വരുമെന്നും ഇതിനകം എത്ര തുക സമാഹരിച്ചുവെന്നും ഏതൊക്കെ ഏജൻസികളിൽനിന്നാണ് അതിനായുള്ള ധനസമാഹരണം നടത്തിയതെന്നുമുള്ള വിശദാംശം നൽകുമോ ?

2019-2027 കാലയളവിൽ RKDP വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏകദേശം 36500 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ലോകബാങ്കിന്റെ വികസന നയ വായ്പയുടെ ആദ്യ ഗഡുവായി 250 ദശലക്ഷം ഡോളർ (1,779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭിക്കുന്നതിന് ജർമ്മൻ ബാങ്കായ KfW-യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ലോകബാങ്ക് വികസന നയവായ്പയുടെ തുടർച്ചയായി, സംസ്ഥാന വികസന പങ്കാളിത്ത ചട്ടക്കൂടിന്റെ ഭാഗമായി Program for-Result (PfR) രീതിയിൽ തവണകളായി 350 ദശലക്ഷം ഡോളർ വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ലോക ബാങ്ക്, AIIB എന്നിവയുമായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

(സി) ഏതൊക്കെ മേഖലയിലാണ് ഇതിനകം പുനർനിർമ്മാണം പൂർത്തീകരിച്ചത്; അതിനായി എത്ര തുക ചെലവഴിച്ചു ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) നടപ്പിലാക്കുന്ന പദ്ധതികളിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. ആർ.കെ.ഐ ഇതിനകം ഭരണാനുമതി നൽകിയ 7,192.78 കോടി രൂപയുടെ പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) വിവിധ മേഖലകളിലെ പുനർനിർമ്മാണ പ്രക്രിയ ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പദ്ധതി അംഗീകാരം, നിർവ്വഹണം, ഫണ്ട് ലഭ്യമാക്കൽ എന്നിവ സംബന്ധിച്ച പല നടപടിക്രമങ്ങളും ലളിതമാക്കിയിട്ടുണ്ട്. പദ്ധതികൾ റീബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ ശിപാർശയോടെ നേരിട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയിൽ അവതരിപ്പിക്കുകയും സമിതി ശിപാർശ ചെയ്യുന്നവയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. മിക്കവാറും എല്ലാ മാസവും ഉന്നതാധികാര സമിതി

ചേരുന്നതിനാൽ കാലവിളംബം കൂടാതെ പദ്ധതികൾ അംഗീകരിക്കുന്നതിന് സാധിക്കുന്നു. ആർ.കെ.ഐ. നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ പതിവായി സെക്രട്ടറിതല യോഗം ചേർന്ന്, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് നിർവ്വഹണം കാര്യക്ഷമമായും ത്വരിതഗതിയിലും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉപദേശക സമിതിയുടെ യോഗങ്ങളും പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ.-യുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ്‌വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) വികസിപ്പിക്കുകയും അതുമുഖേന പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

62 (71) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന നെല്ലനാട്, വാമനപുരം, കല്ലറ, പാങ്ങോട്, പെരിങ്ങമല, തെന്നൂർ, പാലോട്, കുറുപുഴ, പനവൂർ, ആനാട്, പുല്ലമ്പാറ എന്നീ വില്ലേജുകളിൽ എത്ര ഗുണഭോക്താക്കൾക്ക് സഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലം തിരിച്ചും വില്ലേജുകൾ തിരിച്ചുമുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ആകെ എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

നിയോജകമണ്ഡലം/വില്ലേജ് തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## കൊറോണ പ്രതിരോധ നടപടി

63 (72) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ പ്രതിരോധത്തിനായി കേന്ദ്രം നൽകിയ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉണ്ട്. കേരളത്തിൽ ആദ്യമായി കോവിഡ്-19 കേസുകൾ റിപ്പോർട്ട് ചെയ്തത് 2020 ജനുവരി 30-നാണ്. അന്ന് മുതൽ ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര സർക്കാരിന്റെയും വിവിധ തലങ്ങളിലും മേഖലകളിലുമുള്ള പലവിധ നിർദ്ദേശങ്ങളും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. കോവിഡ് പരിശോധന സംബന്ധിച്ചും ക്വാറന്റൈൻ മാനദണ്ഡങ്ങൾ സംബന്ധിച്ചും നിലവിൽ ലഭ്യമായിട്ടുള്ള ശാസ്ത്രീയ തെളിവുകൾ അനുസരിച്ചാണ് സംസ്ഥാനം ചട്ടങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. രോഗം കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതനുസരിച്ചും കൂടുതൽ ശാസ്ത്രീയ തെളിവുകൾ ലഭ്യമാകുന്നതനുസരിച്ചും രോഗം സ്ഥിരീകരിക്കപ്പെട്ടവരും അവരുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവർക്കും മറ്റ് സംസ്ഥാനങ്ങളിൽനിന്നോ രാജ്യങ്ങളിൽനിന്നോ കേരളത്തിലേയ്ക്ക് എത്തിയവർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളിലും സംസ്ഥാനം മാറ്റങ്ങൾ വരുത്തിയിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് എത്തിച്ചേരുന്നവർക്ക് വീടുകളിലെ നിരീക്ഷണമാണ് ഒരുക്കിയത്. വീടുകളിൽ നിരീക്ഷണം സാധ്യമല്ലാത്തവർക്കുവേണ്ടി കോവിഡ് കെയർ സെന്ററുകളും സംസ്ഥാനത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളിലും സംസ്ഥാനം ഒരുക്കിയിരുന്നു. ഇതുകൂടാതെ ലോക് ഡൗൺ, അൺ ലോക്ക് മാർഗ്ഗനിർദ്ദേശങ്ങളും കേന്ദ്രം നൽകുന്ന മുറയ്ക്ക് കേരളത്തിലും അപ്പോഴപ്പോഴുള്ള കേസുകളുടെ എണ്ണത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) രോഗബാധ സംശയിച്ച് നിരീക്ഷണത്തിൽ കഴിയേണ്ടിവന്ന വിദേശ മലയാളികൾക്ക് എംബസി വഴി പ്രത്യേക നിരീക്ഷണകേന്ദ്രം ഒരുക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; ആയതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ ?

ഇല്ല.

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാന വിഹിതമായി എന്ത് തുക ചെലവഴിക്കാനാണ് കേന്ദ്രം ഇതിനകം അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

&

(ഡി) കോവിഡ് ആശുപത്രികൾ ആരംഭിക്കുന്നതിന് ദുരന്തനിവാരണ ഫണ്ട് ഉപയോഗിക്കാൻ കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിലൂടെ എത്ര കോവിഡ് ആശുപത്രികൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ?

(ബി&സി) 17-3-2020-ലെ സ.ഉ.(കൈ) നം.9/2020/ഡി.എം.ഡി. പ്രകാരം കോവിഡ്-19-നെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ 2020-21 വർഷത്തിലെ വിഹിതമായ 419 കോടി രൂപയുടെ 50% കോവിഡ്

പ്രതിരോധത്തിനായി വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിനായി തുക വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധി

64 (73) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽ നിന്നും നാളിതുവരെയായി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (25-05-2016 മുതൽ 31-12-2020 വരെ) മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽനിന്നും നാളിതുവരെയായി 863,31,45,558 രൂപ (എണ്ണൂറ്റി അറുപത്തിമൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## കൊച്ചി രാമേശ്വരം വില്ലേജിലെ കുടുംബങ്ങൾക്ക് ഭൂമി പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി

65 (74) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ൽ ഐ.എൻ.എസ്. ദ്രോണാചാര്യ പ്രോജക്ടിനുവേണ്ടി കൊച്ചി താലൂക്കിലെ രാമേശ്വരം വില്ലേജിൽ പുനരധിവാസത്തിനായി ഏറ്റെടുത്ത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് കൈമാറിയ ഭൂമിയിൽ തീറാധാരപ്രകാരം വർഷങ്ങളായി കൈവശംവച്ച് അനുഭവിച്ചുവരുന്ന രാമേശ്വരം വില്ലേജിൽ മൂലങ്കുഴിയിൽ R.K. കോളനി നിവാസികളായ 29 കുടുംബങ്ങൾക്ക് കെ.എസ്.എച്ച്.ബി.-ക്ക് ലഭിക്കേണ്ടതായ കുടിശ്ശിക തുക സർക്കാർ അടച്ച് എൻ.ഒ.സി. നല്കാത്തതിനാൽ പോക്കുവരവ് ചെയ്ത് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളായ ഈ കുടുംബങ്ങളുടെ ദയനീയാവസ്ഥ കണക്കിലെടുത്ത് കെ.എസ്.എച്ച്.ബി.-ക്ക് നൽകേണ്ടതായ തുക നൽകി വർഷങ്ങളായി കൈവശംവച്ച് അനുഭവിച്ചുവരുന്ന ഭൂമിയുടെ പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇന്ത്യൻ നാവികസേനയുടെ വികസനത്തിനായി INS ദ്രോണാചാര്യ പദ്ധതിക്കു വേണ്ടി ഫോർട്ട് കൊച്ചി വില്ലേജിലെ സർക്കാർ വക ഭൂമി ഇന്ത്യാ ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ അവിടെ താമസിച്ചിരുന്ന നിർദ്ധനരായ 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് രാമേശ്വരം ഭവന പദ്ധതി. 15-3-1984 -ലെ 84-ാം നമ്പർ അവാർഡ് പ്രകാരം ബോർഡിന് ലഭിച്ച 2.5883 ഹെക്ടർ സ്ഥലം ടി പദ്ധതിക്ക് എടുത്തശേഷം ബീച്ച് റോഡിന്റെ പടിഞ്ഞാറുവശത്തുള്ള സർവ്വേ നം.194/1-ൽപ്പെട്ട 0.2989 ഹെക്ടർ സ്ഥലം (73.857 സെന്റ്) ബോർഡിന്റെ കൈവശത്തിലും കരംതീരുവയിലുമായിരുന്നു. ടി സ്ഥലം ശ്രീ. ദാമോദര ഷേണായി എന്ന ആളിൽനിന്നാണ് ബോർഡ് പൊന്നുംവില നടപടിയിലൂടെ എടുത്തത്. ഇയാളുടെ ബന്ധുവായ ശ്രീ. മുരളീധര ഷേണായി, ഭാര്യ ശ്രീമതി എ. ഡി. രാജാമണി എന്നവർ 29 മത്സ്യത്തൊഴിലാളികൾക്ക് ബോർഡ് വക ടി സ്ഥലം അനധികൃത വിൽപ്പന നടത്തുകയുണ്ടായി. പ്രസ്തുത അനധികൃത കുടിയേറ്റം ഒഴിപ്പിക്കുന്നതിന് ബോർഡ് 5-11-2008-ന് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും ടി വസ്തു പോക്കുവരവ് ചെയ്തു നൽകരുതെന്ന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്തിന് അവാർഡ് തുകയും LAR ഇനത്തിൽ നൽകിയിട്ടുള്ള തുകയുടെ ആനുപാതിക വിഹിതവും ചേർത്ത് 5,04,857 രൂപയാണ് ബോർഡിന് ചെലവായിട്ടുള്ളതെന്നും ടി തുകയ്ക്ക് തുക അടച്ച തീയതി മുതൽ 31-12-2020 വരെ 9% പലിശ കണക്കാക്കിയാൽ മൊത്തം 20,65,609 രൂപ ബോർഡിന് ലഭിക്കേണ്ടതാണെന്നും ടി തുക ലഭ്യമായാൽ ടി 29 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അവർ നിലവിൽ താമസിക്കുന്ന ഭൂമി അവരുടെ പേരിൽ പോക്കുവരവ് ചെയ്ത് നൽകുന്നതിന് നിരാക്ഷേപപത്രം നൽകുന്നതിന് ഹൗസിംഗ് ബോർഡിന് തടസ്സമില്ലെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബോർഡിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## ബേപ്പൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

66 (75) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 31-12-2020 വരെ പൂർത്തീകരിച്ച് നൽകിയ ഭവനങ്ങളുടെ വിശദവിവരങ്ങൾ നല്കാമോ ?

ലൈഫ് മിഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 31-12-2020 വരെ 18,787 (പതിനെണ്ണായിരത്തി എഴുന്നൂറ്റി എൺപത്തിയേഴ്) ഭവനങ്ങൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വീടുകളുടെ പൂർത്തീകരണത്തിനായി എത്ര തുക സർക്കാർ ചെലവഴിച്ചു ?

പ്രസ്തുത വീടുകളുടെ പൂർത്തീകരണത്തിനായി 450.46 കോടി രൂപ (നാനൂറ്റി അൻപത് കോടി നാൽപ്പത്തിയാറ് ലക്ഷം രൂപ) സർക്കാർ ചെലവഴിച്ചു.

(സി) കോഴിക്കോട് ജില്ലയിൽ ഇനിയും ഭവനരഹിതരായവരുടെ കണക്കുകൾ ലഭ്യമാണോ; വിശദാംശങ്ങൾ നല്കാമോ ?

ലൈഫ് മിഷൻ 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി പുതുതായി ഓൺലൈൻ അപേക്ഷ സ്വീകരിച്ചപ്പോൾ കോഴിക്കോട് ജില്ലയിൽ 52,164 (അൻപത്തി രണ്ടായിരത്തി ഒരുന്നൂറ്റി അറുപത്തിനാല്)(ലൈഫ് 2020) അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ഡി) ബേപ്പൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ലൈഫ് മിഷൻ മുഖേന പൂർത്തിയാക്കിയ വീടുകളുടെ കണക്കുകൾ നല്കാമോ?

ബേപ്പൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ലൈഫ് മിഷൻ മുഖേന 1953 (ആയിരത്തി തൊള്ളായിരത്തി അൻപത്തിമൂന്ന്) വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

## ശബരിമല വിമാനത്താവള നിർമ്മാണം

67 (76) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരിമല അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണ നടപടികൾ ഏത് ഘട്ടംവരെയായി; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചു; ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ട്; വിശദമാക്കുമോ ?

ശബരിമലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനം ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) ലഭ്യമാക്കുകയുണ്ടായി. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മാനേജിംഗ് ഡയറക്ടറായി ചുമതല അനുഷ്ഠിക്കുന്ന ശ്രീ. വി. തുളസീദാസ്, ഐ.എ.എസ്. (റിട്ട.)-ന് ശബരിമല വിമാനത്താവള സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. DGCA, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ. ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) സ്ഥലം ഏറ്റെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18-6-2020-ലെ സ.ഉ.(കൈ) നമ്പർ 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് ആവശ്യമായ ഭൂമിയും ഏറ്റെടുക്കുന്നതിന് നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ എപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സാധ്യമാക്കാം എന്നത് സംബന്ധിച്ച് നിയമോപദേശം ആരാഞ്ഞിട്ടുണ്ട്.

## പൊല്യൂഷൻ കൺട്രോൾ ബോർഡ് റിപ്പോർട്ടിൻമേൽ നടപടി

68 (77) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തൃക്കാക്കര നിയോജകമണ്ഡലത്തിലെ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതും ആലുവ, കളമശ്ശേരി, കുന്നത്തുനാട്, തൃപ്പൂണിത്തുറ എന്നീ നിയോജകമണ്ഡലങ്ങളിലെ ജലസ്രോതസ്സുമായി ബന്ധപ്പെട്ടുള്ളതുമായ കടമ്പ്രയാറിലേയ്ക്ക് കിഴക്കമ്പലത്ത് പ്രവർത്തിക്കുന്ന കിറ്റെക്സ് ഗാർമെന്റ്സ് ബ്ലീച്ചിംഗ് ആന്റ് ഡൈയിംഗ് യൂണിറ്റിലെ മാലിന്യം വലിയതോതിൽ പുറന്തള്ളുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് 27-7-2012-ൽ PCB/RO-EKM/GEN/7612 നമ്പരായി നൽകിയ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

&

(സി) കിറ്റെക്സ് ഗാർമെന്റ്സ്, കിഴക്കമ്പലവുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകിയ റിപ്പോർട്ടിൻമേൽ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(എ-സി) 2012-ൽ കിറ്റെക്സ് ഗാർമെന്റ്സ് ബ്ലീച്ചിംഗ് ആന്റ് ഡൈയിംഗ് യൂണിറ്റിൽ നിന്നും മലിനജലം ജലസ്രോതസ്സുകളിലേയ്ക്കും പാടശേഖരങ്ങളിലേയ്ക്കും ഒഴുക്കുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ എറണാകുളം മേഖലാ ഓഫീസിലെ മുഖ്യ പരിസ്ഥിതി എഞ്ചിനീയറുടെ നേതൃത്വത്തിൽ ബോർഡിലെ എറണാകുളം ജില്ലാ ഓഫീസിലെ പരിസ്ഥിതി എഞ്ചിനീയർ, പഞ്ചായത്ത് അധികൃതർ, പരാതിക്കാരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ 20-7-2012-ൽ കമ്പനിയിൽ പരിശോധന നടത്തി. പരിശോധനയിൽ മലിനജല ശുദ്ധീകരണ പ്ലാന്റും പരിസരവും വൃത്തിഹീനമായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും പ്ലാന്റിലെ പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ടും പ്രവർത്തനാനുമതി പുതുക്കുന്നതിന് നൽകിയ അപേക്ഷ നിരസിക്കാനും കമ്പനിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും മുഖ്യ പരിസ്ഥിതി എഞ്ചിനീയർ ശിപാർശ ചെയ്ത റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന് 27-7-2012-ൽ നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി 31-7-2013-ന് PCB/HO/CE/EKM/06 നമ്പർ കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ ശ്രീ. അബ്ദുൾ റഹ്മാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)No.17840/2012 ആയി സമർപ്പിച്ച ഹർജിയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ റിപ്പോർട്ടിൽ നൽകിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് സമർപ്പിച്ചു. മേൽ സൂചിപ്പിച്ച ഹർജിയിൽ 21-8-2012-ൽ വന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച അഡ്വക്കേറ്റ് കമ്മീഷൻ, ബോർഡിനെ പ്രതിനിധീകരിച്ച് സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ, ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയർ, പഞ്ചായത്ത് ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രതിനിധികൾ ഉൾപ്പെടെ 23-8-2012-ൽ കമ്പനിയിൽ പരിശോധന നടത്തുകയും ഇ.റ്റി.പി.-യിൽ (ETP) നിന്നും STP-യിൽനിന്നും സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തു. ടി പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന് സമർപ്പിക്കുകയും ചെയ്തു. പരിശോധനാ സമയത്ത് ശേഖരിച്ച സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന സ്റ്റാൻഡേർഡുകൾ പാലിക്കുന്നതായി കണ്ടെത്തി. E.T.P.-യിൽ ഉണ്ടാകുന്ന sludge അമ്പലമുകളിൽ ഉള്ള common hazardous waste disposal facility-യിൽ ആണ് നിക്ഷേപിക്കുന്നത്. കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം 27-9-2012-ൽ ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പരാതിക്കാർ, കമ്പനി പ്രതിനിധികൾ, പഞ്ചായത്ത് പ്രതിനിധികൾ ഉൾപ്പെടെ ഒരു ഹിയറിംഗ് നടത്തുകയും ചെയ്തു. മേൽപ്പറഞ്ഞ പരിശോധനയുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ എടുത്ത പ്രധാന തീരുമാനങ്ങൾ താഴെ കൊടുക്കുന്നു :

1. ശുദ്ധീകരിച്ച വെള്ളം കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്നതിനുവേണ്ട സംവിധാനങ്ങളൊരുക്കുക.

2. മലിനജലത്തിന്റെ അളവ് 700 m3/day ആയി നിജപ്പെടുത്തുക.

3. ETP-യിലും STP-യിലും ശുദ്ധീകരിച്ച വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് വാട്ടർമീറ്റർ സ്ഥാപിക്കുക.

4. ETP-യിലും STP-യിലും വൈദ്യുതി ഉപഭോഗത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനായി എനർജി മീറ്ററുകൾ സ്ഥാപിക്കുക.

5. ETP-യിൽ ഉണ്ടാകുന്ന sludge മാറ്റുന്നതിന് ബെൽറ്റ് പ്രസ്സ് സ്ഥാപിക്കുക, ETP-യിൽ additional decanter സ്ഥാപിക്കുക.

6. അപകടകരമായ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ഷെഡുകൾ അടച്ചുറപ്പുള്ളതാക്കുക. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യം കൃത്യമായ ഇടവേളകളിൽ CTSDF-ലേക്ക് മാറ്റുക.

7. ശുദ്ധീകരിച്ച വെള്ളത്തിന്റെയും വായുഗുണ നിലവാരത്തിന്റെയും റിപ്പോർട്ടുകൾ കൃത്യമായി സമർപ്പിക്കുക. മേൽസൂചിപ്പിച്ച നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് അനുമതിപത്രം 30-6-2015 വരെ പുതുക്കി നൽകുകയുണ്ടായി. കൂടാതെ 10-10-2012-ൽ ജില്ലാ ഓഫീസിൽനിന്നും 5-11-2012-ൽ എറണാകുളം എ.ഡി.എം.-ന്റെ നേതൃത്വത്തിലും കമ്പനിയിൽ പരിശോധന നടത്തുകയും മലിനജല ശുദ്ധീകരണ പ്ലാന്റിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും ചെയ്തിരുന്നു. ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം എല്ലാ പരാമീറ്ററുകളും പരിധിക്കുള്ളിലായിരുന്നു. എറണാകുളം ജില്ലാ കളക്ടർ വിളിച്ചുചേർത്ത ആലോചനാ യോഗത്തിലെ തീരുമാനപ്രകാരം ഒരു ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി 23-11-2012-ൽ കമ്പനി പരിശോധിക്കുകയും ചില ശിപാർശകൾ നൽകുകയും ചെയ്തിരുന്നു. 4-3-2013-ൽ ജില്ലാ കളക്ടർ നേരിട്ട് കമ്പനി സന്ദർശിച്ച് മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

(ഡി) സ്മാർട്ട് സിറ്റിയുടെയും ഇൻഫോ പാർക്കിന്റെയും രാജഗിരി എഞ്ചിനീയറിംഗ് കോളേജിന്റെയും തൃക്കാക്കര മുനിസിപ്പാലിറ്റിയുടേതുമടക്കം ചുറ്റുപാടുമുള്ള കുടിവെള്ള സ്രോതസ്സിന് ആധാരമായ കടമ്പ്രയാർ നദി ഇത്തരത്തിൽ ഭീമമായ തോതിൽ മലിനപ്പെടുന്ന വസ്തുത പൊല്യൂഷൻ കൺട്രോൾ ബോർഡ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്താനുമായുള്ള കർമ്മ പദ്ധതി തയ്യാറാക്കാൻ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 20-9-2018-ലെ O.A.No. 673/2018 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഈ 21 നദികളിൽ priority-IV-ൽ കടമ്പ്രയാർ നദിയുടെ മാണിക്കടവ് മുതൽ ബ്രഹ്മപുരം വരെയുള്ള ഭാഗം ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി നദീഭാഗം മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതി വിവിധ വകുപ്പുകൾ ചേർന്ന് തയ്യാറാക്കി സംസ്ഥാന റിവർ റിജുവെനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ ദേശീയ ഹരിത ട്രൈബ്യൂണലിൽ സമർപ്പിച്ചിരുന്നു. ആയത് ദേശീയ ഹരിത ട്രൈബ്യൂണൽ അംഗീകരിച്ചതിനെത്തുടർന്ന് കർമ്മ പദ്ധതി നടപ്പിലാക്കിവരുന്നു. ആയത് എല്ലാ മാസവും മിനിസ്ട്രി ഓഫ് ജലശക്തി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(ഇ) ഈ മാലിന്യ പ്രശ്നത്തിന് പരിഹാരമായി ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള റിവേഴ്സ് ഓസ്മോസിസ് (RO) സിസ്റ്റവും സീറോ ലിക്വിഡ് ഡിസ്ചാർജ്ജ് (ZLD) പ്ലാന്റും സ്ഥാപിക്കാൻ നിർദ്ദേശം നൽകി അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പലപ്പോഴായി കമ്പനിയിൽ പരിശോധന നടത്തുകയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ വിലയിരുത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തുവരുന്നുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ തൃപ്തികരമായി പ്രവർത്തിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 2015-ൽ അനുമതിപത്രം പുതുക്കിനൽകുകയും ചെയ്തിരുന്നു. നിലവിൽ യൂണിറ്റിൽനിന്നുണ്ടാകുന്ന മലിനജലം സംസ്കരിക്കുന്നതിനായി പ്ലാന്റുകൾ ഉണ്ടെങ്കിലും 2016-ൽ 110 m3/day ശേഷിയുള്ള പുതിയ ETP പ്ലാന്റും 700 m3/day ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാൻ അപേക്ഷിക്കുകയും ആയത് സ്ഥാപിക്കാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും സ്ഥാപനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ ETP പ്ലാന്റിൽ Membrane bioreactor, Reverse Osmosis unit, Multiple effect evaporator ഉൾപ്പെടെയുള്ള ആധുനിക യൂണിറ്റുകൾ propose ചെയ്തിട്ടുണ്ട്. ഇതിൽ ETP പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പകുതിയിലധികം തീർന്നിട്ടുണ്ട്. നിലവിൽ ടി യൂണിറ്റിന് 30-6-2023 വരെ കാലാവധിയുള്ള അനുമതിപത്രമുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും ശുദ്ധീകരിച്ച വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്യാറുണ്ട്. ശുദ്ധീകരിച്ച മലിനജലം (Irrigation) കൃഷിക്കായാണ് ഉപയോഗിക്കുന്നത്.

## സ്പേസ് പാർക്കിലെ നിയമനം

69 (78) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ ശ്രീമതി സ്വപ്ന സുരേഷിന് തന്ത്രപ്രധാനമായ സ്പേസ് പാർക്കിൽ സർക്കാർ നിയമനം നൽകിയിരുന്നോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കാമോ;

(ബി) ഇന്ത്യയിലെയും വിദേശത്തെയും ശാസ്ത്രജ്ഞന്മാരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സ്പേസ് പാർക്കിൽ ശ്രീമതി സ്വപ്ന സുരേഷിന് ജോലി നൽകിയത് മാനദണ്ഡങ്ങൾ പാലിച്ചാണോയെന്ന് വ്യക്തമാക്കാമോ;

(സി) നിരവധി കേസുകളിൽ പ്രതിയായ ശ്രീമതി സ്വപ്ന സുരേഷിനെ പോലീസ് വെരിഫിക്കേഷൻ നടത്തിയതിനുശേഷമാണോ തന്ത്രപ്രധാനമായ സ്പേസ് പാർക്കിൽ സർക്കാർ നിയമിച്ചതെന്ന് അറിയിക്കാമോ;

&

(ഡി) സ്പേസ് പാർക്കിൽ ശ്രീമതി സ്വപ്ന സുരേഷിന് ജോലി നൽകിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കൺസൾട്ടന്റുകളെ നിയോഗിക്കാറുണ്ട്. സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട കൺസൾട്ടന്റാണ് M/s. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (PWC). സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രസ്തുത കൺസൾട്ടന്റ് നിയോഗിച്ച വ്യക്തിയായിരുന്നു ശ്രീമതി സ്വപ്ന സുരേഷ്. ടി വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## കോഴിക്കോടുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾ

70 (79) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള മലബാർ ബോട്ടാണിക്കൽ ഗാർഡൻ, സി.ഡബ്ല്യു.ആർ.ഡി.എം., സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നിവിടങ്ങളിൽ ഈ സർക്കാർ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങളും പുതിയ പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങൾ:-

1. സി.ഡബ്ല്യൂ. ആർ.ഡി.എം. :

(i) ബാച്ചിലേഴ്സ് ഹോസ്റ്റൽ - പരമാവധി 24 പേർക്ക് ഒരേ സമയം താമസിക്കാവുന്ന 12 മുറികളുള്ള മൂന്നുനില കെട്ടിടം. 484 ചതുരശ്ര മീറ്റർ (5210 ചതുരശ്ര അടി) വിസ്തീർണ്ണം. (ii) സോളാർ പവർപ്ലാന്റ് (325 വാട്ട്സ് ശേഷിയുള്ള 155 സോളാർ പാനലുകൾ) എന്നിവ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങളാണ് (iii) സി.ഡബ്ല്യു.ആർ.ഡി.എം. ക്യാമ്പസിൽ 2020-21 കാലയളവിൽ 4 നിലകളിലായി (2134 m2) ഒരു ട്രെയിനീസ് ഹോസ്റ്റൽ പണിയാൻ ഉദ്ദേശിക്കുന്നു.

2. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് :

ഗണിത അവബോധം വളർത്തുന്നതിനുവേണ്ടി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി വർക്ക്ഷോപ്പുകളും സെമിനാറുകളും സംഘടിപ്പിച്ചു, അന്താരാഷ്ട്ര തലത്തിലുള്ള കോൺഫറൻസും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു. ഇന്റഗ്രേറ്റഡ് M.Sc.-Ph.D കോഴ്സിന് 2020 ഡിസംബർ 18-ന് തുടക്കം കുറിച്ചു. കുന്ദമംഗലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 27,79,000 രൂപയ്ക്ക് കോഴ്സ് കാര്യക്ഷമമായി നടത്താൻ ആവശ്യമായ സ്മാർട്ട് ക്ലാസ്റൂം, കംപ്യൂട്ടർ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ഡയറക്ടറേയും 2 അസിസ്റ്റന്റ് പ്രൊഫസർമാരെയും നിയമിച്ചിട്ടുണ്ട്.

3. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പുതുതായി ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

1. സ്കൂൾ ഓഫ് മാത്തമാറ്റിക്സിലെ നിലവിലുള്ള ലൈബ്രറിയെ Automated ലൈബ്രറി ആക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫാക്കൽറ്റി നിയമനത്തിനായി നടപടികളെടുത്തിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ച പ്രൊഫസർമാരെ വിസിറ്റിംഗ് പ്രൊഫസർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ തലത്തിലും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അന്തർദേശീയ തലത്തിലും പേരുകേട്ട സ്ഥാപനങ്ങളുമായി കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന് ധാരണാപത്രം നിലവിലുണ്ട്. തുടർന്നും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്.

2. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ പഠന കോഴ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ കുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് അവർക്ക് ആവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങൾ ഒരുക്കേണ്ടതിനാൽ പുതിയ ഹോസ്റ്റൽ നിർമ്മിക്കാൻ പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

## കൊച്ചി മെട്രോ റെയിൽ പദ്ധതി

71 (80) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ?

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം പ്രാരംഭ പ്രവൃത്തികളുടെ ഭാഗമായി നാലുവരി ചമ്പക്കര പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. പേട്ട-തൃപ്പൂണിത്തുറ മെട്രോപാതയുടെ ഒന്നാം ഘട്ടത്തിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. പേട്ട-തൃപ്പൂണിത്തുറ മെട്രോപാതയുടെ ഒന്നാംഘട്ടം ദീർഘിപ്പിക്കലിന്റെ നിർമ്മാണോദ്ഘാടനം 3-9-2020-ൽ നിർവ്വഹിക്കുകയും 1,066.62 കോടി രൂപ മുതൽമുടക്കി മൂന്ന് സ്റ്റേഷനുകളുമായി നിർമ്മാണ പ്രവർത്തനം വളരെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം പനംകുറ്റി നദിക്ക് കുറുകെ രണ്ടുവരി പാതയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2017-ലെ മെട്രോ പോളിസി അനുസരിച്ച് കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് 1,957.05 കോടി രൂപ ചെലവ് കണക്കാക്കി സർക്കാർ 27-7-2018-ൽ അനുമതി നൽകി. 26-2-2019-ന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 13-3-2020-ൽ കേന്ദ്ര ധനകാര്യ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മന്ത്രാലയം പദ്ധതി അംഗീകരിച്ചു. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ഉടൻ ലഭിക്കുമെന്ന് കരുതുന്നു. രണ്ടാം ഘട്ടത്തിന്റെ പ്രാരംഭമായി കാക്കനാട് ജംഗ്ഷൻ മുതൽ ഇൻഫോപാർക്ക് വരെയുള്ള റോഡ് വികസനത്തിന്റെ ജോലികൾ ആരംഭിക്കുകയും പുരോഗമിക്കുകയും ചെയ്യുന്നു. നഗര ഗതാഗതത്തിന്റെ വിവിധ സാധ്യതകൾ കൊച്ചി മെട്രോയ്ക്ക് അനുബന്ധമായി പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞു. ആലുവ പുളിഞ്ചോട്, ഇടപ്പള്ളി ജംഗ്ഷൻ നവീകരണം, മെട്രോ സ്റ്റേഷന് അനുബന്ധമായ നടപ്പാത നിർമ്മാണം, മീഡിയൻ സൗന്ദര്യവൽക്കരണം, പനമ്പള്ളി നഗർ നടപ്പാത, സൈക്കിൾട്രാക്ക്, നഗരത്തിന് ആവശ്യമായ സൈനേജുകൾ, പ്രകാശവൽക്കരണം എന്നിങ്ങനെ നഗരത്തിന്റെ സുസ്ഥിര ഗതാഗതത്തിനാവശ്യമായ മുന്നൊരുക്കങ്ങളും കൊച്ചി മെട്രോ പദ്ധതിയുടെ ഭാഗമായി സൗരോർജ്ജ ഉപയോഗത്തിന് മാതൃകാപരമായ പ്രവർത്തനവും നടപ്പിലാക്കിവരുന്നു. നിലവിൽ 5.389 MWP ശേഷിയുള്ള സൗരോർജ്ജ സംവിധാനം ഒരുക്കിക്കഴിഞ്ഞു. ഇതിലൂടെ കൊച്ചി മെട്രോയ്ക്ക് 45% ഊർജ്ജ സന്തുലിതാവസ്ഥ കൈവരിക്കാൻ കഴിഞ്ഞു. ഇനിയും 5.445 MWP ശേഷിയുള്ള സൗരോർജ്ജ സംവിധാനം ഒരുക്കിവരികയാണ്. നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് പദ്ധതിയുടെ ഭാഗമായി സംയോജിത ഗതാഗതത്തിനും ഹരിത ഗതാഗതത്തിനുമുള്ള അടിത്തറ പാകുന്നതിന് കൊച്ചി മെട്രോയ്ക്ക് കഴിഞ്ഞു. മെട്രോ സ്റ്റേഷനേയും വിമാനത്താവളത്തേയും വൈദ്യുത ബസ് ഉപയോഗിച്ച് ബന്ധിപ്പിക്കുകയും സ്റ്റേഷനുകളിൽ വൈദ്യുത ഓട്ടോറിക്ഷ അവസാന മൈൽ യാത്രയ്ക്ക് ഒരുക്കുകയും ചെയ്തു.

(ബി) ഇവയിൽ തൃപ്പൂണിത്തുറ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന/ നടപ്പിലാക്കാൻ ആലോചിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

പേട്ട-തൃപ്പൂണിത്തുറ മെട്രോപാത ദീർഘിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ റോഡ് വൈഡനിംഗ് പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 3-9-2020-ൽ നിർവ്വഹിക്കുകയും 1066.62 കോടി രൂപ മുതൽമുടക്കി മൂന്ന് സ്റ്റേഷനുകളുമായി പാത ദീർഘിപ്പിക്കലിന്റെ നിർമ്മാണ പ്രവർത്തനം വളരെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം പനംകുറ്റി നദിക്ക് കുറുകെ രണ്ടുവരി പാതയുടെ നിർമ്മാണം അവസാന ഘട്ടത്തിലുമാണ്.

**കെ-റെയിൽ പദ്ധതി**

72 (81) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള കെ-റെയിൽ പദ്ധതിക്കായി (സിൽവർ ലൈൻ പദ്ധതി) സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ടോപ്പോ ഗ്രാഫിക്കൽ സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഈ പദ്ധതിക്കായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; അതിൽ സ്വകാര്യ വ്യക്തികളുടെ ഭൂമി എത്ര ഹെക്ടറാണെന്ന് അറിയിക്കുമോ ?

ഈ പദ്ധതിക്ക് 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ ആവശ്യമായിവരുന്നത്. ഇതിൽ 1198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്.

(സി) ഭൂമി ഏറ്റെടുക്കുന്നതിന് മാത്രം ആകെ എന്ത് ചെലവുവരും; ഇത് എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

സ്ഥലം ഏറ്റെടുക്കുന്നതിന് 13362.32 കോടി രൂപ ആവശ്യമായി വരും. ഒരു ഹെക്ടറിന് ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിരിക്കുന്നു. പ്രസ്തുത തുക സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള (സ്വദേശി/ വിദേശി) വായ്പയായോ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ ബോർഡിന്റെയോ റെയിൽവേ മന്ത്രാലയത്തിന്റെയോ ധനകാര്യ മന്ത്രാലയത്തിന്റെയോ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്.

(ഇ) കേന്ദ്ര അനുമതി ഇല്ലാതെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകരുതെന്ന് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഏറ്റെടുക്കൽ നടപടി തുടങ്ങിയിട്ടില്ല.

(എഫ്) ഈ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നവംബർ 20-ന് ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമെടുത്തിരുന്നോ ?

LA യൂണിറ്റുകൾ സജ്ജമാക്കുന്ന നടപടി മാത്രമേ സ്വീകരിച്ചിട്ടുള്ളൂ.

(ജി) റവന്യൂ വകുപ്പിന്റെ എതിർപ്പ് അവഗണിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ?

കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ.

**പരസ്യങ്ങളിലെ തെറ്റായ അവകാശവാദങ്ങൾ**

73 (82) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് ചികിത്സയും പരിശോധനകളും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യാജവിവരങ്ങളും തെറ്റായ അവകാശവാദങ്ങളും ഉന്നയിച്ചും തെറ്റിദ്ധരിപ്പിച്ചും പ്രമുഖ ദിനപ്പത്രങ്ങളിലും മറ്റ് മാധ്യമങ്ങളിലും പരസ്യം നൽകി രോഗികളെയും പൊതുജനങ്ങളെയും കബളിപ്പിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും സംബന്ധിച്ചുള്ള പരാതികൾ ലഭിക്കുമ്പോഴല്ലാതെ വ്യാജ അവകാശവാദങ്ങൾ ഉന്നയിച്ചുള്ള പരസ്യങ്ങൾ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; ഇത്തരം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശ്വാസ്യത സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഏജൻസികൾ ഇത്തരം പരസ്യങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ അന്വേഷണം നടത്താറുണ്ടോ;

(സി) പരസ്യങ്ങളിലെ അവകാശവാദങ്ങൾ സംബന്ധിച്ച് സർക്കാർ ഏജൻസികളുടെ അന്വേഷണം കാര്യക്ഷമമായി നടക്കാത്തത് ആരോഗ്യരംഗത്ത് ഉൾപ്പടെ ഇത്തരം തട്ടിപ്പുകൾ വ്യാപകമാക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

&

(ഡി) ഇത്തരത്തിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് മാധ്യമങ്ങൾക്ക് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത്തരം പ്രവണതകൾ തടയുന്നതിന് മാധ്യമങ്ങളുടെ കൂടെ സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-ഡി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന രോഗ പ്രതിരോധ പ്രവർത്തനങ്ങളെയും ദേശീയ ആരോഗ്യ പരിപാടികളെയും സംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങളിൽ വ്യാജ വിവരങ്ങളും തെറ്റിദ്ധാരണാജനകമായ വാർത്തകളും പ്രചരിക്കുമ്പോൾ അവയുടെ യഥാർത്ഥ വസ്തുതകൾ വ്യക്തമാക്കുന്ന പത്രക്കുറിപ്പുകൾ സംസ്ഥാന തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനയും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേനയും ആരോഗ്യ വകുപ്പിലെ മാസ് മീഡിയ വിഭാഗം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് നൽകാറുണ്ട്. ആരോഗ്യരംഗത്തെ ചികിത്സയും പരിശോധനകളും സംബന്ധിച്ചുള്ള കാര്യങ്ങളിൽ വ്യാജ വിവരങ്ങളും തെറ്റായ അവകാശവാദങ്ങളും ഉന്നയിച്ച് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മാധ്യമങ്ങളിൽ പരസ്യം നൽകി പൊതുജനങ്ങളെ കബളിപ്പിക്കുന്നത് തടയുന്ന നടപടികൾ ആരോഗ്യ വകുപ്പും പോലീസ് വകുപ്പും സ്വീകരിക്കുന്നുണ്ട്. മരുന്നുകളെപ്പറ്റിയുള്ള (അലോപ്പതി, ആയുർവ്വേദ, ഹോമിയോപ്പതി) തെറ്റായ അവകാശവാദങ്ങൾ ഉന്നയിച്ച് പരസ്യങ്ങൾ നൽകുന്നത് തടയുന്നതിന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര നിയമമായ Drugs & Magic Remedies (Objectionable Advertisement) വ്യവസ്ഥകൾ പ്രകാരം, നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ (സൗന്ദര്യ സംരക്ഷണത്തിനും ആരോഗ്യ സമ്പുഷ്ടിക്കുമായി) ആയുർവ്വേദ മരുന്നുല്പന്നങ്ങൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ ഉപയോഗിക്കാവുന്നതാണ്. ഇവ മിക്കവയും പരസ്യങ്ങളിലൂടെയാണ് വിപണനം നടത്തിവരുന്നത്. ഇത്തരം പരസ്യങ്ങളിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള നിയമ ലംഘനങ്ങളുണ്ടെങ്കിൽ, Drugs & Magic Remedies (Objectionable Advertisement) വ്യവസ്ഥകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. Immunization, Family Planning, Epidemic disease control എന്നിവയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾക്കും over the counter വിഭാഗത്തിൽ പ്പെടുന്ന മരുന്നുകൾക്കും പൊതുജനങ്ങൾക്കുള്ള ബോധവത്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ, പരസ്യം നൽകുന്നതിന് കർശനമായ നിയന്ത്രണങ്ങളോടെ അനുമതി നൽകാറുണ്ട്. ആയുർവ്വേദ മരുന്നുൽപ്പന്നങ്ങളുടെ പരസ്യങ്ങളിലൂടെ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള അവകാശവാദങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനായി, സംസ്ഥാന ആയുർവ്വേദ വിഭാഗത്തിന്റെ ഉദ്യോഗസ്ഥർ അടങ്ങുന്ന Screening Committee പരിശോധിച്ചതിനുശേഷം മാത്രം പരസ്യങ്ങൾക്ക് അനുമതി നൽകുന്ന സംവിധാനമാണ് നിലവിലുള്ളത്. DMR(OA) നിയമത്തിന് വിരുദ്ധമായി പരസ്യം ചെയ്ത് വിപണനം നടത്തുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിയമലംഘകരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കാൻ വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഇത്തരം പരസ്യങ്ങൾ ചെയ്യുന്ന പത്രമാസികകൾക്ക് ഇതിലെ നിയമ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് വകുപ്പിൽനിന്ന് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## സർക്കാർ പരസ്യങ്ങൾ

74 (83) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ പരസ്യങ്ങൾക്കായി 31-12-2020 വരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ എല്ലാ വിഭാഗം പരസ്യങ്ങൾക്കുമായി മുൻകാല കുടിശ്ശികയുൾപ്പെടെ 31-12-2020 വരെ 1,60,81,67,581 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രിന്റ് മീഡിയയ്ക്കും വിഷ്വൽ മീഡിയയ്ക്കും മറ്റ് രീതിയിലുള്ള പരസ്യങ്ങൾക്കും എത്ര ലക്ഷം രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

പ്രിന്റ് മീഡിയയ്ക്ക് 1,26,61,42,976 രൂപയും ഇലക്ട്രോണിക് മീഡിയ വിഭാഗത്തിൽ 208686569 രൂപയും മറ്റുരീതിയിലുള്ള പരസ്യങ്ങൾക്ക് 13,33,38,036 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കോവിഡുമൂലമുള്ള പ്രതിസന്ധി കാലത്ത് 2020 ഏപ്രിൽ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് എത്ര കോടി രൂപയുടെ പരസ്യമാണ് വിവിധ മീഡിയകൾ വഴി നൽകിയതെന്ന് വ്യക്തമാക്കുമോ ?

കോവിഡുമൂലമുള്ള പ്രതിസന്ധി കാലത്ത് 2020 ഏപ്രിൽ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് ഏകദേശം 16,99,29,998 രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്.

(ഡി) പരസ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ ബില്ലുകൾ ഇതിനകം ലഭിച്ചിട്ടില്ലെങ്കിൽ അവയുടെ എസ്റ്റിമേറ്റ് തുക വ്യക്തമാക്കുമോ?

മാധ്യമങ്ങൾ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ചെലവഴിക്കേണ്ട തുക കൃത്യമായി തിട്ടപ്പെടുത്താനാകൂ. അതിനനുസരിച്ച് മാത്രമേ തുക വകുപ്പിൽനിന്നും ചെലവഴിക്കാറുള്ളൂ.

## സോഷ്യൽ മീഡിയ വഴിയുള്ള സർക്കാർ പ്രചരണം

75 (84) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതിനായി ഈ സർക്കാർ ഇതിനകം എന്ത് തുകയാണ് ചെലവഴിച്ചത് ?

സോഷ്യൽ മീഡിയയിലൂടെയുള്ള പ്രചാരണത്തിനായി ഈ സർക്കാർ ഇതിനകം 1,44,83,526 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഏത് ഏജൻസി വഴിയാണ് ഇത്തരം പ്രചരണം നടത്തുന്നത്; അവരെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നതെന്ന് അറിയിക്കാമോ ?

വകുപ്പിന്റെ എംപാനൽഡ് ഏജൻസികളായ മെ. മൈത്രി അഡ്വർട്ടൈസ്മെന്റ് വർക്ക്സ് (പ്രൈ) ലിമിറ്റഡ്, മെ. ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് എന്നിവയാണ് പ്രചാരണം നടത്തിയത്. 2-11-2020-ലെ തീയതിയിലെ ജി.ഒ.(എംഎസ്.) 06/2020/ ഐ&പി.ആർ.ഡി. പ്രകാരം എംപാനൽ ചെയ്യപ്പെട്ട 10 ഏജൻസികൾ/വ്യക്തികൾ നിലവിലുണ്ട്. ഏജൻസികളിൽനിന്ന് താത്പര്യപത്രം ക്ഷണിച്ച്, അവരുടെ പ്രസന്റേഷൻ വകുപ്പ് നിയോഗിക്കുന്ന വിദഗ്ദ്ധ സമിതി നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

(സി) 2020 ഏപ്രിലിനുശേഷം ഇതുവരെ സർക്കാർ നേട്ടങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതിന് എന്ത് തുകയാണ് അനുവദിച്ചതെന്നും ഇനി എന്ത് തുക നൽകാനുണ്ടെന്നും വെളിപ്പെടുത്താമോ?

സർക്കാർ നേട്ടങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ചതിന് 2020 ഏപ്രിലിനുശേഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

## ഒളവണ്ണയിലെ ഷാർജാ കൾച്ചറൽ സെന്റർ

76 (85) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒളവണ്ണയിൽ ഷാർജാ കൾച്ചറൽ സെന്ററിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വില്ലേജിൽ റീസർവ്വേ നം. 200/2B 2B, 200/2B 2A, 200/2C, 194/7, 206/3, 199/13, 200/2D ഉൾപ്പെട്ട ഭൂമിയാണ് പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ളത്.

(ബി) എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത് ?

30.40 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്.

(സി) ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, അന്തർദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവയ്ക്കായി കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ ഭൂമി നെഗോഷ്യബിൾ/ഡയറക്ട് പർച്ചേസ് വഴി

ഏറ്റെടുക്കുന്നതിനായി 16-2-2019-ലെ സ.ഉ.(സാധാ)നമ്പർ 71/2019/സാം.കാ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 60 കോടി രൂപ ആവശ്യമാണ്. അതിൽ 35 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ബാക്കി 25 കോടി രൂപയുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട ചട്ടം 11(1) പ്രകാരം വിജ്ഞാപനം റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം നെഗോഷ്യബിൾ പർച്ചേസ് വഴി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് കാലതാമസം കൂടാതെ ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രവാസികൾക്ക് നോർക്ക ചെയ്ത സഹായങ്ങൾ

77 (86) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ കോവിഡ് ബാധ മൂലം ജോലി നഷ്ടപ്പെടുകയും ബുദ്ധിമുട്ടിലാകുകയും ചെയ്ത പ്രവാസികൾക്ക് നോർക്ക എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ?

കോവിഡ്-19 പശ്ചാത്തലത്തിൽ ഗൾഫ് രാജ്യങ്ങളിൽ ജോലി നഷ്ടപ്പെടുകയും ബുദ്ധിമുട്ടിലാകുകയും ചെയ്ത പ്രവാസികൾക്ക് നോർക്ക ലഭ്യമാക്കിയിട്ടുള്ള സഹായങ്ങൾ ചുവടെ വിശദീകരിക്കുന്നു:

(i) 2020 ജനുവരി 1-നോ, അതിനുശേഷമോ വിദേശ രാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, ജോബ് വിസ എന്നിവയോടെ നാട്ടിലെത്തിയ പ്രവാസികളിൽ, ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകാൻ സാധിക്കാത്തവർക്കും ഈ കാലയളവിൽ വിസ കാലാവധി അധികരിച്ചവർക്കും 5,000 രൂപ വീതം അടിയന്തര ധനസഹായവും നാട്ടിലെത്തിയവരിൽ കോവിഡ് ബാധിതരായവർക്ക് 'സാന്ത്വന പദ്ധതി' മുഖാന്തരം 10,000 രൂപ വീതം ചികിത്സാ ധനസഹായവും നൽകി. ഈ ആവശ്യത്തിനായി സർക്കാർ നിലവിൽ 57.5 കോടി രൂപ ചെലവഴിക്കുകയും അധികമായി 25 കോടി രൂപ കൂടി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ii) കേരള പ്രവാസി കേരളീയക്ഷേമ ബോർഡ് മുഖാന്തരം, ക്ഷേമനിധി പെൻഷൻകാർക്ക് 1,000 രൂപ വീതം ഒറ്റത്തവണ ധനസഹായവും കോവിഡ് പോസിറ്റീവായിട്ടുള്ള അംഗങ്ങൾക്ക് 10,000 രൂപ വീതം ധനസഹായവും ലഭ്യമാക്കുകയും ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് 21-11-2020 വരെ പലിശയും പിഴപ്പലിശയും ഒഴിവാക്കി മുടങ്ങിയ അംശദായം അടയ്ക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തു.

(iii) പ്രവാസികളുടെ പരാതികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെല്ലും പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ സംവിധാനങ്ങൾ സംസ്ഥാനത്ത് സജ്ജമാക്കുന്നതിനായി നോർക്ക രജിസ്ട്രേഷൻ സംവിധാനവും ഏർപ്പെടുത്തി.

(iv) നോർക്ക രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്ത വിദേശത്തുള്ള മലയാളികൾക്ക് നാട്ടിലേയ്ക്ക് മടങ്ങുന്നതിനായി വന്ദേഭാരത് മിഷൻ/ ചാർട്ടേഡ് വിമാനങ്ങളിൽ വിമാന യാത്രാ ടിക്കറ്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ഇതര സംസ്ഥാനങ്ങളിൽ അകപ്പെട്ടവരെ എത്തിക്കുന്നതിനായി ട്രെയിൻ സർവ്വീസുകൾ നടത്തുകയും ചെയ്തു.

(v) ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ 14 വിദേശരാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു.

(vi) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസവും സംസ്ഥാനത്തിന്റെ സമഗ്രവികസനവും ഉറപ്പാക്കുന്നതിനായി നിലവിലുള്ള ക്ഷേമപദ്ധതികൾ പരിഷ്കരിക്കുന്നതിനും പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുമായി 'ഡ്രീം കേരള' എന്ന പേരിൽ വിപുലമായ ഒരു പദ്ധതി രൂപീകരിച്ചു.

(vii) തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനായി നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു.

(viii) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതിയിൽ, കോവിഡ് പശ്ചാത്തലത്തിൽ തിരികെയെത്തിയ പ്രവാസികൾക്ക് പ്രത്യേക ഉപഭോക്താക്കൾ

എന്ന പരിഗണനന നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭി ക്കുന്നതിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കി. പ്രസ്തുത പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 3% പലിശ സബ്സിഡിയും (പരമാവധി 3 ലക്ഷം), 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്.

(ix) പ്രവാസികൾക്ക് ഡോക്ടർമാരുമായി കൺസൾട്ട് ചെയ്യുന്നതിനായി ഓൺലൈൻ/ടെലികൗൺസിലിംഗ് സേവനങ്ങളും പ്രവാസികൾക്ക് വേണ്ട അവശ്യമരുന്നുകൾ കുറഞ്ഞ ചെലവിൽ എത്തിക്കുന്നതിനായി ക്വറിയർ, കാർഗോ സംവിധാനവും ഏർപ്പെടുത്തി.

(ബി) തിരിച്ചുവരുന്ന പ്രവാസികൾക്ക് ക്വാറന്റൈനിൽ കഴിയുന്നതിനായി 2.5 ലക്ഷം ബെഡ്ഡുകൾ നീക്കിവച്ചിട്ടുണ്ടെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ ?

തിരിച്ചുവന്ന പ്രവാസികൾക്ക് ക്വാറന്റൈനിൽ കഴിയുന്നതിനായി ആവശ്യമനുസരിച്ച് ബെഡ്ഡുകൾ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആർക്കും ബെഡ്ഡുകൾ കിട്ടാതെ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടില്ല.

(സി) കോവിഡ്മൂലം ബുദ്ധിമുട്ടിയ പ്രവാസികൾക്ക് ലോക കേരളസഭ എന്തൊക്കെ സഹായങ്ങളാണ് എത്തിച്ചത്; പ്രവാസികളെ നാട്ടിലെത്തിക്കാൻ പ്രത്യേക ചാർട്ടേഡ് വിമാനങ്ങൾ ലോക കേരളസഭയുടെ ആഭിമുഖ്യത്തിൽ ഒരുക്കിയിരുന്നോ ?

വിദേശ രാജ്യങ്ങളിലുള്ള പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ യു.എ.ഇ., ഒമാൻ, കുവൈറ്റ്, ബഹ്റൈൻ, ഖത്തർ, സൗദി അറേബ്യ, യു.എസ്.എ., മലേഷ്യ, മൊസാംബിക്, സാംബിയ, വെസ്റ്റ് ഇൻഡീസ്, ബോട്ട്സ്വാന, ജർമ്മനി, നോർവ്വെ, ഇൻഡോനേഷ്യ, അയർലൻഡ്, കാനഡ എന്നീ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനായി ലോക കേരളസഭയുടെ ആഭിമുഖ്യത്തിൽ പ്രത്യേക ചാർട്ടേഡ് വിമാനങ്ങൾ ഒരുക്കിയിരുന്നില്ല.

(ഡി) എങ്കിൽ എത്ര ചാർട്ടേഡ് വിമാനങ്ങളാണ് ഒരുക്കിയതെന്നും ഇതിലൂടെ എത്രപേർക്ക് സഹായം എത്തിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

വിദേശ രാജ്യങ്ങളിലുള്ള പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ യു.എ.ഇ., ഒമാൻ, കുവൈറ്റ്, ബഹ്റൈൻ, ഖത്തർ, സൗദി അറേബ്യ, യു.എസ്.എ.,

മലേഷ്യ, മൂസാംബിക്, സാംബിയ, വെസ്റ്റ് ഇൻഡീസ്, ബോട്ട്സ്വാന, ജർമ്മനി, നോർവ്വെ, ഇൻഡോനേഷ്യ, അയർലൻഡ്, കാനഡ എന്നീ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനായി ലോക കേരളസഭയുടെ ആഭിമുഖ്യത്തിൽ പ്രത്യേക ചാർട്ടേഡ് വിമാനങ്ങൾ ഒരുക്കിയിരുന്നില്ല.

**പ്രവാസി ക്ഷേമം**

78 (87) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നശേഷം പ്രവാസി ക്ഷേമത്തിനായി നോർക്ക വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)
2. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി.)
3. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
4. പ്രവാസി ലീഗൽ അസിസ്റ്റന്റസ് പദ്ധതി
5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്
7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും
8. ഓൺലൈൻ ഡാറ്റാ ബേസ്
9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)
10. എമർജൻസി റിപാട്രിയേഷൻ ഫണ്ട്
11. ലോക കേരള സഭ
12. സാന്ത്വന പദ്ധതി (ധനസഹായത്തിനുണ്ടായിരുന്ന വരുമാന പരിധി ഒരു ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷം രൂപയായി ഉയർത്തി)
13. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

14. നോർക്ക റിക്രൂട്ട്മെന്റ്

15. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്

16. എൻ. ആർ. ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി

17. പ്രവാസി കേന്ദ്ര സഹകരണ സംഘം

18. വനിത എൻ.ആർ.കെ. സെൽ

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു:

1. മുൻ സർക്കാരിന്റെ കാലത്ത് 500 രൂപ മുതൽ 1,000 രൂപ വരെ ആയിരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാറ്റഗറി വ്യത്യാസം ഇല്ലാതെ 2,000 രൂപ മുതൽ 4,000 രൂപവരെയായി വർദ്ധിപ്പിച്ചു.

2. പ്രവാസി ക്ഷേമ നിധി അംഗത്വത്തിന് സുതാര്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

3. കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവാസി ക്ഷേമ ബോർഡിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവർക്കെല്ലാം 1,000 രൂപ ധനസഹായം നൽകി. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 ബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000 രൂപ വീതവും നൽകിവരുന്നു.

4. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി' ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി.

### മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികൾക്ക് സഹായം

79 (88) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെ തുടർന്ന് വിദേശത്തെ ജോലിസ്ഥലത്തേക്ക് മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

&

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) കോവിഡ് പ്രതിസന്ധിയെ തുടർന്ന് വിദേശത്തെ ജോലിസ്ഥലത്തേയ്ക്ക് മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികൾക്കായി ചുവടെ വിശദീകരിക്കുന്ന സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(i) 2020 ജനുവരി 1-നോ, അതിനുശേഷമോ വിദേശ രാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, ജോബ് വിസ എന്നിവയോടെ നാട്ടിലെത്തിയ പ്രവാസികളിൽ, ലോക്ക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകാൻ സാധിക്കാത്തവർക്കും ഈ കാലയളവിൽ വിസ കാലാവധി അധികരിച്ചവർക്കും 5,000 രൂപ വീതം അടിയന്തര ധനസഹായവും നാട്ടിലെത്തിയവരിൽ കോവിഡ് ബാധിതരായവർക്ക് 'സാന്ത്വന പദ്ധതി' മുഖാന്തരം 10,000 രൂപ വീതം ചികിത്സാധനസഹായവും നൽകി. ഈ ആവശ്യത്തിനായി സർക്കാർ നിലവിൽ 57.5 കോടി രൂപ ചെലവഴിക്കുകയും അധികമായി 25 കോടി രൂപ കൂടി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ii) കേരള പ്രവാസി കേരളീയക്ഷേമ ബോർഡ് മുഖാന്തരം, ക്ഷേമനിധി പെൻഷൻകാർക്ക് 1,000 രൂപ വീതം ഒറ്റത്തവണ ധനസഹായവും കോവിഡ് പോസിറ്റീവ് ആയിട്ടുള്ള അംഗങ്ങൾക്ക് 10,000 രൂപ വീതം ധനസഹായവും ലഭ്യമാക്കുകയും ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 21-11-2020 വരെ പലിശയും പിഴപ്പലിശയും ഒഴിവാക്കി മുടങ്ങിയ അംശദായം അടക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തു.

(iii) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതിയിൽ, കോവിഡ് പശ്ചാത്തലത്തിൽ തിരികെയെത്തിയ പ്രവാസികൾക്ക് പ്രത്യേക ഉപഭോക്താക്കൾ എന്ന പരിഗണന നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കി. പ്രസ്തുത പദ്ധതി പ്രകാരം 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 3% പലിശ സബ്സിഡിയും (പരമാവധി 3 ലക്ഷം), 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്.

(iv) സ്വയം തൊഴിൽ സംരംഭകർക്കായി, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം, കച്ചവടം,

സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ടപ് മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ തുടങ്ങിയ സർക്കാർ/പൊതുമേഖലാ സ്ഥപനങ്ങളുമായും ചേർന്നുള്ള പ്രോജക്ടുകൾക്കും മേൽ പദ്ധതി മുഖേന ദേശസാത്കൃത ബാങ്കുകൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് വായ്പ ലഭ്യമാക്കുന്നുണ്ട്.

## പ്രവാസികളുടെ ക്ഷേമം

80 (89) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽനിന്നും ജോലി നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് മടങ്ങുന്നവർക്ക് ആറുമാസത്തെ ശമ്പളം നൽകുമെന്ന് മുഖ്യമന്ത്രി ഗൾഫിൽ നടത്തിയ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) ഇല്ലെങ്കിൽ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

(എ&ബി) പ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്ത് ആവർത്തിച്ചുണ്ടായ ദുരന്തങ്ങളുടെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ പ്രാവർത്തികമാക്കാൻ സാധ്യമായിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ പ്രാവർത്തികമാക്കാവുന്നതാണ്.

## നോർക്ക റൂട്ട്സ് നടപ്പിലാക്കിയ പദ്ധതികൾ

81 (90) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നോർക്ക റൂട്ട്സ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്;

&

(ബി) ഇവയിൽ ഓരോന്നിലും എത്രപേർക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

1. നോർക്ക ഗ്ലോബൽ കോൺടാക്ക്ട് സെന്റർ (ജി.സി.സി.)

ഗ്ലോബൽ കോൺടാക്ട് സെന്റർ 2019 ഫെബ്രുവരി 15 മുതൽ ആരംഭിച്ചു. ആയതുപ്രകാരം 15-2-2019 മുതൽ 6-10-2020 വരെ 31 രാജ്യങ്ങളിൽ നിന്നായി 3,08,585-ത്തിലധികം പേർ സേവനം നേടിയിട്ടുണ്ട്.

2. <u>നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്</u>

പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുക ഗുരുതര രോഗ ബാധിതരെ നാട്ടിലെത്തിക്കുക, എന്നിങ്ങനെ 700-ഓളം പേർക്ക് നോർക്കയുടെ എമർജൻസി ആംബുലൻസ് സർവ്വീസ് മുഖാന്തരം സേവനം നൽകിയിട്ടുണ്ട്.

3. <u>പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി</u>

പ്രസ്തുത പദ്ധതിപ്രകാരം 110 കേസുകളിൽ മേലുള്ള അപേക്ഷകൾ ലഭിക്കുകയും 100-ഓളം കേസുകൾ ലീഗൽ കൺസൾട്ടന്റുമാർക്ക് കൈമാറുകയും 3 പേർക്ക് ജയിൽ മോചനം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4. <u>പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 95 ലക്ഷം രൂപ 28 സംഘങ്ങൾക്കുള്ള ധനസഹായം ഉൾപ്പെടെയുള്ള ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

5. <u>നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്</u>

ഈ പദ്ധതി പ്രകാരം 175 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

6. <u>ഓൺലൈൻ ഡാറ്റാ ബേസ്</u>

പ്രവാസികളുടെയും തിരികെയെത്തുന്ന പ്രവാസികളെയുംകുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാ ബേസിന്റെ അഭാവമാണ് പ്രവാസികൾക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാർ നേരിടുന്ന വെല്ലുവിളി. ഈ വെല്ലുവിളി മറികടക്കുന്നതിനായി നോർക്ക-റൂട്ട്സ് മുഖേന ഒരു വെബ്പോർട്ടലിലൂടെ കൃത്യവും സമഗ്രവുമായ ഒരു തൽസമയ ഓൺലൈൻ ഡാറ്റാ ബേയ്സ് രൂപീകരിച്ചിട്ടുണ്ട്.

7. <u>നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ</u> (<u>എൻ.ബി.എഫ്.സി.</u>)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019-20-ൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. 30- ഓളം സംരംഭങ്ങൾ ആരംഭിക്കാനുള്ള സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി. ഇതുവഴി 110 കോടി രൂപയുടെ നിക്ഷേപവും 750-ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

8. എമർജൻസി റിപാട്രിയേഷൻ ഫണ്ട്

ഈ പദ്ധതിപ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 14 പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിച്ചിട്ടുണ്ട്. കൂടാതെ അസുഖബാധിതരായ 100-ഓളം പ്രവാസികളെ ടി പദ്ധതി പ്രകാരം നാട്ടിലെത്തിച്ചിട്ടുണ്ട്.

9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് ഗൾഫിൽ ഗാർഹിക ജോലിക്ക് സൗജന്യ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തി. ഇതിനകം 1029-ൽപരം നഴ്സുമാർ, 7 ഡോക്ടർമാർ, 24 ടെക്നീഷ്യൻസ്, 447 ഗാർഹിക തൊഴിലാളികൾ തുടങ്ങിയവരെ നോർക്ക റിക്രൂട്ട്മെന്റ് വിഭാഗം മുഖേന റിക്രൂട്ട് ചെയ്തിട്ടുണ്ട്.

10. കോവിഡിനെത്തുടർന്ന് മടങ്ങിയെത്തിവർക്ക് സഹായ പദ്ധതി- വിദേശരാജ്യങ്ങളിൽനിന്നും സാധുതയുള്ള പാസ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ ഒരു ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

11. ലോക കേരള കേന്ദ്രം

കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവയെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിലുള്ള സ്ഥലത്ത് പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

12. ലോക കേരള സഭ

ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. ലോക കേരള സഭ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു.

1) എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി; 2) എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി; 3) പ്രവാസി സഹകരണ സംഘം; 4) വനിത എൻ.ആർ.കെ. സെൽ; 5) എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre-embarkment orientation centres; 6) നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം; 7) അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം; 8) പ്രവാസി ആനുകാലിക പ്രസിദ്ധീകരണം.

(സി) പ്രവാസി മലയാളികളെ അടിയന്തര സാഹചര്യങ്ങളിൽ തിരിച്ച് കൊണ്ടുവരുന്നതിനുള്ള പദ്ധതി നോർക്ക റൂട്ട്സ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

ഉണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പ്രവാസികൾക്ക് സഹായം നൽകിയെന്നും ഇതിനായുള്ള പ്രത്യേക നിധിയിൽനിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

2019 മുതൽ നോർക്ക റൂട്ട്സ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ എമർജൻസി റിപാട്രിയേഷൻ ഫണ്ട് പദ്ധതിയിലൂടെ 5 പ്രവാസികൾക്കായി 5,87,875 രൂപ ചെലവാക്കിയിട്ടുണ്ട്.

**ലോക കേരളസഭ**

82 (91) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭ രൂപീകരിച്ചതുമൂലം സാധാരണക്കാരായ പ്രവാസികൾക്ക് നേട്ടമുണ്ടായതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടായതെന്ന് അറിയിക്കാമോ?

ഉണ്ട്. നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

1. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു. ഇത് ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

2. പ്രവാസികളുടെ നാട്ടിലുള്ള പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനായി 6-7-2018-ലെ സ.ഉ.(സാധാ) നമ്പർ 406/2018/നോർക്ക ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി എല്ലാ ജില്ലയിലും ജില്ലാ

പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചു. പ്രവാസികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ പ്രസ്തുത കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കാവുന്നതാണ്. അതിന്മേൽ നടപടി സ്വീകരിച്ച് അവരെ അറിയിക്കുന്നതിന് ഫലപ്രദമായ രീതിയിൽ കമ്മിറ്റി പ്രവർത്തിക്കുന്നു.

3. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS)-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു.

4. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം ആരംഭിച്ചു.

5. പ്രവാസികളുടെ സാഹിത്യ വാസനകൾ പരിപോഷിപ്പിക്കുന്നതിന് "ലോക മലയാളം" എന്ന പ്രസിദ്ധീകരണം ആരംഭിച്ചു.

(ബി) 2018-ലെ ഒന്നാം ലോക കേരള സഭയിലും 2020-ലെ രണ്ടാം ലോക കേരള സഭയിലും എടുത്ത പ്രധാന തീരുമാനങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ തീരുമാനങ്ങളാണ് ഇതിനകം നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

ഒന്നാം ലോക കേരള സഭയിൽ എടുത്ത തീരുമാനങ്ങളും നടപ്പാക്കിയവയുടെ വിവരങ്ങളും ഇതോടൊപ്പം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു. രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുവരുന്നു.

(സി) ലോക കേരള സഭയ്ക്ക് നിയമപ്രാബല്യം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനായുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ലോക കേരള സഭയ്ക്ക് നിയമ പ്രാബല്യം നൽകുന്നതിന് കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) ലോക കേരള സഭകൾ 2018-ലും 2020-ലും ചേരുന്നതിന് ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

2018 ലോക കേരള സഭയ്ക്കായി 2,03,21,861 രൂപയും (രണ്ട് കോടി മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എണ്ണൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) 2020 ലോക കേരള സഭയ്ക്കായി 1,21,68,733 രൂപയും (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി എഴുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) ചെലവഴിച്ചു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകരയിലെ ദമ്പതിമാരുടെ മരണം

83 (92) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ രാജൻ, അമ്പിളി എന്നീ ദമ്പതികളുടെ മരണത്തിന് കാരണം പോലീസുകാരുടെ മനുഷ്യത്വരഹിതമായ നടപടിയാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകരയിൽ രാജൻ, അമ്പിളി എന്നീ ദമ്പതികൾ പൊള്ളലേറ്റ് മരിച്ച സംഭവവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 3573/2020 u/s 309 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറി 02/CB/TVM/R/2021 പ്രകാരം റീ-രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് - തിരുവനന്തപുരം യൂണിറ്റിൽ അന്വേഷണം നടത്തിവരുന്നു. പ്രസ്തുത കേസിന്റെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്.

## ജനമൈത്രി പോലീസ് സംവിധാനം

84 (93) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ബാബു:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പൊതുജന സഹകരണത്തോടെ സമൂഹത്തിലാകമാനം സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് മെച്ചപ്പെട്ട പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ആശയത്തിലൂന്നി വിഭാവന ചെയ്ത് ജനമൈത്രി പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായിട്ടുള്ള ജനമൈത്രി സുരക്ഷാ സംവിധാനത്തിന്റെ കീഴിൽ ജനമൈത്രി എം ബീറ്റ് പദ്ധതി, പ്രശാന്തി, ട്രൈബൽ ജനമൈത്രി, ലഹരി വിരുദ്ധ കാവൽ കൂട്ടം,

കവചം, വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി, മൈഗ്രന്റ് ജനമൈത്രി, ഇ-വിദ്യാരംഭം എന്നിവയും സംസ്ഥാനത്താകമാനം നടപ്പിലാക്കിവരുന്നു. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുക, ഭാവിയിലെ ഉത്തരവാദിത്തമുള്ള പൗരന്മാരെ സൃഷ്ടിക്കുക, ആദിവാസി ജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുക, സ്ത്രീ സുരക്ഷ, മുതിർന്ന പൗരന്മാരുടെ ക്ഷേമം, ഗതാഗത അവബോധം മെച്ചപ്പെടുത്തൽ, പൊതുജന പിന്തുണയോടെ ഗ്രാമീണ മേഖലകളിൽ ഡിജിറ്റൽ നിരീക്ഷണം വ്യാപിപ്പിക്കുക, ഇരകളുടെ പുനരധിവാസം, മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരായ അവബോധം, പാർപ്പിടം, വാണിജ്യ മേഖലകളുടെ സുരക്ഷ, കാണാതായ കുട്ടികളെ തിരിച്ചറിയൽ, ടൂറിസ്റ്റ് സുരക്ഷ, റെയിൽവേ സുരക്ഷ, ദേശീയ പാത സുരക്ഷ, പരിസ്ഥിതി സംരക്ഷണം, പൊതുജനങ്ങളുടെ സുരക്ഷ എന്നിവയാണ് കമ്മ്യൂണിറ്റി പോലീസിംഗിന്റെ പ്രധാന പ്രവർത്തന മേഖലകൾ. ജനമൈത്രി സുരക്ഷാ പദ്ധതി ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് സ്ത്രീകൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള സൈബർ അതിക്രമങ്ങൾ പ്രതിരോധിക്കാൻ വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം റസിഡൻസ് അസോസിയേഷനുകളുടെ പിന്തുണയോടെ വിതരണം ചെയ്തുവരുന്നു.

(ബി) പൊതുജനങ്ങളോട് പോലീസിലെ ചുരുക്കം ചിലരുടെ മാന്യതയില്ലാത്ത പെരുമാറ്റം പോലീസ് സേനയ്ക്കാകെ അവമതിപ്പ് ഉണ്ടാക്കുമെന്നതിനാൽ മാന്യതയാർന്ന പെരുമാറ്റം പോലീസിന്റെ ഭാഗത്തുനിന്നും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർശന നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പോലീസിന്റെ ഭാഗത്തുനിന്നും പൊതുജനങ്ങളോട് മാന്യതയാർന്ന പെരുമാറ്റം ഉറപ്പുവരുത്തുന്നതിനായി പോലീസ് ആസ്ഥാനത്തുനിന്നും 01/2019 നമ്പർ പ്രകാരം ഒരു Advisory, 14-9-2019-ൽ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കുമായി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അശരണരായ മുതിർന്ന പൗരന്മാരെ കണ്ടെത്തി അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അശരണരായ മുതിർന്ന പൗരന്മാരെ കണ്ടെത്തി അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്‌ലൈൻ കോവിഡ്-19 മഹാമാരിയെ തുടർന്ന് വീടുകളിൽ ഏകാന്തതയിൽ കഴിഞ്ഞുവരുന്നതും ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട് ആശ്രയമില്ലാതെ വീടുകളിൽ കഴിയുന്ന മുതിർന്ന പൗരന്മാരുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ 22-4-2020 മുതൽ പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്‌ലൈൻ ആരംഭിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് അവരുടെ വിഷമതകളും ആവശ്യങ്ങളും പോലീസിനെ അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന പ്രശാന്തിയുടെ സേവനങ്ങൾക്കായി 9497900035, 9497900045 എന്നീ നമ്പരുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിലൂടെ മുതിർന്ന പൗരന്മാർ ഒറ്റയ്ക്ക് താമസിച്ചുവരുന്ന ഭവനങ്ങളിൽ ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ സന്ദർശനം നടത്തിവരുന്നതും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി മരുന്ന്, ഭക്ഷ്യ വസ്തുക്കൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവ എത്തിച്ച് നൽകുകയും ചെയ്യുന്നു. മാനസിക വ്യഥ അനുഭവിക്കുന്ന വയോജനങ്ങൾക്ക് അവരുടെ ആശ്രിതരുടെ സഹായത്തോടെ ഹെൽപ്‌ലൈൻ മുഖാന്തരം സൈക്കോളജിക്കൽ കൗൺസിലിംഗ് നൽകിവരുന്നു. നിയമസഹായത്തി നായി പ്രശാന്തിയെ സമീപിക്കുന്ന വയോജനങ്ങൾക്ക് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും ആക്ട് 2007, പ്രാബല്യത്തിലുള്ള മറ്റ് നിയമ വ്യവസ്ഥകൾ എന്നിവ പ്രകാരം ആവശ്യമായ നിയമസഹായം പോലീസ് സ്റ്റേഷനുകൾവഴി നൽകിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്ന വിവിധ പദ്ധതികൾ ജനങ്ങളിൽ എത്തിച്ച് നൽകുന്നതിനും ബീറ്റ് പോലീസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ മുതിർന്ന പൗരന്മാർ അധിവസിക്കുന്ന വൃദ്ധസദനങ്ങൾ, അഗതി-വയോജന മന്ദിരങ്ങൾ എന്നിവ സന്ദർശിച്ച് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ മുതിർന്ന പൗരന്മാർക്കായി നടത്തിവരുന്നു. പ്രശാന്തിയുടെ ആഭിമുഖ്യത്തിൽ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള മുതിർന്ന പൗരന്മാരുടെ രജിസ്റ്ററിൽ നിന്നും അവരുടെ വിലാസം, ഫോൺ നമ്പർ എന്നിവ ശേഖരിച്ച് ക്ഷേമ വിവരം അന്വേഷിച്ചുവരുന്നതും ആവശ്യമായ ചികിൽസാ സഹായം ഉൾപ്പെടെയുള്ളവ എത്തിച്ച് നൽകുകയും ചെയ്യുന്നു.

## പുതിയ കാലം പുതിയ പോലീസ്

85 (94) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ക്രമ സമാധാന പരിപാലന രംഗത്ത് നടപ്പിലാക്കിയ നൂതന സംവിധാനങ്ങൾ എന്തെല്ലാ മാണെന്ന് വിശദമാക്കാമോ;

&

(ബി) 'പുതിയ കാലം പുതിയ പോലീസ്' എന്ന ആശയം പ്രാവർത്തികമാക്കു ന്നതിനായി പോലീസ് വകുപ്പിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

1. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും എസ്.എച്ച്.ഒ.-മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.
2. രണ്ടോ അതിലധികമോ എസ്.ഐ.-മാരുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്.
3. പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി ഏറെ ദൂരം സഞ്ചരിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും അവരുടെ പരാതികൾക്ക് അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത മേഖലയിലെ ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാ ക്കുന്നതിനുമായി 13 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.
4. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും Emergency Response Support System (ERSS) സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 112 എന്ന എമർജൻസി നമ്പരിലേയ്ക്ക് അടിയന്തര സഹായത്തിനായി പൊതുജനങ്ങൾക്ക് പോലീസ് സഹായം ആവശ്യപ്പെടാവുന്നതും ഈ സംവിധാനം വഴി വളരെ വേഗവും കൃത്യവുമായ പോലീസ് സഹായം ഉറപ്പുവരുത്താനും സാധിക്കുന്നു.

5. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് POL-APP പേരിൽ പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

6. പൊതുജന സഹകരണത്തോടെ പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ആശയത്തിന് ഊന്നൽ നൽകി നടപ്പിലാക്കിയ ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

7. സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്.

8. കുട്ടികളുടെ അശ്ലീല വീഡിയോകൾ ഇന്റർനെറ്റിൽ പ്രചരിപ്പിക്കുന്ന കുറ്റകൃത്യം തടയുന്നതിനും കുറ്റവാളികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും P-Hunt എന്ന രഹസ്യ കുറ്റാന്വേഷണ പ്രവർത്തനം പോലീസ് ആരംഭിച്ചിട്ടുണ്ട്.

9. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയായ CCPWC പ്രോജക്ടിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

10. പോലീസിന്റെ പ്രവർത്തനങ്ങളും അറിയിപ്പുകളും പൊതുജനങ്ങളിലേയ്ക്ക് വളരെവേഗം എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ സംസ്ഥാന പോലീസ് ഉപയോഗിച്ചു വരുന്നുണ്ട്.

(സി) പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കുന്നതിന് ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഇല്ല.

(ഡി) ക്രമസമാധാന പരിപാലന രംഗത്തെ മികവ് പരിഗണിച്ച് ഇക്കാലയളവിൽ എന്തെല്ലാം പുരസ്കാരങ്ങളാണ് പോലീസ് വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രമസമാധാന പരിപാലന രംഗത്ത് ലഭിച്ച അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു :

1) ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം; 2) നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം ഏറ്റവും കുറവ് വർഗീയ കലാപം നടന്ന സംസ്ഥാനം; 3) കേരളാ പോലീസിന്റെ ജനമൈത്രി സുരക്ഷാ പദ്ധതിക്ക് 'കോപ്സ് ടുഡൈ ഇൻറർനാഷണൽ' ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്; 4) കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനും ഉൾപ്പെടുന്നു; 5) കൊല്ലം സിറ്റിയിലെ പോലീസ് കാര്യാലയത്തിന് ISO 9001:2015 പദവിയും, ചവറ പോലീസ് സ്റ്റേഷന് 2020-ൽ ISO സർട്ടിഫിക്കറ്റും ലഭിച്ചു; 6) കൊല്ലം റൂറൽ പോലീസ് ജില്ലയിലെ ശാസ്താംകോട്ട പോലീസ് സ്റ്റേഷന് 19-09-2019-ൽ ISO 9001:2015 സർട്ടിഫിക്കറ്റ് ലഭിച്ചു; 7) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ ഒല്ലൂർ പോലീസ് സ്റ്റേഷന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഏറ്റവും നല്ല പോലീസ് സ്റ്റേഷനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

## കാസർകോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത പോലീസ് കേസ്സുകൾ

86 (95) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രീതിയിലുള്ള നിയമലംഘനങ്ങൾക്കും കുറ്റങ്ങൾക്കുമാണ് കേസുകൾ രജിസ്റ്റർ ചെയ്തതെന്നും ഏതെല്ലാം സെക്ഷനുകൾ പ്രകാരമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

&

(സി) ഈ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നും ശിക്ഷകൾ ഏത് തരത്തിലായിരുന്നുവെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) ലോക്ഡൗൺ കാലത്ത് കാസർഗോഡ് ജില്ലയിൽ 3661 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്റ്റേഷൻ തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ക്ലിഫ് ഹൗസിന്റെ സുരക്ഷാസംവിധാനം

87 (96) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്, സുരക്ഷാവലോകനം നടത്തിയ സമിതി ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത സമിതി എന്തൊക്കെ സുരക്ഷാനടപടികൾ സ്വീകരിക്കണ മെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

സുരക്ഷാ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുക, കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുക, ചുറ്റുമതിലിന്റെ ഉയരം വർദ്ധിപ്പിക്കുക, ദേവസ്വം ബോർഡ് ജംഗ്ഷനിൽ സ്പീഡ് ബ്രേക്കർ സ്ഥാപിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന തിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിന്മേൽ സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പോലീസ് ഉദ്യോഗസ്ഥരുടെ വിന്യാസം ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ടിട്ടുള്ളതിനാൽ പ്രത്യേക ചെലവായി കണക്കാക്കാറില്ല. സിവിൽ പ്രവൃത്തികൾക്കായി 44,30,000 രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 30,00,000 രൂപയും ചെലവ് വരാമെന്ന് കണക്കാക്കിയിട്ടുണ്ട്.

## കേരള പോലീസ് നിയമത്തിലെ 118 എ വകുപ്പ്

88 (98) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് കേരള പോലീസ് നിയമത്തിൽ 118 എ എന്ന വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു ഭേദഗതി ഓർഡിനൻസിലൂടെ കൊണ്ടുവന്നിരുന്നോ?

സംസ്ഥാനത്ത് സമൂഹ മാധ്യമങ്ങളിലൂടെയുള്ള അപമാനിക്കപ്പെടുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ സംഭവങ്ങൾ പ്രചരിപ്പിക്കുന്നത് തടയുക എന്ന ഉദ്ദേശ്യത്തോടെ 2011-ലെ കേരള പോലീസ് ആക്ടിൽ 118 (A) എന്ന വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് 21-11-2020-ൽ അസാധാരണ ഗസറ്റ് വിജ്ഞാപനമായി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു.

(ബി) ഭരണഘടനാ വ്യവസ്ഥകൾക്ക് നിരക്കാത്തതും പോലീസിന് അമിതാധികാരം നൽകുന്നതും ദുരുപയോഗം ചെയ്യുന്നതിന് ഇടയുള്ളതുമായ പ്രസ്തുത ഭേദഗതി കൊണ്ടുവരുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

&

(സി) ജനങ്ങളെ പൊതുവിൽ ബാധിക്കുന്നതും ദേശീയമായി തന്നെ പ്രാധാന്യം ഉള്ളതുമായ വിഷയത്തിൽ പുതിയ ഒരു നയം രൂപീകരിക്കുമ്പോഴും അതിനായി നിയമനിർമ്മാണം നടത്തുമ്പോഴും ചെയ്യേണ്ട രാഷ്ട്രീയമായ പരിശോധനയും വിശകലനവും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

(ബി-സി) സ്ത്രീത്വത്തെ അപമാനിക്കൽ, വ്യാജ വാർത്തകൾ പ്രചരിപ്പിക്കൽ എന്നിവ ഉൾപ്പെടെ വ്യക്തികളെ തേജോവധം ചെയ്യുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ ചില വാർത്തകൾ, പരാമർശങ്ങൾ എന്നിവ സമൂഹമാധ്യമങ്ങൾ ഉൾപ്പെടെ പ്രചരിക്കുന്നതായുള്ള വളരെ ഗുരുതരമായ പരാതികൾ സർക്കാരിന്റെ മുമ്പിൽ വിവിധ സന്ദർഭങ്ങളിൽ ഉന്നയിക്കപ്പെട്ടിരുന്നു. അസത്യമാണെന്ന് ബോധപൂർവ്വമായ അറിവോടുകൂടി പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളെയാണ് പോലീസ് ആക്ടിൽ 118 (A) കൂട്ടിച്ചേർത്തു കൊണ്ടുള്ള ഭേദഗതിയിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചത്.

(ഡി) പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതെങ്കിലും പരാതി ലഭിക്കുകയോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ, സംസ്ഥാനത്ത് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## മാഞ്ഞൂർ പോലീസ് സ്റ്റേഷനുള്ള തസ്തിക സൃഷ്ടിക്കൽ

89 (99) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ മാഞ്ഞൂരിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 212/2015/ആഭ്യന്തരം പ്രകാരം തത്വത്തിൽ അനുമതി ആയിരുന്നതും ജി.ഒ.(പി) നമ്പർ 41/2018/ആഭ്യന്തരം, 7-7-2018 പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ ആയിരുന്നതുമാണ്. മാഞ്ഞൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള 4/298 നമ്പർ കെട്ടിടം സ്റ്റേഷൻ പ്രവർത്തനത്തിനായി വിട്ടുനൽകാമെന്ന് സമ്മതിച്ചിരുന്നതും ടി കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി ഗസറ്റ് നോട്ടിഫിക്കേഷനിൽ പ്രസിദ്ധീകരിച്ചിരുന്നതുമാണ്. എന്നാൽ ആയത് ജനകീയാസൂത്രണ പദ്ധതിയിലൂടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചതാകയാൽ മറ്റൊരു ആവശ്യത്തിനായി വിട്ടുനൽകുന്നതിന് പഞ്ചായത്ത് വകുപ്പിൽനിന്നുള്ള അനുമതികൂടി വേണമെന്ന് മാഞ്ഞൂർ പഞ്ചായത്ത് അറിയിക്കുകയുണ്ടായി. തുടർന്ന് നടന്ന കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ടി കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി വിട്ടുനൽകേണ്ടതില്ലെന്ന് തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞു. എന്നാൽ ഇതുസംബന്ധിച്ച യാതൊരു ഉത്തരവുകളും ലഭിച്ചിട്ടില്ലാത്തതാണ്. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം പുനഃപരിശോധിക്കണമെന്ന് കോട്ടയം ജില്ലാ പോലീസ് ഓഫീസിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും മറുപടി ലഭ്യമായശേഷം ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തസ്തികകൾ നിശ്ചയിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

താഴെപ്പറയും പ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് :

| Sl.No. | Post | Strength |
|---|---|---|
| 1 | Inspector | 1 |
| 2 | Sub Inspector | 2 |
| 3 | Assistant Sub Inspector | 2 |
| 4 | Senior Civil Police Officer | 8 |
| 5 | Civil Police Officer | 25 |
| 6 | Civil Police Officer (Women) | 4 |
| 7 | Driver | 1 |
| | Total | 43 |

(സി) പ്രസ്തുത പോലീസ് സ്റ്റേഷൻ സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഫയൽ മുഖ്യമന്ത്രി കണ്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഫയൽ മുഖ്യമന്ത്രി കണ്ടിട്ടുണ്ട്. ഫയൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

**നെയ്യാറ്റിൻകരയിലെ കുടിയൊഴിപ്പിക്കൽ**

90 (100) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട പോലീസിന്റെ നടപടി കാരണം രാജൻ-അമ്പിളി ദമ്പതികൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ പോലീസിന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

&

(ബി) കുടിയൊഴിപ്പിക്കലിന് സ്റ്റേ കിട്ടുമെന്നറിഞ്ഞിട്ടും അതിനുമുൻപേ ആ കുടുംബത്തെ കുടിയൊഴിപ്പിക്കാൻ അമിതാവേശം കാട്ടിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) ഇതുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷിച്ച് സത്യാവസ്ഥ പുറത്ത് കൊണ്ടുവരുന്നതിലേയ്ക്കായി സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനെ കേസിന്റെ അന്വേഷണം ഏൽപ്പിച്ചിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്.

(സി) സമാനമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

തികച്ചും പ്രൊഫഷണലായ ഒരു പോലീസ് സേനയായി മാറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ജനങ്ങളുടെ, പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകുകയും ചെയ്യും.

## സംസ്ഥാന പോലീസ് സേന

91 (101) ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന പോലീസ് സേനയിലേയ്ക്ക് ഏതൊക്കെ വിഭാഗങ്ങളിൽനിന്നും പ്രത്യേക റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ?

വടക്കൻ കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി 75 തസ്തികകളിലേയ്ക്ക് ട്രൈബൽ വിഭാഗത്തിൽനിന്നും പോലീസ് സേനയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള ആദിവാസി യുവതീ-യുവാക്കളിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് 125 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 18-2-2020-ലെ സ.ഉ.(എംഎസ്.) നമ്പർ 47/2020/ആഭ്യന്തരം പ്രകാരം പ്രസ്തുത 125 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 90 എണ്ണം പുരുഷന്മാർക്കും 35 എണ്ണം സ്ത്രീകൾക്കുമായി അനുവദിച്ച് നൽകിയിട്ടുണ്ട്. 3-9-2018-ലെ സ.ഉ.(കൈ) നമ്പർ 141/2018/ആഭ്യന്തരം പ്രകാരം ഓഖി ദുരന്തമേഖലയായ തീരദേശത്തെ യുവാക്കളിൽ നിന്നും 200 പേരെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചുത്തരവായി. അതിൽ 177 കോസ്റ്റൽ വാർഡന്മാരുടെ പരിശീലനം പൂർത്തിയാക്കുകയും അവരെ വിവിധ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോസ്റ്റൽ വാർഡന്മാരുടെ സ്തുത്യർഹമായ സേവനം കണക്കിലെടുത്ത് 26-7-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 1677/2020/ ആഭ്യന്തരം പ്രകാരം ഇവരുടെ സേവന കാലാവധി ഒരു വർഷത്തേയ്ക്കുകൂടി നീട്ടിനൽകിയിട്ടുണ്ട്.

(ബി) പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പോലീസിലെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനമായും തുടർന്ന് 25 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു വനിതാ കമാൻഡോ പ്ലറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി

451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്ത് മേനംകുളത്ത് 10 ഏക്കർ സ്ഥലം നൽകിയിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ വനിതാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകൾ (ഏകദേശം 50% വനിതാ പ്രാതിനിധ്യത്തോടെ ഘട്ടംഘട്ടമായി KAP VI Bn. രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ, 50% വനിതാ പ്രാതിനിധ്യത്തോടെ 2nd IR Battalion സൃഷ്ടിക്കുന്നതിനുള്ള ശിപാർശ) എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. 5-11-2019-ലെ സ.ഉ.(എം.എസ്.) നമ്പർ 175/2019/ആഭ്യന്തരം പ്രകാരം നിലവിലുള്ള 10 പോലീസ് സ്റ്റേഷനുകൾക്ക് പുറമെ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച പോലീസ് സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു :

22-9-2017-ലെ സ.ഉ. (സാധാ) നമ്പർ 2487/2017/ആഭ്യന്തരം പ്രകാരം അച്ചൻകോവിൽ (കൊല്ലം റൂറൽ), കൈപ്പമംഗലം (തൃശ്ശൂർ റൂറൽ), കൊപ്പം (പാലക്കാട്), തൊണ്ടർനാട് (കോറോം) (വയനാട്), നഗരൂർ (തിരുവനന്തപുരം റൂറൽ), പിണറായി (കണ്ണൂർ), പുതുർ (പാലക്കാട്) എന്നീ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ പുതുർ (പാലക്കാട്) ഒഴികെയുള്ള പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. 26-10-2017-ലെ സ.ഉ. (സാധാ) നമ്പർ 216/2017/ആഭ്യന്തരം പ്രകാരം മട്ടന്നൂർ എയർപോർട്ട് (കണ്ണൂർ), ഉടുമ്പഞ്ചോല (ഇടുക്കി), ഇലവുംതിട്ട (പത്തനംതിട്ട), മേൽപ്പറമ്പ് (കാസർഗോഡ്), കണ്ണനെല്ലൂർ (കൊല്ലം സിറ്റി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി) എന്നീ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. 5-11-2019-ലെ സ.ഉ.(എംഎസ്.) നമ്പർ 175/2019/ ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് 4 പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 17-4-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 68/2018/ആഭ്യന്തരം പ്രകാരം നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 22-10-2020-ലെ സ.ഉ.(എംഎസ്.) നമ്പർ 198/2020/ ആഭ്യന്തരം പ്രകാരം തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട,

കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ പോലീസ് ജില്ലകളിലായി ഓരോ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ വീതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ദേശീയ, അന്തർദേശീയ തലത്തിൽ ലഭിച്ച അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ദേശീയ, അന്തർദേശീയ തലത്തിൽ ലഭിച്ച അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷൻ ആയ Traffic Guru-വിന് യു.എ.ഇ.-യുടെ Best 'M' Government Service Award - 6th Edition ലഭിച്ചിട്ടുണ്ട്.

1. UMI (Urban Mobility India) Award -2017 for excellence in Urban Transport, SKOCH Governance Award -2018, DSCI Award (Data Security Council of India) 2017 എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

2. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018-ലെ FICCI Smart Policing Award കേരള പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. കൂടാതെ "Security Watch India (SWI) Innovation and Excellence Awards 2016-ൽ Innovative use of Technology in Cyber Security" എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

3. ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം.

4. അഴിമതി കുറവുള്ള സംസ്ഥാനം കേരളമെന്ന് (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. എറ്റവും കുറവ് വർഗ്ഗീയ കലാപം കേരളത്തിൽ (നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. കേരളാ പോലീസിന്റെ ജനമൈത്രി പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ കോപ്സ് ടുഡെ ഇന്റർ നാഷണൽ ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്.

7. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനും ഉൾപ്പെടുന്നു.

8. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ഐ.എസ്.ഒ. 9001:2015 പദവി ലഭിച്ചിട്ടുണ്ട്.

9. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയ തലത്തിൽ കേരള പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി. ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയും നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആന്റ് സർവ്വീസസ് കമ്പനിയും (നാസ്കോം) സംയുക്തമായി നൽകുന്ന അവാർഡാണിത്. മികച്ച സൈബർ കുറ്റാന്വേഷണ ഉദ്യോഗസ്ഥനുള്ള അവാർഡ് എസ്.പി. ശ്രീ. കെ. ഇ. ബൈജുവിന് ലഭിച്ചു.

10. റോഡ് സുരക്ഷിതത്വ പരിശ്രമത്തിന് - ട്രാഫിക് സുരക്ഷിതത്വത്തിനുള്ള സോഫ്റ്റ് പദ്ധതി (കേന്ദ്ര നഗരകാര്യ വകുപ്പ്)

11. കേരളാ പോലീസിന്റെ സ്റ്റുഡന്റ് കേഡറ്റ് പ്രോജക്ട് രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും നടപ്പിലാക്കാനുള്ള തീരുമാനം കേന്ദ്ര ആഭ്യന്തര മന്ത്രി 2018 ജൂലൈ 21-ന് ഹരിയാനയിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

12. സ്ത്രീ-സുരക്ഷ ഉറപ്പാക്കിയതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ)

13. ബ്ലൂവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ

14. എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്.

15. 2016 നവംബറിൽ ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരളാ പോലീസ് പവലിയൻ Best Exhibitor അവാർഡിന് അർഹമായി.

16. 2016 ഡിസംബറിൽ നടന്ന അറുപതാമത് ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ കേരളാ പോലീസ് സേനയിൽപ്പെട്ടവർ കമ്പ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ മെഡലുകൾ കരസ്ഥമാക്കി.

17. സി.സി.റ്റി.എൻ.എസ്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-ൽ (സി.സി.റ്റി.എൻ.എസ്. ബെസ്റ്റ് പ്രാക്ടീസ്, സക്സസ് സ്റ്റോറി എന്നീ വിഭാഗത്തിൽ) കേരള പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് എം.എച്ച്.എ./എൻ.സി.ആർ.ബി. പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

18. 2019-ലെ All India Police Judo Championship-ൽ 3-ാം സ്ഥാനം, All India Police Sports Shooting Championship-ൽ ഗോൾഡ് മെഡൽ, All India Police Duty Meet-ൽ 3-ാം സ്ഥാനം എന്നിവ ലഭിക്കുകയുണ്ടായി.

19. Dehradun-ൽ നടന്ന National Masters Weightlifting Championship 2019, Overall Trophy കേരള പോലീസ് നേടുകയുണ്ടായി.

20. കൊല്ലം റൂറൽ പോലീസ് ജില്ലയിലെ ശാസ്താംകോട്ട പോലീസ് സ്റ്റേഷന് 19-9-2019-ൽ ഐ.എസ്.ഒ. 9001:2015 സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

21. കൊല്ലം സിറ്റിയിലെ ചവറ പോലീസ് സ്റ്റേഷന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് 2020-ൽ ലഭിച്ചിട്ടുണ്ട്.

22. തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ ഒല്ലൂർ പോലീസ് സ്റ്റേഷന് Ministry of Home Affairs-ന്റെ ഏറ്റവും നല്ല പോലീസ് സ്റ്റേഷനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. ദുബായിൽനിന്നും ഉന്നത പോലീസ് ഉദ്യോഗസ്ഥർ കേരള പോലീസിന്റെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളും പരിശീലന പരിപാടികളും സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള അന്വേഷണ രീതികളും മറ്റും മനസ്സിലാക്കുന്നതിനായി കേരള പോലീസ് ആസ്ഥാനം സന്ദർശിച്ച് സംസ്ഥാന പോലീസ് മേധാവിയുമായും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും തിരുവനന്തപുരത്തെ സൈബർ ഡോം സന്ദർശിച്ച് പ്രവർത്തനങ്ങൾ പഠിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കേരളാ പോലീസിന്റെ അഭിമാനകരമായ നേട്ടമാണ്.

ഡിവൈ.എസ്.പി. തസ്തികകൾ

92 (102) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് ഡയറക്ടറേറ്റിൽ അനുവദനീയമായ തസ്തികയിൽ എത്ര ഡിവൈ.എസ്.പി. തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

സംസ്ഥാന വിജിലൻസ് വകുപ്പിൽ 34 ഡിവൈ.എസ്.പി. തസ്തികകളാണ് നിലവിലുള്ളത്.

(ബി) നിലവിൽ ഡിവൈ.എസ്.പി. തസ്തികയിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ?

| | | |
|---|---|---|
| 1. | TVPM SIU-I | Ajayakumar V. |
| 2. | TVPM SIU-I | Anil Kumar M. (Jr.) |
| 3. | TVPM SIU-I | Ajith R.D. |
| 4. | TVPM SIU-I | Syam Kumar V. |
| 5. | TVPM SIU-II | Prasad J. |
| 6. | TVPM SIU-II | Mahesh Das K.V. |
| 7. | TVPM Range, VACB-1 | Anil V. |
| 8. | TVPM Range, VACB-2 | Abdul Wahab A. |
| 9. | TVPM Special Cell | Anilkumar S. |
| 10. | TVPM Special Cell | P. Velayudhan Nair |
| 11. | Thiruvananthapuram | Gilson Mathew |
| 12. | Kollam | Asoka Kumar K. |
| 13. | Pathanamthitta | R. Jayaraj |
| 14. | Alappuzha | Hari Vidyadharan |

| | | |
|---|---|---|
| 15. | Eastern Range, Kottayam-2 | Manoj M.K. |
| 16. | Eastern Range, Kottayam -2 | Viswanthan A.K. |
| 17. | KTYM Unit, VACB | Raveendranath V.G. |
| 18. | Idukki (Thodupuzha) | Ravi Kumar V.R. |
| 19. | EKM Special Cell | Sajeevan T.U. |
| 20. | EKM Special Cell | K. Mahesh Kumar |
| 21. | EKM Range | Ashad S. |
| 22. | EKM Range | T.M. Varghese |
| 23. | Ernakulam | Zacharia Mathew |
| 24. | Thrissur | U. Preman |
| 25. | Palakkad | Shamsudeen S. |
| 26. | Malappuram | Suresh Babu K.P. |
| 27. | Special Cell-I, Kozhikkode | S. Shanavas |
| 28. | Special Cell-II, Kozhikkode | Johnson G |
| 29. | KKD Range | Shaji Varghese |
| 30. | Kozhikkode | Jaleel Thottathil |
| 31. | Northern Range, Kozhikkode | Vinod Kumar K. |
| 32. | Wayanad | Abdul Rahim M.A. |
| 33. | Kannur | Babu Peringoth |
| 34. | Kasaragod | Balakrishnan V. |

(സി) റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ വിജിലൻസ് ഡയറക്ടറേറ്റിൽ ഇപ്പോൾ ജോലി ചെയ്തുവരുന്നുണ്ടോ; ഉണ്ടെങ്കിൽ അവരുടെ തസ്തിക പേരുവിവരം സഹിതം നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലം റൂറൽ പോലീസ് ജില്ലയുടെ അംഗബലം**

93 (103) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയ്ക്ക് DHQ അനുവദിച്ച് ഉത്തരവായത് എന്നാണെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കൊല്ലം റൂറൽ പോലീസ് ജില്ലയ്ക്ക് DHQ അനുവദിച്ചുകൊണ്ട് 28-5-2020-ൽ സ.ഉ.(എംഎസ്.) നമ്പർ 118/2020/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കൊല്ലം റൂറൽ ജില്ലയ്ക്ക് അനുവദിക്കപ്പെട്ട അംഗബലം കൊല്ലം സിറ്റി DHQ-വിൽ നിന്നും ലഭ്യമാക്കാൻ വേണ്ട തുടർ നടപടികൾ അധികാരികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(സി) സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ?

(എ-സി) കൊല്ലം റൂറൽ DHQ-വിലേക്ക് മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള അംഗബലം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ താൽകാലികമായി 75 സേനാംഗങ്ങളെ കൊല്ലം സിറ്റി DHQ-വിൽനിന്നും കൊല്ലം റൂറലിലേക്ക് അയച്ചിട്ടുണ്ട്.

(ഡി) മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം കൊല്ലം റൂറൽ പോലീസ് ജില്ലയ്ക്ക് DHQ പ്രകാരം ലഭിക്കേണ്ട അംഗബലം ഉറപ്പാക്കാൻ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ?

അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോലീസിലെ വനിതാ പ്രാതിനിധ്യം

94(104) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു വനിതാ കമാൻഡോ പ്ലറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. തിരുവനന്തപുരം മേനംകുളത്ത് സർക്കാർ നല്കിയിട്ടുള്ള പത്ത് എക്കർ സ്ഥലത്ത് വനിതാ ബറ്റാലിയന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. 5-11-2019-ലെ സ.ഉ.(കൈ) നമ്പർ 175/2019/ആഭ്യന്തരം പ്രകാരം നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ഇല്ലാത്ത പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് റവന്യൂ ജില്ലകളിൽ ഓരോ വനിതാ പോലീസ് സ്റ്റേഷനുകൾ ജില്ലാ ആസ്ഥാനത്തു തന്നെ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) മൊത്തം പോലീസ് സേനയുടെ 15% നിരക്കിലേയ്ക്ക് വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഘട്ടംഘട്ടമായി 15% ആയി ഉയർത്തുന്നകാര്യം പരിഗണനയിലാണ്.

(സി) നിലവിൽ ഡബ്ല്യു.സി.പി.ഒ. തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്ര ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ അയച്ചിട്ടുണ്ട് എന്നുമുള്ള വിവരം അറിയിക്കാമോ?

നിലവിലെ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും 497 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും 497 ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) 2000-ത്തിലേറെ വനിതകൾ ഉൾപ്പെട്ടിട്ടുള്ള കാറ്റഗറി നമ്പർ 653/2017 ഡബ്ല്യു.സി.പി.ഒ. ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

**പൊന്നാനി സബ്ട്രഷറിയിലെ വെട്ടിപ്പ്**

95 (105) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സബ്ട്രഷറിയിൽ ദുരിതാശ്വാസ നിധി തുകയും സ്ഥിരം നിക്ഷേപങ്ങളും വെട്ടിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തിന് പൊന്നാനി പി.എസ്. ക്രൈം നമ്പർ 529/2018 *u/s* 461, 381, IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും കേസിലെ പ്രതിയായ സന്തോഷ് മരണപ്പെട്ടതിനാൽ കേസ് ചാർജ്ജ് abate ആയി ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) എത്ര ലക്ഷം രൂപയുടെ ക്രമക്കേട് ജീവനക്കാരൻ നടത്തിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്?

ചങ്ങരംകുളം സബ് ട്രഷറിയുടെ പേരിൽ വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുവഴി 12,41,600 രൂപയും ഇടപാടുകാർ സമർപ്പിച്ച ചെക്കിൽ തിരിമറി നടത്തി 51,656 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കാൻ സമർപ്പിച്ച 5,000 രൂപയുടെ ഒരു ചെക്കിലും ക്രമക്കേടുണ്ടായതായാണ് ട്രഷറി വകുപ്പ് കണ്ടെത്തിയിട്ടുള്ളത്.

(സി) എൻ.ജി.ഒ. യൂണിയൻ നേതാവ് കൂടിയായ പ്രസ്തുത ജീവനക്കാരൻ ദുരിതാശ്വാസ നിധിയിൽനിന്നും ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റിയതായി കണ്ടെത്തിയിട്ടുണ്ടോ; എന്ത് തുകയാണ് അപ്രകാരം കൈമാറിയതെന്ന് വ്യക്തമാക്കുമോ;

(ഡി) വെട്ടിപ്പ് നടത്തിയ തുക ജീവനക്കാരനിൽനിന്നും ഈടാക്കാൻ സാധിച്ചിട്ടുണ്ടോ;

&

(ഇ) പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തിരികെ പ്രവേശിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

(സി-ഇ) പ്രസ്തുത ക്രമക്കേട് നടത്തിയ ജീവനക്കാരൻ സസ്പെൻഷനിലിരിക്കെ മരണപ്പെടുകയുണ്ടായി. ദുരിതാശ്വാസ നിധിയിൽനിന്നും ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റിയതായി കണ്ടെത്തിയിട്ടില്ല.

## പോലീസ് സേനാംഗങ്ങളുടെ മാതൃകാപരമല്ലാത്ത പെരുമാറ്റങ്ങൾ

96 (106) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മികച്ച ക്രമസമാധാനപാലനം സംസ്ഥാനത്ത് നടക്കുമ്പോഴും ഇടയ്ക്കിടയ്ക്കെങ്കിലും ചില പോലീസ് സേനാംഗങ്ങളുടെ ഭാഗത്തുനിന്നും മാതൃകാപരമല്ലാത്ത പെരുമാറ്റങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് സേനയിലെ ഒറ്റപ്പെട്ടതെങ്കിലും ഇപ്പോഴും സംഭവിക്കുന്ന സഭ്യമല്ലാത്ത പ്രവർത്തനങ്ങൾ തിരുത്തി സേനയെ മികച്ചതാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പോലീസിന്റെ ഭാഗത്തുനിന്നും പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിനായി പോലീസ് ആസ്ഥാനത്തുനിന്നും 01/2019 നമ്പർ പ്രകാരം ഒരു Advisory 14-9-2019 തീയതിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെ അർഹിക്കുന്ന പ്രാധാന്യം നൽകി അവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നയസമീപനമാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

(സി) രാജ്യത്തെ മികച്ച പോലീസ് സേന എന്നതിൽനിന്നും ലോകത്തിനുതന്നെ മാതൃകയായ തരത്തിൽ സംസ്ഥാന പോലീസ് സേനയെ നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

2021-22 വർഷത്തിൽ പോലീസ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന നയങ്ങൾ/സംരംഭങ്ങൾ/പദ്ധതികൾ ചുവടെ ചേർക്കുന്നു:

2021-22 വർഷത്തിൽ 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പോലീസ് വകുപ്പ് പദ്ധതിയിട്ടിട്ടുണ്ട്. പുലിക്കീഴ്, പെരുനാട്, മൂഴിയാർ (പത്തനംതിട്ട) വിയ്യപുരം, (ആലപ്പുഴ), വാഗമൺ, മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ, ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നിവയാണവ. സംസ്ഥാനത്ത് 5 പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്. പോലീസ് നിർവ്വഹണം കൂടുതൽ സുഗമമാക്കുവാനും ക്രമസമാധാനപാലനം

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെച്ചപ്പെടുത്തുവാനും 25 അധിക സബ് ഡിവിഷനുകൾ കൂടി ആരംഭിക്കാൻ വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. പോലീസ് ട്രെയിനിംഗ് കോളേജിൽ ഒരു സ്റ്റേറ്റ് പോലീസ് മ്യൂസിയം ആരംഭിക്കാനും പദ്ധതിയുണ്ട്. എല്ലാ ജില്ലകളിലും നോളജ് റിപ്പോസിറ്ററി സെന്ററുകൾ (Knowledge Repository Center) ആരംഭിക്കുന്നതാണ്. 2021-22 വർഷത്തിൽ പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിക്കുന്നതാണ്. 2021-22 വർഷത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും സൈബർ സെക്യൂരിറ്റി സെന്റർ & വെർച്വൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്ത് 15 പുതിയ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകുകയും ഇതിനായി ആവശ്യത്തിന് വിഹിതം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്കനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബറിടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 2021-22 വർഷത്തിൽ ആലപ്പുഴ, എറണാകുളം റൂറൽ, തിരുവനന്തപുരം റൂറൽ, മലപ്പുറം, കണ്ണൂർ റൂറൽ എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്. 6-ാമത് സായുധ പോലീസ് ബറ്റാലിയൻ ആരംഭിക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ 50% വനിതാ പ്രാതിനിധ്യവുമായി രണ്ടാം ഐ.ആർ. ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതാണ്. ഗുരുവായൂർ ടെംപിൾ പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തികരിക്കുന്നതാണ്. തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്ററിന്റെ നിർമ്മാണം 2021-22 വർഷത്തിൽ പൂർത്തിയാക്കുന്നതാണ്. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന് (സംസ്ഥാന ദുരന്ത പ്രതികരണ സേന) രൂപം നൽകാനും സംസ്ഥാനത്തെ തീരദേശ ഗ്രാമങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്നതും, ശാരീരിക യോഗ്യതയുള്ളവരുമായ 240 പേരെ ഡിസാസ്റ്റർ റെസ്പോൺസ് വാർഡൻസ് (DRW) ആയി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് നിലവിൽ 748 സ്കൂളുകളിൽ സ്റ്റുഡൻസ് പോലീസ് പദ്ധതി (SPC) പ്രവർത്തനം നടത്തുകയും 2021-22 വർഷത്തിൽ SPC പദ്ധതി 100 സ്കൂളുകളിൽക്കൂടി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. സമീപ ഭാവിയിൽ തന്നെ SPC-ക്കായി പ്രത്യേക ഡയറക്ടറേറ്റ്

നാഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കാനും കോളേജുകളിൽ കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും Service Delivery Centres ആക്കി മാറ്റുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇന്ത്യയിൽ ചാരപ്രവർത്തനം, വിധ്വംസക-അട്ടിമറി പ്രവർത്തനങ്ങൾ തുടങ്ങിയ നിമയവിരുദ്ധവും അപകടകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദേശ ഏജൻസികളെ തകർക്കാനും പ്രതിരോധി ക്കാനുമായി പോലീസ് വകുപ്പിൽ ഒരു Counter Intelligence Cell-ന് രൂപം നൽകുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. കേരളത്തിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് എല്ലാ ജില്ലകളിലും Forensic Science Laboratory സ്ഥാപിക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി 19 സൈബർ പോലീസ് സ്റ്റേഷനുകളും 3 സൈബർ ഡോമുകളും ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെല്ലും കൂടിച്ചേർത്ത്, ഒരു സൈബർ ഓപ്പറേഷൻ ഡിവിഷൻ ആരംഭിക്കുന്നത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കൊല്ലം റൂറൽ സെൻട്രൽ പോലീസ് ക്യാന്റീൻ പ്രവർത്തനം

97 (107) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ സെൻട്രൽ പോലീസ് ക്യാന്റീൻ അനുവദിച്ച് ഉത്തരവായത് എന്നാണ്?

2020 മാർച്ച് മാസം.

(ബി) പ്രസ്തുത ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച തുടർനടപടികൾ വെളിപ്പെടുത്തുമോ;

&

(സി) പ്രസ്തുത ക്യാന്റീൻ കൊട്ടാരക്കര കേന്ദ്രമാക്കി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-സി) കൊട്ടാരക്കര ആസ്ഥാനമായാണ് സെൻട്രൽ പോലീസ് ക്യാന്റീൻ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. തൃക്കണ്ണമംഗൽ, ഗാന്ധിമുക്കിന് സമീപം നിർമ്മാണം നടക്കുന്ന ജില്ലാ പോലീസ് കോംപ്ലക്സിന് സമീപമുള്ള പഴയ കെട്ടിടം നവീകരിച്ച് സെൻട്രൽ പോലീസ് ക്യാന്റീനാക്കി മാറ്റുന്നതിന് 16,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കു ന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**ഫോട്ടോകളുടെ ദുരുപയോഗം**

98 (108) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ ഉൾപ്പെടെയുള്ള വാഹന യാത്രക്കാരുടെ ചിത്രങ്ങൾ സംസ്ഥാനത്തെ ചില പോലീസ് ഉദ്യോഗസ്ഥർ അവരുടെ സ്വകാര്യ മൊബൈൽ ഫോണുകളിൽ പകർത്തുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

28-3-2012-ലെ കേരള പോലീസ് സർക്കുലർ നമ്പർ 6/2012 പ്രകാരം വാഹന പരിശോധന നടത്തുന്ന സന്ദർഭങ്ങളിൽ പോലീസ് ജനങ്ങളെ ഉപദ്രവിക്കുന്നുവെന്ന പരാതി ഇല്ലാതാക്കാൻവേണ്ടി പോലീസിന് അനുവദിച്ച ഡിജിറ്റൽ ക്യാമറ, ട്രാഫിക് സർവൈലൻസ് ക്യാമറ, സ്പീഡ് റഡാർ തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ പോലീസ് ഉദ്യോഗസ്ഥർ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. കൂടാതെ 30-11-2019-ലെ പോലീസ് എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 38/2019 പ്രകാരവും മൊബൈൽ ഫോൺ ക്യാമറകളും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളും വാഹന പരിശോധന സമയത്ത് പോലീസ് ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നു. പോലീസ് നടപടിയുടെ സത്യാവസ്ഥ ചോദ്യം ചെയ്യപ്പെടുന്ന അവസരത്തിൽ ഉപയോഗപ്പെടുത്താനായി കെ.പി.ആർ. 33(1) & 33(2) പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിൽ ചെയ്ത യാതൊരു പ്രവർത്തിയും വീഡിയോ/ ഓഡിയോ അല്ലെങ്കിൽ ഇലക്ട്രോണിക്സ് രൂപത്തിൽ സൂക്ഷിക്കാവുന്നതാണ്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ബോധപൂർവ്വം ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരുടെ ഉൾപ്പെടെയുള്ള ചിത്രങ്ങളാണ് നിർദ്ദേശാനുസരണം പോലീസുദ്യോഗസ്ഥർ മൊബൈൽ ഫോണിൽ പകർത്തുന്നത്. ട്രാഫിക് നിയമലംഘനത്തിനും ആയതിൽപ്പെട്ട വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന വിധത്തിലാണ് ചിത്രങ്ങൾ പകർത്തുന്നത്. അല്ലാതെ വ്യക്തികൾക്ക് പ്രാധാന്യം നൽകുന്ന വിധത്തിലല്ല. ഇത്തരത്തിൽ പകർത്തുന്ന ചിത്രങ്ങൾ കേരള ട്രാഫിക് പോലീസ് വാട്സ്ആപ് ഹെൽപ്‌ലൈൻ നമ്പറിലേയ്ക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് നിയമങ്ങളുടെ മേൽ നിയമലംഘനം നടത്തുന്നവരുടെ പേർക്ക് പ്രസ്തുത വിവരത്തിന് നോട്ടീസ്/എസ്.എം.എസ്. അയയ്ക്കുകയും ആയത് ലഭിക്കുന്ന മുറയ്ക്ക് കുറ്റക്കാർ പിഴ ഒടുക്കുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ ഇത്തരത്തിൽ നോട്ടീസ് ലഭിച്ചുവരുന്നവരിൽ ചിലർ അയാളുടെ പേരിലുള്ള നിയമലംഘന കുറ്റത്തിനുമേൽ തർക്കങ്ങൾ ഉന്നയിക്കുകയും ഈ അവസരത്തിൽ പ്രസ്തുത ചിത്രങ്ങൾ അവരെ കാണിച്ച് ബോധ്യപ്പെടുത്തി വരുന്നതുമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം ഉദ്യോഗസ്ഥരുടെ സ്വകാര്യ ഫോണുകളിൽ പകർത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ ഫോട്ടോകളുടെ ദുരുപയോഗം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇത്തരത്തിൽ ഫോണിൽ പകർത്തുന്ന നിയമലംഘകരുടെ ചിത്രങ്ങൾ ദുരുപയോഗപ്പെടുത്തുന്നതായ യാതൊരു സംഭവങ്ങളും നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചിത്രങ്ങൾ കേരള ട്രാഫിക് പോലീസ് വാട്സ്ആപ് ഹെൽപ്ലൈൻ നമ്പറിലേയ്ക്ക് കൈമാറിക്കഴിഞ്ഞാൽ പോലീസ് ഉദ്യോഗസ്ഥരുടെ ഫോണിൽ നിന്നും ഇത്തരത്തിൽ ഡിറ്റക്ട് ചെയ്ത ചിത്രങ്ങൾ ഡിലീറ്റ് ചെയ്യാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേശീയ പാതയിൽ ഉണ്ടാകുന്ന അപകടങ്ങൾ**

99 (109) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതയിൽ ഉണ്ടാകുന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇത്തരം അപകട സാധ്യതകൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, കേരള പോലീസ് ആക്ട് എന്നീ നിയമങ്ങൾ അനുസരിച്ചുള്ള എൻഫോഴ്സ്മെന്റ് ശക്തമായി നടപ്പിലാക്കിവരുന്നു. ഹൈ-ടെക് ട്രാഫിക് കൺട്രോൾ വഴി Speed Detection ക്യാമറകൾ സ്ഥാപിച്ചും Surveillance ക്യാമറകളും Speed Radar, interceptor തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ചും നിയമം ലംഘിക്കുന്നവർക്കെതിരെ കർശനമായ നടപടി എടുത്തുവരുന്നു. ഹൈവേ പട്രോൾ, കൺട്രോൾ റൂം, മൊബൈൽ പട്രോൾ തുടങ്ങിയ സംവിധാനങ്ങൾ വഴി അപകടങ്ങൾ നിയന്ത്രിക്കുന്നതിനും അപകടം ഉണ്ടായാൽ Rescue Operation നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അപകടങ്ങൾ കൂടുതലായി നടന്ന സ്ഥലങ്ങൾ കണ്ടെത്തി മതിയായ സുരക്ഷാ മുന്നറിയിപ്പുകൾ പ്രദർശിപ്പിക്കുക, വാഹന പരിശോധനകൾ നടത്തുക, റോഡിന്റെ അപാകതമൂലമാണ് അപകടം നടന്നതെങ്കിൽ അത് പരിഹരിക്കുക, ട്രാഫിക് സിഗ്നലുകളും റോഡ് മാർക്കിംഗുകളും സ്ഥാപിക്കുക, പൊതുജനങ്ങൾക്ക് മതിയായ ബോധവത്കരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ദേശീയ പാതയിൽ Lane Traffic തെറ്റിച്ച് വാഹനമോടിക്കുന്നവർക്കെതിരെ കർശനമായ നിയമ നടപടികളും സ്വീകരിച്ചുവരുന്നു. അമിത വേഗത നിയന്ത്രിക്കുന്നതിനും ഇടതുവശം ചേർന്നുള്ള ഡ്രൈവിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഹൈവേകളിൽ,

ഡ്രൈവർമാരുടെ ശ്രദ്ധയിൽപ്പെടുന്ന രീതിയിൽ ബോർഡുകളും മറ്റും പ്രദർശിപ്പിച്ചിട്ടുണ്ട്. അപകടം കൂടുതലായി ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി സൈൻ ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിച്ച് നടപടി എടുത്തുവരുന്നു. വാഹന ഉപയോക്താക്കൾ, ഡ്രൈവർമാർ, ട്രാഫിക് നിയമ ലംഘനം നടത്തുന്നവർ എന്നിവർക്ക് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നു. ഹൈവേയിലൂടെ രാത്രികാല യാത്ര ചെയ്യുന്ന ഡ്രൈവർമാർക്ക് ഉറക്കം വരാതിരിക്കാൻ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കാപ്പി നൽകി ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ പോലീസ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ദേശീയപാതകളിലും മറ്റും നടക്കുന്ന റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണ നിരക്കും കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടെ മോട്ടോർവാഹന വകുപ്പ് 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. എട്ട് മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളായി 24 മണിക്കൂറും ഈ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനായി 14 ജില്ലകളിലും ഓരോ കൺട്രോൾ റൂമുകളും തിരുവനന്തപുരം ജില്ലയിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും സജ്ജമായിക്കൊണ്ടിരിക്കുന്നു. ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ പാതകളിൽ കൂടുതൽ അപകടസാധ്യതയുള്ള മേഖലകളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അത്തരം സ്ഥലങ്ങളിൽ കൂടുതൽ എൻഫോഴ്സ്മെന്റ് ചെക്കിംഗുകളും നടത്തിവരുന്നു.

**മനുഷ്യാവകാശ ലംഘനം**

100 (111) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സാധിച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിനായി പോലീസ് ആസ്ഥാനത്തുനിന്നും 01/2019 നമ്പർ പ്രകാരം ഒരു Advisory 14-9-2019-ൽ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കുമായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ബഹു. കോടതി ഉത്തരവുകൾ, ബഹു. മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശങ്ങൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ സമയബന്ധിതമായി പാലിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

43 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മനുഷ്യാവകാശ കമ്മീഷന്റെ 12-4-2018-ലെ ഉത്തരവ് പ്രകാരം കേരള പോലീസ് ആക്ടിലെ 86-ാം സെക്ഷൻ അനുസരിച്ചുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നോ യെന്ന് അറിയിക്കുമോ?

നിർദ്ദേശിച്ചിരുന്നു.

(ഡി) പ്രസ്തുത ഉത്തരവ് തീയതിക്കുശേഷം ഇതുപ്രകാരം എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

8 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ നിയമനം

101(112) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ അകാരണമായ കാലതാമസം നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ലെങ്കിൽ 1-4-2019 മുതൽ 15-10-2019 വരെ (ഹെഡ് ക്വാർട്ടേഴ്സ് ഉൾപ്പെടെ) എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഈ കാലയളവിൽ ജില്ലയിൽ നിലവിലുണ്ടായിരുന്ന രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും കത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

&

(ഡി) പ്രസ്തുത തസ്തികയിലെ എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകളൊന്നും ഉണ്ടായിരുന്നില്ല.

(ഇ) പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഏത് വർഷം മുതലാണ് നിയമനം നടത്തിയിട്ടുള്ളത്; ഡെപ്യൂട്ടേഷൻ കാലാവധി ഏറ്റവുമൊടുവിൽ എന്നാണ് ദീർഘിപ്പിച്ച് നൽകിയത്; വിശദമാക്കാമോ?

ഇല്ല.

(എഫ്) പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കെ.എ.ടി.-യിൽ നിലവിലുള്ള ഒ.എ.2267/2019 നമ്പർ കേസിന്മേൽ ട്രൈബ്യൂണൽ ആവശ്യപ്പെട്ട വിവരം നാളിതുവരെയും ലഭ്യമാക്കാൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം വിശദമാക്കാമോ?

വിവരങ്ങൾ അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്.

(ജി) പ്രസ്തുത കേസ് മാറ്റിവയ്ക്കുന്നതിലേയ്ക്കായി പോലീസ് വകുപ്പ് ട്രൈബ്യൂണ ലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണയാണ് ആവശ്യപ്പെട്ടത്; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ തസ്തിക യിലേയ്ക്ക്, കാറ്റഗറി നമ്പർ 130/2012 പ്രകാരം എന്നത്തേയ്ക്ക് നിയമനം നടത്താൻ സാധിക്കും എന്നറിയിക്കാമോ; വിശദാംശം നൽകുമോ?

ഇല്ല. കേരള പോലീസിൽ Entry Cadre-ൽ CA Gr.II വിഭാഗത്തിൽ ആകെ 28 തസ്തികകളാണുള്ളത്. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് ഈ തസ്തികയുടെ 50 ശതമാനം തസ്തികകൾ പി.എസ്.സി. വഴി നേരിട്ടുള്ള നിയമന ത്തിലൂടെ നികത്തേണ്ടതാണ്. അപ്രകാരം നേരിട്ട് നിയമനം നടത്തുവാൻ കഴിയുന്ന ഒഴിവ് വരുമ്പോൾ നിയമന ശിപാർശ പി.എസ്.സി.-ക്ക് നൽകുന്നതാണ്.

**പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസുകൾ**

102 (113) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ സംസ്ഥാനത്ത് നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

1189 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം-1* ആയി ചേർത്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ ഓരോ കേസിലും പ്രതികളായവർ ഏതെല്ലാം പാർട്ടിയിൽ പ്പെട്ടവരാണെന്ന് വിശദമാക്കുമോ?

വിശദാംശം അനുബന്ധം-2* ആയി ചേർത്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

2055 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.*

## സ്ഥാനാർത്ഥിയെ മർദ്ദിച്ച സംഭവം

103 (115) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ നടന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിലെ എളമക്കര 32-ാം വാർഡിലെ യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന ശ്രീ. പയസ് ജോസഫിനെ മർദ്ദിച്ചത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ഇക്കാര്യത്തിൽ എളമക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 679/2020 *u/s* 341, 323, 324, 506 & 34 of *IPC* പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാമെന്നും അവർ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നും വിശദമാക്കുമോ?

കേസിലുൾപ്പെട്ട പ്രതികളായ സർവ്വശ്രീ സാബു ആന്റണി, ജോർജ്ജ്, അജയ് സെബാസ്റ്റ്യൻ, ജേക്കബ്, ജോസ് മോൻ, അനീഷ് പി. എസ്. എന്നിവർ കൊച്ചി കോർപ്പറേഷൻ 35-ാം ഡിവിഷനിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചയാളുടെ അനുഭാവികളാണ്.

(സി) ഈ കേസിന്റെ നിലവിലെ അന്വേഷണ പുരോഗതി വിശദമാക്കുമോ?

ഈ കേസിലെ 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതുള്ളതിനാൽ കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്ത്രീകൾക്കെതിരായുള്ള അതിക്രമം

104 (116) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായുള്ള അതിക്രമം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

സ്ത്രീകൾക്കെതിരായുള്ള അതിക്രമം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എറണാകുളം ലുലു മാളിൽ ഷോപ്പിംഗിന് എത്തിയ യുവാക്കൾ പട്ടാപ്പകൽ യുവ നടിയെ ശാരീരികമായി ആക്രമിക്കുകയും അപമാനിക്കുകയും ചെയ്തതിന്റെ അന്വേഷണം ഏതുഘട്ടത്തിലാണ്; പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത കേസിൽ കളമശ്ശേരി പോലീസ് സ്റ്റേഷൻ Cr.No.892/20 *u/s* 354, 354 D IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണഘട്ടത്തിലാണ്.

(സി) രാഷ്ട്രീയ പാർട്ടി നേതാക്കളും പ്രവർത്തകരും സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ നടത്തുമ്പോൾ പാർട്ടി തലത്തിലുള്ള അന്വേഷണവും നടപടിയും സ്വീകരിച്ച് കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ച് ഇത്തരം കുറ്റവാളികൾക്കെതിരെ കൂടി നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

മുൻകാലത്തുനിന്നും വ്യത്യസ്തമായി ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്.

## പോക്സോ കേസുകൾ

105 (117) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരായുള്ള ലൈംഗിക അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ (PoCSO Act Cases) 2016 മുതൽ 2019 വരെ വർദ്ധിച്ചുവരുന്നതായും 2020 വർഷത്തിൽ 2019-നെ അപേക്ഷിച്ച് കുറവ് വന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016 ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും ഇതിൽ എത്ര കേസുകളിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

2016 ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് 13920 പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 11138 കേസുകളിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്. ആകെ 203 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(സി) പോക്സോ കേസുകളിൽ അന്വേഷണം സമയബന്ധിതമായി പൂർത്തീകരിച്ച് ചാർജ്ജ് ഷീറ്റ് നൽകാൻ നിർദ്ദേശം നൽകുമോ?

റിപ്പോർട്ടാകുന്ന പോക്സോ കേസുകളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

## കൊലപാതക കേസുകൾ

106 (118) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം 31-12-2020 വരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നുവെന്ന് വ്യക്തമാക്കാമോ?

1451.

(ബി) അതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയാണെന്ന് അറിയിക്കാമോ?

24 രാഷ്ട്രീയ കൊലപാതകക്കേസുകളിലായി 27 പേർ കൊല്ലപ്പെട്ടുകയുണ്ടായി.

(സി) കൊലപാതക്കേസുകളിൽ എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ടെന്ന് വെളിപ്പെടുത്താമോ?

രജിസ്റ്റർ ചെയ്ത 1395 കൊലപാതകക്കേസുകളിൽ 35 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

### ദുരഭിമാനക്കൊല സംബന്ധിച്ച് നിയമനിർമ്മാണം

107 (119) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ എം ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് തേങ്കുറിശ്ശിയിൽ അനീഷ് എന്ന യുവാവ് വെട്ടേറ്റ് മരിച്ച സംഭവം ദുരഭിമാനക്കൊലയാണെന്ന് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

പാലക്കാട് തേങ്കുറിശ്ശിയിൽ അനീഷ് എന്ന യുവാവ് വെട്ടേറ്റ് മരിച്ച സംഭവത്തിന് കുഴൽമന്ദം പി.എസ്. ക്രൈം നമ്പർ 924/2020 *u/s* 302 *r/w* 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ടി കേസിലെ പ്രതികളായ സർവ്വശ്രീ സുരേഷ് കുമാറിനെയും പ്രഭുകുമാറിനെയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം പാലക്കാട് സി-ബ്രാഞ്ച് യൂണിറ്റ് മേൽ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരുന്നു. ഇതിന്മേൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തേണ്ടതായുണ്ട്. ആയതിനുശേഷം മാത്രമേ ദുരഭിമാനംമൂലമുള്ള കൊലപാതകമാണോ എന്ന അന്തിമ നിഗമനത്തിലെത്താൻ സാധിക്കുകയുള്ളൂ.

(ബി) ഇത്തരം സംഭവങ്ങളിൽ കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നിയമ നിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം നൽകുമോ?

ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് പഴുതടച്ചുള്ള ശാസ്ത്രീയമായ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് യഥാ സമയംതന്നെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് കുറ്റവാളികൾക്കെതിരെ ബഹു. കോടതികളിൽനിന്ന് കടുത്ത ശിക്ഷ നൽകുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നതിനാൽ പ്രത്യേക നിയമനിർമ്മാണം നിലവിൽ പരിഗണനയിലില്ല.

### ദുരഭിമാന കൊലപാതകങ്ങൾ

108 (120) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് തേങ്കുറിശിയിൽ പെൺകുട്ടി വ്യത്യസ്ത ജാതിയിൽപ്പെട്ട യുവാവിനെ പ്രണയിച്ച് വിവാഹം കഴിച്ചതിനെ തുടർന്നുണ്ടായ ദുരഭിമാന കൊലപാതകത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്?

പ്രസ്തുത സംഭവത്തിന് കുഴൽമന്ദം പി.എസ്. ക്രൈം നമ്പർ 924/2020 *u/s* 302 *r/w* 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ടി കേസിലെ പ്രതികളായ സുരേഷ് കുമാറിനെയും പ്രഭുകുമാറിനെയും അറസ്റ്റ് ചെയ്തിട്ടുള്ളതും പാലക്കാട് സി-ബ്രാഞ്ച് യൂണിറ്റ് മേൽ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തി വരികയുമാണ്. ഈ കേസിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡിൽ കഴിഞ്ഞ ഒന്നാം പ്രതി ശ്രീ. സുരേഷ് കുമാറിനെയും രണ്ടാം പ്രതി ശ്രീ. പ്രഭു കുമാറിനെയും പോലീസ് കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്തുവരുന്നു. ഇതിന്മേൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തേണ്ടതായുണ്ട്. ആയതിനുശേഷം മാത്രമേ ദുരഭിമാനംമൂലമുള്ള കൊലപാതകമാണോ എന്ന അന്തിമ നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളൂ.

(ബി) വിദ്യാഭ്യാസപരമായി ഏറെ മുന്നിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് ദുരഭിമാന കൊലപാതകങ്ങൾ ഏറിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുപോലുള്ള സംഭവങ്ങൾ നടക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് പഴുതടച്ചുള്ള ശാസ്ത്രീയമായ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് യഥാസമയം തന്നെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് കുറ്റവാളികൾക്കെതിരെ ബഹു. കോടതികളിൽനിന്നും കടുത്ത ശിക്ഷ നൽകുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയും ജനമൈത്രി ബീറ്റ് ഓഫീസർമാരെ കാര്യക്ഷമമായി ഉപയോഗിച്ചും സ്ത്രീകൾ, കുട്ടികൾ, മറ്റ് പൊതുജനങ്ങൾ എന്നിവർക്കായി ജില്ലാ തലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും നിയമ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

**സംസ്ഥാനത്തെ ദുരൂഹമരണങ്ങൾ**

109 (121) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ഡിസംബർ 31 വരെ സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ എത്ര മരണങ്ങൾ നടന്നിട്ടുണ്ട്;

(ബി) പ്രസ്തുത മരണങ്ങൾ സംബന്ധിച്ച അന്വേഷണം മറ്റേതെങ്കിലും ഏജൻസിക്ക് റഫർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ:

&

(സി) ഇവയിൽ എത്ര കേസുകളുടെ അന്വേഷണം ഇതിനകം പൂർത്തിയായെന്നും അവയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച്

110 (122) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ മുല്ലശ്ശേരി വില്ലേജിൽ പറമ്പന്തളി നരിയംപുള്ളി ആനേടത്ത് വീട്ടിൽ ശ്രീ. സുബ്രഹ്മണ്യന്റെ മകൾ ശ്രുതി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണത്തിനായി ബഹു. മുഖ്യമന്ത്രിക്ക് ജി.200302612/സി.എം.3 നമ്പരായി സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ;

&

(ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ശ്രുതി ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞത് സംബന്ധിച്ച് സമർപ്പിക്കപ്പെട്ട പരാതിയിന്മേൽ തൃശ്ശൂർ ജില്ലാ ക്രൈം ബ്രാഞ്ചിനെ അന്വേഷണത്തിന് ചുമതല പ്പെടുത്തിയിരുന്നു. തുടർന്ന് ഈ കേസിന്മേലുള്ള അന്വേഷണം സംസ്ഥാന ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ഡെപ്യൂട്ടി സൂപ്രണ്ട് 6-8-2020 തീയതി മുതൽ ടി കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തിവരുന്നതുമാണ്. ഈ കേസിലെ അന്വേഷണവുമായി ബന്ധപ്പെട്ട് മരണകാരണത്തിൽ വ്യക്തത വരുത്തുന്നതിനായി കൂടുതൽ വിദഗ്ദ്ധാഭിപ്രായം ലഭിക്കുന്നതിനുവേണ്ടി ന്യൂഡൽഹിയിലെ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ Medico Legal Panel-ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ മരണമടഞ്ഞ ശ്രുതി, ഭർത്താവ് അരുൺ എന്നിവരുടെ മൊബൈൽ ഫോണുകളുടെ ശാസ്ത്രീയ പരിശോധനാഫലം ലഭ്യമാകേണ്ടതായിട്ടുണ്ട്.

## പോലീസുദ്യോഗസ്ഥർ പ്രതികളായ കേസുകൾ

111 (123) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ ഒന്നിനുശേഷം പോലീസുദ്യോഗസ്ഥർ പ്രതികളായ എത്ര കേസുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

667 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയെന്നും എത്ര കേസുകളിൽ പോലീസുദ്യോഗസ്ഥരെ ശിക്ഷിച്ചുവെന്നും വിശദമാക്കാമോ?

522 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതും കുറ്റപത്രം സമർപ്പിച്ച കേസുകളിൽ 7 എണ്ണത്തിൽ പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുമുണ്ട്.

## സൈബർ കുറ്റകൃത്യങ്ങൾ

112 (124) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ നേരിടുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ?

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി ഏഷ്യയിൽ തന്നെ ആദ്യമായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് കേരള പോലീസ് സൈബർ ഡോം. സൈബർ ഡോമിൽ നിലവിൽ 500-ഓളം എത്തിക്കൽ ഹാക്കർമാരും രാജ്യത്തെ 30-ഓളം പ്രമുഖ ഐ.ടി. കമ്പനികളും 1500 സ്റ്റുഡന്റ്സ് വോളന്റിയർമാരും സൈബർ സെക്യൂരിറ്റിയിൽ സന്നദ്ധ സേവനത്തിലൂന്നി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇന്റർനാഷണൽ ഓർഗനൈസേഷൻസായ OWASP, ISACA, ISRA എന്നിവയും വിവിധ രാജ്യങ്ങളിലെ CERT-കളും C-DAC ഐ.ടി. മിഷൻ പോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുമായും സൈബർഡോം സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ മെച്ചപ്പെട്ട സൈബർ സുരക്ഷ ലഭ്യമാക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ടെക്നോപാർക്കിലെ സൈബർ ഡോമിന് പുറമേ, കൊച്ചിയിലും കോഴിക്കോടും സൈബർ ഡോമുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിലും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ?

കേരള പോലീസിന്റെ സൈബർ ഡോമിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ വഴിയുള്ള കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള സോഷ്യൽ മീഡിയ അനാലിസിസ് വിഭാഗവും സർക്കാർ/അർദ്ധസർക്കാർ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റുകളുടെ സുരക്ഷാ പരിശോധന നടത്തുന്ന vulnerability അസസ്മെന്റ് വിഭാഗവും മാൽവെയർ റാൻസം വെയർ എന്നിവയുടെ അനാലിസിസ് വിഭാഗവും പ്രവർത്തനം നടത്തിവരുന്നു. കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി സർക്കാർ/ അർദ്ധസർക്കാർ കോളേജുകൾ എന്നിവിടങ്ങളിലെ ടെക്നിക്കൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി സൈബർ സെക്യൂരിറ്റി വർക്ക്ഷോപ്പുകളും സെമിനാറുകളും വർഷം തോറും നടത്തി വരുന്നു. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കുട്ടികളെയും അദ്ധ്യാപകരെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് 'കിഡ് ഗ്ലോവ്' പോലുള്ള സൈബർ സുരക്ഷാ പദ്ധതികളും സൈബർ ഡോമിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തി വരുന്നു. കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ തടയുന്നതിനും

ചൈൽഡ് പോണോഗ്രാഫി തടയുന്നതിനുമായി 'ഓപ്പറേഷൻ പി ഹണ്ട്' എന്ന പേരിൽ സംസ്ഥാന വ്യാപകമായിട്ടുള്ള പരിശോധനകളും നടന്നുവരുന്നു. ഇതുകൂടാതെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സൈബർ സെക്യൂരിറ്റി എന്നിവയെക്കുറിച്ചുമുള്ള നൂതന വിവരങ്ങൾ പോലീസിലെ മറ്റ് സൈബർ വിഭാഗങ്ങൾക്ക് പകർന്ന് നൽകുന്ന തിനായി സൈബർ ഡോമിന്റെ നേതൃത്വത്തിൽ വർക്ക്ഷോപ്പുകളും സെമിനാറുകളും നടത്തിവരുന്നു. പൊതുജനങ്ങൾ സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കാനും ഇരയാകാതിരിക്കാനും ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തൊട്ടാകെയും സോഷ്യൽ മീഡിയ വഴിയും നടത്തിവരുന്നു.

## പോലീസിന് നൽകിയ പരാതിയിന്മേൽ എടുത്ത നടപടികൾ

113 (125) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ പോലീസിന് നൽകിയ പരാതികളിന്മേൽ എടുത്ത നടപടികൾ യഥാസമയം ജനങ്ങളെ അറിയിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പൊതുജനങ്ങൾ പോലീസിന് നൽകുന്ന പരാതികളുടെ നിജസ്ഥിതിയും സ്വീകരിച്ച നടപടികളും പരാതിക്കാർക്ക് നൽകുന്ന രസീത് നമ്പർ ഉപയോഗിച്ച് സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, തുണ ഓൺലൈൻ പോർട്ടൽ, KIOSK സംവിധാനം എന്നിവയിലൂടെ അറിയാൻ സാധിക്കുന്നതാണ്. കൂടാതെ ഇ-മെയിൽ വിലാസം നൽകുന്ന പരാതിക്കാർക്ക് ഇ-മെയിൽ വഴിയും പ്രസ്തുത വിവരങ്ങൾ അറിയിച്ചുവരുന്നു.

(ബി) നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഏതൊക്കെ പദ്ധതികളാണ് പൊതുജനങ്ങൾക്ക് പോലീസ് സഹായം ആവശ്യപ്പെടുന്നതിന് നിലവിലുള്ളത്; അവയുടെ അവബോധം ജനങ്ങളിൽ എത്തിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പൊതുജനങ്ങൾക്ക് സഹായം നൽകുന്നതിനായി തുണ, അപരാജിത ഓൺലൈൻ, നിർഭയ, ചിരി ഹെൽപ്പ് ഡസ്ക്, POL APP, ERSS Control Room, ശബരിമല തീർത്ഥാടകർക്കായി Virtual Queue ഓൺലൈൻ സേവനം മുതലായ നൂതന സൗകര്യങ്ങളും ഫാമിലി കൗൺസിലിംഗ് സെന്റർ, സീനിയർ സിറ്റിസൺ & വനിതാ ഹെൽപ്പ് ഡെസ്ക്, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് സെന്റർ, മൊബൈൽ ഫോറൻസിക് യൂണിറ്റ്, ജനമൈത്രി പദ്ധതി എന്നിവയിലൂടെ പൊതുജനത്തിന് പോലീസ് സേവനം കാര്യക്ഷമമായി ലഭ്യമാക്കുന്നരീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളും ഭിന്നശേഷി,

ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചുവരുന്നു. സോഷ്യൽ മീഡിയ വഴി ഇത്തരം സേവനങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസിന്റെ ഓൺലൈൻ സേവനങ്ങൾ വളരെ വേഗം ജനങ്ങളിലെത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

പോലീസിന്റെ ഓൺലൈൻ സേവനങ്ങളെ വളരെവേഗം ജനങ്ങളിൽ എത്തിക്കാനായി വ്യാപക പ്രചാരണ പരിപാടികൾ വിവിധ തരത്തിലുള്ള മാധ്യമങ്ങളിലൂടെ നടത്തിവരുന്നു. കൂടാതെ ഔദ്യോഗിക ഫെയ്സ്ബുക്ക് വഴിയും പോലീസ് മീഡിയാസെൽ വഴിയും പോലീസിന്റെ ഓൺലൈൻ സേവനങ്ങളെപ്പറ്റി ജനങ്ങളെ അറിയിച്ചുവരുന്നു.

## പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം

114(126) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ എത്ര പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മൂന്ന് പോലീസ് സ്റ്റേഷനുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

1. ആലത്തൂർ; 2. കോങ്ങാട്; 3. പുത്തൂർ.

(ബി) അതിൽ നിർമ്മാണം പൂർത്തീകരിച്ചത്, പുരോഗതിയിലിരിക്കുന്നത് എന്നിവയുടെ എണ്ണം, പേരുകൾ, താലൂക്ക്, പഞ്ചായത്ത് സഹിതം വിശദീകരിക്കാമോ?

വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | താലൂക്ക് | പഞ്ചായത്ത് | പണി പൂർത്തീകരിച്ചോ/ ഇല്ലയോ |
|---|---|---|---|---|
| 1 | ആലത്തൂർ | ആലത്തൂർ | ആലത്തൂർ | പൂർത്തീകരിച്ചു |
| 2 | കോങ്ങാട് | പാലക്കാട് | കോങ്ങാട് | പൂർത്തീകരിച്ചു |
| 3 | പുത്തൂർ | മണ്ണാർക്കാട് | പുത്തൂർ | പൂർത്തീകരിച്ചില്ല |

## വയനാട് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ

115 (127) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വയനാട് ജില്ലയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ എത്ര രൂപയുടെ എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ വന്നശേഷം ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിച്ചുവെന്നും ഇതിനായി എത്ര കോടി രൂപ അനുവദിച്ചുവെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പനമരം, വൈത്തിരി, തൊണ്ടർനാട് എന്നീ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കായി യഥാക്രമം 165.76, 118.94, 107.69 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്നും അതിൽ എവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ പണികഴിഞ്ഞുവെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പ്രളയത്തിൽ, വൈത്തിരി പോലീസ് സ്റ്റേഷൻ തകരുകയും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പനമരം പോലീസ് സ്റ്റേഷന് കേടുപാടുകൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. വൈത്തിരി, പനമരം എന്നീ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം പണിയുന്നതിനായി 1,03,39,800 രൂപയും 1,08,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## വളയം പോലീസ് സ്റ്റേഷൻ പുനർനിർമ്മാണം

116 (128) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിലായ നാദാപുരം മണ്ഡലത്തിലെ വളയം പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമാണത്തിന് സർക്കാറിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷന്റെ കെട്ടിടം പുതുക്കിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

&

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

(എ-സി) കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിലായ വളയം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ നിർമ്മാണം**

117 (129) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19-ൽ നിർമ്മാണമാരംഭിച്ചു. പ്രസ്തുത കെട്ടിട നിർമ്മാണത്തിന് അടങ്കൽ തുകയായി 107 ലക്ഷം രൂപ അംഗീകരിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അനുബന്ധ പ്രവർത്തികൾ നടന്നുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്തുതന്നെ കെട്ടിടം കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പുതിയ പോലീസ് സ്റ്റേഷൻ**

118 (130) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ വരുന്ന വെള്ളോറയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**താനൂർ പോലീസ് കൺട്രോൾ റൂം**

119 (131) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിന് അനുവദിച്ച പോലീസ് കൺട്രോൾ റൂം ഇതുവരെയും പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ.ഉ. (കൈ) നമ്പർ 103/2018/ആഭ്യന്തരം തീയതി 19-6-2018 പ്രകാരം താനൂർ, പയ്യന്നൂർ എന്നിവിടങ്ങളിൽ കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ താനൂർ കൺട്രോൾ റൂമിനാവശ്യമായ കെട്ടിടം ലഭ്യമാകാത്തതിനാൽ താനൂർ സി.ഐ. ഓഫീസ് കെട്ടിടം കൺട്രോൾ റൂമിനായി പരിഗണിച്ചുവെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി കാരണം ടി കെട്ടിടം കൺട്രോൾ റൂമിന് അനുയോജ്യമായില്ല. ഈ സാഹചര്യത്തിൽ, തിരൂരിൽ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതിനാൽ താനൂർ കൺട്രോൾ റൂമിനനുവദിച്ച അംഗബലം താൽക്കാലികമായി തിരൂർ കൺട്രോൾ റൂമിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയും അവിടെ പ്രവർത്തിച്ച് വരികയും ചെയ്യുന്നു.

(ബി) താനൂരിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2018-ൽ അനുവദിച്ച താനൂർ പോലീസ് കൺട്രോൾ റൂം അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

താനൂർ കൺട്രോൾ റൂം ഉടൻ തന്നെ പ്രവർത്തന സജ്ജമാക്കുന്നതാണ്.

## കുന്ദമംഗലം പോലീസ് സ്റ്റേഷൻ നിർമ്മാണം

120 (132) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് സിറ്റിയിൽ കുന്ദമംഗലം പോലീസ് സ്റ്റേഷൻ നിർമ്മാണം ബഹു. പി.ടി.എ. റഹീം എം.എൽ.എ.-യുടെ ഫണ്ടിൽ നിന്നും 1,48,00,000 രൂപ (ഒരു കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ) കെട്ടിട നിർമ്മാണത്തിനും 95,00,000 രൂപ (തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ) റോഡ് നിർമ്മാണത്തിനും അനുവദിച്ചത് ഉപയോഗിച്ചുകൊണ്ട് ടി പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഇന്റീരിയർ, ഫർണിച്ചർ തുടങ്ങിയവയ്ക്കായി എത്ര തുക ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിന് തുക അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഇന്റീരിയർ, ഫർണിച്ചർ തുടങ്ങിയവയ്ക്കായി സംസ്ഥാന പോലീസ് മേധാവി Basic Amenity Fund-ൽ നിന്നും 7,00,000 രൂപ (ഏഴ് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

## ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം

121 (133) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വർഷങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നമ്പർ 240/01-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി അനുയോജ്യമായി കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ഭൂമിയിൽനിന്നും 25 സെന്റ് ഭൂമി നൽകുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം മറ്റം സെന്റ് തോമസ് ഫെറോന പള്ളിയോട് ചേർന്നുള്ള വിദ്യാലയത്തിന്റെ കളിസ്ഥലമാണെന്ന് കാണിച്ച് പള്ളി അധികാരികൾ ബഹു.ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി.) 42459/2018, 77/2019 എന്നീ നമ്പരുകളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഷനുവേണ്ടി കണ്ടെത്തിയ ആളൂർ വില്ലേജിലെ സർവ്വേ നമ്പർ 240/1-ൽപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട ഡബ്ല്യു.പി.(സി.) 4259/2018, ഡബ്ല്യു.പി.(സി.) 77/2019 നമ്പർ കേസുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഡബ്ല്യു.പി.(സി.) 42459/2018, ഡബ്ല്യു.പി.(സി.) 77/2019 എന്നീ റിട്ടുകളിൽ ബഹു. കേരള ഹൈക്കോടതിയിൽ വാദം നടക്കുകയും ഇതിലെ എതിർകക്ഷികളായ സെന്റ് തോമസ് ഫെറോന പള്ളിയും റീഡേഴ്സ് ഫോറം, മറ്റം എന്നിവർ തമ്മിൽ ആളൂർ വില്ലേജിലെ സർവ്വേ നമ്പർ 240/01-ൽ പ്രസ്തുത ഭൂമിയെ സംബന്ധിച്ച് തൃശ്ശൂർ 1st Addditional Sub Court-ൽ ഒ.എസ്. 1300/2010 പ്രകാരം സിവിൽ കേസ് നിലവിലുള്ളതിനാൽ ആയത് തീർപ്പാക്കിയതിനുശേഷമേ പ്രസ്തുത റിട്ടുകൾ പരിഗണിക്കുകയുള്ളൂവെന്ന് ബഹു.ഹൈക്കോടതിയിൽ നിന്നും അറിവായിട്ടുണ്ട്.

## പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

122 (134) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) വളാഞ്ചേരി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായിട്ടുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

&

(സി) പുതിയ കെട്ടിടം നിർമ്മിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

123 (135) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി സമർപ്പിച്ചിരുന്ന നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

&

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ&ബി) മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ നമ്പർ 645/2-ൽ ഖാദി ബോർഡിന്റെ കൈവശമുള്ള സ്ഥലം പ്രസ്തുത ആവശ്യത്തിനായി പോലീസ് വകുപ്പിന് കൈമാറുന്നതിന് വ്യവസായ വകുപ്പ് മുഖേന ലഭിച്ച ശിപാർശയും സർവ്വേ നമ്പർ 593/8 A/06, 644/2-ൽ ഉൾപ്പെട്ട ബ്ലോക്ക് നമ്പർ 25-ൽപെട്ട സ്ഥലവും അതിലുള്ള കെട്ടിടവും വിലയ്ക്ക് വാങ്ങുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

124 (136) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരങ്കാവിൽ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് പന്തീരങ്കാവിൽ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ 25 സെന്റ് ഭൂമി പന്തീരങ്കാവ് വില്ലേജിൽ ലഭിച്ചിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ?

കെട്ടിട നിർമ്മാണത്തിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 197 ലക്ഷം രൂപ ചെലവഴിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

## പോലീസ് സ്റ്റേഷൻ നിർമ്മാണം

125 (137) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ, മാറനല്ലൂർ പോലീസ് സ്റ്റേഷനുകൾക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഭരണാനുമതി ലഭ്യമായത് എന്നാണെന്നും ഇതിനായുള്ള അടങ്കൽ തുക എത്രയാണെന്നും അറിയിക്കാമോ?

20-12-2014 സ.ഉ.(സാധാ) നമ്പർ 3392/2014/ആഭ്യന്തരം പ്രകാരം കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ, മാറനല്ലൂർ പോലീസ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷനുകൾക്കായുള്ള അടങ്കൽ തുക യഥാക്രമം 99.5 ലക്ഷം, 96.10 ലക്ഷം രൂപ വീതമാണ്. ഇവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും പൂർത്തീകരിച്ചത് എന്നാണെന്നും വിശദമാക്കാമോ?

മാറനല്ലൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം 27-7-2017-ൽ ആരംഭിച്ച് 5-10-2018-ൽ പൂർത്തീകരിച്ചു. വിളപ്പിൽശാല പോലീസ് സ്റ്റേഷൻ നിർമ്മാണം 27-7-2017-ൽ ആരംഭിച്ച് 15-7-2019-ൽ പൂർത്തീകരിച്ചു.

## കൊല്ലം റൂറൽ ജില്ലാ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

126 (138) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ ജില്ലാ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ?

26-9-2018-ലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കെട്ടിടത്തിന്റെ അകത്തെ പ്ലാസ്റ്ററിംഗ് വർക്ക് പൂർണ്ണമായി പൂർത്തീകരിച്ചു. പുറത്തെ പ്ലാസ്റ്ററിംഗ് വർക്ക് 50% പൂർത്തീകരിച്ചിട്ടുണ്ട്. ടെറസ് ഫ്ലോറിന്റെ മുകളിലുള്ള വാട്ടർ ടാങ്കിന്റെ ജോലികൾ പുരോഗമിക്കുന്നു. ഫിനിഷിംഗ് വർക്കുകൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(സി) നിർമ്മാണ പ്രവർത്തികൾ മന്ദഗതിയിലാണ് നടക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡിനെ തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിലാവുകയും നിലയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ത്വരിതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) നിർമ്മാണ പ്രവൃത്തികൾ ഊർജ്ജിതമാക്കുന്നതിനും നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതിനുംവേണ്ടി എന്തെല്ലാം സഹായ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾ ഊർജ്ജിതമാക്കാൻ കുടിശ്ശികയുണ്ടായിരുന്ന പാർട്ട് ബില്ലുകളെല്ലാം കരാറുകാരൻ നൽകുകയും വർക്ക് ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകുകയും ചെയ്തിട്ടുണ്ട്.

## പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

127(139) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. പ്ലാസ്റ്ററിംഗ് ജോലി നടന്നുവരുന്നു. 2021 ഏപ്രിൽ 30-നകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കുന്ദമംഗലം കോടതി കെട്ടിട നവീകരണം

128 (140) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് സമർപ്പിച്ച C5/190/2017-Home ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം വരാനിടയായ സാഹചര്യം വിശദമാക്കാമോ?

കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും കുന്ദമംഗലം പോലീസ് സ്റ്റേഷനും ഒരേ മേൽക്കൂരയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഈ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ വളരെ ബുദ്ധിമുട്ടാണെന്നും കോടതിയുടെ പ്രവർത്തനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുന്ദമംഗലത്ത് പുതിയ കോടതി കെട്ടിടം നിർമ്മിക്കണമെന്നും രജിസ്ട്രാർ ആവശ്യപ്പെട്ടു. നിർമാണത്തിനായി സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ കുന്ദമംഗലം പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിട ത്തിലേയ്ക്ക് മാറ്റുകയാണെങ്കിൽ കോടതി കെട്ടിടത്തിന്റെ നിർമ്മാണത്തിന് സ്വകാര്യ ഭൂമി ആവശ്യമില്ലെന്നും അതിനാൽ പോലീസ് സ്റ്റേഷൻ കോടതി പരിസരത്തുനിന്ന് മാറ്റിയശേഷം കുന്ദമംഗലത്ത് കോടതി സമുച്ചയം നവീകരിക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ചു. ഇതിൽ ഏതാനും കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ഹൈക്കോടതി രജിസ്ട്രാറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാർ പരിശോധിച്ചു വരികയാണ്.

## പോപ്പുലർ ഫിനാൻസ് തട്ടിപ്പ്

129 (141) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലടക്കം നിരവധി പേരുടെ പണം തട്ടിയെടുത്ത പോപ്പുലർ ഫിനാൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ എത്ര കേസുകളാണ് എടുത്തിട്ടുള്ളത്; പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; അറസ്റ്റ് ചെയ്തവർ ആരൊക്കെ; ഇവർക്ക് ജാമ്യം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) ആകെ എത്ര രൂപയുടെ പണത്തട്ടിപ്പാണ് നടത്തിയിട്ടുള്ളത്; സ്വാഭാവിക ജാമ്യം കിട്ടാതിരിക്കുന്നതിനായി ഈ കേസിൽ ഏതിനെങ്കിലും കുറ്റപത്രം കോടതിയിൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുറച്ച് കേസുകളുടെയെങ്കിലും കുറ്റപത്രം സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## കേന്ദ്ര അന്വേഷണ ഏജൻസികൾ

130 (142) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഏതെങ്കിലുമൊരു മന്ത്രിയെ കേന്ദ്ര അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യുകയുണ്ടായോ?

മൊഴി രേഖപ്പെടുത്തിയിരുന്നു.

(ബി) എങ്കിൽ പ്രസ്തുത മന്ത്രിയുടെ പേര്, അന്വേഷണ ഏജൻസിയുടെ പേര് എന്നിവ വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ. - അന്വേഷണ ഏജൻസിയുടെ പേര് ഇ.ഡി./ എൻ.ഐ.എ.

(സി) ഏതൊക്കെ കേസുകളോടനുബന്ധിച്ചാണ് മന്ത്രിയെ ചോദ്യം ചെയ്തത്; പ്രസ്തുത കേസുമായി ബന്ധപ്പെട്ട എന്തെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവരം ലഭ്യമല്ല.

## സ്വർണ്ണക്കടത്ത് സംബന്ധിച്ചുള്ള വിവരങ്ങൾ

131 (143) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2020 കാലയളവിൽ സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങൾ വഴിയും നടന്നിട്ടുള്ള സ്വർണ്ണക്കടത്ത് സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ; എങ്കിൽ ഓരോ വർഷത്തെയും കണക്കുകൾ പ്രത്യേകമായി നൽകാമോ?

ഇല്ല.

(ബി) സ്വർണ്ണക്കടത്ത് സംബന്ധിച്ച സംഭവങ്ങളിൽ കേസെടുക്കുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വെളിപ്പെടുത്താമോ?

വിമാനത്താവളങ്ങൾ വഴിയുള്ള സ്വർണക്കടത്തുകൾ അന്വേഷിക്കുന്നത് കേന്ദ്ര അന്വേഷണ ഏജൻസികളാണ്.

(സി) ഇക്കാലയളവിൽ നടന്നതായി പറയുന്ന സ്വർണ്ണക്കടത്ത് സംഭവങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും എത്രപേർക്കെതിരെ കേസെടുത്തതായും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ;

&

(ഡി) 2019-2020-ൽ മാത്രം സംസ്ഥാനത്തെ വിവിധ വിമാനത്താവളങ്ങൾ വഴി എത്ര തവണ സ്വർണ്ണക്കടത്ത് പിടിക്കപ്പെട്ടിട്ടുണ്ടെന്നും ആരെല്ലാമാണ് അതിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും എത്ര അളവിലുള്ള സ്വർണ്ണമാണ് പിടിക്കപ്പെട്ടതെന്നും അറിയിക്കാമോ?

(സി&ഡി) ഈ വിവരങ്ങൾ സംസ്ഥാന സർക്കാരിന്റെ പക്കൽ ലഭ്യമല്ല.

## കേന്ദ്ര അന്വേഷണ ഏജൻസികൾ

132(144) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കേന്ദ്ര അന്വേഷണ ഏജൻസികൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

&

(ബി) അന്വേഷണ ഏജൻസിയുടെ പേരും ഓരോ ഏജൻസിയും അന്വേഷിക്കുന്ന കേസും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഒരു ഏജൻസിയും ഒരു കേസുവിവരവും ഔദ്യോഗികമായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിവരങ്ങൾ ലഭ്യമല്ല.

## വാമനപുരം മണ്ഡലത്തിലെ ആഭ്യന്തര വകുപ്പ് പദ്ധതികൾ

133 (145) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പ് വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

വാമനപുരം നിയോജക മണ്ഡലത്തിൽ നെല്ലനാട് വില്ലേജിൽ വെഞ്ഞാറമൂട് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം കൈമാറുകയും അഗ്നിരക്ഷാ വാഹനങ്ങൾ/ ഉപകരണങ്ങൾ/ യൂണിഫോം ആർട്ടിക്കിൾസ് എന്നിവ വാങ്ങുകയും ചെയ്തു. പൊന്മുടി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം, പാലോട് പോലീസ് സ്റ്റേഷൻ ramp and disabled friendly toilet, rest room for senior citizen, വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ കൺട്രോൾ റൂം നിർമ്മാണം, rest room for senior citizen, ramp and disabled friendly toilet, പാങ്ങോട് പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവയ്ക്കും തുകകൾ അനുവദിച്ചു.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ?

വെഞ്ഞാറമൂട് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 2,60,00,000(രണ്ട് കോടി അറുപത് ലക്ഷം രൂപ മാത്രം) രൂപയും അഗ്നിരക്ഷാ വാഹനങ്ങൾ/ഉപകരണങ്ങൾ/യൂണിഫോം ആർട്ടിക്കിൾസ് എന്നിവ വാങ്ങുന്നതിനായി 62,64,034 (അറുപത്തി രണ്ട് ലക്ഷത്തി അറുപത്തി നാലായിരത്തി മുപ്പത്തി നാല് രൂപ മാത്രം) രൂപയും അനുവദിച്ചു. പൊന്മുടി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 140 ലക്ഷം രൂപയും പാലോട് പോലീസ് സ്റ്റേഷൻ ramp and disabled friendly toilet-ന് 4,00,000 രൂപയും പാലോട് പോലീസ് സ്റ്റേഷൻ rest room for citizen-ന് 4,00,000 രൂപയും വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ കൺട്രോൾ റൂം നിർമ്മാണത്തിന് 75,00,000 രൂപയും rest room for senior citizen-ന് 4,00,000 രൂപയും ramp and disabled friendly toilet-നു 4,00,000 രൂപയും പാങ്ങോട് പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 6,20,000 രൂപയും അനുവദിക്കുകയും അതിൽ നിന്നും 2,50,000 രൂപ ചെലവാക്കി പൊതുജനങ്ങൾക്കായി രണ്ട് ശൗചാലയങ്ങൾ നിർമ്മിക്കുകയും ബാക്കി തുക പോലീസ് സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തു.

(സി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ?

ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വെഞ്ഞാറമൂട് അഗ്നിരക്ഷാനിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. പൊന്മുടി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. പാലോട് പോലീസ്

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്റ്റേഷൻ ramp and disabled friendly toilet, പാലോട് പോലീസ് സ്റ്റേഷൻ rest room for citizen, വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ rest room for senior citizen, ramp and disabled friendly toilet എന്നിവയുടെ നിർമ്മാണം പൂർത്തിയായി. വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ കൺട്രോൾ റൂം കെട്ടിടത്തിന്റെ പ്ലാസ്റ്ററിങ് ജോലി ദ്രുതഗതിയിൽ നടന്നുവരുന്നു.

### സ്വർണ്ണ കള്ളക്കടത്ത് കേസ്

134 (146) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ കള്ളക്കടത്ത് അന്വേഷിക്കുന്ന ഏതെല്ലാം കേന്ദ്ര ഏജൻസികളാണ് പ്രതികൾ ഗവ. സെക്രട്ടേറിയറ്റിൽ എത്തിയോ എന്ന് പരിശോധിക്കുന്നതിന് സി.സി.ടി.വി. ദൃശ്യങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്?

നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി സി.സി.ടി.വി. ദൃശ്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ദൃശ്യങ്ങൾ നൽകുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ;

&

(സി) ഇവ എന്നത്തേയ്ക്ക് നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(ബി&സി) ആവശ്യമുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ പകർത്തിക്കൊണ്ട് പോകാവുന്നതാണെന്ന് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയെ അറിയിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ 28-12-2020 മുതൽ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഉദ്യോഗസ്ഥർ ദൃശ്യങ്ങൾ പകർത്തി തുടങ്ങിയിട്ടുണ്ട്.

### സോളാർ കേസ്

135 (147) ശ്രീ കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഒരു മന്ത്രി ലൈംഗികമായി പീഡിപ്പിച്ചിട്ടുണ്ടെന്ന് സോളാർ കേസിലെ പ്രതി പോലീസിന് മൊഴി നൽകിയതായ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 142/CB/CU-II/EKM/19 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ക്രൈംബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സിൽ രജിസ്റ്റർ ചെയ്തതായി പറയപ്പെടുന്ന കേസിലെ മൊഴിയിൽ അവർ എവിടെയെല്ലാം വച്ചാണ് പ്രസ്തുത മന്ത്രിയുടെ പീഡനത്തിന് ഇരയായതെന്ന് വെളിപ്പെടുത്തിയിട്ടുണ്ടോ?

എറണാകുളം ലേ മെർഡിയൻ ഹോട്ടലിൽ വെച്ച് പീഡനത്തിനിരയായെന്ന് വെളിപ്പെടുത്തിയിരുന്നു.

(സി) സോളാർ കേസ് അന്വേഷിച്ച ജസ്റ്റിസ് ജി. ശിവരാജൻ കമ്മിഷൻ റിപ്പോർട്ടിലും ടി പ്രതിയെ സർക്കാർ അതിഥി മന്ദിരങ്ങളിലും ഒദ്യോഗിക വസതി കളിലുംവെച്ച് പലതവണ പീഡിപ്പിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. സോളാർ കേസ് അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റും നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതും നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ റിപ്പോർട്ട് പ്രസിദ്ധീക രിച്ചിട്ടുള്ളതുമാണ്.

**കേസന്വേഷണം**

136 (148) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ഏതൊക്കെ മന്ത്രിമാർക്കെതിരെയാണ് കേസെടുത്ത് അന്വേഷണം നടത്തിവരുന്നത്;

&

(ബി) കേസിനാധാരമായ വിഷയങ്ങൾ എന്തൊക്കെയാണെന്നും അന്വേഷണ പുരോഗതി എവിടെവരെയായെന്നും വിശദമാക്കാമോ?

(എ&ബി) കേസെടുത്ത് അന്വേഷണം നടന്നുവരുന്ന വിജിലൻസ് കേസുകളും വിശദാംശങ്ങളും അനുബന്ധം 1* ആയും പോലീസ് കേസുകളും വിശദ വിവരങ്ങളും അനുബന്ധം 2 ആയും ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വർക്കല മണ്ഡലത്തിലെ വികസനപ്രവർത്തനം

137 (149) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളും സേവന പ്രവർത്തനങ്ങളും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4,43,260 രൂപ ചെലവഴിച്ച് വർക്കല ഫയർ & റസ്ക്യൂ സ്റ്റേഷനാവശ്യമായ വാഹനങ്ങൾ, അഗ്നി സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി. വർക്കലയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം വർക്കല പോലീസ് സ്റ്റേഷനുവേണ്ടി നിർമ്മിച്ചു. കൂടാതെ കല്ലമ്പലം പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കായി മൂന്ന് ശൗചാലയം നിർമ്മിച്ചിട്ടുള്ളതും വർക്കല പോലീസ് സ്റ്റേഷനിൽ വനിതകൾക്കായി ഒരു റസ്റ്റ് റൂമും കൂടാതെ ramp and disabled friendly toilet-ഉം നിർമ്മിച്ചിട്ടുണ്ട്.

## ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലെ അന്വേഷണം

138 (151) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് 4 കോടിയിൽപ്പരം രൂപ സ്വർണ്ണക്കടത്ത് കേസ്സിലെ പ്രതികൾ കോഴയായി കൈപ്പറ്റി എന്ന ആരോപണത്തിൽ സർക്കാരിന്റെ ഏതെല്ലാം ഏജൻസികളാണ് അന്വേഷണം നടത്തിവരുന്നത്;

&

(ബി) നിലവിൽ അന്വേഷണം ഏതുഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, തിരുവനന്തപുരം വി.സി. 2/2020/SIU-1 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## കെ.എസ്.എഫ്.ഇ. ശാഖകളിലെ പരിശോധന

139 (153) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ശാഖകളിൽ സംസ്ഥാന വിജിലൻസ് സംഘം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശാഖകളിലാണ് പരിശോധന നടത്തിയതെന്ന് അറിയിക്കുമോ?

40 കെ.എസ്.എഫ്.ഇ ശാഖകളിൽ 27-11-2020-ന് സംസ്ഥാന വിജിലൻസ് സംഘം മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഏതെങ്കിലും പരാതിയുടെ വെളിച്ചത്തിലാണോ പ്രസ്തുത ശാഖകളിൽ പരിശോധന നടത്തിയത്; ഇക്കാര്യത്തിൽ തീരുമാനം എടുത്തത് ആരാണ്; വ്യക്തമാക്കുമോ?

വിജിലൻസ് ഡയറക്ടർക്ക് ലഭിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മിന്നൽ പരിശോധന നടത്തിയത്. ഇത്തരം മിന്നൽ പരിശോധനകൾക്ക് അനുവാദം നൽകുന്നതിന് വിജിലൻസ് ഡയറക്ടറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചാണ് പരിശോധന നടത്താൻ അനുവാദം നൽകിയിട്ടുള്ളത്.

(സി) കെ.എസ്.എഫ്.ഇ. പോലുള്ള ധനകാര്യ സ്ഥാപനത്തിൽ ഇങ്ങനെ കൂട്ടത്തോടെ റെയിഡ് നടത്തുന്നത് സ്ഥാപനത്തിന്റെ വിശ്വാസ്യത തകർക്കുന്നതിനും ഇടപാടുകാരെ സംശയത്തിന്റെ നിഴലിലാക്കുന്നതിനും ഇടയാക്കില്ലേയെന്ന് വെളിപ്പെടുത്താമോ?

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് ആയതിന്മേൽ തുടർ നടപടികൾ സർക്കാർതലത്തിലും പരിശോധിക്കുന്നുണ്ട്. ഇതുമൂലം സ്ഥാപനങ്ങളുടെ വിശ്വസ്തതയും സാമ്പത്തിക ഭദ്രതയും കോട്ടം കൂടാതെ നിലനിൽക്കുകയും വർദ്ധിക്കുകയും ചെയ്യുന്നതാണ്.

(ഡി) ഇത്തരം റെയിഡുകൾ നടത്തുമ്പോൾ എവിടെയൊക്കെയാണ് പരിശോധന നടത്തുന്നതെന്ന കാര്യം കെ.എസ്.എഫ്.ഇ. മാനേജ്മെന്റിനെ മുൻകൂട്ടി അറിയിക്കണമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ ആവശ്യം പരിഗണിക്കുമോ?

മുൻകൂട്ടി അറിയിച്ചുകൊണ്ട് മിന്നൽ പരിശോധന നടത്തുന്നത് ഇത്തരം പരിശോധനകളുടെ ഉദ്ദേശ്യവും ഫലപ്രാപ്തിയും ഇല്ലാതാക്കുന്നതാണ്.

## ബാർകോഴ കേസിൽ അട്ടിമറി

140 (154) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസിൽ മുൻ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ നടന്ന അന്വേഷണം അവസാനിപ്പിച്ചത് മുഖ്യമന്ത്രിയുടെ ഇടപെടലിനെ തുടർന്നാണെന്ന് ബാറുടമ ശ്രീ. ബിജു രമേശ് ഒരു പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാർകോഴ കേസ് അട്ടിമറിക്കാൻ ഇടപെട്ട മുഖ്യമന്ത്രിക്കെതിരെ കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് അഭിഭാഷകനായ ശ്രീ. പി. ജി. മോഹൻദാസ് ആഭ്യന്തര സെക്രട്ടറിക്ക് നൽകിയ പരാതി ലഭിച്ചിട്ടുണ്ടോ;

&

(സി) എങ്കിൽ പ്രസ്തുത പരാതിയിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാം?

(ബി&സി) പരാതി ലഭിച്ചിട്ടില്ല.

## ക്രിമിനൽ കോടതിയിൽ ബഞ്ച് അസിസ്റ്റന്റ്

141 (155) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ക്രിമിനൽ ജുഡീഷ്യറി വകുപ്പിൽ അക്കൗണ്ടന്റ് തസ്തിക ഉണ്ടോയെന്നറിയിക്കാമോ; പ്രസ്തുത തസ്തിക കോടതികളിലെ ബെഞ്ച് ക്ലാർക്കിന്റെ പ്രൊമോഷൻ തസ്തികയായിട്ടാണോ നടത്തിവരുന്നത്; വിശദമാക്കുമോ?

ഉണ്ട്. 21-07-2017-ലെ സ.ഉ.(കൈയെഴുത്ത്) നമ്പർ 160/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ക്രിമിനൽ കോടതികളിൽ 15 അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. സീനിയർ ക്ലർക്ക്/ബഞ്ച് ക്ലർക്ക് ഗ്രേഡ് III, കന്നട ട്രാൻസ്ലേറ്റർ എന്നീ തസ്തികകളിൽനിന്നും ഓരോ യൂണിറ്റിലേയും പൊതുവായ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് നിയമനം നൽകിവരുന്നു.

(ബി) ഇത്തരത്തിൽ ഓഫീസ് അറ്റൻഡന്റുമാർക്ക് പ്രൊമോഷൻ നൽകി ബെഞ്ച് അസിസ്റ്റന്റ് എന്ന തസ്തിക രൂപീകരിച്ച് പ്രൊമോഷൻ നടത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

&

(സി) ക്രിമിനൽ കോടതിയിൽ ബെഞ്ച് അസിസ്റ്റന്റ് തസ്തിക രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകളുടെ പ്രവർത്തനം**

142 (156) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂണിനുശേഷം സംസ്ഥാനത്ത് എത്ര ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകളെയാണ് നിയമിച്ചത്; വിശദാംശം നൽകുമോ:

&

(ബി) ഇതിൽ എത്ര കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചുവെന്ന് അറിയിക്കുമോ ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ഗൗരവമായി പരിഗണിക്കുകയോ അവ നടപ്പിലാക്കുകയോ ചെയ്യുന്നില്ലെന്ന ആക്ഷേപം പരിശോധിക്കുമോ?

അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള ഹൈക്കോടതിയിൽ മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിൽ ഉണ്ടായ പ്രശ്നം അന്വേഷിക്കുന്നതിന് നിയുക്തമായ ജസ്റ്റിസ് മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മീഷന്റെ കാലാവധി എത്ര തവണ നീട്ടി നൽകി?

ജസ്റ്റിസ് പി. എ. മുഹമ്മദ് അന്വേഷണ കമ്മീഷൻ 30-6-2020-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2016 നവംബർ 8-ാം തീയതിയിൽ രൂപീകരിച്ച കമ്മീഷന്റെ കാലാവധി നാൽപത്തി മൂന്ന് മാസവും പതിനെട്ട് ദിവസവും വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിന് ഇതിനകം എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ?

കമ്മീഷനുവേണ്ടി ആകെ 2,77,44,814 രൂപ ചെലവഴിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒറ്റപ്പാലത്തെ കോർട്ട് കോംപ്ളക്സ് നിർമ്മാണം

143(157) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് എന്നാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ കാലികസ്ഥിതി വിശദമാക്കാമോ;

&

(സി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഒറ്റപ്പാലം-2 വില്ലേജിലെ 45 സെന്റ് സ്ഥലത്തിന്റെ കൈവശാവകാശം നീതിന്യായ വകുപ്പിന് കൈമാറിക്കൊണ്ട് 30-12-2019-ലെ സ.ഉ. (കൈ) 389/2019/റവ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പുതിയതായി ആരംഭിച്ച കോടതികൾ

144 (158) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് പുതിയതായി എത്ര കോടതികൾ അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

&

(ബി) ഇതിൽ എത്ര കോടതികൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് പുതിയതായി 67 കോടതികൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 64 കോടതികൾ പ്രവർത്തനം ആരംഭിച്ചു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) കോടതികൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എത്ര തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്ത് അനുവദിച്ച 67 കോടതികളിലായി മാത്രം പുതിയ 642 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമേ സബോർഡിനേറ്റ് ജുഡീഷ്യറിയിൽ ആകെ 937 തസ്തികകളും ഹൈക്കോടതിയിൽ 383 തസ്തികകളും അധികമായി അനുവദിച്ചിട്ടുണ്ട്.

## സി.ബി.ഐ. അന്വേഷണം

145 (159) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.ഐ. അന്വേഷണം സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ നടത്താവൂ എന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ?

Delhi Special Police Establishment Act, 1946-ലെ സെക്ഷൻ 6 പ്രകാരമുള്ള അധികാരം വിനിയോഗിച്ച് വിജ്ഞാപനങ്ങളിലൂടെ സി.ബി.ഐ.-യ്ക്ക് നൽകിയിട്ടുള്ള പൊതു അനുമതി പിൻവലിച്ചുകൊണ്ട് 4-11-2020-ലെ സ.ഉ.(കൈ) നമ്പർ 209/2020/ആഭ്യന്തരം ഉത്തരവ് എസ്.ആർ.ഒ നമ്പർ 777/2020 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സി.ബി.ഐ. അന്വേഷണത്തിന് നേരത്തെ നൽകിയിരുന്ന പൊതു അനുമതി സർക്കാർ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ് വിശദമാക്കുമോ?

അടുത്തകാലത്ത് പ്രഥമദൃഷ്ട്യാ നിലനിൽക്കാത്ത കേസുകളിൽ ലൈഫ് മിഷനെ വലിച്ചിഴയ്ക്കാനുള്ള ശ്രമങ്ങൾ സി.ബി.ഐ.-യുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. എന്നാൽ, അന്താരാഷ്ട്ര മാനങ്ങളുള്ള ടൈറ്റാനിയം അഴിമതി കേസും വർഗ്ഗീയ സ്വഭാവമുള്ള മാറാട് കലാപത്തിന്റെ അന്വേഷണവും സർക്കാർ ആവശ്യപ്പെട്ടിട്ടും സി.ബി.ഐ. ഏറ്റെടുക്കാൻ വിസമ്മതിച്ചിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ടിട്ടും പോപ്പുലർ നിക്ഷേപത്തട്ടിപ്പ് കേസും സി.ബി.ഐ. ഇതുവരെ ഏറ്റെടുത്തിട്ടില്ല. കേസുകൾ അന്വേഷിക്കാനായി സി.ബി.ഐ.-യ്ക്ക് നൽകിയിട്ടുള്ള പൊതു അനുമതി ഛത്തീസ്ഗഢ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾ പിൻവലിച്ചിട്ടുണ്ട്. ഈ സാഹചര്യങ്ങൾ വിലയിരുത്തിയാണ് പൊതു ഉത്തരവ് പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചത്.

## ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ സിംഗിൾ സ്കീം നിയമനം

146 (161) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ സിംഗിൾ സ്കീം നിയമനം നടപ്പാക്കാൻ തീരുമാനം ഉണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) സിവിൽ ഡിഫൻസ്, കമ്മ്യൂണിറ്റി റസ്ക്യൂ വാളണ്ടിയർ എന്നീ വിഭാഗങ്ങൾ അവരുടെ ട്രെയിനിംഗ് കഴിയുന്നതോടുകൂടി ഒരു ഫയർമാന്റേതിന് തുല്യമായ യോഗ്യത നേടും. എന്നാൽ അതനുസരിച്ച് ഫയർമാൻ ജീവനക്കാർ, സർവ്വീസിലെ എല്ലാ ടെക്നിക്കൽ ഉപകരണങ്ങളും അതുപോലെ ടെക്നിക്കൽ വാഹനമായ ഫയർ എഞ്ചിൻ അടക്കമുള്ള വാഹനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്ന വിധത്തിൽ സിംഗിൾ സ്കീം തസ്തിക ആക്കാൻ സർക്കാർ തയ്യാറാകുമോ?

(എ&ബി) വകുപ്പിലെ അടിസ്ഥാന വിഭാഗക്കാരായ ഫയർ & റെസ്ക്യൂ ഓഫീസർ, ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികകൾ ഏകീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

(സി) ട്രെയിനിംഗ് കാലത്ത് ലൈറ്റ് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ച ഫയർമാൻ ജീവനക്കാർക്ക് ഹെവി ഡ്രൈവിംഗ് ലൈസൻസ് എടുത്ത് നൽകി ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ ആയി ഉയർത്തി തസ്തിക ഏകീകരിച്ചശേഷം ജീവനക്കാരെ ക്രമീകരിച്ചാൽ പുതിയ തസ്തിക സൃഷ്ടിക്കാതെ 30-ഓളം പുതിയ സ്റ്റേഷൻ തുറക്കാൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുമോ?

നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഫയർ & റെസ്ക്യൂ ഓഫീസർ തസ്തികയിലുള്ളവരിൽ ഹെവി ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക് തസ്തികമാറ്റം വഴി ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയിലേയ്ക്ക് നിയമനം നൽകാവുന്നതാണ്.

(ഡി) ഫയർമാൻ ഡ്രൈവർ തസ്തിക കുറവായതിനാൽ പലപ്പോഴും രക്ഷാ പ്രവർത്തനത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫയർഫോഴ്സിൽ രക്ഷാപ്രവർത്തനം എന്നത് ഒരു കൂട്ടായ പ്രവൃത്തിയാണ്. അതിൽ പ്രത്യേക തസ്തിക എന്ന രീതിയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നത് ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിന് അഗ്നിരക്ഷാ സേനയിൽ സിംഗിൾ സ്കീം നിയമനം നടപ്പാക്കുന്നത് പരിഗണിക്കുമോ?

വകുപ്പ് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സിംഗിൾ സ്കീം നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

(എഫ്) കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ മിഠായിത്തെരുവ്, ഏലത്തൂർ, ഹൈലൈറ്റ് മാൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ മെഡിക്കൽ കോളേജ്, എലത്തൂർ, പാലാഴി ഹൈലറ്റ്മാൾ, മിഠായിത്തെരുവ് എന്നീ കേന്ദ്രങ്ങളിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്.

**ചാലക്കുടിയിലെ ഫയർഫോഴ്സ് കെട്ടിട നിർമ്മാണം**

147 (162) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മെക്കാനിക്കൽ വർക്ക്ഷോപ്പ് കോമ്പൗണ്ടിൽ പി.ഡബ്ല്യു.ഡി. പുറമ്പോക്കായി കണക്കാക്കിയിട്ടുള്ള വസ്തുവിൽനിന്നും ഫയർഫോഴ്സിന് കെട്ടിടം പണിയുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 724-ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 22 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിന് കൈമാറ്റ അപേക്ഷ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി ടി വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആയതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ച് ഫയർഫോഴ്സിന് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഭൂമി അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 724-ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 22 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിന് കൈമാറ്റ അപേക്ഷ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി ടി വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി ഫയർ സ്റ്റേഷനിൽ ഉണ്ടായ വികസന നേട്ടങ്ങൾ**

148 (163) <u>ശ്രീ. കെ ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്ഥാപിതമായ കൊയിലാണ്ടി ഫയർ സ്റ്റേഷനിൽ പിന്നീടുണ്ടായ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കൊയിലാണ്ടി നഗരസഭയുടെ കൈവശമുള്ള 28.89 സെന്റ് സ്ഥലം വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് കത്ത് നൽകിയിരിക്കുകയാണ്. അഗ്നിരക്ഷാ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന ഉപകരണങ്ങൾ, യൂണിഫോം ആർട്ടിക്കിൾസ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| മിനി വാട്ടർമിസ്റ്റ് ടെണ്ടർ | - | 1 |
| ആംബുലൻസ് | - | 1 |
| റബ്ബർ ഡിങ്കി വിത്ത് ഒബി എഞ്ചിൻ | - | 1 |
| ഡിമോളിഷിംഗ് ഹാമർ | - | 1 |
| ഡെലിവറി ഹോസ് റബ്ബർ ലൈൻഡ് | - | 15 |
| ബി.എ. സെറ്റ് | - | 4 |
| ഹൈഡ്രോളിക് റെസ്ക്യൂ ടൂൾ | - | 1 |
| ഡെലിവറിഹോസ് സിന്തറ്റിക് | - | 8 |
| ചെയിൻസാ | - | 3 |
| മൾട്ടി ഫംഗ്ഷണൽ പ്രിന്റർ | - | 1 |
| കമ്പ്യൂട്ടർ സിസ്റ്റം | - | 1 |
| യു.പി.എസ്. | - | 1 |
| കിറ്റ്ബോക്സ് | - | 20 |
| ഗംബൂട്ട് | - | 20 |
| ഹെൽമറ്റ് വിത്ത് വൈസർ | - | 20 |
| ഫയർ ഫൈറ്റിംഗ് സ്യൂട്ട് | - | 20 |

(ബി) ഈ ഫയർ സ്റ്റേഷനിലെ ആകെ ജീവനക്കാരുടെ എണ്ണം തസ്തിക സഹിതം വ്യക്തമാക്കാമോ?

| | |
|---|---|
| സ്റ്റേഷൻ ഓഫീസർ | 1 |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 |
| സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ | 2 |
| ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) | 4 |
| ഫയർ & റെസ്ക്യൂ ഓഫീസർ (മെക്കാനിക്) | 1 |

| | |
|---|---|
| ഫയർ & റെസ്ക്യൂ ഓഫീസർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ക്ലാർക്ക് | 1 |
| ആകെ | 12 |

## പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ

149 (164) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ ഫയർ ആൻഡ് റസ്ക്യൂ സേവനങ്ങൾക്കായി ഷൊർണ്ണൂർ സബ് സ്റ്റേഷനെ ആശ്രയിക്കേണ്ടിവരുന്നത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ പട്ടാമ്പി കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ തുടങ്ങാൻ 5-5-2018-ലെ സർക്കാർ ഉത്തരവ് (സാധാ) 1300/18/ആഭ്യന്തരം പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. സ്റ്റേഷൻ നിർമ്മാണത്തിനായി കൊപ്പം ഗ്രാമ പഞ്ചായത്തിലെ ആമയൂർ എന്ന സ്ഥലത്ത് റീസർവ്വേ നമ്പർ.280/2-ൽ ഉൾപ്പെട്ട വ്യവസായ വകുപ്പിന്റെ സ്ഥലം കൈമാറി ലഭിക്കുന്നതിനുള്ള നടപടി പാലക്കാട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(സി) അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് എത്രയും വേഗം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്ഥലത്തിന്റെ ലഭ്യത, ഫണ്ടിന്റെ ലഭ്യത, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കാലടി ഫയർ സ്റ്റേഷൻ

150 (165) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഏങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

നൽകിയിട്ടില്ല.

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി വിട്ടു നൽകാൻ സന്നദ്ധത അറിയിച്ചുള്ള കത്ത് കാലടി സംസ്കൃത സർവ്വകലാശാല സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കാലടിയിൽ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ 30 സെന്റ് സ്ഥലം ഫയർ & റെസ്ക്യു വകുപ്പിന് വിട്ടുനൽകാൻ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സമ്മതമറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പുതുതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനുകൾ സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരുന്നു. ആയതിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

151 (166) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസനപദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

വാമനപുരം നിയോജക മണ്ഡലത്തിൽ വെഞ്ഞാറമൂട് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ സർവ്വേ നമ്പർ 100/17/1-ലെ 50 സെന്റ് സ്ഥലം വകുപ്പിന് കൈമാറിക്കിട്ടിയിട്ടുണ്ട്.

ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് 2,60,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വെഞ്ഞാറമൂട് ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ അനുവദിച്ച വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഡിമോളിഷിംഗ് ഹാമർ | - | 1 |
| മൾട്ടി ഫങ്ഷൻ പ്രിന്റർ | - | 1 |
| ഡെലിവറി ഹോസ്(റബ്ബർ ലൈൻഡ്) | - | 10 |
| ബി.എ. സെറ്റ് | - | 2 |
| കമ്പ്യൂട്ടർ | - | 1 |
| ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് | - | 1 |
| യു.പി.എസ്. | - | 1 |
| ഹൈഡ്രോളിക് റെസ്ക്യൂ ടൂൾ | - | 1 |
| ഡെലിവറി ഹോസ് - സിന്തറ്റിക് | - | 8 |
| ബി.എ. സെറ്റ് | - | 1 |
| ചെയിൻ സാ | - | 2 |
| മിനി വാട്ടർ മിസ്റ്റ് ടെണ്ടർ (TATA XENON) | - | 1 |
| ഗംബൂട്ട് | - | 17 |
| ഹെൽമറ്റ് വിത്ത് വൈസർ | - | 17 |

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

&

(സി) ഓരോ പദ്ധതിയുമായും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ?

കെട്ടിട നിർമ്മാണത്തിനുവേണ്ടി മാത്രമേ പ്രത്യേകമായി ഉത്തരവ് നൽകുകയുള്ളൂ. ആയതിലേയ്ക്കായി 2,60,00,000 രൂപ 16-10-2019-ലെ സ.ഉ.(സാധാ) നമ്പർ 2819/2019/ ആഭ്യന്തരം പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* വാഹനങ്ങളും ഉപകരണങ്ങളും വകുപ്പിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയശേഷം വിവിധ നിലയങ്ങളുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പ് മേധാവി വിതരണം ചെയ്യുകയാണ് ചെയ്തുവരുന്നത്. ആയതിനായി പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കാറില്ല. 62,64,034 രൂപയുടെ വാഹനങ്ങൾ/ ഉപകരണങ്ങൾ, യൂണിഫോം ആർട്ടിക്കിൾ എന്നിവ വാമനപുരം നിലയത്തിന് അനുവദിച്ചിട്ടുണ്ട്.

(ഡി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ഭരണാനുമതി നൽകിയ തുകയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ**

152(167) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ജനസാന്ദ്രതയും വ്യാവസായിക മുന്നേറ്റങ്ങളും പരിഗണിച്ച് തേഞ്ഞിപ്പാലം കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ തേഞ്ഞിപ്പാലം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ ഭൂമിയുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽ നിലനിർത്തിക്കൊണ്ട് 50 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല അധികൃതർ കരട് ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ തേഞ്ഞിപ്പാലം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ ഭൂമിയുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽ നിലനിർത്തിക്കൊണ്ട് 50 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല അധികൃതർ കരട് ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ട്.

(സി) ഫയർ സ്റ്റേഷൻ ആരംഭിക്കാൻ കാലിക്കറ്റ് സർവ്വകലാശാല സ്ഥലം അനുവദിച്ചത് സംബന്ധിച്ച ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

**തൊണ്ടർനാട് ഫയർസ്റ്റേഷൻ**

153 (168) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ മാനന്തവാടി മണ്ഡലത്തിലെ തൊണ്ടർനാട് പഞ്ചായത്തിൽ അനുവദിച്ച ഫയർസ്റ്റേഷന്റെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനുകൾ സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ആയതിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

154(169) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന്റെ എഫ് 2/5/2020-ാം നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മഞ്ചേരി ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വകുപ്പ് മേധാവി ലഭ്യമാക്കിയ 3 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും ഉൾപ്പെടുന്ന എഫ്2/5/2020/ആഭ്യന്തരം നമ്പർ ഫയൽ ഭരണാനുമതി നൽകുന്നകാര്യം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) മുൻ സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വകുപ്പിന്റെ അക്കൗണ്ട് ശീർഷകത്തിൽ തുക വകയിരുത്തിയിട്ടും ഭരണാനുമതിക്കായി ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II ൽ *(ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) വാല്യം II-ൽ മഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഉയർന്ന തുകയായ 3 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി ലഭ്യമാക്കിയിരുന്നത്. എസ്റ്റിമേറ്റ് തുക ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും അധികരിച്ച തുകയായതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടി മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നിലവിൽ പ്രസ്തുത ഫയലിന്മേൽ ധനകാര്യ വകുപ്പ് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ധനകാര്യ വകുപ്പിന് ഫയൽ കൈമാറിയ തീയതി അറിയിക്കുമോ?

ലഭ്യമാക്കിയിട്ടില്ല. 6-10-2020-ന്.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭരണാനുമതിയുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## മണലൂർ മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ

155(170) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷനുകളൊന്നും നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് മുൻഗണനാ പട്ടിക സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) മണലൂർ മണ്ഡലത്തിൽ പുതിയതായി ഒരു ഫയർ & റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

പുതുതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനുകൾ സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ആയതിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം

156 (171) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവും സ്റ്റേഷൻ തുടങ്ങാനുള്ള അനുവാദവും സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷനുവേണ്ടി തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിലെ റീസർവ്വേ നമ്പർ 34/4 ൽപ്പെട്ട 42 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. സ്റ്റേഷൻ കെട്ടിട നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സംബന്ധിച്ച് ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

(ബി&സി) വളാഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## പുതുപ്പാടി ഫയർ സ്റ്റേഷൻ നിർമ്മാണം

157(172) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഈ ആവശ്യത്തിന്റെ നിലവിലുള്ള അവസ്ഥ വ്യക്താക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) പുതുതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനുകൾ സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ആയതിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പരോളിൽ ഉണ്ടായിരുന്ന തടവുകാർ

158(174) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ തടവുകാരായി ഉണ്ടായിരുന്ന എത്രപേർ 2019 ജനുവരി ഒന്ന് മുതൽ 2019 ഫെബ്രുവരി ഇരുപതുവരെ പരോളിൽ ഉണ്ടായിരുന്നു; ജയിൽ തിരിച്ചുള്ള കണക്ക് നൽകുമോ?

സംസ്ഥാനത്ത് 3 സെൻട്രൽ ജയിലുകളിൽനിന്നുള്ള 248 തടവുകാരെ 2019 ജനുവരി ഒന്ന് മുതൽ 2019 ഫെബ്രുവരി ഇരുപത് വരെയുള്ള കാലയളവിൽ പരോളിൽ വിട്ടുതൽ ചെയ്തിട്ടുണ്ട്. സെൻട്രൽ ജയിൽ, തിരുവനന്തപുരം -104 സെൻട്രൽ ജയിൽ, കണ്ണൂർ -93 സെൻട്രൽ ജയിൽ, വിയ്യൂർ -51

(ബി) ഇത്തരത്തിൽ ഈ കാലയളവിൽ പരോളിൽ ഉണ്ടായിരുന്നവർ ആരെല്ലാമെന്നും ഏത് ജില്ലയിൽനിന്നും എത്രകാലത്തേയ്ക്കാണ് പരോൾ അനുവദിച്ചതെന്നും വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ചീമേനി ജയിലിൽ ബൈവീക്കിലി ഡിസ്പെൻസറി

159 (175) <u>ശ്രീ എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചീമേനി തുറന്ന ജയിലിലെ അന്തേവാസികൾക്കും ജീവനക്കാർക്കും ആയുർവ്വേദ, ഹോമിയോ ചികിത്സ ലഭ്യമാക്കുന്നതിനായി ജയിലിനകത്ത് ബൈവീക്കിലി ഡിസ്പെൻസറി അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ചീമേനി തുറന്ന ജയിലിൽ നിലവിൽ തടവുകാർക്കും ജീവനക്കാർക്കുംവേണ്ടി ആഴ്ചയിലൊരിക്കൽ ഹോമിയോ ഡോക്ടറുടെ സേവനമുൾപ്പെടെ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്. തടവുകാർക്ക് ആയുർവ്വേദ ചികിത്സ ആവശ്യമായിവരുന്ന അവസരങ്ങളിൽ ചീമേനി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ അയച്ച് ചികിത്സ നൽകി വരുന്നുണ്ട്. കൂടുതൽ ദിവസങ്ങളിൽ ഹോമിയോ, ആയുർവ്വദ സേവനങ്ങൾ ആവശ്യമാകുന്ന പക്ഷം ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറി സൗകര്യമൊരുക്കുന്നതാണ്.

## പി.എസ്.സി. നിയമനം

160 (176) <u>ശ്രീ എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി.എസ്.സി. മുഖാന്തരം എത്രപേർക്ക് നിയമനം ലഭ്യമാക്കിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകി യിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പി.എസ്.സി. നിയമനത്തിന് സ്പെഷ്യൽ റൂളുകൾ

161 (177) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി.- നിയമനത്തിന് സ്പെഷ്യൽ റൂളുകൾ നിലവിലില്ലാതിരുന്ന ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങൾക്ക് സ്പെഷ്യൽ റൂളുകൾ തയ്യാറാക്കി അംഗീകാരം നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂളുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്; ഇവയ്ക്ക് അടിയന്തരമായി അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

റിക്രൂട്ട്മെന്റ് റൂളുകൾ സർക്കാരിന്റെ പരിഗണയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* നടപടി ക്രമങ്ങൾ തീരുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതാണ്.

## പി.എസ്.സി. നിയമനങ്ങൾ

162 (178) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) നിയമനം നൽകിയവരുടെ എണ്ണം വകുപ്പുതിരിച്ച് ലഭ്യമാക്കാമോ?

തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

## പി.എസ്.സി. നിയമനങ്ങൾ

163 (179) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2020 വരെ എത്ര പി.എസ്.സി.- നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിവരങ്ങൾ നല്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഓരോ വകുപ്പിലും ഉണ്ടാകുന്ന ഒഴിവുകൾ അതാത് സമയങ്ങളിൽതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30- നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വിജിലൻസ് വിഭാഗം പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം

164 (180) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പാലിക്കുന്നതിൽ വകുപ്പ് മേധാവികൾ വീഴ്ചവരുത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

ഉണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലെന്ന ഉദ്യോഗാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ അതാത് നിയമനാധികാരികളുടെ കാര്യാലയങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) നേരിട്ട് പരിശോധിക്കുകയും വീഴ്ച വരുത്തുന്നതായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വയനാട് ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ

165 (181) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ നടന്നിട്ടുള്ള പി.എസ്.സി. നിയമനങ്ങൾ വകുപ്പ് തിരിച്ച് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

## പി.എസ്.സി.മുഖേന വിവിധ വകുപ്പുകളിൽ നടത്തിയ നിയമനം സംബന്ധിച്ച്

166 (182) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലായി നാളിതുവരെ എത്ര പേർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. ഏതൊക്കെ വിഭാഗങ്ങളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ടി കാലയളവിൽ പി.എസ്.സി. അപേക്ഷകൾ ക്ഷണിച്ചിട്ടുള്ള തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇതിൽ ഏതൊക്കെ വിഭാഗങ്ങളിലേയ്ക്ക് പരീക്ഷനടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്?

ടി കാലയളവിൽ നടത്തിയ പരീക്ഷകളുടേയും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇനി ഏതൊക്കെ വിഭാഗങ്ങളിലേയ്ക്ക് പരീക്ഷ നടത്താനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020 ൽ പി.എസ്.സി. വിജ്ഞാപനം ചെയ്തിട്ടുള്ള തസ്തികകൾക്കാണ് ഇനി കൂടുതലായും തെരഞ്ഞെടുപ്പ് നടപടികൾ കൈക്കൊള്ളാനുള്ളത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പി.എസ്.സി. നിയമനം

167(183) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വകുപ്പുകളിലുമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് കണക്ക് വിശദമാക്കാമോ?

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളിൽ എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിയമനം ലഭിച്ചിട്ടുള്ളതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) വിവിധ തസ്തികകളിൽ നിയമനം ലഭിച്ചിട്ടുള്ള എത്രപേരാണ് എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. നിയമനം

168 (184) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2020 ഡിസംബർ 31 വരെ പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്?

1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് 2011-2016 കാലയളവിൽ പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്?

1,54,386 (ഒരു ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി എൺപത്തി ആറ്) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 30-6-2016-ന് നിലവിലുള്ളതും 30-12-2016-ന് കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി 31-12-2016 -വരെ ദീർഘിപ്പിച്ചിരുന്നു.

2. 31-12-2016-ന് സ്വാഭാവിക കാലാവധി പൂർത്തിയാക്കി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളെ 30-6-2017 വരെ സജീവമാക്കി നിർത്തിയിരുന്നു. പ്രസ്തുത കാലാവധി ദീർഘിപ്പിക്കൽ 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകൾക്കും ബാധകമാക്കിയിരുന്നു. (ടി ദീർഘിപ്പിക്കൽ മുൻഖണ്ഡികയിൽ ദീർഘിപ്പിക്കൽ ആനുകൂല്യം ലഭിച്ച റാങ്ക് ലിസ്റ്റുകൾക്ക് ബാധകമല്ല.)

3. 20-3-2020- ന് സ്വാഭാവികമായി കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളെ 19-6-2020 വരെ സജീവമാക്കുകയും ടി ദീർഘിപ്പിക്കൽ 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റികൾക്കും ബാധകമാക്കുകയും ചെയ്തു.

## പി.എസ്.സി. നിയമനം

169 (185) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖല, അർദ്ധസർക്കാർ, സഹകരണം എന്നീ മേഖലയിലുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്ത സ്ഥാപനങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.-ക്ക് വിട്ടത്;

&

(സി) അപ്രകാരം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

(ബി&സി) 1. റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ

2. കേരള സ്റ്റേറ്റ് എക്സ്-സർവീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ.

3. പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ ലിമിറ്റഡ്.

4. കേരള സ്റ്റേറ്റ് വിമൺ ഡെവലപ്മെന്റ് കോർപ്പറേഷൻ.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ഡി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടും പി.എസ്.സി. വഴി നിയമനം നടത്തുവാൻ സാധിക്കാത്തത് ഏതൊക്കെ തസ്തികകളിലാണ്; അതിനുള്ള കാരണം വിശദമാക്കുമോ?

സ്പെഷ്യൽ റൂൾ നിലവിലുണ്ടായിരിക്കെ നിയമനം നടത്താൻ സാധിക്കാത്ത തസ്തികകൾ നിലവിൽ പി.എസ്.സി.-യിൽ ഇല്ല.

## പി.എസ്.സി. നിയമനം

170 (186) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന നാളിതുവരെ എത്ര പേർക്ക് സർക്കാർ ജോലികളിൽ നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ പി.എസ്.സി. മുഖേന എത്രപേർക്ക് സർക്കാർ ജോലികളിൽ നിയമനം നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

1,54,386 (ഒരു ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി എൺപത്തി ആറ്) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

## പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് സംബന്ധിച്ച്

171 (188) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രിയിലെ ഒക്യൂപേഷണൽ തെറാപ്പിസ്റ്റായ ശ്രീ. ജോസഫ് സണ്ണിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് സംബന്ധിച്ച് പി.എസ്. സി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 13-10-2020-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാനത്ത് (പി.എസ്.സി. ഫയൽ നമ്പർ EG3 8659/05) നടന്ന വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ ?

(എ&ബി) ശ്രീ. ജോസഫ് സണ്ണിയുടെ സർവ്വീസ് വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ആരോഗ്യവകുപ്പിന് പ്രസ്തുത ഫയൽ കൈമാറിയിട്ടുണ്ടോ എന്നറിയിക്കാമോ ?

ശ്രീ. ജോസഫ് സണ്ണിയുടെ സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് 29-12-2020-ന് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ട്.

## പി. എസ്. സി. റാങ്ക് ലിസ്റ്റ്

172 (189) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമനങ്ങൾ നടത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികളോടും/നിയമനാധികാരികളോടും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30 നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിജിലൻസ് വിഭാഗം പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) യഥാസമയം മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികളോടും/നിയമനാധികാരികളോടും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30 നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിജിലൻസ് വിഭാഗം പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) അർഹരായ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും പി.എസ്.സി.- നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികളോടും/നിയമനാധികാരികളോടും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30-നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിജിലൻസ് വിഭാഗം പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

## മലപ്പുറം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

173 (190) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 414/2016) നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ഇതുവരെ 721 പേർക്ക് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമനശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എൽ.ഡി.സി. തസ്തികയിൽ എത്ര നിയമനങ്ങൾ നടത്തി; മുൻ സർക്കാരിന്റെ കാലത്ത് ഇത് എത്രയായിരുന്നു?

ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എൽ.ഡി.സി. തസ്തികയിൽ 1769 (ആയിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത്) പേർക്ക് പി.എസ്.സി. നിയമനം നൽകി. മുൻ സർക്കാരിന്റെ കാലത്ത് എൽ.ഡി.സി. തസ്തികയിൽ 1634 (ആയിരത്തി അറുന്നൂറ്റി മുപ്പത്തിനാല്) പേർക്ക് നിയമനം നൽകിയിരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് എൽ.ഡി.സി. തസ്തികയിലെ നിയമനത്തിലുള്ള താഴ്ന്ന നിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ അവ പരിഹരിക്കുന്നതിനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിച്ച് നിയമനങ്ങൾ നടത്തി ജില്ലയിലെ സർക്കാർ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇല്ല.

പി.എസ്.സി. നിയമനം

174 (191) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-6-2016 മുതൽ 31-12-2020 വരെ പി.എസ്.സി മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പി.എസ്.സി പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് കർശന മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ്-സ്കൂൾ/കോളേജുകളിലെ അധ്യാപകർ എന്നിവർ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ്

175 (192) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി.-ക്ക് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാകുമെന്നാണ് കരുതുന്നത്; ആയതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ടി തസ്തികയുടെ റാങ്ക് പട്ടിക 6-1-2021-ന് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ ഓവർസീയർ ഗ്രേഡ്-III തസ്തികയിലേയ്ക്കുള്ള നിയമനം

176 (193) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഓവർസിയർ ഗ്രേഡ്-III തസ്തികയിലേയ്ക്ക് ശിപാർശ ചെയ്യുന്നതിനായി പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

52 ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയത് എപ്പോൾ പ്രസിദ്ധീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

20-11-2020-ൽ സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എൻ.ജെ.ഡി. ഒഴിവുകൾ സംബന്ധിച്ച വിവരം സംവരണ വിഭാഗം തിരിച്ച് ലഭ്യമാക്കാമോ?

പൊതുവിഭാഗം - 4, ഈഴവ – 3, വിശ്വകർമ്മ – 1, മുസ്ലീം - 1.

## എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ ചുരുക്കപ്പട്ടിക

177(194) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിലവിലുള്ള പി.എസ്.സി.-റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ് മാസങ്ങളായിട്ടും 2019 ജൂലൈ 6- ന് നടന്ന എൽ.ഡി. ടൈപ്പിസ്റ്റ് പരീക്ഷയുടെ ചുരുക്കപ്പട്ടിക ഇതുവരെയായി പ്രസിദ്ധീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റാങ്ക് പട്ടിക 10-11-2020 ന് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടി ഏതുവരെയായെന്ന് അറിയിക്കാമോ?

റാങ്ക് പട്ടിക 10-11-2020-ന് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) 2019 ആഗസ്റ്റ് 30-ന് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിച്ചതിനുശേഷം 2019 സെപ്റ്റംബർ ഒന്നുമുതൽ ഇതുവരെയായി മലപ്പുറം, പാലക്കാട് ജില്ലകളിൽ എൽ.ഡി. ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവ ഏതൊക്കെ വകുപ്പുകളിൽ നിന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കാമോ?

2019 ആഗസ്റ്റ് 30-നുശേഷം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പാലക്കാട് ജില്ലയിൽനിന്നും 22 ഒഴിവുകളും മലപ്പുറം ജില്ലയിൽനിന്ന് 25 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## എൽ.ഡി. ക്ലാർക്ക് നിയമനം

178 (195) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് വിവിധ ജില്ലകളിൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും ഓരോ ജില്ലയിലും എത്ര പേർക്ക് ഇതിനകം നിയമനം നൽകിയെന്ന് അറിയിക്കുമോ?

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ?

1-4-2021-ന്.

(സി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് പ്രസ്തുത ലിസ്റ്റിൽനിന്നുള്ള നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികളോടും/നിയമനാധികാരികളോടും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30 നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

179 (196) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നകാര്യം പരിഗണിക്കണമെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 68/14) തസ്തികയുടെ വിവിധ ജില്ലകളിലെ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് 16-1-2020-ൽ സമർപ്പിച്ച നിവേദനത്തിൻമേൽ, ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ ഒരു മാസത്തിനകം തീരുമാനം കൈക്കൊള്ളണമെന്ന് OA(EKM)326/2020 മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 19-2-2020-ൽ ഉത്തരവായിരുന്നു. എന്നാൽ ടി തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 10-8-2020-നാണ് പൂർത്തിയാകുന്നത് എന്നതിനാൽ ബഹു. KAT-ന്റെ ഉത്തരവിന്മേൽ തുടർ നടപടി കൈക്കൊള്ളേണ്ടി വന്നിട്ടില്ല.

## കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (bbb)

180 (197) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ റൂൾ 28 (bbb) എന്ന മാനദണ്ഡം എന്നുമുതൽക്കാണ് പ്രാബല്യത്തിൽ വന്നതെന്നും പ്രസ്തുത റൂളിലെ മാനദണ്ഡം ഏത് തീയതി മുതൽക്കാണ് സ്ഥാനക്കയറ്റം സംബന്ധമായ വിഷയങ്ങളിൽ പാലിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

10-12-1984-ലെ G.O. (P) No. 447/84/GAD ഉത്തരവ് പ്രകാരമാണ് (SRO No. 261/85 ഗസറ്റ് തീയതി 26-2-1985) 20-04-1959 പ്രാബല്യത്തിൽ ടി ചട്ടം നിലവിൽ വന്നത്.

(ബി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 28 (bbb) പ്രകാരം ഒരു ജൂനിയറായ ഉദ്യോഗസ്ഥൻ വകുപ്പുതല പരീക്ഷകൾ വിജയിച്ച് ഉദ്യോഗക്കയറ്റം കിട്ടാതെ നിൽക്കുമ്പോൾ അദ്ദേഹത്തെ മറികടക്കാനായി വകുപ്പുതല പരീക്ഷയുടെ അവസാന തീയതി പരിഗണിച്ച് സീനിയറായ ഉദ്യോഗസ്ഥന് ഉദ്യോഗക്കയറ്റം നൽകാമോ?

ജോലിയുടെ സ്വഭാവത്തിന് മാറ്റമുണ്ടാവാതിരിക്കുകയും ടെസ്റ്റ് യോഗ്യത നേടിയവരുടെ അഭാവത്തിൽ ഒഴിവുകൾ നികത്തപ്പെടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ചട്ടം 28 (bbb)-യുടെ ആനുകൂല്യം അനുവദിച്ചുകൊണ്ട് സീനിയറിന് സ്ഥാനക്കയറ്റം അനുവദിക്കാൻ കഴിയൂ.

(സി) ഇത്തരം സന്ദർഭങ്ങളിൽ സീനിയറായ ഉദ്യോഗസ്ഥന് വകുപ്പുതല പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച തീയതിയാണോ പരിഗണിക്കേണ്ടത് അതോ വകുപ്പുതല പരീക്ഷയുടെ അവസാന തീയതിയാണോ സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

മേൽ സാഹചര്യങ്ങൾ ഒരുമിച്ച് ഉണ്ടാകാത്ത ഘട്ടത്തിൽ പരീക്ഷയുടെ റിസൾട്ട് പ്രസീദ്ധീകരിക്കുന്ന തീയതി അടിസ്ഥാനമാക്കിയാണ് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നത്.

(ഡി) കെ.എസ്.&എസ്.എസ്.ആർ. ബാധകമായിട്ടുള്ള എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സ്ഥാനക്കയറ്റം സംബന്ധമായ വിഷയങ്ങളിൽ റൂൾ 28 (bbb) എന്ന മാനദണ്ഡം കൃത്യമായി പാലിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുമോ എന്നറിയിക്കാമോ?

ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് 10-3-2014-ലെ 524/R1/2014/P&ARD സർക്കുലർ പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പി.എസ്.സി. നിയമന ചട്ടം

181(198) <u>ശ്രീ. സി. മമ്മൂട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടും വിശേഷാൽ ചട്ടം ഉണ്ടാക്കാത്തതിനാൽ നിയമനനടപടികൾ വൈകിക്കുന്ന സാഹചര്യം തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടും അന്തിമ ചട്ടങ്ങളുടെ രൂപീകരണം പൂർത്തിയാകാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 20 വർഷത്തിലേറെയായി വിശേഷാൽ ചട്ടം ഉണ്ടാക്കാത്ത സ്ഥാപനങ്ങളിൽ എത്രയും വേഗം ചട്ടം ഉണ്ടാക്കി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

നിയമനം പി.എസ്.സി.-ക്ക് വിട്ട സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ട രൂപീകരണം ത്വരിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് എന്നീ വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, നിയമവകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന "ടാസ്ക് ഫോഴ്സ്" രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

## കൊച്ചി മെട്രോ ജലപാത പദ്ധതി

182 (199) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ ജലപാത പദ്ധതി എത്ര കിലോമീറ്റർ ദൈർഘ്യമേറിയതാണെന്ന് അറിയിക്കാമോ?

കൊച്ചി മെട്രോ ജലപാത പദ്ധതി 76 കിലോമീറ്റർ ദൈർഘ്യമേറിയതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട പ്രധാന ജലപാതകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

നാഷണൽ ജലപാത നം.3 (40%), കൊച്ചി തുറമുഖ ജലപാത (33%), ഇറിഗേഷൻ ഉൾനാടൻ പാതകൾ (20%), മറ്റുള്ളവ (7%).

(സി) ആദ്യഘട്ടത്തിൽ എത്ര ബോട്ടുകളുടെ സർവ്വീസ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

23 ബോട്ടുകളുടെ സർവ്വീസ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

പദ്ധതി ഫെബ്രുവരി 2021 അവസാനത്തോടുകൂടി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇതിനായി നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചു എന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

നാളിതുവരെ ഏകദേശം 145.22 കോടി രൂപ ചെലവഴിച്ചു.

## കനോലി കനാൽ ജല ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

183 (200) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിലെ കനോലി കനാൽ വീതിയും ആഴവുംകൂട്ടി ജല ഗതാഗത യോഗ്യമാക്കുന്നതിന് ഉൾനാടൻ ജലഗതാഗത വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ?

കനോലി കനാൽ ആഴവും വീതിയും കൂട്ടി ജലഗതാഗത യോഗ്യമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന മൂന്ന് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(I) ഇ.കെ.കനാൽ റെക്ടിഫിക്കേഷൻ - കോഴിക്കോട് കോർപ്പറേഷനിൽ നെഞ്ചുണ്ടി ഇരുമ്പ് നടപ്പാലം മുതൽ കൈപ്പുറത്ത് ഇരുമ്പ് ലാറ്റിസ് പാലംവരെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി.

(II) ഇ.കെ.കനാൽ റെക്ടിഫിക്കേഷൻ - കോഴിക്കോട് കോർപ്പറേഷനിൽ നെഞ്ചുണ്ടി ഇരുമ്പ് പാലംമുതൽ കണ്ടുപറമ്പ് റോഡ് പാലംവരെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി. മേൽ രണ്ട് പ്രവൃത്തികൾക്കും രണ്ട് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമില്ലാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(III) ഇ.കെ.കനാൽ റെക്ടിഫിക്കേഷൻ - കോഴിക്കോട് കോർപ്പറേഷനിൽ കാരപറമ്പ് പാലം മുതൽ മുടപ്പാട്ട് പാലം ജീപ്പബിൾ പാലംവരെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി. മണ്ണ് പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പരിശോധിക്കാവുന്നതുമാണ്. കൂടാതെ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ കല്ലായിപ്പുഴമുതൽ കോരപ്പുഴ വരെയുള്ള 11.2 കി.മീ. ദൂരമുള്ള കനോലികനാൽ 2019 സെപ്റ്റംബറിൽ മാലിന്യങ്ങൾ നീക്കംചെയ്ത് വൃത്തിയാക്കിയിട്ടുള്ളതാകുന്നു. അതിനുശേഷം കല്ലായിപ്പുഴ മുതൽ എരഞ്ഞിപ്പാലം വരെയുള്ള 6 കി.മീ. ഭാഗം സിൽറ്റ്പുഷർ ഉപയോഗിച്ച് ചെളിനീക്കി ആഴം കൂട്ടി 2020 ജൂണിൽ വെള്ളത്തിന്റെ ഒഴുക്ക് പുനഃസ്ഥാപിച്ചിട്ടുണ്ട്.

## ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം

184(201) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ?

ഇന്റഗ്രേറ്റഡ് അർബൻ റീ ജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതിയുടെ നിർവ്വഹണ ചുമതല 12-11-2018-ലെ ജി.ഒ. (എംഎസ്.) 07/2018/സി.എസ്.ഐ.എൻ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനാണ് നൽകിയിട്ടുള്ളത്. ടി പദ്ധതിയിൽ, ഇടപ്പള്ളി കനാൽ, തേവര-പേരണ്ടൂർ കനാൽ, ചിലവന്നൂർ കനാൽ, തേവര കനാൽ, മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കനാലുകളുടെ വികസനം വെള്ളപ്പൊക്കം ലഘൂകരിക്കാനും മറ്റ് ഗതാഗത, ടൂറിസം പദ്ധതികളുമായി ഇന്റർ-മോഡൽ കണക്റ്റിവിറ്റിക്കായി കനാൽ നാവിഗേഷൻ പുനസ്ഥാപിക്കാനും ഉദ്ദേശിച്ചുള്ളതാണ്. ഇതിന്റെ ഭാഗമായി കനാൽ വൃത്തിയാക്കൽ, ആഴം കൂട്ടൽ, എഫ്.എം.ബി. രേഖകൾ അനുസരിച്ച് കനാലുകളുടെ വീതികൂട്ടുക, തീര സംരക്ഷണം, ഫൂട് ഓവർ ബ്രിഡ്ജുകൾ, സാനിറ്ററി സീവേർ ലൈനും എസ്.ടി.പി.-കളും സ്ഥാപിക്കുക. ശുചിത്വ സൗകര്യങ്ങൾ, ജെട്ടികൾ, അടിസ്ഥാന സൗകര്യ വികസനം, കനാൽ തീരങ്ങളുടെ സൗന്ദര്യവൽക്കരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പദ്ധതിയുടെ എല്ലാ കൺസെപ്റ്റ് ഡിസൈനുകളും പൂർത്തിയാക്കിക്കഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും വേണ്ടിയുള്ള ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ച പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചു വരുന്നു.

(ബി) ഈ പദ്ധതിക്കായുള്ള പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ പദ്ധതിക്കായുള്ള പുനരധിവാസ പദ്ധതിയുടെ ഭാഗമായി, കാക്കനാട് 7.73 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. ടി സ്ഥലത്തു 280 ഭവനങ്ങൾ നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതിയുടെ ഭാഗമായി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സി.ടി.ഇ. (Consent to Establish) ലഭ്യമായിട്ടുണ്ട്. സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ക്ലിയറൻസ് ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽനിന്നും ആവശ്യമായ ശിപാർശ ലഭിച്ചു. ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാന വന്യജീവി ബോർഡിന്റെ ക്ലിയറൻസ് ലഭ്യമായിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡിന്റെ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതിയുടെ ഫൈനൽ ക്ലിയറൻസ് ഫെബ്രുവരി 2021-ൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കൊച്ചി നഗരസഭയുടെ 14, 15, 16, 17, 18 ഡിവിഷനുകളിൽപ്പെട്ട ഇടക്കൊച്ചി വില്ലേജിന് കീഴിലെ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കായൽ വെള്ളം കയറുന്ന പ്രശ്നത്തിന് പരിഹാരമേകുന്ന പഷണിതോടിന്റെ നവീകരണം ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ടി തോടിന്റെ നവീകരണം IURWTS പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) ഇതുസംബന്ധിച്ച് 20-10-2020-ന് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ടി തോടിന്റെ നവീകരണം IURWTS പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### വാട്ടർ മെട്രോ പദ്ധതി

185(202) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ മെട്രോ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർമെട്രോ നടപ്പിലാക്കിവരുന്ന താഴെപ്പറയുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പരിസ്ഥിതി സംബന്ധമായ ക്ലിയറൻസ് ലഭിച്ചു. 100 pax ന്റെ 23 ബോട്ടുകൾക്കായുള്ള നിർമ്മാണത്തിന് കൊച്ചിൻ ഷിപ്പ്‌യാർഡിനെ കരാർ ഏൽപ്പിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആദ്യ ബോട്ടിന്റെ ലോഞ്ചിംഗ് ഫെബ്രുവരി പകുതിയോടെ നടക്കും. ഇതിനോടനുബന്ധിച്ച് ഫ്ളോട്ടിംഗ് ജെട്ടികളുടെ നിർമ്മാണത്തിനായി കരാർ നൽകുകയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച

വരുന്നു. ജലഗതാഗതത്തിനാവശ്യമായ ആഴം കൂട്ടുന്നതിനായി ഡ്രെഡ്ജിംഗ് കോൺട്രാക്ട് അവാർഡ് ചെയ്തു. ജെട്ടി ലൊക്കേഷനുകളിൽ ഡ്രെഡ്ജിംഗ് പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 16 ടെർമിനലുകളുടെ ടെൻഡറിംഗ് പ്രോസസ്സ് പുരോഗമിച്ചു വരുന്നു. സ്വകാര്യസ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇവയിൽ തൃപ്പൂണിത്തുറ മണ്ഡലവുമായി ബന്ധപ്പെട്ടവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

തൃപ്പൂണിത്തുറ മണ്ഡലവുമായി ബന്ധപ്പെട്ട് 4 ടെർമിനലുകളാണ് ഉള്ളത്. ഏരൂർ: ഏരൂർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. കുമ്പളം: കുമ്പളം ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നെട്ടൂർ: സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ഇടക്കൊച്ചി: സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

## കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിലെ ജലമെട്രോ പദ്ധതി

186 (203) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ പഞ്ചായത്തുകളെ നഗരവുമായി ബന്ധപ്പെടുത്തുന്ന ജലമെട്രോ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കടമക്കുടി പഞ്ചായത്തിലെ കടമക്കുടി പാലിയതുരത്ത് ടെർമിനലുകളും മുളവുകാട് പഞ്ചായത്തിലെ മുളവുകാട് നോർത്ത് ടെർമിനലിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എളങ്കുന്നപ്പുഴ ടെർമിനലിന്റെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി പ്രതീക്ഷിക്കപ്പെടുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

പദ്ധതിക്കായി ഏകദേശം 747 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിയുടെ ഭാഗമായി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളും ഏറ്റെടുത്തുക്കഴിഞ്ഞു. സ്വകാര്യ സ്ഥലങ്ങളുടെ ഏറ്റെടുപ്പ് ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ഡി) പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

പദ്ധതി ഫെബ്രുവരി 2021 അവസാനത്തോടുകൂടി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ദേശീയ ജലപാതയിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും എക്കലും നീക്കം ചെയ്ത് ലേലം ചെയ്യുന്നതിനുള്ള നടപടി

187 (204) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും എക്കലും ഇതരപദാർത്ഥങ്ങളും ഡ്രഡ്ജിങ്ങിലൂടെ നീക്കം ചെയ്യുന്നതിനും ഇതിനായി സ്ഥലം കണ്ടെത്തി വാടകയ്ക്കെടുത്ത് ടി സ്ഥലത്ത് നിക്ഷേപിച്ച് ആവശ്യക്കാർക്ക് ലേലം ചെയ്ത് കൊടുക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ടോ?

ഉണ്ട്. 2-6-2018-ലെ സ.ഉ.(കൈ) നമ്പർ 02/2018/ സി.എസ്.ഐ.എൻ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. 2-6-2018-ലെ സ.ഉ.(കൈ) നമ്പർ 02/2018/ സി.എസ്.ഐ.എൻ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) പശ്ചിമ കൊച്ചിയിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, പള്ളുരുത്തി, തോപ്പുംപടി, കുമ്പളങ്ങി ഉൾപ്പെടെയുള്ള തീരദേശമേഖലകളിലെ ജനവാസ കേന്ദ്രങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് അതിരൂക്ഷമായ വിധത്തിൽ കായൽവെള്ളം കയറുന്നതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനും ജലഗതാഗതവും മത്സ്യബന്ധനവും സുഗമമാക്കുന്നതിനുമായി കണ്ണങ്ങാട്ട്- വെല്ലിംഗ്ടൺ ഐലന്റ് പാലംമുതൽ അരൂർ പാലംവരെയുള്ള എക്കൽ നീക്കം ചെയ്യുന്നതിനുള്ള 3 കോടി രൂപയുടെ പദ്ധതി പ്രസ്തുത ഉത്തരവുണ്ടായിട്ടും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

&

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കണ്ണങ്ങാട്ട് വെല്ലിംഗ്ടൺ ഐലന്റ് പാലംമുതൽ അരൂർ പാലംവരെയുള്ള വേമ്പനാട് കായലിന്റെ എക്കൽ നീക്കം ചെയ്യുന്നതിനായി രണ്ട് റീച്ചായി നടപ്പിലാക്കാനുദ്ദേശിക്കുന്ന 13.79 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും-യുടെ ഓഫീസിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിലുള്ളതും 16-ാം ഡിവിഷനിൽ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പള്ളുരുത്തി മേഖലയിലെ 3 ഏക്കറോളം വരുന്ന സ്ഥലം ലീസിന് നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോടും; കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ളതും SER ഏരിയായിൽ ഉൾപ്പെട്ടതുമായ രാമേശ്വരം വില്ലേജിലെ സർവ്വേ നം. 11/66-ലെ താഴ്ന്ന് കിടക്കുന്ന ഭാഗത്ത് ടി എക്കലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും അഭ്യർത്ഥിച്ചിട്ടുള്ളതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതുമാണ്.

**തീരദേശ പരിപാലന നിയമം**

188(205) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശപരിപാലന നിയമവുമായി ബന്ധപ്പെട്ട് ദൂരപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് 2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തീരദേശപ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan - CZMP) തയ്യാറാക്കുന്നതിന് 20-8-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (National Centre for Earth Science Studies) ചുമതലപ്പെടുത്തി. തുടർന്ന് തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കരട് മാപ്പിന്മേലുള്ള പബ്ലിക് ഹിയറിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് മാപ്പിന്മേലുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തിരുത്തലുകൾ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. തിരുത്തലുകൾ ഉൾപ്പെടുത്തിയ എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് ഉടൻ തന്നെ നൽകുമെന്നും അറിയിച്ചിട്ടുണ്ട്.

**റീബിൽഡ് കേരള**

189 (206) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടതെന്നും അതിൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നല്കിയിട്ടുള്ളതെന്നും വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ എങ്ങനെ നടപ്പാക്കുമെന്ന് വിശദീകരിക്കാമോ;

&

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗര വികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീര വികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, ഊർജ്ജ വകുപ്പ്, വനിത ശിശു വികസന വകുപ്പ്, വനം വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 7,192.78 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (പദ്ധതികൾ അനുബന്ധം 1-ൽ)* പദ്ധതികൾ അതാത് വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ വകുപ്പുകളുടെ ആവശ്യാനുസരണം യഥാസമയം ആവശ്യമായ ഫണ്ട് ആർ.കെ.ഐ. ലഭ്യമാക്കുന്നു.

(സി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ ഏതെങ്കിലും പൊതുമരാമത്ത് റോഡുകൾ നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളാണെന്ന് വ്യക്തമാക്കാമോ; നിലവിൽ ഈ പദ്ധതിയുടെ സ്ഥിതിയും നിർവ്വഹണ ഏജൻസിയുടെ പേരും വ്യക്തമാക്കാമോ?

KSTP നിർവ്വഹണ ഏജൻസിയായി മലപ്പുറം ജില്ലയിൽ താഴെപ്പറയുന്ന റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. കൊയിലാണ്ടി-താമരശ്ശേരി-മുക്കം - അരീക്കോട് (51.02Km) റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

2. പെരുമ്പിലാവ് -നിലമ്പൂർ (30.88Km) റോഡിന്റെ നിർമ്മാണ പ്രവർത്തികൾക്കായി കെ.എം.സി. കൺസ്ട്രക്ഷൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. കൊയിലാണ്ടി-എടവണ്ണ (31.5Km) റോഡിന്റെ നിർമ്മാണ പ്രവർത്തികൾക്കായി ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടു

4. പാലക്കാട് -പെരിന്തൽമണ്ണ (36.8 Km) റോഡിന്റെ നിർമ്മാണ പ്രവർത്തികൾക്കായി കെ.എം.സി. കൺസ്ട്രക്ഷൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

190 (207) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും രൂപംനൽകിയ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ പദ്ധതി ലക്ഷ്യമിടുന്നത്. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉണ്ട്. 2019-2027 കാലയളവിൽ RKDP വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏകദേശം 36,500 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് കഴിയുന്നതും വേഗം നിർവഹണ ഘട്ടത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടുവരുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയാറാക്കിയ, പുനർനിർമാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സമർപ്പിച്ച 7,192.78 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ സമഗ്രവികസനം ഇതിൽ ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

&

(സി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

റീബിൽഡ് കേരള പദ്ധതിയിൽ പ്രാദേശിക അടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നീ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപപദ്ധതികൾ തുടങ്ങിയവയിലൂന്നിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ഡി) ഉരുൾപൊട്ടൽ മേഖലയിൽനിന്നുള്ള ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മഴ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ഉരുൾപൊട്ടൽ സാധ്യത മേഖലകളിൽ വിവിധ സർക്കാർ വകുപ്പുകളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും മറ്റും കൃത്യമായ നിർദേശങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നൽകിവരുന്നു. മാറിതാമസിക്കേണ്ടി വരുന്ന സാഹചര്യത്തിൽ അതിനുള്ള തയ്യാറെടുപ്പുകളും ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് ചെയ്യുന്നുണ്ട്. ദുരിതാശ്വാസ ക്യാംപുകളിൽ എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഉറപ്പാക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കാറുണ്ട്. മാറ്റിപ്പാർപ്പിക്കൽ വേണ്ടിവന്നാൽ മൈക്ക് അനൗൺസ്മെന്റ് ഉൾപ്പെടെ നൽകി, പൊലീസ്, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇതിനകം എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

4022 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ഇതിനായി 109,74,61,629 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രൈസ്‌വാട്ടർഹൗസ്‌കൂപ്പർ കൺസൾട്ടൻസി

191 (209) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളുടെ കൺസൾട്ടന്റായി പ്രൈസ്‌വാട്ടർഹൗസ്‌കൂപ്പർ (PWC) ഏജൻസിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കൺസൾട്ടന്റായാണ് നിയമിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ഓരോ പദ്ധതിക്കും സർക്കാർ പ്രൈസ്‌വാട്ടർഹൗസ്‌കൂപ്പർ ഏജൻസിക്ക് നൽകിയ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രൈസ്‌വാട്ടർഹൗസ് കൂപ്പർ ഏജൻസിയെ പുറത്താക്കണമെന്ന് ചീഫ് സെക്രട്ടറിതലസമിതി ശുപാർശ നൽകിയിരുന്നോ; എങ്കിൽ എന്നാണ് ശുപാർശ നൽകിയതെന്നും ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

&

(ഡി) ചീഫ് സെക്രട്ടറിതലസമിതിയുടെ ശുപാർശയിൽ പ്രൈസ്‌വാട്ടർഹൗസ് കൂപ്പർ ഏജൻസിയെ പുറത്താക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; ഈ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ലൈഫ് മിഷൻ**

192 (211) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ കേരളത്തിൽ 31-12-2020 വരെ എത്ര വീടുകൾ പൂർത്തീകരിച്ചു നൽകി എന്ന വിവരം അറിയിക്കാമോ?

ലൈഫ് മിഷൻ കേരളത്തിൽ നാളിതുവരെ 250547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ വീടുകളുടെ നിർമ്മാണത്തിനായി എത്ര തുക സർക്കാർ ചെലവഴിച്ചു?

ടി വീടുകളുടെ നിർമ്മാണത്തിനായി 8,823.20 കോടി (എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തിമൂന്ന് കോടി ഇരുപത് ലക്ഷം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ആകെ പൂർത്തിയാക്കിയ വീടുകളുടെയും ഭവന സമുച്ചയങ്ങളുടെയും വിശദാംശങ്ങൾ നൽകാമോ?

പൂർത്തിയാക്കിയ വീടുകളുടെയും ഭവന സമുച്ചയങ്ങളുടെയും വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ഡി) കേരളത്തിൽ ഇനിയും ഭവനരഹിതരായിരിക്കുന്നവരുടെ കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ നല്കാമോ;

&

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ബാക്കിയുള്ള ഭവനരഹിതർക്കും ഭവനങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഇല്ല. എന്നാൽ നിലവിലുള്ള ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരെ കണ്ടെത്തുന്നതിനായി 2020 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചിരുന്നു. ഇപ്രകാരം ഭൂമിയുള്ള/ഭൂരഹിത ഭവന രഹിതരായ 832850 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

## കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥർ

193 (212) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഐ.എ.എസ്. ഓഫീസർമാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

128 ഐ.എ.എസ്. ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ എത്രപേർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്ന് അറിയിക്കാമോ?

19 പേർ.

(സി) അന്യ സംസ്ഥാന കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ ആരെങ്കിലും അന്യത്ര സേവന വ്യവസ്ഥയിൽ കേരളത്തിൽ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ശ്രീമതി പി. ഐ. ശ്രീവിദ്യ ഐ.എ.എസ്. അന്യത്ര സേവന വ്യവസ്ഥയിൽ കർണാടക കേഡറിൽനിന്നും കേരളത്തിൽ ജോലിചെയ്യുന്നു.

(ഡി) കേരളത്തിൽ നിലവിൽ ഐ.എ.എസ്. തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നേരിട്ടുള്ള നിയമന വിഭാഗത്തിൽ 41 ഉദ്യോഗസ്ഥരുടെയും സ്ഥാനക്കയറ്റം/ സെലക്ഷൻ വഴിയുള്ള നിയമന വിഭാഗത്തിൽ 41 ഉദ്യോഗസ്ഥരുടെയും കുറവുണ്ട്.

(ഇ) തസ്തിക ഒഴിഞ്ഞുകിടക്കുമ്പോൾ ഡെപ്യൂട്ടേഷനിൽപോയ ഉദ്യോഗസ്ഥരോട് തിരിച്ചുവരാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്.-നെ കേന്ദ്ര സർവ്വീസിൽ നിന്നും തിരികെ വിളിക്കുകയുണ്ടായി.

## ഗെയിൽ പൈപ്പ് ലൈൻ

194 (213) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടമായ 48 കി.മീ. കൊച്ചിയിൽ 201-ൽ ആരംഭിക്കുകയും 201-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു. KKBMPL PHASE-II, Kochi-Mangalore Pipeline പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊച്ചിയിൽനിന്നും കൂറ്റനാട് വഴി മംഗലാപുരത്തേക്കുള്ള 450 കി.മീ. പൈപ്പ് ലൈൻ 201-ൽ പുനരാരംഭിച്ച് 2020 അവസാനത്തോടുകൂടി പൂർത്തിയാകുകയും ആയത് ബഹുമാനപ്പെട്ട പ്രധാനമന്ത്രി 5-1-2021-ന് രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. KKBMPL PHASE-II, Koottanad-Walayar Pipeline കൂറ്റനാട്നിന്നും വാളയാർവരെയുള്ള 94 കി.മീ. പൈപ്പ് ലൈൻ ലോവറിംഗ് പൂർത്തീകരിച്ചു. പൈപ്പ് ലൈനിന് അനുബന്ധമായ എസ്.വി./ഐ.പി. സ്റ്റേഷനുകളുടെ വാൽവ് ഇറക്ഷൻ, എർത്ത് ഫില്ലിംഗ് മുതലായ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പൈപ്പ് ലൈൻ 2021 മാർച്ച് 31-നകം കമ്മീഷൻ ചെയ്യാനാണ് വിഭാവന ചെയ്യുന്നത്.

(ബി) ഈ സർക്കാർ വരുമ്പോൾ എത്ര ദൂരത്തിലാണ് പൈപ്പുകൾ സ്ഥാപിച്ചിരുന്നതെന്ന് വിശദമാക്കാമോ?

513 കി.മീ. ദൈർഘ്യമുള്ള കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ രണ്ടാംഘട്ടം 2011-ൽ ആരംഭിച്ചുവെങ്കിലും ചില എതിർപ്പുകൾമൂലം നിർത്തിവച്ച പദ്ധതി 2016-ൽ പുനരാരംഭിക്കുമ്പോൾ കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിൽ 40 കി.മീ. വെൽഡിംഗും 22 കി.മീ ലോവറിംഗും പൂർത്തിയായിരുന്നു. അതുപോലെ 94 കി.മീറ്റർ ദൈർഘ്യമുള്ള കൂറ്റനാട്-വാളയാർ സെക്ഷനിൽ 9 കി.മീ ലോവറിംഗ് പൂർത്തിയായിരുന്നു.

(സി) ഈ സർക്കാർ പദ്ധതി എത്രത്തോളം പൂർത്തിയാക്കിയെന്ന് അറിയിക്കാമോ?

കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിന്റെ കേരളത്തിലെ മൊത്തം ദൈർഘ്യമായ 414 കി.മീറ്ററിൽ 40 കി.മീ വെൽഡിംഗും 22 കി.മീ. ലോവറിംഗും ഒഴിച്ച് ബാക്കിയുള്ള മുഴുവൻ ജോലികളും ഈ സർക്കാരിന്റെ കാലയളവിലാണ് പൂർത്തീകരിച്ചത്. 94 കി.മീ. ദൈർഘ്യമുള്ള കൂറ്റനാട് വാളയാർ സെക്ഷനിൽ 9 കി.മീ. ഒഴിച്ച് ബാക്കിയുള്ള 85 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചത് ഈ സർക്കാരിന്റെ

കാലയളവിലാണ്. 94 കി.മീ. പൈപ്പ് ലൈനിന്റെ മെക്കാനിക്കൽ കംപ്ലീഷൻ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. കമ്മീഷനിംഗിന് മുന്നോടിയായിട്ടുള്ള ഹൈഡ്രോ ടെസ്റ്റിങ്ങ് ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

(ഡി) പദ്ധതി പൂർത്തിയാക്കുമ്പോൾ അത് ജനജീവിതത്തെ ഏതൊക്കെ തരത്തിൽ അഭിവൃദ്ധിപ്പെടുത്തുമെന്നത് സംബന്ധിച്ച വിവരണം നല്കാമോ?

ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിൽ ഒന്നാണ് ഗെയിൽ നടപ്പിലാക്കിയ കൊച്ചി - കുറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി. പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമായതോടുകൂടി ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹിക ആവശ്യങ്ങൾക്കും വാഹനങ്ങൾക്കും വ്യവസായശാലകൾക്കും ലഭ്യമാകുന്നതാണ്. ഇതുകൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉത്തേജനം നല്കുന്നതുമാണ്.

## ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

195 (214) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ഏത് ഘട്ടത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കിയത്. പദ്ധതിയുടെ ഒന്നാംഘട്ടമായ 48 കി.മീ. കൊച്ചിയിൽ 2010-ൽ ആരംഭിക്കുകയും 2013-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു. പദ്ധതിയുടെ രണ്ടാംഘട്ടം കൊച്ചിയിൽനിന്നും ആരംഭിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്നുപോകുന്നു. പൈപ്പ് ലൈനിന്റെ ആകെ ദൈർഘ്യം 513 കി.മീ. ആണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 49 കി.മി വെൽഡിംഗും 31 കി.മീ ലോവറിംഗും പൂർത്തീകരിച്ചിരുന്നു.

(ബി) ഈ സർക്കാർ വന്നതിനുശേഷം ഗെയിൽ പദ്ധതി പൂർത്തികരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്നുപോകുന്ന 513 കി.മീ. ദൈർഘ്യമുള്ള കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ രണ്ടാം ഘട്ടം 2011-ൽ ആരംഭിച്ചുവെങ്കിലും ചില എതിർപ്പുകൾമൂലം നിർത്തിവെച്ച പദ്ധതി സർക്കാരിന്റെ നിശ്ചയദാർഢ്യംമൂലമാണ് 2016-ൽ പുനരാരംഭിച്ചത്. മലപ്പുറം, കോഴിക്കോട്

ജില്ലകളിലെ ചില പ്രദേശങ്ങളിൽ പദ്ധതിക്കെതിരെ എതിർപ്പ് ഉയർന്നപ്പോൾ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 6-11-201-ന് കോഴിക്കോട്ടുവച്ച് ബന്ധപ്പെട്ട കക്ഷികളുടെ യോഗം വിളിക്കുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിയുമായി മുന്നോട്ട് പോകാനുള്ള തീരുമാനം എടുക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11-11-2017-ന് തിരുവനന്തപുരത്തുവച്ച് നടന്ന യോഗത്തിൽ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും ആയതിൻ പ്രകാരം നഷ്ടപരിഹാരത്തുക ഉയർത്തിക്കൊണ്ട് 1-12-2017- ജി.ഒ (ആർ.റ്റി) നമ്പർ 5165/2017/RD ഉത്തരവ് പുറപ്പെടുവിക്കുകയുംചെയ്തു. മേൽ ഉത്തരവ് പ്രകാരം

1. ഉപയോഗാവകാശ ഭൂമിയുടെ നഷ്ടപരിഹാരം ന്യായവിലയുടെ പത്തിരട്ടിയായി (100 ശതമാനമായി) വർദ്ധിപ്പിക്കുകയും

2. 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും കൂടാതെ 5 ലക്ഷം രൂപ ആശ്വാസ ധനമായി നൽകുകയും

3. കൂടാതെ നെൽ വയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3,761 രൂപവച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ കടന്നുപോകുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ തെരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളുടെ ഒരു കർമ്മസേനയ്ക്ക് രൂപം കൊടുത്തു. ഈ കർമ്മസേനയ്ക്ക് സുരക്ഷയെ പ്പറ്റിയും നഷ്ടപരിഹാരത്തെ പറ്റിയുമുള്ള ജനങ്ങളുടെ ആശങ്കകൾ നീക്കാനും, പദ്ധതിയുടെ ഗുണങ്ങളെപ്പറ്റി ബോധവൽക്കരിക്കാനും സാധിച്ചു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും നഷ്ടപരിഹാരത്തുക ഉയർത്തുന്നതിനും വേണ്ടി സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

(സി) ഗെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ കാണിച്ച ദൃഢ നിശ്ചയം ഇന്ത്യക്കാകെ മാതൃകയാകുമ്പോൾ ഈ പദ്ധതി പൂർത്തിയാവുന്നതോടെ സംസ്ഥാനത്തിനുണ്ടാവുന്ന വികസന മുന്നേറ്റങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ?

ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിൽ ഒന്നാണ് ഗെയിൽ നടപ്പിലാക്കിയ കൊച്ചി - കുറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി. ടി പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമായതോടുകൂടി ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെകുറഞ്ഞതുമായ ഇന്ധനം ഗാർഹിക ആവശ്യങ്ങൾക്കും വാഹനങ്ങൾക്കും വ്യവസായ ശാലകൾക്കും ലഭ്യമാവുന്നതാണ്.

ഇതുകൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉത്തേജനം നല്കുന്നതാണ്. ഈ ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല നിലവിൽ വരുന്നതോടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും അതിലൂടെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ചെലവ് കുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെടാൻ സാധിക്കുകയും ചെയ്യും. പ്രകൃതി വാതക ഉപയോഗംമൂലം അന്തരീക്ഷ മലിനീകരണം വളരെയധികം കുറയും എന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല സംസ്ഥാന ഖജനാവിന് പ്രകൃതിവാതക ഉപയോഗത്തിന് അനുസൃതമായി നികുതി വരുമാനം ഗണ്യമായി ഉയരുന്നതാണ്. കൂടാതെ ടാങ്കർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ/ എൽ.പി.ജി. സിലിണ്ടർ അപകടങ്ങൾ ഗണ്യമായി കുറയുകയും കൂടാതെ എൽ.പി.ജി. ക്ഷാമത്തിന് പരിഹാരമാകുന്നതുമാണ്.

(ഡി) സിറ്റി ഗ്യാസ് ലൈൻ പദ്ധതി ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വീടുകളിലേയ്ക്കും വാഹനങ്ങൾക്കും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. പ്രസ്തുത കമ്പനിക്ക് പ്രകൃതി വാതകം നൽകാനായി പ്രധാന പൈപ്പിൽനിന്നും Tap off സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചുകഴിഞ്ഞു. വിതരണത്തിനായിട്ടുള്ള പൈപ്പ് ലൈൻ ശൃംഖല സ്ഥാപിക്കേണ്ട ചുമതല IOAGPL കമ്പനിക്കാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി AG&P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി പദ്ധതി നടപ്പിലാക്കാനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കേരള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട്

196 (215) ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് എത്ര സ്റ്റാർട്ടപ്പ് സംരംഭങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

2019-ലെ കേരള സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 2200 സ്റ്റാർട്ടപ്പ് സംരംഭങ്ങളാണുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന അവസരത്തിൽനിന്ന് എത്ര മടങ്ങ് വർദ്ധനയുണ്ടായെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം 300-ൽനിന്നും 9.66 മടങ്ങ് വർദ്ധിച്ച് നിലവിൽ 2900 ആയിട്ടുണ്ട്.

(സി) പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വഴി ഓരോ വർഷവും സംസ്ഥാനത്തിന് എത്ര തുകയുടെ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിന് സാധിച്ചുവെന്നറിയിക്കുമോ?

സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായ നിക്ഷേപത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെപ്പറയും പ്രകാരമാണ്:

| സാമ്പത്തിക വർഷം | തുക(കോടി രൂപയിൽ) |
|---|---|
| 2016-17 | 120 |
| 2017-18 | 285 |
| 2018-19 | 330 |
| 2019-20 | 523 |

**എൻഫോഴ്സ്മെന്റ് അന്വേഷണം**

197 (216) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കർ നേതൃത്വം നൽകിയ ഇ മൊബിലിറ്റി, ടോറസ് ഡൗൺ ടൗൺ, കെ ഫോൺ, കൊച്ചി സ്മാർട്ട് സിറ്റി എന്നീ പദ്ധതികളിൽ ഇ.ഡി. അന്വേഷണം നടത്തുന്നുണ്ടോ;

&

(ബി) ഇത് സംബന്ധമായി ഇ.ഡി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ?

(എ&ബി) Prevention of Money Laundering Act 2002- കീഴിലുള്ള ഒരു കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് ഇ മൊബിലിറ്റി, ടോറസ് ഡൗൺ ടൗൺ, കെ ഫോൺ, കൊച്ചി സ്മാർട്ട് സിറ്റി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെയുള്ള ചില രേഖകൾ ആവശ്യപ്പെട്ട് ഇ.ഡി. കത്ത് നല്കിയിരുന്നു.

(സി) എങ്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഇ-മൊബിലിറ്റി പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള EV Policy-യുടെ പകർപ്പ് ഇ.ഡി.-ക്ക് നല്കിയിട്ടുണ്ട്. മറ്റു പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ സംബന്ധിച്ച ചിലകാര്യങ്ങൾ സർക്കാർ ഇ.ഡി.-ക്ക് നല്കുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം

198 (217) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയുടെ 25% സംസ്ഥാന സർക്കാർ നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം, സംസ്ഥാന സർക്കാർ, കിഫ്ബി എന്നിവരുടെ പങ്കാളിത്തത്തിൽ 3-10-2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കാറുണ്ട്. സംസ്ഥാനത്തെ ദേശീയപാത പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റു പ്രവർത്തികളുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ?

പൂർത്തികരിച്ചതും നിലവിൽ പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഇതുവരെ എത്ര തുക ചിലവഴിക്കേണ്ടിവന്നിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾക്കായി ഇതുവരെ 525.70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു കൂടാതെ 604.90 കോടി രൂപ കൂടി റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 348.43 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആലപ്പുഴ ബൈപ്പാസ്, 352.05 കോടി രൂപ ചെലവിൽ പൂർത്തീകരിച്ച കൊല്ലം ബൈപ്പാസ് എന്നിവയുടെ ചെലവിന്റെ പകുതി സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കിയതാണ്. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണവും മേൽനോട്ടവും സംസ്ഥാന പൊതുമരാമത്ത് ദേശീയപാത വിഭാഗമാണ് ചെയ്യുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

199 (218) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ കാട്ടാക്കട, മാറനല്ലൂർ, വിളവൂർക്കൽ, വിളപ്പിൽ, പള്ളിച്ചൽ, മലയിൻകീഴ് എന്നീ ആറ് പഞ്ചായത്തുകളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

| ഗ്രാമപഞ്ചായത്ത് | പൂർത്തീകരിച്ച വീടുകൾ |
|---|---|
| കാട്ടാക്കട | 334 |
| മാറനല്ലൂർ | 263 |
| വിളവൂർക്കൽ | 153 |
| വിളപ്പിൽ | 195 |
| പള്ളിച്ചൽ | 531 |
| മലയിൻകീഴ് | 134 |
| ആകെ | 1610 |

(ബി) അനുവദിച്ച വീടുകൾ, പൂർത്തീകരിച്ച വീടുകൾ, പൂർത്തീകരിക്കേണ്ട വീടുകൾ എന്നീ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കേണ്ട വീടുകൾ |
|---|---|---|---|
| കാട്ടാക്കട | 378 | 334 | 44 |
| മലയിൻകീഴ് | 152 | 134 | 18 |
| മാറനല്ലൂർ | 277 | 263 | 14 |
| പള്ളിച്ചൽ | 555 | 531 | 24 |
| വിളപ്പിൽ | 212 | 195 | 17 |
| വിളവൂർക്കൽ | 154 | 153 | 1 |
| ആകെ | 1728 | 1610 | 118 |

## കെ-ഫോൺ പദ്ധതി

200 (219) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കെ-ഫോൺ പദ്ധതി നിലവിൽ 32%വരെ പൂർത്തിയായിട്ടുണ്ട്. കോവിഡ് കാരണമുണ്ടായ ലോക്ക്ഡൗൺ, തുടർച്ചയായ മഴ, കോവിഡുമൂലമുള്ള തൊഴിലാളികളുടെ ദൗർലഭ്യം എന്നിവ കാരണം സമയബന്ധിതമായി പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം 1000 സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തി ഫെബ്രുവരി 2021-ൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഈ പദ്ധതി നടപ്പിലായാൽ കേരളത്തിലെ പൊതുജനങ്ങൾക്കും സർക്കാരിനും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ?

കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1. എല്ലാ സർവ്വീസ് പ്രൊവൈഡർമാർക്കും (കേബിൾ ഓപ്പറേറ്റർ, ടെലികോം ഓപ്പറേറ്റർ, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ, കണ്ടന്റ് സർവ്വീസ് പ്രൊവൈഡർ) വിവേചനരഹിതമായി അവസരം നൽകുന്ന ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ചർ സംസ്ഥാനത്ത് നിലവിൽ വരും.

2. മേൽപ്പറഞ്ഞ കാരണംകൊണ്ട് അതിവേഗ ഇന്റർനെറ്റ്/ഇൻട്രാനെറ്റ് കണക്ഷൻ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

3. ഐ.ടി. പാർക്കുകൾ, എയർപോർട്ട്, തുറമുഖം, സ്മാർട്ട്സിറ്റി തുടങ്ങിയ പ്രധാന ഇടങ്ങളിൽ ഹൈസ്പീഡ് ബാന്റ് വിഡ്ത്ത് ലഭ്യമാകും.

4. 30,000 ത്തോളം സർക്കാർ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതുവഴി സർക്കാർ സേവനങ്ങളായ ഇ-ഹെൽത്ത്, ഇ-എഡ്യൂക്കേഷൻ മറ്റ് ഇ-സർവ്വീസുകൾ എന്നിവയ്ക്ക് കൂടുതൽ ബാന്റ് വിഡ്ത്ത് നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ കെ-ഫോൺ സഹായിക്കും.

5. ഉയർന്ന നിലവാരമുള്ള നിരീക്ഷണ ക്യാമറകൾ ഉൾപ്പെടുന്ന ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം കാര്യക്ഷമമാക്കാൻ കെ-ഫോൺ പദ്ധതി സഹായിക്കും.

6. സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ ഈ അടിസ്ഥാന സൗകര്യ വികസന പദ്ധതി സഹായകമാകും.

## ഡിജിറ്റൽ കേരളം

201 (220) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ ഡിജിറ്റൽ കേരളം എന്ന സ്വപ്ന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തികരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

സാങ്കേതിക രംഗത്ത് സംസ്ഥാനത്തിനെ ഡിജിറ്റലായി ശാക്തീകരിക്കുന്നതിനും ഗവണ്മെന്റ് സേവനങ്ങൾ ഇലക്ട്രോണിക് രീതിയിൽ പൗരന്മാർക്ക് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുമായി കേരള സർക്കാർ ആരംഭിച്ച ഒരു ക്യാമ്പെയ്നാണ് ഡിജിറ്റൽ കേരളം. ഡിജിറ്റൽ കേരളം പദ്ധതിക്ക് മൂന്ന് പ്രധാന ഘടകങ്ങളുണ്ട് - സുരക്ഷിതവും സുസ്ഥിരവുമായ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം, സർക്കാർ സേവനങ്ങൾ ഡിജിറ്റലായി വിതരണം ചെയ്യുക, സാർവത്രിക ഡിജിറ്റൽ സാക്ഷരത. 27-2-2016-ന് കോഴിക്കോട് സൈബർ പാർക്കിൽ അന്നത്തെ രാഷ്ട്രപതിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. പ്രണബ് മുഖർജി കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുകയും കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 'ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പെയിൻ'-ന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. സാധാരണ പൗരന്മാർക്ക് ഫലപ്രദമായി ഇന്റർനെറ്റ് ഉപയോഗിക്കാനും അതോടൊപ്പം തന്നെ സർക്കാർ, സ്വകാര്യ സേവനങ്ങൾ സുരക്ഷിതമായ രീതിയിൽ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി തുടക്കം കുറിച്ചത്. ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം കെ-ഫോൺ, കെ-സ്വാൻ (KSWAN), പബ്ലിക് വൈ-ഫൈ, സ്റ്റേറ്റ് ഡാറ്റ സെന്റർ എന്നിവയിലൂടെയും സർക്കാർ സേവനങ്ങൾ ഡിജിറ്റലായി വിതരണം ചെയ്യുന്നതിനായി ഇ-ഡിസ്ട്രിക്ട്, എം-കേരളം എന്നീ പദ്ധതികളിലൂടെയും സാധിച്ചിട്ടുണ്ട്. സാർവത്രിക ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായുള്ള ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പയിൻ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ ഉപയോഗിച്ചും നടപ്പിലാക്കിവരുന്നു.

## സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ

202 (221) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിലേയ്ക്ക് സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നവരെ ആകർഷിക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. ഇൻവെസ്റ്റർ കഫേ :

നിക്ഷേപം ആവശ്യമായ സ്റ്റാർട്ടപ്പുകൾക്ക് ഏയ്ഞ്ചൽ നിക്ഷേപകർ, വെഞ്ചർ ക്യാപിറ്റലിസ്റ്റ്സ് എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നതിനുള്ള അവസരമാണ് ഇൻവെസ്റ്റർ കഫേ. തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകളെയും നിക്ഷേപകരെയും ബന്ധപ്പെടുത്തി പ്രതിമാസം ഈ പരിപാടി നടത്തിവരുന്നു.

2. ഇഗ്നൈറ്റ് :

ഹൈ നെറ്റ് വർത്ത് ഇൻവെസ്റ്റർമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകി സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള വർക്ക്ഷോപ്പാണ് ഇഗ്നൈറ്റ്. പരിജ്ഞാനമുള്ള ഏയ്ഞ്ചൽ നിക്ഷേപകരുടെ സഹായത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

3. സീഡിംഗ് കേരള :

കേരള സ്റ്റാർട്ടപ്പ് മിഷൻ വാർഷികമായി സംഘടിപ്പിക്കുന്ന ഏയ്ഞ്ചൽ നിക്ഷേപകരുടെ സമ്മിറ്റാണ് സീഡിംഗ് കേരള. കേരളത്തിലെ ശേഷിയുള്ള നിക്ഷേപകരെ ഇന്ത്യയിലെ മറ്റ് നിക്ഷേപകരുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്ന പരിപാടിയാണിത്.

(ബി) 2020-ൽ പുതുതായി എത്ര സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് എത്തിയെന്നും അറിയിക്കുമോ?

2020-ൽ കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 499 ആണ്. ഈ സ്റ്റാർട്ടപ്പുകൾക്ക് മാത്രമായി ലഭ്യമായ നിക്ഷേപത്തിന്റെ വിശദാംശം ലഭ്യമല്ല. എന്നാൽ 2019-20 വർഷം സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് 523 കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്.

(സി) ചില വൻകിട കമ്പനികൾ അവരുടെ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതായും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്റ്റാർട്ടപ്പുകൾക്ക് സംസ്ഥാനം നൽകുന്ന സ്ഥാപനപരമായ സഹായവും നിയന്ത്രണങ്ങളിലെ ഇളവുകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന സഹായങ്ങൾ താഴെപ്പറയുന്നവയാണ്:

1. പൂർണ്ണമായി സജ്ജീകരിച്ച ഇൻകുബേഷൻ സൗകര്യവും അതിലൂടെ നൽകുന്ന മെന്ററിംഗ് സഹായവും.
2. ചുരുങ്ങിയ പലിശ നിരക്കിൽ സീഡ് ഫണ്ട് സഹായം.
3. പേറ്റന്റ് ഫയൽ ചെയ്യുന്നതിനുള്ള സഹായം.
4. അന്തർദേശീയ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള സഹായം.
5. നിക്ഷേപകരുമായി ബന്ധപ്പെടുത്തി നിക്ഷേപം ലഭ്യമാകുന്നതിനുള്ള സഹായം.
6. ആശയം ആദ്യമാതൃകയായി വികസിപ്പിക്കുന്നതിനുള്ള ഐഡിയ ഗ്രാന്റ്.
7. ആദ്യ മാതൃക ഉൽപ്പന്നമായി വികസിപ്പിക്കുന്നതിനുള്ള പ്രോഡക്ടൈസേഷൻ ഗ്രാന്റ്
8. ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിനുള്ള സ്കെയിലപ് ഗ്രാന്റ്
9. വിപണനത്തിനുള്ള സഹായം.
10. വിവിധ വർക്ക്ഷോപ്പുകളും പരിശീലനങ്ങളും
11. ബിസിനസ് ആവശ്യത്തിനായി വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുള്ള സഹായം.

സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുള്ള ഇളവുകൾ താഴെപ്പറയുന്നവയാണ് :

1. സർക്കാർ വകുപ്പുകളും ഏജൻസികളും പ്രസിദ്ധീകരിക്കുന്ന ടെൻഡറുകളിൽ സ്റ്റാർട്ടപ്പുകളിൽ അവസരം ലഭിക്കുന്നതിനായി മുൻപരിചയം, EMD, Bid security deposit എന്നിവയ്ക്ക് ഇളവ് നൽകിയിട്ടുണ്ട്.
2. 20 ലക്ഷം രൂപവരെ മൂല്യമുള്ള ഉൽപ്പന്നങ്ങൾ സ്റ്റാർട്ടപ്പുകളിൽനിന്നും സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും നേരിട്ട് വാങ്ങുന്നതിനുള്ള അനുമതി.
3. ഒരു കോടി രൂപവരെ മൂല്യമുള്ള വിവരസാങ്കേതിക വിദ്യാനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റാർട്ടപ്പുകൾക്കായുള്ള ലിമിറ്റഡ് ടെൻഡർ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കുമുള്ള അനുമതി.

## സ്പ്രിംഗ്ളർ കരാർ

203(222) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മായി ബന്ധപ്പെട്ട് ബിഗ് ഡേറ്റ അനാലിസിസിന് സ്പ്രിംഗ്ളർ കമ്പനിയുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിരുന്നോ?

കോവിഡ്-19 മായി ബന്ധപ്പെട്ട് വിവര വിശകലനത്തിനായി സ്പ്രിംഗ്ലർ കമ്പനി സൗജന്യമായി വാഗ്ദാനംചെയ്ത പ്രസ്തുത സേവനത്തിന്റെ ലഭ്യതയ്ക്കാവശ്യമായ പർച്ചേസ് ഓർഡർ കമ്പനിയുമായി ഐ.ടി. വകുപ്പ് ഒപ്പുവച്ചിരുന്നു.

(ബി) ക്യാബിനറ്റിന്റെ അനുമതി വാങ്ങാതെ ഐ.ടി. സെക്രട്ടറി സ്വന്തം നിലയ്ക്കാണോ ഇത്തരത്തിൽ ഒരു വിദേശ കമ്പനിയുമായി കരാർ ഒപ്പുവച്ചത്; ഐ.റ്റി. സെക്രട്ടറിയുടെ നടപടി നിയമാനുസൃതമാണോയെന്ന് അറിയിക്കുമോ;

(സി) കോവിഡ്-19-മായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ കഴിഞ്ഞവരുടെയും രോഗികളുടെയും ആരോഗ്യവിവരങ്ങൾ അടങ്ങിയ വിശദാംശം സ്പ്രിംഗ്ളർ കമ്പനിക്ക് കൈമാറിയിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത ഡാറ്റ അമേരിക്കൻ കമ്പനിക്ക് കൈമാറിയത് കമ്പനിയുമായി കരാർ ഒപ്പ് വയ്ക്കുന്നതിന് മുമ്പായിരുന്നോ; ഇതിനുള്ള അടിയന്തര സാഹചര്യം എന്തായിരുവെന്ന് അറിയിക്കുമോ?

(ബി-ഡി) കോവിഡ് രോഗവ്യാപന നിയന്ത്രണത്തിൽ സമയബന്ധിതമായ ഇടപെടൽ പ്രധാനമാണ്. സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിൽ താമസമുണ്ടാകുന്നത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. കൂടാതെ കോവിഡ് രോഗവ്യാപനം രൂക്ഷമാകുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഉൾപ്പെടെ പല സ്ഥാപനങ്ങളുടെയും മുന്നറിയിപ്പിനെത്തുടർന്ന് കോവിഡിനെ നേരിടാനാവശ്യമായ വിവരശേഖരണത്തിനും വിവരവിശകലനത്തിനും നടപടികളുടെ നിർവ്വഹണത്തിനും ലഭ്യമാക്കാനാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടത് അന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരുന്നു. അസാധാരണവും അനിയന്ത്രിതവുമായ ഈ സ്ഥിതിവിശേഷത്തിലാണ് ഐ.റ്റി. സെക്രട്ടറി സ്പ്രിംഗ്ളർ എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ചത്. ഐ.ടി. വകുപ്പിന് കീഴിലുള്ള വകുപ്പു മേധാവികളുടേയും ആരോഗ്യം തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടേയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രതിനിധികൾ ഉൾപ്പെട്ട യോഗങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ആമസോൺ ക്ലൗഡ് സർവ്വറിൽ പ്രവർത്തിക്കുന്ന സോഫ്റ്റ് വെയർ ആസ് എ സർവീസ് (SaaS) ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിന്റെ സേവനം

ഉപയോഗിക്കുന്നതിനുള്ള പർച്ചേസ് ഓർഡർ 25-3-2020 തീയതി പ്രാബല്യത്തോടെ 2-4-2020-ലാണ് ഒപ്പ് വച്ചിട്ടുള്ളത്. 25-3-2020 മുതൽ ശേഖരിച്ച ഡാറ്റാകളുടെ സുരക്ഷിതത്വം ഒപ്പുവയ്ക്കപ്പെട്ട പർച്ചേസ് ഓർഡറിലെ വ്യവസ്ഥകൾക്ക് വിധേയമാണ്.

(ഇ) പ്രസ്തുത കരാറിൽ ഏർപ്പെടുന്നതിനുമുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; രാജ്യാന്തരകരാറിൽ ഏർപ്പെടുന്നതിനുമുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ആരായേണ്ടതില്ലേയെന്ന് വ്യക്തമാക്കുമോ?

സ്പ്രിംഗ്ളർ എന്ന കമ്പനി നൽകുന്ന സേവനത്തിന്റെ ലഭ്യതയ്ക്കാവശ്യമായ പർച്ചേയ്സ് ഓർഡർ കമ്പനിയുമായി ഒപ്പ് വച്ചിരുന്നു. ആറ് മാസത്തേയ്ക്ക് സൗജന്യ മായാണ് പ്രസ്തുത സോഫ്റ്റ് വെയർ കമ്പനി നൽകിയത്. സേവനങ്ങൾക്ക് വേണ്ടിയുള്ള പർച്ചേയ്സ് ഓർഡർ നൽകുന്നതിന് ഭരണവകുപ്പ് തലവന് അധികാരമുണ്ട്. ഒരു സേവനത്തിന്റെ ഉപയോഗത്തിനായുള്ള പർച്ചേയ്സ് ഓർഡർ ഒരു ഭരണ വകുപ്പ് നൽകുന്നതിനാൽ നിയമവകുപ്പ് പരിശോധിക്കേണ്ടതാണെന്നുള്ള വ്യവസ്ഥ നിലവിൽ സർക്കാർ സംവിധാനത്തിൽ ഇല്ല.

## ഐ.ടി. പാർക്കുകളിലെ വിസ്തൃതി

204(225) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഐ.ടി. പാർക്കുകളുടെ വിസ്തൃതി എത്ര ചതുരശ്രയടിയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ മൂന്ന് ഗവൺമെന്റ് ഐ.ടി പാർക്കുകളിലുമായി 145.22 ലക്ഷം ച.അടി അടിസ്ഥാന കെട്ടിട സൗകര്യങ്ങൾ ഉണ്ടായിരുന്നു. (ടെക്നോപാർക്ക് 85.1 ലക്ഷം ച.അടി, ഇൻഫോപാർക്ക് 60 ലക്ഷം ച.അടി, സൈബർപാർക്ക് 12000 ച.അടി).

(ബി) ഇപ്പോൾ എത്ര ചതുരശ്രയടിയായി വികസിപ്പിച്ചിട്ടുണ്ട്?

ഈ കാലയളവിൽ പുതുതായി വികസിപ്പിച്ച 52.48 ലക്ഷം ച.അടി ഉൾപ്പെടുത്തി മൂന്ന് ഐ.ടി പാർക്കുകളുടെ വിസ്തൃതി ഇപ്പോൾ 197.70 ലക്ഷം ച.അടി ആയി വർദ്ധിച്ചിട്ടുണ്ട്. (ടെക്നോപാർക്ക് 17.6 ലക്ഷം ച.അടി, ഇൻഫോപാർക്ക് 32 ലക്ഷം ച.അടി, സൈബർപാർക്ക് 2.88 ലക്ഷം ച.അടി എന്നിങ്ങനെ ഈ കാലയളവിൽ വികസിപ്പിച്ചിട്ടുണ്ട്).

(സി) തുടർന്ന് എത്രയടിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ടെക്നോപാർക്ക് 91 ലക്ഷം ച.അടി, ഇൻഫോപാർക്ക് 12.12 ലക്ഷം ച.അടി സൈബർ പാർക്ക് 3 ലക്ഷം ച.അടി എന്നിങ്ങനെ മൂന്ന് ഐ.ടി പാർക്കുകളിലെ തുടർ പദ്ധതികളിലൂടെ ഏകദേശം 106.12 ലക്ഷം ച.അടി വർദ്ധനവുകൂടി ലക്ഷ്യമിടുന്നു.

## കോവിഡ് -19

205 (227) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരി തടയുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധ സ്ഥിതീകരിക്കുന്നതിന് മുൻപ്, ലോകാരോഗ്യ സംഘടനയിൽനിന്നും കൊറോണ വൈറസിനെക്കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾതന്നെ കേന്ദ്രത്തിൽനിന്നും NCDC-യിൽനിന്നുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ജില്ലകളിലേയ്ക്കും ലഭ്യമാക്കുകയും ജാഗ്രതാ നിർദ്ദേശം നൽകുകയും അതനുസരിച്ചുള്ള തയ്യാറെടുപ്പുകൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുകയും ചെയ്തു. വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും വിദേശത്തുനിന്നും മടങ്ങിയെത്തുന്നവരുടെ സ്ക്രീനിംഗും ആരംഭിച്ചു. ആരോഗ്യ വകുപ്പിലേയും അനുബന്ധ വകുപ്പുകളിലേയും ജീവനക്കാർക്കുവേണ്ടി കോവിഡ് നിയന്ത്രണ പ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കുകയും ചെയ്തു. കോവിഡ്-19 രോഗ വ്യാപനം തടയുന്നതിന് സംസ്ഥാനമൊട്ടാകെയുള്ള ജനങ്ങളുടെ പങ്കാളിത്തം ഉൾക്കൊള്ളിച്ച് "ബ്രേക്ക് ദി ചെയിൻ, SMS എന്നീ ക്യാമ്പെയിനുകൾ സംഘടിപ്പിക്കുകയും പ്രസ്തുത ക്യാമ്പെയിനുകൾ നിലവിലും ആവർത്തിച്ചുവരികയും ചെയ്യുന്നു. രോഗ വ്യാപനത്തിനെതിരെ എല്ലാവിധ ദൃശ്യ-ശ്രവ്യ, സാമൂഹിക മാധ്യമങ്ങൾ വഴിയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ സെല്ലും എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകളും സജ്ജീകരിക്കുകയും ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും സംസ്ഥാന തലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. ജനങ്ങളുടെ സംശയനിവാരണത്തിനായി ഇതിന്റെ

സേവനം ഉപയോഗപ്പെടുത്തിവരുന്നു. കോവിഡ് ബാധിതർക്കായി സംസ്ഥാനത്തുട നീളം സൗജന്യ ക്വാറന്റൈൻ കേന്ദ്രങ്ങളും CFLTC-കളും സജ്ജീകരിക്കുകയും എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കൂടാതെ പ്രൈവറ്റ് ലാബുകളിലെ പരിശോധന നിരക്കുകൾ സർക്കാർ ഉത്തരവിലൂടെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ടെസ്റ്റുകളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കുകയും രോഗവ്യാപനം ഫലപ്രദമായി തടയുന്നതിനാ വശ്യമായ എല്ലാ പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റേയും WHO-യുടേയും നിർദ്ദേ ശങ്ങൾക്കനുസൃതമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. സംസ്ഥാനത്തുടനീളം ആരോഗ്യ പ്രവർത്തകർക്കുള്ള സുരക്ഷാ ഉപകരണങ്ങളുടേയും മരുന്നുകളുടേയും പരിശോധനാ കിറ്റുകളുടേയും ലഭ്യത ഉറപ്പാക്കുകയും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്ന തിനായി കരാർ ജീവനക്കാരെ നിയമിക്കുകയും ചെയ്തു. കോവിഡ് രോഗികളുടെയും നിരീക്ഷണത്തിൽ കഴിയുന്നവരുടേയും മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി "ഒറ്റയ്ക്കല്ല - ഒപ്പമുണ്ട്" എന്ന ക്യാമ്പെയിനും സ്റ്റേറ്റ് മെന്റൽ ഹെൽത്തിന്റെ കീഴിൽ നടന്നുവരുന്നു. കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തിവരുന്നതിന്റെ ഭാഗമായി പ്രതിരോധത്തിൽ ഏറ്റവും പ്രധാനപ്പെട്ട പി.പി.ഇ. കിറ്റുകൾ, എൻ 95 മാസ്ക്, 3 ലെയർ മാസ്ക്, സാനിറ്റൈസർ, ഗ്ലൗസുകൾ തുടങ്ങി 15 ഓളം സുരക്ഷാ ഉപാധികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ സംഭരിച്ച് വിതരണം ചെയ്തു വരുന്നു. രോഗികളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് അവരുടെ ചികിത്സയ്ക്കായി രോഗ തീവ്രതയനുസരിച്ച് പലതലങ്ങളിലുമുള്ള ചികിത്സാ സൗകര്യങ്ങൾക്കായി CFLTC, CSLTC, കോവിഡ് ആശുപത്രികൾ തുടങ്ങിയവ സജ്ജമാക്കി. വെന്റിലേറ്റർ & ക്രിട്ടിക്കൽ കെയർ ഉപകരണങ്ങൾ പൾസ് ഓക്സിമീറ്റർ & ഓക്സിജൻ എന്നിവയുടെ ലഭ്യത എന്നിവ ഉറപ്പാക്കി. കോവിഡ് രോഗികൾക്ക് രോഗതുടർച്ചയായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും വേണ്ട ചികിത്സാ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾമൂലം മരണനിരക്ക് കുറയ്ക്കാനായിട്ടുണ്ടോ?

ഉണ്ട്. ആരോഗ്യ വകുപ്പിന്റേയും ഇതര വകുപ്പുകളുടേയും സംയോജിതമായ ആത്മ സമർപ്പണത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ കോവിഡ് വ്യാപനം നിയന്ത്രിക്കു ന്നതിനും, മരണനിരക്ക് കുറയുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ നിലവിലെ മരണ നിരക്ക് 0.4 % മാത്രമാണ്.

## ആരോഗ്യപ്രവർത്തകരിലെ കോവിഡ് ബാധ

206 (228) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ :

(എ) കോവിഡ് രോഗം പകരുന്നതിന് ഏറ്റവും കൂടുതൽ സാധ്യതയുള്ളത് ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ആണെന്നിരിക്കെ ഇവരിലേക്ക് രോഗം പകരുന്നത് തടയുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

എല്ലാ ആരോഗ്യപ്രവർത്തകർക്കും കോവിഡ് രോഗപ്രതിരോധ നിയന്ത്രണ ത്തോടനുബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. ആരോഗ്യ-പ്രവർത്തകർക്കാവശ്യമായ സ്വയരക്ഷാ മാനദണ്ഡ പ്രകാരമുള്ള PPE കിറ്റ് ഉൾപ്പെടെയുള്ള എല്ലാ പ്രതിരോധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രികളിൽ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ഉറപ്പുവരുത്തുകയും ആശുപത്രികളിൽ അണുബാധ നിയന്ത്രണ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുകയും ഇത് കൃത്യമായി നടപ്പിലാക്കുന്നതിനായി infection control committee-കളെ ചുമതലപ്പെടുത്തി, ആശുപത്രികളിലെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനവും നടത്തിവരുന്നു. എന്തെങ്കിലും രോഗലക്ഷണങ്ങൾ കാണുന്ന ജീവനക്കാർക്ക് കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പരിശോധനയും ചികിത്സയും നൽകിവരുന്നു. കോവിഡുമൂലം മരണപ്പെടുന്ന ജീവനക്കാർക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതിനകം എത്ര ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും കോവിഡ് ബാധയുണ്ടായെന്നും അതിൽ എത്ര പേർ മരണപ്പെട്ടുവെന്നും വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് 5-1-2021 വരെ ഡോക്ടർമാർ. നേഴ്സുമാർ. പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുൾപ്പെടെ ആകെ 14158 ജീവനക്കാർക്ക് കോവിഡ് ബാധിച്ചിട്ടുണ്ട്. അതിൽ ആകെ 10 പേർ മരണപ്പെട്ടതിൽ 6 പേർ സർക്കാർ മേഖലയിലും 4 പേർ സ്വകാര്യമേഖലയിലും ജോലി ചെയ്യുന്നവരാണ്.

(സി) കോവിഡ് വാക്സിൻ നൽകുന്നതിനുള്ള പ്രാഥമിക പരിഗണന ആരോഗ്യ പ്രവർത്തകർക്കാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിലെ എത്ര ആരോഗ്യപ്രവർത്തകർ ഇതിനായി രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് വാക്സിൻ നൽകുന്നതിനുള്ള പ്രാഥമിക പരിഗണന സർക്കാരിലും സ്വകാര്യ മേഖലയിലുള്ള ആശുപത്രി ജീവനക്കാർ, ആരോഗ്യപ്രവർത്തകർ എന്നിവർക്കാണ്. 7-1-2021 വരെ സർക്കാർ മേഖലയിൽ 167751 (ഒരു ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി അൻപത്തി ഒന്ന്) ആരോഗ്യ പ്രവർത്തകർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവരും സ്വകാര്യമേഖലയിലെ 187146 (ഒരു ലക്ഷത്തി എൺപത്ത് ഏഴായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി ആറ്) പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## മട്ടാഞ്ചേരി കോവിഡ് ആശുപത്രി

207(229) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയെ കോവിഡ് ആശുപത്രിയായി മാത്രം മാറ്റാൻ എം.എൽ.എ.-യുടെ 2020-21-ലെ ആസ്തി വികസന ഫണ്ടിൽനിന്നും 1.50 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തി യിന്മേൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

&

(ബി) ആയത് എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കോവിഡ് ആശുപത്രിയാക്കി മാത്രം മാറ്റാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലം പൈതൃക മേഖലയിലുൾപ്പെട്ടിട്ടുള്ളതിനാൽ Ministry of Culture National Monuments Authority യുടെ എൻ.ഒ. സി ലഭിക്കുന്നതിനുള്ള ഒരു പ്രപ്പോസൽ പ്രസ്തുത അധികാരികൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോവിഡ് വാക്സിൻ

208 (230) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-നെതിരായുള്ള വാക്സിൻ സംസ്ഥാനത്ത് എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2021 ജനുവരി 16-ാം തീയതിമുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) വാക്സിൻ വിതരണത്തിന് സംസ്ഥാനസർക്കാർ എന്തൊക്കെ ക്രമീകര ണങ്ങളാണ് ഇതിനകം ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ 12 കേന്ദ്രങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ 11 കേന്ദ്രങ്ങൾ വീതവും ബാക്കി ജില്ലകളിൽ 9 കേന്ദ്രങ്ങൾ വീതവും ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 133 കേന്ദ്രങ്ങളാണ് കോവിഡ് വാക്സിനേഷനായി സജ്ജമാക്കിയിരിക്കുന്നത്. പൂനെ സിറം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നുള്ള കോവിഷീൽഡ് (Covishield) വാക്സിനാണ് കേരളത്തിൽ നൽകുന്നത്. 14-1-2021 വരെ കോവിഡ് വാക്സിനേഷനായി 3,74,603 പേരാണ് രജിസ്റ്റർ ചെയ്തത്. കോവിഡ് വാക്സിൻ വിതരണത്തിന് സംസ്ഥാനത്ത് വിവിധ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. വാക്സിൻ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും തയ്യാറെടുപ്പുകൾ സംസ്ഥാനത്തിലും ജില്ലകളിലും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകി വിവിധ ജില്ലകളിൽ പരിശീലന പരിപാടികൾ നടന്നുവരുന്നു. കോവിഡ് വാക്സിൻ നൽകുന്നതിന് മുന്നോടിയായി ഡ്രൈ റൺ എല്ലാ ജില്ലകളിലും നടത്തി. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആരോഗ്യ പ്രവർത്തകരുടെ രജിസ്ട്രേഷൻ നടത്തി. കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച ഐ.എൽ.ആർ. (ILR), വാക്സിൻ ക്യാരിയർ, കോൾഡ് ബോക്സ്(Cold box) തുടങ്ങിയ കോൾഡ് ചെയിൻ ഉപകരണങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും ലഭിച്ച 14 (പതിനാല്) ലക്ഷം ഓട്ടോ ഡിസേബിൾ സിറിഞ്ചുകൾ ജില്ലാടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നു.

(സി) ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത കോവിഡ് വാക്സിനോ, ഏതെങ്കിലും വിദേശകമ്പനി വികസിപ്പിച്ചെടുത്ത വാക്സിനോ, സംസ്ഥാനത്ത് ഇതിനകം പരീക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിലാണ് ഇപ്രകാരം പരീക്ഷിച്ചത്?

ഇല്ല.

(ഡി) ഇതിനകം ഏതൊക്കെ കമ്പനികളുടെ വാക്സിൻ മനുഷ്യരിൽ പരീക്ഷിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ ജനറൽ അനുമതി നൽകിയെന്ന് അറിയിക്കുമോ?

ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത M/s. Bharat Biotech-ന്റെ Covaxin, M/s. Serum Institute of India-യുടെ Covishield എന്നീ വാക്സിനുകൾക്ക് മനുഷ്യരിൽ പരീക്ഷിക്കുന്നതിനായി Phase II/III Clinical trial-കൾക്കുള്ള അനുമതി ഡ്രഗ്സ് കൺട്രോളർ ജനറൽ(ഇന്ത്യ) അനുവദിച്ചിട്ടുണ്ട്. കൂടാതെ M/s. Zydus Cadila-യുടെ Zycov-D എന്ന Vaccine-ന് Phase-I Clinical trial നടത്തുന്നതിനുള്ള അനുമതിയും ഡ്രഗ്സ് കൺട്രോളർ ജനറൽ(ഇന്ത്യ) അനുവദിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് കോവിഡ് വാക്സിൻ നൽകുന്നതിന് മുൻഗണനയെന്ന് വ്യക്തമാക്കുമോ?

ആദ്യ ഘട്ടത്തിൽ ആശുപത്രി ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കാണ് നൽകുന്നത്. ആശാപ്രവർത്തകർ അങ്കണവാടി പ്രവർത്തകരെയും ആരോഗ്യപ്രവർത്തകരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ മുൻനിര പ്രവർത്തകർക്ക് (ഫ്രണ്ട് ലൈൻ വർക്കേഴ്സ്) കോവിഡ് വാക്സിൻ ലഭിക്കും. ഇതിനായുള്ള രജിസ്ട്രേഷൻ അതാത് വകുപ്പുകൾ നടത്തിവരുന്നു. ഇതിൽ സൈനികർ, പോലീസ്, ഹോംഗാർഡ്, ജയിൽ ജീവനക്കാർ, മുനിസിപ്പാലിറ്റി മുൻനിര പ്രവർത്തകർ, റവന്യൂ ജീവനക്കാർ, സിവിൽ ഡിഫൻസ് ഓർഗനൈസേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ 50 വയസ്സോ, അതിൽ കൂടുതൽ പ്രായമുള്ളവരെയും 50 വയസ്സിൽ താഴെയുള്ള ഡയബറ്റിസ്, രക്ത സമ്മർദ്ദം, ക്യാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) 10 വയസ്സിന് താഴെയുള്ളവർക്കും 65 വയസ്സിന് മുകളിലുള്ളവർക്കും വാക്സിൻ നൽകുന്നകാര്യം തല്ക്കാലം പരിഗണിക്കുന്നില്ലെയെന്ന വാർത്ത വസ്തുതാപരമാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്?

വസ്തുതാപരമല്ല.

## പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ

209 (231) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗമുക്തരായവരിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ ?

ഉണ്ട്. കോവിഡ് രോഗമുക്തി വന്ന രോഗികളിൽ പലവിധങ്ങളായ ആരോഗ്യപ്രശ്നങ്ങൾ കണ്ടുവരുന്നുണ്ട്. ഇവയെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ കിതപ്പ്, പേശീവേദന, തലവേദന, ചുമ തുടങ്ങിയ സാധാരണ ലക്ഷണങ്ങൾ മുതൽ ഹൃദ്രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ തുടങ്ങിയ ഗുരുതര രോഗങ്ങളും ഉൾപ്പെടുന്നു.

(ബി) കോവിഡ് രോഗം ഭേദമായവർക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ചികിത്സിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ ?

ഉണ്ട്. കോവിഡ് മുക്തരായ എല്ലാ ആളുകൾക്കും പിന്നീട് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൽ പരിഹരിക്കുന്നതിന് പ്രാഥമിക തലം മുതൽ മെഡിക്കൽ കോളേജുകൾ വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിൽ കോവിഡ് മുക്തരായ രോഗികളെ ആശാപ്രവർത്തകരുടെ സഹായത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ എത്തിക്കുകയും അവിടെ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. പരിഹരിക്കപ്പെടുന്ന നിസാര രോഗലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും തുടർ ചികിത്സ വേണ്ടി വരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേക്ക് റഫർ ചെയ്യുന്നു. ഈ ആശുപത്രികളിൽ എല്ലാ സ്പെഷ്യലിസ്റ്റുകളും അടങ്ങുന്ന ഒരു ടീം രോഗികളെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. എഴുപത്തി മൂവായിരത്തിൽപ്പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പോസ്റ്റ് കോവിഡ് സിൻഡ്രോം ഗുരുതരമായതിനാൽ ഇത്തരം ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ ?

പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ വിദഗ്ദ്ധ ചികിത്സ വേണ്ടിവരുന്ന ഗുരുതര രോഗങ്ങൾ താരതമ്യേന എണ്ണത്തിൽ കുറവാണ്. ഇതുവരെ ജില്ലാതല ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമാണ് ചികിത്സിക്കുന്നത്. നാളിതുവരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ വന്നിട്ടുള്ള രോഗികളെ ചികിത്സിക്കുന്നതിനുള്ള സംവിധാനം ആരോഗ്യവകുപ്പിൽ നിലവിലുണ്ട്.

## കോവിഡ് രോഗികളുടെ ചികിത്സ

210 (232) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ രോഗികളുടെ ചികിത്സയ്ക്കായി എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കോവിഡ് First Line Treatment Centre (CFLTC) (A) പ്രാഥമിക തലത്തിൽ മിതമായ ലക്ഷണങ്ങളുള്ള കോവിഡ് രോഗികളുടെ ചികിത്സയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു. കുറെക്കൂടി ഗൗരവമുള്ള ലക്ഷണങ്ങളുള്ള രോഗികളെ കോവിഡ് Second Line Treatment Centre (B) ലാണ് ചികിത്സിക്കുന്നത്. കൂടുതൽ ഗൗരവമുള്ള രോഗികളുടെ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകളിൽ വെന്റിലേറ്റർ ഉൾപ്പെടെയുള്ള ക്രിട്ടിക്കൽ കെയർ (C) സൗകര്യങ്ങൾ ഗണ്യമായ രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ് ഹോസ്പിറ്റൽ, അതർ ഗവൺമെന്റ് ഹോസ്പിറ്റൽ, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, കോവിഡ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, ഡൊമിസിലിയറി കെയർ സെന്റർ, അതർ പ്രൈവറ്റ് ഹോസ്പിറ്റൽ എന്നീ 574 ഹോസ്പിറ്റലുകളിലായി 55484 -ഓളം കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ അടക്കമുള്ളവരുടെ സേവനം കൂടുതലായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വെന്റിലേറ്ററോടുകൂടിയ ഐ.സി.യു. കിടക്കകളുടെ എണ്ണം സർക്കാർ അധീനതയിലുള്ള ആശുപത്രികളിൽ എത്രയാണെന്ന് അറിയിക്കാമോ; ആയത് നിലവിലുള്ള സാഹചര്യത്തിൽ പര്യാപ്തമാണെന്ന് വിലയിരുത്തുന്നുണ്ടോ?

സർക്കാർ ആശുപത്രികളിലായി 2609 ICU കിടക്കകളും 1363 വെന്റിലേറ്ററുകളും ഉണ്ട്. നിലവിലെ സാഹചര്യത്തിൽ ഇത് പര്യാപ്തമാണ്.

(ഡി) കോവിഡ് രോഗികളെ പരിചരിക്കുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും എന്തെങ്കിലും പ്രത്യേക ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങൾ അനുവദിച്ച മാതൃകയിൽ ആനുകൂല്യങ്ങൾ കേരളത്തിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് രോഗികളെ പരിചരിക്കുന്ന സർക്കാർ മേഖലയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഡ്യൂട്ടി കാലയളവിൽ കോവിഡുമൂലം മരണം സംഭവിക്കുകയാണെങ്കിൽ 50 ലക്ഷം രൂപയുടെ ആനുകൂല്യം ജീവനക്കാരന്റെ കുടുംബത്തിന് ലഭിക്കുന്നതാണ്.

## കോവിഡ് ടെസ്റ്റുകൾ

211 (233) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ സർക്കാർ മുൻകൈ എടുത്ത് എത്ര കോവിഡ് ടെസ്റ്റുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ആയത് ടെസ്റ്റുകളുടെ ടൈപ്പ് അനുസരിച്ച് വിശദമാക്കാമോ?

7-1-2021 വരെ ആകെ 82,85,394 (എൺപത്തി രണ്ട് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി നാല്) ടെസ്റ്റുകൾ പൂർത്തീകരിച്ചു. ടെസ്റ്റുകളുടെ ടൈപ്പ് അനുസരിച്ച് എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഓരോ ടൈപ്പ് ടെസ്റ്റുകൾക്കും ഒന്നിന് വീതം സർക്കാരിന് ചെലവാകുന്ന തുക എത്രയെന്ന് വിശദാമാക്കാമോ?

കോവിഡ് 19 ടെസ്റ്റ് ചെയ്യുന്നതിന് ആർ.ടി.പി.സി.ആർ. ടെസ്റ്റ്, ട്രൂനാറ്റ് ടെസ്റ്റ്, ജീൻ എക്സ്പെർട്ട്/സി.ബി. നാറ്റ് ടെസ്റ്റ്, റാപ്പിഡ് ടെസ്റ്റ് കാർഡ് - ആന്റിജൻ എന്നീ 4 തരത്തിലുള്ള ടെസ്റ്റ് കിറ്റുകൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും നൽകുന്ന വിലയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) കോവിഡ് ടെസ്റ്റ് ചെയ്യുന്നതിനായി ഇതുവരെ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ് പ്രതിരോധത്തിനായി നാഷണൽ ഹെൽത്ത് മിഷന് കേന്ദ്രവിഹിതമായി ലഭിച്ച തുക ഉപയോഗിച്ച് കോവിഡ് ടെസ്റ്റുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ വഴി നടത്തിയിട്ടുണ്ട്.

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ആരോഗ്യ ദൗത്യം വഴി കോവിഡ് പരിശോധനയ്ക്കായി റിസർച്ച് ഓഫീസർ, മൈക്രോ ബയോളജിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലീനിംഗ് സ്റ്റാഫ്, സ്റ്റാഫ് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.
2. എത്തിപ്പെടാൻ കഴിയാത്ത ജില്ലകളിൽ സാമ്പിൾ ശേഖരണ കിയോസ്ക് വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്.
3. ലാബുകളിൽ ആവശ്യത്തിന് മരാമത്ത് വർക്കുകൾ ചെയ്തിട്ടുണ്ട്.
4. എല്ലാ ജില്ലകളിലും മൊബൈൽ മെഡിക്കൽ ആന്റ് സർവ്വയിലൻസ് യൂണിറ്റുകൾ നൽകിയിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോവിഡ് 19 രണ്ടാംഘട്ട വരവ്

212 (234) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19 വൈറസിന് ജനിതകമാറ്റം സംഭവിച്ച് രണ്ടാംഘട്ട വരവിനുള്ള സാധ്യതയുള്ളതിനാൽ ഇത് പ്രതിരോധിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിക്കാമോ?

കേന്ദ്രസർക്കാരിന്റെ 22-12-2020-ലെ standard operating procedure പ്രകാരം ബ്രിട്ടണിൽനിന്നുള്ള വിമാന സർവ്വീസ് പൂർണ്ണമായും നിരോധിക്കുകയും 8-1-2021-മുതൽ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടണിൽനിന്നും വരുന്ന യാത്രക്കാരെ നിർബന്ധിത RTPCR പരിശോധനയ്ക്ക് വിധേയരാക്കുകയും പരിശോധനാ ഫലംവരുന്നതുവരെ വിമാനത്താവള പരിധിയിൽത്തന്നെ Paid Quarantine-ൽ താമസിപ്പിക്കുകയും ചെയ്യുന്നു. പരിശോധനാഫലം പോസിറ്റീവ് ആകുന്നതുവരെ അതേ ജില്ലയിൽത്തന്നെ single room isolation-ൽ പാർപ്പിക്കുകയും നെഗറ്റീവ് ആകുന്നതുവരെ സംസ്ഥാനത്ത് ചികിത്സാ മാനദണ്ഡ പ്രകാരമുള്ള ചികിത്സ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധനാഫലം നെഗറ്റീവ് ആയവരെ 14 ദിവസം Institutional Quarantine-ൽ താമസിപ്പിക്കാനും ആ കാലയളവിൽ വീണ്ടും രോഗലക്ഷണങ്ങൾ കാണുന്ന പക്ഷം വീണ്ടും RTPCR പരിശോധനാഫലം പോസിറ്റീവാണെങ്കിൽ ജനിതകമാറ്റം സംഭവിച്ച കോവിഡ് വൈറസിന്റെ സാന്നിദ്ധ്യമുണ്ടോയെന്ന് സ്ഥിരീകരിക്കുന്നതിനായി സാമ്പിൾ ശേഖരിച്ച് പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയ്ക്കാൻവേണ്ട നടപടകിൾ സ്വീകരിച്ചിട്ടുണ്ട്. പോസിറ്റീവാകുന്നവരുടെ FLIGHT contact ഉൾപ്പെടെ സമ്പർക്കപട്ടിക തയ്യാറാക്കി അവരെ പ്രത്യേകം 14 ദിവസം നിരീക്ഷിക്കാനും രോഗലക്ഷണമുള്ളവരെ അവർക്ക് ചികിത്സയും അവരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കയച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എല്ലാ വിമാനങ്ങളും കൃത്യമായ time gap പാലിക്കുന്നതിനും വിമാനത്താവളത്തിൽ ജനക്കൂട്ടം ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കണക്ഷൻ ഫ്ലൈറ്റിൽ എത്തുന്നവരെ കണ്ടെത്തുന്നതിന് self declaration form എല്ലാ യാത്രാക്കാരിൽനിന്നും വാങ്ങുന്നതും ഇതിൽ 14 ദിവസത്തെ യാത്രാവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് 19 Jagratha Portal, www.newdelhiairport.in എന്നീ സൈറ്റുകളിൽ 72 മണിക്കൂർമുമ്പ് RTPCR test നടത്തിയതിന്റെ നെഗറ്റീവ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് E-pass വാങ്ങുന്നതിനും അനുശാസിച്ചിട്ടുണ്ട്. കേരളത്തിലെ നാല് വിമാനത്താവളങ്ങളിലും പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വരുന്നവർക്ക് വീണ്ടും RTPCR test നിർബന്ധമാണ്.

## കോവിഡ് -19

213 (235) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് എത്ര പുതിയ ആശുപത്രികളാണ് തുടങ്ങിയതെന്ന് വിശദമാക്കുമോ;

&

(ബി) കോവിഡ് ടെസ്റ്റ് നടത്തുന്നതിനും കോവിഡ് രോഗികളുടെ പരിചരണ ത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ടാറ്റാ ഗ്രൂപ്പ് സൗജന്യമായി നിർമ്മിച്ച് സർക്കാരിന് കൈമാറിയ ആശുപത്രി കോവിഡ് ആശുപത്രിയായാണ് ആരംഭിച്ചത്. ടി ആശുപത്രിക്കായി 191 തസ്തികകൾ സൃഷ്ടിച്ചിരുന്നു. കൂടാതെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പൂർത്തിയാക്കിയ അക്കാദമി ബ്ലോക്കിലെ സംവിധാനങ്ങൾ കൊറോണ രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും ചികിത്സിക്കുന്നതിനുമായി വിനിയോഗിക്കുകയും അതിന്റെ ഭാഗമായി 91 അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ 273 തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ നിയമിച്ചു. സംസ്ഥാനത്ത് ആകെ 12 സർക്കാർ സ്ഥാപനങ്ങളിലും 17 സ്വകാര്യ സ്ഥാപനങ്ങളിലും CBNAT പരിശോധനയും 24 സർക്കാർ സ്ഥാപനങ്ങളിലും 48 സ്വകാര്യ സ്ഥാപനങ്ങളിലുമായി RTPCR പരിശോധനയും 29 സർക്കാർ സ്ഥാപനങ്ങളിലും 46 സ്വകാര്യ സ്ഥാപന ങ്ങളിലുമായി TRUENAT പരിശോധനയും 1365 സർക്കാർ സ്ഥാപനങ്ങളിലും 665 സ്വകാര്യ സ്ഥാപനങ്ങളിലായി ആന്റിജൻ പരിശോധനയും 17 സ്വകാര്യ സ്ഥാപനങ്ങളിലായി XPERT പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ 157 ഇടങ്ങളിൽ സർക്കാർ സ്റ്റെപ് കിയോസ്കുകളും 72 ഇടങ്ങളിൽ സ്വകാര്യ സ്റ്റെപ് കിയോസ്കുകളും പ്രവർത്തിക്കുന്നു (ആകെ 229). കോവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് അവരുടെ ചികിത്സയ്ക്കായി രോഗ തീവ്രതയനുസരിച്ച് പല തലങ്ങളിലുള്ള ചികിത്സാ സൗകര്യങ്ങളായ CFLTC, CSLTC, കോവിഡ് ആശുപത്രികൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. രോഗ ലക്ഷണമില്ലാത്തവരെ വീടുകളിൽത്തന്നെ പാർപ്പിച്ച് ദിവസേന നിരീക്ഷിക്കുകയും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ ഉടൻതന്നെ രോഗതീവ്രതയനുസരിച്ച് CFLTC, CSLTC, കോവിഡ് ആശുപത്രികൾ എന്നിവിട ങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. രോഗമുക്തി നേടിയവർക്ക് അനുബന്ധ രോഗ ലക്ഷണങ്ങൾ ഉണ്ടാകുകയാണെങ്കിൽ (പോസ്റ്റ് കോവിഡ് സിൻഡ്രോം) പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്, ജില്ലാ, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലൂടെ ആവശ്യമായ ചികിത്സ നൽകിവരുന്നു.

## കോവിഡ് വ്യാപനം

214 (236) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന്റെ തോത് വൈകിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും രാജ്യത്ത് ഏർപ്പെടുത്തിയ ലോക്ഡൗൺ സഹായകമായതായി വിലയിരുത്തുന്നുണ്ടോ?

ഉണ്ട്.

(ബി) ലോക്ഡൗൺ പിൻവലിച്ചതോടെ സംസ്ഥാനത്ത് കോവിഡ് കേസുകൾ വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

അൺലോക്കിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽ നിന്നും വൻതോതിൽ ജനങ്ങൾ കേരളത്തിലേയ്ക്കെത്തിയതിനാൽ കോവിഡ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂളുകളും കോളേജുകളും തുറക്കുന്നത് വ്യാപനം കൂട്ടുന്നതിന് ഇടയാക്കില്ലേ; എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 10, +2 ക്ലാസ്സുകളിലെ കുട്ടികളെ മാത്രമാണ് സ്കൂളുകളിൽ നേരിട്ട് ഹാജരാകുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഓരോ ദിവസവും ഹാജരാകേണ്ട കുട്ടികളുടെ എണ്ണം, ക്ലാസ് റൂമുകളുടെയും മറ്റ് അനുബന്ധ സാഹചര്യങ്ങളും വിലയിരുത്തിയതിന് ശേഷമാണ് തീരുമാനിക്കുക. സ്കൂളും പരിസരവും അണുനശീകരണം നടത്തി സുരക്ഷിതമാക്കിയതിനുശേഷമാണ് ക്ലാസുകൾ ആരംഭിക്കുന്നത്. വിദ്യാർത്ഥികളെ ഡിജിറ്റൽ തെർമ്മോ മീറ്റർ ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള സൗകര്യവും, മാസ്ക്, സാനിറ്റൈസർ, സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സംവിധാനവും സ്കൂളുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. സാമൂഹിക അകലം പാലിച്ചുകൊണ്ട് 2 മീറ്റർ അകലം വരത്തക്ക രീതിയിലായിരിക്കും വിദ്യാർത്ഥികളുടെ ഇരിപ്പിടം ക്രമീകരിക്കേണ്ടത്. എല്ലാ വിദ്യാർത്ഥികളും മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം. എല്ലാ സ്കൂളുകളിലും പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർ/കൗൺസിലർ, ഡോക്ടർ, സ്കൂൾ സ്ഥിതിചെയ്യുന്ന മേഖലയിലെ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ്, വിദ്യാർത്ഥി പ്രതിനിധി മുതലായവർ ഉൾപ്പെടുന്ന കോവിഡ് സെൽ രൂപീകരിക്കുകയും ആഴ്ചയിൽ ഒരിക്കൽ സെൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യും.

(ഡി) ഇപ്പോഴത്തെ വ്യാപനത്തോത് കണക്കാക്കുമ്പോൾ 2021 ആദ്യപാദത്തിലും ക്രമാനുസൃത വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ അത് നേരിടുന്നതിന് എന്തൊക്കെ കൂടുതൽ ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കോവിഡ് രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കുപുറമെ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അപകട സാധ്യത കൂടുതലുള്ള 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗബാധിതർ എന്നിവരെ സൂക്ഷ്മമായി നിരീക്ഷിക്കാനും രോഗലക്ഷണങ്ങളുള്ളവരെ പരിശോധിച്ച് ആവശ്യമായ ചികിത്സ നൽകാനുമുള്ള പരിവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. നിലവിൽ കോവിഡ് വ്യാപനം തടയുന്നതിന് ഊർജ്ജിതവും ഫലപ്രദവുമായ നടപടികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

### എൻ.എച്ച്.എം.-ന് കീഴിലെ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

215 (237) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്ന എൻ.എച്ച്.എമ്മിന് കീഴിലെ ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; വിശദമാക്കാമോ;

&

(ബി) എൻ.എച്ച്.എം-ന് കീഴിൽ കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായവർക്ക് ഇൻസെന്റീവും റിസ്ക് അലവൻസും അടക്കമുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

7-8-2020 തീയതിയിലെ സ.ഉ(കൈ) 112/2020/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്ന എൻ. എച്ച്. എം.-ന് കീഴിലെ ജീവനക്കാർക്ക് കോവിഡ് ബ്രിഗേഡ് പാക്കേജ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം കോവിഡ് പ്രതിരോധത്തിനായി എൻ.എച്ച്.എം.-ന്റെ കീഴിൽ കരാർ, ദിവസവേതന അടിസ്ഥാനത്തിലും താൽക്കാലികമായി നിയമിക്കപ്പെടുന്നവർക്കും അധിക ഇൻസെന്റീവും റിസ്ക് അലവൻസും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*.

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

ആഗസ്റ്റ് മാസത്തിലെ പുതുക്കിയ ശമ്പളവും റിസ്ക് അലവൻസും ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ

216(238) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികൾ, ചേരിനിവാസികൾ തുടങ്ങി സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരെ കോവിഡ് ബാധിക്കുന്നതിൽനിന്ന് രക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തീരദേശവാസികൾ, ചേരിനിവാസികൾ തുടങ്ങിയവർക്ക് മുൻഗണന നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിലുള്ള ജനങ്ങൾക്കുവേണ്ടിയുള്ള കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. തീരപ്രദേശങ്ങളിൽ കോവിഡ് രോഗ വ്യാപനമുണ്ടായിട്ടുള്ള സ്ഥലങ്ങളിലെല്ലാം രോഗം സങ്കീർണ്ണമാകാൻ സാധ്യതയുള്ള എല്ലാവരെയും പ്രത്യേകം നിരീക്ഷിച്ച് അവർക്കാവശ്യമായ ചികിത്സയും മറ്റ് സഹായങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ ഇതര വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തീരപ്രദേശങ്ങളിലും ചേരിപ്രദേശങ്ങളിലും കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശീയരായ സാമൂഹ്യപ്രവർത്തകർ, റെസിഡന്റ്സ് അസോസിയേഷനുകൾ, മതപുരോഹിതന്മാർ തുടങ്ങിയവരുടെ സേവനം ഉപയോഗ പ്പെടുത്തി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഉറപ്പുവരുത്തുകയും ചെയ്തു.

(ബി) ഇത്തരം ഇടപെടലുകൾ തീരദേശത്തും ചേരികളിലും രോഗവ്യാപനം രൂക്ഷമാകുന്നത് തടയുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനും ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ തീരപ്രദേശങ്ങളിലുണ്ടായ രോഗവ്യാപനം പെട്ടെന്നുതന്നെ കുറയ്ക്കാനായിട്ടുണ്ട്. മരണനിരക്ക് കൂടിയിട്ടില്ല.

(സി) കോവിഡ് പ്രതിരോധത്തിന് 'ധാരാവി മാതൃക' സംസ്ഥാനത്തെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് എത്ര മാത്രം സഹായകമായെന്ന് വ്യക്തമാക്കുമോ?

ആളുകൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളിൽ കോവിഡ് പോസിറ്റീവ് രോഗികൾ ഉണ്ടാകുന്ന പക്ഷം പ്രദേശത്തെ മുഴുവൻ പേരെയും നിരീക്ഷണത്തിൽ വയ്ക്കുകയും കൃത്യമായ രോഗനിരീക്ഷണ പ്രവർത്തനങ്ങളിലൂടെ സമ്പർക്കത്തിൽ വന്ന എല്ലാവരെയും വളരെ വേഗം കണ്ടെത്തി അവരിൽ രോഗലക്ഷണങ്ങൾ ഉള്ളവരെ പരിശോധനയ്ക്ക് വിധേയരാക്കുകയും പോസിറ്റീവ് ആകുന്നവരെ യഥാസമയം ചികിത്സയ്ക്ക് വിധേയമാക്കുകയും സമ്പർക്കത്തിലുള്ളവരെ കൃത്യമായി ക്വാറന്റീനിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം രോഗവ്യാപനം പെട്ടെന്ന് കുറയ്ക്കാനും മരണനിരക്ക് ഉയരാതെ നിലനിർത്താനും സാധിച്ചിട്ടുണ്ട്.

## എൻ.എച്ച്.എം. പ്രവർത്തനങ്ങൾ

217 (239) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-മായി ബന്ധപ്പെട്ട് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലെ എൻ.എച്ച്.എം.-ന് എത്ര രൂപ കേരള സർക്കാരിൽനിന്നും ആരോഗ്യ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കോവിഡ് വ്യാപനം തടയുന്നതിനായി 524.24 കോടി രൂപ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ, 49.47 കോടി രൂപ സംസ്ഥാന വിഹിതമാണ്. ഇതുകൂടാതെ 30.69 കോടി രൂപ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. എൻ.എച്ച്.എം. ജീവനക്കാർക്ക് ഇൻസെന്റീവ് അലവൻസ് എന്നിവ നൽകുന്നതിന് സംസ്ഥാന സർക്കാർ 22.68 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) കോവിഡ്-19 മായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് എൻ.എച്ച്.എം. വഴി നടത്തിയത്; ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രത്യേക ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കോവിഡ്-19 മായി ബന്ധപ്പെട്ട് എൻ.എച്ച്.എം.വഴി നടത്തിയ പ്രവർത്തനങ്ങളും അതുസംബന്ധിച്ച ഉത്തരവുകളും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) കേരള സർക്കാരിൽനിന്നും ലഭിച്ചതിൽ നാളിതുവരെ ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ; ചെലവിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ?

കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് എൻ.എച്ച്.എം.-ന് നൽകിയ 524.24 കോടി രൂപയിൽനിന്ന് 451.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനദുരന്ത നിവാരണ ഫണ്ടിൽനിന്നും നൽകിയ 30.69 കോടിയിൽ 30.63 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ഇൻസെന്റീവായി ലഭിച്ച 22.68 കോടി രൂപ പൂർണ്ണമായും ചിലവഴിച്ചിട്ടുണ്ട്.

## താലൂക്കാശുപത്രികളിലെ ക്യാൻസർ ചികിത്സ

218 (240) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത്, പ്രാരംഭ ദശയിൽത്തന്നെ രോഗം കണ്ടെത്തി ചികിത്സ തേടുന്നതിനായുള്ള സൗകര്യങ്ങൾ എല്ലാ താലൂക്കാശുപത്രികളിലും ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദേശീയ ശരാശരിയേക്കാൾ ഉയർന്ന ക്യാൻസർ രോഗ നിരക്കുള്ള സംസ്ഥാനത്ത് പ്രതിവർഷം അറുപതിനായിരത്തിലധികം പുതിയ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. വർദ്ധിച്ചുവരുന്ന ഈ രോഗ ബാഹുല്യത്തിന് അനുസൃതമായി സർക്കാർ തലത്തിൽ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമായതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പ് 'ജില്ലാ ക്യാൻസർ കെയർ പദ്ധതി' എന്ന പേരിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ജില്ലാ-താലൂക്കാശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്ററിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും സർവ്വീസിൽ നിലവിലുള്ള ക്യാൻസർ രോഗ വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് 24 ജില്ലാ-താലൂക്കാശുപത്രികളിൽ ക്യാൻസറിനുള്ള തുടർ ചികിത്സ നൽകിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം കൂടുതൽ ആശുപത്രികൾ ഉൾപ്പെടുത്തിക്കൊണ്ട് ഈ സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് രോഗം

219 (241) <u>ശ്രീ യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന മാരകരോഗത്തിന് സൗജന്യ ചികിത്സാ സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകണമെന്നതിനെക്കുറിച്ചുള്ള ഹെൽത്ത്-എഫ്.ഡബ്ല്യു2/1/2020-ആരോഗ്യം നമ്പർ ഫയലിൽ എന്ത് നടപടികളും തീരുമാനങ്ങളും ആണ് ഇതുവരെ എടുത്തിട്ടുള്ളത്; എടുത്ത നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വിവിധ സർക്കാർ എജൻസികളുടെ ആശ്വാസ നടപടികൾ പ്രതീക്ഷിക്കുന്ന സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് രോഗികൾക്ക് ആശ്വാസമെത്തിക്കുന്നതിനായി ഈ ഫയലിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

(എ-സി) സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന രോഗത്തിന് സൗജന്യ ചികിത്സാ സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ അപൂർവ്വ രോഗം ബാധിച്ചവരുടെ സംഘടന ശ്രീ. യു. ആർ. പ്രദീപ് എം.എൽ.എ. മുഖേന സമർപ്പിച്ച നിവേദനത്തിന്മേൽ FW2/1/2020-Health നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, പ്രോജക്ട് ഡയറക്ടർ, ചിയാക്, കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എന്നിവരിൽനിന്നും റിപ്പോർട്ട് തേടിയിരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ലൂപ്പസ് അഥവാ സിസ്റ്റമിക് ല്യപ്പസ് എരിത്തമറ്റോസിസ് രോഗ ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്നത് കീമോതെറാപ്പി മരുന്നായ സൈക്ലോഫോസ്ഫമൈഡ്, ബയോളജിക്കൽ മരുന്നായ Rituximab എന്നീ മരുന്നുകളുമാണ്. നിലവിലുള്ള മരുന്നുപട്ടിക പ്രകാരം ടി മരുന്നുകൾ, വാർഷിക ഇൻഡന്റ് മുഖേന ആവശ്യപ്പെടുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ/ താലൂക്കാശുപത്രികൾ എന്നിവയിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുകീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിപണി വിലയെക്കാൾ വളരെ കുറഞ്ഞ വിലയിൽ ഈ മരുന്നുകൾ നൽകിവരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 8-1-2021-ലെ കത്ത് പ്രകാരം KGSMA Rule 1960 പ്രകാരം സിസ്റ്റമറ്റിക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന രോഗത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ടി അസുഖത്തിന് നൽകുന്ന മരുന്നും പരിശോധനകളും ടി അസുഖങ്ങൾ KGSMA അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നവയാണ് എന്നും ശിപാർശ ചെയ്തിട്ടുണ്ട്. മേൽ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## കോവിഡ് -19 മൂലമുള്ള മരണങ്ങൾ

220 (242) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 റിപ്പോർട്ട് ചെയ്തതുമുതൽ നാളിതുവരെ പ്രസ്തുത രോഗം ബാധിച്ച് എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ?

7-1-2021-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്. തിരുവനന്തപുരം-678, കൊല്ലം-235, പത്തനംതിട്ട-61, ആലപ്പുഴ-248, കോട്ടയം-157, ഇടുക്കി-23, എറണാകുളം-331, തൃശ്ശൂർ-342, പാലക്കാട് -142, മലപ്പുറം-352, കോഴിക്കോട്- 309, വയനാട്-54, കണ്ണൂർ-216, കാസർഗോഡ്- 86, ആകെ 3234.

(ബി) ഈ കാലയളവിൽ പിറവം നിയോജകമണ്ഡലത്തിൽ പ്രസ്തുത രോഗം ബാധിച്ച് എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പഞ്ചായത്ത്/ മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിവരം ലഭ്യമാകുമോ?

പിറവം നിയോജകമണ്ഡലത്തിൽ കോവിഡ് -19 ബാധിച്ച് പത്ത് പേർ മരണപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | മരണങ്ങളുടെ എണ്ണം |
|---|---|
| കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | 1 |
| മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | 2 |
| രാമമംഗലം ഗ്രാമപഞ്ചായത്ത് | 3 |
| തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 2 |
| എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | 1 |
| പിറവം മുനിസിപ്പാലിറ്റി | 1 |
| ആകെ | 10 |

## കോവിഡിന്റെ രണ്ടാംതരംഗം

221 (243) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാംതരംഗത്തിന് സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളായിരിക്കും അതിന് വഴിമരുന്നിടുകയെന്ന് അറിയിക്കുമോ ?

ലോകമെമ്പാടും കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട യൂറോപ്യൻ രാജ്യങ്ങളിലും മറ്റും കേസുകളുടെ എണ്ണം കുറഞ്ഞതിനുശേഷം വീണ്ടും തരംഗങ്ങളായിട്ടാണ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ശാസ്ത്ര രേഖകൾ സൂചിപ്പിക്കുന്നു. ഇന്ത്യാ മഹാരാജ്യത്തിൽ അൺലോക്ക് പ്രക്രിയ ആരംഭിച്ച് പല ഘട്ടങ്ങളിലായി പല മേഖലകളിലും ഉള്ള നിയന്ത്രണങ്ങളും മാറ്റിയ സാഹചര്യത്തിൽ കൃത്യമായ ജാഗ്രത പാലിച്ച് മുന്നോട്ട് പോയില്ലെങ്കിൽ കേരളത്തിലും കൂടുതൽ കേസുകൾ

റിപ്പോർട്ട് ചെയ്യപ്പെടാനുള്ള സാധ്യത നിലവിലുണ്ട്. കോവിഡ് 19 രോഗവ്യാപനം തടയുന്നതിനുവേണ്ടി ലോകമെമ്പാടും രാഷ്ട്രങ്ങൾ അനുവർത്തിക്കുന്ന രോഗം സ്ഥിരീകരിക്കുന്നവരെ എത്രയുംവേഗം ഐസോലേറ്റ് ചെയ്ത് ചികിത്സിക്കുക. അവരുമായി സമ്പർക്കം വന്നവരെ എത്രയും പെട്ടെന്ന് കണ്ടെത്തി നിരീക്ഷണത്തിൽ നിർത്തുക. പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങളെല്ലാംതന്നെ കേരളത്തിൽ നാളിതുവരെ നടപ്പിലാക്കി വന്നിട്ടുണ്ട്. അൺലോക്ക് പ്രക്രിയ മുഴുവനാകുന്ന സാഹചര്യത്തിൽ കൂടുതൽ ആളുകളിലേക്ക് രോഗം എത്തിപ്പെടാൻ സാധ്യതയുള്ളതിനാൽ സാമൂഹിക അകലം പാലിക്കൽ, മാസ്കുകളുടെ കൃത്യമായ ഉപയോഗം, സോപ്പ്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം എന്നിവ വഴി രോഗവർദ്ധനവ് തടയുക എന്നിതണ് ഏക മാർഗ്ഗം.

(ബി) ജനസംഖ്യാനുപാതികമായി നോക്കിയാൽ ഏറ്റവും കൂടുതൽ ഭക്ഷണശാലകളുള്ള സംസ്ഥാനമായ കേരളത്തിൽ ഭക്ഷണശാലകളിലൂടെ കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ?

ഷോപ്പിംഗ് മാളുകളും ഷോപ്പിംഗ് സെന്ററുകളും തുറക്കുന്നതിനോടനുബന്ധിച്ച് പ്രാവർത്തികമാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും അവ പരിശോധി ക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. ഭക്ഷണശാലകളിലും covid appropriate behaviour പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിലേക്കായി ജില്ലകളിൽ സെക്ടറൽ മജിസ്ട്രേറ്റുമാരുടെയും പോലീസിന്റെയും ഇടപെടൽ കാര്യക്ഷമമായി നടക്കുന്നുണ്ട്.

(സി) കഴിഞ്ഞ കുറച്ചു നാളുകളായി കോവിഡ് പ്രതിരോധ നിയന്ത്രണങ്ങൾ പാലിക്കുന്നതിൽ ജനങ്ങളുടെ ഭാഗത്ത് ലാഘവത്വം ദൃശ്യമായിട്ടുണ്ടോ ?

ലോക്ഡൗണിൽ ഇളവുകൾ വരുത്തിയതിനെ തുടർന്ന് ആളുകൾ കൂടുതലായി വീടുകളിൽനിന്ന് പുറത്തിറങ്ങി സമയം ചെലവഴിക്കാൻ ശ്രമിക്കുന്നതുമൂലം ജനങ്ങളുടെ ഭാഗത്തുനിന്നും ജാഗ്രതക്കുറവ് ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായും പോലീസ് വകുപ്പിനുപുറമേ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥരിൽ സെക്ടറൽ മജിസ്ട്രേറ്റുമാരെ തെരഞ്ഞെടുത്ത് പ്രാദേശികാടിസ്ഥാനത്തിൽ നിയമിക്കുകയും കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് അധികാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) കോവിഡ്ബാധ നിയന്ത്രിക്കുന്നതിന് വരും ദിവസങ്ങളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

കോവിഡ് ബാധ റിപ്പോർട്ട് ചെയ്തതു മുതൽ അതീവ ജാഗ്രതയോടെ നടത്തി വരുന്ന എല്ലാ പ്രവർത്തനങ്ങളും തുടർന്നും നടത്തുന്നതാണ്. ജനിതകമാറ്റം സംഭവിച്ച് വൈറസിന്റെ സാന്നിദ്ധ്യം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ UK-യിൽ നിന്നെത്തുന്ന എല്ലാ യാത്രക്കാരെയും നിർബന്ധമായും RTPCR പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും വേണ്ട സംവിധാനം ഒരുക്കിയിട്ടുണ്ട്. ലോക്ഡൗണിൽ കൂടുതൽ ഇളവുകൾ നൽകി സ്കൂളുകളും, കോളേജുകളും, സിനിമാ തീയേറ്റർ, സ്വിമ്മിംഗ് പൂൾ എന്നിവ തുറക്കു ന്നതിനും  കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അനുമതി ലഭ്യമാക്കുന്ന സാഹചര്യത്തിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കുകയും, അവ പാലിക്ക പ്പെടുന്നുവെന്ന് കർശനമായി നിരീക്ഷിക്കുകയും ചെയ്യുന്നതാണ്. കോവിഡ് വാക്സിനേഷന്റെ ആദ്യപടിയായി സംസ്ഥാന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് വാക്സിൻ നൽകുന്നതിന്റെ  ഡ്രൈറൺ (മോക്ഡ്രിൽ) 2 ഘട്ടമായി നടത്തിക്കഴിഞ്ഞു. കോവിഡ്  പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ടെസ്റ്റുകൾ ചെയ്യുന്നതിന് ജില്ലാടിസ്ഥാനത്തിൽ ജനസാന്ദ്രത അനുസരിച്ച്  ടെസ്റ്റുകളുടെ എണ്ണം (target) നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പരിശോധനയും സമ്പർക്കത്തി ലുള്ളവരുടെ നിരീക്ഷണവും ക്വാറന്റൈനും രോഗലക്ഷണങ്ങളുള്ളവരുടെ നിരീക്ഷണവും ക്വാറന്റൈനും രോഗ-ലക്ഷണങ്ങളുള്ളവരുടെ നിരീക്ഷണവും (influenza like illness/Severe acute respiratory illness) ശക്തിപ്പെടുത്തിയിട്ടുണ്ട്.

**കോവിഡ് മരണം**

222 (244) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി  നൽകുമോ:

(എ) സംസ്ഥാനത്ത് ഇതിനകം എത്രപേർക്ക് കോവിഡ് ബാധയുണ്ടായി; അതിൽ എത്രപേർ മരണമടഞ്ഞു?

7-1-2021 വരെ 795933 പേർക്ക് കോവിഡ് ബാധയുണ്ടായിട്ടുണ്ട്. അതിൽ 3234 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എത്ര ശതമാനമാണ്?

സംസ്ഥാനത്ത് നിലവിലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.58 ശതമാനമാണ്.

(സി) കോവിഡ് ബാധമൂലം മരണമടഞ്ഞവർക്ക് സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ജോലിക്കിടയിൽ കോവിഡ് രോഗബാധയേറ്റ് മരണമടഞ്ഞിട്ടുള്ള ആരോഗ്യ പ്രവർത്തകർക്ക് 50 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്.

## കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾ

223 (245) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗമുക്തരായവർ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കോവിഡ് രോഗമുക്തി വന്ന ആളുകളിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലഘുവായ ആരോഗ്യപ്രശ്നങ്ങൾ മുതൽ സങ്കീർണ്ണവും ഗുരുതരവുമായ രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. ചുമ, പനി, കിതപ്പ്, പേശീവേദന, ഉറക്കക്കുറവ്, ക്ഷീണം തുടങ്ങിയവയാണ് പ്രധാനമായും കണ്ടുവരുന്ന ലക്ഷണങ്ങൾ. ഹൃദ്രോഗം, ശ്വാസകോശരോഗം (Lung Fibrosis), പക്ഷാഘാതം, മാനസിക അസ്വാസ്ഥ്യം തുടങ്ങിയ ഗുരുതര രോഗങ്ങളും ഉൾപ്പെടുന്നു.

(ബി) കോവിഡ് വിവിധ അവയവങ്ങളെ ബാധിക്കുമ്പോഴുണ്ടാവുന്ന പ്രശ്നങ്ങൾ വ്യത്യസ്തമായതിനാൽ 'പോസ്റ്റ് കോവിഡ് സിൻഡ്രോം' ഗൗരവപൂർണ്ണമായി കൈകാര്യം ചെയ്യേണ്ടതല്ലേയെന്ന് വ്യക്തമാക്കുമോ?

കോവിഡ് വൈറസ് ശരീരത്തിലെ എല്ലാ അവയവങ്ങളെയും ബാധിക്കാവുന്നതും ഓരോ അവയവത്തിലും ഓരോ രീതിയിലുള്ള മാറ്റങ്ങൾ സൃഷ്ടിക്കുന്നതുമാണ്. അതുകൊണ്ട് പോസ്റ്റ് കോവിഡ് സിൻഡ്രോം ഗൗരവപൂർണ്ണമായി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. ഈ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് പ്രാഥമികതലം മുതൽ മെഡിക്കൽ കോളേജ് വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) കോവിഡ് അനന്തര ചികിത്സയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നറിയിക്കുമോ?

കോവിഡ് മുക്തരായ എല്ലാ ആളുകൾക്കും പിന്നീടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാഥമികതലം മുതൽ മെഡിക്കൽ കോളേജ് വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിൽ കോവിഡ് മുക്തരായ രോഗികളെ ആശാപ്രവർത്തകരുടെ സഹായത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ എത്തിക്കുകയും അവിടെ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. പരിഹരിക്കപ്പെടാവുന്ന നിസാര രോഗ ലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും തുടർ ചികിത്സ വേണ്ടി വരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുന്നു. ഈ ആശുപത്രികളിൽ എല്ലാ സ്പെഷ്യലിസ്റ്റുകളും അടങ്ങുന്ന ഒരു ടീം രോഗികളെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. എഴുപത്തി മൂവായിരത്തിൽപ്പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) കോവിഡ് രോഗബാധയെ അതിജീവിച്ച ആളുകൾ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കണമെന്നറിയിക്കുമോ?

കോവിഡ് രോഗമുക്തർക്ക് വീണ്ടും രോഗബാധ ഉണ്ടാകുന്നില്ലെന്ന് പഠനങ്ങളൊന്നും ലഭ്യമല്ലാത്തതുകൊണ്ട് എല്ലാവരും മാസ്കും കൈ കഴുകലും സാമൂഹിക അകലവും നിർബന്ധമായി പാലിക്കേണ്ടതാണ്. ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ തുടങ്ങിയവ ഉള്ളവർ അതിനുള്ള ചികിത്സ മുടക്കം കൂടാതെ സ്വീകരിക്കേണ്ടതാണ്. ശ്വാസകോശ സംബന്ധമായ രോഗമുള്ളവർ, അതിന്റെ ചികിത്സ കൃത്യമായി സ്വീകരിക്കേണ്ടതും ശ്വസന വ്യായാമം കൃത്യമായും ചെയ്യേണ്ടതുമാണ്. ആരോഗ്യപരമായ ഭക്ഷണം, കൃത്യമായ വ്യായാമം എന്നിവ ശീലിക്കുകയും പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ പൂർണ്ണമായും ഒഴിവാക്കുകയും വേണം. മാനസിക പിരിമുറുക്കം ഉണ്ടാകാതിരിക്കുന്നതിനും മതിയായ ഉറക്കം ഉണ്ടാകുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

(ഇ) ശ്വസന വ്യായാമം ചെയ്യുന്നത് (പൾമൊണറി റീഹാബിലിറ്റേഷൻ) പല ശാരീരിക ബുദ്ധിമുട്ടുകൾക്കും ഫലപ്രദമാണോ; വ്യക്തമാക്കുമോ?

കോവിഡ്-19 പ്രധാനമായും ശ്വാസകോശത്തെ ബാധിക്കുന്നതുകൊണ്ടുതന്നെ അസുഖം ബാധിച്ചവരും അല്ലാത്തവരും ശ്വസന വ്യായാമങ്ങൾ ചെയ്യുന്നത് ശ്വാസകോശത്തിന്റെ കാര്യക്ഷമത നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും

സഹായകരമാവുന്നതാണ്. ദീർഘകാല ശ്വാസകോശ രോഗങ്ങളായ COPD, ആസ്ത്മ തുടങ്ങിയവ ബാധിച്ച രോഗികളിൽ ജീവിത നിലവാരം (quality of life) ഉയർത്തു ന്നതിനും ശ്വാസകോശ വ്യായാമങ്ങൾ ഉപകരിക്കുന്നതാണ്. മാത്രമല്ല മറ്റു വ്യായാമ മുറകളെപ്പോലെതന്നെ എല്ലാവർക്കും ശാരീരികവും മാനസികവുമായ പ്രസരിപ്പിന് ശ്വസന വ്യായാമങ്ങൾ ഏറെ ഗുണകരമാണ്.

**ശ്രീ ചിത്തിര തിരുനാൾ ആശുപത്രിയിൽ കുട്ടികളുടെ സൗജന്യ ചികിത്സ**

224 (246) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ചിത്തിരതിരുനാൾ ആശുപത്രിയിൽ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ സൗജന്യ ചികിത്സ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ചികിത്സാ ചെലവിനായി സർക്കാർ നൽകാനുള്ള തുക കുടിശ്ശിക ആയതാണോ ചികിത്സ നിർത്തിവച്ച് ഉത്തരവിറക്കാൻ കാരണമായതെന്ന് വ്യക്തമാക്കാമോ;

&

(സി) നവജാത ശിശുക്കളുടെ ഹൃദയ സംബന്ധമായ അസുഖങ്ങൾ, ശസ്ത്രക്രിയകൾ, ഓട്ടിസം ബാധിച്ച കുട്ടികളുടെ സർജറി, തലയിലെ രക്തസ്രാവം തുടങ്ങി ഒട്ടേറെ അസുഖങ്ങൾ ബാധിച്ച പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രസ്തുത ഉത്തരവ് സൃഷ്ടിച്ച പ്രയാസം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

2014 ഏപ്രിൽ 1 മുതൽ നാഷണൽ ഹെൽത്ത് മിഷൻ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിട്യൂട്ടുമായി ഏർപ്പെട്ടിരുന്ന കരാർ പ്രകാരം ആർ.ബി.എസ്.കെ. പദ്ധതി മുഖേന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരികയായിരുന്നു. ഇതിനായി ചിലവാകുന്ന തുക സർക്കാർ ശ്രീചിത്ര തിരുനാൾ ആശുപത്രിക്ക് നൽകിവന്നിരുന്ന തിനാലാണ് ശ്രീചിത്ര സൗജന്യമായി ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ കാലോചിതമായി കരാറിന്റെ നിബന്ധനകൾ പുതുക്കിക്കൊണ്ടുള്ള ഡിസംബർ 1, 2020-ലെ കരാർ പ്രകാരം, കുട്ടികൾക്കുള്ള 187 ഹൃദയ ശസ്ത്രക്രിയകൾക്കുള്ള കരാറിൽ ഏർപ്പെടാൻ മാത്രമേ ശ്രീചിത്ര തിരുനാൾ ആശുപത്രി തയാറായിട്ടുള്ളൂ. ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം രാജ്യത്താകമാനം നടപ്പാക്കാനായി തയ്യാറാ ക്കിയിട്ടുള്ള ചികിത്സാ നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ (നിരക്കുകൾ കുറവായതിനാൽ) സാധിക്കാത്തതാണ് കരാറിൽ ഇപ്രകാരത്തിലുള്ള

വെട്ടിച്ചുരുക്കൽ നടത്താൻ കാരണമായി ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്. എന്നാൽ പല സ്വകാര്യ ആശുപത്രികളും (അഞ്ച്) ഈ നിരക്കിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നേരിട്ട് ശ്രീചിത്ര അധികാരികളെയും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറേയും പങ്കെടുപ്പിച്ച് ചർച്ച സംഘടിപ്പിക്കുകയും പരിഹാര നിർദ്ദേശമായി നിരക്കുകൾ പുനഃക്രമീകരിച്ച് നടപ്പാക്കുന്നതിനായി ശ്രീചിത്ര അധികാരികളെയും മിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്. കൂടാതെ ചികിത്സാ ലഭ്യത മുടങ്ങാതെ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ മറ്റ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖാന്തരം ഉറപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വിപുലമാക്കി അഷ്വറൻസ് മോഡലിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി കരാർ പുതുക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ആശുപത്രിയെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമീപിച്ചപ്പോഴും സമാനമായ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ദേശീയ തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ സാധിക്കില്ലെന്നും ഇതുകൂടാതെ കത്തിടപാടുകൾക്കുള്ള മറുപടിക്കായി ആശുപത്രി അധികൃതർ കേന്ദ്രസർക്കാർ സയൻസ് & ടെക്നോളജി മന്ത്രാലയത്തിനെ സമീപിച്ചിരിക്കുകയാണെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തുവരുന്നു.

(ഡി) ഇതുസംബന്ധമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തിട്ടുണ്ടോ; നിജസ്ഥിതി ആരാഞ്ഞ് കമ്മീഷൻ ശ്രീചിത്ര ഡയറക്ടർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ?

ഇതുസംബന്ധിച്ച് ബാലാവകാശ കമ്മിഷൻ CRMP 7438/01-C/C1/2020/ KeSCPCR നമ്പരിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് 7-1-2021-ലെ കമ്മിഷൻ ഉത്തരവുപ്രകാരം റിപ്പോർട്ട് തേടിക്കൊണ്ട് നോട്ടീസ് നൽകിയിട്ടുമുണ്ട്.

(ഇ) ഈ സൗജന്യ ചികിത്സ എന്നത്തേയ്ക്ക് പുനഃസ്ഥാപിക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 186 സർക്കാർ ആശുപത്രികളും 369 സ്വകാര്യ ആശുപത്രികളും മുഖാന്തരം അർഹരായ രോഗികൾക്കുള്ള സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്.

## സാംക്രമിക രോഗങ്ങൾ തടയുന്നതിന് നടപടി

225 (247) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 2018 ജനുവരി 1 - ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ആരോഗ്യജാഗ്രത എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി സമയബന്ധിതമായി ഓരോ വർഷവും നടപ്പിലാക്കിവരികയാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിവരുന്നത്. 2020 ജനുവരി 23-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ആ വർഷത്തെ ആരോഗ്യ-ജാഗ്രതയുടെ ഉദ്ഘാടനം നടത്തിയശേഷം ജില്ലാ ചാർജ്ജുള്ള മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പിലാക്കിവന്നു. 2020-ലെ പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ആരോഗ്യ ജാഗ്രത 2020 എന്ന പേരിൽ തയ്യാറാക്കിയ കൈപ്പുസ്തകം എല്ലാ ജില്ലകളിലും ലഭ്യമാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിൽ മാലിന്യ നിർമ്മാർജ്ജനം, മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ജലശുദ്ധീകരണം, എലിപ്പനി നിയന്ത്രണം, തുടങ്ങിയവ ജനപങ്കാളിത്തത്തോടൊപ്പം ആരോഗ്യസേനകളുടെയും സഹായത്തോടെ ക്യാമ്പെയിനുകളായി നടപ്പിലാക്കാൻ ആരംഭിച്ചു. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾ ഒത്തുചേർന്നുള്ള പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കപ്പെട്ടു. എന്നിരുന്നാലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ നടത്താൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയതനുസരിച്ച് കോവിഡിനൊപ്പം മറ്റ് സാംക്രമിക രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും ചിട്ടയോടെ നടത്തുകയുണ്ടായി. കൂടാതെ ബഹു. മുഖ്യമന്ത്രി, ബഹു. ആരോഗ്യമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) തുടങ്ങിയവരുടെ നേതൃത്വത്തിൽ ഓൺലൈൻ യോഗങ്ങൾവഴി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിരുന്നു. സംസ്ഥാന/ജില്ല തലങ്ങളിൽ ദിവസേന/പ്രതിവാര/പ്രതിമാസം ഉള്ള ഐ.ഡി.എസ്.പി.- യോഗങ്ങളിലും പകർച്ചവ്യാധി വിവരവും നിയന്ത്രണ പ്രവർത്തനങ്ങളും വിലയിരുത്തി ജില്ലകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഇതുകൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകാൻ കാരണമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിലവിലുള്ള പകർച്ചവ്യാധി നിയന്ത്രണനിയമം അനുസരിച്ച്

ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് പനി, എച്ച്1 എൻ1, ചിക്കൻപോക്സ്, ജലജന്യരോഗങ്ങൾ, കൊതുക് ജന്യരോഗങ്ങളായ ഡെങ്കിപ്പനി, മലമ്പനി, ജപ്പാൻ ജ്വരം തുടങ്ങിയവ മുൻവർഷത്തേക്കാൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2019-20 കാലയളവിൽ സാംക്രമിക രോഗങ്ങൾ പിടിപെട്ടവരുടെയും മരണമടഞ്ഞവരുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

2019, 2020 വർഷങ്ങളിൽ വിവിധ പകർച്ചവ്യാധികൾ പിടിപെട്ടവരുടെയും മരണമടഞ്ഞവരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഗണ്യമായ തോതിലുള്ള മരണനിരക്ക് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഓരോ പകർച്ചവ്യാധിയും തുടക്കത്തിൽത്തന്നെ കണ്ടുപിടിച്ച് ചികിത്സിക്കാൻ ഫീൽഡ്തലത്തിലും ആശുപത്രി തലത്തിലും രോഗനിരീക്ഷണം കാര്യക്ഷമമാക്കി. രോഗപരിശോധനയ്ക്കും സ്ഥിരീകരണത്തിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതുമൂലം രോഗം ഏതാണെന്ന് ഉറപ്പാക്കാനും ശരിയായ ചികിത്സ നൽകാനും സാധിച്ചു. ഓരോ രോഗത്തിന്റെയും അംഗീകൃത ചികിത്സാ മാർഗ്ഗരേഖകൾ ആശുപത്രിയിൽ ലഭ്യമാക്കി അതനുസരിച്ചുള്ള ചികിത്സയാണ് രോഗികൾക്ക് നൽകിവരുന്നത്. അതോടൊപ്പം ആശുപത്രിയിൽ ആവശ്യാനുസരണം ഐ.സി.യു.- സൗകര്യം, വെന്റിലേറ്റർ സൗകര്യം തുടങ്ങിയവയും ഉറപ്പാക്കിയിരുന്നു. ടെസ്റ്റ് കിറ്റുകൾ, മരുന്ന്, മറ്റ് അനുബന്ധ സാധനസാമഗ്രികൾ എന്നിവയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ പകർച്ച വ്യാധിമൂലം മരണമടഞ്ഞവരുടെ ഡെത്ത് ഓഡിറ്റിംഗ് വിദഗ്ദ്ധ സമിതി നടത്തുകയും അതിൽ ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളാക്കി ജില്ലകളിൽ നൽകിവരികയും ചെയ്യുന്നുണ്ട്.

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

226 (248) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം 6 സ്ഥാപനങ്ങളെ/ പ്രാഥമികാരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയിട്ടുണ്ട്.. ആർദ്രം ഒന്നാം ഘട്ടം- പി.എച്ച്.സി. നെല്ലായ, അടക്കാപുത്തൂർ, ആർദ്രം രണ്ടാം ഘട്ടം - സി.എച്ച്.സി. ചളവറ, പി.എച്ച്.സി. വെള്ളിനേഴി, വാണിയംകുളം, തൃക്കടീരി. ഇവയിലേയ്ക്ക് 19 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (5 അസിസ്റ്റന്റ് സർജൻ, 9 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, 3 ലാബ് ടെക്നീഷ്യൻ). മൂന്നാം ഘട്ടത്തിൽ അനങ്ങനടി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് ടി നിയോജകമണ്ഡലത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ പദ്ധതി വിവരങ്ങൾ താഴെ ചേർക്കുന്നു :

1. പകർച്ചവ്യാധി പകർച്ചേതര വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ.
2. പെയിൻ & പാലിയേറ്റീവ് പ്രോഗ്രാം.
3. ലെപ്രസി ഇറാഡിക്കേഷൻ.
4. ആരോഗ്യ ജാഗ്രത.
5. പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടികൾ.
6. ഡയറ്റ് &ന്യൂട്രീഷൻ സംബന്ധമായ പരിപാടികൾ
7. ഡെന്റൽ പ്ലാൻ ഫണ്ട്.

(ബി) ഇതിൽ ഓരോ പ്രവർത്തിക്കും എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പ്രവർത്തിയുടെയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

ആർദ്രം പദ്ധതി പ്രകാരം സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## മലപ്പുറം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ

227 (249) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; ഇതിനായി അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളും അവയ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങളും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) മലപ്പുറം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ പദ്ധതികളും അനുവദിച്ച ഫണ്ടും വിശദീകരിക്കാമോ?

മലപ്പുറം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികളും അനുവദിച്ച ഫണ്ടും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ?

പൂർത്തീകരിക്കാത്ത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

## സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

228 (250) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം അട്ടപ്പാടി കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് അനുവദിച്ചത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽനിന്നും താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 20-4-2020-ന് | - | 1 കോടി 20 ലക്ഷം |
| 25-8-2020 -ന് | - | 1 കോടി 20 ലക്ഷം |
| ആകെ | - | 2 കോടി 40 ലക്ഷം |

(ബി) ആദിവാസി രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചെലവായ തുക ഇതുവരെയും ആശുപത്രി അധികൃതർക്ക് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

20-4-2020-ന് അനുവദിച്ച 1 കോടി 20 ലക്ഷം രൂപ 19-5-2020-ന് കോട്ടത്തറ ആശുപത്രിക്ക് നൽകി. 25-8-2020-ന് അനുവദിച്ച 1 കോടി 20 ലക്ഷം രൂപ 4-1-2021 -ന് കോട്ടത്തറ ആശുപത്രിക്ക് നൽകി.

(സി) പ്രസ്തുത തുക ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

20-4-2020-ന് അനുവദിച്ച 1 കോടി 20 ലക്ഷം രൂപ 19-5-2020-ന് കോട്ടത്തറ ആശുപത്രിക്ക് നൽകി. 25-8-2020 -ന് അനുവദിച്ച 1 കോടി 20 ലക്ഷം രൂപ 4-1-2021- ന് കോട്ടത്തറ ആശുപത്രിക്ക് നൽകി.

## തിരുവനന്തപുരം ജനറൽ ആശുപത്രി

229(251) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എത്ര രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്?

തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ വികസനത്തിന് കിഫ്ബിയിൽപ്പെടുത്തി 1,43,06,18,694 ( നൂറ്റിനാല്പത്തി മൂന്ന് കോടി ആറ് ലക്ഷത്തി പതിനെട്ടായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ) രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ആശുപത്രിയിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്?

ഒ.പി. ഡിപ്പാർട്ടുമെന്റ്, എമർജൻസി തിയേറ്റർ, ട്രോമാ കെയർ യൂണിറ്റ്, ട്രോമാ വാർഡ്, ഐ.സി.യു., ഡേകെയർ, കീമോതെറാപ്പി യൂണിറ്റ്, റീജിയണൽ ബ്ലഡ് ബാങ്ക് വിത്ത് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ്, റേഡിയോളജി ഡിപ്പാർട്ട്മെന്റ്, ഹൈടെക്ക് ലബോറട്ടറി (ബയോകെമിസ്ട്രി, ഹെമറ്റോളജി, പാത്തോളജി, മൈക്രോ ബയോളജി) എന്നീ സൗകര്യങ്ങളാണ് ആശുപത്രിയിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ പുരോഗതി എന്തെന്ന് വിശദീകരിക്കാമോ?

തിരുവനന്തപുരം ജനറൽ ആശുപത്രി വികസനം കിഫ്ബിയിൽപ്പെടുത്തി നിർവ്വഹിക്കുന്നതിന് 29-1-2020-ലെ ഉത്തരവ് പ്രകാരം 143.06 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകി തുടർന്ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് ഡി.പി.ആർ. തയ്യാറാക്കി ആരോഗ്യ വകുപ്പിലെ സാങ്കേതിക സമിതിയുടെ അനുമതിയോടെ

15-9-2020-ന് കിഫ്ബിയിൽ സമർപ്പിച്ചു. ഇതിൻമേൽ കിഫ്ബിയുടെ വിശദമായ പരിശോധന നടന്നുവരികയാണ്. പരിശോധന പൂർത്തിയാക്കിയ ശേഷം കിഫ്ബി യിൽനിന്നും സാമ്പത്തിക അനുമതി ലഭിച്ചശേഷം ടെൻഡർ നടപടികൾ ആരംഭി ക്കുന്നതാണ്.

## ഇ-ഹെൽത്ത് പദ്ധതി

230(252) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ ആളുകളുടെയും ആരോഗ്യ വിവരങ്ങൾ ഡിജിറ്റലാക്കാനുള്ള ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായുള്ള വിവരശേഖരണം നഗരങ്ങളിൽ മുടങ്ങിയിട്ടുണ്ടോ?

ആദ്യഘട്ടമെന്ന നിലയിൽ നഗരേതര പ്രദേശങ്ങളിലെ വിവരശേഖരണമാണ് ഇപ്പോൾ നടന്നുവരുന്നത്. നഗര പ്രദേശങ്ങളിലെ വിവരശേഖരണത്തിന് NHM മുഖേന ആരോഗ്യ പ്രവർത്തകർക്ക് ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) നഗരപ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരുടെ അഭാവംമൂലമാണ് വിവരശേഖരണം മുടങ്ങിയതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. നഗര പ്രദേശങ്ങളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരുണ്ട്. അവർക്ക് പുറമേ ദേശീയ ആരോഗ്യ ദൗത്യം (NHM) കരാർ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നുണ്ട്.

(സി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ ടാബ്‌ലെറ്റ് കംപ്യൂട്ടറുകൾ നൽകാതിരുന്നത് വിവരശേഖരണത്തെ ബാധിച്ചിട്ടില്ലേ?

നഗരപ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിന്റേയും മുനിസിപ്പൽ വകുപ്പിന്റെയും ദേശീയ ആരോഗ്യ മിഷന്റെയും ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരം, താൽക്കാലികം എന്നീ വേർതിരിവില്ലാതെ തന്നെ ടാബ്‌ലെറ്റ് കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ട്.

(ഡി) താൽക്കാലിക ജീവനക്കാർക്ക് പെൻ നമ്പർ ഇല്ലാത്തതിനാൽ ടാബ് കമ്പ്യൂട്ടറുകൾ നൽകാതിരുന്നതുമൂലം വിവരശേഖരണം മുടങ്ങിയത് ഇ-ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പിന് തിരിച്ചടിയായില്ലേ?

താൽക്കാലിക ജീവനക്കാർക്ക് Temporary PEN നമ്പർ നൽകി അടിസ്ഥാന വിവരശേഖരണത്തിന് ഇ-ഹെൽത്ത് മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്.

(ഇ) "(a) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായുള്ള വിവരശേഖരണം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(b) ഇപ്പോൾ എന്തെല്ലാം വിവരങ്ങൾ ശേഖരിച്ചു;

(c) ഇനി എന്തെല്ലാം വിവരങ്ങൾ ശേഖരിക്കാൻ അവശേഷിക്കുന്നു;

(d) ഇപ്പോൾ എത്ര ആളുകളുടെ വിവരങ്ങൾ ശേഖരിച്ചു എന്ന് വ്യക്തമാക്കുമോ;"?

വിവരശേഖരണത്തിന്റെ ഭാഗമായി ആധാർ അടിസ്ഥാന രേഖയാക്കി വ്യതിരിക്ത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് 2.59 കോടി ജനങ്ങളുടെ എൻറോൾമെന്റ് പൂർത്തിയായിട്ടുണ്ട്. മെമ്പർ സർവ്വേ, ഹൗസ് സർവ്വേ, വില്ലേജ് സർവ്വേ എന്നിവ പുരോഗമിച്ചുവരുന്നു.

(എഫ്) നഗരപ്രദേശങ്ങളിൽ പി.പി.യൂണിറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള വാർഡുകളിൽ അല്ലാതെയുള്ള വാർഡുകളിൽ വിവരശേഖരണം നടത്താൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

സ്ഥിരം ജീവനക്കാർ ഇല്ലാത്ത സ്ഥലങ്ങളിൽ NHM മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ആരോഗ്യ പ്രവർത്തകർക്ക് താൽക്കാലിക PEN നമ്പർ നൽകി സർവ്വേ നടത്തുന്നതിന് ഇ ഹെൽത്തിൽ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

231 (253) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ-സാമൂഹ്യനീതി, വനിതാ ശിശുക്ഷേമ വകുപ്പുകൾ മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി യിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ?

പ്രസ്തുത നിയോജക മണ്ഡലത്തിൽ, ആരോഗ്യ വകുപ്പ് പ്ലാൻ ഫണ്ട്വഴി എല്ലാ സാമ്പത്തിക വർഷവും താഴെപ്പറയുന്ന പദ്ധതികൾ നടത്തുന്നു.

1. ഡെന്റൽ ശാക്തീകരണം

2. ആരോഗ്യജാഗ്രതാ പ്രവർത്തങ്ങൾ/സി.ഡി. കൺട്രോൾ
3. പകർച്ചേതര വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ
4. സി.ഡി.ഡി. - ഒ.ആർ.റ്റി പ്രോഗ്രാം
5. പ്രാണിജന്യ/ജലജന്യരോഗ നിയന്ത്രണം
6. നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം
7. സാന്ത്വന പരിചരണ പരിപാടി
8. ഡയറ്റ് ആന്റ് ന്യൂട്രീഷ്യൻ

കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഏഴ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ആർദ്രം ഒന്നാം ഘട്ടത്തിൽ കല്ലടിക്കോട്, മങ്കര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ, മണ്ണൂർ, കാഞ്ഞിരപ്പുഴ, കാരാക്കുറിശ്ശി, കേരളശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തേയും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) ഓരോ പദ്ധതിക്കുമായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ നൽകുമോ?

ആരോഗ്യ വകുപ്പ് ഓരോ പദ്ധതിക്കുമായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദ വിവരങ്ങൾ അനുബന്ധം (ബി) ആയും വനിതാ ശിശുവികസന വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം (സി) ആയുംചേർത്തിരിക്കുന്നു.* സാമൂഹിക നീതി വകുപ്പ് കോങ്ങാട് മണ്ഡലത്തിൽ മാത്രമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

### ആരോഗ്യ രംഗത്ത് പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ

232 (254) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ആരോഗ്യ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ആരോഗ്യ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു .*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ ആരോഗ്യ രംഗത്ത് എന്തെല്ലാം പദ്ധതികൾ ആണ് അനുവദിച്ചിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കുമോ?

പട്ടാമ്പി മണ്ഡലത്തിൽ ആരോഗ്യ രംഗത്ത് അനുവദിച്ചിട്ടുള്ള പദ്ധതികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു* .

**ഉദുമ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കൾ**

233 (255) ശ്രീ കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ എത്ര പി.എച്ച്.സി.-കൾ എഫ്.എച്ച്.സി.-കളാക്കി ഉയർത്തിയിട്ടുണ്ട്?

7 (ഏഴ്) എണ്ണം

(ബി) ഇതിൽ എത്ര എണ്ണം എഫ്.എച്ച്.സി. മാതൃകയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

2 (രണ്ട്) എണ്ണം. കുടുംബാരോഗ്യകേന്ദ്രം ഉദുമ, കുടുംബാരോഗ്യകേന്ദ്രം ചട്ടഞ്ചാൽ

(സി) ബന്തടുക്ക പി.എച്ച്.സി., എഫ്.എച്ച്.സി.-യായി ഉയർത്തുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ആർദ്രം മൂന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ബന്തടുക്ക പി.എച്ച്.സി.-യെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1947/2020/ആ.കു.വ. തീയതി-22-10-2020 പ്രകാരം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

(ഡി) കാസർഗോഡ് പാക്കേജിൽ കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തി പ്രസ്തുത പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ പ്രസ്തുത പി.എച്ച്.സി., എഫ്.എച്ച്.സി.-യായി ഉയർത്തുന്ന വിഷയം അടിയന്തരമായി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ആർദ്രം മൂന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ബന്തടുക്ക പി.എച്ച്.സി.-യെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1947/2020/ആ.കു.വ. തീയതി-22-10-2020 പ്രകാരം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിലുണ്ടായ പുരോഗതി

234(256) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി മാത്രം ആരോഗ്യ വകുപ്പിൽ 2721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയിലൂടെ എത്ര ഡെന്റിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ആർദ്രം പദ്ധതിയിലൂടെ ജൂനിയർ കൺസൾട്ടന്റ്(ദന്തൽ)-ന്റെ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡെന്റിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ?

ഇല്ല, എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡെന്റൽ സർജൻ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ഡി) എത്ര സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡെന്റൽ സർജൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ 41 സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡെന്റൽ സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ഡെന്റൽ സർജൻ തസ്തിക സൃഷ്ടിക്കുമോ?

നിലവിൽ 41 സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡെന്റൽ സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(എഫ്) എല്ലാ ജില്ലാ താലൂക്കാശുപത്രികളിലെയും ഒ.പി. സമയം വൈകുന്നേരം 6 മണി വരെ നീട്ടാനും ഇതിനായി 70 ഡെന്റൽ സർജൻമാരെ അധികമായി പോസ്റ്റ് ചെയ്യാനും മന്ത്രിസഭ തീരുമാനിച്ചിരുന്നുവെങ്കിലും ഒരു ഡെന്റൽ സർജനെപ്പോലും പുതുതായി നിയമിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ജി) സർക്കാർ ആശുപത്രിയിൽ ഡെന്റൽ സർജൻ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നോ; ഈ പ്രൊപ്പോസൽ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ; എം1/523/2018/എച്ച് ഇ 1/എഫ്.ഡബ്ല്യു.ഡി. നമ്പർ ഫയലിന്മേൽ നടപടി ഉണ്ടായപ്പോൾ ഡെന്റൽ ചെയർ ടെക്നീഷ്യന്മാരെ മാത്രം നിയമിക്കുകയും അസിസ്റ്റന്റ് ഡെന്റൽ സർജന്മാരെ ഒഴിവാക്കുകയും ചെയ്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉണ്ട്, പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു* .

**ആർദ്രം പദ്ധതി**

235(257) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി എർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

ചാലക്കുടി മണ്ഡലത്തിലെ താഴെ പറയുന്ന ആരോഗ്യകേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു

(1) <u>താലൂക്കാസ്ഥാന ആശുപത്രി, ചാലക്കുടി</u>

ആർദ്രം പദ്ധതിയുടെ ഭാഗമായി ചാലക്കുടി താലൂക്കാസ്ഥാന ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചു :

| ക്രമ നമ്പർ | തസ്തികകൾ | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ജൂനിയർ കൺസൽട്ടന്റ് (അനസ്തേഷ്യ) | 1 |
| 2 | കാഷ്വൽറ്റി മെഡിക്കൽ ആഫീസർ | 2 |
| 3 | സ്റ്റാഫ് നഴ്സ് | 3 |
| 4 | ലാബ് ടെക്നീഷ്യൻ | 1 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 5 | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 |
| 6 | ഡയാലിസിസ് ടെക്നീഷ്യൻ | 2 |
| 7 | ഇ.സി.ജി ടെക്നീഷ്യൻ | 1 |
| 8 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | 2 |

(2) കുടുംബാരോഗ്യ കേന്ദ്രം, മേലൂർ

ആർദ്രം പദ്ധതിയുടെ ഭാഗമായി മേലൂർ എഫ്.എച്ച്.സി 6-10-2020-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഇവിടെ ഒരു ഡോക്ടറുടെ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ലാബ് പ്രവർത്തിച്ചു തുടങ്ങി. ഈവനിംഗ് ഒ.പി.-യും ആരംഭിച്ചു. ഈവനിംഗ് ഒ.പി.-ക്കായി പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിച്ചു. നിലവിലുള്ള കെട്ടിടം നവീകരിക്കുകയും കുടുംബാരോഗ്യകേന്ദ്രത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഇതിനായി 15.5 ലക്ഷം രൂപ ആർദ്രം ഫണ്ടും 8.5 ലക്ഷം ഗ്രാമപഞ്ചായത്ത് ഫണ്ടും ഉപയോഗിച്ചു.

(3) കുടുംബാരോഗ്യ കേന്ദ്രം, നാലുകെട്ട്

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിലെ നാലുകെട്ട് എഫ്.എച്ച്.സി. 6-10-2020-ന് ഉദ്ഘാടനം ചെയ്തു. ഇവിടെ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ എൻ.എച്ച്.എം. 15.50 ലക്ഷം രൂപ ചെലവഴിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(4) കുടുംബാരോഗ്യ കേന്ദ്രം, വെറ്റിലപ്പാറ

ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 6-10-2020-ന് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ. ശ്രീ. ബി. ഡി. ദേവസ്സി നിർമ്മാണ പ്രവർത്തനങ്ങൾക്കായി 65 ലക്ഷം രൂപ അനുവദിക്കുകയും കോസ്റ്റ്ഫോർഡ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ഇവിടെ അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചു. പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും റീ ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ലാബ്, ഫാർമസി എന്നിവ നവീകരിച്ചു. മലക്കപ്പാറ സബ് സെന്റർ, വെൽനസ് സെന്റർ ആയി ഉയർത്തി. ഇവിടെ ആർദ്രം പദ്ധതിയുടെ ഭാഗമായി സായാഹ്ന ഒ.പി. തുടങ്ങിയിട്ടുണ്ട്.

(5) <u>കുടുംബാരോഗ്യ കേന്ദ്രം, പരിയാരം</u>

ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത എഫ്.എച്ച്.സി. പരിയാരത്ത് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെയും ഒരു ഫാർമസിസ്റ്റിന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ലാബിലേയ്ക്കുള്ള ഉപകരണങ്ങൾ, ടി.വി., വെയ്റ്റിംഗ് ഏരിയ, ഒ.പി. കൗണ്ടർ തുടങ്ങിയ എഫ്.എച്ച്.സി.-ക്ക് വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഖേന അനുവദിച്ച 5 ലക്ഷം രൂപയിൽനിന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും വേർതിരിച്ച് ശൗചാലയം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(6) <u>പ്രാഥമികാരോഗ്യ കേന്ദ്രം കാട്ടുകുറ്റി (കക്കാട്)</u>

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കാട്ടുകുറ്റി എഫ്.എച്ച്.സി. ആഗസ്റ്റ് 2019-ന് ഉദ്ഘാടനം ചെയ്തു. ഇവിടെ എൻ.എച്ച്.എം. ഫണ്ട് മുഖേന ലഭ്യമായ 15.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നിർമ്മിതി കേന്ദ്രം മുഖേന നടത്തിയിട്ടുണ്ട്. ഇവിടെ ലാബ് ടെക്നീഷ്യന്റെ ഒരു അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പുതിയ ലാബ് തുടങ്ങിയിട്ടുണ്ട്. പഞ്ചായത്ത് മുഖേന ഒരു ഫാർമസിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. നവീകരിച്ച ഒ.പി. കെട്ടിടം, രോഗികൾക്കായി വെയിറ്റിംഗ് ഏരിയ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്

(7) <u>കുടുംബാരോഗ്യ കേന്ദ്രം കൊടകര</u>

ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കൊടകര എഫ്.എച്ച്.സി. ആക്കി 2019 ഓഗസ്റ്റ് 3-ന് ഉദ്ഘാടനം ചെയ്തു. ആർദ്രം പദ്ധതിയുടെ ഭാഗമായി ഇവിടെ എൻ.എച്ച്.എം. കോസ്റ്റ് ഫോർഡ് മുഖേന 15.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടർ, പ്രതിരോധ കുത്തിവെയ്പ്, മുറി നവീകരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോമെഡിക്കൽ മാലിന്യ ശേഖരണ മുറി, പുനരുദ്ധാരണ ലാബ്, കോൺഫറൻസ് ഹാൾ പുതുക്കി പണിയൽ, ഗേറ്റ്, ചുറ്റുമതിൽ പുനർനിർമ്മാണം മുതലായവ നടത്തിയിട്ടുണ്ട്.

**ആർദ്രം പദ്ധതി**

236 (258) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്?

വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രം, ചെട്ടിവിളാകം പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. മൂന്നാം ഘട്ടത്തിൽ പാലസ് ഡിസ്പെൻസറി, കവടിയാർ പരിവർത്തനം ചെയ്തിട്ടുണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ എന്തൊക്കെ അധികസൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട, കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ കേന്ദ്രങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തി ക്കുന്നുണ്ട്. ആസ്ത്മ, മാനസിക ആരോഗ്യ പരിചരണത്തിനുള്ള ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏതൊക്കെ ജീവനക്കാരുടെ തസ്തികകളാണ് അധികമായി സൃഷ്ടിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ, 1 ഫാർമസിസ്റ്റ് എന്നീ തസ്തികകളും ചെട്ടിവിളാകം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതി**

237 (259) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം താലൂക്കാശുപത്രി, ചേരാവള്ളി അർബൻ പി.എച്ച്.സി., പത്തിയൂർ, കണ്ടല്ലൂർ, കൃഷ്ണപുരം, ഭരണിക്കാവ്, ചെട്ടികുളങ്ങര, ദേവീകുളങ്ങര എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്നും ഇതിൽ ഓരോ കേന്ദ്രത്തിനും ചെലവഴിച്ച തുക എത്രയെന്നും അധികമായി വിന്യസിച്ച ജീവനക്കാരുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

ആർദ്രം പദ്ധതിയിൽ കായകുളം മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഭരണിക്കാവ് കുടുംബാരോഗ്യ കേന്ദ്രം

പുതിയ ഒ.പി. കെട്ടിടത്തിനായി 64.4 ലക്ഷം രൂപ (ജില്ല പഞ്ചായത്ത് 25 ലക്ഷം രൂപ, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് 25 ലക്ഷം രൂപ, എൻ.എച്ച്.എം ആലപ്പുഴ 14.4 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുവരുന്നു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തികകൾ | നിലവിൽ ഉണ്ടായിരുന്നത് | തസ്തിക സൃഷ്ടിച്ച | ആകെ |
|---|---|---|---|---|
| 1. | അസിസ്റ്റന്റ് സർജൻ | 1 | 1 | 2 |
| 2. | സ്റ്റാഫ് നഴ്സ് | 1 | 1 | 2 |
| 3. | ലാബ് ടെക്നീഷ്യൻ | 0 | 1 | 1 |

എൻ.എച്ച്.എം. നിയമനങ്ങൾ

മെഡിക്കൽ ആഫീസർ : 1

(2) കുണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രം

കെട്ടിട നവീകരണത്തിനായി 12 ലക്ഷം രൂപ (എൻ.എച്ച്.എം 12 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തികകൾ | നിലവിൽ ഉണ്ടായിരുന്നത് | തസ്തിക സൃഷ്ടിച്ച | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | അസിസ്റ്റന്റ് സർജൻ | 2 | 1 | 3 |
| 2. | സ്റ്റാഫ് നഴ്സ് | 5 | 2 | 7 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3. | ലാബ് ടെക്നീഷ്യൻ | 0 | 1 | 1 |
| 4. | ഫാർമസിസ്റ്റ് | 1 | 1 | 2 |

(3) <u>പത്തിയൂർ കുടുംബാരോഗ്യ കേന്ദ്രം</u>

കെട്ടിട നവീകരണത്തിനായി 30.5 ലക്ഷം രൂപ (പത്തിയൂർ ഗ്രാമ പഞ്ചായത്ത് 15 ലക്ഷം രൂപ, എൻ.എച്ച്.എം 15.5 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തികകൾ | നിലവിൽ ഉണ്ടായിരുന്നത് | തസ്തിക സൃഷ്ടിച്ചു | ആകെ |
|---|---|---|---|---|
| 1. | അസിസ്റ്റന്റ് സർജൻ | 1 | 1 | 2 |
| 2. | സ്റ്റാഫ് നഴ്സ് | 1 | 1 | 2 |

(4) <u>കൃഷ്ണപുരം കുടുംബാരോഗ്യ കേന്ദ്രം</u>

പുതിയ ഒ.പി. ലാബ് കെട്ടിടത്തിനായി 81 ലക്ഷം രൂപ (എം.എൽ.എ. ഫണ്ട് 20 ലക്ഷം രൂപ, ജില്ല പഞ്ചായത്ത് 10 ലക്ഷം രൂപ, കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് 37 ലക്ഷം രൂപ, എൻ,എച്ച്.എം. 14 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തികകൾ | നിലവിൽ ഉണ്ടായിരുന്നത് | തസ്തിക സൃഷ്ടിച്ചു | ആകെ |
|---|---|---|---|---|
| 1. | അസിസ്റ്റന്റ് സർജൻ | 1 | 1 | 2 |
| 2. | ലാബ് ടെക്നീഷ്യൻ | 0 | 1 | 1 |

(5) <u>ചെട്ടിക്കുളങ്ങര കുടുംബാരോഗ്യ കേന്ദ്രം</u>

കെട്ടിട നവീകരണത്തിനായി 58 ലക്ഷം രൂപ (ജില്ല പഞ്ചായത്ത് 20 ലക്ഷം രൂപ, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് 28 ലക്ഷം രൂപ, എൻ.എച്ച്.എം. ഫണ്ട് 10 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

<u>സ്ഥിരം തസ്തികകൾ</u>

| ക്രമ നമ്പർ | തസ്തികകൾ | നിലവിൽ ഉണ്ടായിരുന്നത് | തസ്തിക സൃഷ്ടിച്ചു | ആകെ |
|---|---|---|---|---|
| 1 | ലാബ് ടെക്നീഷ്യൻ | 0 | 1 | 1 |

<u>എൻ.എച്ച്.എം. നിയമനങ്ങൾ</u>

ആർ.ബി.എസ്.കെ. സ്റ്റാഫ് നഴ്സ് - 1

(6) <u>ദേവികുളങ്ങര കുടുംബാരോഗ്യ കേന്ദ്രം</u>

കെട്ടിട നവീകരണത്തിനായി 14 ലക്ഷം രൂപ (എൻ.എച്ച്.എം 14 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തികകൾ | നിലവിൽ ഉണ്ടായിരുന്നത് | തസ്തിക സൃഷ്ടിച്ചു | ആകെ |
|---|---|---|---|---|
| 1. | അസിസ്റ്റന്റ് സർജൻ | 1 | 1 | 2 |
| 2. | സ്റ്റാഫ് നഴ്സ് | 1 | 1 | 2 |

(7) <u>കായംകുളം താലൂക്കാശുപത്രി</u>

ആർദ്രം മിഷന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയുമായി ചേർന്ന് 4 ഡയാലിസിസ് മെഷ്യനുകൾ അടങ്ങുന്ന ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 20,92,524 രൂപ ചെലവഴിച്ചു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തികകൾ | നിലവിൽ ഉണ്ടായിരുന്നത് | തസ്തിക സൃഷ്ടിച്ച | ആകെ |
|---|---|---|---|---|
| 1. | ജൂനിയർ കൺസൾട്ടന്റ് (സർജറി) | 0 | 1 | 1 |
| 2. | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | 1 | 1 | 2 |
| 3. | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 0 | 1 | 1 |
| 4. | സ്റ്റാഫ് നഴ്സ് | 20 | 2 | 22 |
| 5. | ലാബ് ടെക്നീഷ്യൻ | 3 | 1 | 4 |
| 6. | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 0 | 1 | 1 |

എൻ.എച്ച്.എം. നിയമനങ്ങൾ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | - | 4 |
| സ്റ്റാഫ് നഴ്സ് | - | 5 |
| ലാബ് ടെക്നീഷ്യൻ | - | 2 |
| ഒപ്റ്റോമെട്രിസ്റ്റ് | - | 1 |
| ഡി.ഇ.ഒ | - | 1 |
| പി.ആർ.ഒ | - | 1 |

കൂടാതെ കായംകുളം താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനം KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 64,70,61,384 രൂപയുടെ ഭരണാനുമതി നൽകുകയും കിഫ്ബി അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(8) ചേരാവള്ളി അർബൻ പ്രാഥമികാരോഗ്യ കേന്ദ്രം

കെട്ടിട നവീകരണത്തിനായി 7 ലക്ഷം രൂപ (എൻ.എച്ച്.എം 7 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു. അധികമായി വിന്യസിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

എൻ.എച്ച്.എം. നിയമനങ്ങൾ

| | | |
|---|---|---|
| മെഡിക്കൽ ആഫീസർ | - | 2 |
| ദന്തൽ മെഡിക്കൽ ആഫീസർ | - | 1 |
| സ്റ്റാഫ് നഴ്സ് | - | 2 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | - | 6 |
| ഫാർമസിസ്റ്റ് | - | 1 |
| ലാബ് ടെക്നീഷ്യൻ | - | 1 |
| സ്പോർട്ടിംഗ് സ്റ്റാഫ് | - | 2 |

**പാറശ്ശാല നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി**

238(260) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ആയതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

ആർദ്രം പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ 6 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുകയും ഇവിടങ്ങളിൽ അധിക ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഒ.പി. രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തിക്കുകയും ചെയ്യുന്നു. സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ്സ് കഴിയാത്തവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ ആർദ്രം പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

2017-18

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് - പൂഴനാട് കുടുംബാരോഗ്യ കേന്ദ്രം : 14,47,826 രൂപ

2018-19

1. അമ്പൂരി ഗ്രാമപഞ്ചായത്ത് - അമ്പൂരി കുടുംബാരോഗ്യ കേന്ദ്രം : 12,68,746 രൂപ
2. കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് - കുന്നത്തുകാൽ കുടുംബാരോഗ്യ കേന്ദ്രം : 53,25,378 രൂപ
3. കൊല്ലയിൽ ഗ്രാമപഞ്ചായത്ത് - കൊല്ലയിൽ കുടുംബാരോഗ്യ കേന്ദ്രം : 18,29,971 രൂപ
4. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - കള്ളിക്കാട് ന്യൂ കുടുംബാരോഗ്യ കേന്ദ്രം : 12,22,661 രൂപ

(ബി) 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പെരുങ്കടവിള സി.എച്ച്.സി.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് കോടി രൂപ അനുവദിച്ചിരുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച രണ്ട് കോടി രൂപയുടെ പണികൾ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പാറശ്ശാല താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രിയിൽ ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ അടങ്കൽത്തുകയും പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

പാറശ്ശാല ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-17

5,72,985 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് മോർച്ചറി ഫ്രീസർ വാങ്ങുകയും ആയത് ഉപയോഗിക്കുകയും ചെയ്യുന്നു. 28,00,000 രൂപയുടെ ജനറേറ്റർ വാങ്ങി ഉപയോഗിച്ചുവരുന്നു. ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ.വഴി ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. ദിവസേന 12 പേർക്ക് രണ്ട് ഷിഫ്റ്റായി ഡയാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്.

2017-18

പ്ലാൻ ഫണ്ട് ഉപയോഗിച്ച് 16,50,000 രൂപയുടെ എം.ആർ.എൽ കെട്ടിടം നവീകരിച്ചിട്ടുണ്ട്. 23,13,904 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് ഖര മാലിന്യ സംസ്കരണ പ്ലാന്റ് പണിയുകയും ആയത് ഇപ്പോൾ ഉപയോഗത്തിലുമാണ്.

2018-19

9,03,312 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് പാലിയേറ്റീവ് കെയർ ആംബുലൻസ് വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. 30,00,000 രൂപയുടെ ആധുനിക മോർച്ചറി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. 4,00,000 രൂപയുടെ ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് മോർച്ചറി ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചു വരുന്നു. 1,65,00,000 രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പുതിയ മാതൃശിശു മന്ദിരത്തിന്റെ 95% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ലിഫ്റ്റിനാവശ്യമായ പണികൾ നടക്കുകയാണ്. 2,20,00,000 രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എൻ.എച്ച്.എം. മുഖേന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാനിന്റെ പണികൾ പൂർത്തീകരിക്കുകയും ആയത് ഉപയോഗത്തിലുമാണ്.

2019-20

5,00,000 രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ റെക്കോർഡ് കെട്ടിടം നവീകരിച്ചിട്ടുണ്ട്. 10,00,000 രൂപയുടെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്ത്രീകൾക്കായി വിശ്രമ മന്ദിരം നിർമ്മിക്കുകയും ആയത് ഇപ്പോൾ ഉപയോഗത്തിലുമാണ്. 15,42,000 രൂപയുടെ ബ്ലോക്ക് ഫണ്ട് പ്രോജക്ട്വഴി പവർ ലാൺടി കെട്ടിടം നിർമ്മിച്ചു വരുന്നു. 5,00,000 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് വാർദ്ധക്യ സൗഹൃദ നടപ്പാത നിർമ്മിക്കുകയും ആയത് ഇപ്പോൾ ഉപയോഗിച്ചുവരികയും ചെയ്യുന്നു.

2020-21

5,04,650 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി കോവിഡ് പ്രതിരോധം നടപ്പിലാക്കി വരുന്നു. 2,89,19,776 രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് പണിയുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിന് എസ്റ്റിമേറ്റ് നൽകുകയും യൂണിറ്റിന്റെ പണികൾ പുരോഗമിച്ചുംവരുന്നു.

## കോട്ടൂർ, എരമംഗലം കുടുംബാരോഗ്യ കേന്ദ്രങ്ങൾ

239 (261) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിലെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുള്ളതെന്നും ഇതിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ സർക്കാർ ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തനക്ഷമമാണെന്നും അറിയിക്കാമോ ?

ബാലുശ്ശേരി മണ്ഡലത്തിലെ 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ഇവയിൽ 4 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോട്ടൂർ, എരമംഗലം കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

1. കോട്ടൂർ - ലഭ്യമായ രണ്ടു കോടി പ്ലാൻ ഫണ്ട് വർക്കുകൾ (സ്ട്രക്ചറൽ) പി.ഡബ്ല്യു.ഡി. പൂർത്തീകരിക്കുകയുണ്ടായിട്ടുണ്ട്. ബാക്കി വർക്കുകൾക്കുള്ള 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനായി പി.ഡബ്ല്യു.ഡി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. എൻ.എച്ച്.എം. ഫണ്ടായ 15 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2021 മാർച്ച് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്.
2. എരമംഗലം - ലഭ്യമായ എൻ. എച്ച്. എം. ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിലെ മങ്ങാട് പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; മങ്ങാട് പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

സർക്കാർ ഉത്തരവ് നമ്പർ 1947/2020/ H & FWD തീയതി 22-10-2020 പ്രകാരം, മങ്ങാട് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി

240 (262) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ?

കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 7 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു :

1. ആർദ്രം ഒന്നാം ഘട്ടം - പ്രാഥമിക ആരോഗ്യകേന്ദ്രം, കല്ലടിക്കോട്, പ്രാഥമിക ആരോഗ്യകേന്ദ്രം, മങ്കര

2. ആർദ്രം രണ്ടാം ഘട്ടം - സാമൂഹ്യ ആരോഗ്യ കേന്ദ്രം, പറളി, പ്രാഥമിക ആരോഗ്യകേന്ദ്രം, മണ്ണൂർ, പ്രാഥമിക ആരോഗ്യകേന്ദ്രം, കാഞ്ഞിരപ്പുഴ, പ്രാഥമിക ആരോഗ്യകേന്ദ്രം, കാരാകുറിശ്ശി, പ്രാഥമിക ആരോഗ്യകേന്ദ്രം, കേരളശ്ശേരി പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 22 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. 7 അസിസ്റ്റന്റ് സർജൻ, 10 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, 3 ലാബ് ടെക്നീഷ്യൻ എന്നിവയാണത്.

(ബി) കല്ലടിക്കോട് ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത സംവിധാനം നടപ്പിലാക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിലില്ല.

(സി) കോങ്ങാട് സി.എച്ച്.സി.-യിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഇല്ല. കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ ഉപയോഗിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് കഴിയുകയില്ല.

**റാന്നി മണ്ഡലത്തിലെ ആർദ്രം പദ്ധതി**

241 (263) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

1. റാന്നി താലൂക്കാശുപത്രിയിൽ ഒ.പി. ട്രാൻസ്ഫർമേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. കിഫ്ബിയുമായി ചേർത്ത് 10 യൂണിറ്റുകളോട് കൂടിയ ഡയാലിസിസ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

3. കിഫ്ബി പദ്ധതി പ്രകാരം റാന്നി താലൂക്കാശുപത്രിക്ക് 12.77 കോടി രൂപയുടെ ഭരണാനുമതി നിർമ്മാണപ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

4. ആർദ്രം ഒന്നാം ഘട്ടത്തിൽ വടശേരിക്കര, കോട്ടാങ്ങൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുകയും ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

5. ആർദ്രം രണ്ടാം ഘട്ടത്തിൽ ചെറുകോൽ നാറാണമൂഴി, വെച്ചൂച്ചിറ, റാന്നി പഴവങ്ങാടി, എഴമറ്റൂർ എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

6. ആർദ്രം മൂന്നാം ഘട്ടത്തിൽ റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രവും അവശേഷിക്കുന്ന മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്.

(ബി) ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതെന്ന് അറിയിക്കുമോ?

ആർദ്രം ഒന്നാം ഘട്ടത്തിൽ വടശ്ശേരിക്കര, കോട്ടാങ്ങൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ ചെറുകോൽ നാറാണമൂഴി, വെച്ചൂച്ചിറ, റാന്നി പഴവങ്ങാടി, എഴമറ്റൂർ എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും റാന്നി നിയോജക മണ്ഡലത്തിലെ അവശേഷിക്കുന്ന മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്. നിലവിൽ വടശ്ശേരിക്കര, കോട്ടാങ്ങൽ, ചെറുകോൽ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാണ്. നാറാണമൂഴി, വെച്ചൂച്ചിറ, റാന്നി, പഴവങ്ങാടി, എഴമറ്റൂർ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ കേന്ദ്രങ്ങളിൽ നടപ്പാക്കിയ മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. ഒ.പി. സേവനം വൈകുന്നേരം ആറ് മണിവരെ ദീർഘിപ്പിച്ചു.
2. രോഗീസൗഹൃദമായി, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി.
3. ഇ- ഹെൽത്ത് സംവിധാനം ഏർപ്പെടുത്തി.
4. ശ്വാസ്, ആശ്വാസ് എന്നീ സേവനങ്ങൾ ഏർപ്പെടുത്തി.
5. കൂടുതൽ ജീവനക്കാരെ നിയമിച്ചു.
6. മെച്ചപ്പെട്ട ലബോറട്ടറി സൗകര്യം ഏർപ്പെടുത്തി.
7. ആർദ്രം ജനകീയ ക്യാമ്പയിൻ നടപ്പിലാക്കിവരുന്നു.

**കണ്ണൂർ ജില്ലയിലെ ആർദ്രം പദ്ധതി**

242 (264) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പി.എച്ച്.സി.-കളാണ് എഫ്.എച്ച്.സി.-കളാക്കി വികസിപ്പിച്ചിട്ടുള്ളത്; ഇതിനായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2017-18-ൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ സർക്കാർ ഉത്തരവ് നമ്പർ 845/2017/ആ.കു.വ. തീയതി-28/03/2017 പ്രകാരം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 2018-2019-ൽ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് (സർക്കാർ ഉത്തരവ് നമ്പർ 113/2018/ആ.കു.വ തീയതി-16-6-2018). 2019-2020-ൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. (സർക്കാർ ഉത്തരവ് നം.1947/2020/ആ.കു.വ. തീയതി- 22/10/2020)

| | | |
|---|---|---|
| 2017-2018 | - | 170 |
| 2018-2019 | - | 504 |
| 2019-2020 | - | 212 |
| ആകെ | - | 886 |

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചുവടെ ചേർക്കുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ഡോക്ടർ | - | 570 |
| 2. | സ്റ്റാഫ് നേഴ്സ് | - | 740 |
| 3. | ലാബ് ടെക്നീഷ്യൻ | - | 370 |
| 4. | ഫാർമസിസ്റ്റ് | - | 150 |
| | ആകെ | - | 1830 |

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് നിലവിൽ സജ്ജീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുടുംബാരോഗ്യകേന്ദ്രങ്ങളിൽ മെച്ചപ്പെട്ട രോഗീസൗഹൃദ സേവനം നൽകുകയും അതോടൊപ്പം അധിക തസ്തികകൾ ടി കേന്ദ്രങ്ങളിൽ അനുവദിച്ചുനൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട്പേഷ്യന്റ് സേവനം 6 മണിവരെ ദീർഘിപ്പിക്കൽ, നഴ്സുമാരുടെ പ്രീചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ടൽ എന്നിവർക്കുള്ള ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യ പരിപാലനത്തിനുള്ള ആശ്വാസ് ക്ലിനിക്ക് തുടങ്ങിയവയും പ്രവർത്തിച്ചുവരുന്നു. കൂടാതെ ലാബ് സൗകര്യം ഇവിടങ്ങളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ആരോഗ്യപരിപാലന രംഗത്ത് മികവ് പുലർത്തുന്ന സർക്കാർ ആശുപത്രികൾക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം സംസ്ഥാനത്ത് എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ലഭിച്ചിട്ടുണ്ട്; കണ്ണൂർ ജില്ലയിൽ പ്രസ്തുത അംഗീകാരം ലഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളേതെല്ലാം; വിശദമാക്കാമോ?

സംസ്ഥാനത്ത് ആരോഗ്യപരിപാലന രംഗത്ത് മികവ് പുലർത്തുന്ന സർക്കാർ ആശുപത്രികൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്) അംഗീകാരം കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും ഉൾപ്പെടെ 66 എണ്ണത്തിന് ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 17 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. കുടുംബാരോഗ്യകേന്ദ്രം വളപട്ടണം
2 കുടുംബാരോഗ്യകേന്ദ്രം ആലക്കോട് തേർത്തല്ലി
3. കുടുംബാരോഗ്യകേന്ദ്രം കൊട്ടിയൂർ
4. കുടുംബാരോഗ്യകേന്ദ്രം മലപ്പട്ടം
5. കുടുംബാരോഗ്യകേന്ദ്രം കതിരൂർ
6. കുടുംബാരോഗ്യകേന്ദ്രം ചെറുതാഴം
7. കുടുംബാരോഗ്യകേന്ദ്രം കാങ്കോൽ ആലപ്പടമ്പ
8. കുടുംബാരോഗ്യകേന്ദ്രം പാട്യം
9. കുടുംബാരോഗ്യകേന്ദ്രം തില്ലങ്കേരി
10. കുടുംബാരോഗ്യകേന്ദ്രം ആറളം ഫാം
11. കുടുംബാരോഗ്യകേന്ദ്രം ചെറുകുന്നതറ
12. കുടുംബാരോഗ്യകേന്ദ്രം പുളിങ്ങോം
13. കുടുംബാരോഗ്യകേന്ദ്രം ഉദയഗിരി
14. കുടുംബാരോഗ്യകേന്ദ്രം മുണ്ടേരി
15. കുടുംബാരോഗ്യകേന്ദ്രം മാട്ടൂൽ
16. കുടുംബാരോഗ്യകേന്ദ്രം കല്ല്യാശ്ശേരി
17. കുടുംബാരോഗ്യകേന്ദ്രം എരമംകുറ്റൂർ

## തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പശ്ചാത്തല വികസനം

243 (265) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും അതിൽ ഏതെല്ലാം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പശ്ചാത്തല വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്നും എത്ര തുകയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാനിന് 717.29 കോടി രൂപയുടെ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ആദ്യഘട്ട നിർമ്മാണ പണികൾക്കായി 58.37 കോടി രൂപ കിഫ്ബി നൽകിയിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിനായി 194.329 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

244 (266) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് കിഫ്ബിയിൽപ്പെടുത്തി നവീകരിക്കുന്നതിനായി 24-1-2020-ന് സർക്കാർ 124.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണം (ഒന്നാം ഘട്ടം 57.69 കോടി രൂപ, രണ്ടാം ഘട്ടം 37.47 കോടി രൂപ) നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം (29.78 കോടി രൂപ) എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ട്രോമാകെയർ ബ്ലോക്ക് ഒന്നാം ഘട്ടത്തിന് 51.29 കോടി രൂപയുടെ സാമ്പത്തിക അനുമതി 3-11-2020-ൽ കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടങ്ങളുടെ മെയിന്റനൻസ് പ്രവൃത്തികൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭരണാനുമതി നൽകിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി വാപ്കോസ് 29.78 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി കിഫ്ബിയിൽ സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) 'വാപ്കോസ്' മുഖേന വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭിച്ച ട്രോമാകെയർ യൂണിറ്റിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

കിഫ്ബിയുടെ അനുമതി ലഭിച്ച ട്രോമാകെയർ ഒന്നാം ഘട്ടത്തിന് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുമുൻപ് ഹരിത ചട്ട പ്രകാരം പുതിയ ബിൽഡിംഗിന് GRIHA 3 star അംഗീകാരം ലഭിക്കുന്നതിനാവശ്യമായ ഭേദഗതികൾ പദ്ധതിയിൽ വരുത്തി കിഫ്ബിയിൽ സമർപ്പിച്ച് ഭേദഗതി പ്രകാരമുള്ള അധിക സാമ്പത്തിക അനുമതി വാങ്ങിയിരിക്കണമെന്ന് 3-11-2020-ൽ സാമ്പത്തിക അനുമതി നൽകിയ ഉത്തരവിൽ കിഫ്ബി നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം അധിക സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള ശിപാർശ വാപ്കോസ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ച് 45 ദിവസത്തിനുള്ളിൽ പ്രവൃത്തികൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

**മെഡിക്കൽ കോളേജ് ആശുപത്രികളിൽ നടപ്പാക്കിയ പദ്ധതികൾ**

245 (267) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഒ.പി. സംവിധാനം രോഗീ സൗഹൃദമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാമ്പ് നിർമ്മാണം, രോഗിയുടെ

സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പു മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ, ദിശ ബോർഡുകൾ, പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു.

(ബി) ഇതിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും ഇതുവരെ എത്ര തുക ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ആർദ്രം, ഇ-ഹെൽത്ത് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആർദ്രം പദ്ധതി നടത്തിപ്പിനായി 51.81 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## കാരുണ്യ പദ്ധതി

246 (269) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രീ ചിത്ര മെഡിക്കൽ സെന്ററിൽ 18 വരെ വയസ്സുള്ളവർക്ക് സൗജന്യമായി ലഭിച്ചിരുന്ന ചികിത്സ ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; നിരവധി പേർക്ക് മുൻ നിശ്ചയിച്ചിരുന്ന ശസ്ത്രക്രിയയ്ക്ക് ഇപ്പോൾ വലിയ തുക നൽകേണ്ട അവസ്ഥയാണുള്ളതെന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) APL, BPL വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും സൗജന്യമായി ലഭിച്ചിരുന്ന ഹൃദയ സംബന്ധമായ അസുഖം, തലയിലെ രക്തസ്രാവം തുടങ്ങിവയ്ക്കുള്ള ചികിത്സയ്ക്ക് ഇപ്പോൾ പണം നൽകേണ്ട അവസ്ഥ സർക്കാർ പരിശോധിക്കുമോ;

&

(സി) ദേശീയ ആരോഗ്യമിഷനുമായി ബന്ധപ്പെട്ട് നൽകിയിരുന്നതും കാരുണ്യ പദ്ധതി ഉൾപ്പെടെ പാവപ്പെട്ടവർക്ക് നൽകിയിരുന്ന സൗജന്യ ചികിത്സയും തുടർന്നും നൽകുവാൻ നടപടി സ്വീകരിക്കുമോ. വ്യക്തമാക്കുമോ?

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്ര സർക്കാർ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ്. രാജ്യത്തെ തന്നെ പ്രധാനപ്പെട്ട റിസർച്ച് സ്ഥാപനവും ചികിത്സാ കേന്ദ്രവുമാണ്. പ്രധാനമായും ഹൃദയ സംബന്ധമായ അസുഖങ്ങൾക്കും, ന്യൂറോളജി വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽത്തന്നെ കുട്ടികൾക്കുള്ള വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്ന രാജ്യത്തെ തന്നെ പ്രധാന ചികിത്സാ കേന്ദ്രമാണ് ഇത്.

കഴിഞ്ഞ കാലയളവിൽ വിവിധങ്ങളായ സർക്കാർ പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, താലോലം, ആർ.ബി.എസ്.കെ. പദ്ധതി, വിവിധങ്ങളായ സർക്കാർ ഇൻഷ്വറൻസ് പദ്ധതികൾ തുടങ്ങിയവവഴി കേരളത്തിലെ സാധാരണ ക്കാരായ രോഗികൾക്ക് (പ്രത്യേകിച്ചും കുട്ടികൾക്ക്) വിദഗ്ദ്ധ ചികിത്സ, സർക്കാർ പണം നൽകി ശ്രീചിത്ര മുഖാന്തരം ഉറപ്പാക്കിയിരുന്നു.

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ കുട്ടികൾക്ക് 2014 ഏപ്രിൽ 1 മുതൽ നാഷണൽ ഹെൽത്ത് മിഷൻ തത് സ്ഥാപനവുമായി ഏർപ്പെട്ടിരുന്ന കരാറിൻ പ്രകാരം കുട്ടികൾക്ക് ചികിത്സ ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാക്കി വരികയായിരുന്നു. ഇതിനായി ചെലവാകുന്ന തുക സർക്കാർ ശ്രീചിത്ര തിരുനാൾ ആശുപത്രിക്ക് നൽകി വന്നിരുന്നതിനാലാണ് ശ്രീചിത്ര സൗജന്യമായി ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ കാലോചിതമായി കരാറിന്റെ നിബന്ധനകൾ പുതുക്കി നിർണ്ണയിച്ചതിന്റെ ഭാഗമായി ഡിസംബർ 01, 2020-ന് പുതുക്കിയ കരാർ പ്രകാരം ശ്രീചിത്ര തിരുനാൾ ആശുപത്രി കുട്ടികൾക്കുള്ള 187 ഹൃദയ ശസ്ത്രക്രിയകൾക്ക് മാത്രമേ കരാറിൽ ഏർപ്പെടാൻ തയ്യാറായിട്ടുള്ളൂ. ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം രാജ്യത്താകമാനം നടപ്പാക്കാനായി തയ്യാറാക്കിയിരിക്കുന്ന ചികിത്സാ നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ (നിരക്കുകൾ കുറവായതിനാൽ) സാധിക്കാത്തതാണ് കരാറിൽ ഇപ്രകാരത്തിലുള്ള വെട്ടിച്ചുരുക്കൽ നടത്താൻ കാരണമായി ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്. എന്നാൽ പല സ്വകാര്യ ആശുപത്രികളും (അഞ്ച്) ഈ നിരക്കിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നേരിട്ട് ശ്രീചിത്ര അധികാരികളെയും, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറേയും പങ്കെടുപ്പിച്ച് ചർച്ച സംഘടിപ്പിക്കുകയും പരിഹാര നിർദ്ദേശമായി നിരക്കുകൾ പുനഃക്രമീകരിച്ച് നടപ്പാക്കുന്നതിനായി ശ്രീചിത്ര അധികാരികളെയും മിഷൻ ഡയറക്ടറേയും ചുമതല പ്പെടുത്തിയിട്ടുമുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ നടന്നുവരികയാണ്. എന്നാൽ ചികിത്സാ ലഭ്യത മുടങ്ങാതെ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ മറ്റ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖാന്തരം ഉറപ്പാക്കിയിട്ടുണ്ട്.

ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വിപുലമാക്കി അഷ്വറൻസ് മോഡലിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി കരാർ പുതുക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ആശുപത്രിയെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമീപിച്ചപ്പോഴും സമാനമായ പ്രതികര ണമാണ് ഉണ്ടായിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ദേശീയ തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ സാധിക്കില്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഇതുകൂടാതെ കത്തിടപാടുകൾക്കുള്ള മറുപടിക്കായി

ആശുപത്രി അധികൃതർ കേന്ദ്ര സർക്കാർ സയൻസ് & ടെക്നോളജി മന്ത്രാലയത്തിനെ സമീപിച്ചിരിക്കുകയാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തുവരുന്നു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 186 സർക്കാർ ആശുപത്രികളും 369 സ്വകാര്യ ആശുപത്രികളും മുഖാന്തരം അർഹരായ രോഗികൾക്കുള്ള സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്.

## സർക്കാർ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ

247 (270) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളെയും മറ്റു സർക്കാർ ആശുപത്രികളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെയും ജനറൽ-ജില്ലാ ആശുപത്രി കളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ രോഗീ സൗഹൃദശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പു മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ്

മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവയും ലഭ്യമാക്കി വരുന്നു. കൂടാതെ ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ആർദ്രം പദ്ധതി പ്രകാരം നടത്തിവരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നിരവധിയായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്*. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനായി നടത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.*

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളെയും മെഡിക്കൽ കോളേജ് ആശുപത്രികളെയും നവീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ആർദ്രം മിഷൻ മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം</u>

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് മുതലായ 8 മെഡിക്കൽ കോളേജുകളുടെ ഒ.പി വിഭാഗം നവീകരിച്ചിട്ടുണ്ട്.

<u>ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ.പി പരിവർത്തനം</u>

ഡി.എച്ച്. കൊല്ലം, ജി.എച്ച്. കോട്ടയം, ജി.എച്ച്. തൃശ്ശൂർ, ഡി.എച്ച്. തിരൂർ, ജി.എച്ച് കൽപ്പറ്റ, ഡി.എച്ച്. തലശ്ശേരി, ജി.എച്ച്. കാസർഗോഡ് എന്നിവിടങ്ങളിലെ ഒ.പി. പരിവർത്തന പ്രവൃത്തികൾ പൂർത്തിയായി.

ജി.എച്ച്. തിരുവനന്തപുരം, ജി.എച്ച്. പത്തനംതിട്ട, ജി.എച്ച്. ആലപ്പുഴ, ഡി.എച്ച്. തൊടുപുഴ, ഡി.എച്ച്. പാലക്കാട്, ജി.എച്ച്. കോഴിക്കോട്, ഡി.എച്ച്. മാനന്തവാടി, ഡി.എച്ച്. കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

<u>പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവൃത്തികൾ</u>

സംസ്ഥാനത്ത് 2017-18 വർഷത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 164 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ള 6 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 235 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 104 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. 2019-20 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

താലൂക്കാശുപത്രികളുടെ ഒ.പി. പരിവർത്തനം

താലൂക്കാശുപത്രി റാന്നി, പാമ്പാടി, ചാവക്കാട്, പൊന്നാനി, സുൽത്താൻ ബത്തേരി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. താലൂക്കാശുപത്രി കോതമംഗലത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ കിഫ്ബി, നബാർഡ് എന്നീ പദ്ധതികൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. കിഫ്ബി, നബാർഡ് എന്നിവ മുഖേന നവീകരണത്തിനായി തെരഞ്ഞെടുത്തതും വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമായ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം III ആയി ചേർക്കുന്നു.*

## പൊതുജനാരോഗ്യ മേഖല

248 (271) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുജനാരോഗ്യ മേഖലയിൽ എത്ര പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര സ്ഥാപനങ്ങൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നുമുള്ള കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

പുതിയതായി തുടങ്ങിയ സ്ഥാപനങ്ങൾ

1. W&C ആശുപത്രി, പൊന്നാനി, മലപ്പുറം
2. പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം
3. പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി,വയനാട്
4. പബ്ലിക് ഹെൽത്ത് ലാബ്, പത്തനംതിട്ട

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമൂഹികാരോഗ്യകേന്ദ്രങ്ങളെ താലൂക്കാശുപത്രിയായി ഉയർത്തിയവ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം ജില്ല - മലയിൻകീഴ് സി.എച്ച്.സി.

കൊല്ലം ജില്ല - പത്തനാപുരം സി.എച്ച്.സി.

മലപ്പുറം ജില്ല - കൊണ്ടോട്ടി സി.എച്ച്.സി.

കാസർഗോഡ് ജില്ല - പനത്തടി, മംഗൽപാടി, ബേഡഡുക്ക സി.എച്ച്.സി.

(ബി) ഈ സർക്കാർ എത്ര പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഒന്നാംഘട്ടം - 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

രണ്ടാംഘട്ടം - 504 സ്ഥാപനങ്ങൾ (461 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ + 43 സാമൂഹികാരോഗ്യകേന്ദ്രങ്ങൾ)

മൂന്നാംഘട്ടം - 212 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

## തൃപ്പൂണിത്തുറ താലൂക്കാശുപത്രി

249 (272) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ താലൂക്കാശുപത്രിയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

&

(ബി) ഇവയുടെ വിശദാംശങ്ങൾ നിലവിലെ പുരോഗതി സഹിതം അറിയിക്കുമോ?

തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി താഴെ സൂചിപ്പിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഡയാലിസിസ് യൂണിറ്റ് നിർമ്മാണത്തിന് തൃപ്പൂണിത്തുറ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എം. സ്വരാജിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 50,00,000 രൂപ (അൻപത് ലക്ഷം) അനുവദിക്കുകയും കെട്ടിടംപണി പൂർത്തീകരിച്ച് പ്രവർത്തനം സുഗമമായി നടന്നുവരുന്നതുമാകുന്നു.

2. താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3. തൃപ്പൂണിത്തുറ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. എം. സ്വരാജിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 18 ലക്ഷം രൂപ മുടക്കി സൗകര്യ ങ്ങളുള്ള പുതിയ ആംബുലൻസ് അനുവദിച്ചിട്ടുള്ളതും നിലവിൽ കാര്യക്ഷ മമായി സേവനം നൽകിവരുന്നതുമാകുന്നു.

4. ലാബ് ടെക്നീഷ്യന്റെ രണ്ട് തസ്തികകൾ അധികം സൃഷ്ടിച്ചിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രം

250 (273) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ജനകീയ പദ്ധതിയിൽ പ്രധാനപ്പെട്ടതായിരുന്നു പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയത്. അത്തരത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്?

ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, രണ്ടാംഘട്ടത്തിൽ 504 സ്ഥാപനങ്ങൾ (461 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ + 43 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ), മൂന്നാം ഘട്ടത്തിൽ - 212 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവ പരിവർത്തനം ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി എത്ര കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്?

പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തു ന്നതിന് ആർദ്രം പദ്ധതി പ്രകാരം 28.3 കോടി രൂപയും എൻ.എച്ച്.എം. മുഖേന 23.61 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ പറയുന്നു.

| | ആർദ്രം പദ്ധതി പ്രകാരം | എൻ.എച്ച്.എം. മുഖേന |
|---|---|---|
| 2017-18 | 11.69 കോടി | - |
| 2018-19 | 7.59 കോടി | 2.46 കോടി |
| 2019-20 | 7.04 കോടി | 9.76 കോടി |
| 2020-21 | 1.98 കോടി | 11.39 കോടി |
| ആകെ തുക | 51.91 കോടി രൂപ | |

**ചാലക്കുടി താലൂക്കാശുപത്രി**

251 (274) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ പൂർണ്ണമായും വെള്ളം കയറി വലിയ നാശനഷ്ടങ്ങൾ സംഭവിച്ച ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ എന്തെല്ലാം പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2018-ലെ മഹാപ്രളയത്തിനുശേഷം ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്:

1. പ്രളയത്തിൽ നശിച്ച ഒ.പി. ബ്ലോക്കിന്റെ നവീകരണം, ഡ്രെയിനേജ് സിസ്റ്റം നടപ്പാക്കി (1 കോടി 24 ലക്ഷം രൂപ).
2. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു (74 ലക്ഷം രൂപ).
3. വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ ടൈൽ സ്ഥാപിച്ചു. (മുൻസിപ്പാലിറ്റി ഫണ്ട്).
4. തകർന്ന ആംബുലൻസ് ഷെഡ് ശരിയാക്കി (എൻ. എച്ച്. എം. ഫണ്ട് ).
5. സി.ടി. സ്കാൻ പ്രവർത്തനം ആരംഭിച്ചു.(100,40,850).
6. മെഡിക്കൽ ഐ.സി.യു. ആരംഭിച്ചു.(സി.എസ്.ആർ. ഫണ്ട്).

7. പവർ ലോൺട്രി ആരംഭിച്ചു. (8,99,760)

8. സി.എസ്.എസ്.ഡി. - സിവിൽ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. (24 ലക്ഷം)

9. ട്രോമാ കെയറിന്റെയും സർജിക്കൽ വാർഡിന്റെയും സിവിൽ വർക്കുകൾ ആരംഭിച്ചു (4,10,00,000 നബാർഡ് ഫണ്ട്).

(ബി) ചാലക്കുടി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആർദ്രം മിഷന്റെ ഭാഗമായി നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ സ്ഥാപന ങ്ങളുടെ സൗകര്യങ്ങൾ ക്രമീകരിക്കുകയാണ് ലക്ഷ്യമിടുന്നത്. ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയും ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയുമാണ് ലക്ഷ്യമിടുന്നത്. ആർദ്രം മിഷന്റെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഉദ്ദേശിക്കുന്ന തെരഞ്ഞെടുത്ത താലൂക്ക്തല ആശുപത്രികളിൽ ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്.

(സി) ചാലക്കുടി താലൂക്കാശുപത്രിയിൽ ഒരു സൈക്യാട്രിസ്റ്റിന്റെ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

252 (275) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്; വിശദമാക്കുമോ;

&

(ബി) നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് പരിഗണി ക്കപ്പെട്ടിട്ടുള്ളവ ഏതെല്ലാമാണ്; ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും രണ്ടാം ഘട്ടത്തിൽ 43 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ 504 സ്ഥാപനങ്ങളെയും മൂന്നാം ഘട്ടത്തിൽ 212 സ്ഥാപനങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്ന തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത ഒന്നാം ഘട്ടത്തിലെ 170 സ്ഥാപനങ്ങളിൽ പ്രളയബാധിതമായവയും നിർമ്മാണ പ്രവർത്തനം ആവശ്യം വന്നവയൊഴിച്ചുള്ള എല്ലാം നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു (163 എണ്ണം). രണ്ടാം ഘട്ടത്തിലെ 504-ൽ 235-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. സ്ഥലസൗകര്യങ്ങളുടെ കുറവുമൂലം പ്രധാന നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്ന 34 കേന്ദ്രങ്ങളൊഴികെ മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. മൂന്നാം ഘട്ടത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വർക്കല താലൂക്കാശുപത്രി

253 (276) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശസഹിതം അറിയിക്കാമോ?

വർക്കല മണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളായ ചെമ്മരുതി, പള്ളിക്കൽ, മടവൂർ, ഇടവ, വെട്ടൂർ, തോണിപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. രാവിലെ 9 മുതൽ വൈകിട്ട് 6 മണി വരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. ഇതുകൂടാതെ വർക്കല താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മൂന്നുകോടി അൻപത് ലക്ഷം രൂപയുടെ ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന്റെ പണികൾ അന്തിമഘട്ടത്തിലാണ്. തീരദേശ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച മൂന്ന് നിലയുള്ള പാലിയേറ്റീവ് കെയർ വാർഡിന്റെ പണികൾ പൂർത്തിയായി. 7 കോടി രൂപ ചെലവിൽ പി.ഡബ്ല്യു.ഡി. പണി കഴിപ്പിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ ഇടവ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പതിനാല് ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടത്തിവരുന്നു. എം.പി. ഫണ്ട്വഴി

ആംബുലൻസ് ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ പതിനൊന്ന് ലക്ഷം രൂപയുടെ ആശുപത്രി ഉപകരണങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വർക്കല നിയോജക മണ്ഡലത്തിലെ നാവായിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി പരിവർത്തനം ചെയ്തുകൊണ്ടുള്ള ഉത്തരവ് ആയിട്ടുണ്ട്.

(ബി) വർക്കല താലൂക്കാശുപത്രിയുടെ വികസനത്തിന് എന്തെങ്കിലും പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

വർക്കല താലൂക്കാശുപത്രിയുടെ വികസനം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 39,97,77,773 രൂപയുടെ (മുപ്പത്തി ഒൻപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയ കെ.എസ്.ഇ.ബി.എൽ. വിശദമായ റിപ്പോർട്ടും രൂപരേഖകളും കിഫ്ബിയുടെ പരിശോധനകൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ കിഫ്ബിയുടെ വിശദമായ പരിശോധന നടന്നുവരികയാണ്. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും.

**വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ 108 ആംബുലൻസ്**

254 (277) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉപയോഗിച്ചിരുന്ന 108 ആംബുലൻസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്നതും ഇപ്പോൾ നിർത്തിയിട്ടിരിക്കുന്നതുമായ KL01-AY-1924, KL01-AY-1911 എന്നീ ആംബുലൻസുകളുടെ ഫിറ്റ്നസ്സ്, ഇൻഷ്വറൻസ് കാലാവധി എന്നിവ അവസാനിച്ചിരിക്കുകയാണ്.

(ബി) കേടായിക്കിടക്കുന്ന പഴയ 108 ആംബുലൻസുകൾ അറ്റകുറ്റപ്പണി നടത്തി വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുനരുപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേടായിക്കിടക്കുന്ന ആംബുലൻസുകളിൽ KL01-AY-1911-ന് മേജർ റിപ്പയറിംഗ് ജോലികളുള്ളതിനാൽ വലിയ തുക ചെലവാക്കേണ്ടി വരുമെന്നതിനാൽ ടി വാഹനത്തിന്റെ റിപ്പയറിംഗ് ജോലികൾ നടത്തി വീണ്ടും ഉപയോഗിക്കുന്നത്

ഉചിതമല്ല. എന്നാൽ KL01-AY-1924 നമ്പർ ആംബുലൻസിന്റെ ഫിറ്റ്നസ് എടുത്ത് ഇൻഷ്വറൻസ് പുതുക്കിയാൽ ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്നപക്ഷം റിപ്പയറിംഗ് നടത്തി ഇൻഷ്വറൻസ് പുതുക്കി ടി വാഹനം പ്രവർത്തനസജ്ജമാക്കുന്നതാണ്. കനിവ് 108 ആംബുലൻസ് പദ്ധതിയുടെ കീഴിൽ KL22-M-6121 എന്ന വാഹനം നിലവിൽ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടി വാഹനം 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്.

**കൊട്ടാരക്കര മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

255 (278) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉത്തരവായിരുന്നു?

ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം, ഉമ്മന്നൂർ, നെടുവത്തൂർ, എഴുകോൺ, പവിത്രേശ്വരം, മൈലം എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉത്തരവായിട്ടുണ്ട്.

(ബി) ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഇതിനകം പരിവർത്തനം ചെയ്തിട്ടുണ്ട്?

കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഒന്നാം ഘട്ടത്തിൽ വെളിയം, ഉമ്മന്നൂർ, രണ്ടാം ഘട്ടത്തിൽ നെടുവത്തൂർ, എഴുകോൺ പവിത്രേശ്വരം, എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഇതിനകം പരിവർത്തനം ചെയ്തിട്ടുണ്ട്.

(സി) ശേഷിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെക്കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ശേഷിക്കുന്ന എഴുകോൺ, മൈലം എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള സിവിൽ വർക്കുകൾ നടന്നുവരുന്നു. നടപടികൾ മാർച്ച് അവസാനവാരം പൂർത്തീക രിക്കാനാകും.

## മുക്കം സി.എച്ച്.സി. നവീകരണം

256 (279) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള 152 ബ്ലോക്കുതല സി.എച്ച്.സി.-കളിൽ 76 സി.എച്ച്.സി.-കളെ ബ്ലോക്ക് എഫ്.എച്ച്.സി. ആയി പരിവർത്തനം ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്ക് 28 കോടി 31 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് G.O. (Rt) No.619/2020/H&FWD, dated 20-3-2020 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്കുള്ള ഫണ്ടിന്റെ ആദ്യ ഗഡു 14.16 കോടി രൂപ എൻ.എച്ച്.എം. എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

(ബി) മുക്കം സി.എച്ച്.സി.-യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പി ക്കണമെന്നും പദവി ഉയർത്തി താലൂക്കാശുപത്രി നിലവാരത്തിലാക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ആയതിലേയ്ക്കായി നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ചുള്ള പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ബ്ലോക്കുതല സി.എച്ച്.സി. ആക്കാൻ രണ്ടാം ഘട്ടത്തിൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ള 76 സി.എച്ച്.സി.കളിൽ മുക്കം സി.എച്ച്.സി.-യെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല, ഓരോ സ്ഥാപനത്തെയും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കലാണ് ആർദ്രം മിഷൻ വിഭാവന ചെയ്യുന്നത്.

## ബാലുശ്ശേരി താലൂക്കാശുപത്രി വികസനം

257 (280) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്നറിയിക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിന് 21.32 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ച് കിടക്കകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ്, ദന്തൽ എക്സ്റേ യൂണിറ്റ്, തൈറോയ്ഡ് അനലൈസർ, ജനറേറ്റർ, ഓട്ടോ റിഫ്രാക്ടർ മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, രണ്ട് ജൂനിയർ കൺസൾട്ടന്റ്, ഒരു ഫാർമസിസ്റ്റ്, മൂന്ന് സ്റ്റാഫ് നഴ്സ്, ഒരു അസിസ്റ്റന്റ് ദന്തൽ സർജന്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

(ബി) താലൂക്കാശുപത്രിക്കുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ ഏതൊക്കെ തരത്തിലുള്ള സൗകര്യങ്ങളാണ് ഒരുക്കാൻ പോകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

വാർഡുകൾ, തീയേറ്റർ കോംപ്ലക്സ്, സ്പെഷ്യാലിറ്റി ഒ.പി., ജനറൽ ഒ.പി., ലേബർ റൂം, മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, കാഷ്വാലിറ്റി സംവിധാനം എന്നീ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ വിഭാവന ചെയ്തിട്ടുള്ളത്.

(സി) പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

പുതിയ കെട്ടിട നിർമ്മാണത്തിനായി ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.

## മലബാർ കാൻസർ സെന്റർ

258 (281) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ക്യാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ക്യാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അനുവദിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (എ) യിൽ ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മലബാർ ക്യാൻസർ സെന്ററിൽ പുതുതായി എന്തെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആൻഡ് സയൻസസ് ആയി ഉയർത്തുന്നതിന് കിഫ്ബിയിലുൾപ്പെടുത്തി ഒന്നാംഘട്ട വികസനത്തിന് 75.184 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ.-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി രണ്ടാംഘട്ട വികസനത്തിന് 562.245 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് തയ്യാറാക്കിയ വിശദമായ പദ്ധതിരേഖ സാമ്പത്തികാനുമതി നൽകുന്നതിനായി കിഫ്ബിയുടെ വിശദ പരിശോധനയിലാണ്.

## ആലത്തൂർ താലൂക്കാശുപത്രിയിലെ ഡയാലിസിസ് സെന്റർ

259 (282) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് അനുവദിച്ച ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ആരംഭിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ, ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(സി) വൃക്കരോഗികൾ കൂടുതൽ ഉൾക്കൊള്ളുന്ന പ്രദേശമെന്ന നിലയ്ക്ക്, അടിയന്തര പ്രധാന്യത്തോടെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

&

(ഡി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(സി&ഡി) ജനറേറ്റർ വിതരണം ചെയ്യുന്നതിന് വിതരണ കമ്പനിയെ ലഭിക്കാത്തതാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ തടസ്സമായി നിന്നിരുന്നത്. ജനറേറ്റർ വിതരണം ചെയ്യുന്നതിന് ഇപ്പോൾ കേരള ഇലക്ട്രിക്കൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനറേറ്റർ ലഭ്യമായി സ്ഥാപിക്കുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ പദ്ധതികൾ

260 (283) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജമണ്ഡലത്തിലെ അത്താണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി. ചേലേമ്പ്ര, തേഞ്ഞിപ്പലം, മൂന്നിയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. കടലുണ്ടി നഗരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

ആർദ്രത്തിന്റെ ഭാഗമായി അത്താണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നിവയുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

തേഞ്ഞിപ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും പുതുതായി സൃഷ്ടിച്ചു.

മുന്നിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു സ്റ്റാഫ് നഴ്സിന്റെയും തസ്കിക സൃഷ്ടിച്ചു.

ചേലമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ് ഒരു ലാബ് ടെക്നീഷ്യൻ എന്നീ പോസ്റ്റുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

30 ലക്ഷം രൂപ (എൻ.എച്ച്.എം & എൽ.എസ്.ജി.ഡി) ചെലവിൽ ലാബും, ഒ.പി. കെട്ടിടവും നവീകരിച്ചു.

അത്താണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി എൻ.എച്ച്.എം ഫണ്ട് (65 ലക്ഷം) ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം നടത്തി ഓപ്പൺ ജിം സ്ഥാപിച്ചു.

ആർദ്രത്തിന്റെ ഭാഗമായി മുന്നിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ എൻ.എച്ച്.എം ഫണ്ട് 23.6 ലക്ഷം രൂപ ചെലവിൽ ഒ.പി. നവീകരണം നടത്തി.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി എം.എൽ.എ. യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 5.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഈ മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 10 ലക്ഷം രൂപ ചെലവിൽ ഫാർമസി കെട്ടിടം പുനരുദ്ധാരണം നടന്നുവരുന്നു. പെരുവള്ളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 25 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രതിരോധ കുത്തിവെയ്പ് കേന്ദ്രം ആരംഭിച്ചു. 16 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മുലയൂട്ടൽ കേന്ദ്രം ആരംഭിച്ചു. ആറ് ലക്ഷം രൂപയ്ക്ക് ടോയ്‌ലെറ്റ് നിർമ്മാണം നടത്തി. 11.8 ലക്ഷം രൂപ ചെലവിൽ കോമ്പൗണ്ട് നവീകരണം നടന്നുവരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് വകയിരുത്തി ലാബിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.

ചേലമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 30 ലക്ഷം രൂപ ചെലവിൽ കെട്ടിട നിർമ്മാണം നടന്നുവരുന്നു. 30 ലക്ഷം രൂപ (എൻ.എച്ച്.എം & എൽ.എസ്.ജി.ഡി) ചെലവിൽ ലാബും ഒ.പി. കെട്ടിടവും നവീകരിച്ചു.

അത്താണിക്കൽ പി.എച്ച്.സി.-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. എൻ.എച്ച്.എം ഫണ്ട് (65 ലക്ഷം ) ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം നടത്തി ഓപ്പൺ ജിം സ്ഥാപിച്ചു.

ആർദ്രത്തിന്റെ ഭാഗമായി മൂന്നിയൂർ പി.എച്ച്.സി.-യെ എൻ.എച്ച്.എം ഫണ്ട് 23.6 ലക്ഷം രൂപ ചെലവിൽ ഒ.പി. നവീകരണം നടത്തി.

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ആശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി എം.എൽ.എ.-യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 5.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 10 ലക്ഷം രൂപ ചെലവിൽ ഫാർമസി കെട്ടിടത്തിന്റെ പുനരുദ്ധാരണം നടന്നുവരുന്നു. വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ആശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി

എം.എൽ.എ.-യുടെ പ്രത്യേക വികസന പദ്ധതിയിലുൾപ്പെടുത്തി 5.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. ചേലമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 30 ലക്ഷം രൂപ ചെലവിൽ കെട്ടിട നിർമ്മാണം നടന്നുവരുന്നു.

## താനൂർ സി.എച്ച്.സി.-യുടെ വികസനം

261 (284) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റിൽ താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയുടെ നിലവാരത്തിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനായി 20% തുക വകയിരുത്തിയ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

&

(ബി) ദിവസേന രണ്ടായിരത്തിലധികം ഒ.പി.-യുള്ള തീരദേശമേഖലയിലെ ഏറ്റവും തിരക്കേറിയ ആശുപത്രികളിലൊന്നായ താനൂർ സി.എച്ച്.സി.-യുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

താനൂർ സി.എച്ച്.സി.-യെ താലൂക്ക് നിലവാരത്തിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സ്ഥാപനങ്ങളെ പദവി ഉയർത്തുന്നതിനുപകരം നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിച്ച് ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. നിലവിൽ താനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്.

## എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ

262 (285) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്നും ഒമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും തൃശ്ശൂർ കോസ്റ്റ് ഫോർഡിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തു പ്രസ്തുത ആശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണം ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കാമോ?

പ്രസ്തുത ആരോഗ്യകേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തിക്ക് DCTSR/190/Fin-10, dated, 25-6-2019 പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. മുരളി പെരുനെല്ലിയുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒമ്പത് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ചുറ്റുമതിൽ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

&

(ഡി) ആയതിന്റെ നിർമ്മാണം ആരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(സി&ഡി) കുടുംബാരോഗ്യകേന്ദ്രം കെട്ടിടം നിലനിൽക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം നിലവിൽ പൊതുവഴിയായി ഉപയോഗിച്ച് വരികയാണ്. ചാവക്കാട് തഹസീൽദാർ (ഭൂരേഖയുടെ) 13-10-2020-ലെ ബി3-14290/2019 കത്ത് പ്രകാരം താലൂക്ക് സർവെയർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അതിർത്തി നിർണ്ണയിച്ചപ്പോൾ വഴിയായി കിടക്കുന്ന സ്ഥലത്തിന്റെയും പി.ഡബ്ല്യു.ഡി. റോഡിനായി പോയിട്ടുള്ള ഭൂമിയുടെയും വിസ്തീർണ്ണം കണക്കാക്കിയതു പ്രകാരം വടക്കുഭാഗത്ത് 2.5 സെന്റും തെക്ക് ഭാഗത്ത് 1.7 സെന്റും സ്ഥലം വഴിയായി ഉപയോഗിക്കുന്നതായും 0.5 സെന്റ് സ്ഥലം പി.ഡബ്ല്യൂ.ഡി റോഡിനായി പോയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനകൾ നടത്തിവരികയാണ്.

## പേരൂർക്കട ജില്ലാ ആശുപത്രി

263 (286) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായിട്ടുള്ള പേരൂർക്കട ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

&

(ബി) നിരവധിപേർക്ക് സഹായകമായ ഈ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

(എ&ബി) പേരൂർക്കട ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഉടൻതന്നെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഒ.പി. ഡിപ്പാർട്ട്മെന്റ്, എമർജൻസി തീയേറ്റർ, ട്രോമാകെയർ യൂണിറ്റ്, ട്രോമാ വാർഡ് ഐ.സി.യു., ഡേകെയർ, കീമോതെറാപ്പി യൂണിറ്റ്, റീജിയണൽ ബ്ലഡ്ബാങ്ക് വിത്ത് കംബോണന്റ് സെപ്പറേഷൻ യൂണിറ്റ്, റേഡിയോളജി ഡിപ്പാർട്ട്മെന്റ്, ഹൈടെക് ലബോറട്ടറി (ബയോകെമിസ്ട്രി, ഹെമറ്റോളജി, പത്തോളജി, മൈക്രോബയോളജി) എന്നീ സൗകര്യങ്ങളാണ് ആശുപത്രിയിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതിയുടെ ഇപ്പോഴത്തെ പുരോഗതി എന്തെന്ന് വിശദീകരിക്കാമോ?

അന്തിമ DPR (Detailed Project Report) - KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. പഴയ കെട്ടിടം പൊളിച്ചുമാറ്റാനുള്ള നടപടികൾ പുരോഗമിക്കുന്നു.

### റാന്നി താലൂക്കാശുപത്രിയുടെ വികസനം

264 (287) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതുഘട്ടം വരെയായെന്നും എത്ര സെന്റ് സ്ഥലം ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

റാന്നി താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി ടി ആശുപത്രിയോട് ചേർന്നുകിടക്കുന്ന റാന്നി താലൂക്കിൽ റാന്നി വില്ലേജിൽ സർവ്വേ നമ്പർ 65/5 പ്രകാരം 30 സെന്റ്, സർവ്വേ നമ്പർ 64/3 പ്രകാരം 21.5 സെന്റ് എന്നീ സ്ഥലങ്ങൾ വാങ്ങാൻ റാന്നി എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ഏറ്റെടുക്കാമെന്ന് റാന്നി ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനമെടുക്കുകയും ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടിക്കായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ, എന്തൊക്കെ നടപടികളാണ് ഇവർ ഇതിനായി സ്വീകരിച്ചത്, ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) സ്ഥലം എന്നത്തേയ്ക്ക് ഏറ്റെടുക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(ബി&സി) പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽനിന്നും റാന്നി തഹസീൽദാർക്ക്ടി സ്ഥലത്തിന്റെ വാല്യവേഷൻ നടത്തുന്നതിലേയ്ക്കായി കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടറേറ്റിൽനിന്നാണ് സ്വീകരിക്കേണ്ടത്.

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തി റാന്നി താലൂക്കാശുപത്രിക്ക് എത്ര രൂപയാണ് അനുവദിക്കാൻ ധാരണയായിട്ടുള്ളത്; പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റാന്നി താലൂക്കാശുപത്രിയിൽ കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 12,77,36,810 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹൈറ്റ്സ് എന്ന സ്ഥാപനത്തെയാണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

## പള്ളുരുത്തി താലൂക്കാശുപത്രി വികസനം

265 (288) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പള്ളുരുത്തി താലൂക്കാശുപത്രിയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പള്ളുരുത്തി താലൂക്കാശുപത്രിയുടെ വികസനത്തിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിലവിലുള്ള സ്ഥിതി |
|---|---|---|---|
| 1 | ഇമ്മ്യൂണൈസേഷണൽ കോംപ്ലക്സ് ബിൽഡിംഗ് കൺസ്ട്രക്ഷൻ | 40 ലക്ഷം (എംഎൽഎ ഫണ്ട്) | പൂർത്തീകരിച്ചു. |
| 2 | പുതിയ വാർഡിന്റെ നിർമ്മാണം | 5 കോടി (പ്ലാൻ ഫണ്ട്) | എസ്റ്റിമേറ്റ് തയ്യാറാക്കി. |
| 3 | ഡയാലിസിസ് ബ്ലോക്ക് നിർമ്മാണം | 5 കോടി (എംഎൽഎ ഫണ്ട്) | നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| 4 | ഫീമെയിൽ വാർഡ് നിർമ്മാണം | 40 ലക്ഷം (കോർപ്പറേഷൻ) | നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

## വാമനപുരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

266(289) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ ആനാകുടി, പനവൂർ, ആനാട്, വാമനപുരം എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. പെരിങ്ങമല, പുല്ലംപാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു. പൊതുജനാരോഗ്യം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനംവഴി രോഗികളുടെ വിവരങ്ങൾ അഡ്വാൻസ് ഒ.പി. ബുക്കിംഗ്, ടോക്കൺ സംവിധാനം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. ഒ.പി. സമയം രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണി വരെ ഏർപ്പെടുത്തിയിട്ടുണ്ട്. മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ആനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ മാനസികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്കുവേണ്ടി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി അശ്വമേധം പദ്ധതി പഞ്ചായത്തിലുടനീളം നടപ്പിലാക്കി. ക്ഷയരോഗ നിർമ്മാർജനത്തിനായി അക്ഷയ കേരളം പദ്ധതി പഞ്ചായത്തിലുടനീളം നടപ്പിലാക്കിവരുന്നു. കൊറോണ പ്രതിരോധത്തിനായി മരുന്നും ഉപകരണങ്ങളും പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങി നൽകിയിട്ടുണ്ട്. അധിക പാരാമെഡിക്കൽ ജീവനക്കാരെയും ഡോക്ടർമാരെയും പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പഞ്ചായത്തിന്റെ സഹായത്താൽ നിയമിച്ചിട്ടുണ്ട്.

(ബി) ഓരോ പദ്ധതിയുടെയും ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ ഒ.പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-ഹെൽത്തിന്റെ പണികൾ പുരോഗമിച്ചു വരുന്നു. കെട്ടിടവും മറ്റ് ആധുനിക സൗകര്യങ്ങളുടെ പണികളും നടന്നുവരുന്നു. കൊറോണ പ്രതിരോധ നടപടികൾ സ്വീകരിച്ചതിനാൽ ചില പദ്ധതികളുടെ കാലതാമസം നേരിടുന്നു.

## വയനാട് ജില്ലയിലെ ആരോഗ്യ മേഖല

267 (290) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ആശുപത്രിയുടെ മൾട്ടി പർപ്പസ് കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാനന്തവാടി ജില്ലാ ആശുപത്രി മൾട്ടി പർപ്പസ് കെട്ടിടത്തിന്റെ രണ്ട് നിലകളുടെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തിയായി. മൂന്നാം നിലയുടെ സ്ട്രക്ചറൽ വർക്കുകൾ നടന്നുവരുന്നു.

(ബി) മാനന്തവാടി ജില്ലാ ആശുപത്രി കാത്ത് ലാബിന്റെ പ്രവർത്തനം അറിയിക്കാമോ?

മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രധാന കോൺക്രീറ്റ് പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ മുറികൾ തരംതിരിച്ച് ഇലക്ട്രിക്കൽ, പ്ലംബിംഗ്, എയർകണ്ടീഷനിംഗ്, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ ശേഷിക്കുന്നുണ്ട്. ഇവ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) മാനന്തവാടി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

മാനന്തവാടി മണ്ഡലത്തിൽ ഏഴ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു :

1. അപ്പപ്പാറ
2. തൊണ്ടർനാട്
3. എടവക
4. വെള്ളമുണ്ട
5. കുറുക്കൻമൂല
6. ബേഗൂർ
7. വാളാട്

(ഡി) മാനന്തവാടി നല്ലൂർനാട് പ്രവർത്തനം ആരംഭിച്ച ക്യാൻസർ സെന്ററിന്റെ വിപുലീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ചികിത്സാ സൗകര്യങ്ങൾ നാമമാത്രമായുള്ള വയനാട് ജില്ലയിൽ ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗത്തിന് ക്യാൻസർ രോഗ പരിചരണം നൽകിവരുന്ന സ്ഥാപനമാണ് നല്ലൂർനാട് ട്രൈബൽ ആശുപത്രി. എല്ലാ സാമ്പത്തിക വർഷവും ഈ കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി ഫണ്ടുകൾ ക്യാൻസർ കെയർ ഫണ്ടിൽ നിന്ന് നൽകിവരുന്നുണ്ട്.

(ഇ) വയനാട് ജില്ലയിലെ അരിവാൾ രോഗികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതിയുണ്ടോയെന്ന് വെളിപ്പെടുത്താമോ?

അരിവാൾ രോഗികളുടെ ക്ഷേമത്തിനായി Sickle Cell Management പദ്ധതി നിലവിൽ ഉണ്ട്. ആയതിന്റെ ഭാഗമായി വയനാട് ജില്ലയിലെ എല്ലാ അരിവാൾ രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജും ആരോഗ്യകേരളം വയനാടും ചേർന്ന് പ്രോട്ടീൻ സമ്പുഷ്ടമായ ഭക്ഷണ കിറ്റ് നൽകിവരുന്നു. ആദിവാസി വിഭാഗത്തിലെ അരിവാൾ രോഗികൾക്ക് പ്രതിമാസം 2,500 രൂപയും മറ്റ് വിഭാഗങ്ങൾക്ക് 2,000 രൂപ വീതവും ധനസഹായം നൽകുന്നുണ്ട്. ആരോഗ്യകേന്ദ്രങ്ങൾ വഴി സൗജന്യ ചികിത്സ ലഭ്യമാണ്. മാനന്തവാടി ജില്ലാ ആശുപത്രിയിൽ വിദഗ്ദ്ധ ചികിത്സയും മരുന്നുകളും നൽകിവരുന്നു. Solubility test, Hb electropherosis എന്നിവയുള്ള സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ താലൂക്ക് അടിസ്ഥാനത്തിൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റും നൽകുന്നുണ്ട്.

## മലപ്പുറം ഗവ. താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും

268 (291) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, നഗരസഭ ഓഫീസ് എന്നിവയുമായി നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽനിന്നും ബി/1556/2016, തീയതി 2-7-2016 നമ്പർ പ്രകാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും നമ്പർ എ 3/2418/ 2018, തീയതി 22-9-2018 നമ്പർ പ്രകാരം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നമ്പർ എ 3/2418/2018, തീയതി 19-3-2019 പ്രകാരം മലപ്പുറം നഗരസഭാ സെക്രട്ടറിക്കും കത്തുകൾ സമർപ്പിച്ചിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) മലപ്പുറം ഗവ. താലൂക്കാശുപത്രിയിൽ ഡയാലിസിസ് കേന്ദ്രവും കാരുണ്യ ഫാർമസിയും എത്രയും വേഗം ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## കൽപ്പറ്റ മണ്ഡലത്തിൽ ആർദ്രം പദ്ധതി

269 (292) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും തുകയും താഴെ ചേർക്കുന്നു.

1. മണ്ഡലത്തിലെ ഏഴ് (7) പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 5 എണ്ണം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് പി.എച്ച്.സി.-കളിൽ മുപ്പൈനാട് പി.എച്ച്.സി.-യിൽ 160 കോടി രൂപ ചെലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

2. വാഴവറ്റ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

3. മണ്ഡലത്തിലെ മേപ്പാടി, തരിയോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ മേപ്പാടി സി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി.

4. തരിയോട് സ്ഥിതി ചെയ്യുന്ന ജില്ലാ ട്രെയിനിംഗ് സെന്റർ നവീകരണത്തിന് 75 ലക്ഷം രൂപ അനുവദിക്കുകയും ജില്ലാ നിർമ്മിതികേന്ദ്രയുടെ നേതൃത്വത്തിൽ വർക്കുകൾ പുരോഗമിച്ചുവരുന്നു.

5. 7.5 കോടി നബാർഡ് ഫണ്ട് ഉപയോഗിച്ച് വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നാല് നിലകളിലായി മെറ്റേണിറ്റി കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി.-യുടെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുന്നു.

6. പൊഴുതന പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. 2020 ജനുവരി 16-ന് ഉദ്ഘാടനം ചെയ്തു.

7. പൊഴുതന ആശുപത്രിയിൽ എൻ.എച്ച്.എം.-ന്റെ കായകൽപ്, അൺടൈഡ് എന്നീ ഫണ്ടുകളിൽ നിന്ന് അനുവദിച്ച 4 ലക്ഷം രൂപയ്ക്ക് ലാബ് നവീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

8. വൈത്തിരി താലൂക്കാശുപത്രി, കൽപ്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 15 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിൽ ഏതെല്ലാം പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി മാറ്റി; ഓരോ സി.എച്ച്.സി.-ക്കും അനുവദിച്ച തുകയും നടത്തിയ പ്രവൃത്തികളും ഇതിന്റെ ഭാഗമായി അധികമായി സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങളും ലഭ്യമാക്കാമോ; ഇനി മണ്ഡലത്തിൽ സി.എച്ച്.സി. ആക്കാനുള്ള എത്ര പി.എച്ച്.സി.-കളുണ്ടെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി മാറ്റിയിട്ടില്ല. പി.എച്ച്.സി.-കളെയും സി.എച്ച്.സി.-കളെയും എഫ്.എച്ച്.സി.-കളാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. കൽപ്പറ്റ മണ്ഡലത്തിൽ എഫ്.എച്ച്.സി.-കളാക്കി മാറ്റിയ സ്ഥാപനങ്ങളുടെയും അനുവദിച്ച തുകയുടെയും അധികമായി സൃഷ്ടിച്ച തസ്തികകളുടെയും വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(സി) കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചു; ഓരോന്നിന്റെയും നിലവിലെ അവസ്ഥ വിശദമാക്കാമോ;

&

(ഡി) ഈ ആശുപത്രികളിൽ പുതുതായി എത്ര, ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചു; വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ആരംഭിച്ച വികസന പ്രവൃത്തികൾ സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) വൈത്തിരി താലൂക്കാശുപത്രിയിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ഒഴിഞ്ഞുകിടക്കുന്ന സൂപ്രണ്ട് തസ്തികയിൽ ആളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വൈത്തിരി താലൂക്കാശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന സൂപ്രണ്ട് തസ്തികയിലെ ഒഴിവ് നികത്തിയിട്ടുണ്ട്. നിലവിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ, ഗൈനക്കോളജി ഒഴിവുകൾ ശേഷിക്കുന്നുണ്ട്. ആയത് പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള മേൽ നടപടി സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊച്ചി നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ഭൗതിക സാഹചര്യം

270 (293) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊച്ചി നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികൾ, ഓരോന്നിനും അനുവദിച്ച തുക, നാളിതുവരെ പൂർത്തീകരിച്ചത് എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊച്ചി നിയോജക മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധം (എ)-യിൽ ചേർത്തിരിക്കുന്നു.*

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത മണ്ഡലത്തിൽനിന്നും വിവിധ ഘട്ടങ്ങളിലായി തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാം?

ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

(1) 2017-18 - പി.എച്ച്.സി., ചെല്ലാനം

(2) 2018 -19 - പി.എച്ച്.സി., കണ്ടക്കടവ്

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ, നടപ്പിലാക്കാനുള്ളത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ, നടപ്പിലാക്കാനുള്ളത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (ബി)യിൽ ചേർത്തിരിക്കുന്നു.*

## ആനക്കയം പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം

271 (294) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ രണ്ടാമതൊരു പ്രാഥമികാരോഗ്യ കേന്ദ്രംകൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് 19-11-2018-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് നൽകിയ റിപ്പോർട്ടിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

&

(ബി) രണ്ട് വില്ലേജുകളും അറുപതിനായിരത്തിലധികം ജനസംഖ്യയുമുള്ള ആനക്കയം പഞ്ചായത്തിലെ പെരിമ്പലം കേന്ദ്രമാക്കി പി.എച്ച്.സി. സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 18-9-2018-ൽ എം.എൽ.എ. നൽകിയ കത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ആർദ്രം പദ്ധതി പ്രകാരം നിലവിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികളാണ് ഇപ്പോൾ സ്വീകരിക്കുന്നതെന്നതിനാൽ പുതുതായി പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ കഴിയില്ല എന്ന കാര്യം 8-2-2019-ൽ ബഹു. എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

272(295) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ ?

തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

1. ഏരൂർ പ്രാഥമികാരോഗ്യ കേന്ദ്രം;
2. പനങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രം;
3. നെട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രം;
4. തൃപ്പൂണിത്തുറ പ്രാഥമികാരോഗ്യ കേന്ദ്രം (രാമവർമ്മ ഡിസ്പെൻസറി);
5. ഉദയംപേരൂർ പ്രാഥമികാരോഗ്യ കേന്ദ്രം;
6. വളന്തകാട് പ്രാഥമികാരോഗ്യ കേന്ദ്രം.

(ബി) ഈ സ്ഥാപനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ/ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

ഈ സ്ഥാപനങ്ങളിൽ വൈകിട്ട് 6 മണിവരെ ഒ.പി., നഴ്സുമാരുടെ ഫ്രീ ചെക്കപ്, ഫാർമസി സേവനങ്ങൾ, ലാബ് സൗകര്യം, രോഗികളുടെ പരിശോധനാ റെക്കോർഡുകൾ ഇലക്ട്രോണിക് മോഡിൽ സൂക്ഷിക്കുക എന്നിവയും രോഗീസൗഹൃദമായ വെയിറ്റിംഗ് ഏരിയയും പരിശോധനാമുറികളും ടോക്കൺ സിസ്റ്റം, ശ്വാസ്/ആശ്വാസ് ക്ലിനിക്കുകൾ, സമ്പൂർണ്ണ മാനസികാരോഗ്യ സേവനങ്ങൾ, ജീവിതശൈലീ രോഗ ക്ലിനിക്കുകളുടെ സേവനം എന്നിവയും ലഭ്യമാക്കിവരുന്നു.

## ബേഡഡുക്ക താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

273 (296) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക താലൂക്കാശുപത്രിക്ക് കിഫ്ബി പദ്ധതിയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക അനുവദിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബേഡഡുക്ക താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 13,22,07,011 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് സമർപ്പിച്ച് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

ഉണ്ട്. പദ്ധതിയുടെ ഡി.പി.ആർ. നിർവ്വഹണ ഏജൻസിയായ കിറ്റ്കോ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ കിഫ്ബിയുടെ വിശദപരിശോധന നടന്നുവരികയാണ്. ഇത് പൂർത്തിയായ ശേഷമാണ് കിഫ്ബി സാമ്പത്തിക അനുമതി നൽകുന്നത്.

## കോതമംഗലം മണ്ഡലത്തിൽ ആർദ്രം പദ്ധതി

274 (298) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളത്; വിശദമാക്കാമോ?

ആർദ്രം പദ്ധതിയിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ പി.എച്ച്.സി. കുട്ടമ്പുഴ, സി.എച്ച്.സി. നേര്യമംഗലം, പി.എച്ച്.സി. പിണ്ടിമന, പി.എച്ച്.സി. ചെറുവട്ടൂർ, പി.എച്ച്.സി. കോട്ടപ്പടി, പി.എച്ച്.സി. പുന്നേക്കാട്, പി.എച്ച്.സി. കടവൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളത്.

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയതോടെ എന്തെല്ലാം അധിക സേവനങ്ങളാണ് ഇവിടെനിന്നും ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയതോടെ ഇവിടെ വൈകിട്ട് 6 മണിവരെ ഒ.പി. ഫാർമസി സേവനങ്ങൾ, ലാബ് സൗകര്യം എന്നിവ ലഭ്യമാണ്. രോഗികളുടെ പരിശോധനാ റെക്കോർഡുകൾ ഇലക്ട്രോണിക് മോഡിൽ സൂക്ഷിക്കുന്നു. രോഗീസൗഹൃദമായ വെയിറ്റിംഗ് ഏരിയ, പരിശോധനാമുറികൾ, ടോക്കൺ സിസ്റ്റം, ശ്വാസ്/ആശ്വാസ് ക്ലിനിക്കുകൾ, സമ്പൂർണ്ണ മാനസികാരോഗ്യ സേവനങ്ങൾ, ജീവിതശൈലീ രോഗ ക്ലിനിക്കുകൾ എന്നീ സേവനങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

(സി) പുതുതായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചതിൽ എത്രയെണ്ണം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായെന്ന് വ്യക്തമാക്കാമോ;

&

(ഡി) മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളും എന്നത്തേയ്ക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നും ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(സി&ഡി) കോതമംഗലം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കിയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കരുവേലിപ്പടി മഹാരാജാസ് താലൂക്കാശുപത്രി നിർമ്മാണം

275 (299) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിൽ 29.675 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള കരുവേലിപ്പടി മഹാരാജാസ് താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരുവേലിപ്പടി മഹാരാജാസ് താലൂക്കാശുപത്രിക്ക് കിഫ്ബി 29.675 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഹരിതചട്ട പ്രകാരം GRIHA 3 star rating ലഭിക്കുന്നതിനാവശ്യമായ ഭേദഗതികൾകൂടി ഉൾപ്പെടുത്തി അധിക സാമ്പത്തിക അനുമതികൂടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം അധിക സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി വരികയാണ്. അധിക സാമ്പത്തിക അനുമതി ലഭ്യമായ ശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുൻപായി കിഫ്ബി മാനദണ്ഡം അനുസരിച്ച് താഴെപ്പറയുന്ന statutory clearance-കൾ ലഭിക്കേണ്ടതായിട്ടുണ്ട്.

1) Building permit from the local body (കെട്ടിട നിർമ്മാണ പെർമിറ്റ്); 2) NOC from Kerala Coastal Zone Management Authority; 3) NOC from Fire & Safety Department; 4) Permit from Kerala Pollution Control Board; 5) NOC from Airport authority.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അനുമതികൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയിലാണ്. KIIFB ആവശ്യപ്പെട്ടതുപ്രകാരം കരുവേലിപ്പടി ഹോസ്പിറ്റൽ പ്രോജക്ടിന് GRIHA 3 Star rating ലഭ്യമാക്കുന്നതിലേയ്ക്കുള്ള addendum report ഹൗസിംഗ് ബോർഡ് തയ്യാറാക്കിവരികയാണ്. നിർമ്മാണ സൈറ്റിൽ സ്ഥിതിചെയ്യുന്ന ആർ.എം.ഒ. ക്വാർട്ടേഴ്സ്, എച്ച്.എം.സി. പേവാർഡ് കെട്ടിടം, പഴയ സ്റ്റോർ കെട്ടിടം, നിലവിൽ ലാബ്, എക്സ്റേ എന്നിവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം എന്നിവ പൊളിച്ച് നീക്കേണ്ടതുണ്ട്. ലാബ്, എക്സ്റേ കെട്ടിടം എന്നിവ പൊളിച്ചുനീക്കുന്നതിനുള്ള എസ്റ്റിമേറ്റും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കാൻ കൊച്ചി കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മരങ്ങൾ മുറിച്ചുമാറ്റാൻ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആരോഗ്യ കുടുംബക്ഷേമവകുപ്പ് 54.45 കോടി രൂപയ്ക്ക് ഭരണാനുമതിയും കിഫ്ബി 29.675 കോടിക്ക് അംഗീകാരവും നൽകിയിട്ടുള്ള ഈ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ബാക്കി പ്രവൃത്തികൾക്ക് എന്നത്തേയ്ക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ട്രോമാ കെയർ വിഭാഗം ഔട്ട്പേഷ്യന്റ് വിഭാഗം (14 കൺസൾട്ടിംഗ് മുറികളും അനുബന്ധ സൗകര്യങ്ങളും) എക്സ്റേ, ഫാർമസി, ഡയാലിസിസ് യൂണിറ്റ്, ലാബോറട്ടറി, ഓർത്തോ, മെഡിസിൻ, സർജറി എന്നിവയുള്ള ജനറൽ വാർഡുകൾ, ഐസൊലേഷൻ വാർഡുകൾ, പേവാർഡുകൾ മൂന്ന് ഒപ്പറേഷൻ തിയേറ്ററുകൾ, സ്റ്റെപ്ഡൗൺ ഐ.സി.യു., രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള വിശ്രമ കേന്ദ്രം, റോഡ് വികസനം എന്നിവയാണ് അംഗീകരിച്ചിട്ടുള്ളത്. ബാക്കി പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് കിഫ്ബിയുടെ തീരുമാനമായിട്ടില്ല.

## പുതിയ തസ്തികകൾ

276 (300) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആരോഗ്യ മേഖലയിൽ മൊത്തമായി 7272 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളിലുമായി മാത്രം സൃഷ്ടിച്ചത് 6678 തസ്തികകളാണ്.

(ബി) ഏതെല്ലാം കാറ്റഗറിയിലുള്ള തസ്തികകളാണെന്ന വിശദാംശം നൽകുമോ?

ആരോഗ്യവകുപ്പിലെ (DHS) തസ്തിക സൃഷ്ടിച്ചത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ആരോഗ്യ മേഖലയിലെ പുതിയ തസ്തികകൾ

277 (301) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ മൊത്തം 7272 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ (ഡി.എച്ച്.എസ്.-ന് കീഴിൽ) സൃഷ്ടിച്ച 3360 തസ്തികകളുടെ വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളിൽ എത്ര എണ്ണത്തിൽ നിയമനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മേൽ അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന തസ്തികകളിൽ ചുവടെ പറയുന്ന തസ്തികകളിലൊഴികെയുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ പിഎസ്.സി. ലിസ്റ്റ് തീർന്നതിനാൽ നാല് ഒഴിവുകൾ നിലവിലുണ്ട്. ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നിയമനം പൂർത്തിയാക്കിയിട്ടില്ല. ഡയാലിസിസ് ടെക്നീഷ്യൻ, എക്സ്റേ അറ്റൻഡർ, മോർച്ചറി ടെക്നീഷ്യൻ, മോർച്ചറി അറ്റൻഡന്റ്, മെഡിക്കൽ റിക്കോർഡ് അറ്റൻഡന്റ് എന്നീ തസ്തികകളുടെ നിയമന രീതി, യോഗ്യത എന്നിവ സർക്കാർ പരിശോധിച്ച് വരുന്നു. ആയതിനാൽ ടി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. പുതുതായി സൃഷ്ടിച്ച തസ്തികകളിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം പൂർത്തീകരിച്ചശേഷം നിലവിൽ ഇപ്പോൾ 30 ഒഴിവുകളാണ് അവശേഷിക്കുന്നത്. പി.എസ്.സി.-യിൽ നിന്നുള്ള നിയമന ശിപാർശ വരുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നിയമനം നടത്തിയിട്ടില്ല. ഫിസിയോ തെറാപ്പിസ്റ്റ് (ജനറൽ) തസ്തികയിൽ 6 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കാത്തതിനാൽ സ്ഥിരനിയമനം പൂർത്തിയാക്കിയിട്ടില്ല. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം പ്രസ്തുത തസ്തികകളിൽ പൂർത്തിയാക്കുന്നതാണ്. സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നീ തസ്തികകളിലെ ഒഴിവ് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ അന്തർജില്ലാ സ്ഥലംമാറ്റത്തിനായുള്ള ഒഴിവുകൾ മാറ്റിവച്ചതിനു ശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനങ്ങൾ നടത്തിവരുന്നു. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ തസ്തികയിൽ ഒരു ഒഴിവുള്ളത്, പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരനിയമനം നടത്തുന്നതാണ്. സ.ഉ. (കൈ) നമ്പർ 160/2019/ആ.കു.വ., 25-10-2019 എന്ന ഉത്തരവ് പ്രകാരം പബ്ലിക് ഹെൽത്ത് ലാബുകളിൽ പത്തോളജി വിഭാഗം 6 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട് (സീനിയർ കൺസൾട്ടന്റ് -2, കൺസൾട്ടന്റ് -2, ജൂനിയർ കൺസൾട്ടന്റ് -2). എന്നാൽ പുതുതായി സൃഷ്ടിച്ച തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടം നിലവിലില്ലാത്ത സാഹചര്യത്തിൽ നിയമനം നടത്തുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ഡയാലിസിസ് യൂണിറ്റ്

278 (302) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായിട്ടുള്ള പേരൂർക്കട ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

&

(ബി) നിരവധി പേർക്ക് സഹായകമായ ഈ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

പേരൂർക്കട ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നതിനായുള്ള ഉപകരണങ്ങളിൽ സ്റ്റെതസ്കോപ്പ്, ബി.പി. അപ്പാരറ്റസ്, ഓക്സിജൻ സിലിണ്ടർ എന്നിവ 14-1-2021-നകം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി യൂണിറ്റിലേയ്ക്കാവശ്യമായ റഫ്രിജറേറ്റർ വിതരണം ചെയ്യുന്നതിനുള്ള പുനർദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. 2021 ജനുവരി അവസാന ആഴ്ചയിൽ ടി ഉപകരണം വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പേരൂർക്കട ജില്ലാ ആശുപത്രിയിലെ പുതിയ മന്ദിരത്തിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ?

പുതിയ മന്ദിരത്തിന്റെ ഒന്നാം നിലയുടെ സ്ട്രക്ചർ വർക്കുകൾ പൂർത്തിയാക്കുകയും ബ്ലോക്ക് വർക്കുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ നിർമ്മാണംമൂലം എത്ര സ്ക്വയർ മീറ്റർ കെട്ടിടമാണ് ആശുപത്രിക്ക് ലഭ്യമാകുക?

3596 സ്ക്വയർ മീറ്റർ.

(ഇ) ഈ പുതിയ കെട്ടിടത്തിൽ എന്തൊക്കെ അധിക സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്?

പുതിയ മന്ദിരത്തിന്റെ അധിക സൗകര്യങ്ങൾ താഴെ കൊടുക്കുന്നു:

1. മെയിൽ, ഫീമെയിൽ സർജിക്കൽ വാർഡ്;
2. സർജിക്കൽ ഐ.സി.യു.;
3. മെഡിക്കൽ ഐ.സി.യു.;
4. റിക്കവറി റൂം;
5. പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്;
6. ഓപ്പറേഷൻ തീയറ്റർ;
7. എമർജൻസി ഓപ്പറേഷൻ തീയറ്റർ.

## ഭക്ഷ്യസുരക്ഷാ സൂചിക

279 (303) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനങ്ങളുടെ പ്രകടനം വിലയിരുത്തുന്നതിനായി ദേശീയ തലത്തിൽ തയ്യാറാക്കിയ സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് വെളിപ്പെടുത്താമോ?

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ (Food Safety and Standards Authority of India) 2019-2020-ലെ ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളത്തിന് 4ാം സ്ഥാനമാണ്.

(ബി) പട്ടികയിലെ ആദ്യ എട്ട് സംസ്ഥാനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

പട്ടികയിലെ ആദ്യ എട്ട് സംസ്ഥാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുജറാത്ത്;
2. തമിഴ്നാട്;
3. മഹാരാഷ്ട്ര;
4. കേരളം;
5. പഞ്ചാബ്;
6. കർണ്ണാടകം;
7. ഉത്തർപ്രദേശ്;
8. പശ്ചിമ ബംഗാൾ.

## ധനസഹായം

280 (305) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മാരകരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന കുട്ടികൾ ഉൾപ്പെടെയുള്ള നിർദ്ധന വിഭാഗങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ മാരകരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന കുട്ടികൾ ഉൾപ്പെടെയുള്ള നിർദ്ധന വിഭാഗങ്ങൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുവദിക്കുന്ന ധനസഹായങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. താലോലം പദ്ധതി:

ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്.

2. ക്യാൻസർ സുരക്ഷാ പദ്ധതി:

18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 12 ആശുപത്രികൾ മുഖേന നടപ്പാക്കിവരുന്നു.

3. ശ്രുതിതരംഗം പദ്ധതി:

സംസ്ഥാനത്തെ സർക്കാർ/പ്രൈവറ്റ് ആശുപത്രികൾ മുഖേന ജന്മനാ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 0-3 വയസ് വരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി

5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു. ശ്രുതിതരംഗം പദ്ധതിയോടനുബന്ധമായി ചുവടെ പറയുന്ന അനുബന്ധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

(എ) ധ്വനി പദ്ധതി:

ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനുമുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച 25 വയസ്സിനുള്ളിൽ പ്രായമുള്ള കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്. ടി പദ്ധതിയിലൂടെ 84 കുട്ടികൾക്ക് അനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്:

സ.ഉ. (ആർ.ടി) നമ്പർ 79/2020/സാ.നീ.വ തീയതി 14-2-2020 പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 424 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

4. ജുവനൈൽ ഡയബറ്റിസ് ബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ വിതരണം ചെയ്യുന്ന പദ്ധതി (മിഠായി):

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പുതിയ പദ്ധതിയാണ് മിഠായി. Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് 'മിഠായി'. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെന്ററുകളിൽ ഒരു എം.എസ്‌സി. നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1200 കുട്ടികളിൽ 400 പേർക്ക് insulin pen ലഭ്യമാക്കിയിട്ടുണ്ട്.

5. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള സമഗ്ര പദ്ധതികൾ

(എ) സ്നേഹസാന്ത്വനം പദ്ധതി:

ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടെയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1,200 രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

(ബി) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി:

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ 2018-2019 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2,000 രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3,000 രൂപ വീതവും 11, 12, ക്ലാസ്സുകളിലുള്ളവർക്ക് 4,000 രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

6. സമാശ്വാസം പദ്ധതി:

സംസ്ഥാനത്തെ വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1,100 രൂപയും വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1,000 രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1,000 രൂപയും നോൺട്രൈബൽ

വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2,000 രൂപയും നൽകിവരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും Society for Medical Assistance to Poor പദ്ധതി മുഖേന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ക്യാൻസർ, ഡയാലിസിസ്, ഹൃദയ ശസ്ത്രക്രിയ, ഗുരുതര കരൾ രോഗം തുടങ്ങിയവയാൽ അവശത അനുഭവിക്കുന്ന മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

## നെടുമങ്ങാട് മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണം

281 (306) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

നെടുമങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ കരകുളം, തോന്നയ്ക്കൽ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ മാണിക്കൽ, വെമ്പായം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം നടത്തുകയും ആയതിന്റെ ഉദ്ഘാടനം നടത്തുകയും ഉണ്ടായി. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ എല്ലാ കേന്ദ്രങ്ങളിലും രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. എല്ലാ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. എഫ്.എച്ച്.സി. കരകുളം - ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ.

2. എഫ്.എച്ച്.സി തോന്നയ്ക്കൽ - ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ.

3. എഫ്. എച്ച്. സി. വെമ്പായം - ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്

4. എഫ്. എച്ച്. സി. മാണിയ്ക്കൽ - ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നടന്ന നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. 4 ബോഡി മോർച്ചറി ഫ്രീസർ സ്ഥാപിച്ചു.
2. പവർ ലോൺട്രി സ്ഥാപിച്ചു.
3. ഫർണിച്ചർ പത്ത് ലക്ഷം രൂപയ്ക്ക് വാങ്ങി .
4. ഡിജിറ്റൽ എക്സ്റേ സംവിധാനം.
5. ഇൻവർട്ടർ സ്ഥാപിച്ചു.
6. ഓപ്പറേഷൻ തീയറ്റർ നവീകരണം.
7. ലാബിലേയ്ക്ക് ബയോ കെമിക്കൽ അനലൈസർ, ഹെമറ്റോളജി അനലൈസർ എന്നിവ വാങ്ങി.
8. ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു.
9. ഡയാലിസിസ് കേന്ദ്രം (കിഫ്ബിവഴി സ്ഥാപിക്കപ്പെട്ട 9 ഡയാലിസിസ് മെഷീനുകളും മൊബൈൽ ഡയാലിസിസ് യൂണിറ്റ് വാഹനത്തിൽനിന്നും മാറ്റിസ്ഥാപിച്ച രണ്ട് മെഷീനുകളും ചേർന്ന യൂണിറ്റ്)

## പുതുജീവൻ സൈക്യാട്രി ആശുപത്രിയിലെ മരണങ്ങൾ

282 (307) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി തൃക്കൊടിത്താനത്തുള്ള പുതുജീവൻ സൈക്യാട്രി ആശുപത്രിയിൽ അടിക്കടി മരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മരണങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക ടീമിനെ ചുമതല പ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും 15-7-2019-ന് സർക്കാർ മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവി, ഇൻഫക്ഷ്യസ് ഡിസീസ് വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരും ജില്ലാ മെഡിക്കൽ ഓഫീസിലെ ടീമും സംയുക്തമായി 27-2-2020-നും പ്രസ്തുത സ്ഥാപനം സന്ദർശിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) മരണങ്ങൾ സംബന്ധിച്ച് അന്വേഷണ ഏജൻസിയിൽനിന്നും സർക്കാരിന് ലഭിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

പുതുജീവൻ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചികിത്സയിലിരിക്കുകയും തുടർന്ന് വിദഗ്ദ്ധ ചികിത്സയ്ക്കായി റഫർ ചെയ്യപ്പെടുകയും ചെയ്ത 3 രോഗികളാണ് മരിച്ചു പോയിട്ടുള്ളത്. അന്വേഷണസമയത്ത് പത്ത് രോഗികളാണ് അമിതമായ ക്ഷീണം, തളർച്ച, hypertension, Tachyacardia, Ollguria, Upper respiratory infection, puffiness of face, pedal oedema എന്നീ രോഗ ലക്ഷണങ്ങളാൽ വിവിധ ആശുപത്രികളിൽ ചികിത്സയിലുണ്ടായിരുന്നത്. ഈ രോഗികളിൽ 3 പേർക്ക് ഹൃദയ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ (Myocardial Involvement) ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതു ജീവനിൽ ചികിത്സയിലിരിക്കെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായ രോഗികളെല്ലാം മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ ആയിരുന്നു എന്നും Soducumvalprote, Amisulpride clozapine, depot injections എന്നീ മരുന്നുകൾ ഉപയോഗിക്കുന്നവരായിരുന്നുവെന്നും ഇവർക്ക് കൃത്യമായ ചികിത്സ പുതുജീവനിൽ ലഭ്യമാക്കിയിരുന്നുമെന്നും മാനസികാസ്വാസ്ഥ്യത്തിന് നൽകിയ മരുന്നുകൾ ഇത്തരം ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയി ല്ലെന്നുമാണ് സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാട്രിക് ഇവല്യുവേഷൻ നടത്തിയ വിദഗ്ദ്ധ സംഘം റിപ്പോർട്ട് നൽകിയത്. അന്തിമ റിപ്പോർട്ടിൽ മരണപ്പെട്ട രോഗികളിൽ myocardiac injury/myocarditis ഉണ്ടായതായും എന്ത് കാരണത്താലാണിത് എന്നത് വ്യക്തമല്ല എന്നും viral Infection, Toxic Etiology എന്നിവ കാരണമാകാം എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ഡി) പുതുജീവൻ സൈക്യാട്രി ആശുപത്രിക്ക് നിയമപ്രകാരം പ്രവർത്തിക്കാൻ ആവശ്യമായ എല്ലാ അനുമതികളും ലഭിച്ചിരുന്നോ; വിശദമാക്കാമോ?

പുതുജീവൻ ട്രസ്റ്റ് ഹോസ്പിറ്റൽ, മെന്റൽ ഹെൽത്ത് ആക്ട്-1987 പ്രകാരം ചങ്ങനാശ്ശേരിയിലെ നാലുകോടി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നതിന് 4-3-2016-ൽ 5 വർഷത്തേയ്ക്ക് മെന്റൽ ഹെൽത്ത് അതോറിറ്റി ലൈസൻസ് അനുവദിച്ചിരുന്നു.

അനുവദിച്ച സ്ഥലത്ത് മേൽ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന വിവരം അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതിനാൽ 22-2-2019-ലെ A/277/2018/SMHA നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ലൈസൻസ് റദ്ദാക്കുകയും ചെയ്തിരുന്നു. എന്നാൽ മെന്റൽ ഹെൽത്ത് കെയർ ആക്ട്-2017 പ്രകാരം 31-3-2020-ന് രജിസ്ട്രേഷനുവേണ്ടി മേൽ സ്ഥാപനം "പുതുജീവൻ ട്രസ്റ്റ് ചാരിറ്റബിൾ ഹോസ്പിറ്റൽ, കോട്ടമുറി പി.ഒ., ചങ്ങനാശ്ശേരി" എന്ന വിലാസത്തിൽ അപേക്ഷ നൽകിയിരുന്നെങ്കിലും സ്ഥാപനത്തിനെതിരെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ അതോറിറ്റി പ്രസ്തുത സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകിയിരുന്നില്ല.

(ഇ) പ്രസ്തുത സ്ഥാപനത്തിൽ സർക്കാരിന്റെ ഏതെങ്കിലും ഏജൻസികൾ പരിശോധന നടത്തിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

ടി സ്ഥാപനത്തിനെതിരെ പരാതി ലഭിച്ചതിനെ തുടർന്ന് അതോറിറ്റിയുടെ നിർദ്ദേശാനുസരണം കോട്ടയം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. നിഷ സിറിയക് അന്വേഷണം നടത്തുകയും നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഇല്ലെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പുതുജീവൻ ട്രസ്റ്റ് ആശുപത്രിക്ക് നൽകിയിരുന്ന ലൈസൻസ് റദ്ദ് ചെയ്തിരുന്നത്.

## അടിമാലി താലൂക്കാശുപത്രി വികസനം

283 (308) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിമാലി താലൂക്കാശുപത്രി, ചിത്തിരപുരം സി.എച്ച്.സി. എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

&

(ബി) ആയവയുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിമാലി താലൂക്കാശു പത്രിയിൽ ചുവടെ കൊടുത്തിരിക്കുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ഗൈനക്കോളജി കൺസൾട്ടന്റ് | - | 1 |
| 2. | കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ | - | 4 |

3. സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 - 4

4. ഫാർമസിസ്റ്റ് ഗ്രേഡ് 2 - 1

5. ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 - 4

6. ദന്തൽ മെക്കാനിക്ക് -1,

7. ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് - 2

കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിമാലി താലൂക്കാശുപത്രി, ചിത്തിരപുരം സി.എച്ച്.സി. എന്നിവിടങ്ങളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*. ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു (01) അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

## കോവിഡ് ചികിത്സ

284 (309) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ നിസ്സാര ലക്ഷണങ്ങൾ ഉള്ളവരെയും ലക്ഷണങ്ങൾ ഒന്നും ഇല്ലാത്തവരെയും ഹോം ഐസലേഷനിൽ പാർപ്പിക്കുന്ന പദ്ധതി വിജയപ്രദമാണോ?

വിജയപ്രദമാണ്.

(ബി) ഇവർ സമൂഹത്തിൽ ഇടപഴകുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഹോം ഐസൊലേഷനിൽ താമസിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന രോഗികൾക്ക് ഹോം ഐസൊലേഷനിൽ താമസിക്കാനുള്ള സൗകര്യമുണ്ടോ എന്ന് അതാത് പ്രദേശങ്ങളിലെ, ആരോഗ്യപ്രവർത്തകരും ആശാ പ്രവർത്തകരും അന്വേഷണം നടത്തിയതിനുശേഷം ആയതിനുള്ള സൗകര്യം ഉള്ളവരെ മാത്രമേ ഹോം ഐസൊലേഷനിൽ താമസിപ്പിക്കുകയുള്ളൂ. അതാത് പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടറും ആരോഗ്യപ്രവർത്തകരും അവരുടെ രോഗം കൃത്യമായും മോണിറ്റർ ചെയ്യുന്നു. മറ്റുള്ളവരുമായി ഇടപെടുന്നില്ലെന്ന് ഉറപ്പ് വരുത്തുകയുംചെയ്യുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും പൾസ് ഓക്സിമീറ്റർ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുന്നു. വീട്ടിലുള്ളവർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുകയും കോവിഡ് നെഗറ്റീവ് ആകുന്നതുവരെ പുറത്തു പോകുന്നില്ല എന്ന് ഉറപ്പ് വരുത്താനും നിർദ്ദേശം നൽകുന്നു.

(സി) ഹോം ഐസൊലേഷൻ സൗകര്യം ഇല്ലാത്തവർക്കും ലഘു രോഗ ലക്ഷണം ഉള്ളവർക്കും ചികിത്സ ഉറപ്പാക്കുന്നതിന് ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകൾ ഒരുക്കിയിട്ടുണ്ടോ; പ്രസ്തുത സെന്ററുകളിൽ നിലവിൽ എത്രപേരെ ചികിത്സിക്കുവാനുള്ള സൗകര്യമുണ്ട്; അറിയിക്കുമോ?

82 ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകളിലായി 12887 കിടക്കകൾ ഒരുക്കിയിട്ടുണ്ട്.

(ഡി) കോവിഡ് പരിശോധനയ്ക്കായി എത്ര മൊബൈൽ ക്ലിനിക്കുകൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത ക്ലിനിക്കുകളിൽ ഇതിനകം എത്രപേരെ പരിശോധിച്ചു എന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് കോവിഡ് പരിശോധനയ്ക്കായി 79 മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവരെ 7,96,636 പേരെ പരിശോധനയ്ക്ക് വിധേയമാക്കി.

**കാട്ടാക്കട നിയോജകമണ്ഡലം**

285(310) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിനുകീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ, മാറനല്ലൂർ, ആമച്ചൽ, പള്ളിച്ചൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം നടത്തിയിട്ടുണ്ട്. കാട്ടാക്കട താലൂക്കിൽ സാമൂഹികാരോഗ്യകേന്ദ്രം മലയിൻകീഴിനെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. മാറനല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും പുതിയ ഐ.പി. ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സെക്കന്ററി പാലിയേറ്റീവ് കെയറിന് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളായ കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ, പള്ളിച്ചൽ എന്നിവിടങ്ങളിലെ ആരോഗ്യ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ തരംതിരിച്ചും പഞ്ചായത്ത് തിരിച്ചും വിശദമാക്കാമോ?

കാട്ടാക്കട താലൂക്കിൽ ആമച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാക്കട താലൂക്കിൽ സാമൂഹികാരോഗ്യകേന്ദ്രം മലയിൻകീഴിനെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുകയും പുതുതായി 6 ഡോക്ടർമാർ ഉൾപ്പെടെ 11 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുമുണ്ട്. ആശുപത്രിയ്ക്കുവേണ്ടി 7 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പണികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയുമാണ്. ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിനായി കിഫ്ബി മുഖേന 23.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിക്കുവേണ്ടി ബഹു. എം.പി. ഡോ. റ്റി. എൻ. സീമ അവർകളുടെ ഫണ്ടിൽനിന്നും 21,00,000 രൂപ ചെലവഴിച്ച് ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചു. ബഹു. എം. പി. ഡോ. എ. സമ്പത്ത് അവർകളുടെ ഫണ്ടിൽനിന്നും പാലീയേറ്റീവ് കെയർ യൂണിറ്റിനുവേണ്ടി രണ്ട് ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത്ഫണ്ട് ഉപയോഗിച്ച് എ.സി. കോൺഫറൻസ് ഹാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിനുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് സെക്കന്ററി പാലിയേറ്റീവ് കെയർ കൂടുതൽ വിപുലമാക്കാനും ആവശ്യമായ മരുന്നുകൾ നൽകാനും കഴിഞ്ഞിട്ടുണ്ട്. മാറനല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഐ. ബി. സതീഷ് അവർകളുടെ 50,00,000 രൂപയുടെ ഫണ്ട് ഉപയോഗിച്ച് ഐ.പി. ബ്ലോക്ക് നിർമ്മിച്ചു. 2018-ൽ ബഹുമാനപ്പെട്ട എം.പി. ഡോ. റ്റി. എൻ. സീമ അവർകളുടെ ഫണ്ട് ഉപയോഗിച്ച് ആംബുലൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിളപ്പിൽ പഞ്ചായത്തിലെ വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിൽ സെക്കന്ററി പാലീയേറ്റീവ് കെയറിന് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശുപത്രിയിലെ ഇമ്മ്യൂണൈസേഷൻ റൂം പൂർണ്ണമായും എ.സി. ആക്കാനും അന്താരാഷ്ട്ര നിലവാരത്തിൽ കുട്ടികൾക്കായി പ്രതിരോധ കുത്തിവയ്പ് നൽകാനും കഴിഞ്ഞിട്ടുണ്ട്. സ്പോൺസർഷിപ്പിലൂടെ ആശുപത്രിക്ക് പുതിയൊരു കോൺഫറൻസ് ഹാൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള സംവിധാനം മെച്ചപ്പെട്ട രീതിയിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഐ.പി. രോഗികൾക്ക് സൗജന്യ ഉച്ചഭക്ഷണം നൽകിവരുന്നു. ക്ഷയരോഗ മുക്തകേരളം പദ്ധതി പ്രകാരം വിളപ്പിൽ പഞ്ചായത്തിൽ അക്ഷയ കേരള പുരസ്കാരം ലഭിക്കുക യുണ്ടായി. ആശുപത്രിയുടെ ലബോറട്ടറി സംവിധാനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി

15,00,000 രൂപയുടെ ഉപകരണങ്ങൾ സ്പോൺസർഷിപ്പിലൂടെ വാങ്ങാൻ കഴിഞ്ഞിട്ടുണ്ട്. ആശുപത്രിയിലെ ഓരോ വാർഡിലെയും ശുചിത്വമുറികൾ രോഗീസൗഹൃദം ആക്കുന്നതിന്റെ ഭാഗമായി വൃദ്ധരായ രോഗികൾക്കും ഭിന്നശേഷിയുള്ള രോഗികൾക്കും ആയാസരഹിതമായ രീതിയിൽ ഉപയോഗിക്കുന്നതിന് ശുചിത്വമുറികൾ നിർമ്മിച്ചിട്ടുണ്ട്. ഫിസിയോതെറാപ്പി യൂണിറ്റ് ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്താൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിളവൂർക്കൽ സാമൂഹികാരോഗ്യകേന്ദ്രത്തിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ പണികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത കേന്ദ്രത്തിനുവേണ്ടി 15,50,000 രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## വർക്കല മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

286 (311) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുകയും രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (43 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ) ചെയ്തു. ആർദ്രം മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ എണ്ണം എത്ര; വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ആർദ്രം ഒന്നാം ഘട്ടത്തിൽ 16 സ്ഥാപനങ്ങൾ, രണ്ടാം ഘട്ടത്തിൽ 40 സ്ഥാപനങ്ങൾ, മൂന്നാം ഘട്ടത്തിൽ 14 സ്ഥാപനങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുള്ളത്.

(സി) വർക്കല മണ്ഡലത്തിലെ എണ്ണം എത്ര; വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിലെ 7 സ്ഥാപനങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ആർദ്രം ഒന്നാം ഘട്ടത്തിൽ ചെമ്മരുതി, പള്ളിക്കൽ, രണ്ടാം ഘട്ടത്തിൽ മടവൂർ, ഇടവ, വെട്ടൂർ, തോണിപ്പാറ മൂന്നാം ഘട്ടത്തിൽ നാവായികുളം എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്.

(ഡി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതിനാൽ രോഗികൾക്ക് അധികമായി ലഭിക്കുന്ന സേവനങ്ങൾ വിശദ മാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത കേന്ദ്രങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുകയും രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ. പി പ്രവർത്തിക്കുന്നുണ്ട്. ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്.60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു.

### തലശ്ശേരി മണ്ഡലത്തിലെ ആരോഗ്യമേഖലയുടെ ഉന്നമനം

287 (312) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ആരോഗ്യ മേഖലയുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; ആയതിന് അനുവദിച്ചിട്ടുള്ള തുക സഹിതം വ്യക്തമാക്കാമോ?

കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത സ്ഥാപനങ്ങളിൽ ആർദ്രം മാനദണ്ഡമനുസരിച്ച് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ പന്ന്യന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന ത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരങ്ങൾ അനുബന്ധത്തിൽ* കാണാവുന്നതാണ്.

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും; പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ?

1. തലശ്ശേരി ജനറൽ ആശുപത്രിയിലെ ഒഫ്താൽമിക് ഇൻസ്റ്റിറ്റ്യൂട്ട്-ഡി.പി.ആർ. നിർമ്മാണം പുരോഗമിക്കുന്നു.
2. കുടുംബാരോഗ്യകേന്ദ്രം ചൊക്ലി: ലിന്റൽ നിർമ്മാണം വരെ പൂർത്തിയായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. കുടുംബാരോഗ്യകേന്ദ്രം എരഞ്ഞോളി: എം.എൽ.എ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ അനുമതി പരിശോധിച്ചുവരുന്നു.

4. കുടുംബാരോഗ്യകേന്ദ്രം കൊടിയേരി: എം.പി. ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

5. തലശ്ശേരി W&C ആശുപത്രിക്കായുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതി നൽകുകയും കിഫ്ബിയുടെ അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരികയുംചെയ്യുന്നു.

## തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിലെ ഒഴിവുകൾ

288(314) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സൈക്കാട്രിക് സോഷ്യൽ വർക്കറുടെയും ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും നികത്തുന്നതിനായി ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. യോഗ്യതയുള്ള വ്യക്തിയെ പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്യുന്ന മുറയ്ക്ക് നിയമനങ്ങൾ നടത്തുന്നതും, ഒഴിവുകൾ നികത്തുന്നതുമാണ്. സൈക്കാട്രിക് സോഷ്യൽ വർക്കർ തസ്തികയുടെ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ടി തസ്തികയിൽ താത്ക്കാലിക നിയമനം നടത്തുന്നതിനായി കോഴിക്കോട് പ്രൊഫഷണൽ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാകേണ്ടതുണ്ട്. ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഫാർമസി കോഴ്സ് സർട്ടിഫിക്കറ്റുകളുടെ യോഗ്യതാ പരിശോധന

289 (315) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസി കോളേജുകളിൽ പോകാതെയും ക്ലാസുകളിൽ പങ്കെടുക്കാതെയും ഡി.ഫാം., ബി.ഫാം. എന്നീ കോഴ്സുകളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അയൽ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽനിന്ന് നേടിയെടുക്കുന്ന പ്രവണത സംസ്ഥാനത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) ഇപ്രകാരം നേടുന്ന സർട്ടിഫിക്കറ്റുകൾ കേരളത്തിൽ ഉപയോഗപ്പെടുത്തുന്ന അപകടകരമായ പ്രവണത തടയുന്നതിന് നിലവിൽ എന്തെല്ലാം സർക്കാർ സംവിധാനങ്ങളാണുള്ളത്; വിശദമാക്കുമോ?

ഇപ്രകാരം നേടുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് തടയുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല. അത്തരത്തിൽ പരാതികൾ ലഭിക്കുന്ന പക്ഷം അന്വേഷണം നടത്തുന്നതാണ്.

(സി) ഇപ്രകാരം നേടിയ സർട്ടിഫിക്കറ്റുകൾക്ക് ഫാർമസി കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ; മുമ്പ് അംഗീകാരം നേടിയ സർട്ടിഫിക്കറ്റുകളുടെ യോഗ്യത പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഫാർമസി ആക്ട് 1948-ലെ സെക്ഷൻ 31, 32 പ്രകാരം സംസ്ഥാന ഫാർമസി കൗൺസിൽ റൂൾസ് 2012-ൽ പ്രതിപാദിച്ചിട്ടുള്ള ഫോം ജി-2 വിൽ പറഞ്ഞിട്ടുള്ള രേഖകളോടുകൂടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചാണ് ഫാർമസി കൗൺസിൽ ഫാർമസിസ്റ്റായി രജിസ്ട്രേഷൻ നൽകുന്നത്.

## സർക്കാർ നഴ്സുമാർക്കുള്ള എം.ബി.ബി.എസ്. ക്വാട്ട

290 (316) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നഴ്സുമാർക്കുള്ള എം.ബി.ബി.എസ്. ക്വാട്ടയിൽ ആയുർവ്വേദത്തിന് ഏഴും ഹോമിയോപ്പതിക്ക് നാലും സീറ്റുകൾ ഉണ്ടെങ്കിലും അലോപ്പതിയിൽ ഇപ്പോഴും ഒരു സീറ്റ് മാത്രമാണെന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

സർക്കാർ നഴ്സുമാർക്ക് എം.ബി.ബി.എസ്. കോഴ്സിൽ ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

(ബി) കോവിഡ് കാലത്ത് നഴ്സുമാർ നൽകിയ സേവനത്തിനുകൂടി കണക്കിലെടുത്ത് അലോപ്പതി എം.ബി.ബി.എസ്.-ന് നഴ്സുമാർക്കുള്ള ക്വാട്ട ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

പരിഗണനയിലില്ല.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ സേവന സ്പെഷ്യൽ റൂൾ

291 (317) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ചത് ഏത് വർഷമാണ്?

1983.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ നിലവിലെ അവസ്ഥ അറിയിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക തസ്തികകളുടെ കരട് സ്പെഷ്യൽ റൂൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി അയച്ചിരിക്കുകയാണ്. സ്റ്റേറ്റ്/സബോർഡിനേറ്റ് തസ്തികകളുടെ കരട് സ്പെഷ്യൽ റൂളിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(സി) സ്പെഷ്യൽ റൂളിന്റെ അഭാവത്തിൽ പാരാ മെഡിക്കൽ ജീവനക്കാരുടെ പ്രൊമോഷൻ നടപടികൾ നടപ്പിലാക്കുന്നതിന്റെ മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള തസ്തികകളുടെ യോഗ്യതയും നിയമന രീതിയും നിശ്ചയിച്ചുകൊണ്ട് എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രൊമോഷൻ നടപടികൾ നടപ്പിലാക്കുന്നത്.

(ഡി) സയന്റിഫിക് അസിസ്റ്റന്റ് സ്കിൻ ആന്റ് വി.ഡി., സയന്റിഫിക് അസിസ്റ്റന്റ് സീറോളജി എന്നീ തസ്തികകളിൽ പ്രൊമോഷൻ നടപ്പിലാക്കുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കുമോ?

സയന്റിഫിക് അസിസ്റ്റന്റ് (സ്കിൻ ആന്റ് വി.ഡി.) തസ്തികയിൽ 22-4-1982 -ലെ സ.ഉ(കൈ) നമ്പർ 90/82/എച്ച്.ഡി, 10-11-1994-ലെ സ.ഉ(കൈ) നമ്പർ 384/94/ ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും സയന്റിഫിക് അസിസ്റ്റന്റ് (സിറോളജി) തസ്തികയിൽ 10-12-1984-ലെ സ.ഉ(കൈ) നമ്പർ 309/84/എച്ച്.ഡി, നമ്പർ സർക്കാർ ഉത്തരവ് പ്രകാരവുമാണ് സ്ഥാനക്കയറ്റം നടപ്പിലാക്കിവരുന്നത്.

(ഇ) പി.എസ്.സി. വഴി നിയമനം നടത്തുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ തസ്തികകളിൽ സീനിയോരിട്ടി നിശ്ചയിക്കുന്നത് എപ്രകാരമാണ് എന്ന് അറിയിക്കുമോ?

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958-ലെ ചട്ടം 27 പ്രകാരമാണ് സീനിയോരിറ്റി നിശ്ചയിക്കുന്നത്.

## പാരമ്പര്യ ചികിത്സാ സമ്പ്രദായം

292 (318) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത യോഗ്യതയില്ലെങ്കിലും ദീർഘകാലത്തെ പരിചയ സമ്പത്തിന്റെയും അറിവിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തുടർന്നുവന്നിരുന്നതും അനേകായിരം പേർക്ക് ഉപകരിച്ചതുമായ പാരമ്പര്യ ചികിത്സാ സമ്പ്രദായം ബഹു. കേരള ഹൈക്കോടതി 2020 ഒക്ടോബർ 14-ന് പുറപ്പെടുവിച്ച വിധിന്യായത്തിലൂടെ റ്റി.സി.എം.പി. ആക്ടിലെ സെക്ഷൻ 38-ന്റെ വ്യാഖ്യാനത്തിലൂടെ പാരമ്പര്യവൈദ്യന്മാരുടെ ചികിത്സാ അനുവാദം നീക്കം ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ;

&

(ബി) സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് പാരമ്പര്യ വൈദ്യന്മാരുടെ ഉപജീവനമാർഗ്ഗം തടസ്സപ്പെടുകയും അവരുടെ ചികിത്സാ സംവിധാനങ്ങളും സ്ഥാപനങ്ങളും ഉപയോഗരഹിതമാകുകയും ചെയ്ത ഈ സാഹചര്യത്തിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ നൽകുന്നതിനും പാരമ്പര്യ ചികിത്സാ വിഭാഗത്തെ സംരക്ഷിക്കുന്നതിനും സർക്കാർ അടിയന്തര ഇടപെടലുകൾ നടത്തുമോ; വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പരിശോധിച്ചുവരുന്നു.

## അലോപ്പതി മരുന്നുകളുടെ പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ

293 (319) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അലോപ്പതി മെഡിക്കൽ ഷോപ്പുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അലോപ്പതി മെഡിക്കൽ ഷോപ്പുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) മലപ്പുറം ജില്ലയിൽ ഇത്രയധികം മെഡിക്കൽ ഷോപ്പുകൾ ഉണ്ടായിട്ടും ജില്ലയിൽ ലൈസൻസിംഗ് അതോറിറ്റിയായ ഒരു അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസ് അനുവദിക്കാത്തത് എന്തുകൊണ്ടെന്നറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ഔഷധ വ്യാപാര സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനായി 3 ഡ്രഗ്സ് ഇൻസ്പെക്ടർമാരുണ്ട്. കൂടാതെ കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലെ ഡ്രഗ്സ് ഇൻസ്പെക്ടർ (ഇന്റലിജൻസ് ബ്രാഞ്ച്)യുടെ സേവനവും മലപ്പുറം ജില്ലയിൽ ലഭ്യമാണ്.

(സി) അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഒരു ഓഫീസ് മലപ്പുറത്ത് ആരംഭിക്കുന്നതിനുവേണ്ടി സർക്കാരിൽ നിർദ്ദേശം വന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ഡി) എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ ഓഫീസ് ആരംഭിക്കുന്നത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന് കരുതുന്നുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിൽ വല്ല നിർദ്ദേശവുമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

## കേരള സാമൂഹിക സുരക്ഷാ മിഷൻ

294 (320) <u>പ്രൊഫ. കെ. യു. അരുണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മാസം മുതൽ നാളിതുവരെ കേരള സാമൂഹിക സുരക്ഷാ മിഷൻ മുഖേന ഏതൊക്കെ ധനസഹായ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള അവബോധം ജനങ്ങളിൽ എത്തിക്കുന്നതിന് സാമൂഹിക സുരക്ഷാ മിഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ധനസഹായ പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകാൻ പത്ര-ദൃശ്യ-ശ്രാവ്യ-സാമൂഹ്യ മാധ്യമങ്ങളിലൂടെ പരസ്യങ്ങളും പ്രോഗ്രാമുകളും നടത്താറുണ്ട്. ആകാശവാണിയിലൂടെയും എഫ്.എം.റേഡിയോവിലൂടെയും നടത്തുന്ന പ്രചരണ പരിപാടികൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. കൂടാതെ സാമൂഹ്യ നീതി വകുപ്പ്, മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികളിൽ മിഷന്റെ സ്റ്റാൾ ക്രമീകരിക്കുകയും ടി പരിപാടികൾക്കിടയിൽ മിഷന്റെ പദ്ധതി വിശദാംശങ്ങൾ ഉൾപ്പെടുന്ന ബ്രൗഷറുകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സമാശ്വാസം പദ്ധതി

295 (321) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാമിഷൻ വഴി നടപ്പിലാക്കുന്ന സമാശ്വാസം പദ്ധതി I, II എന്നിവ പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിക്കഴിഞ്ഞിട്ടുണ്ടോ; ആയത് പ്രകാരം ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

ഉണ്ട്. കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ സമാശ്വാസം I, II പദ്ധതികളുടെ ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള സമാശ്വാസം I-ലെ 11232 അപേക്ഷകരിൽ 5711 പേർക്ക് 2020 ജനുവരി വരെയും സമാശ്വാസം II-ലെ 1559 അപേക്ഷകരിൽ 1000 പേർക്ക് 2020 മേയ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മേൽസൂചിപ്പിച്ച പദ്ധതി ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടോ; ഇതിനായി ഫണ്ട് അനുവദിച്ച് ഉത്തരവായതിന്റെ വിശദാംശം നൽകാമോ; ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ?

ഇല്ല. സമാശ്വാസം I-ന് 2020 ജനുവരി വരെയും സമാശ്വാസം II-ന് 2020 മേയ് മാസം വരെയുമുള്ള കുടിശ്ശിക ചികിൽസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതത്തിൽ സമാശ്വാസം പദ്ധതിക്ക് പ്ലാൻ ശീർഷകത്തിൽ 5 കോടി രൂപ രണ്ട് ഘട്ടമായി അനുവദിച്ചിരുന്നു. കൂടാതെ അധിക ധനാഭ്യർത്ഥനയിലൂടെ 8,76,95,000 രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് സമാശ്വാസം I-ന് 2020 ജനുവരി മാസം വരെയും സമാശ്വാസം II-ന് 2020 മേയ് മാസം വരെയുമുള്ള കുടിശ്ശിക തീർക്കാൻ കഴിയുന്നതാണ്.

(സി) സമാശ്വാസം II പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും തയ്യാറാക്കിയ ലിസ്റ്റ് വെളിപ്പെടുത്തുമോ?

ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വള്ളിക്കുന്ന് മണ്ഡലത്തിൽ വൃദ്ധജന പരിപാലന കേന്ദ്രം

296 (322) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ വൃദ്ധ ജനങ്ങൾക്ക് മാനസി കോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള അവസരങ്ങൾ കുറവായതിനാൽ വൃദ്ധജന പരിപാലന കേന്ദ്രങ്ങളെ കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വൃദ്ധസദനങ്ങളുടെ പ്രവർത്തനങ്ങൾക്കായുള്ള സുരക്ഷാമാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, കോഴിക്കോട് ജില്ലയിലെ ചെങ്കോട്ട്കാവ് പഞ്ചായത്ത് എന്നിവിടങ്ങളിലെ മാതൃകാ സായംപ്രഭാ ഹോമുകളുടെ പ്രവർത്തനങ്ങളിൽ മാറ്റംവരുത്തുകയും പദ്ധതി നടത്തിപ്പിന് പൊതുവായ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ബന്ധപ്പെട്ട പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങി വയോജനങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുകയും അതിനുള്ള പരിഹാരം കണ്ടെത്തുകയും ചെയ്യുക, ആവശ്യമായ ചികിൽസയും മരുന്നും ലഭ്യമാക്കുക, തൊഴിലിനായി പുറത്തുപോകാൻ സാധിക്കാത്തവർക്ക് ആവശ്യമായ ഭക്ഷണകിറ്റ് എത്തിച്ച് നൽകുക, ടെലികൗൺസിലിംഗ്, ഓൺലൈൻ വഴി പരസ്പരം കാണാനും ആശയവിനിമയം നടത്താനും സൗകര്യം ഏർപ്പെടുത്തുക, യോഗ, മോട്ടിവേഷണൽ ക്ലാസ് തുടങ്ങിയവ സംഘടിപ്പിക്കുക, ലൈബ്രറി പുസ്തകങ്ങൾ, മാസികകൾ, ജേണലുകൾ എന്നിവ നൽകുക, വൃക്ഷത്തൈകളും പച്ചക്കറി തൈകളും വിതരണം ചെയ്യുക, വീടുകളിൽനിന്ന് ചെയ്യാൻ പറ്റിയ കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിക്കുക, ജീവിതക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും അവബോധം ഉണ്ടാക്കുന്നതിനായി ടെലിഫോണിലൂടെയും ഇതര സാങ്കേതിക സംവിധാനങ്ങളിലൂടെയും വയോജനങ്ങളുമായി ആശയവിനിമയം നടത്തുക എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. സർക്കാർ വൃദ്ധസദനങ്ങളിൽ റിവേഴ്സ് ക്വാറന്റൈൻ, ശുചിത്വപരിപാലനം, സാമൂഹിക അകലം തുടങ്ങിയ സർക്കാരും ആരോഗ്യ വകുപ്പും നിർദ്ദേശിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ബി) വള്ളിക്കുന്ന് മണ്ഡലത്തിൽ വൃദ്ധജന പരിപാലന കേന്ദ്രം തുടങ്ങുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പദ്ധതികൾ

297 (323) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ കെ. കുഞ്ഞിരാമൻ:
ശ്രീ. പി. ഉണ്ണി:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

സ്ത്രീകൾക്കായുള്ള പദ്ധതികൾ

1. അഭയകിരണം
2. സഹായഹസ്തം
3. പടവുകൾ
4. സമ്പുഷ്ട കേരളം പദ്ധതി
5. അതിജീവിക
6. എന്റെ കൂട്
7. വൺ ഡേ ഹോം
8. സ്വയം തൊഴിൽ വായ്പാ പദ്ധതി
9. മിത്ര 181
10. വനമിത്ര (ആദിവാസി വനിതാ വികസന പദ്ധതി)
11. ബോധ്യം - പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി

12. പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൺ - REACH ഫിനിഷിംഗ് സ്കൂളിൽ വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി
13. വനമിത്ര കേന്ദ്രം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ
14. ഷീ ടോയ്‌ലെറ്റ്
15. Advanced Skill Enhancement Programme for Nurses (ASEP-N)
16. വനിതാ സഹകരണ സംഘങ്ങൾക്കുള്ള വായ്പാ പദ്ധതി
17. ദേശീയ സഫായി കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSKFDC)
18. ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSTFDC)
19. ആർത്തവ ശുചിത്വ പരിപാലന പരിശീലന ക്ലാസ്സുകൾ
20. വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടികൾ
21. ഐ.സി.സി. ബോധവത്കരണം.

കുട്ടികൾക്കായുള്ള പദ്ധതികൾ

1. പ്രഥമ സഹസ്രദിനങ്ങൾ
2. മൊബൈൽ ക്രഷ്
3. ഉജ്ജ്വല ബാല്യം
4. ഗ്രൂപ്പ് ഫോസ്റ്റർ കെയർ
5. കിൻഷിപ്പ് ഫോസ്റ്റർ കെയർ
6. ആഫ്റ്റർ കെയർ പദ്ധതി
7. കാവൽ
8. കാവൽ പ്ലസ്
9. പാരന്റിംഗ് ക്യാമ്പയിൻ - കരുതൽ സ്പർശം
10. ശരണബാല്യം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യ താമസ സൗകര്യവും ഭക്ഷണവും നൽകുന്ന എന്റെ കൂട് പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭി ച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശം നൽകുമോ?

കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലാണ് നിലവിൽ ' എന്റെ കൂട് പ്രവർത്തിച്ചുവരുന്നത്. കോഴിക്കോട് നഗരത്തിൽ കസബ പോലീസ് സ്റ്റേഷന് സമീപമുള്ള കെട്ടിടത്തിലും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമി നലിലെ KTDFC കെട്ടിടത്തിൽ 8-ാം നിലയിലും പ്രവർത്തിക്കുന്നു. എന്റെ കൂടിൽ പ്രവേശനം തികച്ചും സൗജന്യമാണ്. ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടിവരുന്ന സ്ത്രീകൾക്കും ജോലി സംബന്ധമായും അല്ലാതെയും നഗരങ്ങളിൽ താമസിക്കേണ്ടിവരുന്ന സ്ത്രീകൾക്കും രാത്രിയിൽ സുരക്ഷിത താമസസൗകര്യം ഒരുക്കുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനസമയം രാത്രി 6.30 മുതൽ പിറ്റേന്ന് രാവിലെ 7.30 വരെയാണ്. രാത്രി 8 മണി വരെ പ്രവേശനം നേടുന്നവർക്ക് ഭക്ഷണം സൗജന്യമാണ്.

(സി) അശരണരായ വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവന മാർഗ്ഗം ഉറപ്പാക്കാൻ സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അശരണരായ വിധവകൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിന് സഹായഹസ്തം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം നൽകുന്നതിന് 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നു. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000 രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. വനിതാ വികസന കോർപ്പറേഷൻ മുഖേന മിതമായ പലിശ നിരക്കിൽ സ്വയം തൊഴിൽ വായ്പ നൽകിവരുന്നു.

(ഡി) തൊഴിൽ വൈദഗ്ദ്ധ്യം ഉറപ്പാക്കി തൊഴിൽ രംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഷീ സ്കിൽസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നടപ്പാക്കിയിട്ടില്ല.

### വയോജന സൗഹൃദ കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ എന്നിവയ്ക്ക് ആസ്തി വികസന ഫണ്ട്

298 (324) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

MLA-മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വയോജന സൗഹൃദ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനും അനാഥാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തുക അനുവദി ക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

രജിസ്റ്റേർഡ് സൊസൈറ്റി, ട്രസ്റ്റ് എന്നിവയ്ക്ക് നിബന്ധനകൾക്ക് വിധേയമായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അനാഥാലയങ്ങൾക്ക് പ്രസ്തുത നിബന്ധനകൾക്ക് വിധേയമായി ഫണ്ട് അനുവദിക്കാവുന്നതാണ്. കൂടാതെ വയോജനങ്ങൾക്കായുള്ള അഭയ കേന്ദ്രങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

## സാമൂഹ്യനീതി വകുപ്പുമുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

299 (325) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ;

&

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന വിവിധ ധനസഹായ പദ്ധതികളിലൂടെ കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപ വിനിയോഗിച്ചു; പദ്ധതി തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം തിരിച്ച് വിശദമാക്കാമോ?

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | പരിണയം | 5,70,000 | 25 |
| 2. | വിദ്യാകിരണം | 5,27,550 | 77 |
| 3. | വിദ്യാ ജ്യോതി | 72,500 | 31 |
| 4. | മന്ദഹാസം | 1,12,000 | 26 |
| 5. | സഹചാരി | 39,750 | 3 |
| 6. | വയോമധുരം | 3,00,000 | 500 |
| 7. | സ്വാശ്രയ | 2,45,000 | 7 |
| 8. | അഭയകിരണം | 30,000 | 5 |

| | | | |
|---|---|---|---|
| 9. | വനിതാഗൃഹനാഥ | 3,15,000 | 41 |
| 10. | മംഗല്യ പദ്ധതി | 1,25,000 | 5 |
| 11. | സായംപ്രഭ ഹോം | 5,60,000 | 2 |
| 12. | മിശ്ര വിവാഹം | 2,70,000 | 9 |
| 13. | സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ ഗ്രാന്റ് | 76,81,200 | 8 സ്ഥാപനങ്ങൾ |
| 14. | ഓർഫനേജ് ഗ്രാന്റ് | 16,00,000 | 80 സ്ഥാപനങ്ങൾ |
| 15. | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,00,000 | 36 സ്ഥാപനങ്ങൾ |
| | ആകെ | 2,24,48,000 | |

(സി) വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപയുടെ സഹായ ഉപകരണങ്ങൾ ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;

5,09,567 രൂപ.

(ഡി) ഈ സർക്കാരിന്റെ കാലത്ത് വനിതാ ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വനിത-ശിശു വികസന വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനം

300 (327) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വനിത-ശിശു വികസന വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിൽ ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ വനിത ശിശു വികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വനിതാ-ശിശുവികസന വകുപ്പിലെ ജീവനക്കാർ

301 (328) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ-ശിശുവികസന വകുപ്പിൽനിന്നും വിടുതൽ വാങ്ങി മറ്റു വകുപ്പുകളിൽ വിവിധ തസ്തികകളിൽ പി.എസ്.സി. നിയമനം വഴി ജോലി നോക്കുന്ന എത്ര ജീവനക്കാർ തിരികെ ഈ വകുപ്പിലേയ്ക്ക് വരുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

വനിതാ-ശിശു വികസന വകുപ്പിൽനിന്നും വിടുതൽ വാങ്ങി മറ്റു വകുപ്പുകളിൽ വിവിധ തസ്തികകളിൽ പി.എസ്.സി നിയമനം വഴി ജോലി നോക്കുന്ന ജീവനക്കാരാരുംതന്നെ തിരികെ ഈ വകുപ്പിലേയ്ക്ക് വരുന്നതിന് അപേക്ഷ നൽകിയിട്ടില്ല.

(ബി) ഇവരിൽ ആരുടെയൊക്കെ അപേക്ഷകളിന്മേലാണ് തീരുമാനമെടുക്കാത്തതെന്ന് വ്യക്തമാക്കാമോ; കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ബാധകമല്ല.

## വനിതാവികസന കോർപ്പറേഷൻ പദ്ധതികൾ

302 (329) ശ്രീമതി യു. പ്രതിഭ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വനിതകളുടെ സർവ്വതോന്മുഖമായ വികസനത്തിനും ശാക്തീകരണത്തിനുമായി വനിതാവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) വനിതകൾക്കായി എന്തെല്ലാം തൊഴിൽ പരിശീലന പരിപാടികളാണ് വനിതാ വികസന കോർപ്പറേഷൻ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

1. ആദിവാസി വനിതാ വികസന പദ്ധതി - വനമിത്ര.
2. ASEP-N-നഴ്സുമാർക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി
3. പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH ഫിനിഷിംഗ് സ്കൂളിൽ വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി
4. വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടികൾ.

(സി) ദേശീയ ധനകാര്യ വികസന കോർപ്പറേഷന്റെ പങ്കാളിത്തത്തോടെ വനിതകൾക്കായി നൽകിവരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയുടെ വിശദാംശം നൽകുമോ?

ദേശീയ ധനകാര്യ വികസന കോർപ്പറേഷന്റെ പങ്കാളിത്തത്തോടെ വനിതകൾക്കായി നൽകി വരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയുടെ വിശദ വിവരം അനുബന്ധം II-ആയി ചേർക്കുന്നു.*

(ഡി) വനിതാ വികസന കോർപ്പറേഷൻ സ്ത്രീകൾക്കായി നടത്തിവരുന്ന ബോധവത്ക്കരണ പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വനിതാ വികസന കോർപ്പറേഷൻ സ്ത്രീകൾക്കായി നടത്തിവരുന്ന ബോധവത്ക്കരണ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. ബോധ്യം - പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി.

2. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥിനികളുടെ ആർത്തവ ശുചിത്വവുമായി ബന്ധപ്പെട്ട് ആർത്തവ ശുചിത്വ പരിപാലന പരിശീലന ക്ലാസ്സുകൾ.

3. വിമൻസ് കോളേജുകളിൽ വിമൻ സെൽ മുഖേന വിദ്യാർത്ഥിനികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ.

4. ഐ.സി.സി. ബോധവത്ക്കരണം - തൊഴിലിടങ്ങളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന ലൈംഗിക പീഡനങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനുള്ള ആഭ്യന്തര പരാതി പരിഹാര കമ്മറ്റി (Internal Complaints Committee)യുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ശില്പശാലകൾ.

### അങ്കണവാടികളുടെ നവീകരണം

303 (330) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദ വിവരം ലഭ്യമാക്കുമോ?

നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ 43 അങ്കണവാടികളെ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1-ൽ ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഹൈ-ടെക്ക് അങ്കണവാടികൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലായി 40 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 40 അങ്കണവാടികളുടെ വിശദാംശങ്ങൾ ഉൾപ്പെട്ട പട്ടിക അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഷൊർണ്ണൂർ മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പ് പ്രവർത്തനങ്ങൾ

304 (331) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇതിൽ ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവർത്തിയുടെയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികളുടെ വിവരങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക) |
|---|---|---|---|
| 1 | വിദ്യാകിരണം | 188 | 926000 |
| 2 | വിദ്യാജ്യോതി | 19 | 38560 |
| 3 | മാതൃജ്യോതി | 1 | 48000 |
| 4 | മിശ്രവിവാഹ ധനസഹായം | 5 | 150000 |
| 5 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1 | 10000 |
| 6 | പരിണയം | 9 | 230000 |
| 7 | സ്വാശ്രയ | 3 | 105000 |
| 8 | വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം | 12 | 60000 |
| 9 | വിജയാമൃതം | 1 | 8000 |
| 10 | സഹചാരി | 1 | 10000 |
| 11 | മന്ദഹാസം | 4 | 20000 |

വയോമധുരം പദ്ധതിയിലൂടെ 118 വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വിതരണവും നടത്തിയിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | പ്രോജക്ട് | പഞ്ചായത്ത് | പ്രവൃത്തി AWC No. | തുക (രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ഒറ്റപ്പാലം | അനങ്ങനടി | 126/കെട്ടിട നിർമ്മാണം | 3425758 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നു |
| 2 | ഒറ്റപ്പാലം | അനങ്ങനടി | 119/ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് | 12000 | തുടങ്ങിയിട്ടില്ല. കെട്ടിടം പൊളിച്ചു പണിയുന്നു |
| 3 | ഒറ്റപ്പാലം | അനങ്ങനടി | 137/കുടിവെള്ള സംവിധാനം | 10000 | തുടങ്ങിയിട്ടില്ല. ഫണ്ട് അപര്യാപ്തത |
| 4 | ഒറ്റപ്പാലം | തൃക്കടീരി | 164/കെട്ടിട നിർമ്മാണം | 1450000 | ഭിത്തി നിർമ്മിച്ചു |
| 5 | ഒറ്റപ്പാലം | തൃക്കടീരി | 148/ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് | 12000 | തുടങ്ങിയിട്ടില്ല |
| 6 | ഒറ്റപ്പാലം | തൃക്കടീരി | 151/കുടിവെള്ള സംവിധാനം | 10000 | തുടങ്ങിയിട്ടില്ല |
| 7 | ഒറ്റപ്പാലം അഡീ. | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 63/കെട്ടിട നിർമ്മാണം | 1450000 | നിർമ്മാണ ഉദ്ഘാടനം നടത്തി |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 8 | ഒറ്റപ്പാലം അഡ്ഡി. | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 88/കെട്ടിട നിർമ്മാണം | 1450000 | നിർമ്മാണ ഉദ്ഘാടനം നടത്തി |
| 9 | ഒറ്റപ്പാലം അഡ്ഡി. | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 61/കെട്ടിട നിർമ്മാണം (മോഡൽ അങ്കണവാടി) | 2375000 | തുടങ്ങിയിട്ടില്ല |
| 10 | ഒറ്റപ്പാലം അഡ്ഡി. | നെല്ലായ | 137/കെട്ടിട നിർമ്മാണം | 1450000 | അടിത്തറ നിർമ്മാണം പൂർത്തിയായി |
| 11 | ഒറ്റപ്പാലം അഡ്ഡി. | നെല്ലായ | 130/ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് | 12000 | തുടങ്ങിയിട്ടില്ല. |
| 12 | ഒറ്റപ്പാലം അഡ്ഡി. | ചളവറ | 13/ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് | 12000 | തുടങ്ങിയിട്ടില്ല. |
| 13 | ഒറ്റപ്പാലം അഡ്ഡി. | വാണിയംകുളം | 42/ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് | 12000 | തുടങ്ങിയിട്ടില്ല. |
| 14 | ഒറ്റപ്പാലം അഡ്ഡി. | വാണിയംകുളം | 34/കെട്ടിട നിർമ്മാണം | 820000 | പൂർത്തിയായി |
| 15 | ഒറ്റപ്പാലം അഡ്ഡി. | വാണിയംകുളം | 36/കെട്ടിട നിർമ്മാണം | 820000 | പൂർത്തിയായി |
| 16 | ഒറ്റപ്പാലം അഡ്ഡി. | വാണിയംകുളം | 78/കെട്ടിട നിർമ്മാണം | 820000 | പൂർത്തിയായി |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 17 | ഒറ്റപ്പാലം അഡി. | വാണിയംകുളം | 38/കെട്ടിട നിർമ്മാണം | 820000 | പൂർത്തിയായി |
| 18 | ഒറ്റപ്പാലം അഡി. | വാണിയംകുളം | 29/കെട്ടിട നിർമ്മാണം | 820000 | പൂർത്തിയായി |
| 19 | ഒറ്റപ്പാലം അഡി. | വാണിയംകുളം | 44/കെട്ടിട നിർമ്മാണം | 820000 | പൂർത്തിയായി |
| 20 | ഒറ്റപ്പാലം അഡി. | വാണിയംകുളം | 46/കെട്ടിട നിർമ്മാണം | 820000 | പൂർത്തിയായി |
| 21 | ശ്രീകൃഷ്ണപുരം | വെള്ളിനേഴി | 75/ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് | 12000 | പൂർത്തിയായി |
| 22 | ശ്രീകൃഷ്ണപുരം | വെള്ളിനേഴി | 84/കുടിവെള്ള സംവിധാനം | 10000 | പൂർത്തിയായി |
| 23 | ശ്രീകൃഷ്ണപുരം | ചെർപ്പുളശ്ശേരി | 177/കുടിവെള്ള സംവിധാനം | 10000 | പൂർത്തിയായി |

## എപ്പിഡെമിക് പ്രിവൻഷൻ & കൺട്രോൾ സെന്ററുകളുടെ പ്രവർത്തനം

3054 (332) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ വകുപ്പിനുകീഴിലുള്ള എപ്പിഡെമിക് പ്രിവൻഷൻ & കൺട്രോൾ സെന്ററുകളുടെ പ്രവർത്തനം കോവിഡ് കാലത്ത് വിപുലമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ; വ്യക്തമാക്കുമോ?

നിലവിൽ ഉണ്ടായിരുന്ന എപ്പിഡെമിക് പ്രിവൻഷൻ & കൺട്രോൾ സെല്ലുകളുടെ പ്രവർത്തനത്തോടൊപ്പംതന്നെ സംസ്ഥാനത്തെ ആയുഷ് വകുപ്പിനുകീഴിലുള്ള എല്ലാ ആയുർവ്വേദ ആശുപത്രികളും ഡിസ്പെൻസറികളും NAM സ്ഥാപനങ്ങളും കോവിഡ് പ്രതിരോധത്തിനായി ആയുർ രക്ഷാ ക്ലിനിക്കായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സുഖായുഷ്യം, സ്വാസ്ഥ്യം എന്നീ ക്ലിനിക്കുകൾ കൂടി പ്രവർത്തിച്ചുവരുന്നു.

(ബി) കോവിഡ് രോഗനിയന്ത്രണങ്ങളുടെ ഭാഗമായി സ്വാഭാവിക രോഗപ്രതി രോധശേഷി വർദ്ധിപ്പിക്കുന്നതിന് ആയുർവ്വേദ ചികിത്സകളുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ സെന്ററുകൾ കൂടുതലായി പ്രവർത്തിക്കുന്നതിന് സ്റ്റാഫുകളുടെ അഭാവം നേരിട്ടതായി കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(സി) ഇവ ഫലപ്രദമാക്കാൻ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാർ നിലവിലുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

306 (333) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള ഭക്ഷ്യധാന്യവിതരണവും കോവിഡ്-19-ന്റെ കാലയളവിൽ വിവിധ ഭക്ഷ്യകിറ്റുകളുടെ വിതരണവും നടത്തിയിട്ടുണ്ട്. കൂടാതെ, നിയോജകമണ്ഡലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അദാലത്തുകളിൽ ലഭ്യമായ എല്ലാ പരാതികളിന്മേലും അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ചെർപ്പുളശ്ശേരി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി നവീകരി ച്ചിട്ടുണ്ട്. കൂടാതെ കരിമ്പുഴ പഞ്ചായത്തിൽ പുതിയതായി രണ്ടാമത്തെ മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

ചെർപ്പുളശ്ശേരി മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി നവീകരിക്കുന്നതിന് 7,50,000 രൂപയും കരിമ്പുഴ മാവേലി സ്റ്റോർ പ്രവർത്തന സജ്ജമാക്കുന്നതിനായി 1,00,000 രൂപയും ചെലവായിട്ടുണ്ട്.

## ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

307 (334) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിക്കും പലവ്യഞ്ജനങ്ങൾക്കും പച്ചക്കറിക്കും കോവിഡ് പശ്ചാത്തലത്തിൽ പൊതുകമ്പോളത്തിലുണ്ടായ വിലവർദ്ധനവ് സാധാരണ ജനങ്ങളുടെ ജീവിതം കൂടുതൽ ദുരിതത്തിലാക്കിയ സാഹചര്യത്തിൽ എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19-മായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തലത്തിൽ കോവിഡ്-19 സെൽ, ജില്ലാ തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യ ധാന്യങ്ങൾക്കും പച്ചക്കറിക്കും പൊതുവിപണിയിലുണ്ടായ വില വർദ്ധനവ് തടയുന്നതിനായി ജില്ലകളിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവ ഉൾപ്പെട്ട ഒരു സ്ക്വാഡ് രൂപീകരിക്കുകയും താലൂക്ക് തലത്തിൽ റെയ്ഡുകളും പരിശോധനകളും നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ കഴിഞ്ഞു. ഓരോ ദിവസത്തെയും അവശ്യസാധനങ്ങളുടെ വില വിവരം ലഭ്യമാക്കി അവലോകനം നടത്തുകയും പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് വിവരം ശേഖരിച്ചതിലൂടെ പൊതുവിപണിയിൽ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കാനും കഴിഞ്ഞു. ലോക്ഡൗൺ നിലവിൽ വന്നതോടുകൂടി മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിന് തടസ്സങ്ങളുണ്ടായ സമയത്ത് സിവിൽ സപ്ലൈസ് വകുപ്പ് ലോഡുകൾ എത്തിക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ഒരുക്കുകയും യാതൊരു തടസ്സവുംകൂടാതെ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. ആയതിനുവേണ്ടി ഓരോ ജില്ലയിലും RTO, Supplyco Manager, Horticorp Employers, Wholesale dealers എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ ത്വരിതപ്പെടുത്തി. റേഷൻ സാധനങ്ങളുടെ വിതരണം തടസ്സപ്പെടാത്ത രീതിയിൽ എല്ലാ റേഷൻ ഡിപ്പോകളും കോവിഡ്-19 മാനദണ്ഡങ്ങൾ പ്രകാരം തുറന്ന് പ്രവർത്തിക്കുകയും സംസ്ഥാനത്തെ എല്ലാ സപ്ലൈ ഓഫീസുകളും എൻ.എഫ്.എസ്.എ. ഗോഡൗണുകളും അവധി ദിവസങ്ങൾ ഉൾപ്പെടെ തുറന്ന് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ സാനിട്ടൈസറുകൾ എല്ലാ റേഷൻ കടകളിലും വകുപ്പിൽനിന്ന് ലഭ്യമാക്കി. 2020 ഏപ്രിൽ മാസം AAY, PHH വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NP(S), NP(NS) വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി വീതം

വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനത്താകെ 38384 റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 486.558 മെട്രിക് ടൺ അരി വിതരണം ചെയ്തു. ഇത്തരത്തിൽ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) ലോക്ഡൗണും തൊഴിൽ നഷ്ടവുംമൂലം കഷ്ടതയിലായവരെ സഹായിക്കുന്നതിന് ഭക്ഷ്യ വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിയിരുന്നോ; വിശദാംശം നൽകുമോ?

ലോക്ഡൗണും തൊഴിൽ നഷ്ടവുംമൂലം കഷ്ടത്തിലായവരെ സഹായിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. PHH/AYY കാർഡുകൾക്ക് സൗജന്യ റേഷൻ (ഏപ്രിൽ)

2. NPS/NPNS കാർഡുടമകൾക്ക് 15 കിലോ അരി സൗജന്യമായി നല്കി. (ഏപ്രിൽ)

3. റേഷൻ കാർഡില്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിൽ ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)

4. അനാഥാലയങ്ങളിലും ധർമ്മ സ്ഥാപനങ്ങളിലും താമസിക്കുന്നവർക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)

5. തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)

6. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം 2 മാസം നല്കി.

7. ഇവ കൂടാതെ PMGKAY പ്രകാരം BPL കുടുംബങ്ങളിൽ ഒരാൾക്ക് 4 കിലോ അരിയും 1 കിലോ പയറുവർഗ്ഗവും നവംബർ മാസം വരെ നല്കി.

8. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. റേഷൻ കാർഡുടമകൾക്ക് പുറമെ, സംസ്ഥാനത്തെ എല്ലാ അഗതിമന്ദിരങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ആശ്രമങ്ങൾ, കോൺവെന്റുകൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും കോവിഡ് അതിജീവനക്കിറ്റുകൾ നൽകുന്നുണ്ട്. ഇതിനുപുറമെ ലോക്ക്ഡൗൺ കാലയളവിൽ, സംസ്ഥാനത്ത് തുറന്ന സമൂഹ അടുക്കളകൾക്കായി 70 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും സമ്പർക്ക വിലക്കിലുള്ളവർക്കായി കാൽ ലക്ഷത്തോളം ഭക്ഷ്യകിറ്റുകളും സപ്ലൈകോ മുഖേന

വിതരണം ചെയ്തു. ഭക്ഷ്യഭദ്രതാ അലവൻസായി എം.ഡി.എം.എസ്. പദ്ധതിയിൽപ്പെട്ട 26 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കായി (രണ്ട് തവണ) ഭക്ഷ്യകിറ്റുകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു.

(സി) കോവിഡ് കാലത്ത് വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകളുടെ ഗുണനിലവാരം സംബന്ധിച്ചും തൂക്കക്കുറവ് സംബന്ധിച്ചും വ്യാപക പരാതികളുണ്ടായത് പരിശോധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഓണക്കിറ്റിൽ വിതരണം ചെയ്ത ശർക്കര, പപ്പടം എന്നിവയിലാണ് പ്രധാനമായും തൂക്കക്കുറവ്, ഗുണനിലവാരക്കുറവ് എന്നിങ്ങനെ വ്യാപകമായ പരാതി ഉണ്ടായത്. തൂക്കക്കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് വിതരണംചെയ്ത വിതരണ ക്കാർക്ക് കർശന നിർദ്ദേശം നൽകുകയും വിതരണക്കാർ തൂക്കക്കുറവ് പരിഹരിച്ച് നൽകുകയും ചെയ്തിരുന്നു. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ശർക്കര വിതരണം ചെയ്ത കമ്പനികളിൽനിന്ന്, ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും ഒരു വർഷത്തേയ്ക്ക് ഇവരിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന് വിലക്കേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിതരണക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സപ്ലൈകോ നിശ്ചയിച്ചിരുന്ന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതെ പപ്പടം വിതരണം ചെയ്ത കമ്പനിയിൽനിന്നും ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞു വയ്ക്കുകയും 3 മാസത്തേയ്ക്ക് ടി വിതരണക്കാരിൽനിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് വിലക്കേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത കമ്പനിയിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) കോവിഡിന്റെ മറവിൽ അവശ്യ സാധനങ്ങൾ പൂഴ്ത്തിവച്ച് കൃത്രിമമായി വില വർദ്ധിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ തടയുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കെതിരെ കേസെടുത്തെന്ന് വിശദമാക്കുമോ?

കോവിഡിന്റെ മറവിൽ അവശ്യ സാധനങ്ങളുടെ പൂഴ്ത്തി വയ്പ്പ് തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വന്തം നിലയിലും മറ്റ് വകുപ്പുകളുടെ സഹകരണ ത്തോടെയും സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവിപണിയിൽ കർശന പരിശോധന നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ സ്റ്റോക്ക് വിവരം, വില നിലവാരം എന്നിവ പ്രദർശിപ്പിക്കാത്ത 450 കടയുടമകൾക്കെതിരെയും ഇടുക്കിയിൽ 123 പേർക്കെതിരെയും തൃശ്ശൂർ ജില്ലയിൽ 152 കടകൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സഞ്ചി വാങ്ങി, കൂടിയ വിലയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിയെന്ന ആക്ഷേപത്തിന്മേൽ സപ്ലൈകോയുടെ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി കുടുംബശ്രീ ഡയറക്ടറെ വിവരം അറിയിക്കുകയും പ്രസ്തുത യൂണിറ്റുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് കുടുംബശ്രീ ഡയറക്ടർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## പൊതുവിതരണരംഗത്തെ നൂതനപദ്ധതികൾ

308 (335) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ രംഗത്തുണ്ടായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കേരള റേഷനിംഗ് ഉത്തരവ്, 1966-ന്റെ പരിഷ്കരണം പൂർത്തീകരിച്ചതിനുശേഷം പൊതുജനങ്ങളുടെ സൗകര്യാർത്ഥം പുതിയ റേഷൻ കടകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) അർഹതയുള്ള കുടുംബങ്ങളെ ബി.പി.എൽ. ആക്കാൻ നടപടി സ്വീകരിക്കുമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടികൾ തുടരുന്നതാണ്. നാളിതുവരെ 539910 കുടുംബങ്ങളെ റേഷൻ കാർഡ് പുതുക്കലിനു ശേഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സൗജന്യ ഭക്ഷ്യധാന്യ കിറ്റ് തുടരാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നിലവിൽ വിതരണം ചെയ്തുവരുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റ് 2021 ഏപ്രിൽ മാസം വരെ തുടരുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ കൂടുതൽ അനുവദിക്കുമോ?

കൺസ്യൂമർഫെഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് കൂടുതൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിക്കാൻ കഴിയില്ല.

(ഇ) വാതിൽപ്പടി വിതരണം കുറ്റമറ്റതാകാൻ എന്തെല്ലാം നടപടികളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

വാതിൽപ്പടി വിതരണത്തിൽ മൊത്തവിതരണക്കാരെ ഒഴിവാക്കി സപ്ലൈകോയെ ചുമതലപ്പെടുത്തിയതിലൂടെ റേഷൻ വ്യാപാരികൾക്ക് കൃത്യമായ അളവിൽ ഭക്ഷ്യ ധാന്യങ്ങൾ കടകളിൽ എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളെ തിരിച്ചറിയുന്നതിനായി ഏകീകൃത കളർ കോഡ് നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാതിൽപ്പടി വിതരണം കുറ്റമറ്റതാകാൻ എല്ലാ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും കൃത്യമായ പരിശോധനകൾ നടത്തി വരുന്നുണ്ട്.

**ഭക്ഷ്യവസ്തു പായ്ക്കറ്റുകളിലെ വിവരങ്ങൾ**

309 (336) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തു പായ്ക്കറ്റുകളിൽ എന്തെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

പായ്ക്കറ്റുകളിൽ നിർമ്മാതാവിന്റെ, പായ്ക്കറുടെ, ഇംപോർട്ടറുടെ വിലാസം (ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ടിലും റൂളിലും നിഷ്കർഷിക്കും പ്രകാരം) ഇംപോർട്ടഡ് ഉൽപ്പന്നങ്ങളിൽ Country of origin, common or generic name, ഉൽപ്പന്നം പായ്ക്ക് ചെയ്ത മാസം, വർഷം, use by date (ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് & റൂൾ പ്രകാരം) എല്ലാ നികുതിയും ഉൾപ്പെടെ പരമാവധി വിൽപ്പന വില, ഉൽപ്പന്നത്തിന്റെ തൂക്കം/അളവ്/എണ്ണം, ഉപഭോക്തൃ പരാതി അറിയിക്കാനുള്ള വ്യക്തിയുടെയോ ആഫീസിന്റെയോ പേര്, വിലാസം, ടെലിഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തണം.

(ബി) ഇവ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ടി പ്രഖ്യാപനങ്ങൾ ഇല്ലാത്ത പായ്ക്കറ്റുകൾ പിടിച്ചെടുത്ത് രാജിഫീസ് ഈടാക്കുകയോ കോടതി നടപടി സ്വീകരിക്കുകയോ ചെയ്തുവരുന്നു.

**ഭക്ഷ്യകിറ്റ് വിതരണത്തിനായി വാങ്ങിയ സഞ്ചികൾ**

310 (337) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യകിറ്റ് വിതരണം തുടങ്ങിയ മാസം മുതൽ പ്രതിമാസം എത്ര സഞ്ചികൾ സപ്ലൈകോയ്ക്ക് ആവശ്യം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2020 ഏപ്രിൽ-മേയ് ലോക്ക്ഡൗൺ സമയത്താണ് ഭക്ഷ്യ കിറ്റ് വിതരണം ആരംഭിച്ചത്. അതിനുശേഷം ആഗസ്റ്റ് മാസം മുതൽ തുടർച്ചയായി ഓരോ മാസവും ഭക്ഷ്യകിറ്റ് വിതരണം നടന്നുവരുന്നു. കോവിഡ് അതിജീവന കിറ്റ് (ഏപ്രിൽ, മേയ്) – 84,90,066 എണ്ണം, ഓണം കിറ്റ് - 83,72,346 എണ്ണം, സെപ്റ്റംബർ കിറ്റ് - 83,91,540 എണ്ണം, ഒക്ടോബർ കിറ്റ് - 83,68,185 എണ്ണം, നവംബർ കിറ്റ് - 84,00,000 എണ്ണം, ഡിസംബർ - 84,00,000 എണ്ണം.

(ബി) ഏതെല്ലാം വിതരണക്കാരിൽനിന്നും ഏതെല്ലാം നിരക്കിലാണ് സഞ്ചികൾ വാങ്ങിയതെന്ന് അറിയിക്കുമോ; സഞ്ചിയുടെ ഗുണനിലവാരക്കുറവുമൂലം ഏതെല്ലാം വിതരണക്കാരുടെ ഓർഡർ തിരസ്കരിച്ചിട്ടുണ്ടെന്നും ഏതെങ്കിലും വിതരണക്കാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ?

വിതരണക്കാരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. മാസം തോറുമുള്ള കിറ്റ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി കുടുംബശ്രീക്ക് മുൻഗണന നൽകി ഡിപ്പോ തലത്തിലും തുണി സഞ്ചികൾ വാങ്ങിയിട്ടുണ്ട്. ഗുണനിലവാരക്കുറവുമൂലം ഓർഡർ തിരസ്കരിക്കുകയോ എന്തെങ്കിലും വിതരണക്കാരെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

## ഭക്ഷ്യകിറ്റ് വിതരണം

311 (338) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യക്കിറ്റ് വിതരണത്തിനുവേണ്ടി സർക്കാർ നാളിതുവരെ എത്ര രൂപ ചെലവഴിച്ച എന്നറിയിക്കാമോ?

ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ 1,649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2,845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്.

(ബി) ഏത് ഫണ്ടിൽനിന്നുമാണ് ഇതിനുള്ള തുക കണ്ടെത്തുന്നത്?

കിറ്റ് വിതരണത്തിനായി നാളിതുവരെ അനുവദിച്ച തുകയിൽ 450 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബാക്കി തുക വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിലെ ബഡ്ജറ്റ് പ്രൊവിഷൻ/ അഡീഷണൽ ആതറൈസേഷൻ മുഖേനയുമാണ് അനുവദിച്ചിരിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രഖ്യാപിച്ചിട്ടുള്ള ബാക്കി കിറ്റുകൾക്കൂടി നല്കി കിറ്റുവിതരണം പൂർത്തീകരിക്കാൻ സർക്കാർ പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്താമോ?

2021 ജനുവരി മാസം മുതൽ ഏപ്രിൽ മാസം വരെ പ്രഖ്യാപിച്ചിട്ടുള്ള കിറ്റുകൾ വിതരണം നടത്തുന്നതിന് 1,352 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഭക്ഷ്യ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ

312 (339) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് തിരുവനന്തപുരം ജില്ലയിൽ പുതുതായി എത്ര സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആരംഭിച്ചിട്ടുണ്ടെങ്കിൽ എവിടെയെല്ലാമെന്ന് പറയുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം പുളിമൂട് എന്ന സ്ഥലത്ത് സപ്ലൈകോ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ പുതിയ ഒരു റേഷൻ കട അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ തിരുവനന്തപുരം ജില്ലയിൽ 6 പുതിയ വിൽപ്പനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. നെടുമങ്ങാട് ഡിപ്പോ പരിധിയിലുള്ള പൂവത്തൂർ മാവേലി സൂപ്പർ സ്റ്റോർ, പുതുകുളങ്ങര സൂപ്പർമാർക്കറ്റ്, കരിങ്ങാകോളനി മാവേലിസ്റ്റോർ, ആറ്റിങ്ങൽ ഡിപ്പോ പരിധിയിലുള്ള അവനവഞ്ചേരി ഗ്രാമത്തുമുക്ക് മാവേലി സൂപ്പർ സ്റ്റോർ, കാപ്പാംവിള സൂപ്പർമാർക്കറ്റ്, നെയ്യാറ്റിൻകര ഡിപ്പോപരിധിയിലുള്ള വട്ടവിള സൂപ്പർമാർക്കറ്റ് എന്നിവയാണ് സപ്ലൈകോ ആരംഭിച്ച പുതിയ വിപണന കേന്ദ്രങ്ങൾ. കൂടാതെ NFSA-യുടെ പുതിയ ഗോഡൗൺ സപ്ലൈകോയുടെ വലിയതുറ ജില്ലാ ഡിപ്പോയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കോവിഡ് 19 രോഗത്തിനെത്തുടർന്ന് ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കോവിഡ് 19 രോഗവ്യാപനത്തെത്തുടർന്ന് ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ഒഴിവാക്കാനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- ഏപ്രിൽ മാസത്തിൽ എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും ഭക്ഷ്യധാന്യം സൗജന്യമായി നല്കുകയുണ്ടായി.
- എല്ലാ കാർഡുടമകൾക്കും 1,000 രൂപയുടെ കോവിഡ് അതിജീവനക്കിറ്റും സൗജന്യമായി നല്കുകയുണ്ടായി. കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ നിലവിൽ വന്ന കാലയളവിൽ (ഏപ്രിൽ - മേയ് മാസങ്ങളിൽ) കേരള ജനതയുടെ അതിജീവനത്തിന് താങ്ങായി 17 അവശ്യസാധനങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷ്യക്കിറ്റുകൾ സപ്ലൈകോ മുഖേന എല്ലാ റേഷൻ കാർഡുടമകൾക്കും അഗതി മന്ദിരങ്ങളിലെയടക്കം അന്തേവാസികൾക്കുമായി വിതരണം നടത്തി. 84,90,066 റേഷൻ കാർഡുടമകൾക്ക് (റേഷൻകടകളിലൂടെ 84,48,016 കിറ്റുകളും സപ്ലൈകോ വിൽപ്പനശാലകളിലൂടെ 42,050 കിറ്റുകളും) അതിജീവന കിറ്റ് വിതരണം ചെയ്ത വകയിൽ 756 കോടി രൂപയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചത്.
- സർക്കാർ അംഗീകാരമുള്ളതും അല്ലാത്തതുമായ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നാലുപേർക്ക് ഒന്ന് എന്ന രീതിയിൽ അതിജീവനക്കിറ്റ് നല്കി.
- സർക്കാർ ഉടമസ്ഥതയിലും അല്ലാതെയുമുള്ള ക്ഷേമസ്ഥാപനങ്ങൾ, അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഒരാൾക്ക് 5 കിലോഗ്രാം വീതം അരി സൗജന്യമായി ഏപ്രിൽ മാസത്തിൽ നല്കി.
- റേഷൻ കാർഡില്ലാത്ത കുടുംബങ്ങളിലെ ഒരംഗം മാത്രമുള്ള ആളിന് 5 കിലോഗ്രാം, രണ്ട് അംഗങ്ങളുള്ളവർക്ക് 10 കിലോഗ്രാം എന്ന നിരക്കിലും രണ്ടിൽക്കൂടുതൽ അംഗങ്ങളുള്ള കുടുംബത്തിന് പരമാവധി 15 കിലോഗ്രാം അരി സൗജന്യമായി നല്കി.
- ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സൗജന്യക്കിറ്റിന് പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി.
- 2020 മേയ് മുതൽ 2020 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ എൻ.പി.എസ്, എൻ.പി.എൻ.എസ്. വിഭാഗത്തിനുള്ള എല്ലാ കാർഡുടമകൾക്കും 10 കിലോഗ്രാം അരി കിലോയ്ക്ക് 15 രൂപ നിരക്കിൽ നല്കി. കോവിഡ് കാലത്തെത്തിയ ഓണത്തിനും കേരള സർക്കാർ എല്ലാ റേഷൻ കാർഡുടമകൾക്കുമായി ഓണ സദ്യ ഒരുക്കാൻ ഉതകുന്ന ഭക്ഷ്യ വസ്തുക്കൾ ഉൾക്കൊള്ളിച്ച കിറ്റുകൾ വിതരണം ചെയ്തു. 83,72,346 റേഷൻ കാർഡുടമകൾക്ക് ഓണക്കിറ്റ് വിതരണം ചെയ്ത വകയിൽ 440 കോടി രൂപയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചത്.

- സെപ്റ്റംബർ മാസം മുതൽ എല്ലാ വിഭാഗം കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യധാന്യ കിറ്റ് നല്കിവരുന്നു.

- സർക്കാർ ഉടമസ്ഥതയിലുള്ളതും അല്ലാത്തതുമായ എല്ലാ അഗതി മന്ദിര ങ്ങളിലെയും അന്തേവാസികൾക്കും 4 പേർക്ക് 1 കിറ്റ് എന്ന രീതിയിൽ ഇപ്രകാരം കിറ്റ് നല്കിവരുന്നുണ്ട്. ഇതിനുപുറമെ, ലോക്ക്ഡൗൺ കാലയളവിൽ, സംസ്ഥാനത്ത് തുറന്ന സമൂഹ അടുക്കളകൾക്കായി 70 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും സമ്പർക്ക വിലക്കിലുള്ളവർക്കായി കാൽ ലക്ഷത്തോളം ഭക്ഷ്യക്കിറ്റുകളും സപ്ലൈകോ മുഖേന വിതരണം ചെയ്തു. ഭക്ഷ്യഭദ്രതാ അലവൻസ് ആയി എം.ഡി.എം.എസ്. പദ്ധതിയിൽപ്പെട്ട 26 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കായി (രണ്ട് തവണ) ഭക്ഷ്യകിറ്റുകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു.

- കോവിഡ് വ്യാപനത്തെത്തുടർന്നുള്ള മത്സ്യബന്ധന നിരോധന കാലയ ളവിൽ തീരദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ അതിജീവ നക്കിറ്റ് നല്കി.

- കടൽക്ഷോഭംമൂലം ദുരിതമനുഭവിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അതിജീവനക്കിറ്റ് നല്കുകയുണ്ടായി. കോവിഡ് സമാശ്വാസ കിറ്റുകളുടെ വിതരണത്തിനുപുറമെ, കണ്ടെയ്ൻമെന്റ് സോണുകളിലടക്കം വില്പനശാലകൾ പ്രവർത്തിപ്പിക്കുകവഴി കോവിഡ് കാലഘട്ടത്തിലും വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് യാതൊരു വിഘ്നവും വരാതിരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചു. സ്വകാര്യ മേഖലയിലെ ഭക്ഷ്യ സാധന വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കാതിരുന്ന തീവ്രബാധിത മേഖലകളിലും രോഗ പ്രതിരോധ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി മൊബൈൽ മാവേലി സ്റ്റോറുകളും പ്രവർത്തിക്കുകയുണ്ടായി.

- റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് അപേക്ഷിച്ചാൽ 24 മണിക്കൂറിനകം കാർഡ് നല്കുന്ന പദ്ധതി നടപ്പിലാക്കി.

- പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി പരിശോധനാ സംവിധാനം ശക്തമാക്കി.

- ജില്ലയിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനുവേണ്ടി 83 പെർമിറ്റുകൾ നൽകുകയുണ്ടായി.

## ഭക്ഷ്യഭദ്രതാ നിയമം

313 (340) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴിയുള്ള സേവനം വൈവിദ്ധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; ഇത് വിജയ പ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) യു.പി.എ. സർക്കാർ കൊണ്ടുവന്ന ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി പൊതുവിതരണ രംഗത്ത് വന്നിട്ടുള്ള മാറ്റം എന്തൊക്കെയാണ്; വിശദാംശം നൽകുമോ:

(സി) പൊതുവിതരണ രംഗത്ത് നടമാടിയിരുന്ന അഴിമതി ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ടോ; വാതിൽപ്പടി വിതരണം ഇക്കാര്യത്തിൽ എത്രമാത്രം സഹായകമായിയെന്ന് വിശദമാക്കുമോ;

&

(ഡി) എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരിൽ സ്ഥിരമായി റേഷൻ വാങ്ങിക്കാത്ത കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഇപ്രകാരം ഒഴിവാക്കിയവരെ പിന്നീട് വ്യക്തമായ കാരണം ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കികഴിഞ്ഞു.

2. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മുഖാന്തരമാക്കി. കണക്ടിവിറ്റി ലഭ്യമല്ലാത്ത 19 കടകളിൽ ഓഫ്-ലൈനായി വിതരണം നടക്കുന്നു.

3. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്.

5. 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് പ്രതിമാസം കുറഞ്ഞത് 18,000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന കമ്മീഷൻ പാക്കേജ് നടപ്പിലാക്കി.

6. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ സ്വതന്ത്ര ചുമതല ഉള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്മാരെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള ജില്ലാ തല പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ടിന്റെ അന്തിമ റിപ്പോർട്ട് TISS സമർപ്പിച്ചിട്ടുണ്ട്. നിലവിലെ കോവിഡ്-19-ന്റെ വ്യാപന പശ്ചാത്തലത്തിൽ സോഷ്യൽ ആഡിറ്റിംഗ് നടത്തുക പ്രായോഗികമല്ലാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് സോഷ്യൽ ആഡിറ്റിംഗ് നടത്തുവാൻ സാധിച്ചിട്ടില്ല.

10. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി നിയമിച്ചിട്ടുള്ള കേരള യൂണിവേഴ്സിറ്റി വിവിധ ജില്ലകളിൽ പഠനം നടത്തി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

11. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു.

12. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള വിശപ്പുരഹിത കേരളം പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

13. പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിനായി റേഷൻ കടകൾ വഴി കുപ്പിവെള്ളം, സപ്ലൈകോ ഉത്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇ-പോസ് മെഷീൻ മുഖേന മിനി ബാങ്കിംഗ് സൗകര്യം ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

14. ഓൺലൈൻ പരാതി പരിഹാര സംവിധാനം (Public Grievance Redressal Portal) ആരംഭിച്ചു.

15. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഗോഡൗൺ മുതൽ ഉപഭോക്താവ് വരെയുള്ള വിശദാംശങ്ങൾ SCMS-ൽ ലഭ്യമാണ്.

16. റേഷൻകട നവീകരണത്തിന്റെ ഭാഗമായി എല്ലാ റേഷൻ കടകൾക്കും മഞ്ഞയും ചുവപ്പും നിറങ്ങളിലുള്ള നിശ്ചിത മാതൃകയിലെ നെയിം ബോർഡ്, സ്റ്റോക്ക് ബോർഡ് എന്നിവ സ്ഥാപിച്ചു. ഇപ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന എല്ലാ പ്രവർത്തനങ്ങളും നടപ്പാക്കിയതിലൂടെ പൊതുവിതരണ രംഗം സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിൽ മൊത്തവിതരണക്കാരെ ഒഴിവാക്കി സപ്ലൈകോയെ ചുമതലപ്പെടുത്തിയതിലൂടെ റേഷൻ വ്യാപാരികൾക്ക് കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ കടകളിൽ എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളെ തിരിച്ചറിയുന്നതിനായി ഏകീകൃത കളർ കോഡ് നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരിൽ തുടർച്ചയായി 3 മാസം റേഷൻ വാങ്ങാത്ത 52245 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മതിയായ കാരണം കാണിച്ച് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്ന പക്ഷം അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിവരുന്നുണ്ട്.

## സുഭിക്ഷ പദ്ധതി

314 (341) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലാണ് നിലവിൽ വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ കീഴിൽ സുഭിക്ഷ ഉച്ചഭക്ഷണ ശാലകൾ ആവശ്യകതയുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്ക് 2020-21-ലെ ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുക എത്രയാണ്; അത് പര്യാപ്തമാണോയെന്ന് അറിയിക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ 84,00,000 രൂപ (എൺപത്തിനാല് ലക്ഷം രൂപ) ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. നിലവിൽ ടി തുക പര്യാപ്തമാണ്.

(സി) ഏതെങ്കിലും സന്നദ്ധ സംഘടനകളുടെ സഹകരണം ഈ പദ്ധതിക്ക് ലഭിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ/ സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണം പദ്ധതിക്ക് ലഭിക്കുന്നുണ്ട്.

(ഡി) ഈ പദ്ധതി സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് എന്തൊക്കെ പ്രചാരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

സുഭിക്ഷ പദ്ധതിയുടെ പ്രചാരണ പ്രവർത്തനത്തിനായി തുക വകയിരുത്തുകയും വകുപ്പുതല പരിപാടികളിൽ പൊതുജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും പദ്ധതിയെക്കുറിച്ച് അവബോധം നൽകിവരികയും ചെയ്തുവരുന്നുണ്ട്.

## മുൻഗണനാ പട്ടിക

315 (342) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ മുൻഗണനാ പട്ടികയിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; സംസ്ഥാന മുൻഗണനാ പട്ടികയിൽ എത്ര കുടുംബങ്ങൾ ഉണ്ട്?

2021 ജനുവരിയിലെ AePDS കീ രജിസ്റ്റർ പ്രകാരം 5,88,092 എ.എ.വൈ. കുടുംബങ്ങളിൽ നിന്നായി 2232894 അംഗങ്ങളും 32,47,478 പി.എച്ച്.എച്ച്. കുടുംബങ്ങളിൽ നിന്നായി 1,30,61,860 അംഗങ്ങളും ഉൾപ്പെടെ 1,52,94,754 അംഗങ്ങളാണ് സംസ്ഥാനത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്.

(ബി) മുൻഗണനാ പട്ടികയിൽനിന്ന് അനർഹരെ ഒഴിവാക്കി പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്ന പ്രക്രിയ നടന്നുവരുന്നുണ്ടോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കിവരുന്നു.

(സി) മുൻഗണനാ പട്ടികയിൽ ആളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണ്; വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10(a) പ്രകാരമുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അന്ത്യോദയ അന്നയോജന (എ.എ.വൈ) വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിലേയ്ക്കായി സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10(1) പ്രകാരം സംസ്ഥാനം നിശ്ചയിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനം പുറപ്പെടുവിച്ച 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തിവരുന്നത്.

## വൈത്തിരി താലൂക്കിലെ റേഷൻ കാർഡുകൾ

316 (343) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് വൈത്തിരി താലൂക്കിൽ ഉണ്ടായിരുന്ന റേഷൻ കാർഡുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ ഓരോ വിഭാഗത്തിനും എത്ര കാർഡുകൾ വീതമുണ്ടായിരുന്നുവെന്നും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് വൈത്തിരി താലൂക്കിൽ ഉണ്ടായിരുന്ന റേഷൻ കാർഡുകളുടെ എണ്ണം 62037 ആണ്. ഓരോ വിഭാഗത്തിനുമുള്ള കാർഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വിഭാഗം | കാർഡുകളുടെ എണ്ണം |
|---|---|
| എ.എ.വൈ. | 13155 |
| പി.എച്ച്.എച്ച്. | 18093 |
| മുൻഗണനേതര സബ്ഡിഡി | 20490 |
| മുൻഗണനേതര നോൺ- സബ്ഡിഡി | 10299 |
| ആകെ | 62037 |

(ബി) ഈ സർക്കാരിന്റെ കാലത്ത് വൈത്തിരി താലൂക്കിൽ ഓരോ വിഭാഗത്തിലും അനുവദിച്ച റേഷൻ കാർഡുകൾ എത്ര വീതമാണെന്ന് വിശദമാക്കാമോ?

വൈത്തിരി താലൂക്കിൽ ഓരോ വിഭാഗത്തിലും അനുവദിച്ച റേഷൻ കാർഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വിഭാഗം | കാർഡുകളുടെ എണ്ണം |
|---|---|
| എ.എ.വൈ. | 366 |
| പി.എച്ച്.എച്ച്. | 5534 |
| മുൻഗണനേതര സബ്ഡിഡി | 0 |
| മുൻഗണനേതര നോൺ-സബ്ഡിഡി | 5867 |

(സി) ഈ സർക്കാരിന്റെ കാലത്ത് റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് 23343 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽനിന്ന് അർഹരായ 3424 പേരെ പി.എച്ച്.എച്ച്. വിഭാഗത്തിലും 923 പേരെ എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് യോഗ്യത യുണ്ടെന്ന് കണ്ടെത്തിയ 1300 പേരുടെ പട്ടിക നിലവിലുണ്ട്. ഒഴിവുവരുന്ന മുറയ്ക്ക് ഇവരെക്കൂടി മുൻഗണനയിലേയ്ക്ക് മാറ്റുന്നതാണ്.

(ഡി) തോട്ടം തൊഴിലാളികളുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗമാക്കുന്നതിന് എത്ര അപേക്ഷകൾ വൈത്തിരി താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തോട്ടം തൊഴിലാളികളുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് 2020 ഡിസംബർ വരെ ലഭിച്ച 210 അപേക്ഷകളിൽനിന്ന് അർഹരായ 34 പേരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനയിലേയ്ക്ക് ക്രമമനുസരിച്ച് മാറ്റുന്നതാണ്.

**റേഷൻ കാർഡ്**

317 (344) <u>ശ്രീ ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:?

(എ) കന്യാസ്ത്രീമഠങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

&

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കന്യാസ്ത്രീമഠങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

**റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം**

318 (345) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സംസ്ഥാനത്തെ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഗുണഭോക്താക്കളുടെ അപേക്ഷകൾക്കനുസൃതമായി, പുതിയ റേഷൻകാർഡുകൾ തയ്യാറാക്കുന്നതിനും നിലവിലുള്ള റേഷൻകാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമായി സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഉപയോഗിക്കുന്ന ഒരു സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനാണ് റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS). കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ആണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിനുവേണ്ടി RCMS വികസിപ്പിച്ചത്. 100% റേഷൻകാർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുള്ളതും ആയതിന്റെ എല്ലാ അപ്ഡേഷനുകളും യഥാസമയം ഓൺലൈനായിത്തന്നെ ചെയ്യാവുന്നതുമായ E-RCMS (Electronic RCMS) എന്ന version ആണ് 2018 മുതൽ ഉപയോഗിക്കുന്നത്. പുതിയ റേഷൻകാർഡുണ്ടാക്കുക, കാർഡിലെ അംഗങ്ങളുടെ പേരുകൾ നീക്കം ചെയ്യുക, പേരുകൾ ട്രാൻസ്ഫർ ചെയ്യുക, കാർഡ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് കാർഡുണ്ടാക്കുക, കാർഡിലുള്ള തെറ്റുകൾ തിരുത്തുക തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി പതിനെട്ടോളം വ്യത്യസ്ത സർവ്വീസുകളാണ് RCMS-ലൂടെ ലഭ്യമാക്കിയിട്ടുള്ളത്. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പൊതുജനങ്ങൾക്ക് സ്വന്തമായി RCMS-ന്റെ ഭാഗമായിട്ടുള്ള സിറ്റിസൺ ലോഗിൻ മുഖേനയും അക്ഷയ സെന്ററുകളിലുള്ള അക്ഷയ ലോഗിൻ മുഖേനയും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ഇതുവരെയായി 56,25,742 അപേക്ഷകളാണ് E-RCMS -ലൂടെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

(ബി) പുതുതായി റേഷൻകാർഡ് വിതരണം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ?

പുതിയ റേഷൻകാർഡ്, പേര് ചേർക്കൽ, പേര് കുറവുചെയ്യൽ, കാർഡ് ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ റേഷൻ കാർഡുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലുമായി ലഭിച്ച 56.21 ലക്ഷം അപേക്ഷകൾ സ്വീകരിക്കുകയും അതിൽ 1.95 ലക്ഷം അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 53.45 ലക്ഷം (98.51%)

അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളിലും സ്വീകരിച്ചു വരുന്നു.

(സി) റേഷൻകാർഡ് വിവരങ്ങൾ സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളുമായും ഏജൻസികളുമായും പങ്കുവയ്ക്കുന്നു എന്നറിയിക്കുമോ?

റേഷൻകാർഡ് വിവരങ്ങൾ പങ്കുവയ്ക്കുന്ന കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾ/ഏജൻസികൾ താഴെ പറയുന്ന പ്രകാരമാണ്.

<u>സംസ്ഥാന സർക്കാർ വകുപ്പുകൾ/ഏജൻസികൾ</u>

| | | |
|---|---|---|
| 1. CMDRF | - | CDIT |
| 2. e- District(Revenue Department) | - | IT Mission |
| 3. Pension | - | Information Kerala Mission (Finance Department) |
| 4. Supplyco | | |
| 5. Rebuild Kerala | - | IT Mission |
| 6. Flood relief | - | Information Kerala Mission |
| 7. Unnathi | - | Chief Secretary's Office |
| 8. PMKISAN | - | Agriculture Department |
| 9. State Health Agency | - | Health Department |

<u>കേന്ദ്രസർക്കാർ വകുപ്പ്/ഏജൻസികൾ</u>

| | | |
|---|---|---|
| 10. Department of Food | – | PDS National Dashboard & Public Distribution |
| 11. IMPDS | - | Central repository (One Nation One Card) |

(ഡി) ഇലക്ട്രോണിക് റേഷൻ കാർഡുകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇ-ആധാർ മാതൃകയിൽ അപേക്ഷകന് സ്വയം പ്രിന്റ് ചെയ്തെടുക്കാൻ കഴിയുന്ന ഇ-റേഷൻകാർഡ് (ഇലക്ട്രോണിക് റേഷൻകാർഡ്) സംവിധാനം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ അക്ഷയ ലോഗിൻ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ അംഗീകരിച്ചതിനുശേഷം പുസ്തക രൂപത്തിലുള്ള റേഷൻകാർഡ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ തന്നെ അച്ചടിച്ച് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇ-റേഷൻകാർഡ് സംവിധാനം നിലവിൽ വരുമ്പോൾ, താലൂക്ക് സപ്ലൈ ഓഫീസർ അംഗീകരിച്ചയുടൻതന്നെ അപേക്ഷകന് അക്ഷയ ലോഗിൻ മുഖേനയോ സിറ്റിസൻ ലോഗിൻ മുഖേനയോ പുതിയ മാതൃകയിലുള്ള ഇ-റേഷൻകാർഡ് സ്വയം പ്രിന്റ് ചെയ്തെടുക്കുന്നതിന് സാധിക്കുന്നതാണ്.

## റേഷൻ കാർഡുടമകളുടെ എണ്ണം

319 (346) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര പേർക്ക് റേഷൻകാർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് 80,18,030 റേഷൻ കാർഡുകൾ പുതുക്കിനൽകിയിട്ടുണ്ട്. ഇതിനുപുറമെ പുതിയതായി അനുവദിച്ച 9,19,980 കാർഡുകൾ ഉൾപ്പെടെ ആകെ 89,38,010 കാർഡുകളാണ് നിലവിലുള്ളത്.

(ബി) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി നിലവിൽ എത്ര കാർഡുടമകളാണുള്ളത്; വിശദവിവരം നൽകുമോ?

സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി നിലവിലുള്ള കാർഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പ്രത്യേക റേഷൻ കാർഡ്

320 (347) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കന്യാസ്ത്രീ മഠങ്ങളിലേയും ആശ്രമങ്ങളിലേയും അനാഥാലയങ്ങളിലേയും അന്തേവാസികൾക്ക് റേഷൻ കാർഡ് ഇല്ലാത്തതിനാൽ റേഷനടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൻ പ്രകാരം കന്യാസ്ത്രീ മഠങ്ങളിലേയും ആശ്രമങ്ങളിലേയും അനാഥാലയങ്ങളിലേയും അന്തേവാസികൾക്ക് റേഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ മുടങ്ങാതെ ലഭിക്കുന്നതിനുവേണ്ടി പ്രത്യേക റേഷൻ കാർഡ് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

&

(സി) ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് എന്നത്തേയ്ക്ക് പ്രത്യേക റേഷൻ കാർഡ് നല്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. വിവിധ കന്യാസ്ത്രീ മഠങ്ങളിലേയും ആശ്രമങ്ങളിലേയും അനാഥാലയ ങ്ങളിലേയും അന്തേവാസികൾക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

**മുൻഗണനാ റേഷൻകാർഡുകൾ**

321 (348) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ എത്ര റേഷൻകാർഡുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ആകെ 3836005 റേഷൻ കാർഡു കളാണ് നിലവിലുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) മുൻഗണനാ റേഷൻകാർഡ് ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷയാണ് ലഭിച്ചിട്ടുള്ളത്; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

മുൻഗണനാ റേഷൻകാർഡ് ലഭിക്കുന്നതിനായി നിലവിൽ 200566 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) മുൻഗണനാ റേഷൻകാർഡിലെ അനർഹരെ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര പേരെ ഒഴിവാക്കി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കി വരുന്നു. താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾ തോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം 579990 കുടുംബങ്ങളെ മുൻഗണനയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-3 ആയി ചേർക്കുന്നു.*

## മുൻഗണനാ കാർഡ് ലഭിക്കുന്നതിന് നടപടി

322 (349) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹതയുണ്ടായിരുന്നിട്ടും റേഷൻ കാർഡ് എ.പി.എൽ. ആയിപ്പോകുകയും അത് പരിശോധിച്ച് അർഹമായ മുൻഗണന കാർഡ് ലഭിക്കുന്നതിനായി നൽകിയ അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ കാർഡ് ലഭിക്കുന്നതിന് നൽകിയ അപേക്ഷയിൽ തീരുമാനമാകാതെ വൈകുന്നതിന്റെ കാരണം അറിയിക്കുമോ;

(സി) താഴ്ന്ന വരുമാനക്കാർക്ക് വളരെ ആശ്വാസമാകുന്ന മുൻഗണനാ കാർഡ് ലഭിക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം അതിവേഗം കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ?

(എ-സി) നിലവിൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ പരിഗണിച്ച്, 24 മണിക്കൂറിനകം എല്ലാവർക്കും റേഷൻ കാർഡ് നൽകുമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രേഖകളുടെ വ്യക്തമായ പരിശോധന നടത്താതെ മുൻഗണനേതര

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നോൺ-സബ്സിഡി കാർഡാണ് അനുവദിച്ചുവരുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് മുൻഗണനാ കാർഡിനുള്ള അപേക്ഷ പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. നിലവിലുള്ള മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ ഘടകങ്ങൾ ബാധകമല്ലാത്ത താഴ്ന്ന വരുമാനക്കാർ ഉൾപ്പെടുന്ന കുടുംബങ്ങളെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് മുൻഗണനയിൽ ഉൾപ്പെടുത്തിവരുന്നുണ്ട്.

## ബി.പി.എൽ. കാർഡിനുള്ള അപേക്ഷ തീർപ്പാക്കുന്നതിലെ കാലതാമസം

323 (350) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കാർഡിനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് വരുന്ന കാലതാമസം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

&

(ബി) സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ

എന്നതിനാലാണ് മുൻഗണനാ കാർഡിനുള്ള അപേക്ഷ പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടികൾ തുടരുന്നതാണ്.

## എ.പി.എൽ./ബി.പി.എൽ. ഗണത്തിൽ ഉൾക്കൊള്ളിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

324 (351) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി റേഷൻ കാർഡ് അനുവദിക്കപ്പെടുമ്പോൾ അവയിൽ തുച്ഛവരുമാനക്കാരായ തോട്ടം തൊഴിലാളികളും അവരുടെ ആശ്രിതരും മാത്രമാണ് ഉൾപ്പെടുന്നതെങ്കിൽ പോലും പ്രസ്തുത കാർഡുകൾ എ.പി.എൽ. വിഭാഗത്തിലാണ് അനുവദിക്കപ്പെടുന്നതെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ പരിഗണിച്ച് 24 മണിക്കൂറിനകം എല്ലാവർക്കും റേഷൻ കാർഡ് നൽകും എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രേഖകളുടെ വ്യക്തമായ പരിശോധന നടത്താതെ മുൻഗണനേതര നോൺ-സബ്സിഡി കാർഡാണ് അനുവദിച്ചുവരുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് മുൻഗണനാ കാർഡിനുള്ള അപേക്ഷ പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടികൾ തുടരുന്നതാണ്.

(സി) പുതുതായി റേഷൻ കാർഡ് അനുവദിക്കപ്പെടുമ്പോൾ ആയത് എ.പി.എൽ./ബി.പി.എൽ. ഗണത്തിൽ ഉൾക്കൊള്ളിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതോടെ പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ./എ.പി.എൽ. വിഭാഗങ്ങൾക്ക് പകരമായി മുൻഗണന/മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/17/ ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര കാർഡുടമകൾക്ക് റേഷൻ കാർഡുകൾ എ.പി. എൽ.-ൽനിന്ന് ബി.പി.എൽ.-ലേയ്ക്ക് മാറ്റിനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ 1780 മുൻഗണനാ കാർഡുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

325 (352) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മുഖാന്തരം എന്തെല്ലാം പദ്ധതി കളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പുതുകുളങ്ങര സൂപ്പർ മാർക്കറ്റ്, കരിങ്ങാക്കോളനി മാവേലി സ്റ്റോർ, പൂവത്തൂർ മാവേലി സൂപ്പർ സ്റ്റോർ എന്നീ 3 സപ്ലൈകോ ഔട്ട്ലെറ്റുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ അരുവിക്കര, ഇരിഞ്ചയം, പനവൂർ എന്നീ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തി നവീകരിച്ചിട്ടുണ്ട്. കൂടാതെ സൗജന്യ ഭക്ഷ്യക്കി റ്റുകളുടെ വിതരണം, ജനകീയ ഹോട്ടൽ എന്നീ പദ്ധതികൾ ആരംഭിക്കുകയുണ്ടായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ഇവയിൽ ഏതെല്ലാം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പുതിയ റേഷൻ കടകൾ ആരംഭിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാരപ്പെട്ടി മാവേലി സൂപ്പർ മാർക്കറ്റ്

326 (353) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;

(ബി) വാരപ്പെട്ടിയിലെ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(സി) വാരപ്പെട്ടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്ന പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചതിൽ സപ്ലൈകോയുടെ നിലവിലെ BEP (Break Even Point) മാനദണ്ഡങ്ങൾ അനുസരിച്ച് ഇതിനായി നിർദ്ദേശിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് (2186 ച.അടി) ആനുപാതികമായി പ്രതിമാസം കുറഞ്ഞത് 25 ലക്ഷം രൂപയുടെ കച്ചവടം ലഭിക്കേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട കെട്ടിടത്തിൽ 12.75 ലക്ഷം പ്രതിമാസ വിൽപ്പനയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് അതിനാൽ പ്രതിമാസം പ്രതീക്ഷിക്കുന്ന വിൽപ്പനയ്ക്കാനുപാതികമായിട്ടുള്ള തറ വിസ്തീർണ്ണമുള്ള കെട്ടിടം കണ്ടെത്തി മാവേലി സൂപ്പർ സ്റ്റോർ പ്രവർത്തിപ്പിക്കുന്ന തിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## ഭക്ഷ്യധാന്യ കിറ്റ് വിതരണം

327 (354) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് സംസ്ഥാനത്ത് റേഷൻ കാർഡുട മകൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തിരുന്നോ?

ചെയ്തിരുന്നു.

(ബി) എങ്കിൽ ഓരോ മാസവും നൽകിയ കിറ്റ്, അതിൽ ഉൾപ്പെട്ട ഭക്ഷ്യധാന്യത്തിന്റെ ഓരോന്നിന്റെയും അളവ്, മാർക്കറ്റ് വില, കിറ്റിന്റെ സഞ്ചി ഉൾപ്പെടെയുള്ളവയുടെ വില വിവരങ്ങൾ അടങ്ങിയ വിശദാംശം വെളിപ്പെടുത്തുമോ;

&

(സി) സംസ്ഥാനത്ത് മൊത്തത്തിൽ ഉള്ള റേഷൻ കാർഡുടമകൾ എത്രയാണ്; അവരിൽ എത്ര കാർഡുടമകൾക്കാണ് കിറ്റ് വിതരണം ഓരോ തവണയും നടത്തുന്നത്; വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് നിലവിൽ 8938010 റേഷൻ കാർഡുകളാണ് ഉള്ളത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർ മാസകിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർ മാസകിറ്റുകൾ 83.68 ലക്ഷം കുടുംബങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിതരണംചെയ്ത ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഓണത്തിനും മറ്റും വിതരണം ചെയ്ത കിറ്റിൽ ഉൾപ്പെട്ട ശർക്കര, പർപ്പടകം എന്നിവ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ ആയത് നൽകിയ ഏജൻസി ആരാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഓണത്തിന് വിതരണം ചെയ്ത കിറ്റിൽ ഉൾപ്പെട്ട ശർക്കര, പർപ്പടകം എന്നിവ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിരുന്നു. ശർക്കര വിതരണംചെയ്ത നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോട്, അരുണാചല ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ് ചെന്നൈ, ബാൽസൺ എന്റർപ്രൈസസ് കോഴിക്കോട്, എ.വി.എൻ. ട്രേഡ് വെഞ്ചേഴ്സ് ഈറോഡ്, മാർക്കറ്റ് ഫെഡ് കൊച്ചി, കോന്നുപ്പറമ്പൻ ട്രേഡേഴ്സ് തൃശ്ശൂർ എന്നീ കമ്പനികളുടെ ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും ഒരു വർഷത്തേയ്ക്ക് ഇവരിൽനിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ കോന്നുപ്പറമ്പൻ ട്രേഡേഴ്സ് തൃശ്ശൂർ ഹൈക്കോടതിയിൽ റിട്ട് ഹർജി നല്കിയതിനെ തുടർന്ന് ടി കമ്പനിക്ക് പർച്ചേസ് ഓർഡർ നല്കിയിട്ടുണ്ട്. പർപ്പടകം വിതരണം ചെയ്ത തിരുവനന്തപുരത്തെ ഹഫ്സർ ട്രേഡിംഗ് കമ്പനിയുടെ ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും മൂന്നുമാസത്തേയ്ക്ക് ഇവരിൽനിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ കമ്പനികളിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) കിറ്റ് വിതരണത്തിനായി ഓരോ തവണയും എത്ര തുകയാണ് ചെലവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശികത്തുകയും ഉൾപ്പെടെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്.

## റേഷൻ വാതിൽപ്പടി

328 (355) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മറ്റ് ആശ്രയമില്ലാതെ ജീവിക്കുന്ന വൃദ്ധദമ്പതികൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

കടയിലെത്തി റേഷൻസാധനങ്ങൾ വാങ്ങാനാവാത്ത വിധം അവശരായവർക്ക് റേഷൻവിഹിതം വാങ്ങുന്നതിന് അതേ കടയിൽത്തന്നെയുള്ള മറ്റേതെങ്കിലും കാർഡംഗങ്ങളെ പ്രോക്സി (പകരക്കാരെ നിയോഗിക്കുന്ന സംവിധാനം)യായി ചുമതലപ്പെടുത്താവുന്നതാണ്. പ്രോക്സിയെ നിയോഗിക്കുന്ന റേഷൻകാർഡിൽ 16-നും 65-നും മദ്ധ്യേ പ്രായമുള്ള ആരോഗ്യമുള്ള അംഗങ്ങളുണ്ടാകാൻ പാടില്ല. കൂടാതെ ഇത്തരം കാർഡുകൾക്ക് പോർട്ടബിലിറ്റി സംവിധാനം ഉപയോഗിക്കാതെ, രജിസ്റ്റർ ചെയ്ത കടയിൽനിന്ന് മാത്രമേ റേഷൻ വാങ്ങാൻ സാധിക്കുകയുള്ളൂ.

## സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം

329 (356) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം കൂടിയതുമൂലവും പാചക വാതക കണക്ഷനുകളുടെ എണ്ണത്തിന്റെ വർദ്ധനവുമൂലവും സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് കുറവ് വരുത്തിയതെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. 2019 ജൂലൈയിൽ ആരംഭിച്ച ത്രൈമാസപാദം മുതൽ മണ്ണെണ്ണ വിഹിതത്തിൽ 4644 കിലോ ലിറ്ററിന്റെ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തിന് ഒരു മാസം അനുവദിച്ചിരുന്ന അര ലിറ്റർ മണ്ണെണ്ണപോലും പല മാസങ്ങളിലും ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ ഒരു മാസം എ.എ.വൈ., പി.എച്ച്.എച്ച്., എൻ.പി.എസ്., എൻ.പി.എൻ.എസ്. വിഭാഗങ്ങൾക്ക് വിതരണംചെയ്യാൻ 4560 കി.ലി. മണ്ണെണ്ണ ആവശ്യമായിവരുന്നു. എന്നാൽ കേന്ദ്രം ഒരു ത്രൈമാസപാദത്തിൽ അനുവദിക്കുന്ന 9264 കി.ലി. മണ്ണെണ്ണ ഒരു പാദത്തിലെ അവസാന മാസത്തിൽ നാല് വിഭാഗം കാർഡുടമകൾക്കും വിതരണം ചെയ്യാൻ തികയാതെ വരുന്നതിനാൽ ഓരോ പാദത്തിലെയും അവസാന മാസത്തിൽ എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങൾക്ക് മാത്രമായി വിതരണം പരിമിതപ്പെടുത്തി ക്രമീകരിച്ചുവരുന്നു.

(സി) കേന്ദ്രം വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും സംസ്ഥാനത്ത് വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം കൂടിയതും പാചക വാതക കണക്ഷനുകളുടെ എണ്ണത്തിന്റെ വർദ്ധനവും ചൂണ്ടിക്കാട്ടി പ്രസ്തുത ആവശ്യം കേന്ദ്രം നിരാകരിക്കുകയാണ് ഉണ്ടായത്.

## ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

330 (357) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (ഐ.എം.പി.ഡി.എസ്.) എന്ന പദ്ധതി സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;

&

(ബി) ഇതുമൂലം ജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) ഉണ്ട്. പൂർണ്ണമായും കേന്ദ്രാധിഷ്ഠിത പദ്ധതിയായ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (ഐ.എം.പി.ഡി.എസ്.) 1-1-2020 മുതൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 32 സംസ്ഥാനങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ ഭക്ഷ്യ ഭദ്രതാ

കാർഡുകൾക്ക് (എ.എ.വൈ., പി.എച്ച്.എച്ച്.) ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി സൗകര്യം ലഭ്യമാണ്. പ്രസ്തുത കാർഡുകളിലെ അംഗങ്ങൾക്ക് ഐ.എം.പി.ഡി.എസ്.-ൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിലെ ഓട്ടോമേറ്റ് ചെയ്തിട്ടുള്ള ഏത് റേഷൻ കടകളിൽ നിന്നും ബയോമെട്രിക് ആതന്റിക്കേഷനോടുകൂടി റേഷൻ സാധനങ്ങൾ കൈപ്പറ്റാവുന്നതാണ്. 19 റേഷൻ കടകൾ ഒഴികെ സംസ്ഥാനത്തെ ബാക്കിയെല്ലാ റേഷൻ കടകളിലും ഐ.എം.പി.ഡി.എസ്. സംവിധാനത്തിലൂടെ റേഷൻ സാധനങ്ങൾ കൈപ്പറ്റാവുന്നതാണ്.

(സി) ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ, ഭക്ഷ്യധാന്യങ്ങളുടെ ട്രാൻസ്പോർട്ടേഷൻ എന്നീ ഇനങ്ങളിൽ സംസ്ഥാനത്തിന് അധിക ചെലവ് ഉണ്ടാകുന്നുണ്ടോ?

ഐ.എം.പി.ഡി.എസ്. പദ്ധതി പ്രകാരം കേരളത്തിലെ കാർഡുടമകൾ മറ്റ് സംസ്ഥാനങ്ങളിലെ റേഷൻ കടകളിൽനിന്ന് വാങ്ങുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെക്കാൾ കൂടുതൽ മറ്റു സംസ്ഥാനങ്ങളിലെ കാർഡുടമകൾ കേരളത്തിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ കൈപ്പറ്റുന്നതിനാൽ സംസ്ഥാനത്തിന് അധിക ചെലവ് ഉണ്ടാകുന്നുണ്ട്.

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് നിലവിൽ എത്രപേർ ഉപയോഗിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

കഴിഞ്ഞ നാലുമാസത്തിൽ സംസ്ഥാനത്ത് ഐ.എം.പി.ഡി.എസ്. സംവിധാനം ഉപയോഗിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു :

| മാസം | ആകെ ഇടപാടുകൾ |
|---|---|
| സെപ്റ്റംബർ | 152 |
| ഒക്ടോബർ | 147 |
| നവംബർ | 180 |
| ഡിസംബർ | 134 |

(ഇ) ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിന് കടമെടുക്കാവുന്നതിന്റെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര തുക അധികമായി കടമെടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2,261 കോടി രൂപ കടമെടുക്കുന്നതിനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

## റേഷൻ കടകൾവഴി നൽകിയ ഭക്ഷ്യക്കിറ്റുകൾ

331 (358) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായിട്ടുള്ള ലോക്ഡൗൺമൂലം തൊഴിലും വരുമാനവും നഷ്ടപ്പെട്ടവർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി 2020 ഡിസംബർ മാസം വരെ റേഷൻകടകൾവഴി എത്ര ലക്ഷം പലവ്യഞ്ജന കിറ്റുകളാണ് കാർഡുടമകൾക്ക് നൽകിയതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഏകദേശം 89 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർ മാസകിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർ മാസകിറ്റുകൾ 83.68 ലക്ഷം കുടുംബങ്ങൾക്കും വിതരണം പൂർത്തിയായിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യാൻ തയ്യാറായിട്ടുണ്ട്.

(ബി) ഇതിനുള്ള തുക കണ്ടെത്തിയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണോ?

കിറ്റ് വിതരണത്തിനായി നാളിതുവരെ അനുവദിച്ച തുകയിൽ 450 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് അനുവദിച്ചിട്ടുള്ളത്.

(സി) എങ്കിൽ ആകെ എത്ര രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചത്; വ്യക്തമാക്കാമോ?

കിറ്റ് വിതരണത്തിനായി നാളിതുവരെ അനുവദിച്ച തുകയിൽ 450 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് അനുവദിച്ചിട്ടുള്ളത്.

## കോവിഡ് കാലത്തെ സൗജന്യ റേഷൻ വിതരണം

332 (359) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്ഡൗൺ കാലം മുതൽ കേന്ദ്രസർക്കാർ നൽകുന്ന സൗജന്യ റേഷൻ ഏതെല്ലാം വിഭാഗം കാർഡ് ഉടമകൾക്കാണ് നൽകിയതെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ സൗജന്യ റേഷൻ ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ എ.എ.വൈ., പ്രയോറിറ്റി എന്നീ വിഭാഗങ്ങളിലെ അംഗങ്ങൾക്കാണ് നല്കിയത്.

(ബി) ഓരോ വിഭാഗം കാർഡിലും ഓരോ മാസവും എത്ര പേർക്കാണ് സൗജന്യ റേഷൻ നൽകിയതെന്ന് വെളിപ്പെടുത്താമോ?

അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു*.

(സി) എത്ര അളവ് റേഷൻ ഓരോ മാസവും ഓരോ വിഭാഗം കാർഡ് ഉടമകൾക്ക് നൽകി; വ്യക്തമാക്കാമോ?

PMGKAY സ്കീമിലെ പ്രതിമാസ വിതരണത്തോത് ഓരോ അംഗങ്ങൾക്കും 5 കിലോഗ്രാം ഭക്ഷ്യധാന്യവും ഓരോ കുടുംബത്തിനും ഒരു കിലോഗ്രാം പയർവർഗ്ഗവും (കടല അല്ലെങ്കിൽ പയർ) എന്ന ക്രമത്തിലായിരുന്നു. PMGKAY സ്കീമിലെ വിതരണം 2020 ഏപ്രിൽ മുതൽ നവംബർ വരെ ആയിരുന്നുവെങ്കിലും നാഫെഡിൽനിന്ന് വിവിധ ഘട്ടങ്ങളിലായി പയറുവർഗ്ഗങ്ങൾ ലഭ്യമായതനുസരിച്ചാണ് വിതരണം ക്രമീകരിക്കാൻ സാധിച്ചിട്ടുള്ളത്. ഏതെങ്കിലും മാസങ്ങളിൽ ലഭ്യമാകാത്ത വിഹിതം തൊട്ടടുത്ത മാസങ്ങളിൽ കൂടി നല്കിയിട്ടുണ്ട്. ആയതിനാൽ പയറുവർഗ്ഗങ്ങളുടെ വിതരണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. 2021 ജനുവരി മാസത്തിലും വിതരണം തുടർന്നു വരുന്നു. വിതരണം ചെയ്ത അളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(ഡി) കേന്ദ്രസർക്കാരിന്റെ കോവിഡ് കാലത്തെ സൗജന്യ റേഷൻ വിതരണത്തിൽ ഏതെങ്കിലും മാസം വിതരണത്തിൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് കേന്ദ്ര ഭക്ഷ്യമന്ത്രാലയമോ സംസ്ഥാന ഭക്ഷ്യ കമ്മീഷനോ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

PMGKAY സ്കീമിന്റെ വിതരണത്തിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട 2.74 ലക്ഷം പേർ മേയ് മാസത്തിൽ PMGKAY പ്രകാരമുള്ള കേന്ദ്രറേഷൻ വാങ്ങിയിട്ടില്ലെന്നും ഇതിൽ 2.01 ലക്ഷം പേർ ഏപ്രിൽ മാസത്തിൽ റേഷൻ വാങ്ങിയവരാണെന്നും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ബയോമെട്രിക് സംവിധാനം ഒഴിവാക്കി വിതരണം നടത്തിയ ഏപ്രിൽ മാസത്തിൽ റേഷൻ സാധനങ്ങൾ വാങ്ങിയവർ ബയോമെട്രിക് സംവിധാനം നിർബന്ധമാക്കിയ മേയ് മാസത്തിൽ റേഷൻ വാങ്ങാതിരുന്നത് ക്രമക്കേട് നടന്നതിന്റെ സൂചനയാണെന്നുമുള്ള പത്രവാർത്തയെ ഉദ്ധരിച്ച് വിതരണം സംബന്ധിച്ച ചില കണക്കുകൾ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു. കോവിഡ്-19 പകർച്ചവ്യാധിക്കെതിരെയുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി ചില സംസ്ഥാനങ്ങൾ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേനയുള്ള വിതരണം നിർത്തിയതായും ചില സംസ്ഥാനങ്ങൾ ആതന്റിക്കേഷൻ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ ഇ-പോസ് മുഖേന വിതരണം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടെന്നും എന്നാൽ ഇ-പോസ് മുഖേന ബയോമെട്രിക് ആയോ ഒ.ടി.പി. മുഖേനയോ ഉള്ള വിതരണമാണ് അഭികാമ്യമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ നിർദ്ദേശവും ലഭ്യമായിരുന്നു.

(ഇ) കോവിഡ് കാലത്ത് കേന്ദ്രസർക്കാർ സൗജന്യമായി വിതരണം ചെയ്ത റേഷൻ സാധനങ്ങളെക്കുറിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് പരിശോധനകൾ നടത്തിയിരുന്നോ; ഈ സാധനങ്ങൾ ആര് മുഖാന്തരമാണ് ലഭ്യമാക്കിയത്; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അരിയും ഗോതമ്പും എഫ്.സി.ഐ.-യിൽനിന്നും പയറു വർഗ്ഗങ്ങൾ നാഫെഡ്-ൽ നിന്നുമാണ് സംസ്ഥാനത്തിന് ലഭ്യമായത്. പ്രസ്തുത സ്റ്റോക്ക് വിട്ടെടുത്ത് റേഷൻ കടകളിലെത്തിച്ചത് സപ്ലൈകോയാണ്. എഫ്.സി.ഐ.-യിലെയും സപ്ലൈകോയിലെയും ഗുണനിലവാര പരിശോധകരാണ് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിച്ചുവരുന്നത്. ടി സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കാൻ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുണ്ട്. ഗുണനിലവാരം പരിശോധിച്ച് ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പുവരുത്തിയിട്ടുള്ള ഭക്ഷ്യധാന്യങ്ങളാണ് വിതരണത്തിന് ലഭ്യമാക്കുന്നത്. ഒരു കാരണവശാലും ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യരുതെന്ന് കർശന നിർദ്ദേശം നല്കിയിട്ടുമുണ്ട്.

## റേഷൻ ആനുകൂല്യം ലഭിക്കുന്നതിന് നടപടി

333 (360) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ കാർഡ് കൈയിലുണ്ടായിരുന്നിട്ടും റേഷൻ കടയിൽ ചെല്ലുമ്പോൾ ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം മുൻഗണനാ കാർഡ് ഉണ്ടായിട്ടും റേഷൻ കടയിലെ വിവരങ്ങൾ പ്രകാരം ആനുകൂല്യം നിഷേധിക്കപ്പെടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

&

(സി) ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) ഒരു കുടുംബത്തിന് മുൻഗണനാ റേഷൻകാർഡ് അനുവദിക്കുമ്പോൾ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ അത് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറുന്നുണ്ടെങ്കിലും AePDS-ലെ കീ രജിസ്റ്റർ പ്രകാരമാണ് റേഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. മാസത്തിൽ ഒരു തവണ മാത്രമാണ് കീ രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നത് എന്നതിനാൽ മുൻഗണനാ കാർഡ് അനുവദിച്ചാലും തൊട്ടടുത്ത മാസം മുതൽ മാത്രമേ അതുപ്രകാരമുള്ള റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ.

## സൗജന്യ ഭക്ഷ്യകിറ്റ്

334 (361) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലത്ത് സംസ്ഥാന സർക്കാർ ആരംഭിച്ച സൗജന്യ ഭക്ഷ്യകിറ്റ് ആദ്യതവണ മുതൽ നാളിതുവരെ എത്ര തവണയായി എത്ര പേർക്ക് വിതരണം ചെയ്തു; ഓരോ തവണയും കിറ്റിൽ ഏതെല്ലാം ഇനങ്ങൾ എത്ര അളവിലാണ് നൽകിയത്; ഇതുവരെ ഓരോ മാസവും കിറ്റ് വിതരണം ചെയ്യപ്പെട്ട മഞ്ഞ, പിങ്ക്, നീല, വെള്ള റേഷൻ കാർഡ് ഉടമകളുടെ കാർഡ് അടിസ്ഥാനത്തിലും മാസം അടിസ്ഥാനത്തിലുമുള്ള കണക്കും വിശദാംശങ്ങളും ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ നേരിടുന്ന സംസ്ഥാനത്തെ ജനങ്ങൾക്കായി ലോക്ഡൗൺ കാലം മുതൽ നാളിതുവരെ വിതരണം ചെയ്തിട്ടുള്ള ഓരോ കിറ്റിലെയും ഇനങ്ങൾ, കിറ്റ് കൈപ്പറ്റിയ റേഷൻ കാർഡുടമകളുടെ വിഭാഗം തിരിച്ചുള്ള എണ്ണം എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

(ബി) കിറ്റിൽ വിതരണം ചെയ്യുന്നതിനുള്ള സാധനങ്ങൾ ആരിൽ നിന്നാണ് വാങ്ങിയത്; ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയത്; മാനദണ്ഡങ്ങൾ എന്തായിരുന്നു; കിറ്റിലെ സാധനങ്ങളുടെ ഗുണനിലവാര പരിശോധന ഉറപ്പാക്കാനും പൊതു വിപണിയിലെ സാധനങ്ങളുമായുള്ള വില താരതമ്യം ചെയ്യാനും സംവിധാനം ഏർപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലോക്ഡൗൺ കാലത്ത് ആരംഭിച്ച സൗജന്യ ഭക്ഷ്യ കിറ്റിന്റെ സംഭരണത്തിന് സംസ്ഥാന സർക്കാർ സപ്ലൈകോയെ ആണ് ചുമതലപ്പെടുത്തിയത്. കിറ്റിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ പരമാവധി കുറഞ്ഞ വിലയ്ക്ക് വിവിധ വിതരണക്കാരിൽ നിന്നും ഇ-ടെൻഡർ, ഇ- ഓക്ഷൻ, നാഫെഡ്, കേരള ഗവണ്മെന്റ് സൈറ്റ് ആയ www.etenders.kerala.gov.in എന്നിവ മുഖേനയാണ് സപ്ലൈകോ വാങ്ങുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയത് സംഭരിച്ചശേഷം കിറ്റുകളിലാക്കി റേഷൻ കടകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഇ-ടെൻഡർ, ഇ-ഓക്ഷൻ മുഖേന സാധനങ്ങൾ വാങ്ങുമ്പോൾ വിതരണക്കാർ രേഖപ്പെടുത്തിയ വില പൊതുവിപണിയിലെ വിലയുമായി താരതമ്യ പ്പെടുത്തിയതിനുശേഷം ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ വിതരണക്കാർക്ക് പർച്ചേസ് ഓർഡർ നൽകുകയാണ് ചെയ്യുന്നത്. ഓരോ ഇനത്തിനും അതത് ഇനങ്ങൾക്ക് അനുസൃതമായി ഗുണനിലവാരം ഉറപ്പു വരുത്തുന്നതുൾപ്പെടെയുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. പഞ്ചസാര, പയറുവർഗ്ഗങ്ങൾ എന്നിവയ്ക്ക് സപ്ലൈകോ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ ഉറപ്പാക്കിയും ഭക്ഷ്യ വസ്തുക്കൾക്ക് FSSAI License, ISO 22000 മുതലായവ ഉറപ്പാക്കിയുമാണ് കിറ്റിൽ ഉൾപ്പെട്ട സാധനങ്ങൾ വാങ്ങിയത്. വിതരണക്കാർ വിതരണം ചെയ്യുന്ന സാധനങ്ങൾ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന് കാണുന്നപക്ഷം ടെൻഡർ വ്യവസ്ഥ പ്രകാരം ആയത് നിരസിച്ച് പകരം ഗുണനിലവാരമുള്ള സാധനങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയാണ് ചെയ്യുന്നത്. ലോക്ഡൗൺ കാലത്തെ കിറ്റിൽ വിതരണം ചെയ്യുന്നതിനുള്ള കറിപൗഡറുകൾ, ആട്ട, റവ, നുറുക്ക്ഗോതമ്പ്, വെളിച്ചെണ്ണ, സൺഫ്ലവർ ഓയിൽ, സോപ്പ് എന്നിവ FMCG സെക്ഷൻവഴി, സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽനിന്നും അതിനുപുറമെ അന്യസംസ്ഥാന കമ്പനികളിൽനിന്നും നേരിട്ടും വാങ്ങി നൽകിയിട്ടുണ്ട്. ഓരോ കമ്പനികളും അവരുടെ ബ്രാൻഡിൽ വിതരണം ചെയ്യുന്ന ഇനങ്ങളാണ് വില നെഗോഷിയേറ്റ് ചെയ്ത് അടിയന്തര സാഹചര്യത്തിൽ വാങ്ങിയിട്ടുള്ളത്.

(സി) കിറ്റ് നൽകാൻ ഓരോ തവണയും ആകെ എത്ര രൂപയാണ് ചെലവഴിച്ചത്; ഒരു കിറ്റിന് എത്ര രൂപ ചെലവാക്കി; കണക്കുകൾ ലഭ്യമാക്കാമോ?

ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ 1,649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2,845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. ഓരോ കിറ്റും തയ്യാറാക്കുന്നതിന് ചെലവായ തുകയുടെ വിശദാംശങ്ങൾ സപ്ലൈകോ തലത്തിൽ കണക്കാക്കിവരുന്നു.

(ഡി) പല സ്ഥലങ്ങളിലും വിതരണം ചെയ്ത സാധനങ്ങളുടെ അളവിനെയും ഗുണമേന്മയെയും കുറിച്ച് ആക്ഷേപം ഉയർന്നപ്പോൾ അന്വേഷണം നടത്തിയിരുന്നോ; ആരാണ് അന്വേഷണം നടത്തിയത്; ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭിച്ചോ; എങ്കിൽ അതു ലഭ്യമാക്കാമോ?

ഓണക്കിറ്റിലൂടെ വിതരണം ചെയ്ത സാധനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് പരാതികളുണ്ടായ സാഹചര്യത്തിൽ ഗുണനിലവാര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരെ നിയമിക്കുകയും ഗുണനിലവാരം കർശനമായി പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. CFRD, കോന്നിക്ക് പരിശോധനകൾ വേഗത്തിലാക്കാനായി അവധി ദിവസങ്ങളിൽ പ്രവർത്തിക്കാനും പരിശോധനാ ഫലങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുമുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. ഓണക്കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റിൽ വിതരണം ചെയ്ത സാധനങ്ങളുടെ അളവിനെയും ഗുണമേന്മയെയും കുറിച്ച് സപ്ലൈകോ വിജിലൻസ് വിഭാഗവും സപ്ലൈകോ Quality Assurance വിഭാഗവും ചേർന്ന് അന്വേഷണം നടത്തിയിരുന്നു.

(ഇ) റേഷൻ കാർഡ് ഇല്ലാത്ത ആർക്കെല്ലാം കിറ്റ് വിതരണം ചെയ്തു; ഇതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു?

റേഷൻ കാർഡുടമകൾക്കുപുറമെ, അനാഥാലയങ്ങൾ, ആശ്രമങ്ങൾ, കന്യാസ്ത്രീമഠങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*. ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സപ്ലൈകോ തലത്തിൽ കണക്കാക്കി വരുന്നു.

## ഭക്ഷ്യകിറ്റ് വിതരണം

335 (362) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മാസങ്ങളിലാണ് ഭക്ഷ്യകിറ്റ് വിതരണം ചെയ്തത്; ഇതിനായി ഇതുവരെ എത്ര കോടി രൂപ ചെലവുവന്നുവെന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത ആവശ്യത്തിലേയ്ക്കായി സർക്കാർ സിവിൽ സപ്ലൈസ് വകുപ്പിലേയ്ക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ 1,649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2,845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യകിറ്റിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ പർച്ചേസ് ചെയ്തതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ; ഏതെല്ലാം വിതരണക്കാരിൽനിന്നാണ് സാധനങ്ങൾ വാങ്ങിയത് എന്നതിന്റെ വിശദവിവരം തുക സഹിതം വ്യക്തമാക്കുമോ?

ലോക്ക്ഡൗൺ കാലത്ത് ആരംഭിച്ച സൗജന്യ ഭക്ഷ്യക്കിറ്റിന്റെ സംഭരണത്തിന് സപ്ലൈകോയെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. കിറ്റിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ പരമാവധി കുറഞ്ഞ വിലയ്ക്ക് വിവിധ വിതരണക്കാരിൽനിന്നും ഇ-ടെൻഡർ, ഇ-ഓക്ഷൻ, നാഫെഡ്, കേരള ഗവണ്മെന്റ് വെബ്സൈറ്റ് ആയ www.etenders.kerala.gov.in എന്നിവ മുഖേനയാണ് സപ്ലൈകോ വാങ്ങുന്നത്. ഇതിനുപുറമെ FMCG വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിതരണക്കാരിൽനിന്നും ശബരി ബ്രാൻഡിൽ വിതരണം ചെയ്യുന്ന ഇനങ്ങൾ വിതരണം ചെയ്യുന്ന കമ്പനികളിൽനിന്നും, അടിയന്തരഘട്ടത്തിൽ ഡിപ്പോ തലത്തിൽ വിവിധ വിതരണക്കാരിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയത് സംഭരിച്ചശേഷം കിറ്റുകളിലാക്കി റേഷൻ കടകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. അവശ്യസാധനങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതിന് സപ്ലൈകോയ്ക്ക് ഇളവ് അനുവദിച്ചിരുന്നു. ഇ-ടെൻഡർ, ഇ-ഓക്ഷൻ മുഖേന സാധനങ്ങൾ വാങ്ങുമ്പോൾ വിതരണക്കാർ രേഖപ്പെടുത്തിയ വില പൊതുവിപണിയിലെ വിലയുമായി താരതമ്യപ്പെടുത്തിയതിനുശേഷം ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ വിതരണക്കാർക്ക് പർച്ചേസ് ഓർഡർ നൽകുകയാണ് ചെയ്യുന്നത്.

(സി) ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷൻ തുക കുടിശ്ശികയായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയായ കമ്മീഷൻ തുകയുടെ കണക്ക് എത്രയാണെന്ന് വിശദമാക്കുമോ; കമ്മീഷൻ തുക അടിയന്തരമായി റേഷൻ വ്യാപാരികൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് കാലയളവിൽ ഏപ്രിൽ, മേയ് മാസങ്ങളിൽ അതിജീവനക്കിറ്റുകൾ റേഷൻകടവഴി വിതരണം ചെയ്ത വകയിൽ 84,48,016 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 7 രൂപ നിരക്കിൽ ആകെ 5,91,36,112 രൂപ (അഞ്ചുകോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി മുപ്പത്തിയാറായിരത്തി ഒരുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) ആഗസ്റ്റ് മാസത്തിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിച്ചുനല്കിയിരുന്നു. വിതരണം പൂർത്തിയായ ഓണക്കിറ്റുകൾ, സെപ്റ്റംബർ, ഒക്ടോബർ മാസക്കിറ്റുകൾ എന്നിവയ്ക്ക് കമ്മീഷൻ നിശ്ചയിക്കുന്നത് പരിഗണനയിലാണ്.

## അവശ്യസാധനങ്ങളുടെ വില

336 (363) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ല എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

സപ്ലൈകോ വില്പന ശാലകളിലൂടെ ആവശ്യമായ അളവിൽ ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കിയും സബ്സിഡി സാധനങ്ങളുടെ വിലയിൽ വർദ്ധനവ് വരുത്താതെയുമാണ് വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നത്. വിപണി ഇടപെടൽ പ്രവർത്തനത്തിന്റെ ഭാഗമായി വിലയിൽ മാറ്റമില്ലാതെ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി താരതമ്യേന കൂടുതൽ തുകയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ളത്. സബ്സിഡിയിനത്തിൽ സപ്ലൈകോയ്ക്കുണ്ടാകുന്ന ബാധ്യത ലഘൂകരിക്കുന്നതിന് സർക്കാർ ഇതുവരെ 3420.79 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ വില സ്ഥിരതാ ഫണ്ട് ഉപയോഗപ്പെടുത്തി നാഫെഡ്, കേന്ദ്രീയ ഭണ്ടാർ മുതലായ കേന്ദ്ര ഏജൻസികളിൽനിന്നും കുറഞ്ഞ വിലയിൽ കൂടുതൽ ഭക്ഷ്യ വസ്തുക്കൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള മാവേലി സ്റ്റോറിലെ അവശ്യസാധനങ്ങളുടെ വില നിലവാരപ്പട്ടിക ലഭ്യമാക്കാമോ; ഇപ്പോൾ ഈ അവശ്യസാധനങ്ങളുടെ വിലയിൽ വലിയ മാറ്റം വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോഴത്തെ വിലനിലവാരപ്പട്ടിക ലഭ്യമാക്കാമോ?

സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്തിരുന്ന അവശ്യസാധനങ്ങളുടെ വില

337 (364) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ്വഴി വിതരണം ചെയ്തിരുന്ന അവശ്യസാധനങ്ങളുടെ വില പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് ഇപ്പോഴത്തെ വിലയെന്താണ്?

സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) വിലവർദ്ധനവ് വരാതിരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

വിപണി ഇടപെടൽ പ്രവർത്തനത്തിന്റെ ഭാഗമായി വിലയിൽ മാറ്റമില്ലാതെ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി താരതമ്യേന കൂടുതൽ തുകയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ളത്. സബ്സിഡിയിനത്തിൽ സപ്ലൈകോയ്ക്കുണ്ടാകുന്ന ബാധ്യത ലഘൂകരിക്കുന്നതിന് സർക്കാർ ഇതുവരെ 3,420.79 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ വില സ്ഥിരതാഫണ്ട് ഉപയോഗപ്പെടുത്തി നാഫെഡ്, കേന്ദ്രീയ ഭണ്ടാർ മുതലായ കേന്ദ്ര ഏജൻസികളിൽനിന്നും കുറഞ്ഞ വിലയിൽ കൂടുതൽ ഭക്ഷ്യ വസ്തുക്കൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചു. ഭക്ഷ്യ കിറ്റുകളുടെ വിതരണം ഫലപ്രദമായി നടത്തിയതിനാൽ അരി, പലവ്യഞ്ജന സാധനങ്ങളുടെ വിലയിൽ കുറവുണ്ടായി. വില നിയന്ത്രിക്കാൻ ഗവൺമെന്റ് സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ് എന്നിവയിൽകൂടി NAFED-ൽനിന്നും 1800 മെട്രിക് ടൺ ഉള്ളി ഇറക്കാൻ ഓർഡർ നല്കി. സവാളയുടെ ദൗർലഭ്യംമൂലം 100 മെട്രിക് ടൺ സപ്ലൈകോ മുഖേനയും 241 മെട്രിക് ടൺ ഹോർട്ടികോർപ്പ് മുഖേനയും 131.93 മെട്രിക് ടൺ കൺസ്യൂമർഫെഡ് മുഖേനയും 45 രൂപയ്ക്ക് വിതരണം ചെയ്തു. കൂടാതെ സപ്ലൈകോ മുഖേന 28430 മെട്രിക് ടൺ ചെറുപയറും 19175 മെട്രിക് ടൺ കടലയും 8450 മെട്രിക് ടൺ ഉഴുന്നും, 8375 മെട്രിക് ടൺ തുവര പരിപ്പും സംഭരിച്ച് വിതരണം ചെയ്തു.

**ഭക്ഷ്യവകുപ്പ് നടത്തിയ ഇടപെടലുകൾ**

338 (365) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുമ്പോഴും സർക്കാർ കാര്യമായ ഇടപെടൽ നടത്താത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കോവിഡ് പ്രതിസന്ധിമൂലവും ലോക്ക്ഡൗൺമൂലമുള്ള തൊഴിൽ നഷ്ടവും കാരണം കഷ്ടതയിലായ ജനങ്ങളെ സഹായിക്കുന്നതിനായി ഭക്ഷ്യവകുപ്പ് എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് അറിയിക്കാമോ?

ലോക്ക്ഡൗണും തൊഴിൽ നഷ്ടവുംമൂലം കഷ്ടത്തിലായവരെ സഹായിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. PHH/AYY കാർഡുകൾക്ക് സൗജന്യ റേഷൻ (ഏപ്രിൽ)
2. NPS/NPNS കാർഡുടമകൾക്ക് 15 കിലോ അരി സൗജന്യമായി നല്കി. (ഏപ്രിൽ)
3. റേഷൻ കാർഡില്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിൽ ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)
4. അനാഥാലയങ്ങളിലും ധർമ്മസ്ഥാപനങ്ങളിലും താമസിക്കുന്നവർക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)
5. തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)

ലോക്ക്ഡൗണും തൊഴിൽ നഷ്ടവുംമൂലം കഷ്ടത്തിലായവരെ സഹായിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. PHH/AYY കാർഡുകൾക്ക് സൗജന്യ റേഷൻ (ഏപ്രിൽ)
2. NPS/NPNS കാർഡുടമകൾക്ക് 15 കിലോ അരി സൗജന്യമായി നല്കി. (ഏപ്രിൽ)
3. റേഷൻ കാർഡില്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിൽ ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)
4. അനാഥാലയങ്ങളിലും ധർമ്മ സ്ഥാപനങ്ങളിലും താമസിക്കുന്നവർക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)
5. തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)
6. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം 2 മാസം നല്കി.
7. ഇവ കൂടാതെ PMGKAY പ്രകാരം BPL കുടുംബ ങ്ങളിൽ ഒരാൾക്ക് 4 കിലോ അരിയും ഒരുകിലോ പയറുവർഗ്ഗവും നവംബർ മാസം വരെ നല്കി.

8. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബാം ഗങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. റേഷൻ കാർഡുടമകൾക്ക് പുറമെ, സംസ്ഥാനത്തെ എല്ലാ അഗതിമന്ദിരങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ആശ്രമങ്ങൾ, കോൺവെന്റുകൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും കോവിഡ് അതിജീവനക്കിറ്റുകൾ നൽകുന്നുണ്ട്. ഇതിനുപുറമെ, ലോക്ക്ഡൗൺ കാലയളവിൽ, സംസ്ഥാനത്ത് തുറന്ന സമൂഹ അടുക്കളകൾക്കായി 70 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും സമ്പർക്ക വിലക്കിലുള്ളവർ ക്കായി കാൽ ലക്ഷത്തോളം ഭക്ഷ്യക്കിറ്റുകളും സപ്ലൈകോ മുഖേന വിതരണം ചെയ്തു. ഭക്ഷ്യഭദ്രതാ അലവൻസായി എം.ഡി.എം.എസ്. പദ്ധതിയിൽപ്പെട്ട 26 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കായി (രണ്ട് തവണ) ഭക്ഷ്യകിറ്റുകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു.

(സി) കമ്പോള ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 2020-21-ൽ സർക്കാർ എന്ത് സഹായമാണ് നൽകിയതെന്നും അതിൽ എത്ര തുക ഇതിനകം വിനിയോഗിച്ചുവെന്നും വെളിപ്പെടുത്താമോ?

2020-21 സാമ്പത്തിക വർഷം, വിപണി ഇടപെടൽ ശീർഷകത്തിൽ നിന്നും സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ച 1989.79 കോടി രൂപ പൂർണ്ണമായും വിനിയോ ഗിച്ചിട്ടുണ്ട്.

## മാവേലി സ്റ്റോറുകൾ

339 (366) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ചുവരുന്നതെന്നുള്ള പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ 8 മാവേലിസ്റ്റോറുകളും 2 സൂപ്പർമാർക്കറ്റുകളും പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മാവേലി സറ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പാറശ്ശാല നിയോജക മണ്ഡല ത്തിൽ പുതുതായി ഏതെങ്കിലും മാവേലി സ്റ്റോർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ 13 പഞ്ചായത്തുകളിൽ മാത്രമാണ് മാവേലിസ്റ്റോറുകൾ/ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ ഇല്ലാത്തത്. അതിൽ 6 പഞ്ചായത്തുകളിൽകൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയതുപ്രകാരം 3 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യങ്കോട് പഞ്ചായത്തിലെ കീഴാറൂർ, മൈലച്ചൽ, ഇടലി എന്നീ സ്ഥലങ്ങളിൽ, നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ ടി വിഷയം പരിഗണിക്കുന്നതാണ്.

(സി) പാറശ്ശാല മണ്ഡലത്തിൽ വെള്ളറട കേന്ദ്രീകരിച്ച് ഒരു മാവേലി സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പാറശ്ശാല മണ്ഡലത്തിലെ വെള്ളറടയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന മാവേലിസ്റ്റോർ അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

## അതിരപ്പിള്ളി മാവേലി സ്റ്റോർ

340 (367) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി മാവേലി സ്റ്റോറിനെ സൂപ്പർ മാവേലി സ്റ്റോറായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോവഴി വിതരണം ചെയ്യുന്ന പലവ്യഞ്ജന സാധനങ്ങൾക്ക് ഉപഭോക്താക്കളോട് കിറ്റ് കൊണ്ടുവരുന്നതിനായി നിർദ്ദേശിച്ചിരിക്കുന്നതുമൂലം ഉപഭോക്താക്കൾ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പലവ്യഞ്ജനങ്ങൾ വാങ്ങാൻ കിറ്റ് കൊണ്ടുവരാൻ നിർദ്ദേശം നൽകിയിട്ടില്ല.

(സി) പ്ലാസ്റ്റിക് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ പായ്ക്കിംഗിനാവശ്യമായ നൂതന സംവിധാനങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പ്ലാസ്റ്റിക് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ പായ്ക്കിംഗിന് ആവശ്യമായ നൂതന സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു.

## പട്ടാമ്പി മണ്ഡലത്തിൽ കോവിഡ് കാലത്ത് വിതരണം ചെയ്ത ഭക്ഷ്യകിറ്റുകൾ

341 (368) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ഭക്ഷ്യവകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിയോടനുബന്ധിച്ച് ബുദ്ധിമുട്ടുകൾ നേരിടുന്ന സംസ്ഥാന ജനതയ്ക്കുള്ള കരുതൽ നടപടിയെന്ന നിലയിൽ സപ്ലൈകോ മുഖേന തയ്യാറാക്കി 2020 ഏപ്രിൽ മാസം മുതൽ വിതരണം ചെയ്തുവരുന്ന വിവിധ കോവിഡ് സമാശ്വാസ കിറ്റുകൾ പട്ടാമ്പി മണ്ഡലത്തിലെ കാർഡുടമകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ കടകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഭക്ഷ്യക്കിറ്റുകളുടെ വിതരണം പരാതിരഹിതമായി ചെയ്തിട്ടുണ്ട്. 541 അതിഥി തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസി കൾക്ക് 71 ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. റേഷൻ കടകളിൽ 2020 ഏപ്രിൽ മുതൽ ഡിസംബർ വരെ ആകെ 615665 കാർഡുകൾക്ക് ഭക്ഷ്യക്കിറ്റുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ സമയത്ത് റേഷൻ കാർഡുടമകൾക്ക് അർഹമായ ഭക്ഷ്യധാന്യങ്ങൾ/ഭക്ഷ്യക്കിറ്റുകൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി റേഷൻ കടകളിൽ എല്ലാ മാസങ്ങളിലും കൃത്യമായ പരിശോധന നടത്തിവരികയും ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻകടകൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് കോവിഡ് കാലത്ത് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിയോടനുബന്ധിച്ച് ബുദ്ധിമുട്ടുകൾ നേരിടുന്ന സംസ്ഥാന ജനതയ്ക്കുള്ള കരുതൽ നടപടിയെന്ന നിലയിൽ സപ്ലൈകോ മുഖേന തയ്യാറാക്കി 2020 ഏപ്രിൽ മാസം മുതൽ വിതരണം ചെയ്തുവരുന്ന വിവിധ കോവിഡ് സമാശ്വാസ കിറ്റുകൾ പട്ടാമ്പി മണ്ഡലത്തിലെ കാർഡുടമകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ കടകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഭക്ഷ്യക്കിറ്റുകളുടെ വിതരണം പരാതിരഹിതമായി ചെയ്തിട്ടുണ്ട്. 541 അതിഥി തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 71 ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. റേഷൻ കടകളിൽ 2020 ഏപ്രിൽ മുതൽ ഡിസംബർ വരെ ആകെ 615665 കാർഡുകൾക്ക് ഭക്ഷ്യക്കിറ്റുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ സമയത്ത് റേഷൻ കാർഡുടമകൾക്ക് അർഹമായ

ഭക്ഷ്യധാന്യങ്ങൾ/ഭക്ഷ്യക്കിറ്റുകൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി റേഷൻ കടകളിൽ എല്ലാ മാസങ്ങളിലും കൃത്യമായ പരിശോധന നടത്തിവരികയും ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻകടകൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**മുക്കം സപ്ലൈകോ സൂപ്പർ മാർക്കറ്റ്**

342 (369) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം കേന്ദ്രമായി പ്രവർത്തിക്കുന്ന സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ഹൈപ്പർ മാർക്കറ്റ് ആക്കുന്നതിനും ഹോം ഡെലിവറി സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

നിലവിലെ നിബന്ധനകൾ പ്രകാരം സ്വന്തം കെട്ടിടത്തിൽ മാത്രമാണ് സപ്ലൈകോ ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നത്. എന്നാൽ മുക്കം സൂപ്പർ മാർക്കറ്റ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ ഹൈപ്പർ മാർക്കറ്റ് ആക്കുന്നതിന് നിർവ്വാഹമില്ല. പ്രസ്തുത വിൽപ്പനശാലയിൽ ഹോം ഡെലിവറി സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

**കായംകുളം മണ്ഡലം**

343 (370) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുവഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാം ശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇവയാണ്.

1. കായംകുളം സപ്ലൈകോ സൂപ്പർ മാർക്കറ്റ് നവീകരിച്ച് വിശാലവും സൗകര്യപ്രദവുമായ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി 2018 ജനുവരി 1 മുതൽ പ്രവർത്തനമാരംഭിച്ചു.
2. കൃഷ്ണപുരം മാവേലി സ്റ്റോർ നവീകരിച്ച് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി മാവേലി സൂപ്പർ സ്റ്റോറായി ഉയർത്തി 2020 ജൂലൈ 3 മുതൽ പ്രവർത്തനമാരംഭിച്ചു.

3. ഐക്യ ജംഗ്ഷൻ മാവേലി സ്റ്റോർ മാവേലി സൂപ്പർ സ്റ്റോറാക്കി നവീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

4. കോവിഡ് വ്യാപനംമൂലം ജോലി നഷ്ടപ്പെട്ട് കായംകുളത്ത് കുടുങ്ങി പ്പോയ 60 ജംബോ സർക്കസ് കലാകാരന്മാർക്ക് 4 മാസം 3,95,908 രൂപയുടെ ഭക്ഷ്യധാന്യങ്ങൾ നൽകി.

5. കായംകുളത്ത് കുടുങ്ങിപ്പോയ 423 അതിഥി തൊഴിലാളികൾക്ക് കോവിഡ് അതിജീവന കിറ്റ് നൽകി. കൂടാതെ കേരളത്തിൽ മൊത്തമായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ കായംകുളം നിയോജകമണ്ഡലത്തിലും നടപ്പാക്കിയിട്ടുണ്ട്.

1. ആധാർ അടിസ്ഥാനമാക്കിയുള്ള റേഷൻ വിതരണം ആരംഭിച്ചു.

2. റേഷൻ കടകൾ നവീകരിച്ചു.

3. കോവിഡ് കാലയളവിൽ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

## ഭിന്നശേഷിക്കാർക്ക് ബി.പി.എൽ. പരിഗണന

344 (371) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബത്തിൽ ഒന്നിൽക്കൂടുതൽ ഭിന്നശേഷിക്കാർ ഉണ്ടെങ്കിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവരെ ബി.പി.എൽ. ആയി പരിഗണിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

(എ&ബി) സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഏറ്റവും അർഹരായ റേഷൻ മുൻഗണനാവിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗം/അംഗങ്ങൾ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്തിവരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച് യോഗ്യരായവരെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് പദ്ധതികൾ

345(372) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടാമ്പി മണ്ഡലത്തിൽ ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി താലൂക്കിലെ എല്ലാ റേഷൻകടകളും നവീകരിച്ചു. കൂടാതെ പട്ടാമ്പി നിയോജകമണ്ഡലത്തിലെ തിരുമിറ്റക്കോട് പഞ്ചായത്തിൽ തിരുമിറ്റക്കോട് പുതിയ മാവേലി സ്റ്റോർ, കറുകപുത്തൂർ പുതിയ സൂപ്പർ സ്റ്റോർ എന്നിവ ആരംഭിക്കുകയും കൊപ്പം മാവേലി സ്റ്റോർ, പട്ടാമ്പി മാവേലി സ്റ്റോർ എന്നിവ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ ഭക്ഷ്യവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

പുതുതായി രൂപീകരിക്കപ്പെട്ട പട്ടാമ്പി താലൂക്കിലേയ്ക്ക് സപ്ലൈകോ താലൂക്ക് ഡിപ്പോക്കാവശ്യമായ സ്ഥലം കണ്ടെത്തി ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ ഭക്ഷ്യവസ്തുക്കൾ ശാസ്ത്രീയവും കേന്ദ്രീകൃതവുമായി സൂക്ഷിക്കുന്നതിന് പര്യാപ്തമായ സ്ഥലം കണ്ടെത്തി ഗോഡൗൺ പണിയുന്നതിനുള്ള വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

## സൗജന്യ ഭക്ഷ്യക്കിറ്റുകൾ

346(373) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സൗജന്യമായി ഭക്ഷ്യക്കിറ്റുകൾ വിതരണംചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ; വിശദാംശം നൽകുമോ?

ആവിഷ്കരിച്ചിരുന്നു. സംസ്ഥാനത്ത് ഏകദേശം 89 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർമാസ കിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർമാസ കിറ്റുകൾ 83.68 ലക്ഷം കുടുംബങ്ങൾക്കും വിതരണം പൂർത്തിയായിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിലെ കിറ്റ് വിതരണം 9-1-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യുമെന്ന്

പ്രതീക്ഷിക്കുന്നു. കൂടാതെ 99736 ഫിഷർമാൻ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സർക്കാർ അംഗീകൃതവും അല്ലാത്തതുമായ വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 4 അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഭക്ഷ്യക്കിറ്റുകളിൽ വിതരണം ചെയ്ത സാധനങ്ങളുടെ ഗുണ നിലവാരം സംബന്ധിച്ച് ഉണ്ടായ വ്യാപകമായ പരാതി പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ശർക്കര, പർപ്പടകം എന്നിവയുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്ന പരാതി പരിശോധിക്കുകയും സപ്ലൈകോ ഗുണനിലവാര നിയന്ത്രണ വിഭാഗം നടത്തിയ പരിശോധനയിൽ ടി സാധനങ്ങളിൽ ഗുണനിലവാര വ്യതിയാനം കണ്ടെത്തിയ തിനെത്തുടർന്ന് പ്രസ്തുത ബാച്ചുകൾ വിതരണത്തിൽനിന്ന് പിൻവലിക്കുകയും ഗുണനിലവാര പ്രശ്നമുള്ള ശർക്കര ഒഴിവാക്കി പകരം 1.5 കിലോഗ്രാം പഞ്ചസാര ഉപയോഗിച്ച് കിറ്റ് വിതരണം പൂർത്തിയാക്കുയും ചെയ്തു. കൂടാതെ സി.എഫ്.ആർ.ഡി, കോന്നി, മറ്റ് സ്വകാര്യ ലാബുകൾ എന്നിവയുടെ സേവനംകൂടി ഉൾപ്പെടുത്തുകയും കൂടുതൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരെ നിയമിക്കുകയും ഗുണനിലവാരം നിയന്ത്രണ സംവിധാനം ശക്തപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശർക്കര, പർപ്പടകം എന്നിവയുടെ ഗുണനിലവാരം വളരെ മോശമായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അവ വിതരണം ചെയ്ത കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ?

ഗുണനിലവാര വ്യതിയാനമുള്ള ശർക്കര വിതരണംചെയ്ത കമ്പനികളുടെ പ്രസ്തുത സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും ഒരു വർഷത്തേയ്ക്ക് ഇവരിൽനിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പർപ്പടകം വിതരണം ചെയ്ത കമ്പനികളുടെ ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും മൂന്ന് മാസത്തേയ്ക്ക് ഇവരിൽനിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങു ന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ കമ്പനികളിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) കിറ്റ് നൽകുന്നതിനായി തമിഴ്നാട്ടിൽനിന്നും കുറഞ്ഞ വിലയ്ക്കുള്ള സഞ്ചി വാങ്ങി കൂടിയ വിലയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കുമോ ?

തമിഴ്നാട്ടിൽനിന്നും കുറഞ്ഞ വിലയ്ക്കുള്ള സഞ്ചി വാങ്ങി കൂടിയ വിലയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിയെന്ന ആക്ഷേപത്തിന്മേൽ സപ്ലൈകോയുടെ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് കുടുംബശ്രീ ഡയറക്ടറെ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യൂണിറ്റുകൾക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളുന്നതിനായി പാലക്കാട് ജില്ലാ മിഷനോട് നിർദ്ദേശിച്ചിട്ടുള്ളതായും മറ്റ് ജില്ലകളിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കുടുംബശ്രീയിൽനിന്നും അറിയിച്ചിട്ടുണ്ട്.

(ഇ) സൗജന്യ ഭക്ഷ്യക്കിറ്റുകൾ 2021 ഏപ്രിൽ വരെ തുടർന്ന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; കിറ്റ് വിതരണത്തിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

തീരുമാനിച്ചിട്ടുണ്ട്. ലോക്ക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്യതിനും ലോക്ക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ 1,649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2,845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്.

### പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങുന്നതിന് നടപടി

347(374) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിൽ താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

പയ്യന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

### കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

348(375) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് കോതമംഗലം മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 അനുശാസിക്കുന്നരീതിയിലുള്ള ഭക്ഷ്യധാന്യവിതരണവും കോവിഡ്-19-ന്റെ കാലയളവിൽ വിവിധ ഭക്ഷ്യക്കിറ്റുകളുടെ വിതരണവും നടത്തിയിട്ടുണ്ട്. കൂടാതെ, കുട്ടമ്പുഴ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കല്ലേലിമേട് എന്ന പ്രദേശത്തെ വാരിയംകുട്ടി, തേര, ഉറിയംപെട്ടി എന്നീ ഊരുകളിൽ റേഷൻ വിതരണം നടത്തുന്നതിനായി സഞ്ചരിക്കുന്ന റേഷൻകട പദ്ധതി നടപ്പിലാക്കി. കോട്ടപ്പടി, നേര്യമംഗലം മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തി പ്രവർത്തനം ആരംഭിച്ചു. പോത്താനിക്കാട് മാവേലി സ്റ്റോർ മാവേലി സൂപ്പർ സ്റ്റോർ ആയി ഉയർത്തി പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. അടിവാട് സൂപ്പർ മാർക്കറ്റ്, പുതുപ്പാടി മാവേലി സ്റ്റോർ എന്നിവയുടെ നവീകരണ ജോലികൾ പൂർത്തിയായിട്ടുണ്ട്. ചെറുവട്ടൂർ പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിച്ചു. കോതമംഗലം സൂപ്പർ മാർക്കറ്റ് കെട്ടിടമാറ്റം നടത്തി പ്രവർത്തനം ആരംഭിച്ചു. കോതമംഗലം താലൂക്കിൽ റേഷൻ സാധനങ്ങളുടെ സംഭരണത്തിനും റേഷൻ കടകൾക്കുള്ള വാതിൽപ്പടി വിതരണത്തിനുംവേണ്ടി പുതിയ NFSA ഗോഡൗൺ കോട്ടപ്പടിയിൽ പ്രവർത്തനം ആരംഭിച്ചു.

(ബി) ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

&

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പ് പുതുതായി എന്തെങ്കിലും പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു. സൂപ്പർ മാർക്കറ്റായി ഉയർത്തിയ കോട്ടപ്പടി, നേര്യമംഗലത്തെ മാവേലിസ്റ്റോറുകൾ പ്രവർത്തനം തുടരുന്നു. പുതിയതായി ആരംഭിച്ച ചെറുവട്ടൂരും കെട്ടിടമാറ്റം നടത്തിയ കോതമംഗലത്തെയും സൂപ്പർ മാർക്കറ്റുകൾ പ്രവർത്തനം തുടരുന്നു. കുട്ടമ്പുഴ മാവേലി സ്റ്റോറിന്റെ കെട്ടിടമാറ്റം പരിഗണനയിലാണ്. കോതമംഗലം സൂപ്പർ മാർക്കറ്റ്, ഹോം അപ്ലയൻസ് ഉൾപ്പെടെ പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതി നൽകിയതുപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**പൊതുവിതരണ രംഗത്തെ സർക്കാർ ഇടപെടലുകൾ**

349(376) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ്, മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ/വകുപ്പ് തലത്തിൽ വിളിച്ചുചേർത്തിട്ടുണ്ട്. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളെയും സർക്കാർ ഏജൻസികളെയും ടെക്നിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ 15-5-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേരുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോ അവരുടെ വില്പന ശാലകളിലൂടെ വിപണി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ നൽകിവരുന്നു. അവശ്യ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടഞ്ഞ് ആയതിന്റെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ പൊതുവിപണി പരിശോധനകളും നടത്തിവരുന്നു. വിലവർദ്ധനവുമായി ബന്ധപ്പെട്ട് 284 പരാതികൾ ലഭിക്കുകയും ഗോഡൗൺ ഉൾപ്പെടെ 57881 വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 1.84 ലക്ഷം രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയുമായി ബന്ധപ്പെട്ട് 2895 പരാതികൾ ലഭിക്കുകയും ഗോഡൗണുകൾ ഉൾപ്പെടെ 57262 വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒരാളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ എത്ര മാവേലിസ്റ്റോറുകൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 47 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം 21 പുതിയ മാവേലി സൂപ്പർ സ്റ്റോറുകളും 15 പുതിയ സൂപ്പർ മാർക്കറ്റുകളും ഒരു പുതിയ ഹൈപ്പർ മാർക്കറ്റും ആരംഭിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളി മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അറിയിക്കുമോ?

പട്ടികവർഗ്ഗക്കാരായ ആദിവാസികൾ വസിക്കുന്ന ഗതാഗത സൗകര്യം കുറവുള്ളതും നിലവിലെ റേഷൻ കടകളിൽനിന്ന് അകന്ന് ഒറ്റപ്പെട്ടുള്ള ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിനുവേണ്ടി "സഞ്ചരിക്കുന്ന റേഷൻ കട" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ എട്ട് ജില്ലകളിൽ

പദ്ധതി പ്രകാരം ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിച്ചുവരുന്നുണ്ട്. കോവിഡ് കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ സൗജന്യമായി അവശ്യസാധനങ്ങൾ "ഫിഷർമാൻ കിറ്റുകൾ" എന്ന പേരിൽ വിതരണം ചെയ്തിരുന്നു. 99736 കിറ്റുകൾ ഇപ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

## വിഴിഞ്ഞം ക്രൂചെയ്ഞ്ച് ഹബ്ബ്

350(377) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ക്രൂചെയ്ഞ്ച് ഹബ്ബ് ആയുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

&

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉണ്ട്. വിഴിഞ്ഞം തുറമുഖം അന്താരാഷ്ട്ര കപ്പൽ ചാലിന് വളരെ അടുത്തായതു കൊണ്ട് ക്രൂ ചെയ്ഞ്ച് നടത്തുന്നതിന് വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ആരോഗ്യ വിഭാഗത്തിലേയും കസ്റ്റംസ്, ഇമിഗ്രേഷൻ വകുപ്പുകളിലേയും ഉദ്യോഗസ്ഥരെ ഇവിടെ നിയോഗിച്ചിട്ടുണ്ട്. ക്രൂ ചെയ്ഞ്ചിംഗിന് ആവശ്യമായ ടഗ്ഗുകൾ, താൽക്കാലിക വിശ്രമകേന്ദ്രം തുടങ്ങിയ സൗകര്യങ്ങൾ കേരള മാരിടൈം ബോർഡ് വിഴിഞ്ഞം തുറമുഖത്ത് ഒരുക്കിയിട്ടുണ്ട്.

(സി) 2020-ൽ വിഴിഞ്ഞത്ത് എത്ര കപ്പലുകളാണ് ക്രൂ ചെയിഞ്ചിനായി എത്തിയത്; അതിലൂടെ ലഭിച്ച വരുമാനം എത്രയാണ്?

108 കപ്പലുകൾ. ആയതിലൂടെ തുറമുഖത്തിന് നികുതി ഉൾപ്പെടെ 1,10,88,796 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ഡി) കൂടുതൽ കപ്പലുകൾ എത്തുന്നതിന് ആങ്കറിംഗ് ടെർമിനൽ അടക്കമുള്ള സൗകര്യങ്ങൾ ഇവിടെ അടിയന്തരമായി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വിഴിഞ്ഞം തുറമുഖത്തിന്റെ ആഴം കുറവായതിനാൽ ഔട്ടർ ആങ്കറേജിൽ ആണ് നിലവിൽ ക്രൂ ചെയ്ഞ്ച് നടത്തിവരുന്നത്.

## വിഴിഞ്ഞം തുറമുഖത്ത് ആങ്കറിംഗ് ടെർമിനൽ വികസനം

351(378) ശ്രീ. എം. ഉമ്മർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തെ അന്താരാഷ്ട്ര ക്രൂ ചേഞ്ച് ആന്റ് ആങ്കറിംഗ് ഹബ്ബായി മാറ്റുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

വിഴിഞ്ഞം തുറമുഖം അന്താരാഷ്ട്ര കപ്പൽ ചാലിന് വളരെ അടുത്തായതുകൊണ്ട് ക്രൂ ചെയ്ഞ്ച് നടത്തുന്നതിന് വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ആരോഗ്യ വിഭാഗത്തിലേയും കസ്റ്റംസ്, ഇമിഗ്രേഷൻ വകുപ്പുകളിലേയും ഉദ്യോഗസ്ഥരെ ഇവിടെ നിയോഗിച്ചിട്ടുണ്ട്. ക്രൂ ചെയ്ഞ്ചിംഗിന് ആവശ്യമായ ടഗ്ഗുകൾ, താൽക്കാലിക വിശ്രമകേന്ദ്രം തുടങ്ങിയ സൗകര്യങ്ങൾ കേരള മാരിടൈം ബോർഡ് വിഴിഞ്ഞം തുറമുഖത്ത് ഒരുക്കിയിട്ടുണ്ട്.

(ബി) കൂടുതൽ കപ്പലുകൾ എത്തുന്നതിനായി ആങ്കറിംഗ് ടെർമിനൽ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

വിഴിഞ്ഞം തുറമുഖത്തിന്റെ ആഴം കുറവായതിനാൽ ഔട്ടർ ആങ്കറേജിൽ ആണ് നിലവിൽ ക്രൂ ചെയ്ഞ്ച് നടത്തിവരുന്നത്.

## വിഴിഞ്ഞം തുറമുഖപദ്ധതി

352(379) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം പോലുള്ള പ്രതിഭാസങ്ങളെ ചെറുക്കുന്ന തരത്തിലുള്ള ആധുനിക സാങ്കേതികവിദ്യ ഉൾപ്പെടുത്തിയുള്ള തുറമുഖ നിർമ്മാണമാണോ വിഴിഞ്ഞത്ത് നടക്കുന്നതെന്ന് വെളിപ്പെടുത്താമോ?

കടൽക്ഷോഭങ്ങൾ പോലുള്ള പ്രതിഭാസങ്ങളെ ചെറുക്കാൻ ശേഷിയുള്ള രീതിയിലാണ് തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ട്, ബെർത്ത് തുടങ്ങിയവ രൂപകല്പന ചെയ്ത് നിർമ്മാണം പുരോഗമിക്കുന്നത്. തിരയുടെ ആഘാതം പ്രതിരോധിക്കുന്ന പുലിമുട്ടിന് 100 വർഷത്തെ ആയുസ്സ് കണക്കാക്കി തീവ്രമായ കടൽക്ഷോഭങ്ങളെ ചെറുത്ത് നിൽക്കാൻ കെൽപ്പുള്ള രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി കരാർപ്രകാരം സമയബന്ധിതമായി പൂർത്തിയാക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-നായിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിശ്ചിത പൂർത്തീകരണ തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചില്ല. കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങൾമൂലം പരിമിതമായ രീതിയിൽ മാത്രമേ നിർമ്മാണം ഇപ്പോഴും സാധ്യമാകുന്നുള്ളൂ. ചീഫ് സെക്രട്ടറിയും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറുമായി 3-11-2020-ൽ നടത്തിയ വീഡിയോ കോൺഫറൻസിൽ 2021 ഡിസംബറോടുകൂടി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഗണ്യമായ ഭാഗം പൂത്തീകരിക്കാനാകുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) നാളിതുവരെ എത്ര ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പുരോഗതി ശതമാനക്കണക്കിൽ ചുവടെ ചേർത്തിരിക്കുന്നു :

| ക്രമനമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടിയിരുന്നത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പുലിമുട്ട് | 3100 മീറ്റർ നീളം | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 33% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ് 100% പൂർത്തീകരിച്ചു. ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയിനുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 4 ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി. |
| | | യാർഡ് ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| 6 | ഫിഷിംഗ് ഹാർബർ | 500 മീറ്റർ നീളമുള്ള ജെട്ടിയും മറ്റ് അനുബന്ധ സൗകര്യങ്ങളും | കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല. |

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

353(380) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കേണ്ട സമയം കഴിഞ്ഞ് ഒരു വർഷം പൂർത്തിയായിട്ടും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നീങ്ങുന്നത് എന്നത് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects-Infrastructure) പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തു വരുന്നു. ഇതുകൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director-യെയും നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിലെ ഓരോ പ്രവൃത്തിയുടെയും എത്ര ശതമാനം പണി പൂർത്തിയായെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പുരോഗതി ശതമാന ക്കണക്കിൽ ചുവടെ ചേർത്തിരിക്കുന്നു :

| ക്രമനമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടിയിരുന്നത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പുലിമുട്ട് | 3100 മീറ്റർ നീളം | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 33% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ് 100% പൂർത്തീകരിച്ചു. ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയിനുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 4 ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി. |
| | | യാർഡ് ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| 6 | ഫിഷിംഗ് ഹാർബർ | 500 മീറ്റർ നീളമുള്ള ജെട്ടിയും മറ്റ് അനുബന്ധ സൗകര്യങ്ങളും | കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല. |

(സി) കരാർ പ്രകാരമുള്ള ക്യൂറിംഗ് പിരീഡിലെ വ്യവസ്ഥ എന്താണ്; വ്യവസ്ഥ പാലിക്കാത്തതിനാൽ കമ്പനിയിൽനിന്നും പിഴ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉണ്ട്. കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. നോട്ടീസ് നല്കിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത് എന്ന് അറിയിക്കുമോ?

ചീഫ് സെക്രട്ടറിയും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറുമായി 3-11-2020-ൽ നടത്തിയ വീഡിയോ കോൺഫറൻസിൽ 2021 ഡിസംബറോടുകൂടി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഗണ്യമായ ഭാഗം പൂത്തീകരിക്കാനാകുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പ്രവൃത്തികൾ

354(381) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടത്തിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേര്, തുക എന്നിവ വ്യക്തമാക്കുമോ?

അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

അനുബന്ധം 2 ആയി ചേർക്കുന്നു.*

## പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണം

355(382) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അമൂല്യങ്ങളായ പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെയും അതിന്റെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചരിത്രപരമോ പുരാതത്വപരമോ കലാശിൽപ്പപരമോ ആയ പ്രത്യേകതകളുള്ളതും നൂറ് വർഷത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മിതികളും സ്ഥാപനങ്ങളുമാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പരിപാലിച്ചുവരുന്നത്. ഇത്തരത്തിൽ പ്രാധാന്യമുള്ള പുരാവസ്തുക്കളും പുരാവശിഷ്ടങ്ങളും വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു. സംരക്ഷിത സ്മാരകങ്ങളുടെ കാലികമായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ പൂർത്തിയാക്കിയ പ്രധാന നിർമ്മിതി സംരക്ഷണ രാസ സംരക്ഷണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പതിനേഴോളം കെട്ടിടങ്ങൾ ഉൾക്കൊള്ളുന്ന പത്മനാഭപുരം കൊട്ടാര സമുച്ചയത്തിലെ കമ്മട്ടപ്പുര, വലിയ ഊട്ടുപുര, പാൽപ്പുര മാളിക, മണിമേട എന്നിവയുടെ സമഗ്രമായ സംരക്ഷണ ജോലികൾ പൂർത്തിയാക്കി. സംസ്ഥാനത്തെ ഏറ്റവും വലിയ സംരക്ഷിതസ്മാരകമായ ഹിൽ പാലസ് സമുച്ചയത്തിലെ ഏറ്റവും പഴക്കംചെന്ന നിർമ്മിതിയായ എട്ടുകെട്ടിന്റെയും അതിനോടുചേർന്നുള്ള കുളപ്പുര മാളികയുടെയും സംരക്ഷണജോലികൾ പൂർത്തീകരിച്ചു. കൊട്ടാരവളപ്പിലെ പൈതൃക നിർമ്മിതികളായ മൂന്ന് കുളങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിച്ചു.

കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി കോട്ടയിലെ നടപ്പാത, കൊത്തളങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചു. പൊവ്വൽ കോട്ടയിലും സമഗ്രമായി സംരക്ഷണ ജോലികൾ നിർവ്വഹിച്ചു. ഹോസ്ദുർഗ്ഗ് കോട്ടയുടെ തകർന്നുപോയ കൊത്തളങ്ങൾ, നടവഴി എന്നിവ പൂർവ്വസ്ഥിതിയിലാക്കി. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഓർമ്മകൾ നിലനിൽക്കുന്ന പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ, കണ്ടോന്താറിലെ ബ്രിട്ടീഷ് ജയിൽ എന്നിവ സംരക്ഷിതസ്മാരകങ്ങളായി പ്രഖ്യാപിക്കുകയും സമഗ്ര സംരക്ഷണജോലികൾ പൂർത്തിയാക്കി നാടിന് സമർപ്പിക്കുകയും ചെയ്തു.

കിളിമാനൂർ കൊട്ടാരത്തിലെ പുത്തൻമാളിക, കുളപ്പുരക്കെട്ട് സ്റ്റുഡിയോ ഹാൾ എന്നിവ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. ദാരുശിൽപ്പങ്ങൾക്ക് പ്രസിദ്ധിയാർജ്ജിച്ച ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ കുട്ടമ്പേരൂരിലെ കാർത്ത്യായനി ക്ഷേത്രം, കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം മഹാദേവക്ഷേത്രം, ചങ്ങനാശ്ശേരിയിലുള്ള കുമാരമംഗലത്ത് മന, ചുവർ ചിത്രങ്ങൾക്ക് ശ്രദ്ധേയമായ കണ്ണൂർ ജില്ലയിലെ കണ്ണവം തൊടിക്കളം ശിവക്ഷേത്രം, തിരുവനന്തപുരം ജില്ലയിലെ അരുവിക്കരക്ഷേത്രം, ഇരയിമ്മൻ തമ്പിയുടെ ജന്മഗൃഹമായ ആലപ്പുഴ ജില്ലയിലെ ചേർത്തല വാരനാട് നടുവിലെ കോവിലകം, തൃശ്ശൂർ ജില്ലയിലെ വേലൂരിലെ അർണോസ് പാതിരിയുടെ ഭവനം, സെൻറ് ഫ്രാൻസ്സിസ് ഫൊറാനാ പള്ളി, എറണാകുളം ജില്ലയിലെ പള്ളിപ്പുറം കോട്ട, തിരുനായത്തോട് ശ്രീനാരായണ ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര കല്പത്തൂരിടം പരദേവതാ ക്ഷേത്രം, ഈസ്റ്റ് ഹില്ലിലുള്ള പഴശ്ശിരാജാ മ്യൂസിയം സ്ഥിതി ചെയ്യുന്ന കളക്ടേഴ്സ് ബംഗ്ലാവ് എന്നിവയുടെ സംരക്ഷണ ജോലികളും പൂർത്തിയാക്കുകയുണ്ടായി.

പാരമ്പര്യത്തനിമ നിലനിർത്തിക്കൊണ്ട്, കേരള നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതിചെയ്യുന്ന പൈതൃക മന്ദിരത്തിന്റെ സംരക്ഷണപ്രവൃത്തി പൂർത്തിയാക്കി.

പുരാവസ്തുക്കളുടെ സംരക്ഷണവും വീണ്ടെടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ വിയ്യൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഇച്ചന്നൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഫറോക്ക് നല്ലൂർ എൽ.പി.സ്കൂൾ വളപ്പിൽ കണ്ടെത്തിയ നന്നങ്ങാടി എന്നിവ ഉത്ഖനന വിധേയമാക്കി. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, തളിപ്പറമ്പ് താലൂക്കിൽ മാണിയൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പോട്ടോർ വില്ലേജിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, എന്നിവ ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കി. പ്രളയാനന്തരം പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ വെളിപ്പെട്ട കളിമൺ ശില്പങ്ങളും ശാസ്ത്രീയമായ പരിശോധനകൾക്ക് വിധേയമാക്കി.

കണ്ണൂർ ജില്ലയിലെ പൊതുവാച്ചേരിയിൽ കണ്ടെത്തിയ ഗുഹ, മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് വലിയ കിണർ എന്നിവ ഉത്ഖനനത്തിന് വിധേയമാക്കി.

ഫറോക്ക് കോട്ടയിൽ ശാസ്ത്രീയമായ പരിശോധനകൾ നടത്തുകയും പ്രാഥമിക സംരക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

താഴെപ്പറയുന്ന പൈതൃക സ്മാരകങ്ങളെ അവയുടെ ചരിത്രപരവും പുരാവസ്തു പരമായ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ, 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിച്ചു.

(എ) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചവ:-

1. വിഴിഞ്ഞം ശിലാക്ഷേത്രം, വിഴിഞ്ഞം, തിരുവനന്തപുരം.
2. ഡോ. പൽപ്പുവിന്റെ ജന്മഗൃഹം, വഞ്ചിയൂർ, തിരുവനന്തപുരം
3. വാഴവേലിൽ തറവാട്, മല്ലപ്പുഴശ്ശേരി, കോഴഞ്ചേരി, പത്തനംതിട്ട
4. തൃക്കുരുട്ടി മഹാദേവക്ഷേത്രം, മാന്നാർ, ആലപ്പുഴ
5. സെന്റ് റാഫേൽസ് ചർച്ച്, എഴുപുന്ന, ചേർത്തല, ആലപ്പുഴ
6. മറയൂർ മുനിയറകൾ, മറയൂർ, ദേവികുളം, ഇടുക്കി.
7. എരട്ടച്ചിറ കോവിലകം, ചെമ്പൂക്കാവ്, തൃശ്ശൂർ
8. മാളയിലെ യഹൂദ സ്മാരകങ്ങൾ, തൃശ്ശൂർ
9. സി.എസ്.ഐ.സെന്റ് ജോൺസ് ചർച്ച്, കണ്ണൂർ
10. കണ്ടോന്താർ, പഴയ ജയിൽ മന്ദിരം, പാണപ്പുഴ, കണ്ണൂർ.
11. ഗവൺമെന്റ് വി.എച്ച്.എസ്.എസ്.ഫോർ ഗേൾസ്, പയ്യാമ്പലം, കണ്ണൂർ.
12. മാനാഞ്ചിറ മുതലക്കുളം ശ്രീ ഭദ്രകാളീ ക്ഷേത്രം, കസബ, കോഴിക്കോട്

(ബി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചവ:-

1. ഓച്ചിറ വലിയകുളങ്ങര ക്ഷേത്ര കളിത്തട്ടുകൾ, ഓച്ചിറ, കരുനാഗപ്പള്ളി, കൊല്ലം.
2. ഇളയിടത്തു വലിയകോയിക്കൽ കൊട്ടാരം, കൊട്ടാരക്കര, കൊല്ലം.
3. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ആസ്ഥാന മന്ദിരം, കണ്ണൂർ II, കണ്ണൂർ.
4. ആറ്റിങ്ങൽ കൊട്ടാരം, ആറ്റിങ്ങൽ, ചിറയിൻകീഴ്, തിരുവനന്തപുരം.

കൂടാതെ, കേരള പ്രാചീന സ്മാരക പുരവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം താഴെപ്പറയുന്ന സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു:-

1. വെള്ളാരപ്പള്ളി തെക്കേ കോവിലകം, എറണാകുളം
2. മടിയൻകൂലോം ക്ഷേത്രം, കാഞ്ഞങ്ങാട്
3. ആലപ്പുഴ ജില്ലാ പോലീസ് മന്ദിരം
4. നേമം വില്ലേജ് ഓഫീസ്
5. പെരുമ്പാവൂർ മെൻഹിർ (ചക്കിക്കല്ല്), എറണാകുളം
6. ഔർ ലേഡി ഓഫ് ഹോപ്പ് ചർച്ച്, വൈപ്പിൻ, എറണാകുളം

(ബി) ചരിത്ര വസ്തുതകളെ തിരുത്താനും അവയെ തെറ്റായരീതിയിൽ അവതരിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടക്കുന്ന ഇക്കാലത്ത് നാടിന്റെ ചരിത്രത്തിന്റെയും ചരിത്രസൂക്ഷിപ്പുകളുടെയും പ്രാധാന്യത്തെ സംബന്ധിച്ച് പുതുതലമുറയ്ക്ക് അവബോധം നൽകാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികൾക്കും പുതുതലമുറയ്ക്കും നമ്മുടെ സംസ്കാരത്തേയും നവോത്ഥാനമൂല്യങ്ങളെയുംക്കുറിച്ച് അവബോധം നൽകുന്നതിന് വിവിധ പദ്ധതികളാണ് പുരാവസ്തു വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. പൈതൃക തനിമ നിലനിർത്തിക്കൊണ്ടുതന്നെ മ്യൂസിയങ്ങളുടെ ആധുനികവൽക്കരണത്തിനും അവശ്യം വേണ്ടുന്ന സന്ദർശന സൗകര്യങ്ങൾ ഒരുക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം കോട്ടയ്ക്കകത്തെ വിവിധ സംരക്ഷിത സ്മാരകങ്ങളെയും പൈതൃക മന്ദിരങ്ങളേയും ഉൾപ്പെടുത്തി ഡിജിറ്റിൽ ദൃശ്യ-ശ്രവ്യ "Mobile Application" തയ്യാറാക്കി "Trivandrum Heritage Walk" എന്ന പേരിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മലബാർ മേഖലയിലെ ഇരുപതോളം സംരക്ഷിത സ്മാരകങ്ങളും പൈതൃക മന്ദിരങ്ങളും ഉൾപ്പെടുത്തി "Explore Malabar" എന്ന പേരിൽ ഒരു mobile application തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. കേരള പുരാവസ്തു വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ കൂടുതൽ വിശദാംശങ്ങൾ

ഉൾപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാംവിധം നവീകരിക്കുകയുണ്ടായി. ഒപ്പം തന്നെ മ്യൂസിയങ്ങളുടെയും ഒട്ടുമിക്ക സംരക്ഷിത സ്മാരകങ്ങളുടെയും Signature Videos തയ്യാറാക്കി വകുപ്പിനായി രൂപീകരിക്കപ്പെട്ട You tube ചാനലിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇതുവഴി കേരളത്തിന്റെ സംസ്കാരം, ചരിത്രം എന്നിവ സഞ്ചാരികൾക്ക് അറിയാൻ കഴിയും. ഇത്തരത്തിൽ പല വിഭാഗങ്ങളിലായി നാൽപ്പതോളം വീഡിയോകൾ തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നി മൂന്ന് ഭാഷകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിലേയ്ക്കായി കേരളത്തിന്റെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ, കൂട്ടായ്മകൾ എന്നിവിടങ്ങളിൽ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

(സി) നാടിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും വിളംബരം ചെയ്യുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഏതെല്ലാം ജില്ലകളിലാണ് പൈതൃക മ്യൂസിയങ്ങൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അത് വരുംതലമുറയ്ക്ക് കൈമാറുന്നതിലേയ്ക്കുമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ പൈതൃകമ്യൂസിയങ്ങൾ സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു നൽകി. പാലക്കാട്, എറണാകുളം ജില്ലകളിലെ മ്യൂസിയങ്ങൾ സജ്ജീകരണം പൂർത്തിയായി വരുന്നു. തിരുവനന്തപുരം, വയനാട്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

## താളിയോല മ്യൂസിയം

356(383) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും വലിയ താളിയോല മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പുരാരേഖാ വകുപ്പിന്റെ മേഖലാ ഓഫീസായ തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ താളിയോല രേഖാമ്യൂസിയം സജ്ജീകരണത്തിനായി 2020-21 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതിനായി 15-5-2020-ലെ സ.ഉ.(സാധാ) നമ്പർ 221/2020/ സാം.കാ.വ. പ്രകാരം 3,96,49,954 രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് പ്രവർത്തനം ആരംഭിക്കുന്നതിനായി മ്യൂസിയം നിർമ്മാണങ്ങളുടെ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയവുമായി പുരാരേഖാ വകുപ്പ് MoU ഒപ്പുവയ്ക്കുകയും ഒന്നാം ഘട്ടമായി 20% തുക കൈമാറുകയും ചെയ്തിട്ടുണ്ട്. മ്യൂസിയം നിർമ്മിക്കാനായി ഉദ്ദേശിച്ചുള്ള കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികൾ ആരംഭിക്കുകയും ഇതോടൊപ്പം ഗ്യാലറിയുടെ പ്രവർത്തനങ്ങളും നടന്നു വരികയുമാണ്. ഇതിനായി ഡയറക്ടർ കൺവീനറായി ഒരു കണ്ടന്റ് ക്രിയേഷൻ കമ്മിറ്റി രൂപീകരിക്കുകയും കണ്ടന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുരാവസ്തു വകുപ്പിന് കീഴിലുള്ള മറ്റ് പുരാരേഖകളും പ്രസ്തുത മ്യൂസിയത്തിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

പുരാവസ്തു വകുപ്പിന് കീഴിലുള്ള പുരാരേഖകൾ പ്രസ്തുത മ്യൂസിയത്തിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. പുരാരേഖാ വകുപ്പിലെതന്നെ താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേടുകൾ എന്നിവയാണ് ടി മ്യൂസിയത്തിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) പ്രസ്തുത മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ?

15-5-2020-ലെ സ.ഉ.(സാധാ) നമ്പർ 221/2020/ സാം.കാ.വ. പ്രകാരം 3,96,49,954 രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

### പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

357(384) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് മ്യൂസിയം, പുരാവസ്തു വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പയ്യന്നൂർ മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷന്റെ പൈതൃക നിർമ്മിതിയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ 90 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കി. പയ്യന്നൂർ പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ 2.44 കോടി രൂപ ചെലവിൽ സജ്ജീകരിക്കുന്ന ഗാന്ധി സ്മൃതി മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

### വൈപ്പിൻ മണ്ഡലത്തിലെ പുരാവസ്തുവകുപ്പ് പ്രവൃത്തികൾ

358(385) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ പുരാവസ്തുവകുപ്പ് വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികൾക്കായി ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ, പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പള്ളിപ്പുറം കോട്ടയുടെ സംരക്ഷണപ്രവൃത്തികൾക്കായി, 2016 മുതൽ 2021 വരെയുള്ള കാലയളവിൽ 40 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും കോട്ട പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## പമ്പ വഴി മധുരയിലേക്കുള്ള വാണിജ്യപാത

359(386) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അറബിക്കടലിൽനിന്ന് പമ്പവഴി മധുരയിലേയ്ക്കുള്ള 2000 വർഷത്തിലധികം പഴക്കമുള്ള വാണിജ്യപാതയുടെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് പുനർഖനനത്തിനും ഗവേഷണത്തിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻഗണന കൊടുക്കുമോ?

അറബിക്കടലിൽനിന്ന് പമ്പവഴി മധുരയിലേയ്ക്ക് വാണിജ്യപാത നിലനിന്നിരുന്നു എന്നതിന് നാളിതുവരെ ശാസ്ത്രീയമായ തെളിവുകൾ ഒന്നുംതന്നെ പുരാവസ്തുവകുപ്പിന് ലഭ്യമായിട്ടില്ല. അത്തരം തെളിവുകൾ ലഭ്യമാകുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം കൃഷ്ണപുരം കൊട്ടാരം

360(387) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്നും ഓരോ പദ്ധതികൾക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ 2017-18 സാമ്പത്തിക വർഷത്തിൽ 49.75 ലക്ഷം രൂപ ചെലവഴിച്ച് പുരാവസ്തു വകുപ്പ് നടത്തിയിട്ടുണ്ട്. കൊട്ടാരത്തിന്റെയും പരിസരത്തിന്റെയും സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് CCTV ക്യാമറകൾ 60.69 ലക്ഷം രൂപ ചെലവഴിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുക യുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിൽ കൊട്ടാര പരിസരം പൂർണ്ണമായും സൗന്ദര്യവൽക്കരണം നടത്തി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുൽത്തകിടികൾ, ഇരിപ്പിടങ്ങൾ, ജലധാര തുടങ്ങിയവ 61.67 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ചു. കൂടാതെ അഗ്നിരക്ഷാ ഉപകരണങ്ങൾ മറ്റനുബന്ധ സുരക്ഷാ പ്രവൃത്തികൾ എന്നിവ 15,89,797 രൂപ ചെലവഴിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി യിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 6, 19, 21, 31, 38, 46, 47, 49, 57, 97, 110, 114, 150, 152, 160, 173, 187, 208, 210, 223, 224, 226, 268, 297, 304, 313, 326 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

10.00 AM]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2191-ന്റെ
തിരുത്തിയ ഉത്തരം

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 14-ാം കേരള നിയമസഭയുടെ 18-ാം സമ്മേളനത്തിലെ 11-2-2020-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2191-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III ചരമോപചാരം

കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, കെ. ജെ. ജോർജ്, ജോർജ് മെഴ്സിയർ, പി. കുമാരൻ, എം. നാരായണൻ, സി. മോയിൻകുട്ടി, എസ്. ആർ. തങ്കരാജ്, ടി. ചാത്തു, കിട്ടപ്പ നാരായണസ്വാമി, സുഗതകുമാരി എന്നിവരുടെ നിര്യാണം

### കെ. കെ. രാമചന്ദ്രൻ മാസ്റ്റർ

മി. സ്പീക്കർ: മുൻമന്ത്രിയും പ്രമുഖ ട്രേഡ് യൂണിയൻ നേതാവുമായ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ 2021 ജനവരി 7-ന് നിര്യാതനായി. പി. നാരായണൻ നമ്പ്യാർ-രുഗ്മിണി അമ്മ ദമ്പതികളുടെ മകനായ രാമചന്ദ്രൻ മാസ്റ്റർ 1936 ഡിസംബർ 11-ന് ജനിച്ചു. ആറ്, ഏഴ്, എട്ട് കേരള നിയമസഭകളിൽ സുൽത്താൻ ബത്തേരിയെയും ഒൻപത്, പത്ത്, പതിനൊന്ന് നിയമസഭകളിൽ കൽപ്പറ്റ നിയോജകമണ്ഡലത്തെയും പ്രതിനിധീകരിച്ചിരുന്നു. 1995-1996 കാലയളവിൽ ഭക്ഷ്യം-പൊതുവിതരണം 2004-2006 കാലയളവിൽ ആരോഗ്യം എന്നീ വകുപ്പുകളുടെ മന്ത്രിയായിരുന്നു. അദ്ധ്യാപക ജോലി രാജിവച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകനായി 1954-ലാണ് സജീവ രാഷ്ട്രീയത്തിലേയ്ക്ക് ചുവടുവച്ചത്. കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, ഐ.എൻ.ടി.യു.സി. സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, ഇന്ത്യൻ കോഫീ ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ട്രേഡ് യൂണിയൻ രംഗത്ത് സജീവമായിരുന്ന കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, വാട്ടർ അതോറിറ്റി എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ്, റേഷൻ ഡീലേഴ്സ് അസോസിയേഷൻ പ്രസിഡന്റ് തുടങ്ങി നിരവധി സംഘടനകളുടെ നേതൃസ്ഥാനവും വഹിച്ചിട്ടുണ്ട്. കർമ്മോൽസുകനായ ഒരു ട്രേഡ് യൂണിയൻ നേതാവിനെയും മികവുറ്റ ഒരു സാമാജികനെയുമാണ് കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്.

---

*അനുബന്ധമായി ചേർത്തിരിക്കുന്നു.

## കെ. ജെ. ജോർജ്

മുൻ നിയമസഭാംഗവും സോഷ്യലിസ്റ്റ് നേതാവുമായ കെ. ജെ. ജോർജ് 2020 മാർച്ച് 20-ന് നിര്യാതനായി. 1934 ഡിസംബർ 1-ന് ജനിച്ചു. 1955-ൽ കോൺഗ്രസ്സിലൂടെ രാഷ്ട്രീയ ജീവിതം ആരംഭിച്ചു. 1977-ൽ ജനതാപാർട്ടി രൂപീകരിച്ചപ്പോൾ അതിലേയ്ക്ക് മാറിയ കെ. ജെ. ജോർജ് തൃശ്ശൂർ നിയോജക മണ്ഡലത്തിൽനിന്നും മത്സരിക്കുകയും അഞ്ചാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. തുടർന്ന് ഏഴ്, എട്ട് നിയമസഭകളിലേയ്ക്ക് ചാലക്കുടി മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. തൃശ്ശൂർ മുനിസിപ്പൽ കൗൺസിലർ, ജനതാ പാർട്ടി തൃശ്ശൂർ ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2011-ൽ സജീവ രാഷ്ട്രീയത്തിൽനിന്നും വിടവാങ്ങിയ കെ. ജെ. ജോർജ് വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

മികവുറ്റ പൊതുപ്രവർത്തകനെയാണ് കെ. ജെ. ജോർജിന്റെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്.

## ജോർജ് മെഴ്സിയർ

മുൻ നിയമസഭാംഗം ജോർജ് മെഴ്സിയർ 2020 സെപ്റ്റംബർ 16-ന് നിര്യാതനായി. പയസ് മേഴ്സിയറുടെയും ഐറിസ് ക്ലാര മേഴ്സിയറുടെയും മകനായി 1952 ജൂലൈ 21-ന് ജനിച്ചു. ഹൈക്കോടതിയിലെയും തിരുവനന്തപുരം ജില്ലാ കോടതിയിലെയും പ്രമുഖ അഭിഭാഷകനായിരുന്ന അദ്ദേഹം കോവളം മണ്ഡലത്തെ പ്രതിനിധീകരിച്ച് പന്ത്രണ്ടാം കേരള നിയമസഭയിലെത്തി. ഇംഗ്ലീഷ് സാഹിത്യത്തിലും നിയമത്തിലും ബിരുദാനന്തരബിരുദം നേടിയിട്ടുണ്ട്. വിദ്യാർത്ഥിയായിരിക്കെ കേരള ഫ്ലയിംഗ് ക്ലബിന്റെ സ്റ്റുഡന്റ് പൈലറ്റ് ലൈസൻസ് നേടിയിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പഠനത്തിനിടെ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് കടന്നു. തിരുവനന്തപുരം ജില്ലാ കൗൺസിൽ അംഗം, കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി, ഡി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കേരള സർവ്വകലാശാല സെനറ്റ് അംഗം, ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നിയമസഭാംഗമായിരിക്കെ കോവളം നിയോജകമണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി നിസ്വാർത്ഥമായ പരിശ്രമം നടത്തി.

കർമ്മോൽസുകനായ ഒരു പൊതുപ്രവർത്തകനെയാണ് ജോർജ് മെഴ്സിയറുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. കുമാരൻ

മുൻനിയമസഭാംഗവും സി.പി.ഐ. നേതാവുമായ പി. കുമാരൻ 2020 ഒക്ടോബർ 26-ന് നിര്യാതനായി. പി. കൃഷ്ണൻ-കല്യാണി ദമ്പതികളുടെ മകനായി 1934 ഒക്ടോബർ 25-ന് ജനിച്ചു. 1982-ൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചാണ് ഏഴാം കേരള നിയമസഭയിലെത്തിയത്. കരിമ്പുഴ പഞ്ചായത്ത് പ്രസിഡന്റ്, കുലിക്കിലിയാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. വിദ്യാഭ്യാസം, വ്യവസായം, സഹകരണം എന്നീ മേഖലകളിൽ തന്റേതായ സംഭാവനകൾ നൽകിയ വ്യക്തിയായിരുന്നു പി. കുമാരൻ. മികച്ച ഒരു സഹകാരിയായിരുന്നു. കോട്ടപ്പുറത്ത് ഹെലൻ കെല്ലർ സ്മാരക സ്കൂളിന് മൂന്നേക്കർ സ്ഥലം സംഭാവന ചെയ്ത പി. കുമാരൻ വിദ്യാഭ്യാസമേഖലയുടെ ഉന്നമനത്തിനും പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ നടത്തി. പി. കുമാരൻ എം.എൽ.എ. ആയിരിക്കെയാണ് സൈലന്റ് വാലിയെ ദേശീയോദ്യാനമായി പ്രഖ്യാപിച്ചത്. 'ജീവിതചിന്തകൾ' എന്ന പേരിൽ ആത്മകഥ എഴുതിയിട്ടുണ്ട്.

മണ്ഡലത്തിലെ വിവിധ മേഖലകളിൽ വികസനത്തിന് അടിത്തറയിട്ട പ്രഗത്ഭനായ സാമാജികനെയും അങ്ങേയറ്റം സാമൂഹികപ്രതിബദ്ധത പുലർത്തിയ ഒരു പൊതു പ്രവർത്തകനെയുമാണ് പി. കുമാരന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## എം. നാരായണൻ

കേരള നിയമസഭാംഗമായിരുന്ന എം. നാരായണൻ 8-11-2020-ന് നിര്യാതനായി. 9-ാം കേരള നിയമസഭയിലും 10-ാം കേരള നിയമസഭയിലും കുഴൽമന്ദം നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്നു. സി. മണപ്പുള്ളി-ചിന്ന ദമ്പതികളുടെ മകനായി 1964 മേയ് 20-ന് ജനിച്ചു. ബിരുദപഠനം പൂർത്തിയാക്കിയ അദ്ദേഹം എസ്.എഫ്.ഐ.-യിലൂടെയാണ് പൊതുപ്രവർത്തനരംഗത്തേക്ക് ചുവടുവച്ചത്. എസ്.എഫ്.ഐ. പാലക്കാട് ജില്ലാ സെക്രട്ടറി, ഡി.വൈ.എഫ്.ഐ. ജില്ലാ പ്രസിഡന്റ്, കർഷകസംഘം ജില്ലാ പ്രസിഡന്റ്, സി.പി.ഐ.(എം) പാലക്കാട് ജില്ലാ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള എം. നാരായണൻ പാലക്കാട് ജില്ലയിലെ വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവ ഏറ്റെടുത്ത് അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള സമര ങ്ങളുടെ മുൻനിരയിൽ പ്രവർത്തിക്കുകയും ചെയ്ത നേതാവായിരുന്നു എം. നാരായണൻ. നിയമസഭാംഗമെന്ന നിലയിൽ മണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ച തികച്ചും ജനകീയനായ ഒരു നേതാവായിരുന്നു എം. നാരായണൻ. നിലവിൽ പാലക്കാട് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ ചെയർമാനായി പ്രവർത്തിച്ചുവരികയായിരുന്നു.

ജനകീയനും കർമ്മനിരതനുമായ ഒരു പൊതുപ്രവർത്തകനെയാണ് എം. നാരായണന്റെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## സി. മോയിൻകുട്ടി

മുൻ കേരളനിയമസഭാംഗം സി. മോയിൻകുട്ടി 2020 നവംബർ 9-ന് നിര്യാതനായി. പി. സി. അഹമ്മദ്കുട്ടി ഹാജിയുടെയും കുഞ്ഞി ഉമ്മച്ചിയുടെയും മകനായി 1943 ജനുവരി 1-ന് ജനിച്ചു. മൂന്ന് തവണ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൊടുവള്ളിയിൽനിന്ന് പത്താം കേരള നിയമസഭയിലേയ്ക്കും പതിനൊന്നാമതും പതിമൂന്നാമതും കേരള നിയമസഭകളിൽ തിരുവമ്പാടിയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മുസ്ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, ദേശീയ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. കെ.എസ്.ആർ.ടി.സി. അഡ്വൈസറി ബോർഡ് അംഗം, സിഡ്കോ അംഗം, വഖഫ് ബോർഡ് അംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

മലയോര കുടിയേറ്റ മേഖലയുടെ വികസനത്തിൽ മോയിൻകുട്ടി വഹിച്ച പങ്ക് നിസ്തുലമാണ്. നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവും ഉണ്ടായിരുന്ന കർമ്മനിരതനായ ഈ സാമാജികന്റെ പ്രവർത്തനങ്ങൾ തിരുവമ്പാടി, കൊടുവള്ളി മണ്ഡലങ്ങളുടെ വികസനത്തിന് ആക്കം കൂട്ടിയിരുന്നു. ജാതി-മത-രാഷ്ട്രീയ പരിഗണനകളില്ലാതെ പൊതുപ്രവർത്തനം നടത്തിയിരുന്ന ഒരു നേതാവിനെയാണ് സി. മോയിൻകുട്ടിയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## എസ്. ആർ. തങ്കരാജ്

മുൻനിയമസഭാംഗവും മുതിർന്ന അഭിഭാഷകനുമായ എസ്. ആർ. തങ്കരാജ് 2020 ഡിസംബർ 14-ന് നിര്യാതനായി. ഗാന്ധിയൻ സോഷ്യലിസ്റ്റും ജനതാദൾ നേതാവുമായ എസ്. ആർ. തങ്കരാജ് 7, 8 കേരള നിയമസഭകളിലേയ്ക്ക് നെയ്യാറ്റിൻകര മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി, നെയ്യാറ്റിൻകര ബാർ അസോസിയേഷൻ പ്രസിഡന്റ്, നെയ്യാറ്റിൻകര താലൂക്ക് അർബൻ ബാങ്ക് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 1964 മുതൽ അഭിഭാഷകനായിരുന്ന അദ്ദേഹം രോഗബാധിതനാകുന്നതിന് തൊട്ടുമുമ്പുവരെ പ്രസ്തുതരംഗത്ത് കർമ്മനിരതനായിരുന്നു.

സജീവരാഷ്ട്രീയത്തിൽനിന്ന് വിരമിച്ചശേഷവും പ്രദേശത്തിന്റെ വികസനത്തിനുവേണ്ടിയും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും അദ്ദേഹം അതീവതാല്പര്യം പ്രകടിപ്പിച്ചിരുന്നു. നെയ്യാറ്റിൻകര താലൂക്ക് രൂപീകരണത്തിനുവേണ്ടി എസ്. ആർ. തങ്കരാജ് നടത്തിയ പരിശ്രമങ്ങൾ എടുത്തുപറയത്തക്കതാണ്. സാമാജികനെന്ന നിലയിൽ മണ്ഡലത്തിന്റെ വികസനകാര്യങ്ങൾ നിയമസഭയിൽ ഉന്നയിക്കുന്നതിനും ജനങ്ങൾക്കൊപ്പംനിന്ന് അവ നേടിയെടുക്കുന്നതിനും അദ്ദേഹം ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തിയിരുന്നു. ട്രേഡ് യൂണിയൻ രംഗത്തും അദ്ദേഹം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു.

സാധാരണ ജനവിഭാഗങ്ങളോട് ചേർന്നുനിന്ന് പൊതുപ്രവർത്തനം നടത്തിയ മികവുറ്റ ഒരു നേതാവിനെയാണ് എസ്. ആർ. തങ്കരാജിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## ടി. ചാത്തു

മുൻനിയമസഭാംഗവും മുതിർന്ന സി.പി.ഐ.(എം) നേതാവുമായ ടി.ചാത്തു 2020 ഡിസംബർ 21-ന് നിര്യാതനായി. കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളുടെ അമരക്കാരനായിരുന്ന ടി. ചാത്തു ഒൻപതാം കേരള നിയമസഭയിലേയ്ക്ക് കൊല്ലങ്കോട് മണ്ഡലത്തിൽനിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. കർഷകത്തൊഴിലാളി യൂണിയൻ അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം, സി.പി.ഐ.(എം) പാലക്കാട് ജില്ലാ കമ്മിറ്റിയംഗം, ജില്ലാ സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1966-ൽ കെ.എസ്.കെ.ടി.യു. രൂപീകരണവേളയിൽ പാലക്കാട് ജില്ലയിൽ അതിന്റെ ആദ്യ ജോയിന്റ് സെക്രട്ടറിയായി. പിന്നീട് സംസ്ഥാന ജോയിന്റ് സെക്രട്ടറിയും ആക്ടിംഗ് സെക്രട്ടറിയുമായി പ്രവർത്തിച്ചു. വിവിധ കർഷകത്തൊഴിലാളി വിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിലും അവരുടെ അവകാശങ്ങൾക്കായി പോരാടുന്നതിലും അദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു. നിരവധി കർഷക പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയ ടി. ചാത്തു മിച്ചഭൂമി സമരത്തിൽ പങ്കെടുക്കുകയും ദീർഘകാലം ജയിൽ വാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. 27 വർഷം ഓൾ ഇന്ത്യ ഫാർമേഴ്സ് യൂണിയന്റെ വർക്കിംഗ് കമ്മിറ്റി അംഗമായി പ്രവർത്തിച്ചിരുന്നു. കർഷകത്തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി നിയമസഭയ്ക്കകത്തും പുറത്തും അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു.

സാധാരണക്കാർക്കൊപ്പംനിന്ന് പ്രവർത്തിച്ച നിസ്വാർത്ഥനായ ഒരു തൊഴിലാളി നേതാവിനെയും മികച്ച ഒരു സാമാജികനെയുമാണ് ടി. ചാത്തുവിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## കിട്ടപ്പ നാരായണസ്വാമി

മുൻനിയമസഭാംഗം കിട്ടപ്പ നാരായണസ്വാമി 2021 ജനവരി 1-ന് നിര്യാതനായി. നാരായണസ്വാമി-പൈലിമറിയം ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും 1977-ൽ അഞ്ചാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കെ.പി.സി.സി. അംഗം, ഭവനനിർമ്മാണബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പ്രമുഖ പ്ലാന്ററായിരുന്ന കിട്ടപ്പ നാരായണ സ്വാമി ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും വ്യാപൃതനായിരുന്നു. തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നതിനും അദ്ദേഹം നേതൃത്വം നൽകി. സാധാരണക്കാരായ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ച ഒരു പൊതുപ്രവർത്തകനെയാണ് കിട്ടപ്പ നാരായണസ്വാമിയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## സുഗതകുമാരി

പ്രശസ്ത കവയത്രി സുഗതകുമാരി 2020 ഡിസംബർ 23-ന് അന്തരിച്ചു. 1934 ജനവരി 22-ന് പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ വാഴുവേലിൽ തറവാട്ടിലായിരുന്നു സുഗതകുമാരിയുടെ ജനനം. കവിയും സ്വാതന്ത്ര്യ സമര സേനാനിയുമായ പിതാവ് ബോധേശ്വരന്റെയും സംസ്കൃത പ്രൊഫസറായിരുന്ന അമ്മ കാർത്ത്യായനി അമ്മയുടെയും ശിക്ഷണത്തിൽ വളർന്ന സുഗതകുമാരി പ്രാഥമിക വിദ്യാഭ്യാസ കാലത്തുതന്നെ എഴുത്തിന്റെയും വായനയുടെയും ലോകത്തെത്തി. തത്വശാസ്ത്രത്തിൽ എം.എ. ബിരുദം നേടിയിട്ടുണ്ട്. 1961-ൽ പുറത്തിറങ്ങിയ മുത്തുചിപ്പി എന്ന കൃതിയിലൂടെയാണ് സുഗതകുമാരി കാവ്യലോകത്തേയ്ക്ക് ചുവടുവച്ചത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ ഊഷ്മളതയും അത് ഹനിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വേദനയുമാണ് സുഗതകുമാരിയുടെ കവിതയുടെ കാതൽ. പ്രണയവും വിരഹവും ഭക്തിയും കരുണയും പ്രകൃതിയുടെ വേദനകളും മികവോടെ സമന്വയിപ്പിച്ച സുഗതകുമാരിയുടെ കൃതികൾ മലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കി.

കേരളത്തിന്റെ സാമൂഹികപ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്ന സുഗതകുമാരി പ്രശസ്തയായ പരിസ്ഥിതി പ്രവർത്തകയും കൂടിയായിരുന്നു. പ്രകൃതിയോടുള്ള മനുഷ്യന്റെ പെരുമാറ്റത്തിന് ചൂഷണത്തിന്റെ സ്വഭാവമുണ്ടായപ്പോഴെല്ലാം അതിനെതിരെ സുഗതകുമാരി ശബ്ദമുയർത്തി. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങളിലെല്ലാം മുൻനിരയിൽത്തന്നെ സുഗതകുമാരി ഉണ്ടായിരുന്നു. വനനശീകരണത്തിനെതിരെ ശബ്ദമുയർത്തിയ സുഗതകുമാരി 'സേവ് സൈലന്റ് വാലി' പ്രതിഷേധത്തിൽ പ്രധാന പങ്കുവഹിച്ചു. പ്രകൃതി സംരക്ഷണ സമിതിയുടെ സ്ഥാപക സെക്രട്ടറിയായിരുന്നു.

നിരാലംബരായ സഹജീവികൾക്ക് സാന്ത്വന സ്പർശമേകിയ നിരവധി സംരംഭങ്ങൾ സുഗതകുമാരി ആരംഭിച്ചു. സ്ത്രീകളുടെ ഉന്നമനത്തിനും സമൂഹത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സുഗതകുമാരി അശ്രാന്തപരിശ്രമം നടത്തി. സ്ത്രീകൾക്കും കുട്ടികൾക്കും അഭയകേന്ദ്രമായ 'അഭയ', അഗതികളായ സ്ത്രീകൾക്കുവേണ്ടി 'അത്താണി' എന്ന ഭവനം, മാനസികരോഗികൾക്കുവേണ്ടി പരിചരണാലയം എന്നിങ്ങനെ കേരളത്തിന്റെ സാമൂഹിക രംഗത്ത് മഹത്തായ സംഭാവനകൾ സുഗതകുമാരി നൽകി.

തിരുവനന്തപുരം ജവഹർ ബാലഭവന്റെ പ്രിൻസിപ്പൽ, തളിര് മാസികയുടെ പത്രാധിപ, സംസ്ഥാന വനിതാകമ്മീഷന്റെ അദ്ധ്യക്ഷ എന്നീ സ്ഥാനങ്ങൾ വഹിച്ചു.

2006-ൽ പത്മശ്രീ നൽകി രാജ്യം ആദരിച്ച സുഗതകുമാരിക്ക് എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ പുരസ്കാരം, ലളിതാംബിക അന്തർജ്ജനം അവാർഡ്, വള്ളത്തോൾ അവാർഡ്, സരസ്വതി സമ്മാനം, കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, ബാലാമണിയമ്മ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡും ലഭിച്ചിട്ടുണ്ട്.

മലയാളികൾ ഹൃദയത്തിലേറ്റിയ പേരാണ് സുഗതകുമാരിടീച്ചറുടേത്. കവിതയിലും പ്രകൃതി സ്നേഹത്തിലും സ്ത്രീശാക്തീകരണത്തിലും നിരാലംബരോടുള്ള അനുകമ്പയിലും സുഗതകുമാരി കേരളത്തിന് ഊർജ്ജവും ശക്തിയുമായിരുന്നു. നിറദീപംപോലെ ജ്വലിച്ചുനിന്ന ആ കർമ്മകാണ്ഡം അവസാനിക്കുമ്പോൾ അതൊരു കാലഘട്ടത്തിന്റെ കൂടെ അന്ത്യമാവുകയാണ്. അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

<u>മാധ്യമ പ്രവർത്തകർക്ക് അനുവാദം നൽകൽ</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, സാധാരണ ഗതിയിൽ ചോദ്യോത്തരവേള തത്സമയം ചിത്രീകരിക്കുന്നതിനായി ദൃശ്യമാധ്യമങ്ങളെ അനുവദിച്ചിരുന്നു. എന്നാൽ ഇന്ന് ചോദ്യോത്തരവേള ചിത്രീകരിക്കുന്നതിന് ദൃശ്യമാധ്യമങ്ങൾ ഇല്ലായിരുന്നു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ചോദ്യോത്തരവേളകൾ ലൈവായി ചിത്രീകരിക്കാനുള്ള അനുവാദം ദൃശ്യമാധ്യമങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് എനിക്ക് തോന്നുന്നു.

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേള നമ്മൾ തയ്യാറാക്കി മാധ്യമങ്ങൾക്ക് പൂർണ്ണമായും നൽകിക്കൊണ്ടിരിക്കുകയാണ്. മാധ്യമപ്രവർത്തകർ അകത്ത് പ്രവേശിക്കുന്നില്ലെന്ന് മാത്രമേയുള്ളൂ. പി.ആർ.ഡി. വഴി സഭാനടപടികൾ ദൃശ്യമാധ്യമങ്ങൾക്ക് ലഭ്യമാകുന്ന നിലയിൽ ലൈവായിത്തന്നെ കൊടുത്തിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആദ്യത്തെ ദിവസം നടന്നതിനെ സംബന്ധിച്ച് പരാതിയുണ്ട്. സെലക്ടീവായ കാര്യങ്ങളാണ് ഇവിടെനിന്ന് കൊടുക്കുന്നതെങ്കിലും അവർക്ക് ഇഷ്ടമുള്ളത് മാത്രമാണ് കാണിക്കുന്നത്. സഭയിൽ ദൃശ്യമാധ്യമങ്ങളുടെ പ്രവേശനം അനുവദിച്ചാൽ അവർക്ക് സ്വതന്ത്രമായി റിപ്പോർട്ട് ചെയ്യാൻ കഴിയും. ഇവിടെനിന്നും നൽകുന്നതിൽ ഡിസ്ക്രിമിനേഷനുണ്ടെന്നുള്ള പരാതി വളരെ വ്യാപകമാണ്.

മി. സ്പീക്കർ: വെബ്കാസ്റ്റിംഗിൽ മാത്രമാണ് അങ്ങനെ നിയന്ത്രിച്ച് നൽകുന്നത്. സഭാനടപടികൾ ലൈവായി കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിരുന്നു. മറ്റ് രീതിയിലുള്ള ഒരു നിർദ്ദേശവും ഇവിടെനിന്നും നൽകിയിട്ടില്ല. അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തൽസമയംതന്നെ കൊടുക്കുന്ന രീതി സ്വീകരിച്ചാൽ മതിയാകും.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ചതിൽ പരാതി എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കും.

## IV ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ ജോൺ ഫെർണാണ്ടസ്, ഇ. കെ. വിജയൻ, കെ. എസ്. ശബരീനാഥൻ എന്നിവരെ പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യുന്നു.

## V അടിയന്തരപ്രമേയം

അനധികൃത നിയമനം

മി. സ്പീക്കർ: പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഇടംപിടിച്ച് ജോലിക്കായി കാത്തിരിക്കുന്ന വിദ്യാർത്ഥികളെ വഞ്ചിച്ചുകൊണ്ട് സംസ്ഥാനത്തെ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന ദിവസവേതന, കരാർ നിയമനങ്ങളും താല്ക്കാലിക നിയമനങ്ങളും സ്ഥിരപ്പെടുത്തുന്നതും സംസ്ഥാനത്തെ യുവജനങ്ങളിലുണ്ടാക്കിയിട്ടുള്ള ആശങ്കയും അസംതൃപ്തിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം അടിയന്തര സ്വഭാവമുള്ളതാണോയെന്നതാണ് ആദ്യമായി ഉയരുന്ന ചോദ്യം. പല ആവർത്തി പൊതുമണ്ഡലത്തിൽ ഉന്നയിച്ച അടിസ്ഥാനരഹിതമായ ആക്ഷേപ ങ്ങളുടെ ആവർത്തനം മാത്രമാണ് ഈ പ്രമേയത്തിൽ കാണുന്നത്. ഈ ഘട്ടത്തിൽ ഇത്തരമൊരു പ്രമേയം അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകതയുള്ളതായി കാണുന്നില്ല. ഈ സർക്കാരിന്റെ കാലയളവിൽ പിൻവാതിൽ നിയമനങ്ങൾ

നടക്കുന്നുവെന്ന ആക്ഷേപമാണ് കുറേ നാളുകളായി പറഞ്ഞുവരുന്നത്. ഇപ്പോഴത്തെ സർക്കാരിന് അഴിമതിയില്ലാതെ നിയമനങ്ങൾ സുതാര്യമായി നടത്തണമെന്ന ഉറച്ച നിലപാടാണുള്ളത്. പരമാവധി നിയമനങ്ങൾ ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും അതുവഴി നിയമനങ്ങൾ നടത്താനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് 151513 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ആരോഗ്യ-സാമൂഹ്യനീതി മേഖലയിൽ നാളിതുവരെ 5985 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. നീതിന്യായ വ്യവസ്ഥയുടെ ശാക്തീകരണത്തിന്റെ ഭാഗമായി, പുതുതായി 1990 തസ്തികകളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമനം നടത്തിയിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റിൽ 4933 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. ഈ രംഗത്ത് ഹയർ സെക്കണ്ടറി തലത്തിൽ മാത്രം 3540 തസ്തികകളും ഉന്നത വിദ്യാഭ്യാസ മേഖലയിൽ 721 പുതിയ തസ്തികകളും 27000 സ്ഥിരം തസ്തികകളും ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. താൽക്കാലിക തസ്തികകൾകൂടി ഉൾപ്പെടുത്തിയാൽ ഇത് 44000 വരും. സർക്കാർ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാനും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുമുള്ള പ്രക്രിയ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ഐ.എം.ജി., ഹൗസിംഗ് കമ്മീഷണറേറ്റ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, യുവജനക്ഷേമ ബോർഡ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, വഖഫ് ബോർഡ്, റീജിയണൽ കാൻസർ സെന്ററിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കമ്പനി, ബോർഡ്, കോർപ്പറേഷൻ തുടങ്ങിയ 52 സ്ഥാപനങ്ങളിലെ നിയമനം ഇതിനകം പി.എസ്.സി.-ക്ക് വിടുകയും ചെയ്തിട്ടുണ്ട്. നിയമനചട്ടം രൂപീകരിക്കാനും പി.എസ്.സി.-ക്ക് വിടാനുമുള്ള നടപടിക്രമങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ കാര്യത്തിൽ അത് സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികളും സ്വീകരിക്കും. ഇതിന്റെ ഭാഗമായി, സെക്രട്ടറിമാരുടെ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. നിയമന/പ്രൊമോഷൻ കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കും സ്പെഷ്യൽ റൂൾ ഉണ്ടാകണമെന്നതാണ് സർക്കാരിന്റെ നയം. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള നിയമനം സുതാര്യമായ പ്രക്രിയയിലൂടെ ഉറപ്പാക്കുന്ന നയമാണ് സർക്കാരിനുള്ളത്. ഇതിനോടൊപ്പം സർക്കാർ തൊഴിലന്വേഷകർക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കെ.എ.എസ്. പരീക്ഷാ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ

സൗജന്യ പരിശീലനം നൽകിയിരുന്നു. ഇതുമാത്രമല്ല, സ്വയം തൊഴിൽ കണ്ടെത്താനുള്ള പരിശീലനങ്ങളും നൽകിവരുന്നുണ്ട്. ഇതിന്റെ ഭാഗമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത സംയുക്ത സ്വയംതൊഴിൽ പദ്ധതി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണ് 'മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്ബ്'. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതർ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണ് 'ശരണ്യ'. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി 2016 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർക്കാർ മേഖലകളിൽ മാത്രമല്ല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്. 2020 സെപ്റ്റംബർ 1, ഡിസംബർ 9 കാലയളവിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച ആദ്യഘട്ട 100 ദിന പരിപാടികളുടെ ഭാഗമായി 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഈ ലക്ഷ്യം നേടിയെന്ന് മാത്രമല്ല, 116440 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. സർക്കാർ മേഖലയിൽ മാത്രമല്ല, ഉൽപ്പാദന-സേവന മേഖലകളിൽ സംരംഭകത്വത്തിന് അനുകൂലമായ നിക്ഷേപ കാലാവസ്ഥ സൃഷ്ടിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സുഭിക്ഷ കേരളം, ചെറുകിട സംരംഭങ്ങൾ സുഗമമാക്കൽ നിയമം എന്നീ പരിപാടികളിലൂടെ അനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഐ.ടി. മേഖലയിൽ 5244000 സ്ക്വയർ ഫീറ്റിൽ തൊഴിലുകൾ സൃഷ്ടിക്കാൻ ഇതിനകം സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം 3550000 സ്ക്വയർ ഫീറ്റിൽ തൊഴിലിടത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. ഇതെല്ലാം ഈ മേഖലയിലെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഈ സർക്കാരിന്റെ കാലയളവിൽ പിൻവാതിൽ അനധികൃത നിയമനങ്ങൾ നടക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ന്യൂഡൽഹി കേരള ഹൗസിന്റെ കാര്യത്തിൽ കാണാൻ കഴിയുന്നത് എന്താണ്? കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി 2015

നവംബർ 30-ന് നിയമസഭയിൽ നൽകിയ മറുപടിയിൽ, ന്യൂഡൽഹിയിലെ കേരള ഹൗസിൽ 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ 40 പേരെ സ്ഥിരപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. ഇപ്പോഴാകട്ടെ, മെറിറ്റ്-സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എഴുത്തുപരീക്ഷയിലൂടെയും ഇന്റർവ്യൂവിലൂടെയും ഈ മേഖലയിൽ പരിചയമുള്ള സ്ഥാപനമായ എൽ.ബി.എസ്.-നെ ഏൽപ്പിച്ചാണ് ഈ പ്രക്രിയ സുതാര്യമായി നടത്തുന്നത്. ഇതാണോ പിൻവാതിൽ നിയമനം; അതോ യു.ഡി.എഫ്. നടത്തിയതാണോ പിൻവാതിൽ നിയമനം? പരമാവധി ഒരു വർഷത്തേയ്ക്കുള്ള കരാർ, കൺസൾട്ടൻസി നിയമനങ്ങൾ, ചില സാഹചര്യങ്ങളിൽ അനിവാര്യമാണ്. ചില പ്രത്യേക മേഖലകളിൽ വിശിഷ്യാ പശ്ചാത്തല സൗകര്യ പ്രോജക്ടുകളിലും നൂതന സാങ്കേതികവിദ്യ വിനിയോഗം ചെയ്യപ്പെടുന്ന മേഖലയിലും പ്രത്യേക പരിജ്ഞാനവും പ്രാവീണ്യവുമുള്ള ആളുകൾ ആവശ്യമായി വരുമ്പോൾ കൺസൾട്ടൻസി സ്ഥാപനങ്ങൾ വഴി സുതാര്യത ഉറപ്പുവരുത്തിക്കൊണ്ട് ഹ്രസ്വകാല നിയമനങ്ങൾ നടക്കാറുണ്ട്. അവ സർക്കാർ നിയമനങ്ങളല്ല, പി.എസ്.സി.-ക്ക് നോട്ടിഫൈ ചെയ്യേണ്ട തസ്തികകളുമല്ല. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ താൽപ്പര്യങ്ങൾക്കനുസരിച്ചുള്ള തൊഴിൽ ലഭ്യമാക്കാൻ സർക്കാർ സർവ്വീസിലെ ഒഴിവുകളിൽ പി.എസ്.സി. വഴിയുള്ള നിയമനം ഉറപ്പാക്കുന്നതിന് പുറമേ, കേരളത്തിൽ പശ്ചാത്തല മേഖലയിൽ വൻതോതിൽ നിക്ഷേപങ്ങൾ നടത്തി അതിലൂടെ കൈവരിക്കാൻ കഴിയുന്ന ഉയർന്ന സാമ്പത്തിക വളർച്ചയും കൂടുതൽ തൊഴിൽ അവസരങ്ങളും എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു ആവശ്യകതയുമില്ല.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കൂലിപ്പണിക്കാരായ അച്ഛന്റെയും അമ്മയുടെയും മകനായി ജനിച്ച്, സാധാരണ സാഹചര്യങ്ങളിൽനിന്ന് കഠിനാധ്വാനം ചെയ്ത് പഠിച്ചുവന്ന് ഡിഗ്രിയും പി.ജി.-യും എടുത്ത് പി.എസ്.സി. കോച്ചിംഗിനുപോയി വർഷങ്ങളോളം ഉറക്കമിളച്ച് പഠിച്ച്, പഠിക്കാൻ പണത്തിനുവേണ്ടി പിന്നെയും കൂലിപ്പണിക്ക് പോയ ഒരു ചെറുപ്പക്കാരൻ, എക്സൈസ് റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ 77-ാം റാങ്കുകാരനായി വന്ന ചെറുപ്പക്കാരൻ ആദ്യം അന്വേഷിച്ചത് കഴിഞ്ഞ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടിയിട്ടുണ്ടെന്നുള്ളതാണ്. 145-ലധികം ആളുകളെ മെയിൻ ലിസ്റ്റിൽനിന്നും അക്കോമഡേറ്റ് ചെയ്തിട്ടുണ്ടെന്ന് അറിയുന്ന ചെറുപ്പക്കാരൻ താൻ ഒരു സർക്കാർ ജോലിക്കാരനാകും, എന്റെ കുടുംബ ത്തിന്റെ ബാദ്ധ്യതകൾ ഏറ്റെടുക്കാനാകും, എന്റെ കുടുംബത്തിന്റെ നെടുംതൂണാകാൻ എനിക്ക് കഴിയും എന്നുറച്ച് വിശ്വസിച്ചു. ആ ചുറ്റുപാടിലുള്ള ആളുകൾ, ചെറുപ്പക്കാർ, കുടുംബാംഗങ്ങൾ, ക്ലബ്ബിലെ സഹപ്രവർത്തകർ അവരെല്ലാവരും അനുമോദനങ്ങളുമായി വീട്ടിലെത്തി. സിവിൽ എക്സൈസ് ഓഫീസറായി നിയമിതനാകാൻ പോകുന്ന ആ നാടിന്റെ പ്രിയപ്പെട്ട ചെറുപ്പക്കാരന് അഭിവാദ്യങ്ങൾ അറിയിച്ച് വീടിന്റെ ചുറ്റുവട്ടത്ത്

അവർ ഫ്ലക്സ് വച്ചു. മറ്റൊരു റാങ്ക് ലിസ്റ്റും നിലവിൽ ഇല്ലാതിരിന്നിട്ടും, ആ വകുപ്പിലെ പ്രൊമോഷൻ സമയത്തിന് നൽകാത്തതിന്റെ കാരണങ്ങൾകൊണ്ടുതന്നെ ഈ ചെറുപ്പക്കാരനൾപ്പെടെയുള്ളവർക്ക് തൊഴിൽ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഒന്നോ രണ്ടോ പേർക്കെങ്കിലും തൊഴിൽ കൂടുതൽ കിട്ടിയിരുന്നെങ്കിൽ ആ പട്ടികയിൽ ഈ ചെറുപ്പക്കാരൻ വരുമായിരുന്നുവെന്ന് ഉറച്ച ബോദ്ധ്യം സർക്കാരിനും ബന്ധപ്പെട്ടവർക്കും ഉണ്ടായിരുന്നു. എന്നിട്ടും, വേറൊരു റാങ്ക് ലിസ്റ്റും നിലവിൽ ഇല്ലാതിരുന്നിട്ടും ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിപ്പിക്കണമെന്ന ചിലരുടെ പിടിവാശിമൂലം കാരക്കോണത്തെ അനു എന്ന ചെറുപ്പക്കാരൻ 'ഇനി മറ്റുള്ളവരുടെ മുമ്പിൽ ചിരിച്ച് അഭിനയിക്കാൻ വയ്യ' എന്ന ഒരു കുറിപ്പ് എഴുതി ആത്മഹത്യ ചെയ്യുകയാണുണ്ടായത്. സർക്കാരിന് അതിനേക്കാൾ വലിയ കരണത്തടിയൊന്നും കേരളത്തിലെ ചെറുപ്പക്കാർ ഇതിനുമുമ്പ് നൽകിയിട്ടില്ല. ആ ചെറുപ്പക്കാരന്റെ ആത്മാവിന് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. യോഗ്യതയില്ലാതിരുന്നിട്ടല്ല, പി.എസ്.സി. പരീക്ഷ എഴുതാതിരുന്നിട്ടല്ല, പഠിക്കാതിരുന്നിട്ടല്ല, ജയിക്കാതിരുന്നിട്ടല്ല, റാങ്ക് ലിസ്റ്റിൽ വരാതിരിന്നിട്ടല്ല, പക്ഷേ ചിലരുടെ പിടിവാശിമൂലം ഒരു ചെറുപ്പക്കാരന്റെ ജീവൻ നഷ്ടപ്പെടുത്തിയിട്ട് എന്താണ് ഗവൺമെന്റിന്റെ അതിനുള്ള സമീപനമെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിലും നമ്മൾ കേട്ടു. ഇത് ചർച്ച ചെയ്യേണ്ട എന്നാണ് കേരളത്തിന്റെ മുഖ്യമന്ത്രി പറയുന്നത്. ഈ നാട്ടിലെ ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ അൽപ്പസമയം സഭയിൽ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറല്ലെങ്കിൽ, ആയിരക്കണക്കിന്, ലക്ഷക്കണക്കിന് യോഗ്യതയുള്ള ചെറുപ്പക്കാരോട് സഭ കാണിക്കുന്ന ഏറ്റവും വലിയ അനീതിയായിരിക്കും അത്. ഈ നാടിന്റെ ഭാവിതലമുറയെ സംബന്ധിച്ച് ഒരു ആശങ്കയും ഇല്ലാത്ത ഒരുപറ്റം ആളുകളായി സഭയിൽ ഇരിക്കുന്നവരെ മുഴുവൻ അവർ വിലയിരുത്തുന്നതലത്തിൽ കാര്യങ്ങളെ കൊണ്ടുപോകരുത്. അവനു വേണ്ടിയല്ലാതെ മറ്റാർക്കുവേണ്ടിയാണ് ഈ ചർച്ചകൾ നമ്മൾ സംഘടിപ്പിക്കേണ്ടത്? ഇവിടെ ഒരുപാട് മാധ്യമങ്ങൾ നിയമനങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകൾ നടത്തി. അങ്ങനെയൊരു സംഭവമേ ഇവിടെ നടന്നിട്ടില്ലെന്നാണ് മുഖ്യമന്ത്രി പറയുന്നത്. എല്ലാവരും നിരന്തരം വാർത്തകൾ കൊടുക്കേണ്ടിവന്നു. ഓരോ ദിവസവും ഉത്തരവുകൾ പുറത്തിറങ്ങുകയായിരുന്നു. ഓരോ ദിവസവും യോഗ്യതയില്ലാത്ത ആളുകളെ, താൽക്കാലികക്കാരെ പല പേരിൽ സ്ഥിരപ്പെടുത്തുന്നതിന്റെ ഉത്തരവുകളുടെ ഘോഷയാത്ര കേരളം കണ്ടിട്ടും യുവജന വഞ്ചനയിൽ സർവ്വകാല റെക്കോർഡിട്ട ഒരു ഗവൺമെന്റ് ഒന്നുമുണ്ടായിട്ടില്ല എന്ന പേരിൽ കണ്ണടയ്ക്കാൻ ശ്രമിക്കുമ്പോൾ ഇരുട്ടിലാകുന്നത് കേരളത്തിലെ ചെറുപ്പക്കാരന്റെ ഭാവിയാണെന്ന്, മറുപടി പറയുന്നവരും ഉത്തരവാദിത്തപ്പെട്ട ആളുകളും ഓർമ്മിക്കണമെന്ന് ഞാൻ വിനീതമായി ഓർമ്മപ്പെടുത്തുന്നു. ഏഷ്യാനെറ്റിന്റെ ഒരു പരമ്പരയിൽ ഒരു ചെറിയ ബൈറ്റ് കാണാനിടയായി. ആലപ്പുഴ ജില്ലയിൽനിന്നുള്ള ധന്യ, അതുപോലെ

എറണാകുളം ജില്ലയിൽനിന്നുള്ള സൗമ്യ രണ്ട് റാങ്ക് ലിസ്റ്റിലുൾപ്പെട്ട രണ്ട് പെൺകുട്ടികൾ; അവർ രണ്ടുപേരും പറയുന്നത് ഞങ്ങൾ ഒന്നാം റാങ്കുകാരായിരുന്നു വെന്നാണ്. എച്ച്.എസ്.എ.-യിലെ ഒന്നാം റാങ്കുകാരായി അവർ തെരഞ്ഞെടുക്കപ്പെട്ടു. ഒരു പി.എസ്.സി. പരീക്ഷയിൽ ഒന്നാം റാങ്ക് കിട്ടുമ്പോൾ രണ്ടുപേരും മിനിമം പ്രതീക്ഷിക്കുന്നത് ആ ജോലിയിലേയ്ക്ക് തങ്ങൾ തെരഞ്ഞെടുക്കപ്പെടുമെന്നുള്ള ഉറപ്പാണെങ്കിൽ സാങ്കേതികത്വത്തിന്റെ പേര് പറഞ്ഞ് നിയമനങ്ങൾ നടത്താതെ, സമയബന്ധിതമായി ഇടപെടാതെ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ, ആ ചെറുപ്പക്കാർക്ക്, ഒന്നാം റാങ്കുകാർക്കുപോലും തൊഴിൽ കൊടുക്കാതെ അവരെ മാറ്റിനിർത്തുന്ന ഗവൺമെന്റിന്റെ പോർവിളികളാണ് ഇവിടെ ഇത്തരത്തിൽ ഒന്നും സംഭവിച്ചിട്ടില്ല എന്ന് പറയുന്നത്. എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അനേകം ഉദ്യോഗാർത്ഥികൾ എല്ലാ എം.എൽ.എ.-മാരെയും അവരവരുടെ വീടുകളിലും ഓഫീസുകളിലും വന്ന് കണ്ടുകൊണ്ടിരിക്കുകയാണ്. അത് എന്റെയും നിങ്ങളുടെയും ഔദാര്യത്തിനു വേണ്ടിയല്ല മറിച്ച് അവരുടെ അവകാശത്തിനുവേണ്ടിയാണ്. അവർ നടത്തുന്ന പോരാട്ടം ചർച്ചചെയ്യാൻ ഈ സഭയ്ക്ക് സമയവും ഒഴിവും ഇല്ലെങ്കിൽ കേരളത്തിലെ ചെറുപ്പക്കാരോട് ഇതിലും വലിയ എന്ത് അനീതിയാണ് ഈ ഗവൺമെന്റിന് കാണിക്കാനുള്ളത്? എൽ.ജി.എസ്. റാങ്ക് ലിസ്റ്റുകളിൽനിന്ന് കഴിഞ്ഞകാലത്ത് നടന്ന നിയമനങ്ങളുടെ കണക്കുകൾ അവർ പുറത്തുവിടുന്നു. ഈ നാട്ടിൽ പി.എസ്.സി.-ക്കുനേരെ ഇന്നുവരെയുണ്ടായിട്ടുള്ള മുഴുവൻ ആക്ഷേപങ്ങളും പരിശോധിക്കുമ്പോൾ, കേരളത്തിലെ പബ്ലിക് സർവ്വീസ് കമ്മീഷനെ വെറും പാർട്ടി സർവ്വീസ് കമ്മീഷനായി അധഃപതിപ്പിച്ച്, പോലീസ് റാങ്ക് ലിസ്റ്റ് മുഴുവൻ അട്ടിമറിച്ച്, പരീക്ഷയിൽ ക്രമക്കേട് നടത്തി, സ്വന്തം സഹപാഠിയുടെ നെഞ്ചിൽ കത്തി കുത്തിയിറക്കുന്നവരെ ഒന്നും രണ്ടും റാങ്കുകളിലേയ്ക്ക് പ്രതിഷ്ഠിക്കുന്ന നാണംകെട്ട നാടകം കേരളത്തിന്റെ മണ്ണിൽ നടന്നതിന്റെ പേരിൽ കാലാവധി പൂർത്തിയായിപ്പോയ ഒരു ലിസ്റ്റിലെ ചെറുപ്പക്കാരുടെ, തങ്ങൾക്ക് ജോലി ലഭിക്കണമെന്നുള്ള നിരന്തര ആവശ്യത്തെ പിൻകാലുകൊണ്ട് തൊഴിച്ചവർ പിൻവാതിൽ അല്ലാതെ മുൻവാതിലുകൾ കേരളത്തിലെ ചെറുപ്പക്കാർക്ക് മുന്നിൽ തുറന്നു കൊടുത്തിട്ടില്ലെന്നത് മുഖ്യമന്ത്രി എത്ര നിഷേധിച്ചാലും ഒരു വസ്തുതയാണെന്നത് കണക്കുകൾ പറയുന്നുണ്ട്. എക്സൈസ്, ഡ്രൈവർ തുടങ്ങിയ ഏത് ലിസ്റ്റെടുത്ത് പരിശോധിച്ചാലും അവർ ഉൾപ്പെട്ട റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്താനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന ആവശ്യവുമായി ചെറുപ്പക്കാർ ജനപ്രതിനിധികളുടെ മുന്നിൽ കയറിയിറങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഒരു കാര്യം ഞങ്ങൾ ഓർമ്മപ്പെടുത്തുന്നു, ആരുടെയും ഔദാര്യമല്ല അവർ ചോദിക്കുന്നത്. എ.കെ.ജി. സെന്ററിലേയ്ക്ക് നിയമനം നടത്തുന്നതുപോലെ സർക്കാർ സർവ്വീസിലേയ്ക്ക് നിയമനം നടത്താൻ പാടില്ലെന്നാണ് അവർ പറയുന്നത്. അതിന് പാർട്ടിയുടെ കൊടിയോ നിറമോ അല്ല, മറിച്ച് അറിവും യോഗ്യതയുമാണ് മാനദണ്ഡമാകേണ്ടത്. അത് ഇവിടെ

അട്ടിമറിക്കപ്പെടുകയാണ്. ഒന്നാം റാങ്ക് വാങ്ങിയവർക്കുപോലും ലഭിക്കാത്ത ജോലി വേണ്ടപ്പെട്ടവർക്ക് പലർക്കും ലഭിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ ചെറുപ്പക്കാരുടെയും കൊച്ചാപ്പമാരും ചിറ്റപ്പൻമാരും ബന്ധുക്കളും മന്ത്രിമാരല്ലാത്തത് അവരുടെ കുറവാണോ? അവർ പി.എസ്.സി. പരീക്ഷ എഴുതി പാസ്സായവരാണ്. ജോലി ലഭിക്കണമെങ്കിൽ പാർട്ടി നേതാക്കളുടെ ബന്ധുക്കളാകണോ? സി.പി.ഐ.(എം) എന്ന പാർട്ടിക്കകത്ത് ചർച്ചയാകുന്ന തരത്തിൽ എത്ര ബന്ധു നിയമനങ്ങൾ ഈ ഗവൺമെന്റ് നടത്തി. ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയ പ്രധാനപ്പെട്ട നിയമനങ്ങളിലൊന്ന് ശ്രീമതി സ്വപ്ന സുരേഷിന്റേതാണ്. ആളുകൾ സാധാരണ കാലിനനുസരിച്ചാണ് ചെരുപ്പ് ഇടാറുള്ളതെങ്കിൽ ചെരുപ്പിനനുസരിച്ച് കാൽ മുറിക്കുന്ന രീതിയിൽ ഒരു വ്യക്തിക്കുവേണ്ടി മുഴുവൻ നടപടിക്രമങ്ങളും അട്ടിമറിച്ച് വലിയ താത്പര്യത്തോടെ ആനയിച്ച് കൊണ്ടുവന്ന് ജോലി കൊടുത്തു. പി.ജി. പഠിച്ച അനുവിന് ഒരു മുഴം കയറാണെങ്കിൽ പത്താം ക്ലാസ് പാസ്സായിട്ടുണ്ടോയെന്ന് സംശയമുള്ള ശ്രീമതി സ്വപ്ന സുരേഷിനെ ചീഫ് സെക്രട്ടറിയേക്കാൾ വലിയ ആനുകൂല്യത്തോടെ ഈ ഗവൺമെന്റ് ജോലിക്കെടുത്തത് ആരുടെ കാലത്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശമ്പളമെത്രയാണെന്ന് നമുക്കറിയാം ഇവിടെ ഇരിക്കുന്ന 141 പേരോടും ഒരൊറ്റക്കാര്യം പറയുന്നു- എന്റെയും നിങ്ങളുടെയും ശമ്പളത്തേക്കാൾ, ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ശമ്പളത്തേക്കാൾ അടിസ്ഥാന ശമ്പളത്തോടെയാണ് ശ്രീമതി സ്വപ്ന സുരേഷിനെ ഈ ഗവൺമെന്റ് ജോലിക്ക് വച്ചിരുന്നത്. അനുവിന് കിട്ടാത്ത നീതി ശ്രീമതി സ്വപ്ന സുരേഷിന് കൊടുക്കുമ്പോൾ, ഒരു മാസം അവരെ തീറ്റിപ്പോറ്റാൻ ഈ ഗവൺമെന്റ് ചെലവാക്കിയത് 3,18,000 രൂപയാണ് എന്നുള്ളത് നിങ്ങൾ ഓർക്കണം. അതിൽ കൺസൾട്ടൻസികൾക്കും വിഷൻ ടെക്കിനും പി.ഡബ്ല്യു.സി. ഉൾപ്പെടെയുള്ള ആളുകൾക്കും ഒന്നര ലക്ഷം രൂപ കൊടുക്കണം. ശ്രീമതി സ്വപ്ന സുരേഷിന് ശമ്പളം കൊടുക്കുമ്പോൾ അതിന്റെ ഒരുപകുതി ഇവർക്ക് കൊടുക്കണം. ജി.എസ്.ടി. ആയി 48,000 രൂപ അതിൽനിന്ന് തിരിച്ച് കിട്ടുന്നതൊഴിച്ചാൽ അത് മുഴുവൻ ഈ ഗവൺമെന്റ് ചെലവഴിക്കുന്നത് ആർക്കുവേണ്ടിയാണ്? ഇത്തരത്തിലുള്ള കാര്യങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യമുണ്ടായിട്ടും വളരെ പ്രയാസത്തോടെ ചെറുപ്പക്കാർ അവരുടെ വേദനകൾ പറയുമ്പോൾ ഒരൽപ്പം സമയം അവർക്കുവേണ്ടി നീക്കിവയ്ക്കാൻ കഴിയാതെ പോകുന്നു എന്നുള്ളത് തീർച്ചയായും പ്രധാനപ്പെട്ട കാര്യമാണ്.

പിൻവാതിൽ നിയമനങ്ങളെ സംബന്ധിച്ച് അങ്ങനെയൊന്നും ഉണ്ടായിട്ടില്ലെന്ന് അങ്ങിവിടെ പറഞ്ഞു. ലൈബ്രറി കൗൺസിലിലേയ്ക്ക് ആളുകളെ സ്ഥിരപ്പെടുത്താൻ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് ഇറക്കിയ ഉത്തരവ് നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റ് അത് റദ്ദ് ചെയ്തപ്പോൾ അവിടെ കേസുകൾ ആരംഭിച്ചു. ആ നിയമന ഉത്തരവുകൾ റദ്ദ് ചെയ്തുവെന്ന് മാത്രമല്ല

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ലൈബ്രറി കൗൺസിലിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയും ചെയ്തു. അതിനുശേഷം ഈ ഗവൺമെന്റ് വന്നു. പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങളിൽ പി.എസ്.സി.-യുടെ വിശ്വസ്തത ഏറ്റവുമധികം സംരക്ഷിക്കാൻ ശ്രമിക്കുന്നവരാണെന്ന് അവകാശപ്പെടുന്ന ഈ ഗവൺമെന്റ് വീണ്ടും താത്ക്കാലികക്കാരെ സ്ഥിരപ്പെടുത്താനുള്ള നീക്കം നടത്തി. കോടതിയിൽ കേസ് പോയി. ഒരു വിരോധാഭാസം, അന്ന് ലൈബ്രറി കൗൺസിലിൽനിന്ന് പിരിച്ചു വിടപ്പെട്ടവർക്കുവേണ്ടി കേസ് നടത്തിയ വക്കീലിനെ ഈ ഗവൺമെന്റ് അഡ്വക്കേറ്റ് ജനറലായി നിയമിച്ചുവെന്നതാണ്. പി.എസ്.സി. വഴി നിയമനം നടക്കണം, യോഗ്യതയുള്ള ആളുകൾക്ക് നിയമനം ലഭിക്കണം, താത്ക്കാലികക്കാരെ സ്ഥിര പ്പെടുത്തുന്ന നയമല്ല വേണ്ടത് എന്ന ആവശ്യം മുൻ സർക്കാർ കോടതിയിൽ വച്ചിരുന്നുവെങ്കിൽ അന്ന് വാദിഭാഗം അഭിഭാഷകനായിരുന്ന, ഇപ്പോൾ അഡ്വക്കേറ്റ് ജനറലായി തെരഞ്ഞെടുക്കപ്പെട്ട ആൾ കോടതിയിൽ പറയുകയാണ്, പി.എസ്.സി. വേണ്ട, യോഗ്യത വേണ്ട, റാങ്ക് ലിസ്റ്റ് വേണ്ട, ഇഷ്ടമുള്ളവരെ നിയമിക്കട്ടെയെന്ന്. ഇതിനെ പിൻവാതിൽ നിയമനമെന്നല്ലാതെ മറ്റെന്താണ് കേരളം വിളിക്കേണ്ടതെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി മറുപടി പറയണം. ആരാണോ ഇവർക്കുവേണ്ടി കേസ് നടത്തിയത് അവർ തന്നെ സർക്കാരിന്റെയും വക്കീൽ ആകുകയാണ്. പി.എസ്.സി. വഴി നിയമനം നടത്തേണ്ടതില്ല, പകരം ഇവരെത്തന്നെ സ്ഥിരപ്പെടുത്താമെന്ന് അഡ്വക്കേറ്റ് ജനറൽ കോടതിയിൽ പറയുന്നു. ഞങ്ങൾ ഏതെങ്കിലും തരത്തിൽ ആരോപണം ഉന്നയിക്കുന്നത് മാത്രമാണോ? ടൂറിസം ഡിപ്പാർട്ടുമെന്റിലെ ഒരു ഫയൽ എന്റെ പക്കലുണ്ട്. അവിടെ ആളുകളെ സ്ഥിരപ്പെടുത്തുകയാണ്. പി.എസ്.സി.-യുടെ നിയമന അധികാര പരിധിക്കപ്പുറത്തുനിന്ന് ഏഴുപേരെ സ്ഥിരപ്പെടുത്താൻ തീരുമാനമെടുക്കുകയാണ്. ആ ഫയലിന്റെ ബാക്ക്ഫയൽ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്, ധനകാര്യ വകുപ്പ് ഒരുപാട് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 'ആയതിനാൽ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ യോജിക്കാൻ കഴിയില്ലെന്ന് ' ഭരണ വകുപ്പിനെ അറിയിക്കുന്നു.

മി. സ്പീക്കർ: യെസ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് ഇന്നയിന്ന കാരണങ്ങളാൽ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന് നിയമ വകുപ്പ് പറയുന്നു.

മി. സ്പീക്കർ: യെസ്.... ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരു തരത്തിലും ഇതിനോട് യോജിക്കാൻ കഴിയില്ല, ചെറുപ്പക്കാരുടെ വിഷയമാണ്. അങ്ങുൾപ്പെടെ ഈ സഭയിൽ അവതരിപ്പിച്ച കാര്യങ്ങളാണ്.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ വിഷയത്തിനപ്പുറത്ത് ഒന്നും പറയുന്നില്ല. വിനോദസഞ്ചാര വകുപ്പിന് കീഴിൽ പി.എസ്.സി. മുഖേന നിയമനം നടത്താത്തതും നിലവിൽ ഒഴിവുള്ളതുമായ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ധനകാര്യം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, നിയമം എന്നീ വകുപ്പുകളുടെ അഭിപ്രായങ്ങൾ മറികടന്ന് അവരെ നിയമിക്കാൻ സാധിക്കുമോ എന്നുള്ള ചോദ്യമാണ് അവസാനം കാബിനറ്റിന്റെ മുന്നിൽ തീരുമാനമെടുക്കേണ്ട വിഷയം എന്ന പേരിൽ വരുന്നത്. മൂന്ന് വകുപ്പുകളുടെ എതിർപ്പിനെ മറികടന്ന് നിയമനം നടത്താമോ എന്ന് ചോദിക്കുമ്പോൾ, കാബിനറ്റ് തീരുമാനിക്കുന്നത് ആരെതിർത്താലും ശരി അവരെ സ്ഥിരപ്പെടുത്തിയേ തീരൂ എന്ന ഉത്തരവിറക്കാനാണ്.

മി. സ്പീക്കർ: കൺക്ലൂഡ്...കൺക്ലൂഡ്. 12 മിനിട്ട് കഴിഞ്ഞു. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഏത് ഡിപ്പാർട്ടുമെന്റിന്റെ കാര്യം പരിശോധിച്ചാലും ഇതുതന്നെയാണ് അവസ്ഥ. സാംസ്കാരിക വകുപ്പിന്റെ ഫയലിൽ ഇതേ അഭിപ്രായം അവസാനം ചോദിക്കുന്നു. നിയമ - ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിലെ എതിർപ്പ് മറികടന്ന് ഭാരത് ഭവനിലെ നിലവിലുള്ള അംഗീകൃത ഓഫീസ് അറ്റൻഡർ തസ്തികയിലേയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിയമനം നൽകാമോ? നിയമിക്കാമെന്ന് കാബിനറ്റ് തീരുമാനിക്കുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, തൊഴിൽ വകുപ്പിലും ഇതുപോലെ ചോദിക്കുന്നു. അവസാനത്തെ സ്റ്റേറ്റ്മെന്റ് പോയിന്റ് ഓഫ് ഡിസിഷൻ ഈ വകുപ്പുകളുടെ എതിർപ്പിനെ മറികടന്ന് നിയമനം നടത്താമോ; എന്നു ചോദിക്കുന്നു. കാബിനറ്റ് പറയുന്നു നിയമിക്കാം. KILA-യിൽ പത്ത് താത്ക്കാലികക്കാരെ സ്ഥിരപ്പെടുത്തി. Lecturer തസ്തികയിലുള്ള ഒരാൾക്ക് പി.എച്ച്.ഡി. വേണമെന്ന് KILA-യുടെ ബൈലോ പറയുമ്പോൾ അതുപോലും ഇല്ലാത്ത ആളുകളെ സ്ഥിര നിയമനം നൽകി നിയമിച്ച് ഉത്തരവിറക്കിയിട്ട് ഇവിടെ പിൻവാതിൽ നിയമനം നടത്തിയിട്ടില്ലെന്ന് പറയുന്നതിൽ അർത്ഥമുണ്ടോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പി.എസ്.സി.-യിൽ പതിനായിരക്കണക്കിന് ചെറുപ്പക്കാർ പഠിച്ച് പാസ്സായി ജോലിക്കായി കാത്തുനിൽക്കുമ്പോഴാണ് കെൽട്രോണിൽ സ്ഥിരനിയമനത്തിനായി 296 പേരുടെ ലിസ്റ്റ് ഈ ഗവൺമെന്റ് പരിഗണിച്ചത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇടത് അദ്ധ്യാപക സംഘടനകളുടെ രൂക്ഷമായ എതിർപ്പുണ്ടായിട്ടുപോലും പാർട്ടി തീരുമാനമെന്ന പേരിൽ SCOLE Kerala-യിൽ നിരവധി നിയമനങ്ങൾ വഴിവിട്ട് നടത്തിയതിന്റെ രേഖകൾ മുഴുവൻ ഇന്ന് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ലഭ്യമാകുകയാണ്.

മി. സ്പീക്കർ: ഇതൊക്കെ ആദ്യം പറയാമായിരുന്നില്ലേ?

ശ്രീ. ഷാഫി പറമ്പിൽ: സർ, താൽക്കാലിക നിയമനങ്ങൾ നേടിയവരുടെ പാർട്ടിയുടെ നിറം നോക്കി അവരെ സ്ഥിരപ്പെടുത്തുന്നതിന്റെ, യുവജനവിരുദ്ധ തയുടെ ഘോഷയാത്രയും സർവ്വകാല റെക്കോർഡുമാണ് ഈ ഗവൺമെന്റ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 100 ദിനങ്ങൾ കൊണ്ട് ഞങ്ങൾ തൊഴിൽ നൽകിയെന്ന് പറയുന്നവരുടെ ലിസ്റ്റിൽനിന്നുള്ള ആകെ നിയമനമെന്ന് പറയുന്നത് 12,566 ആണ്. അങ്ങനെ നൽകിയതിൽ 12,350 പേരെയും താൽക്കാലികക്കാരായി നിയമിച്ചിട്ട് നിങ്ങൾ പി.എസ്.സി.-ക്കുവേണ്ടി നടത്തുന്ന പ്രസംഗം ആര് വിശ്വസിക്കാനാണ്. സർവ്വകലാശാലകളിൽ ഞാനും നിങ്ങളും ഉൾക്കൊള്ളുന്ന ഇവിടത്തെ പ്രതിനിധികൾ സമരം ചെയ്യുകയും പ്രക്ഷോഭം നടത്തുകയും ചെയ്തിട്ടുള്ളവരാണ്. പിന്നോക്കക്കാരുടെയും ഭിന്നശേഷിക്കാരുടെയും ബാക്ക് ലോഗുകൾ അട്ടിമറിച്ച്, സിൻഡിക്കേറ്റിനുമുമ്പിൽ ഫയൽപോലും വരാതെ കോഴിക്കോട് സർവ്വകലാശാലയിൽ 116 അദ്ധ്യാപകരെ നിയമിക്കാൻ തീരുമാനമെടുക്കുകയാണ്. അനദ്ധ്യാപക ജീവനക്കാരുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടും അതംഗീകരിക്കാതെ സർവ്വകലാശാലകളിൽ ആളുകളെ നിയമിക്കാൻ തീരുമാനമെടുത്തതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി അത് റദ്ദ് ചെയ്യാനുള്ള സാഹചര്യമുണ്ടായി. താൽക്കാലിക ജീവനക്കാരുടെ എണ്ണം പത്രങ്ങളിൽ വന്നു. മലയാള മനോരമ ദിനപ്പത്രത്തിൽ വന്നത്, വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടപ്പോൾ 1.17 ലക്ഷം താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞുവെന്നാണ്. താൽക്കാലിക നിയമനം പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ ഇരട്ടിയാണ്. സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലേതു കൂടി കൂട്ടിയാൽ രണ്ടര ലക്ഷത്തിലധികമെന്ന് ഇവിടത്തെ പത്ര മാധ്യമങ്ങൾ പറയുന്നു. മറ്റൊരു റാങ്ക് ലിസ്റ്റ് നിലവിലില്ലെന്ന് അറിഞ്ഞിട്ടും റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊടുക്കാതെ, അതിനെ അവസാനിപ്പിച്ച് റാങ്ക് ലിസ്റ്റുകളുടെ ശവപ്പറമ്പായി മാറ്റിയിട്ട് അവിടെയെല്ലാം താൽക്കാലികക്കാരെ തിരുകിക്കയറ്റാനുള്ള ശ്രമങ്ങൾ ഈ കേരളത്തിന്റെ മണ്ണിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒരൊറ്റകാര്യം ഞങ്ങൾ ഓർമിപ്പിക്കുന്നു, ഇവിടെ ന്യായീകരണ ക്യാപ്സൂളുകൾ വിഴുങ്ങുകയും വിതരണം ചെയ്യുകയും ചെയ്യുന്ന എന്നതിനപ്പുറത്തേയ്ക്ക് എന്തെങ്കിലും ഉത്തരവാദിത്വം ഇവിടത്തെ ഇടത് യുവജനസംഘടനകൾക്കുണ്ടെങ്കിൽ, ഈ ചെറുപ്പക്കാർക്കുവേണ്ടി ഒരു മൗനപ്രാർത്ഥനയെങ്കിലും നടത്തണമെന്ന് അവരോട് പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ കരണത്തടിയെപ്പറ്റി പറഞ്ഞു, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 19 തവണ കരണത്തടി വാങ്ങിയതൊന്നും ആരും മറന്നിട്ടുണ്ടാകില്ലെന്ന് ഞങ്ങൾ കരുതുന്നു. ഇതിലും വലിയ അടി വരാനിരിക്കുന്നുണ്ട്. അത് കേരളത്തിലെ യുവജനങ്ങളുടേതാണ്. അവരുടെ

യോഗ്യതയെയും കഠിനാധ്വാനത്തെയും വിദ്യാഭ്യാസത്തെയും കഷ്ടപ്പാടിനെയും പ്രയാസങ്ങളെയും അവഗണിച്ച്, സർക്കാർ തൊഴിൽ കൊടിപിടിച്ചവർക്ക് തീറെഴുതിക്കൊടുക്കുന്നവർക്കെതിരായിട്ടുള്ള പ്രതികരണം അധികം വൈകാതെ ഈ സർക്കാർ അറിയും; അതിനുവേണ്ടി കാത്തിരിക്കണം എന്നുപറയുന്നു. ഈ കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ശക്തമായി ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, യുവതലമുറയുടെ ജോലിപ്രശ്നം ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്. അതിലെ ഏറ്റവും പ്രധാനമായ ഭാഗം, ചെലവ് ചുരുക്കലിന്റെ പേരിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനെതിരെ നിയമന നിരോധന ഉത്തരവ് പുറപ്പെടുവിച്ച കേന്ദ്ര സർക്കാർ നടപടിയെക്കുറിച്ച് യുവജനങ്ങൾക്കുവേണ്ടി സംസാരിക്കുന്ന ബഹുമാന്യനായ യുവജന നേതാവിന് എന്തുകൊണ്ടോ പറയാൻ കഴിഞ്ഞില്ല. എട്ട് ലക്ഷം ഒഴിവുകൾ കേന്ദ്രസർക്കാർ സർവ്വീസിൽ നികത്താനുള്ളപ്പോഴാണ് ഈ നിയമന നിരോധനമുണ്ടായിട്ടുള്ളത്. ഇത് യു.പി.എ. ഗവൺമെന്റിന്റെ കാലം മുതൽ തുടങ്ങിയ നടപടികളുടെ തുടർച്ചയാണ്. മറ്റ് പരിഗണനകളെല്ലാം മാറ്റിവച്ചാൽ, എട്ട് ലക്ഷം ഒഴിവുകൾ കേന്ദ്രസർക്കാർ നികത്താത്തതിനെ സംബന്ധിച്ച് സാധാരണഗതിയിൽ ഒരു യുവജന നേതാവിന്റെ ഭാഗത്തുനിന്ന് പ്രതികരണമുണ്ടാകേണ്ടതായിരുന്നു. 2019 ഡിസംബർ 12-ന് റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് ഫലപ്രഖ്യാപനം നടത്തിയ അസിസ്റ്റന്റ് ലോക്കോ പൈലറ്റ് തസ്തികയിൽ 64371 ഒഴിവുകളുണ്ട്. അതിൽ നിയമനം നടത്തിയിട്ടില്ല. അതുപോലെ 2019 ഫെബ്രുവരി 13-ന് വിജ്ഞാപനം പുറപ്പെടുവിച്ച ആർ.ആർ.ബി. ഗ്രൂപ്പ് 'ഡി' തസ്തികയിലെ ഒഴിവുകളുടെ എണ്ണം 103,769 ആണ് അപേക്ഷകരുടെ എണ്ണം ഒരു കോടി പതിനാറ് ലക്ഷമാണ്. അപേക്ഷാ ഫീസായി പിരിച്ചതുതന്നെ 500 കോടി രൂപയാണ്. പക്ഷേ, പരീക്ഷപോലും നടന്നില്ല. ഇത്തരം പ്രശ്നങ്ങൾക്കെതിരെ ഒരക്ഷരം ശബ്ദിക്കാതെ കൃത്യമായി നിയമനം നടത്തുന്ന സംസ്ഥാന സർക്കാരിനെതിരെ ആക്ഷേപമുന്നയിക്കാനാണ് ചിലർക്ക് താൽപ്പര്യം. സംസ്ഥാന സർക്കാർ കൃത്യമായി നിയമനം നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ആർക്കും ബോദ്ധ്യമുള്ളതാണ്. പി.എസ്.സി.-യുടെ ഭാഗത്തുനിന്ന് ഉദ്യോഗാർത്ഥികൾക്കനുകൂലമായ ഒട്ടേറെ നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്പെഷ്യൽ റൂളുകളുടെ അനോമലി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷനിറക്കിയാൽ രണ്ട് വർഷത്തിനുള്ളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നുണ്ട്. ചില പ്രധാന മേഖലകളിലെ പരീക്ഷകളിൽ ഓൾ ഇന്ത്യ സർവ്വീസ് മാതൃകയിൽ പ്രാഥമിക പരീക്ഷ നടത്തി അതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാമതും പരീക്ഷ നടത്തി ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. ഇതിന്റെയൊരു പ്രത്യേകത ഏറ്റവും ഗുണനിലവാരമുള്ളവരെ സിവിൽ സർവ്വീസിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നുള്ളതാണ്.

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ തസ്തികകളിലും പി.എസ്.സി. തന്നെയാണ് നിയമനം നടത്തുന്നത്. അത്തരം തസ്തികകളിലൊന്നും മറിച്ച് നിമയനം നടത്തുന്ന രീതിയുണ്ടായിട്ടില്ല. കംപാഷണേറ്റ് ഗ്രൗണ്ട്, സ്പോർട്സ് ക്വോട്ട ഇങ്ങനെയുള്ള കാര്യങ്ങളിൽ മാത്രമാണ് വ്യത്യസ്തമായ നിയമനം നടക്കുന്നത്. അതുപോലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ റിക്രൂട്ട്മെന്റിന് അവരുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അതിനനുസരിച്ചുള്ള ക്വാളിഫിക്കേഷൻ നിശ്ചയിച്ച് പി.എസ്.സി. മുഖാന്തരം നേരിട്ട് അപേക്ഷ സ്വീകരിച്ച് ഇന്റർവ്യൂ നടത്തുന്ന രീതിയും സ്വീകരിച്ചിട്ടുണ്ട്. പോലീസിലും എക്സൈസിലും പ്രിമിറ്റീവ് ട്രൈബിനെ റിക്രൂട്ട് ചെയ്യുന്നതിന് ഇത്തരം നടപടി സ്വീകരിക്കുന്നുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച നടപടികളും കാര്യങ്ങളും പുകമറസൃഷ്ടിക്കാനുള്ള ശ്രമമായാണ് കാണേണ്ടത്. റാങ്ക് ലിസ്റ്റുകളിലുള്ള മുഴുവൻ ആളുകൾക്കും നിയമനം ലഭിക്കണമെന്ന് സ്വാഭാവികമായും റാങ്ക് ലിസ്റ്റിലുള്ളവർ ആഗ്രഹിക്കുമെങ്കിലും നിശ്ചിത എണ്ണം ആളുകൾ മാത്രമേ സാധാരണനിലയിൽ നിയമിക്കപ്പെടുകയുള്ളൂ. നിയമിക്കപ്പെടാത്തവർ സ്വാഭാവികമായും നിരാശരാകും. തിരുവനന്തപുരത്തുണ്ടായ നിർഭാഗ്യകരമായ ഒരു സംഭവം അദ്ദേഹം ഉന്നയിക്കുകയുണ്ടായി. തിരുവനന്തപുരത്ത് അനു എന്ന വ്യക്തി ആത്മഹത്യ ചെയ്തത് അങ്ങേയറ്റം നിർഭാഗ്യകരമായ സംഭവമാണ്. പി.എസ്.സി. നടത്തിയ സിവിൽ എക്സൈസ് ഓഫീസർ പരീക്ഷയിൽ അദ്ദേഹം 77-ാം റാങ്കുകാരനായി ഉൾപ്പെട്ടിരുന്നു. ഒഴിവുകൾ ഉള്ളതിന്റെ അഞ്ചിരട്ടിയോളം ആളുകളെ ഉൾപ്പെടുത്തിയാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. അതിനാൽ ലിസ്റ്റിലുൾപ്പെടുന്ന മഹാ ഭൂരിപക്ഷം ആളുകളും നിയമനം ലഭിക്കാത്തവരായി മാറുകയാണ്. ഇത്തരമൊരു സാഹചര്യം യുവാക്കളിൽ നിരാശ സൃഷ്ടിക്കുന്ന സ്ഥിതിയുണ്ട്. ഇത് കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന അതീവ ഗൗരവതരമായ പ്രശ്നമാണ്. ഇത് സ്വാഭാവികമായും പരിശോധിക്കുന്നതിന് സംവിധാനം വേണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. അത്തരമൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ചില മേഖലകളിലുള്ള നിയമനങ്ങളെക്കുറിച്ചാണ് ഇവിടെ അദ്ദേഹം ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം, ദശാബ്ദങ്ങളായി ജോലി ചെയ്യുന്നവരും പി.എസ്.സി.-യിൽ അവസരം ലഭിക്കാത്തവരുമായ ആളുകളെ സ്ഥിരപ്പെടുത്തണമെന്നത് സാധാരണഗതിയിൽ ഈ സഭയുടെ ഇരുപക്ഷത്തുമുള്ള അംഗങ്ങൾ നിവേദനം നൽകുന്ന കാര്യമാണ്. മാനുഷിക പരിഗണനയുടെ പേരിൽ അത്തരത്തിലുള്ള നിയമനങ്ങൾ നടത്തേണ്ടതായി വരും. ഇങ്ങനെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡം ഇത് പി.എസ്.സി. ഉദ്യോഗാർത്ഥികളെ യാതൊരു വിധത്തിലും ബാധിക്കാൻ പാടില്ലെന്നതാണ്. പത്തിരുപത് വർഷം സർവ്വീസിലിരുന്ന ഒരാൾ ആ ജോലിയുടെ ഭാഗമായി കഴിഞ്ഞല്ലോ; അങ്ങനെയുള്ള ഒരാളെ പിരിച്ചുവിടുന്ന അവസ്ഥ ആലോചിച്ചുനോക്കൂ; ഇങ്ങനെ സ്ഥിരപ്പെടുത്തുന്നത് അദ്ദേഹം പറഞ്ഞതുപോലെ ഏതെങ്കിലുമൊരു

പക്ഷക്കാരെയല്ല, എല്ലാ വിഭാഗക്കാരെയുമാണ്. സർക്കാരിനെ വിമർശിക്കാൻ പറയുമ്പോൾ പക്ഷം ചാർത്തി പറയുന്നത് സ്വാഭാവികമാണ്. നമ്മുടെ സമൂഹത്തിന്റെ ഒരു പരിച്ഛേദം ഈ തരത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ദീർഘകാലമായി ജോലി ചെയ്യുന്നവരാണ്. മൂന്നുമാസമോ ഒരു വർഷമോ കുറഞ്ഞ കാലയളവിൽ ജോലി ചെയ്തവരെയല്ല, ചുരുങ്ങിയത് പത്ത് വർഷത്തെ സർവ്വീസുള്ള ആളുകളെ പരിഗണിക്കുന്ന നിലയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അത് ഏതെങ്കിലും തരത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിനെയോ മറ്റ് റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികളെയോ ബാധിക്കുന്ന കാര്യമല്ല. ഇത്തരത്തിൽ താൽക്കാലികക്കാരെ എല്ലാകാലത്തും എല്ലാ സർക്കാരിനും നിയമിക്കേണ്ടി വന്നിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജലസേചന വകുപ്പിൽ 290 ആളുകളെ ഇത്തരത്തിൽ നിയമിച്ചതായി കാണാൻ സാധിക്കും. മത്സ്യഫെഡിൽ 113 പേരും വനം-വന്യജീവി വകുപ്പിൽ 99 പേരെയും നിയമിച്ചിട്ടുണ്ട്. ന്യൂഡൽഹി കേരളാ ഹൗസിൽ 40 പേർക്ക് സ്ഥിര നിയമനം നൽകിയ കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നു. കേരളാ ഹൗസിന്റെ നിയമനകാര്യത്തിൽ മൂന്ന് വർഷം സർവ്വീസുള്ളവരെയാണ് പരിഗണിച്ചത്. ഇവിടെ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടത്, പൊതു ഭരണ വകുപ്പിൽ അനേകം വർഷങ്ങളായി ജോലി ചെയ്തിരുന്ന സെക്യൂരിറ്റി ഗാർഡുകൾ തങ്ങളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സർക്കാരിന് അപേക്ഷ നൽകി. ഇതുസംബന്ധിച്ച് 7-12-2015-ൽ അന്നത്തെ മുഖ്യമന്ത്രി നൽകിയ മറുപടി ഞാൻ വായിക്കാം: "പൊതുഭരണ സെക്രട്ടേറിയറ്റിൽ അനേകം വർഷങ്ങളായി സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 27 സെക്യൂരിറ്റി ഗാർഡുമാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ച് സർക്കാരിന് നിരന്തരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. ആയതിന്റെ നടപടികൾ പൂർത്തീകരിച്ച് ഉത്തരവായപ്പോഴേയ്ക്കും പി.എസ്.സി. സെക്യൂരിറ്റി ഗാർഡ് റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും ചെയ്തു. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്ത ഒഴിവുകളിൽ 25 എണ്ണം തിരികെ വിളിപ്പിച്ച് ആയതിലേയ്ക്ക് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണുണ്ടായത്". പി.എസ്.സി. നടത്തിയ പരീക്ഷയ്ക്കും അവരുടെ റാങ്ക് ലിസ്റ്റിനും അന്ന് സർക്കാർ എത്ര വലിയ പരിഗണനയാണ് നൽകിയതെന്നതിന്റെ ഉത്തമമായ തെളിവായിട്ടാണ് ഇത് കാണാൻ സാധിക്കുന്നത്. ഇന്ന് മറ്റൊരു ന്യായം പറയുമ്പോൾ ഇതിനകത്തുള്ള ഫലിതം എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. എൽ.ഡി.എഫ്. സർക്കാർ നാലുവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സർക്കാർ മേഖലയിൽ 51707 പേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. എന്നാൽ യു.ഡി.എഫ്. അഞ്ച് വർഷം താൽക്കാലിക നിയമനം നൽകിയത് 45436 ഉദ്യോഗാർത്ഥി കൾക്കാണ്. പിൻവാതിൽ നിയമനമാണ് നടക്കുന്നതെങ്കിൽ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് വഴി 51707 പേരെ നാലുവർഷക്കാലത്തിനുള്ളിൽ നിയമിക്കുന്നതിനുള്ള സ്ഥിതിയുണ്ടാകുമോ? ഇതാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 10-2-2016 വരെ സ്ഥിര നിയമനം നടത്തിയവരുടെ എണ്ണം 7220 ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6-11-2019 വരെ സ്ഥിര നിയമനം നൽകിയവരുടെ എണ്ണം 7693 ആണ്. കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുമാത്രമേ അത്തരം നടപടികളിലേയ്ക്ക് സർക്കാർ കടക്കുകയുള്ളൂവെന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ അഡ്വക്കേറ്റ് ജനറലിന്റെ സ്ഥാനത്തിനുള്ള അർഹതയെക്കുറിച്ച് ആർക്കും സംശയമില്ലാത്ത ഒരു കാര്യമാണ്. എന്തിനാണ് ബഹുമാന്യനായ അംഗം അങ്ങനെയൊരു വാദം ഉന്നയിച്ചത്? ശരിയല്ലാത്തൊരു പരാമർശം വന്നതുകൊണ്ട് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ, അതിലേയ്ക്ക് കൂടുതൽ പോകുന്നില്ല. നമ്മുടെ നാട്ടിലെ ചെറുപ്പക്കാരുടെ ആശങ്കകൾ എല്ലാ രീതിയിലും കണക്കിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യകതയും ഇല്ല.

ശ്രീ. കെ. സി. ജോസഫ്: റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന എല്ലാവരെയും നിയമിക്കാൻ കഴിയില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. ഈ ഗവൺമെന്റ് സ്ഥിരപ്പെടുത്തിയവരുടെ പട്ടികയിലുൾപ്പെട്ട ആളുകളിൽ ഗണ്യമായൊരു വിഭാഗം ആളുകളും ഈ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവരാണോയെന്ന് പുനഃപരിശോധിക്കണം. ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ച ധന്യ, സൗമ്യ എന്നിവർ അദ്ധ്യാപകർക്കുള്ള അവർ ഉൾപ്പെട്ട റാങ്ക് ലിസ്റ്റുകളിലെ ഒന്നാമത്തെ റാങ്കുകാരാണ്. അവരെ എന്തുകൊണ്ടാണ് നിയമിക്കാതിരുന്നത്; ലിസ്റ്റിലുള്ള എല്ലാവരെയും നിയമിച്ചില്ലെങ്കിലും ഒന്നാം റാങ്കുകാരെ നിയമിക്കണ്ടേ; അങ്ങ് അത് പരിശോധിക്കുമോ?

11.00 AM]

ശ്രീ. പിണറായി വിജയൻ: സർ, സാധാരണനിലയ്ക്ക് ബഹുമാന്യനായ കെ. സി. ജോസഫിനെപ്പോലെ ഒരാൾക്ക് ഇതിന്റെ നടപടിക്രമങ്ങൾ അറിയാത്തതുകൊണ്ട് ചോദിക്കുന്നതല്ല. ഇതൊരു പ്രചരണത്തിനുവേണ്ടിയുള്ള വഴിയായാണ് കാണുന്നത്. ഈ ഗവൺമെന്റ് നിശ്ചയിച്ച് അവരെ സ്ഥിരപ്പെടുത്തുക എന്ന നിലപാട് സർക്കാർ അംഗീകരിച്ചിട്ടേയില്ല. പത്ത് വർഷമെങ്കിലും സർവ്വീസുള്ള ആളുകളെ മാനുഷിക പരിഗണനവച്ച് പി.എസ്.സി. ലിസ്റ്റിൽ ആൾ വരാനില്ലാത്ത സ്ഥലത്ത് നിയമനം നൽകി എന്നതുമാത്രമാണ് സർക്കാർ ചെയ്തിട്ടുള്ളത്. എത്രയോ കാലമായി സർവ്വീസിൽ ഇരിക്കുന്നവരെ സ്ഥിരപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞ കാര്യം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

നിയമിച്ചു, അതായത് നാല് വർഷം അല്ലെങ്കിൽ അഞ്ച് വർഷം; അങ്ങനെയൊരാളെയും കാണിക്കാനാവില്ല; ഒരാളുമില്ല. അതാണ് അതിൽ വ്യക്തത വരുത്താനുള്ളത്. മറ്റേത് തീർത്തും സാധാരണഗതിയിൽ സംഭവിക്കാനിടയില്ലാത്തൊരു കാര്യമാണ്. എന്താണെന്ന് പ്രത്യേകമായി അദ്ദേഹം ഉന്നയിക്കട്ടെ; അതുസംബന്ധിച്ച് പരിശോധിക്കേണ്ട കാര്യം ഞാൻ പരിശോധിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. അവതരിപ്പിച്ച ഈ അടിയന്തരപ്രമേയത്തിന് വളരെ ലാഘവത്തോടുകൂടിയാണ് ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 158680 പേർക്കാണ് പി.എസ്.സി.-യിലൂടെ നിയമനം നൽകിയതെങ്കിൽ ഈ ഗവൺമെന്റ് 151513 പേർക്കാണ് നിയമനം നൽകിയത്. ഇപ്പോൾ കൺസൾട്ടൻസി നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും വലിയ തോതിൽ നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ള ആക്ഷേപം വളരെ ശക്തമാണ്. അതിന് ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞത് വളരെ ലാഘവത്തോടുകൂടിയാണ്. രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളും സുപ്രീം കോടതി വിധികളും ഏതൊരു ഗവൺമെന്റിനും ബാധകമായിട്ടുള്ളവയാണ്. അവയെ കാറ്റിൽ പറത്തിക്കൊണ്ട് ഒരു ഗവൺമെന്റിനും പ്രവർത്തിക്കാൻ സാധ്യമല്ല എന്നുള്ള കാര്യം അദ്ദേഹം മനസ്സിലാക്കണം. ഇപ്പോൾ സ്കൂളുകളിൽ അധ്യാപക നിയമനത്തിനുവേണ്ടി അഡ്വൈസ് ചെയ്ത 5000 പേർക്ക് കഴിഞ്ഞ ആറുമാസമായി നിയമനം നൽകിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 22058 പുതിയ പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്തത്. പിൻവാതിൽ നിയമനങ്ങളും കൺസൾട്ടൻസി നിയമനങ്ങളും താല്ക്കാലിക നിയമനങ്ങളും വ്യാപകമാകുന്നുവെന്നുള്ള പരാതികൾ ഇന്ന് റാങ്ക് ഹോൾഡേഴ്സ് മാത്രമല്ല, കേരളത്തിലെ എല്ലാ ജനങ്ങളും ഉറക്കെപ്പറയുന്ന കാര്യമാണ്. നഷ്ടത്തിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂട്ടനിയമനത്തിനുള്ള നീക്കം, നിയമനം ചർച്ച ചെയ്യാൻ കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ചുള്ള സ്ഥാപനമേധാവികളുടെ യോഗം - കോഴിക്കോടാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ അടിയന്തരമായി ആളുകളെ നിയമിക്കണമെന്നുള്ള നിർബന്ധബുദ്ധിയോടുകൂടിയുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത് ഗൗരവത്തോടെ നമ്മൾ കാണണ്ടേ? ബോർഡുകളിലും കോർപ്പറേഷനുകളിലും സഹകരണ സ്ഥാപനങ്ങളിലും തിരക്കിട്ട് സ്ഥിരപ്പെടുത്തൽ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ചീഫ് സെക്രട്ടറിയുടെ

ഓഫീസിൽ നിയമന ഉത്തരവ് ഇറക്കിയത് 'MINT' ആണ്. ആരാണ് 'MINT' എന്നുപറയുന്ന സ്വകാര്യ സ്ഥാപനം; അവർക്ക് ചീഫ് സെക്രട്ടറിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെ ഓഫീസിലുമൊക്കെ റിക്രൂട്ട് ചെയ്യാനുള്ള എന്തധികാരമാണുള്ളത്? സെക്രട്ടേറിയറ്റിലെ പ്രധാനപ്പെട്ട ഓഫീസുകളിൽ 'MINT' എന്നുപറയുന്ന സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസിയാണ് ആളുകളെ നിയമിക്കുന്നത്; പിന്നെ പി.എസ്.സി. എന്തിനാണ്? ഇവിടെ കട്ടുംവെട്ട് നടക്കുകയാണ്. ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്നതോടുകൂടി കേരളത്തിലെ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങി എല്ലായിടത്തും വ്യാപകമായ തോതിലുള്ള പിൻവാതിൽ/കൺസൾട്ടൻസി നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡ് പോലെയുള്ള സ്ഥലങ്ങളിൽ ആരോടും ചോദിക്കാതെ ധാരാളം നിയമനങ്ങൾ നടക്കുന്നു. 50000 പേർക്ക് ജോലി കൊടുത്തുവെന്ന് പറയുന്നു. എവിടെയാണെന്ന് എനിക്കറിയില്ല. താല്ക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും ഇഷ്ടക്കാർക്കും സ്വന്തക്കാർക്കുംവേണ്ടി മാത്രം നടത്തുന്ന ഒരു പ്രക്രിയയാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. എന്റെ കയ്യിൽ ഒരു കത്തുണ്ട് (കത്ത് ഉയർത്തിക്കാണിച്ചു) കേരളാ സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി ചെയർമാൻ ശ്രീ. കമൽ സാംസ്കാരികകാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന് 17-8-2020-ൽ നൽകിയ കത്താണ് എന്റെ കയ്യിലുള്ളത്. അക്കാദമിയുടെ ഡെപ്യൂട്ടി ഡയറക്ടർ, പ്രോഗ്രാം മാനേജർ എന്നീ തസ്തികകളിലേയ്ക്കുള്ള നാല് കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള കത്താണ്. താല്ക്കാലിക ജീവനക്കാരായി പണിയെടുക്കാൻ തുടങ്ങിയിട്ട് മുഖ്യമന്ത്രി പറയുന്നതുപോലെ പത്ത് വർഷമൊന്നും ആയിട്ടില്ല, വെറും നാലുവർഷം മാത്രം; ഈ സർക്കാരിന്റെ കാലത്തുതന്നെ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരാണ്. ശ്രീ. കമലിന്റെ കത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. "ഇടതുപക്ഷ അനുഭാവികളും പുരോഗമന മൂല്യങ്ങളിലൂന്നിയ സാംസ്കാരിക പ്രവർത്തന രംഗത്ത് നിലകൊള്ളുന്നവരുമായ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ചലച്ചിത്ര അക്കാദമിയുടെ ഇടതുപക്ഷ സ്വഭാവം നിലനിർത്തുന്നതിന് സഹായകരമായിരിക്കും" എന്ന് ഒരു കത്ത് എഴുതിയിരിക്കുകയാണ്. ആ കത്ത് ഞാൻ അങ്ങേയ്ക്ക് തരാം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇത്തരം ഒരു കത്ത് ഒരാൾ കൊടുത്തു. അതും ഈ ഗവൺമെന്റുമായി എന്താണ് ബന്ധം?

ശ്രീ. രമേശ് ചെന്നിത്തല: ചലച്ചിത്ര അക്കാദമിയുടെ ചെയർമാനായിരിക്കുന്ന വ്യക്തി ഈ ഗവൺമെന്റിന്റെ കാലത്ത് നാലുപേരെ നിയമിച്ച് സ്ഥിരപ്പെടുത്തുന്നത് അവർ ഇടതുപക്ഷ അനുഭാവികളായതുകൊണ്ടാണ്. ചലച്ചിത്ര അക്കാദമിയുടെ

ഇടതുപക്ഷ സ്വഭാവം നിലനിർത്താൻ ഇത് അനിവാര്യമാണെന്ന് പറഞ്ഞാണ് കത്ത് കൊടുക്കുന്നത്. ഇതാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന് മന്ത്രി എഴുതിയത് 'examine and put up' എന്നാണ്. മന്ത്രി സ്ഥലത്തില്ല, കോവിഡ് ബാധിച്ചതുകാരണം അദ്ദേഹം എത്തിയില്ല. ഭരണഘടന തൊട്ട് സത്യംചെയ്ത ഒരു മന്ത്രി അത് പരിശോധിക്കാനായി ഏർപ്പാട് ചെയ്യുകയാണ്. ഇതുപോലെയാണ് നിയമനങ്ങളെല്ലാം നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പത്ത് വർഷം കഴിഞ്ഞവരെയാണ് സ്ഥിരപ്പെടുത്തുന്നത് എന്നാണ്. ഇവിടെ നാലുവർഷം കഴിഞ്ഞിട്ടേയുള്ളൂ. ഒരു ഉദാഹരണം മാത്രമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഇതുപോലെയാണ് ഇന്ന് ഗവൺമെന്റ് ഓരോ ആളുകളേയും വിവിധ സ്ഥാപനങ്ങളിൽ നിയമിച്ചുകൊണ്ടിരിക്കുന്നത്. പ്രീതിയോ ഭേദമോ പക്ഷപാതമോ കൂടാതെ നിഷ്പക്ഷമായി ഭരണം നടത്തുമെന്ന് സത്യപ്രതിജ്ഞാ വാചകം ചൊല്ലി അധികാരത്തിൽ വന്നിട്ടുള്ള ഒരു ഗവൺമെന്റിനും ഇത് ഭൂഷണമല്ല എന്നുള്ളത് നമ്മൾ കാണേണ്ട കാര്യമാണ്. ചലച്ചിത്ര അക്കാദമി സി.പി.ഐ.(എം)-ന്റെ പോഷകസംഘടനയല്ല. സംസ്ഥാന ഗവൺമെന്റിന്റെ പണംകൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാൽ ന്യായത്തിന്റെയും നീതിയുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ വേണം ഇവിടെ പ്രവർത്തിക്കേണ്ടത്. ഈ സ്ഥിരപ്പെടുത്തൽ മാമാങ്കത്തിന്റെ ഒരു ഭാഗമായി മാത്രം ഞാൻ ഇത് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. എല്ലാ വകുപ്പുകളിലും തകൃതിയായി നിയമനങ്ങൾ നടക്കുന്നു. സുപ്രീം കോടതി വിധിയേയും ഭരണഘടനയേയും കാറ്റിൽ പറത്തിക്കൊണ്ടാണിത്. കിലയിൽ കരാർ/ ദിവസവേതനക്കാരായി പത്തുപേരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയൽ എന്റെ കയ്യിലുണ്ട്. ലക്ചറർ, അസിസ്റ്റന്റ് ഡി.റ്റി.പി. ഓപ്പറേറ്റർ, മൾട്ടി ടാസ്ക് വർക്കർ തുടങ്ങിയ പത്ത് പേരെയാണ് സ്ഥിരപ്പെടുത്തുന്നത്. ഫയൽ നിയമ വകുപ്പിൽ അയച്ചപ്പോൾ, അവർ ഫയലിൽ എഴുതിയത് സുപ്രീം കോടതി വിധിക്കെതിരാണ്; നിയമവിരുദ്ധമാണ്; പ്രസിദ്ധമായ ഉമാദേവി കേസിലെ വിധി ഉദ്ധരിച്ചുകൊണ്ടാണ് നിയമ വകുപ്പ് ഇത് ഫയലിൽ രേഖപ്പെടുത്തിയത്. തദ്ദേശ സ്വയംഭരണ/ധനകാര്യ വകുപ്പുമന്ത്രിമാർ ഇതിനെതിരായി എഴുതിയിട്ടും മന്ത്രിസഭാ യോഗത്തിൽവച്ച് മന്ത്രിസഭ തന്നെ അംഗീകാരം നൽകുകയുണ്ടായി. ഇവിടെ പ്രസക്തമായ ഒരു ചോദ്യം നിയമവിരുദ്ധമായും സുപ്രീം കോടതി വിധിക്കെതിരായും പ്രവർത്തിക്കാൻ ഗവൺമെന്റിന് അവകാശമുണ്ടോ? കിലയിൽ മാത്രമല്ല, വ്യവസായ വകുപ്പിനുകീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലെ ഗ്രാമപഞ്ചായത്തുകൾ, ജലവിഭവ വകുപ്പ്, സാംസ്കാരിക വകുപ്പ്, വിനോദസഞ്ചാര വകുപ്പ് തുടങ്ങിയ വകുപ്പുകളിലെല്ലാം സ്ഥിരനിയമനങ്ങൾ തകൃതിയായി നടത്തിക്കൊണ്ടിരിക്കുന്നു. എല്ലായിടത്തും ഇങ്ങനെ ചെയ്യുന്നത് ശരിയല്ലെന്ന് നിയമ വകുപ്പ് ഫയലിലെഴുതുകയും

ചെയ്തു. വിചിത്രമായ കാര്യങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് നടന്നുകൊണ്ടിരിക്കുന്നത്. നിയമവിരുദ്ധമാണെന്ന് ഉറപ്പുവരുത്തിയശേഷവും അതുതന്നെ ചെയ്തുകൊണ്ടിരിക്കുന്നു. സ്വന്തക്കാരെയും ബന്ധുക്കളെയും യാതൊരു തത്വദീക്ഷയുമില്ലാതെ പോസ്റ്റ് ചെയ്തുകൊണ്ടിരിക്കുന്നു. അതിൽ പാർട്ടി താല്പര്യങ്ങൾ മാത്രമാണുള്ളത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആലോചിക്കണം, കിൻഫ്രയിൽ ഉന്നത തസ്തികകളിലേയ്ക്ക് കുറേ നിയമനങ്ങൾ നടന്നതെല്ലാം പാർട്ടിക്കാർക്കും ബന്ധുക്കൾക്കും വേണ്ടി മാത്രമുള്ളവയായിരുന്നു. കിൻഫ്ര ജൂനിയർ മാനേജർ (കോ-ഓർഡിനേഷൻ) തസ്തികയിൽ ഷൊർണ്ണൂർ എം.എൽ.എ. ശ്രീ. പി. കെ. ശശിയുടെ മകൻ രാഹിലിനാണ് നിയമനം ലഭിച്ചത്. ഈ തസ്തികയിലേയ്ക്കാവശ്യമായ പ്രവൃത്തിപരിചയം അദ്ദേഹത്തിനില്ല. അസിസ്റ്റന്റ് മാനേജർ (കോ-ഓർഡിനേഷൻ) തസ്തികയിൽ ആന്തൂർ മുനിസിപ്പാലിറ്റിയിലെ കൗൺസിലറും മന്ത്രിയുടെ ഏറ്റവും അടുത്ത സുഹൃത്തുമായ ശ്രീ. എ. കണ്ണന്റെ മകൻ ശ്രീ. നിഖിലിനാണ് നിയമനം ലഭിച്ചത്. തളിപ്പറമ്പ് ബ്ലോക്ക് സെക്രട്ടറിയായിരുന്ന ശ്രീ. നിഖിലിന് വേണ്ടത്ര യോഗ്യതയില്ല. ഡെപ്യൂട്ടി മാനേജർ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ശ്രീ. യു.എസ്. രാഹുലിനാണ് നിയമനം ലഭിച്ചത്. റിയാബിന്റെ ചെയർമാനും സി.പി.ഐ.(എം) പ്രവർത്തകനും ഇന്നത്തെ മുഖ്യമന്ത്രി വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന ശ്രീ.ശശിധരൻ നായരുടെ മകളുടെ ഭർത്താവുമാണ് ശ്രീ. യു. എസ്. രാഹുൽ. വിചിത്രമായ ഒരുകാര്യംകൂടി ഈ നിയമനത്തിലുണ്ടായി. 28-5-2019-ന് ഈ തസ്തികയിലേയ്ക്ക് ആദ്യം നോട്ടിഫിക്കേഷൻ വന്നപ്പോൾ ശ്രീ. രാഹുൽ അപേക്ഷിച്ചിരുന്നില്ല, അതുകാരണം ഇന്റർവ്യൂ മരവിപ്പിച്ചു. 8-5-2020-ൽ വീണ്ടും അപേക്ഷ ക്ഷണിച്ചു. അതിലും ഒരു മറിമായമുണ്ടായി. ആദ്യ നോട്ടിഫിക്കേഷനിൽ മിനിമം 10 years experience in HRM എന്നാണ് നിഷ്കർഷിച്ചിരുന്നത്. പക്ഷെ ശ്രീ.രാഹുലിന് യോഗ്യതയില്ലായിരുന്നതിനാൽ രണ്ടാമത്തെ നോട്ടിഫിക്കേഷനിൽ minimum 10 years of relevant experience എന്ന് യോഗ്യത തിരുത്തി, നിയമനം ലഭിച്ചു. അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ സർവ്വീസ്) തസ്തികയിൽ ശ്രീമതി അപർണ്ണ പി.കെ.-യ്ക്കാണ് നിയമനം കിട്ടിയത്. ഇടതുപക്ഷ സഹയാത്രികനും എ.കെ.ജി.സി.ടി.എ.-യുടെ മുൻനേതാവുമായ പ്രൊഫ. കാർത്തികേയൻ നായരുടെ മകൾക്കാണ് നിയമനം. എന്റെ കയ്യിൽ ഇനിയും ലിസ്റ്റുണ്ട്. ഞാൻ എല്ലാം വായിക്കുന്നില്ല. ഇടതുപക്ഷ സഹയാത്രികർക്കും പാർട്ടിനേതാക്കന്മാർക്കും അവരുടെ ബന്ധുക്കൾക്കും ഓരോ സർക്കാർ സ്ഥാപനങ്ങളിലും കിൻഫ്രയടക്കമുള്ള വ്യവസായ വകുപ്പിലെ സ്ഥാപനങ്ങളിലും തകൃതിയായി നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് ചെറുപ്പക്കാർ ഇവിടെ ജോലി കിട്ടാതെ കഷ്ടപ്പെടുമ്പോൾ അവരുടെ കണ്ണീരൊപ്പാൻ കഴിയാത്ത ഈ ഗവൺമെന്റ് സ്വന്തക്കാർക്കും ബന്ധുക്കൾക്കുംവേണ്ടി മാത്രം നിയമനങ്ങൾ നടത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നേരത്തെ പറയുമ്പോൾ ചലച്ചിത്ര അക്കാദമിയുടെ കാര്യം പറഞ്ഞല്ലോ. അതിൽ മന്ത്രിയുടെ റിപ്പോർട്ട് ചോദിച്ച വെന്നുള്ള ഭാഗം അങ്ങ് പറഞ്ഞു. അതിനുശേഷമുള്ളത് അങ്ങയുടെ കയ്യിൽ ചിലപ്പോഴുണ്ടാകും. മന്ത്രി അതിൽ പിന്നീടെഴുതിയത്, ആ പരിഗണനയനുസരിച്ചല്ല സ്ഥിരപ്പെടുത്തുന്നത് എന്ന കാര്യം പറഞ്ഞുകൊണ്ട് ഒഴിവാക്കുകയാണ് ചെയ്തത്. അവരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: ഇങ്ങനെയാണ് ഓരോ ആളുകളും സ്ഥിര പ്പെടുത്തുന്നതിനുള്ള മാനദണ്ഡം കണക്കാക്കപ്പെടുന്നവെന്നുള്ളതാണ് ഞാൻ പറഞ്ഞത്, അതാണ് നടക്കുന്നത്. ശ്രീ. കമലിനെപ്പോലെയൊരാൾക്ക് ഇതെഴുതാൻ അറിയാ ത്തതൊന്നുമല്ലല്ലോ. എനിക്കും അറിയുന്ന ആളാണ് കമൽ. വിഖ്യാതനായ ഒരു സംവിധായകനാണ്. ഇങ്ങനെയെഴുതിയാലേ സ്ഥിരനിയമനം ലഭിക്കുവെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് അദ്ദേഹമെഴുതിയത്; കിട്ടിയില്ല എന്നുള്ളത് വേറൊരു കാര്യം. ഇവിടെ ഈ ഗവൺമെന്റിന്റെ കാലത്ത് ചെയ്യേണ്ടതെങ്ങനെയാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് അദ്ദേഹം എഴുതിയത്. ഐ.ടി. വകുപ്പിലല്ലേ ഏറ്റവും കൂടുതൽ താൽക്കാലിക നിയമനങ്ങൾ നടക്കുന്നത്. ഐ.ടി. വകുപ്പിലെ നിയമനങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. എന്താണ് അതിന്റെ റിസൾട്ട്; റിപ്പോർട്ട് കിട്ടിയോ? ആ നിയമനങ്ങളെ സംബന്ധിച്ച് എന്ത് നടപടിയാണ് എടുത്തത്? ഐ.ടി. വകുപ്പിൽ അങ്ങയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. ശിവശങ്കർ നടത്തിയിട്ടുള്ള ഓരോ നിയമനങ്ങളെ സംബന്ധിച്ചും ആക്ഷേപങ്ങളുണ്ട്. അങ്ങനെയാണ് അതിനെപ്പറ്റി പരിശോധിക്കാൻ അങ്ങൊരു കമ്മിറ്റിയെ നിയോഗിച്ചത്. പത്താം ക്ലാസ്സുകാരിയായ ശ്രീമതി സ്വപ്ന സുരേഷിന് ഉയർന്ന ശമ്പളത്തിൽ നിയമനം കിട്ടിയ കാര്യം ഇവിടെ പറഞ്ഞു. ഇതുപോലെ എത്രയോ ആളുകളെ ഐ.ടി. വകുപ്പിൽ ഐ.ടി. ഫെലോമാരായി നിയമിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഫെലോ ആയി ഒരാളെ നിയമിച്ചു. ഐ.ടി. ഫെലോ ആയി വിവിധ ഐ.ടി. സ്ഥാപനങ്ങളിൽ നിയമനം നടത്തിയതിനെ സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് അങ്ങേയ്ക്ക് ലഭിച്ചിട്ടുണ്ടോ? മറുപടി പറഞ്ഞ കൂട്ടത്തിൽ അങ്ങ് പറയുമെന്ന് ഞാൻ കരുതിയെങ്കിലും പറഞ്ഞില്ല. കൺസൾട്ടൻസി നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും ഇവിടെ വ്യാപകമായി നടന്നുകൊണ്ടി രിക്കുന്നു. ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ ടീമാണ് പഠനം നടത്തുന്നത് എന്നാണ് അങ്ങ് പറഞ്ഞത്. ഇൻസ്പെക്ഷൻ ടീമിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. മിന്റ് എന്നുപറയുന്ന ഒരു സ്വകാര്യ ഏജൻസി സെക്രട്ടേറിയറ്റിൽ മുഴുവൻ നിയമനങ്ങൾ നടത്തുന്നു. ആരാണിവരെ ചുമതലപ്പെടുത്തിയത്? ചീഫ് സെക്രട്ടറിയുടെ ഓഫീസിൽപ്പോലും മിന്റ്

നിയമനങ്ങൾ നടത്തുന്നു. 22 പേരെ അടുത്ത കാലത്ത് നിയമിക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലനിൽക്കുമ്പോൾ; റാങ്ക് ലിസ്റ്റിലെ ആളുകൾക്ക് ജോലി കിട്ടാതെ കഷ്ടപ്പെടുമ്പോൾ ഇവിടെ മറ്റൊരു കൂട്ടർ വ്യാപകമായ തോതിൽ സർക്കാർ സർവ്വീസിൽ പ്രവർത്തിച്ച് ജോലി നേടുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അനധികൃത നിയമനവും പിൻവാതിൽ നിയമനങ്ങളും നടത്താൻ വേണ്ടിയിട്ടാണ് PwC-യുടെ ഓഫീസ് സെക്രട്ടേറിയറ്റിൽ തുടങ്ങാൻ തീരുമാനിച്ചത്. ഇത്തരം കൺസൾട്ടൻസികൾ വരുന്നത് അവർക്കിഷ്ടമുള്ള ആളുകളെ നിയമിക്കാൻ വേണ്ടിയാണ്. പിൻവാതിൽ നിയമനങ്ങളെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിക്ക് ഒരു കത്ത് നൽകി. അദ്ദേഹം വിശദമായ മറുപടി നൽകി. അദ്ദേഹം പറഞ്ഞത് ഇടതുമുന്നണി സർക്കാരിന്റെ കീഴിൽ കേവലം 11674 താൽക്കാലിക ജീവനക്കാരേ ഉള്ളൂവെന്നാണ്. എന്നാൽ വിവരാവകാശ നിയമപ്രകാരം വീണ്ടും അപേക്ഷിച്ചപ്പോൾ അതിൽ പറയുന്നത് സ്പാർക്ക്വഴി ശമ്പളം വാങ്ങുന്ന ജീവനക്കാർ തന്നെ 117267 പേരെന്നാണ്. സ്പാർക്ക് വഴിയല്ലാതെ കൺസൾട്ടൻസിവഴിയും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്ത് ശമ്പളം വാങ്ങുന്നവർ ഇതിന്റെ ഇരട്ടിയുണ്ട്. ഇത്രയധികം പിൻവാതിൽ നിയമനങ്ങൾ കേരള ചരിത്രത്തിൽ ഒരു ഗവൺമെന്റിന്റെ കാലത്തും നടന്നിട്ടില്ല എന്നുള്ള യാഥാർത്ഥ്യം ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാരക്കോണത്ത് ഫാനിൽ തൂങ്ങിമരിച്ച അനു എന്ന ചെറുപ്പക്കാരന്റെ കാര്യം ഇവിടെ പറഞ്ഞു. റാങ്ക് ലിസ്റ്റിൽ വരുന്ന എല്ലാവർക്കും നിയമനം കിട്ടിയെന്ന് വരില്ല. വാസ്തവത്തിൽ മുഖ്യമന്ത്രി പറഞ്ഞത് പോലെയല്ല, ഈ ചെറുപ്പക്കാരന്റെ സ്ഥിതി വ്യത്യസ്തമാണ്. റാങ്ക് ലിസ്റ്റിൽ 77-ാമത് റാങ്കുകാരനായിരുന്നു അനു. അതിന്റെ ഇരട്ടിയോളം വേക്കൻസികൾ നിലവിലുണ്ടായിരുന്ന സമയത്താണ് അനു എന്ന പാവപ്പെട്ട ചെറുപ്പക്കാരന് ഫാനിൽ ജീവിതം അവസാനിപ്പിക്കേണ്ടി വന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടത്തിയ നിയമനത്തെപ്പറ്റി അങ്ങിവിടെ പറഞ്ഞല്ലോ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പി.എസ്.സി.വഴി ഏറ്റവും കൂടുതൽ നിയമനം നടത്തുകയും ഏറ്റവും കൂടുതൽ സ്ഥാപനങ്ങളിൽ പി.എസ്.സി.വഴി നിയമനം നടത്താൻ ചട്ടങ്ങളുണ്ടാക്കിയ കാലവുമായിരുന്നു. 50000 പേർക്ക് തൊഴിൽ കൊടുത്തുവെന്നാണ് പറഞ്ഞത്, എവിടെ കൊടുത്തുവെന്നാണ് പറയുന്നത്. നിങ്ങൾ ഒരുവർഷം 5 ലക്ഷം പേർക്ക് ജോലി കൊടുക്കുമെന്ന് പറഞ്ഞു. ശ്രീ. നരേന്ദ്ര മോഡി ഒരു വർഷം രണ്ട് കോടി ആളുകൾക്ക് ജോലി കൊടുക്കുമെന്ന് പറഞ്ഞു. രണ്ട് ഗവൺമെന്റുകളും തൊഴിൽരഹിതരായ ചെറുപ്പക്കാരെ കബളിപ്പിക്കുന്നു. ഇഷ്ടക്കാരെയും ബന്ധക്കാരെയും നിങ്ങൾക്ക് താല്പര്യമുള്ളവരെയും മാത്രം ജോലിക്കെടുക്കുന്നു. അങ്ങനെ സർക്കാർ സർവ്വീസിനെ പാർട്ടിക്കുവേണ്ടിയിട്ടുള്ള ആയുധമാക്കി മാറ്റിയെടുക്കുന്ന ഈ നടപടിക്കെതിരെ പ്രതിഷേധിച്ചുകൊണ്ട്; ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, അവിടെ താലികെട്ട് ഇവിടെ പാലുകാച്ച്; ഇവിടെ പാലുകാച്ച് അവിടെ താലികെട്ട്. അവിടെ പിൻവാതിൽ നിയമനം, ഇവിടെ സ്ഥിരപ്പെടുത്തൽ; ഇവിടെ സ്ഥിരപ്പെടുത്തൽ, അവിടെ പിൻവാതിൽ നിയമനം. കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ 60 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു. അതുമായി ബന്ധപ്പെട്ട കേസ് നൽകിയ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് പറഞ്ഞ ഒരു കാര്യമുണ്ട്. മരണപ്പെട്ട ഒരാൾക്ക് മുൻകാല പ്രാബല്യത്തോടുകൂടി നിയമനം നൽകുകയും തുടർന്ന് അദ്ദേഹത്തിന്റെ സഹധർമ്മിണിക്ക് സമാശ്വാസ നിയമന വ്യവസ്ഥയിൽ എൽ.ഡി.സി. ആയി നിയമനം നൽകുകയും ചെയ്ത ഒരു വിവാദത്തെക്കുറിച്ചാണ് അവർ പറഞ്ഞത്. മരണപ്പെട്ടയാളെവരെ സ്ഥിരപ്പെടുത്തിയ ഗവൺമെന്റ് പറയുകയാണ് ഞങ്ങളാരെയും സ്ഥിരപ്പെടുത്തിയിട്ടില്ലെന്ന്. നിയമനങ്ങൾ ഒരുസമയത്ത് പി.എസ്.സി.വഴി നടപ്പിലാക്കിയാൽ അതിന്റെ തുടർനിയമനങ്ങൾ പി.എസ്.സി.വഴി മാത്രമേ നടത്താൻ പാടുള്ളൂ എന്നാണ് നിയമം. ആ നിയമം നിലനിൽക്കെയാണ് ലൈബ്രറി കൗൺസിലിൽ 60 പേർക്ക് സ്ഥിരനിയമനം നൽകുന്ന സ്ഥിതിവിശേഷമുണ്ടായത്. ഇവിടെ സ്കൂളുമായി ബന്ധപ്പെട്ട് പറഞ്ഞു. ഇത് എല്ലാവർക്കും കിട്ടുമെന്ന് പറയുന്നു. പക്ഷെ, എല്ലാവർക്കും കിട്ടുമ്പോൾ ചില ആളുകൾക്ക് പ്രത്യേകമായി കിട്ടുന്നത് എങ്ങനെയെന്നുള്ളത് മനസിലാകുന്നില്ല. ഓപ്പൺ സ്കൂളിലെ നിയമനങ്ങൾ സ്ഥിരപ്പെടുത്തിയതിൽ ഒരാൾ എസ്.എഫ്.ഐ.-യുടെ ജില്ലാ ഭാരവാഹിയും മറ്റൊരാൾ ഡി.വൈ.എഫ്.ഐ.-യുടെ സംസ്ഥാന നേതാവിന്റെ സഹോദരിയുമാണ്. അങ്ങനെ കൃത്യമായി ഈ ആളുകൾതന്നെ സ്ഥിരനിയമനങ്ങളിലേയ്ക്ക് കടന്നുവരുന്നത് എങ്ങനെയാണ്? കിലയിൽ 2015-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെടുത്ത തീരുമാനപ്രകാരം ഇനി വരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിരുന്നു. ഇത്രയും കാലമായിട്ടും എത്ര പേർക്ക് പി.എസ്.സി.വഴി മെമ്മോ അയച്ചിട്ടുണ്ട്? ഇപ്പോഴും അവിടെവരുന്ന ഒഴിവുകൾ ധൈര്യപൂർവ്വം പി.എസ്.സി.-ക്ക് വിടാനുള്ള ചങ്കൂറ്റം ഈ ഗവൺമെന്റ് കാണിക്കുന്നില്ല. കെൽട്രോണിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. കെൽട്രോണിന്റെ തീരുമാനം വന്നത് 3-1-2021-ലാണ്. തെരഞ്ഞെടുപ്പ് അടുക്കുമ്പോഴേയ്ക്കും സ്ഥിര നിയമനവും പിൻവാതിൽ നിയമനവും വളരെ ശക്തമായിക്കൊണ്ടിരിക്കുകയാണ്. കെൽട്രോണിൽ 296 ആളുകളെയാണ് സ്ഥിരപ്പെടുത്തിയിരിക്കുന്നത്. സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാന്റെ റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കെൽട്രോണിൽ സ്ഥിരപ്പെടുത്തിയ 296 പേർ യു.ഡി.എഫ്. ഭരണകാലത്ത് നിശ്ചയിച്ചിട്ടുള്ളവരാണെന്ന് മാത്രമല്ല, 15-20 കൊല്ലമായി ജോലി ചെയ്യുന്നവരുമാണ്. അതിൽ കല്യാണം കഴിച്ച് കുടുംബജീവിതം നയിക്കുന്നവരും സ്ത്രീകളുമൊക്കെയുണ്ട്. അവരെയെല്ലാം പിരിച്ചുവിടണമെന്നാണോ നിങ്ങൾ ആവശ്യപ്പെടുന്നത്?

ഡോ. എം. കെ. മുനീർ: ഇവിടെ നിങ്ങൾ ന്യായീകരിച്ചപ്പോൾ പറഞ്ഞത്, അങ്ങനെയൊന്നും സംഭവിക്കുന്നില്ല, കഴിയുന്നത്ര നിയമനങ്ങൾ പി.എസ്.സി.വഴി നടത്തുന്നു എന്നാണ്. നിരവധി ചെറുപ്പക്കാരാണ് പി.എസ്.സി.-യിൽനിന്നും നിയമനം ലഭിക്കാനായി കാത്തിരിക്കുന്നത്. സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന സമയത്താണ് താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നത്. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് എന്തിന് വേണ്ടിയാണ്? പി.എസ്.സി. എന്ന സ്ഥാപനം പ്രഹസനമാണോ? പി.എസ്.സി.-വഴി പരീക്ഷ നടത്തി റാങ്ക്ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം ഒരു വിഭാഗത്തെ അവിടെ നിലനിർത്തുകയും മറുവശത്ത് നമ്മുടെ ഇഷ്ടത്തിനനുസരിച്ച് കുറേയാളുകളെ നിയമിക്കുകയും ചെയ്യുകയാണ്. പി.എസ്.സി.-യിൽ ഇത്രയും ആളുകൾ കാത്തു നിൽക്കുമ്പോഴാണ്, സംസ്ഥാന ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, യുവജന ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് അസിസ്റ്റന്റ്, കാഷ്യർ തസ്തികകളിലേക്കായി 300 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിരിക്കുന്നത്. പി.എസ്.സി. ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ചെറുപ്പക്കാരുടെ ഭാവി എന്താകും? മുഖ്യമന്ത്രിയുടെ ഓഫീസിൽ വാർ റൂം, അതുപോലെ സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിരവധി ആളുകളെ നിയമിച്ചിട്ടുണ്ട്. സി-ഡിറ്റിന്റെ മറവിലാണ് നിയമിച്ചിരിക്കുന്നത്. അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി സ്പെഷ്യൽ റൂൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സി-ഡിറ്റിൽ 15 വർഷമായി നിയമനത്തിനു വേണ്ടി കാത്തിരിക്കുന്ന ആളുകളാണ് അതിനെതിരെ പ്രതിഷേധിക്കുന്നത്. സി.ഐ.ടി.യു.-ക്കാർ ഉൾപ്പെടെയുള്ളവർ പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുകയാണ്. സി-ഡിറ്റിൽത്തന്നെ കുറച്ചാളുകൾക്ക് മാത്രം പ്രിവിലേജ് കിട്ടുന്നത് എന്തുകൊണ്ടാണ്? മുഖ്യമന്ത്രിയുടെ ഓഫീസിലെ വാർ റൂം, സോഷ്യൽ മീഡിയ എന്നിവ കൈകാര്യം ചെയ്യുന്നതുകൊണ്ട്, ഗവൺമെന്റിനെ പ്രകീർത്തിച്ച് പറയുന്ന കുറേയാളുകളെ മാത്രം നിയമിച്ചുകൊണ്ട് അവരെ സ്ഥിരപ്പെടുത്താൻ സ്പെഷ്യൽ റൂൾ തയ്യാറാക്കികൊണ്ടിരിക്കുകയാണ്. ഈ രീതിയിലുള്ള സമീപനത്തെയാണ് ഞങ്ങൾ എതിർക്കുന്നത്. അതുകൊണ്ട് തെരഞ്ഞെടുപ്പ് അടുത്തുവരുന്ന സമയമാകുമ്പോൾ ധൃതിപ്പിടിച്ച് കുറേയാളുകളെ സ്ഥിരപ്പെടുത്തി, കുറേയാളുകളെ പിൻവാതിൽ നിയമനം നടത്തി നിയമിക്കുകയാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിയമനങ്ങൾ സ്റ്റേ ചെയ്തിരിക്കുകയാണ്. യൂണിവേഴ്സിറ്റികൾ ചട്ടങ്ങൾ നോക്കാതെ ഗാർഡനർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുകയാണ്. ഇത്തരം തസ്തികകൾ പി.എസ്.സി.-ക്ക് വിടണമെന്ന തീരുമാനം കാലിക്കറ്റ് യൂണിവേഴ്സിറ്റി കാറ്റിൽപ്പറത്തിയിരിക്കുകയാണ്. ഇതേ മാതൃകയിൽ മറ്റെല്ലാ യൂണിവേഴ്സിറ്റികളും നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. എനിക്ക് ഏറ്റവും കൂടുതൽ നിവേദനം ലഭിച്ചുകൊണ്ടിരിക്കുന്നത് റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ചെറുപ്പക്കാരുടേതാണ്. എല്ലാ ദിവസവും നിവേദനവുമായി വരുന്നുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകണം, അല്ലെങ്കിൽ കൂടുതൽ ആളുകളെ ലിസ്റ്റിലേയ്ക്ക് ചേർത്ത് വലിയ ലിസ്റ്റാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്ത് ഞാൻ മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. എല്ലാവരെയും പൊതുവിദ്യാഭ്യാസ സ്ഥാപന ങ്ങളിലേയ്ക്ക് കൊണ്ടു വരുന്നതിനായി, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടക്കുന്നതിന്റെ ഭാഗമായി ഒഴിവുകൾക്കനുസൃതമായി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്, ആ റാങ്ക് ലിസ്റ്റ് മുഴുവൻ exhaust ചെയ്തു. പുതിയ റാങ്ക് ലിസ്റ്റ് വന്നിട്ടില്ല. ആ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഭാവിയിൽ വരാനുള്ള ഒഴിവുകളുടെ സാധ്യതകൂടി പരിഗണിച്ചു കൊണ്ട് റാങ്ക് ലിസ്റ്റ് തയ്യാറാക്കണ്ടേ; അതിന് ഗവൺമെന്റ് നൽകിയിട്ടുള്ള നിർദ്ദേശം എന്താണ്? ഗവൺമെന്റിനെ ചെറുതാക്കാനായി കൊണ്ടുവന്നിട്ടുള്ള പ്രമേയമാണെന്ന് നിങ്ങൾ പറഞ്ഞല്ലോ; അല്ല. നിങ്ങൾ നേരിട്ട് ചെറുപ്പക്കാരിൽ നിന്നും ഇത് മനസ്സിലാക്കും. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഫലം വച്ചുകൊണ്ട് ആരും അഹങ്കരിക്കേണ്ട ആവശ്യമില്ല. അതിന് തൊട്ടുമുമ്പുനടന്ന ലോക്സഭ ഇലക്ഷനിൽ 19 സീറ്റും ജയിച്ചവരാണ് യു.ഡി.എഫ്. അതുകൊണ്ട് ഇതൊക്കെ താൽക്കാലിക പ്രതിഭാസമാണ്. ചെറുപ്പക്കാർ മുഴുവൻ നിങ്ങളുടെ കൂടെയാണോ എന്നുള്ളത് തെളിയിക്കുന്ന ദിവസങ്ങളായിരിക്കും വരുന്നത് എന്നുകൂടി ഓർമ്മപ്പെടുത്തികൊണ്ട് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ ശക്തമായി പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ശ്രീ. ശിവശങ്കറിനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ഒന്നേമുക്കാൽ ലക്ഷം രൂപയിൽ കൂടുതൽ ശമ്പളമുള്ള 42 നിയമന ങ്ങളാണ് അദ്ദേഹം നടത്തിയത്. അതിലൊന്ന് ശ്രീമതി സ്വപ്ന സുരേഷിന്റേതാണ്. ശ്രീമതി സ്വപ്ന പത്താം ക്ലാസ് പാസായിട്ടില്ല. പക്ഷെ, അവർ വ്യാജ ബി.കോം ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി. പഞ്ചാബിലെ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. ടി വിഷയവുമായി ബന്ധപ്പെട്ട് കേസ് എടുത്ത് അന്വേഷിച്ചപ്പോൾ അവിടെ ബി.കോം കോഴ്സ് ഇല്ലെന്നാണ് യൂണിവേഴ്സിറ്റി

രജിസ്ട്രാർ നൽകിയിരിക്കുന്ന മറുപടി. ആ സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് ഒന്നേമുക്കാൽ ലക്ഷം രൂപ ശമ്പളമുള്ള ജോലി തട്ടിയെടുത്തിരിക്കുന്നത്. ശ്രീ. ശിവശങ്കർ ജയിലിലാണ്. ഇത്തരം വലിയ നിയമനങ്ങൾ നടത്താൻ ഐ.ടി. വകുപ്പിന് അധികാരം കൊടുത്തത് ആരാണ്? അരി വെന്തോയെന്ന് നോക്കാൻ നാലോ അഞ്ചോ ചോറെടുത്ത് പരിശോധിച്ചാൽ മതി. കൺസൾട്ടൻസി നിയമനങ്ങൾ മുഴുവൻ അനധികൃതമാണ്. ഓരോന്നും പരിശോധിക്കണം. റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഏറ്റവുമധികം ആളുകൾ വരുന്നത്. റാങ്ക് ലിസ്റ്റിലുൾപ്പെടുന്നതുതന്നെ വലിയ ഭാഗ്യമാണ്. താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം വാർത്തകൾ പത്രത്തിൽ വരികയാണ്. ഇത് അങ്ങേയറ്റം തെറ്റാണ്. ഗവൺമെന്റ് അത് തുടരരുത്. റാങ്ക് ലിസ്റ്റിലുള്ള ആളുകൾക്ക് നിയമനം നൽകാൻ ഡിപ്പാർട്ടുമെന്റുകൾ നടപടി സ്വീകരിക്കണ്ടേ? അത്തരത്തിൽ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള പിൻവാതിൽ നിയമനങ്ങൾ അതിന്റെ ഏറ്റവും മോശമായ സന്ദർഭത്തിലേയ്ക്കെത്തിയിരിക്കുകയാണ്. "അവസാന കാലത്തെ നിയമനോത്സവം, പി.എസ്.സി. റാങ്കുകൾ നോക്കുകുത്തി, കരാർ- ദിവസക്കൂലിക്കാരെ തിരുകിക്കയറ്റി സർക്കാർ സ്ഥാപനങ്ങൾ, വഴിവിട്ട നിയമനങ്ങൾ, അച്ചടി വകുപ്പിലും തിരുകിക്കയറ്റം, കെ.എസ്.ഇ.ബി.എൽ.-ൽ വഴിവിട്ട നിയമനം-പട്ടികജാതി കമ്മീഷൻ കേസ്സെടുത്തു, സാക്ഷരതാ മിഷൻ സ്ഥിരപ്പെടുത്തൽ, ഇല്ലാത്ത തസ്തികകളിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റുകൾക്ക് അകാല ചരമം, പുറംവാതിൽ നിയമനം തകൃതിയിൽ - തകരുന്നത് അവരുടെ സ്വപ്നങ്ങൾ" ഇതൊക്കെ വിവിധ സന്ദർഭങ്ങളിലായി ഉയർന്നുവന്ന വാർത്തകളാണ്. ഞങ്ങളിവിടെ ഉന്നയിച്ചതുപോലെ ഉദ്യോഗാർത്ഥികൾ നിയമനം ലഭിക്കുന്നതിനുവേണ്ടി എം.എൽ.എ.-മാരെയും മന്ത്രിമാരെയും രാഷ്ട്രീയക്കാരെയും കാണുകയാണ്. പാവപ്പെട്ട ചെറുപ്പക്കാരെ സംബന്ധിച്ച് ഇതൊരു ഗതികേടാണ്. എം.എൽ.എ.-മാരെയും മന്ത്രിമാരെയും കണ്ടിട്ടുവേണോ അവർക്ക് ജോലി ലഭിക്കാൻ? അവരുടെ ന്യായമായ അവകാശമാണത്. ഈ പിൻവാതിൽ നിയമനങ്ങൾ വഴി തൊഴിലെന്ന പൗരന്റെ അവകാശത്തെയാണ് ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നത്. യുവജനക്ഷേമ ബോർഡ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, കില, സി-ഡിറ്റ്, വിവിധ ക്ഷേമനിധി ബോർഡുകൾ ഇവയിലെല്ലാം താല്ക്കാലിക ജീവനക്കാരെ

അനധികൃതമായി സ്ഥിരപ്പെടുത്തുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്താതിരിക്കുമ്പോൾ മറുവശത്ത് കൺസൾട്ടൻസി നിയമനമാണ് നടക്കുന്നത്. കൺസൾട്ടൻസിവഴി എത്രപേരെയാണ് നിയമിച്ചുകൊണ്ടിരിക്കുന്നത്? ചില സ്പെഷ്യൽ ഹാൻഡ്സിന്റെ ലിസ്റ്റില്ലെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. പക്ഷേ റാങ്ക് ലിസ്റ്റുകളുള്ളിടത്തുപോലും അനധികൃത നിയമനങ്ങൾ നടക്കുന്നു. പത്ത് വർഷം വരെയെന്ന് മാനദണ്ഡം വച്ചു. പത്ത് വർഷത്തിനുമുകളിൽ ജോലി ചെയ്തിട്ടുള്ളവരെ സ്ഥിരപ്പെടുത്താനുള്ള നയപരമായ തീരുമാനം നിങ്ങളെടുക്കുന്നുവെന്ന് പറഞ്ഞത് തെറ്റാണ്, പത്ത് വർഷംപോലും തികയാത്ത പലരേയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കെൽട്രോണിൽ 296 പേരെ നിയമിച്ചിട്ടുണ്ട്. മറ്റ് പല വകുപ്പുകളിലും പത്ത് വർഷത്തിൽ താഴെ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്താൻ പോകുന്നു. മാനുഷിക പരിഗണന കൊടുക്കണമെന്നതിനെ സംബന്ധിച്ച് ഞങ്ങൾക്ക് എതിരഭിപ്രായമില്ല. വിവിധ വിഷയങ്ങളിലായി ഏറ്റവും കൂടുതൽ മാനുഷിക പരിഗണന നൽകിയിട്ടുള്ളവരാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ. പക്ഷേ ഇവിടെ അതൊന്നുമല്ല നടക്കുന്നത്. രാഷ്ട്രീയ താല്പര്യം വച്ചുകൊണ്ട് ചില ആളുകളെ തിരുകിക്കയറ്റാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇവിടെ നടക്കുന്നത്. അങ്ങനെ നടത്തുമ്പോൾ ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ തൊഴിൽ സാഹചര്യങ്ങളാണ് നഷ്ടപ്പെടുന്നത്. അതിനെ ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. പല ചെറുപ്പക്കാർക്കും തൊഴിൽ ലഭിക്കാതെവരുന്ന സന്ദർഭത്തിൽ മനംനൊന്ത് ആത്മഹത്യയിലേയ്ക്ക് തള്ളിപ്പോകുന്ന സാഹചര്യത്തിലേയ്ക്ക് കേരളം എത്തി നിൽക്കുന്നു. ഈ സർക്കാർ ആർക്കുവേണ്ടിയാണ് നിൽക്കുന്നത്? തൊഴിലില്ലാത്ത ചെറുപ്പക്കാർക്കു വേണ്ടി ശബ്ദിക്കുവാൻ ഈ സഭയിൽ ഒരു മണിക്കൂർ മാറ്റിവയ്ക്കാൻ പോലും ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിക്കുന്നു, അത് നീതി നിഷേധമാണ്. അതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## VI ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര സർക്കാരിന്റെ കാർഷിക വിരുദ്ധ നയങ്ങൾ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള കാർഷിക നിയമങ്ങൾക്കെതിരെ അതിശക്തമായ പ്രക്ഷോഭമാണ് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. രാജ്യസഭയിൽ വോട്ടെടുപ്പ് നിഷേധിച്ചുകൊണ്ടും ഭരണഘടനാ തത്വങ്ങളെ ലംഘിച്ചുകൊണ്ടുമാണ് നിയമം പാസ്സാക്കിയത്. ഒന്നര

മാസമായി കർഷകർ പ്രക്ഷോഭ രംഗത്താണ്. ഇതിനകം അമ്പതിലേറെ കർഷകർ മരിച്ചു, ചിലർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആത്മഹത്യതിയല്ല സമരമാർഗ്ഗമെന്ന് പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കുന്ന കർഷക പ്രസ്ഥാനങ്ങൾ കർഷകരെ ഓർമ്മിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി സംസ്ഥാന വിഷയമായിരിക്കെ, സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ ആരായാതെയും മുഖവിലയ്ക്കെടുക്കാതെയും കേന്ദ്ര സർക്കാർ നിയമം പാസ്സാക്കിയതുമൂലമാണ് അതിശക്തമായ പ്രക്ഷോഭങ്ങൾ നടക്കുന്നത്. ഭക്ഷ്യോല്പാദനം മാത്രമല്ല ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്. ക്ഷീരോല്പാദന മേഖല, പരുത്തി കൃഷി ഉൾപ്പെടെയുള്ള കാലിത്തീറ്റ മേഖലകൾ, കോഴി, താറാവ്, ആട്, പന്നി, മത്സ്യം ഉൾപ്പെടെയുള്ള കൃഷികൾ എന്നിവയും ഉൾപ്പെടും. ഈ കാർഷിക നിയമം കോർപ്പറേറ്റുകൾക്ക് വൻ ലാഭമുണ്ടാക്കുന്നതിനുള്ള പദ്ധതിയാക്കി മാറ്റിയിരിക്കുകയാണ്. കർഷകരെ കോർപ്പറേറ്റുകളുടെ അടിമകളാക്കി മാറ്റുന്നതാണ് ഈ പുതിയ നിയമം. കർഷകർ വലിയ രീതിയിൽ പാപ്പരീകരിക്കപ്പെടുകയാണ്, അവർ വലിയ ആശങ്കയിലാണ്. ഇടത്തരം-ധനിക കൃഷിക്കാർപോലും ഇതിന്റെ ആപത്ത് മനസ്സിലാക്കുകയും മുമ്പെങ്ങുമില്ലാത്ത രീതിയിൽ കുടുംബസമേതം ഡൽഹിയിലേയ്ക്കുവന്ന് സമരം ചെയ്യുകയുമാണ്. കാലാവസ്ഥ വളരെ പ്രതികൂലമായിട്ടും അവർ ഉറച്ചുനിൽക്കുകയാണ്. എത്രമാത്രം കർഷക ദ്രോഹമാണ്? രാജ്യത്തെ ധാരാളം കർഷകരെ ഇത് ബാധിക്കുന്നു. അടുത്തകാലത്ത് വന്ന കണക്കനുസരിച്ച് 80 ശതമാനത്തിലധികം കുട്ടികളും പോഷകാഹാരക്കുറവുള്ളവരാണ്. അതെല്ലാം ഇനി രൂക്ഷമാകാൻ പോകുകയാണ്. കർഷകർക്ക് സ്വന്തമായി ഉല്പാദിപ്പിക്കാനും അവർക്കാവശ്യമായ രീതിയിൽ കാര്യങ്ങളിൽ ഇടപെടാനും കഴിയാത്ത രീതിയിൽ കൂടുതൽ പാപ്പരീകരിക്കപ്പെടുന്ന അവസ്ഥയിലേയ്ക്ക് കോർപ്പറേറ്റുകളെ വളർത്തുന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ മാറുന്നത്. ലോകത്തെ നാലാമത്തെ ധനികനായ റിലയൻസിനെ ഒന്നാമതാക്കാനാണ് ശ്രീ. നരേന്ദ്ര മോദി ആലോചിക്കുന്നത്. അതിനുവേണ്ടിയാണ് കർഷകരുടെ ശബ്ദം കേൾക്കാതെ അവരുടെ പ്രയാസങ്ങൾ തിരിച്ചറിയാതെ ഈ നിയമം പാസ്സാക്കിയത്. അതിശക്തമായ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്തുകൊണ്ട് കേരളം വേറിട്ട പാതയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് കാണാൻ കഴിയും. പച്ചക്കറി, പാൽ തുടങ്ങിയ മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതോടൊപ്പം ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിലും കേരളം മെച്ചപ്പെട്ട നില സ്വീകരിക്കുകയാണ്. കൂടുതൽ സ്ഥലത്തേയ്ക്ക് നെൽക്കൃഷി വ്യാപിപ്പിക്കുകയാണ്. ബ്രഹ്മഗിരി മാതൃകയിലുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, അഗ്രോ ക്ലിനിക്കുകൾ എന്നിവയും നടത്തിക്കൊണ്ടിരിക്കുകയാണ്. കർഷക സമരവുമായി ബന്ധപ്പെട്ട ഒരു വെബിനാറിൽ ഞാൻ പങ്കെടുത്തപ്പോൾ കേരളത്തിലെ കാർഷികോല്പന്നങ്ങളായ പഴം, പച്ചക്കറി തുടങ്ങിയവയ്ക്ക് തറവില നിശ്ചയിച്ചതിനെ സംബന്ധിച്ച് ഡൽഹിയിലെ കർഷകർ വളരെ അതിശയത്തോടെയാണ് കേരള സർക്കാരിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. വയനാട്ടിൽ ഏത്തക്കുലയ്ക്ക് 18-ഉം 12-ഉം രൂപയുണ്ടാകുമ്പോൾ 24 രൂപ തറവില

നിശ്ചയിച്ചാണ് ഞങ്ങൾ എടുക്കുന്നത്. എല്ലാ മേഖലയിലും രജിസ്റ്റർ ചെയ്ത് കൂടുതൽ കർഷകരെ ആ രംഗത്തേയ്ക്ക് ആകർഷിക്കാൻ കേരള സർക്കാർ പ്ലാൻ ചെയ്യുന്നതായി കാണാൻ കഴിയും. കർഷക ക്ഷേമബോർഡ് രൂപീകരിച്ച് പതിനായിരം രൂപവരെ പെൻഷൻ കൊടുക്കുന്നതിനുള്ള പദ്ധതിക്ക് കേരള സർക്കാർ രൂപം കൊടുത്തിരിക്കുകയാണ്. കർഷക സമരവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തെ സംബന്ധിച്ച് അതിരൂക്ഷമായ വിമർശനമാണ് ഇന്നലെ സുപ്രീം കോടതി ഉന്നയിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് എട്ട് തവണ ചർച്ച നടത്തി, പരാജയപ്പെടുകയാണ്. പ്രധാനമന്ത്രി ആ ഭാഗത്തേയ്ക്ക് തിരിഞ്ഞുനോക്കുന്നതേയില്ല. കർഷകർ രാജ്യത്തിന്റെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ പ്രതിനിധീകരിക്കുന്നതായി കാണാൻ കഴിയും. ജയ് കിസാൻ, ജയ് ജവാൻ എന്നൊക്കെയാണ് കർഷകരെ ആദരിക്കാനായി നാട്ടിൽ പൊതുവെ വിളിക്കുന്നത്. അതൊന്നും ഇവിടെ പരിഗണിക്കുന്നില്ലെന്ന് മാത്രമല്ല കർഷകരെ തികച്ചും അടിമകളാക്കി ചന്തയിൽ വിൽക്കുന്നതുപോലെ കോർപ്പറേറ്റുകൾക്ക് വിൽക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിരിക്കുകയാണ്. സമാന്തര സമരമെന്ന നിലയ്ക്ക് റിപ്പബ്ലിക് ദിനത്തിൽ വലിയ പരേഡ് നടത്താൻ അവർ തീരുമാനിച്ചിരിക്കുകയാണ്. ഹരിയാന മുഖ്യമന്ത്രി കോർപ്പറേറ്റുകൾക്കുവേണ്ടി വലിയൊരു കർഷക റാലി വിളിച്ചുചേർത്തു. അദ്ദേഹം അവിടേയ്ക്ക് പുറപ്പെട്ടെങ്കിലും അവിടെ എത്താൻ കഴിഞ്ഞില്ല. കർഷകരോക്ഷത്തിൽ അദ്ദേഹത്തിന് തിരിച്ചു പോകേണ്ടിവന്നു. ബി.ജെ.പി.-യുടെ ഈ സമീപനങ്ങൾക്കെതിരെ വലിയ രീതിയിലുള്ള പ്രതിഷേധം രാജ്യത്തിന്റെ എല്ലാ മേഖലകളിലും ഉയർന്നുവരികയാണ്. വില നിയന്ത്രിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരം എടുത്തുകളയുകയും സംസ്ഥാനങ്ങൾക്ക് ഇടപെടാനുള്ള അധികാരം പരിമിതപ്പെടുത്തുകയും ചെയ്യുന്നത് കേരളത്തെ വലിയ രീതിയിൽ ബാധിക്കും. അതുപോലെ ജനിതക മാറ്റം വന്നിട്ടുള്ള വിളകൾ നിരോധിച്ചിട്ടുള്ള, നടപ്പാക്കാത്ത സംസ്ഥാനമാണ് കേരളം. കരാർ കൃഷി വരുന്നതോടെ അതിനൊക്കെ അവസരമുണ്ടാക്കിക്കൊടുക്കാൻ കഴിയും. കാർഷിക മേഖലയെ മാത്രമല്ല കേരളത്തെയും അത് വലിയ രീതിയിൽ ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരം കർഷകരുടെ പ്രശ്നങ്ങളോട് മുഖം തിരിഞ്ഞ് നിൽക്കുന്ന സമീപനത്തിനെതിരായി അതിശക്തമായ പ്രക്ഷോഭമാണ് ഇന്ത്യയിലെ കർഷകർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നലെ കണ്ണൂരിൽനിന്ന് അഞ്ഞൂറോളം വരുന്ന കർഷകസംഘം വോളണ്ടിയർമാർ ഈ സമരത്തോടൊപ്പം ചേരാൻ ഡൽഹിയിലേയ്ക്ക് പുറപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ കർഷകരും ആ സമരത്തോടൊപ്പം ചേരുകയാണ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിലെ കർഷകർ സംയുക്തമായി ചേർന്നുകൊണ്ട് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വലിയ പ്രക്ഷോഭങ്ങൾ നടത്തുകയാണ്. ഇവിടെ പ്രത്യേക നിയമസഭ ചേർന്ന് പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു. സംസ്ഥാന സർക്കാരുകളുടെ ആശങ്കകളോ അഭിപ്രായങ്ങളോ മാനിക്കാത്ത ഗവൺമെന്റാണ് കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്നതെന്ന്

കാണാൻ കഴിയും. കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള ജനദ്രോഹപരവും കർഷക ദ്രോഹപരവും ഭരണഘടനയ്ക്ക് നിരക്കാത്തതുമായ ഈ നിയമം പിൻവലിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ നടത്തുന്നതോടൊപ്പം കർഷകരുടെ ആശങ്കയിലേയ്ക്ക് ഈ സഭയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, രാജ്യം മുഴുവൻ അതീവ താല്പര്യത്തോടുകൂടിയും പ്രാധാന്യത്തോടുകൂടിയും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന കർഷക പ്രശ്നമാണ് ബഹുമാനപ്പെട്ട എം.എൽ.എ, ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ മൂന്ന് നിയമങ്ങളും കേരളത്തിലുണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. സംസ്ഥാന ഗവൺമെന്റ് നിയമപരമായിട്ടുള്ള പരിമിതികൾക്കകത്ത് നിന്നുകൊണ്ട്, ഭരണഘടനയ്ക്കകത്ത് നിന്നുകൊണ്ടുതന്നെ ഈ കരിനിയമങ്ങൾ കേരളത്തിൽ നടപ്പാക്കാതിരിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരികയാണ്. അതോടൊപ്പം കേന്ദ്രഗവൺമെന്റ് കർഷകവിരുദ്ധ നയങ്ങളാണ് നടപ്പാക്കുന്നതെങ്കിൽ കേരളത്തിലെ കർഷകർക്ക് സംരക്ഷണം നൽകുന്ന നിയമനിർമ്മാണങ്ങളിലൂടെയും തീരുമാനങ്ങളിലൂടെയും കർഷകർക്ക് പരിരക്ഷ നൽകാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് ഇപ്പോൾ അവലംബിച്ചിരിക്കുന്നത്. മാത്രവുമല്ല, ഈ മൂന്ന് നിയമങ്ങൾ രാജ്യവ്യാപകമായി നടപ്പാക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബദൽ നിയമം നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള ഗൗരവമായ ആലോചനകൾ നടന്നുവരികയാണ്. ഒരു നിയമനിർമ്മാണം നടപ്പാക്കാൻ ആവശ്യമായ നടപടികളിലേയ്ക്ക് ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുകയാണ്.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച 'ആത്മനിർഭർ ഭാരത് അഭിയാൻ' പദ്ധതിയിലൂടെയാണ് കേന്ദ്രസർക്കാർ കാർഷികമേഖലയുടെ തകർച്ചയ്ക്ക് ആക്കംകൂട്ടുന്ന പരിഷ്കരണത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. 2020 ജൂൺ 5-ന് വളരെ തിരക്കിട്ട് മൂന്ന് ഓർഡിനൻസുകൾ പ്രസിദ്ധീകരിക്കുകയും സെപ്റ്റംബർ 14-ന് ഇവ ബില്ലുകളായി പാർലമെന്റിൽ ഏകപക്ഷീയമായി അവതരിപ്പിച്ച് അംഗീകരിക്കുകയും ചെയ്തു. The Farmers (Empowerment and Protection) Agreement on price Assurance and Farm Services Act, 2020; The Farmers' Produce Trade and Commerce (Promotion and Facilitation) Act, 2020, അവശ്യസാധന ഭേദഗതി ആക്ട്, 2020 എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുകയും കോർപ്പറേറ്റ് കുത്തകകൾക്ക് കാർഷിക മേഖലയിൽ ആധിപത്യം ഉറപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ്. കൃഷിയും കാർഷിക വിപണനവും ഇൻഡ്യയെ സംബന്ധിച്ച് തന്ത്രപ്രധാനമായ വിഷയങ്ങളാണ്. ഇൻഡ്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ (ആർട്ടിക്കിൾ-246) പ്രകാരം കൃഷി -14 ആയും മാർക്കറ്റ് ആൻഡ് ഫെയേഴ്സ് -28 ആയും സംസ്ഥാന ലിസ്റ്റിലുൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ സംസ്ഥാന

സർക്കാരുകളോട് ആലോചിച്ചും സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുത്തു കൊണ്ടും അവരുടെ താല്പര്യം സംരക്ഷിച്ചുമല്ലാതെ ഈ മേഖലകളിൽ കേന്ദ്ര നിയമങ്ങൾ കൊണ്ടുവരാൻ പാടില്ലാത്തതാണ്. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ചും ആവശ്യങ്ങളനുസരിച്ചുമാണ് സംസ്ഥാനങ്ങൾ കാർഷിക നയങ്ങൾ രൂപീകരിക്കുന്നതും നടപ്പാക്കുന്നതും. സംസ്ഥാനങ്ങൾക്ക് ഈ പുതിയ മൂന്ന് നിയമങ്ങളിൽ കാര്യമായ അധികാരങ്ങളൊന്നും കേന്ദ്ര ഗവണ്മെന്റ് നൽകുന്നില്ലെന്നത് അതീവ ഗൗരവമായിട്ടാണ് നാം കാണുന്നത്. ഏത് സാങ്കേതികവിദ്യ കാർഷികമേഖലയിൽ നടപ്പാക്കണം, ഏതൊക്കെ സേവനങ്ങളാണ് കർഷകർക്ക് വേണ്ടത് തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശങ്ങൾപോലും സംസ്ഥാനങ്ങൾക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഈ നിയമങ്ങൾ കൂടുതൽ ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കാൻ പോകുകയാണ്. ഈ മൂന്ന് കാർഷിക നിയമ ഭേദഗതികളും രാജ്യത്തെ മുഴുവനായിട്ടും കേരളത്തെ പ്രത്യേകിച്ചും ദോഷകരമായി ബാധിക്കുമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്. ആദ്യത്തെ രണ്ട് ആക്ടുകൾ കാർഷിക ഉല്പാദനവും വിപണനവും സംബന്ധിച്ചുള്ളതാണ്. അതുവഴി കൃഷി ചെയ്യാനുള്ള കർഷകന്റെ അവകാശത്തിന്മേൽ മുതലാളിത്ത താല്പര്യങ്ങൾക്കും വൻകിട കോർപ്പറേറ്റ് കമ്പനികളുടെ താല്പര്യങ്ങൾക്കും ആധിപത്യം സ്ഥാപിക്കാനുള്ള അവസരം കൈവരികയാണെന്ന് കർഷകസമൂഹവും ഈ സർക്കാരും കരുതുന്നു. ഈ നിയമങ്ങൾ തിരക്കിട്ട് പാസ്സാക്കി രാജ്യവ്യാപകമായി നടപ്പിലാക്കുന്നത് കർഷകന്റെ വിത്തുമുതൽ വിപണിവരെയുള്ള എല്ലാ രംഗവും കോർപ്പറേറ്റുകൾക്ക് മുമ്പിൽ അടിയറ വയ്ക്കാനാണ്. ഭരണഘടനയുടെ അന്ത:സത്തയെ വെല്ലുവിളിക്കുകയും ഫെഡറൽ തത്വങ്ങളെ അട്ടിമറിക്കുകയും ചെയ്യുന്ന നടപടിയാണ് കേന്ദ്രസർക്കാർ അവലംബിച്ചിരിക്കുന്നത്. രാജ്യത്തെ വീണ്ടും കോളനിവൽക്കരണത്തിലേയ്ക്ക് തള്ളി വിടുന്നതിന് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന കോർപ്പറേറ്റുകൾ, കുത്തകകൾ, സ്പോൺസർമാർ, ഏജന്റുമാർ തുടങ്ങിയവരെ സഹായിക്കുക മാത്രമാണ് ഈ നിയമങ്ങൾ നടപ്പാക്കുന്നതിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യം വച്ചിരിക്കുന്നത്. ഈ കരിനിയമങ്ങൾ നടപ്പാക്കപ്പെടുന്നതോടെ രാജ്യത്തെ കോടിക്കണക്കിന് കർഷകർ വഞ്ചിക്കപ്പെടുമെന്നും കൊള്ളയടിക്കപ്പെടുമെന്നും അവർക്ക് നിയമപരിരക്ഷപോലും ലഭിക്കാതെയാകുമെന്നും വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യസാധനങ്ങൾക്ക് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന താങ്ങുവിലപോലും നഷ്ടമാകുമോയെന്ന ഭയാശങ്ക കർഷകരെ അലട്ടുന്നുണ്ട്. കർഷകരുടെ വിലപേശൽ ശേഷിപോലും മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കുമുന്നിൽ വളരെ ദുർബലമാകുന്നതാണ് ഈ നിയമം എന്നതും വളരെ ഗൗരവമായി നാം കാണേണ്ടതാണ്. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ ഒരിടത്തും കാണുന്നില്ല.

കരാർ ചട്ടങ്ങൾ ലംഘിക്കപ്പെട്ടാൽ കോർപ്പറേറ്റുകളുമായി നിയമയുദ്ധം നടത്താനുള്ള ശേഷിയും നമ്മുടെ പാവപ്പെട്ട കർഷകർക്കില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. അവശ്യസാധന നിയമം 1955 പ്രകാരം പൂഴ്ത്തിവയ്പും കരിഞ്ചന്തയും കുറ്റകരമായിരുന്നു. എന്നാൽ, അവശ്യസാധന ഭേദഗതി ആക്ട്, 2020 നടപ്പാക്കപ്പെടുന്നതോടുകൂടി ഇപ്പോൾ കുറ്റകരമായി കരുതപ്പെടുന്ന പൂഴ്ത്തിവയ്പും കരിഞ്ചന്തയും കേന്ദ്രഗവൺമെന്റ് നിയമപരമായ ഒരു പ്രക്രിയയാക്കി മാറ്റിയിരിക്കുകയാണ്. ഈ നിയമഭേദഗതി നടപ്പിലാക്കപ്പെടുന്നതോടെ കേരളത്തിലെ റേഷൻ സമ്പ്രദായവും പൊതു വിതരണരംഗവും തകർന്നുപോകുന്ന സ്ഥിതിയുണ്ടാകുകയാണ്. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം അതീവഗുരുതരമായ ഒരു സാഹചര്യമായിട്ടാണ് സർക്കാർ കണക്കാക്കുന്നത്. കാർഷിക ഉല്പന്നങ്ങൾ കേന്ദ്രസർക്കാർ തന്നെ മുൻകയ്യെടുത്ത് സംഭരിച്ച് ന്യായവിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന സംവിധാനമാണ് നിലനിൽക്കുന്നത്. അതിനുപകരം കാർഷികോല്പന്നങ്ങളുടെ വ്യാപാരമാകെ കോർപ്പറേറ്റുകൾക്ക് കൈവശപ്പെടുത്താൻ അവസരം നൽകുകയാണ് കേന്ദ്രസർക്കാർ ചെയ്തിട്ടുള്ളത്. കർഷകർക്ക് ന്യായവില ലഭിക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്നും കേന്ദ്രസർക്കാർ തന്ത്രപൂർവ്വം പിന്മാറുകയും പെട്രോളിയം ഉല്പന്നങ്ങളുടെ കാര്യത്തിലെന്നപോലെ, കുത്തകകൾക്ക് തോന്നിയപോലെ വില നിശ്ചയിക്കാനുള്ള വില നിർണ്ണയാധികാരം നൽകുകയും ചെയ്തിരിക്കുകയാണ്. ഈ പുതിയ മൂന്ന് കാർഷികനിയമങ്ങൾ സംബന്ധിച്ച് രാജ്യവ്യാപകമായി കർഷക സമൂഹം അതിശക്തമായ സമരങ്ങളും ഈ നിയമങ്ങളെ സംബന്ധിച്ച് ആശങ്കകളും ഉയർത്തിയിരിക്കുകയാണ്. ഈ നിയമങ്ങളുടെ പിൻബലത്തിൽ കോർപ്പറേറ്റ് കമ്പനികളുടെ കടന്നുകയറ്റം വ്യാപകമാകും. നെല്ല്, വാഴ, പച്ചക്കറികൾ തുടങ്ങിയ മേഖലകളിൽ കരാർ കൃഷി വ്യാപകമാകുകയും കമ്പനികൾ കർഷകരുമായും കർഷക ഗ്രൂപ്പുകളുമായും ഉണ്ടാക്കുന്ന കരാറിലൂടെ നാമമാത്ര കർഷകരെ കൂടുതൽ കടക്കെണിയിലേയ്ക്ക് തള്ളിവിടുകയും ചെയ്യും. കർഷകരുടെ വരുമാനം കുറയാനും കൃഷി ഉപേക്ഷിക്കാനും കേരളത്തിന്റെ ഭക്ഷ്യപ്രതിസന്ധി വർദ്ധിപ്പിക്കാനും സാദ്ധ്യതയുണ്ട്. കോർപ്പറേറ്റ് കമ്പനികളുടെ അയൽസംസ്ഥാനങ്ങളുടെ ഉല്പാദനത്തെയും കേരളത്തിന്റെ വിപണനത്തെയും ഇത് ബാധിക്കും. വലിയ കമ്പനികൾ അയൽ സംസ്ഥാനങ്ങളിൽ വ്യാപകമായി കൃഷി വർദ്ധിപ്പിച്ച് ഭക്ഷ്യവിളകൾ കേരളത്തിൽ വിലകുറച്ച് വിപണനം നടത്തി കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് വിലകുറയ്ക്കുവാനും അതുവഴി കാർഷികമേഖല തകർക്കുന്നതിനും ഇടവരുത്തും. ലാഭം മാത്രം ലക്ഷ്യമാക്കി കരാർ കമ്പനികൾ രാസവളം, കീടനാശിനികൾ എന്നിവ വളരെ കൂടുതലായി ഉപയോഗിച്ച് കേരളത്തിന്റെ മണ്ണ് ദീർഘകാലമായി കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്തവിധം ദുരുപയോഗപ്പെടുത്തുകയും കർഷകർ കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്ന സാഹചര്യം ഉടലെടുക്കുകയും ചെയ്യും. ലാഭത്തിലൂന്നി കരാർ കൃഷി വ്യാപകമാക്കുന്നതോടെ പരിസ്ഥിതിക്ക് യോജിക്കാത്ത വിളക്രമങ്ങൾ

വരികയും ദീർഘകാലമായി ഭൂമിയുടെ ഉപയോഗം മാറുകയും കാർഷികമേഖലയെ തകർച്ചയിലേയ്ക്ക് നയിക്കുകയും ചെയ്യും. ഏതൊക്കെ സാങ്കേതികവിദ്യകൾ കാർഷികമേഖലയിൽ വ്യാപിപ്പിക്കണം എന്നതിന് ഈ നിയമംമൂലം അധികാരമില്ലാതെ വരുന്നതുകൊണ്ട് കേരളം അനുവദിക്കാതിരുന്ന ജനിതകമാറ്റം വരുത്തിയ വിളകൾ സംസ്ഥാനത്തിന്റെ അനുവാദമില്ലാതെതന്നെ കുത്തക കമ്പനികൾ കർഷകരുമായി കരാറിലേർപ്പെട്ട് കൃഷിയിറക്കുകയും തൽഫലമായി പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുമോ എന്ന ആശങ്ക ഉയർന്നുവന്നിട്ടുണ്ട്. കമ്പനികൾക്ക് നേരിട്ട് കർഷകരുമായി കരാറിലേർപ്പെടാൻ സാധിക്കുമെന്നതിനാൽ ഇത് വ്യാപകമാകാനുള്ള എല്ലാ സാധ്യതകളും ഇപ്പോൾ ഉയർന്നുവന്നിരിക്കുകയാണ്. നെല്ല്, കൊപ്ര ഉൾപ്പെടെ 25 ഉല്പന്നങ്ങൾക്ക് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നുണ്ട്. വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടാൻ വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിൽ കരാർ വ്യാപകമാകുന്നതോടെ കുറഞ്ഞ താങ്ങുവിലയിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറുകയും കമ്പനികളുടെ താല്പര്യത്തിനനുസരിച്ചുള്ള സമ്പ്രദായങ്ങൾ നിലവിൽ വരികയും അതുവഴി വിപണിവില ഇടിയുകയും കർഷകരുടെ വരുമാനം കുറയുന്നതിന് ഇടയാക്കുകയും തൽഫലമായി കാർഷികമേഖലയിൽ പ്രതിസന്ധി രൂക്ഷമാകുകയും ചെയ്യും. ഈ ബില്ലിൽ വില നിശ്ചയിച്ച് കരാറിലേർപ്പെടണമെന്നാണ് വ്യവസ്ഥ. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടുപ്രകാരം മൊത്തം ഉല്പാദനച്ചെലവിന്റെ C2 കോസ്റ്റിന്റെ 50 ശതമാനം കൂടുതൽ നൽകി താങ്ങുവില നിശ്ചയിക്കണമെന്നാണ് നിർദ്ദേശം. ഈ രീതി കരാറിൽ ഒരിടത്തുപോലും പ്രതിഫലിച്ചുകാണുന്നില്ല. വില നിർണ്ണയത്തിന്റെ കാര്യത്തിൽ അവ്യക്തതയാണ് ഈ കരാറിൽ കാണുന്നത്. സിവിൽ കോടതിയിൽ തർക്ക പരിഹാരത്തിന് വ്യവസ്ഥയില്ലാത്തതിനാലും ചെറുകിട നാമമാത്ര കർഷകർക്കെതിരെ കമ്പനിയുടെ അനുകൂല വിധി ലഭിക്കുവാനിടയില്ലാത്തതിനാലും ഈ വ്യവസ്ഥ കോർപ്പറേറ്റുകൾക്ക് അനുകൂലമാകുമോയെന്നുള്ള ഭയം കർഷകർക്കിടയിലുണ്ട്. അങ്ങനെ സംഭവിച്ചാൽ കർഷകർ പിന്തള്ളപ്പെടുകയും കുറഞ്ഞവിലയിൽ കർഷകർക്ക് അവിടെ ഉല്പന്നങ്ങൾ വിൽക്കേണ്ട അവസ്ഥ സംജാതമാകുകയും ചെയ്യും. പല നാടൻ ഇനങ്ങളും അപ്രത്യക്ഷമാകുകയും കമ്പനികൾക്ക് കൂടുതൽ ലാഭം നേടുന്നതിന് അവർ തീരുമാനിക്കുന്ന ഹൈബ്രിഡ് വിത്തുകളിലേയ്ക്കോ ജനിതകമാറ്റംവന്ന വിത്തുകളിലേയ്ക്കോ മാറുകയും തുടർന്ന് ഓരോ വർഷവും വർദ്ധിച്ച വിലയിൽ കർഷകർ വിത്തുവാങ്ങുന്ന അവസ്ഥയുണ്ടാകുകയും കേരളമാർജ്ജിച്ച നാടൻ വിളകളുടെ ജൈവവൈവിദ്ധ്യം നഷ്ടപ്പെട്ടുപോകുന്ന സ്ഥിതിയിലേയ്ക്ക് നമ്മുടെ രാജ്യം എത്തിപ്പെടുകയുമാണ്. 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ കർഷകക്ഷേമത്തിനായി അനവധി പദ്ധതികൾ അവതരിപ്പിക്കുകയും അവയെല്ലാം ഫലപ്രാപ്തിയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. കർഷക ക്ഷേമബോർഡ്, നെൽവയൽ ഉടമകൾക്ക് റോയൽറ്റി,

പതിനാറിനം പച്ചക്കറികൾക്ക് രാജ്യത്ത് ആദ്യമായി തറവില നിശ്ചയിച്ചത്, കർഷക പെൻഷൻ, കാർഷിക കടാശ്വാസ കമ്മീഷൻ തുടങ്ങിയവ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കൃഷിക്കാർക്കുവേണ്ടി ചെയ്തിട്ടുള്ള നിരവധി പ്രവർത്തനങ്ങളിൽ ചിലതുമാത്രമായി ചൂണ്ടിക്കാണിക്കുകയാണ്. കേന്ദ്ര സർക്കാർ പാസാക്കിയ മൂന്ന് കർഷകവിരുദ്ധ കരിനിയമങ്ങൾമൂലമുണ്ടാകാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ നിയമസഭതന്നെ ചർച്ച ചെയ്യുകയും ഇതുസംബന്ധിച്ച് 31-12-2020-ന് നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം വിളിച്ചുചേർക്കുകയും ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ കരിനിയമങ്ങൾക്ക് ബദലായി കർഷകർക്ക് പ്രയോജനകരമായ ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുതാൽപ്പര്യപ്രകാരം ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, കേരളം ബദൽ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ എപ്പോഴും മുൻപന്തിയിലാണെന്ന് നമുക്ക് കാണാൻ കഴിയും. ഈ കർഷകദ്രോഹ നിയമത്തിനെതിരെ നിയമസഭയിൽ ഒരു ബദൽ നിയമം കൊണ്ടുവരാൻ സാധിക്കുമോ; നിയമപരമായ പരിരക്ഷ നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നു?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്രം പാസ്സാക്കിയ ഈ നിയമം നമ്മുടെ ഫെഡറലിസത്തിനെതിരെയുള്ള വെല്ലുവിളിയാണ്. ഞാൻ നേരത്തെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ, കൺകറന്റ് ലിസ്റ്റിൽപ്പെട്ട കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ മൂന്ന് നിയമങ്ങളും പാസ്സാക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ നിയമം കേരളത്തിൽ എങ്ങനെ നടപ്പാക്കാതിരിക്കാൻ കഴിയുമെന്നതിനെപ്പറ്റിയാണ് ഗവൺമെന്റ് ചിന്തിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കർഷകരെ കോർപ്പറേറ്റുകളുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള നിയമനിർമ്മാണമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ എ.പി.സി. ചെയർമാനും നിയമ വകുപ്പ് സെക്രട്ടറി കോ-ചെയർമാനുമായ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഒരു നിയമത്തിന്റെ കരട് തയ്യാറാക്കിവരികയാണ്, അത് മന്ത്രിസഭ പരിഗണിച്ചശേഷം നിയമസഭയിൽ അവതരിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനുള്ള ചർച്ചകൾ പുരോഗമിച്ചുവരികയാണ്. കൃഷി വകുപ്പ് മാത്രമല്ല മൃഗസംരക്ഷണം, ക്ഷീരവികസനം, സിവിൽ സപ്ലൈസ് വകുപ്പ്, സഹകരണമേഖലയുൾപ്പെടെ നിരവധി വകുപ്പുകളെ ബാധിക്കുന്ന ഒരു പൊതുവിഷയമായതുകൊണ്ട് വളരെ സങ്കീർണ്ണമായ നിയമനിർമ്മാണത്തെപ്പറ്റിയാണ് നമ്മൾ

ചിന്തിക്കുന്നത്. അതുകൊണ്ടുതന്നെ ആ രീതിയിലുള്ള ആഴത്തിലുള്ള ആലോചനയുടെ അടിസ്ഥാനത്തിലാണ് ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത്. അതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

(2) വായ്പാ ആപ്പുകൾ സൃഷ്ടിക്കുന്ന സാമൂഹികപ്രശ്നങ്ങൾ

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഈ കോവിഡ് കാലത്ത് കേരളത്തിലെ പതിനായിരക്കണക്കിന് ചെറുപ്പക്കാരെയും വീട്ടുകാരെയും സാധാരണക്കാരെയും ചതിക്കുഴിയിലേയ്ക്ക് തള്ളിവിടുന്ന ഓൺലൈൻ ആപ്പ് വായ്പാതട്ടിപ്പിനെക്കുറിച്ച് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഞാൻ വളരെ വൈകാരികതയോടെയാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ എനിക്ക് വളരെയധികം ആത്മബന്ധമുള്ള ഒരു കുടുംബത്തിലെ മകനാണ് ഇത്തരത്തിലുള്ള വായ്പാതട്ടിപ്പിന്റെ കെണിയിൽപ്പെട്ട് ഭീമമായ തുക ലോണടയ്ക്കാൻ കഴിയാതെ ആത്മഹത്യ ചെയ്തത്. അദ്ദേഹത്തെപ്പോലെ ധാരാളംപേർ ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. കോവിഡ് കാലത്ത് സാധാരണക്കാർക്ക് തൊഴിലില്ലാത്തതിനാൽ വരുമാനമാർഗ്ഗങ്ങൾ ഒന്നുംതന്നെയില്ലെന്ന് നമുക്കറിയാം. ആ സാഹചര്യത്തിൽ അത്യാവശ്യത്തിന് ബാങ്കുകൾ അല്ലെങ്കിൽ മറ്റ് സംഘങ്ങളിൽനിന്നും പണം ലഭിക്കാതെ വരുമ്പോഴാണ് ഉടൻപണം എന്ന മോഡലിൽ ഓൺലൈൻ ആപ്പുകൾ പ്രത്യക്ഷപ്പെടുന്നത്. സാധാരണ ബാങ്കുകളിലുള്ളതുപോലെ ക്രെഡിറ്റ് റേറ്റിംഗ് വേണ്ട, കൊളാറ്ററൽ സെക്യൂരിറ്റി കൊടുക്കേണ്ട, വരുമാനമാർഗ്ഗം കാണിക്കേണ്ട, മുഖാമുഖംപോലും കാണേണ്ടതിനുപകരം ആപ്പുകൾ ഡൗൺലോഡ് ചെയ്ത് അവയിൽ നമ്മുടെ ഗ്യാലറിയും കോണ്ടാക്ട് ലിസ്റ്റിലുള്ളവരുടെ നമ്പരും കൊടുക്കണം. പേരിനുമാത്രം ആധാറോ പാൻകാർഡോ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുമ്പോൾതന്നെ നിമിഷങ്ങൾക്കകം ലോൺ ലഭിക്കും. 5,000 രൂപയുടെ വായ്പയെടുത്താൽ കയ്യിൽവരുന്നത് 3,800 രൂപ മാത്രമാണ്. ബാക്കി പ്രോസസിംഗ് ചാർജ്, ജി.എസ്.ടി. എന്നുപറഞ്ഞ് ഈടാക്കും. ആറ് ദിവസത്തിനുള്ളിൽ ഈ തുക തിരിച്ചടച്ചില്ലെങ്കിൽ ഭീമമായ പലിശയാണ് അവർ ആവശ്യപ്പെടുന്നത്. ആറ് ദിവസത്തിനുള്ളിൽ തുക അടച്ചില്ലെങ്കിൽ ഹൈദ്രാബാദിലെയും ബാംഗ്ലൂരിലെയും സംഘടിതമായ ഇവരുടെ കോൾസെന്ററുകളിൽനിന്നും ഫോൺ വിളിക്കുകയും ഈ ലോൺ തിരിച്ചടയ്ക്കാൻ കഴിയില്ലെങ്കിൽ മറ്റ് രണ്ട് ആപ്പുകൾ അവർ നിർദ്ദേശിക്കുകയും ചെയ്യും. മലയാള മനോരമ ദിനപ്പത്രത്തിൽ വന്ന ഒരു വാർത്തപ്രകാരം 12,000 രൂപ കടമെടുത്ത ഒരാൾ 36 തവണ ആപ്പുകളിലൂടെ ലോണെടുത്ത് 12 ലക്ഷം രൂപയുടെ കടക്കെണിയിലായിരിക്കുകയാണ്. ഇത് വലിയൊരു സംഘമാണ് നിയന്ത്രിക്കുന്നത്. ഈ കോവിഡ് കാലയളവിൽത്തന്നെ മുന്നൂറോളം ആപ്പുകളാണ് ഓൺലൈൻ പേമെന്റിനും ഓൺലൈൻ ലോണിനുംവേണ്ടി ഇന്ത്യയിൽ തുടങ്ങിയിട്ടുള്ളത്. പല

ആപ്പുകളുടെയും കമ്പനികളുടെയും ഡയറക്ടർ ബോർഡിലുള്ളവരെല്ലാം ഒരേ ആളുകൾ തന്നെയാണ്. ഈ കമ്പനികളുടെ പ്രധാന ഫണ്ട് ചൈനീസ് കമ്പനികളിൽ നിന്നാണ് വരുന്നത്. പൂർണ്ണമായ നിയമസാധുതയില്ലാതെ എന്നാൽ N.B.F.C.-യുടെയും മറ്റ് ബാങ്കിംഗ് റെഗുലേഷന്റെയുമൊക്കെ ചില പഴുതുകൾ ഉപയോഗിച്ചുകൊണ്ടാണ് ഇവരെല്ലാം പ്രവർത്തിക്കുന്നത്. പണം തിരിച്ചടച്ചില്ലെങ്കിൽ നേരിട്ട് ഫോൺ വിളിച്ച് വളരെ മ്ലേച്ഛമായ ഭാഷയിൽ സംസാരിക്കും. സ്ത്രീകളാണെങ്കിൽ വളരെ മോശമായ രീതിയിൽ ഇവരെക്കുറിച്ചുള്ള കഥകളും പ്രചരിപ്പിക്കും. അതിനുശേഷവും പണമടച്ചില്ലെങ്കിൽ കോണ്ടാക്ട് ലിസ്റ്റിലും ഗ്യാലറിയിലും ഈ ആപ്പുകൾക്ക് പെർമിഷൻ കൊടുത്തതുകൊണ്ട് അപ്പോൾത്തന്നെ നമ്മുടെ ഫോട്ടോ അടുത്ത ബന്ധുകളുടെയും വീട്ടുകാരുടെയും സുഹൃത്തുക്കളുടെയും വാട്സാപ്പിലേയ്ക്കും മറ്റ് ഗ്രൂപ്പുകളിലേയ്ക്കും അയയ്ക്കുകയും നമ്മൾ പണമടയ്ക്കാനുണ്ടെന്നുപറഞ്ഞ് വ്യക്തിഹത്യ നടത്തുകയും ചെയ്യും. ഇതുമാത്രമല്ല, ഈ വിവരങ്ങൾ അയൽപക്കക്കാർക്കും മറ്റും അയച്ചുകൊടുത്ത് പണം തിരിച്ചടയ്ക്കാത്ത നിങ്ങളുടെ സുഹൃത്ത് കള്ളനാണെന്നും പറയും. എന്റെ മണ്ഡലത്തിലെ മരണപ്പെട്ടയാളിന്റെ സുഹൃത്തുക്കൾക്ക് ഇത്തരത്തിലുള്ള സന്ദേശങ്ങൾ എത്തിയിരുന്നു. എക്സിക്യൂട്ടീവ് തലത്തിൽ വരെ ഇത്തരത്തിലുള്ള സന്ദേശങ്ങളെത്തും. നമ്മൾ കാണുന്ന ബ്ലേഡ് തട്ടിപ്പിനെക്കാളും വലുതാണിത്. നിരവധി ആളുകളുടെ ആത്മഹത്യയ്ക്ക് കാരണമായ ഈ വിഷയം സംബന്ധിച്ച് പതിനായിരക്കണക്കിനാളുകളിൽ നിന്നും എല്ലാ സ്റ്റേഷനുകളിലും കേസ്സുകൾ പോയിട്ടുണ്ട്. സൈബർ ഡോമും അന്വേഷിക്കുന്നുണ്ട്. ഇതൊക്കെ നടക്കുന്നതിന്റെ പ്രധാന കാരണം, നമ്മുടെ നിയമത്തിലുള്ള പഴുതുകൾ തന്നെയാണ്. 1958-ലെ കേരള മണിലെൻഡേഴ്സ് ആക്ടിൽ പുതിയ ഭേദഗതികൾ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. പോലീസ് ഇക്കാര്യം വളരെ ഗൗരവമായിക്കണ്ട് ഈ കേസുകൾ ഒരു സെൻട്രൽ നോഡിലേയ്ക്ക് കൊണ്ടുവരണം. ഏകദേശം മുന്നൂറോളം ആപ്പുകൾ ഈ മേഖലയിൽ വർക്ക് ചെയ്യുന്നുണ്ട്. ഏറ്റവും കൂടുതൽ മൊബൈൽ ഡെൻസിറ്റിയുള്ള കേരളത്തിലാണ് ഇത് കൂടുതൽ വരുന്നത്. പാവപ്പെട്ട കുട്ടികളെ ഹൈദ്രാബാദിലെയും ബാംഗ്ലൂരിലെയും കോൾസെന്ററിൽ ഇരുന്ന് ഹിന്ദിയിലും ഇംഗ്ലീഷിലും വിളിച്ച് സംസാരിക്കുകയാണ്. കഴിഞ്ഞ രണ്ട് മാസമായി മലയാളത്തിൽ സംസാരിച്ച് വിരട്ടുന്ന ആളുകളെ അവർ റിക്രൂട്ട് ചെയ്തിരിക്കുകയാണ്. ഇത് വലിയൊരു സാമൂഹിക പ്രശ്നമാണ്. പത്ര-ദൃശ്യ മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടുകൂടി ഈ വിഷയത്തെ കവർ ചെയ്യുകയാണ്. നിയമത്തിന്റെ പഴുതുകൾ കാരണം ഇന്ന് ഓൺലൈൻ തട്ടിപ്പുകൾ കൂടിവരികയാണ്. ഗെയിം കളിക്കാൻ കുട്ടികൾക്ക് പണമി ല്ലാത്തപ്പോൾ അതിന് സഹായിക്കാനും ഈ ആപ്പുകൾ ഉപയോഗിക്കുകയാണ്. ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഓൺലൈൻ വായ്പാതട്ടിപ്പിനെതിരെ സർക്കാർ സമഗ്രമായ നിയമനിർമ്മാണം നടത്തണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം വളരെ പ്രാധാന്യമേറിയതുതന്നെയാണ്. ഓൺലൈൻ ആപ്പുകൾ വഴി വായ്പയെടുത്ത ചില ആളുകൾ ഇത്തരം കമ്പനികളുടെ ചതിക്കുഴിയിൽപ്പെട്ട് ദു:ഖമനുഭവിക്കുന്ന ഒട്ടനവധി സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായല്ലാതെയും മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ പലതും മറ്റ് സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നതെന്നാണ് പോലീസിന് ലഭിച്ചിട്ടുള്ള സൂചനകൾ. സംസ്ഥാനത്ത് ഇത്തരത്തിലുള്ള സംഘങ്ങൾ പ്രവർത്തിക്കുന്നതായി ഇതുവരെ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള 63 പരാതികളാണ് വിവിധ പോലീസ് സ്റ്റേഷനുകളിലായി ലഭിച്ചിട്ടുള്ളത്. അവ ഹൈടെക് ക്രൈം എൻക്വയറി സെൽ, സംസ്ഥാന ക്രൈം ബ്രാഞ്ച് എന്നിവ മുഖേന ഗവൺമെന്റ് അന്വേഷണം നടത്തുകയുണ്ടായി. അതിൽ ഒമ്പത് പരാതികളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. രണ്ട് പരാതികൾ ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരുന്നു. ഏതൊരാൾക്കും ഡൗൺലോഡ് ചെയ്യാവുന്ന നാന്നൂറിൽപ്പരം മണി ലെൻഡിംഗ് ആപ്പുകൾ നിലവിലുണ്ട്. ഇത്തരം ആപ്പുകൾ ഡൗൺലോഡ് ചെയ്യുന്ന ഉപഭോക്താവിന്റെ വ്യക്തിപരമായ വിവരങ്ങൾ ശേഖരിച്ചശേഷം 30 ശതമാനത്തോളം തുക പ്രോസസ്സിംഗ് ഫീസായി ഈടാക്കുന്നു. ഒരാഴ്ച കാലാവധിക്ക് ചെറിയ തുകകൾ വായ്പയായി നൽകുന്നു. തിരിച്ചടവിൽ വീഴ്ച വന്നാൽ ഇവിടെ സൂചിപ്പിച്ചതുപോലെ, നിരന്തരമായ ഭീഷണികൾ, കുടുംബത്തിലുള്ളവരെ ഭീഷണിപ്പെടുത്തുക, അപകീർത്തികരമായ സന്ദേശങ്ങളയച്ച് ഉപഭോക്താവിനെ മാനസികമായി സമ്മർദ്ദത്തിലാക്കുക തുടങ്ങിയ രീതികളാണ് ഇത്തരം വായ്പാ കമ്പനികൾ അവലംബിക്കുന്നത്. മേൽപ്പറഞ്ഞ വായ്പാ ആപ്പുകൾക്കുപുറമെ ഓൺലൈൻ റമ്മികളിയുടെ പേരിലും സംസ്ഥാനത്ത് ചിലയാളുകൾ ചതിക്കുഴിയിൽപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം റൂറൽ ജില്ലയിലെ നെയ്യാർഡാം പോലീസ് സ്റ്റേഷൻ പരിധിയിൽ വിനീത് എന്ന യുവാവ് 31-12-2020-ൽ ആത്മഹത്യ ചെയ്തിരുന്നു. മരണം ഓൺലൈൻ റമ്മികളി കാരണമുണ്ടായ കടബാദ്ധ്യതയായിരിക്കാമെന്ന സംശയം ഉയർന്നുവന്നിരുന്നു. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടന്നുവരികയാണ്. ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തട്ടിപ്പുകൾ നിരീക്ഷിക്കുന്നതിന് സംസ്ഥാന പോലീസിന്റെ സൈബർ ഡോം വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം തട്ടിപ്പുസംഘങ്ങളുടെ ചതിക്കുഴിയിൽപ്പെടാതിരിക്കാൻ സംസ്ഥാന പോലീസിന്റെ സോഷ്യൽ മീഡിയാ സെൽ, ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ്സ് പോലീസ്

കേഡറ്റ് പദ്ധതി എന്നിവയിലൂടെ ആവശ്യമായ ബോധവത്കരണവും നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾക്കുപരിയായി പുതിയ നിയമ നിർമ്മാണം നടത്തേണ്ടതുണ്ടോയെന്ന കാര്യം വിശദമായി പരിശോധിച്ച് ആവശ്യ മാകുന്നപക്ഷം പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ആന്ധ്രാപ്രദേശ് സർക്കാർ ഓൺലൈൻ ഗെയിമിംഗിനെതിരെ ഒരു നിയമനിർമ്മാണം നടത്തുന്നുണ്ട്. ഓൺലൈൻ ഗെയിമിംഗും അതിന് ഓൺലൈൻ ബാങ്കിംഗ് വായ്പാ ആപ്പുകളുമായുള്ള ബന്ധംകൂടി അന്വേഷി ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇപ്പോൾത്തന്നെ ചില അന്വേഷണങ്ങളും നടപടികളും തുടർന്നുവരികയാണ്. ഇക്കാര്യം സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. അതിനാവശ്യമുള്ള നിയമങ്ങൾ നിർമ്മിക്കേണ്ടതുണ്ടോയെന്ന കാര്യം വിശദമായി പരിശോധിച്ച് അതിനനുസൃതമായ നടപടി സ്വീകരിക്കാം.

12.00 Noon]

## VII സബ്മിഷൻ

### (1) കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കായംകുളം എൻ.ടി.പി.സി. കേന്ദ്രീയ വിദ്യാലയം അടച്ചുപൂട്ടുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതായാണ് വിവരം. ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഏക കേന്ദ്രീയ വിദ്യാലയമാണിത്. രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. ഹരിപ്പാട് മണ്ഡലത്തിൽനിന്നുമാത്രം എണ്ണൂറിലധികം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുന്നത് എൻ.ടി.പി.സി. (National Thermal Power Corporation Limited) ആണ്. സാമ്പത്തിക പ്രതിസന്ധിമൂലം ഫണ്ട് നൽകുന്നതിൽനിന്നും എൻ.ടി.പി.സി. പിന്മാറുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന നൂറുകണക്കിന് വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. ഹരിപ്പാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന നിരവധി കേന്ദ്രസർക്കാർ ജീവനക്കാരുടെ മക്കളും ഇവിടെ പഠിക്കുന്നുണ്ട്. കേന്ദ്രീയ വിദ്യാലയം അടച്ചുപൂട്ടുന്നത് ജില്ലയ്ക്കുതന്നെ വലിയൊരു പ്രതിസന്ധി സൃഷ്ടിക്കും. ഈ വിദ്യാഭ്യാസ സ്ഥാപനം നിർത്തലാക്കുന്നത് വിദ്യാഭ്യാസ മേഖലയിലും കടുത്ത പ്രതിസന്ധിയുണ്ടാക്കും. ആലപ്പുഴ ആകാശവാണി നിലയം അടച്ചുപൂട്ടാനെടുത്ത

തീരുമാനത്തിന് പിന്നാലെയാണ് കേന്ദ്ര സർക്കാർ ആലപ്പുഴ ജില്ലയിലെ ഏക കേന്ദ്രീയ വിദ്യാലയം നിർത്തലാക്കാനുള്ള നീക്കം നടത്തുന്നത്. ഇതിനെതിരെ ഞാൻ കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. രമേശ് പൊക്രിയാൽ നിശാങ്കിനും ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആർ. കെ. സിംഗിനും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ആശാവഹമായ ഒരു പ്രതികരണവും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമല്ല. ഇക്കാര്യത്തിൽ കേരള സർക്കാരിന്റെ അടിയന്തര ഇടപെടൽ ആവശ്യമുണ്ട്. വിദ്യാർത്ഥികളും രക്ഷകർത്താക്കളും അതോടൊപ്പം അവിടെയുള്ള കേന്ദ്ര സർക്കാർ ജീവനക്കാരുമെല്ലാം വലിയ പ്രതിഷേധത്തിലാണ്. ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കേരള സർക്കാർ മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എൻ.ടി.പി.സി. കേന്ദ്രീയ വിദ്യാലയത്തിൽ അഡ്മിഷൻ നടക്കുന്നില്ല. പുതിയ വർഷത്തേയ്ക്കുള്ള അഡ്മിഷൻ വേണ്ടെന്നാണ് അവർ തീരുമാനിച്ചിരിക്കുന്നത്. അങ്ങനെ പടിപടിയായി നിർത്തലാക്കുകയെന്ന താണ് ഇവരുടെ സമീപനം. നമ്മുടെ ശക്തമായ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കണം. കേന്ദ്ര സർക്കാർ ഈ തീരുമാനത്തിൽനിന്ന് പിന്മാറണം. കാരണം, ഇപ്പോൾ എൻ.ടി.പി.സി.-ക്ക് സംസ്ഥാന സർക്കാരാണ് പണം നൽകുന്നത്. നമ്മൾ കൊടുക്കുന്ന ഗ്രാന്റുകൊണ്ടാണ് എൻ.ടി.പി.സി.-യുടെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. പ്രൊഡക്ഷനോ മറ്റ് കാര്യങ്ങളോ ഒന്നും അവിടെയില്ല. പക്ഷേ, മെയിന്റനൻസിനാവശ്യമായ പണം സംസ്ഥാന സർക്കാരാണ് നൽകുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ നമുക്ക് ശക്തമായ നിലപാടെടുക്കാൻ കഴിയും. കായംകുളം എൻ.ടി.പി.സി.-യിലെ കേന്ദ്രീയ വിദ്യാലയം അടച്ചുപൂട്ടാതെ ഈ വർഷത്തെ അഡ്മിഷൻ ആരംഭിച്ച് അത് മുന്നോട്ട് കൊണ്ടുപോകാനുള്ള ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കായംകുളം എൻ.ടി.പി.സി.-യിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്രീയ വിദ്യാലയം അടച്ചുപൂട്ടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി 11-1-2021-ൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം ആലപ്പുഴ ജില്ലാ കളക്ടർ വിളിച്ചു ചേർത്തിരുന്നു. എൻ.ടി.പി.സി.-യുടെ സ്പോൺസർഷിപ്പോടുകൂടിയാണ് ഈ കേന്ദ്രീയ വിദ്യാലയം പ്രവർത്തിക്കുന്നത്. ഏകദേശം 4 കോടി രൂപയോളം പ്രതിവർഷം ചെലവ് വരുന്നതിനാൽ വിദ്യാലയത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് സഹായം നൽകാൻ നിർവ്വാഹമില്ലെന്നും സ്പോൺസർഷിപ്പ് 2022 മാർച്ചോടുകൂടി അവസാനി പ്പിക്കുകയാണെന്നും എൻ.ടി.പി.സി. അധികൃതർ അറിയിച്ചു.

നിലവിൽ ഈ സ്ഥാപനത്തിൽ 750-ഓളം വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. ആയതിൽ 95 ശതമാനംപേർ വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ കുട്ടികളും 35 പേർ എൻ.ടി.പി.സി.-യുമായി ബന്ധപ്പെട്ട ജീവന ക്കാരുടെ മക്കളുമാണ്. എൻ.ടി.പി.സി.-യുടെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിച്ചു വരുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് 2022 മാർച്ചിനു ശേഷം സാമ്പത്തിക സഹായം നൽകാൻ നിർവ്വാഹമില്ലെന്ന് എൻ.ടി.പി.സി. അധികൃതർ യോഗത്തിൽ അറിയിച്ചു. ഈ കേന്ദ്രീയ വിദ്യാലയത്തിന്റെ നടത്തിപ്പ് കേന്ദ്രീയ വിദ്യാലയ സമിതി അവരുടെ ചെലവിൽ ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ ആയത് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിന് നൽകാൻ തയ്യാറാണെന്നും എൻ.ടി.പി.സി. അധികൃതർ അറിയിച്ചു. ഈ സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാർ എൻ.ടി.പി.സി.-യിൽനിന്ന് ഏറ്റെടുത്ത് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിന് നൽകുന്നപക്ഷം വിദ്യാലയം പ്രോജക്ട് സെക്ടറിൽനിന്നും സിവിൽ സെക്ടറിലേയ്ക്ക് മാറ്റി നടത്താമെന്നും യോഗത്തിൽ തീരുമാനമായി. കേന്ദ്രീയ വിദ്യാലയം പ്രവർത്തിക്കുന്ന ഭൂമിയും കെട്ടിടങ്ങളും സംസ്ഥാന സർക്കാരിന് കൈമാറുന്നതിന് എൻ.ടി.പി.സി.-യോട് ആവശ്യപ്പെടാനും തുടർന്ന് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിന് കൈമാറാനുമുള്ള നടപടികൾ സ്വീകരിക്കാനും യോഗത്തിൽ ധാരണയായി. ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിക്കുന്നതുവരെ കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ടുപോകുന്നതിന് കേന്ദ്രീയ വിദ്യാലയ സമിതിയും എൻ.ടി.പി.സി.-യും നടപടികൾ സ്വീകരിക്കാൻ തീരുമാ നിച്ചിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയത്തിൽ ഒന്നാം ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിക്കാനും 2022 മാർച്ച് വരെ കേന്ദ്രീയ വിദ്യാലയത്തിനുള്ള എൻ.ടി.പി.സി. സ്പോൺസർഷിപ്പ് തുടരാനും തീരുമാനിച്ചിട്ടുണ്ട്. എങ്കിലും അങ്ങ് പറഞ്ഞതുപോലെ ഈ കേന്ദ്രീയ വിദ്യാലയം നിലനിർത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

### (2) റേഷൻ പെർമിറ്റ്

ശ്രീ. പി. ടി. തോമസ്: സർ, റേഷൻ പെർമിറ്റ് ഉണ്ടായിട്ടും കേരളത്തിലെ ആയിരക്കണക്കിന് കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, സെമിനാരികൾ, ഹിന്ദു ആശ്രമങ്ങൾ, മുസ്ലീം യത്തീംഖാനകൾ, അനാഥാലയങ്ങൾ എന്നിവർക്ക് നൽകി യിരുന്ന റേഷൻ ഇപ്പോൾ നൽകുന്നില്ല. യു.ഡി.എഫ്. സർക്കാർ നൽകിയിരുന്ന ഈ ആനുകൂല്യം കേരള സർക്കാർ നിർത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. യു.ഡി.എഫ്.-ന്റെ കാലത്ത് ഭക്ഷ്യസുരക്ഷാ നിയമം വന്നതിനെത്തുടർന്ന് അവർക്കുകൂടി ഈ സൗകര്യം കൊടുക്കണമെന്ന് പറഞ്ഞ് കേന്ദ്രത്തിലേയ്ക്ക് അന്ന് കത്തയയ്ക്കുകയും അനുഭാവപൂർവ്വം പരിഹരിക്കാമെന്ന് പറയുകയും അതിന്റെയടിസ്ഥാനത്തിൽ

യു.ഡി.എഫ്. ഇത് കൊടുക്കുകയും ചെയ്തു. കേരളത്തിലെ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് അരിയും ഗോതമ്പും മറ്റ് ആനുകൂല്യങ്ങളും കൊടുക്കുന്നില്ല. എന്നാൽ, ലക്ഷക്കണക്കിന് ക്വിന്റൽ അരിയും ഗോതമ്പും ഗോഡൗണിൽ കേടായിക്കിടക്കുന്ന വാർത്ത പത്രത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു, കേരളം മുഴുവൻ കിറ്റ് കൊടുത്തു എന്നുപറയുന്ന നിങ്ങൾ ഈ പാവങ്ങൾക്ക് ഒരു ചെറിയ സൗകര്യം ചെയ്തുകൊടുക്കുന്നതിൽ എന്താണ് തടസ്സം; ദയവായി ബഹുമാനപ്പെട്ട മന്ത്രി, അല്ലെങ്കിൽ ഗവൺമെന്റ് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം-2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിനുമുമ്പ് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ഉപയോഗിച്ചാണ് സർക്കാർ സഹായമില്ലാത്ത വിവിധ മതവിഭാഗങ്ങളിൽപ്പെട്ട ആശ്രമങ്ങളിലും കന്യാസ്ത്രീ മഠങ്ങളിലും വൃദ്ധസദനങ്ങളിലും അഗതിമന്ദിരങ്ങളിലും ക്ഷേമാശുപത്രികളിലും വസിക്കുന്ന അന്തേവാസികൾക്ക് റേഷൻ വിതരണം നടത്തിവന്നിരുന്നത്. എന്നാൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം-2013 സംസ്ഥാനത്ത് നടപ്പാക്കിയതോടെ സംസ്ഥാനത്തിനുള്ള ഭക്ഷ്യവിഹിതം 14.25 മെട്രിക് ടൺ ആയി കുറച്ച സാഹചര്യത്തിൽ സ്ഥാപന പെർമിറ്റുകൾ നിർത്തലാക്കേണ്ടിവന്നു. അതിന് മുൻപ് പതിനാറ്, പതിനാറേകാൽ, പതിനാറര എന്നിങ്ങനെ മുകളിലേയ്ക്കാണ് കിട്ടിക്കൊണ്ടിരുന്നത്. എന്നാൽ NFSA (National Food and Security Act) നടപ്പാക്കിയപ്പോൾ കേരളത്തിനാണ് വിഹിതം ഏറ്റവും നന്നായി കുറഞ്ഞത്. അക്കാര്യം ശ്രീ. പി. ടി. തോമസിന് അറിയാത്തതല്ല. എന്നിരുന്നാലും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് ഇല്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ ഒരംഗത്തിന് 5 കിലോ അരിവീതം വിതരണം ചെയ്തു. കൂടാതെ സർക്കാർ അംഗീകൃതമല്ലാത്ത സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങൾക്കും ഒരു സ്ഥാപനത്തിലെ നാല് അന്തേവാസികൾക്ക് ഒരെണ്ണം എന്നകണക്കിന് അവശ്യസാധനങ്ങൾ അടങ്ങിയ കോവിഡ് അതിജീവന കിറ്റുകൾ വിതരണം ചെയ്തു. തുടർന്ന് 2020 നവംബർ, ഡിസംബർ എന്നീ മാസങ്ങളിലും നാലുപേർക്ക് ഒന്ന് എന്ന കണക്കിൽ ടി സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതുവരെ 56,208 കിറ്റുകൾ ടി സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ റേഷൻ പെർമിറ്റ് പുതുക്കി നൽകാൻ കഴിയാത്തതിനാൽ ടി സ്ഥാപനത്തിലെ അന്തേവാസികൾക്കും പൊതുവിതരണ സമ്പ്രദായ പ്രകാരമുള്ള റേഷൻ വിഹിതത്തിന് അർഹതയുണ്ടെന്ന് പരിഗണിച്ച് താമസ സർട്ടിഫിക്കറ്റിന് പകരമായി സ്ഥാപനത്തിന്റെ തലവൻ/അധികാരി നൽകുന്ന സത്യപ്രസ്താവന, അന്തേവാസികളുടെ ആധാർ കാർഡ് എന്നിവ അടിസ്ഥാനമാക്കി

റേഷൻ കാർഡ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. വെൽഫെയർ സ്ഥാപനങ്ങൾക്ക് വേറെ വിഹിതം നൽകുന്നുണ്ട്. അത് പുതിയ സ്കീമായി ഇപ്പോൾ വന്നു. എല്ലാ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനും നമ്മൾ പ്രത്യേകമായി വിഹിതം നൽകിവരുന്നുണ്ട്.

(3) പാലം നിർമ്മാണം

ശ്രീമതി സി. കെ. ആശ: സർ, മാക്കേക്കടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിന് പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾ അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതിനെ സംബന്ധിച്ചാണ് എന്റെ ഈ സബ്മിഷൻ. കോട്ടയം-ആലപ്പുഴ ജില്ലകളുടെ വികസനത്തിന് വൻ കുതിപ്പ് നൽകുന്ന ഒന്നാണ് വേമ്പനാട്ട് കായലിന് കുറുകെ ഈ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേക്കടവ്-നേരെകടവ് പാലം. ഈ സർക്കാരിന്റെ കാലത്താണ് പ്രസ്തുത പാലത്തിന്റെ നിർമ്മാണോദ്ഘാടനം നടന്നത്. തുടർന്ന് അതിവേഗത്തിൽ പുരോഗമിച്ച പാലത്തിന്റെ നിർമ്മോണം ഇപ്പോൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത്. അപ്രോച്ച് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ചിലർ കോടതിയെ സമീപിച്ചതുമൂലമുണ്ടായ പ്രശ്നങ്ങളാണ് നിർമ്മാണം മന്ദഗതിയിലാകാൻ കാരണമെന്നും മനസ്സിലാക്കുന്നു. പൈലിംഗ് വർക്കുകൾ 70 ശതമാനത്തോളം മുന്നോട്ടുപോയ ഘട്ടത്തിലാണ് അവിചാരിതമായ തടസ്സങ്ങളുണ്ടായത്. എന്നാൽ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ഇറക്കിയതിൻ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ അവസാനഘട്ടത്തിൽ എത്തി നിൽക്കുന്ന ഈ അവസരത്തിൽ തുറവൂർ-പമ്പ ഹൈവേയുടെ ഭാഗമായ പ്രസ്തുത പാലം നിർമ്മാണത്തിന്റെ തുടർഘട്ടങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കാനാവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഒരു ഭാഗം വൈക്കം താലൂക്കിലും മറുഭാഗം ചേർത്തല താലൂക്കിലുമായിട്ടാണ് മാക്കേക്കടവ്-നേരെകടവ് പാലം നിർമ്മിക്കേണ്ടിയിരുന്നത്. ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തും കോട്ടയം ജില്ലയിലെ ഉദയനാപുരം പഞ്ചായത്തുമാണ് ഇതിന്റെ അതിർത്തികൾ. 2011-2012-ലാണ് ഇത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. 2014-ലാണ് 98 കോടി 52 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. 2015 ഏപ്രിൽ മാസത്തിൽ ടെണ്ടർ ചെയ്തപ്പോൾ, 78 കോടി 40 ലക്ഷം രൂപയ്ക്ക് ചെറിയാൻ വർക്കിയെന്ന നിർമ്മാണ കമ്പനിയാണ് കരാറിൽ ഏർപ്പെട്ടത്. 24 മാസത്തെ നിർമ്മാണ കാലാവധിയാണ് എഗ്രിമെന്റിൽ ഉണ്ടായിരുന്നത്. സ്ഥലം ഏറ്റെടുക്കുന്നത് പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു. തൈക്കാട്ടുശ്ശേരി വില്ലേജിൽ

നിന്ന് 12.28 ആർ വസ്തുവും കോട്ടയം ജില്ലയിലെ വടക്കേമുറി വില്ലേജിൽനിന്ന് 8.725 ആർ വസ്തുവും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിന് ഭരണാനുമതി കൊടുക്കുകയും ചെയ്തിട്ടുണ്ട്. 2014 ജൂലൈ 16-ന് നെഗോഷ്യേറ്റഡ് പർച്ചേസ് വഴി സ്ഥലമേറ്റെടുക്കാൻ സർക്കാർ ഉത്തരവായി. അത് വിജയിച്ചില്ല; ചില വസ്തു ഉടമകൾ ഹൈക്കോടതിയിൽ കേസ്സിനുപോയി അതിനെ തടസ്സപ്പെടുത്തുകയാണുണ്ടായത്. പല കാരണങ്ങളാൽ വസ്തു ഏറ്റെടുക്കുന്ന കാര്യത്തിൽ ഒരു പുരോഗതിയുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും ഒടുവിൽ 2013-ലെ എൽ.എ.ആർ.ആർ. (Land Acquisition, Rehabilitation and Resettlement Act) ആക്ട് പ്രകാരം ആലപ്പുഴ കളക്ടറേറ്റിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്; സാമൂഹിക പഠനവും പൂർത്തീകരിച്ച് കൺവീനിയൻസ് ചാർജ്ജുകളും അടച്ചിട്ടുള്ളതാണ്. പാലത്തിന്റെ 100 പൈലുകളിൽ 96 എണ്ണത്തിന്റെയും 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണത്തിന്റെയും അതിന്റെ പിയറുകളുടെയും പിയർക്യാപ്പുകളുടെയും പണി കഴിഞ്ഞിട്ടുണ്ട്. 2016 ജൂൺ മാസത്തിനുശേഷമാണ് പാലത്തിന്റെ പണി തുടങ്ങിയത്. സ്ഥലത്തിന്റെ പ്രശ്നം കാരണമാണ് ബാക്കിയുള്ള പൈലുകളും പൈൽക്യാപ്പുകളും നിർമ്മിക്കാൻ കഴിയാത്തത്. രണ്ട് നാവിഗേഷൻ സ്പാനുകളിലുള്ള 8 ബീമുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബീമുകൾ കരയിൽവച്ച് ലോഞ്ച് ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം ഇപ്പോൾ രണ്ടു കരയിലുമില്ല; ഇതാണ് പ്രശ്നം. സ്ഥലമേറ്റെടുപ്പ് നടപടിയുടെ ഭാഗമായി ഇരുഭാഗത്തും ബിൽഡിംഗ് വാല്യുവേഷന് ആലപ്പുഴ (എൽ.എ.) തഹസീൽദാർക്കും പാലാ (എൽ.എ.) തഹസീൽദാർക്കും ചുമതല നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള എൽ.ഒ.സി. പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ-ധനകാര്യ വകുപ്പുകൾ വഴി ബന്ധപ്പെട്ട ജനപ്രതിനിധികൾ കൂടുതൽ ശക്തമായി ഇടപെട്ട്, സ്ഥലം ഏറ്റെടുത്ത് കൊടുത്താൽ ഒരു പ്രശ്നവുമില്ല. കേരളത്തിലെ പാലം പണികളെല്ലാം മിക്കവാറും പൂർത്തീകരിച്ചിരിക്കുകയാണ്. ഇത് വർഷങ്ങളായി ഇങ്ങനെയിരിക്കുകയാണ്, ഇതാണ് പ്രശ്നം. പണി ഏകദേശം അന്തിമഘട്ടത്തിലേയ്ക്ക് കടക്കുന്നു; സ്ഥലമേറ്റെടുപ്പ് പൂർത്തിയാകാൻ സാധ്യതയുണ്ടെന്നാണ് ഇപ്പോൾ കാണുന്നത്.

## (4) റോഡ് നിർമ്മാണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് റോഡുകളുടെ അതീവഗുരുതരമായ ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒരു പ്രാവശ്യം കിഫ്ബി ഫണ്ട് ആയതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിൽ സബ്മിഷൻ ഉന്നയിച്ചപ്പോൾ അദ്ദേഹം സഭയ്ക്ക്

ഉറപ്പ് നൽകിയിരുന്നതാണ്; പക്ഷെ നിർമ്മാണ പ്രവർത്തനങ്ങൾ എങ്ങുമെത്താതെ നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മുഴുവനായി കിടക്കുന്ന മനക്കകടവ്-നെല്ലാട്-പത്താംമൈൽ-പട്ടിമറ്റം റോഡും എന്റെ നിയോജകമണ്ഡലത്തിൽ ഭാഗികമായിവരുന്നതും (4.5 കിലോമീറ്റർ) ബാക്കി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ വരുന്നതുമായ മണ്ണൂർ-പോഞ്ഞാശ്ശേരി റോഡും കിഫ്ബി വർക്ക് ഏറ്റെടുത്തതിനുശേഷം ഇതുവരെ എങ്ങുമെത്താതെ പ്രവൃത്തി നിലച്ചിരിക്കുകയാണ്. പണി നടക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ ഉണ്ട്, പക്ഷെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഈ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഞാൻ നിരവധി മീറ്റിംഗുകൾ വിളിച്ചുകൂട്ടി. കിഫ്ബി, കെ.ആർ.എഫ്.ബി., പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർമാരുടെയും ബഹുമാനപ്പെട്ട എറണാകുളം കളക്ടറുടെയും സാന്നി ദ്ധ്യത്തിൽ, ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ പി.ഡബ്ല്യു.ഡി., വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ടെലഫോൺസ് ഇത്യാദി വകുപ്പുകളുടെയും യോഗങ്ങളും കൂടുന്നുണ്ട്. എല്ലാ യോഗത്തിലും വർക്ക് ഇപ്പോൾ തുടങ്ങുമെന്ന ഉറപ്പാണ് നൽകിയിരുന്നത്. എം.എൽ.എ. എന്ന നിലയിൽ നിർമ്മാണം ആരംഭിക്കാത്തതുകൊണ്ട് എനിക്ക് ഹൈക്കോടതിയെ സമീപിക്കേണ്ട സ്ഥിതി വന്നുവെന്നുപറഞ്ഞാൽ എന്റെ സ്ഥിതി എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ചു നോക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ റോഡിന്റെ വിഷയത്തിൽ ഇടപെട്ടു. ഇത്ര ദിവസത്തിനുള്ളിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണമെന്ന് ഹൈക്കോടതി താക്കീത് കൊടുത്തപ്പോഴാണ് ആരംഭിച്ചത്. നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്, ചോദിച്ചു കഴിഞ്ഞാൽ കുറച്ചുപേരെ വച്ച് അവിടെ പണി നടക്കുന്നുണ്ട്. രണ്ട് റീച്ചിന്റെ പണി നടക്കുന്നുണ്ട്; 3-11-2020-നാണ് ഞാൻ കോടതിയിൽ കേസ് കൊടുത്തത്. കോടതി എല്ലാ മാസവും ഇതിന്റെ പ്രവൃത്തി സംബന്ധിച്ച റിവ്യൂ നടത്തിക്കൊണ്ടിരിക്കു കയാണ്. അതിനാൽ സർക്കാർ അഭിഭാഷകന് കോടതിയിൽ ബോധിപ്പിക്കാൻ വേണ്ടി ഇതിന്റെ പണി നടക്കുന്നുണ്ട്. 6 കിലോമീറ്റർ ദൂരമുള്ള പത്താം മൈൽ-പട്ടിമറ്റം റോഡിന്റേയും രണ്ടരകിലോമീറ്റർ വീഗാലാൻഡ് ടൂറിസം കേന്ദ്രത്തിലേയ്ക്കുമുള്ള പണി നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും 13 കിലോമീറ്ററിലധികം ദൂരമുള്ള കിഴക്കമ്പലം-നെല്ലാട് റോഡിന്റെ യാതൊരു നിർമ്മാണ പ്രവൃത്തിയും നടന്നിട്ടില്ല. പൈപ്പിടൽപോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഡോ. ടി. എം. തോമസ് ഐസക് വെള്ളിയാഴ്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുകയാണ്. അദ്ദേഹത്തിന്റെ ആദ്യ ബഡ്ജറ്റിലാണ് ഇതിന് പണം അനുവദിച്ചിരിക്കുന്നത്. പണം അനുവദിച്ചിട്ട് കിഫ്ബിയെന്നുപറയുന്ന സംവിധാനത്തിൽ റോഡ് നിർമ്മാണം നടക്കുന്നില്ലെങ്കിൽ ആരാണ് ഉത്തരവാദി? ആരെങ്കിലും ഉത്തരവാദിത്വം ഏൽക്കേണ്ടതല്ലേ? പി.ഡബ്ല്യു.ഡി.-യോട് ചോദിച്ചാൽ അവർ പറയും കിഫ്ബിയാണ് കുഴപ്പമെന്ന്.

കിഫ്ബിയോട് ചോദിക്കുമ്പോൾ ഞങ്ങൾ അതെല്ലാം പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിച്ചുവെന്നു പറയും. ഇതിന് ആരെങ്കിലും ഒരു നാഥൻ വേണ്ടേ? ഞാനും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയും- രണ്ട് എം.എൽ.എ.-മാർ നാട്ടുകാരുടെ പ്രശ്നങ്ങൾ കേട്ട് മടുത്തിരിക്കുകയാണ്. നാട്ടുകാരെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ, മണ്ണൂർ-പോഞ്ഞാശ്ശേരി റോഡിൽ ഒരു വണ്ടി മറിഞ്ഞ് അപകടവും മരണവുമുണ്ടായി. ഈ റോഡിലും നിരന്തരം അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വലിയ പ്രശ്നങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പത്രങ്ങളിലെല്ലാം നിരന്തരമായി വാർത്തകൾ വന്നു കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിന് എന്തെങ്കിലും പരിഹാരമുണ്ടാക്കണം. ഹൈക്കോടതി പറഞ്ഞതിന്റെ പേരിൽ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. പക്ഷെ നിർമ്മാണം എന്ന് തീർക്കാമെന്ന് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2020 മാർച്ച് 31-നുള്ളിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുമെന്ന് ഈ നിയമസഭയിൽ ഉറപ്പുനൽകിയത് കുറുപ്പിന്റെ ഉറപ്പുപോലെയാണ്. ഇതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്നുമാത്രമല്ല, ഒരു റീച്ചിൽ നിർമ്മാണ പ്രവർത്തനം തുടങ്ങാൻപോലും കഴിഞ്ഞിട്ടില്ല. ആരാണ് പൈപ്പ് മാറ്റിയിടേണ്ടത്? മീറ്റിംഗ് വിളിക്കുമ്പോൾ എല്ലാ ഡിപ്പാർട്ടുമെന്റുകളും നാളെ ഇതെല്ലാം പൂർത്തീകരിക്കാമെന്നുപറയും. ഇതിന്റെ പിന്നിൽ ആരോ പ്രവർത്തിക്കുകയാണ്. ഇതിന്റെ നിർമ്മാണം നടത്താതിരിക്കാൻ ആരോ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ മിനിസ്റ്ററെപ്പോലെയുള്ള ആളുകൾക്ക് നിർമ്മാണം നടത്തണമെന്ന് ആഗ്രഹമുണ്ട്. അങ്ങ് മുൻകയ്യെടുത്ത് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ തയ്യാറുണ്ടോ? കിഫ്ബിക്കുവേണ്ടി കോടിക്കണക്കിന് രൂപ പരസ്യത്തിനായി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബിയുടെ പേരിൽ രണ്ട് പാലങ്ങൾ നിർമ്മിച്ചുവെന്ന് പറഞ്ഞു. പാലങ്ങൾ നിർമ്മിക്കുമ്പോൾ റോഡുകൾ നിർമ്മിക്കാനുള്ള ഉത്തരവാദിത്വംകൂടി ഗവൺമെന്റ് ഏറ്റെടുക്കേണ്ടേ, എം.എൽ.എ.-മാരെ മാത്രം പഴിചാരിയിട്ട് കാര്യമുണ്ടോ? എം.എൽ.എ.- മാരുടെ കുഴപ്പമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ പറ്റുമോ? എന്റേയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെയും കുഴപ്പം കൊണ്ടാണ് പണി നടക്കാത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞാൽ ഞങ്ങൾ അതിന്റെ ഉത്തരവാദിത്വം ഏൽക്കാൻ തയ്യാറാണ്. പക്ഷെ ഞങ്ങളുടെ കുഴപ്പം കൊണ്ടാണോ ഈ പണി നടക്കാതിരിക്കുന്നത്? ഇതിന്റെ പിന്നിൽ ആരോ പ്രവർത്തിക്കുന്നു. ഞങ്ങൾ എം.എൽ.എ.-മാരായിപ്പോയി എന്നതുകൊണ്ട് ഈ റോഡിന്റെ നിർമ്മാണം നടത്താതിരിക്കാൻ ആരോ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എനിക്ക് പറയാനുള്ളത് ഈ രണ്ട് റോഡുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. ഹൈക്കോടതി വിധി

പോലും മാനിക്കാതെ ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കി മനക്കകടവ്-കിഴക്കമ്പലം-നെല്ലാട് റോഡിന്റെയും മണ്ണൂർ-പോഞ്ഞാശ്ശേരി റോഡിന്റെയും നിർമ്മാണം പൂർത്തീകരിക്കാനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന് അങ്ങയോട് ബഹുമാനപൂർവ്വം അഭ്യർത്ഥിക്കുന്നു. നിരവധി പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിനോടൊപ്പം ഇതുകൂടി ശ്രദ്ധിക്കാനുള്ള മനസ്സ് അങ്ങ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ വിഷമമാണ് ഈ പറഞ്ഞത്. ആ വിഷമം അങ്ങ് പരിഹരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങ് ഈ വിഷയത്തിൽ വേണ്ട നടപടിയെടുക്കണം. രണ്ടുപേർക്കെതിരെ നടപടിയെടുക്കുമ്പോൾ തീരുമാനമുണ്ടാകുമല്ലോ; വാട്ടർ അതോറിറ്റി പൈപ്പ് ഇതുവരെ മാറ്റിയിട്ടിട്ടില്ല, വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റിയിടരുതെന്ന് ആരോ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. പൈപ്പ് മാറ്റിയിട്ടാൽ പണി നടക്കുമല്ലോ, അതുകൊണ്ട് അങ്ങ് ഇത് ഗൗരവത്തിൽ കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ പറഞ്ഞ മണ്ണൂർ - പോഞ്ഞാശ്ശേരി റോഡിന്റെ നല്ലൊരു ഭാഗം എന്റെ മണ്ഡലമായ പെരുമ്പാവൂരിൽക്കൂടിയാണ് പോകുന്നത്. ഇവിടെ സംഭവിച്ച ഒന്നുരണ്ട് അനാസ്ഥ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 23 കോടി രൂപയുടെ എസ്റ്റിമേറ്റായിരുന്നു റോഡ് നിർമ്മാണത്തിനായി തയ്യാറാക്കിയത്. അതിനുശേഷം ബന്ധപ്പെട്ട കരാറുകാരൻ 200 ലക്ഷം രൂപ കുറവിലാണ് പ്രവൃത്തി ഏറ്റെടുത്തത്. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് പറയുന്നത് ഈ റോഡിന്റെ നിർമ്മാണം മുഴുവൻ പൂർത്തിയാക്കണമെങ്കിൽ 16 കോടി രൂപകൂടി വേണമെന്നാണ്. ഉദ്യോഗസ്ഥതലത്തിൽ വലിയ അനാസ്ഥ ഈ റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികളിലുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി രണ്ടര വർഷംമുമ്പ് വന്ന് ഉദ്ഘാടനം ചെയ്ത 11.5 കി.മീ റോഡിന്റെ കാര്യമാണ് ഞങ്ങൾ പറയുന്നത്. ടോട്ടൽ സർവ്വേയും ഡ്രോൺ സർവ്വേയും രണ്ടുതരത്തിലായിരുന്നു. കിഫ്ബി നടത്തിയ ഡ്രോൺ സർവ്വേയും പൊതുമരാമത്ത് വകുപ്പ് നടത്തിയ ടോട്ടൽ സ്റ്റേഷൻ സർവ്വേയും തമ്മിൽ വ്യത്യാസമുണ്ടായി. എങ്ങനെയാണ് ഇതിൽ മാറ്റമുണ്ടായത്? ഈ പ്രവൃത്തിക്കായി 16 കോടി രൂപ അധികമായി ആവശ്യമുണ്ട്. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തെങ്കിലും നേരത്തെ തീരുമാനിച്ച 2.5 കി.മീ. ചെയ്യാൻ കഴിയില്ല. വളരെ ഗുരുതരമായ പ്രശ്നം ഇതുമായി ബന്ധപ്പെട്ടുണ്ട്. ഞങ്ങൾക്ക് അതുവഴി പോകാൻ കഴിയാത്ത അവസ്ഥയാണ്. ഇതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോകേണ്ട ആവശ്യമുണ്ടോ? റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ ഒരു മീറ്റിംഗ് രണ്ട് മാസംമുമ്പ് പെരുമ്പാവൂരിൽ ഞാൻ വിളിച്ചു ചേർത്തിരുന്നു. വരുന്ന മാർച്ച് മാസം 15-ാം തീയതിക്കകം പദ്ധതി പൂർത്തീക

രിക്കുമെന്ന് അദ്ദേഹം അന്ന് പറഞ്ഞിരുന്നെങ്കിലും നേരത്തേയുള്ള അവസ്ഥയിൽ നിന്നും ഒരടിപോലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ഞങ്ങൾക്ക് വലിയ തോതിലുള്ള പ്രതിഷേധമുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കണമെന്നും അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇനി ആരെങ്കിലും സംസാരിക്കാനുണ്ടോ? എം.എൽ.എ.-മാർ പറയുന്നത് അവരുടെ ബുദ്ധിമുട്ടാണ്. പ്രസ്തുത റോഡിന്റെ 'മനക്കക്കടവ്' മുതൽ 'പള്ളിക്കടവ്' ഭാഗംവരെയുള്ള ലെവൽസ് എടുക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. 'കിഴക്കമ്പലം' മുതൽ 'പട്ടിമറ്റം' വരെയുള്ള ഭാഗത്തെ ലെവൽസ് സമർപ്പിച്ചുകഴിഞ്ഞു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മറ്റ് പ്രവൃത്തികളിലെന്നപോലെ ഇവിടെയും കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. 'പട്ടിമറ്റം' മുതൽ 'നെല്ലാട് ' ഭാഗംവരെയുള്ള ലെവൽസ് എടുക്കൽ അടുത്തയാഴ്ച പൂർത്തീകരിക്കും. ബീമിനടിയിലൂടെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ഇടരുതെന്ന് കിഫ്ബി ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്. 5.5 കിലോമീറ്റർ ഭാഗത്ത് മറ്റ് കേബിളുകളും പൈപ്പുകളും കിടക്കുന്നുണ്ട്. അതുകാരണം വാട്ടർ അതോറിറ്റിക്ക് പൈപ്പിടാൻ സാധിക്കുന്നില്ലെന്ന കാര്യം അറിയിച്ചിട്ടുമുണ്ട്. ഇവിടെ സംയുക്ത പരിശോധന നടത്തിയിരുന്നു. ചില ഭാഗങ്ങൾ ഒഴിവാക്കി പൈപ്പിടാൻ വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. പൈപ്പ് മാറ്റിസ്ഥാപിക്കാനുള്ള കാലതാമസം വാട്ടർ അതോറിറ്റിയുടെ കാര്യത്തിൽ കേരളമൊട്ടുക്കുള്ളതാണ്; ഇതൊക്കെയാണ് പ്രശ്നങ്ങൾ എന്നുള്ളത് ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും അറിവുള്ളതാണ്. ഇതൊക്കെ ബന്ധപ്പെട്ട വകുപ്പുതന്നെ പരിഹരിക്കേണ്ടതാണ്, അതിനായുള്ള ചട്ടങ്ങളൊക്കെയുണ്ടല്ലോ. ഏതായാലും നിർദ്ദേശങ്ങൾ കൊടുത്തിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ കാലതാമസം പരിഹരിച്ച് പൈപ്പുകളിടുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ കിഫ്ബിയിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അവരുടെ പ്രവൃത്തി പൂർത്തീകരിക്കാതെ റോഡ് നിർമ്മാണം നടത്തിയാൽ റോഡ് പിന്നെക്കാണില്ല. വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചാലേ റോഡ് പണി ആരംഭിക്കാൻ കഴിയുകയുള്ളൂവെന്നതാണ് ഒന്നാമത്തെ പ്രശ്നം. അവിടെ ഉറച്ചുനിന്നുകൊണ്ട് എല്ലാവരുംകൂടി വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാനുള്ള മേൽനോട്ടം നൽകണം. നിർദ്ദിഷ്ട പ്രവൃത്തി ചെയ്യുന്നത് പി.ഡബ്ല്യു.ഡി. അല്ല, കിഫ്ബിയാണ്. പി.ഡബ്ല്യു.ഡി.-യിൽനിന്നും നൽകിയ എഞ്ചിനീയർമാരാണ് കിഫ്ബി യൂണിറ്റിൽ പ്രവർത്തിക്കുന്നത് എന്നതുകൊണ്ടാണ് ഇവിടെ ഞാൻ മറുപടി പറയേണ്ടിവരുന്നത്. എന്നാൽ കൺട്രോൾ ചെയ്യുന്നത് എന്റെ വകുപ്പല്ല. ഇതാണ് വസ്തുത.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഹൈക്കോടതി പറഞ്ഞിട്ടുണ്ടല്ലോ.

ശ്രീ. ജി. സുധാകരൻ: സർ, ഹൈക്കോടതി പറഞ്ഞുവെന്നതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റേണ്ടേ? ഹൈക്കോടതി അങ്ങനെ പലതും പറയും. വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള കാലതാമസമാണെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. നിങ്ങൾ അവിടെനിന്ന് പൈപ്പ് മാറ്റുന്ന പ്രവൃത്തി ചെയ്യിക്കൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എന്റെ മണ്ഡലത്തിലെ കാര്യമാണ്.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുകൊണ്ടാണ് മറുപടി പറയുന്നത്, സബ്മിഷൻ ഒന്നേയുള്ളൂ, എന്തിനെപ്പറ്റിയാണ് തർക്കമുള്ളത്; എവിടെയാണ് സബ്മിഷനുള്ളത്?

മി. ഡെപ്യൂട്ടി സ്പീക്കർ: കത്ത് കൊടുത്തതുകൊണ്ടാണ് പരാമർശിക്കുന്നത്... പ്ലീസ്...പ്ലീസ്..

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷൻ നോട്ടീസിലില്ലെങ്കിലും മറുപടി പറയുന്നുണ്ട്. സപ്ലിമെന്റ് ചെയ്തല്ലോ, ക്ഷമയോടെ യിരിക്കൂ. താങ്കൾ പ്രത്യേകം സബ്മിഷൻ കൊടുത്തിട്ടില്ല, അതിന്റെ ഭാഗം ഇതിലുള്ളതുകൊണ്ട് ഞാൻ മറുപടി പറയുകയാണ്. ഞാൻ പ്രശ്നത്തിലെ വസ്തുതയാണ് പറഞ്ഞത്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് എടുത്തുമാറ്റാതെ നമുക്ക് പണി തുടങ്ങാൻ സാധിക്കില്ലെന്നതിനാൽ ഇക്കാര്യത്തിൽ ചർച്ചയുടെ ആവശ്യമില്ല. അത് എടുത്തുമാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലായിടത്തും വാട്ടർ അതോറിറ്റി കാലതാമസം വരുത്തുന്നുണ്ട്, മന്ത്രിയുടെ കുഴപ്പമല്ല. അവരുടെ രീതി നിങ്ങൾക്കെല്ലാം അറിയാമല്ലോ. പ്രസ്തുത റോഡിന്റെ ലെവൽ എടുത്ത് പൂർത്തിയാക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഇതാണ് ഒന്നാമത്തെ കാര്യം.

അടുത്തത് മണ്ണൂർ-പോഞ്ഞാശ്ശേരി റോഡാണ്; അത് കിഫ്ബി ഫണ്ടിലുള്ളതാണ്. റോഡിന്റെ ആദ്യത്തെ 6 കിലോമീറ്റർ ദൂരം കിഫ്ബി അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്തുവരികയാണ്. തുടർന്നുള്ള 6.5 മുതൽ 9 കിലോമീറ്റർ വരെയുള്ള 2.5 കിലോമീറ്റർ ദൂരത്തിൽ കിഫ്ബി മാനദണ്ഡപ്രകാരമുള്ള സ്ഥലമില്ല. ഇത് അനാവശ്യമായി കിഫ്ബിയിൽ ഉൾപ്പെടുത്തിയതാണ്, റൈറ്റ് ഓഫ് ദ വേ ഇല്ല. ഒരു കാരണവശാലും കിഫ്ബിയിൽ ഉൾപ്പെടുത്തേണ്ടിയിരുന്നില്ല. അതാണ് കാലതാമസത്തിന് കാരണം. ഇനി മാറ്റാൻ കഴിയില്ലല്ലോ. മാനദണ്ഡ പ്രകാരം റൈറ്റ് ഓഫ് ദ വേ ഇല്ലാത്തതിനാൽ റോഡിന്റെ പാച്ച്‌വർക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്,

ആ പ്രവൃത്തിയിൽ കാലതാമസമുണ്ടെങ്കിൽ നമുക്ക് ചർച്ച ചെയ്യാം. പിന്നെയുള്ളത് കലുങ്ക്, കാന തുടങ്ങിയവയുടെ നിർമ്മാണമാണ്, അവ പൂർത്തീകരണ ഘട്ടത്തിലാണ്. 9 മുതൽ 11.5 വരെയുള്ള 2.5 കി.മീ. പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികളും 2021 മാർച്ചിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

(5) <u>റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഈ വിഷയം നിയമസഭയിൽ ഇതിനു മുമ്പും നിരവധി തവണ ചർച്ച ചെയ്തതാണ്. എന്റെ മണ്ഡലത്തിലുൾപ്പെട്ട പരുതൂർ പഞ്ചായത്തിലെ 'കരിയന്നൂർ', 'സുശീലപ്പടി' എന്നിവിടങ്ങളിലെ റെയിൽവേ ഓവർബ്രിഡ്ജുകൾ പൂർത്തീകരിച്ചാൽ ആ പ്രദേശത്തിന് മാത്രമല്ല, കോഴിക്കോട് - തൃശ്ശൂർ റോഡിന് ഒരു ബദൽ മാർഗ്ഗമായി ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വലിയ വികസന സാദ്ധ്യതയാണുള്ളത്. 2016-17 ബഡ്ജറ്റിൽ 138-ാം ഖണ്ഡികയിൽ 5-ാം നമ്പറായി ഉൾപ്പെടുത്തിയ കരിയന്നൂർ റെയിൽവേ ഓവർ ബ്രിഡ്ജിന് കിഫ്ബി വഴി 10 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചശേഷം പ്രസ്തുത പദ്ധതിയുടെ എസ്.പി.വി.-യായി ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala Limited)-യെ നിയമിക്കുകയും അവർ വന്ന് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന ഘട്ടത്തിൽ പഞ്ചായത്തുമായും ഞങ്ങളുൾപ്പെടെ എല്ലാവരുമായും ആലോചിച്ചപ്പോൾ കരിയന്നൂരിനേക്കാൾ തൊട്ടടുത്ത 'സുശീലപ്പടി' എന്ന സ്ഥലത്താണ് പ്രധാനമായും ഓവർബ്രിഡ്ജ് വേണ്ടതെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ഓവർബ്രിഡ്ജ് സുശീലപ്പടിയിലും കരിയന്നൂരിൽ ചെറിയ ഓവർബ്രിഡ്ജും എന്ന നിലയിൽ രണ്ട് പദ്ധതിയും ഒരുമിച്ച് ചേർത്ത് നടപ്പാക്കാമെന്ന് തീരുമാനമെടുക്കുകയും മൊത്തത്തിലുള്ള ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. 2017 മേയ് 25-ാം തീയതി ഈ വിഷയം ഞാൻ നിയമസഭയിൽ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട അങ്ങുതന്നെയാണ് മറുപടി നൽകിയത്. " കരിയന്നൂർ റെയിൽവേ മേൽപ്പാലത്തിന്റെ എസ്.പി.വി.-യായി ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala Limited)-യെ നിശ്ചയിച്ചിട്ടുണ്ട്, പ്രസ്തുത പദ്ധതിക്കായി ഉദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് 'സുശീലപ്പടി'യിൽ മേൽപ്പാലവും 'കരിയന്നൂരിൽ' ഒരു ചെറിയ പാലവും നിർമ്മിക്കുന്നതിന് തീരുമാനി ച്ചിട്ടുണ്ട്. ഒരു മാസത്തിനകം ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കും" എന്ന് മൂന്നര വർഷം മുമ്പ് അങ്ങുതന്നെ പറഞ്ഞതാണ്. അതിനുശേഷം തുടർനടപടികളുമുണ്ടായി. 2018 മേയ് മാസം 11-ാം തീയതി G.O. (Rt)No.835/2018/PWD എന്ന പി.ഡബ്ല്യു.ഡി.-യുടെ ഉത്തരവ് പുറത്തിറങ്ങി.

അതിൽ ‘ Construction of Kariyannoor ROB’ എന്നത് ‘ Construction of ROBs at Kariyannoor and Suseelappady’ എന്ന് മാറ്റി ഗവൺമെന്റ് ഉത്തരവ് പുറത്തിറങ്ങി. പക്ഷേ ഈ ഉത്തരവ് കാബിനറ്റിൽ വയ്ക്കണമെന്നും കാബിനറ്റിന്റെ അംഗീകാരം വേണമെന്നും ഭരണവകുപ്പ് നേരിട്ട് ഉത്തരവിറക്കിയാൽ പോരെന്നുമുള്ള തടസ്സവാദം പിന്നീട് കിഫ്ബിയുടെ ഭാഗത്തുനിന്ന് വന്നതിന്റെ അടിസ്ഥാനത്തിൽ കാബിനറ്റിൽ വയ്ക്കുകയും ചെയ്തു. അവിടെ നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ എനിക്കറിയില്ല, ആ ഘട്ടത്തിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും സംശയ നിവാരണമോ സാങ്കേതിക തടസ്സവാദമോ ഉന്നയിക്കപ്പെട്ടതായാണ് അറിയുന്നത്. കാരണം ഈ ലെവലിൽ നടപ്പാക്കുമ്പോൾ തുക വർദ്ധിക്കുന്നുണ്ട്. പിന്നീട് നിയമസഭയിൽ അങ്ങയോടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായും നിരവധി തവണ സംസാരിച്ചതാണ്. ഇത് ഏതുവിധേനയും നടപ്പാക്കിത്തരാം, പണം കൂടുന്നത് സാരമില്ല, പ്രത്യേക കേസായി അംഗീകരിക്കാമെന്ന് രണ്ട് മന്ത്രിമാരും ചേർന്ന് ഉറപ്പുനൽകിയതാണ്. അതനുസരിച്ച് നിരവധി തവണ കത്ത് നൽകി മുന്നോട്ടു പോകുകയും ചെയ്തു. പക്ഷേ ഏറ്റവും ഒടുവിൽ ഫയലിലുള്ള കാര്യമായി ധനകാര്യ വകുപ്പിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി 19-3-2020-ന് എനിക്കൊരു കത്ത് നൽകിയതിൽ പറയുന്നത് 'തൃത്താല മണ്ഡലത്തിലെ കരിയന്നൂരിലും സുശീലപ്പടിയിലും കിഫ്ബി വഴി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള താങ്കളുടെ അപേക്ഷ സൂക്ഷ്മ പരിശോധനകൾക്കുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവോടെ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയുണ്ടായെങ്കിലും മേൽ പ്രതിപാദിച്ച പദ്ധതി അംഗീകരിക്കാനാവില്ല എന്ന മറുപടിയാണ് ഭരണ വകുപ്പിൽനിന്നും ലഭ്യമായിട്ടുള്ളത് എന്നാണ്. ഭരണവകുപ്പെന്നുപറയുന്നത് പി.ഡബ്ല്യു.ഡി.-യാണ്. ഈ സാഹചര്യത്തിൽ കത്തിൽ പരാമർശിച്ച തൃത്താല മണ്ഡലത്തിലെ കരിയന്നൂരിലും സുശീലപ്പടിയിലും റെയിൽവേ ഓവർബ്രിഡ്ജ് കിഫ്ബി വഴി നിർമ്മിക്കുന്നത് പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു' എന്നുള്ളതാണ് ഏറ്റവും ഒടുവിലത്തെ ഫയലിലെ പൊസിഷനായി കാണുന്നത്. അങ്ങ് അറിയുന്നുണ്ടാവില്ല, ഒരുപക്ഷേ താഴെത്തട്ടിലെ ഉദ്യോഗസ്ഥർ ആ ഫയലിൽ എഴുതിവയ്ക്കുന്ന കാര്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഇത് വരുന്നത്. ഏതായാലും ഒരിക്കൽക്കൂടി അങ്ങയുടെ നേരിട്ടുള്ള ശ്രദ്ധയിൽപ്പെ ടുത്തുകയാണ്. രണ്ട് വകുപ്പുകളും ചേർന്ന് ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പങ്ങളോ സാങ്കേതിക തടസ്സങ്ങളോ ഉണ്ടെങ്കിൽ അത് പരിഹരിച്ച് നടപ്പാക്കണമെന്നാണ് ഭരണ വകുപ്പിന്റെ ആവശ്യം എന്ന നിർദ്ദേശ ത്തോടുകൂടി ധനകാര്യ വകുപ്പിലേയ്ക്കോ കിഫ്ബിയിലേയ്ക്കോ അയച്ച് ഈ പദ്ധതിയുടെ അംഗീകാരം എത്രയുംപെട്ടെന്ന് ലഭ്യമാക്കണം. എത്രയുംപെട്ടെന്ന് പൂർത്തീകരിച്ചാൽ വലിയ വികസന സാദ്ധ്യതയുണ്ട്. ഒരു നാടിന്റെ മുഴുവൻ ആഗ്രഹമാണ്. ഇങ്ങനെ സാങ്കേതിക പ്രശ്നങ്ങളും ആശയക്കുഴപ്പങ്ങളും തെറ്റിദ്ധാരണകൾമൂലവും

മുടന്തിനീങ്ങുന്ന അല്ലെങ്കിൽ സ്തംഭനാവസ്ഥയിൽ നിൽക്കുന്ന സാഹചര്യം ഒഴിവാക്കിക്കിട്ടാൻ വകുപ്പുമന്ത്രിയായ അങ്ങ് പ്രത്യേകം ഇടപെടൽ അടിയന്തരമായി നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. വി. ടി. ബൽറാം ആശയക്കുഴപ്പത്തിലാണെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. പി.ഡബ്ല്യൂ.ഡി.-ക്കാരുടെ ആശയക്കുഴപ്പത്തിന്റെ കാര്യമല്ല. നിങ്ങൾ നൽകിയ തെറ്റായ പ്രൊപ്പോസൽ കാരണമാണ് കാലതാമസമുണ്ടായത്. ധനകാര്യ വകുപ്പിലെ ഏതോ ജോയിന്റ് സെക്രട്ടറി എഴുതിയതിന് അയാളാണ് ഉത്തരവാദി. അതൊന്നും എന്റെ മുമ്പിലില്ല. ഞങ്ങൾ ഒന്നിനും എതിരല്ല. എന്താണ് സംഭവമെന്ന് മുമ്പൊരു സബ്മിഷനിൽ ഞാൻ വ്യക്തമാക്കിയതാണ്. ഇപ്പോൾ അതിൽനിന്നും കുറച്ച് മുന്നോട്ടുവന്നു, നമ്മൾ ഇനി അവിടെനിന്നും പോയാൽ മതി. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധാരാളം റെയിൽവേ ഓവർബ്രിഡ്ജുകൾ പ്രഖ്യാപിച്ചുവെന്നത് ശരിയാണ്. അതിൽ ഒരെണ്ണംപോലും പൂർത്തീകരിച്ചിട്ടില്ല, നിങ്ങളുടേത് മാത്രമല്ല. അതിൽ പത്ത് റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യമായി നടത്താൻ പോകുകയാണ്. റെയിൽവേ ഓവർബ്രിഡ്ജിന് ധാരാളം കോംപ്ലിക്കേഷനുണ്ട്. ഒരെണ്ണംപോലും ആരംഭിച്ചിട്ടില്ല, ഉടൻ ആരംഭിക്കും. പത്തെണ്ണത്തിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ മാസം 24-ാം തീയതി നടത്തും. ഇപ്പോൾ നാലരവർഷമായില്ലേ; ഇതിലുണ്ടായ പ്രശ്നമെന്തെന്നാൽ, നിങ്ങൾ എഴുതിത്തന്നത് കരിയന്നൂർ ഓവർബ്രിഡ്ജ് എന്നാണ്. പിന്നീട് സുശീലപ്പടി എന്ന് മാറ്റി എഴുതിത്തന്നു. അപ്പോൾത്തന്നെ ഒന്നര വർഷം കഴിഞ്ഞുപോയി. എഴുതി നൽകിയതിൽ കുറ്റമൊന്നുമില്ല, ഒരു പ്രൊപ്പോസൽ തന്നു അത്രയേയുള്ളൂ. ഇത് എല്ലാവരും മനസ്സിലാക്കേണ്ടതാണ്, ഇതിൽ എന്ത് കോംപ്ലിക്കേഷൻ; 'കരിയന്നൂർ ഓവർബ്രിഡ്ജ്' എന്ന പ്രവൃത്തിയുടെ പേര് 'കരിയന്നൂരിലെയും സുശീലപ്പടിയിലെയും ഓവർബ്രിഡ്ജ്' എന്നാക്കണമെന്ന് അങ്ങയുടെ കത്ത് വന്നു, അതും അംഗീകരിച്ചു. അപ്പോഴേയ്ക്കും 2018 ആയി. വർഷങ്ങൾ കടന്നുപോകുകയാണെന്ന് ഓർക്കണം. അതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പേര് മാറ്റുന്നതിന് മന്ത്രിസഭയുടെ അനുവാദം വേണം. മന്ത്രിസഭയുടെ അനുവാദമില്ലാതെയാണ് പ്രൊപ്പോസൽ വന്നത്. അതുകൊണ്ട് മന്ത്രിസഭയുടെ അനുവാദത്തിനയച്ചു. അപ്പോഴാണ് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് വിട്ടത്. ധനകാര്യ വകുപ്പുവഴിയാണ് മന്ത്രിസഭയിലേയ്ക്ക് വരേണ്ടത്. നടപടി സ്വീകരിക്കണമെന്ന് അങ്ങയുടെ കത്തുണ്ടായിരുന്നു. കരിയന്നൂരും സുശീലപ്പടിയും ചേർത്തുകൊണ്ട് ഭരണ വകുപ്പ് ഉത്തരവാക്കിയെങ്കിലും പദ്ധതിയുടെ വ്യാപ്തി മാറിയതിനാൽ മന്ത്രിസഭയുടെ അനുമതിയോടെ മാത്രമേ ഇതിൻപ്രകാരമുള്ള പദ്ധതിക്കുള്ള ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുകയു

ള്ളൂവെന്നാണ് ധനകാര്യ വകുപ്പ് പറഞ്ഞത് ശരിയാണ്. ആയതിനാൽ മന്ത്രിസഭയുടെ അംഗീകാരമുണ്ടെങ്കിൽ കരിയന്നൂരും സുശീലപ്പടിയിലും റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി ഏറ്റെടുക്കുന്നതാണ്. ഞാൻ അത് മന്ത്രിസഭയിൽ കൊണ്ടു പോയി. അപ്പോൾ 10 കോടി രൂപ എന്നത് 40 കോടി രൂപയായി മാറി. അതിന് പ്രത്യേക അനുവാദത്തിനുവേണ്ടി 40 കോടി രൂപയുടെ പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിൽ വയ്ക്കണം. അതിന്റെ അടിസ്ഥാനത്തിൽ ഫയൽ തരാൻ എസ്.പി.വി.-യായ ആർ.ബി.ഡി.സി.കെ.-യോട് പറഞ്ഞിരിക്കുകയാണ്. അവർ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി 2021 ജനുവരി 15-നകം സമർപ്പിക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. അതിൽ യാതൊരു ആശയക്കുഴപ്പവുമില്ല. പ്രൊപ്പോസലിൽ വന്ന പിശകാണ്. അതിന് പല കാരണങ്ങളുണ്ട്. പേര് മാറുന്നു, മന്ത്രിസഭയുടെ അംഗീകാരം ലഭിക്കാത്തതിനാൽ അംഗീകാരത്തിന് നൽകണം, തുകതന്നെ മാറുകയാണ്. 10 കോടി രൂപയും 40 കോടി രൂപയും തമ്മിൽ വ്യത്യാസമില്ലേ? ഇക്കാര്യത്തിനായി ഒരുപാട് തവണ ശ്രീ. വി. ടി. ബൽറാം എന്നെ വന്ന് കണ്ടിട്ടുണ്ടെന്നെനിക്കറിയാം. പി.ഡബ്ല്യു.ഡി. നിയമാനുസരണം അനുവാദം കൊടുക്കുന്നു. കിഫ്ബിയുടെ വർക്കാകുമ്പോൾ അതിന് സാങ്കേതിക പ്രശ്നമുണ്ട്. കിഫ്ബി കുറച്ചുകാലം പണി നിർത്തിവച്ചിരുന്നപ്പോൾ കാലതാമസം വന്നു. ഏതായാലും ഒരുപാട് ചട്ടങ്ങൾ നമ്മൾ പാലിക്കുകയും ക്ഷമയോടു കൂടി ഫോളോ ചെയ്യുകയും വേണം. താമസിയാതെ കാബിനറ്റ് പാസ്സാക്കി നമുക്ക് വർക്ക് തുടങ്ങാം.

## (6) ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി

ശ്രീ. വി. എസ്. ശിവകുമാർ: തിരുവനന്തപുരത്ത് വേളിയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി കഴിഞ്ഞ അഞ്ചുമാസമായി അടച്ചിട്ടിരിക്കുകയാണ്. തൊഴിലാളികൾ കടുത്ത ദുരിതത്തിലും പട്ടിണിയിലുമായതും ഒരാൾ ആത്മഹത്യ ചെയ്തതും കണക്കിലെടുത്ത് ഫാക്ടറി തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. 1953-ൽ പ്രവർത്തനമാരംഭിച്ച ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് 99 വർഷത്തേയ്ക്ക് വ്യവസായം നടത്തുന്നതിലേയ്ക്കുവേണ്ടി സർക്കാർ പാട്ടത്തിന് നൽകിയ ഒന്നര ഏക്കർ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. കളിമണ്ണ് കുഴിച്ചെടുത്ത് സംസ്കരിച്ച് മറ്റ് വ്യവസായങ്ങൾക്ക് വിൽക്കുന്ന പ്രവൃത്തിയാണ് ഇവിടെ നടക്കുന്നത്. അഞ്ഞൂറോളം സ്ഥിരം തൊഴിലാളികളും ആയിരത്തോളം കരാർ തൊഴിലാളികളുമാണ് ഫാക്ടറിയിലുള്ളത്. ഭൂരിപക്ഷം തൊഴിലാളികളും തിരുവനന്തപുരം അസംബ്ലി നിയോജകമണ്ഡലത്തിലുള്ളവരാണ്. 2020 ആഗസ്റ്റ് 9 മുതൽ യാതൊരുവിധ മുന്നറിയിപ്പുമില്ലാതെ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനി അവരുടെ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. ഇതിനെത്തുടർന്ന് വേളി, തോന്നയ്ക്കൽ ഫാക്ടറികളുടെ പടിക്കൽ തൊഴിലാളികൾ സമരം ആരംഭിച്ചു.

അഡീഷണൽ ലേബർ കമ്മീഷണർ വിളിച്ചുകൂട്ടിയ ചർച്ചയിൽ തോന്നയ്ക്കൽ ഫാക്ടറി ആദ്യം പ്രവർത്തിപ്പിക്കുന്നതിനും തുടർന്ന് വേളി ഫാക്ടറി തുറക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചെങ്കിലും ഫാക്ടറി മാനേജ്മെന്റിന്റെ നിരുത്തരവാദപരമായ നിലപാട് കാരണം കഴിഞ്ഞ അഞ്ചുമാസമായി ഇത് തുറന്നുപ്രവർത്തിക്കുന്നില്ല. കമ്പനി അടച്ചിട്ടതുമൂലം തൊഴിലും വരുമാനവുമില്ലാതെ തൊഴിലാളികളുടെ ആത്മഹത്യയും ആത്മഹത്യാശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഒരു തൊഴിലാളി ആത്മഹത്യ ചെയ്തു, രണ്ടുപേർ മണ്ണെണ്ണ ഒഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചു എന്നൊക്കെയുള്ള വാർത്ത പത്രമാധ്യമങ്ങളിൽ നമ്മൾ കണ്ടതാണ്. മറ്റ് തൊഴിലാളികൾ പിടിച്ചു മാറ്റിയതു കൊണ്ടാണ് രണ്ട് തൊഴിലാളികൾ രക്ഷപ്പെട്ടത്. അടച്ചിട്ട ദിവസങ്ങളിലെ ലേ ഓഫ് കോമ്പൻസേഷൻ നൽകുന്നതിന് മാനേജ്മെന്റ് തയ്യാറാകുന്നില്ല. കൂടാതെ സർക്കാരിന്റെയോ കോടതികളുടെയോ നിരീക്ഷണപ്രകാരമുള്ള കോവിഡ് കാലത്തെ സമാശ്വാസ വേതനം നൽകുന്നതിനും മാനേജ്മെന്റ് തയ്യാറാകുന്നില്ല. 2016 നവംബർ മാസം മുതൽ നടപ്പിലാക്കേണ്ടതും മാനേജ്മെന്റ് കരാർ വ്യവസ്ഥ ഒപ്പുവച്ചിട്ടുള്ളതുമായ ശമ്പള വർദ്ധനയടക്കമുള്ള ദീർഘകാല കരാർ നാലേകാൽ വർഷം പിന്നിട്ടിട്ടും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഈ ഇനത്തിൽ ഓരോ തൊഴിലാളിക്കും ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ മാനേജ്മെന്റിന്റെ കയ്യിലിരിക്കുമ്പോഴാണ് തൊഴിലാളികളും കുടുംബവും പട്ടിണിയിലായിരിക്കുന്നത്. ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കഴിഞ്ഞ 150 ദിവസമായി തൊഴിലാളികൾ ആ ഫാക്ടറിയുടെ മുമ്പിൽ സമരത്തിലാണ്. കമ്പനി വളപ്പിൽ ആത്മഹത്യചെയ്ത എന്റെ നിയോജക മണ്ഡലത്തിലെ ഒരു തൊഴിലാളിയായ പ്രഫുല്ല കുമാർ അതിന് രക്തസാക്ഷിയാണ് . നിരാലംബരായ കുടുംബമാണ്. കഴിഞ്ഞ നവംബർ 30-ന് മറ്റൊരു തൊഴിലാളി ഫാക്ടറിക്ക് മുമ്പിലെത്തി മണ്ണെണ്ണയൊഴിച്ച് തീ കൊളുത്തി ആത്മഹത്യ ചെയ്യാൻ ശ്രമിച്ചിരുന്നു. ഈ മാസം 9-ന് മാധവപുരം സ്വദേശിയായ അരുൺ എന്നയാളും ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഗുരുതരമായ ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് അഞ്ചുമാസത്തിലേറെയായി ലോക്കൗട്ട് ചെയ്തിരിക്കുന്ന ക്ലേ ഫാക്ടറി അടിയന്തരമായി തുറന്നുപ്രവർത്തിപ്പിക്കുന്നതിനും അടച്ചിട്ട ദിവസങ്ങളിലെ ലേ ഓഫ് കോമ്പൻസേഷനും ദീർഘകാല കരാർ അനുസരിച്ചുള്ള ശമ്പളകുടിശ്ശികയും തൊഴിലാളികൾക്ക് നൽകാനും വേണ്ട നടപടി സ്വീകരിക്കണം. അതോടൊപ്പം ആത്മഹത്യ ചെയ്ത പ്രഫുല്ല കുമാറിന്റെ നിരാലംബരായ കുടുംബത്തിലെ മൈനറായ രണ്ട് കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഇരുപത്തിയഞ്ച് ലക്ഷം രൂപ വീതം ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യാനും ഭാര്യയ്ക്ക് ജോലി ലഭ്യമാക്കുന്നതിനുംവേണ്ടിയുള്ള നടപടിയുണ്ടാകണം. കമ്പനി ഈ നിഷേധാത്മകമായ നിലപാട് തുടർന്നുകൊണ്ട് മുന്നോട്ടുപോകുകയാണ്. ലാഭത്തിൽ

പ്രവർത്തിക്കുന്ന കമ്പനിയാണ്. അവരുടെ വാർഷിക റിപ്പോർട്ടിൽ ഓരോ വർഷവും പതിനഞ്ചും ഇരുപതും കോടി രൂപ ലാഭത്തിലാണെന്നാണ് കാണിക്കുന്നത്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പതിനൊന്നര ഏക്കർ സ്ഥലത്ത് പാട്ടത്തിനാണ് കമ്പനി പ്രവർത്തിക്കുന്നത്. അത്തരത്തിലൊരു നിഷേധാത്മക നിലപാടുമായി ഫാക്ടറി മുന്നോട്ടുപോകുകയാണെങ്കിൽ സംസ്ഥാന സർക്കാർ ഈ കമ്പനി ഏറ്റെടുത്ത് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇത്ര ദിവസമായിട്ടും അതിൽ ഇടപെട്ടിട്ടില്ല, ഇന്ന് ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയിലെ തൊഴിലാളികൾ നിയമസഭാ മാർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ ഓരോ ദിവസവും ആത്മഹത്യയിലേയ്ക്ക് പോകുമ്പോൾ മറ്റ് തൊഴിലാളികളും സംഘടനകളും അവരുടെ ആളുകളും ഇങ്ങനെ കാത്തിരിക്കുകയാണ്. ഫാക്ടറിയുടെ മുന്നിൽവന്ന് തൊഴിലാളികൾ മണ്ണെണ്ണയൊഴിച്ച് ആത്മഹത്യ ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകുകയാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം, മാനേജ്മെന്റുമായി ചർച്ച നടത്തി അടിയന്തരമായി ഫാക്ടറി തുറന്നുപ്രവർത്തിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ആത്മഹത്യചെയ്ത തൊഴിലാളിയുടെ കുടുംബത്തിന് ഞാൻ ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള കോമ്പൻസേഷൻ നൽകുകയും ജോലി ലഭ്യമാക്കുകയും വേണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിന് തിരുവനന്തപുരം ജില്ലയിൽ വേളിയിലും തോന്നയ്ക്കലുമായി രണ്ട് യൂണിറ്റുകളും ഇവയിൽ 270 സ്ഥിരം തൊഴിലാളികളും 770 കരാർ തൊഴിലാളികളും അനുബന്ധ തൊഴിലാളികളുമടക്കം (മൈനിംഗ് തുടങ്ങിയ മേഖലയുൾപ്പെടെ) 1500 പേർ പണിയെടുക്കുന്നു. ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ സേവന-വേതന കരാർ 1-2-2020-ൽ പുതുക്കി ഒപ്പുവച്ചു. 31-3-2021 വരെ കാലാവധിയുള്ള പ്രസ്തുത കരാർ നാളിതുവരെ കമ്പനി നടപ്പിലാക്കിയിട്ടില്ല. കോവിഡ് മഹാമാരിയെത്തുടർന്ന് 2020, മാർച്ച് 24 മുതൽ മേയ് 31 വരെ സ്ഥാപനം അടച്ചുപൂട്ടി. തുടർന്ന് ജൂൺ മാസത്തിൽ തുറന്നു പ്രവർത്തിച്ച സ്ഥാപനം 9-8-2020 വരെ തുടർച്ചയായി പ്രവർത്തിക്കുകയും 10-8-2020-ൽ അസംസ്കൃത വസ്തുവിന്റെ അഭാവമുണ്ടെന്ന കാരണത്താൽ അടച്ചു പൂട്ടുകയും ചെയ്തു. ഈ അടച്ചുപൂട്ടൽ നടപടിക്ക് വ്യവസായ തർക്ക നിയമപ്രകാരം നിയമസാധുതയുള്ളതായി കാണുന്നില്ല. തൊഴിലാളികൾക്ക് ബോണസ്, എക്സ്ഗ്രേഷ്യാ, ശമ്പള കുടിശ്ശിക എന്നിവ നൽകാതെ കമ്പനി അടച്ചുപൂട്ടിയതിനെത്തുടർന്ന് 23-9-2020 മുതൽ 23-12-2020 വരെ എട്ട് തവണ അനുരഞ്ജന ചർച്ചകൾ നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 24-9-2020-ൽ

മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്ത് കമ്പനി തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.)-ന്റെ അദ്ധ്യക്ഷതയിൽ 21-10-2020-ൽ നടന്ന യോഗതീരുമാനപ്രകാരം മുഴവൻ തൊഴി ലാളികൾക്കും 2019-2020 കാലയളവിലെ ബോണസ്, എക്സ്ഗ്രേഷ്യാ, വേതന കുടിശ്ശിക എന്നിവ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ വകുപ്പിന്റെ ഇടപെടൽമൂലം കമ്പനിയുടെ തോന്നയ്ക്കൽ യൂണിറ്റ് 26-10-2020 മുതൽ തുറന്നുപ്രവർത്തിച്ച് തുടങ്ങി. എന്നാൽ കമ്പനിയുടെ വേളി യൂണിറ്റ് തുറന്നുപ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും അനുകൂല തീരുമാനമുണ്ടായിട്ടില്ല. അസംസ്കൃത വസ്തുവിന്റെ അഭാവംമൂലം കമ്പനി അടച്ചുപൂട്ടിയ സാഹചര്യത്തിൽ തൊഴിലാളികൾക്ക് ലേ ഓഫ് കോമ്പൻസേഷൻ നൽകണമെന്ന് 4-11-2020-ലെ യോഗത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ നിർദ്ദേശിച്ചിരുന്നു. കാലാവധി കഴിയുന്നതിനു മുമ്പ് ലോംഗ് ടേം എഗ്രിമെന്റ് നടപ്പിലാക്കണമെന്ന നിർദ്ദേശവും കമ്പനിയുടെ വേളി യൂണിറ്റ് തുറന്നുപ്രവർത്തിക്കുന്നത് സംബന്ധിച്ചും മാനേജ്മെന്റ് വ്യക്തത വരുത്തിയില്ല. തുടർന്ന് 23-12-2020-ന് നടന്ന റിവ്യൂ മീറ്റിംഗിൽ മാനേജ്മെന്റിന്റെ നിയമ ലംഘനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് സംയുക്ത യൂണിയൻ പ്രതിനിധികൾ ആവശ്യപ്പെട്ടു. പ്രസ്തുത യോഗത്തിനുശേഷം 2-1-2021-നാണ് വേളിയിലെ കരാർ തൊഴിലാളി പ്രഫുല്ല കുമാർ ആത്മഹത്യ ചെയ്ത ദുഃഖകരമായ സംഭവമുണ്ടായത്. LTA(Long Term Agreement) നടപ്പിലാക്കാതെ കരാർ ലംഘനം നടത്തിയതിന് നിയമ നടപടി സ്വീകരിക്കാനും ലേ ഓഫ് കോമ്പൻസേഷൻ നൽകാത്തതിനും നിയമവിരുദ്ധ ട്രാൻസ്ഫർ, നിയമവിരുദ്ധമായ അടച്ചുപൂട്ടൽ എന്നിവ യ്ക്കെതിരെ തൊഴിൽ വകുപ്പ് നിയമ നടപടി സ്വീകരിച്ചുവരുന്നു. വിഷയത്തിൽ ഉന്നതതല ഇടപെടൽ ആവശ്യമാണെന്ന് യൂണിയൻ പ്രതിനിധികൾ ആവശ്യപ്പെട്ട തനുസരിച്ച് 12-1-2021, അതായത് ഇന്ന് വൈകുന്നേരം മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രശ്നപരിഹാരത്തിനുള്ള അടുത്ത യോഗം ക്രമീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന വേളി യൂണിറ്റ് തുറന്നുപ്രവർത്തിപ്പിക്കണമെന്നും തൊഴിലാളികൾക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നതുമാണ് സർക്കാർ നിലപാട്.

## (7) പാരിസ്ഥിതിക ദുർബല മേഖല

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, നമ്മുടെ സംസ്ഥാനത്ത് അതീവ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് പതിറ്റാണ്ടുകളായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട് മാറിമാറി വന്ന ഗവൺമെന്റുകൾ ഗ്രീൻ ബഞ്ചിനും കേന്ദ്ര ഗവൺമെന്റിനുമൊക്കെ കൊടുത്തിട്ടുള്ള ധാരാളം റിപ്പോർട്ടുകളുണ്ട്. എന്നാൽ ഈ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് തെറ്റായ

വിവരങ്ങളാണ് പൊതുസമൂഹത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നത്. ചില പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ നടപടിയിലേയ്ക്ക് പോകുന്നുവെന്നുള്ളത് ജനങ്ങൾക്കിടയിൽ വിഷമത്തിനും ആശങ്കയ്ക്കുമൊക്കെ കാരണമാകുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം വനത്തിന്റെ ലിമിറ്റിൽനിന്ന് 25 മീറ്റർ വരെയാണ് ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ അതിൽ നിന്നൊക്കെ വ്യത്യസ്തമായി ധാരാളം പ്രചാരണങ്ങൾ നടക്കുകയും മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ പലപ്പോഴും നടപടി സ്വീകരിക്കുന്ന സാഹചര്യമുണ്ടാകുന്ന എന്നുള്ളതാണ് ഈ സബ്മിഷന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കും സാധാരണ കർഷകർക്കും ധാരാളം പ്രയാസങ്ങളും  പ്രദേശവാസികൾക്ക് ഒട്ടനവധി ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. ലൈഫ് പദ്ധതിയിൽ ലഭ്യമായ വീടുകളുമായി ബന്ധപ്പെട്ട് ആളുകൾക്കുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിനും ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ സ്റ്റാൻഡ് വ്യക്തമാക്കുന്നതിനുംവേണ്ടിയാണ് ഈ സബ്മിഷൻ സഭയുടെ മുമ്പിലേയ്ക്ക് കൊണ്ടുവന്നിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം വേണമെന്നുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതി സംവേദക മേഖലകൾ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ 2002 മുതൽ കേന്ദ്ര സർക്കാർ ആരംഭിച്ചത്. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രഖ്യാപിക്കുന്നത്. വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിന്റെ അടിസ്ഥാന ലക്ഷ്യം ഇവയ്ക്കുചുറ്റും നടക്കുന്ന വനേതര പ്രവർത്തനങ്ങൾമൂലം ഈ സങ്കേതങ്ങൾക്കുണ്ടാകുന്ന ആഘാതം പരമാവധി കുറയ്ക്കുക എന്നതാണ്. പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതികാഘാതം എന്നിവയിൽനിന്നും വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയുന്നുവെന്നതിനുപുറമേ വനനശീകരണം തടയാനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും കഴിയുന്നുവെന്നതാണ് പരിസ്ഥിതി സംവേദക മേഖല രൂപീകരിക്കുന്നതുകൊണ്ടുള്ള പ്രധാന നേട്ടങ്ങൾ. ശുദ്ധവായു, ശുദ്ധജലം എന്നിവയുടെ ലഭ്യത, സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പാരിസ്ഥിതികാഘാതം കുറയ്ക്കുന്നതിലൂടെ പ്രകൃതി ദുരന്തങ്ങളിൽനിന്നും മോചനം എന്നിവ ഇക്കോ

സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിന്റെ പരോക്ഷമായ നേട്ടങ്ങളാണ്. ഇക്കോ സെൻസിറ്റീവ് സോൺ സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു സുരക്ഷാകവചമായി പ്രവർത്തിക്കുന്നു. വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2020-ൽ ഇറക്കിയ കരട് വിജ്ഞാപനത്തിൽ പീരുമേട് നിയോജകമണ്ഡലത്തിലെ ചില ജനവാസ മേഖലകൾ ഉൾപ്പെട്ടിരുന്നു. വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള സ്ഥലമാണ് ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിലേയ്ക്ക് ഏറ്റവും അവസാനം സമർപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയം 2020-ൽ ഇറക്കിയ കരട് വിജ്ഞാപനത്തിൽ പീരുമേട് നിയോജകമണ്ഡലത്തിലെ ചില ജനവാസ മേഖലകൾ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യത്തിലുള്ള കർഷകരുടെയും പ്രദേശവാസികളുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുമ്പോൾ പ്രസ്തുത പ്രദേശത്തുവരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പീരുമേട് നിയോജകമണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഇടുക്കി വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പുനർനിർണ്ണയം ചെയ്ത് ജനവാസ മേഖലകളെയും കൃഷി ഭൂമിയെയും ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് ഇപ്പോൾ വീണ്ടും സമർപ്പിച്ചിരിക്കുകയാണ്. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നടത്തുന്ന ഖനനമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങളുണ്ടാകുന്ന സാഹചര്യത്തിലാണ് വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള പ്രദേശം ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുത്താൻ തീരുമാനിച്ചത്. കർഷകർക്കും മറ്റും ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിന് അനുമതിയുള്ളതിനാൽ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമൂലം പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമുണ്ടാകുന്നില്ല. വന്യജീവി സങ്കേതത്തിനു ചുറ്റും ഇക്കോ സെൻസിറ്റീവ് സോണായി കണക്കാക്കിയിട്ടുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള സ്ഥലത്ത് നിരോധിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്നുപറയുന്നത് വ്യാവസായികാടിസ്ഥാനത്തിലുള്ള ഖനനം, രാസവള നിർമ്മാണമുൾപ്പെടെ അന്തരീക്ഷ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളുടെ പ്രവർത്തനം,

വൻകിട ജലവൈദ്യുത പദ്ധതികൾ, മലിനജലം ഒഴുക്കൽ, മലിനവസ്തുക്കൾ വലിച്ചെറിയൽ, ഹോട്ട് എയർ ബലൂൺ പറത്തൽ പോലെയുള്ള ടൂറിസം പ്രവർത്തനങ്ങൾ എന്നിവയാണ്. കാർഷിക പ്രവർത്തനങ്ങൾക്കൊന്നുംതന്നെ നിരോധനമില്ല. വൻതോതിലുള്ള കെട്ടിടനിർമ്മാണത്തിന് മാത്രമാണ് തടസ്സമുള്ളത്. ഇപ്പോൾ നിർമ്മിച്ചിട്ടുള്ള വീടുകൾ പുനർനിർമ്മാണം നടത്തുന്നതിനോ അല്ലെങ്കിൽ പുതിയ വീടുകൾ നിർമ്മിക്കുന്നതിനോ യാതൊരുവിധ തടസ്സവുമില്ല. പ്രസ്തുത പ്രദേശത്ത് റോഡുകൾ വീതികൂട്ടുന്നതും മരം മുറിക്കുന്നതും വൈദ്യുതി കമ്പികൾ സ്ഥാപിക്കുന്നതും രാസവളങ്ങൾ ഉപയോഗിക്കുന്നതും നിയന്ത്രണവിധേയമായി ചെയ്യാവുന്നതാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തെ കർഷകരുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുമെന്നുള്ള പ്രചരണം ശരിയല്ല എന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. മറ്റൊന്നുകൂടി സൂചിപ്പിക്കാം, ശ്രീമതി ഇ. എസ്. ബിജിമോളുടെ മണ്ഡലത്തിലാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കപ്പെട്ട വിഷയമുള്ളത് എങ്കിലും ഇക്കോ സെൻസിറ്റീവായി പ്രഖ്യാപിക്കുന്നതിനുവേണ്ടി വന്യജീവി സങ്കേതങ്ങളുടെ ഇക്കോ സോണുകൾ നിശ്ചയിക്കപ്പെട്ടുകഴിഞ്ഞ ചില സ്ഥലങ്ങളിൽ ജനവാസ മേഖല ഉൾപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കി അതെല്ലാം തിരുത്തി പ്രസ്തുത മേഖലകളെയെല്ലാം ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസലാണ് ഇപ്പോൾ കേന്ദ്ര സർക്കാരിന് കൊടുത്തിട്ടുള്ളത് എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഈ പറയുന്നതൊക്കെ ശരിയാണെങ്കിലും ഇതുസംബന്ധിച്ച് നിലനിൽക്കുന്ന ആശങ്ക അതീവ ഗുരുതരമാണ്. ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിക്കുന്ന പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള സ്ഥലത്ത് ചില restrictions മാത്രമേയുള്ളൂ എന്നാണ് പറയുന്നത്. ഉദാഹരണമായി ഇടുക്കി ഹെഡ്ക്വാർട്ടേഴ്സ്, ചെറുതോണി ടൗൺ മുതൽ കളക്ടറേറ്റ് വരെയുള്ള പ്രദേശങ്ങളൊക്കെ ഇതിന്റെ പരിധിയിൽപ്പെടുന്നുണ്ട്. അതുകൊണ്ട് ഈ വിഷയങ്ങളെല്ലാം ജനങ്ങൾക്ക് അറിയത്തക്ക നിലയിലുള്ള ഒരു അവബോധം ഗവൺമെന്റ് നടത്തേണ്ടത് അത്യാവശ്യമാണ്. ഈ പരിമിതികളൊക്കെ പറയുമ്പോഴും ചില തെറ്റിദ്ധാരണകൾ നേരിടുന്ന അതീവഗുരുതരമായ പ്രശ്നം ഇന്ന് ഇടുക്കി ജില്ലയിലുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ കൊടുത്തിരിക്കുന്ന റിപ്പോർട്ട് വളരെ വ്യക്തമായിത്തന്നെ ജനങ്ങളിൽ എത്തിക്കാൻ വേണ്ട നടപടിയും ആശങ്ക ഒഴിവാക്കാനാവശ്യമായ ക്രമീകരണവുമുണ്ടാവണം.

<u>ശ്രീ. കെ. രാജു</u>: സർ, അത് തെറ്റായ പ്രചരണമാണ്. അങ്ങനെ ഉൾപ്പെടുത്തിയിട്ടില്ല. ഒരു ഹെക്ടർ എടുക്കുമ്പോൾ അവിടെ പത്ത് വീടെങ്കിലും ഉണ്ടെങ്കിൽ അതിനെ ജനവാസമേഖലയായി കണക്കാക്കി അത്തരം സ്ഥലങ്ങളെയെല്ലാം ഒഴിവാക്കിയിട്ടുണ്ട്. മറ്റൊന്ന്, പൂജ്യം എന്നുപറയുന്നത് ഫോറസ്റ്റിന്റെ അതിർത്തിയാണ്.

അതിന് പുറത്തും ഫോറസ്റ്റിനോടുചേർന്ന് തോട്ടങ്ങളും മറ്റുമുണ്ട്. അങ്ങനെയുള്ള ചില പ്രദേശങ്ങളിലാണ് ഒരു കിലോമീറ്റർ വരെ വരുന്നത്; ജനവാസ മേഖലയിലല്ല. പ്ലാൻ തയ്യാറാക്കിയപ്പോൾ ജനവാസ മേഖലയുൾപ്പെട്ടതിനെ ഭേദഗതി വരുത്തിക്കൊടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അത് വരുത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിലുള്ള ആശങ്ക ഒഴിവാക്കുന്നതിനാവശ്യമായ പ്രവർത്തനവും പ്രചരണവും ജനപ്രതിനിധികളെല്ലാവരും ഒരുമിച്ച് ചെയ്യേണ്ടതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ ആറളം, കൊട്ടിയൂർ എന്നിങ്ങനെ രണ്ട് വന്യജീവി സങ്കേതങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതിൽനിന്നും വ്യത്യസ്തമായി രണ്ട് കിലോമീറ്റർ ദൂരം ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ (ESZ) ആയി കേന്ദ്രഗവൺമെന്റിന്റെ വനം-പരിസ്ഥിതി മന്ത്രാലയം നോട്ടിഫൈ ചെയ്തിട്ടുണ്ട്. ആ നോട്ടിഫിക്കേഷൻ പഠിച്ചിട്ടാണ് ജനങ്ങളുടെ ആശങ്ക വർദ്ധിച്ചത്. രണ്ട് കിലോമീറ്റർ എന്നുപറഞ്ഞാൽ കൊട്ടിയൂർ ടൗൺ, അമ്പലം, പള്ളി ഉൾപ്പെടെയുള്ള വലിയ ജനവാസ മേഖലകളിലേയ്ക്ക് വരും. ടൗണുമായി തൊട്ടുരുമ്മിയാണ് ഫോറസ്റ്റ് വരുന്നത്. ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ വീണ്ടും രണ്ട് കിലോമീറ്റർ ജനവാസ കേന്ദ്രത്തിലേയ്ക്ക് വന്നുകഴിഞ്ഞാൽ നേരത്തെ കസ്തൂരിരംഗൻ വിഷയത്തിൽ ജനങ്ങളുടെ സമരം ഉണ്ടായതുപോലെ വീണ്ടും വിഷയമുണ്ടാകും. ഗവൺമെന്റ് ഉദ്യോഗസ്ഥർ കൊടുത്ത നിർദ്ദേശമാണ് അതേപടി അവർ നോട്ടിഫൈ ചെയ്തിട്ടുള്ളത്. അതിൽ ഒബ്ജക്ഷൻ കോൾ ഫോർ ചെയ്തിട്ടുണ്ട്. ഞങ്ങളെല്ലാവരും ആക്ഷേപങ്ങൾ കൊടുത്തിട്ടുണ്ട്. അപ്പോൾ ആ നിർദ്ദേശത്തിന് പകരമായി ജനവാസകേന്ദ്രത്തിലെ ഒരിഞ്ച് ഭൂമിപോലും ഇക്കോളജിക്കലി സെൻസിറ്റീവ് സോണാവില്ല എന്ന നിലയിൽ സംസ്ഥാന സർക്കാർ ഒരു നിലപാടെടുത്ത് കേന്ദ്രത്തെ അറിയിക്കുകയും അതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നതാണ് ഞങ്ങളുടെ അഭ്യർത്ഥന.

ശ്രീ. കെ. രാജു: സർ, സംസ്ഥാന സർക്കാർ അതിന്മേൽ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ ഫോറസ്റ്റിന്റെ അതിർത്തിവരെ ഇക്കോളജിക്കലി സെൻസിറ്റീവ് സോണാണ്. നമ്മൾ പറഞ്ഞാൽ അത് മാറ്റാൻ സാധിക്കില്ല. അതിനോട് തൊട്ടുചേർന്ന് വലിയരീതിയിലുള്ള ജനവാസ മേഖലയുണ്ടെങ്കിൽ അത് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് അവസാനത്തെ പ്രൊപ്പോസൽ കൊടുത്തിരിക്കുന്നത്. അവിടെ ചില ആശങ്കകൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടി വീണ്ടുമൊരു പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖലയെ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുള്ളത് കേന്ദ്ര ഗവണ്മെന്റാണ് അംഗീകരിക്കേണ്ടത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു കിലോമീറ്റർ മുതൽ പത്ത് കിലോമീറ്റർ വരെയായിരുന്ന ഇക്കോളജിക്കലി സെൻസിറ്റീവ് സോണിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നത് എന്നുള്ളതും ശ്രീ. സണ്ണി ജോസഫ് ഓർക്കണം.

മി. സ്പീക്കർ: മുൻ സമ്മേളന കാലഘട്ടത്തിലുള്ളതുപോലെ അംഗങ്ങൾക്കുള്ള ഉച്ചഭക്ഷണം ഈ ഫ്ലോറിൽത്തന്നെയുള്ള കോഫി ഹൗസിൽ ഏർപ്പാടാക്കിയിട്ടുണ്ട്. അംഗങ്ങൾക്ക് അവിടെ പോയി ഭക്ഷണം കഴിക്കാവുന്നതാണ്.

(8) സംയുക്ത പരിശോധന

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നതിനു മുമ്പ് ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച സബ്മിഷനിലെ ഒരു കാര്യം പറയാനുണ്ട്. ബഫർ സോണിലെ അകലം by air ആണോ by road ആണോ എന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ബഫർ സോണിൽ ഒരു കിലോമീറ്റർ by air/by road ആണെങ്കിൽ ഒരു കിലോമീറ്റർ മുതൽ പത്ത് കിലോമീറ്ററിലേയ്ക്ക് കടക്കുമ്പോൾ ധാരാളം പ്രയാസങ്ങളുണ്ടാകും. അക്കാര്യത്തിൽ ഗവൺമെന്റ് വ്യക്തത വരുത്തണം.

എന്റെ മണ്ഡലത്തിൽ രാഷ്ട്രീയത്തിനതീതമായ കർഷകരുടെ സമരം അടിമാലി റെയ്ഞ്ച് ഓഫീസിന്റെ മുമ്പിൽ അഞ്ചാം ദിവസത്തിലേയ്ക്ക് കടക്കുകയാണ്. അവിടെ ആദിവാസികൾക്ക് കൈവശരേഖ നൽകിയിട്ടുള്ള ഭൂമിയും 1968-നുമുമ്പ് കരം ഒടുക്കിവരുന്നതും കുത്തകപ്പാട്ടം കൊടുക്കുന്നതുമായ ഏലകൃഷിത്തോട്ടങ്ങളും 2008-ലെ ദി എംപ്ലോയ്മെന്റ് റൈറ്റ്സ് ആക്ട് അനുസരിച്ച് കൈവശരേഖ നൽകിയിട്ടുള്ളതുമായ കട്ടമുടി, മച്ചിപ്ലാവ്, ചാറ്റുപ്പാറ, കൊടകല്ല്, പ്ലാമല, കുരിശുപാറ, നൂറാങ്കര, കോട്ടപ്പാറ തുടങ്ങിയ മേഖലകളിലെ ഏലകൃഷിത്തോട്ടങ്ങളും വൻതോതിൽ വെട്ടിനശിപ്പിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ഫോട്ടോകൾ ഞാൻ അങ്ങയുടെ അനുവാദത്തോടെ മേശപ്പുറത്തുവയ്ക്കുകയാണ്. (ഫോട്ടോകൾ മേശപ്പുറത്തുവച്ചു) വേറൊരു പരിപാടിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അവിടെ എത്തിച്ചേർന്നപ്പോൾ അവിടത്തെ കർഷകർ അദ്ദേഹത്തെ നിർബന്ധിച്ച് ഈ സ്ഥലം കാണിച്ചപ്പോൾ അദ്ദേഹം കാടുകളിൽ കയറിവന്ന് ഈ സ്ഥലം കാണുകയുമുണ്ടായി. ഇവിടെ ഇതുമായി ബന്ധപ്പെട്ട് 44 ഏക്കർ ഭൂമിയുള്ള ശ്രീ. വി. വി. ജോർജ് എന്ന കർഷകന് 300 ഏക്കറുണ്ടെന്ന് പറഞ്ഞാണ് ആദ്യം മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചിരുന്നത്. എന്നാൽ 2020 നവംബർ 10-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും ശ്രീ. വി. വി. ജോർജിന് അനുകൂല ഉത്തരവുണ്ടായി. കോടതി പറഞ്ഞിരിക്കുന്നത്. '......judgment of this Court and it is argued that the petitioner has been permitted to carry out agricultural operations in properties covered by Exts. P1 to P4 grants. According to the learned counsel, this Court had also directed the Cardamom Settlement Officer to settle the disputes and until then the Forest Officers were ordered to refrain from initiating criminal_proceedings....' കാർഡമം സെറ്റിൽമെന്റ് ഓഫീസർ പ്രശ്നം

ഒത്തുതീർപ്പാക്കുന്നതുവരെ ഫോറസ്റ്റ് ഓഫീസർമാർ ഒരുതരത്തിലുമുള്ള ക്രിമിനൽ കേസുകളും കർഷകർക്കെതിരെ സ്വീകരിക്കരുതെന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. അന്ന് കൃഷി വെട്ടിനശിപ്പിച്ചത് സന്ദർശിക്കാൻപോയ ഞാനുൾപ്പെടെയുള്ള 30 പേരുടെ പേരിലാണ് ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശമനുസരിച്ച് കേസെടുത്തത്. അതേ കോടതി വീണ്ടും ആവർത്തിച്ചിരിക്കുന്നത് '.....Having considered the submission, until further instructions are received the petitioner is directed to restrict agricultural operations in the properties covered under Ext. P1 to P4 grants in Mannamkandam village' എന്നാണ്.

1.00 PM]

ആനവിരട്ടി വില്ലേജിലാണോ അതോ മന്നാംകണ്ടം വില്ലേജിലാണോ റവന്യൂ ബൗണ്ടറിയെന്ന് നിശ്ചയിക്കുന്നതിനുവേണ്ടി കാർഡമം സെറ്റിൽമെന്റ് ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട മന്ത്രിയെയും മേലുദ്യോഗസ്ഥരെയും തെറ്റിദ്ധരിപ്പിക്കുകയാണ്. നാല്പത്തിനാല് ഏക്കറുള്ള ആളിനെ വൻകിടക്കാരനായി കണക്കാക്കാം. പക്ഷെ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് ഒത്താശ ചെയ്യുന്നവരാണ് ബഹുമാനപ്പെട്ട മന്ത്രിയെ തെറ്റിദ്ധരിപ്പിക്കുന്നത്. ഇപ്പോഴാണ് കാർഡമം കൃഷികാർക്ക് കുറച്ച് കാശ് കിട്ടുന്നത്. ഒരാൾ പൊക്കത്തിന് കൃഷി നിൽക്കുകയും കൃഷി ചെയ്യുന്ന അത്രയും നാൾ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അനങ്ങാതെ ഇരിക്കുകയും വിളവെടുക്കുന്ന സമയത്ത് ഇത് വെട്ടിനശിപ്പിക്കുകയുമാണ്. (ചിത്രം ഉയർത്തിക്കാട്ടി). കൃഷി ചെയ്യാനുള്ള ചെലവ്, ആ പ്രദേശത്തെ ആദിവാസി കോളനികളിലുള്ള സ്ത്രീകളും പുരുഷന്മാരുൾപ്പെടെയുള്ളവരുടെ തൊഴിലവസരം, അവർക്ക് നൽകിയ വേതനം, 23 കർഷകർ ആ പരിസരത്തുമാത്രം കഴിയുകയാണ്. അഞ്ഞൂറോളം ആളുകൾ കൃഷിയുമായി ബന്ധപ്പെട്ട് മൂന്ന് വില്ലേജുകളിലായി കഴിയുന്ന ഈ മേഖലയെ മലയാറ്റൂർ റിസർവ് ആണെന്നാണ് 1905-ലെ രേഖ പറയുന്നത്. പക്ഷെ 1978-ലെ അടിമാലി റേഞ്ച് ഓഫീസർ സെറ്റിൽമെന്റ് ഓഫീസറായിരുന്ന സമയത്ത് അദ്ദേഹം ഇതിന്റെ ലൊക്കേഷൻ മാപ്പും വരച്ചു കൊടുത്തിട്ടുണ്ട്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം, റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ റവന്യൂ ഡിസ്ട്രിക്ട് വന്നതിനുശേഷം അതിർത്തി തിട്ടപ്പെടുത്തിയപ്പോൾ മലയാറ്റൂർ ഡിവിഷൻ പോയതിനുശേഷം ദേവികുളം ഡി.എഫ്.ഒ. ആയിരുന്നു റവന്യൂ ഡിവിഷനിലുണ്ടായിരുന്നത്. ഇത് വ്യക്തമായി മനസ്സിലാക്കാൻ ഇംഗ്ലീഷ് വായിക്കാൻ അറിയാത്ത ഐ.എഫ്.എസ്. ഉദ്യോഗസ്ഥരാണ് അവിടെയുള്ളതെന്ന് ഞാൻ ചിന്തിക്കുന്നില്ല. ഇത്തരത്തിലുള്ള ആളുകൾ എന്ത് താല്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് കൃഷിക്കാരുടെ കൃഷി നശിപ്പിക്കുന്നത്. ബഹുമാനപ്പെട്ട ഉന്നതരായിട്ടുള്ള ആളുകൾ

പറയുന്നതുപോലെ കയ്യേറ്റമാണെങ്കിൽ അത് 1968-നുമുമ്പ് കൈവശംവച്ച് അനുഭവിച്ചും നികുതി ഒടുക്കിവരുന്നതുമായ ഭൂമിയെ കയ്യേറ്റമെന്ന് കണ്ടെത്തുന്നതിനോടാണ് വിയോജിപ്പുള്ളത്. അതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ഡി.എഫ്.ഒ., റേഞ്ച് ഓഫീസർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുകയും കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യണം. സെറ്റിൽമെന്റ് ഓഫീസർ കോടതി വിധി അനുസരിച്ച് അതിർത്തി തിട്ടപ്പെടുത്തുന്നതുവരെ അവിടെയൊരു കൃഷിനാശവും സംഭവിക്കരുത്. ഇതിന് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ബാക്കി കാര്യങ്ങൾ നിർത്തിവച്ച് ഒരു യോഗം വിളിച്ചുചേർത്ത് പരിഹാരമുണ്ടാക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മൂന്നാർ വനം ഡിവിഷനിലെ അടിമാലി റേഞ്ചിൽപ്പെട്ടതും ദേവികുളം താലൂക്ക് മന്നാംകണ്ടം വില്ലേജിൽ പ്ലാമല ഭാഗത്ത് ശ്രീ. വി. വി. ജോർജ്, പാലയത്ത് വീട്, കരടിപ്പാറ എന്നയാൾ മലയാറ്റൂർ റിസർവിൽ ഉദ്ദേശം പതിനെട്ട് ഹെക്ടർ നാല്പത്തിയഞ്ച് ഏക്കർ വനം കയ്യേറി. ഏലം കൃഷി നടത്തിയതിൽപ്പെട്ട ആറ് ഹെക്ടർ സ്ഥലമാണ് 18-12-2020-ന് മൂന്നാർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസറും സംഘവും ഒഴിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷൻ (C) No.19781/2017-ാം നമ്പർ കേസ്സിൽ ഇയാൾ ആവശ്യപ്പെട്ടിട്ടുള്ളതെന്തെന്നാൽ ടിയാളും അയാളുടെ ഭാര്യ, മക്കൾ എന്നിവർ കുമിളി കാർഡമം അസിസ്റ്റന്റ് സെറ്റിൽമെന്റ് ഓഫീസർ 15-11-2010-ൽ ദേവികുളം താലൂക്കിൽ ആനവിരട്ടി വില്ലേജിൽ കുത്തകപ്പാട്ടം നൽകിയിട്ടുള്ള ഭൂമിയിലെ കാർഷിക പ്രവർത്തനങ്ങൾ തടസ്സംകൂടാതെ തുടരാനുള്ള അനുമതിക്കാണ് കേസ് കൊടുത്തിരിക്കുന്നത്. ദേവികുളം താലൂക്കിൽ ആനവിരട്ടി വില്ലേജിൽ റിസർവ് വനം ഇല്ലാത്തതിനാലും കുത്തകപ്പാട്ടം അനുവദിച്ചിട്ടുള്ളത് റിസർവ് വനഭാഗത്തല്ലാത്തതിനാലും വനഭൂമിയിൽ 1-1-1977-ന് മുമ്പുള്ള കൃഷിയാണെന്നുള്ള അവകാശവാദം ടിയാന് ബാധകമാകുന്നതല്ല. വനം വകുപ്പ് 18-12-2020-ൽ ഒഴിപ്പിച്ച ശ്രീ. വി. വി. ജോർജിന്റെ വനം കയ്യേറ്റം മന്നാംകണ്ടം വില്ലേജിലുള്ളതും ആനവിരട്ടി വില്ലേജിൽ അല്ലാത്തതുമാണ്. ശ്രീ. വി. വി. ജോർജിന്റെ കയ്യേറ്റങ്ങൾ ഒഴികെ മറ്റ് കയ്യേറ്റങ്ങളൊന്നും 18-12-2020-ന് ഒഴിപ്പിച്ചിട്ടില്ലാത്തതുമാണ്. ശ്രീ. വി. വി. ജോർജിന്റെ അവശേഷിക്കുന്ന ഏകദേശം 12 ഹെക്ടർ വനം കൂടി കോടതി വിധി പ്രകാരം ഒഴിപ്പിക്കേണ്ടതായിട്ടുണ്ട്. ടിയാൻ 2017-ൽ നടത്തിയ കയ്യേറ്റം അടിമാലി റേഞ്ച് മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ കണ്ടെത്തി 10-4-2017-ൽ മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷൻ OR No. 1/17 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നതാണ്. ഈ കേസിലെ തുടർ നടപടി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത Crl.M.C

No.3672/2017 -ാം നമ്പർ കേസ് തെറ്റായ വിവരങ്ങൾ കാണിച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ഭാഗമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 7-6-2017-ൽ ഹൈക്കോടതി തള്ളിക്കളഞ്ഞിരുന്നതാണ്. തുടർന്നാണ് ടിയാൻ മേൽപ്പറഞ്ഞ WP(C) No.19781/2017 ഫയൽ ചെയ്തത്. ഈ കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഇയാളുടെ ഏലം കൃഷി കുമിളി കാർഡമം അസിസ്റ്റന്റ് സെറ്റിൽമെന്റ് ഓഫീസർ ആനവിരട്ടി വില്ലേജിൽ അനുവദിച്ച സ്ഥലത്തല്ലെന്നും മറിച്ച് മന്നാംകണ്ടം വില്ലേജിൽ ഉൾപ്പെടുന്ന മലയാറ്റൂർ റിസർവ് വനഭാഗത്താണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളത്. ജില്ലാ കളക്ടർ നിയമിച്ച സർവ്വേ വിഭാഗം പ്രസ്തുത അതിർത്തി പുനർ നിശ്ചയിച്ചിട്ടുണ്ട്. ഈ ഭൂമി കൃഷി ചെയ്യാൻ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് WP(C) 24117/2020-ാം നമ്പരായി വീണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും മലയാറ്റൂർ റിസർവിലുള്ള കയ്യേറ്റമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 10-11-2020-ന് തീർപ്പാക്കിയിട്ടുള്ളതാണ്. 1980-ലെ വന സംരക്ഷണ നിയമത്തിന്റെയും റിസർവ് വനഭൂമി കയ്യേറ്റങ്ങളില്ലാതെ സംരക്ഷിക്കണമെന്ന സർക്കാർ നയത്തിന്റെയും വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് 18-12-2020-ലെ കയ്യേറ്റം ഒഴിപ്പിക്കൽ ഉണ്ടായിട്ടുള്ളത്. പ്രസ്തുത ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് മൂന്നാർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസറുടെയും മറ്റ് വന ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്ന് നിയമവിരുദ്ധമായ നടപടിയുണ്ടായതായി തോന്നുന്നില്ല. ഈ ഭാഗത്തെ മലയാറ്റൂർ റിസർവ് വനത്തിൽ കൊരങ്ങട്ടി പ്രദേശത്ത് കയ്യേറ്റം ഒഴിപ്പിക്കലിനെതിരെ വിവിധ കോടതികളിൽ നടന്നുവരുന്ന OS No. 6/2011 - 15 ഏക്കർ, OS No. 7/11 - 20 ഏക്കർ, OS No. 8/11 - 20 ഏക്കർ, OS No. 9/11 - 15 ഏക്കർ, OS No. 165/10 - 10 ഏക്കർ ഈ കേസുകൾ വനം വകുപ്പിന് അനുകൂലമായി വിധിച്ചതിന്റെ വെളിച്ചത്തിൽ 13-11-2020-ൽ കയ്യേറ്റം ഒഴിപ്പിക്കാൻ ശ്രമിച്ചെങ്കിലും കയ്യേറ്റക്കാർ സംഘടിതമായി ഫോറസ്റ്റ് ഉദ്യോഗസ്ഥരെ തടയുകയാണുണ്ടായത്. ഈ കയ്യേറ്റങ്ങളും കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമപരമായി ഒഴിപ്പിക്കേണ്ടതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. ഇതുസംബന്ധിച്ച് കുറച്ചുകൂടി വ്യക്തത വരുത്തേണ്ടതുണ്ട്. ഒരു യോഗം വിളിക്കണമെന്ന് അദ്ദേഹം പറഞ്ഞത് തീർച്ചയായും പരിഗണിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ......(മൈക്ക് ഓഫ്)...നിർത്തിവയ്ക്കണമെന്ന് പറഞ്ഞത്. രാത്രി ഒരു മണിക്കൊക്കെയാണ് ......

മി. സ്പീക്കർ: അദ്ദേഹം യോഗം വിളിക്കാമെന്ന് പറഞ്ഞല്ലോ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇനിയെങ്കിലും അങ്ങനെ വരാതിരിക്കണ്ടേ? അതിനൊരു ഉറപ്പ് കിട്ടുന്നതിനുവേണ്ടിയാണ്.ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിലൊന്ന് ഇടപെടണം.

(9) വന്യമൃഗ ശല്യം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഇവിടെ എല്ലാവരും ചർച്ച ചെയ്ത ഗൗരവമേറിയ പ്രശ്നം തന്നെയാണ് ഞാനും അവതരിപ്പിക്കുന്നത്. കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്തായി അതിരൂക്ഷമായ വന്യജീവി ആക്രമണമാണ് നടക്കുന്നത്. ദേലംപാടി, കാറഡുക്ക, മുളിയാർ, ബെള്ളൂർ, കുറ്റിക്കോൽ, ബേഡഡുക്ക, പനത്തടി, വളാൽ പഞ്ചായത്തുകളിലാണ് രൂക്ഷമായ വന്യജീവി ആക്രമണം നടക്കുന്നത്. കർഷകർ വീടും കൃഷി സ്ഥലവും ഉപേക്ഷിച്ച് പോകേണ്ട ദുരവസ്ഥയിലാണ്. വർഷങ്ങളായി കഷ്ടപ്പെട്ടുണ്ടാക്കിയ വീടും സ്ഥലവും വന്യമൃഗങ്ങൾ നാമാവശേഷമാക്കുന്നത് ഏറെ കഷ്ടമാണ്. കാറഡുക്ക പഞ്ചായത്തിൽ വന്യമൃഗ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. വന്യമൃഗ ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. കർണ്ണാടക വനത്തിൽനിന്നും വരുന്ന ആനകളെ തിരിച്ചയയ്ക്കുന്ന നടപടി ആർ.ആർ.ടി.-യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുക, ഇത് ജില്ലയിൽ സ്ഥിരം സംവിധാനമാക്കുക, ഒറ്റപ്പെട്ട് താമസിക്കുന്ന കുടുംബങ്ങളെ റീ-ലൊക്കേഷൻ പദ്ധതിയിലുൾപ്പെടുത്തി മാറ്റിപ്പാർപ്പിക്കുക, വൈദ്യുതി ഫെൻസിംഗ് കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുക, നഷ്ടപരിഹാരത്തുക അടിയന്തരമായി നൽകുക അതുപോലെ പാണ്ടി വനം വകുപ്പ് ഓഫീസിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് മറ്റ് ഉപകരണങ്ങൾ നൽകിയും ഈ കൃഷിക്കാരെ സഹായിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, കാസർഗോഡ് ജില്ലയിൽ അടുത്തകാലത്തായി അതിരൂക്ഷമായി വന്യജീവി ആക്രമണം നടക്കുന്നുണ്ട്. കർണ്ണാടക വനത്തിൽനിന്നും വരുന്ന ആനകളെ തിരികെ കാട്ടിലേയ്ക്കയയ്ക്കുന്നതിന് northern സർക്കിൾ അസിസ്റ്റന്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ 'ഓപ്പറേഷൻ ഗജ' എന്ന പേരിൽ മറ്റ് ജില്ലകളിൽനിന്ന് കാട്ടാനകളെ ഓടിക്കുന്നതിൽ പ്രാവീണ്യമുള്ള ജീവനക്കാരെ താൽകാലിക വാച്ചർമാരായി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ടീമിനെ നിയോഗിച്ചതിന്റെ ഫലമായി കാട്ടാനകളെ കർണ്ണാടക വനത്തിലേയ്ക്ക് ഭാഗികമായി തുരത്താൻ സാധിച്ചിട്ടുണ്ട്. കാട്ടാനകൾ കർണ്ണാടകത്തിന്റേതാണോ കേരളത്തിന്റേതാണോയെന്ന് പലപ്പോഴും തിരിച്ചറിയാൻ കഴിയില്ല. താൽക്കാലിക വാച്ചർമാരെയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മൂന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തിക മാത്രമാണ് കാസർഗോഡ് ജില്ലയിൽ ആർ.ആർ.ടി-ക്ക് അനുവദിച്ചിട്ടുള്ളത്. ആവശ്യമായ സമയത്ത് മറ്റ് ജില്ലകളിൽനിന്നും ആർ.ആർ.റ്റി.-യുടെ സേവനം ലഭ്യമാക്കുന്നുണ്ട്. റീ-ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി വനം വകുപ്പിന് ഭൂമി നൽകാൻ തയ്യാറായ 59 കുടുംബങ്ങൾക്ക് തുക നൽകുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തുന്നതിന് ഡിവിഷൻതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. കാസർഗോഡ് വനം ഡിവിഷനിൽ ഈ സാമ്പത്തിക വർഷം 17 കിലോമീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് കോൺട്രാക്ടർക്ക് പ്രവർത്തനാനുമതി നാളിതുവരെയായി നൽകിയിട്ടുണ്ട്. 12 കിലോമീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഫണ്ടിന്റെ

ലഭ്യതയ്ക്കനുസരിച്ച് സോളാർ ഫെൻസിംഗ് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. കൂടാതെ വെള്ളരിക്കയം മുതൽ വെള്ളിപ്പാടി വരെ നാല് കിലോമീറ്റർ ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുന്നതിന് 29.5 ലക്ഷത്തിന്റെ അടങ്കൽ പാസ്സാക്കുകയും ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയും എത്രയുംവേഗം പൂർത്തീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയാണ്. കാസർഗോഡ് വനം ഡിവിഷനിൽ വന്യജീവി ആക്രമണംമൂലമുണ്ടായ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 54.82 ലക്ഷം രൂപ അനുവദിക്കുകയും ആയത് മുഴുവനായി അപേക്ഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇനി നൽകാനുള്ളത് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കൊടുക്കുന്നതാണ്.

## (10) ആർട്സ് ആൻഡ് സയൻസ് കോളേജ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സബ്മിഷനാണ് സഭയിൽ ഉന്നയിക്കുന്നത്. 2019 ജനുവരിയിൽ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇവിടത്തെ പൊതുജനങ്ങളുടെ ആവശ്യാർത്ഥം ഒരു നിവേദനം സമർപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി, 2019 ജനുവരി മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കൈമാറുകയും അദ്ദേഹം അത് ഉന്നത വിദ്യാഭ്യാസ ഡയറക്ടർക്ക് കൊടുക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 9-4-2019-ന് കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുകയും ഡെപ്യൂട്ടി ഡയറക്ടർ ഒരു കത്ത് എനിക്കയച്ചുതരുകയും ചെയ്തു. ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ.-യെയും അവിടത്തെ ജനപ്രതിനിധികളെയും തഹസീൽദാരെയും വില്ലേജ് ഓഫീസറെയും ഒരു യോഗം ചേരുന്നതിനുവേണ്ടി വിളിച്ചിരുന്നു. നാല് കാര്യങ്ങളാണ് ആ കത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാണിച്ചത്. ഒന്ന്, ഓരോ വർഷവും ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുന്ന വിദ്യാർത്ഥികളുടെ എണ്ണം. രണ്ട്, പ്രാദേശികമായി കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ കോഴ്സുകൾ. മൂന്ന്, താൽക്കാലികമായി ക്ലാസ് ആരംഭിക്കുന്നതിനുവേണ്ടിയിട്ടുള്ള സ്ഥാപനം (സ്ഥാപന ഉടമയുടെ സമ്മതപത്രമടക്കം) താൽക്കാലികമായി കണ്ടെത്തുക. നാല്, സ്ഥിരമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുക. അതനുസരിച്ച് 2-11-2019-ന് എന്റെ അദ്ധ്യക്ഷതയിൽ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ വിളിച്ച് യോഗം കൂടുകയും അതിന്റെ ഭാഗമായി മൂന്ന് സർക്കാർ ഭൂമി ശിപാർശ ചെയ്യുകയും ചെയ്തു. അതോടൊപ്പം താൽക്കാലികമായി സ്ഥിരം സംവിധാനം കണ്ടെത്തുന്നതുവരെ വാടകയൊന്നുമില്ലാതെ കെട്ടിടങ്ങൾ വേണമെന്നാവശ്യപ്പെട്ടതനുസരിച്ച് സുൽത്താൻ ബത്തേരിയിലെ ഒഴിഞ്ഞുകിടക്കുന്ന സെന്റ് മേരീസ് ആശുപത്രിയും നായ്ക്കട്ടിയിലെ മദ്രസ കെട്ടിടവും സുൽത്താൻ ബത്തേരിയിലെ ഐശ്വര്യ ആഡിറ്റോറിയവും പരിശോധിച്ചു. നായ്ക്കട്ടിയിലെ മദ്രസ കെട്ടിടം എൽ.പി.എസ്. പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടമാണ്. സ്കൂൾ ഒഴിഞ്ഞുകൊടുക്കാമെന്ന് അധികൃതർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ ആറ് കോഴ്സുകൾ സെലക്ട് ചെയ്യുന്നതിനുവേണ്ടി തഹസീൽദാരുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ ഉൾപ്പെടുത്തി സബ്കമ്മിറ്റി

യുണ്ടാക്കുകയും ആറ് കോഴ്സുകൾ സെലക്റ്റ് ചെയ്ത് ഗവൺമെന്റിന് സമർപ്പിക്കുകയും കഴിഞ്ഞ മാർച്ചിൽ നിയമസഭാ സമ്മേളനകാലത്ത് ഇതുമായി ബന്ധപ്പെട്ട ഒരു യോഗം വിളിക്കണമെന്ന് ബഹുമാന്യനായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വളരെ പെട്ടെന്ന് സഭാസമ്മേളനം നിർത്തേണ്ടി വന്നതിനാൽ ആ യോഗം നടന്നിട്ടില്ല. എന്നാൽ ലോക്ഡൗൺ സമയത്ത് എന്റെ നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾ സോഷ്യൽ മീഡിയ സംവിധാനത്തിൽക്കൂടി സമരങ്ങൾ ഏറ്റെടുക്കുകയും അക്കാര്യം ബഹുമാന്യരായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയേയും അറിയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിലിടപെട്ട് വളരെ വേഗം നടപടി പൂർത്തീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് എന്റെ നിവേദനം കൈമാറുകയും അതിന്റെ മറുപടി എനിക്ക് ലഭിക്കുകയും ചെയ്തു. കൂടാതെ ഫയൽ വിളിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തു. താൽക്കാലികമായി ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങുന്നതിന് പെർമനന്റ് കെട്ടിടം ലഭിക്കുന്നതുവരെ മറ്റ് ചെലവുകളൊന്നുമില്ലാതെ സൗജന്യമായി ഒരു കെട്ടിടം വിട്ടുകൊടുക്കുകയാണ്; കാരണം രണ്ടായിരത്തോളം വിദ്യാർത്ഥികളാണ് ഓരോ വർഷവും ഹയർ സെക്കണ്ടറി കോഴ്സുകൾ പഠിച്ചിറങ്ങുന്നത്. അവിടത്തെ എയിഡഡ് കോളേജുകളിൽ 550 കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കുന്നത്. മറ്റുള്ള കുട്ടികൾക്ക് പഠിക്കുന്നതിനായി മറ്റ് ജില്ലകളിലേയ്ക്കും/ സ്ഥലങ്ങളിലേയ്ക്കും പോകേണ്ട സാഹചര്യമാണുള്ളത്. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാരുള്ള നിയോജകമണ്ഡലം എന്ന നിലയ്ക്ക് സുൽത്താൻ ബത്തേരിയിൽ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതെല്ലാമടങ്ങിയ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പക്കലുണ്ട്. അക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2019-2020 സാമ്പത്തിക വർഷത്തിലും 2020-2021 നടപ്പുസാമ്പത്തിക വർഷത്തിലും സുൽത്താൻ ബത്തേരി ആർട്സ് ആൻഡ് സയൻസ് കോളേജിനായി സ്ഥലമേറ്റെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾക്കായി അടങ്കൽ തുക 30 കോടി രൂപ അനുബന്ധം II-ൽ വകയിരുത്തിയിരുന്നു. ഇതേത്തുടർന്ന് സുൽത്താൻ ബത്തേരിയിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായുള്ള സാദ്ധ്യതകൾ ചർച്ച ചെയ്യാൻ സ്ഥലം എം.എൽ.എ. കൂടിയായ ശ്രീ. ഐ. സി. ബാലകൃഷ്ണൻ മുൻകയ്യെടുത്ത് നിയോജകമണ്ഡലത്തിലെ തദ്ദേശഭരണ ജനപ്രതിനിധികൾ, കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നിവരുൾപ്പെട്ട ഒരു യോഗം 2-11-2019-ന് നടത്തിയിരുന്നു. ടി യോഗത്തിലെ ധാരണകൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് സഗൗരവം പരിശോധിക്കുകയുണ്ടായി. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യം പരിഗണിച്ച് സർക്കാർ മേഖലയിൽ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് സർക്കാരിന് യോജിപ്പ് തന്നെയാണുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിശോധിച്ച് ഉടനടി തുടർ നടപടി സ്വീകരിക്കുന്നതാണ്.

# VIII. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 44 | ദി കേരള ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് ആൻഡ് മെയിന്റനൻസ് ഓഫ് ക്വാളിറ്റി ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 54 | ദി പേമെന്റ് ഓഫ് സാലറീസ് ആൻഡ്അലവൻസസ്(അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 3 | 2020 | 55 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2020 | അല്ല |
| 4 | 2020 | 71 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 5 | 2020 | 79 | ദി കേരള പോലീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 6 | 2020 | 80 | ദി കേരള പോലീസ് (അമെന്റ്മെന്റ്) വിഡ്രോവൽ ഓർഡിനൻസ്, 2020 | അല്ല |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 64 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 73 | ദി കേരള മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 52 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2020 | അല്ല |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 43 | ദി കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 46 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 3 | 2020 | 47 | ദി കേരള ഡിസാസ്റ്റർ ആൻഡ് പബ്ലിക് ഹെൽത്ത് എമർജൻസി(സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2020 | അല്ല |
| 4 | 2020 | 48 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 5 | 2020 | 49 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 6 | 2020 | 50 | ദി കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 7 | 2020 | 51 | ദി കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സര്‍, ഞാന്‍ താഴെപ്പറയുന്ന കടലാസുകള്‍ ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓര്‍ഡിനന്‍സിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വര്‍ഷം | നമ്പര്‍ | പേര് | |
| 1 | 2020 | 57 | ദി കേരള എപ്പിഡെമിക് ഡിസീസസ് ഓര്‍ഡിനന്‍സ്, 2020 | അല്ല |
| 2 | 2020 | 76 | ദി കേരള ക്ലിനിക്കല്‍ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷന്‍ ആന്‍ഡ് റെഗുലേഷന്‍) അമെന്റ്മെന്റ് ഓര്‍ഡിനന്‍സ്, 2020 | അല്ല |

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണന്‍): സര്‍, ഞാന്‍ താഴെപ്പറയുന്ന കടലാസ്സുകള്‍ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നം. | ഓര്‍ഡിനന്‍സിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വര്‍ഷം | നമ്പര്‍ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2020 | 60 | ദി കേരള സ്മാള്‍ പ്ലാന്റേഷന്‍ വര്‍ക്കേഴ്സ് വെല്‍ഫയര്‍ ഫണ്ട് (അമെന്റ്മെന്റ്) ഓര്‍ഡിനന്‍സ്, 2020 | അല്ല |
| 2 | 2020 | 61 | ദി കേരള ജ്വലറി വര്‍ക്കേഴ്സ് വെല്‍ഫെയര്‍ ഫണ്ട് (അമെന്റ്മെന്റ്) ഓര്‍ഡിനന്‍സ്, 2020 | അല്ല |
| 3 | 2020 | 62 | ദി കേരള അഗ്രിക്കള്‍ച്ചറല്‍ വര്‍ക്കേഴ്സ് (അമെന്റ്മെന്റ്) ഓര്‍ഡിനന്‍സ്, 2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 2020 | 65 | ദി കേരള ബാംബൂ, കാട്ടുവള്ളി ആൻഡ് പന്റാനസ് ലീഫ് വർക്കേഴ്സ് വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 5 | 2020 | 66 | ദി കേരള ടൈലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 6 | 2020 | 67 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 7 | 2020 | 74 | ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 8 | 2020 | 75 | ദി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 7-1-2021-ലെവിജ്ഞാപനം നം. 15354/ലെഗ്. സി2/2020/ലോ | അല്ല |

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 53 | ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 58 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2020 | 63 | ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 68 | ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 3 | 2020 | 69 | ദി കേരള പഞ്ചായത്ത് രാജ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 4 | 2020 | 70 | ദി കേരള മുനിസിപ്പാലിറ്റി (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 2020 | 77 | ദി കേരള മുനിസിപ്പാലിറ്റി (തേഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 6 | 2020 | 78 | ദി കേരള പഞ്ചായത്ത് രാജ് (തേഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 81 | ദി കേരള ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 56 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 59 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 45 | ദി ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഓർഡിനൻസ് , 2020 | അല്ല |
| 2 | 2020 | 72 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2020 | അല്ല |

## IX. റിപ്പോർട്ട് സമർപ്പണം

### 1. കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. റ്റി. വി. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 3. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 4. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യഷനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 5. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ 2019 മുതൽ 2021 വരെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ടും 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച സമിതിയുടെ ജനറൽ റിപ്പോർട്ടുകളും സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# X. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

# XI. വ്യക്തിപരമായ വിശദീകരണം

വ്യക്തിപരമായി അധിക്ഷേപിച്ചത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ തൃക്കാക്കര എം.എൽ.എ. എന്ന നിലയിൽ വ്യക്തിപരമായി എന്നെ അധിക്ഷേപിക്കുന്ന ചില പരാമർശങ്ങൾ ഈ സഭയിലുണ്ടായി. അതിനെ സംബന്ധിച്ച് റൂൾ 288 അനുസരിച്ച് ഒരു പേഴസ്ണൽ എക്സ്പ്ലനേഷനുവേണ്ടി ഞാൻ എഴുതിത്തന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്റെ പേരിൽ 2 വിജിലൻസ് കേസുകൾ എടുക്കുകയുണ്ടായി. ജ്ഞാനിയും നീതിമാനുമായ സോളമൻ രാജാവിന്റെ അർദ്ധ സഹോദരനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ മൗനാനുവാദത്തോടെയാണ് ഈ രണ്ട് കേസുകളും ഉണ്ടായിട്ടുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങനെ ഉണ്ടായിയെന്നതിൽ എനിക്ക് വളരെ ആഹ്ലാദമുണ്ട്. 2006-2011 കാലത്ത് അദ്ദേഹത്തിന്റെ ശിഷ്യൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ 5 വർഷം രണ്ട് വിജിലൻസ് അന്വേഷണം എന്റെ പേരിൽ നടത്തി. അതിന്റെ ഫയൽ ഞാൻ വിവരാവകാശം വഴി വാങ്ങിച്ചു. അതിൽ അന്നത്തെ ഹോം സെക്രട്ടറി എഴുതിയിരിക്കുന്നത് ഇത് അനാവശ്യമായ ഒരന്വേഷണമായിരുന്നുവെന്നാണ്. അതിൽ പറയപ്പെടുന്ന ആശയം ഉന്നയിച്ച കാര്യങ്ങൾക്കടിസ്ഥാനം ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണ കേസ് കമ്മ്യൂണിസ്റ്റുകാരുടെ രോമാഞ്ചജനകമായ ഒരു സ്വാതന്ത്ര്യ സമരമെന്നാണ് അവർ അവകാശപ്പെടുന്നത്. ആ കേസിലെ പ്രതിയായിരുന്ന ശ്രീ. ദിനേശന്റെ ഇളയ മകൻ എന്റെ ഡ്രൈവറായിരുന്നു. അദ്ദേഹത്തിന് കുടികിടപ്പവകാശം കിട്ടേണ്ട സ്ഥലം കൊടുക്കാതെ ആ സ്ഥലം വിറ്റുകഴിഞ്ഞു. അവസാനം 3 സെന്റ് സ്ഥലത്ത് അവർ താമസിക്കുകയാണ്. ആ സ്ഥലം ഒഴിഞ്ഞുകൊടുക്കണമെങ്കിൽ 80 ലക്ഷം രൂപ കൊടുക്കാമെന്ന് സ്ഥല ഉടമയും ഇവരും തമ്മിൽ എഗ്രിമെന്റുണ്ടാക്കി. 17 തവണ ശ്രീ. സി. എം. ദിനേശ്

മണി അടക്കമുള്ള സി.പി.ഐ.(എം.) നേതാക്കൾ ചർച്ച നടത്തി, തീർന്നില്ല. ഇവർ എന്റെ പക്കൽ വന്നപ്പോൾ ഞാൻ അതിൽ ഇടപെട്ടു. മുദ്രപ്പത്രത്തിൽ കൃത്യമായി കരാർ എഴുതി ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിക്കണമെന്ന കരാർ അനുസരിച്ച് 20 ആളുകൾ പങ്കെടുക്കുന്ന യോഗത്തിൽ സി.പി.ഐ.(എം.) ബ്രാഞ്ച് സെക്രട്ടറി, ശ്രീ. ഗിരീശനുൾപ്പെടെ ലോക്കൽ കൗൺസിലുകളും റെസിഡന്റ്സ് അസോസിയേഷന്റെ ആളുകളും ഞാനും പങ്കെടുത്തിട്ടുണ്ട്. അതിൽ തീരുമാനമാകുന്ന ഘട്ടത്തിൽ ഈ എഗ്രിമെന്റ് വായിച്ച് ഞാൻ അവിടെനിന്നും പോകുകയുംചെയ്തു. എഗ്രിമെന്റ് നടപ്പാക്കാൻ രണ്ടുകൂട്ടരും തീരുമാനിച്ച ആളുകൾ വെണ്ണല സർവ്വീസ് സഹകരണ ബാങ്കിൽ 80 ലക്ഷം രൂപ നിക്ഷേപിക്കാൻ പോകുന്ന ഘട്ടത്തിൽ സി.പി.ഐ.(എം.)-കാർ ഒറ്റിയതിന്റെ അടിസ്ഥാനത്തിൽ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ അവരെ പിടിച്ചു. ആ സമയം ഞാൻ എന്റെ ഓഫീസിലാണ്. ഞാൻ വണ്ടിയിൽ കയറി പോരുമ്പോൾ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ വരുന്നത് കണ്ടു. ഞാൻ അവിടെ ഉള്ളപ്പോഴല്ല അവർ വന്നത്. ഈ നിമിഷം വരെ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ എന്റെ പേരിൽ ഒരു കേസ് എടുത്തിട്ടില്ല. ഇന്നലെ ഈ ചോദ്യം ഉള്ളതുകൊണ്ട്, ഒരു ഡിവൈ.എസ്.പി., ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിജിലൻസ് വിഭാഗം ഉദ്യോഗസ്ഥനായ ഇതിനെപ്പറ്റി എന്തെങ്കിലും പറയാനുണ്ടോ എന്ന് ചോദിച്ചു. ആ വീട്ടുകാർ വിജിലൻസിന് മൊഴി കൊടുത്തിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആരോപണം ഉന്നയിച്ചവരെയും വെല്ലുവിളിക്കുന്നു. എന്റെ പേരിൽ ഒരു കുറ്റം കണ്ടെത്തിയാൽ ആ നിമിഷം ഞാൻ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്നുകൂടി ഞാൻ വിശുദ്ധനാകാൻ ചമയുകയല്ല; ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ ആ വിശുദ്ധി ഞാൻ കാത്തുസൂക്ഷിക്കും; എന്നെങ്കിലും ആ വിശുദ്ധി നഷ്ടപ്പെട്ടാൽ പി. ടി. തോമസ് പൊതുപ്രവർത്തനം തുടരില്ല, ഇത് ആണയിട്ടുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ശ്രീ. പിണറായി വിജയനും കൂട്ടരും ഓലപ്പാമ്പ് കാട്ടി പേടിപ്പിച്ചാൽ അതിൽ പേടിക്കുന്നയാളല്ല പി. ടി. തോമസ് എന്ന് വ്യക്തമാക്കുന്നു. നിങ്ങൾക്ക് ഏത് ഏജൻസിയെവച്ച് വേണമെങ്കിലും എന്നെക്കുറിച്ച് അന്വേഷിക്കൂ, നടപടിയെടുക്കൂ; ഞാൻ ഒരിക്കൽക്കൂടി വെല്ലുവിളിക്കുന്നു.

## XII. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച

ശ്രീ. എസ്. ശർമ്മ: സർ, " 2021 ജനുവരി 8-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"വിദേശ കോൺസുലേറ്റിലെ ഉദ്യോഗസ്ഥൻ ഇന്ത്യയിൽ നടത്തിയ നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിട്ടും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി അക്കാര്യം സർക്കാർ ഏജൻസികളെ അറിയിക്കാതെ ഗുരുതരമായ രാജ്യദ്രോഹ കുറ്റം നടത്തിയതായി പറയപ്പെടുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" സ്വർണ്ണക്കടത്ത് കേസിലെ പ്രതികൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ വന്നിട്ടുള്ളത് വെളിച്ചത്ത് വരാതിരിക്കുവാൻ സെക്രട്ടേറിയേറ്റിലെ സി.സി.ടി.വി ദൃശ്യങ്ങൾ നശിപ്പിച്ച് കളഞ്ഞതായി പറയപ്പെടുന്ന കാര്യവും, കേന്ദ്ര അന്വേഷണ ഏജൻസികൾ ആവശ്യപ്പെട്ടിട്ട് ഇതുവരെ അത് നൽകാതിരുന്നതായി പറയപ്പെടുന്ന കാര്യവും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി എന്ന പദവിയും, മുഖ്യന്ത്രിയുമായുള്ള അടുപ്പവും, സ്വർണ്ണക്കടത്തിനായി ശിവശങ്കർ ദുരുപയോഗം ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തിയതായി പറയപ്പെടുന്ന കാര്യവും ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"പ്രായപൂർത്തിയാകാത്ത ദളിത് സഹോദരിമാർ വാളയാറിൽ പീഡനത്തിന് ഇരയാകുകയും, ദുരൂഹ സാഹചര്യത്തിൽ മരിക്കുകയും ചെയ്ത കേസിൽ, പ്രതികളെ രാഷ്ട്രീയ പരിഗണനയിൽ സംരക്ഷിക്കുന്നതിനായി പോലീസ് കേസ് അന്വേഷിച്ചതും, പോക്സോ കോടതിയിൽ പ്രോസിക്യൂഷൻ ഭാഗത്ത് നിന്നുമുണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ വീഴ്ചയും, ചൂണ്ടിക്കാണിച്ച് കേസ് പുനരന്വേഷണം നടത്തണമെന്ന് ഹൈക്കോടതി വിധിച്ച കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ സഹായിക്കുന്നതിനായി ജനസാന്ത്വന ഫണ്ട് എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ച് 3.40 ലക്ഷം ആളുകളിൽ നിന്നും അപേക്ഷ സ്വീകരിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ഒരാൾക്ക് പോലും പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കാത്തതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"സെക്രട്ടേറിയേറ്റിലെ പ്രോട്ടോക്കോൾ വിഭാഗത്തിലുണ്ടായ തീപിടിത്തം ഷോർട്ട് സർക്യൂട്ട് മൂലമല്ല എന്ന് കണ്ടെത്തിയ ഫോറൻസിക് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ പോലീസ് ഐ.ജി ഭീഷണിപ്പെടുത്തിയതായി പറയപ്പെടുന്നതും കേസ് അട്ടിമറിക്കുവാൻ ശ്രമം നടത്തുന്നതായി പറയപ്പെടുന്ന കാര്യവും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

7. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
" സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും ബോർഡുകളിലും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാരെ സുപ്രീംകോടതി വിധിയുടെ അന്തസ്സത്തക്ക് വിരുദ്ധമായി സ്ഥിരപ്പെടുത്തുന്നതായി പറയപ്പെടുന്ന നടപടിയെകുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

8. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"പോലീസിന്റെ ക്രൂരമായ അനാസ്ഥയും, പക്ഷപാതപരമായ ഇടപെടലുംമൂലം നെയ്യാറ്റിൻകരയിൽ ഒരു കുടുംബത്തിലെ അച്ഛനും, അമ്മയും ദാരുണമായി മരിക്കാനിടയായതും, രണ്ട് കുട്ടികൾ അനാഥരായതുമായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

9. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"ഗവർണറുടെ അംഗീകാരം വാങ്ങിച്ച് നിയമസഭയിൽ സമർപ്പിക്കുന്നത് വരെ വളരെ രഹസ്യമായി സൂക്ഷിക്കേണ്ട സി.ആന്റ്എ.ജി.-യുടെ ഫൈനാൻസ് അക്കൗണ്ട്സിലെ കാര്യങ്ങൾ പത്രസമ്മേളനം വിളിച്ച് പരസ്യപ്പെടുത്തി സത്യപ്രതിജ്ഞാ ലംഘനവും, നിയമലംഘനവും നടത്തിയതായി പറയപ്പെടുന്ന ധനകാര്യ മന്ത്രിയുടെ നടപടി സംബന്ധിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"തിരുവനന്തപുരം വഞ്ചിയൂർ സബ് ട്രഷറി അക്കൗണ്ടന്റ് 2.5 കോടി രൂപ തട്ടിയെടുത്ത സംഭവത്തിൽ 90 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാത്തതിനാൽ പ്രതിക്ക് ജാമ്യം ലഭിച്ചതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

11. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"ഡോളർ കടത്തിൽ സംസ്ഥാനത്തെ ഭരണഘടനാ സ്ഥാനം വഹിക്കുന്ന ഒരു വ്യക്തി ഉൾപ്പെട്ടിട്ടുണ്ടെന്ന് കോടതി പരാമർശിച്ചതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

12. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിച്ച് വരുന്നതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

13. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"ശ്രീ. കെ. എം. മാണിക്കെതിരെ ഉന്നയിച്ച ബാർ കോഴ കേസ് ഒതുക്കിത്തീർത്തത് മുഖ്യമന്ത്രിയാണെന്ന് ഒരു ബാർ മുതലാളി നടത്തിയതായി പറയപ്പെടുന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്കെതിരെ അന്വേഷണം നടത്താത്ത കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"കരിനിയമങ്ങളിലൂടെ ജീവനക്കാരുടെ ശമ്പളം പിടിച്ചെടുത്തെന്നും ലീവ് സറണ്ടർ ആനുകൂല്യം നിഷേധിച്ചെന്നും മെഡിസെപ് പദ്ധതി അട്ടിമറിച്ചെന്നും പറയപ്പെടുന്ന കാര്യങ്ങൾ പ്രസംഗത്തിൽ പരാമർശി ക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"കോവിഡുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത സൗജന്യ കിറ്റിലെ സാധനങ്ങളിൽ പലതും ഗുണനിലവാരം ഇല്ലാത്തതും, ഭക്ഷ്യയോഗ്യ മല്ലാത്തതുമായിരുന്നുവെന്ന് പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"സംസ്ഥാനത്ത് കോവിഡ് വ്യാപനം അതിരൂക്ഷമാകുകയും, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും, രോഗികളുടെ എണ്ണവും ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറിയതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വൻ കോഴയ്ക്കുവേണ്ടി ലൈഫ് മിഷൻ, കെ.ഫോൺ, കൊച്ചി സ്മാർട്ട് സിറ്റി എന്നീ പദ്ധതികളുടെ വിവരങ്ങൾ സ്വർണ്ണക്കടത്ത് കേസിലെ പ്രതി സ്വപ്ന സുരേഷിന് ചോർത്തി നൽകിയെന്ന് കേന്ദ്ര അന്വേഷണ ഏജൻസികൾ കണ്ടെത്തി യതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ സമഗ്രമായ മാറ്റം കൊണ്ടുവരുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയിൽ വിദ്യാഭ്യാസ മന്ത്രിയുടെ നിയോജക

മണ്ഡലമായ പുതുക്കാട് ചെമ്പൂച്ചിറ സ്കൂളിൽ കിഫ്ബി സഹായത്തോടെ നടത്തുന്ന പദ്ധതിയിൽ വൻ അഴിമതിയും, ക്രമക്കേടും നടന്നതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

19. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2019 ജനുവരി മുതലുള്ള ക്ഷാമബത്ത കുടിശ്ശിക മുടക്കം വരുത്തിയതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

20. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"പ്രളയ ഫണ്ട് പോലും ട്രഷറിയിൽനിന്നും തട്ടിയെടുത്ത പ്രതികൾക്ക് രാഷ്ട്രീയ പരിഗണനയിൽ സംരക്ഷണം നൽകിയതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

21. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"വാളയാർ കേസ് അന്വേഷണം അട്ടിമറിച്ച പോലീസ് ഉദ്യോഗസ്ഥന് പ്രൊമോഷൻ നൽകി സംരക്ഷിച്ചതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

22. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"സംസ്ഥാനത്ത് സ്ത്രീകൾക്കും, കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ നാൾക്ക് നാൾ വർദ്ധിച്ച് വരുന്നതായും അത് തടയുവാൻ സർക്കാർ പരാജയപ്പെട്ടതായും പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

23. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"തീരദേശ മേഖലയ്ക്കായി 2,000 കോടി രൂപയുടെ പാക്കേജ് ഓഖിക്കു ശേഷം പ്രഖ്യാപിച്ചത് ഇപ്പോഴും പ്രഖ്യാപനം മാത്രമാണെന്ന് പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

24. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കുവാനുള്ള സമയപരിധി അവസാനിച്ച് ഒരു വർഷം കഴിഞ്ഞിട്ടും അത് എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

25. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ, സംസ്ഥാനത്ത് ദുരഭിമാനക്കൊലകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നിയമ നിർമ്മാണം ആവശ്യമാണെന്ന പരാമർശം ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

26. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ, മുസ്ലീം, പിന്നോക്ക, ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിന് ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കുന്നതിനെ സംബന്ധിച്ച് പരാമർശി ക്കാത്തതിൽ ഖേദിക്കുന്നു"

27. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മലബാർ മേഖലയിൽ പുതിയ വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

28. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ, ഗവൺമെന്റ് സെക്രട്ടേറിയറ്റും പരിസരവും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ആക്രമണ സ്വഭാവമുള്ള തെരുവു നായ്ക്കളുടെ എണ്ണം വർദ്ധിച്ചു വരുന്നത് തടഞ്ഞ് സാധാരണക്കാരുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്ന വിഷയം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

29. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനെ സംബന്ധിച്ച് പരാമർശി ക്കാത്തതിൽ ഖേദിക്കുന്നു."

30. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ, കോവിഡ് പ്രതിരോധത്തിനായി സ്പ്രിംഗ്ളർ എന്ന അമേരിക്കൻ കമ്പനിയുമായി ചട്ടങ്ങളും നിയമങ്ങളും പാലിക്കാതെ കരാർ ഉണ്ടാക്കിയതായി പറയപ്പെടുന്നതും ഇതു സംബന്ധിച്ച് അന്വേഷിച്ച മാധവൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാത്തതും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

31. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ, കടുത്ത സാമ്പത്തിക ഞെരുക്കത്തിലും ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനത്തിന് സർക്കാർ ഖജനാവിൽ നിന്നും വൻ തുക ചെലവഴിക്കുന്നതായി പറയപ്പെടുന്നതും ടി റിപ്പോർട്ടിനെ സംബന്ധിച്ച് പരാമർശിക്കാത്തതിലും ഖേദിക്കുന്നു."

32. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വികസനത്തിൽ ഏറെ പിന്നാക്കം നിൽക്കുന്നതായി പറയപ്പെടുന്ന കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

33. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ, സംസ്ഥാനത്ത് വ്യാപകമായ പക്ഷിപ്പനി മൂലം കർഷകർക്കുണ്ടായതായി പറയപ്പെടുന്ന നഷ്ടം നികത്തുന്നതിനും പ്രതിരോധ നടപടി സ്വീകരിക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. എസ്. ശർമ്മ: സർ, ഒരു രാജ്യത്തിലെ സർക്കാരിന്റെ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് നേരിട്ട അനുഭവവേദ്യമാകുമ്പോഴാണ് ആ സർക്കാരിന് അടിത്തറ വിപുലീകരിക്കുന്നതും ജനവിശ്വാസം ആർജ്ജിക്കുന്നതും. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ അടിത്തറ വിപുലീകരിക്കുകയും ജനവിശ്വാസമാർജ്ജിക്കുകയുംചെയ്ത ഈ സവിശേഷ സാഹചര്യത്തിൽ ആദരണീയനായ ഗവർണർ നടത്തിയ നയപ്രഖ്യാപനം ഭാവി കേരളത്തിന് ദിശാബോധം നൽകുന്ന ഒന്നായി

കണക്കാക്കാം. മതനിരപേക്ഷതയുടെയും ക്ഷേമത്തിന്റെയും വികസനത്തിന്റെയും ഒരു പച്ചത്തുരുത്തായി തെളിഞ്ഞുനിൽക്കുകയാണ് കേരളത്തിലെ പിണറായി സർക്കാർ. ജനഹൃദയങ്ങളിൽ ആണ്ടിറങ്ങിയ യാഥാസ്ഥിതികനായ സഖാവ് പിണറായി വിജയനെ പിടിച്ചുകെട്ടാൻ വർഗ്ഗീയശക്തികളുമായി കൂട്ടുകൂടിയിട്ടും പ്രതിപക്ഷമേ നിങ്ങൾക്കതായില്ല എന്നതാണ് ഈ കേരള നാടിന്റെ മലയാളികളുടെ സുഹൃദം. കഴിഞ്ഞ നാലരവർഷത്തിനിടയിൽ അഭൂതപൂർവ്വമായ പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളും സംസ്ഥാനത്തിന് നേരിടേണ്ടിവന്നെങ്കിലും അപ്പോഴെല്ലാം അഭയ സ്ഥാനമായും രക്ഷാ സങ്കേതമായും ഒരു സർക്കാരും അതിന്റെ അമരക്കാരനായി സഖാവ് പിണറായി വിജയനും നിലകൊണ്ടത് കേരളജനത ഒന്നടങ്കം ആത്മവിശ്വാസ ത്തോടുകൂടിയാണ് കണക്കാക്കുന്നത്. അന്നന്നുണ്ടാകുന്ന പ്രശ്നങ്ങളോട്, വിശേഷിച്ചും കൊറോണയുടെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദൈനംദിനം നടത്തിയ സംയോജിതമായ ഇടപെടലും വാർത്താ സമ്മേളനങ്ങളും ജനങ്ങൾക്ക് നൽകിയ ആത്മവിശ്വാസവും കരുത്തും അസ്ഥിരപ്പെടുത്താനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സംസ്ഥാന ഗവൺമെന്റിനെയും ഇകഴ്ത്തി കാണിക്കുന്നതിനുംവേണ്ടി ചില മാധ്യമ സുഹൃത്തുക്കളുടെ സഹായത്തോടുകൂടി ബോധപൂർവ്വമായി അപവാദ പ്രചരണങ്ങൾ കെട്ടഴിച്ച് വിട്ടിട്ടും പ്രതിപക്ഷം ഉന്നയിച്ച, മാധ്യമലോകം പടച്ചുണ്ടാക്കിക്കൊണ്ടുവന്ന എല്ലാ അപവാദ പ്രചരണങ്ങൾക്കും 'A മുതൽ Z'വരെയുള്ള ജനാധിപത്യ കോടതിയുടെ വിധിയായിരുന്നു തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ജനവിധി. വികസനവിരോധികളും വർഗ്ഗീയവാദികളും ഇതിൽനിന്ന് പാഠം ഉൾക്കൊള്ളുമെന്ന് ഞങ്ങൾ കരുതുന്നു. മൂന്നുനാല് മാസം മുൻപ് നിയമസഭ സമ്മേളിച്ച് പിരിയുമ്പോൾ ഇവിടെ നടന്ന ഏറ്റവും പ്രധാനപ്പെട്ട ഡിബേറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചായിരുന്നു. പാർലമെന്റിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിലേതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പിണറായി സർക്കാരിനെതിരെ കേരളത്തിൽ യു.ഡി.എഫ്. മുൻകൈ നേടുമെന്ന് ശ്രീ. പി. ടി. തോമസിനെപ്പോലെ നിരവധി ആളുകൾ വെല്ലുവിളി ഉയർത്തിയപ്പോൾ അത് കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തു. കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത വിജയമാണ് തദ്ദേശഭരണ സ്ഥാപനങ്ങളി ലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം കൈവരിച്ചത്. 2020-ൽ കേരളത്തിലാകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 577 ഗ്രാമ പഞ്ചായത്തുകളിൽ എൽ.ഡി.എഫ്.-ന് ഭൂരിപക്ഷം നേടാൻ സാധിച്ചു. യു.ഡി.എഫ്.-ന് 337 ഗ്രാമപഞ്ചായത്തുകളിലും ബി.ജെ.പി.-ക്ക് 15 ഗ്രാമപഞ്ചായത്തുകളിലും മാത്രമാണ് ഭൂരിപക്ഷം നേടാൻ കഴിഞ്ഞത്. ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 109 എണ്ണത്തിലും എൽ.ഡി.എഫ്. വിജയം നേടി. യു.ഡി.എഫ്. 41 ബ്ലോക്ക് പഞ്ചായത്തുകളിൽ വിജയം നേടിയപ്പോൾ ബി.ജെ.പി.-ക്ക് ഒരു ബ്ലോക്ക്

പഞ്ചായത്തിൽപ്പോലും വിജയം നേടാൻ സാധിച്ചില്ല. ആകെയുള്ള 14 ജില്ലാ പഞ്ചായത്തുകളിൽ 11 എണ്ണത്തിലും വിജയിച്ചത് എൽ.ഡി.എഫ്. ആണ്. 2 ജില്ലാ പഞ്ചായത്തുകളിൽ മാത്രമാണ് യു.ഡി.എഫ്. വിജയിച്ചത്. വയനാട് ജില്ലാ പഞ്ചായത്തിൽ എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും തുല്യ സീറ്റുകളാണ് ലഭിച്ചത്. ആകെയുള്ള 86 മുനിസിപ്പാലിറ്റികളിൽ 43 എണ്ണത്തിൽ എൽ.ഡി.എഫ്.-ഉം 41 എണ്ണത്തിൽ യു.ഡി.എഫ്.-ഉമാണ് വിജയിച്ചത്. 2 മുനിസിപ്പാലിറ്റികൾ ബി.ജെ.പി.-ക്ക് ലഭിച്ചു. ആകെയുള്ള 6 കോർപ്പറേഷനുകളിൽ 5 എണ്ണം എൽ.ഡി.എഫ്.-നും ഒരെണ്ണം യു.ഡി.എഫ്.-നും ലഭിച്ചു. തലസ്ഥാനമായ തിരുവനന്തപുരത്ത് ബി.ജെ.പി. വിജയം ഉറപ്പിക്കുകയും ഇന്ത്യയിലാകെ ശ്രദ്ധ നേടുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തതിന് 'ഒരുവെടിക്ക് രണ്ട് പക്ഷി' എന്ന രീതിയിലുള്ള കനത്ത മറുപടി നൽകിക്കൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലും എൽ.ഡി.എഫ്. വിജയം നേടുകയുണ്ടായി. ഈ വസ്തുതകൾ നൽകുന്ന ഒരു പാഠമുണ്ട്. കേരളത്തിന്റെ ഇതപര്യന്തമുള്ള ചരിത്രത്തിൽ ഒരു പ്രത്യേകതയുണ്ട്, തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അതിന്റെ ഫലം നിലവിലുള്ള ഗവൺമെന്റിന് എതിരായിരിക്കും. 2010-ൽ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ സമയത്ത് നടന്ന തെരഞ്ഞെടുപ്പ് ഫലം എൽ.ഡി.എഫ്.-ന് നെഗറ്റീവായിരുന്നു. 2005-ലും 2015-ലും ഭരണം യു.ഡി.എഫ്.-നായിരുന്നു. അപ്പോൾ നടന്ന തെരഞ്ഞെടുപ്പിലെ ഫലം യു.ഡി.എഫ്.-ന് നെഗറ്റീവായിരുന്നു. ആയിരത്തിത്തൊള്ളായിരത്തി എൺപതുകൾക്കുശേഷമുള്ള മൂന്ന് പതിറ്റാണ്ടുകാലത്തെ തെരഞ്ഞെടുപ്പ് ചരിത്രത്തിന്റെ നാൾവഴി വച്ചുനോക്കിയാൽ, 2020-ൽ നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം ശ്രീ.പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിനെതിരായിട്ടുള്ള വിധിയായിരിക്കുമെന്ന് വെല്ലുവിളി ഉയർത്തുകയും അത് കേരളത്തിലെ ജനങ്ങൾ ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഏറ്റെടുക്കുകയും ചെയ്തു. മുൻപ് നടന്ന തെരഞ്ഞെടുപ്പുകളിൽ എൽ.ഡി.എഫ്.-ന് ഗ്രാമങ്ങളിലാണ് മേൽക്കൈ ലഭിക്കാറുള്ളത്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യു.ഡി.എഫ്.-നാണ് മുൻതൂക്കം ലഭിക്കാറുള്ളത്. ഇടത്തരക്കാരുടെ ഇടയിൽ സ്വാധീനം കുറവായിരിക്കും. എന്നാലിപ്പോൾ എൽ.ഡി.എഫ്.-ന് കോർപ്പറേഷനുകളിലും ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും ഭൂരിപക്ഷം ലഭിച്ചിരിക്കുകയാണ്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ സന്തുലിതമായ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച ചരിത്രപരമായ വിജയം നൽകുന്നതൊരു സൂചനയാണ്. നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ചരിത്രവിജയം നേടി കേരളത്തിൽ തുടർഭരണം ഉറപ്പാക്കുമെന്ന കാര്യം നിസ്സംശയം പറയാൻ സാധിക്കും. ആ നിലയിലേയ്ക്കുള്ള വിധിയെഴുത്താണ് കേരളത്തിലുണ്ടായത്.

എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് മുന്നോട്ട് വച്ചിരുന്ന പ്രകടന പത്രികയിൽ 600 കാര്യങ്ങളാണ് പറഞ്ഞിരുന്നത്. അതിൽ 573 കാര്യങ്ങളും നടപ്പാക്കി. അതൊരു സർവ്വകാല റിക്കാർഡാണ്. ഇന്ത്യയിലേ തെങ്കിലുമൊരു സംസ്ഥാനത്തെ ഗവൺമെന്റിനോ കേരളത്തിലെ കീഴ്വഴക്കങ്ങൾ വച്ചുനോക്കിയാൽ ഏതെങ്കിലുമൊരു കാലഘട്ടത്തിലോ ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടില്ല. നിയമപ്രശ്നങ്ങളോ പാരിസ്ഥിതിക പ്രശ്നങ്ങളോ ഉള്ള ചില പ്രത്യേക കാര്യങ്ങൾക്ക് മാത്രമാണ് കാലതാമസം ഉണ്ടായതെന്നതൊഴിച്ചാൽ പ്രകടന പത്രികയിൽ പറഞ്ഞിരുന്ന 600 കാര്യങ്ങളിൽ 573 കാര്യങ്ങളും നടപ്പാക്കാൻ സാധിച്ചു. അതിനുകൂടിയുള്ള ജനങ്ങളുടെ സന്തുലിതമായ അംഗീകാരമാണ് അവർ നൽകിയത്. പാർട്ടിയുടെ ശക്തികേന്ദ്രങ്ങളിലും ദുർബ്ബല കേന്ദ്രങ്ങളിലുമെല്ലാമുള്ള വോട്ടർമാർ എൽ.ഡി.എഫ്. ഗവൺമെന്റിനോട് സമാനരീതിയിലാണ് അനുഭാവം പ്രകടിപ്പിച്ചത്. 2016 ഫെബ്രുവരിയിൽ നൽകിയ നിയമസഭാ ചോദ്യത്തിന് ലഭിച്ച മറുപടിയനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തിലെ മൂലധനച്ചെലവ് അതുവരെ കേവലം 3,612 കോടി രൂപയായിരുന്നു. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ശമ്പള കുടിശ്ശികയിനത്തിൽ 7,121 കോടി രൂപയും പെൻഷൻ കുടിശ്ശികയിനത്തിൽ 3,487 കോടി രൂപയും നൽകേണ്ടതുണ്ടായിരുന്നു. ഇതിനുപുറമേ ക്ഷേമനിധി പെൻഷൻ ഇനത്തിൽ 1,800 കോടി രൂപയും കരാറുകാർക്ക് 1,600 കോടിയിലധികം രൂപയും കുടിശ്ശികയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് തകർന്ന സാമ്പത്തിക സ്ഥിതിയിൽനിന്നാണ് സർവ്വാശ്ലേഷിയായ ക്ഷേമപ്രവർത്തനങ്ങളും വികസനവും സാധ്യമായതെന്ന കാര്യത്തിൽ ഈ ഗവൺമെന്റ് അഭിനന്ദനമർഹിക്കുന്നു. ഈ സർക്കാർ ഇരുപത് ലക്ഷത്തോളം വരുന്ന പുതിയ ആളുകൾക്ക് ക്ഷേമ പെൻഷൻ അനുവദിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷൻ ലഭിക്കാൻ ഒരു വർഷത്തിലധികം കാത്തിരിക്കേണ്ടിവന്നിരുന്നു. ഇന്ന് അത്തരമൊരു സ്ഥിതി വിശേഷമില്ല. ക്ഷേമപെൻഷൻ യാതൊരു വീഴ്ചയും കൂടാതെ കൃത്യമായി എല്ലാ മാസവും അവരവരുടെ അക്കൗണ്ടിൽ എത്തുന്ന തരത്തിലുള്ള സ്ഥിതിവിശേഷം ഉറപ്പാക്കിക്കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് ക്ഷേമപെൻഷനായി ആകെ നൽകിയത് 9,311 കോടി രൂപയാണ്. അന്ന് 524 രൂപയായിരുന്നു പ്രതിമാസം പെൻഷനായി നൽകിയിരുന്നത്. എന്നാലിപ്പോൾ 1500 രൂപയാണ് പ്രതിമാസം പെൻഷനായി നൽകുന്നത്. 31,000 കോടി രൂപ പെൻഷൻ ഇനത്തിൽ നൽകുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. മുൻസർക്കാരിന്റെ കാലത്ത് പെൻഷൻ തുക കുറവും കുടിശ്ശിക കൂടുതലുമായി രുന്നെങ്കിൽ ഇപ്പോൾ തുക കൂടുതലും കുടിശ്ശിക ഇല്ല എന്ന വ്യത്യാസവുമാണുള്ളത്. 60 വയസ്സ് പൂർത്തിയാക്കിയ സംസ്ഥാനത്തെ ഓരോ കർഷകനും 5,000 രൂപ യെങ്കിലും പ്രതിമാസ പെൻഷൻ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി. കുത്തകകളുടെ താല്പര്യം

സംരക്ഷിച്ചുകൊണ്ട് കേന്ദ്രം ഭരിച്ച കോൺഗ്രസ് സർക്കാരുകളും അവർക്ക് പിന്നാലെ ബി.ജെ.പി. സർക്കാരുകളും നടപ്പാക്കിയത് ആഗോളവത്കരണമാണ്. അതിന്റെ ദുരന്തഫലത്തിന്റെ നേർക്കാഴ്ചയാണ് ഡൽഹിയിൽ അരങ്ങേറുന്ന കർഷക സമരവും പോരാട്ടവും. ഈ സർക്കാരാണ് ആദ്യമായി നെൽക്കർഷകർക്ക് 2,000 രൂപ വീതം റോയൽറ്റി നൽകാൻ തീരുമാനിച്ചത്. കേന്ദ്ര സർക്കാർ നെൽസംഭരണത്തിന് 16.68 കോടി രൂപയാണ് നൽകിയതെങ്കിൽ സംസ്ഥാന ഗവൺമെന്റ് 27.48 കോടി രൂപ നൽകി. രാജ്യത്താദ്യമായി പച്ചക്കറിയുൾപ്പെടെ 18 ഇനം കാർഷിക വിളകൾക്ക് കേരളത്തിൽ തറവില നിശ്ചയിച്ചു. പച്ചക്കറി ഉത്പാദനം 2016-ൽ 6.5 ലക്ഷം ടണ്ണായിരുന്ന സ്ഥാനത്ത് ഇപ്പോൾ 14.93 ലക്ഷം ടണ്ണായി വർദ്ധിച്ചു. 5 വർഷം കൊണ്ട് 130 ശതമാനം വർദ്ധനവാണ് പച്ചക്കറി ഉത്പാദനത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. നെല്ല് ഉത്പാദനം 120000 ടണ്ണായി വർദ്ധിച്ചു. 30 ശതമാനം വർദ്ധനവാണ് നെല്ല് ഉത്പാദനത്തിൽ ഉണ്ടായിരിക്കുന്നത്. കഴിഞ്ഞകാലത്തുണ്ടായ വ്യാപകമായ കർഷക ആത്മഹത്യകൾ ആരും മറന്നുകാണില്ല. പുതുവർഷത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഏഴ് വരി കവിതയിലൂടെ ജനങ്ങളോട് പറഞ്ഞത്, ഇന്നാണ് സൂര്യൻ ഉദിച്ചതെന്നാണ്. പ്രാചീന മുസ്ലീം പള്ളി ഇടിച്ചു നിരത്തി അമ്പലം പണിയുന്നതിന് രാജ്യത്തിന്റെ പ്രധാനമന്ത്രിയെന്ന ഔദ്യോഗിക നിലയിൽ തറക്കല്ലിട്ടുകയും കാശ്മീരിന്റെ അന്ത:സത്ത ഇല്ലാതാക്കുകയും ജനാധിപത്യപരമായ അവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കുകയും ജനങ്ങളെ തമ്മിലടിപ്പിക്കുകയും ചെയ്തു. കോവിഡ്-19 കാലത്ത് ആയിരക്കണക്കിനാളുകൾ കാൽനടയായി കിലോമീറ്ററുകളോളം സഞ്ചരിച്ച് പലായനം ചെയ്യേണ്ടി വന്നപ്പോഴും മുതലാളിമാർക്ക് ദാസ്യവൃത്തിചെയ്യുന്ന പാക്കേജാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയത്. ഇതിനെത്തുടർന്ന് രാജ്യത്തിനകത്ത് ഉയർന്നുവന്ന അസംതൃപ്തിയുടെയും ഭാരതത്തിന്റെ പോരാട്ടത്തിന്റെയും പരിച്ഛേദമാണ് ഡൽഹിയിലെ കർഷകർ ഉയർത്തിക്കൊണ്ടു വന്നിട്ടുള്ള പോരാട്ടം. അതിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെട്ടു. അവർ ഉന്നയിച്ചിട്ടുള്ള യുക്തിയും ന്യായവും സുപ്രീം കോടതിയെ ശക്തമായി സ്വാധീനിച്ചു. അതിന്റെ പ്രതികരണങ്ങളും ചർച്ചകളും നടന്നുവരികയാണ്. കർഷകരെ കള്ളക്കേസിലും ഗൂഢാലോചനക്കേസിലും പെടുത്തുകയാണ്. സ്വാതന്ത്ര്യ സമരകാലത്ത് കമ്മ്യൂണിസ്റ്റുകാരെയും ദേശീയ പ്രസ്ഥാനത്തിന്റെ നിരവധി നേതാക്കളെയും മീററ്റ്, ലാഹോർ, പെഷവാർ ഗൂഢാലോചനക്കേസ്സുകളിലുമെല്ലാം പ്രതിചേർത്തു. ഭഗത് സിംഗും സൂര്യ സെന്നും ചന്ദ്രശേഖർ ആസാദുമുൾപ്പെടെയുള്ളവർ രക്തസാക്ഷിയായില്ലേ; ജീവത്യാഗം ചെയ്തില്ലേ? ആ പോരാട്ടത്തിലൂടെ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം വളർന്ന് സ്വാതന്ത്ര്യം നേടിയതുപോലെ ഈ പോരാട്ടം രാജ്യത്ത് കരുത്താർജ്ജിച്ച് കൃഷിക്കാരന്റെ അവകാശങ്ങൾ സാധിച്ചെടുക്കും. അതിനുവേണ്ടിയുള്ള മലയാളികളുടെ മനസ്സിന്റെ പ്രതിഫലനമാണ് കേന്ദ്ര കാർഷിക നിയമത്തിനെതിരെ ഈ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയമെന്നുള്ളതും വളരെ വ്യക്തമാണ്.

ഇന്ത്യൻ ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും കനത്ത വെല്ലുവിളി ഉയർന്നുവന്നിരിക്കുകയാണ്. പുതിയ പാർലമെന്റ് മന്ദിരത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തിയത് യജ്ഞവിധി പ്രകാരമാണ്. ഭരണ ഘടനയുടെ സ്ഥാനത്ത് മനുസ്മൃതിയെ സ്ഥാപിക്കുകയാണ്. രാമക്ഷേത്ര നിർമ്മാ ണത്തിന് ശിലാന്യാസം നടത്തുകയും അതാണ് സ്വാതന്ത്ര്യമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ പറയുകയും ചെയ്യുന്നു. ഈ ഗുരുതരമായ സ്ഥിതി വിശേഷം നിലനിൽക്കുന്ന സന്ദർഭത്തിൽ ഈ ആപത്തിനെ മറികടക്കാൻ, മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ ബാധ്യതപ്പെട്ട കോൺഗ്രസ് പാർട്ടി ഇന്ത്യയിൽ പലസ്ഥലത്തും അത് ചെയ്യുന്നുണ്ട്, എന്നാൽ ചില സ്ഥലത്ത് അതിൽ വീഴ്ചയുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പല സ്ഥലത്തും ബി.ജെ.പി.-യുമായും വർഗ്ഗീയ ശക്തികളുമായും ധാരണയുണ്ടാക്കി. എസ്.ഡി.പി.ഐ, വെൽഫെയർ പാർട്ടി, ജമാ-അത്തെ-ഇസ്ലാമി എന്നീ പാർട്ടികളുമായി ധാരണയുണ്ടാക്കി. ജമാ-അത്തെ-ഇസ്ലാമി ഇസ്ലാമിക് രാഷ്ട്രവും സംഘപരിവാർ ഹിന്ദുരാഷ്ട്രവും വാദിക്കുന്നവരാണ്. ഈ രണ്ടിനെയും ഇരുഭാഗ ങ്ങളിലുമായി തിരിച്ചും മറിച്ചും നിർത്തി, ജീസസ് ക്രൈസ്റ്റിനെ 30 വെള്ളിക്കാശിനു വേണ്ടി ഒറ്റിക്കൊടുത്ത യൂദാസിനെപ്പോലെ നാല് വോട്ടിനുവേണ്ടി മഹാത്മാ ഗാന്ധിയുടെ ആത്മാവിനെ ഒറ്റിക്കൊടുക്കുന്നവരായി ചരിത്രത്തിൽ കോൺഗ്രസ്സുകാർ മാറാതിരിക്കാൻ അവർ മതനിരപേക്ഷത ഉയർത്തിപ്പിടിക്കണമെന്ന് എല്ലാ ബഹുമാനത്തോടുകൂടിയും പ്രതിപക്ഷ നേതൃത്വത്തോട് പറയുകയാണ്. ബി.ജെ.പി. അധികാരത്തിലെത്തിയ ശേഷം പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിയത് 6.3 ലക്ഷം കോടി രൂപയും എസ്.ബി.ഐ. മാത്രം എഴുതിത്തള്ളിയത് 1,23,421 കോടി രൂപയുമാണ്. ഇതിനെയെല്ലാം എതിർത്താൽ ദേശവിരുദ്ധമാകുന്ന തരത്തിൽ നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതി ഗുരുതരവും അസാധാരണവുമാണ്. ഈ സാഹചര്യത്തെ അതിജീവിക്കാൻ കഴിയുന്ന വിധത്തിൽ രാജ്യത്തിലെ മതനിര പേക്ഷ ശക്തികൾ ദേശീയാടിസ്ഥാനത്തിൽ ശക്തിയാർജ്ജിക്കണം. ഗവൺ മെന്റിന്റെ ജനക്ഷേമ-വികസന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം എണ്ണിയെണ്ണിപ്പറയുന്നതിന് സമയക്കുറവുമൂലം കഴിയുമെന്ന് തോന്നുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14 അവശ്യ വസ്തുക്കൾക്ക് ഒരു രൂപപോലും കഴിഞ്ഞ നാലര വർഷത്തിനിടയ്ക്ക് വർദ്ധിപ്പിച്ചിട്ടില്ല. ചില ഇനങ്ങൾക്ക് വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദക സംഘങ്ങളിൽനിന്ന് എടുക്കുന്ന സവാള മറ്റിടങ്ങളിൽ 125 രൂപയ്ക്ക് വിൽക്കുമ്പോൾ കേരളത്തിൽ 45 രൂപയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സൗജന്യ റേഷൻ നൽകിയത് 88 ലക്ഷം കുടുംബങ്ങൾക്കാണ്. സംസ്ഥാനത്ത് കുബേരനെന്നോ കുചേലനെന്നോ വ്യത്യാസമില്ലാതെ സംസ്ഥാനത്താകെയുള്ള മുഴുവൻ കുടുംബങ്ങളിലെ ഒരാളും സംരക്ഷണത്തിൽനിന്ന് വിട്ടുപോകാതിരിക്കാൻ 1.4 ലക്ഷം പുതിയ റേഷൻ കാർഡുകളാണ് ഈ ഗവൺമെന്റ് വിതരണം ചെയ്തത്. കോവിഡ്-19 മൂലം

ദുരിതത്തിലായ ജനങ്ങൾക്ക് സൗജന്യ റേഷനും സൗജന്യമായി കോവിഡ് വാക്സിനും നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചപ്പോൾ പ്രതിപക്ഷം അതിനെതിരെ ഉറഞ്ഞുതുള്ളി പ്രകോപനപരമായ പ്രസംഗങ്ങളും പ്രസ്താവനകളും ഇറക്കുകയുണ്ടായി. പ്രതിസന്ധികൾക്കിടയിലും സംസ്ഥാനത്ത് പാലുല്പാദനം 82 ലക്ഷം ലിറ്ററായി ഉയർത്താനും സ്വയം പര്യാപ്തത കൈവരിക്കാനും കഴിഞ്ഞുവെന്നുള്ളത് മഹത്തായ കാര്യമാണ്. മാംസാവശ്യത്തിനുവേണ്ടിയും കോഴിമുട്ടയ്ക്കുവേണ്ടിയും ഇതര സംസ്ഥാനങ്ങളെ പൂർണ്ണമായും ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റംവന്നു. കുടുംബശ്രീയെ ഉൾപ്പെടുത്തി ഈ പദ്ധതി പ്രാവർത്തികമാക്കി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തെ ലജ്ജിപ്പിച്ചുകൊണ്ട് പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട 106 ശിശുക്കൾ അട്ടപ്പാടിയിൽ മാത്രം പട്ടിണി കാരണം മരണമടഞ്ഞതല്ലേ; ക്ഷേമ പ്രവർത്തനങ്ങൾ കഴിഞ്ഞ കാലത്ത് അങ്ങനെ ആയിരുന്നില്ലേ? പേരാവൂർ മണ്ഡലത്തിലെ അമ്പലക്കുഴിയിൽ മാലിന്യക്കൂമ്പാരത്തിൽനിന്ന് ഗോത്രവിഭാഗത്തിൽപ്പെട്ട കുട്ടികൾ ആഹാരം തേടേണ്ടി വന്നതും വേദനിപ്പിക്കുന്ന വാർത്ത ആയിരുന്നില്ലേ? ആ മണ്ഡലത്തിൽപ്പെട്ട പതിനഞ്ച് വയസ്സ് പ്രായമുള്ള ശ്രുതിമോൾ എന്ന കുട്ടി പട്ടിണിമൂലം ആത്മഹത്യ ചെയ്തത് കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ലല്ലോ? വയനാട്ടിലെ മൂവായിരത്തോളം വരുന്ന ഗോത്ര കുടുംബങ്ങളിൽപ്പെട്ടവർ തലചായ്ക്കാനൊരിടത്തിനായി സമരംചെയ്യാൻ നിർബന്ധിതരായി മുന്നോട്ടുവന്നപ്പോൾ 22 കുടുംബങ്ങളെയും സ്ത്രീകളെയും കൈക്കുഞ്ഞുങ്ങളെയുമുൾപ്പെടെ 247 പേരെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ, കോഴിക്കോട്, തലശ്ശേരി ജയിലുകളിൽ അടച്ചില്ലേ? ഇടുക്കി പെരിഞ്ചാംകുട്ടിയിൽ 201 ഗോത്രവർഗ്ഗ കുടുംബങ്ങളെ മൃഗീയമായി കുടിയൊഴിപ്പിച്ചില്ലേ? യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഗോത്രവർഗ്ഗക്കാർക്ക് 354 വീടുകൾ മാത്രമാണ് നിർമ്മിച്ചുനൽകിയത്. അതിന്റെ സ്ഥാനത്ത് 4652 പേർക്ക് വീട് നൽകി, 3757 പേർക്ക് ഭൂമിയും പട്ടയവും നൽകി. പട്ടികജാതിയിൽപ്പെട്ട 60773 പേർക്ക് വീട് പൂർത്തീകരിച്ചു നൽകി. ആ നിലയ്ക്ക് ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെയും പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കാൻ ഈ ഗവൺമെന്റ് അടിസ്ഥാനപരമായ പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയെ പണപ്പിരിവിനായും സ്കൂളുകൾ കച്ചവട കേന്ദ്രമായും കണ്ടിരുന്ന സ്ഥിതി മാറ്റി. ഇന്ന് ആഗോള – ഉന്നത വിദ്യാഭ്യാസ-പൊതു വിദ്യാഭ്യാസ രംഗങ്ങളിൽ പ്രഥമസ്ഥാനത്ത് തലയുയർത്തി നിൽക്കാൻ കഴിയുന്നവിധത്തിൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിനെ മാറ്റാൻ കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്.

പൊതുമരാമത്ത് വകുപ്പിന്റെ കാര്യമെടുത്താൽ, പതിനായിരത്തിലധികം കിലോമീറ്റർ ദൂരം പുതിയ റോഡുകൾ നിർമ്മിക്കുന്ന സ്ഥിതിയുണ്ടായി. 517 പുതിയ പാലങ്ങളും 700-ലധികം വരുന്ന കെട്ടിടങ്ങളും നിർമ്മിച്ചും കൊച്ചിയിലെ

ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ഫ്ലൈഓവറുകൾ സ്ഥാപിച്ചും കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് വിലപ്പെട്ട പങ്ക് വഹിക്കുകയാണ് ചെയ്യുന്നത്. വ്യവസായത്തിന്റെ കാര്യത്തിലും വിലപ്പെട്ട പങ്ക് വഹിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ ഇടനാഴിയുമായി മുമ്പോട്ട് പോകുന്നതുവഴി വ്യാവസായിക മേഖലയിൽ ഏറ്റവും വിലപ്പെട്ടതും നിർണ്ണായകവുമായ സ്ഥാനമായിരിക്കും കേരളം കൈവരിക്കാൻ പോകുന്നത്. ആർദ്രം മിഷനിലൂടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ലൈഫ് മിഷനിലൂടെ രണ്ടരലക്ഷത്തിലധികം വീടുകൾ നിർമ്മിച്ച നൽകുന്നതിനും കഴിഞ്ഞു. വീടില്ലാത്തവർക്ക് വീട്, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളുറപ്പാക്കാൻ കഴിഞ്ഞു. ഇങ്ങനെയുള്ള മികച്ച നേട്ടങ്ങളുടെയെല്ലാം വിലപ്പെട്ട അംഗീകാരമായാണ് പിണറായി സർക്കാരിന് വീണ്ടും വിജയക്കൊടി ഉയർത്താൻ കഴിഞ്ഞത്. ശബരിമല റെയിൽപ്പാത മൂവാറ്റുപുഴ, ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ കിഴക്കൻ പ്രദേശങ്ങളിൽ കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് റെയിൽവേ നൽകുന്ന സംഭാവനയാണ്. കോടിക്കണക്കിന് ഭക്തജനങ്ങൾക്ക് ശബരിമല സന്നിധാനത്തിൽവന്ന് അയ്യപ്പദർശനം നടത്തുന്നതിനുവേണ്ടിവരുന്ന ചെലവ് 2,000 കോടി രൂപയിൽ അധികമാണ്. ശബരി റെയിൽ പ്രോജക്ട് നടപ്പാക്കുന്നതിന് കേരളത്തിലെ പിണറായി സർക്കാർ പങ്കുവഹിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അതോടുകൂടി വൻപുരോഗതി കൈവരിക്കാനും ഭക്തജനങ്ങളുടെ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കാനും കഴിയും. ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനം ഭാവിയിൽ ചരിത്രവിജയം കൈവരിക്കുന്നതിന് ഇതൊരു പ്രധാന പങ്കുവഹിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നതിന് സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതുണയ്ക്കുകയാണ്. സ്വാതന്ത്ര്യാനന്തരം സംസ്ഥാനം ഭരിച്ച ഒരു സർക്കാരിനും നേരിടേണ്ടിവന്നിട്ടില്ലാത്ത പ്രതിസന്ധികളുടെ മഹാപ്രവാഹത്തെ അതിജീവിച്ച സർക്കാരാണ് സഖാവ് പിണറായി വിജയൻ നയിക്കുന്ന ഈ ഗവൺമെന്റ്. ഇച്ഛാശക്തിയുടെയും നിശ്ചയ ദാർഢ്യത്തിന്റെയും പ്രതീകമായി ശ്രീ. പിണറായി വിജയനെന്ന മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ മന്ത്രിസഭയും ഇവിടെ ജ്വലിച്ചുനിൽക്കുകയാണ്. കോവിഡ്-19 വ്യാപനകാലത്ത് വിസ്മയകരമായ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് കാഴ്ചവച്ചത്. ഇന്ത്യയിലെ എല്ലാ സംസ്ഥാന സർക്കാരുകൾക്കും മാതൃകയായി പ്രവർത്തിച്ച സർക്കാരാണ് എൽ.ഡി.എഫ്.-ന്റേത്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയും വരുമാനവുമൊക്കെ മരവിച്ചുനിന്ന ഘട്ടത്തിലും വലിയ വികസന ക്ഷേമപ്രവർത്തനങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയത്. കോവിഡിനെ പ്രതിരോധി

ക്കുന്നതിന് ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ഇടതുപക്ഷത്തെ അംഗീകരിക്കുന്നവർ മാത്രമല്ല ശക്തമായി എതിർക്കുന്നവരും അഗീകരിച്ചവയായിരുന്നു. അതിന്റെ ഫലമായി ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ആരോഗ്യ മേഖലയെ അതിന്റെ ഏറ്റവും വലിയ പ്രതിസന്ധികാലത്തും ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ ഈ ഗവൺമെന്റിന് സാധിച്ചു. ആശുപത്രികൾ നിറഞ്ഞുകവിയാതെ, ആരോഗ്യ സംവിധാനങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടു പോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ശാസ്ത്രീയമായ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ഈ മഹാമാരി വലിയ തോതിൽ പടർന്ന് ആപത്കരമായ സ്ഥിതിവിശേഷമുണ്ടാകാതെ തടയാൻ കഴിഞ്ഞത്. ഐ.സി.യു.-കളിൽ 50 ശതമാനവും വെന്റിലേറ്ററിൽ 15 ശതമാനവും മാത്രം ഉപയോഗിക്കേണ്ടി വന്നൊരു സാഹചര്യമുണ്ടായിട്ടുണ്ട്. മഹാമാരിയുടെ സമയത്ത് ബ്രേക്ക്-ദി-ചെയിൻ ചലഞ്ചും റിവേഴ്സ് ക്വാറന്റയിനും ഫലപ്രദമായി നടപ്പിലാക്കിയതിന്റെ ഭാഗമായി ഏറ്റവുമധികം ജീവൻ രക്ഷിച്ച സംസ്ഥാനമായി കേരളം മാറി. കേരളത്തിന് ഇങ്ങനെയൊരു നേട്ടമുണ്ടാക്കാൻ കഴിഞ്ഞത് ഗവൺമെന്റും ആരോഗ്യ വകുപ്പും നടത്തിയ ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. അല്ലെങ്കിൽ വലിയ അപകടമുണ്ടാകുമായിരുന്ന സംസ്ഥാനമാണ് കേരളം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്)

കാരണം, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനം കേരളമാണ്. യു.പി.എ.-യോ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്ഥാനങ്ങളെയോ പോലെയല്ല. വളരെ ഫലപ്രദമായി കോവിഡിനെ പ്രതിരോധിക്കാൻ കഴിഞ്ഞ സംസ്ഥാനമെന്ന നിലയിൽ നാം ലോകവ്യാപകമായ പ്രശംസ പിടിച്ചുപറ്റി. വിശ്വപ്രസിദ്ധങ്ങളായ മാധ്യമങ്ങളും കടുത്ത കമ്മ്യൂണിസ്റ്റ് വിരുദ്ധരുരായിട്ടുള്ളവരും എന്തുകൊണ്ടാണ് കേരളത്തെ പ്രകീർത്തിച്ചത്? ശ്രീ. പിണറായി വിജയനെയും ശ്രീമതി കെ. കെ. ശൈലജ ടീച്ചറെയും വെറുതെ പ്രശംസിച്ചതാണോ? വാഷിംഗ്ടൺ പോസ്റ്റും ബി.ബി.സി.-യും സി.എൻ.എൻ.-ഉം അൽജസീറയും ഉൾപ്പെടെയുള്ള ലോകത്തിലെ വിശ്വവിഖ്യാതമായ മാധ്യമങ്ങൾ കേരളത്തിലെ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചത് ഇടതുപക്ഷ ഗവൺമെന്റിന്റെ ഏറ്റവും നല്ല പ്രവർത്ത നങ്ങളുടെ ഫലമായിട്ടാണ്. അതിനെപ്പോലും ആക്ഷേപകരമായി കണ്ടവരാണ് ഇവിടത്തെ പ്രതിപക്ഷം. പി.ആർ. ഏജൻസികളെവച്ചാണ് ഇതൊക്കെ ചെയ്യതെന്നാണ് പ്രതിപക്ഷനേതാവ് പത്രസമ്മേളനം നടത്തി പറഞ്ഞത്. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏറ്റവുമേറെ മാതൃകാപരമായിട്ടു ള്ളതാണെന്ന് ഞാൻ പറയുമ്പോൾ, അത് ഇടതുപക്ഷ എം.എൽ.എ. എന്ന നിലയിലോ പ്രവർത്തകനെന്ന നിലയിലോ ഉള്ള കേവലമൊരു പ്രസ്താവനയല്ല,

വിവിധ ലോക മാധ്യമങ്ങളും ഗവൺമെന്റ് സംവിധാനങ്ങളും അംഗീകരിച്ചൊരു കാര്യമാണ്. കോവിഡ് കാലത്ത് വീടുകളിൽനിന്ന് പുറത്തിറങ്ങാൻ കഴിയാതെ തളച്ചിടപ്പെട്ട മനുഷ്യരുടെ ജീവിത ദുരിതങ്ങൾക്കും പ്രയാസങ്ങൾക്കും സാന്ത്വനവും സഹായവുമായി ഈ ഗവൺമെന്റുണ്ടായിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാന ങ്ങളിൽനിന്ന് കുടിയേറ്റത്തൊഴിലാളികൾ നൂറുകണക്കിന് കിലോമീറ്റർ നടന്ന് കാലുപൊട്ടി ചോരയൊലിച്ച് റോഡുകളിൽ വീണുമരിച്ചു. എന്നാൽ, നമ്മുടെ സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങൾക്കും സഹായമായി ഈ ഗവൺമെന്റുണ്ടായിരുന്നു. വലിയ പ്രതിസന്ധിഘട്ടമായിരുന്ന 2020 മാർച്ച്, ഏപ്രിൽ, മേയ് മാസത്തിൽ ഖജനാവിൽ ഒരു രൂപപോലും വന്നിട്ടില്ല. നികുതിവരുമാനം സമ്പൂർണ്ണമായും ഇല്ലാതായ കാലത്തും ഈ ഗവൺമെന്റ് വളരെ ഫലപ്രദമായിട്ടാണ് പ്രവർത്തിച്ചത്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യ അരി നൽകി, റേഷൻ കിറ്റുകൾ സൗജന്യമായി ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ മുൻഗണനകൾ എന്തായിരിക്കണമെന്ന് ഇന്ത്യയ്ക്ക് കാണിച്ചുകൊടുത്തൊരു ഗവൺമെന്റായി കേരളത്തിലെ ഗവൺമെന്റ് മാറി. ഇന്ത്യയിലെ പല സംസ്ഥാന ഗവൺമെന്റുകളും മുഖ്യമന്ത്രിമാരും കോവിഡ് കാലത്ത് ഓടിയൊളിച്ചപ്പോൾ എല്ലാ ദിവസവും മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനം ടെലിവിഷൻ ചരിത്രത്തിൽ ഏറ്റവും റേറ്റിംഗുള്ള പരിപാടിയായി മാറി. ഓരോ ദിവസത്തെയും വിവരങ്ങൾ ജനങ്ങളുമായി പങ്കുവച്ചുകൊണ്ട് പ്രതിസന്ധികാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധതയുടെ മറ്റൊരു ഉദാഹരണമായിരുന്നു. പ്രളയകാലത്ത് പ്രതിപക്ഷം ആക്ഷേപിച്ചത് ഡാമുകൾ തുറന്നുവിട്ടതുകൊണ്ടാണ് വെള്ളപ്പൊക്കം ഉണ്ടായതെന്നാണല്ലോ; ആ സമയത്തും ഏറ്റവും നന്നായി ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനം രാജ്യം കണ്ടതാണ്. ഈ കോവിഡ് കാലത്തും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിസ്മയകരമായി ലോകം കാണുകയായിരുന്നു. 20,000 കോടി രൂപയുടെ ഒരു പാക്കേജ് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചതിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും ആനുകൂല്യം നൽകുകയുണ്ടായി. ഇവിടെ ഭക്ഷ്യക്ഷാമമുണ്ടാകുമോ എന്നുള്ള ഭയപ്പാടിന്റെ അടിസ്ഥാനത്തിലാണ് 'സുഭിക്ഷ കേരളം' പരിപാടി നാം നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി അമ്പതി നായിരം തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളെല്ലാം മാതൃകാപരമാണ്. റേഷൻ കിറ്റുകൾ നൽകുന്നത് മോശപ്പെട്ട കാര്യമാണെന്ന് പ്രചരിപ്പിക്കുന്ന ആളുകളുമുണ്ട്. തൊഴിൽ നഷ്ടപ്പെട്ട് വീട്ടിലിരുന്ന ആളുകൾക്ക് ആ ഘട്ടത്തിൽ കിട്ടിയ ഭക്ഷ്യധാന്യങ്ങളുടെ കിറ്റ്, 'വിശക്കുന്നവനേ വിശപ്പിന്റെ വിലയറിയൂ' എന്നതുപോലെയാണ്. പ്രതിസന്ധി ഘട്ടത്തിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ജനങ്ങൾ അവരുടെ ജീവിതത്തിൽ തൊട്ടറിയുകയായിരുന്നു.

ഗവൺമെന്റിന്റെയും ആരോഗ്യ വകുപ്പിന്റെയും പ്രവർത്തനങ്ങൾ ഓരോ കാര്യങ്ങളിലും മാതൃകാപരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു. ഇന്ത്യയുടെ ജനാധിപത്യവും ഭരണഘടനാമൂല്യങ്ങളും സംരക്ഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ, 2019-ലെ പൗരത്വ ഭേദഗതി ആക്ടിന്റെ കാര്യത്തിൽ സമൂഹത്തിലെ വലിയ വിഭാഗം ജനങ്ങൾക്കുണ്ടായിട്ടുള്ള ഭയം അകറ്റാൻ അവരോടൊപ്പം നിന്നുകൊണ്ട് ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ സമാനതകളില്ലാത്തതാണ്. നമ്മുടെ രാജ്യത്തെ ജനാധിപത്യപ്രസ്ഥാനങ്ങൾക്ക് മാതൃകാപരമായ സംഭാവനയാണ് സംസ്ഥാന ഗവൺമെന്റ് നൽകിയത്. കിഫ്ബി എന്ന വികസന പരിപ്രേക്ഷ്യം ഈ ഗവൺമെന്റ് മുന്നോട്ടുവച്ചപ്പോൾ ഇത് ഒരിക്കലും നടക്കാൻ പോകുന്നില്ലെന്നായിരുന്നു ആക്ഷേപം. പിന്നീട് കിഫ്ബി പദ്ധതികൾക്കുവേണ്ടി മത്സരമായി. പ്രതിപക്ഷത്തെ ഓരോ അംഗങ്ങളും കിഫ്ബി പ്രോജക്ട് ലഭിക്കാൻ മന്ത്രിമാരുടെ ഓഫീസുകൾ കയറിയിറങ്ങി, അത് തെറ്റായ കാര്യമല്ല. ആ പദ്ധതി ഇവിടെ പ്രഖ്യാപിച്ചപ്പോൾ ഒരിക്കലും നടക്കാൻ പോകുന്നില്ലെന്ന് പറഞ്ഞതാണ്. അതിപ്പോൾ പ്രാവർത്തികമായില്ലേ. 56,000 കോടി രൂപയുടെ വികസന പദ്ധതികൾ ഈ സംസ്ഥാനത്തെ ഓരോ മേഖലയിലും നടപ്പിലാക്കപ്പെടുകയാണ്. ഞാൻ ഗുരുവായൂർ മണ്ഡലത്തിന്റെ പ്രതിനിധിയാണ്. എത്രയോ വർഷങ്ങളായി ഗുരുവായൂരിൽ ഒരു മേൽപ്പാലം എന്ന ആവശ്യവുമായി ഞാൻ മന്ത്രിമാരുടെ ഓഫീസുകൾ കയറിയിറങ്ങുമായിരുന്നു. തികഞ്ഞ അഭിമാനത്തോടെ ഞാൻ പറയുന്നു കിഫ്ബി പദ്ധതിയിലൂടെ 25 കോടി രൂപ ഈ ഗവൺമെന്റ് അനുവദിച്ചതിന്റെ ഫലമായി ഈ മാസം 23-ാം തീയതി മേൽപ്പാലത്തിന് തറക്കല്ലിടുന്നത് അഭിമാനകരമായിട്ടുള്ള കാര്യമാണ്. ഇതെന്റെ ഒരനുഭവം മാത്രമല്ല സഭയിലെ ഭൂരിപക്ഷം അംഗങ്ങളും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കിഫ്ബി പദ്ധതിയിലൂടെ എത്രയെത്ര വികസന പദ്ധതികളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. നിങ്ങൾ ഇപ്പോഴും കളിയാക്കുകയാണ്. ചാനലുകളിൽ കയറിയിറങ്ങി കിഫ്ബി എന്തോ ജനാധിപത്യവിരുദ്ധമാണെന്നും കിഫ്ബി എന്നുപറയുന്നത് ഒരിക്കലും നടക്കാത്ത കാര്യമാണെന്നും പറഞ്ഞവർ, അതിനുവേണ്ടി നടന്ന ആളുകൾ പിന്നീട് ആ കിഫ്ബി പദ്ധതിക്കെതിരായി കേരളത്തിലെ ചിലയാളുകൾ വന്നപ്പോൾ നിങ്ങൾ അതിനോടൊപ്പം നിന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കിഫ്ബിക്കെതിരായി ആക്ഷേപമുന്നയിച്ച നിങ്ങളെ മൂലയ്ക്കിരുത്തുകയാണ് കേരളത്തിലെ ജനങ്ങൾ ചെയ്തതെന്ന കാര്യം മറക്കണ്ട. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ചില മാധ്യമങ്ങളുടെ സഹായത്തോടുകൂടി എന്തൊക്കെയാണ് നിങ്ങളും നിങ്ങളുടെ നേതാക്കന്മാരും പ്രചരിപ്പിച്ചത്. അതെല്ലാം ജനങ്ങൾ നിരാകരിച്ചിരിക്കുന്നു. ഒരു ഗവൺമെന്റ് എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന് ഏറ്റവും മാതൃകാപരമായി ഈ ഗവൺമെന്റ് കാണിച്ചുതന്നു. ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സാമൂഹിക ക്ഷേമ

പെൻഷൻ 600 രൂപയായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അധികാര മൊഴിയുമ്പോൾ ആ 600 രൂപതന്നെ എത്രമാസത്തെ കുടിശ്ശികയായിരുന്നു. പത്തുമാസത്തെ കുടിശ്ശികയാക്കിയിട്ടാണ് പോയത്. ഇപ്പോൾ ആ 600 രൂപ എന്നത് 1,500 രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചില്ലേ? ഈ നാട്ടിലെ പാവപ്പെട്ടവർക്ക് ഒരു നേരത്തെ മരുന്നുവാങ്ങാൻ, മുത്തച്ഛന്മാർക്കും മുത്തശ്ശിമാർക്കുമുള്ള പെൻഷൻ, മുടങ്ങാതെ നൽകുകയാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് എത്ര മാസത്തെ കുടിശ്ശികയായിരുന്നു; പലപ്പോഴും അത് തുടർച്ചയായി നൽകിയിരുന്നില്ല. ഇപ്പോൾ നമ്മൾ സംസാരിക്കുന്നത് ജനുവരി മാസത്തിലാണ്. കുടിശ്ശികയില്ലാതെ ആ പെൻഷൻ മുഴുവൻ കൊടുത്ത, ഒരു ഗവൺമെന്റ് എങ്ങനെയാണ് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കേണ്ടത് എന്ന് തെളിയിച്ച ഒരു ഗവൺമെന്റാണിത്.

2.00 PM]

ലൈഫ് പദ്ധതിയിൽ രണ്ടുലക്ഷത്തി അമ്പതിനായിരത്തോളം ആളുകൾക്ക് വീട് വച്ചുകൊടുത്തു. ഇത് ശ്രീ. പിണറായി വിജയന്റെ കുടുംബത്തിൽനിന്ന് കൊടുത്ത കാര്യമല്ല എന്നാണ് പ്രതിപക്ഷത്തെ ചിലയാളുകൾ ടെലിവിഷനിലൊക്കെ പ്രസംഗിച്ചത്. ശരിയാണ്; ആരുടെയും തറവാട്ടിൽനിന്നോ കുടുംബത്തിൽനിന്നോ കൊടുത്തതല്ല. പക്ഷേ സംസ്ഥാന ഗവൺമെന്റ് ഫണ്ടുപയോഗപ്പെടുത്തി, കേന്ദ്ര സഹായം പ്രയോജനപ്പെടുത്തി സമഗ്രമായ ഒരു ഭവനനിർമ്മാണ പദ്ധതി പ്രാവർത്തികമാക്കുകയും ഇന്ത്യയിലേറ്റവും മനോഹരമായി അത് നടപ്പിലാക്കുകയും ചെയ്ത സംസ്ഥാനമാണ് കേരളം. അതാണ് ലൈഫ് മിഷൻ പദ്ധതി. അതിനെതിരെ എന്തെല്ലാം ആക്ഷേപങ്ങളും നുണപ്രചരണങ്ങളും നിങ്ങൾ ഉന്നയിച്ചു. ലൈഫ് മിഷനാകെ അഴിമതിയാണെന്നുപറഞ്ഞ് പ്രചരിപ്പിച്ച്, വസ്തുതാപരമായി ഒരു കാര്യംപോലും ചൂണ്ടിക്കാണിക്കാനില്ലാതെ ഈ ഗവൺമെന്റിനെതിരെ നിങ്ങൾ നടത്തിയ ആക്ഷേപം ജനങ്ങൾ നിരാകരിച്ചില്ലേ? ഇവിടെ ഞാൻ ഓർക്കുന്നു. കോവിഡിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ യു.ഡി.എഫ്. പ്രവാസികൾക്കുവേണ്ടി സമരം നടത്തുകയും ഈ ഗവൺമെന്റ് പ്രവാസികൾക്കെതിരാണെന്ന് പ്രചരിപ്പിക്കുകയും ചെയ്തു. ഞാൻ പ്രവാസിരംഗത്ത് പ്രവർത്തിക്കുന്ന ഒരാളാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാന ഗവൺമെന്റും നിങ്ങളുടെ ഗവൺമെന്റാകട്ടെ ബി.ജെ.പി.-യുടെ കേന്ദ്ര ഗവൺമെന്റാകട്ടെ; ഒരു ഗവൺമെന്റും ചെയ്യാത്ത സഹായ പദ്ധതികളാണ് ഈ ഗവൺമെന്റ് പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കിയത്. കോവിഡ് കാലത്ത് ഇവിടെ വന്നിട്ട് ഗൾഫിലേയ്ക്ക് തിരിച്ചുപോകാൻ കഴിയാതെ കുടുങ്ങിപ്പോയ ആളുകൾക്ക് 5,000 രൂപ വീതം നൽകി. 75000 പേർക്കാണ് ആ

സഹായധനം നൽകിയത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നടപ്പിലാക്കാത്ത, പ്രവാസികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഈ ഗവൺമെന്റ് ആരംഭിക്കാൻ പോകുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഭരിച്ചിരുന്ന അഞ്ച് വർഷം പ്രവാസിക്ഷേമ പെൻഷൻ സംബന്ധിച്ച് ഞാൻ ഈ നിയമസഭയിൽ എത്രയോ പ്രാവശ്യം സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. ഒരു രൂപപോലും പ്രവാസി പെൻഷൻ നിങ്ങൾ വർദ്ധിപ്പിച്ചില്ല. പിണറായി വിജയൻ ഗവൺമെന്റ് വന്നപ്പോൾ അത് മൂന്നിരട്ടി വർദ്ധിപ്പിച്ചു. അതുകൊണ്ട് നിർത്താൻ പാടില്ല എന്ന അഭിപ്രായക്കാരനാണ് ഞാനും. ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പ്രവാസി പെൻഷൻ കൂടുതലായി വർദ്ധിപ്പിക്കും എന്ന പ്രത്യാശ എനിക്കുണ്ട്.

ഒരു ഗവൺമെന്റ് എങ്ങനെയാണ് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കേണ്ടത് എന്നുള്ളതിന് മാതൃകയായിരുന്നു കോവിഡ് കാലത്ത് നടത്തിയ ഇടപെടലുകൾ. സാമൂഹ്യഅടുക്കള - അടച്ചിടപ്പെട്ട മനുഷ്യൻ ഭക്ഷണം കിട്ടാതെ, ഹോട്ടലുകൾ തുറക്കാതെ, വിഷമതകൾ അനുഭവിച്ച സമയത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സാമൂഹ്യഅടുക്കള എല്ലായിടങ്ങളിലും നടന്നുവെന്ന് ഞാൻ പറയുന്നില്ല. കാരണം ചില പഞ്ചായത്തുകളിൽ രാഷ്ട്രീയപ്രേരിതമായി അത് ചെയ്തില്ല. പക്ഷേ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഭരിക്കുന്ന പഞ്ചായത്തുകളും നഗരസഭകളും സർക്കാരിന്റെ പിന്തുണയോടുകൂടി അത് നടപ്പിലാക്കിയപ്പോൾ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആശ്വാസമായി. ഗുരുവായൂരിൽ അഞ്ച് ക്യാമ്പുകൾ ആരംഭിച്ചു. ക്ഷേത്രത്തിൽനിന്ന് എല്ലാ ദിവസവും ഭക്ഷണം കിട്ടിയിരുന്നയാളുകൾക്ക് ക്ഷേത്രമടച്ചപ്പോൾ ഭക്ഷണം കിട്ടാതെ വന്നു. അത്തരത്തിലുള്ള ആളുകൾക്കുവേണ്ടി ക്യാമ്പുകൾ ആരംഭിക്കുന്നതിനും അവർക്ക് താമസവും ഭക്ഷണവും വസ്ത്രവുമൊക്കെ നൽകുന്നതിന് നഗരസഭയ്ക്കും ഗവൺമെന്റിനും കഴിഞ്ഞു. ഇത് അവിടത്തെ മാത്രം കാര്യമല്ല. തൃശ്ശൂർ നഗരത്തിലും കോഴിക്കോടുമൊക്കെ നടപ്പിലാക്കിയ പദ്ധതിയാണ്. പ്രതിസന്ധി കാലത്ത് സംസ്ഥാന ഗവൺമെന്റ് എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതിന്റെ മാതൃകയായിരുന്നു അത്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും നല്ല മാതൃകയായിരുന്നു. വിവിധ ഏജൻസികൾ ഗവൺമെന്റിന്റെ പ്രവർത്തനത്തെ അഭിനന്ദിച്ചു. മാധ്യമങ്ങൾ മാത്രമല്ല; ഇപ്പോൾ നീതി ആയോഗ് തയ്യാറാക്കിയ Sustainable Development Goal Index (SDGI) പ്രകാരം ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് കേരളമാണ്. അപ്പോൾ നീതി ആയോഗിന്, കേന്ദ്ര ഗവൺമെന്റിനുകീഴിലുള്ള ഒരു ഏജൻസി കേരളത്തിന് നൽകിയ സഹായം കൊണ്ടല്ല, വിവിധ രംഗങ്ങളിൽ കേരളം നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ നേട്ടമുണ്ടായത്. 2018-ലും 2019-ലും ആദ്യത്തെ രണ്ട് സ്ഥാനങ്ങൾ കേരളത്തിനാണ് ലഭിച്ചത്. ഇത് കേരളത്തിലെ ഗവൺമെന്റ് ഏതെങ്കിലും ഒരു മേഖലയിൽ മാത്രം

നടപ്പിലാക്കുന്ന കാര്യത്തിനല്ല, വിവിധ രംഗങ്ങളിൽ ഗവൺമെന്റ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഈ നേട്ടം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷിക മേഖലയിൽ നെൽകൃഷിയുടെ ആകെ വിസ്തൃതി 1.97 ലക്ഷം ഹെക്ടറായിരുന്നു. നിലവിലത് 2.3 ലക്ഷം ഹെക്ടറായി ഉയർത്തി. ആകെ 34 ലക്ഷം ഹെക്ടറിൽ അധികം കൃഷിയിറക്കി. അഞ്ച് വർഷത്തിനുള്ളിൽ അമ്പതിനായിരം ഏക്കർ തരിശു നിലങ്ങൾ കതിരണിയിക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് എന്നുപറയുന്നതിൽ ഞങ്ങൾക്കഭിമാനമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പച്ചക്കറിയുല്പാദനം ആറ് ലക്ഷം മെട്രിക് ടണ്ണായിരുന്നത് നിലവിൽ 15 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇന്ത്യയിലാദ്യമായി നെൽക്കർഷകർക്ക് ഹെക്ടർ ഒന്നിന് 2,000 രൂപയുടെ റോയൽറ്റി നടപ്പിലാക്കിയ ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് എന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ഇന്ത്യയിൽ കൃഷിക്കാർ ഏറ്റവും കടുത്ത തണുപ്പിനെ അതിജീവിച്ചു കൊണ്ട് ഡൽഹിയിൽ സമരം ചെയ്യുകയാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് കൃഷിക്കാർക്കുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ, ഏറ്റവും മാതൃകാപരമായി നടപ്പിലാക്കിയ ഒട്ടേറെ പദ്ധതികളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കാർഷിക മേഖലയിൽ വലിയ തോതിലുള്ള മുന്നേറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.

ഈ കോവിഡ് കാലത്ത് എന്തായിരുന്നു പ്രതിപക്ഷത്തിന്റെ നിലപാട്? ഒരു മഹാമാരിയുടെ കാലത്ത് സംസ്ഥാനവും ജനങ്ങളും രാജ്യമാസകലവും വലിയ പ്രതിസന്ധികൾ നേരിടുന്ന ഘട്ടത്തിൽ പ്രതിപക്ഷനേതാവുൾപ്പെടെ ഈ ഗവൺമെന്റിനെ ആക്ഷേപിക്കുന്നതിന് എത്ര തരംതാഴ്ന്ന വാക്കുകളാണുപയോഗിച്ചത്. പ്രതിപക്ഷ നേതാവ് ഇവിടെയുണ്ടല്ലോ; ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് അദ്ദേഹം എന്താണ് പറഞ്ഞത്? അവർ 'മീഡിയാ മാനിക്' ആയിരുന്നു എന്നാണ് പറഞ്ഞത്. ഞാൻ വെറുതെ പറയുന്നതാണോ; പ്രതിപക്ഷനേതാവ് പത്രസമ്മേളനത്തിൽ പറഞ്ഞതല്ലേ ആരോഗ്യ വകുപ്പുമന്ത്രി മീഡിയാ മാനിക്കാണ് എന്ന്? ഏറ്റവും നന്നായി പ്രവർത്തിച്ച ഗവൺമെന്റിനെ ഒരു നല്ല വാക്ക് പറയണ്ട, ഇത്രയും ആക്ഷേപകരമായി പറയാമോ; എന്തൊക്കെയാണ് നിങ്ങൾ പറഞ്ഞത്?

ശ്രീ. അൻവർ സാദത്ത്: സർ, ആരോഗ്യ വകുപ്പുമന്ത്രിയുടെ കാര്യം ഞങ്ങൾ സമ്മതിച്ചു. പക്ഷേ ഞങ്ങളൊക്കെ കോവിഡ് വന്ന് ഹോസ്പിറ്റലിൽ കിടന്നപ്പോൾ ഒരു കോൾ ചെയ്ത് ഞങ്ങളെ വിളിച്ചുചോദിക്കാമായിരുന്നു, എന്താണ് അസുഖമുണ്ടോ; എന്താണ് സംഭവിച്ചതെന്ന്? ഞങ്ങൾക്ക് മനസ്സിലായി, ഞങ്ങൾ ഈ സഭയിലെ എം.എൽ.എ.-മാരാണ്. ആരും വിളിച്ചുചോദിച്ചില്ല. അതൊക്കെ ശരിയാണോ എന്ന് ബഹുമാനപ്പെട്ട മെമ്പർ ഒന്നാലോചിക്കു.

ശ്രീ. രാജു എബ്രഹാം: സർ, കോൺഗ്രസിന്റെ നേതാവ് ശ്രീ. വി. എം. സുധീരൻ കോവിഡ് രോഗിയായതിനുശേഷം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കെ. കെ. ശൈലജ ടീച്ചറെപ്പറ്റിപ്പറഞ്ഞ അഭിപ്രായം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രതിപക്ഷനേതാവ് പറഞ്ഞതിൽനിന്നും തികച്ചും വ്യത്യസ്തമായി ഏറ്റവും നല്ല വാക്കുകളാണ് ശ്രീ. വി. എം. സുധീരൻ പറഞ്ഞത്. ശ്രീ. വി എം. സുധീരൻ നിങ്ങളുടെ മുഖ്യധാരാ നേതൃത്വത്തിൽ പലപ്പോഴും വ്യത്യസ്തനാണല്ലോ; കേരളത്തിലെ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം എന്റെ അനുഭവത്തിലൂടെ ഏറ്റവും നല്ല നിലയിലാണ് നടത്തിയത് എന്നാണദ്ദേഹം പറഞ്ഞത്. ആരോഗ്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചു. നിങ്ങൾ ആരോഗ്യ വകുപ്പു മന്ത്രിയെ അഭിനന്ദിക്കുന്നതിനുപകരം എന്തൊക്കെയാണ് പറഞ്ഞത്? കോവിഡ് റാണി എന്നാണ് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. കെ.പി.സി.സി. പ്രസിഡന്റ് ഇങ്ങനെ ദിവസേന പത്രസമ്മേളനം നടത്തുന്നത് നല്ല കാര്യമാണ്. കെ.പി.സി.സി. പ്രസിഡന്റ് എന്നത് വെറും മോശപ്പെട്ട പദവിയല്ല. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയുടെ അദ്ധ്യക്ഷൻ ഉപയോഗിക്കേണ്ട വാക്കുകളാണോ പലപ്പോഴും അദ്ദേഹം പത്രസമ്മേളനത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്നത്. റേപ് ചെയ്യപ്പെട്ട സ്ത്രീ ആത്മാഭിമാനമുണ്ടെങ്കിൽ ജീവിച്ചിരിക്കില്ല എന്ന് അദ്ദേഹം ആക്ഷേപമുന്നയിച്ചില്ലേ? സ്ത്രീത്വത്തിനെതിരെ നിങ്ങളുടെ പാർട്ടിയിലെ നേതാക്കൾ നടത്തുന്ന വാക്കുകൾ എത്ര മോശമായിരുന്നുവെന്ന് ഇപ്പോഴെങ്കിലും തിരിച്ചറി യുന്നുണ്ടോ? എസ്.എസ്.എൽ.സി. പരീക്ഷയുടെ സന്ദർഭത്തിൽ കെ.പി.സി.സി. വൈസ് പ്രസിഡന്റ് കൂടിയായ ശ്രീ. കെ. സുധാകരൻ എം.പി. പറഞ്ഞതെന്താണ്? എസ്.എസ്.എൽ.സി. പരീക്ഷ നടത്താൻ തീരുമാനിച്ച മുഖ്യമന്ത്രിയുടെ തലയ്ക്ക് ഭ്രാന്താണ് എന്നല്ലേ. ഇതല്ലേ പ്രതിപക്ഷത്തിന്റെ നിലവാരം. സംസ്ഥാന ഗവൺമെന്റ് നടത്തിയ ശ്രദ്ധേയമായ വികസന-ക്ഷേമപ്രവർത്തനങ്ങളെ പ്രതിപക്ഷം അംഗീക രിച്ചില്ല എന്നുമാത്രമല്ല ശരിയല്ലാത്ത നിലപാടുകൾ എല്ലാ മേഖലയിലും സ്വീകരിച്ചു. അത്തരത്തിലുള്ളവരെ ശരിയായ നിലപാട് സ്വീകരിച്ചുകൊണ്ട് ജനങ്ങൾ മൂലയ്ക്കിരുത്തി എന്നുള്ളതാണ് ഇക്കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റവും ശരിയായി പറഞ്ഞ ഗവർണറുടെ പ്രസംഗത്തെ അംഗീകരിക്കുന്നതോടൊപ്പം അതിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എസ്. ശർമ്മയുടെ പ്രസംഗത്തെയും ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കു കയാണ്. ആത്മാർത്ഥതയില്ലാത്ത, ആഴമില്ലാത്ത ഒരു പ്രസംഗമാണ് ബഹുമാന്യനായ

ഗവർണറെക്കൊണ്ട് നിങ്ങൾ പറയിപ്പിച്ചിട്ടുള്ളത്. എന്ത് നയമാണ് നിങ്ങൾ നടപ്പാക്കുന്നത്; എന്ത് നയത്തെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്; എന്താണ് നിങ്ങളുടെ നയത്തിന്റെ അടിസ്ഥാനം? കിട്ടാവുന്നിടത്തുനിന്നൊക്കെ കടം വാങ്ങുക, ലക്കും ലഗാനുമില്ലാതെ കടംവാങ്ങി അതുവച്ച് വമ്പൻ പദ്ധതികൾ പ്രഖ്യാപിച്ച് കൺസൾട്ടൻസി മുതൽ അതിന്റെ ഓരോ ഘട്ടത്തിലും കമ്മീഷൻ അടിച്ചുമാറ്റുക. അതിനെക്കുറിച്ച് വിവാദവും ജനങ്ങളുടെ പ്രതിഷേധവുമുണ്ടാകുമ്പോൾ ജനങ്ങളെ തണുപ്പിക്കാൻവേണ്ടി ചില നാമമാത്രമായ ആനുകൂല്യങ്ങൾ അവരിലേയ്ക്ക് എറിഞ്ഞു കൊടുക്കുക. ഇതാണോ ജനാധിപത്യം. അഞ്ചുകൊല്ലം കൊണ്ട് നിങ്ങൾ ഈ നാടിനെ എവിടെനിന്ന് എവിടേയ്ക്കാണ് എത്തിച്ചത്. 2016-ൽ കേരളത്തിന്റെ പൊതുകടം 1,09,000 കോടി രൂപയും മൊത്തം കടബാധ്യത 1,57,000 കോടി രൂപയും മാത്രമായിരുന്നു. പക്ഷെ 2021-ൽ കേരളത്തിന്റെ കടബാധ്യത 3,20,000 കോടി രൂപയാണ്. 65,000 കോടി രൂപയാണ് കിഫ്ബിയിലൂടെ കടം എടുക്കുന്നത്. അതിനുപുറമെയാണ് ഇപ്പോൾ 65,000-ത്തോളം കോടി രൂപ കടമെടുത്ത് സിൽവർ ലൈൻ റെയിൽവേ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്. അതെല്ലാം ചേർത്താൽ 4.5 ലക്ഷം കോടി രൂപയായി. 1.5 ലക്ഷം കോടി രൂപയിൽനിന്ന് 4.5 ലക്ഷം കോടി രൂപയിലേയ്ക്ക് കേരളത്തിന്റെ കടബാധ്യത വർദ്ധിക്കുമ്പോൾ; 3 ലക്ഷം കോടി രൂപ അധികമായി കടമെടുക്കുമ്പോൾ അതിൽ നിന്ന് കുറച്ച് കിറ്റൊക്കെ കൊടുക്കാം; പെൻഷനിൽ 100 രൂപ കൂട്ടിക്കൊടുക്കാം; കുറച്ചാളുകൾക്ക് വീടൊക്കെ കൊടുക്കാം, ഇതല്ലേ നിങ്ങളുടെ നയം. ഇതിനപ്പുറത്ത് കേരളത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ ധൂർത്ത് നിയന്ത്രിക്കുന്നതിനോ വേണ്ടിയുള്ള നടപടികൾ ഈ അഞ്ചുവർഷമുണ്ടായിട്ടില്ല. ധൂർത്തും അഴിമതിയും വ്യാപകമായിക്കൊണ്ടിരിക്കുന്ന കാഴ്ചയല്ലേ നമ്മൾ കണ്ടത്. എത്രയെത്ര ക്യാബിനറ്റ് റാങ്കുകളാണ്? ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ, മുന്നോക്ക സമുദായ കമ്മീഷൻ ചെയർമാൻ, അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് റാങ്ക് കൊടുത്തു. ക്യാബിനറ്റ് റാങ്ക് ആദ്യം വേണ്ട എന്നുപറഞ്ഞ ചീഫ് വിപ്പിന് പിന്നീട് അത് നൽകി. ഇതിനുപുറമേ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിൽ നിരവധിയായിട്ടുള്ള ഉപദേശികൾ, ചീഫ് സെക്രട്ടറി റാങ്കിൽ ഉപദേശികൾ, സോഷ്യൽ മീഡിയാ ടീമിന് കോടികൾ, ഹെലികോപ്ടർ വാങ്ങുന്നു, ഇങ്ങനെ പണം ധൂർത്തടിച്ച് ചെലവാക്കുക എന്നതല്ലാതെ ഇതുകൊണ്ട് സംസ്ഥാനത്തിനുള്ള പ്രയോജനമെന്താണ്? ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ റിട്ടയർ ചെയ്യുതായുള്ള വാർത്ത നമ്മൾ കേട്ടു. അഞ്ചുവർഷക്കാലാവധി അദ്ദേഹത്തിന് നൽകി. നാലേമുക്കാൽ വർഷം കഴിഞ്ഞ് കാലാവധി അവസാനിക്കാൻ രണ്ടു മാസമുള്ളപ്പോൾ അദ്ദേഹം രാജിവച്ച അല്ലെങ്കിൽ ഒഴിഞ്ഞുപോകുന്നുവെന്ന അദ്ദേഹത്തിന്റെ തീരുമാനം വന്നു. ഞാൻ

അതിലെ ശരിയും തെറ്റും കാണുന്നില്ല. പക്ഷേ അഞ്ചുവർഷം ആ പോസ്റ്റുകൊണ്ട് കേരളത്തിനുണ്ടായ പ്രയോജനമെന്താണ്? അഞ്ച് റിപ്പോർട്ടുകൾ സമർപ്പിച്ചുവെങ്കിലും ഒരു റിപ്പോർട്ടെങ്കിലും ഗവൺമെന്റ് അംഗീകരിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; ഒരു ഭരണപരിഷ്കാര കമ്മീഷനിൽനിന്നും നമ്മൾ പ്രതീക്ഷിച്ചതെന്താണ്? ആറുമാസത്തിനകം പരമാവധി ഒരു വർഷത്തിനകം ഈ ഭരണത്തെ പരിഷ്കരിക്കാനുള്ള നിർദ്ദേശം അദ്ദേഹം നൽകും. രണ്ടാമത്തെ വർഷം മുതൽ അത് നടപ്പാക്കിത്തുടങ്ങും. മൂന്നാമത്തെയും നാലാമത്തെയും വർഷം കഴിഞ്ഞ് അഞ്ചാമത്തെ വർഷമൊക്കെയാകുമ്പോൾ അതിന്റെ പ്രയോജനം വിസിബിളായി കാണുമെന്നൊക്കെയാണ്. അങ്ങനെയുള്ള ഒരു നടപടിയുമുണ്ടാകാത്തതുകൊണ്ടാണ് ഇതിനെ എതിർക്കേണ്ടി വരുന്നതും നിങ്ങളുടെ നയപ്രഖ്യാപനങ്ങൾക്ക് ഒരു ആത്മാർത്ഥതയും ദീർഘവീക്ഷണവുമില്ലെന്ന് ഞങ്ങൾക്ക് പറയേണ്ടി വരുന്നതും. ഉദ്യോഗസ്ഥ പുനർവിന്യാസം എവിടെയും എത്തിയിട്ടില്ല. കിട്ടാക്കടം പിടിച്ചെടുക്കുന്നത് സംബന്ധിച്ച് നിങ്ങൾ 2016-ലെ ധവളപത്രത്തിൽ പറഞ്ഞതാണ്. അത് ഇതുവരെ എവിടെയും എത്തിയിട്ടില്ല. സ്വർണ്ണവ്യാപാരമടക്കമുള്ള മേഖലകളിൽനിന്ന് നികുതി പിരിച്ചെടുക്കുന്നില്ല, കാരണം സ്വർണ്ണ വ്യാപാരികളുമായും ഈ മേഖലയിലെ മാഫിയാ പ്രവർത്തനങ്ങളുമായും നിങ്ങൾക്കുള്ള ബന്ധം ഓരോന്നായി തെളിഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ഇതുകൊണ്ടാണ് ഞങ്ങൾ ഈ ഗവൺമെന്റിനെ എതിർക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ അഴിമതിയെക്കുറിച്ച് വലിയ വാചാലനാകുകയായിരുന്നല്ലോ; വെല്ലുവിളിക്കുകയായിരുന്നല്ലോ. അദ്ദേഹം ആ വെല്ലുവിളി നടത്തി പത്തുമിനിട്ടിനുള്ളിലാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈ ഗവൺമെന്റിന്റെ ഒരു വലിയ പദ്ധതിക്കെതിരെ സി.ബി.ഐ. അന്വേഷണം ഏർപ്പെടുത്തിക്കൊണ്ട് അതുമായി മുന്നോട്ടുപോകാമെന്ന തീരുമാനമെടുത്തത്. ഈ നയപ്രഖ്യാപനത്തിലെ പത്താമത്തെയും പതിനൊന്നാമത്തെയും പേജിൽ പറയുന്നത് ചില കേന്ദ്ര സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഭരണഘടനയുടെ സീമകൾ ലംഘിക്കുകയും സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള മുൻനിര പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും അത് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു; ഇത് സത്യസന്ധരും കഠിനാദ്ധ്വാനികളുമായ ഉദ്യോഗസ്ഥരുടെ ആത്മവീര്യം കെടുത്തിയിട്ടുണ്ട് എന്നുമാണ് ഗവർണറെക്കൊണ്ട് നിങ്ങൾ പറയിപ്പിച്ചിരിക്കുന്നത്. ഇതിന് എങ്ങനെയാണ് ഞങ്ങൾക്ക് നന്ദി പറയാൻ സാധിക്കുക? ആ ഉദ്യോഗസ്ഥരൊക്കെ ഇപ്പോൾ ജയിലിലാണ്. അവർക്കെതിരെ അന്വേഷണം നടത്തണമെന്നാണ് ഇന്ന് കോടതി പ്രഖ്യാപിച്ചിട്ടുള്ളത്. സ്വർണ്ണക്കടത്ത് പ്രതികൾ ശ്രീമതി സ്വപ്ന സുരേഷ്, ശ്രീ. സന്ദീപ് നായർ എന്നിവർ ലൈഫ് പദ്ധതിയുടെ ഭാഗഭാക്കായി, ഇന്ന് കോടതി പറഞ്ഞിട്ടുള്ളതാണ്. ഉദ്യോഗസ്ഥർ ക്രമക്കേടുകൾക്ക് കൂട്ടുനിന്നു. നിങ്ങൾ ഉദ്യോഗ

സ്ഥരുടെ ആത്മവീര്യത്തിന്റെ കാര്യം പറയുന്നു. ഐ.എ.എസ്.-കാർ ഇടനിലക്കാർവഴി അഴിമതി നടത്തി. ഏത് ഐ.എ.എസ്.-കാരാണ്? നിങ്ങളുടെ ഭരണത്തിലുള്ള ഐ.എ.എസ്.-കാരല്ലേ. ഉദ്യോഗസ്ഥതലത്തിലെ ഗൂഢാലോചനയെ ഗൗരവമായിക്കണ്ട് അന്വേഷിക്കണം. ഇതുതന്നെയാണ് ഞങ്ങളും പറഞ്ഞിട്ടുള്ളത്. അന്വേഷിക്കില്ല എന്നുപറഞ്ഞ് ഈ ഉദ്യോഗസ്ഥരെ തുടക്കംമുതൽ വെള്ള പൂശുന്നതാരാണ്; അവർക്കെതിരെയുള്ള ആരോപണങ്ങൾ മുഴുവൻ കഴമ്പില്ലാത്തതാണ് എന്നുപറഞ്ഞ് ഞങ്ങളെ വെല്ലുവിളിച്ചിട്ട് എന്തുകാര്യം? നിങ്ങൾ തെളിയിക്കണം. സത്യസന്ധമായി അന്വേഷണം നടത്തി മുന്നോട്ടുപോകാൻ കഴിയണ്ടേ. ഈ രീതിയിലുള്ള കാര്യങ്ങൾ പറയുമ്പോൾ തെരഞ്ഞെടുപ്പിലെ വിജയപരാജയത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് വല്ല കാര്യമുണ്ടോ? തെരഞ്ഞെടുപ്പ് വിജയം എന്നുള്ളത് അഴിമതിക്കുള്ള അംഗീകാരമായിട്ടാണോ നിങ്ങൾ കാണുന്നത്. കിറ്റ് നൽകുന്നത് അഴിമതിക്കുള്ള ഒരു ലൈസൻസായിട്ടാണോ കാണുന്നത്. ആ നിലയിൽ കേരളത്തിലെ ജനങ്ങളെ വിലകുറച്ച് കാണാൻ നിങ്ങൾ തയ്യാറാകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ തെരഞ്ഞെടുപ്പിലൂടെ കേരളത്തിൽ വലിയ വർഗ്ഗീയ വിഭജനമുണ്ടായിക്കൊണ്ടിരിക്കുകയാണ് എന്നത് നിങ്ങൾ കാണണം. ഈ തെരഞ്ഞെടുപ്പിൽ ഒരു ഭാഗത്ത് ബി.ജെ.പി.-യെയും മറുഭാഗത്ത് എസ്.ഡി.പി.ഐ.-യെയും നിർത്തിക്കൊണ്ടാണ് സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്.-ഉം കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വിജയം പലയിടങ്ങളിലുമുണ്ടാക്കിയത് എന്നതിന് എത്രയോ ജീവിക്കുന്ന ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നിങ്ങൾ പരസ്യമായി മുദ്രപ്പത്രത്തിൽ കരാർ എഴുതിക്കൊടുക്കുകയല്ലേ ചെയ്യുന്നത്. ഒന്നാം കക്ഷി എൽ.ഡി.എഫ്.-ന്റെ കൗൺസിലറായി വിജയിച്ചുവന്നയാൾ; രണ്ടാം കക്ഷി ബി.ജെ.പി.-യുടെ പഞ്ചായത്ത് പ്രസിഡന്റ്. മുദ്രപ്പത്രത്തിൽ കരാറെഴുതിക്കൊടുത്ത് നിങ്ങൾ അഡ്ജസ്റ്റ്മെന്റുണ്ടാക്കുകയല്ലേ. ഈ നാട്ടിൽ ഇസ്ലാമോഫോബിയ വളർത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഓരോ വിഷയങ്ങൾ പറഞ്ഞുകൊണ്ട് കാലങ്ങളായി, തലമുറകളായി ഒരുമിച്ചുജീവിക്കുന്ന, സൗഹൃദാന്തരീക്ഷം പുലർത്തുന്ന ഈ നാട്ടിലെ മതന്യൂനപക്ഷങ്ങളെ തമ്മിൽ തല്ലിക്കാനുള്ള നിരവധി ബോധപൂർവ്വമായ പ്രവർത്തനങ്ങളുണ്ടാകുന്നുണ്ട്. ഹലാൽ ഭക്ഷണത്തിന്റെ പേരിൽ, ലൗ ജിഹാദിന്റെ പേരിൽ, ഹാഗിയ സോഫിയയുടെ പേരിൽ, ഇതിന്റെയൊക്കെ പേരിൽ കലാപമുണ്ടാകുമ്പോൾ അല്ലെങ്കിൽ കലാപത്തിനുള്ള വഴിമരുന്നിടുമ്പോൾ കേരളത്തിന്റെ ഭരണാധികാരിയായിട്ടുള്ള മുഖ്യമന്ത്രി അതിനെ തള്ളിപ്പറയാൻ തയ്യാറാകുന്നുണ്ടോ? അദ്ദേഹം മൗനം പാലിക്കുക മാത്രമല്ല, എരിതീയിൽ എണ്ണയൊഴിക്കുന്ന തരത്തിൽ ആ കാമ്പെയിനിനെ കൂടുതൽ വൈഡായിട്ടുള്ള റീച്ചിലേയ്ക്ക് എത്തിക്കാനാണ് കേരളത്തിന്റെ മുഖ്യമന്ത്രിയും സി.പി.ഐ.(എം) എന്ന പാർട്ടിയുടെ

ഔദ്യോഗിക മെഷീനറി മുഴുവനും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഗുജറാത്തിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ ശ്രീ.അഹമ്മദ് പട്ടേൽ മുഖ്യമന്ത്രിയാകാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട് അവിടെയുണ്ടാക്കിയ വർഗ്ഗീയ ധ്രുവീകരണത്തിന്റെ കേരള പതിപ്പല്ലേ ഈ ഗവൺമെന്റും ഇതിന്റെ വക്താക്കളും ഈ പാർട്ടിയും ഇന്ന് കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇങ്ങനെയാണോ കേരളത്തെ മുന്നോട്ട് കൊണ്ടു പോകേണ്ടത്. ചെന്നിത്തല പഞ്ചായത്തിൽ ഞങ്ങളുടെ പിന്തുണയോടുകൂടിയാണ് എൽ.ഡി.എഫ്. വിജയിച്ചത്. നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഞങ്ങളത് ചെയ്തത്, ബി.ജെ.പി. വരരുതെന്നുള്ളതുകൊണ്ടാണ്. ആ സ്ഥാനം രാജിവയ്ക്കാൻ പോകുകയാണ്. തൃശ്ശൂരിലെ അവണൂരിൽ ഞങ്ങളുടെ പിന്തുണയോടുകൂടി ജയിച്ചതിന്റെ പേരിൽ രാജിവയ്ക്കാൻ പോകുകയാണ്. എന്നാൽ റാന്നിയുൾപ്പെടെ മറ്റ് സ്ഥലങ്ങളിൽ രാജിയില്ല. ഇങ്ങനെ പോകുന്നതിന്റെ അർത്ഥം എന്താണ്? നിങ്ങൾ കേരളത്തെ എവിടെയാണ് കൊണ്ടുപോകുന്നത്? നിങ്ങളുടെ തണലിൽ നടക്കുന്ന സ്വർണ്ണക്കള്ളക്കടത്ത് കേസിനെപ്പോലും വർഗ്ഗീയവത്കരിക്കാനല്ലേ ശ്രമിക്കുന്നത്? പ്രതിയുടെ ഉമ്മയുടെ വീട് പാണക്കാട് എന്ന രീതിയിലുള്ള പ്രചരണമാണ് കൈരളി ചാനൽ അടക്കം അഴിച്ചുവിടുന്നത്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ടി. ബൽറാം: സർ, പല അംഗങ്ങളും മൂന്നുംനാലും മിനിട്ട് അധികമായി എടുത്തു. എനിക്ക് കുറച്ച് സമയം മാത്രം മതി. മലയാളി പത്രപ്രവർത്തകനായ ശ്രീ. സിദ്ദിഖ് കാപ്പനെതിരെ യു.പി.-യിൽവച്ച് യു.എ.പി.എ. ചുമത്തിയതിനെക്കുറിച്ചും നിയമത്തിന്റെ യാതൊരുവിധ സംരക്ഷണവും ലഭിക്കാത്ത അവസ്ഥയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ ഭാര്യ നടത്തുന്ന സത്യാഗ്രഹത്തെക്കുറിച്ചും ഈ സഭയിൽ ശ്രീ. പി. ഉബൈദുള്ള ചൂണ്ടിക്കാണിച്ചപ്പോൾ കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞത്, മറ്റൊരു സംസ്ഥാനമായതുകൊണ്ട് ഇടപെടാൻ പരിമിതിയുണ്ടെന്നാണ്. നിങ്ങളുടെ പരിമിതിയാണ് കേരളത്തെ ഈ അവസ്ഥയിലേയ്ക്ക് എത്തിക്കുന്നത്. യു.എ.ഇ.-യിൽ കള്ളപ്പണക്കേസിൽ, തട്ടിപ്പുകേസിൽ, ചെക്ക് കേസിൽ എൻ.ഡി.എ.-യുടെ കൺവീനറായ സമുദായസംഘടന നേതാവ് പെട്ടപ്പോൾ രായ്ക്കുരായ്മാനം ഇടപെടാൻ ഈ ഗവൺമെന്റിന് ഒരു പരിമിതിയും ഉണ്ടായിരുന്നില്ലല്ലോ. ഒരു മലയാളിയായ പത്രപ്രവർത്തകൻ സംഘപരിവാർ സർക്കാരിന്റെ വേട്ടയാടലുകൾക്ക് വിധേയമാകുമ്പോൾ അതിൽ ഇടപെടാൻ നിങ്ങൾക്ക് പരിമിതിയുണ്ടാകുന്നു. പോലീസിന്റെ കാര്യത്തിൽ പലപ്പോഴും ഇടപെടാൻ നിങ്ങൾക്ക് പരിമിതിയുണ്ടാകുന്നു. അലൻ, താഹ എന്ന് പറയുന്ന രണ്ട് വിദ്യാർത്ഥികൾ യു.എ.പി.എ. വേട്ടയാടലിന് വിധേയമാകുമ്പോൾ, ഒരാൾക്കുമാത്രം നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുമ്പോൾ നിങ്ങൾ ഇപ്പോഴും ആ വേട്ടക്കാർക്കൊപ്പം നിൽക്കുകയാണ്.

ഇന്നലെ സിനിമാ മേഖലയിലെ വിനോദ നികുതി ഒഴിവാക്കി കൊടുത്തപ്പോൾ, 15 മിനിട്ടിനുള്ളിൽ കേരളത്തിലെ സിനിമാ ലോകത്തെ 25-ഓളം ആളുകൾ ശ്രീ. പിണറായി വിജയനെ പ്രകീർത്തിച്ചുകൊണ്ട് ഫേസ്ബുക്കിൽ പോസ്റ്റിട്ടു. അതിൽ ഞങ്ങൾക്ക് വിരോധമൊന്നുമില്ല. സിനിമാ തിയേറ്ററുകൾ തുറന്നുപ്രവർത്തിക്കട്ടെ, ആളുകൾ സിനിമ കാണട്ടെ, അതിന്റെ പേരിൽ കോവിഡിന്റെ വ്യാപനം വർദ്ധിക്കുമോ ഇല്ലയോ എന്നുള്ളത് ആരോഗ്യ വകുപ്പ് പരിശോധിക്കട്ടെ. ഇതേ സിനിമാ മേഖലയിൽ ജസ്റ്റിസ് ഹേമ കമ്മീഷനെ നിയോഗിച്ചുകൊണ്ട് ഒരു റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. സിനിമാ മേഖലയിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചും അവർക്കുനേരെ നടക്കുന്ന Gender discrimination-നെക്കുറിച്ച് പഠിക്കുന്നതിനും അവർ sexual abuse, Casting couch-ന് വിധേയമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും 2017-ൽ നിയമിക്കപ്പെട്ട കമ്മീഷന്റെ റിപ്പോർട്ട് 2019 ഡിസംബർ 31-ന് സർക്കാരിന് സമർപ്പിക്കപ്പെട്ട് ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെ അതിന്മേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. സിനിമാ മേഖലയിലെ പലയാളുകളും കഴിഞ്ഞ ന്യൂ ഇയറിന് പറഞ്ഞത്, ശ്രീ. പിണറായി വിജയൻ സിനിമാ മേഖലയ്ക്ക് നൽകിയ പുതുവത്സര സമ്മാനം എന്നുപറഞ്ഞുകൊണ്ട് അന്നും ഇതുപോലെ ഫേസ്ബുക്ക് പോസ്റ്റ് ഇട്ടിരുന്നു. ഇതുവരെ അതിന്മേൽ നടപടിയൊന്നും എടുത്തിട്ടില്ല. സ്ത്രീകളെ, യുവാക്കളെ വഞ്ചിക്കുന്ന, തൊഴിൽ നിഷേധിക്കുന്ന, യാതൊരു ദീർഘവീക്ഷണവുമില്ലാത്ത നയപ്രഖ്യാപനത്തെ ഞങ്ങൾ എതിർക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ വാഗ്ദാനങ്ങളും പാലിച്ചു എന്നാണ് ഇവിടെ പലരും പ്രസംഗിച്ചത്. പാക്കേജുകൾ - തീരദേശ പാക്കേജ്, വയനാടൻ പാക്കേജ്, കുട്ടനാട് പാക്കേജ് എന്നിവയാണ്. കുട്ടനാട് പാക്കേജിന് 2,400 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതിൽ തണ്ണീർമുക്കം ബണ്ട് ഒരു വർഷത്തേയ്ക്കെങ്കിലും തുറന്നുവച്ച് വെള്ളം കയറ്റുമെന്നാണ് പറഞ്ഞത്. ഇടുക്കി ജില്ലയ്ക്ക് പാക്കേജില്ലെന്ന് പറഞ്ഞപ്പോൾ 5,000 കോടി രൂപയുടെ പാക്കേജ് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. എന്നാൽ ഇടുക്കി പാക്കേജിനായി ഒരു രൂപയെങ്കിലും ചെലവഴിച്ചിട്ടുണ്ടോ? ഗവർണറുടെ പ്രസംഗത്തിലും ബഡ്ജറ്റിലും വാഗ്ദാനങ്ങളുടെ പെരുമഴയാണ് കാണുന്നത്. ഈ ഗവൺമെന്റിന് യഥാർത്ഥത്തിൽ വളരെ അനുകൂലമായ സ്ഥിതിയുണ്ടായി. കടമെടുക്കുന്നതിനുള്ള അധികാരം സംസ്ഥാനത്തെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനമായിരുന്നത് അഞ്ച് ശതമാനമാക്കി കേന്ദ്രം വർദ്ധിപ്പിച്ചു. 27,500 കോടി രൂപയിൽനിന്നും 45,500 കോടി രൂപ ലഭ്യമായി. ഇതിന്റെ എന്തെങ്കിലും ലക്ഷണം കാണാനുണ്ടോ? പ്രവാസികളെ പുനരധിവസിപ്പിക്കുന്ന കാര്യം ഇവിടെ പറഞ്ഞു. സിംഗിൾ വിൻഡോ ക്ലിയറൻസ് വാഗ്ദാനം ചെയ്തതാണ്. ഏതെങ്കിലും ഒരു കേസിൽ കൊടുത്തിട്ടുണ്ടോ; ഇല്ലെന്ന് വളരെ വ്യക്തമായി പറയാൻ കഴിയും. കാരുണ്യ

പദ്ധതിക്കുപകരം KASP (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) ആരംഭിച്ചു. അത് എവിടെയെങ്കിലും നടക്കുന്നുണ്ടോ? ആ വലിയ പദ്ധതി പൂർണ്ണമായും ഇല്ലാതാക്കി. അതുകൊണ്ട് വീമ്പ് പറയുന്നതിന് ഒരു പരിധി വേണം. കിറ്റ് കൊടുത്തത് നല്ല കാര്യമാണ്. പക്ഷേ, ഭക്ഷ്യസുരക്ഷാ പദ്ധതിയിൽനിന്ന് കേന്ദ്ര ഗവൺമെന്റ് നൽകിയ അരിയും മറ്റ് സാധനങ്ങളും കിറ്റിലാക്കി കൊടുത്തു എന്നല്ലാതെ ഈ ഗവൺമെന്റ് ഇതിൽ എന്താണ് ചെയ്തത്. കിറ്റിലെ സാധനങ്ങൾ പൂർണ്ണമായും ഭക്ഷ്യസുരക്ഷാ പദ്ധതി വഴി ലഭിച്ചതാണ്. കുട്ടനാട് ഞാൻ പോയി കണ്ടതാണ്. അവിടെ നെല്ല് കിടന്ന് നശിച്ചിട്ടും മിനിമം സപ്പോർട്ട് പ്രൈസ് യഥാസമയം കൊടുക്കാൻ കഴിഞ്ഞില്ല. 30-40 ശതമാനം നെല്ല് അവിടെ കിടന്ന് കിളിർത്തു. കിഫ്ബി പദ്ധതിക്കുള്ള തുക എവിടെനിന്നാണ് ലഭിക്കുന്നത്? മോട്ടോർ വെഹിക്കിൾ ടാക്സ്, പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലഭിക്കുന്ന നികുതികൾ മുഴുവനായും കിഫ്ബിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഇല്ലായ്മയിൽനിന്നും കിഫ്ബിയിലേയ്ക്ക് പണം കണ്ടെത്തിയെന്നാണ് അവകാശപ്പെടുന്നത്. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായ മോട്ടോർ വെഹിക്കിൾ, പെട്രോളിയം എന്നിവയിൽ നിന്നുള്ള നികുതികൾ പൂർണ്ണമായും കിഫ്ബിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1,60,638 കോടി രൂപയായിരുന്ന കടം 2016-2020-ൽ എത്തിയപ്പോൾ 3,20,468 കോടി രൂപയായി വർദ്ധിച്ചു. കേരളത്തിൽ ഒരു വ്യക്തി ഒരു ലക്ഷം രൂപയുടെ കടത്തിലാണ്. പക്ഷെ, അതിനനുസരിച്ചുള്ള കാര്യങ്ങൾ എവിടെയാണ് നടക്കുന്നത്?

നെല്ലുൽപ്പാദനത്തെപ്പറ്റി ഇവിടെ പറഞ്ഞു. കേരളത്തിൽ നെല്ലുൽപ്പാദനം കുറഞ്ഞിരിക്കുകയാണ്. കൃത്യമായ കണക്ക് എക്കണോമിക് റിവ്യൂവിലുണ്ട്. നിങ്ങൾ തദ്ദേശഭരണസ്ഥാപന തെരഞ്ഞെടുപ്പിൽ കുറച്ച് നേട്ടമുണ്ടാക്കിയിട്ടുണ്ട്. മധ്യകേരളം മുഴുവൻ പിടിച്ചടക്കി എന്നുള്ള പ്രചരണം നടക്കുന്നുണ്ട്. മധ്യകേരളം എന്നുപറയുന്നത് ഞങ്ങൾക്കറിയാത്ത സ്ഥലമാണോ? കോട്ടയം ജില്ലയിലെ മുനിസിപ്പാലിറ്റികളായ ഈരാറ്റുപേട്ട, വൈക്കം, കോട്ടയം, ഏറ്റുമാനൂർ, ചങ്ങനാശ്ശേരിയുൾപ്പെടെ അഞ്ചിടത്തും യു.ഡി.എഫ്. ആണ്. പാലാ മുനിസിപ്പാലിറ്റിയിൽ മാത്രമാണ് എൽ.ഡി.എഫ്. പത്തനംതിട്ട ജില്ലയിലെ തിരുവല്ല, ചെങ്ങന്നൂർ എന്നീ മുനിസിപ്പാലിറ്റികളിൽ വിജയിച്ചത് യു.ഡി.എഫ്. ആണ്. ഇതെല്ലാം പിടിച്ചടക്കിയെന്ന് വെറുതെ പറഞ്ഞാൽ പോരാ. പ്രചരണത്തിനുവേണ്ടി ഉപയോഗിക്കാം. തൊടുപുഴ മുഴുവൻ തകർന്നടിഞ്ഞു എന്നാണ് പറയുന്നത്. പത്ത് പഞ്ചായത്തുകളിൽ എട്ടിലും വിജയിച്ചത് യു.ഡി.എഫ്. ആണ്. ഇടുക്കി, തൊടുപുഴ നിയോജകമണ്ഡലത്തിലെ നാല് ജില്ലാ പഞ്ചായത്തു കളിലും യു.ഡി.എഫ്.-ആണ്. കേരളാ കോൺഗ്രസ്സാണ് അവിടെ വിജയിച്ചി രിക്കുന്നത്. രണ്ടിലയെ പരാജയപ്പെടുത്തിക്കൊണ്ടുതന്നെയാണ് അവിടെ വിജയിച്ചത്. ഇല്ലാത്ത പ്രചാരണം നടത്തിയാൽ അത് ഏൽക്കില്ല.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. കാർഷിക മേള എല്ലാ വർഷവും നടത്തുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം മുഖ്യമന്ത്രി വന്നിരുന്നു. ഒന്നാം സ്ഥാനത്തിന് ഒരു ലക്ഷം രൂപയുടെ സമ്മാനത്തുക ലഭിച്ചത് ഇന്ത്യൻ പശുക്കൾക്കാണ്. ഇന്ത്യൻ പശുക്കളുടെ പ്രത്യേകത എന്ന് പറയുന്നത് പ്രശ്നരഹിത പശുക്കളാണ്, ഒരു അസുഖവും ബാധിക്കില്ല, 25 ലിറ്റർ പാൽ ലഭിക്കും. അതുകൊണ്ട് അവയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാണ് മേള സംഘടിപ്പിക്കുന്നത്. ഇപ്രാവശ്യം ഒരു ലക്ഷം രൂപയുടെ സമ്മാനം ലഭിച്ചത് സഹീർവാൾ പശുവിനാണ്. ഇത്തവണത്തെ ഞങ്ങളുടെ വിഷയം ബയോഡൈവേഴ്സിറ്റിയാണ്. ബയോഡൈവേഴ്സിറ്റി തകർത്താൽ കാലാവസ്ഥ മാറും, മറ്റ് പല പ്രശ്നങ്ങളുണ്ടാകും. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് ബയോഡൈവേഴ്സിറ്റിയാണ്. കൃഷിയിൽ ജൈവവൈവിധ്യം നിലനിർത്താൻ ഏറ്റവും നല്ലത് തെങ്ങും ഇടവിള കൃഷിയുമാണ്. തെങ്ങിനിടയിൽ വളരാത്ത കൃഷി യൊന്നുമില്ല. തെങ്ങിന് മുകളിൽ പോകാതിരുന്നാൽ മതി. മഞ്ഞളിന് വലിയൊരു മാർക്കറ്റ് വരാൻ പോകുകയാണ്. കോവിഡിനെ നേരിടാൻ ഏറ്റവും വലിയ ഔഷധമായി മഞ്ഞൾ മാറിക്കൊണ്ടിരിക്കുകയാണ്. അടുത്ത വർഷം മഞ്ഞളിന്റെ വില മൂന്നിരട്ടി വർദ്ധിക്കും. അത് തെങ്ങിനിടയിൽ വളരും. ഇഞ്ചി, വാഴ, കാച്ചിൽ, ചേന തുടങ്ങിയവയെല്ലാം കേരളത്തിന്റെ ജൈവവൈവിധ്യം നിലനിർത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് തെങ്ങ് കൃഷിക്ക് ഇത്തരത്തിലുള്ള പ്രോത്സാഹനം പോരാ. 2007-ൽ സ്വാമിനാഥൻ കമ്മീഷൻ മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കാൻ ഓരോ സംസ്ഥാനത്തിനും അധികാരം നൽകി. അതിൽ കൊപ്രയും വന്നു. നാളികേരത്തിന്റെ താങ്ങുവില 27 രൂപയാണ്. ഉത്പാദനച്ചെ ലവിന്റെ അമ്പത് ശതമാനം കൂടി കൂട്ടിനിശ്ചയിക്കണം. 40-42 രൂപ വില നിശ്ചയിച്ചാൽ മുഴുവൻ തുകയും നൽകാൻ കേന്ദ്ര ഗവൺമെന്റ് ബാധ്യസ്ഥമാണ്. എന്തുകൊണ്ട് പ്രഖ്യാപിക്കുന്നില്ല? ഇത് സംസ്ഥാന ഗവൺമെന്റിന്റെ കുറ്റകരമായ അനാസ്ഥയാണ്. പ്രഖ്യാപിച്ചാൽ ബാലൻസ് തുക മുഴുവനും നെല്ലിന് കിട്ടുന്നതു പോലെ കിട്ടും. തെങ്ങിന്റെ ഉത്പാദനം ഇന്നുള്ളതിന്റെ നാലിരട്ടിയായി വർദ്ധിപ്പിക്കാം. തെങ്ങിന്റെ ഇടയിൽ ഇടവിളകൾ വലിയ തോതിൽ കൃഷി ചെയ്യാം. കേരളത്തിന്റെ ബയോഡൈവേഴ്സിറ്റി, വനങ്ങൾ, പശ്ചിമഘട്ടങ്ങൾ തുടങ്ങിയവ സംരക്ഷിക്കപ്പെടണം. പശ്ചിമഘട്ടമാണ് കേരളത്തിന്റെ ജീവൻ. പശ്ചിമഘട്ടം തകർന്നാൽ മഴയും നദിയും ഇല്ലാതാകും. പശ്ചിമഘട്ടത്തെ തകർക്കുന്ന രീതിയിലുള്ള ക്വാറി ഖനനത്തിന് അനുവാദം കൊടുക്കുന്നത് അവസാനിപ്പിക്കണം. പശ്ചിമഘട്ടം കേരളത്തിന്റെ ജീവവായുവാണ്. അതില്ലെങ്കിൽ 41 നദികളും വറ്റും, ചൂട് കാറ്റ് വരും, കാലാവസ്ഥയാകെ മാറും. ഈ ഗവൺമെന്റ് ഹൈക്കോടതിയുടെ ഉത്തരവ്

മാനിക്കാതെ നിരവധി ക്വാറികൾക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളത്. പശ്ചിമ ഘട്ടത്തെ ഇടിച്ചുനിരത്തുന്ന ഒരു കാര്യവും നടക്കാൻ പാടില്ല. അത് കേരളത്തിന്റെ ജീവവായുവാണ്. ഇവിടെ 32 കോഴ്സുകൾ അനുവദിച്ചെങ്കിലും ഫാക്കൽറ്റികളെ നിയമിച്ചിട്ടില്ല. ഓപ്പൺ യൂണിവേഴ്സിറ്റിക്ക് അനുവാദമില്ല. കേരളത്തിന്റെ മൊത്തമായ കാര്യങ്ങൾ കാണാതെ, പശ്ചിമഘട്ടത്തെ സംരക്ഷിക്കാനുള്ള എല്ലാ പരിപാടികൾക്കും ഞങ്ങളുടെ പിന്തുണയുണ്ട്. അതുകൊണ്ട് പശ്ചിമഘട്ടവും ജൈവവൈവിധ്യവും സംരക്ഷിക്കുകയും പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കുകയും വേണം. ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഗവർണറുടെ പ്രസംഗത്തിന്മേൽ ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ അതിശക്തമായി എതിർക്കുകയാണ്. സർക്കാരിന്റെ നയപ്രഖ്യാപനത്തിലൂടെ നടക്കാൻ പോകുന്ന വികസന പദ്ധതികളെയും ഭരണ പരിഷ്കാരങ്ങളെയും ക്ഷേമ പദ്ധതികളെയുംകുറിച്ചാണ് രാജ്യത്തെ ജനങ്ങൾ പ്രതീക്ഷിക്കുന്നത്. പക്ഷേ ഇത് വളരെ നിരാശാജനകമാണ്. കോഴിക്കോടുള്ള മുതലക്കുളം എന്നുപറയുമ്പോൾ അവിടെ മുതലയുമില്ല, കുളവുമില്ല. ഇവിടെ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു നയവുമില്ല, പ്രതീക്ഷ നൽകുന്ന പ്രഖ്യാപനമൊന്നുമുണ്ടായിട്ടുമില്ല. സാധാരണ ഒരു ഗവൺമെന്റ് നടത്താറുള്ള അവരുടെ അടിസ്ഥാനപരമായ ചുമതലകളെ പർവ്വതീകരിച്ച് കാണിച്ച ഒരു തള്ള് പ്രസംഗമാണ് സ്ഥിരമെന്നപോലെ ഇവിടെ ഇടതുപക്ഷ ഗവൺമെന്റിന്റേതായി വന്നിട്ടുള്ളത്. നയപ്രഖ്യാപനം മുഴുവനും കോവിഡ് മയമാണ്. അത് സ്വാഭാവികമാണ്. ഇന്നത്തെ കാലത്ത് കോവിഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയും. ഈ ഗവൺമെന്റ് കോവിഡ് പ്രതിരോധം നടത്തിയത് ഒരു മഹാകാര്യമാണെന്ന് ഇവിടെ പലരും പറഞ്ഞു. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിൽ ഇന്ത്യ രണ്ട് ശതമാനത്തിൽ നിൽക്കുമ്പോൾ ഈ സംസ്ഥാനം ഇന്നും പത്ത് ശതമാനത്തിലാണ് നിൽക്കുന്നത്. നിങ്ങളുടെ പ്രതിരോധത്തിന്റെ മികവുകൊണ്ടാണ് കോവിഡിന്റെ ഊരാക്കുരുക്കിൽനിന്ന് ഇന്നും കേരള ജനത മോചിതരാകാത്തത്. നിങ്ങൾ ടെസ്റ്റ് നടത്താൻ തുടങ്ങിയ തെന്നാണ്? ആദ്യകാലത്ത് ടെസ്റ്റ് വളരെ കുറച്ചു. കേരളം മുഴുവനും അടച്ചുപൂട്ടി. ആരും ഇങ്ങോട്ട് വരാതെ അടച്ചുപൂട്ടി ഇതൊരു മാതൃകയാണെന്ന് പറയാൻ നിങ്ങൾ ആഗ്രഹിച്ചു. ഇന്ന് ലോകത്തിന്റെ അഷ്ടദിക്കുകളിലുമുള്ള പല രാജ്യങ്ങളും കോവിഡിൽനിന്ന് മോചിതമായി. ന്യൂസിലാൻഡിനെക്കുറിച്ചും അതുപോലെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളെക്കുറിച്ചും നമ്മൾ കേട്ടു. ധാരാവിയടക്കമുള്ള മഹാരാഷ്ട്ര 2.2 ശതമാനത്തിൽ നിൽക്കുമ്പോൾ കേരളം ഇപ്പോഴും പത്ത് ശതമാനത്തിൽ നിൽക്കുകയാണ്. നിങ്ങളുടെ കോവിഡ് പ്രതിരോധം കെങ്കേമമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

പഞ്ചായത്ത് തെരഞ്ഞെടുപ്പിനെക്കുറിച്ച് ഭയങ്കര അഹങ്കാരമാണ് അപ്പുറത്തു നിന്നും വന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നിർവ്വഹിച്ചത്. ഞങ്ങളുടെ കരണത്തടി കിട്ടിയെന്നാണ് അദ്ദേഹം പറഞ്ഞത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വോട്ടിംഗനുസരിച്ച് 100 സീറ്റിൽ ഞങ്ങൾ മുന്നിലാണ്, ഭരണത്തുടർച്ച ഉറപ്പാണെന്നാണ് ശ്രീ. എ. വിജയരാഘവൻ പറയുന്നത്. സ്നേഹിതന്മാരെ, നിങ്ങൾക്ക് വല്ല വിവരവുമുണ്ടോ? ഒന്നര വർഷംമുമ്പ് ഇവിടെ 124 അസംബ്ലി മണ്ഡലങ്ങളിൽ ഞങ്ങൾ മുന്നിലായിരുന്നു. അതിവിടെ അതുപോലെ കൊണ്ടുവച്ചിരുന്നതാണോ? അല്ല, കണക്ക് വച്ചുകൊണ്ട് ഈ തെരഞ്ഞെടുപ്പിൽ നൂറ് സീറ്റെന്ന് നിങ്ങൾ പറയുകയാണ്. ഇതിനുമുമ്പും ഇവിടെ തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിനും പഞ്ചായത്ത് തെരഞ്ഞെടുപ്പിനും നിയമസഭാ തെരഞ്ഞെടുപ്പിനും വെവ്വേറെ പാറ്റേണുകളാണെന്നത് നിങ്ങൾക്ക് അറിയാഞ്ഞിട്ടല്ല. പാർലമെന്റ് എന്നും ഞങ്ങളോടൊപ്പം നിൽക്കും. വളരെ അപൂർവ്വമായി മാത്രമേ നിങ്ങളോടൊപ്പം നിന്നിട്ടുള്ളൂ. പഞ്ചായത്ത് അധികവും നിങ്ങളോടൊപ്പം നിൽക്കും. അപൂർവ്വമായി ഞങ്ങളോടൊപ്പവും നിൽക്കാറുണ്ട്. പക്ഷേ നിയമസഭ അങ്ങനെയല്ല, ബലാബലത്തിലാണ്. 1991-ൽ നിങ്ങൾ ചെയ്ത വലിയൊരു അബദ്ധമുണ്ട്. ആദ്യമായി ജില്ലാ കൗൺസിൽ വന്നപ്പോൾ അന്ന് സദ്ദാംഹുസൈനെ കൂട്ടുപിടിച്ച് 13 ജില്ലാ കൗൺസിലുകളിലും നിങ്ങൾ അധികാരത്തിൽ വന്നു. നാല് മാസത്തിനകം ഇവിടെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ 91 സീറ്റുമായി കെ. കരുണാകരന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ അണ്ടിപോയ അണ്ണാനെപ്പോലെ സി.പി.ഐ.(എം) നിന്നത് കേരള ചരിത്രത്തിൽ നമ്മൾ കണ്ടതാണ്. ഇവിടെ യഥാർത്ഥ കണക്കെന്താണ്? പഞ്ചായത്തിലേയ്ക്ക് 21000 മെമ്പർമാരാണ് നമുക്കുള്ളത്. സി.പി.ഐ.(എം)-ന് 8000 മെമ്പർമാരും സി.പി.ഐ.-ക്ക് 1000 മെമ്പർമാരുമുണ്ട്. അങ്ങനെ നിങ്ങൾക്ക് ഒൻപതിനായിരത്തി ചില്വാനം മെമ്പർമാരുണ്ട്. ഞങ്ങൾക്കോ? കോൺഗ്രസ്സ് ആകെ തകർന്നുതരിപ്പണമായെന്നാണ് നിങ്ങൾ പറയുന്നത്. ഈ തകർച്ചയിലും കോൺഗ്രസ്സിന് 5500 മെമ്പർമാരുണ്ട്. നിങ്ങൾ അവിടെനിന്ന് ബഹളം വയ്ക്കാതെ ഇലക്ഷൻ കമ്മീഷന്റെ വെബ്സൈറ്റ് നോക്കണം. 2100 മെമ്പർമാർ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലുണ്ട്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൽ 2131 മെമ്പർമാരാണുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കണക്ക് കൂട്ടാനുള്ള എളുപ്പത്തിനുവേണ്ടി 31 ഞാൻ വിടുകയാണ്. ഞങ്ങളുടെ കൂട്ടത്തിലുള്ള കേരള കോൺഗ്രസ്സിന് ഇരുന്നൂറ്റി ചില്വാനം മെമ്പർമാരുണ്ട്. അങ്ങനെ നോക്കിയാൽ ഞങ്ങൾക്ക് 8000 മെമ്പർമാരുണ്ട്. നിങ്ങൾക്ക് ഒൻപതിനായിരത്തി ചില്വാനം മെമ്പർമാരുണ്ട്. മെമ്പർമാരുടെ വ്യത്യാസം ആയിരത്തി ചില്വാനമാണ്. അതുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പാറ്റേൺ കണ്ട് നിങ്ങൾ കൊതിക്കേണ്ട. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ കേരള ജനത നിങ്ങളെ താഴെയിറക്കും. ബി.ജെ.പി. ആകെ വളർന്നുവെന്നാണ് നിങ്ങൾ പ്രചരിപ്പിക്കുന്നത്. ബി.ജെ.പി.-ക്ക് 1500 മെമ്പർമാർ മാത്രമേയുള്ളൂ. കഴിഞ്ഞ തവണ 1300 മെമ്പർമാരുണ്ടായിരുന്നു. ബോർഡുകളുടെ എണ്ണമെന്ന് പറയുന്നത്, നറുക്കെടുപ്പിൽ ഒരു സീറ്റിന്റെ ബലത്തിലൊക്കെ ബോർഡിൽ വ്യത്യാസം വരും. പക്ഷേ ആകെ എണ്ണം ഇതാണ്. വോട്ടിംഗ് പരിശോധിച്ചാലും രണ്ട് ശതമാനത്തിന്റെ വ്യത്യാസമാണ് നമ്മൾ തമ്മിലുള്ളത്. അല്ലാതെ ഒരു മഹാവിജയമൊന്നും നിങ്ങൾ നേടിയിട്ടില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്ത് നിങ്ങളെക്കാൾ 25 ലക്ഷം വോട്ടിന് ഞങ്ങൾ മുന്നിലായിരുന്നെങ്കിൽ ഇന്ന് അതിന്റെ നാലിലൊന്ന് വോട്ടുപോലും നിങ്ങൾക്ക് നേടിയെടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതാണ്. ഇപ്പോൾ നിങ്ങൾ ആഗ്രഹിക്കുന്നത് ബി.ജെ.പി.-യെ ഒരു വലിയ കക്ഷിയാക്കി മാറ്റണമെന്നാണ്. യു.ഡി.എഫ്. തകർന്നു; ഇനി ബി.ജെ.പി.-യുടെ കാലമാണെന്ന് നിങ്ങൾ പ്രചരിപ്പിക്കുകയാണ്. അത് നിങ്ങൾ തമ്മിലുള്ള ഭായി ഭായി ബന്ധം കൊണ്ടാണ്. പക്ഷെ, നിങ്ങൾ ഈ മഹാ അപരാധം ചെയ്യരുത്. ബി.ജെ.പി. അങ്ങനെ വളർന്നിട്ടില്ല. നിങ്ങൾ കാണുന്ന താൽക്കാലികമായ ഒരു ലാഭമുണ്ട്. ഞങ്ങൾ തകർന്ന് ബി.ജെ.പി. വന്നാൽ ഒന്നു രണ്ടുതവണ നിങ്ങൾക്ക് അധികാരത്തിലെത്താമെന്നാണ് നിങ്ങൾ കണക്കുകൂട്ടുന്നത്. അത് നിങ്ങളുടെ ഒരു ധാരണ മാത്രമാണ്. അങ്ങനെ നിങ്ങൾ വിചാരിക്കുന്നതു പോലെ വന്നുവെന്നിരിക്കട്ടെ, ഞങ്ങൾ തകർന്നുപോയി, ഞങ്ങൾക്കുപകരം ഇവിടെ ബി.ജെ.പി. വന്ന് നിങ്ങളും ബി.ജെ.പി.-യും തമ്മിലുള്ള ഒരു ഫൈറ്റായി മാറിയാൽ കുറച്ചുകാലം മതന്യൂനപക്ഷങ്ങളുടെ പിന്തുണയും നിങ്ങളുടെ പരമ്പരാഗത വോട്ടുമായാൽ നിങ്ങൾക്ക് വരാൻ കഴിയുമെന്നുള്ളതാണ് നിങ്ങളുടെ ഫോർമുല. ഇത് നിങ്ങൾ കുറച്ചുകാലമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷെ, നിങ്ങൾ കരുതേണ്ടത്, അങ്ങനെ കൂടുതൽ കാലം നിങ്ങൾക്കും പോകാൻ കഴിയില്ല; ആ ഫാസിസം നിങ്ങളെയും വിഴുങ്ങും. ഇപ്പോൾ ഞങ്ങളും നിങ്ങളുമാകുമ്പോൾ നിങ്ങൾക്ക് നഷ്ടപ്പെട്ടാൽ ഞങ്ങൾക്ക് കിട്ടും; ഞങ്ങൾക്ക് നഷ്ടപ്പെട്ടാൽ നിങ്ങൾക്ക് കിട്ടും. പക്ഷെ, ബി.ജെ.പി. വന്നാൽ, വിഴുങ്ങുകയാണ് ചെയ്യുന്നത്. ത്രിപുര എന്നുപറയുന്ന സംസ്ഥാനം നിങ്ങളുടേതായിരുന്നു; ഇന്ന് അവിടെ നിങ്ങളുടെ പൊടിപോലുമില്ല. ആ ഗോത്രവർഗ്ഗ സംസ്ഥാനത്ത് ഫാസിസം നിങ്ങളെ വിഴുങ്ങി. ബംഗാളിൽ

മമതയ്ക്കെതിരെ ബി.ജെ.പി. വലിയ അട്ടഹാസമായി മുന്നോട്ടുവരുമ്പോൾ അതിന്റെ കൂടെയുള്ളത് പഴയ സഖാക്കളാണ്. മാർക്സിസ്റ്റ് പാർട്ടി ഓഫീസ് ഒന്നാകെ ബി.ജെ.പി. ഓഫീസായി മാറി. ഞാൻ ഇവിടെ മുമ്പ് അവതരിപ്പിച്ചിട്ടുണ്ട്, ഗഗൻ മുർമ്മു എന്നുപറയുന്ന എം.എൽ.എ. അരിവാൾ ചുറ്റിക നക്ഷത്രത്തിൽ വിജയിച്ചിട്ട് അത് രാജിവയ്ക്കുകപോലും ചെയ്യാതെയാണ് താമരചിഹ്നത്തിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ഇപ്പോൾ ഒരു എം.എൽ.എ. അമിത്ഷായുടെ റാലിയിൽ പങ്കെടുത്തതായിട്ടാണ് കാണുന്നത്. അതുകൊണ്ട് നിങ്ങൾക്ക് അധികകാലം അത് കിട്ടില്ല. നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് ഇവിടെ ശ്രീ. വി. ടി. ബൽറാമും മറ്റും ചൂണ്ടിക്കാണിക്കുകയുണ്ടായി. നിങ്ങൾ ഭൂരിപക്ഷ വർഗ്ഗീയതയെ ഊതിപ്പെരുപ്പിക്കുകയാണ്. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ, സർവ്വശ്രീ അമീറും ഹസ്സനും കുഞ്ഞാലിക്കുട്ടിയുംകൂടി കേരളം ഭരിക്കുമെന്ന് നിങ്ങൾ പറഞ്ഞു. ഇത് നിങ്ങൾ പറയേണ്ട വർത്തമാനമാണോ? യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ സർവ്വശ്രീ. രമേശ് ചെന്നിത്തല, ഉമ്മൻചാണ്ടി, മുല്ലപ്പള്ളി ഇവരൊക്കെയുണ്ട്; നിങ്ങൾ അതൊന്നും കണ്ടില്ല. യു.ഡി.എഫ്.-ന്റെ കൺവീനർ ശ്രീ. എം.എം. ഹസ്സനായത് തെറ്റായിപ്പോയി. ഇവിടെ പറഞ്ഞതുപോലെ ഗുജറാത്ത് തെരഞ്ഞെടുപ്പിൽ നെക്ക് & നെക്ക് ഫൈറ്റ് വന്നു. കോൺഗ്രസ്സ് ജയിക്കുമെന്ന് കണ്ടപ്പോൾ അന്ന് ബി.ജെ.പി.-ക്കാർ പ്രചരിപ്പിച്ചത്, മത്സരിച്ചിട്ട് പോലുമില്ലാത്ത ശ്രീ. അഹമ്മദ് പട്ടേൽ മുഖ്യമന്ത്രിയാകാൻ പോകുന്നു എന്നാണ്. എന്നിട്ട് ശ്രീ. അഹമ്മദ് പട്ടേൽ പാകിസ്ഥാനിൽ പോയി ചർച്ച നടത്തും; അങ്ങനെ ചർച്ച നടത്തിയതിനുശേഷം ഗുജറാത്തും പാകിസ്ഥാനുമായി അലൈൻസുണ്ടാക്കും എന്ന് പ്രചരിപ്പിച്ച ഫാസിസവും ഇവിടത്തെ മാർക്സിസവും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? ഇതിനുമുൻപും നിങ്ങൾ കളിച്ചിട്ടുണ്ട്.

1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് ഒരു കാരണവുമില്ലാതെ ശരീഅത്തിനെ വിമർശിച്ചു. അതിനുകാരണം ഭൂരിപക്ഷ ഏകീകരണം വേണം. മുല്ല/മുക്രി പെൻഷനെ വിമർശിച്ചു. ഇന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി മുല്ലമാർക്കും മുക്രിമാർക്കുമൊക്കെ പെൻഷനും ക്ഷേമപദ്ധതികളും കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിനെ അന്ന് വിമർശിച്ച് ഭൂരിപക്ഷ ഏകീകരണമുണ്ടാക്കാൻ ശ്രമിച്ചവരാണ് നിങ്ങൾ. ലോകത്ത് മുഴുവൻ നടക്കുന്ന ഇസ്ലാമോഫോബിയ ഇവിടെ ശ്രീ. പിണറായി വിജയൻ പ്രചരിപ്പിക്കുന്നുവെന്നുള്ളത് ഏറെ ഖേദകരമാണ്. ട്രംപിനെപ്പോലെ മോദിയെപ്പോലെ ഉള്ള തന്ത്രമാണ് ഇന്ന് ഇവിടെ ശ്രീ. പിണറായി വിജയൻ നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ നിങ്ങൾ വെൽഫെയർ പാർട്ടിയെക്കുറിച്ചാണ് പറയുന്നത്. എത്ര വെൽഫെയർ പാർട്ടിയുടെ വോട്ട് വാങ്ങിയവരാണ് നിങ്ങൾ; വെൽഫെയർ പാർട്ടിയുടെ മാത്രമല്ല, പഴയ ജമാഅത്തെ ഇസ്ലാമിയുമായി നിങ്ങൾ ഒന്നിച്ച് പ്രവർത്തിച്ചതും വോട്ട് വാങ്ങിയതുമൊക്കെ മറന്നുപോയോ? എന്നിട്ട്

വെൽഫെയറും പറഞ്ഞ് ഞങ്ങളെ അധിക്ഷേപിക്കുകയാണ്. ഈ തെരഞ്ഞെടുപ്പിൽ പോലും എസ്.ഡി.പി.ഐ.-യുമായി നിങ്ങൾക്ക് എത്ര സ്ഥലത്ത് ചങ്ങാത്തമുണ്ട്? ഒരു ഉദാഹരണം ഞാൻ പറയാം, കണ്ണൂരിൽ ഇരിട്ടി മുനിസിപ്പാലിറ്റിയിൽ മൂന്ന് എസ്.ഡി.പി.ഐ.-ക്കാർ ജയിച്ചു. അവരൊക്കെ ജയിച്ചത് ഞങ്ങളെ തോൽപ്പിച്ചിട്ടാണ്. അവർക്ക് 500 വോട്ടും ഞങ്ങൾക്ക് 450-475 വോട്ടുമാണ് ലഭിച്ചത്. അവിടെ സി.പി.ഐ.(എം.)-ന് കിട്ടിയ വോട്ട് 12, 16, 18, 26 എന്നിങ്ങനെയാണ്. നിങ്ങളുടെ വോട്ടൊക്കെ എവിടെപ്പോയി; അതാണ് പരസ്പരധാരണ.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു മിനിറ്റ്, ഞാൻ പറയട്ടെ, ഇവിടെ എസ്.ഡി.പി.ഐ. മാത്രമല്ല, ഇപ്പോൾ ബി.ജെ.പി.-യുമായി കുമ്പളയിൽ സ്റ്റാൻഡിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ നിങ്ങൾ ഒന്നിച്ചാണ് മത്സരിച്ചതെന്ന് നിങ്ങളുടെ ആളുകൾ പ്രസംഗിക്കുന്നുണ്ടല്ലോ; നിങ്ങൾക്ക് മറുപടിയുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, അങ്ങ് പറഞ്ഞ ഇരിട്ടി മുനിസിപ്പാലിറ്റി എന്റെ നിയോജകമണ്ഡലത്തിലാണ്. ഇരിട്ടി മുനിസിപ്പാലിറ്റിയിലെ നരയംപാറ വാർഡിൽ എസ്.ഡി.പി.ഐ-യ്ക്ക് 467 വോട്ടും യു.ഡി.എഫ്.-ന് 413 വോട്ടും സി.പി.ഐ.(എം.)-ന് 49 വോട്ടുമാണ് ലഭിച്ചത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഇത്രയും വിശദീകരിക്കുമ്പോൾ സമയം പോകുന്നുവെന്നുള്ളതുകൊണ്ടാണ് വിശദീകരിക്കാത്തത്. ഇതിന്റെ മൂന്നിന്റെയും കണക്ക് എന്റെ പക്കലുണ്ട്. അതുപോലെ അഴിയൂരുണ്ട്, നാദാപുരമുണ്ട്. ഇവിടെ എല്ലാവിധത്തിലുമുള്ള വർഗ്ഗീയ പ്രചരണങ്ങളും നടത്തിയിട്ട് രക്ഷപ്പെടാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഇപ്പോൾ പറഞ്ഞു, സ്വർണ്ണക്കള്ളക്കടത്ത്, ഡോളർ കടത്ത്, മയക്കുമരുന്ന് കേസ് ഇതിനൊക്കെയുള്ള അംഗീകാരമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലമെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അതൊക്കെ ഇനിയും നടത്തിക്കോളൂ. കേരളത്തിൽ എന്താണ് നടക്കുന്നത്? ദുബായിൽനിന്ന് സ്വർണ്ണം ഇങ്ങോട്ട്, ഇവിടെനിന്ന് റിവേഴ്സ് ഹവാല ഡോളർ അങ്ങോട്ട്; ഇതൊക്കെ ഹാജി മസ്താനും ദാവൂദ് ഇബ്രാഹിമും ഛോട്ടാ രാജനും വരദരാജ മുസലിയാരുമൊക്കെ നടത്തുകയാണെങ്കിൽ നമുക്ക് അതിലൊന്നും പറയാനില്ല. അത് നിയമവ്യവസ്ഥയുടെ വഴിക്ക് പൊയ്ക്കോളും. കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഓഫീസ് ഈ കള്ളക്കടത്തിനും റിവേഴ്സ് ഹവാലയ്ക്കും വേണ്ടി പ്രവർത്തിച്ചുവെന്ന് പറഞ്ഞാൽ പ്രിയമുള്ളവരെ, നിങ്ങൾക്ക് തെറ്റി ഇതിന് കേരള ജനത നിങ്ങളോട് കണക്ക് ചോദിക്കും. അതിനുള്ള തെരഞ്ഞെടുപ്പ് വരാൻ പോകുന്നതേയുള്ളൂ. ഇക്കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നുപറഞ്ഞാൽ അയൽവക്കത്തെ രാജനും രാമനുമാണ് മത്സരിച്ചത്. അവർതമ്മിലുള്ള ബന്ധവും

സൗഹൃദവുമൊക്കെയാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വിഷയം. അവിടെ സ്വർണ്ണക്കള്ളക്കടത്ത് വന്നിട്ടില്ല; ഈ ഗവൺമെന്റിന്റെ ഇത്തരം അപചയങ്ങൾ അവിടെ വന്നിട്ടില്ല. ഇതെല്ലാം പരിശോധിക്കപ്പെടും. അതിനുവേണ്ടി അതിശക്തമായ മതേതര മുദ്രാവാക്യങ്ങളുമായി യു.ഡി.എഫ്. ഈ വരുന്ന തെരഞ്ഞെടുപ്പിൽ മുന്നോട്ടുവരും. നിങ്ങൾക്ക് ഒരു വിധത്തിലുള്ള പ്രതീക്ഷയും വേണ്ട. ഈ തെര ഞ്ഞെടുപ്പിൽ നിങ്ങൾ നടത്തിയ അഴിമതികൾ, കള്ളക്കഥകൾ, കള്ളക്കടത്ത് ഇതിനൊക്കെ എതിരായി കേരള ജനത പ്രതികരിക്കും. ഇത് നിങ്ങളുടെ അവസാ നത്തെ ഗവൺമെന്റായിരിക്കും. ഈ നയപ്രഖ്യാപനത്തിന് കൂടുതലൊന്നും പറയേണ്ടതില്ല; കാരണം ഗവൺമെന്റിന് ആയുസ്സ് കൂടുതൽ ഉണ്ടെങ്കിലല്ലേ ഇത് ഇവിടെ നടപ്പാക്കേണ്ട കാര്യമുള്ളൂ. ഈ ഗവൺമെന്റിന് ആയുസ്സില്ല, അതിന് പ്രസക്തിയുമില്ല. അതുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി അതിശക്തമായി എതിർത്തുകൊണ്ട് നിങ്ങളുടെ അഴിമതികൾക്കെതിരായ പോരാട്ടം തുടരുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഈ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ഈ സർക്കാരിന്റെ ഭാഗമായി വികസന ക്ഷേമപ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ എനിക്ക് തികച്ചും അഭിമാനമാണ്. അപ്പുറത്തിരിക്കുന്നവർ പറഞ്ഞതിന് മറുപടി ഞാൻ പിന്നീട് പറയുന്നുണ്ട്. കാരണം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷനിരയിലുണ്ടായിരുന്ന ആളാണ് ഞാൻ. അന്ന് ഇവിടെ എന്തൊക്കെയാണ് നടന്നിട്ടുള്ളതെന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരാളാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണവും ഈ സർക്കാരിന്റെ ഭരണവും തമ്മിൽ എന്തെങ്കിലും ഒരു താരതമ്യം പറയാനുണ്ടോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറേ പ്രഖ്യാപനങ്ങളും തറക്കല്ലിടീലും നടന്നെങ്കിലും അതൊക്കെ അവിടെയിരുന്നതല്ലാതെ, ആ കല്ലിന്മേൽ ഒരു കല്ലുപോലും വയ്ക്കാതെ താലൂക്കാശുപത്രി, ഞങ്ങളുടെ സിവിൽ സ്റ്റേഷൻ, പോലീസ് ആസ്ഥാനം എന്നിവയുൾപ്പെടെ കല്ലിട്ടിട്ട് പോയതല്ലാതെ ഒന്നും ചെയ്തില്ല. ഈ സർക്കാർ വന്നതിനുശേഷമാണ് അതിന്മേൽ പണം അനുവദിക്കുകയും നടപടി യുണ്ടാകുകയും ചെയ്തത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇപ്പോൾ ഇവിടെയിരിപ്പുണ്ട്, ആശുപത്രിയുടെ കാര്യത്തിലാണെങ്കിൽ, 90 കോടി രൂപ അനുവദിക്കുകയും അവിടെ നല്ല പ്രവൃത്തികൾ നടക്കുകയും ചെയ്യുന്നുണ്ട്. അതുപോലെ ട്രോമാ കെയർ സംവിധാനങ്ങളെല്ലാം വന്നുകഴിഞ്ഞി രിക്കുന്നു. ഞാൻ അതിലേയ്ക്ക് ദീർഘമായി പോകുകയല്ല, വാചകക്കസർത്തുകളും മാധ്യമങ്ങളുടെ പിന്തുണയോടുകൂടിയ ചില പ്രചരണപ്രവർത്തനങ്ങളും അഴിമതിയും ജനാധിപത്യ സംവിധാനത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത പ്രവർത്തനങ്ങളു

മായിരുന്നില്ലേ അക്കാലത്ത് നടന്നിട്ടുള്ളത്; ഇതിനെല്ലാം നമ്മൾ ഇവിടെ സാക്ഷി കളായിരുന്നല്ലോ? ഈ സർക്കാർ ഇവിടെ എന്താണ് ചെയ്തിട്ടുള്ളതെന്ന് ആലോചിച്ചു നോക്കുക. ഈ സർക്കാർ സമാനതകളില്ലാത്ത, കേരളം കണ്ടിട്ടില്ലാത്ത വെല്ലു വിളികളെയാണ് അധികാരത്തിൽ കയറിയ കാലം മുതൽ അഭിമുഖീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. നോട്ട് നിരോധനം, ഓഖി ദുരന്തം, ജി.എസ്.ടി. കൊണ്ടു വന്ന് പണം പിരിക്കാൻ പറ്റാത്ത അവസ്ഥ, നിപ ദുരന്തം, സമാനതകളില്ലാത്ത പ്രളയം ഇവയൊക്കെ കേരളത്തെ മുഴുവൻ ഗ്രസിച്ചു. നിങ്ങളെല്ലാം അപ്പുറത്തിരുന്നുകൊണ്ട് ഒരു പൈസ പോലും കൊടുക്കരുതെന്ന് പറഞ്ഞു. ഒരു പൈസ കൊടുക്കരുതെന്ന് ബി.ജെ.പി.-യും പറഞ്ഞു. അപ്പോഴും നമ്മുടെ മുഖ്യമന്ത്രിയും മന്ത്രിമാരും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട്, നിലവിലുള്ള സംവിധാനങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി എല്ലാവരെയും ചേർത്തുനിർത്തി അതിധീരമായി ഈ കടമ്പകളെയെല്ലാം അതിജീവിച്ചുകൊണ്ടാണ് ഇവിടെവരെ എത്തിനിൽക്കുന്നത്. അത് ഓർക്കുന്നതുതന്നെ സന്തോഷമുള്ള കാര്യമാണ്. ഞാൻ ആരെയുംകുറിച്ച് പറയുന്നതല്ല, ഓരോ ദിവസത്തെയും പത്ര സമ്മേളനം കാതോർത്തിരിക്കുന്ന എത്രപേരാണ് ഇന്ന് ഇവിടെയുള്ളതെന്നറിയാമോ? സമാനതകളില്ലാത്ത പ്രളയത്തെയും ഇപ്പോഴത്തെ മഹാമാരിയെയുമെല്ലാം നേരിടാൻ കാണിക്കുന്ന ധീരത, എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ, ഇവിടെ എന്ത് നടന്നുവെന്ന് നിങ്ങളെല്ലാവരും ചോദിച്ചല്ലോ? നാട്ടിലെ ജനങ്ങൾ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണെന്ന് ഓർക്കണം. ഞങ്ങൾ സാധാരണക്കാരുടെയിടയിൽ പ്രവർത്തിക്കുന്നവരാണ്. ഞങ്ങളെ പട്ടിണി ക്കിട്ടില്ലെന്നും ഞങ്ങൾക്ക് പെൻഷൻ തന്നിട്ടുണ്ടെന്നും ആശുപത്രിയിൽ ചെലവി ല്ലെന്നുമൊക്കെ ജനങ്ങൾ പറയുന്നുണ്ട്. ഈ സർക്കാർ കോവിഡിന് ഒന്നും ചെയ്തില്ലെന്ന് ശ്രീ. എൻ. ഷംസുദ്ദീന് എങ്ങനെയാണ് പറയാൻ സാധിക്കുന്നത്? അത് നാട്ടിലെ ജനങ്ങൾ മുഴുവൻ അംഗീകരിക്കുന്ന കാര്യമാണ്. ലോകത്ത് എവിടെയെങ്കിലും സർക്കാർ ആശുപത്രികളിൽ നയാപൈസ ചെലവില്ലാതെ ഇത്രയും സംവിധാനം കൊടുക്കുന്നുണ്ടോയെന്ന് നിങ്ങൾ പറയണം. തളർന്നു പോകുന്ന അവസ്ഥയിൽ ധീരമായി മുന്നേറാനും ഇതെല്ലാം അതിജീവിക്കാനും നമുക്ക് കഴിയുമെന്ന് ഭരണാധികാരി പറയുമ്പോൾ അതിനൊപ്പം ഉദ്യോഗസ്ഥരെയും ജനങ്ങളെയും അണിനിരത്തി മന്ത്രിമാർ നിൽക്കുമ്പോൾ എല്ലാ മനുഷ്യർക്കും വിശ്വാസമുണ്ടാകും. അങ്ങനെ ഇവിടെ സുരക്ഷിതമാണെന്നുള്ള തോന്നലുണ്ടാക്കാൻ കഴിഞ്ഞു. നിങ്ങളുടെ ബധിരകർണ്ണങ്ങളിലേയ്ക്കും കാഴ്ചയില്ലാത്ത കണ്ണുകളിലേയ്ക്കും മാത്രമേ ഈ വികസന ങ്ങളൊന്നും എത്താതിരിക്കുകയുള്ളൂ. അത്തരം വെല്ലുവിളികളെ അതിജീവിച്ചുവെന്ന് മാത്രമല്ല, പണം കിട്ടാത്ത അവസ്ഥയിൽപോലും ക്ഷേമം, സമാധാനം, വികസനം എന്നീ ലക്ഷ്യങ്ങളിലൂന്നി സർക്കാരിന്റെ സമഗ്രവികസനത്തിനുവേണ്ട കർമ്മ

പദ്ധതികളാണ് ഈ സർക്കാർ തയ്യാറാക്കിക്കൊണ്ടിരുന്നത്. ഒരു വശത്ത് ഇങ്ങനെ ആക്ഷേപിക്കുമ്പോൾ മറുവശത്ത് സർക്കാർ ഇതെല്ലാം കേട്ടുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിച്ച് ഈ നാട്ടിൽ എത്രമാത്രം മാറ്റമുണ്ടാക്കി. കിഫ്ബി എന്താണെന്ന് കളിയാക്കി ശ്രീ. പി. ജെ. ജോസഫ് ചോദിച്ചപ്പോൾ ഞാൻ എന്റെ മണ്ഡലത്തെക്കുറിച്ച് ഓർക്കുകയായിരുന്നു. ആക്ഷേപിക്കുന്നവർ പരിശോധിച്ചോളൂ. പ്രതിപക്ഷ പാർട്ടിക്കാരുടെ മണ്ഡലങ്ങളിലുൾപ്പെടെ കിഫ്ബി എന്ന സംവിധാനത്തിലൂടെ നൂറ് കണക്കിന് വികസനപ്രവർത്തനങ്ങളാണ് വന്നിട്ടുള്ളത്. കിഫ്ബിയിൽ എവിടെനിന്നാണ് ഫണ്ടെന്ന് പി. ജെ. ജോസഫ് സാർ ചോദിച്ചു. നിങ്ങളുടെ മണ്ഡലങ്ങളിലടക്കം കെട്ടിടങ്ങൾ നിർമ്മിച്ചതും സ്കൂൾ ഹൈടെക്കാക്കിയതും ആശുപത്രികൾ മെച്ചപ്പെടുത്തിയതും റോഡുകൾ നന്നാക്കിയതും പാലങ്ങൾ നിർമ്മിച്ചതും കിഫ്ബിയിൽനിന്നും ഫണ്ടെടുത്തിട്ടാണല്ലോ. എന്റെ മണ്ഡലത്തിൽ മൂന്നുനാല് വലിയ പാലങ്ങൾ നിർമ്മിച്ചു. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഏനാത്ത് പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പാലംപണി പകുതിയിൽ കൂടുതലായിക്കഴിഞ്ഞു. അറക്കടവുപാലം പൂർത്തീകരിച്ച് അതിന്റെ അപ്രോച്ച് റോഡിന്റെ പണി മാത്രമേ ഇനി ചെയ്യാനുള്ളൂ. സ്കൂൾകെട്ടിടങ്ങളുടെയെല്ലാം പണി പൂർത്തീകരിച്ചിരിക്കുന്നു. കിഫ്ബിയിലുൾപ്പെടുത്തി 5 കോടി രൂപ, 3 കോടി രൂപ എന്നിങ്ങനെ തന്നിട്ടുള്ളതാണ്. ഇത് എല്ലാ മണ്ഡലങ്ങളിലും നടക്കുന്നതല്ലേ? കിഫ്ബിയുടെ സോഴ്സെന്താണെന്ന് ചോദിച്ചു; പെട്രോളിന്റെയും മറ്റുമുള്ള സെസ് കിഫ്ബിയിലേയ്ക്ക് അടയ്ക്കുകയാണെന്ന് പറഞ്ഞു. അല്ലാതെ വെറുതെ അവർ കടം തരുമോ; തിരിച്ചടയ്ക്കണ്ടേ? അതാണ് ഈ സർക്കാർ. കൃത്യമായി വരുമാന സ്രോതസ് കണ്ടുപിടിച്ച് എല്ലാ വാതിലുമടഞ്ഞപ്പോൾ പുതിയ വാതിൽ തുറന്നുകൊണ്ടും എല്ലാവരും ആക്ഷേപിച്ചപ്പോൾ സത്യസന്ധമായും സുതാര്യമായും മുന്നോട്ടുപോയ്ക്കൊണ്ടും ജനങ്ങളാണ് വലുതെന്ന് മനസ്സിലാക്കിക്കൊണ്ടും ജനാധിപത്യത്തിൽ ജനങ്ങളെ സഹായിച്ചുകൊണ്ടും ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളിലുമുണ്ടായ വികസനം കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുമോ? ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത്രയും സുരക്ഷിതത്വമുണ്ടായ കാലമുണ്ടായിട്ടുണ്ടോയെന്ന് നിങ്ങൾ ആലോചിച്ചുനോക്കൂ. ഇത്തരത്തിൽ സുരക്ഷിതത്വമുണ്ടാക്കിയത് ഈ സർക്കാരല്ലേ? കിറ്റ് വിതരണത്തെക്കുറിച്ചും അതിന് എവിടെനിന്നാണ് പൈസ ലഭ്യമായതെന്നുമൊക്കെ ഇവിടെ ആക്ഷേപിച്ചു. ഞാൻ അതിവിടെ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ അതിന് മറുപടി പറയും. കേന്ദ്രഗവൺമെന്റ് തരുന്നതുകൊണ്ട് മാത്രമാണോ കിറ്റ് കൊടുക്കുന്നത്. എല്ലാ പച്ചക്കറികൾക്കും മറ്റ് സാധനങ്ങൾക്കും ഉല്പാദനമേഖലയിൽ വലിയ വ്യത്യാസമാണുണ്ടായിരിക്കുന്നത്. 'കോവിഡ്' എന്ന മഹാമാരി ലോകത്തെയാകെ ഗ്രസിച്ചപ്പോൾ ഈ കൊച്ചുകേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ എം.എൽ.എ.-മാരെയെല്ലാം

ചേർത്തുകൊണ്ട് കാർഷിക മേഖലയിലുണ്ടാക്കിയ മുന്നേറ്റം ചെറുതായി കാണാൻ സാധിക്കുമോ? നെല്ലുല്പാദനം കുറഞ്ഞുവെന്ന് പി. ജെ. ജോസഫ് സാറിവിടെ പറഞ്ഞു. അത് കേട്ടപ്പോൾ എനിക്ക് ചിരിവന്നു. എത്ര ഹെക്ടർ സ്ഥലമാണ് ഇപ്പോൾ കൃഷി ചെയ്തത്. എന്റെ മണ്ഡലത്തിന്റെ കാര്യംതന്നെ പറയാം. ഞാൻ സാക്ഷിയാണല്ലോ? 'സുഭിക്ഷ കേരളം' പദ്ധതിയിൽ ഏതാണ്ട് നൂറ് ഏക്കറോളം സ്ഥലത്ത് കൃഷി ചെയ്ത് നെല്ല് കൊയ്യാൻ ഞാനും സാക്ഷിയായി. വെറുതെ തരിശായിക്കിടന്ന അഞ്ചും എട്ടും പത്തും ഏക്കർ വീതം സ്ഥലങ്ങളിൽ മഹിളാ സംഘടനകൾകൂടി പോയാണ് കൃഷി ചെയ്തത്. നിങ്ങളുടെയൊക്കെ മണ്ഡലങ്ങളിലെ നെൽകൃഷി വർദ്ധിച്ചില്ലേ? അഞ്ചുവർഷംകൊണ്ട് നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചു. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങളും കർഷകവിരുദ്ധ ബില്ലുകളും പാസ്സാക്കി ശ്വാസംമുട്ടിച്ച് ഇന്ത്യ കണ്ടിട്ടില്ലാത്തത്ര അതിഭയങ്കര സമരത്തിലേയ്ക്ക് കർഷകരെയാകെ കൊണ്ടുപോകുമ്പോൾ ഈ കൊച്ചുകേരളത്തിലുള്ള കർഷക സംഘങ്ങളെല്ലാം അതിന് സപ്പോർട്ട് ചെയ്യുമ്പോൾ അതിന് വ്യത്യസ്തമായി എന്തെല്ലാം കാര്യങ്ങളാണ് ഈ കൊച്ചുകേരളത്തിലുണ്ടാക്കിയിട്ടുള്ളത്. കർഷക പെൻഷനായി കുടിശ്ശികയുൾപ്പെടെ 1,830 കോടി രൂപയാണ് കൊടുത്തിട്ടുള്ളത്. ആകെ 246586 ഗുണഭോക്താക്കളുണ്ടെന്ന് ഓർക്കണം. പതിനാറിനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിച്ച് നടപ്പിലാക്കി. 1.97 ലക്ഷം ഹെക്ടറായിരുന്ന നെൽകൃഷിയുടെ വിസ്തീർണ്ണം ഇന്ന് 2.31 ലക്ഷം ഹെക്ടറായി ഉയർന്നു. 34 ഹെക്ടറി ലധികമായി കൃഷിയിറക്കി. അഞ്ച് വർഷത്തിനുള്ളിൽ 50000 ഏക്കർ തരിശുനിലങ്ങൾ കതിരണിഞ്ഞു. ഇത് വെറുതെ എഴുതിവയ്ക്കാൻ സാധിക്കില്ലല്ലോ; ഇതൊക്കെ രേഖയുള്ളതല്ലേ? ഇതുപോലുള്ള വലിയ മാറ്റങ്ങൾ നാട്ടിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നുണ്ട്. നിങ്ങൾ എത്ര പുകമറ സൃഷ്ടിച്ചാലും കണ്ടില്ലെന്ന് നടിച്ചാലും കണ്ണടച്ച് ഇരുട്ടാക്കിയാലും ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ടെന്ന് ഓർക്കണം. തദ്ദേശഭരണ തെരഞ്ഞെടുപ്പിലുണ്ടായ ഫലവുമായി ബന്ധപ്പെട്ട് ഞങ്ങളൊരിക്കലും അഹങ്കരിക്കുന്നില്ല. കാരണം അതുപോര, ഇനിയും ഉയരണം. ഇപ്പോഴും ഇവിടെ ഇടതുപക്ഷത്തിനാണ് മുൻതൂക്കം വന്നിട്ടുള്ളത്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ചിലയിടത്ത് വന്നിട്ടുണ്ടാകാം. പക്ഷേ ഭൂരിപക്ഷം ജനങ്ങൾ ഇടതുപക്ഷത്തിന്റെ തുടർഗവൺമെന്റുണ്ടാകണമെന്ന നിശ്ചയത്തോടു കൂടിയാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ വന്നിട്ടുള്ളത്. ഇപ്പോൾ ചില വാർഡുകൾ പോയെങ്കിലും ആ റിസൾട്ടൊന്നുമായിരിക്കില്ല അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ വരാൻ പോകുന്നത്. അതാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ജനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിച്ചപ്പോൾ 2019-ൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവർ ഭയങ്കരമായി ജയിച്ചുവെന്ന് പറഞ്ഞു. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ നിങ്ങൾ എവിടെപ്പോയി? വട്ടിയൂർക്കാവിൽനിന്ന്

ശ്രീ. വി. കെ. പ്രശാന്തും കോന്നിയിൽനിന്ന് ശ്രീ. കെ. യു. ജനീഷ് കുമാറും വന്നിട്ടുണ്ട്. എന്തെല്ലാം സന്നാഹങ്ങളായിരുന്നു? വട്ടിയൂർക്കാവിൽ യു.ഡി.എഫ്.-ന്റെ സീറ്റാണ് പിടിച്ചെടുത്തത്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ കള്ളപ്രചരണം നടത്തിയിട്ടല്ലേ ജയിച്ചത്; നെഞ്ചത്ത് കൈവച്ച് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ശബരിമല സംഭവം നിങ്ങൾക്ക് വീണുകിട്ടിയ ഒരവസരമാണ്. അതുപോലെയാണ് ഓരോ കാര്യങ്ങളും. കള്ളപ്രചരണങ്ങൾ നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനോട് വലിയ ബഹുമാനമാണ്. ഏഷ്യാനെറ്റ് ചാനലിൽ ഞാൻ അദ്ദേഹത്തിന്റെ ഒരു അഭിമുഖം കണ്ടിരുന്നു. അതിൽ ഒരു തുടർഭരണമുണ്ടായാലോയെന്ന് ചോദിച്ചപ്പോൾ അത് നമുക്ക് കാണാം, ചിലപ്പോൾ നിപ്പയോ പ്രളയമോ ഇനിയും വരുമല്ലോയെന്ന് അദ്ദേഹം പറഞ്ഞില്ലേ? അതിനെക്കുറിച്ച് ഒന്നാലോചിച്ച് നോക്കണം. അങ്ങനെയാണോ നമ്മൾ ചിന്തിക്കേണ്ടത്? നാട്ടിലെ ജനങ്ങൾക്ക് വിദ്യാഭ്യാസവും തൊഴിൽ സുരക്ഷയും ആരോഗ്യ-കാർഷിക മേഖലകൾ മെച്ചപ്പെടുത്തിക്കൊണ്ടല്ലേ പോകേണ്ടത്. അതൊക്കെയാണ് ഈ സർക്കാർ ചെയ്യുന്നത്. അന്ന് ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകുമെന്ന ധാരണ പരത്തി. എവിടെയും ജയിക്കില്ലെന്ന് ബോധ്യമുള്ളതുകൊണ്ട് അദ്ദേഹത്തെ വയനാട് നിർത്തി കഷ്ടിച്ച് ജയിപ്പിച്ച് പത്തൊമ്പത് സീറ്റ് നേടി. അതുകഴിഞ്ഞ് വന്ന ഉപതെരഞ്ഞെടുപ്പിൽ എന്തുണ്ടായി? ജനങ്ങൾ ഇത് എക്കാലത്തും വിശ്വസിക്കുമെന്ന് നിങ്ങൾ ഒരിക്കലും ധരിക്കരുത്. നമുക്കുള്ള ദുരിതങ്ങളെ മുതലാക്കിക്കൊണ്ടല്ല നമ്മൾ പോകേണ്ടത്. സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞ് ധീരമായി പോകണം, മനുഷ്യരോടൊപ്പം നിൽക്കണം. ജനപ്രതിനിധികൾ, രാഷ്ട്രീയക്കാർ അങ്ങനെയാണ് വേണ്ടത്. ഇതാണ് ഇടതുപക്ഷജനാധിപത്യമുന്നണി. അതാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ദുരിതകാലത്തെ മറികടന്ന് ലഭ്യമായ വിഭവങ്ങളെല്ലാം ചേർത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്. ഇതാണ് തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ 2015-ലേതുപോലെയുള്ള വ്യത്യസ്തമായ അനുഭവത്തിലേയ്ക്ക്, തുടർഭരണത്തിലേയ്ക്ക് കൊണ്ടുപോകാൻ സാധിച്ചതെന്നുള്ളത് നമുക്കറിയാം. കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ/ നിയമസഭാ തെരഞ്ഞെടുപ്പിലും എല്ലാക്കാലത്തും ഭരണം മാറിമാറി വരുന്നത് നമ്മൾ കണ്ടിട്ടുണ്ടല്ലോ? ഇനിയത് നടക്കാൻ പോകുന്നില്ലെന്നുള്ളതിന്റെ തുടക്കമാണ് ഇപ്പോൾ വന്നിട്ടുള്ളത്. ഈ വിജയത്തിലൊന്നും നമ്മൾ അമിതമായി ആഹ്ലാദിക്കുന്നില്ല. കാരണം കൂടുതൽ ജനക്ഷേമ പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഗവർണറുടെ നയപ്രഖ്യാപനത്തിലും പറഞ്ഞിട്ടുണ്ട്. പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂവെന്ന് നിങ്ങൾ പറഞ്ഞു. ഇലക്ഷൻ സമയത്തെ വാഗ്ദാനങ്ങളിൽ 600-ൽ 570-ഉം പൂർത്തീകരിച്ചു. കൂടാതെ മറ്റുപലതും തീർത്തുകഴിഞ്ഞു. കിഫ്ബിയിലുൾപ്പെടുത്തി

പാലാരിവട്ടം പാലമൊക്കെ എത്ര വേഗത്തിലാണ് തീർത്തത്. എറണാകുളത്ത് വൈറ്റില-കുണ്ടന്നൂർ പാലം പൂർത്തീകരിച്ചു. അതിന് എന്തുമാത്രം പ്രയാസങ്ങളനുഭവിച്ചു. അതിനെ ആക്ഷേപിക്കാൻ മുൻജസ്റ്റിസ് ഉൾപ്പെടെയുള്ളവർ ഇരിക്കുകയെന്നു പറഞ്ഞാൽ എത്ര അപഹാസ്യമാണ്. കഷ്ടപ്പെട്ട് ഫോളോ അപ് ചെയ്ത് റെക്കോർഡ് വേഗത്തിലല്ലേ ഈ പാലങ്ങളൊക്കെ ചെയ്തുതീർത്തത്, ഇത് ജനങ്ങളുടെ വലിയൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയില്ലേ? ഏനാത്ത് പാലം പൊളിഞ്ഞത് 2016 ജനുവരി മാസം 10-ാം തീയതിയാണ്. ആറ് മാസം കഴിഞ്ഞ് ഓണത്തിന്, വലിയ തൂണെല്ലാം വച്ച് പാലം ബലപ്പെടുത്തി ജനങ്ങൾക്ക് തുറന്നുകൊടുത്തതിന് ഞാനും സാക്ഷിയാണ്. അത് എന്റെ മണ്ഡലത്തിലായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി വന്നാണ് അത് ചെയ്തത്. ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ ബെയ്‌ലി പാലം പെട്ടെന്ന് നിർമ്മിച്ചുകൊടുത്തു. ഇതാണ് ഈ ഗവൺമെന്റ്. നിങ്ങളൊക്കെ എന്താണ് ചെയ്തിരുന്നത്; ഞാൻ ആദ്യംതന്നെ പറഞ്ഞു, തറക്കല്ലിട്ടിട്ട് പോയി. പണംപോലും അനുവദിച്ചത് ഇവിടെ വന്നിട്ടാണ്. ഈ വികസന പ്രവർത്തനങ്ങളെയെല്ലാം ആക്ഷേപിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമല്ലേ ബി.ജെ.പി.-യും അതിനൊപ്പം നിന്നുകൊണ്ട് യു.ഡി.എഫ്.-ഉം നടത്തുന്നത്. ഇതൊന്നും ഇനി ജനങ്ങളുടെ മുമ്പിൽ വിലപ്പോകുമെന്ന് നിങ്ങൾ ധരിക്കേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ സർക്കാർ ചെയ്യുന്നതെല്ലാം അഴിമതിയാണ് എന്നൊരു കള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്താണ് കാണിക്കുന്നതെന്ന് ആലോചിച്ച് നോക്കു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ലക്ഷ്യമിട്ടിട്ട് ഇപ്പോൾ എവിടെയെത്തി; അഞ്ചെട്ട് മാസംകൊണ്ട് ഇങ്ങനെ പോകുകയാണ്. അവിടെപ്പോയി, ഇങ്ങനെ ചോദ്യം ചെയ്തു, അങ്ങോട്ടുപോയി, ശ്രീമതി സ്വപ്ന സുരേഷ് ഇങ്ങോട്ടുപോയി, വണ്ടി പിറകേ ഓടി, എല്ലാം ചെയ്തു. അവസാനം പ്രതിപ്പട്ടിക ഇറക്കിയപ്പോൾ ഞങ്ങൾ വിചാരിച്ചു, ഇനി ആരൊക്കെയാണ് പ്രതികളാകുന്നതെന്ന്. 20 പേരെ പ്രതികളാക്കിയപ്പോൾ നമ്മൾ അറിയുന്ന ആരെങ്കിലുമുണ്ടോ; നിങ്ങൾ എപ്പോഴും കളിയാക്കുന്ന ശ്രീ. എം. ശിവശങ്കർ ആ പ്രതിപ്പട്ടികയിലുണ്ടോ; ഉണ്ടെങ്കിൽ അകത്താക്കിക്കോട്ടെ. മുഖ്യമന്ത്രി അന്നും ഇന്നും എന്താണ് പറഞ്ഞത്; മുഖ്യമന്ത്രിയുടെ ഓഫീസിനെ കേന്ദ്രീകരിച്ച് നിങ്ങളെല്ലാം ആക്ഷേപിച്ചു. കഴിഞ്ഞകാലത്ത് അഴിമതിയാണെന്നുള്ള പ്രചരണത്തിലൂടെയാണ് ആ സർക്കാർ പോയത്, എന്നാൽ, ഈ സർക്കാർ അഴിമതിയല്ലെന്ന് തെളിയിച്ചു. സ്വർണ്ണക്കടത്തല്ല, എന്ത് കാര്യത്തിലും ആർക്ക് കുറ്റമുണ്ടെങ്കിലും അവരെ അകത്താക്കിക്കോട്ടെ എന്ന് ധീരമായി പറയാൻ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും കഴിഞ്ഞു. ആരെയൊക്കെ ചോദ്യം ചെയ്തു. എന്നിട്ടെന്തേ അവരൊന്നും പ്രതിപ്പട്ടികയിലില്ലേ; 20 പേർ ആരാണെന്ന് ഞങ്ങൾക്കുപോലും

മനസ്സിലാകുന്നില്ല. ഇവിടത്തെ അറ്റാഷെയൊക്കെ ഇപ്പോൾ എവിടെപ്പോയി. സ്വർണ്ണ കള്ളക്കടത്ത് അന്വേഷിക്കാൻ വന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എവിടെപ്പോയി; അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി ഇറങ്ങിവരും. ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവരെ അകത്താക്കിക്കോട്ടെ. അതുതന്നെയല്ലേ മന്ത്രിമാരും മുഖ്യമന്ത്രിയും പറയുന്നത്. നിങ്ങളെല്ലാം എത്ര ചോദ്യം ചെയ്തു; നിങ്ങളെയൊക്കെ എത്ര ചോദ്യം ചെയ്തിട്ടുണ്ട്; മൂന്നുനാലുപേർ അകത്തുണ്ട്. പിന്നൊരാൾ സ്ത്രീ പീഡനക്കേസിൽ പ്രതിയാണ്. ആരാണെന്ന് ഞാൻ പേരൊന്നും പറയുന്നില്ല. എന്നാലും ഞാൻ അതിശയിച്ചു പോയി, ഇത്രയേറെ സ്വർണ്ണം കബളിപ്പിച്ചതുകൊണ്ട് എത്ര കേസുകളെടുത്തു. രാവിലെ ഇവിടെ ശ്രീ. എം. സ്വരാജ് എം.എൽ.എ. ഒരു ചോദ്യം ചോദിച്ചപ്പോൾ ഞാൻതന്നെ ഞെട്ടിപ്പോയി. 149 വഞ്ചനാക്കേസാണ് അദ്ദേഹത്തിനെതിരെ. ഇത് ആര് കൊടുത്തതാണ്; കബളിപ്പിക്കപ്പെട്ടവർ കൊടുത്തതല്ലേ; ഇങ്ങനെയൊക്കെ ചെയ്യാൻ കഴിയുമോ? എന്നിട്ട് വളരെ നല്ല മനുഷ്യരായി, പുണ്യവാളന്മാരായി ഇരിക്കുകയാണ്. ഞങ്ങളൊക്കെ നല്ല വിശ്വസ്തരാണെന്ന്; ഇതൊക്കെ കൊള്ളാവുന്ന കാര്യങ്ങളാണോ; നല്ല ചങ്കൂറ്റത്തോടെ പറയാൻ കഴിയുന്നതുകൊണ്ടാണ് ഇവിടെ നിന്ന് പറയുന്നത്. അഞ്ചുപൈസയുടെ അഴിമതിക്ക് ഞങ്ങളാരും കൂട്ടുനിൽക്കില്ല. ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പാക്കുന്ന കാര്യങ്ങൾ, ഓരോ മണ്ഡലത്തിലും കഷ്ടപ്പെട്ട് നല്ല പ്രയത്നം നടത്തിക്കൊണ്ട്, ഇവിടെ ഓരോ സ്ഥലത്തും പോയി ഈ സർക്കാർ തരുന്ന ഓരോന്നും പിടിച്ചുവാങ്ങി അവിടെയിവിടെ കൊടുക്കുകയാണ്. നിങ്ങൾ നോക്കിക്കോ, അതാണ് ഞങ്ങളുടെയൊക്കെ ജോലി. ഒരാളുടെയും അഞ്ച് പൈസകൊണ്ട് ജീവിക്കുന്നവരല്ല ഞങ്ങളാരും. അതുകൊണ്ടാണ് ഞങ്ങൾക്കെല്ലാം ഇങ്ങനെ തന്റേടത്തോടെ പറയാൻ സാധിക്കുന്നത്. അതുകൊണ്ട് അങ്ങനെയായില്ലേ, ഇങ്ങനെയായില്ലേ എന്നൊക്കെ പറഞ്ഞ് ഓരോന്ന് കൊണ്ടുവന്നിട്ട് യാതൊരു നിവൃത്തിയുണ്ടാകുമെന്ന് നിങ്ങളാരും ധരിക്കേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. വിവാദങ്ങളുടെ കാര്യം ഇനി കൂടുതൽ പറയുന്നില്ല. എന്തൊക്കെ പറഞ്ഞാലും വെറുതേ സമയം കളയാമെന്നല്ലാതെ വേറെ ഗുണമൊന്നുമില്ല. കുറേ ചാനൽ ചർച്ചയും മറ്റും കൊണ്ടുവന്ന് അവരും ഇവരും ഇതിലേ പോകുമെന്നൊക്കെ പറയുന്നതല്ലാതെ. അത് ആരാണെന്നുവച്ചാൽ അവരെയൊക്കെ അകത്താക്കുകയോ മറ്റോ ചെയ്യട്ടെ. പ്രതിപ്പട്ടികയിൽ ഭരണപക്ഷത്തിരിക്കുന്ന ഏതെങ്കിലും എം.എൽ.എ.മാർ വന്നിട്ടുണ്ടോ; മന്ത്രിമാർ ഇല്ലേയില്ല. എല്ലാവരേയും ചോദ്യം ചെയ്യുകയാണ് എന്നുപറഞ്ഞു. ഇപ്പോൾ എങ്ങനെയുണ്ട്; ഒരാളെങ്കിലുമുണ്ടോ ആ പ്രതിപ്പട്ടികയിൽ? പിന്നെ, നിങ്ങളുടെ ആളുകൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ അവിടെയവിടെ

ഇരിക്കുകയാണ്. ഒരു ഫ്ലാറ്റ് സമുച്ചയമുണ്ടാക്കുന്നതിന് പാര വച്ചിട്ട് ഇപ്പോൾ എന്തുകിട്ടി; അതിനൊന്നും കിട്ടിയിട്ടില്ലല്ലോ? അതുപോലെ പ്രധാന കണ്ണി എന്നു പറഞ്ഞിരുന്ന ശ്രീ. സന്ദീപ് നായരുടെ സ്ഥാനം ഇന്ന് കുറ്റപത്രത്തിൽ എവിടെയാണ്; എല്ലാവരും ഇങ്ങനെ കൊട്ടിഘോഷിച്ചതാണ്, എന്തുകൊണ്ടാണ്; മാപ്പുസാക്ഷിയാണ്. കാരണമെന്താണ്? ബി.ജെ.പി.-യുടെ ആളാണ് അവർ. സ്വർണ്ണം അയച്ചയാളെ ഇതുവരെ പിടിച്ചോ? അറ്റാഷെയെക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. എവിടെയാണെന്ന് ഇപ്പോൾ ആർക്കും അറിയില്ല. തദ്ദേശഭരണ തെരഞ്ഞെടുപ്പ് കഴിഞ്ഞശേഷം ഇപ്പോൾ ഇ.ഡി. ഉണ്ടോയെന്ന് ഞാൻ നേരത്തെ ചോദിച്ചുകഴിഞ്ഞു. അതുപോലെ മറ്റ് അന്വേഷണ ഏജൻസികൾക്കൊന്നും ഇലക്ഷൻ കഴിഞ്ഞപ്പോൾ താൽപ്പര്യമില്ല. ഇനി ഒരു മാസംകൂടി കഴിയുമ്പോൾ പുതിയപുതിയ വിവാദങ്ങൾ, അദ്ദേഹം പറഞ്ഞതുപോലെ വല്ല പ്രളയമോ നിപയോ ഒക്കെ വന്നുകഴിഞ്ഞാൽ അതുപയോഗിച്ചുകൊണ്ട് മുന്നോട്ട് പോകാൻ സാധിക്കുമോ എന്ന് നിങ്ങൾക്ക് നോക്കാം.

ഇന്ത്യയിലെ ഏക ഇടതുപക്ഷ സർക്കാരാണ് കേരളത്തിലുള്ളതെന്നറിയാം. രാജ്യത്തെ ബഹുഭൂരിപക്ഷം മറ്റ് സംസ്ഥാന സർക്കാരുകളും കേന്ദ്ര ഗവൺമെന്റിന്റെ ഈ നയങ്ങളുമായി സമരസപ്പെട്ട് പോകുന്നതുകൊണ്ട് അതിനെതിരായി നിൽക്കുന്ന, ജനപക്ഷത്ത് നിൽക്കുന്ന, ജനകീയമായി മുന്നോട്ടുപോകുന്ന ഒരു സർക്കാർ ഇവിടെയുള്ളതുകൊണ്ട് ആ സർക്കാരിനെ തകർക്കാൻ ബി.ജെ.പി. കേന്ദ്ര ഭരണം ഉപയോഗിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ശക്തി കൂട്ടുകയല്ലേ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്; അതുകൊണ്ട് എന്താണ് സംഭവിച്ചത്; നിങ്ങൾ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയല്ലേ; മാർക്സിസ്റ്റ് പാർട്ടി എവിടെയുണ്ട് എന്നുപറഞ്ഞ് ഞങ്ങളെ കളിയാക്കിയില്ലേ; നിങ്ങൾ എവിടെയുണ്ടെന്ന് ചോദിക്കേണ്ടി വരുന്ന സ്ഥിതിയിലേയ്ക്കല്ലേ ഇപ്പോൾ വന്നിട്ടുള്ളത്; ഒന്നാലോചിച്ച് നോക്കൂ, കേന്ദ്രത്തിലും ഒന്നുമില്ല. എല്ലായിടത്തും തോറ്റുപോകുന്ന സ്ഥിതിയല്ലേ ഉള്ളത്? നിങ്ങളെല്ലാം ബി.ജെ.പി.-യോട് ഒപ്പംചേർന്ന് ഇത്രയും വിവാദങ്ങൾ ഉണ്ടാക്കിയപ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വികസനത്തിന്റെ പുറകേയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് പൊതുവിദ്യാലയങ്ങളിൽ ഇത്ര തിരക്ക് വന്നത്; ഏഴ് കുട്ടികളുണ്ടായിരുന്ന എന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഇന്ന് 187 കുട്ടികളുണ്ട്. എന്തുകൊണ്ടാണ്; നല്ല സൗകര്യങ്ങളുണ്ട്. നിങ്ങളുടെ കാലത്ത് ലാഭകരമല്ലെന്ന് പറഞ്ഞ് അടച്ചുപൂട്ടിയ സ്കൂളുകൾ ഇന്ന് സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സമാനതകളില്ലാത്ത മാറ്റങ്ങളുണ്ടാക്കിക്കൊണ്ട്, നയാപൈസ ചെലവില്ലാതെ, നാട്ടിലെ ജനങ്ങളുടെ ഭാരിച്ച ചെലവ് ഒഴിവാക്കി കുട്ടികൾക്ക് നല്ല ഗുണമേന്മയുള്ള വിദ്യാഭ്യാസം കൊടുക്കുന്നതുകൊണ്ടല്ലേ അവിടെ ആളുകൾ വർദ്ധിച്ചത്.

3.00 PM]

എന്തുകൊണ്ടാണ് സർക്കാർ ആശുപത്രികളിൽ ധാരാളം പേരെത്തുന്നത്? ഞാൻ പറഞ്ഞല്ലോ, എന്റെ മണ്ഡലത്തിലെ താലൂക്കാശുപത്രി; അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെയില്ല; ട്രോമാ കെയറും ഡയാലിസിസ് യൂണിറ്റും തരണമെന്ന് പറഞ്ഞു. അതെല്ലാം തരാമെന്ന് പറഞ്ഞതല്ലാതെ ഇറങ്ങുന്നതുവരെ തന്നില്ല. പക്ഷേ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ മന്ത്രിയായി വന്നതിനുശേഷം ഈ ഗവൺമെന്റ് ഇതെല്ലാം തന്നു. കീഹോൾ സർജറിയുൾപ്പെടെ, ആ ആശുപത്രിയിൽ എത്തിക്കഴിഞ്ഞു. ട്രോമാ കെയർ സംവിധാനങ്ങൾ ആയിക്കഴിഞ്ഞു. 90 കോടി രൂപയുടെ ബഹുനില മന്ദിരങ്ങളുടെ പണി ആരംഭിച്ചുകഴിഞ്ഞു. തറക്കല്ലിട്ടു. പണി നല്ല വേഗത്തിൽ നടക്കുകയാണ്. അതുപോലെ, നല്ല വിദഗ്ദ്ധരായ ഡോക്ടർമാരുടെ ചെലവ് കുറഞ്ഞ ഏറ്റവും നല്ല ചികിത്സയാണ് അവിടെ ലഭിക്കുന്നത്. താഴെത്തട്ടിലെ ജനകീയാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ ഉണ്ടാക്കിക്കൊണ്ടുവന്നു എന്നുള്ളതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് എത്ര ആശ്വാസമാണ് കൊടുത്തിട്ടുള്ളത്. എന്ത് സന്തോഷത്തോടെയാണ് അവർ വന്നുപറയുന്നത്; ഐ.എ.എസ്. ഉൾപ്പെടെയുള്ള കോച്ചിംഗിന് പോയാൽ അതിന്റെ ഫീസുൾപ്പെടെ സർക്കാർ കൊടുക്കുകയല്ലേ; പഠനോപകരണങ്ങൾ കൊടുക്കുകയല്ലേ; പഠന മുറി കൊടുക്കുകയല്ലേ; അവർക്ക് ലംപ്സം ഗ്രാന്റ് കൃത്യമായി കൊടുക്കുകയല്ലേ;

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഇല്ല. ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.-യുടെ സമയംകൂടി എനിക്ക് അനുവദിച്ചുതന്നിട്ടുണ്ട്. ഇനിയും മൂന്ന് മിനിട്ട് അധിക സമയം എനിക്കുണ്ട്. മികച്ച റോഡുകളും പാലങ്ങളും നിർമ്മിച്ചിട്ടുണ്ട്. എല്ലാം ബി.എം.&ബി.സി. റോഡുകളാണ്. എന്റെ മണ്ഡലത്തിലെ ഉള്ളിലേയ്ക്കുള്ള റോഡുകളും ബി.എം.&ബി.സി. ചെയ്തതാണ്. കഴിഞ്ഞകാലത്ത് റോഡ് തരണമെന്ന് ഞാൻ കരഞ്ഞ് പറഞ്ഞിട്ടുണ്ട്, ആ മന്ത്രിയെവിടെ? പാലാരിവട്ടം പാലമൊക്കെ പണിതിട്ട് അകത്തായില്ലേ? ഞങ്ങളൊക്കെ ഇവിടെയിരുന്ന് സങ്കടത്തോടെയാണ് പറഞ്ഞത്. ഒരൊറ്റ രൂപ തന്നിട്ടുണ്ടോ എന്നുചോദിച്ചു. എന്തൊരു വേർതിരിവാണ് ഞങ്ങളോടൊക്കെ കാണിച്ചത്; ഇന്ന് ഈ മന്ത്രിയോ സർക്കാരോ അത് കാണിക്കുന്നുണ്ടോ; ഇതൊക്കെ നിങ്ങൾ പരിശോധിക്കണം.

കുടിവെള്ളം, എത്ര ഭംഗിയായിട്ടാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്? ജലജീവൻ മിഷനിലൂടെ കേന്ദ്ര സർക്കാർ ഒരു വിഹിതം തരുന്നതേയുള്ളൂ; എല്ലാം കേന്ദ്രമാണ് തരുന്നതെന്ന് നിങ്ങളാരും പറയേണ്ട. നമുക്കറിയാം 40 ശതമാനമേയുള്ളൂ

എന്ന്. ബാക്കിയെല്ലാം സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും ചേർന്ന് മുഴുവൻ വീടുകളിലേയ്ക്കും ശുദ്ധജലം കൊടുക്കുന്ന പദ്ധതി ഇവിടെ വന്നില്ലേ? എന്റെ മണ്ഡലത്തിലൊക്കെ വന്നതുകൊണ്ടാണ് എനിക്കിങ്ങനെ പറയാൻ സാധിക്കുന്നത്. എല്ലാ മണ്ഡലത്തിലും അത് വന്നിട്ടുണ്ടാകും. എന്തു കൊണ്ടാണ് തരിശുരഹിത സംസ്ഥാനമെന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നത്? വലിയ തോതിൽ ഹരിത കേരളം മിഷനിലൂടെ പ്രവർത്തനങ്ങൾ നടക്കുന്നു. കൊറോണ വന്നപ്പോൾ ഇനി എവിടെനിന്നും ഒന്നും കിട്ടാനില്ലെന്ന് മനസ്സിലാക്കിക്കൊണ്ട് വൻതോതിലുള്ള ജനകീയ ഇടപെടലിലൂടെ സർക്കാർ സഹായിച്ചുകൊണ്ട്, താങ്ങു കൊടുത്തുകൊണ്ട് കൃഷി ചെയ്തപ്പോൾ അതിലൂടെ വലിയ മെച്ചമുണ്ടാക്കിയെടുക്കാൻ സാധിച്ചു. യുവതീ-യുവാക്കൾക്ക് ഏറ്റവുംകൂടുതൽ അംഗീകാരം കൊടുക്കുന്നതാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. 21 വയസ്സായ എത്ര പെൺകുട്ടികൾ നല്ല കീ പോസ്റ്റിലേയ്ക്ക് വന്നു. കുമാരി രേഷ്മ മറിയം റോയി, ആ സഖാവിന്റെ മണ്ഡലത്തിലുള്ള ഒരു പഞ്ചായത്താണ് അരുവാപ്പുറം പഞ്ചായത്ത്. അതുപോലെ, കുമാരി ആര്യ രാജേന്ദ്രൻ. ഇത്ര ധീരമായി പെൺകുട്ടികളെ കീ പോസ്റ്റിലേയ്ക്ക് വിടാൻ നിങ്ങൾക്ക് കഴിയുമോ; അതെല്ലാം വലിയൊരു ചുവടുവയ്പ്പാണ്. ചെറുപ്പക്കാരെ അംഗീകരിച്ചുകൊണ്ട് രാഷ്ട്രീയത്തിൽ നല്ല നിലയ്ക്ക് അവരുടെ എല്ലാ കഴിവുകളെയും ആധുനിക സാങ്കേതികവിദ്യകളെയുമൊക്കെ ഉപയോഗപ്പെടുത്തി അവരുടെ നല്ല കാഴ്ചപ്പാടുകളെ യോജിപ്പിച്ചുകൊണ്ട് അനുഭവ പരിജ്ഞാനമുള്ളവരും പഴയ ആളുകളും പുതിയൊരു നല്ല തലമുറയുംകൂടി ചേർത്തുകൊണ്ടുവരുന്നതിന്റെ ലക്ഷ്യമാണ്. ശ്രീ. വി. കെ. പ്രശാന്ത് അതിനൊരു ഉദാഹരണമാണ്. കഴിഞ്ഞ തവണ അദ്ദേഹം മേയറായിരുന്നു. എത്ര നല്ല പ്രവർത്തനമായിരുന്നു. അതുകൊണ്ടല്ലേ വട്ടിയൂർക്കാവിൽ എല്ലാ സന്നാഹ ത്തോടെയും ആളുകൾ പോയപ്പോഴും ജനങ്ങൾ അത് മനസ്സിലാക്കി നല്ലതുപോലെ ജയിപ്പിച്ചുവിട്ടത്. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടർന്ന് വരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതാണ് ഈ നയപ്രഖ്യാപനത്തിന്റെ കാതൽ. ഈ നല്ല നയപ്രഖ്യാനം നടത്താൻ തുടർന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർതന്നെ വരുമെന്ന് നിങ്ങൾ എഴുതിവച്ചുകൊള്ളുക. അതുമാത്രമേ എനിക്ക് പറയാനുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ച് ബഹുമാന്യനായ അംഗം ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. പതിനാലാമത് കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം ചേരാൻ കഴിഞ്ഞതിന് കാരണം ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും കേരളാ ഗവൺമെന്റുമാണ്. മനുഷ്യരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണി ഉയർത്തിയ കോവിഡിന്റെ പ്രതിസന്ധികളെ/പ്രത്യാഘാതങ്ങളെ ചെറുത്തു

തോൽപ്പിക്കാൻ കേരളാ ഗവൺമെന്റിന് സാധ്യമായി എന്നതുകൊണ്ട് മാത്രമാണ് നമുക്കെല്ലാവർക്കും നിയമസഭയുടെ അങ്കണത്തിൽ ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇവിടെ യു.ഡി.എഫ്.-ന്റെ ബഹുമാന്യരായ ചില അംഗങ്ങൾ സംസാരിച്ചത് ശ്രദ്ധിക്കുകയായിരുന്നു. ബഹുമാന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ചത്, ഓരോ തെരഞ്ഞെടുപ്പുകൾക്കും വ്യത്യസ്തമായ സ്വഭാവമാണുള്ളതെന്നാണ്. ഞങ്ങൾക്ക് അതിൽ യാതൊരു തർക്കവുമില്ല. പാർലമെന്റ്/നിയമസഭാ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ - ഇവ മൂന്നും മൂന്നാണെന്ന ധാരണ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ട്. അദ്ദേഹം പറഞ്ഞത് ഇത് കേവലമൊരു തദ്ദേശഭരണ തെരഞ്ഞെടുപ്പുമാത്രമായിരുന്നു. സർവ്വശ്രീ രാജനും മുഹമ്മദും മാത്യുവും ഒക്കെയാണ് പ്രദേശങ്ങളിൽ മത്സരിച്ചതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ നഗരസഭകളിലും കോർപ്പറേഷനുകളിലും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിലുമൊക്കെ നല്ല മുഖമുള്ള ധാരാളം നേതാക്കളെ മത്സരിപ്പിക്കാൻ, ജനങ്ങൾക്കിടയിൽ നല്ല സ്വാധീനമുള്ള ഒരു പ്രസ്ഥാനമെന്ന നിലയിൽ ഈ തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കിയെന്നാണ് ശ്രീ. എൻ. ഷംസുദ്ദീനോട് പറയാനുള്ളത്. അദ്ദേഹം പറയുന്നത് വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ നമുക്ക് കാണാമെന്നാണ്. അവിടെ ചർച്ച ചെയ്യുന്ന സബ്ജക്ടിനെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. അവിടെ ചർച്ച ചെയ്യട്ടെ, എറണാകുളത്തെ പാലാരിവട്ടം പാലത്തെ സംബന്ധിച്ച്. പാലാരിവട്ടം പാലവും മറുവശത്ത് വൈറ്റില, കുണ്ടന്നൂർ മേൽപ്പാലം ഈ അടുത്തദിവസമാണ് ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടത്. അങ്ങനെ താരതമ്യപഠനം വികസനത്തെക്കുറിച്ച്, അഴിമതിയെക്കുറിച്ച്, സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്, രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ധാർമ്മികതയെക്കുറിച്ച്, നിലപാടുകളെക്കുറിച്ച്, നല്ല ചർച്ചകളും സംവാദങ്ങളുമൊക്കെ പൊതുസമൂഹത്തിൽ ഉയരട്ടെ. അങ്ങനെ ഉയരുമ്പോൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി വമ്പിച്ച വിജയം വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കൊയ്യുമെന്നുള്ളതിൽ സംശയമില്ല. നിങ്ങൾക്ക് മേൽക്കയ്യുള്ള മലപ്പുറവും എറണാകുളവുമുൾപ്പെടെ കേരളത്തിലെ മണ്ണിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മുഴുവൻ ജില്ലകളിലും സമ്പൂർണ്ണ ആധിപത്യം ഉറപ്പാക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കേരളത്തിന്റെ മനസ്സ് മാറിക്കഴിഞ്ഞുവെന്ന് തിരിച്ചറിയാനുള്ള അവബോധം പ്രിയപ്പെട്ട കോൺഗ്രസ്സിന്റേയും മുസ്ലീം ലീഗിന്റേയും നേതാക്കൾക്കുണ്ടാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്.

കഴിഞ്ഞ 11 മാസം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, കേരളത്തിന്റെ പ്രിയപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ സമാനതകളില്ലാത്ത പ്രവർത്തനങ്ങൾ നിഷേധിക്കാൻ യു.ഡി.എഫ്. നേതാക്കൾക്ക് കഴിയുമോ? നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ 11 മാസത്തിനിടയിൽ

നടന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ലോകശ്രദ്ധ നേടി. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെയൊന്നുമല്ല, ലോകത്തിനുമുമ്പിൽ തല ഉയർത്തിപ്പിടിച്ച ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നേതൃത്വം നൽകിയിട്ടുള്ളത് എന്നത് ആർക്കും കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയുകയില്ലെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജു വരെയുള്ള സൗകര്യങ്ങളെയും അതിന്റെ സാധ്യതകളെയും ഏറ്റവും പരമാവധി ഈ ദുരിതകാലത്ത്, കെട്ടകാലത്ത്, പ്രയാസങ്ങളുടെ കാലത്ത്, മനുഷ്യജീവിതം വലിയ വിഷമതകളിലേയ്ക്ക് ചൂണ്ടപ്പെട്ട ഈയൊരു കാലത്ത് കൂടുതൽ സുശക്തമാക്കി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞതിന്റെ ഭാഗമായി ലോകാരോഗ്യസംഘടനയുൾപ്പെടെ കേരളത്തിന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചത് നമുക്കറിയാം. യഥാർത്ഥത്തിൽ ഉറവവറ്റാത്ത ജലസ്രോതസ്സുകൾ, അവയുടെ സംരക്ഷണംപോലെയാണ് കേരളത്തിന്റെ ആരോഗ്യ മേഖലയിലെ ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും മുഴുവൻ ആളുകളെയും രാവും പകലും വ്യത്യാസമില്ലാതെ കഴിഞ്ഞ 11 മാസം ചലിപ്പിച്ചു മുന്നോട്ട് പോകുന്നത്. കേരളീയ പൊതുസമൂഹത്തിന് ആശ്വാസം നൽകി മൂന്നുകോടി മുപ്പത് ലക്ഷത്തോളം വരുന്ന മലയാളികൾക്ക് അഭിമാനത്തോടുകൂടി ഈ കോവിഡ് കാലത്തെ മികച്ച നിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ, കൈപിടിച്ച് ഉയർത്താൻ സാധിച്ചുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ്. കോവിഡിന്റെ സാഹചര്യത്തിൽ എഫ്.എൽ.ടി.സി.-കളും (First Line Treatment Centres) എസ്.എൽ.ടി.സി.-കളും (Second-line Treatment Centres) സ്ഥാപിക്കുന്നതിന്, ആശുപത്രികളിൽ മികച്ച പരിചരണം നൽകുന്നതിന്, സൗജന്യമായി ചികിത്സയും താമസവും ഭക്ഷണ സൗകര്യവും യാത്രാ സൗകര്യവും കോവിഡിന്റെ കാലത്ത് ഈ ഗവൺമെന്റ് ഒരുക്കിയെന്നുള്ളത് ഏറ്റവും മാതൃകാപരമായ കാര്യങ്ങളിലൊന്നാണ്. ആർ.ടി.പി.സി.ആർ., ആന്റിജൻ ടെസ്റ്റ് തുടങ്ങി വിവിധ ടെസ്റ്റുകളും അനുബന്ധമായ സൗകര്യങ്ങളും ഒരുക്കാൻ കേരളാ ഗവൺമെന്റ് എത്രയോ ത്യാഗപൂർണ്ണമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. എത്രയോ കോടി രൂപയാണ് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ചെലവഴിച്ചുകൊണ്ട് ജനങ്ങളെ കരുതുകയും പോറ്റുകയും സംരക്ഷിക്കുകയും ചെയ്തത്. ഒരുപക്ഷെ ലോകത്ത് ഏതെങ്കിലും വികസിത രാജ്യത്തിന് ഇത് സാധ്യമായിട്ടുണ്ടോയെന്ന ചോദ്യമുയർന്നാൽ കഴിഞ്ഞിട്ടില്ലെന്ന് അസന്നിഗ്ദ്ധമായി പറയാൻ കഴിയും. രാഷ്ട്രീയഭേദമെന്യേ ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ കേരളത്തിന്റെ പൊതുമനഃസാക്ഷിയെ, കേരളത്തിലെ മുഴുവൻ ജനങ്ങളെയും ഒരുമിപ്പിച്ച് നിർത്തിക്കൊണ്ട് കോവിഡിന്റെ ഇക്കാലത്ത് മികച്ച പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചുവെന്നുള്ളത്

ചരിത്രപരമായ നേട്ടമാണ്. സമാനതകളില്ലാത്ത പ്രവർത്തനമാണ് കേരളത്തിന്റെ കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ. ആരോഗ്യ മേഖലയ്ക്ക് കൊടുക്കുന്ന പ്രാധാന്യത്തോടൊപ്പം ഈ കോവിഡ് കാലത്ത് ജനങ്ങൾ നേരിട്ടിരുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് കൃഷിയുമായി ബന്ധപ്പെട്ടതാണ്. കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഒരേ സ്വരത്തിൽ ഒരേദിവസം ഒരുമിച്ച് പറഞ്ഞു, നമ്മുടെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിച്ചേ മതിയാകൂ. കേരളം സ്വയം പര്യാപ്തതയിലേയ്ക്ക് ഭക്ഷ്യോൽപ്പാദനത്തിൽ എത്തിച്ചേരുകയെന്നുള്ളത് അത്ര എളുപ്പമല്ല. പക്ഷെ നമ്മുടെ അനന്തസാധ്യതകളെയും വിഭവങ്ങളെയും ഉപയോഗപ്പെടുത്താൻ തരിശുകിടക്കുന്ന നെൽവയലുകളും അതോടൊപ്പം മറ്റു കൃഷിയിടങ്ങളും സർക്കാരിന്റെ പൊതുവായി കിടക്കുന്ന, ഒഴിവാക്കപ്പെട്ടു കിടക്കുന്ന, ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളുൾപ്പെടെ ഉപയോഗപ്പെടുത്തണമെന്ന ആഹ്വാനം ഉയർന്നുവന്നു അപ്പോൾ സുഭിക്ഷ കേരളം പദ്ധതിയെന്ന ഒരാശയം മുന്നിലേയ്ക്ക് വയ്ക്കുകയും അതിനെ സ്വാംശീകരിക്കുകയും ഉൾക്കൊള്ളുകയും മനസ്സിലാക്കുകയും അതിന് അനുസൃതമായി കേരളത്തിലെ മുഴുവൻ യുവാക്കളും യുവതികളും പ്രവാസികളും കുടുംബശ്രീ പ്രവർത്തകരും തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നവരും പ്രവർത്തിക്കുകയും ചെയ്തു. ഓട്ടോറിക്ഷ ഓടിക്കുന്നവർ സമൂഹത്തിന്റെ നാനാതുറകളിൽ ജോലി ചെയ്യുന്നവർ, സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, മുതിർന്നവർ, കൃഷിയിൽനിന്നും അകന്നുപോയവർ, എല്ലാവരെയും അടുപ്പിച്ചുകൊണ്ടുവരുന്ന ഈ സുഭിക്ഷ കേരളം പദ്ധതി വഴി കേരളത്തിന്റെ കൃഷിയുടെ തനത് സംസ്കാരത്തെ വീണ്ടെടുക്കാനും വീണ്ടും പഴയ സ്വഭാവത്തിലേയ്ക്ക് നമ്മുടെ പഴയ നാടിന്റെ പ്രതാപകാലത്തേയ്ക്ക് കാർഷികമേഖലയെ തിരിച്ചുകൊണ്ടുവരാനും കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമാണോ? യു.ഡി.എഫ്.-ന് നിഷേധിക്കാൻ പറ്റുമോ? നിഷ്പക്ഷരായിട്ടുള്ള പതിനായിരക്കണക്കിന് ആളുകൾ തങ്ങളുടെ വസതിയിൽ ഉള്ള സ്ഥലത്ത് കൃഷി ചെയ്ത് കാർഷിക മേഖലയിൽ വിപ്ലവം സൃഷ്ടിച്ചുവെന്നത് ഈ കോവിഡ് കാലത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിൽ/മേന്മകളിലൊന്നായി എടുത്തുപറയേണ്ടതുതന്നെയാണ്. ഈ കോവിഡ് കാലത്ത് ഏറ്റവും പ്രധാനപ്പെട്ട മേഖലയെന്ന നിലയിൽ കാർഷിക മേഖലയിൽ തരിശായിക്കിടന്ന നെൽവയലുകൾ, 50000 ഏക്കറിലധികം തരിശായിക്കിടന്ന സ്ഥലം, വീണ്ടും കൃഷിക്ക് യോഗ്യമാക്കിത്തീർക്കാൻ സാധിച്ചു. കേരളത്തിന്റെ ഇതപര്യന്തമുള്ള ചരിത്രത്തിൽ കാർഷിക മേഖലയിൽ ഇതുപോലൊരു മുന്നേറ്റം സമീപ വർഷങ്ങളിലൊന്നും/സമീപകാലയളവിലോ ഉണ്ടായിട്ടില്ലെന്ന് കാണാൻ കഴിയും. 16 ഇനം പഴം, പച്ചക്കറി എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിച്ച ഗവൺമെന്റാണിത്. കർഷക ക്ഷേമനിധി ബോർഡ് ചരിത്രത്തിലെ സുപ്രധാന ചുവടുവയ്പായി

മാറിയെന്ന് കാണാൻ സാധിക്കും. താങ്ങുവില പ്രഖ്യാപിക്കുന്നതുൾപ്പെടെ ഹോർട്ടി കോർപ്പ് വഴി നമ്മുടെ സംസ്ഥാനത്ത് സംഭരണവും വിതരണവും കാര്യക്ഷമമാക്കി ത്തീർക്കുന്നതിന്, നെൽകർഷകർക്ക് റോയൽറ്റി നൽകുന്നതിന്, നെല്ലിന് താങ്ങുവില 28 ശതമാനം വർദ്ധിപ്പിക്കുന്നതുൾപ്പെടെ എത്രയോ മാതൃകാപരമായിട്ടുള്ള പ്രവർത്തനമാണ് കാർഷികമേഖലയിൽ നടത്തിയതെന്ന് കാണാൻ കഴിയും. മറ്റൊരു സുപ്രധാനമായ കാര്യം കോവിഡുമായി ബന്ധപ്പെട്ട്, ആവശ്യമുള്ള ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാകുമോയെന്ന ആശങ്ക എല്ലാവരിലുമുണ്ടായിരുന്നു. എന്നാൽ കേരളത്തിന്റെ പ്രിയപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും മുഖ്യമന്ത്രിയും പറഞ്ഞത്, വരുന്ന 6 മാസത്തേയ്ക്ക് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമുള്ള ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സർക്കാരിന്റെ ഗോഡൗണിലുണ്ടെന്ന പ്രഖ്യാപനം എത്രയോ ആശ്വാസത്തോടുകൂടിയാണ് മലയാളി സമൂഹം സ്വീകരിച്ചത്. അങ്ങനെ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യാൻ തീരുമാനിച്ചു. അത് സർക്കാർ ഇപ്പോഴും തുടരുകയാണ്. സർക്കാർ പറയുന്നു, കേരളത്തിലെ ജനങ്ങളുടെ, സമ്പദ്ഘടനയുടെ നട്ടെല്ല് ഒടിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, ജനജീവിതം ദുസ്സഹവും താറുമാറായതുമായ സാഹചര്യത്തിൽ, തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ കോവിഡ് കാലത്ത് ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വർത്തമാനകാലത്ത് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ഉറപ്പിച്ചും അടിവരയിട്ടും പറയുന്നത്, വരുന്ന മാസങ്ങളിലും കിറ്റ് വിതരണം തുടരാൻ പോകുന്നുവെന്നാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. പി. ജെ. ജോസഫ് കേന്ദ്രത്തിന്റെ അരി വിഹിതം ഉപയോഗപ്പെടുത്തി കിറ്റിലാ ക്കിയെന്നുപറയുമ്പോൾ യു.ഡി.എഫ്.-കാരോട് എനിക്ക് പറയാനുള്ളത് ഞങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും കിറ്റിലാക്കി അരിയും പലവ്യഞ്ജന സാധനങ്ങളും നൽകിയെങ്കിൽ നിങ്ങൾ മുൻകാലങ്ങളിൽ പലതും പോക്കറ്റിലാക്കി പോയതിന്റെ ഓർമ്മകൾ, ആ ഭൂതകാലം നിങ്ങൾ വിസ്മരിക്കരുതെന്നാണ്. നിരവധി മേഖലകളിൽ വലിയ നേട്ടങ്ങളാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. ഞാൻ എല്ലാ വിഷയങ്ങളും ഈ അവസരത്തിൽ പറയുന്നില്ല. 163000 ആളുകൾക്ക് പട്ടയ വിതരണം നടത്താൻ സാധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന് സാധിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണം ഉൾപ്പെടെ എത്രയോ ധീരോദാത്തമായ നടപടികൾ കേരളത്തിന്റെ വൈദ്യുത മേഖലയിൽ നടപ്പാക്കി യതായി കാണാൻ കഴിയും. സർക്കാർ എൽ.പി.സ്കൂളുകളിൽ തുടങ്ങി പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസ മേഖലവരെ ഏറ്റവും വലിയ ഉന്നതി കൈവരിച്ച കാലമായിരുന്നു കഴിഞ്ഞ നാലരവർഷം എന്നതിൽ യാതൊരു സംശയവുമില്ല. പൊതുമേഖലയിലെ എത്രയോ സ്ഥാപനങ്ങൾ യു.ഡി.എഫ്.

ഭരണകാലത്ത് നഷ്ടത്തിലായിരുന്നെങ്കിൽ അവയെ വീണ്ടും ലാഭത്തിലാക്കാനും സ്പോർട്സ് മേഖലയിൽ വലിയ കുതിച്ചുചാട്ടമുണ്ടാക്കാനും സാധിച്ചു. വനിതാക്ഷേമത്തിനും ശിശുക്ഷേമത്തിനുമായി എത്രയോ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നു. കൂടാതെ ധാരാളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവിടെ രാവിലെ അടിയന്തരപ്രമേയത്തിൽ കൊണ്ടുവന്ന വാദഗതികൾക്ക് പകരമായി കേരളത്തിൽ നിയമനങ്ങൾ ത്വരിതപ്പെടുത്താൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന കാര്യം പൊതുസമൂഹത്തിന് നിഷേധിക്കാൻ കഴിയില്ല. സംസ്ഥാനത്തെ പോലീസ് സംവിധാനത്തിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവന്നു. ഐ.ടി.ഐ., പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിഞ്ഞു. ഐ.ടി. മേഖലയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ സൃഷ്ടിക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീര-മൃഗ പരിപാലന മേഖലകളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തള്ളപ്പെട്ട ഒരു വലിയ വിഭാഗം ജനതയെ മുഖ്യധാരയിലേയ്ക്കെത്തിച്ച് ജീവിതത്തിന്റെ യഥാർത്ഥ വഴികളിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിന് ഗവൺമെന്റിന് സധിച്ചിട്ടുണ്ട്. പ്രളയവും കോവിഡുമുൾപ്പെടെയുള്ള നിരവധി സങ്കീർണ്ണ പ്രശ്നങ്ങളും പ്രയാസങ്ങളും ദുരിതങ്ങളും കേരള മണ്ണിലേയ്ക്ക് കടന്നുവന്നപ്പോൾ 'സർക്കാർ നിങ്ങൾക്കൊപ്പമുണ്ട്' എന്ന് പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മറ്റ് മന്ത്രിമാരും സർവ്വോപരി ഈ ഗവൺമെന്റും നടത്തിയ പ്രവർത്തനങ്ങളെ നിഷേധിക്കാൻ കേരളത്തിലെ പൊതുസമൂഹത്തിന് കഴിയില്ലെന്ന ഉറച്ച ബോദ്ധ്യം ഞങ്ങൾക്കുണ്ട്. നിങ്ങൾക്ക് രാഷ്ട്രീയമുണ്ടാകാം, എന്നാൽ ഇത്തരത്തിലുള്ള രാഷ്ട്രീയ വേലകളും മറ്റ് അടവുകളും കൊണ്ടുവരുമ്പോൾ കേരളത്തിലെ ജനങ്ങൾ മുഴുവൻ അക്കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്ന് മാത്രം ഈയവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. പ്രകടനപ്പത്രികയിൽ പറഞ്ഞ 600 ഇനങ്ങളിൽ 573 -ഉം നടപ്പാക്കിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നുള്ളത് ഞങ്ങൾക്ക് ധൈര്യപൂർവ്വം പറയാൻ സാധിക്കും. ഈ പ്രതിസന്ധികൾക്കിടയിലും കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എത്ര മികച്ച ധനകാര്യ മാനേജ്മെന്റാണ് നടത്തിയതെന്ന് നിങ്ങൾ ഓർക്കണം. കിഫ്ബി പദ്ധതി മാത്രമല്ല, കേരളത്തിന്റെ ബഡ്ജറ്റുകളിൽ കൊണ്ടുവന്ന വികസനത്തെ സംബന്ധിച്ച മറ്റ് ധാരാളം ആശയങ്ങളും അതിന് ഉദാഹരണമാണ്. പ്രതിസന്ധിയുടെ നടുക്കടലിൽ നിൽക്കുമ്പോഴും അവയെ മുറിച്ചുകടന്നുകൊണ്ട് മുന്നോട്ടുവന്ന് ചരിത്രനിയോഗത്തിലേയ്ക്കെത്തിയ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ നിഷേധിക്കാൻ നിങ്ങൾക്കാർക്കും കഴിയില്ല. ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കോവിഡ് മഹാമാരി വന്ന സമയത്ത് കർണ്ണാടക ഗവൺമെന്റ് മംഗലാപുരം ഭാഗത്തെ റോഡടച്ചതിനാൽ വാഹനങ്ങൾക്ക് കാസർഗോഡ് അതിർത്തി കടന്ന് അങ്ങോട്ട് പോകാൻ കഴിഞ്ഞില്ല. ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് ദിവസങ്ങൾകൊണ്ട് കാസർഗോഡ് ഒരു കോവിഡ് ആശുപത്രി നിർമ്മിച്ച് ആ പ്രദേശത്തെ രോഗം വന്ന ആളുകളെ ചികിത്സിക്കാനുള്ള സൗകര്യമൊരുക്കി. വടകരയിൽ പഴയകാലത്തേക്കാളും ഫണ്ടുകൾ ലഭ്യമായി. ഒരു ഹയർ സെക്കണ്ടറി സ്കൂളിന് 5 കോടി രൂപ, മറ്റൊന്നിന് 3 കോടി രൂപ, കൂടാതെ എന്റെ നിയോജകമണ്ഡലത്തിലെ 10 ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ നല്ല മാറ്റം വരുത്തി. നല്ല വിദ്യാലയങ്ങൾ വന്നതുകൊണ്ട് സാധാരണക്കാരുടെ മക്കൾ ഏറ്റവും നല്ല രീതിയിൽ അവിടെ വിദ്യാഭ്യാസം നടത്തുന്നുണ്ട്, ഇതിലൊന്നും അസൂയയുണ്ടായിട്ട് ഫലമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എസ്. ശബരീനാഥൻ)

ആശുപത്രികളുടെ കാര്യത്തിൽ, ജില്ലാ ആശുപത്രി മെച്ചപ്പെടുത്തി, അതുകഴിഞ്ഞ്, ഒരു മുനിസിപ്പാലിറ്റിയുടെ നാല് ഭാഗത്തായി വൈകുന്നേരംവരെ രോഗികൾക്ക് ചികിത്സ തേടാൻ സാധിക്കുന്ന രീതിയിൽ സൗകര്യങ്ങളൊരുക്കുകയും അവിടെ മൂന്നുനാല് ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതരത്തിൽ പുതിയ മാറ്റങ്ങളു ണ്ടാക്കുകയും ചെയ്തു. കേരളത്തിലെ ജനങ്ങളുടെ മുമ്പിലുള്ള അനുഭവമാണിത്. ഈ പുതിയ മാറ്റത്തിന് എവിടെ നിന്ന് പണം ലഭ്യമായി തുടങ്ങിയ കാര്യങ്ങൾ നമ്മൾ നോക്കേണ്ടതില്ല, കാശ് തെറ്റായ മാർഗ്ഗത്തിലാണ് കൊണ്ടുവന്നതെങ്കിൽ അവർക്കെതിരെ കേസ് വന്നോട്ടെ, അവരെ ജയിലിലിടച്ചോട്ടെ. അതുപോലെ ഞങ്ങളുടെ നാട്ടിൽ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ചതാണ് ഹൈവേയിലെ 'എലത്തൂർ പാലം'. അത് പുതുക്കിപ്പണിതു, അതിന്റെ ഉദ്ഘാടനം വരുന്ന മാസം ഒന്നാം തീയതിയോ മറ്റോ നിർവ്വഹിക്കാനിരിക്കുകയാണ്. വടകര-കൊയിലാണ്ടി നിയോജകമണ്ഡല ങ്ങളുടെ നടുവിലുള്ള 'മൂരാട് പാലം' ബ്രിട്ടീഷുകാർ പോകുന്നതിനും പത്തുപതിനഞ്ച് കൊല്ലം മുമ്പ് നിർമ്മിച്ചതാണ്. അതിന്റെ നിർമ്മാണ കോൺട്രാക്ട് ഹരിയാനയിലുള്ള ഒരു കമ്പനിക്കാണ്. അതിന്റെ പ്രവൃത്തി ആരംഭിക്കാൻ പോകുന്നു, ഏതാനും മാസങ്ങൾക്കകം ആ റോഡും പുനഃസ്ഥാപിക്കും. വടകരയിലോ മലബാറിലോ മാത്രമല്ല, കേരളത്തിലുടനീളം വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആർക്കും ആക്ഷേപിക്കാൻ സാധിക്കില്ല. എല്ലാ മേഖലകളിലും വികസന പ്രവർത്ത നങ്ങളുണ്ട്. ആളുകൾക്ക് ഏറ്റവും പ്രധാനം ആരോഗ്യമാണ്. അതുകഴിഞ്ഞ് വിദ്യാഭ്യാസവും അതിനുശേഷം സഞ്ചരിക്കാനുള്ള റോഡുകളുമാണ് ആവശ്യം. ഇതെല്ലാം നമ്മുടെ നാടിന്റെ എല്ലാഭാഗത്തുമുണ്ട്. ഇതിനെല്ലാം നേതൃത്വം കൊടുത്തത് ശ്രീ. പിണറായി

വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന ഗവൺമെന്റാണ്. ആരോഗ്യ വകുപ്പുമന്ത്രിയായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അംഗീകാരം നൽകുന്നു, അവാർഡ് ലഭിക്കുന്നു. നമുക്ക് വെറുപ്പുണ്ടെങ്കിൽ അത് നമ്മൾ ശാന്തമാക്കണം, എന്നാൽ അവർക്ക് അംഗീകാരം ലഭിച്ചുകൊണ്ടേയിരിക്കുന്നു. കേരളത്തെ സംബന്ധിച്ച് 'നിപ' തുടങ്ങിയ മൂന്നുനാല് പ്രതിസന്ധികൾ ഉണ്ടായപ്പോൾ അതിനെയെല്ലാം ധീരമായി നേരിട്ടുകൊണ്ട് ഈ രൂപത്തിൽ ഒരു ഗവൺമെന്റ് നീങ്ങിയില്ലേ? ഇവിടെ മറ്റുചില പ്രശ്നങ്ങൾ പറഞ്ഞു, അതിൽ മനസ്സിലാക്കേണ്ട അടിസ്ഥാനപരമായ ഒരു കാര്യമുണ്ട്. ഇന്ത്യ മുഴുവൻ വിറച്ച ഒരു ഘട്ടമുണ്ടായിരുന്നു, അന്ന്, ബാബ്റി മസ്ജിദ് എന്ത് വില കൊടുത്തും സംരക്ഷിക്കണമെന്ന് ഇന്ത്യൻ പാർലമെന്റ് ഐകകണ്ഠ്യേന പറഞ്ഞു. ബഹുമാനപ്പെട്ട സുപ്രീംകോടതിയും ബാബ്റി മസ്ജിദ് സംരക്ഷിക്കണമെന്ന് പറഞ്ഞു. ബാബറി മസ്ജിദ് തകർക്കാനായി ഇന്ത്യയുടെ പല ഭാഗത്തുനിന്നും ആളുകൾ വന്ന അവസരത്തിൽ ഇന്ത്യയിലെ മൂന്ന് നേതാക്കൾ മാത്രമാണ് ലക്നൗവിൽനിന്നും ഫൈസാബാദിലേയ്ക്ക് ജാഥ നടത്തിയത്. വി. പി. സിംഗ്, ഹർകിഷൻ സിംഗ് സുർജിത്, സി.പി.ഐ.-യുടെ എ. ബി. ബർദാൻ എന്നിവരായിരുന്നു ആ മൂന്ന് നേതാക്കൾ. അവരെ അറസ്റ്റ് ചെയ്തു.

രണ്ടാമതായി, ഇന്ത്യാ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം വേണമെന്ന് സ്വാതന്ത്ര്യാനന്തരമുണ്ടായ ഭരണഘടനയിൽ ആദ്യമേതന്നെ പറഞ്ഞു. അതിനുള്ള പോരാട്ടമാണ് സ്വാതന്ത്ര്യ സമരകാലം മുതൽ ഇന്ത്യയിലുണ്ടായത്. അതിനായി ശ്രീ. വി. പി. സിംഗിന്റെ ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി. അതിന്റെ പേരിൽ രണ്ട് സംഘടനകളുടെ വിദ്യാർത്ഥി വിഭാഗത്തിൽ പ്പെട്ടവർ പരസ്യമായി വന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കീറുകയും പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നുവെന്ന് പറഞ്ഞ് ഒരു ചെറുപ്പക്കാരനെ എണ്ണയൊഴിച്ച് തീ കത്തിക്കുകയും ചെയ്തു. ആ കൃത്യം ചെയ്തവർ ഏത് കക്ഷിക്കാരായിരുന്നുവെന്ന് എന്റെ ചെറുപ്പക്കാരായ യുവനേതാക്കൾ പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സ്വാതന്ത്ര്യ സമരകാലത്ത്, ഗാന്ധിജിയുടെ കാലത്ത് ഇന്ത്യയുടെ പിന്നോക്ക വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനുണ്ടാക്കിയ നിയമത്തെ തകർക്കാൻ ശ്രമിച്ച ശക്തികളുടെ ഭാഗത്ത് ആരാണെന്ന് പരിശോധിക്കണം. സമയം കുറവായതിനാൽ ഞാൻ ദീർഘി പ്പിക്കുന്നില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആരെങ്കിലും വിജയിക്കട്ടെ, അതിനൊന്നും ഇവിടെ വച്ച് തീരുമാനമെടുക്കേണ്ടതില്ല. ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഒരു ശക്തിയെന്ന നിലയ്ക്ക് നിൽക്കുന്നത് കേരളത്തിൽ മാത്രമാണെന്ന് അഭിമാന ത്തോടുകൂടി കേരളാ ഗവൺമെന്റിന് പറയാൻ സാധിക്കും. ജനാധിപത്യത്തിന്റെ ഭാഗമായി ഞങ്ങൾ നിൽക്കുന്നു, പിന്നോക്കക്കാരനെ ഞങ്ങൾ സംരക്ഷിക്കുന്നു, എന്നെല്ലാം പറയാൻ ഇന്ത്യാ രാജ്യത്തെ മറ്റേതെങ്കിലും സംസ്ഥാനത്തിന് കഴിയുമോ? നമ്മൾ

ഇവിടെ പിന്നോക്കക്കാരെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും മറ്റുപല കാര്യങ്ങളെക്കുറിച്ചും പറയും. ആരോടും നമുക്ക് ആക്ഷേപമുണ്ടായിട്ട് ഫലമില്ല. ഒരു പുതിയ ശക്തിയായി ഇന്ത്യയിൽ വരട്ടെ. കോൺഗ്രസായാലും മുസ്ലീം ലീഗായാലും മറ്റേത് കക്ഷിയായാലും തരക്കേടില്ല, നമ്മുടെ രാജ്യത്ത് വളർന്നുവരട്ടെ. പക്ഷേ അവ ശക്തമായി പ്രവർത്തിക്കുന്നത് ഈ സംസ്ഥാനത്ത് മാത്രമാണ്. ഇവിടെ ഓരോ വകുപ്പുകളും മന്ത്രിമാർ അന്തസ്സായി കൈകാര്യം ചെയ്യുന്നു. ഇപ്പോൾത്തന്നെ ജലസേചന വകുപ്പ് പരിശോധിച്ചാൽ കഴിഞ്ഞ ഗവൺമെന്റ് 4 ലക്ഷം പൈപ്പ് കണക്ഷനുകളാണ് നൽകിയതെങ്കിൽ ഈ ഗവൺമെന്റ് 10 ലക്ഷം നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത് ഇനിയും 4 ലക്ഷം കണക്ഷനുകൾ കൂടി നൽകുമെന്നാണ്. ഇങ്ങനെ ഓരോ വകുപ്പുമന്ത്രിമാരും അന്തസ്സായി സംസ്ഥാനത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് കേന്ദ്രത്തിന്റെ പ്രതിനിധിയായ സംസ്ഥാന ഗവർണർ അദ്ദേഹത്തിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ വളരെ വ്യക്തമായി വസ്തുതകൾ പറഞ്ഞത്. എനിക്ക് ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ, നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഇതാണ്, ലോകത്തെ പല ശക്തികളും മഹാത്മാ ഗാന്ധിയെ തകർക്കാൻ ശ്രമിച്ചിരുന്നു. ലോകത്ത് ഇങ്ങനെയൊരു മനുഷ്യൻ ജീവിച്ചിരുന്നോയെന്ന് ഭാവിയിലെ ചരിത്രകാരന്മാരും ആളുകളും ചോദിക്കുമെന്നാണ് പറയപ്പെട്ടത്, അദ്ദേഹത്തിന്റെ നാടാണിത്. ആ ഗാന്ധിജിയുടെ കൂടെ നിൽക്കുന്നവർ ഇന്ന് ആരാണ്? പഴയ ചരിത്രം പറഞ്ഞവർ ബാബറി മസ്ജിദ് സംരക്ഷിക്കാൻ വന്നോ? ബാബറി മസ്ജിദ് പൊളിച്ചു മാറ്റണമെന്ന് ഉത്തർപ്രദേശിലെ ആദ്യത്തെ മുഖ്യമന്ത്രി അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, എനിക്കിതല്ല പണിയെന്നും ഇതൊരു ദരിദ്ര രാജ്യമാണെന്നും ഇവിടെയുള്ള പള്ളികളെ പൊളിക്കലൊന്നുമല്ല എന്റെ ആവശ്യമെന്നുമാണ്. ആരാണ് ബാബറി മസ്ജിദ് തകർക്കാനിടയാക്കിയത്? നിങ്ങൾ പരിശോധിച്ചാൽ മതി, ഞാൻ ആ കാര്യം ദീർഘിപ്പിക്കുന്നില്ല. കേരളത്തിൽ ഒരു പുതിയ ഗവൺമെന്റ് വന്നശേഷം മൂന്നുനാല് ഘട്ടങ്ങളിലായി പ്രതിസന്ധികളുണ്ടായപ്പോഴെല്ലാം ജനങ്ങളെ അണിനിരത്തി അതിനെ നേരിട്ട ഗവൺമെന്റാണിത്. നിയമസഭയിലെ നമ്മൾ മാത്രമല്ല, ഓരോ പഞ്ചായത്തിലെയും ജനങ്ങളെ അവരുടെ രാഷ്ട്രീയവും മതവും നോക്കാതെ അണിനിരത്തി, അവരെ ഒരുമിച്ചുചേർത്ത് നാടിന്റെ നിലനിൽപ്പിനു വേണ്ടിയുള്ള പോരാട്ടം നടത്താൻ ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിലെ ഓരോ മന്ത്രിക്കും സാധിച്ചു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ, ഞങ്ങളുടെ വടകര ഭാഗത്തേയ്ക്കൊക്കെ വരുമ്പോൾ ആളുകൾക്കെല്ലാം മതിപ്പാണ്, കാരണം അദ്ദേഹം പുതുക്കിയ വടകര സാന്റ് ബാങ്ക്സിൽ വന്നിരുന്നു. ഞാൻ ആ കാര്യങ്ങൾ വിശദീകരിക്കുന്നില്ല. എന്റെ ഒരു സുഹൃത്ത് പറഞ്ഞതാണ്, മന്ത്രി അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു റോഡ് ഉദ്ഘാടനത്തിന് വന്നാൽ ഒരു ആവേശമുണ്ടാകുമെന്നാണ്. സുഹൃത്തിന്റെ പേര്

ഞാൻ പറയുന്നില്ല. നാടുമുഴുവൻ അന്തസ്സായ റോഡുകൾ, പിന്നെ എന്തുവേണം? ഇവിടെ നമ്മൾ ഓരോരുത്തരും ഇത്തരത്തിലുള്ള ഒരു വിലയിരുത്തലിലേയ്ക്ക് പോകേണ്ടതാണ്. ഞാൻ രാഷ്ട്രീയം സംബന്ധിച്ചല്ല പറയുന്നത്, രാഷ്ട്രീയം പലതുമുണ്ടാകാം, പക്ഷേ ഇന്നുള്ള യാഥാർത്ഥ്യത്തെ അംഗീകരിക്കാൻ സാധിക്കണം. ഇനി കുറച്ച് മാസങ്ങളേയുള്ളൂ വളരെ നന്നായ രൂപത്തിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിന് സാധിക്കണമെന്നുപറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ അവസാനകാലഘട്ടവും അതുപോലെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷവും തമ്മിൽ ചർച്ച ചെയ്യേണ്ട ഒരു സമയമാണ്. നിരവധി വികസന പ്രവർത്തനങ്ങളും ജനക്ഷേമകരമായ പദ്ധതികളുമായി മുന്നോട്ടുപോയ ഒരു ഗവൺമെന്റായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ അന്നത്തെ ഗവൺമെന്റ്. ആ ഗവൺമെന്റിനെ കരിവാരി തേയ്ക്കാൻ അന്നത്തെ പ്രതിപക്ഷം നടത്തിയ എല്ലാ കാര്യങ്ങളും പൊതുസമൂഹം മനസ്സിലാക്കിയിട്ടുള്ളതാണ്. അന്നത്തെ വികസനപ്രവർത്തനങ്ങളിൽ എങ്ങനെയാണ് പ്രതിപക്ഷം സഹകരിച്ചതെന്നത് ഞാൻ പറയാതെതന്നെ കേരളസമൂഹത്തിലെ എല്ലാവർക്കുമറിയാം. ആ രീതിയിലുള്ള പ്രതിപക്ഷമാണോ ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന് ഓർക്കേണ്ടതായിട്ടുണ്ട്. ഒരു ബഡ്ജറ്റ് പോലും നേരാംവണ്ണം അനുവദിക്കാൻ കഴിയാത്ത രീതിയിൽ നിയമസഭയെ കളങ്കപ്പെടുത്തി; നിയമസഭയിലെ ചെയറിനെപ്പോലും തകർക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായി പോയ അന്നത്തെ പ്രതിപക്ഷമാണോ ഈ രാജ്യത്ത് വലിയ പ്രതിസന്ധി കാലഘട്ടങ്ങളിലും വികസനപ്രവർത്തനങ്ങളുമായി സഹകരിച്ച ഇന്നുള്ള പ്രതിപക്ഷമെന്നുള്ളത് ഈ തെരഞ്ഞെടുപ്പിൽ ജനം മാർക്ക് ചെയ്യട്ടെ എന്ന് സൂചിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കോവിഡ് കാലത്തെ കാര്യങ്ങളൊക്കെ ഒരുപാട് പറഞ്ഞല്ലോ. ജനുവരി 30-നാണ് തൃശ്ശൂർ ജില്ലയിൽ ആദ്യമായി കോവിഡ് റിപ്പോർട്ട് ചെയ്തത്. നിങ്ങൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോയി നോക്കണം. തൃശ്ശൂർ, ആലത്തൂർ എം.പി.-മാരുടെയും വടക്കാഞ്ചേരി എം.എൽ.എ.-യുടെയും ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റവും മാതൃകാപരമായ രീതിയിൽ, ഏതാണ്ട് രണ്ടുകോടി രൂപ ചെലവഴിച്ചാണ് കേരളത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഏറ്റവും മനോഹരമായ രീതിയിൽ കൊറോണ വാർഡുകൾ നടപ്പി ലാക്കിയത്. വളരെ മാതൃകാപരമായ പ്രവർത്തനമാണ് ആരോഗ്യപ്രവർത്തകർ തൃശ്ശൂർ മെഡിക്കൽകോളേജിൽ നടത്തിയത്. ഈ രാജ്യത്ത് ആദ്യമായി കൊറോണ പോസിറ്റീവായി റിപ്പോർട്ട് ചെയ്ത ജില്ലയാണ്. പ്രതിപക്ഷമെന്ന രീതിയിൽ ഞങ്ങൾ ഈ ഗവൺമെന്റുമായി സഹകരിച്ചതും കഴിഞ്ഞ ഗവൺമെന്റുമായി സഹകരിച്ച പ്രതിപക്ഷത്തിന്റെ രീതിയുമാണ് കേരള സമൂഹം തിരിച്ചറിയേണ്ടത്. അതാണ് ഈ ഗവൺമെന്റും പ്രതിപക്ഷവും തമ്മിലുള്ള വ്യത്യാസമെന്ന് സൂചിപ്പിക്കാൻ ആഗ്രഹി

ക്കുകയാണ്. ഇവിടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പ്രചരണങ്ങൾ നടത്തുകയാണ്. ഓരോ പ്രദേശത്തും ഓരോ തരത്തിലുള്ള ഇക്വേഷൻസാണ് എൽ.ഡി.എഫ്. തയ്യാറാക്കിയത്. ഓരോ വാർഡിലും ബി.ജെ.പി.-ക്ക് വാർഡിൽ വോട്ട് ചെയ്യുന്ന ബ്ലോക്കിൽ തിരിച്ച് വോട്ട് ചെയ്യുന്നു. അതിന്റെ കണക്കിലേയ്ക്ക് ഞാൻ പോകുന്നില്ല. പെൻഷനുമായി ബന്ധപ്പെട്ട കാര്യം ഇവിടെ വലിയ രീതിയിൽ കൊട്ടിഘോഷിക്കുകയാണ്. കേരളത്തിൽ അഗതി പെൻഷനുകൾ എങ്ങനെയാണ് ഉണ്ടായിരുന്നത്; കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വഴിയും അതുപോലെ വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള പെൻഷനുകൾ എങ്ങനെയാണ് വിതരണം ചെയ്തിരുന്നത്; നമുക്ക് ഓർമ്മയില്ലേ, 1957-നുശേഷമുള്ള കാലഘട്ടങ്ങളിൽ, പെൻഷനുണ്ടായ കാലഘട്ടങ്ങളുടെ ചിത്രം എങ്ങനെയാണ്? ഓരോ പഞ്ചായത്തിനും വാർദ്ധക്യകാല പെൻഷൻ ക്വാട്ടയായിരുന്നു. ഇവിടെയുള്ള ജനപ്രതിനിധികളായ ആളുകൾക്കറിയാം - 125 രൂപ പെൻഷൻ കൊടുത്തിരുന്ന കാലഘട്ടത്തിൽ, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് വരുന്നതുവരെ, ക്വാട്ട നിശ്ചയിച്ചുകൊണ്ട് ഒരു പഞ്ചായത്തിൽ 110 ആളുകൾക്കും 120 ആളുകൾക്കുമുള്ള പെൻഷനാണ് കേരളത്തിലുണ്ടായിരുന്നത്. എങ്ങനെയാണ് പെൻഷൻകാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത്? 2000-ൽ ഞാൻ ഗ്രാമപഞ്ചായത്ത് മെമ്പറായ സമയത്ത് അന്വേഷിച്ചു, എന്റെ പഞ്ചായത്തിൽ എത്ര പേർക്ക് പെൻഷൻ കൊടുക്കാനുള്ള അപേക്ഷയുണ്ടെന്ന്. അന്ന് 2500 പേരുടെ വാർദ്ധക്യകാല പെൻഷന്റെ അപേക്ഷയാണ് കെട്ടിക്കിടന്നിരുന്നത്. എത്രപേർക്ക് പെൻഷൻ ഇവിടെ കൊടുക്കുന്നുണ്ടെന്ന് സെക്രട്ടറിയോട് ചോദിച്ചു. 110 പേർക്കാണ് പെൻഷൻ കൊടുക്കുന്നത്. 111-മത്തെ ആൾക്ക് പെൻഷൻ കൊടുക്കാൻ എന്താണ് മാർഗ്ഗമെന്ന് ചോദിച്ചപ്പോൾ ഒരു മാർഗ്ഗവുമില്ല, ക്വാട്ടയാണ്. ആരെങ്കിലും ഒരാൾ മരിച്ചാൽ മാത്രമേ പുതിയ അപേക്ഷകനെ തെരഞ്ഞെടുക്കാൻ കഴിയൂവെന്ന മറുപടിയാണ് 2000-ൽ എനിക്ക് ലഭിച്ചത്. അതിനുശേഷം എപ്പോഴാണ് ഇതിന് മാറ്റമുണ്ടായത്? ശ്രീ. ഉമ്മൻ ചാണ്ടി കേരള മുഖ്യമന്ത്രിയായി രണ്ടാമത് വന്നപ്പോൾ, കേരളത്തിലെമ്പാടും ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ, അതിൽ ഏറ്റവും വലിയ മനുഷ്യസ്നേഹിയുടെ മുഖമായി കേരളത്തിന്റെ മുഖ്യമന്ത്രി മാറിയപ്പോൾ, ആ മുഖ്യമന്ത്രിയുടെ കയ്യിലേയ്ക്കുവന്ന ആയിരക്കണക്കിന് അപേക്ഷകളാണ് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും 60 വയസ്സ് കഴിഞ്ഞ മുഴുവൻ ആളുകൾക്കും രണ്ട് ലക്ഷത്തിൽ താഴെ വരുമാനമുള്ള കുടുംബങ്ങൾക്കും പെൻഷൻ കൊടുക്കാൻ കാരണമായത്. സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കി. ഒരു പഞ്ചായത്തിൽ രണ്ടായിരത്തി അഞ്ഞൂറ് ആളുകൾക്ക് പെൻഷൻ കൊടുത്തത് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരാണ്. നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങളുടെ കാലഘട്ടത്തിലൊക്കെ 110 ആളുകൾക്കാണ് പെൻഷൻ കൊടുത്തിരുന്നത്. 2000-ൽ ഞാൻ പഞ്ചായത്ത് പ്രസിഡന്റായപ്പോഴും 2006-ൽ ബഹുമാനപ്പെട്ട വി. എസ്.

അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്തും ക്വാട്ടയാണ് നിശ്ചയിച്ചിരുന്നത്. ആ ക്വാട്ടയ്ക്ക് മാറ്റം വരുത്തിയത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റാണ്. പെൻഷന്റെ കാര്യത്തിൽ ഞാൻ നിരവധി തവണ ആവശ്യപ്പെട്ടു. കർഷകത്തൊഴിലാളിയുമായി ബന്ധപ്പെട്ട് വലിയ പ്രവർത്തനം നടത്തുന്ന പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. ഇന്ന് കർഷകത്തൊഴിലാളിക്ക് പെൻഷൻ കിട്ടുന്നത് എത്ര രൂപയാണ്? നിങ്ങൾ 1,500 രൂപ പെൻഷൻ എന്നുപറയുമ്പോൾ, ക്ഷേമനിധി ബോർഡിൽ അടയ്ക്കുന്ന തുക ഉപയോഗിച്ചു കൊണ്ട് കിട്ടുന്ന പെൻഷനിൽനിന്നും അമ്പതുശതമാനവും അമ്പതുശതമാനം വാർദ്ധക്യകാല പെൻഷനും ചേർത്തല്ലേ ഒറ്റ പെൻഷനാക്കി നിങ്ങൾ നടപ്പിലാക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് അറുപത് വയസ്സു കഴിഞ്ഞ ആൾക്ക് 500 രൂപയാണ് പെൻഷൻ കിട്ടിയിരുന്നതെങ്കിൽ ആ പെൻഷൻ വാങ്ങുന്നയാൾ, കർഷകത്തൊഴിലാളിയായിരുന്നെങ്കിൽ അയാൾക്ക് രണ്ട് പെൻഷൻ കിട്ടുമായിരുന്നില്ലേ; ആയിരം രൂപ പെൻഷൻ കിട്ടുമായിരുന്നു. അയാൾ അടയ്ക്കുന്ന തുകയാണ്; ഔദാര്യമല്ല. അങ്ങനെ പെൻഷൻ കിട്ടിയിരുന്ന സ്ഥാനത്താണ്, ഞാൻ ആ പെൻഷനെ മോശപ്പെടുത്താൻവേണ്ടി പറഞ്ഞതല്ല ഇത് നിങ്ങളുടെ മാത്രം കുത്തകയല്ല. കേരളത്തിലെ മുഴുവൻ ആളുകൾക്കും പെൻഷൻ കൊടുക്കാൻ തീരുമാനിച്ച ഒരു ഗവൺമെന്റുണ്ടായിരുന്നു, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ്; അതിന്റെ തുടർച്ചയാണ് പിന്നീട് നിങ്ങൾ ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ചത്. പെൻഷൻ 2,000 രൂപയാക്കിയതിൽ സന്തോഷിക്കുന്ന ആളുകളാണ് ഞങ്ങൾ. എതിർക്കുന്നവരല്ല. ഞാൻ സൂചിപ്പിക്കുന്നത്, അങ്ങനെ ലോകം കണ്ട മനുഷ്യസ്നേഹിയുടെ മുഖം ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിനുണ്ടായിരുന്നു. നിങ്ങൾ ഇവിടെ റേറ്റിംഗിനെക്കുറിച്ചൊക്കെ പറഞ്ഞില്ലേ. പി.ആർ. വർക്കിന്റെ റേറ്റിംഗിനെക്കുറിച്ച് പറഞ്ഞില്ലേ; ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് ആളുകളാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ജനകീയ റേറ്റിംഗിനകത്ത് പങ്കെടുത്ത്, റെക്കോർഡ് നേടി ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ച ഒരു മുഖ്യമന്ത്രിയും കേരളത്തിലുണ്ടായിരുന്നു. അതാണ് ഇതിന്റെ യാഥാർത്ഥ്യം. നിങ്ങൾ ഇവിടെ ലൈഫ് പദ്ധതിയെക്കുറിച്ച് കൊട്ടിഘോഷിക്കുകയാണ്. 'വീട്ടുമുടക്കികൾ' എന്നുള്ള പ്രചരണമാണ് എനിക്കും യു.ഡി.എഫ്.-നും എതിരായി കേരളത്തിലെമ്പാടും നടത്തിക്കൊണ്ടിരിക്കുന്നത്. എന്ത് രീതിയിലാണ് നിങ്ങൾ പ്രചരണം നടത്തുന്നത്. ഇതൊരു ഇടതുപക്ഷ ഗവൺമെന്റല്ലേ; നിങ്ങൾ ആലോചിക്കണം; ഒരു വലിയ തട്ടിപ്പ് നടത്തി, 20 കോടി രൂപയുടെ പദ്ധതിയിൽ 9 കോടി രൂപയുടെ തട്ടിപ്പ് നടത്തിയ ആളായ ശ്രീ. സന്തോഷ് ഈപ്പനൊപ്പം കേരള ഹൈക്കോടതിയിൽ ആ കേസ് ക്വാഷ് ചെയ്യാൻ അപേക്ഷ കൊടുത്ത സർക്കാരാണ് നിങ്ങളുടേത്. നിങ്ങൾക്ക് എങ്ങനെയാണ് ഇടതുപക്ഷമാകാൻ കഴിയുക. വീട്ടുമുടക്കി എന്ന് പ്രചരണം നടത്തി; എവിടെയാണ് വീട്ടുമുടക്കാൻ ശ്രമിച്ചത്. സി.ബി.ഐ.-യോ ഞാനോ വിജിലൻസോ

വടക്കാഞ്ചേരി നഗരസഭയോ പറഞ്ഞോ വീട് മുടക്കാൻ; പ്രളയത്തിൽ നഷ്ടപ്പെട്ട ആളുകൾക്കാണ് വീട് കൊടുക്കേണ്ടത്. അതാണ് ഇന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആളുകൾക്ക് കൊടുക്കുമ്പോൾ വടക്കാഞ്ചേരിയിൽ ഒരു ആളെ കാട്ടിത്തന്നാൽ ഞാൻ എന്റെ രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിക്കാം. വടക്കാഞ്ചേരിയിൽ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ഒരാളെ നിങ്ങളെനിക്ക് കാണിച്ചുതന്നാൽ ഞാൻ എന്റെ രാഷ്ട്രീയ പ്രവർത്തനം ഇവിടെ വച്ച് അവസാനിപ്പിക്കാം. വെല്ലുവിളിക്കാൻ ഞാൻ തയ്യാറാണ്. നിങ്ങൾ തയ്യാറുണ്ടോ? പ്രളയത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും അവിടെ ഞങ്ങൾ വീട് കൊടുത്തു. സർക്കാരിന്റെ സഹായം കിട്ടിയിട്ടുണ്ട്. ഞാൻ നേരിട്ട് സംഭാവന പിരിച്ച് വീടുവച്ച് കൊടുത്തിട്ടുണ്ട്. ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ പാവപ്പെട്ടവന്റെ പേര് പറഞ്ഞുകൊണ്ട് ശ്രീമതി സ്വപ്ന സുരേഷിനെയും ശ്രീ. സന്ദീപ് നായരെയും ശ്രീ. സന്തോഷ് ഈപ്പനെയും ഇടതുപക്ഷ സർക്കാർ സംരക്ഷിക്കാൻ ശ്രമിക്കുമ്പോൾ ഇ.എം.എസ്.-ന്റെയും എ.കെ.ജി.-യുടെയും ഇ.കെ. നായനാരുടെയും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും പാരമ്പര്യമാണ് നിങ്ങൾ തകർക്കുന്നതെന്ന് ഓർക്കുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ എന്ത് കുപ്രചരണങ്ങൾ നടത്തി പരാജയപ്പെടുത്താനും കല്ലെറിയാനും നുണ പറഞ്ഞ് പരാജയപ്പെടുത്താനും ശ്രമിച്ചാലും വിരോധമില്ല. പാവങ്ങളുടെ പേരുപറഞ്ഞ് നടത്തുന്ന അഴിമതിക്കെതിരായുള്ള പോരാട്ടം ഞാൻ തുടരും. പൊതുജീവിതത്തിൽ എന്ത് നഷ്ടപ്പെട്ടാലും തുടരുമെന്ന് പറയാൻ ഈ അവസരം ഉപയോഗിച്ചുകൊണ്ട് പ്രമേയത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശബരിമലയുടെ പ്രാധാന്യം നമുക്കെല്ലാമറിയാം. ആ ശബരിമലയുടെ ശബരി റെയിൽവേയുടെ അലൈൻമെന്റിൽ അവസാനമായി തീരുമാനമെടുത്തത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റാണ്. വളരെ വിശദമായ ചർച്ചയ്ക്ക് ശേഷമായിരുന്നു അത്. കേന്ദ്ര ഗവൺമെന്റ് പകുതി പണമേ മുടക്കൂ, ബാക്കി പണം ആര് മുടക്കുമെന്നത് തർക്കമായിരുന്നു. ഏതായാലും പിണറായി സർക്കാർ പകുതി പണം മുടക്കാമെന്ന് സമ്മതിച്ചതോടുകൂടി ശബരി റെയിൽവേ യാഥാർത്ഥ്യമാകാൻ പോകുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. ആ കൂട്ടത്തിൽ ഒരു കാര്യം കൂടിയുണ്ട്. ഈ ഗവൺമെന്റിന്റെ ആരംഭത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട്, പല സ്ഥലങ്ങൾ സന്ദർശിച്ച് ഏകദേശം രണ്ടരക്കോടിയോളം രൂപ നൽകി ഒരു കമ്മീഷനെ വച്ച് പരിശോധിച്ച് ശബരിമലയുമായി ബന്ധപ്പെട്ട് എരുമേലി വിമാനത്താവളം യാഥാർത്ഥ്യമാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും എന്തുകൊണ്ടോ നയപ്രഖ്യാപനത്തിലോ മറ്റ് പ്രസംഗത്തിലോ ഒന്നും വിമാനത്താവളത്തിന്റെ കാര്യം കാണുന്നില്ല. വിമാനത്താവളത്തിന്റെ കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. ഞാനിവിടെ കൺവെർട്ടഡ് ക്രിസ്ത്യൻസിന്റെ കാര്യം പറയുമ്പോൾ

മറ്റൊന്നും വിചാരിക്കേണ്ട. അവർ ക്രിസ്ത്യൻ വിഭാഗത്തിലേയ്ക്ക് കൺവെർട്ട് ചെയ്തു പോയി. മതംമാറ്റുന്ന പരിപാടിയോട് എനിക്ക് തർക്കമുണ്ട്, ഞാൻ യോജിക്കുന്നില്ല. പക്ഷേ പത്തോ ഇരുപതോ മുപ്പതോ വർഷങ്ങൾക്കുമുമ്പ് കൺവെർട്ട് ചെയ്തുവെന്നതിന്റെ പേരിൽ അവർക്ക് സംവരണമില്ല എന്ന നിയമം ശരിയല്ല. ആ കൺവെർട്ടഡ് ക്രിസ്ത്യൻ വിഭാഗത്തിന് പൂർണ്ണമായി സംവരണാനുകൂല്യം കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ടെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോവിഡ് വ്യാപനത്തെപ്പറ്റി ഇവിടെ പറഞ്ഞു, അക്കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോവിഡ് ബാധിച്ച സംസ്ഥാനമായി കേരളം മാറി. ആരാണ് ഉത്തരവാദി? ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയതാണ് കുഴപ്പമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അടുത്തകാലത്ത് വളരെ ശക്തമായി പറഞ്ഞു. കോവിഡ് വ്യാപനത്തിൽ ഇന്ത്യയിൽ ഒന്നാമത്തെ സംസ്ഥാനമായി നമ്മൾ മാറിയെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുകയുണ്ടായി. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, ഈ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പും അസംബ്ലി തെരഞ്ഞെടുപ്പും ഒരുമിച്ച് നടത്തിയാൽ മതി, ഇല്ലെങ്കിൽ കോവിഡ് വ്യാപനം വ്യാപകമാകും, അത് അപകടകരമാണെന്ന് പറഞ്ഞുകൊണ്ട് ബഹുമാന്യരായ മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും ഗവർണർക്കും ഞാൻ കത്ത് കൊടുത്തതാണ്. 'ഒരു കുഴപ്പവുമില്ല, ഞങ്ങൾ നോക്കിക്കോളാം' എന്നാണ് ഗവൺമെന്റ് തന്ന മറുപടി. അവസാനം ഞാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു, അത് പാടില്ല, കോടതി ഇതിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ട് കേസ് കൊടുത്തയാളാണ് ഞാൻ. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കുംവേണ്ടി ഹാജരായ വക്കീൽ പറഞ്ഞത്, 'ഒരു കുഴപ്പവുമില്ല, എല്ലാം ഞങ്ങൾ നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്, ഇലക്ഷൻ നടന്നോട്ടെ' എന്നാണ്. ഇതുകഴിഞ്ഞ് ഞാൻ അപ്പീലുമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോയി. ഇത് ശരിയല്ല, ഹൈക്കോടതി സ്റ്റേ ചെയ്യേണ്ടതാണ്. ത്രിതല പഞ്ചായത്ത്/അസംബ്ലി തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തിയാൽ കോവിഡ് കേരളം എന്ന പേര് മാറ്റിയെടുക്കാൻ നമുക്ക് കഴിയും; അതുണ്ടാകരുതെന്നുപറഞ്ഞ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചെന്നപ്പോൾ അവിടെയും ഗവൺമെന്റിന്റെ വക്കീൽ നമ്മളെ സമ്മതിക്കില്ല. ഇപ്പോൾ എന്തായി? ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നുപറഞ്ഞാൽ എത്രപേരാണ് റോഡിലിറങ്ങുന്നതെന്ന് സാമാന്യ വിവരമുള്ളവർക്കറിയാം. നിയമസഭാ തെരഞ്ഞെടുപ്പ് എന്നു പറയുമ്പോൾ ഏകദേശം 1500 പേർമാത്രമേ റോഡിൽ ഇറങ്ങുന്നുള്ളൂ. ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നുപറഞ്ഞാൽ വോട്ടുപിടിക്കാൻ ലക്ഷക്കണക്കിന് പ്രവർത്തകർ റോഡിലിറങ്ങുകയാണ്. എവിടെ പോയി നിൽക്കും? ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരുമ്പോൾ ഇരുപത്തിയോരായിരത്തോളം മെമ്പർമാർ

ഉണ്ടാകുന്നതാണ്. ഒരു ലക്ഷം പേരെങ്കിലും റോഡിലിറങ്ങില്ലേ; സ്വാഭാവികമായും കോവിഡ് വ്യാപിക്കാനുള്ള സാഹചര്യമുണ്ടാകില്ലേ? അങ്ങനെ കോവിഡ് വ്യാപന മുണ്ടാക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം പിണറായി സർക്കാരിനാണ്, ഈ ആരോഗ്യ വകുപ്പുമന്ത്രിക്കാണ്. ആ ഉത്തരവാദിത്വം ഏൽക്കാതെ പോകാമെന്ന് നിങ്ങൾ വിചാരിക്കേണ്ട എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ മറ്റ് വിശദാംശ ങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഞാൻ അങ്ങേയ്ക്ക് നൽകിയ വാക്ക് പാലിക്കുകയാണ്. ഏതായാലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഗവൺമെന്റ് മുമ്പോട്ടു പോകുമ്പോൾ സ്വാഭാവികമായി പ്രതിപക്ഷത്തുള്ളവർ എതിർക്കണം, ഭരണകക്ഷിയിലുള്ളവർ പിന്തുണയ്ക്കണം. ഞാൻ ഒരു നിഷ്പക്ഷനാണ്. അതുകൊണ്ട് അനുകൂലിച്ചും പ്രതികൂലിച്ചും വർത്തമാനം പറയുന്നില്ല. എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. 'ഗാന്ധി, മൈ ഫാദർ' എന്ന സിനിമയിൽ ഒരു ഭാഗമുണ്ട്. അതിൽ കാണിക്കുന്ന രംഗങ്ങളിൽ ഒന്ന് ദക്ഷിണാഫ്രിക്കയിൽ വച്ച് വെള്ളക്കാരൻ ഗാന്ധിജിയുടെ മുഖത്ത് ചവിട്ടിയപ്പോൾ കൊഴിഞ്ഞുവീണ രക്തം പുരണ്ട പല്ല് കൈയിലെടുത്ത് പതുക്കെപ്പതുക്കെ, തന്നെ മർദ്ദിച്ച വെള്ളക്കാരന്റെ അരികിലേയ്ക്ക് ചെന്നിട്ട് അദ്ദേഹത്തിന്റെ കാല് പിടിച്ചുകൊണ്ട് മഹാനായ മോഹൻദാസ് കരംചന്ദ് ഗാന്ധി ചോദിച്ചു, "അങ്ങേയ്ക്ക് വേദനിച്ചോ" . അതാണ് ഗാന്ധിജി. ഞാൻ അത് പറയാൻ കാരണം, അതിനൊക്കെ ഒരുപാട് പാരമ്പര്യമുണ്ട്: പിന്തുടർച്ച വേണം, ഹൃദയ വിശാലത വേണം, വിശാല മനസ്കത വേണം, ആർജവത്വം വേണം. അതൊക്കെ ഉള്ളവർക്കേ ഗാന്ധിജിയുടെ പേര് പറയാൻ പറ്റുകയുള്ളൂ. ഞാനും അഥവാ ഉച്ചരിച്ച് പോയപ്പോൾ കുറച്ച് ശബ്ദം ഉയർന്നിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക. നമ്മുടെ പദ്ധതികളിൽ ഒന്ന് LIFE (Livelihood, Inclusion and Financial Empowerment) മിഷൻ ആണ്. "പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല". ശ്രീ. എം. മുകേഷ് ഇത് കേട്ടിട്ടുണ്ടാവില്ല. അദ്ദേഹം അന്ന് ചെറിയ കുട്ടിയാണ്. പക്ഷേ അദ്ദേഹത്തിന്റെ അച്ഛന്റെ നാടകത്തിൽ, കെ.പി.എ.സി.-യുടെ നാടകത്തിൽ കെ. എസ്. ജോർജ്ജും സുലോചനയും കൂടി പാടുന്ന പാട്ടാണിത്. ഇത് 1960-കളിലെ പാട്ടാണ്. അത് ഉൾക്കൊണ്ടുകൊണ്ട്, ഒരു സംശയവും വേണ്ട, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആ നാടകം കണ്ടിട്ടുണ്ട്, അതേക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. അതൊക്കെ ഉള്ളിൽവയ്ക്കുന്നതു കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന സി.പി.ഐ.(എം.)-ന്റെ അനിഷേധ്യ നേതാവായ പൊളിറ്റ് ബ്യൂറോ അംഗം ശ്രീ. പിണറായി വിജയൻ ഈ ലൈഫ് പദ്ധതിക്ക് നേതൃത്വം നൽകിയത്. ഞാൻ

മറ്റ് ഘടകങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ, ഇന്നത്തെ സമ്മേളനം കഴിഞ്ഞാൽ എല്ലാവരോടും എവിടേയ്ക്ക് പോകുന്നു എന്ന് ചോദിച്ചാൽ 'എന്റെ വീട്ടിലേയ്ക്ക് ഉറങ്ങാൻ പോകുന്നു' എന്ന് പറയും. നൂറ് പേരോട് നിങ്ങൾ അന്തിയുറങ്ങാൻ എവിടേയ്ക്ക് പോകുന്നു എന്ന് ചോദിച്ചുകഴിഞ്ഞാൽ അതിൽ തൊണ്ണൂറ് പേരും 'ഞങ്ങൾ ഉറങ്ങാൻ ഞങ്ങളുടെ വീട്ടിലേയ്ക്ക് പോകുന്നു' എന്ന് ഉത്തരം പറയുന്ന ഒരൊറ്റ സംസ്ഥാനമേ ഈ ലോകത്തുള്ളൂ, അതാണ് കേരളം. ഇതിൽ ആർക്കാണ് സംശയം. നമ്മൾ സോഷ്യലിസ്റ്റ് രാജ്യങ്ങളെ കൂട്ടുപിടിച്ച് ഇത്തരം കാര്യങ്ങളിൽ മുടന്തൻ ന്യായം പറയാൻ ശ്രമിച്ചിട്ട് കാര്യമില്ല. ഞാൻ ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല. ലൈഫ് പദ്ധതിയുണ്ട്, വീടുകളുണ്ട്, ഏകദേശം മൂന്ന് ലക്ഷത്തിന് താഴെയുള്ള വീടുകൾ വച്ചുകൊടുത്തു, ഇനിയും വീടുകൾ വരണം. ലൈഫ് പദ്ധതി കഴിഞ്ഞാൽ പിന്നെ വരുന്നത് ഹരിത കേരളമാണ്. മലയാറ്റൂർ രാമകൃഷ്ണന്റെ ആത്മകഥാ സ്പർശമുള്ള നോവലായ 'വേരുകളി'ൽ മകനുമായി വരുമ്പോൾ ചെറിയ കുട്ടിയായ മകൻ നെല്ല് കണ്ടിട്ട് "എന്നാ അപ്പാ, അരശിച്ചെടിയാ?" എന്ന് ചോദിക്കുകയാണ്. ഇവിടെ എല്ലാവരും റേഷൻ കടയിൽ ചെന്ന് മഹാരാഷ്ട്രയിൽ നിന്ന് വന്നോ, തമിഴ്നാട്ടിൽനിന്ന് വന്നോ, അരി വന്നോ, പച്ചരി വന്നോ, പുഴുക്കല്ലരി വന്നോ എന്നിങ്ങനെ ചോദിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഹരിതകേരളം പദ്ധതിയിലൂടെ എല്ലാവരും പാടത്തിറങ്ങണം, അദ്ധ്വാനിക്കണം. എന്നിട്ട് നമുക്കാവശ്യമുള്ളത് നമുക്ക് ഉൽപ്പാദിപ്പിക്കാവുന്ന ഒരു അവസ്ഥയിലേയ്ക്ക് കേരളത്തിലെ വിദ്യാസമ്പന്നരായ ജനങ്ങൾ മാറണം എന്നതിനുള്ള ഒരു പദ്ധതിയാണ് ഹരിത കേരളം. 'ആർദ്രം പദ്ധതി' നോക്കൂ, ഇന്ത്യയിൽ ക്യാൻസറിന്റെ ഏറ്റവും വലിയ ഡോക്ടറായ ഡോ. വി. പി. ഗംഗാധരൻ തന്റെ 'ജീവിതം എന്ന അത്ഭുതം' എന്ന പുസ്തകത്തിൽ പറയുന്നുണ്ട് അദ്ദേഹം രോഗികളെ ചികിത്സിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അദ്ദേഹത്തെ പണ്ട് പഠിപ്പിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാളായി റിട്ടയർ ചെയ്തയാളും അദ്ദേഹത്തിന്റെ മകളുംകൂടി വരികയാണ്. ഡോ. വി. പി. ഗംഗാധരൻ പണ്ട് അദ്ദേഹത്തിന്റെ വീട്ടിൽ പോയിരുന്നപ്പോൾ താലോലിച്ചിരുന്ന പെൺകുട്ടിയാണ് ഇപ്പോൾ വളർന്നുവലുതായിരിക്കുന്നത്. എന്താണ് വിശേഷമെന്ന് ചോദിച്ച് പ്രിൻസിപ്പാളോട് കാര്യങ്ങൾ തിരക്കിയപ്പോഴാണ് മകൾക്ക് ക്യാൻസറുണ്ടെന്ന് അറിഞ്ഞത്. വേഗം ചികിത്സ കഴിഞ്ഞ് മരുന്ന് എഴുതാൻ തുടങ്ങിയപ്പോൾ പ്രിൻസിപ്പാൾ ഡോ. വി. പി. ഗംഗാധരന്റെ കയ്യിൽ പിടിച്ചിട്ട് പറയുകയാണ് 'മി. ഗംഗാധരൻ, മരുന്ന് എഴുതുകയാണെങ്കിൽ വലിയ വിലയുള്ള മരുന്ന് എഴുതണ്ട. എനിക്ക് ആ ചെറിയ പെൻഷനേയുള്ളെടോ' എന്ന്. അപ്പോൾ ഇതൊക്കെ കണ്ടിട്ടാണ് ആർദ്രം, ഹൃദയദ്രവീകരണക്ഷമമാകുകയാണ്. ആളുകൾക്ക് മരുന്ന് വാങ്ങിക്കണ്ടേ. ....(ബഹളം)... ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ ആർദ്രം പദ്ധതിയെ ഞാൻ വ്യക്തിപരമായി ശ്ലാഘിക്കാനുദ്ദേശിക്കുന്നില്ല. ആ രൂപത്തിൽ വളരെ താഴ്ന്ന നിലയിൽ അങ്ങോട്ടും ഇങ്ങോട്ടും ചില നർമ്മരഹിതമായ

പ്രശ്നങ്ങൾ പറഞ്ഞുതീർക്കാനുള്ളതല്ല അസംബ്ലി. നൂറ്റാണ്ടുകൾക്ക് മുൻപുള്ള കാര്യങ്ങൾ പറഞ്ഞുകൊണ്ട് ആരും അങ്ങനെയൊന്നും ചെയ്യണ്ട. ഞാൻ വരുന്നത് മലബാറിൽ നിന്നാണ്. നിങ്ങൾ വരുന്നതും മലബാറിൽനിന്നുതന്നെയാണ്; പക്ഷെ വടക്കൻ മലബാർ ആയിരിക്കും. ഇവിടെ കൊച്ചിക്കാരുണ്ട്, തിരുവിതാംകൂർകാരുണ്ട്. ഇത് മൂന്നും എന്നാണ് ഒന്നായത്? നമ്മളൊക്കെ മലയാളികളും കേരളീയരും എന്നു പറയുന്നത് എന്നുമുതൽക്കാണ്? അപ്പോൾ അത്തരം കാര്യങ്ങളിലേയ്ക്ക് പിറകോട്ട് പോകണമെങ്കിൽ നമുക്ക് പിന്നീട് പോകാം.... Ideas ഒക്കെ disruptive ആണ്; എന്നുവച്ചാൽ തലതെറിച്ച ആശയങ്ങൾ. മര്യാദയ്ക്ക് ഒരു കാര്യം അസംബ്ലിയിൽ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അതിനെ തകിടംമറിക്കാൻവേണ്ടി ഒരു കാര്യം പറയാമെന്ന് പറഞ്ഞാൽ അത് തലതെറിച്ച ആശയമാണ്. നിങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും പിന്തുണ പ്രഖ്യാപിച്ചതായിട്ടും നിങ്ങൾക്ക് അഥവാ വേദനിച്ചിട്ടുണ്ടെങ്കിൽ ഗാന്ധിയുടെ റോളിൽനിന്നുകൊണ്ട് സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അടുത്തതായി പൊതുവിദ്യാഭ്യാസം. നമ്മുടെ അയ്യങ്കാളി പഞ്ചമിയെ വിദ്യാലയത്തിൽ ചേർക്കാൻ പോയത് ഓർമ്മയുണ്ടല്ലോ. ഈ രാജ്യത്തെ സവർണ്ണന്മാർ സൃഷ്ടിച്ച വിദ്യാലയങ്ങളിലേയ്ക്ക് കടക്കാൻപോലും സാധിക്കില്ലല്ലോ. അതേ അയ്യങ്കാളി തന്നെയാണല്ലോ പണ്ട് കാളവണ്ടി തെളിച്ച് പോയത്. തലയിൽ ഒരു കെട്ടും ഉണ്ടായിരുന്നല്ലോ, 'നീ ഏതിൽക്കൂടിയാണ് പോകുന്നത്?' 'ഈ റോഡിൽ കൂടി' 'ഇത് നിനക്കൊന്നും സഞ്ചരിക്കാൻ പറ്റിയ റോഡല്ല. നിരോധിക്കപ്പെട്ട റോഡാണെന്ന് അറിയില്ലേ?' 'അറിയാം' 'പിന്നെ എന്തുകൊണ്ട് പോയി?' 'പക്ഷെ ഞാൻ ഇതിലേ പോകും. വെങ്ങാനൂരിലെ ഈ റോഡിലൂടെ ഞാൻ പോകും' 'നീ എന്താണ് തല കെട്ടിയിരിക്കുന്നത്?' 'തലയിൽ കെട്ട് കെട്ടും' എന്നുപറഞ്ഞ് തന്റെ വിശാലമായ മാറിടം കാണിച്ചുകൊണ്ട് അത്യാവശ്യം ശാരീരികമായ തല്ലിനുകൂടി തയ്യാറാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അയ്യങ്കാളി വെങ്ങാനൂരിലെ നഗരവീഥികളിലൂടെ പഴയകാലത്ത് പോയതുകൊണ്ടാണ് ജാതിമത സങ്കുചിത ചിന്തകളില്ലാതെ നമ്മൾ എല്ലാപേരും കൂടി ഇവിടെ ഒരുമിച്ചിരിക്കുന്നത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നു പറഞ്ഞാൽ ഇവിടെ പ്രൊഫ. സി. രവീന്ദ്രനാഥ് ഉണ്ടല്ലോ, ഞാൻ പറയട്ടെ, ഇതൊന്നും തമാശയല്ല. വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്. പഴയകാലത്ത് ഏതെങ്കിലും ഗേറ്റിന്റെ പുറത്ത് നിന്നിട്ട് 'മോൾ അങ്ങട് പൊയ്ക്കോ' എന്ന് പറഞ്ഞിരുന്ന ചാത്തൻ, ചാത്തന് പോകാൻ പറ്റില്ല, ചാത്തനെ അവിടെ കാണാനും പാടില്ല, ഏഴ് മണിക്ക് ചാത്തൻ കാത്തിരിക്കുകയാണ്, കയ്യിലിരിക്കുന്ന തോർത്തെടുത്ത് വീശുകയാണ്. എന്താ കാരണം? 'മോൾ വന്നില്ല, മോൾ വന്നില്ല'. ആരുടെ മോൾ? ജന്മിയുടെ മോൾ വരാത്തതിന് വിയർത്ത ചാത്തൻ... മലയാളത്തിലെ ആദ്യകാല നോവലുകളിലൊന്നായ കോളിൻസ് മദാമ്മ രചിച്ച 'ഘാതകവധം' എന്ന നോവലിലൊക്കെ ഇതിനെക്കുറിച്ച് പറയുന്നുണ്ട്, വായിച്ചു നോക്കൂ. ഞാൻ

സൂചിപ്പിച്ചുവന്നത്, വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽക്കൂടി ജനത്തെ ബോധവത്കരിക്കാനുള്ള അക്ഷീണമായ പരിശ്രമത്തിൽ വ്യാപൃതരായിരിക്കുന്ന ഒരു സർക്കാരാണിത്. അപ്പോൾ ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ പറഞ്ഞുവന്നത്, ചികിത്സാ സൗകര്യങ്ങൾ ജനങ്ങൾക്കുവേണ്ടി ഒരുക്കിവയ്ക്കുമ്പോൾ, ഇപ്പോൾ ആശുപത്രികൾ നോക്കിയാൽ മനസ്സിലാകും, അവിടെ വെറുതെ വന്ന് കിടക്കാൻ തോന്നും. എന്റെ മണ്ഡലമായ ഇരിഞ്ഞാലക്കുടയിൽ ബസ്സിലിരുന്ന് പോകുമ്പോൾ കാണാൻ സാധിക്കും: എല്ലാ ആശുപത്രികളും പെയിന്റൊക്കെ അടിച്ച് വൃത്തിയാക്കി, അഞ്ച് ഡോക്ടർമാർ വീതം കൃത്യമായി അവിടെ ഉണ്ടാകും. നമ്മുടെ കുട്ടികൾ നമ്മുടെ പണംകൊണ്ട് ഇവിടത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ പഠിച്ച് ഇവിടെ ജോലിയുണ്ടെങ്കിലും ഇല്ലെങ്കിലും അത് ചെയ്യാതെ കാശുണ്ടാക്കാൻ വേണ്ടി പുറംനാടുകളിൽ പ്രത്യേകിച്ച് യൂറോപ്പിലൊക്കെ പോയി, അവിടെ പോയിരിക്കുന്ന ഡോക്ടർമാരോട് ഇവിടത്തെ ജനങ്ങളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി മടങ്ങിവരാൻ പറഞ്ഞിരിക്കുകയാണ്. ഞാൻ സൂചിപ്പിച്ച പ്രധാന കാര്യമെന്തെന്നാൽ മലയാളികളുടെ സമഗ്രമായ വളർച്ചയ്ക്ക് ആവശ്യമായ രൂപത്തിൽ ഏതെല്ലാം സംവിധാനങ്ങൾ വേണം, അതിന് എവിടെനിന്നാണ് പൈസ? അപ്പോൾ അതിനെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. പ്രവാസികളുടെ പൈസ ഇങ്ങോട്ടു വരും. ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രധാന നിക്ഷേപ പരിപാടിയുണ്ടല്ലോ കിഫ്ബി, അതിനെ കേരള ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്നുപറഞ്ഞ് കളിയാക്കിയിട്ട് കാര്യമില്ല. പണം എന്നുപറയുന്നത് പഴയകാലത്ത് ഒരാളുടെ കാര്യത്തിലും ഒതുങ്ങിനിൽക്കില്ലല്ലോ. പഴയ കാലത്തെ പാക്കനാരെ പോലെയോ നാറാണത്ത് ഭ്രാന്തനെപ്പോലെയോ കാട്ടിൽ എവിടെയെങ്കിലുംവച്ച് കുറച്ച് സ്വർണ്ണനാണയം കാണുമ്പോൾ 'ആളെക്കൊല്ലി' എന്നുപറഞ്ഞ് വേഗം ഓടിപ്പോകുന്ന അവസ്ഥയിലേയ്ക്ക് മലയാളി എത്തിയിട്ടില്ലല്ലോ, എത്തണം. അതാണ് കമ്മ്യൂണിസ്റ്റുകാരുടെയും ജനാധിപത്യ വിശ്വാസികളുടെയും മുഴുവൻ പരിശ്രമം. ഇക്കാര്യത്തിൽ വിഷമം വിചാരിക്കണ്ട. എല്ലാവരുടെയും ജോലി അതാണ്. പണം കാണുമ്പോൾ അങ്ങോട്ട് ചെല്ലുക, ആകർഷിക്കപ്പെടുക, ഇതാണ് മഹത്വം, ഇതാണ് വലുത്, ഇതിനനുസരിച്ചാണ് മനുഷ്യന്റെ വില എന്ന് നിശ്ചയിക്കുന്ന അവസ്ഥയിൽനിന്നും മാറി ഇതെല്ലാം അഴിച്ചുമാറ്റിക്കൊണ്ട് വീണ്ടും ഗാന്ധിയിലേയ്ക്ക് വരുന്നു. ഇതൊന്നുമല്ല പ്രശ്നം. അതിവിശാലമായ ഒരു ഹൃദയത്തിനുടമയായി മാറാൻ കഴിയുന്നിടത്താണ് രാഷ്ട്രീയ പ്രവർത്തകരുടെ വിജയം എന്നുള്ളത് മനസ്സിൽ വേണം. അത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ആണെങ്കിലും സി.പി.ഐ. ആണെങ്കിലും സി.പി.ഐ.(എം) ആണെങ്കിലും വേണം. എന്താണ് ചിരി വരുന്നുണ്ടോ? ഞാൻ പറയുന്നത് ആ രൂപത്തിലുള്ള ഒരു ജീവിതത്തിലേയ്ക്ക് വരണം. അന്യന്റെ പോക്കറ്റിൽ കയ്യിട്ടുകൊണ്ട് പൊതുജനസേവനം നടത്താമെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അത് തെറ്റാണ്. ഇത് ആരോടാണ് പറഞ്ഞു കൊടുക്കേണ്ടത്, മുപ്പത്തിഎണ്ണായിരം കോളേജ് വിദ്യാർത്ഥികളെ പഠിപ്പിച്ചയാളാണ് അരുണൻ

മാഷ്. അത് നിങ്ങൾ പറയണ്ട. അതിൽ ഇപ്പോഴും നാല് എം.പി.-മാരുണ്ട്. അസംബ്ലിയിൽ ശ്രീ. കെ. ഡി. പ്രസേനൻ ഭാഗ്യത്തിന് രക്ഷപ്പെട്ടു. ഞാൻ വന്നപ്പോഴേയ്ക്കും അദ്ദേഹം പോയി. അതൊന്നും എന്റെ വ്യക്തിപരമായ പ്രശ്നങ്ങളല്ല. നമ്മളൊക്കെ ഒന്ന് കുളിച്ച് സംശുദ്ധിയോടുകൂടി മുന്നിൽ വരേണ്ട അവസരമാണിത്, ഇതൊരു പുണ്യക്ഷേത്രമാണല്ലോ. എന്നെന്നും വരാം, വീണ്ടും വരാം, വീണ്ടും തെരഞ്ഞെടുക്കപ്പെടും, അന്ന് പറയാം എന്നൊക്കെ പറഞ്ഞ് മാറ്റിവയ്ക്കുന്നതിനപ്പുറം പറയാനുള്ളതൊക്കെതന്നെ അതത് സന്ദർഭങ്ങളിൽ പറഞ്ഞ് പോകുകയാണ് വേണ്ടത്. ഒരു കാര്യം പറഞ്ഞിട്ടാണ് ഞാൻ തുടങ്ങിയത്, ഈ തലതെറിച്ച ആശയങ്ങൾ കുറച്ചൊക്കെ മസ്തിഷ്കത്തിൽ പേറാൻ കഴിവുള്ളവർ മാത്രം കടന്നു വരേണ്ട ഒരു വേദിയാണിത്. നാടോടുമ്പോൾ അതിന്റെ നടുവിൽക്കൂടി ഓടാൻ നമ്മളാരും പരിശ്രമിക്കണ്ട. ഇങ്ങോട്ട് പുഴ ഒഴുകുമ്പോൾ അതിനോടൊപ്പം ഒഴുകാനും നമ്മളാരും പരിശ്രമിക്കണ്ട. നാടോടുമ്പോൾ അങ്ങോട്ട് തിരിഞ്ഞുനിന്ന് നിങ്ങൾ എങ്ങോട്ടാണ് പോകുന്നതെന്ന് ചോദിക്കുക. പിന്നെ പുഴ ഒഴുകുന്ന വഴിയൊന്നും പറയുന്നില്ല. പുഴ ഒഴുകുമ്പോൾ നേരെ എതിർത്ത് ഒഴുകുക. ആ രൂപത്തിൽ കിട്ടാവുന്ന മർദ്ദനങ്ങൾ മുഴുവൻ ഏറ്റുവാങ്ങിക്കൊണ്ടുപോലും മാർക്സിസം ഉയർത്തിപ്പിടിക്കു ന്നതിനു വേണ്ടി തടവറയുടെ ഇരുട്ടിൽ ഒരുപാട് നാൾ കിടന്ന ഒരു മനുഷ്യനാണ്, ഒരു വ്യക്തിയാണ്, ഒരു കോമ്രേഡാണ്, ഒരു സഖാവാണ്, സഖാവ് പിണറായി വിജയൻ. അത് വായിച്ചുനോക്കിയാൽ മതി. ഇതേ അസംബ്ലി ഹാളിലാണ് കക്കയം ക്യാമ്പിൽനിന്നും സഖാവ് പിണറായി വിജയനെ വിട്ടപ്പോൾ അവശനായി തല്ലുകൊണ്ട്, അടികൊണ്ട്, എല്ലൊക്കെ ഒടിഞ്ഞുവന്ന സമയത്ത് ഇരിക്കാൻ പറഞ്ഞു, കയറി ഇരുന്നു. പിന്നീട് അതിനെക്കുറിച്ച് നമുക്കൊന്നും വലിയ വിവരമില്ല. പക്ഷെ, അവിടെ ഇരുന്നുകൊണ്ട് എല്ലാം എഴുതുന്നതിന് നേതൃത്വം കൊടുത്തിരുന്ന നിയമസഭാ സെക്രട്ടറിയായിരുന്ന ഡോ. ആർ. പ്രസന്നൻ എഴുതി, നിയമസഭയിൽ നിശബ്ദനായി, ശബ്ദമുണ്ടാക്കാൻ പറ്റില്ലല്ലോ. അദ്ദേഹത്തിന്റെ പുസ്തകമുണ്ട്, വായിച്ചുനോക്കുന്നത് നന്നായിരിക്കും. കൂടുതൽ ഒന്നും പറയുന്നില്ല. ഞാൻ തുടങ്ങിയത് തലതെറിച്ച ആശയങ്ങളിൽക്കൂടിയാണ്. ഒട്ടും തലതെറിച്ച ആശയങ്ങളില്ലാത്ത ഒരവസ്ഥയിൽ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു. അത് പറഞ്ഞപ്പോൾ എനിക്ക് ഓർമ്മ വന്നത് ഞാൻ ഒരു സിനിമ പിടിച്ചതുകൊണ്ടാണ് ഇപ്പോൾ ഇവിടെ വന്നിരിക്കുന്നത്, വടക്കുനോക്കി യന്ത്രം. പതിമൂന്ന് ലക്ഷം രൂപ പോയി ഇപ്പോൾ വേറൊന്നും ചെയ്യാനില്ല. ശ്രീ. എം. മുകേഷ് ഇവിടെ ഇരിക്കുന്നുണ്ടല്ലോ. ശ്രീ. മുകേഷ് മാത്രമല്ലല്ലോ, ശ്രീ. മുകേഷിനേക്കാൾ മുൻപ് അദ്ദേഹത്തിന്റെ അച്ഛൻ ഒ. മാധവൻ എത്രയോ ചെറുപ്പത്തിലേ അഭിനയിക്കുന്നത് കണ്ടവനാണ് ഞാൻ. അതുപോലെ ശ്രീ. എം. മുകേഷിന്റെ സഹോദരി ശ്രീമതി സന്ധ്യ അഭിനയിക്കുന്നത് കണ്ടവനാണ് ഞാൻ. കെ.പി.എ.സി.-യുടെ 'നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി' ഇപ്പോൾ കാണുന്നത് നല്ലതാണ്. അതുപോലെ തോപ്പിൽ

ഭാസിയുടെ 'ശരശയ്യ', ആർദ്രം പദ്ധതിയിലെ വിഷയമാണ് അതിലുള്ളത്. ഡോക്ടറായി കെ. പി. ഉമ്മറാണ് അഭിനയിച്ചിരുന്നത്. അതിലെ പ്രധാനപ്പെട്ട കഥാപാത്രമായ കെ.പി.എ.സി. സുലോചന ഡോക്ടറായ കെ. പി. ഉമ്മറിനോട് ചോദിക്കുകയാണ് 'ഡോക്ടർ, രോഗം ഒരു കുറ്റമാണോ' എന്ന്. രോഗം ഒരു കുറ്റമല്ല എന്ന് സ്ഥാപിക്കുന്നതിനുവേണ്ടി നമ്മുടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയുടെ വിജയത്തിനുവേണ്ടി എല്ലാവരും മുന്നിട്ടിറങ്ങി പ്രവർത്തിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

4.00 PM]

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. സാധാരണഗതിയിൽ ഗവർണർമാർ നയപ്രഖ്യാപന പ്രസംഗം നടത്തുന്നത് മാതാപിതാക്കളുടെ നിർബന്ധത്തിനുവഴങ്ങി ഇഷ്ടമില്ലാത്ത പെണ്ണിനെയോ പുരുഷനെയോ കല്യാണം കഴിക്കുന്ന ഒരാളിന്റെ സ്വഭാവത്തോടുകൂടിയാണ്. ഗവൺമെന്റിന്റെ നിലപാടുകളോട് യോജിപ്പുണ്ടായാലും ഇല്ലെങ്കിലും അതെല്ലാം വായിച്ച് തീർക്കുക എന്നത് ഗവർണർമാരുടെ ചുമതലയാണ്, അതുകൊണ്ട് വായിച്ച് തീർത്തതാണ്. അതുസംബന്ധിച്ച് ഇവിടെ നടന്ന ചർച്ചകളിൽ വാസ്തവത്തിൽ നയപ്രഖ്യാപനം എന്നുപറഞ്ഞാൽ ഭാവിയിൽ

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വരാൻ പോകുന്ന, ഇനിയുള്ള കാലഘട്ടങ്ങളിൽ ഗവൺമെന്റ് ഈ വർഷം സ്വീകരിക്കാൻ പോകുന്ന നയനിലപാടുകളെയാണ് വ്യക്തമാക്കേണ്ടത്. ഈ നയപ്രഖ്യാപന പ്രസംഗം പ്രധാനമായും ഒരു പ്രവർത്തന റിപ്പോർട്ടാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തന റിപ്പോർട്ടും കുറേ വിഫലമായ പ്രഖ്യാപനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ നയപ്രഖ്യാപനം. ഇവിടെ വികസന നേട്ടങ്ങളെക്കുറിച്ച് പല കാര്യങ്ങളും പറയുന്നുണ്ട്. സമയപരിമിതിമൂലം ഞാൻ അവയിലേയ്ക്കൊന്നും പ്രവേശിക്കുന്നില്ല. വികസന നേട്ടങ്ങളിൽ പാലങ്ങളെക്കുറിച്ചും മേൽപ്പാലങ്ങളെക്കുറിച്ചും മെട്രോയെക്കുറിച്ചുമൊക്കെ പറയുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാണപ്പെടുന്ന മേൽപ്പാലങ്ങളും മെട്രോയുമൊക്കെ എത്രയോ വർഷങ്ങൾക്ക് മുമ്പ് ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുള്ളതാണ്. പാലക്കാടുനിന്നും കോയമ്പത്തൂർ വരെ പോയാൽ കാണാം ഒന്നാംതരം മേൽപ്പാലങ്ങൾ. ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ കാണുന്ന മേൽപ്പാലങ്ങൾ ടിക്കറ്റെടുത്ത് കാണേണ്ടവയാണ്. 1975 സെപ്റ്റംബർ മാസത്തിൽ ഞാൻ മോസ്കോ നഗരത്തിലെ മെട്രോയിൽ സഞ്ചരിച്ചിട്ടുണ്ട്. എനിക്ക് മുമ്പുപോയ ആളുകളും സഞ്ചരിച്ചിട്ടുണ്ട്. കാരണം, അതിനുമുമ്പ് അവിടെ മെട്രോ പണിതിട്ടുണ്ട്, നാല്പത്തിയഞ്ച്

വർഷങ്ങൾക്ക് മുമ്പാണത്. വാസ്തവത്തിൽ നമുക്കൊരു മെട്രോ ഇപ്പോഴാണുണ്ടായത്. 1976-ഓടുകൂടി ഉക്രൈൻ എന്നുപറയുന്ന രാഷ്ട്രത്തിലും യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും വാഷിംഗ്ടണിലും അങ്ങനെ പല രാഷ്ട്രങ്ങളിലുമുണ്ടായിരുന്നു. ആ മേൽപ്പാലങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനംകൊണ്ടും വികസന നേട്ടങ്ങളായി ചിലതിനെ അതിശയോക്തിപരമായി അവതരിപ്പിച്ചതുകൊണ്ടും ഒരു തുടർ ഭരണം സ്വപ്നം കാണാൻ ഈ സർക്കാരിന് സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല. തദ്ദേശഭരണ തെരഞ്ഞെടുപ്പിലുണ്ടായ മുൻകൈ, അങ്ങനെ ഒരു മുൻകൈ ആണെങ്കിൽ അത് എടുത്ത് കാണിച്ചും കേരള കോൺഗ്രസ്സിന്റെ ഒരു ചെറിയ വിഭാഗം അപ്പുറംവന്നതുകൊണ്ടു മുണ്ടായ ഒരു മഹാസംഭവവും ഒരു തുടർ ഭരണം സ്വപ്നം കാണാൻ കഴിയുമെന്നത് പർവ്വതീകരിച്ചുള്ള ഒരു കാഴ്ചപ്പാടാണ്, അത് വസ്തുനിഷ്ഠ യാഥാർത്ഥ്യമാണെന്ന് ഞാൻ കരുതുന്നില്ല. കേരള കോൺഗ്രസ് അതിന്റെ പൂർവ്വകാല നേതാക്കന്മാർ ഒരു ശക്തമായ പാർട്ടിയായിരുന്ന നേരത്ത് സങ്കീർത്തനത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ പറയുന്നതുപോലെ ആറ്റരികത്ത് നട്ടിരിക്കുന്നതും തക്കസമയത്ത് ഫലം കായ്ക്കുന്നതും ഇലകൾ പൊഴിഞ്ഞുപോകാത്തതുമായ വൃക്ഷങ്ങളെപ്പോലെ കേരള കോൺഗ്രസ്സിനെ വളർത്തിയിരുന്നു. ഇന്ന് ആ അവസ്ഥയൊക്കെ മാറി അതെല്ലാം മറന്ന് ചെറിയൊരു വിഭാഗം അപ്പുറത്തേയ്ക്ക് പോയി എന്നതുകൊണ്ട് വലിയൊരു മാറ്റമുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തുന്നത് അപക്വമായ നിലപാടാണ്. മറ്റൊരു പ്രധാനപ്പെട്ട രാഷ്ട്രീയ പ്രശ്നമെന്ന് പറയുന്നത് കോൺഗ്രസ് മുക്ത ഭാരതമെന്നാണ്. ഭാരതീയ ജനതാ പാർട്ടിയുടെ ദേശീയ തലത്തിലുള്ള മുദ്രാവാക്യം വളരെ ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. കോൺഗ്രസ് മുക്ത ഭാരതം എന്നുപറയുന്നു, കമ്മ്യൂണിസ്റ്റ് മുക്ത ഭാരതം എന്നു പറയുന്നില്ല. ഇടത് മുക്ത ഭാരതമെന്ന് പറയുന്നില്ല കാരണമെന്താണ്? അത് അത്രയേറെ അവഗണിക്കപ്പെടാവുന്ന ഒന്നാണെന്നും അതിനെതിരായി ഒരു വലിയ നടപടി ക്രമത്തിന്റെ ആവശ്യമില്ലെന്നും ഭാരതീയ ജനതാ പാർട്ടി മനസ്സിലാക്കിയതുകൊണ്ട് അവർ കോൺഗ്രസ് മുക്ത ഭാരതം എന്നുപറയുകയാണ്. കോൺഗ്രസ് മുക്ത ഭാരതം എന്ന മുദ്രാവാക്യം അവർ മുന്നോട്ടുവയ്ക്കുന്നതുപോലെതന്നെയാണ് കോൺഗ്രസ് മുക്ത കേരളം എന്ന് ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവയ്ക്കുന്നത്, അല്ലെങ്കിൽ യു.ഡി.എഫ്. മുക്ത കേരളം. ഈ രണ്ട് പ്രവൃത്തിയും ഒരുപോലെയാണ്. കോൺഗ്രസ് മുക്ത ഭാരതം പോലെയുള്ള ഒരു മുദ്രാവാക്യം ജനസംഘവും ഭാരതീയ ജനതാ പാർട്ടിയും പൂർവ്വകാല ഇന്ത്യയിലെ രാഷ്ട്രീയ കക്ഷികളും മുന്നോട്ടുവച്ചപ്പോൾ അതിനെ സഹായിച്ചവർ തന്നെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ. തൽഫലമായി ഭാരതീയ ജനതാ പാർട്ടി അധികാരത്തിൽവന്നു. ഞാൻ ഒരു വലിയ ആളായതു കൊണ്ട് പറയുകയല്ല. 1992 മേയ് മാസം 1-ന് കുറ്റിപ്പുറത്ത് ചേർന്ന മുസ്ലീം ലീഗിന്റെ സമ്മേളനത്തിൽ ഫാസിസത്തിനെതിരെ ജനശക്തിയെന്ന ഒരു പ്രമേയം ഞാൻ എഴുതിത്തയ്യാറാക്കി അവതരിപ്പിച്ചിരുന്നു. അത് അച്ചടിക്കപ്പെട്ടതാണ്, ഇപ്പോഴും

കിട്ടാവുന്നതാണ്. അന്നത്തെ അവസ്ഥയിൽ രാജ്യം മുന്നോട്ടുപോകുകയാണെങ്കിൽ ഭാരതീയ ജനതാ പാർട്ടി ഇന്ത്യയിൽ അധികാരത്തിൽ വരുമെന്ന് ഇരുപത്തിയെട്ട് വർഷങ്ങൾക്കുമുമ്പ് അതിൽ പറഞ്ഞിട്ടുള്ളൊരാളാണ് ഞാൻ. അന്ന് ആരുമത് വിശ്വസിച്ചില്ല. ഫാസിസം എന്ന വാക്കുപോലും നമ്മുടെ കൂട്ടത്തിൽ ധാരാളമായി പറയുന്ന സ്വഭാവമുണ്ടായിരുന്നില്ല. അതുപോലെ സംഭവിച്ചു. കോൺഗ്രസ് തോൽക്കുമെന്നും ബി.ജെ.പി. അധികാരത്തിൽ വരുമെന്നും നമ്മൾ വിചാരിച്ചിട്ടില്ല. അതുപോലെ കേരളത്തിൽ യു.ഡി.എഫ്. തകർന്നു കാണണമെന്നതിനാണ് പൊതുവെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രാമുഖ്യം നൽകുന്നത്, അതൊരു ഭയാനകമായ സ്ഥിതിവിശേഷത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക ഘടനയുടെ ആഴങ്ങളിൽ വൻതോതിലുള്ള വർഗ്ഗീയ ധ്രുവീകരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് കേൾക്കുന്ന എല്ലാവരുടെയും മനസ്സിൽ അനവധി ഉദാഹരണങ്ങൾ അവർക്കെടുത്ത് പറയാൻ ഓർമ്മയിലുണ്ടാകും. പക്ഷെ അവ ഓരോന്നും ഞാൻ എടുത്തുപറയുന്നില്ല. ന്യൂനപക്ഷങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നു, ഭൂരിപക്ഷ സമുദായത്തിലെ ഒരു വിഭാഗത്തെ ആചാരാനുഷ്ഠാനങ്ങൾ ശബരിമലപോലുള്ള പ്രശ്നങ്ങൾ പറഞ്ഞ് പ്രകോപിതരാക്കുന്നു. അതിന്റെയെല്ലാം ഫലമായി ഇന്നത്തെ വേഗതയിലും സ്വഭാവത്തിലും കാര്യങ്ങൾ മുന്നോട്ടുപോയാൽ ഇടതുമുന്നണിക്കും യു.ഡി.എഫ്.-നും ഇനി പങ്കുവയ്ക്കാൻ രണ്ട് അവസരങ്ങൾകൂടി മാത്രമേ ലഭിക്കുകയുള്ളുവെന്നതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഇത് മുസ്ലീം ലീഗിന്റെയോ യു.ഡി.എഫ്.-ന്റെയോ അഭിപ്രായമല്ല. അങ്ങനെ സംഭവിച്ചാൽ അതിൽ അത്ഭുതപ്പെടാനില്ല. പത്ത് വർഷംകൂടി എൽ.ഡി.എഫും യു.ഡി.എഫും മാറി മാറി കേരളം ഭരിച്ചുവെന്ന് വരാം. അതുകഴിഞ്ഞാൽ പതിനഞ്ചാമത്തെ വർഷമാകുമ്പോൾ നമുക്ക് ഒന്ന് കൂടുകയല്ലേ എന്നും ചോദിച്ച് യു.ഡി.എഫ്.-നെ തെരഞ്ഞ് എൽ.ഡി.എഫ്. വരും. ബംഗാളിൽ നടക്കാൻ പോകുന്ന അതേ സാഹചര്യം കേരളത്തിൽ സംജാതമാകുമെന്ന് വിശ്വസിക്കാൻ ഇഷ്ടപ്പെടുന്ന ഒരാളാണ് ഞാൻ. അത് ശരിയായ ഒരു കാര്യമായതുകൊണ്ടല്ല, അങ്ങനെ സംഭവിച്ചാൽ അത്ഭുതപ്പെടാനുമില്ല. പതിനഞ്ച് വർഷം കഴിയുമ്പോൾ കേരളത്തിന്റെ വാതിലിൽ, അധികാരത്തിന്റെ വാതിലിൽ ബി.ജെ.പി. മുട്ടിവിളിക്കുമെന്ന് പറഞ്ഞാൽ ഇപ്പോഴൊന്നും ആരും വിശ്വസിക്കുകയില്ല. നിങ്ങളാരും വിശ്വസിക്കണമെന്ന് എനിക്ക് യാതൊരു നിർബന്ധവുമില്ല. ഞാൻ എന്റെ അഭിപ്രായം പറഞ്ഞുവെന്നുമാത്രം. അത് എന്റെ തികച്ചും വ്യക്തിപരമായ നിഗമനമാണ്. അങ്ങനെ സംഭവിച്ചാൽ അതിന്റെ നഷ്ടം അനുഭവിക്കുന്നത് മതേതര ശക്തികൾക്കാണ്. ഇടതുപക്ഷവും യു.ഡി.എഫ്.-മൊക്കെ മതേതര ശക്തികളാണ്. അതുകൊണ്ട് ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രയാണത്തിൽ, നയപരിപാടികളിൽ, നിലപാടുകളിൽ വളരെ മാറ്റം വരുത്തുകയും ഒന്നാമത്തെ മുഖ്യ ശത്രുവായി ബി.ജെ.പി.-യെ

കാണുകയും ചെയ്യേണ്ടത് ആവശ്യമാണ്. നിർഭാഗ്യവശാൽ അങ്ങനെയൊന്നുമല്ല. ഇവിടെ ലോക്കലായി ഭാരതീയ ജനതാ പാർട്ടിയുമായോ ആർ.എസ്.എസുമായോ ഒക്കെ ഐക്യമുണ്ടാകുന്നതിനെക്കുറിച്ചല്ല ദേശീയ തലത്തിലാണ് ഐക്യം. അതിന്റെ രഹസ്യങ്ങളൊന്നും നമുക്കറിഞ്ഞുകൂടാ ദേശീയ തലത്തിലൊരു സഖ്യമുണ്ട്. ഒരു ധാരണയും പരസ്പര മനസ്സിലാക്കലുമുണ്ട്. ബന്ധപ്പെട്ടവർ അതിന്റെ ചില പ്രതിഫലം പറ്റുന്നുണ്ട്. അത് എന്താണ്, ഏതാണ് എന്നൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അതൊരു ആപത്കരമായ പ്രവണതയാണ്. ഇപ്പോൾ ലാവ്‌ലിൻ കേസ് തന്നെ നീട്ടി ജൂൺ മാസത്തിലേയ്ക്ക് വച്ചിട്ടുണ്ടെന്ന് ഇന്നത്തെ ബ്രേക്കിംഗ് ന്യൂസായി വന്നു കൊണ്ടിരിക്കുന്നുണ്ട്. ഞാൻ പറയുന്നത് ഇങ്ങനെ പലപല സംഗതികളും നടക്കുന്നുണ്ട്. അത് നമ്മൾ ആലോചിക്കുന്നത് നല്ലതാണ്. ഭാരതീയ ജനതാ പാർട്ടി ഇന്ന് വളരെ ചെറിയൊരു പാർട്ടിയാണ്, കാര്യമായിട്ടൊന്നുമില്ല. പഞ്ചായത്തിൽത്തന്നെ 1500 മെമ്പർമാരെയുള്ളുവെന്നത് സത്യമാണ്. 28 വർഷം മുമ്പ് ഞങ്ങൾ അതിനെക്കുറിച്ച് പറയുമ്പോൾ രണ്ട് സീറ്റേയുണ്ടായിരുന്നുള്ളു. ഇങ്ങനെ വരുമെന്നൊന്നും ആരും വിചാരിച്ചിരുന്നില്ല. മതേതര ശക്തികൾക്ക് ഏറ്റവും ആപത്കരമായ ഒരു സാഹചര്യം രാഷ്ട്രീയ ചക്രവാളത്തിൽ ഉദയം ചെയ്തിരിക്കുന്നു. അതിനെ നാം കണ്ടില്ലെന്ന് ഭാവിക്കുന്നതും നമ്മൾ തമ്മിൽ കത്തി മൂർച്ച കൂട്ടുന്നതും ആപത്കരമായ ഒരു വിധാനത്തിലേയ്ക്ക് ഇന്ത്യയോടൊപ്പം കേരളത്തെയും കൊണ്ടുപോകുമെന്ന് താക്കീത് നൽകാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഇത് ആരും വിശ്വസി ച്ചില്ലെങ്കിലും രേഖകളിൽ കിടക്കട്ടെയെന്ന് മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇവിടെ കിറ്റ് കൊടുത്തതുകൊണ്ടോ അല്ലെങ്കിൽ പെൻഷനിൽ നൂറ് രൂപ വർദ്ധിപ്പി ച്ചതുകൊണ്ടോ ഒരു തുടർഭരണം വരുമെന്ന് ഞാൻ കരുതുന്നില്ല. നേരത്തെ പലരും പറഞ്ഞതുപോലെ, കിറ്റ് എന്നുപറയുന്നത് ചെറിയ കാര്യമാണ് എന്നാൽ സാധാര ണക്കാരെ സംബന്ധിച്ച് അതൊരു വലിയ കാര്യമാണ്. ധാരാളം വലിയ അഴിമതി ആരോപണങ്ങളും ആക്ഷേപങ്ങളും കേരള ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാ ത്തവിധം ദുർബലമായ അല്ലെങ്കിൽ മോശമായ പ്രതിഛായ സൃഷ്ടിച്ചൊരു ഗവൺമെന്റ് ഇവിടെ നിലനിൽക്കുമ്പോൾ അതിനെ കിറ്റുകൊണ്ട് നേരിടാമെന്ന് കരുതുന്നത് വലിയ ബലഹീനതയാണ്. ഇവിടെ ഒരു രസികൻ പറഞ്ഞതുപോലെ, ഇവിടെ വിതരണം ചെയ്ത കിറ്റിൽ അഞ്ഞൂറ് രൂപയിൽ താഴെ വിലയുള്ള എട്ട് സാധനങ്ങ ളാണ് ഉണ്ടായിരുന്നതെന്ന് എല്ലാവർക്കുമറിയാം; ഇവിടത്തെ രാഷ്ട്രീയ കിറ്റിൽ ഉണ്ടായിരുന്നത് ഒരു കിലോ അഴിമതി, ലേശം വർഗ്ഗീയത (തൊലി കളയാത്തത്) അഞ്ഞൂറ് ഗ്രാം, രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും അഞ്ഞൂറ് ഗ്രാം, സ്വജനപക്ഷപാതം ഇരുനൂറ്റിയമ്പത് ഗ്രാം, അതുപോലെയുള്ള ചില സാധനങ്ങളാണ്. അതുകൊണ്ടൊന്നും വിജയിച്ചുവരുമെന്ന് തോന്നുന്നില്ല. മിനിഞ്ഞാന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത കണ്ടപ്പോൾ എനിക്ക് ചിരി വന്നു. പെരിയ

കൊലക്കേസിൽ സി.ബി.ഐ. അന്വേഷണം വന്നപ്പോൾ ആ പ്രതികൾക്ക് സി.ബി.ഐ. ഓഫീസർമാരുടെ ചോദ്യം ചെയ്യലിനെ നേരിടാൻവേണ്ടി പാർട്ടി അഭിഭാഷക സംഘടനയുടെ യോഗം ചേർന്ന് മൂന്ന് പ്രഗൽഭന്മാരെ ഏർപ്പെടുത്തി ക്ലാസ് തുടങ്ങി. മുൻകാലങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദവും ചരിത്രപരമായ ഭൗതികവാദവും മാർക്സിയൻ സാമ്പത്തിക ശാസ്ത്രവുമൊക്കെയാണ് പാർട്ടി ക്ലാസ് നടത്തിയിരുന്നത്. ഇപ്പോഴാണെങ്കിൽ ഇ.ഡി., എൻ.ഐ.എ., സി.ബി.ഐ., വിജിലൻസ്, കസ്റ്റംസ് തുടങ്ങിയ ഓഫീസർമാരെ ശാസ്ത്രീയമായി എങ്ങനെ നേരിടാമെന്ന് ഒരാഴ്ച നീണ്ടുനിൽക്കുന്ന കോഴ്സുകൾ പാർട്ടി പ്രവർത്തകർക്ക് നൽകുന്ന നിർഭാഗ്യകരമായ സാഹചര്യമാണുള്ളത്. ഇത് പാർട്ടിക്കാർക്കല്ലാതെ പുറത്തുള്ളവർക്കും വേണമെങ്കിൽ മൂന്ന് മാസത്തെ ഒരു ഡിപ്ലോമ കോഴ്സായി നടത്താം. അതിനൊരു അവസരമുണ്ട്. ഇതെല്ലാം നോക്കുമ്പോൾ ഇന്നത്തെ പോക്ക് തീരെ ശരിയായിട്ടുള്ളതല്ല. അതിനാൽ തുടർന്നും അധികാരത്തിൽ വരാൻ സാധിക്കുമെന്ന് ഇവിടെ പലരും പറയുന്നതിനോട് ഞാൻ യോജിക്കുകയാണ്. പാർലമെന്റിൽ ഒരു പാറ്റേണാണ്, അസംബ്ലിയിൽ വേറൊരു പാറ്റേണാണ്, പഞ്ചായത്തിൽ വേറൊരു പാറ്റേണാണ്. അത് മനസ്സിലാക്കി, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഈ പ്രഖ്യാപനങ്ങളും വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളും മനസ്സിലാക്കാതെ, നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മന്ത്രിമാരോടും പാർട്ടി നേതാക്കളോടും യാഥാർത്ഥ്യം പറഞ്ഞുകൊടുക്കണം. അവരെ സുഖിപ്പിക്കാനാവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്താൽ ആപത്തിലേയ്ക്ക് നിങ്ങൾ അവരെ നയിക്കുകയാണ് ചെയ്യുന്നത്. അതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബാക്കിയുള്ള മന്ത്രിമാരോടും ഇതുതന്നെയാണ് വളരെ ശരിയെന്ന് പറഞ്ഞാൽ അവരെ കുണ്ടിൽ ചാടിക്കാൻ കൊണ്ടുപോകുകയാണ്. സത്യസന്ധമായ വിലയിരുത്തലാണ് ആവശ്യമായിട്ടുള്ളത്. വളരെ അനുകൂലമായ സാഹചര്യങ്ങളൊന്നും കേരളത്തിലില്ല. ഐക്യ ജനാധിപത്യ മുന്നണി നല്ല ഭൂരിപക്ഷത്തോടുകൂടി നിയമസഭാ തെരഞ്ഞെടുപ്പിൽ വീണ്ടും അധികാരത്തിൽ വരുമെന്ന് പൂർണ്ണമായും വിശ്വസിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഗവൺമെന്റ് കഴിഞ്ഞ നാലര വർഷം നടത്തിയ പ്രവർത്തനങ്ങളും ഇനി നടത്താനിരിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനുംവേണ്ട നയമാണ് ഇവിടെ വ്യക്തമാക്കിയത്. നിരവധി വെല്ലുവിളികളുണ്ടായ ഗവൺമെന്റ് എന്നല്ല വെല്ലുവിളികളെ മികച്ച രീതിയിൽ ഏറ്റെടുത്ത്, അത് തരണം ചെയ്തുകൊണ്ട് ഏറ്റവും നന്നായി അതിജീവിച്ച ഗവൺമെന്റ് എന്നായിരിക്കും വിലയിരുത്തുക. നിരവധി വെല്ലുവിളികൾ, രണ്ട് പ്രളയങ്ങൾ, ഓഖി, നിപ ഇതെല്ലാം കണ്ടപ്പോൾ ഇനിയും

കൂടുതൽ ദുരന്തങ്ങൾ വരികയും അതിൽനിന്ന് വലിയ നേട്ടങ്ങളുണ്ടാക്കാമെന്ന് സ്വപ്നം കണ്ട പലരുമുണ്ട്. എന്നാൽ ഈ പ്രതിസന്ധി ഘട്ടത്തിലൊക്കെ ജനങ്ങളുടെകൂടെ നിന്നുകൊണ്ട് ലോകത്തിനുതന്നെ മാതൃകയായ പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. അതിനൊരു കാരണം, ഈ ഗവൺമെന്റിനുള്ള കൃത്യമായ കാഴ്ചപ്പാടാണ് പ്രകടനപത്രികയിൽ അവതരിപ്പിച്ചത്. അത് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുക മാത്രമല്ല, അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയുണ്ടെന്ന് സർക്കാരിനെ എതിർക്കുന്നവരെക്കൊണ്ടുകൂടി പറയിപ്പിച്ച ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ഗവൺമെന്റ്. ഗെയിൽ പൈപ്പ് ലൈൻ വഴി ഗ്യാസ് കൊണ്ടുപോകാൻ തുടങ്ങി, അത് ഉദ്ഘാടനം ചെയ്തു. അത് നടപ്പിലാകാൻ പോകുന്നില്ലെന്നാണ് പറഞ്ഞത്. വൈറ്റില, കുണ്ടന്നൂർ പാലം, ട്രാൻസ്ഗ്രിഡ് പദ്ധതി തുടങ്ങിയ നടപ്പിലാകില്ലെന്ന് പറഞ്ഞതിനെയെല്ലാം നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയുണ്ടെന്ന് ഈ ഗവൺമെന്റ് കാണിച്ചുകൊടുത്തു. ഇച്ഛാശക്തി മാത്രമല്ല ഈ ഗവൺമെന്റിന്റെ പ്രത്യേകത. ഇച്ഛാശക്തിയും കാഴ്ചപ്പാടുമുണ്ടായാൽ മാത്രം പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ല. അതിനുവേണ്ട റിസോഴ്സസ്, പ്രത്യേകിച്ച് പണം ലഭ്യമാക്കാനുള്ള കഴിവുകൂടിയുണ്ടാകണം. അത്തരത്തിലുള്ള കഴിവുകൂടിയുള്ള ഗവൺമെന്റാണിത്. അതുകൊണ്ടാണ് കിഫ്ബി വഴി 56,00-ത്തോളം കോടി രൂപയുടെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞത്. അന്ന് കിഫ്ബിയുടെ കാര്യം പറയുമ്പോൾ മലർപ്പൊടിക്കാരന്റെ സ്വപ്നമാണ് കിഫ്ബി, അത് ഒരിക്കലും നടപ്പിലാക്കാൻ പോകുന്നില്ലെന്ന് ഈ നിയമസഭയിൽ പ്രസംഗിച്ച പല യുവനേതാക്കളെക്കൊണ്ടും കിഫ്ബിയുടെ പദ്ധതി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ എന്റെ മണ്ഡലത്തിൽക്കൂടി നടപ്പിലാക്കണമെന്ന് പറഞ്ഞുകൊണ്ട് ഇവിടെ പ്രമേയങ്ങളും സബ്മിഷനുകളും അവതരിപ്പിക്കുന്ന രീതിയിലേയ്ക്ക് വരികയുംചെയ്തു. കിഫ്ബിയുടെ പദ്ധതിക്കുവേണ്ടി ക്യൂ നിൽക്കുന്ന രീതിയിലേയ്ക്ക് വന്നപ്പോൾ ഒരു കാര്യം മാത്രമാണ് പറയാനുള്ളത്, നിങ്ങൾക്ക് മലർപ്പൊടിക്കാരന്റെ സ്വപ്നമാണെന്ന് തോന്നുന്ന പദ്ധതികൾ യാഥാർത്ഥ്യമാക്കി കാണിക്കുന്ന ഇച്ഛാശക്തിയുടെ പേരാണ് ഇടതുപക്ഷ ഗവൺമെന്റ്. ഈ ഗവൺമെന്റ് അചഞ്ചലമായ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ഗവൺമെന്റാണ്. ഈ ഗവൺമെന്റിനെക്കുറിച്ച് വർഗ്ഗീയ ധ്രുവീകരണത്തിന്റെ പേരു പറഞ്ഞ് പലതരത്തിലുള്ള വാക്കുകൾ പ്രയോഗിച്ചു. ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രത്യേകത അചഞ്ചലമായ മതനിരപേക്ഷത കാത്തുസൂക്ഷിച്ചുകൊണ്ട്, എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിച്ചുകൊണ്ട് നിൽക്കുന്നൊരു ഗവൺമെന്റാണ് എന്നുള്ളതാണ്. സാധാരണക്കാരനും പാവപ്പെട്ടവനും എല്ലാവർക്കും ക്ഷേമ പദ്ധതികൾ എത്തിക്കുന്ന ഗവൺമെന്റാണിത്. വളരെ മികച്ച രീതിയിലുള്ള വികസനപ്രവർത്തനങ്ങൾ നടത്തുന്ന ഗവൺമെന്റാണ്. വ്യാജ പ്രചരണങ്ങളെയും ഇത്തരത്തിലുള്ള നുണകളെയുമൊക്കെ അതിജീവിച്ച് അവിശ്വാസ പ്രമേയത്തെ പ്രോഗ്രസ് റിപ്പോർട്ടുകൊണ്ട് നേരിട്ട ചരിത്രത്തിലെ ഏക ഗവൺമെന്റാണ് സഖാവ് പിണറായി വിജയൻ നയിക്കുന്ന

ഇടതുപക്ഷ ഗവൺമെന്റെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ അടുത്ത തെരഞ്ഞെടുപ്പിൽ ജയിക്കും, യു.ഡി.എഫ്. അധികാരത്തിൽ വരുമെന്നൊക്കെ പറഞ്ഞുകൊണ്ട് വലിയ രീതിയിൽ ആത്മവിശ്വാസമില്ലാതെ സംസാരിക്കുന്ന പലരെയും ഞാനിവിടെ കണ്ടു. ഒരു കാര്യം മാത്രമേ പറയാനുള്ളൂ, അഞ്ച് വർഷം ലോഡ് ഷെഡ്ഡിംഗില്ലാതെ, പവർകട്ടില്ലാതെ, യാതൊരുതരത്തിലും ഇരുട്ടിലാക്കാതെ ഈ നാടിനെ വെളിച്ചത്തോടെ കാത്ത് ഊർജ്ജ സംരക്ഷണ അവാർഡ് നേടിയതാണ് ഞങ്ങളുടെ ഗവൺമെന്റ്. അതുകൊണ്ട് വീണ്ടും ഇരുട്ടിലേയ്ക്ക് പോകാൻ കേരള ജനത ആഗ്രഹിക്കില്ലെന്ന് ഉറപ്പുണ്ട്. എല്ലാവർക്കും പാർപ്പിടം എന്ന സ്വപ്നം, ഞാൻ നേരത്തെ പറഞ്ഞില്ലേ; കാഴ്ചപ്പാടുണ്ട്, എല്ലാവർക്കും പാർപ്പിടവും കുടിവെള്ളവും വിദ്യാഭ്യാസവും നൽകണമെന്ന കാഴ്ചപ്പാടുകൾകൊണ്ട് മാത്രമായില്ല. എല്ലാവർക്കും വീട് എന്ന സ്വപ്നം എങ്ങനെയുണ്ടാക്കാം അതാണ് 'ലൈഫ് പദ്ധതി'. ആദ്യം കംപ്ലീറ്റ് ചെയ്യാത്ത വീടുകൾക്കുവേണ്ടി ഫണ്ട് അനുവദിച്ച് പൂർണ്ണമായി അത്തരത്തിലുള്ള വീടുകൾ നവീകരിച്ചുകഴിഞ്ഞു. രണ്ടാംഘട്ടത്തിൽ സ്ഥലമുണ്ട്, വീടില്ലാത്തവർക്ക് വീട് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു. അതും ഏതാണ്ട് പൂർത്തീകരണത്തിൽ എത്തുന്നു. മൂന്നാം ഘട്ടത്തിൽ നിങ്ങൾ സ്വപ്നംപോലും കാണാത്ത പദ്ധതിയാണ് ഫ്ലാറ്റ് നിർമ്മിച്ചുകൊണ്ട് ഈ നാട്ടിൽ ഭൂമിയില്ലാത്ത ഓരോ മനുഷ്യന്റെയും സ്വപ്നമായ വീട് യാഥാർത്ഥ്യമാക്കാനുള്ള പദ്ധതി മികച്ച രീതിയിൽ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങളുമായി പോകുന്ന സമയത്താണ് നേരത്തെ സൂചിപ്പിച്ച, വടക്കാഞ്ചേരി അംഗമടക്കമുള്ള ആളുകൾ ഈ പദ്ധതിയെ തുരങ്കം വയ്ക്കാൻ കേന്ദ്രസർക്കാരിന്റെ കൂടെ നിന്നത്. ഭൂരഹിതരായ ആളുകൾക്ക് ഫ്ലാറ്റ് നൽകിക്കൊണ്ട് അത് യാഥാർത്ഥ്യമാക്കാനുള്ള പദ്ധതി ഈ വർഷം വളരെ മികച്ച രീതിയിൽ കൂടുതൽ പ്രദേശത്ത്, പട്ടാമ്പിയിലുൾപ്പെടെ എല്ലാ മേഖലയിലും ആരംഭിക്കാൻ പോകുകയാണ്. വലിയ പട്ടിണി (Hunger index) നേരിടുന്ന 107 രാജ്യങ്ങളിൽ 94-ാമതായി ഇന്ത്യ നിൽക്കുകയാണ്. വലിയ പട്ടിണിയിലേയ്ക്ക് നമ്മുടെ രാജ്യം ലോക്ഡൗണിനുശേഷം മാറിക്കൊണ്ടിരിക്കുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാന സർക്കാരുകളൊന്നുംതന്നെ നല്ല പദ്ധതികൾ പ്രഖ്യാപിക്കാത്ത സമയത്താണ് ആദ്യമായി ഇന്ത്യയിലൊരു സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്നതിനുമുമ്പ് 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചത്. കേരളത്തിൽ ഒരാളുപോലും പട്ടിണി കിടക്കരുതെന്ന് മനസ്സിലാക്കി ഭക്ഷ്യധാന്യ കിറ്റ് മാസങ്ങളായി വീടുകളിൽ എത്തിക്കുമ്പോൾ അതിന് വലിയൊരു എഫർട്ടുണ്ട്. അത് കൃത്യമായി പായ്ക്ക് ചെയ്ത് വീടുകളിലെത്തിക്കാൻ പ്രവർത്തിക്കുന്ന ഓരോരുത്തരെയും ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങനെ പ്രവർത്തിക്കുമ്പോൾ, ഏതെങ്കിലും പായ്ക്കിൽ ഒരു ഗ്രാം കുറഞ്ഞിട്ടുണ്ടോയെന്ന് നോക്കാൻ പോകുന്ന വളരെ മോശമായ പ്രവർത്തനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ളത്. പൊതു വിതരണ സംവിധാനം എത്ര മെച്ചപ്പെട്ടു. പഴയ അഞ്ചുവർഷം തിരിച്ചുവരണമെന്നാണോ

പറയുന്നത്; ഇന്ന് റേഷൻ കടകളിലേയ്ക്ക് നോക്കൂ. അഴിമതിയില്ലാതെ എത്ര മാന്യമായിട്ടാണ് ആളുകൾക്ക് ലഭ്യമാക്കേണ്ട അവകാശപ്പെട്ട സാധനങ്ങൾ കിട്ടുന്നത്, പട്ടിണിയില്ലാതെ മെച്ചപ്പെട്ട രീതിയിലേയ്ക്ക് പോകുന്നത്. ലോക്ഡൗണിന്റെ കാലത്ത് പാവപ്പെട്ടവന് വിദ്യാഭ്യാസം ലഭ്യമാക്കാൻ KITE-ന്റെ ഭാഗമായി മികച്ച രീതിയിലുള്ള ഓൺലൈൻ വിദ്യാഭ്യാസമാണ് വിക്ടേഴ്സ് ചാനൽ വഴി നടപ്പിലാക്കിയത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെല്ലാം പകച്ചുനിന്ന സമയത്താണ് കേരളാ ഗവൺമെന്റ് മികച്ച രീതിയിൽ കുട്ടികളുടെ അദ്ധ്യയന വർഷവും പരീക്ഷയും നടത്തിക്കൊണ്ട് മാതൃകയായത്. അവരുടെ പരീക്ഷ മുടക്കാനുള്ള ശ്രമങ്ങളാണ് നിങ്ങൾ നടത്തിയത്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് ഈ നാട്ടിലെ വിദ്യാർത്ഥികൾക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കിയത്. 2000-ത്തിലധികം വരുന്ന സ്കൂളുകളിൽ ഏറ്റവും മികച്ച കെട്ടിടങ്ങൾ വന്ന ഒരു കാലഘട്ടമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേത്. യു.ഡി.എഫ്.-ന്റെ കാലത്ത്, എന്തായിരുന്നു സ്കൂളുകളുടെ അവസ്ഥ? അഭിമാനത്തോടുകൂടി പറയാൻ സാധിക്കും, പട്ടാമ്പി മണ്ഡലത്തിലടക്കം കേരളത്തിലെ എല്ലാ മണ്ഡലത്തിലും പ്രതിപക്ഷ മണ്ഡലങ്ങളിലടക്കം എല്ലാ വിദ്യാലയങ്ങളും മികച്ച സൗകര്യങ്ങളോടെ ഏറ്റവും മികച്ച കെട്ടിടങ്ങൾ വന്നൊരു കാലഘട്ടമാണ്. അത് വേണ്ടെന്ന് പറയാൻ ഈ നാട്ടിലെ സാധാരണക്കാരന് പറ്റുമോ? യു.ഡി.എഫ്.-ന്റെ കാലത്ത് നാലേമുക്കാൽ ലക്ഷം കുട്ടികളാണ് സർക്കാർ വിദ്യാലയങ്ങളിൽനിന്നും പോയത്. എന്നാൽ ആറരലക്ഷം കുട്ടികളാണ് വളരെ മികച്ച സൗകര്യങ്ങളൊരുക്കിക്കൊണ്ട് ഇടതുപക്ഷത്തിന്റെ സമയത്ത് ആരെയും ആനയിച്ച് വിളിക്കാതെതന്നെ ഇടതുസർക്കാരിന്റെ ഭരണത്തിന്റെ മികവിന്റെ ഭാഗമായി കടന്നുവന്നത്. ഇതൊന്നും നമുക്ക് മറക്കാൻ സാധിക്കില്ല. 'നീതി ആയോഗ് ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികൾ, കേരളത്തിലെ ഭരണത്തെക്കുറിച്ച് നിങ്ങൾക്കറിയില്ലേ; 'Sustainable Development Goals' കേരളം ഒന്നാമതായി വീണ്ടും നിൽക്കുന്നു, ഭരണത്തിൽ മികച്ച് നിൽക്കുന്നു. ആരോഗ്യ മേഖലയിൽ കോവിഡ്-19 ന്റെ കാലത്തെ പ്രവർത്തനങ്ങൾ, ടെസ്റ്റ് പോസിറ്റിവിറ്റി വർദ്ധിച്ചിരിക്കുകയാണ് അതുകൊണ്ട് കോവിഡ്-19 ന്റെ പ്രവർത്തനങ്ങൾ കേരളത്തിൽ മോശമാണെന്ന് ഇവിടെ പലരും പറഞ്ഞു, ഇവിടെ ഏറ്റവും കൂടുതൽ ടെസ്റ്റ് നടക്കുന്നു. ടെസ്റ്റ് പോസിറ്റിവിറ്റി ഉണ്ടാകുമ്പോഴും ഒരു കാര്യം നിങ്ങൾ അറിയണം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഇത്രയും ടെസ്റ്റ് പോസിറ്റിവിറ്റി ഉണ്ടായിട്ടും ഇപ്പോഴും മരണനിരക്ക് കുറഞ്ഞ സംസ്ഥാനം എന്നത് കാണാതിരിക്കാൻ പറ്റില്ല. ടെസ്റ്റ് പോസിറ്റിവിറ്റി കൂടുമ്പോഴും മരണനിരക്ക് കുറച്ചുനിർത്താനുള്ള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം, ഈ ഘട്ടത്തിൽ പട്ടാമ്പി എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാൻ പട്ടാമ്പിയിലെ ആരോഗ്യ പ്രവർത്തകരെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇന്ന് 179-ാമത്തെ ദിവസമാണ്, അവിടെ ആന്റിജൻ ടെസ്റ്റ് നടക്കുകയാണ്. 56000-ത്തോളം ആളുകളെ സർക്കാർ ഫണ്ട്

കൊടുത്ത് സൗജന്യമായി ടെസ്റ്റ് ചെയ്യുകയാണ്. ഡോ. സിദ്ദിഖിന്റെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ രാപകലില്ലാതെ പ്രവർത്തിക്കുകയാണ്. നാളെ 180-ാമത്തെ ദിവസത്തിലേയ്ക്ക് കടക്കുകയാണ്. എത്ര മികച്ച പ്രവർത്തനങ്ങളാണ് ആരോഗ്യ മേഖലയിലെന്ന് നിങ്ങൾക്കറിയില്ലേ; എത്ര മികച്ച സൗകര്യങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതടക്കമുള്ള കാര്യങ്ങൾ, സമയം കുറവായതുകൊണ്ട് ഞാൻ പറയുന്നില്ല. രാജ്യവ്യാപകമായി നമുക്ക് അന്നം തരുന്ന കർഷകർ തെരുവുകളിൽ സമരം ചെയ്യുകയാണ്. അതിശൈത്യത്തെ വകവയ്ക്കാതെ സമരം ചെയ്യുമ്പോൾ അതിൽ പലരും മരിച്ചുവീഴുകയാണ്. ഈ ഘട്ടത്തിൽ രാജ്യത്തിന്റെ പ്രധാനപ്പെട്ട പ്രതിപക്ഷമെന്ന് പറയുന്ന കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനാകേണ്ട ആളായിട്ടുപോലും പ്രധാനമന്ത്രി സ്ഥാനാർത്ഥിയായിരുന്ന ആളായിട്ടുപോലും ശ്രീ. രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ളവർ അവിടെയില്ല. ഇത് നാണക്കേടല്ലേ? ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ രാജ്യം കടന്നുപോകുമ്പോൾ സി.എ.എ. നടപ്പിലാക്കാൻ നിൽക്കുന്ന സമയത്ത് മതന്യൂനപക്ഷങ്ങൾ ഏറ്റവും വലിയ വെല്ലുവിളികളിലേയ്ക്ക് പോയപ്പോൾ, ശ്രീ. സിദ്ദിഖ് കാപ്പനടക്കമുള്ളവരുടെ കാര്യങ്ങൾ നിങ്ങൾ പറഞ്ഞു. സർവ്വശ്രീ സഞ്ജീവ് ഭട്ട്, ജി. എൻ. സായിബാബ, വരവരറാവു അടക്കമുള്ള നിരവധിപേർ ജയിലിലാണ്. ഇവരെയൊക്കെ ജയിലി ലിട്ടിരിക്കുന്നതിന് മാറ്റം വരണമെങ്കിൽ കേന്ദ്രത്തിൽ അതിശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. എന്നാൽ അതിനുവേണ്ട നടപടി സ്വീകരിക്കാതെ മത ന്യൂനപ ക്ഷങ്ങൾ, ജനങ്ങൾ, അന്നം തരുന്ന കർഷകർ എന്നിവർ വെല്ലുവിളിക്കപ്പെടുമ്പോൾ പാർലമെന്റിലേയ്ക്ക് 18 പേരെ കേരള ജനത വിശ്വാസത്തോടെ അയച്ചിട്ട് അവിടെ പാർലമെന്റിൽ പ്രധാനമന്ത്രിയോട് നേരിട്ട് വർത്തമാനം പറയേണ്ട സമയത്ത് ആ പാർലമെന്റ് പദം രാജിവച്ച് കേരളത്തിൽ അധികാരത്തിനുവേണ്ടി വരാൻ നിൽക്കുന്ന എം.പി.-മാരാണ് നിങ്ങളുടെ കൂട്ടത്തിലുള്ളത്. ആത്മാർത്ഥതയില്ലാത്ത ആളുകൾ. കേന്ദ്ര അന്വേഷണ ഏജൻസികളെക്കുറിച്ച് നിങ്ങൾക്കറിയില്ലേ; കോൺഗ്രസ്സിൽ നിന്ന് അന്വേഷണം നേരിട്ടപ്പോൾ ബി.ജെ.പി.-യിലേയ്ക്ക് പോയ എത്ര പേരെയാണ് അന്വേഷണത്തിൽനിന്നും ഒഴിവാക്കിയത്? സർവ്വശ്രീ നാരായണ റാണ, ഡി. കെ. ശിവകുമാർ, ചിദംബരം ഇങ്ങനെ നിരവധിയാളുകൾക്കെതിരെ എന്തിനധികം ശ്രീ. രാഹുൽഗാന്ധി, ശ്രീമതി സോണിയാ ഗാന്ധിക്കെതിരെയൊക്കെ കേന്ദ്ര ഏജൻസികൾ വരുമ്പോൾ അതിനെതിരെ ശക്തമായി കേന്ദ്രം നേതൃത്വം കൊടുക്കുമ്പോൾ ഇടതുപക്ഷ വിരുദ്ധത കാരണം നിങ്ങൾ കേന്ദ്ര സർക്കാരിന്റെകൂടെ നിന്നുകൊണ്ട് അധികാരത്തിലിരിക്കുന്ന ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള ശ്രമത്തിന് കൂട്ടു നിൽക്കുകയാണ്. സ്വർണ്ണക്കടത്തിന്റെ കാര്യം നിങ്ങളറിയണം. ഇവിടെ സ്വർണ്ണക്കടത്ത് പിടിക്കപ്പെട്ടപ്പോൾ ഒരു ജ്വല്ലറി നടത്തിയിരുന്ന ആളുണ്ട്, ഈ നിയമസഭയിലു ള്ളയാൾ, ജ്വല്ലറിയിലേയ്ക്കുള്ള സ്വർണ്ണം നിലച്ചപ്പോൾ സ്വന്തം പാർട്ടിക്കാർ കേസ് കൊടുത്തു. അവരിപ്പോൾ ജയിലിലാണ്. ഞാൻ ആളുടെ പേര് പറയുന്നില്ല.

ആരാണ് സ്വർണ്ണം കടത്തിയത്; എവിടെ നിന്നാണ് കടത്തിയത്; എങ്ങോട്ടാണ് കടത്തിയത്; ഇത്ര കാലമായിട്ടും അന്വേഷണം നടത്തിയിട്ടില്ല; ആരെ രക്ഷിക്കാനാണ്? മുഖ്യപ്രതിയായ ബി.ജെ.പി.-ക്കാരനെ മാപ്പുസാക്ഷിയാക്കിയിരിക്കുന്നു. ഈ കേസിൽ ശ്രീമതി സ്വപ്ന സുരേഷ് എന്ന വ്യക്തി ബാംഗ്ലൂരിലേയ്ക്ക് പോകുമ്പോൾ ജാമ്യാപേക്ഷയ്ക്കുവേണ്ടി ഹാജരായ വക്കീലാണ് ഇന്ന് കസ്റ്റംസിന്റെ വക്കീൽ. അത് നിങ്ങൾ തിരിച്ചറിയണ്ടേ; ഏതൊക്കെ തരത്തിലാണ് ഈ രാജ്യത്ത് ഇത്തര ത്തിലുള്ള കാര്യങ്ങൾ നടക്കുന്നത്; അന്വേഷണ ഏജൻസികൾക്ക് നിങ്ങൾ കുഴലൂത്തുകാരാകുമ്പോൾ ഒരു കാര്യം അറിയുക, ഇന്ന് ഞങ്ങളല്ലെങ്കിൽ നാളെ നിങ്ങളുടെ വീട്ടുമുറ്റത്തേയ്ക്ക് അവർ ഓരോരുത്തരും വരും. ഈ രാജ്യത്തിന്റെ മതനിരപേക്ഷതയും ജനാധിപത്യവും തകർക്കാനും ഈ നാടിന്റെ ഭരണഘടന തകർക്കാനുമുള്ള ആസൂത്രിത ശ്രമത്തിന് ഇടതുവിരുദ്ധത മനസ്സിൽവച്ചുകൊണ്ട് അതിന്റെകൂടെ നിൽക്കുന്ന കേരളത്തിലെ കോൺഗ്രസ്സും കേരളത്തിലെ മുസ്ലീം ലീഗും ഇതിന് മറുപടി പറയേണ്ടിവരും, കാലം മറുപടി പറയിക്കുമെന്നാണ് പറയാനുള്ളത്. കെ-ഫോൺ, കെ-റെയിലടക്കമുള്ള മികച്ച വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്ക് കേരളാ ഗവൺമെന്റ് കടക്കുകയാണ്. തീർച്ചയായും ഈ ഗവൺമെന്റിന് ഒരു ഭരണത്തുടർച്ചയുണ്ടാകും. മതനിരപേക്ഷതയിൽ വിശ്വസിക്കുന്ന, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന, സാധാരണക്കാരനെ പരിഗണിക്കുന്ന, വികസന കാഴ്ചപ്പാടുകളെ അംഗീകരിക്കുന്ന ഏറ്റവും മികച്ച രീതിയിൽ ആധുനിക വികസനങ്ങൾ കൊണ്ടുവരാൻ ഇടതുപക്ഷം നിലകൊള്ളുമ്പോൾ അവരെ അംഗീകരിക്കുന്ന ആബാലവൃദ്ധം ജനങ്ങൾ ജാതി-മത, കക്ഷി-രാഷ്ട്രീയ വ്യത്യാസമെന്യേ ഇടതുപക്ഷത്തിന്റെകൂടെ നിൽക്കുമെന്നതിൽ സംശയമില്ല. കേവലം അധികാരത്തിനുവേണ്ടി എല്ലാ രാഷ്ട്രീയവുമെടുത്ത് കളയുന്ന നിങ്ങളെ നാട് തിരിച്ചറിയുകയും ഒറ്റപ്പെടുത്തുകയും ചെയ്യുമെന്നതിൽ സംശയമില്ല എന്നുമാത്രം പറഞ്ഞുകൊണ്ട്, ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി.

ശ്രീ. പി. ടി. തോമസ്: സർ, യാതൊരു നയവുമില്ലാത്ത ഈ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ എതിർക്കുകയാണ്. ഈ പ്രസംഗവും അതിനെ പിന്തുണച്ചുള്ള പ്രസംഗവും കേട്ടപ്പോൾ തെരുവുതെമ്മാടിയായ ഒരാൾ മരണപ്പെട്ടപ്പോൾ നന്മയുടെ പ്രതീകവും സ്നേഹത്തിന്റെ നിറകുടവുമായ ഈ മഹാത്മാവിന്റെ മരണം സഹിക്കാൻ പറ്റില്ലെന്ന് ശവസംസ്കാര ശുശ്രൂഷമദ്ധ്യേ ഒരു വൈദികൻ നടത്തിയ പരാമർശമാണ് ഓർമ്മ വരുന്നത്. അപ്പോൾ മക്കൾ പരസ്പരം ചോദിച്ചു, നമ്മുടെ അപ്പനെക്കുറിച്ചുതന്നെയാണോ ഈ പറയുന്നത് എന്നുചോദിച്ച ഒരു അനുഭവമാണ് ഈ നയപ്രഖ്യാപന പ്രസംഗം കേട്ടപ്പോൾ തോന്നിയത്. സി.പി.ഐ.(എം.) എതിർത്ത

കാര്യങ്ങളൊക്കെ ഇപ്പോൾ നടപ്പിലാക്കാൻ നോക്കുകയാണ്. ഇലക്ട്രിക് ഓട്ടോറിക്ഷ, കമ്പ്യൂട്ടർ, കല്ലുവെട്ടി യന്ത്രം, ട്രാക്ടർ, മിൽ, കൊയ്ത്ത് യന്ത്രം, ജെ.സി.ബി., വിമാന ത്താവളം, എക്സ്പ്രസ്സ് ഹൈവേ, സ്മാർട്ട് സിറ്റി, മെട്രോ, ഗെയിൽ, എ.ഡി.ബി. വായ്പ, വിഴിഞ്ഞം പ്രോജക്ട്, സ്വാശ്രയ കോളേജ്, പ്ലസ് ടു, ആണവ കരാർ, പഞ്ചായത്ത് രാജ്, കോൺട്രിബ്യൂട്ടറി പെൻഷൻ, എം. എൻ. ഗോവിന്ദൻ നായർ ലക്ഷം വീട് പദ്ധതി, ടി. വി. തോമസിന്റെ വിദേശ സഹായം സ്വീകരിക്കാനുള്ള നടപടി ഇതെല്ലാം ഇപ്പോൾ അവർ ഉയർത്തിക്കാട്ടുകയാണ്. എന്റെ കയ്യിലിരിക്കുന്ന ഈ കടലാസ്, ഗെയിൽ പൈപ്പ് ഭൂമിക്കടിയിൽ വന്നാൽ കേരളം മുഴുവൻ തീപിടിക്കുമെന്നുള്ള ശ്രീ. പിണറായി വിജയന്റെ പ്രസ്താവനയാണ്. (കടലാസ് ഉയർത്തിക്കാട്ടി.) കോട്ടയത്തെ അനാഥമാക്കിയ ശ്രീ. ജോസ്. കെ. മാണി സമാധാനം പറയുക എന്ന വാസവന്റെയും കൊച്ചി മെട്രോയ്ക്കെതിരെയും കണ്ണൂർ വിമാനത്താവളത്തിനെതിരെയും ഗെയിൽ പൈപ്പ് ലൈനിനെതിരെയും നടത്തുന്ന സമരങ്ങൾ-ഇതൊക്കെ ചെറുതായൊന്ന് ഓർമ്മിപ്പിച്ചെന്നേയുള്ളൂ. ഇവർ കേരളത്തിലെ മുഴുവൻ സമുദായ സംഘടനകളായ എസ്.എൻ.ഡി.പി.-യെയും എൻ.എസ്.എസ്.-നെയും യാക്കോബായക്കാരെയും ഓർത്തഡോക്സുകാരെയും തമ്മിലടിപ്പിച്ചു. ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും അടിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ ചെറിയൊരു നേട്ടമുണ്ടാക്കാൻ കഴിയുമോയെന്നാണ് ഇവരുടെ കുബുദ്ധി. നടക്കാൻ പോകുന്നില്ല; താൽക്കാലികമായ ചില വിജയങ്ങളുണ്ടായി എന്ന് നിങ്ങൾക്ക് അവകാശപ്പെടാം. കേരളത്തിൽ മൊത്തമുള്ള തെരഞ്ഞെടുപ്പെന്ന് പറയുന്നത് പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയുമാണ്. ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും കേരളത്തിൽ എല്ലായിടത്തും ഇല്ല. ഗ്രാമപഞ്ചായത്തിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് 35.541 ശതമാനവും എൽ.ഡി.എഫ്.-ന് 35.459 ശതമാനവുമാണ് വോട്ട് വിഹിതം. മുനിസിപ്പാലിറ്റിയുടെ കണക്ക് പരിശോധിച്ചാൽ യു.ഡി.എഫ്.-ന് 35.279 ശതമാനവും എൽ.ഡി.എഫ്.-ന് 31.168 ശതമാനവുമാണ്. ഈ കണക്ക് നിങ്ങൾ മറക്കരുത്. നിങ്ങൾ ബഹളമു ണ്ടാക്കുന്നത് നല്ല കാര്യമാണ്. നിങ്ങളുടെ ഘടകകക്ഷികളിൽ അവസാനം വന്ന

എൻ.സി.പി.യുൾപ്പെടെ നിങ്ങൾ സഖ്യംചേർന്ന കാലം മുതൽ നിങ്ങളോടൊപ്പം വന്ന കക്ഷികളുടെ ഇന്നത്തെ അവസ്ഥയെന്താണ്. 'മച്ചിങ്ങയിൽ ഈർക്കിൽ കുത്തുകയെന്ന് നാട്ടിൻപുറത്ത് പറയുന്ന സ്ഥിതിയിലാക്കിയല്ലെ നിങ്ങൾ അവരെ പുറത്തേയ്ക്ക് വിടുന്നത്? ഇപ്പോൾ നിങ്ങൾ പച്ചിലകാട്ടി കെ.എം. മാണിയുടെ മകനെ കൂടെ കൊണ്ടുപോയിട്ടുണ്ട്. എന്തായിരിക്കും അനുഭവമെന്ന് നമുക്ക് കാത്തിരുന്ന് കാണാം. നിങ്ങളുടെ ഈ തട്ടിപ്പ് കേരളം കണ്ടിട്ടുള്ളതാണ്. കോവിഡ് കാലത്തെ ക്കുറിച്ചാണ് ഏറ്റവും വലിയ പരാമർശം. കോവിഡ് കാലത്ത് പ്രവാസികൾ ഇങ്ങോട്ട് വരാനായി മരണഭീതിയിൽ നിലവിളിച്ചപ്പോൾ പുറംതിരിഞ്ഞ് നിന്നവരാണ് നിങ്ങൾ. അതൊന്നും ഞങ്ങൾ മറന്നുപോയിട്ടില്ല. അവരെ നിങ്ങൾ മരണത്തിന്റെ വ്യാപാരികളെന്ന് വിളിച്ച് ആക്ഷേപിച്ചു. നിങ്ങൾ തെരഞ്ഞെടുപ്പിൽ കള്ളവോട്ട് ചെയ്യാൻ നടത്തിയ ശ്രമങ്ങൾ കേന്ദ്ര കാർഷിക സർവ്വകലാശാലയിലെ ഉദ്യോഗസ്ഥനും ഇടതുപക്ഷ അനുകൂല അദ്ധ്യാപക സംഘടനയിലെ അംഗവുമായ ശ്രീ. കെ. എം. ശ്രീകുമാർ പറഞ്ഞിട്ടുണ്ട്. ശരത്‌ലാൽ, കൃപേഷ് അടക്കമുള്ള യുവത്വത്തെ കൊന്നു തള്ളിയവർക്കുവേണ്ടി കോടികൾ മുടക്കിയ മനുഷ്യത്വരഹിതമായ പ്രവർത്തനം നടത്തുന്ന മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. ടി. പി. ചന്ദ്രശേഖരനെ കൊന്നുതള്ളിയ കൊലയാളികളെ സംരക്ഷിച്ചുവെന്ന് മാത്രമല്ല ടി.പി. ചന്ദ്രശേഖരന്റെ പാവപ്പെട്ട വിധവ ശ്രീമതി കെ. കെ. രമയെപ്പോലും കൊല്ലാൻ നിങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. സഖ്യത്തെപ്പറ്റി നിങ്ങളിവിടെ പറഞ്ഞു. കണ്ണൂർ ജില്ലയിലെ തലശ്ശേരി മുട്ടമ്പ്രം വാർഡിൽ എസ്.ഡി.പി.ഐ.-യ്ക്ക് 290 വോട്ടുകൾ ലഭിച്ചപ്പോൾ എൽ.ഡി.എഫ്.-ന് ലഭിച്ചത് 11 വോട്ടുകളാണ്. കണ്ണൂർ മാട്ടൂർ ഗ്രാമപഞ്ചായത്തിൽ എൽ.ഡി.എഫ്.-ന് 14 വോട്ടുകളാണ് ലഭിച്ചത്. ഇത്തരത്തിലുള്ള നിരവധി കണക്കുകളുണ്ട്. ആലപ്പുഴ തിരുവൻവണ്ടൂർ പഞ്ചായത്തിൽ എൽ.ഡി.എഫ്.-ന് പഞ്ചായത്ത് ഓഫീസ് വാർഡിൽ ലഭിച്ചത് 5 വോട്ടുകളാണ്. തിരുവൻവണ്ടൂർ ഈസ്റ്റ് വാർഡിൽ എൽ.ഡി.എഫ്.-ന് 13 വോട്ടുകളും മാവേലിക്കര മുനിസിപ്പാലിറ്റി മുട്ടം നോർത്ത് വാർഡിൽ എൽ.ഡി.എഫ്.-ന് 25 വോട്ടുകളും മുനിസിപ്പൽ ഓഫീസ് വാർഡിൽ എൽ.ഡി.എഫ്.-ന് 29 വോട്ടുകളുമാണ് ലഭിച്ചത്. എസ്.ഡി.പി.ഐ.

കൊന്നുതള്ളിയ അഭിമന്യുവിന്റെ പേര് പറഞ്ഞാണല്ലോ നിങ്ങൾ വരുന്നത്. അഭിമന്യുവിന്റെ നാട്ടിൽ ബി.ജെ.പി. 137 വോട്ട് നേടിയപ്പോൾ എൽ.ഡി.എഫ്.-ന് ലഭിച്ചത് 37 വോട്ടുകളാണ്. കോവിലൂർ വെസ്റ്റിൽ എൽ.ഡി.എഫ്.-ന് 31 വോട്ടുകൾ ലഭിച്ചപ്പോൾ ബി.ജെ.പി.-ക്ക് 147 വോട്ടുകൾ ലഭിച്ചു. ഇത്തരത്തിൽ നൂറുകണക്കിന് കഥകൾ ഞങ്ങളുടെ കൈവശമുണ്ട്. ഇതൊന്നും പറഞ്ഞ് നിങ്ങൾ ആളെ പേടിപ്പിക്കാൻ നോക്കേണ്ടായെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1956 മുതൽ 60 വർഷം കൊണ്ട് കേരളത്തിന്റെ മൊത്തം കടം 1,60,000 കോടി രൂപയാണ്. എന്നാൽ ശ്രീ. പിണറായി വിജയൻ നാലര വർഷം കൊണ്ടെടുത്ത കടം 1,62,000 കോടി രൂപയാണ്. ഇതാണോ നിങ്ങളുടെ നയപ്രഖ്യാപനം; ഈ തുക നിങ്ങളുടെ കുടുംബ സ്വത്തിൽനിന്നെടുത്ത് വീട്ടുമോ? എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കടമെടുത്ത തുകയും കൺസൾട്ടൻസി കരാറും സ്വർണ്ണക്കള്ളക്കടത്തും മയക്കുമരുന്ന് കച്ചവടവും എല്ലാമിന്ന് കേരളം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതെല്ലാം മറയാക്കി ദേശത്തും വിദേശത്തും ഹവാലയും റിവേഴ്സ് ഹവാലയും നടത്തി സ്വപ്നസുന്ദരിമാർ ആടിത്തിമിർക്കുമ്പോൾ അറിഞ്ഞില്ലെന്ന് പറയുന്ന ശ്രീ. പിണറായി വിജയനെന്ന മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു; പിന്നെ എന്തിനാണ് നിങ്ങൾ ആ കസേരയിൽ ഇരിക്കുന്നത്? പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ ലാഭത്തിലാണെന്നാണ് എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപനം. 2020 ഫെബ്രുവരിയിൽ പുറത്തിറക്കിയിരിക്കുന്ന Review of Public Enterprises in Kerala ആണ് എന്റെ കയ്യിലിരിക്കുന്നത്. സംശയമുള്ളവർക്ക് ഈ റിപ്പോർട്ടിൽ നോക്കാം. ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, 2015-16-ൽ 53 പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 15,392 കോടി രൂപ, 2016-17 ൽ 19,647 കോടി രൂപ, 2017-18-ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 53-ൽ നിന്ന് 57 ആയി ഉയർന്നെങ്കിലും ആ വർഷത്തെ നഷ്ടം 23,868 കോടി രൂപ ആകുകയും ചെയ്തു. 2018-19-ൽ 26,273.47 കോടി രൂപ നഷ്ടം. ഇത് പി. ടി. തോമസിന്റെ കണക്കല്ല, നിങ്ങളുടെ സർക്കാർ അടിച്ചിറക്കിയിരിക്കുന്ന റിപ്പോർട്ടാണ്. നിങ്ങൾക്കിത് നിഷേധിക്കാൻ സാധിക്കുമോ? എന്നിട്ട് ഞെളിഞ്ഞുനിന്ന് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം

നേട്ടത്തിലാണെന്ന് പറയാൻ നിങ്ങൾക്കല്ലാതെ മറ്റാർക്കും കഴിയില്ല. പി. ആർ. വർക്കുകാരുടെ പ്രചരണത്തിൽനിന്നും കേരളത്തെ രക്ഷിച്ചെടുക്കാൻ കഴിഞ്ഞാൽ നമ്മൾ രക്ഷപ്പെടും. 4,000 കോടി രൂപ ഓരോ വർഷവും നിങ്ങൾ നഷ്ടം വരുത്തിയിരിക്കുകയാണെന്ന കാര്യം മറന്നുപോകരുതെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

കേരളത്തിലെ സഹകരണ മേഖലയുടെ സ്ഥിതിയെന്താണ്? ദേശാഭിമാനി പത്രത്തിന് വരിക്കാരെ ചേർക്കാനെടുത്ത ലോൺ തിരിച്ചടയ്ക്കാൻ നിങ്ങൾ ആവശ്യപ്പെടുമോ? കേരളത്തിലെ സഹകരണ മേഖലയെക്കുറിച്ചൊരു ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ ആ മേഖല മുഴുവൻ തകർത്ത് തരിപ്പണമാക്കിയ കഥ പുറത്ത് വരും. പകർച്ചവ്യാധികളും വരൾച്ചയും വെള്ളപ്പൊക്കവുമുണ്ടായാൽ 68 ശതമാനം പാവങ്ങൾക്ക് ഭക്ഷണം സൗജന്യമായി കൊടുക്കണമെന്ന് 2013-ൽ എളിയവനായ ഞാനടക്കം പാസ്സാക്കിയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പിൻബലത്തിലാണ് നിങ്ങൾ കിറ്റ് നൽകിയത്. 1,000 രൂപയുടെ കിറ്റെന്ന് പറഞ്ഞ് നിങ്ങൾ കൊടുത്തത് 800 രൂപയുടെ കിറ്റാണ്. ഒരു കിറ്റിൽ 200 രൂപയുടെ തട്ടിപ്പ്. 6.5 രൂപയുടെ സഞ്ചി വാങ്ങി 14 രൂപയ്ക്ക് കൊടുത്തു. പാവങ്ങളെ പറ്റിച്ച തട്ടിപ്പിന്റെ കഥയാണ് നിങ്ങൾ നടത്തിയിരിക്കുന്നത്. നിങ്ങൾ ശരത്‌ലാലിനെയും കൃപേഷിനെയും പോലെയുള്ളവരെ കൊന്നുതള്ളുന്ന ആളുകൾക്ക് പണം കൊടുത്തു. പോലീസിനെ ഇത്രയധികം ദുരുപയോഗംചെയ്ത ഒരു ഗവൺമെന്റ് ഉണ്ടായിട്ടില്ല. സഖാക്കൾക്കു വേണ്ടി സഖാക്കൾ നടത്തുന്ന റബ്കോയുടെ കഥ പരിശോധിക്കാൻ നിങ്ങൾ തയ്യാറാകണം. ഇത്തരത്തിലുള്ള നിരവധി തട്ടിപ്പുകളുടെ കഥ നമ്മുടെ മുന്നിലുണ്ട്. കേരളത്തിലെ സ്വർണ്ണക്കള്ളക്കടത്ത്, ഹവാല, റിവേഴ്സ് ഹവാല, കൺസൾട്ടൻസി കരാർ എന്നിവയുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികൾ എത്ര പേരെ ചോദ്യം ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെയും പ്രൈവറ്റ് സെക്രട്ടറിയെയും ചോദ്യം ചെയ്തത് ഞങ്ങൾ അറിഞ്ഞു. നാല്പത് വർഷമായി പാർട്ടിയുടെ വിശ്വസ്തനായ അങ്ങയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്തു. സത്യസന്ധമായി ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം പറയണം. ഈ കാര്യങ്ങളിൽ താങ്കൾക്ക് യാതൊരു ഉത്തരവാദിത്വവുമില്ലേ; ഇവരുടെ വിദേശയാത്ര താങ്കൾ അറിഞ്ഞില്ലേ; ചട്ടവിരുദ്ധമായ നടപടികൾ അറിഞ്ഞില്ലേ? ഇതെല്ലാം ഞങ്ങൾക്കറിയണം. ശ്രീ. എം. ശിവശങ്കറിനെ പരിചയപ്പെടുത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് പറഞ്ഞു. അപ്പോൾ ശ്രീമതി സ്വപ്നയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരിചയപ്പെടുത്തിയത് ആരാണ്?

ഞങ്ങളോടത് പറയണം, അതറിയാൻ ഞങ്ങൾക്ക് താത്പര്യമുണ്ട്. മുൻ മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന ശ്രീ. ജോപ്പനെതിരെ കേരളം മുഴുവൻ നിങ്ങൾ സമരം നടത്തിയില്ലേ; നിങ്ങളുടെ ഇടവും വലവുമുള്ളവർ അറസ്റ്റ് ചെയ്യപ്പെട്ടിട്ട് നിങ്ങളെന്ത് നടപടിയെടുത്തു? അങ്ങയുടെ കുടുംബാംഗങ്ങളിൽ ആരെയെങ്കിലും ഏതെങ്കിലും അന്വേഷണ ഏജൻസി ചോദ്യം ചെയ്തിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്യസന്ധമായി ഈ സഭയിലൊരു മറുപടി നൽകണം. ബഹുമാനപ്പെട്ട സ്പീക്കർ, ശ്രീ. പിണറായി വിജയൻ ഇന്ത്യയിൽ ഏതെങ്കിലുമൊരു തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനായി പോയിട്ടുണ്ടോ? അദ്ദേഹം ഇന്ത്യയിൽ അവശേഷിക്കുന്ന ഏക കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയല്ലേ; ബി.ജെ.പി.-ക്കെതിരെ സംസാരിക്കാൻ ഇന്ത്യയിൽ അവശേഷിക്കുന്ന ഏക കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ ഏതെങ്കിലുമൊരു പൊതുതെരഞ്ഞെടുപ്പിൽ പോയിട്ടുണ്ടോ? കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി തെരഞ്ഞെടുപ്പിൽ എന്തുകൊണ്ടാണ്...... (ബഹളം) ബി. ജെ. പി.-ക്കെതിരെ ...(ബഹളം)......

മി. സ്പീക്കർ: പ്ലീസ്..... ഇരിക്കു... അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ.

ശ്രീ. പി. ടി. തോമസ് : സർ, കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി തെരഞ്ഞെടുപ്പിൽ എന്തുകൊണ്ടാണ് ബി.ജെ.പി.-ക്കെതിരെ സംസാരിക്കാത്തത്? ഇവിടെ അവതരിപ്പിച്ച ഒരു പ്രമേയത്തിൽ ശ്രീ. നരേന്ദ്ര മോഡിയുടെ പേര് പറയണമെന്ന് ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് ആവശ്യപ്പെട്ടപ്പോൾ അതംഗീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഭയമാണ്. പഴയൊരു മുദ്രാവാക്യം കേട്ടാണ് ഞാൻ വളർന്നത്; 'വലത്തോട്ട് നോക്കിയാൽ സി.പി.ഐ.(എം) ഇടത്തോട്ട് നോക്കിയാൽ സി.പി.ഐ.(എം) താഴോട്ട് നോക്കിയാൽ സി.പി.ഐ.(എം) മുകളിലോട്ട് നോക്കിയാൽ സി.പി.ഐ.(എം)'. ആ മുദ്രാവാക്യം ഇന്ന് കേരള ജനത മാറ്റി വിളിക്കുന്നു; 'താഴോട്ട് നോക്കിയാൽ എൻ.ഐ.എ., വലത്തോട്ട് നോക്കിയാൽ കസ്റ്റംസ്, ഇടത്തോട്ട് നോക്കിയാൽ സി.ബി.ഐ, മുകളിലോട്ട് നോക്കിയാൽ സർവ്വ ശക്തനെപ്പോലെ ഇ.ഡി'. പേടിച്ച് വിറച്ചിരിക്കുകയാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ തട്ടിപ്പിന്റെയും അഴിമതിയുടെയും കള്ളക്കടത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും കൺസൾട്ടൻസിയുടെയും പേരിൽ നടത്തിയിട്ടുള്ള തട്ടിപ്പുകളുടെ രഹസ്യ നിലവറ, 'ബി' നിലവറ ഞങ്ങൾ തുറക്കും. ഒരു കാര്യം ഞങ്ങൾ വ്യക്തമാക്കുന്നു, വർഗ്ഗീയ പ്രസ്ഥാനങ്ങളെ കൂട്ടുപിടിച്ച് നേടിയ

താൽക്കാലികമായ നാല് വോട്ടിന്റെ പേരിൽ നിങ്ങൾ അഹങ്കരിക്കേണ്ടതില്ല. ഐക്യജനാധിപത്യ മുന്നണി കെട്ടുറപ്പോടെ പ്രവർത്തിച്ച് നിങ്ങളുടെ അഹങ്കാരത്തിനും അഴിമതിക്കും മറുപടി പറയുന്നൊരു കാലമുണ്ടാകുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നയപ്രഖ്യാപനത്തെ അതിശക്തമായി ഞാൻ എതിർക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനകീയ കോടതിയിലെ മഹത്തായ വിജയത്തിനുശേഷമാണ് ഈ നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തിന്മേലുള്ള ചർച്ചയിൽ ഇടതുപക്ഷ അംഗങ്ങൾ പങ്കെടുക്കുന്നത്. ജനകീയ കോടതിയിലെ മഹത്തായ വിജയത്തെ ഈ സഭയിലെ ചില യു.ഡി.എഫ്. അംഗങ്ങൾ ഇനിയും അംഗീകരിക്കാൻ മാനസികമായി തയ്യാറായിട്ടില്ലെന്നതിന്റെ സൂചനയാണ് തൃക്കാക്കരയിലെയും മണ്ണാർക്കാട്ടെയും അംഗങ്ങൾ ഈ തെരഞ്ഞെടുപ്പ് വിധിയെഴുത്തിനെ പ്രത്യേകമായി വിശകലനം ചെയ്തുകൊണ്ട് ഈ സഭയുടെ മുമ്പാകെ തെളിയിക്കാൻ ശ്രമിച്ചത്. അതിനൊരു മറുപടിയും പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം അമേരിക്കൻ ഐക്യനാടുകളിലാണ് ശ്രീ. ഡൊണാൾഡ് ട്രംപ് ഉള്ളതെങ്കിലും തൃക്കാക്കരയിലും മണ്ണാർക്കാട്ടും അദ്ദേഹത്തിന് നല്ല രണ്ട് ശിഷ്യന്മാരുണ്ടെന്ന് ഈ സഭ തെളിയിക്കുകയാണ്. അവർ മറുപടി അർഹിക്കുന്നേയില്ല. അവർക്കുള്ള മറുപടി ജനങ്ങൾ നൽകിക്കഴിഞ്ഞതാണ്. ഞാൻ നന്ദിപ്രമേയത്തിന്മേലുള്ള ചർച്ചയിലേയ്ക്ക് നേരിട്ട് പങ്കെടുക്കാൻ ആഗ്രഹിക്കുകയാണ്. തീവെട്ടിക്കൊള്ളക്കാരുടെ ഒരു സംഘം ആക്രമിച്ച് തകർത്ത കേരളത്തെയാണ് 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ളൊരു ഗവൺമെന്റിന് പുനർനിർമ്മിക്കാനുണ്ടായിരുന്നത്. ഒരു തസ്കര സംഘത്തിന്റെ ആക്രമണത്തിന് വിധേയമായ നാടിനെ പുനർനിർമ്മിച്ചെടുക്കുകയെന്ന ശ്രമകരമായ ദൗത്യമാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തത്. നാലരക്കൊല്ലം കൊണ്ട് നമ്മുടെ നാട് എങ്ങനെയൊക്കെ മാറി; അതിർത്തികൾക്കപ്പുറത്ത് നമ്മുടെ നാടിന്റെ പ്രശസ്തി എങ്ങനെയൊക്കെയെത്തി എന്നുള്ളതിന്റെ എത്രയെത്ര സാക്ഷ്യപത്രങ്ങളാണ് മുന്നിലുള്ളത്. അതോടൊപ്പം മറ്റൊരു സർക്കാരിനും നേരിടേണ്ടിവന്നിട്ടില്ലാത്തത്ര വൈതരണികൾ ഈ സർക്കാരിന് നേരിടേണ്ടതായി വന്നു. ആദ്യം ഓഖി, പിന്നെ നിപ്പ, മഹാ പ്രളയം, കാലവർഷക്കെടുതി, ഇപ്പോൾ കോവിഡ്-19. ഈ വലിയ വെല്ലുവിളികളുടെ മുന്നിൽ ലോകത്തിലെ പല പ്രബല രാഷ്ട്രങ്ങളും കാലിടറി വീണെങ്കിലും കേരളം പിടിച്ചുനിന്നു. കേരളം അഭിമാനത്തോടെ ഈ വെല്ലുവിളികളോട് പൊരുതിനിന്നുവെന്ന് കാണാൻ സാധിക്കും. കോവിഡ്-19 നെക്കുറിച്ച് ഇവിടെ ചില പരാമർശങ്ങളൊക്കെ വന്നു. അതിനൊന്നും മറുപടി പറയുന്നില്ല. കാരണം കേരളത്തിലെ കോവിഡ്-19 പ്രതിരോധ പ്രവർത്തനവും രോഗബാധിതരായ

വർക്കുള്ള പരിചരണവും എത്രമാത്രം മികച്ചതും ഫലപ്രദവുമാണെന്നതിനെക്കുറിച്ച് യു.ഡി.എഫ്.-ലെ തൃക്കാക്കര അംഗത്തിനുൾപ്പെടെ ഏതെങ്കിലും അംഗങ്ങൾക്ക് സംശയമുണ്ടെങ്കിൽ കോൺഗ്രസ് നേതാവ് ശ്രീ. വി. എം. സുധീരൻ കഴിഞ്ഞ ദിവസം അതിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ മഹാമാരിയുടെ ആദ്യ നാൾമുതൽ നിങ്ങൾ കേരളത്തെ മരണവക്ത്രത്തിലേയ്ക്ക് തള്ളിയിടാനല്ലേ നോക്കിയത്; അമേരിക്കൻ മിറ്റിഗേഷൻ മോഡലിലേയ്ക്ക് ഷിഫ്റ്റ് ചെയ്യണമെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഈ സഭയിൽ പ്രസംഗിച്ചില്ലേ? കെ.പി.സി.സി. മുൻ പ്രസിഡന്റായ ഇപ്പോഴത്തെ വടകര എം.പി. പറഞ്ഞത് മുപ്പത് ഡിഗ്രി ചൂടിൽ കൊറോണ വൈറസ് നശിച്ചുപോകും അതുകൊണ്ട് ഇത് കാര്യമായിട്ടൊന്നും എടുക്കേണ്ടതില്ലെന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്, ഇൻഡ്യയിലുള്ളവർ മാലിന്യത്തിൽ ജീവിക്കുന്നവരായതുകൊണ്ട് കോവിഡ്-19 ബാധിക്കില്ലെന്നാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ അട്ടിമറിക്കാനും ജനങ്ങളുടെ ജാഗ്രതയില്ലാതാക്കാനും ആസൂത്രിതമായ ഗൂഢാലോചനയാണ് നിങ്ങൾ നടത്തിയതെന്നതിന്റെ തെളിവാണ് ഇതെല്ലാം. ഇപ്പോഴും കേരളത്തിൽ മരണസംഖ്യ കുറഞ്ഞുനിൽക്കുകയാണ്. കോൺഗ്രസ്സിനുകൂടി ഭരണപങ്കാളിത്തമുള്ള മഹാരാഷ്ട്രയിലായിരുന്നു നമ്മളെങ്കിൽ ഇതിനോടകം ചിലപ്പോൾ മരിച്ചുപോയിട്ടുണ്ടാകുമായിരുന്നു. അവിടെ ഇതുവരെ അൻപതിനായിരത്തിലധികം ആളുകൾ മരണപ്പെട്ടിട്ടുണ്ട്. കോവിഡ്-19 ബാധിച്ചവർക്ക് ഇവിടെ നൽകുന്നതുപോലെ സമ്പൂർണ്ണ സൗജന്യ ചികിത്സ നമ്മുടെ രാജ്യത്ത് വേറെയെവിടെയെങ്കിലുമുണ്ടോ? കോവിഡ്-19 മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി ഭക്ഷ്യ കിറ്റ് കൊടുക്കുന്നതിനെ നിങ്ങൾ പരിഹസിക്കുന്നു. നിങ്ങൾ ഇനിയും പരിഹസിക്കണം. ആ കിറ്റ് വാങ്ങിയ ജനങ്ങൾ നിങ്ങളുടെ പരിഹാസത്തിനുള്ള മറുപടി ബാലറ്റ് പേപ്പറിൽക്കൂടി നൽകിക്കഴിഞ്ഞിട്ടുണ്ട്. കിറ്റ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സുരക്ഷാ നിയമത്തെക്കുറിച്ചെല്ലാം നിങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വസ നിധിയിൽനിന്നും പണമെടുത്ത് കിറ്റ് വിതരണം ചെയ്ത അനുഭവം കേരളത്തിൽ ആദ്യത്തേതല്ലേ; ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യരുതെന്ന് സോഷ്യൽ മീഡിയയിലൂടെയും അല്ലാതെയും ആഹ്വാനം ചെയ്തവരല്ലേ നിങ്ങൾ? അഴീക്കോട് എം.എൽ.എ.- യുടെയും മുൻ കെ.പി.സി.സി. പ്രസിഡന്റിന്റെയും ആഹ്വാനം മറന്നോ? അഞ്ച് ദിവസത്തെ ജീവനക്കാരുടെ ശമ്പളം കടമായി സ്വീകരിക്കാൻ തീരുമാനമെടുത്തപ്പോൾ നിങ്ങൾ ഉത്തരവിന്റെ പകർപ്പ് കത്തിച്ച് കോടതിയിൽപ്പോയി കേസ് നടത്തി. ബഹുമാനപ്പെട്ട കോടതി നിങ്ങളുടെ ചെവിക്ക് പിടിച്ചില്ലേ? സി.എം.ഡി.ആർ.എഫ്.-ൽനിന്നും പണമെടുത്ത് നിങ്ങളും ഞങ്ങളും ഉൾപ്പെടെ കേരളത്തിലെ മുഴുവൻ പേർക്കും ഈ സർക്കാർ കിറ്റ് നൽകി. ആ കിറ്റ് വാങ്ങി വീട്ടിൽക്കൊണ്ടുപോയി വച്ചശേഷം ഈ സർക്കാർ എന്തു

ചെയ്തുവെന്ന് ചോദിക്കുന്ന നിങ്ങളുടെ തൊലിക്കട്ടിയെക്കുറിച്ച് കൂടുതൽ ഒന്നും പറയുന്നില്ല. ഞാൻ സൂചിപ്പിച്ചത്, ഈ വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിട്ടുകൊണ്ടാണ് ഈ ഗവൺമെന്റ് ലോകത്തിലെ മറ്റൊരു ഗവൺമെന്റിനും ചെയ്യാനാകാത്ത സാമൂഹ്യക്ഷേമ, വികസന പ്രവർത്തനങ്ങൾ ഒന്നിന് പിറകെ മറ്റൊന്നായി ഏറ്റെടുത്തത്. നിങ്ങൾ സ്കൂളുകളെ നോക്കൂ, ആശുപത്രികളും റോഡുകളും പൊതുവിതരണ കേന്ദ്രങ്ങളും കണ്ടിട്ട് അവിടെ വന്നിട്ടുള്ള മാറ്റങ്ങൾ മനസ്സിലാക്കൂ. ഈ മാറ്റം കേരളത്തിലെ ജനങ്ങൾ കണ്ടതുകൊണ്ടാണ് കേരളത്തിലെ ആറ് കോർപ്പറേഷനിൽ അഞ്ചിലും നിങ്ങളുടെ പൊടിപോലും ഇപ്പോൾ കാണാനില്ലാത്തത്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മാധ്യമ പ്രവർത്തകരോട് പറഞ്ഞത് ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പും മറ്റുമൊക്കെ വ്യക്തിബന്ധങ്ങളെ ആശ്രയിച്ചാണ്, ജില്ലാ പഞ്ചായത്തിലേയ്ക്കാണ് പൊളിറ്റിക്കൽ വോട്ടിംഗ് എന്നാണ്. 14 ജില്ലാ പഞ്ചായത്തുകളിൽ രണ്ടിടത്താണ് നിങ്ങൾക്ക് ജയിക്കാൻ കഴിഞ്ഞത്. യാഥാർത്ഥ്യം ജനങ്ങൾ തിരിച്ചറിയുന്നതുകൊണ്ടാണ് നിങ്ങൾ ആ ദയനീയ സ്ഥിതിയിലേയ്ക്കെത്തിയത്. കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ 6.8 ലക്ഷം കുട്ടികൾ കൂടുതലായി സർക്കാർ സ്കൂളുകളിൽ ചേർന്നത് എന്തുകൊണ്ടാണ്? നിങ്ങൾ എന്ത് കളവ് പറഞ്ഞാലും കേരളത്തിലെ രക്ഷിതാക്കൾ യാഥാർത്ഥ്യം മനസ്സിലാക്കുന്നുണ്ടെന്നറിയണം. കേരളത്തിലെ ക്ലാസ് മുറികൾ മുഴുവനും ഹൈടെക്കായി മാറി. നിങ്ങളുടെ കാലത്ത് മനുഷ്യർ തിരിഞ്ഞുനോക്കാതെ അനാഥമായിക്കിടന്ന പി.എച്ച്.സി.-കൾ ഫാമിലി ഹെൽത്ത് സെന്ററുകളായി മാറിയപ്പോൾ മൂന്ന് ഡോക്ടർമാരുടെ സേവനം ലഭ്യമായി. ഇപ്പോൾ വൈകുന്നേരം അഞ്ച് മണിവരെ അവിടെ ഒ.പി. സൗകര്യമുണ്ട്. ഇതാണ് ആശുപത്രികളുടെ അവസ്ഥയിൽ വന്ന മാറ്റം. ഈ ഗവൺമെന്റ് ക്ഷേമ പെൻഷനുകൾ 1,500 രൂപയാക്കി വർദ്ധിപ്പിച്ചു. ഇവിടെ വടക്കാഞ്ചേരി എം.എൽ.എ. സംസാരിച്ചപ്പോൾ മനുഷ്യസ്നേഹിയുടെ മുഖമുള്ള ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റി പറഞ്ഞു. ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കുന്നില്ല. പക്ഷേ, ആ മനുഷ്യസ്നേഹി മുഖ്യമന്ത്രിയായിരുന്ന അവസാനത്തെ 18 മാസക്കാലം ക്ഷേമ പെൻഷനായി നയാപൈസ കൊടുത്തിട്ടില്ല, 1,642 കോടി രൂപ കുടിശ്ശിക വരുത്തി. അന്ന് ക്ഷേമപെൻഷൻ ഗുണഭോക്താക്കളായിരുന്നത് 32 ലക്ഷം പേരായിരുന്നു. ഇന്നത് 60 ലക്ഷമായി വർദ്ധിച്ചുവെങ്കിലും ഒരു രൂപ കുടിശ്ശികയില്ല, 525 രൂപയായിരുന്നത് ഇപ്പൊൾ 1,500 രൂപയായി. എന്നിട്ടും ഇത്തരത്തിലുള്ള കളവ് പറഞ്ഞ് നിങ്ങൾ ന്യായീകരിക്കുന്നുവെങ്കിൽ ജനങ്ങളിൽനിന്ന് കൂടുതൽ വലിയ ശിക്ഷ നിങ്ങളെ കാത്തിരിക്കുന്നുവെന്ന് മാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാനുള്ളത്, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് ഐക്യജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലെ 42-ാമത്തെ പേജിൽ, ചാപ്റ്റർ 18, വയോജനക്ഷേമം എന്ന ഒരു ഹെഡ്ഡിംഗുണ്ട്.

അതിൽ നിങ്ങൾ നൽകുന്ന ഒരു വാഗ്ദാനം യു.ഡി.എഫ് വീണ്ടും അധികാരത്തിൽ വന്നാൽ വയോജന പെൻഷൻ 1,000 രൂപയാക്കും എന്നാണ്. നിങ്ങൾക്ക് സ്വപ്നം കാണാൻപോലും അത്രയേ കഴിഞ്ഞുള്ളൂ. എന്നാൽ ഞങ്ങൾ അധികാരത്തിലിരിക്കു മ്പോൾ ക്ഷേമപെൻഷൻ 1,500 രൂപ ആക്കിയിരിക്കുന്നു. നിങ്ങൾക്ക് വാഗ്ദാനം ചെയ്യാൻ കഴിയാത്തതാണ് ഞങ്ങൾ നൽകിയത്. കൂടുതൽ വാഗ്ദാനം ചെയ്യാനുള്ള രാഷ്ട്രീയ വളർച്ചപോലും നിങ്ങൾക്കുണ്ടായിരുന്നില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. വിലക്കയറ്റത്തിനെതിരെ എല്ലാക്കാലത്തും വലിയ പ്രതിഷേധങ്ങൾ വളർന്നു വരാറില്ലേ; കേരളത്തിൽ ഇപ്പോൾ അങ്ങനെയൊരു പ്രതിഷേധമുണ്ടോ? 2016 മേയ് 25-ാം തീയതി ഈ സർക്കാർ അധികാരമേറ്റതിനുശേഷം മാവേലിസ്റ്റോർ, സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകൾ എന്നിവയിലൂടെ വിതരണം ചെയ്യുന്ന 13 ഇനം നിത്യോപയോഗസാധനങ്ങൾക്ക് ഒരു പൈസപോലും കൂട്ടാതെ ഇപ്പോഴും അതേ വിലനിലവാരത്തിൽ നിൽക്കുന്നു. മാത്രമല്ല രണ്ടിനങ്ങൾക്ക് വില കുറയുകയും ചെയ്തു. പൊതുവിപണിയിൽ വില വർദ്ധിക്കാതിരിക്കാൻ സർക്കാർ നടത്തുന്ന ഇടപെടൽ കേരളത്തിലെ ജനങ്ങൾക്ക് എത്രമാത്രം ആശ്വാസമായി മാറിയിട്ടുണ്ടെന്ന് ഒരുപക്ഷേ നിങ്ങൾക്ക് മനസ്സിലാകില്ല. നിങ്ങളുടെ കാലത്ത് 569 നന്മ സ്റ്റോറുകളും 11 ത്രിവേണി സ്റ്റോറുകളും സഞ്ചരിക്കുന്ന 142 ത്രിവേണി സ്റ്റോറുകളിൽ 62-ഉം അടച്ചുപൂട്ടി. നിങ്ങൾ ഭരിക്കുമ്പോൾ പൊതുവിതരണ മേഖല എങ്ങനെയായിരുന്നു? കൗണ്ടർ സ്ഥാപിച്ച് പ്രവർത്തിക്കാനായിരുന്നു നിങ്ങളുടെ കാലത്ത് കൂടുതൽ താൽപ്പര്യമുണ്ടായിരുന്നത്. ഇതുസംബന്ധിച്ച് ബാക്കി ഞാൻ പറയുന്നില്ല. പി.എസ്.സി. മുഖാന്തരം ചെറുപ്പക്കാർക്ക് ജോലി നൽകിയത് സംബന്ധിച്ച് ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചല്ലോ; നിയമനനിരോധന ഉത്തരവിറക്കി എട്ട് ലക്ഷം ഒഴിവുകളിൽ ഇനി നിയമനം വേണ്ടെന്ന് തീരുമാനിച്ച കേന്ദ്ര ഗവൺമെന്റിനെതിരെ ഒരക്ഷരം നിങ്ങൾ ഉരിയാടുന്നില്ല. എന്നാൽ സർവ്വകാല റെക്കോർഡിട്ടുകൊണ്ട് നാലര വർഷത്തിനുള്ളിൽ ഒന്നരലക്ഷത്തിലധികം ചെറുപ്പക്കാർക്ക് ജോലി നൽകിയ, 44000 തസ്തികൾ പുതിയതായി സൃഷ്ടിച്ച ഈ ഗവൺമെന്റിനെതിരെ ശബ്ദിക്കാൻ നിങ്ങൾക്ക് എന്ത് ധാർമ്മികാവകാശമാണുള്ളത്? ഇവിടെ വ്യവസായ രംഗത്തെ ക്കുറിച്ച് ബഹുമാനപ്പെട്ട തൃക്കാക്കര എം.എൽ.എ. പറഞ്ഞു, 2015-16 കാലയളവിൽ, നിങ്ങളുടെ ഭരണകാലത്ത് കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപന ങ്ങൾക്ക് 132 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. 2016-17-ൽ അത് 81 കോടി രൂപയായും 2017-18 -ൽ 5.11 കോടി രൂപയായും കുറഞ്ഞു. 2018-19-ൽ 8.26 കോടി രൂപയുടെ ലാഭമായി മാറി. കേരളത്തിലെ പൊതുമേഖലാ വ്യവസായ രംഗത്തെ ഒരു ചിത്രമാണ് ഞാനിവിടെ പറഞ്ഞത്. ഇവിടെ ഏതെല്ലാം പുതിയ അത്ഭുതങ്ങൾ സൃഷ്ടിച്ചു? കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡ് നിർമ്മിച്ച ഇ-ഓട്ടോറിക്ഷകൾ ഇന്ന് നേപ്പാളിന്റെ തെരുവുകൾ കീഴടക്കുന്നു. നമ്മുടെ രാജ്യ

മൊട്ടാകെയും കൂടാതെ ബംഗ്ലാദേശിലും ശ്രീലങ്കയിലും കേരളത്തിന്റെ അഭിമാനമായ കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ- ഓട്ടോറിക്ഷകൾ എത്തിച്ചേർന്നിരിക്കുകയാണ്. ആന്ധ്രയിൽനിന്നും തെലങ്കാനയിൽനിന്നും ഇ-ഓട്ടോറിക്ഷകൾക്ക് വേണ്ടിയുള്ള ഓർഡർ വന്നുകഴിഞ്ഞിരിക്കുന്നു. രാജ്യത്തിന്റെ അതിർത്തികൾക്കപ്പുറത്തേയ്ക്കുപോലും കേരളത്തിന്റെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ യശസ്സുയർന്നൊരു കാലമാണിതെന്ന് നിങ്ങൾ കാണേണ്ടതുണ്ട്. 2013-ൽ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ വന്ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെയും വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെയും മുഖത്തുനോക്കി പ്രസംഗിച്ചത്, നിങ്ങളുടെ ഗവൺമെന്റിന്റെ കീഴിൽ പൊതുമേഖലാ വ്യവസായസ്ഥാപനം കൊണ്ടുവരാൻ അന്നത്തെ കേന്ദ്ര ഗവണ്മെന്റിന് ഭയമാണ്, ധൈര്യമില്ല, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ ഭരണകാലത്തായിരുന്നെങ്കിൽ ധൈര്യമുണ്ടായിരുന്നുവെന്നാണ്. ഈ മാറ്റം നിങ്ങൾ കാണണമെന്നുമാത്രമാണ് സൂചിപ്പിക്കാനുള്ളത്. കാർഷികരംഗം പരിശോധിക്കുകയാണെങ്കിൽ, 2015-16-ൽ 1.96 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷിയുണ്ടായിരുന്നത്. ഇപ്പോഴത് 2.31 ഹെക്ടറായി വളർന്നിരിക്കുന്നു. 40000 ഹെക്ടറോളം സ്ഥലത്ത് പുതുതായി നെൽകൃഷിയിറക്കാൻ നമുക്ക് സാധിച്ചു. 46,500 ഹെക്ടർ സ്ഥലത്താണ് പച്ചക്കറി കൃഷിയുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 96,300 ഹെക്ടർ സ്ഥലത്തായി മാറി. 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചിരുന്നത് 14.9 ലക്ഷം മെട്രിക് ടണ്ണായി മാറി. ഇത്തരം മാറ്റങ്ങൾ എല്ലാ മേഖലയിലുമുണ്ട്. ഞാൻ സമയക്കുറവുമൂലം മറ്റ് മേഖലകളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട തൃക്കാക്കര അംഗത്തിനും തൃത്താല അംഗത്തിനുമുള്ള പ്രയാസം കടമെടുക്കുന്നുവെന്നുള്ളതാണ്. കടമെടുക്കാൻ കേരളത്തിന് അവകാശമുള്ളതിനാൽ കടമെടുക്കും. എല്ലാ അഞ്ച് വർഷം കൂടുമ്പോഴും കേരളത്തിന്റെ കടം ഇരട്ടിയായിട്ടുണ്ട്, ഇപ്പോഴും ഇരട്ടിയായി അത്രയേയുള്ളൂ. ഈ കടമെല്ലാം വീട്ടുന്നതിനെക്കുറിച്ച് നിങ്ങൾ പ്രയാസപ്പെടേണ്ട. ആയുസ്സറുതിക്കുമുമ്പ് ഈ കടം വീട്ടാൻ നിങ്ങൾക്ക് ഉത്തരവാദിത്വമുണ്ടാകില്ല, അങ്ങനെയൊരു അവസരമുണ്ടാകില്ല. നിങ്ങൾ ആ കടത്തെക്കുറിച്ച് ഭയപ്പെടേണ്ട, ഇത് ഞങ്ങൾതന്നെ നികത്തി വികസന പ്രവർത്തനങ്ങൾ നടത്തിക്കൊള്ളാം. എല്ലാ രംഗത്തുമുള്ള നേട്ടത്തിന്റെ തുടർച്ചയാണ് ഈ നയപ്രഖ്യാപന പ്രസംഗം. നയപ്രഖ്യാപന പ്രസംഗത്തിൽ ധാരാളം പുതിയ കാര്യങ്ങൾ ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ ഗവർണർ പ്രഖ്യാപിച്ചു. അതിൽ ഏത് കാര്യത്തെയാണ് നിങ്ങൾ എതിർക്കുക? ഒരു കാര്യത്തേയും സ്പെസിഫിക്കായി എതിർക്കാൻ ഒരു നിയമസഭാംഗവും പ്രതിപക്ഷാംഗവും അവരുടെ പ്രസംഗത്തിൽ തയ്യാറായിട്ടില്ല. നിങ്ങളുടെ കാലത്തെപ്പോലെ ജനങ്ങളെ പറ്റിക്കുന്ന പ്രഖ്യാപനങ്ങളല്ല ഞങ്ങൾ നടത്തിയത്. നിങ്ങൾ പ്രഖ്യാപിച്ച 'എയർ കേരള' നമ്മുടെ മുമ്പിലുണ്ട്.

വിഷുവിന് വരുമെന്നാണ് പറഞ്ഞത്. 'വിഷു വരും, വർഷം വരും, പിന്നെ ഓരോ തളിരിലും പൂവ് വരും, കായ് വരും' എന്നൊക്കെ കവി എഴുതിയിട്ടുണ്ട്. എത്ര വിഷു കഴിഞ്ഞു; എയർ കേരള എവിടെ നിൽക്കുന്നു? തെക്ക്-വടക്ക് കോറിഡോർ നിങ്ങൾ പ്രഖ്യാപിച്ചത് എവിടെയാണ്? ഇങ്ങനെ പാഴായിപ്പോയ ധാരാളം വാഗ്ദാനങ്ങളുണ്ട്. കണ്ണൂർ എയർപോർട്ട് എന്ന് പറഞ്ഞ് സ്കോട്ട്ലാൻഡ് എയർപോർട്ടിന്റെ ചിത്രമെടുത്ത് നവമാധ്യമങ്ങളിൽ പ്രചരിപ്പിക്കാൻ മടികാണിക്കാത്തവരാണ് നിങ്ങൾ. ഇങ്ങനെ പലകാര്യങ്ങളും ചെയ്ത് കേരളത്തിന്റെ മുമ്പിൽ നിങ്ങൾ നാണംകെട്ട് നിൽക്കുന്നു. ആ കാലഘട്ടത്തിലെ അഴിമതിയും തട്ടിപ്പും വെട്ടിപ്പും പാലാരിവട്ടം പാലത്തിന്റെ നിർമ്മാണത്തിൽവരെ എത്തിനിൽക്കുകയാണ്; ഇവിടെ ബഹുമാനപ്പെട്ട തൃക്കാക്കര അംഗം തുടക്കത്തിൽത്തന്നെ ഒരു നുണ പറഞ്ഞു. ഞാൻ സമയം തികയാത്തതിനാൽ മുഴുവൻ പറയുന്നില്ല. കമ്പ്യൂട്ടർ, ട്രാക്ടർ എന്നൊക്കെ പറഞ്ഞ് എത്ര കാലമായി നിങ്ങൾ തുടങ്ങിയിട്ട്? ഞങ്ങളും നിങ്ങളും കമ്പ്യൂട്ടർവത്കരണത്തെ എതിർത്തിട്ടുണ്ട്. അത് കമ്പ്യൂട്ടറിനോടുള്ള എതിർപ്പല്ല. ജോലി ചെയ്യുന്നവരുടെ ജോലി സംരക്ഷിച്ചു കൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കാനാണ് കമ്പ്യൂട്ടർ. അതല്ലാതെ, തൊഴിൽ നഷ്ടത്തിലേയ്ക്ക് നയിക്കരുതെന്നേ പറഞ്ഞിട്ടുള്ളൂ. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷാ വിഭാഗം കമ്പ്യൂട്ടർവത്കരിച്ചപ്പോൾ അതിനെതിരെ അവിടെ സമരം ചെയ്ത സംഘടനയുടെ പേര് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗനൈസേഷൻ എന്നായിരുന്നു. ആ സമരം ഉദ്ഘാടനം ചെയ്യാനായി അന്നവിടെവന്ന നേതാവിനെ ഞാൻ ഇന്നും ഓർക്കുന്നു. ആ നേതാവിന്റെ പേര് ശ്രീ. ഉമ്മൻ ചാണ്ടി എന്നായിരുന്നു. നിങ്ങളുടെ നേതാക്കന്മാരും നിങ്ങളുടെ സംഘടനകളും അന്ന് സ്വീകരിച്ച അതേ നിലപാട് തന്നെയാണ് തൊഴിലാളി രംഗത്തുള്ള എല്ലാവരും സ്വീകരിച്ചിട്ടുള്ളത്. എന്നിട്ട് ചരിത്രത്തെ തെറ്റിദ്ധരിപ്പിക്കാൻ സ്ഥാനത്തും അസ്ഥാനത്തും കളവ് പറഞ്ഞുകൊണ്ടിരിക്കുകയാണ്. പ്ലസ്2 നെക്കുറിച്ച് നിങ്ങൾ പറഞ്ഞു, പ്ലസ് 2 നിങ്ങളുടെ ആശയമാണോ? ഞങ്ങൾ എതിർത്തത് പ്രീഡിഗ്രി ബോർഡിനെയാണ്. പ്രീഡിഗ്രി ബോർഡ് അല്ല പ്ലസ്2. രണ്ടും തമ്മിലുള്ള മൗലികമായ വ്യത്യാസം ജനങ്ങൾ മറന്നുപോയെന്ന് കരുതരുത്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ സഭയിൽ കാണുന്ന ഒരു പ്രത്യേകത, ചിലരൊക്കെ വലിയ ആവേശത്തോടുകൂടി പ്രസംഗിക്കുന്നുവെന്ന് നടിക്കുന്നുണ്ടെങ്കിലും ഉള്ളിന്റെയുള്ളിൽ ഒരു ക്ഷീണം കാണാം. പ്രതിപക്ഷത്തെ പലരെയും കാണാനില്ലെന്ന് പത്രത്തിൽ പരസ്യം കൊടുക്കേണ്ടിവരുമോയെന്ന് എനിക്കറിയില്ല. എവിടെപ്പോയി വീരശൂര പരാക്രമികൾ? ചിലർ ജയിലിൽ, ചിലർ ആശുപത്രിയിൽ, ചിലർ ജാമ്യത്തിൽ, ചിലർ ജയിലിലേയ്ക്കുള്ള യാത്രയിൽ. എന്താണ് കേസ്; അഴിമതിയല്ലേ? ലീഗുകാർ സംസാരിക്കുമ്പോൾ അതിനെക്കുറിച്ചൊന്നും പറയാനില്ലേ? മുസ്ലീം ലീഗിന്റെ കേരളത്തിലെ എക്കാലത്തെയും വലിയ നേതാവ് സി.എച്ച്. മുഹമ്മദ് കോയ

മന്ത്രിയായശേഷം അദ്ദേഹത്തിന് മലബാറിലൊരു സ്വീകരണം കിട്ടി. ആ സ്വീകരണ യോഗത്തിൽ പ്രസംഗിക്കുമ്പോൾ കേൾക്കാൻ കൂടിയ പുരുഷാരത്തോട് അദ്ദേഹം പറഞ്ഞത്, 'കഴിവുകെട്ടവനെന്ന് ഒരു പക്ഷേ ഞാൻ പേര് കേൾപ്പിച്ചാലും അഴിമതിക്കാരനെന്ന് പേര് കേൾപ്പിക്കില്ലെന്ന് വാക്കുതരുന്നു' എന്നാണ്. ആ പാർട്ടിയുടെ ഇന്നത്തെ നേതാക്കന്മാരെല്ലാം ജയിലിലും ജയിലിലേയ്ക്കുള്ള യാത്ര യിലുമല്ലേ? കേസ് രാഷ്ട്രീയപ്രേരിതമാണെന്നാണ് അവർ പറയുന്നത്. 149 പരാതികൾ മഞ്ചേശ്വരം എം.എൽ.എ.-യുടെ പേരിൽ വന്നു, അതിൽ ഒരെണ്ണമെങ്കിലും സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ.-യിൽ ഉള്ളവർ കൊടുത്ത പരാതിയുണ്ടോ; എല്ലാം നിങ്ങളുടെ പാർട്ടിക്കാർ നൽകിയ പരാതിയല്ലേ? നിങ്ങളുടെ കൂട്ടരെ നിങ്ങൾതന്നെ ഇങ്ങനെ പറ്റിച്ചാൽ മറ്റുള്ളവരെ നിങ്ങൾ എങ്ങനെ പറ്റിക്കും? രാഷ്ട്രീയ പ്രേരിതമായാണോ പാലം പൊളിഞ്ഞുവീണത് ? ഇഞ്ചിക്കൃഷി നടത്തി ആറായിരം സ്ക്വയർ ഫീറ്റ് വീട് വച്ചു. കർണ്ണാടകയിലും മാണ്ഡിയിലും മൈസൂറിലും ഇഞ്ചിക്കൃഷി നടത്തുന്ന പാവപ്പെട്ട കൃഷിക്കാരൻ ലോൺപോലും തിരിച്ചടയ്ക്കാൻ കഴിയാതെ ഒരു മുഴം കയറിൽ തൂങ്ങിമരിക്കുന്നു. ഇപ്പോൾ ഇഞ്ചിക്കൃഷിയിൽ നോബൽ സമ്മാനം അദ്ദേഹത്തെ തേടിയെത്തും. പക്ഷേ, അത് സ്വീകരിക്കേണ്ടിവരുന്നത് സെൻട്രൽ ജയിലിൽ വച്ചിട്ടാണോയെന്നുമാത്രമാണ് അറിയേണ്ടത്. വെറുക്കപ്പെട്ടവരായി നിങ്ങൾ മാറിയെന്ന് നിങ്ങൾ മനസ്സിലാക്കണം. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ റിസൾട്ട് ഇതിന്റെ ഭാഗമായിട്ടാണ് വന്നത്. വെറുക്കപ്പെട്ടവരായി മാറിനിന്ന്, ജനശിക്ഷയുടെ ആഘാതം പരമാവധി കുറയ്ക്കാനുള്ള തത്രപ്പാടിൽ നിങ്ങൾ എല്ലാ വർഗ്ഗീയവാദികളുമായി കൂട്ടുചേർന്നു. അതിൽ വെൽഫെയർ പാർട്ടിയും എസ്.ഡി. പി.ഐ.-യും ബി.ജെ.പി.-യുമുണ്ട്. തെരഞ്ഞെടുപ്പുകഴിഞ്ഞ് ആകെ നാണംകെട്ടപ്പോൾ വെൽഫെയർ പാർട്ടിയെ യു.ഡി.എഫ്. മുത്തലാഖ് ചൊല്ലിയിരിക്കുകയാണ്. പാർലമെന്റ് പാസ്സാക്കിയ പുതിയ മുത്തലാഖ് നിയമമനുസരിച്ച് മിക്കവാറും സർവ്വശ്രീ പി. കെ. കുഞ്ഞാലിക്കുട്ടിയും മുല്ലപ്പള്ളി രാമചന്ദ്രനും ജയിലിൽ പോകേണ്ടതായിവരും. വെൽഫെയർ പാർട്ടി ജീവനാംശത്തിന് കേസ് കൊടുക്കുമെന്നാണ് കേൾക്കുന്നത്. മുത്തലാഖ് ബില്ലിന്റെ ചർച്ചാസമയം നിങ്ങളുടെ നേതാക്കന്മാർ പാർലമെന്റിൽ നിന്നും മുങ്ങിയത് ഈയൊരു അപകടം വരുമോയെന്ന് ഭയന്നിട്ടാണെന്ന് ഇപ്പോൾ എനിക്ക് തോന്നുന്നു. ബഹുമാനപ്പെട്ട തൃക്കാക്കര അംഗം ഒരു ലിസ്റ്റ് വായിച്ചല്ലോ. ഞങ്ങളുടെ കൈവശവും ലിസ്റ്റ് കുറേയുണ്ട്. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇവിടെ ഈ ചർച്ച നടക്കുന്ന ഇന്ന്, കൊച്ചി കോർപ്പറേഷനിലെ സ്റ്റാൻഡിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയായ മുസ്ലീം ലീഗിന്റെ അംഗത്തെ ബി.ജെ.പി.-യുടെ അഞ്ചംഗങ്ങളും പിന്തുണച്ച് ഇടതുപക്ഷത്തെ തോല്പിക്കാൻ ശ്രമിച്ചിരിക്കുകയാണ്. ഇന്നത്തെ കാര്യമാണ് പറയുന്നത്. ചരിത്ര ത്തിലുടനീളം ഈ അവിശുദ്ധ സഖ്യമുണ്ട്. ഗാന്ധി പ്രതിമയിൽ ബി.ജെ.പി.-യുടെ

പതാക കെട്ടിയ ആർ.എസ്.എസ്.-ന്റെ നടപടിക്കെതിരെ ഒരക്ഷരം ഉരിയാടാൻ കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വത്തിൽ ആരെങ്കിലും തയ്യാറായിട്ടുണ്ടോ? മുസ്ലീം ലീഗ് അതൊന്നും കാണുന്നില്ലല്ലോ. ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം പറയുന്ന ബംഗാളിൽ ഖാഗൻ മുർമു പോയത്രേ. അങ്ങേയ്ക്ക് ആ പേര് മാത്രമേ അറിയുകയുള്ളൂ. ഖാഗൻ മുർമുവിനെ ഞങ്ങൾ പുറത്താക്കി, അദ്ദേഹം ബി.ജെ.പി.-യിൽ ചേരുകയും ചെയ്തു. പക്ഷെ ഖാഗൻ മുർമു ഒറ്റയ്ക്കല്ല പോയത്. അദ്ദേഹം കൈകോർത്ത് പിടിച്ചത് Dulal Chandra Bhar-നെയാണ്. അദ്ദേഹം കോൺഗ്രസ് നേതാവാണ്. അത് കാണാത്ത ലീഗിന്റെ കണ്ണാണ് മതനിരപേക്ഷത ശക്തിപ്പെടുത്തുന്നതിന് തടസ്സം. നിങ്ങൾ ബംഗാളിലെ ഞങ്ങളുടെ സ്ഥിതി പറഞ്ഞു. പടിഞ്ഞാറൻ ബംഗാൾ മന്ത്രി സഭയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് ഒരുകാലത്ത് മൂന്ന് മന്ത്രിമാരുണ്ടായിരുന്നു. ഇന്ന് മൂന്ന് പഞ്ചായത്ത് മെമ്പർപോലുമില്ല. അത് നിങ്ങൾ ആദ്യം പരിശോധിക്കണം. എന്നിട്ട് ബാക്കി കാര്യങ്ങളിലേയ്ക്ക് വരാം. ദേശീയ തലത്തിലൊരു സഖ്യമുണ്ടെന്ന് ഇവിടെ മുസ്ലീം ലീഗിന്റെ നേതാവായ വേങ്ങര അംഗം പറഞ്ഞു. അതിന്റെ വിശദാംശം അദ്ദേഹം പറഞ്ഞില്ല. ദേശീയതലത്തിൽ ആ സഖ്യമുള്ളതു കൊണ്ടാകാം യുദ്ധം മതിയാക്കി പെട്ടിമടക്കി കേരളത്തിലേയ്ക്ക് വരുന്നത്, അതു കൊണ്ടാകാം പാർലമെന്റിൽ വോട്ട് ചെയ്യാൻ പോകുമ്പോൾ വിമാനം വൈകിയത്. ആ സഖ്യത്തെക്കുറിച്ചായിരിക്കും അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്.

ആർ.എസ്.എസ്. ഇടതുപക്ഷത്തെ വേട്ടയാടുകയല്ലേ? കേരളത്തിലെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ തലയ്ക്ക് ആർ.എസ്.എസ്. നേതാവ് ഒരു കോടി രൂപ വിലയിട്ടു. അത് പരസ്യമായി പൊതുയോഗത്തിൽ പ്രഖ്യാപിച്ചു. ഏതെങ്കിലുമൊരു കോൺഗ്രസ് നേതാവിന്റെ തലയ്ക്ക് അമ്പത് രൂപ വിലയിട്ടുകൊണ്ട് ഏതെങ്കിലുമൊരു ആർ.എസ്.എസ്.-കാരൻ പ്രസംഗിച്ചിട്ടുണ്ടോ; കോൺഗ്രസ് നേതാക്കന്മാരുടെ തലയ്ക്ക് വിലയില്ലാതെ പോയതെന്താണ്? ആ തലയ്ക്ക് വിലയില്ലാതെ പോകാൻ കാരണം, കോൺഗ്രസ് നേതാക്കൻമാരുടെ തല നല്ല ആരോഗ്യത്തോടെയിരുന്നാലും ഫാസിസ്റ്റ് രാഷ്ട്രീയത്തിനൊരു അസ്വസ്ഥതയുമില്ല, ആർ.എസ്.എസ്.-നെതിരെ ഒരു വാക്കുപോലും ഉരിയാടില്ല എന്നുറപ്പുള്ളതുകൊണ്ടാണ്. ആ സ്വസ്ഥതയാണ് കോൺഗ്രസ്സിനെതിരെ അവർ ശബ്ദമുയർത്താതിരിക്കാൻ കാരണം. തലയ്ക്ക് ഒരുകോടി വിലയിട്ടിട്ടും ശ്വാസം മുട്ടിച്ച് കൊല്ലാൻ ശ്രമിച്ചിട്ടും ഇടതുപക്ഷം ശക്തമായ ഫാസിസ്റ്റ് വിരുദ്ധ നിലപാടുമായി മുന്നോട്ടുപോകുന്നു എന്നതുകൊണ്ട് കേന്ദ്ര ഏജൻസികളെ കയറൂരി വിടുകയാണ്, അന്വേഷണത്തിന്റെ പേരിൽ വീർപ്പുമുട്ടിക്കാൻ ശ്രമിക്കുകയാണ്. ഇ.ഡി.-യും എൻ.ഐ.എ.-യും സി.ബി.ഐ.-യും കസ്റ്റംസുമെല്ലാം കോൺഗ്രസ്സിന് വാളയാർ ചെക്ക്പോസ്റ്റിനപ്പുറം dirty tricks department ആണ്,

വേട്ടയാടലാണ്. പക്ഷെ കേരളത്തിൽ വന്നാൽ അവർ ആ വേട്ടയാടലിനൊപ്പമാണ്. അമ്മയും മകനും അതായത് ശ്രീ. രാഹുൽ ഗാന്ധിയും സോണിയാ ഗാന്ധിയും നാഷണൽ ഹെറാൾഡ് കേസിൽ കോടതിയിൽ നിൽക്കുയാണല്ലോ; തമിഴ്നാട്ടിൽ അച്ഛനും മകനും ജയിലിൽ കിടന്നല്ലോ; ഇതുപോലെ ഒരുപാട് അനുഭവങ്ങൾ ഇന്ത്യയെമ്പാടുമുണ്ടല്ലോ; പക്ഷെ കേരളത്തിൽ നിങ്ങൾ ഈ dirty tricks department-നോടൊപ്പമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരെ മാധ്യമങ്ങളെ കൂട്ടുപിടിച്ച് പ്രചാരവേല സംഘടിപ്പിച്ച് ശ്വാസംമുട്ടിച്ച് കൊല്ലാമെന്നാണ് നിങ്ങൾ കരുതുന്നത്. ഡോ. കെ. ടി. ജലീലിനെ ചോദ്യം ചെയ്തത് സംബന്ധിച്ച് എന്തൊക്കെ കോലാഹലങ്ങൾ ഇവിടെ ഉയർന്നു വന്നു. ഒരു കാര്യം തീർത്ത് പറയാം, സഖാവ് കെ. ടി. ജലീലിനെയെന്നല്ല ഈ ഗവൺമെന്റിലെ ഒരാളുടെയും രോമത്തിൽ തൊടാൻ കേന്ദ്ര ഏജൻസിയും നിങ്ങളും ആർ.എസ്.എസ്.-ഉം ഒത്തുപിടിച്ചാലും നടക്കില്ല. സത്യസന്ധതയുടെ ആൾരൂപങ്ങളെ നിറച്ചിട്ടുള്ളൊരു ഗവൺമെന്റാണിത്. ജനകീയ കോടതിയിൽ എപ്പോഴും അംഗീകാരം നേടുന്നവരാണ് മാതൃകയായ രാഷ്ട്രീയ ജീവിതം നയിക്കുന്നവർ. ആർ.എസ്.എസ്.-ന് നിരാശപ്പെടേണ്ടിവരും കേന്ദ്ര ഏജൻസികൾക്ക് പെട്ടിപൂട്ടി പോകേണ്ടിവരും, യു.ഡി.എഫ്.-ന് വീണ്ടും പ്രതിപക്ഷത്തുതന്നെ അമർന്നിരിക്കേണ്ടിവരും, ഇത് കേരളമാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ: ഓർഡർ..........ഓർഡർ...........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.03- ന് പിരിഞ്ഞു.)

## അനുബന്ധം - 1

(*8) ചോദ്യത്തിന്റെ (എ) പിരിവിന്റെ ഉത്തരം.

| ക്രമ നമ്പർ | കേസ് | കുറ്റാരോപിതൻ | കുറ്റച്ചുരുക്കം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | വി. സി. 17/2016/എസ്. സി.ഇ. | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് |
| 2. | വി. സി. 5/2016/സി .ആർ.ഇ. | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | 2011-16 കാലഘട്ടത്തിൽ അന്യായമായി ബാർ ലൈസൻസുകൾ അനുവദിച്ചത് സംബന്ധിച്ച് |
| 3. | വി. സി. 03/2017/എസ്. ഐ.യു-1 | ശ്രീ. ഉമ്മൻ ചാണ്ടി, മുൻ കേരള മുഖ്യമന്ത്രി | പാറ്റൂർ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് |
| 4. | വി. സി. 05/16/എസ്. ഐ.യു-II | 1. ശ്രീ. അടൂർ പ്രകാശ്, മുൻ റവന്യൂ വകുപ്പുമന്ത്രി 2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി , മുൻ വ്യവസായ വകുപ്പുമന്ത്രി | എറണാകുളത്തെ പുത്തൻവേലിക്കര, തൃശ്ശൂരിലെ മടുത്തുംപടി എന്നീ വില്ലേജുകളിൽപ്പെട്ട 127 ഏക്കറോളം നെൽവയലുകൾ നികത്തി ഐ.റ്റി. പാർക്ക് നിർമ്മിക്കുന്ന തിന് അനുമതി നൽകി യതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് |
| 5. | വി.സി. 06/12/ഇ.ആർ. കെ. | ശ്രീ. പി. ജെ. ജോസഫ്, മുൻ ജലസേചന വകുപ്പു മന്ത്രി | ഇടുക്കി ജില്ലയിലെ നാടുകാണി ഗാന്ധിജി സ്റ്റഡി സെന്ററിലെ കിഴക്കുഭാഗം 7 സെന്റ് സർക്കാർ വനഭൂമി അനധികൃതമായി കയ്യേറിയത് സംബന്ധിച്ച് |
| 6. | വി.സി. 07/13/ടി .എസ്.ആർ. | ശ്രീ. പി. ജെ. ജോസഫ്, മുൻ ജലസേചന വകുപ്പുമന്ത്രി | അനധികൃത വാട്ടർ കണക്ഷൻ നൽകിയത് സംബന്ധിച്ച് |

| (1) | (2) | (3) | (4) |
|---|---|---|---|
| 7. | വി.സി. 03/17/ഐ. ഡി.കെ. | മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ് | റേഷൻ വ്യാപാരി ശ്രീ. സെയ്ദു മുഹമ്മദിനെ സംരക്ഷിച്ചുകൊണ്ട് ഒന്നാം കുറ്റാരോപിതൻ തൊടുപുഴ താലൂക്ക് സപ്ലൈ ഓഫീസർ ശ്രീ. ടി. എസ്. സുരേന്ദ്രബാബു രണ്ടാം കുറ്റാരോപിതൻ ശ്രീ. അനൂപ് ജേക്കബ് എന്നിവർ തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു. |
| 8. | വി.സി. 06/17/ടി .എസ്.ആർ. | മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ | Compulsory notification of vacancies Act-ഉം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിന്റെ 9(എ) (1) വകുപ്പും ലംഘിച്ച് കേരള ഫീഡ്സ് ലിമിറ്റഡ് ഇരിങ്ങാലക്കുടയിൽ 12 ഫീൽഡ് അസിസ്റ്റന്റുമാരെ നിയമിച്ചു. |
| 9. | വി.സി. 01/19/ഇ.കെ. എം. | മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ഇബ്രാഹിം കുഞ്ഞ് | പാലാരിവട്ടം പാലം നിർമ്മാണ അഴിമതി |
| 10. | വി. സി. 02/2020/എസ്. സി.റ്റി. | മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ | അനധികൃത സ്വത്ത് സമ്പാദ്യം |

മുൻ മന്ത്രിമാരായ ശ്രീ. സി. എൻ. ബാലകൃഷ്ണൻ, ശ്രീ. കെ. എം. മാണി എന്നിവർ മരണപ്പെട്ടതിനാൽ അവർക്കെതിരായ വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

## അനുബന്ധം - 2

### വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

2191 ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനുവേണ്ടി മുനിസിപ്പാലിറ്റികളിൽ ലഭിച്ച അപേക്ഷകളിൽ ഏത് വർഷം ഏത് തീയതിവരെയുള്ളതാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

2019-20 സാമ്പത്തിക വർഷത്തിൽ സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനായി മുനിസിപ്പാലിറ്റികൾക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ 423.99 ലക്ഷം രൂപ ജില്ലകളിലേക്ക് അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുക നൽകുന്നതിനായി അധിക ധനസഹായമായി 3 കോടി രൂപ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

1 തിരുവനന്തപുരം

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | നെയ്യാറ്റിൻകര | 23-5-2019 |
| 2 | നെടുമങ്ങാട് | 30-7-2019 |
| 3 | ആറ്റിങ്ങൽ | 30-6-2019 |
| 4 | വർക്കല | 25-4-2019 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കൊല്ലം

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | കരുനാഗപ്പള്ളി | 3-8-2019 |
| 2 | പരവൂർ | 1-10-2019 |
| 3 | പുനലൂർ | 25-9-2019 |
| 4 | കൊട്ടാരക്കര | 6-8-2019 |

3. പത്തനംതിട്ട

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | അടൂർ | 19-4-2018 |
| 2 | പന്തളം | 19-11-2018 |
| 3 | തിരുവല്ല | 14-6-2018 |
| 4 | പത്തനംതിട്ട | 15-1-2017 |

4. ആലപ്പുഴ

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | ചേർത്തല | 27-11-2019 |
| 2 | ആലപ്പുഴ | 25-10-2019 |
| 3 | ഹരിപ്പാട് | 31-12-2019 |
| 4 | കായംകുളം | 30-11-2019 |
| 5 | മാവേലിക്കര | 30-9-2019 |
| 6 | ചെങ്ങന്നൂർ | 15-11-2019 |

5.കോട്ടയം

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | കോട്ടയം | 27-8-2019 |
| 2 | ചങ്ങനാശ്ശേരി | 20-2-2020 |
| 3 | പാലാ | 31-12-2019 |
| 4 | ഏറ്റുമാനൂർ | 31.12.2019 |
| 5 | ഈരാറ്റുപേട്ട | 23-2-2019 |
| 6 | വൈക്കം | 10-1-2019 |

6. ഇടുക്കി

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | കട്ടപ്പന | 26-6-2019 |
| 2 | തൊടുപുഴ | 11-7-2019 |

7.എറണാകുളം

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| (1) | (2) | (3) |
| 1 | ആലുവ | 2-3-2019 |
| 2 | അങ്കമാലി | 6-9-2019 |
| 3 | ഏലൂർ | 17-6-2019 |
| 4 | കളമശ്ശേരി | 8-7-2019 |

| (1) | (2) | (3) |
|---|---|---|
| 5 | കോതമംഗലം | 12-7-2019 |
| 6 | പിറവം | 28-2-2019 |
| 7 | മരട് | 27-2-2019 |
| 8 | നോർത്ത് പറവൂർ | 25-5-2019 |
| 9 | തൃപ്പൂണിത്തുറ | 31-10-2019 |
| 10 | കൂത്താട്ടുകുളം | 19-1-2018 |
| 11 | തൃക്കാക്കര | 7-11-2017 |
| 12 | മൂവാറ്റുപുഴ | 29-7-2019 |
| 13 | പെരുമ്പാവൂർ | 25-7-2019 |

8. തൃശ്ശൂർ

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | ചാലക്കുടി | 26-11-2019 |
| 2 | ചാവക്കാട് | 19-11-2019 |
| 3 | കൊടുങ്ങല്ലൂർ | 24-8-2019 |
| 4 | ഇരിങ്ങാലക്കുട | 22-11-2019 |
| 5 | കുന്നംകുളം | 7-1-2019 |
| 6 | വടക്കാഞ്ചേരി | 25-9-2018 |
| 7 | ഗുരുവായൂർ | 30-9-2019 |

9. പാലക്കാട്

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | പട്ടാമ്പി | 31-8-2018 |
| 2 | ഒറ്റപ്പാലം | 30-8-2017 |
| 3 | പാലക്കാട് | 30-4-2016 |
| 4 | മണ്ണാർക്കാട് | 21-12-2018 |
| 5 | ഷൊർണ്ണൂർ | 17-2-2018 |
| 6 | ചെർപ്പുളശ്ശേരി | 16-5-2019 |
| 7 | ചിറ്റൂർ-തത്തമംഗലം | 21-7-2018 |

10. മലപ്പുറം

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | കൊണ്ടോട്ടി | 31-1-2017 |
| 2 | കോട്ടയ്ക്കൽ | 3-10-2017 |
| 3 | മലപ്പുറം | 31-12-2017 |
| 4 | മഞ്ചേരി | 23-3-2018 |
| 5 | നിലമ്പൂർ | 15-5-2019 |
| 6 | പരപ്പനങ്ങാടി | 15-5-2018 |
| 7 | പെരിന്തൽമണ്ണ | 31-12-2019 |
| 8 | പൊന്നാനി | 27-9-2017 |
| 9 | താനൂർ | 7-12-2018 |
| 10 | തിരൂരങ്ങാടി | 30-11-2018 |
| 11 | തിരൂർ | 16-8-2019 |
| 12 | വളാഞ്ചേരി | 24-4-2018 |

11. കോഴിക്കോട്

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | മുക്കം | 4-1-2019 |
| 2 | കൊടുവള്ളി | 30-9-2019 |
| 3 | പയ്യോളി | 18-12-2019 |
| 4 | രാമനാട്ടുകര | 31-8-2019 |
| 5 | ഫറോക്ക് | 4-12-2019 |
| 6 | വടകര | 28-2-2019 |
| 7 | കൊയിലാണ്ടി | 31-7-2019 |

12. വയനാട്

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | സുൽത്താൻബത്തേരി | 19-12-2019 |
| 2 | മാനന്തവാടി | 18-3-2019 |
| 3 | കൽപ്പറ്റ | 31-1-2020 |

13. കണ്ണൂർ

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| (1) | (2) | (3) |
| 1 | തലശ്ശേരി | 1-11-2017 |
| 2 | തളിപ്പറമ്പ് | 10-2-2016 |

| (1) | (2) | (3) |
|---|---|---|
| 3 | അഞ്ചൂർ | 1-3-2017 |
| 4 | ശ്രീകണ്ഠപുരം | 17-10-2016 |
| 5 | കൂത്തുപറമ്പ് | 5-10-2016 |
| 6 | ഇരിട്ടി | 15-5-2018 |
| 7 | മട്ടന്നൂർ | 7-11-2016 |
| 8 | പാനൂർ | 28-6-2016 |
| 9 | പയ്യന്നൂർ | 4-12-2015 |

14. കാസർഗോഡ്

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി | വിവാഹ ധനസഹായം വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | കാഞ്ഞങ്ങാട് | 31-7-2019 |
| 2 | കാസർഗോഡ് | 7-12-2018 |
| 3 | നീലേശ്വരം | 23-1-2019 |